# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 17, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 160 - നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 17, വ്യാഴം

സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. പാലോട് രവി**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...27
   (i) അടിയന്തര ചോദ്യം ...27
   (ii) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...29
   (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...66

**II അടിയന്തരപ്രമേയം**

ശമ്പളപരിഷ്കരണം

—ശ്രീ. എ. കെ. ബാലൻ
(അവതരണാനുമതി നിഷേധിച്ചു) ...398

**III പ്രത്യേക പരാമർശം**

പാറ്റൂർ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട്

—ശ്രീ. വി. എസ്. അച്ചുതാനന്ദൻ ...409

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരത്തുക

—ശ്രീ. എം. വി. ശ്രേയാംസ് കുമാർ ...410

(2) പി. യു. കെ. സി. റോഡിന്റെയും കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെയും ശോചനീയാവസ്ഥ

—ശ്രീ. എ. കെ. ശശീന്ദ്രൻ ...412

**V സബ്മിഷൻ**

(1) ഫയർ ലൈസൻസ് ഫീസ്

— പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) ...415

*പേജ്*

(2) എൽ. ഡി. സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം

—ശ്രീ. പി. സി. വിഷ്ണുനാഥ് ...421

(3) നികുതി പിൻവലിക്കൽ

—ശ്രീ. കോടിയേരി ബാലകൃഷ്ണൻ ...422

(4) ധനസഹായം

—ശ്രീ. കെ. സുരേഷ് കുറുപ്പ് ...423

(5) ആർ. ബി. ഐ. ചട്ടങ്ങൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി

—ശ്രീ. വി. എസ്. സുനിൽ കുമാർ ...424

(6) വിൽപ്പന നികുതി പിൻവലിക്കൽ

—ശ്രീ. വി. ശശി ...427

(7) റബ്ബർ കർഷകർക്ക് ധനസഹായം

—ശ്രീ. രാജു എബ്രഹാം ...428

(8) ഒഴിവുകൾ നികത്തൽ

—ശ്രീ. റ്റി. വി. രാജേഷ് ...429

(9) യുനസ്കോ- നാച്വറൽ കൾച്ചറൽ ഹെറിറ്റേജ്

—ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ...431

(10) അനധികൃത നിർമ്മാണം

—ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ...431

(11) ഭൂമി വിട്ടു നൽകിയവർക്ക് നഷ്ടപരിഹാരം

—ശ്രീ. ആർ. സെൽവരാജ് ...434

(12) ഭൂനികുതി നിരസിക്കൽ

—ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ ...434

(13) വ്യവസായ സംരംഭകർക്ക് പലിശ ഇളവ്

—ശ്രീ. പി. ബി. അബ്ദുൽ റസാക് ...435

(14) തോട്ടം മേഖലയിലെ ഭക്ഷ്യധാന്യ വിതരണം
—ശ്രീ. എസ്. രാജേന്ദ്രൻ ...436

(15) ഐ. റ്റി. പാർക്ക്
—ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ...437

(16) പോലീസ് സേനാംഗങ്ങൾക്ക് പ്രോൽസാഹനം
—ശ്രീ. എ. റ്റി. ജോർജ്ജ് ...438

(17) യുവതികളുടെ ആത്മഹത്യ സംബന്ധിച്ച ദുരൂഹത
—ശ്രീ. ബി. സത്യൻ ...439

(18) ബി. എസ്. പി. നേതാവിനു നേരെയുണ്ടായ ആക്രമണം
—ശ്രീ. സി. മോയിൻകുട്ടി ...442

(19) വിദ്യാർത്ഥിനികളെ പീഡിപ്പിച്ച സംഭവം
—ശ്രീ. ചിറ്റയം ഗോപകുമാർ ...443

(20) പലകപ്പാണ്ടി മിനി ഡൈവേർഷൻ സ്കീം
—ശ്രീ. വി. ചെന്താമരാക്ഷൻ ...448

(21) ക്ഷേമപെൻഷൻ കുടിശ്ശിക
—ശ്രീ. കെ. രാധാകൃഷ്ണൻ ...448

(22) എസ്.സി./ എസ്.ടി. വിഭാഗക്കാർക്ക് തൊഴിൽ ആനുകൂല്യങ്ങൾ
—ശ്രീമതി ഗീതാ ഗോപി ...450

(23) എ.ബി.സി. ലൈനുകൾക്ക് ഭരണാനുമതി
—ശ്രീ. മാത്യൂ റ്റി. തോമസ് ...452

(24) മൂർക്കനാട് സർക്കാർ സ്കൂൾ
—ശ്രീ. റ്റി. എ. അഹമ്മദ് കബീർ ...453

(25) ഭിന്നശേഷിയിൽപ്പെട്ട വിദ്യാർത്ഥിക്ക് പ്രവേശനം നിഷേധിച്ച സംഭവം
—ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...454

(26) വന്യമൃഗശല്യം തടയലും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരവും

—ശ്രീ. എൻ. ഷംസുദ്ദീൻ ...456

(27) ഡോ. അയ്യപ്പൻ കമ്മിറ്റിയിലെ പ്രതിനിധികൾ
—ശ്രീ. ടി. എൻ. പ്രതാപൻ ...457

(28) പുതിയ സ്കൂൾ കെട്ടിടം
—ശ്രീ. എ. കെ. ബാലൻ ...459

(29) ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തൽ
—ഡോ. എൻ. ജയരാജ് ...460

(30) ഭാരതപ്പുഴയുടെ തീരത്തുകൂടിയുള്ള കർമ്മ റോഡ് പദ്ധതി
—ശ്രീ. പി. ശ്രീരാമകൃഷ്ണൻ ...460

(31) എൻ. എച്ച്. റോഡിന്റെ പ്രവൃത്തി
—ശ്രീ. എം. പി. വിൻസന്റ് ...461

(32) കോമളം - അഗസ്ത്യക്കോട് - വടമൺ - ഏറം റോഡിന്റെ ശോച്യാവസ്ഥ
—ശ്രീ. കെ. രാജു ...462

(33) സി. ആർ. എഫ്. റോഡുകൾ
—ശ്രീ. വർക്കല കഹാർ ...463

(34) കൊല്ലാട്ട് ഇട്ടി അച്ച്യുതൻ വൈദ്യർക്ക് സ്മാരകം
—ശ്രീ. പി. തിലോത്തമൻ ...463

(35) ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം
—ശ്രീ. കെ. വി. വിജയദാസ് ...464

(36) മുൻ പഞ്ചായത്ത് പ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ
—ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ...465

(37) കെട്ടിട നമ്പരും കൈവശാവകാശ സർട്ടിഫിക്കറ്റും
—ശ്രീ. അൻവർ സാദത്ത് ...466

(38) ഗുരുവായൂർ ദേശീയ തീർത്ഥാടന കേന്ദ്രമാക്കൽ
—ശ്രീ. കെ. വി. അബ്ദുൾ ഖാദർ ...467

(39) പി. എച്ച്. സി.-യെ സി. എച്ച്. സി. ആക്കൽ
—ശ്രീ. പി. കെ. ബഷീർ ...468

(40) ആദിവാസി വിഭാഗത്തിന് ചികിത്സയും ധനസഹായവും നിഷേധിക്കൽ

—ശ്രീ. എ. പ്രദീപ്കുമാർ ...468

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള

കടലാസുകൾ ...470

**VII ക്രമപ്രശ്നം**

ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാത്തത് സംബന്ധിച്ച്
—ശ്രീ. എ. കെ. ബാലൻ ...474

**റൂളിംഗ്** ...476

**VIII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ
പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...477

(1) 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ ...477

(2) 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും)ബിൽ ...689

(3) 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ ...807

**IX പ്രമേയം** ...851

**X അവകാശലംഘന പ്രശ്നങ്ങൾ** ...851

**അനുബന്ധം** ...854

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2015 ഡിസംബർ 17, വ്യാഴം*

വാല്യം 160] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2015 ഡിസംബർ മാസം 17-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തെത്തുടർന്ന് സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി.)

മി. സ്പീക്കർ: പ്ലീസ്........പ്ലീസ്.....ഓർഡർ......ഓർഡർ....

ചോദ്യം നമ്പർ:*301

### റോഡപകടങ്ങൾ

1 (*301) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നടപ്പാക്കുന്നതിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റോഡ് അപകടങ്ങളെ സംബന്ധിച്ചുള്ള ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി.) മെറ്റീരിയൽസ് ശാസ്ത്രീയമായി വിശകലനം ചെയ്തു നടപ്പാക്കുന്നതിനായി ഒരു സ്പെഷ്യൽ പാക്കേജിന് രൂപം നൽകുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) ഇല്ല. എന്നാൽ 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമ പ്രകാരം രൂപീകരിച്ച കേരള റോഡ് സുരക്ഷാ അതോറിറ്റിയെ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കൃത്യനിർവ്വഹണം നടത്തുന്ന മോട്ടോർ വാഹന വകുപ്പ്, പോലീസ്, വിദ്യാഭ്യാസം, നാറ്റ്പാക്ക് എന്നീ വകുപ്പുകൾ മുഖേനയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ മുഖേനയും റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, ഇൻഡ്യയിൽ നടക്കുന്ന വാഹനാപകടങ്ങളുടെ 10 ശതമാനം കേരളത്തിലാണ്. ഒരു വർഷം ഏകദേശം 40,000 അപകടങ്ങളും 4,000 മരണങ്ങളും സംഭവിക്കുന്നുണ്ട്. അതിൽ ഏകദേശം 80 ശതമാനം ആക്സിഡന്റുകളും pedestrians-ഉം മോട്ടോർ സൈക്കിൾ യാത്രക്കാരുമാണ്. 2005 മുതൽ 2014 വരെയുള്ള വാഹനങ്ങളുടെ പെരുപ്പം കണക്കാക്കുകയാണെങ്കിൽ

173.8 ശതമാനമാണ്. ഈ സാഹചര്യത്തിൽ ജസ്റ്റിസ് ടി.കെ. ചന്ദ്രശേഖരദാസ് കമ്മീഷൻ നൽകിയ ചില ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അതിൽ പ്രധാനമായും പറഞ്ഞിട്ടുള്ളത്, ലൈസൻസ് നൽകുന്നതിന്റെ പ്രായം പുരുഷൻമാർക്ക് 20-ഉം സ്ത്രീകൾക്ക് 21 വയസ്സുമായി ഉയർത്തുക, 5 വർഷമെങ്കിലും എക്സ്പീരിയൻസ് ഉള്ള ഡ്രൈവർമാർ മാത്രമേ ഹൈവേയിൽ വാഹനം ഓടിക്കാൻ പാടുള്ളൂ, അതുപോലെ സ്റ്റുഡന്റ് ഡ്രൈവേഴ്സിന് അവരുടെ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മാത്രമേ വാഹനം കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ, ഹൈസ്പീഡ് വാഹനങ്ങൾ ഫയർ ഫോഴ്സിനും പോലീസിനും റോഡ് സേഫ്റ്റി ഫോഴ്സസിനും മാത്രമായി പരിമിതപ്പെടുത്തുക, മോട്ടോർ സൈക്കിളിന്റെ വേഗപരിധി 40-50 കിലോമീറ്ററായി കുറയ്ക്കുക, 500 സി.സി. ബൈക്ക് ബാൻ ചെയ്യുക, പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തിലെ ഡ്രൈവർമാർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് എന്നിങ്ങനെ ധാരാളം ശിപാർശകൾ വന്നിട്ടുണ്ട്. ഇതിൽ ഏതെങ്കിലും നടപ്പിലാക്കുന്നതിനുള്ള തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇന്ന് ഇതുസംബന്ധിച്ച് ഒരു അടിയന്തര ചോദ്യം ഉണ്ട്. അതും ഇതേ കാര്യങ്ങളെക്കുറിച്ചാണ് ചോദിച്ചിട്ടുള്ളത്. എന്നാലും ബഹുമാനപ്പെട്ട അംഗം ചോദിച്ചതുകൊണ്ട് ഞാനിതിലെ പ്രധാനപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കാം.

റോഡ് സുരക്ഷ സംബന്ധിച്ച് ജസ്റ്റിസ് ടി.കെ. ചന്ദ്രശേഖരദാസ് കമ്മീഷനെ ഗവൺമെന്റ് നിയോഗിച്ചിരുന്നു. കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. 36 ശിപാർശകളടങ്ങുന്ന റിപ്പോർട്ടാണ് അദ്ദേഹം ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. അവ ഘട്ടംഘട്ടമായി നടപ്പിലാക്കണമെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അതിൽ അങ്ങിവിടെ സൂചിപ്പിച്ച ശിപാർശകളെല്ലാമുണ്ട്. ഗവൺമെന്റ് അത് പരിശോധിച്ചു വരികയാണ്. നടപ്പാക്കാൻ കഴിയുന്ന പ്രാക്ടിക്കലായിട്ടുള്ള എല്ലാ കാര്യങ്ങളും പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ നടപ്പാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, റോഡ് സേഫ്റ്റി കൗൺസിലിന്റെ ഭാഗമായി പല കാമ്പെയിനുകളും സംഘടിപ്പിക്കുന്നുണ്ട്. പക്ഷെ ഈ വിഷയത്തിൽ ഇഫക്റ്റീവായിട്ട് എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നുള്ളത് എനിക്കറിയില്ല. പല സംസ്ഥാനങ്ങളിലും, ഉദാഹരണത്തിന്, രാജസ്ഥാനിൽ 9,900 ഗ്രാമപഞ്ചായത്തുകളിൽ സഡക് സുരക്ഷാ ജാഗർ നവ്യാൻ എന്ന പദ്ധതി നടപ്പിലാക്കുകയും എല്ലാ പഞ്ചായത്തുകളിലും റോഡ് സേഫ്റ്റിയെകുറിച്ച് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റും പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റും ചേർന്ന് അതിന്റെ ചുമതല വഹിക്കുന്ന മന്ത്രിയടക്കം അവിടെയെല്ലാം പോയി അവരെ ബോധവൽക്കരിക്കുകയും ചെയ്യുന്നു. അതുപോലെ ലക്നൗ ജില്ലയിലെ മുഴുവൻ സ്കൂളുകളിലും അവിടുത്തെ വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമായി 5, 6, 7 ക്ലാസുകളിൽ ഇതിന്റെ അടിസ്ഥാനപരമായിട്ടുള്ള കാര്യങ്ങളും, 9 മുതൽ 12-ാം ക്ലാസ് വരെ പാഠ്യപദ്ധതിയിൽ റോഡ് സേഫ്റ്റിയെകുറിച്ചും ഉൾപ്പെടുത്തണമെന്നുമുള്ള രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ധാരാളം ഫണ്ട് ഇതിന് ലഭ്യമാണെങ്കിലും ഇഫക്റ്റീവായുള്ള കാമ്പെയിനുകളും അത്തരത്തിലുള്ള ഇടപെടലുകളും നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് 7 പ്രധാനപ്പെട്ട കാമ്പെയിനുകൾ നടത്തുന്നതിനായുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ടാങ്കർ ലോറികൾ ഉൾപ്പെടെയുള്ള ഭാരമേറിയ വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കുക, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഉപയോഗിച്ചുകൊണ്ടുള്ള പരിശോധന നടത്തുക, വാഹന പരിശോധനകളിൽ അത് ത്വരിതപ്പെടുത്തുക, ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നടത്തുക, മദ്യപിച്ചും അശ്രദ്ധമായും വാഹനം ഓടിക്കുന്ന ആളുകളുടെ ലൈസൻസ് കണ്ടുകെട്ടുന്നതിനായുള്ള നടപടികൾ എടുക്കുക, അവർക്ക് സസ്പെൻഷനും പിഴയും അല്ലെങ്കിൽ രണ്ടും കൂടിയോ കൊടുക്കുന്നതിനായുള്ള നടപടിയെടുക്കുക, മേഖലാ തലങ്ങളിൽ അത്യാധുനിക രൂപത്തിലുള്ള റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിക്കുക, സാന്ദ്രതകൂടിയ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അതിനെതിരായുള്ള നടപടികളെടുക്കുക എന്നിവയൊക്കെ ഗവൺമെന്റ്

മുൻഗണനാക്രമത്തിൽ നടപ്പാക്കിവരുകയാണ്. അതിന്റെ പ്രയോജനം ഉണ്ടാകുന്നുമുണ്ട്. 2006 മുതൽ ഇങ്ങോട്ടുള്ള ഗ്രാഫ് പരിശോധിക്കുമ്പോൾ റോഡ് ആക്സിഡന്റുകളുടെ എണ്ണം കുറഞ്ഞാണ് വരുന്നത്. 2013-ൽ 35,000 ആക്സിഡന്റുകളായിരുന്നു. 2006-ൽ ഇപ്പോഴുള്ളതിനേക്കാൾ കുറവ് വാഹനങ്ങളും കുറഞ്ഞ സൗകര്യവുമുണ്ടായിരുന്ന കാലഘട്ടത്തിനേക്കാൾ ആക്സിഡന്റുകളുടെ എണ്ണം ഇപ്പോൾ കുറഞ്ഞുവരികയാണ്. ഈ വർഷം ഒക്ടോബർ 31 വരെ 32,671 റോഡ് അപകടങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഈ തോതിൽ ഒരു കുറവുണ്ടാകുന്ന എന്നുള്ളത് വലിയ കാര്യമാണ്. അത് നമ്മുടെ സുരക്ഷാ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതുകൊണ്ടുള്ള ഗുണം കൂടിയായി കാണേണ്ടതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സംസ്ഥാനത്ത് റോഡ് സേഫ്റ്റി പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിന് പി.ഡബ്ല്യൂ.ഡി., ട്രാഫിക് പോലീസ്, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്. എന്നാൽ നിലവിലുള്ള സംവിധാനമനുസരിച്ച് ജില്ലാതലങ്ങളിൽ ഈ കൂട്ടായ പരിശ്രമം ഫലപ്രദമായി നടത്താൻ പലപ്പോഴും സാധിക്കാറില്ല. അതിനായി ജില്ലാതലങ്ങളിൽ റോഡ് സേഫ്റ്റി പ്രോഗ്രാമുകൾ പ്ലാൻ ചെയ്യുന്നതിനും കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും വകുപ്പിൽതന്നെ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലുള്ള ജില്ലാതല കമ്മിറ്റികളുണ്ട്, അവ പ്രവർത്തിക്കുന്നുമുണ്ട്. അതിനേക്കാൾ അപ്പുറത്തേയ്ക്ക് എന്തെങ്കിലും കാര്യങ്ങൾ ചെയ്യണമെന്നുണ്ടെങ്കിൽ അത് പരിശോധിക്കാനും ഗവൺമെന്റ് ഒരുക്കമാണ്. ഇവിടെ റോഡ് സുരക്ഷയ്ക്കായി ഒരു പുതിയ സംവിധാനം ഉണ്ടാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. ജസ്റ്റിസ് ടി.കെ. ചന്ദ്രശേഖരദാസ് കമ്മീഷന്റെ റിപ്പോർട്ടിൽ റോഡ് ഇൻഷ്വറൻസിനെക്കുറിച്ച് പറയുന്നുണ്ട്. നമ്മുടെ മേജർ റോഡുകൾ ഇൻഷ്വർ ചെയ്ത് റോഡ് സുരക്ഷ നടപ്പാക്കത്തക്കവിധത്തിൽ ഒരു റോഡ് ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുകയാണ്.

ഇതിന് 'സുരക്ഷാവീഥി' എന്ന് നാമകരണം ചെയ്ത് പി.ഡബ്ല്യൂ.ഡി.യുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കി കേരളത്തിലെ ആക്സിഡന്റ്പ്രോൺ ആയിട്ടുള്ള റോഡുകളിൽ നടക്കുന്ന ഏത് ആക്സിഡന്റിലും ഇമ്മീഡിയേറ്റ് റെസ്പോൺസ് കിട്ടത്തക്ക വിധത്തിലുള്ള നടപടിയെടുക്കുന്നതാണ്. പലപ്പോഴും റോഡ് ആക്സിഡന്റിൽ മരണം സംഭവിക്കുന്നത് സ്പോട്ടിൽനിന്ന് ആളുകളെ ആശുപത്രികളിൽ എത്തിക്കുന്നതിലുള്ള കാലതാമസം മൂലമാണ്. ആക്സിഡന്റിൽപെടുന്ന ആളുകൾക്ക് ഒരു ഇൻഷ്വറൻസ് സ്കീമിൽ കവറേജ് ഉണ്ടെങ്കിൽ തൊട്ടടുത്ത ആശുപത്രികളിലും നല്ല ചികിത്സ ലഭിക്കും, കാലതാമസം ഒഴിവാകുകയും ചെയ്യും. അങ്ങനെ ഇല്ലാതെ പോകുന്നതുകൊണ്ടുള്ള മരണത്തിന്റെ തോത് കൂടുകയാണ്. അതുകൊണ്ടാണ് "സുരക്ഷാവീഥി" എന്നുള്ള നിലയിൽ പുതിയൊരു പദ്ധതി ആരംഭിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് തീരുമാനിക്കുന്നത്.

<u>ഡോ. എൻ. ജയരാജ്</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ 2001 മുതൽ 2015 ഒക്ടോബർ വരെ റോഡ് അപകടങ്ങളുടെ നിരക്ക് ഏതാണ്ട് കുറഞ്ഞിട്ടുണ്ട്. 2001-ൽ 2,674 ആയിരുന്നു, അത് ഏതാണ്ട് 3,394 ആയി. എണ്ണം കൂടുതലാണെങ്കിലും അതിന്റെ ശതമാനം കുറഞ്ഞു എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. റോഡ് ആക്സിഡന്റുകളുടെ കാര്യത്തിലായാലും 2001-ൽ 38,361-ൽനിന്ന് 32,671 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അപകടങ്ങളിലെ ഇഞ്ച്വറീസ് 49,000-ൽനിന്ന് ഏതാണ്ട് 36,000 ആയിട്ട് കുറഞ്ഞു. അക്കാര്യത്തിൽ വലിയൊരു മാറ്റം അടുത്തകാലത്തായി ഉണ്ടായിട്ടുണ്ട്.

എന്റെ ചോദ്യം, നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന പ്രധാനപ്പെട്ട റോഡപകടങ്ങളുടെ ക്രിയേറ്റീവ് ഫാക്ടേഴ്സിനെ കുറിച്ച് വിശദമായി പഠനം നടത്തുന്നതിനും ഓരോ ടാർജറ്റ് ഗ്രൂപ്പിൽപ്പെട്ടവരിൽ അനുയോജ്യമായ വിധത്തിൽ അതിന്റെ ബിഹേവിയർ ചെയ്ഞ്ച് ഉണ്ടാകുന്ന വിധത്തിലുള്ള ഇൻഫർമേഷൻ, എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ മെറ്റീരിയൽസ് തയ്യാറാക്കുന്നതിനും ഒരു പ്രൊഫഷണൽ ടീമിനെ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും രൂപീകരിക്കുവാനും ഗവൺമെന്റ്

മുൻകയ്യെടുക്കുമോ എന്നുള്ളതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങയുടെ പ്രൊപ്പോസൽ ഗവൺമെന്റ് ഗൗരവകരമായി ആലോചിക്കുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, പുതിയ വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന് വൺ ടൈം സെസ്സ് എന്നുപറയുന്ന ഒരു തുകയുണ്ട്. അത് ലൈറ്റ് വെഹിക്കിളിനും ഹെവി വെഹിക്കിളിനുമുണ്ട്. പെറ്റി കേസ് ചാർജ്ജ് ചെയ്യുമ്പോൾ ഈടാക്കുന്ന fine amount-ന്റെ പകുതി റോഡ്ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിനുള്ളതാണ്. ഇത് രണ്ടും കൂടി റോഡ് സേഫ്റ്റി ഫണ്ട് എന്നുപറഞ്ഞ് വലിയൊരു തുക യൂട്ടിലൈസ് ചെയ്യാതെ കിടക്കുകയാണ്. ഈ തുക ആക്സിഡന്റ് സംഭവിച്ച ആളുകൾക്ക് കൊടുക്കുകയോ, റോഡ് നന്നാക്കുകയോ ചെയ്യണം. ഇത് രണ്ടും നടക്കാതെ മൂന്നാമത് പുതിയൊരു സെസ്സുകൂടി കൊണ്ടുവരുന്നത് ശരിയാണോ; ഫണ്ട് യൂട്ടിലൈസേഷനില്ലാതെ പുതിയ സെസ്സ് ഏർപ്പെടുത്തുന്നത് ശരിയാണോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പുതിയ സെസ്സ് എന്നതുകൊണ്ട് എന്താണുദ്ദേശിച്ചതെന്ന് മനസ്സിലായില്ല. ഞാൻ പുതിയ സെസ്സിനെക്കുറിച്ച് പറഞ്ഞിട്ടില്ല. അങ്ങ് ഇപ്പോൾ സൂചിപ്പിച്ചത് റോഡ്സുരക്ഷാ അതോറിറ്റി കൈകാര്യം ചെയ്യുന്ന ഫണ്ടിനെക്കുറിച്ചാണെന്ന് തോന്നുന്നു. റോഡ്സുരക്ഷാ അതോറിറ്റിയുടെ കൈവശം കിട്ടിയിട്ടുള്ള തുക കൃത്യമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഫണ്ട് വിതരണം ചെയ്യുമ്പോൾ സാധാരണഗതിയിൽ ജില്ലകളിൽ നിന്നുവരുന്ന പ്രൊപ്പോസലുകളും ജില്ലാ കളക്ടർമാർ നല്കുന്ന പ്രൊപ്പോസലുകളും പരിശോധിച്ച് ഡിപ്പാർട്ടുമെന്റുകൾക്ക് ആവശ്യമായ തുക കൊടുക്കും. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നല്കുമ്പോൾ അടുത്ത സ്ലോട്ടുംകൂടി കൊടുക്കാൻ ശ്രമിക്കുകയാണ്. ഫണ്ട് എങ്ങനെ ഉപയോഗിച്ചു എന്നതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൂടി കിട്ടണം. ഇതുസംബന്ധിച്ചുള്ള കമ്മിറ്റി ഈ വർഷം പലപ്രാവശ്യം കൂടുകയുണ്ടായി. കഴിഞ്ഞമാസവും കമ്മിറ്റി കൂടിയതാണ്. കമ്മിറ്റി കൂടി ലഭ്യമാകുന്ന പ്രൊപ്പോസൽ എടുത്തിട്ട് തുക കൊടുക്കുന്നതാണ്. എക്സിക്യൂഷൻ നടത്തി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തരുമ്പോൾ അടുത്ത ഒരു റിക്വസ്റ്റുണ്ടെങ്കിൽ അതുംകൂടി കമ്മിറ്റി

കൺസിഡർ ചെയ്യും. അതുകൊണ്ട് റോഡ് സുരക്ഷാ അതോറിറ്റിയുടെ കയ്യിൽ കിട്ടിയിട്ടുള്ള പണം കാര്യമായി വിനിയോഗിക്കാറുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ : സർ, നഷ്ടപരിഹാരം കിട്ടുന്നതിനുള്ള കാലതാമസമാണ് റോഡപകടങ്ങളിൽപ്പെടുന്ന ആളുകളുടെ ഏറ്റവും വലിയ ബുദ്ധിമുട്ട്. ഒരാൾക്ക് KSRTC-യിൽ അപകടം സംഭവിച്ച് പരിക്ക് പറ്റിയാൽ ജീവിതം പോക്കാണ്. മരിച്ചാൽ ജീവിച്ചിരിക്കുന്ന ആളുകൾക്ക് പൈസ അവരുടെ ജീവിതകാലത്ത് കിട്ടില്ല. അവസാനം കോർപ്പറേഷനിലെ വാഹനം ജപ്തി ചെയ്തിട്ടാണ് പലപ്പോഴും കിട്ടുന്നത്. ഒരു വലിയ തുക കൊടുത്ത് തീർക്കുവാനുണ്ട്. KSRTC യ്ക്ക് അത് കൊടുക്കാനുള്ള സാമ്പത്തിക ശേഷിയില്ല. മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിൽ ഡയറക്റ്റായിട്ട് FIR എടുക്കുമ്പോൾത്തന്നെ പോലീസ് സ്റ്റേഷനിൽനിന്ന് FIR-ന്റെ കോപ്പിയും അപകടത്തിന്റെ വിവരങ്ങളും മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിലേയ്ക്ക് കൊടുക്കണം. അത് ഒരപേക്ഷയായി പരിഗണിച്ച് കേസ്സെടുക്കണമെന്നും പ്രൊവിഷനുണ്ട്. നിയമത്തിന് പ്രൊവിഷനുണ്ടെന്നുള്ളത് സത്യമാണെങ്കിലും പ്രായോഗികമായി ഒരു ബുദ്ധിമുട്ട് ഉണ്ട്. അതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആക്ടിലെ പ്രൊവിഷനനുസരിച്ചുതന്നെ എല്ലാ സ്റ്റേഷനുകളിൽനിന്നും ട്രിബ്യൂണലിലേയ്ക്ക് FIR അയയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, രണ്ട് കാര്യങ്ങളാണ് അങ്ങ് ചോദിച്ചത്. ആദ്യം KSRTC യുടെ കാര്യം പറയാം. ഈ അടുത്തകാലത്ത് ജപ്തി കുറഞ്ഞതുകൊണ്ട് ആ കാര്യം വാർത്തകളിലൊന്നും വന്നിട്ടില്ല. അവിടെ കുറേയധികം ബാക്ക് ലോഗ് ഉണ്ടായിരുന്നു. ആ ബാക്ക് ലോഗ് താങ്ങാൻ കഴിയാത്ത വിധത്തിലായിരുന്നു. എന്നാലും KSRTC യുടെ വരുമാനത്തിൽ നിന്നുമാണ് ഇതെല്ലാം കൊടുത്തുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും കേസ്സുകൾ particular ആയിട്ട് ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്. പ്രധാനപ്പെട്ട പ്രശ്നമതല്ല. പേമെന്റുകൾ കൊടുക്കുന്നതിനേക്കാൾ കൂടുതൽ കേസ്സുകൾ താമസിക്കുന്നു എന്നതാണ്. MVOP കേസ്സുകളുടെ ഫൈനൽ തീരുമാനം വരാൻ ഏതാണ്ട് ആറ് മുതൽ എട്ട് വരെ വർഷങ്ങൾ എടുക്കും. അതിനുശേഷം decree കിട്ടണം. വിധി നടത്തി വരുമ്പോൾ പിന്നേയും താമസിക്കുകയാണ്. അങ്ങനെ 10 - 12 കൊല്ലക്കാലം

പോകുകയാണ്. പക്ഷേ, ഡെഡ് എന്റിൽ വരുന്ന payment-നെ കുറിച്ച് ആളുകൾ ധരിച്ചിരിക്കുന്നത് payment കിട്ടാൻ കാലതാമസമാണെന്നാണ്. അല്ല, കേസ്സിൽ വിധിയും വിധി നടത്തിപ്പും വരണം, അതിനുശേഷം വിധി പകർപ്പ് കിട്ടണം, അതിനുശേഷമുള്ള പ്രോസസ്സിലേക്ക് പോകണം. മാത്രമല്ല, 90% കേസ്സുകളിലും ഇൻഷ്വറൻസ് കമ്പനിയാണ് തുക കൊടുക്കേണ്ടി വരുന്നത്. ഇൻഷ്വറൻസ് കമ്പനി കാലതാമസം ഉണ്ടാക്കുന്നുണ്ടെങ്കിൽ ഗവൺമെന്റ് അതിൽ ഇടപെടും. Immediate ആയിട്ട് ഡിസ്പോസ് ചെയ്യുന്നതിന് ആവശ്യപ്പെടും. ഗവൺമെന്റിന്റെ തകരാറല്ല, ഗവൺമെന്റിന് ഒരു രൂപത്തിലും ഇന്റർഫിയർ ചെയ്യാനുള്ള ചാൻസില്ല. കാരണം, അത് ജ്യൂഡീഷ്യറിയുമായിട്ട് ബന്ധപ്പെട്ടതാണ്.

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് മോട്ടോർ അപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ പ്രധാന കാരണം, കുണ്ടുംകുഴിയും നിറഞ്ഞ റോഡുകളുടെ സ്ഥിതിഗതികളാണ്. മറ്റൊന്ന്, മദ്യപിച്ചും ഉറക്കമൊഴിഞ്ഞുമുള്ള മോട്ടോർ ഡ്രൈവിംഗ്. മോട്ടോർ വെഹിക്കിൾ ആക്സിഡന്റിലാണ് ഏറ്റവും കൂടുതൽ പേർ മരണമടയുന്നത്. ഇത് സംസ്ഥാനത്തിന്റെ പൊതു പ്രശ്നമായി വന്നിരിക്കുകയാണ്. ഇത്തരത്തിൽ നിരവധി ചെറുപ്പക്കാരുടെ ജീവഹാനി സംഭവിക്കുന്നത് വർദ്ധിച്ചു വരികയാണ്. ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ അപകടം കുറച്ചു കൊണ്ടുവരാൻ ഗവൺമെന്റ് എന്തെങ്കിലും സംവിധാനത്തെക്കുറിച്ചോ ശാസ്ത്രീയമായ പ്രശ്നങ്ങളെക്കുറിച്ചോ പഠിച്ച് പരിഹാരം കാണാനുള്ള സമീപനങ്ങൾ സ്വീകരിക്കുന്നുണ്ടോ? മോട്ടോർ ആക്സിഡന്റ് ട്രിബ്യൂണലിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു; കേസ്സുകൾ ഇവിടെ കെട്ടിക്കിടക്കുകയാണ് എന്ന്. ഇൻഷ്വറൻസ് കമ്പനിക്കാർ ഇത്തരം കേസ്സുകളിൽ ശരിയായ നിലപാട് സ്വീകരിച്ചുകാണുന്നില്ല. ആക്സിഡന്റ് സംഭവിച്ചാൽ പോലീസ് സ്റ്റേഷനിൽ അതിന്റെ കൺസേൺഡ് പേഴ്സൺ ചെന്ന് ചോദിച്ചാൽപ്പോലും സഹകരണാത്മകമായ നിലപാട് സ്വീകരിക്കുന്നില്ല. പലപ്പോഴും അപകടത്തെ തെറ്റായി വ്യാഖ്യാനിച്ച് റെക്കോഡ് ചെയ്യുകയും FIR കൊടുക്കാതിരിക്കുകയും ചെയ്യുന്ന സമീപനങ്ങൾ പോലീസ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. ഇത് അവസാനിപ്പിക്കാൻ ഫലപ്രദമായ നിലപാട് ഉണ്ടാകുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ശ്രീ. ഇ. പി. ജയരാജൻ സൂചിപ്പിച്ച കാര്യം വളരെ സത്യമാണ്. ആക്സിഡന്റ് രജിസ്റ്റർ പരിശോധിച്ചാൽ 2014-ൽ കേരളത്തിലുണ്ടായ 36,282 ആക്സിഡന്റുകളിൽ 13,167 ആക്സിഡന്റുകളിലും പെട്ടിട്ടുള്ളത് ടൂ വീലേഴ്സാണ്. 2014-ൽ കേരളത്തിൽ മൊത്തം ഉണ്ടായിട്ടുള്ള മരണം 4049. അതിൽ ടൂ വീലർ ആക്സിഡന്റിലുള്ള മരണം 1,343 ആണ്. ഗവൺമെന്റ് ചില കാര്യങ്ങൾകൂടി ചെയ്യാൻ ശ്രമിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഡ്രങ്കൺ ഡ്രൈവിംഗ് പോലുള്ള കാര്യങ്ങളിൽ നടപടികളെടുക്കുക. രാത്രികാലങ്ങളിൽ ഡ്രൈവർമാർ ഉറങ്ങുന്നതുമൂലമുണ്ടാകുന്ന ആക്സിഡന്റുകൾ ഒഴിവാക്കുന്നതിന് ഡ്രൈവർമാർക്ക് ബെയറബിൾ സ്ലീപ്പിംഗ് അലാറം നിർബന്ധമാക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുകയാണ്. ഗതാഗതവകുപ്പ് സെക്രട്ടറിയേയും കമ്മീഷണറേയും ചുമതലപ്പെടുത്തി ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാലുടൻതന്നെ അത് പ്രായോഗികമായി നടപ്പാക്കുന്നതാണ്. സൈനേജുകൾ സ്ഥാപിച്ച് ആക്സിഡന്റുകൾ കുറയ്ക്കുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. മറ്റ് രണ്ട് കാര്യങ്ങൾ നേരിട്ട് മോട്ടോർ വാഹനവകുപ്പുമായി ബന്ധപ്പെട്ടതല്ലാത്തതുകൊണ്ട് ഉത്തരം പറയുന്നില്ല.

<u>ശ്രീ. സി. മോയിൻകുട്ടി</u> : സർ, 2014-ലെ കണക്കനുസരിച്ച് ഇൻഡ്യാ രാജ്യത്ത് 15-നും 30-നും ഇടയ്ക്ക് പ്രായമുള്ള 75,000 ആളുകളാണ് റോഡപകടങ്ങളിൽപ്പെട്ട് മരിച്ചിട്ടുള്ളത്. കേരളത്തിലെ തോതും വളരെ വർദ്ധിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനമായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെതന്നെ യുവാക്കളും കുട്ടികളും ഇത്തരം അപകടങ്ങളുടെ നിത്യ ഇരകളായി മാറുന്ന സാഹചര്യമാണുള്ളത്. ഈ വിഷയം ഗൗരവമായി പരിഗണിച്ചുകൊണ്ട് പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തി കൗമാരപ്രായക്കാരെയും കുട്ടികളെയും ബഹുജനങ്ങളേയും ബോധവൽക്കരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്; വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് എന്തൊക്കെ ചെയ്യാൻ സാധിക്കും? ഈ കുഴപ്പങ്ങൾക്കൊക്കെ കാരണം ലഹരിയും അമിത സ്പീഡുമാണ്. കേസ് തെളിയിക്കപ്പെട്ടാൽ ബന്ധപ്പെട്ട വ്യക്തിയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതും കണ്ടുകെട്ടുന്നതും അടക്കമുള്ള തീരുമാനങ്ങളുമായി

മുന്നോട്ടുപോകുമോ? സ്പീഡ് ഗവർണർ സ്ഥാപിക്കുന്ന കാര്യത്തിൽ ഓരോ വാഹനങ്ങളുടേയും ഘടനയനുസരിച്ചുള്ള തരത്തിൽ സ്പീഡ് ഗവർണർ ഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് സൂചിപ്പിച്ച സ്പീഡ് ഗവർണർ കേരളത്തിൽ ഹെവി വെഹിക്കിൾസിലെല്ലാം നിർബന്ധമാണ്. പുറത്തുനിന്നു കേരളത്തിലേക്ക് വരുന്ന വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഉണ്ടാകുന്നില്ല. കേന്ദ്ര നിയമമായ മോട്ടോർ വെഹിക്കിൾ ആക്ടിനകത്ത് പറയുന്നതനുസരിച്ച് സംസ്ഥാനത്ത് സ്പീഡ് ഗവർണർ വേണം എന്ന് നേരത്തേതന്നെ തീരുമാനിച്ചിട്ടുണ്ട്. അത് നിർബന്ധമാക്കിയിരിക്കുകയാണ്. അങ്ങ് പറഞ്ഞ കാര്യം വിദ്യാഭ്യാസ വകുപ്പുമായി ആലോചിക്കാം. നേരത്തേ തന്നെ ട്രാഫിക് റൂൾസ് കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണമെന്ന് ഒരു പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. വിദ്യാലയങ്ങളിൽ ട്രാഫിക് റൂൾസ് പഠിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക സംവിധാനം മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രൗണ്ട് ഉള്ള സ്ഥലങ്ങളിൽ, സ്ഥാപനങ്ങളുടെ സഹായസഹകരണത്തോടുകൂടി ചെയ്യുന്നതിനായി ആലോചിക്കുകയാണ്. അങ്ങ് പറയാത്ത ഒരു കാര്യം കൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്, നമ്മുടെ വാഹനങ്ങളുടെ എണ്ണം വളരെ കൂടുകയാണ്. 2006-ൽ 3827677 വാഹനങ്ങൾ ഉണ്ടായിരുന്നത്, കഴിഞ്ഞ വർഷം വരെ 8547966 വാഹനങ്ങൾ ആയി. 123 ശതമാനം വാഹനങ്ങളുടെ വർദ്ധനവാണ്. നമ്പർ ഓഫ് ആക്സിഡൻസ് നോക്കുമ്പോൾ നമുക്ക് ഗുണപരമായ ഒരു വശം കാണുന്നുണ്ട്. 2006-ൽ 41647 ആക്സിഡന്റുകൾ ഉണ്ടായ സ്ഥലത്ത് ഇപ്പോൾ അത് 36282 ആയി കുറഞ്ഞിട്ടുണ്ട്. ആക്സിഡന്റുകളുടെ തോത് 13 ശതമാനത്തോളം കുറഞ്ഞിട്ടുണ്ട്. വളരെ സ്വാഗതാർഹമായ, സന്തോഷകരമായ സാഹചര്യമാണ്. ഇനിയും അത് കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണം എന്നുള്ളതുകൊണ്ട് ആ നടപടിയിലേയ്ക്കാണ് നീങ്ങുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നമ്മുടെ ദേശീയപാതകളിൽ വാഹനാപകടങ്ങൾ തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമൊക്കെ ഡിപ്പാർട്ടുമെന്റിന് വളരെ വലിയ പങ്കുവഹിക്കാനുണ്ട്. ഹൈവേ പോലീസ് എന്ന സംവിധാനം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിലൊക്കെ അപകടങ്ങൾ ഉണ്ടാകുമ്പോൾ ഹൈവേ പോലീസ് ഓടിയെത്തുകയും ജനങ്ങളെ സഹായിക്കുകയുമാണ് ചെയ്യുന്നത്. നമ്മുടെ നാട്ടിൽ ഹൈവേ പോലീസ് എന്താണ് ചെയ്യുന്നത്? വണ്ടി നിർത്തിയിട്ട് കാശ് പിടുങ്ങുക എന്ന ഒരു കാര്യമല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. മാത്രവുമല്ല, പല അപകടങ്ങൾക്കും ഇവർ കാരണമാകുന്നു എന്നത് സമീപകാലത്ത് റിപ്പോർട്ട് ചെയ്ത പ്രശ്നങ്ങളാണ്. സ്ത്രീകൾ ഉൾപ്പെടെ കുടുംബമായിട്ട് ബൈക്കിൽ പോകുന്ന സമയത്ത് ഉണ്ടാകുന്ന ഇവരുടെ പ്രകോപനപരമായ നീക്കങ്ങൾ വാഹനാപകടങ്ങളിലേക്ക് എത്തിക്കുന്നു. ഇത് തടയുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കുക, ദേശീയ പാതയിൽ നിൽക്കുന്ന ഹൈവേ പോലീസ് ഒരു കൊള്ളസംഘമായി മാറിക്കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യത്തിനുനേരെ ഗവൺമെന്റിന് കണ്ണടയ്ക്കുവാൻ പറ്റുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നില്ല. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രിയുമായി സംസാരിച്ച് അതിനുള്ള പരിഹാരമുണ്ടാകുമെന്നുതന്നെയാണ് എന്റെ അഭിപ്രായം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, റോഡപകടങ്ങൾക്ക് പ്രധാന കാരണങ്ങളിൽ ഒന്ന്, ദേശീയപാതയുടെ പല സ്ഥലങ്ങളിലും വളവുകളിലുമൊക്കെ പരസ്യബോർഡുകൾ വയ്ക്കുകയാണ് എന്നതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി നേരത്തെതന്നെ അതുമായി ബന്ധപ്പെട്ട് ഒരു വിധി പറഞ്ഞിരുന്നു. ചീഫ് സെക്രട്ടറി അതിന് ഒരു റിപ്പോർട്ടും നൽകുകയുണ്ടായി. അതനുസരിച്ച് ബോർഡുകൾ മാറ്റാൻ എടുത്ത തീരുമാനം പിന്നീട് അസാധുവാക്കി. ഡ്രൈവർമാരുടെ മുഴുവൻ ശ്രദ്ധയും തിരിച്ചുവിടുന്ന രീതിയിലാണ് വലിയ ബോർഡുകൾ ലൈറ്റൊക്കെ വച്ച് സ്ഥാപിച്ചിരിക്കുന്നത്.

നാഷണൽ ഹൈവേകളിൽ ആ ബോർഡുകൾ വലിയ അപകടമുണ്ടാക്കുന്നതിന് ഇടയാകുന്നു. ലോകത്തിലെ പല രാജ്യങ്ങളിലും അതില്ല, ഇവിടെ മദ്രാസ്സിലുൾപ്പെടെ അത് മാറ്റിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ ദേശീയപാത 17-ൽ ഏറ്റവും കൂടുതൽ അപകടമുണ്ടാക്കിക്കൊണ്ടിരിക്കുന്ന സ്ഥലമാണ് കൊടുങ്ങല്ലൂരിലെ മൂന്നര കിലോമീറ്റർ പുതിയ ബൈപ്പാസ്. നേരത്തെ റോഡ് സേഫ്റ്റി അതോറിറ്റി അവിടെ വന്ന് പരിശോധിച്ച് അതുമായി ബന്ധപ്പെട്ട് ശ്രീമതി ശ്രീലേഖാ ഐ.പി.എസിന്റെ നേതൃത്വത്തിൽ ഒരു പ്രൊപ്പോസൽ ഉണ്ടാക്കിയിരുന്നു, ഇതുവരെ അത് നടപ്പിലാക്കിയിട്ടില്ല. അവിടെ എല്ലാ ദിവസവും അപകടവും മരണവുമാണ്. അതുകൊണ്ട് എൻ.എച്ച്. 17 -ൽ കൊടുങ്ങല്ലൂർ ബൈപ്പാസിലുള്ള മൂന്നരകിലോമീറ്ററിൽ നിരന്തരമായി അപകടവും മരണവുമുണ്ടാകുന്ന സ്ഥലത്ത് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് അടിയന്തരമായി സുരക്ഷാ നടപടികൾ ഉറപ്പു വരുത്തുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് കറക്ടാണ്, ചന്ദ്രശേഖര ദാസ് കമ്മീഷൻ റിപ്പോർട്ടിൽ ഹോട്ട്സ്പോട്ടുകൾ മാർക്ക് ചെയ്തിട്ടുണ്ട്. അടിയന്തര ചോദ്യമായി വരുന്നതുകൊണ്ട് ഞാൻ അതിന് ഇപ്പോൾ ഡയറക്ടായി ഉത്തരം പറയുന്നില്ല. വൈപ്പിനിലും ഇതുപോലെ ഒരു ഹോട്ട്സ്പോട്ട് ഉണ്ട്. ഞങ്ങൾ ഈ സ്ഥലങ്ങളൊക്കെ പരിശോധിച്ചു. അവിടെ റോഡിന് വീതി കുറവാണ് ആളുകൾ ഭൂമി കൊടുക്കുകയുമില്ല. തൊട്ടടുത്തുചേർന്ന് വീടുകളാണ്. അവിടെ വീതികൂട്ടുവാൻ ഒരു നിവൃത്തിയുമില്ല. അങ്ങയുടെ അവിടെയുള്ള സ്വാധീനമുപയോഗിച്ച് റോഡിന് വീതികൂട്ടുന്നതിനുള്ള നടപടിയെടുത്താൽ ബാക്കിയുള്ള കാര്യങ്ങളൊക്കെ ആലോചിക്കാം. സൈനേജുകൾ വയ്ക്കുന്നത് സംബന്ധിച്ച അങ്ങയുടെ പ്രൊപ്പോസൽ അംഗീകരിക്കുകയാണ്. പ്രധാനപ്പെട്ട ഹോട്ട്സ്പോട്ട് കേന്ദ്രങ്ങളിൽ സൈനേജുകൾ വയ്ക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എടുക്കുകയാണ്. ഹോട്ട്സ്പോട്ടുകളിൽ വരുന്ന പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് നേരത്തേ തീരുമാനമെടുത്തതാണ്. അത് നടപടിയിൽ എത്തിയിട്ടില്ല എന്നുമാത്രമേ ഉള്ളൂ. ആ പ്രൊപ്പോസലും ഗൗരവമായിട്ട് ആലോചിക്കുന്നതാണ്.

ശ്രീ. പി. തിലോത്തമൻ: സർ, റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഇവിടെ ഒട്ടേറെ കാര്യങ്ങൾ പറയുകയുണ്ടായി. അതോടൊപ്പം ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന്

എനിക്ക് തോന്നുന്നത്, ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്നതിനുമുൻപുതന്നെ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. 1989-ലെ സെൻട്രൽ ആക്ട് പ്രകാരം എല്ലാ പ്രദേശങ്ങളിലും എല്ലാ സൗകര്യങ്ങളുമുള്ള ഡ്രൈവിംഗ് ടെസ്റ്റ് യാർഡുകൾ വേണമെന്ന് നിഷ്കർഷിക്കെ, നമ്മുടെ സംസ്ഥാനത്ത് ഇതുവരെ അത്തരമൊരു സൗകര്യമൊരുക്കുന്നതിൽ യാതൊരു പരിശ്രമവും ഉണ്ടായിട്ടില്ല എന്നാണ് തോന്നുന്നത്. ഉയർച്ചയും താഴ്ചയുമുള്ള പ്രദേശങ്ങളിലൂടെ വണ്ടിയോടിക്കാൻ ആവശ്യമായ പരിശീലനം കൊടുത്തിട്ടുള്ളവർക്കു വേണം ലൈസൻസ് കൊടുക്കാൻ എന്ന വ്യവസ്ഥ നടപ്പിലാക്കുന്ന കാര്യത്തിൽ നമ്മുടെ സംസ്ഥാന ഗവൺമെന്റും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും എത്ര മുന്നോട്ടുപോയിട്ടുണ്ട് എന്നു പറയാമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങ് സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ ഡ്രൈവർമാരുടെ തുടക്കം തന്നെ നല്ല രൂപത്തിലാണ്. അവരുടെ ഏറ്റവും പ്രധാനപ്പെട്ട നഴ്സറി എന്നുപറയുന്നത് ഡ്രൈവിംഗ് സ്കൂളുകളാണ്. ഡ്രൈവിംഗ് സ്കൂളുകൾ മെച്ചപ്പെട്ട രൂപത്തിൽ പോകുകയും അവിടെ നല്ല രൂപത്തിലുള്ള പരിശീലനം കൊടുക്കുകയും ചെയ്താൽ സ്വഭാവികമായും അവിടെനിന്ന് പുറത്തുവരുന്ന ആളുകൾ ഡ്രൈവിംഗ് കോൺഷ്യസ് ആകും. പബ്ലിക് കോൺഷ്യസ് ആയിട്ടുള്ള ഒരു നടപടിയെടുക്കും. അതും പുതിയ കമ്മീഷന്റെ റിപ്പോർട്ടിനകത്തുണ്ട്, ആ റിപ്പോർട്ട് പരിശോധനയിൽ ഇരിക്കുകയാണ്. യാർഡുകൾ സ്ഥാപിക്കുവാൻ സാമ്പത്തിക പരിമിതികളുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u> സർ, റോഡപകടങ്ങൾക്ക് കാരണം അശ്രദ്ധമായ ഡ്രൈവിംഗ് ആണ്. അപകടമുണ്ടാകുന്ന ഡ്രൈവർമാർക്ക് ലഭിക്കുന്ന ശിക്ഷകൾ പലപ്പോഴും കുറവാണ്. അതുകൊണ്ടുതന്നെ അപകടങ്ങൾ പലരും കാര്യമായി എടുക്കുന്നില്ല. ഓരോ അപകടങ്ങളും രജിസ്റ്റർ ചെയ്യുമ്പോഴും ഡ്രൈവിംഗ് ലൈസൻസുള്ള ആളുകളുടെ പേരിൽ റിപ്പോർട്ട് ചെയ്ത് തുടർച്ചയായി അപകടമുണ്ടാക്കുന്നവരുടെ ലൈസൻസ് പൂർണ്ണമായും റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ മദ്യപിച്ച് അശ്രദ്ധമായി വാഹനമോടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, അവരുടെ മേൽ പിഴ ഈടാക്കുക, അവരുടെ ലൈസൻസ് റദ്ദാക്കുക എന്നീ നടപടികളൊക്കെ നമ്മൾ സ്വീകരിച്ചുവരികയാണ്. അതുകൊണ്ടുതന്നെയാണ് ആക്സിഡന്റുകളുടെ തോതും എണ്ണവും ഇപ്പോൾ കുറഞ്ഞുവരുന്നത്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, റോഡപകടങ്ങളെപ്പറ്റി പറയുമ്പോൾ നിയമങ്ങളൊക്കെയുണ്ട്. ദിവസവും പത്രം നോക്കിയാൽ ഒരു റോഡപകടമെങ്കിലും കാണാം. എം.എൽ.എ.മാർക്ക് അപകടം പറ്റിയാൽ അതിന് പ്രത്യേകമായി എന്തെങ്കിലും പരിഗണനയുണ്ടോ, അങ്ങനെയാണെങ്കിൽ ഒരു കൊല്ലത്തെ റിട്രോസ്പെക്ടീവ് ഇഫക്ട് വച്ച് ഒരു നിയമം പാസ്സാക്കിയാൽ എനിക്കും കൂടെ കിട്ടും. കാരണം, കുറുപുഴ വച്ച് ആറേഴുമാസം മുൻപ് എന്റെ ഇടത്തേകാല് ഒടിഞ്ഞുപോയി. അതിന് എന്തെങ്കിലും കിട്ടുമോ എന്നറിയാൻ വേണ്ടിയാണ്, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, എം.എൽ.എ. ജനപ്രതിനിധിയാണ്, ജനങ്ങൾക്കു കിട്ടുന്ന എല്ലാ പരിഗണനയും എം.എൽ.എ.ക്കും കിട്ടണം. അതാണ് പ്രധാനപ്പെട്ട കാര്യം. ജനങ്ങൾക്ക് ഇല്ലാത്ത ഒന്ന് ജനപ്രതിനിധിക്കുവേണമെന്ന് ശഠിക്കരുത്. അതുകൊണ്ട് ജനങ്ങൾക്കുള്ള എല്ലാ സൗകര്യവും ജനപ്രതിനിധിക്കുമുണ്ട്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇരുചക്ര വാഹനങ്ങളാണ് കൂടുതൽ അപകടം ഉണ്ടാക്കുന്നത് എന്നു പറഞ്ഞു. അതിന്റെ മുഖ്യകാരണം മറ്റൊന്നുമല്ല. ടിവിയിലൊക്കെ പുതിയ പുതിയ ബൈക്കുകളെക്കുറിച്ചുള്ള പരസ്യമാണ്. ആ പരസ്യങ്ങളിൽ, കാമുകി ബൻസ് കാറിൽ പോകുന്നതിനുമുൻപു തന്നെ കാമുകൻ ബൈക്കിലെത്തും എന്ന രീതിയിൽ ചെറുപ്പക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളുണ്ട്. ഈ പരസ്യങ്ങൾ കണ്ട് ഇതുപോലത്തെ ബൈക്കുവാങ്ങാൻ ജനപ്രതിനിധികളായ ഞങ്ങളെ ആളുകൾ സമീപിക്കുന്നുണ്ട്. ഒരു ബൈക്ക് ബുക്ക് ചെയ്തിട്ടുണ്ട് സർ വിളിച്ചുപറഞ്ഞാൽ കിട്ടുമെന്നാണ് പറയുന്നത്. എന്നിട്ട് അങ്ങനെയുള്ള ബൈക്കുകളാണ് കൊണ്ടുനടക്കുന്നത്. സർക്കസ് കളിക്കുന്നതുപോലെ വളഞ്ഞുതിരിഞ്ഞു പോകുന്നത് തിരുവനന്തപുരം നഗരത്തിൽ തന്നെ അങ്ങ് കാണുന്നുണ്ടാകും. ഒരു കേസ്സും അതിനെതിരായി എടുക്കുന്നില്ല. ഇതുപോലുള്ള പരസ്യങ്ങൾ നിരോധിക്കുവാനുള്ള

വല്ല നിയമനടപടികളും സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ? ചെറുപ്പക്കാരെ വഴിതെറ്റിക്കുന്ന പരസ്യങ്ങളാണ് ടിവിയിൽ കാണുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, സംസ്ഥാന ഗവൺമെന്റിനുള്ള പവേഴ്സിനകത്തുനിന്നുകൊണ്ട് നമുക്ക് പെർഫോം ചെയ്യാൻ പറ്റും. മദ്യപിച്ച് വണ്ടിയോടിക്കുന്നതിനെതിരായി 'മദ്യപാനം ഹാനികരമാണ്' എന്ന് സിനിമയ്ക്കിടയിലും പരസ്യപ്പെടുത്തുന്നുണ്ട്. കാണുന്നവർക്ക് അത് ഹാനികരമാണെന്ന് തോന്നുന്നില്ല. അതിന്റെ ക്ഷീണം ഉണ്ട്. നമുക്കതിനെക്കുറിച്ച് ആലോചിക്കാം. അങ്ങ് പറഞ്ഞ തീമിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. പരസ്യം കൊടുക്കുന്നവർക്കും പരസ്യം അടിക്കുന്നവർക്കും സോഷ്യൽ കമ്മിറ്റ്മെന്റ് വേണം. ആ സോഷ്യൽ കമ്മിറ്റ്മെന്റ് ഇല്ലാതെ പോകുമ്പോഴുണ്ടാകുന്ന വിഷമത്തെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. നമുക്കതൊരു സമൂഹത്തിന്റെ ശബ്ദമാക്കി ഉയർത്താം.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> സർ, റോഡപകടങ്ങളുടെ തോത് 13 ശതമാനമായി കുറഞ്ഞു എന്ന് മന്ത്രി പറഞ്ഞു. പക്ഷേ അങ്ങുകൂടി യാത്ര ചെയ്യുന്ന എം.സി റോഡിൽ കൊട്ടാരക്കര മണ്ഡലത്തിലെ കമ്പങ്കോട് മുതൽ ഏനാത്ത് വരെയുള്ള റോഡ് അതീവ അപകട സാധ്യതയുള്ള സ്ഥലമാണ്. കഴിഞ്ഞ ദിവസം വിദേശത്തുനിന്നു വന്ന ഒരാളും കൗൺസിലറും ഉൾപ്പെടെ അപകടത്തിൽപ്പെട്ട് മരിച്ച വിവരം പത്രങ്ങളിൽ വന്നതാണ്. അടിക്കടിയുണ്ടാകുന്ന ഈ അപകടങ്ങൾ ഒഴിവാക്കാൻ നിരവധി മീറ്റിംഗുകൾ വിളിച്ചുകൂട്ടി സുരക്ഷാ ക്രമീകരണങ്ങൾ ചെയ്യാമെന്നു പറഞ്ഞിരുന്നു. പക്ഷേ നാളിതുവരെ ഇതിനൊരു മാറ്റം വന്നിട്ടില്ല. കമ്പങ്കോട് മുതൽ ഏനാത്ത് വരെയുള്ള അശാസ്ത്രീയമായിട്ടുള്ള വളവുകളും അപകടനിലയുള്ള സ്ഥിതികളും മാറ്റിയെടുക്കുവാൻ അടിയന്തരമായി എന്തു നടപടികൾ സ്വീകരിക്കും?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങയുടെ ചോദ്യം റോഡിനെ സംബന്ധിച്ചാണ്. അങ്ങ് പറഞ്ഞ പർട്ടിക്കുലർ റോഡിലൂടെ ഞാനും സാധാരണ യാത്ര ചെയ്യുന്നതാണ്. ആ റോഡ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി കെ.എസ്.റ്റി.പി പ്രോഗ്രാം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് റോഡിൽ ആക്സിഡന്റുകളും വളവുമൊക്കെ പഴയതിനേക്കാൾ കുറഞ്ഞിട്ടുണ്ട്. എല്ലാം കുറഞ്ഞു എന്ന് എനിക്ക് അഭിപ്രായമില്ല. റോഡ് നന്നാകുമ്പോഴുള്ള പ്രശ്നം വണ്ടിയുടെ സ്പീഡ് കൂടിക്കൊണ്ടിരിക്കും എന്നതാണ്. എവിടെ റോഡ് നന്നാക്കിയാലും ഉടനെ അവിടെ സ്പീഡ്

വർദ്ധിക്കുകയാണ്. അങ്ങനെ ഉണ്ടാകുന്നത് നമ്മുടെ ഒരു ട്രെന്റാണ്, ഒരു സമീപന രീതിയാണ്. ഈ പ്രശ്നത്തിൽ നമ്മൾ കോൺഷ്യസ് ആയിരിക്കണം. ബഹുമാനപ്പെട്ട കെ. മുരളീധരൻ ഇവിടെ സൂചിപ്പിച്ചതുപോലെ മൂന്നും നാലും ലക്ഷം രൂപ വിലവരുന്ന ബൈക്ക് 136 - 140 കിലോമീറ്റർ സ്പീഡിൽ പോവുകയാണ്. കുട്ടികൾക്ക് ഈ ബൈക്ക് വാങ്ങിക്കൊടുക്കുന്ന രക്ഷകർത്താക്കൾക്ക് ഇതിൽ ബാധ്യതയില്ലേ? അത് വളരെ പ്രധാനപ്പെട്ട കാര്യമല്ലേ. കുട്ടികൾക്ക് ഇതുപോലെയുള്ള ബൈക്ക് ഓടിക്കാനുള്ള സ്ഥലം നമ്മുടെ റോഡിലുണ്ടോ? അതാണ് സമൂഹം ഇതിനെക്കുറിച്ച് ആലോചിക്കണം എന്ന് പറയാൻ കാരണം. സ്പീഡിന്റെ കാര്യത്തിൽ നമുക്കൊരു ചിന്തയുണ്ടാകണം. എന്നാലും റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ ചെയ്യാവുന്ന എല്ലാ നടപടികളും സ്വീകരിക്കും.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : .....(ബഹളം)........(മൈക്ക് ഓഫ്)......

മി. സ്പീക്കർ: അങ്ങയെ പരിഗണിക്കില്ലായെന്ന് ആരെങ്കിലും പറഞ്ഞോ? .......(ബഹളം)........ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ഇത് ശരിയല്ല. ചെയർ പറയാം. ഒരു ചോദ്യം ക്ലബ്ബ് ചെയ്യണമെന്ന് പറഞ്ഞു, ക്ലബ്ബ് ചെയ്തില്ല. ആ ചോദ്യം കൂടെ ഉപചോദ്യമായി എടുക്കാമെന്ന് ഞാൻ പറഞ്ഞു. അതിൽ നാലുപേരുണ്ട്. രണ്ടുപേരെ ഇതിനകംതന്നെ വിളിച്ചുകഴിഞ്ഞു. ഈ ചോദ്യം തീർന്നിട്ടില്ല. പിന്നെ എന്തിനാണ് അങ്ങ് ഇങ്ങനെ ക്ഷോഭിക്കുന്നത്? ഇത് ശരിയല്ല. ഒരിക്കലും ഇങ്ങനെ ചെയ്യരുത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള ദേശീയപാത കേരളത്തിലെതന്നെ ഏറ്റവും നല്ല റോഡുകളിലൊന്നായി നവീകരിച്ചിരിക്കുകയാണ്. നാലുവരി പാതയാക്കിയ ഈ റോഡിൽ അങ്ങ് സൂചിപ്പിച്ചതുപോലെ ഡ്രൈവിംഗ് കൾച്ചറിൽ വലിയ മാറ്റം വരുന്നു, ആളുകൾ സ്പീഡിൽ പോകുന്നു. അതിനേക്കാൾ അപകടമെന്നുപറയുന്നത്, ഇരുന്നൂറു മീറ്റർ അപ്പുറത്തുപോയി 'U' ടേൺ എടുക്കാൻ ആളുകൾ മടിക്കുന്നതുകൊണ്ടും പുതിയ റോഡായതുകൊണ്ടും നേരെ wrong side എടുത്ത് സ്വന്തം സൈഡിലേയ്ക്ക് മാറാനുള്ള ശ്രമം വളരെ വ്യാപകമായി നടക്കുന്നുണ്ട്. കഴിഞ്ഞ ദിവസം പഞ്ചായത്ത് ഇലക്ഷന് മത്സരിച്ച ഒരു സഹോദരിയും ഭർത്താവും ഇങ്ങനെ മരണപ്പെടുകയുണ്ടായി. " prevention is always better than cure" എന്ന് പറയാറുണ്ട്. ഈ അപകട സാധ്യത മുൻകൂട്ടിക്കണ്ട് കേരളത്തിൽ ഇത്രയും വലിയ

സ്ട്രെച്ചിൽ ഏറ്റവും വീതിയുള്ള നല്ല റോഡ് എന്ന നിലയ്ക്ക് അവിടെ അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി.യുമായും പോലീസുമായും ചേർന്ന് ഒരു പ്രത്യേക പ്രോഗ്രാമിന് ഡിപ്പാർട്ടുമെന്റ് നേതൃത്വം നൽകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ പ്രൊപ്പോസൽ പൂർണ്ണമായും ശരിയാണ്. ഡിപ്പാർട്ടുമെന്റിന് ചെയ്യാവുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് കൃത്യമായി എല്ലാം ചെലവഴിക്കുന്നുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. അങ്ങ് ആ വരവുചെലവ് കണക്കുകൾ ഇന്നത്തെ തീയതിവച്ച് അടുത്ത നിയമസഭാ സമ്മേളനത്തിൽ സമർപ്പിക്കാൻ തയ്യാറാകണം. ആദ്യ ബഡ്ജറ്റിൽത്തന്നെ ചേർത്തല-മണ്ണുത്തി പാത സുരക്ഷാപാതയായി അംഗീകരിച്ചുകൊണ്ട് ആവശ്യമായ സിഗ്നൽ ക്രമീകരണങ്ങളും മറ്റ് കാര്യങ്ങളും ചെയ്യുമെന്ന് പറഞ്ഞിരുന്നു. അതിനുള്ള പ്രൊപ്പോസൽ മാസങ്ങളായി പെന്റിംഗിലാണ്. ഇതുസംബന്ധിച്ച് കമ്മിറ്റി കൂടി, അതിന്റെ പ്രൊസീഡിംഗ്സ് തയ്യാറായി വരുമ്പോൾ ഫെബ്രുവരിയാകും. ടെണ്ടർ ചെയ്താലും ഈ ഗവൺമെന്റിന്റെ കാലയളവിൽ അത് ചെയ്യാൻ പറ്റില്ല. അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ലെഫ്റ്റ് ഓവർടേക്കിംഗ് അങ്ങ് ചെയ്യുന്നു, ഇവിടെ ഇരിക്കുന്ന മന്ത്രിമാരെല്ലാം ചെയ്യുന്നു, ഞാൻ ചെയ്യുന്നു, ന്യായാധിപന്മാരെല്ലാം ചെയ്യുന്നു. എല്ലാവരും ലെഫ്റ്റ് ഓവർടേക്കിംഗ് ചെയ്യാൻ നിർബന്ധിതരാകുന്നു. കാരണം സ്പീഡ് ട്രാക്കിലൂടെയാണ് വലിയ കണ്ടെയ്നർ വാഹനങ്ങൾ അടക്കം പൊയ്ക്കൊണ്ടിരിക്കുന്നത്. ഒരു കാരണവശാലും അവർ മാറ്റിത്തരുകയില്ല. ഇതു പരിശോധിക്കാൻവേണ്ടി 'keep left' എന്ന സംവിധാനം പോലീസ് ഉണ്ടാക്കിയിരുന്നു. അവർ ഇതിന് കാര്യമായ ശ്രദ്ധ നൽകുന്നില്ല. വാസ്തവത്തിൽ നമ്മളെല്ലാവരും അറിഞ്ഞുകൊണ്ട് ലെഫ്റ്റ് ഓവർടേക്കിംഗ് ചെയ്തുകൊണ്ടേയിരിക്കുകയാണ്. ലെഫ്റ്റ് സ്പീഡ് ട്രാക്കിലൂടെ വാഹനങ്ങൾ പോകാതിരിക്കാൻ അല്ലെങ്കിൽ ക്രമീകരിക്കാൻ ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഒരു ഫോർ ലൈൻ ട്രാഫിക് ഉണ്ടായാലും അതിലെ സ്പീഡ് ട്രാക്കിനകത്ത് ഏറ്റവും സ്പീഡ് കുറഞ്ഞ വണ്ടി പോവുകയാണ്. പുറകേ വരുന്ന വാഹനങ്ങളെല്ലാം അതിന്റെ പിന്നാലെ എക്സ്കോർട്ട് വണ്ടികളായിട്ടാണ് പോകുന്നത്. അവർക്ക് രക്ഷപ്പെട്ടുപോകണമെങ്കിൽ ലെഫ്റ്റിൽ കൂടി കയറിപ്പോകാതെ നിവർത്തിയില്ല. ഇതെങ്ങനെ പരിഹരിക്കാൻ കഴിയും എന്നുള്ളതു പരിശോധിച്ച് ആഭ്യന്തര

വകുപ്പുമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, അങ്ങ് പറഞ്ഞ മൂന്നു പേരാണ് ക്ലബ്ബ് ചെയ്തത്. അതിൽ രണ്ടു പേരെ നേരത്തേ വിളിച്ചു. മൂന്നാമത്തെ ആൾ അങ്ങാണ്. അങ്ങയേയും വിളിക്കും. അങ്ങ് ബഹളം ഉണ്ടാക്കിയത് ഒട്ടും ശരിയായില്ല. ചോദ്യം ചോദിക്കൂ...

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, സമയം അതിക്രമിച്ചപ്പോൾ ചോദ്യം ചോദിക്കാൻ കഴിയില്ല എന്നു കരുതിയാണ് അങ്ങനെ പെരുമാറിയത്.

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ഏകദേശം 95 ലക്ഷത്തോളം വാഹനങ്ങൾ ഇതുവരെയായി രജിസ്റ്റർ ചെയ്യപ്പെട്ടു എന്നാണ് അനൗദ്യോഗിക കണക്കുകൾ പറയുന്നതെന്നാണ്. ഈ 95 ലക്ഷം വണ്ടികൾ ഓടുന്ന ഇവിടെ 700 എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥന്മാരാണുള്ളത്. അതിൽ 200 പേർ ഇപ്പോഴും പ്രവർത്തിക്കുന്നത് ബോർഡർ ഏരിയകളിലാണ്. 500 പേരുടെ സേവനം മാത്രമാണ് കേരളത്തിന് കിട്ടുന്നത്. 500 പേർ മാത്രമാണ് 95 ലക്ഷം വാഹനങ്ങൾ നിയന്ത്രിക്കുന്നത് എന്നത് വളരെ ഗുരുതരമായ വിഷയമാണ്. ഇവരുടെ സ്ട്രെങ്ത് വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകുമോ? മറ്റൊരു പ്രധാനപ്പെട്ട കാര്യം, അപകടങ്ങൾ ഉണ്ടായാൽ ഉടനെതന്നെ ഒത്തുതീർപ്പുമായി വരികയാണ്. ചെറിയ വാഹനങ്ങളാണ് ഒരുപക്ഷേ അപകടങ്ങൾ ഉണ്ടാക്കിയതെങ്കിലും വലിയ വാഹനങ്ങളും ചെറിയ വാഹനങ്ങളും ഒത്തുതീർപ്പുണ്ടാക്കി വലിയ വാഹനങ്ങളുടെ ക്ലെയിമിനുവേണ്ടി അത് വാങ്ങുകയാണ്. അതുകൊണ്ട് പലപ്പോഴും ഇവർ രക്ഷപ്പെടുകയാണ്. അപകടമുണ്ടാക്കുന്ന യഥാർത്ഥ പ്രതികളെ കണ്ടെത്തി അവർക്ക് കുറഞ്ഞ ദിവസത്തെ പരിശീലനമെങ്കിലും നിർബ്ബന്ധമായും നൽകാൻ ഗവൺമെന്റ് ഒരു നിയമം കൊണ്ടുവരുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിയമമല്ല. ചില നടപടിക്രമങ്ങൾ ഇപ്പോൾത്തന്നെ നടക്കുന്നുണ്ട്. അങ്ങ് പറഞ്ഞ ഒരു കാര്യം കറക്ടാണ്. മൊത്തത്തിൽ 9648230 വാഹനങ്ങളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഡ്രൈവർമാർക്കുള്ള പരിശീലനം നമ്മൾ നടത്തുന്നുണ്ട്. ആ പരിശീലനം കുറച്ചുകൂടി വിപുലപ്പെടുത്തുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്. എൻഫോഴ്സ്മെന്റിനുള്ള അംഗസംഖ്യ നമുക്ക് കുറവാണ്. ഖജനാവിൽ ഏറ്റവും കൂടുതൽ പണം എത്തിച്ചുകൊടുക്കുന്ന രണ്ടാമത്തെ പ്രധാനപ്പെട്ട വകുപ്പാണ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ്. പക്ഷെ ഞങ്ങൾക്ക് കിട്ടുന്ന ടാർജറ്റെല്ലാം കൃത്യമായി പാലിക്കാറുണ്ട്. പക്ഷെ ഞങ്ങൾക്കുള്ള എൻഫോഴ്സ്മെന്റ് ഡിപ്പാർട്ട്മെന്റ് വളരെ ചുരുങ്ങിയ രൂപത്തിലാണ്. അതുകൊണ്ട് പോലീസിനെക്കൂടെ ആശ്രയിച്ചു മാത്രമേ ഈ കാര്യങ്ങൾ ചെയ്യാൻ

കഴിയൂ. എന്നാലും മാക്സിമം സ്പീഡിൽ കാര്യങ്ങൾ കൊണ്ടുപോകുന്നുണ്ട്.

**മുഖ്യപരിഗണന നൽകുന്ന വിഷയങ്ങൾ**

2(*302) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഇന്നനുഭവിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; അവശേഷിക്കുന്ന കാലയളവിൽ പ്രസ്തുത പ്രശ്ന പരിഹാരത്തിനായി മുഖ്യപരിഗണന നൽകുന്ന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; ജനങ്ങൾ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കാനുള്ള നടപടികൾക്ക് മുഖ്യപരിഗണന നൽകുമോ;

(ബി) ജനങ്ങളുടെ ഏതൊക്കെ ആവശ്യങ്ങൾക്കാണ് അടിയന്തര പരിഹാരം കണ്ടെത്തേണ്ടത്; ഇവ കണ്ടെത്തി പരിഹരിക്കുന്നതിനായി ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഇതുവരെ നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്ത പ്രഖ്യാപനങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; അവയെല്ലാം സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ എത്രത്തോളം നടപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ&ബി) സംസ്ഥാനം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളെ സംബന്ധിച്ച് സർക്കാർ സദാ ജാഗരൂകമാണ്. സംസ്ഥാനത്തിന്റെ സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ കൂടി പ്രശ്നങ്ങൾ വിലയിരുത്താറുണ്ട്. അവസാനമായി 17-11-2015-നും 10-12-2015-നും എം.പി.മാരുടെ യോഗം യഥാക്രമം തിരുവനന്തപുരത്തും

ഡൽഹിയിലുമായി ചേരുകയുണ്ടായി. ഈ യോഗങ്ങളിൽ സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ വിലയിരുത്തി. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച ആശങ്ക, റബ്ബർ വിലയിടിവ്, മാലിന്യ നിർമ്മാർജ്ജനത്തിന് നേരിടുന്ന ബുദ്ധിമുട്ട്, പകർച്ചവ്യാധികൾ പടരുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, ദേശീയപാത - റെയിൽവേ ഇവയുടെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ, വിദ്യാഭ്യാസ വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച പ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങി സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ അതത് വകുപ്പുകൾക്ക് എത്തിച്ച് പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്.

(സി) ജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഏറെക്കുറെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളിൽ നടപ്പിലാക്കാൻ സാധിക്കാത്തവ സംബന്ധിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് ഭരണാനുമതി, സാങ്കേതികാനുമതി, പാരിസ്ഥിതികാനുമതി തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിച്ച ശേഷമാണ്. ഈ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. എന്നാൽ, ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും മറ്റുമുള്ള സാങ്കേതിക പ്രശ്നങ്ങൾ നേരിട്ടതിനാൽ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u> : സർ, അങ്ങയുടെ മറുപടി നിരാശാജനകമാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ മുഖ്യമന്ത്രിയും മന്ത്രിമാരും പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയതിന്റെ റിപ്പോർട്ടുകൾ പത്രങ്ങളിൽ വന്നിരുന്നു. അതിൽ ഒന്ന് മുല്ലപ്പെരിയാർ വിഷയമാണ്. കനത്ത മഴ പെയ്ത സാഹചര്യത്തിൽ മുല്ലപ്പെരിയാറിന്റെ സുരക്ഷ, റെയിൽവേ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, കഞ്ചിക്കോട് കോച്ച് ഫാക്ടറി, റബ്ബറിന്റെയും

നാളികേരത്തിന്റേയും വലിയ തോതിലുള്ള വിലയിടിവ്, ശബരിപാത, CRZ (Coastal Regulation Zone), കസ്തൂരിരംഗൻ റിപ്പോർട്ട്, All India Institute of Medical Science, ഇങ്ങനെ കുറെയധികം കാര്യങ്ങൾ പ്രധാനമന്ത്രിയുമായി ചർച്ച ചെയ്തുവെന്നാണ് പത്രമാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞത്. പ്രധാനമന്ത്രി എന്തെങ്കിലും അനുകൂലമായ മറുപടി പറഞ്ഞോ; ഗവൺമെന്റ് എന്താണ് ഈ കാര്യങ്ങളിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നത്? എം.പി.മാരുടെ യോഗം കൂടിയത് കേന്ദ്രത്തിൽനിന്നുള്ള അർഹതപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിയാണ്. മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരും എല്ലാ കക്ഷിയിലുംപെട്ട എം.പി.മാരും കൂടി കേന്ദ്രത്തിൽ പോയി ഒരു ഡയറക്ട് ആക്ഷൻ എടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, അതിന്റെ അടിസ്ഥാനത്തിലാണ് ഈ മാസം 10-ാം തീയതി ഡൽഹിയിൽ എം.പി.മാരെയെല്ലാം വിളിച്ചുകൂട്ടി ഏഴ് മന്ത്രിമാർ അവിടെ പോയി ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയത്. റെയിൽവേ മന്ത്രിയെ കണ്ടതും എം.പി.മാരുടെയെല്ലാം സാന്നിധ്യത്തിലായിരുന്നു. കേരളത്തിന്റെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് ഡീറ്റെയിൽഡ് ആയിട്ടുള്ള ചർച്ചയാണ് അവിടെ നടന്നത്. ഞങ്ങൾ ഉന്നയിച്ച പ്രധാനപ്പെട്ട ഒരു കാര്യം അംഗീകരിച്ചതായി ഇന്നലെ കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രി ടെലിഫോണിലൂടെ എന്നെ വിളിച്ച് അറിയിച്ചു. നമ്മൾ റെയിൽവേ സോൺ ആവശ്യപ്പെട്ടപ്പോൾ അത് കിട്ടിയില്ല. അതിനുപകരം ഒരു കോംപ്രമൈസായിട്ടാണ് എറണാകുളം കേന്ദ്രീകരിച്ച് ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസും ഓഫീസറേയും അനുവദിച്ചത്. ആ ഓഫീസ് സ്റ്റേറ്റ് ഗവൺമെന്റും ഇൻഡ്യൻ റെയിൽവേയുമായുള്ള ബന്ധം പുലർത്തുന്ന ഒരു ലെയ്സൺ ഓഫീസായി ഫലപ്രദമായി പ്രവർത്തിക്കുകയായിരുന്നു. പക്ഷേ ഇടയ്ക്ക് ആ ഓഫീസ് കേരളത്തിന് പുറത്തേയ്ക്ക് എങ്ങോട്ടോ ഷിഫ്റ്റ് ചെയ്തു. നമ്മൾ അന്ന് എല്ലാ എം.പി.മാരുംകൂടി ചർച്ച ചെയ്ത് ഉന്നയിച്ച പ്രധാനപ്പെട്ട ഒരു ആവശ്യമാണ് അത് അവിടെത്തന്നെ പുനഃസ്ഥാപിക്കണമെന്നത്. അതിന് അനുകൂലമായി ആ ഓഫീസ് അവിടെത്തന്നെ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി റെയിൽവെ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായി. ആ വിവരം ഞങ്ങളെ അറിയിച്ചിട്ടുണ്ട്. അതുപോലെ ശബരി റെയിൽ, നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ ലൈൻ, തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ ട്രെയിൻ ഈ മൂന്ന് ആവശ്യങ്ങളാണ്

പ്രാധാന്യത്തോടുകൂടി ആവശ്യപ്പെട്ടിട്ടുള്ളത്. അത് കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഡൽഹിയിൽ വച്ച് നടന്ന ചർച്ചയുടെ ഒരു തുടർച്ചയായിരുന്നു ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി ഇവിടെ നടത്തിയത്. ഈ കാര്യങ്ങൾ ഡൽഹിയിൽവച്ചും പ്രധാനമന്ത്രിയെ നേരിൽ കണ്ട് ചർച്ച നടത്തിയിരുന്നു. അതേ ആവശ്യങ്ങൾ തന്നെയാണ് ഇവിടെവച്ച് കണ്ടപ്പോഴും ഉന്നയിച്ചത്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ കേരളത്തിന്റെ ആശങ്ക ശരിക്കും മനസ്സിലായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ആ കാര്യത്തിൽ ഇടപെടുമെന്നുതന്നെയാണ് ഞങ്ങളുടെ പ്രതീക്ഷ. കാരണം നമ്മുടെ സ്റ്റാന്റ് നിഷേധാത്മകമാണെന്ന് പറയുവാൻ ആർക്കും കഴിയില്ല. നമ്മൾ അവർക്കാവശ്യമുള്ള വെള്ളം കൊടുക്കാൻ തയ്യാറാണ്, പക്ഷേ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കിയേ മതിയാകൂ. അത് കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഇടപെടൽ നടത്തുമെന്നുതന്നെയാണ് പ്രതീക്ഷ.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u> : സർ, ബഡ്ജറ്റുകളിൽ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് കുറെ തുക അനുവദിക്കുന്നുണ്ട്. കശുവണ്ടി ഒഴിച്ച് മറ്റൊന്നിനുംതന്നെ യഥാർത്ഥത്തിൽ ആ തുക ചെലവഴിച്ചതായി കാണുന്നില്ല. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. മത്സ്യബന്ധന മേഖലയിലെ ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾ ഇന്ന് വളരെയധികം ദുരിതമനുഭവിക്കുകയാണ്. പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ കത്തോലിക്കാ വിഭാഗവും മുസ്ലീംങ്ങളും മത്സ്യത്തൊഴിലാളികളുടെ പട്ടികയിൽ വരുന്നില്ലായെന്നാണ് പറഞ്ഞത്. അതിന് അദ്ദേഹം വേറെ എന്തോ പേരാണ് പറഞ്ഞത്. അങ്ങനെയാണ് പ്രധാനമന്ത്രിക്ക് നമ്മളോടുള്ള സമീപനം. മത്സ്യബന്ധന മേഖലയിൽനിന്നും നമ്മുടെ രാജ്യത്തിന് 33,000 കോടി രൂപയുടെ വിദേശ നാണ്യം കഴിഞ്ഞ വർഷം ലഭിക്കുകയുണ്ടായി. അതിൽ മുന്നിൽ നിൽക്കുന്ന സ്റ്റേറ്റ് ആന്ധ്രാപ്രദേശും രണ്ടാമത് നിൽക്കുന്നത് കേരളവുമാണ്. ഏതാണ്ട് അയ്യായിരം-ആറായിരം കോടി രൂപ നമ്മുടെ സ്റ്റേറ്റിന് വിദേശനാണ്യം കിട്ടുന്നുണ്ട്. മത്സ്യബന്ധന തുറമുഖങ്ങൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി നിവേദനങ്ങൾ ഗവൺമെന്റിന് നൽകിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തങ്കശ്ശേരി തുറമുഖത്തിന്റെ നവീകരണത്തിനായി നിവേദനം കൊടുത്തിട്ട് അഞ്ചു കൊല്ലമായി. അവസാനം അങ്ങ് പറഞ്ഞത് കേന്ദ്രം 60:40 എന്ന അനുപാതത്തിൽ വിഹിതം നിശ്ചയിച്ചുകഴിഞ്ഞുവെന്നാണ്. അത് മന്ത്രിസഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മന്ത്രിസഭ അംഗീകരിച്ചിട്ടും യാതൊരു നടപടിയും ആയിട്ടില്ല. പ്രതിദിനം ആയിരം

യാനങ്ങൾ മത്സ്യബന്ധനത്തിന് പോകുന്ന ഒരു തുറമുഖമാണ് തങ്കശ്ശേരി. മറ്റ് മേഖലകളുടെ സ്ഥിതിയും ഇങ്ങനെതന്നെ ആയിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. മത്സ്യബന്ധന മേഖലയോട് ഇത്രയുമധികം അവഗണന സംസ്ഥാന ഗവൺമെന്റ് കാണിക്കുന്നതിന്റെ കാരണമെന്താണ്? 60:40 എന്ന അനുപാതം മന്ത്രിസഭ അംഗീകരിച്ച പശ്ചാത്തലത്തിൽ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രക്രിയ നടപ്പിലാക്കാൻ ഇനിയെങ്കിലും ഗവൺമെന്റ് സന്നദ്ധമാകുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച തങ്കശ്ശേരി തുറമുഖത്തിന്റെ മൂന്നാംഘട്ട വികസനം സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. പക്ഷേ കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 75 ശതമാനം ഗ്രാന്റ് തന്നിരുന്നത് 40 ശതമാനമായി വെട്ടിക്കുറച്ചു. എന്നിട്ടുപോലും സംസ്ഥാന ഗവൺമെന്റ് 60 ശതമാനം മുടക്കാമെന്ന വ്യവസ്ഥയിൽ ഒരു തീരുമാനമെടുത്തു. കേന്ദ്ര ഗവൺമെന്റ് ആ നയത്തിൽ ഒരു മാറ്റം വരുത്താൻ പോകുന്നു എന്ന് മനസ്സിലാക്കി, അതിനുവേണ്ടി വെയ്റ്റ് ചെയ്യുകയാണ്. ഇത് മുമ്പ് ഒരു പ്രാവശ്യം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി അയച്ചതായിരുന്നു. ഇതുപോലെതന്നെ പല തുറമുഖങ്ങളുടെയും സെക്കന്റ് സ്റ്റേജിന്റെയും തേർഡ് സ്റ്റേജിന്റെയും പ്രശ്നങ്ങളുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റ് പുതിയതായി സ്വീകരിച്ച നയത്തിന്റെ പേരിലാണ് ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാൻ സാധിക്കാത്തത്. തങ്കശ്ശേരി തുറമുഖത്തിന്റെ മൂന്നാംഘട്ട വികസനത്തിനായി 49 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതാണ്.

ശ്രീ. പി. കെ. ഗുരുദാസൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയാണ് വേണ്ടത്. അദ്ദേഹം മറുപടിയൊന്നും പറഞ്ഞില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : മത്സ്യബന്ധന, തുറമുഖ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രി വിശദമായി മറുപടി പറഞ്ഞു. അങ്ങ് പറഞ്ഞ കാര്യത്തിൽ വളരെയധികം ശ്രദ്ധയോടുകൂടിയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ മത്സ്യത്തൊഴിലാളികളാണ് ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത്. അതുകൊണ്ട് അവർക്ക് പരമാവധി ജീവിത സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും അവരുടെ തൊഴിൽ മേഖലയിൽ ഗവൺമെന്റിന് സാധ്യമായ

സഹായങ്ങൾ ചെയ്തുകൊടുക്കാനും ഉതകുന്ന പരമാവധി കാര്യങ്ങൾ ചെയ്യും. അതുപോലെതന്നെ മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു നീങ്ങുകയാണ്.

ശ്രീ. ബി. സത്യൻ : സർ, ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ നീക്കിവച്ച തുക 20,000 കോടി രൂപയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ 20,000 കോടി രൂപയിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ വളരെ കമ്മിയായി നീങ്ങുന്നു എന്നാണ് മുഖ്യധാരാ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികളെ സംബന്ധിച്ച ചർച്ച എന്തായി എന്നും അറിയില്ല. നിലവിലെ ആസൂത്രണ കമ്മീഷൻ പോയി പകരം നീതി ആയോഗ് എന്ന സംവിധാനം വന്നിട്ടുണ്ടെന്ന് അറിയാൻ സാധിച്ചു. അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പുതിയ ഭരണസമിതി അധികാരത്തിൽ വന്നിട്ട് ദിവസങ്ങൾ കഴിഞ്ഞതേയുള്ളൂ. അവർക്ക് ഈ വർഷം നീക്കിവച്ചത് 4700 കോടി രൂപയാണ്. അതിലാകട്ടെ 30.5 ശതമാനമാണ് ഇതുവരെ ചെലവഴിച്ചത്. ഇനി ഫെബ്രുവരി, മാർച്ച് മാസങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ട തുക ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്താൻ സമയം നീട്ടിക്കൊടുക്കുവാൻ നടപടിയുണ്ടാകുമോ; മുഖ്യ പരിഗണനാ വിഷയങ്ങളിൽപ്പെടുത്തി ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള തുക വിനിയോഗിച്ച് പ്രവർത്തിപ്പിക്കുവാൻ അനുവദിക്കുമോ; ഗവൺമെന്റ് അതിന് അനുമതി നൽകുമോ എന്നാണ് എന്റെ ചോദ്യം

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പ്ലാൻ എക്സ്പെന്റിച്ചറിന്റെ മൊത്തത്തിലുള്ള തുകയുടെ കണക്കാണ് അങ്ങ് പറഞ്ഞത്. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ഫണ്ട് പദ്ധതി ചെലവിനുവേണ്ടി വിനിയോഗിക്കത്തക്ക വിധത്തിലാണ് ഇന്ന് പ്രവർത്തനങ്ങൾ പുരോഗമിച്ചുപോകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക പരമാവധി വിനിയോഗിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കത്തക്ക വിധത്തിലുള്ള സംവിധാനങ്ങളാണ് ഗവൺമെന്റ് ക്രമീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, പദ്ധതിവിഹിതം പ്രഖ്യാപിക്കുന്നതല്ലാതെ അത് നടപ്പാക്കുന്ന കാര്യത്തിൽ വളരെ പിന്നിലാണ് എന്നത് കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിൽ തന്നെ ഉത്തരത്തിൽ പറയുന്നുണ്ട്. 1046 പദ്ധതികൾ പ്രഖ്യാപിച്ചതിൽ 347 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ എന്നും ഇതിൽത്തന്നെ 236 എണ്ണത്തിനുമാത്രമേ ഭരണാനുമതി നൽകിയിട്ടുള്ളൂ എന്നുമാണ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കെ.എം. മാണിസാർ ഈ നിയമസഭയിൽ തന്നെ മറുപടിയിൽ പറയുന്നത്. അതുപോലെ ഇന്നലെ കാസർഗോഡിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചിരുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് കൊടുക്കാൻ നിശ്ചയിച്ചിരുന്ന തുകയിൽ സർക്കാരിന്റെ വിഹിതമായി ഒരു നയാ പൈസപോലും കൊടുത്തിട്ടില്ല. കൊടുത്തു എന്നാണ് സർക്കാർ പറയുന്നത്. പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നു കൊടുത്ത കുറച്ചു തുക ഗവൺമെന്റ് വീതിച്ചു കൊടുത്തു എന്നല്ലാതെ സർക്കാർ ബഡ്ജറ്റിൽ പറഞ്ഞ ഒരു നയാപൈസപൊലും കൊടുത്തില്ല എന്നതാണ് വസ്തുത. ഇത് പരിഹരിക്കാനും അടിയന്തരമായി ബഡ്ജറ്റിൽ അനുവദിച്ച തുക കൊടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ബഡ്ജറ്റിൽ അനുവദിച്ച തുക നൽകാൻ നിശ്ചയമായും നടപടി സ്വീകരിക്കുന്നതാണ്. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സഹായങ്ങൾ നൽകുന്നതിൽ പരമാവധി മുൻഗണന തന്നെയാണ് നൽകിയിട്ടുള്ളത്. ഞാൻ ഇന്നലെയും ഇക്കാര്യം വ്യക്തമാക്കിയതാണ്. മനുഷ്യാവകാശ കമ്മീഷൻ പ്രഖ്യാപിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുണ്ട്. രണ്ട് ഇൻസ്റ്റാൾമെന്റ് തുക കൊടുത്തുകഴിഞ്ഞു. അവരുടെ കടം എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അവരുടെ ചികിത്സ സംബന്ധിച്ചും പ്രത്യേകമായ പരിഗണനയാണ് നൽകിയിട്ടുള്ളത്. തുടർന്നും അതുതന്നെ ചെയ്യുമെന്ന് വ്യക്തമാക്കുകയാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, അങ്ങ് ഇവിടെ വിശദീകരിക്കുന്ന ഒട്ടേറെ കാര്യങ്ങളെക്കുറിച്ച് ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ നാട്ടിൽ ക്യാൻസർ ബാധിതരായിട്ടുള്ള ആളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന നെന്മാറ അസംബ്ലി മണ്ഡലത്തിലെ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിലും പത്തു വീടെടുത്താൽ ഒരു വീട്ടിലെങ്കിലും ക്യാൻസർ രോഗിയുണ്ടെന്നുള്ള ഗുരുതരമായിട്ടുള്ള പ്രശ്നമാണ് നിലനിൽക്കുന്നത്. നമ്മുടെ നാട്ടിൽ സ്വകാര്യ മേഖലയിലും പൊതുമേഖലയിലും നല്ല ചികിത്സാ സൗകര്യങ്ങളുള്ള

ആശുപത്രികളുണ്ടെന്നു പറയുമ്പോൾത്തന്നെ അസുഖം വന്നിട്ട് ചികിത്സിക്കാൻ പോകുന്നതിനുമുമ്പ് അസുഖം വരാതിരിക്കാനുള്ള ജാഗ്രതയാണ് ഉണ്ടാകേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുദ്രാവാക്യംതന്നെ 'കരുതലും വികസനവും' എന്നാണ്. ക്യാൻസർ ബാധിച്ച രോഗികളെ ചികിത്സിക്കാതിരിക്കാൻ സാധിക്കുകയില്ല. ചികിത്സിച്ച് തുടങ്ങിയാൽ അവസാനത്തെ പൈസയും തീരുന്നതുവരെ ചികിത്സിക്കണം. ചികിത്സ നിർത്തിയാൽ രോഗി മരിക്കും. അങ്ങനെ കുടുംബത്തെ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്ന ഈ പ്രശ്നം പരിഹരിക്കണമെങ്കിൽ അസുഖം വരാതിരിക്കുന്ന സാഹചര്യമുണ്ടാകണം. അതിനുവേണ്ടി എന്ത് നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ബഹുമാനപ്പെട്ട വി. ചെന്താമരാക്ഷൻ പറഞ്ഞതുപോലെ നമ്മുടെ നാട്ടിൽ ക്യാൻസർ ബാധിച്ച രോഗികളുടെ എണ്ണം കൂടുകയാണ്. ഏറ്റവും വലിയ ദുരിതമെന്നുപറയുന്നത് ഈ രോഗം വന്നുകഴിഞ്ഞാൽ രോഗം വരുന്ന വ്യക്തി മാത്രമല്ല, ആ കുടുംബംതന്നെ മാനസികമായി തകരുകയും സാമ്പത്തികമായി ബുദ്ധിമുട്ട് ഉണ്ടാകുകയും ചെയ്യും. അവരുടെ ചികിത്സയ്ക്കുവേണ്ടിയുള്ള സാമ്പത്തിക സഹായം കാരുണ്യ ബെനവലന്റ് ഫണ്ടിൽക്കൂടിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽക്കൂടിയും എത്തിച്ചുകൊടുക്കുവാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, അതുകൊണ്ട് ഒന്നും ആകുമെന്ന് ഞാൻ പറയുന്നില്ല. ഏതായാലും പരമാവധി സഹായങ്ങൾ ചെയ്യും. കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് തിരുവനന്തപുരത്തെ ആർ.സി.സി., നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായും തലശ്ശേരിയിലെ മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, ആർ.സി.സി. ആയും മാറ്റണം എന്നാണ്. എറണാകുളത്ത് ഒരു ക്യാൻസർ ഹോസ്പിറ്റലും റിസർച്ച് സെന്ററും ഗവൺമെന്റിന്റേതായി സ്ഥാപിക്കുന്നതിന് നടപടികൾ ആയിട്ടുണ്ട്. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ മെച്ചപ്പെട്ട ചികിത്സ പരമാവധി ലഭ്യമാക്കുന്ന സാഹചര്യം ഉറപ്പുവരുത്തുന്നതാണ്. ക്യാൻസറിനെ പ്രതിരോധിക്കാൻ വ്യക്തമായിട്ടുള്ള നിർദ്ദേശങ്ങൾ ഇന്നും വൈദ്യശാസ്ത്രത്തിന് കണ്ടെത്താൻ സാധിച്ചിട്ടില്ല. പക്ഷേ, നമ്മുടെ ഭക്ഷണരീതിയിലും ജീവിതരീതിയിലുമുള്ള മാറ്റങ്ങൾ ഇതിന് സഹായകരമാകും എന്നൊരു പൊതുവായ ചിന്തയുണ്ട്.

<u>മി. സ്പീക്കർ</u> : അംഗങ്ങൾ ഇനിയും ഉപചോദ്യം ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ,

അടിയന്തര ചോദ്യം ഉള്ളതുകൊണ്ട് ഇനി സമയം കൊടുക്കാൻ കഴിയില്ല. മറുപടി ചുരുക്കിപ്പറയണം. രണ്ട് അടിയന്തര ചോദ്യങ്ങളുണ്ട്.

## അടിയന്തരചോദ്യം

## (1) റോഡ് അപകടനിവാരണ കമ്മീഷൻ റിപ്പോർട്ട്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഈ ചോദ്യത്തിന്റെ ഉത്തരം വളരെ വിപുലമാണ്. അങ്ങ് അനുവദിച്ചാൽ ഞാൻ അത് മേശപ്പുറത്തുവയ്ക്കാം.

മി. സ്പീക്കർ: ഉത്തരം മേശപ്പുറത്ത് വച്ചാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

ശ്രീ. ജെയിംസ് മാത്യു: സർ, ഇന്നത്തെ ആദ്യത്തെ ചോദ്യമായി വന്ന വിഷയത്തോട് സമാനത പുലർത്തുന്നതാണ് ഈ അടിയന്തര ചോദ്യത്തിന്റെ ഉള്ളടക്കം. എന്നാൽ ഈ സഭയിലെ മുഴുവൻ അംഗങ്ങളും ഉത്കണ്ഠ രേഖപ്പെടുത്തിക്കൊണ്ട് ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് റോഡപകട നിവാരണ കമ്മീഷന്റെ മുപ്പത്തിയാറ് നിർദ്ദേശങ്ങളാണ് ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചത്. അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ എന്നുള്ളതാണ് വളരെ പ്രധാനപ്പെട്ട പ്രശ്നം. നിരവധി നിർദ്ദേശങ്ങളും തീരുമാനങ്ങളും ഈ കാര്യത്തിൽ ഇതിനുമുമ്പും എടുത്തിട്ടുണ്ട്. അതിലൊരു തീരുമാനമായിട്ടല്ലാതെ ഈ റോഡ് അപകട നിവാരണ കമ്മീഷന്റെ റിപ്പോർട്ടോ അതിന്മേൽ എടുക്കുന്ന തീരുമാനങ്ങളോ പ്രാവർത്തികമാകുകയില്ല. അതിന് പ്രായോഗികമായ രീതിയിൽ എന്ത് നിർദ്ദേശമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും നൽകാനുള്ളതെന്നാണ് ചോദിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, മോട്ടോർ വെഹിക്കിൾസ് വകുപ്പിനെ ബാധിക്കുന്ന കാര്യങ്ങൾമാത്രമല്ല, വിവിധ വകുപ്പുകളെ ബാധിക്കുന്ന പ്രശ്നങ്ങളാണ് ഇവിടെ വന്നിട്ടുള്ളത്. ആ വകുപ്പുകളുമായി കോ-ഓർഡിനേറ്റ് ചെയ്ത് അതിൽ പ്രായോഗികമായി നമുക്ക് നടപ്പാക്കാൻ കഴിയുന്ന കാര്യങ്ങൾക്ക് ഒരു പ്രയോറിറ്റി തീരുമാനിച്ച് ആക്സിഡന്റുകൾ കുറയ്ക്കുക എന്ന പൊതു തീം നടപ്പാക്കുന്നതിനാവശ്യമായ

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

സ്റ്റെപ്പ് എടുക്കണം.

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനൃനായ മന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്. എന്നാൽ ഇതിന് നിലവിൽ സ്റ്റാറ്റ്യൂട്ടറി ബോഡിയുണ്ട്. ആ സ്റ്റാറ്റ്യൂട്ടറി ബോഡി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അത് ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയാണ്. കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷതയിലുള്ളതാണ്. അതുപോലെ പോലീസ്, റവന്യൂ, പി.ഡബ്ല്യൂ.ഡി. ഉൾപ്പെടെയുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രതിനിധികളും ഉൾക്കൊള്ളുന്നതാണ്. കേരളത്തിലെ 90% ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികളും ഇന്ന് പ്രവർത്തിക്കുന്നില്ലെന്ന വസ്തുത ബഹുമാനൃനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവ അടിയന്തരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശവും എൻഫോഴ്സമെന്റും അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധകൃഷ്ണൻ : സർ, നിശ്ചയമായും ഉണ്ടാകും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) അടിയന്തര ചോദ്യം നമ്പർ 2

### വർദ്ധിപ്പിച്ച ഗൾഫ് വിമാന യാത്രാക്കൂലി

2 (2) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെന്നൈ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ എയർ ഇന്ത്യ വിമാന സർവ്വീസുകൾ റദ്ദാക്കിയതോടെ സ്വകാര്യ വിമാനകമ്പനികൾ ഗൾഫ് വിമാന യാത്രാക്കൂലി പലമടങ്ങ് വർദ്ധിച്ചവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര എയർ ഇന്ത്യാ സർവ്വീസുകളാണ് റദ്ദാക്കിയത്. അവ പുനഃസ്ഥാപിക്കുമോ;

(സി) പ്രളയം വരുന്നതിന് മുമ്പ് കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിൽ നിന്ന് ഗൾഫിലെ വിവിധ വിമാനത്താവളങ്ങളിലേക്ക് ഓരോ വിമാനകമ്പനിയും ഈടാക്കിയിരുന്ന നിരക്ക് എത്രവീതമായിരുന്നു.

(ഡി) പ്രളയത്തിന് ശേഷം അവ എത്രവീതമായി വർദ്ധിപ്പിച്ചു നിരക്ക വർദ്ധന ഒഴിവാക്കുവാൻ അടിയന്തരമായി സർക്കാർ ഇടപെടുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി <u>ശ്രീ. കെ. ബാബു</u>: സർ,

(എ) ചെന്നൈ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ എയർ ഇന്ത്യ വിമാന സർവ്വീസുകൾ റദ്ദാക്കിയതോടെ ഈ മേഖലയിൽ ഡിമാന്റ് വർദ്ധിപ്പിച്ചത് കാരണം വിമാന യാത്രാക്കൂലി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏഴ് സർവ്വീസുകളാണ് റദ്ദാക്കിയത്. ചെന്നൈ വിമാനത്താവളം പ്രളയത്തിന് ശേഷം തുറന്ന ഉടൻതന്നെ സർവ്വീസുകൾ പുനഃസ്ഥാപിച്ചു.

(സി) കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കും തിരിച്ചും വർഷം മുഴുവൻ വിവിധ നിലയിലെ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും, വിദേശ എയർലൈനുകളുടെ കടുത്ത മത്സരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തേ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് IATA/DGCA പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടിവരും. ലോകത്തെ എല്ലാ എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്. ഗൾഫ് മേഖലയിലേയ്ക്ക് സർവ്വീസ് നടത്തുന്ന മറ്റ് എയർലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും തിരക്കുള്ള സമയത്തും കുറഞ്ഞ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത് എന്നാണ് എയർ ഇന്ത്യ അറിയിച്ചിട്ടുള്ളത്.

(ഡി) പ്രളയത്തിന് ശേഷം എയർ ഇന്ത്യ നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. കൂടാതെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട കേരളത്തിലെ വിവിധ ആവശ്യങ്ങൾ

ഉന്നയിച്ച് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിക്ക് 10-12-2015-ൽ സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ വ്യോമയാന കമ്പനികൾ അനിയന്ത്രിതമായി വിമാന നിരക്ക് വർദ്ധിപ്പിക്കുന്നത് തടയുന്നതിനും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കുന്നതിനും കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളിലേക്ക് ഗൾഫ് നാടുകളിൽ നിന്നും കൂടുതൽ ഷെഡ്യൂളുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പി.പി.പി. നയരൂപീകരണം

**3 (*303)** ശ്രീ. കെ. വി. വിജയദാസ് :

,, എ. പ്രദീപ്കുമാർ :

,, സി. കൃഷ്ണൻ :

,, എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിൻ കീഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പി.പി.പി നയത്തിന് അന്തിമ രൂപം ആയിട്ടുണ്ടോ;

(ബി) സേവന മേഖലാ പദ്ധതികളുടെ ആകെ മുതൽ മുടക്കിന്റെ എത്ര ശതമാനം വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി നൽകാനുദ്ദേശിക്കുന്നു;

(സി) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ എത്ര പദ്ധതികൾ പി.പി.പി. നയത്തിന്റെ അടിസ്ഥാനത്തിൽ പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നു. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിനായി എന്തു തുക ഏത് ഹെഡ്ഡിൽ വകയിരുത്തിയിട്ടുണ്ട്;

(ഡി) നിലവിലുള്ള സ്വകാര്യ പങ്കാളിത്ത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുയർന്നുവന്ന പ്രശ്നങ്ങൾ കൂടി വിലയിരുത്തിക്കൊണ്ടാണോ പുതിയ നയത്തിന് രൂപം നൽകിയിരിക്കുന്നത്;

(ഇ) ടൂറിസം വകുപ്പ് താജ് ഗ്രൂപ്പുമായും മറ്റും സംയുക്ത സംരംഭത്തിലേർപ്പെട്ട

പദ്ധതികളുമായി ബന്ധപ്പെട്ട് സി & എ.ജി. ഉന്നയിച്ചിരുന്ന വിമർശനങ്ങൾ എന്തെല്ലാമായിരുന്നു എന്ന് പരിഗണിക്കുകയുണ്ടായോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) പി.പി.പി. നയത്തിന്റെ അന്തിമ രൂപം ആയിട്ടില്ല. ആയത് സർക്കാർ പരിഗണനയിലാണ്.

(ബി - ഡി) ബാധകമല്ല.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**നീതിന്യായ നിർവ്വഹണം കുറ്റമറ്റതാക്കൽ**

**4 (*304)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
,, റ്റി. എ. അഹമ്മദ് കബീർ :
,, പി. ഉബൈദുള്ള :
,, എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ശിക്ഷ അനുഭവിക്കുന്നവരിൽ ഒരു ചെറിയ ശതമാനമെങ്കിലും നിരപരാധികളാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടുകൾ പ്രോസിക്യൂഷനെയും നീതിന്യായ സംവിധാനത്തെയും സംശയത്തോടെ വീക്ഷിക്കാൻ ഇടയാക്കുമെന്നതു പരിഗണിച്ച് ഇക്കാര്യത്തിൽ ഒരു വസ്തുതാപഠനത്തിന് നടപടി സ്വീകരിക്കുമോ;

(സി) ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുതെന്ന തത്വം പാലിക്കുന്ന നീതിന്യായവ്യവസ്ഥയിൽ ഇത്തരം റിപ്പോർട്ടുകളുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിശദമായി പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) മുൻ ജയിൽ വകുപ്പ് അദ്ധ്യക്ഷൻ ഡോ. അലക്സാണ്ടർ ജേക്കബ് IPS

കണ്ണൂർ സെൻട്രൽ ജയിലിൽവച്ച് നടത്തിയ ഒരു പരിപാടിയിൽ ജയിലുകളിൽ കഴിയുന്ന 20% പേർ നിരപരാധികൾ ആണെന്ന് പ്രസ്താവിച്ചതായി ചില പത്രമാധ്യമങ്ങൾ പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) മുൻ ഡി.ജി.പി.യുടെ പ്രസ്താവന അദ്ദേഹത്തിന്റെ വ്യക്തിപരമായ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയതാകാം. ജയിലുകളിൽ കഴിയുന്ന തടവുകാർ വിവിധ കോടതികൾ ശിക്ഷിച്ചവരോ, കുറ്റം ചുമത്തപ്പെട്ട് റിമാന്റ് ചെയ്യപ്പെട്ടവരോ ആണ്. ഇവരിൽ നിരപരാധികളായ ആളുകൾ ഉണ്ടോ എന്നത് ഇവരുടെ കേസുകൾ കോടതികൾ അന്തിമമായി തീർപ്പ് കൽപ്പിക്കുന്നതുമായി ബന്ധപ്പെട്ടായിരിക്കും. ആയതിനാൽ പ്രസ്തുത റിപ്പോർട്ടുകൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിക്കേണ്ട ആവശ്യം ഇല്ല.

**ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്**

**5 (*305)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

,, സി. പി. മുഹമ്മദ് :

,, വി. ഡി. സതീശൻ :

,, എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യു സർവ്വീസ് കാര്യക്ഷമമാക്കുവാൻ ഏതെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ - സി) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകിവരുന്നു. കൂടാതെ

അഗ്നിശമന സേനയുടെ നവീകരണത്തിന്റെ ഭാഗമായി എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പഴയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഇപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും, എന്നാൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ളതുമായ ഫയർ സ്റ്റേഷനുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷത്തിൽ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 27.28 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണ്. കൂടാതെ അഗ്നിശമന സേനാംഗങ്ങളുടെ സുരക്ഷയ്ക്കും അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും ഉതകുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് അടിയന്തര സഹായമായി 175.63 കോടി രൂപയ്ക്കുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. 9-11-2015-ലെ സ.ഉ. (എം.എസ്.) നമ്പർ 231/2015/ആഭ്യന്തരം, പ്രകാരം ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായമായി 924 ലക്ഷം രൂപയ്ക്ക് ഏരിയൽ പ്ലാറ്റ് ഫോം ലാഡർ വാങ്ങുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഗതാഗതക്കുരുക്കുമൂലം അപകട സ്ഥലങ്ങളിലെത്താൻ കാലതാമസം വരുന്നുവെന്ന വസ്തുത പരിഗണിച്ച്, അപകട സ്ഥലത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി കൂടുതൽ അഗ്നിശമന ഉപകരണങ്ങളും ആധുനിക വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

**6 (*306)** ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ലോട്ടറി വരുമാനത്തിന്റെ എത്ര ശതമാനമാണ് കാരുണ്യ

ബെനവലന്റ് ഫണ്ടായി വിതരണം ചെയ്യുന്നതിന് നീക്കിവെയ്ക്കുവാൻ നയപരമായി തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളിൽനിന്നുള്ള മുഴുവൻ അറ്റാദായവും കാരുണ്യ ബെനവലന്റ് ഫണ്ടായി വിതരണം ചെയ്യുന്നതിനാണ് നയപരമായ തീരുമാനം.

**നികുതി വരുമാനത്തിലെ കുറവ്**

**7 (*307)** ശ്രീമതി പി. അയിഷാ പോറ്റി :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. എസ്. ശർമ്മ :

,, എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം വാണിജ്യനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുകയും പിരിച്ചെടുക്കാൻ സാദ്ധ്യമായ തുകയും എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇ-ഫയലിംഗ്, ഇ-പേയ്മെന്റ്,അഴിമതിരഹിത ചെക്കുപോസ്റ്റുകൾ തുടങ്ങിയ നടപടികളുടെ ഭാഗമായി നികുതി വരുമാന വർദ്ധന ഉണ്ടായിരുന്നുവോ ; ഇപ്പോൾ നികുതി വരുമാനത്തിൽ സ്വാഭാവിക വർദ്ധനവ് ഉണ്ടാകാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(സി) കാര്യക്ഷമമായി പ്രവർത്തിക്കുന്നവരെ ചെക്കുപോസ്റ്റുകളിൽ നിയോഗിക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ്; നികുതി വെട്ടിപ്പുകാരുമായുള്ള ഉന്നത ബന്ധങ്ങളും ഇടപാടുകളും നികുതി വരുമാനത്തെ സ്വാധീനിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഡാറ്റ മൈനിംഗ് ടീമിന്റെ പ്രവർത്തനങ്ങളിലൂടെയും മറ്റും കണ്ടുപിടിക്കാൻ സാദ്ധ്യമായ നികുതി വെട്ടിപ്പുകളുടെ എണ്ണവും തന്മൂലമുണ്ടായ നേട്ടവും വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) നടപ്പ് സാമ്പത്തിക വർഷം വാണിജ്യ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന തുക 34740.61 കോടി രൂപയാണ്. ഇതിൽ 30-11-2015 വരെ 19599.85 കോടി രൂപ പിരിച്ചെടുത്തു. 11 ശതമാനം വളർച്ചാ നിരക്കാണ് 30-11-2015 വരെ രേഖപ്പെടുത്തിയിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ലക്ഷ്യമിട്ട തുക മുഴുവൻ പിരിച്ചെടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇ-ഫയലിംഗ്, ഇ-പേയ്മെന്റ്, അഴിമതിരഹിത ചെക്ക്പോസ്റ്റുകൾ തുടങ്ങിയ നടപടികളുടെ ഭാഗമായുണ്ടായ നികുതി വരുമാന വർദ്ധന സംബന്ധിച്ച വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാണിജ്യ നികുതി വകുപ്പിൽ 2007-08 സാമ്പത്തിക വർഷം മുതലാണ് ഇ-ഫയലിംഗ്, ഇ-പെയ്മെന്റ്, അഴിമതിരഹിത ചെക്ക് പോസ്റ്റുകൾ എന്നീ നടപടികൾ തുടങ്ങിയത്. ഇതുമൂലം നികുതി വരുമാനത്തിന്റെ വർദ്ധനവിൽ കുറവ് സംഭവിച്ചിട്ടില്ല. എന്നാൽ വർദ്ധനവിന്റെ നിരക്കിൽ നേരിയ വ്യത്യാസം സംഭവിച്ചിട്ടുണ്ട്. 2006-2011 കാലയളവിൽ 18 ശതമാനം വളർച്ചാനിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് ഇപ്പോൾ 15 ശതമാനം വളർച്ചാനിരക്ക് മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ.

റബ്ബറിന്റെ വിലയിൽ മുൻവർഷങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോഴുണ്ടായ കുറവ് ജനങ്ങളുടെ ക്രയശേഷിയെ പ്രതികൂലമായി ബാധിച്ചു. മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി പിരിവിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. എണ്ണ കമ്പനികളിൽനിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2015 മാർച്ച് 31 വരെ എട്ട് ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. സ്വർണ്ണത്തിന്റെ നികുതി പിരിവിൽ കോമ്പൗണ്ടിംഗ് നിരക്ക് 125 ശതമാനത്തിൽ നിന്നും 115 ശതമാനമായി കുറച്ചതും അരി, ഗോതമ്പ്, മൈദ എന്നിവയെ നികുതിയിൽനിന്ന് ഒഴിവാക്കിയതും ചിക്കന്റെ നികുതിയിനത്തിലുണ്ടായ കുറവും ബാർഹോട്ടലുകൾ അടച്ചതും ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ വന്ന കുറവും വർക്ക്സ് കോൺട്രാക്റ്റിന്റെ പിരിവിൽ വന്ന കുറവും നികുതി വരുമാനത്തിന്റെ വളർച്ചാനിരക്കിൽ കുറവ് സംഭവിക്കാൻ കാരണമായി.

എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് തുടങ്ങിയവ വഴി നിലവിലുള്ള ലൈസൻസ് ഫീസ് ഓൺലൈൻ വഴി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി നടപടിക്രമങ്ങൾ ലഘൂകരിക്കുകയാണ് ചെയ്തിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷത്തിൽ

2015 നവംബർ 30 വരെയുള്ള വകുപ്പുതല കണക്കുകൾ പ്രകാരം സമാഹരിക്കാനായിട്ടുള്ളത് 1275.34 കോടി രൂപയാണ്. മുൻവർഷത്തെ ഇതേകാലയളവിനെ അപേക്ഷിച്ച് 146.98 കോടി രൂപ അധികമാണ് സമാഹരിച്ചിട്ടുള്ളത്.

മോട്ടോർ വാഹന വകുപ്പിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-പേമെന്റ്, നിരീക്ഷണ ക്യാമറകൾ, ഓട്ടോമാറ്റിക് വെയ്ബ്രിഡ്ജുകൾ എന്നിവ വിവിധ ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ചുവരുന്നു.

(സി) കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെയാണ് ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്കായി നിയോഗിച്ചിരിക്കുന്നത്. നികുതി വെട്ടിപ്പുകാരുമായുള്ള ഉന്നത ബന്ധങ്ങളും ഇടപാടുകളും നികുതി വരുമാനത്തെ സ്വാധീനിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വാണിജ്യ നികുതി വകുപ്പിൽ 2015-16 സാമ്പത്തിക വർഷം 14-12-2015 വരെ 970 റിപ്പോർട്ടുകൾ തയ്യാറാക്കി. ആയതിൽ 181 കേസുകൾ തീർപ്പാക്കി, 11.25 കോടി രൂപയുടെ അധിക നികുതി ചുമത്തിയിട്ടുണ്ട്.

**കൊച്ചി കപ്പൽശാലയുടെ ഓഹരികൾ**

**8 (*308)** ശ്രീ. കെ. സുരേഷ് കുറുപ്പ് :
,, എളമരം കരീം :
,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കപ്പൽശാലയുടെ ഓഹരികൾ വിറ്റഴിക്കുന്നതിന് എതിരെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനായി എന്തു നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി സംസാരിക്കുകയുണ്ടായോ; വിശദമാക്കുമോ;

(ബി) ഉയർന്ന ലാഭക്ഷമത കൈവരിച്ചിട്ടുള്ള കൊച്ചിൻ ഷിപ്പ് യാർഡിന്റെ ഓഹരി വില്ക്കാനുള്ള നീക്കം എപ്പോഴാണ് ആരംഭിച്ചത്;

(സി) 1998-ൽ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരുന്ന ഗീതാകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ എന്തായിരുന്നു; ശിപാർശക്കെതിരെ അന്ന് സംസ്ഥാന സർക്കാർ നടത്തിയ ശ്രമങ്ങൾക്കൊടുവിൽ കേന്ദ്ര സർക്കാർ എടുത്ത തീരുമാനം എന്തായിരുന്നു;

(ഡി) ഓഹരി വിറ്റഴിക്കാനുള്ള ഇപ്പോഴത്തെ നീക്കങ്ങൾക്കെതിരെ ഫലപ്രദമായ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) കൊച്ചി കപ്പൽശാല സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതല്ല.

(ബി) കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന്റെ IPO നിർദ്ദേശം 18-11-2015-ലെ Cabinet Committee on Economic Affairs ആണ് അംഗീകരിച്ചത്.

(സി) ഈ വിഷയം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ഡി) പരിശോധിച്ചുവരുന്നു.

**സിവിൽ സർവ്വീസിന്റെ കാര്യക്ഷമത**

**9 (*309)** ശ്രീ. എസ്. രാജേന്ദ്രൻ :
,, ജി. സുധാകരൻ :
,, പി. ശ്രീരാമകൃഷ്ണൻ :
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സിവിൽ സർവ്വീസിനെ സംസ്ഥാനത്തിന്റെ വികസനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഭരണതലത്തിലെ തട്ടുകളുടെ എണ്ണം കുറയ്ക്കലും ഭരണഭാഷ മലയാളമാക്കലും ഉൾപ്പെടെ, ഭരണത്തെ ചലനാത്മകമാക്കി മാറ്റുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; ഇത് മൂലം തീരുമാനം എടുക്കാനുള്ള ഫയലുകളുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2014-15 ധനകാര്യവർഷത്തിൽ, സർക്കാർ സർവ്വീസിൽ നിന്ന് കുറവ് ചെയ്യേണ്ടതായി ധനവകുപ്പ് കണ്ടെത്തേണ്ടിയിരുന്ന തസ്തികകൾ എത്രയായിരുന്നു;

പ്രസ്തുത വകുപ്പ് ഇതര വകുപ്പ് മേധാവികൾക്ക് 19-9-2014-ൽ അയച്ചിരുന്ന കത്തിന്റെയടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കുന്നത്. ഇ-ടെണ്ടർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പൗരാവകാശ രേഖ, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഇ-ഓഫീസ്, ബയോമെട്രിക് പഞ്ചിംഗ്, ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ മുതലായ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഫയലുകളിൽ സമയബന്ധിതമായി തന്നെ തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് 4-8-2015-ലെ 12960/എ.ആർ. 14(2)/15/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)*

(ഡി) 19-9-2014-ലെ G.O. (P) No. 400/14/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളിൽ അധികമായി കണ്ടെത്തിയ 30,000 താൽക്കാലിക തസ്തികകളുടെ 25 ശതമാനം കുറവ് ചെയ്യുന്നതിന്റെ ഭാഗമായി എക്സ്പെൻഡിച്ചർ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും വിവിധ വകുപ്പുതലവന്മാരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ താൽക്കാലിക തസ്തികകളുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയും ചെയ്യുന്നു.

### പ്രോജക്ട് സാറ്റർഡേ പദ്ധതി

**10 (*310)** ശ്രീ. ലൂഡി ലൂയിസ് :
,, എം. എ. വാഹീദ് :
,, ബെന്നി ബെഹനാൻ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

,, ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ 'പ്രോജക്ട് സാറ്റർഡേ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'സാറ്റർഡേ പ്രോഗ്രാം' എന്ന പേരിൽ ഒരു പ്രത്യേക പരിപാടി വനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഓഫീസ് നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്തി ഫയലുകളിൽ തീരുമാനമെടുത്ത് എല്ലാ ആഴ്ചയിലേയും അവസാന പ്രവൃത്തി ദിവസത്തിൽ (ശനിയാഴ്ച) പരമാവധി ഫയലുകൾ തീർപ്പുകൽപ്പിക്കുക, ജീവനക്കാർക്ക് നല്ല അന്തരീക്ഷത്തിലിരുന്ന് ജോലി ചെയ്യുന്നതിനുള്ള അവസരം നൽകുക, ഓഫീസും പരിസരവും ചിട്ടയായും വെടിപ്പായും സൂക്ഷിക്കുക എന്നിവയായിരുന്നു സാറ്റർഡേ പ്രോഗ്രാമിന്റെ മുഖ്യ ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) സാറ്റർഡേ പ്രോഗ്രാം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ഓഫീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകുകയും ആഴ്ചതോറും നടത്തിയ അവലോകന യോഗത്തിൽ അതാത് ആഴ്ചയിലെ പുരോഗതി വിലയിരുത്തുകയും ചെയ്തിരുന്നു. കൂടാതെ ഓരോ ജില്ലകളിലെയും ഓഫീസുകൾ പരിശോധിച്ച് പ്രസ്തുത ഓഫീസുകളിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനംവകുപ്പ് ആസ്ഥാനത്തുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ /ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ചുമതല നൽകിയിരുന്നു. അപ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഓരോ ജില്ലയിലേയും ഡിവിഷൻ /റെയിഞ്ച് ഓഫീസുകളിലെ പദ്ധതി നടത്തിപ്പിന്റെ പുരോഗതി പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടുകൾ

വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**എക്സൈസ് വകുപ്പിൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ**

**11 (*311)** ശ്രീ. കെ. എസ്. ശബരീനാഥൻ :
,, ഡൊമിനിക് പ്രസന്റേഷൻ :
,, പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശി-ക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളെയും കുറ്റവാളികളെയും പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവര കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും എക്സൈസ് വകുപ്പിൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ സുഗമവും ഫലപ്രദവുമായ പ്രവർത്തനത്തിനുവേണ്ടി ഒരു വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനും വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ സ്ഥിതിവിവര കണക്ക്, സ്ഥിരം കുറ്റവാളികളുടെ സ്ഥിതിവിവര കണക്ക്, പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ എന്നിവ ശേഖരിക്കുന്നതിനും ക്രൈം രജിസ്ട്രേഷൻ, അന്വേഷണം, അന്തിമ റിപ്പോർട്ട് എന്നിവയുമായി ബന്ധപ്പെട്ട സർക്കുലറുകൾ സൂക്ഷിക്കുന്നതിനും അബ്കാരി/ എൻ.ഡി.പി.എസ്. കേസുകളുടെയും കുറ്റവാളികളുടെയും വിവരങ്ങളുടെ സംശയനിവാരണ കേന്ദ്രമായി പ്രവർത്തിക്കുന്നതിനും കീഴ് ഓഫീസുകൾ സന്ദർശിച്ച് പെൻഡിംഗ് കേസുകളുടെ അന്വേഷണ നടപടികളും ചാർജ് ഷീറ്റിംഗ് തുടങ്ങിയവ പരിശോധിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നതിനുമുള്ള കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

(ബി) എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന അബ്കാരി, എൻ.ഡി.പി.എസ്. കേസുകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉടനടി ലഭ്യമാക്കുക, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, കേസുകളുടെ അന്വേഷണത്തെ സഹായിക്കുക, കേസുകളുടെ നിലവിലെ തത്സ്ഥിതി അറിയിക്കുക, മേജർ കേസുകളുടെ വിവരം, സ്ഥിരം കുറ്റവാളികളുടെ വിവരം, പിടിച്ചെടുത്ത തൊണ്ടി സാധനങ്ങളുടെ വിവരം തുടങ്ങിയ വിവരങ്ങൾ ഉടനടി ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ടി ലക്ഷ്യങ്ങൾ നേടുന്നതിനായി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിവരങ്ങളും സ്ഥിരം കുറ്റവാളികളുടെ വിവരങ്ങളും ശേഖരിച്ചുകൊണ്ടും കേസുകളുടെ അന്വേഷണങ്ങളിലും മറ്റും ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി ആവശ്യമായ വിവരങ്ങൾ നൽകിക്കൊണ്ടും കേസുകളുടെ രജിസ്ട്രേഷൻ, കേസ് അന്വേഷണം, അന്തിമ റിപ്പോർട്ട് എന്നിവ സംബന്ധിച്ചുള്ള സർക്കുലറുകൾ സൂക്ഷിച്ചുകൊണ്ടും പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ ശേഖരിച്ചുകൊണ്ടും കീഴ് ഓഫീസുകൾ സന്ദർശിച്ച് പെന്റിംഗ് കേസുകളുടെ അന്വേഷണ നടപടികൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ പ്രവർത്തനം നടപ്പിലാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. എക്സൈസ് വകുപ്പ് കണ്ടുപിടിച്ച കുറ്റകൃത്യങ്ങളുടെ സ്ഥിതി വിവര കണക്ക് സൂക്ഷിക്കുന്നതിനും ഉടനടി ലഭ്യമാക്കുന്നതിനുമായി കേസുകളുടെ വിവരം കീഴ് ഓഫീസുകളിൽനിന്നും ശേഖരിച്ച് സൂക്ഷിക്കുക.
2. കേസന്വേഷണം സംബന്ധിച്ച് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനുവേണ്ടി കേസുകളുടെ രജിസ്ട്രേഷൻ, കേസ് അന്വേഷണം, അന്തിമ റിപ്പോർട്ട് എന്നിവ സംബന്ധിച്ചുള്ള സർക്കുലറുകൾ സൂക്ഷിക്കുക.
3. പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക.
4. പോലീസ് വകുപ്പിൽനിന്നും ലഭിക്കുന്ന അബ്കാരി/എൻ.ഡി.പി.എസ്. കേസുകളുടെ മാസാവലോകന സ്റ്റേറ്റ്മെന്റ് സൂക്ഷിക്കുക.
5. കീഴ് ഓഫീസുകൾ സന്ദർശിച്ച് പെൻഡിംഗ് കേസുകളുടെ അന്വേഷണം,

അന്വേഷണ നടപടിക്രമങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

**12 (*312)** ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
,, ഇ. ചന്ദ്രശേഖരൻ :
,, ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വകാര്യ സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) 430 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 98 സ്കൂളുകളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി) 23 സ്വകാര്യ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ട്രെയിനിംഗ് നൽകുന്നതിനുവേണ്ടി പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കേണ്ടതുണ്ട്. നിലവിൽ 430 സ്കൂളുകളിൽ പദ്ധതി നടപ്പിൽ വരുത്തുകയും 98 സ്കൂളുകളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി പോലീസ് വകുപ്പിൽനിന്നും റിട്ടയർ ചെയ്ത പോലീസുദ്യോഗസ്ഥരെ പ്രതിമാസം 3000 രൂപാ വേതന നിരക്കിൽ നിയമിക്കുവാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ ആകെ 92 പേർ മാത്രമാണ് ഇതിനുവേണ്ടി സന്നദ്ധത അറിയിച്ചിട്ടുള്ളത്. സംസ്ഥാനത്തെ

എല്ലാ/ഗവൺമെന്റ്/എയ്ഡഡ്/ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിന് വലിയ അളവിൽ ഫണ്ടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി ഘട്ടംഘട്ടമായി മറ്റ് സ്കൂളുകളിൽ കൂടി നടപ്പാക്കാവുന്നതാണ്.

**ജയിൽ ശിക്ഷ**

**13 (*313)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

,, പി. ഉബൈദുള്ള :

,, സി. മമ്മൂട്ടി :

,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരപരാധികളായ കുട്ടികൾ ജയിൽ ശിക്ഷ അനുഭവിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ബി) നിരപരാധികളും, സാഹചര്യംമൂലം കുറ്റവാളികളായി തടവുശിക്ഷ അനുഭവിക്കേണ്ടിവരുന്നവരും ജയിലുകളിൽ തടവിലുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെയൊക്കെ അടിസ്ഥാനത്തിൽ നടപടി ചട്ടങ്ങളിലും, ശിക്ഷാ നിയമങ്ങളിലും കാലോചിതമായ പരിഷ്ക്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) കുട്ടികൾ  ജയിലുകളിൽ ശിക്ഷയനുഭവിക്കുന്നില്ല. എന്നാൽ ശിക്ഷിക്കപ്പെട്ടോ, റിമാന്റ് ചെയ്യപ്പെട്ടോ ജയിലുകളിലെത്തുന്ന സ്ത്രീ തടവുകാരോടൊപ്പം അവരുടെ കുട്ടികളെ 6 വയസ്സുവരെ ജയിലുകളിൽ പാർപ്പിക്കാൻ ജയിൽ ചട്ടങ്ങൾ അനുവദിക്കുന്നുണ്ട്.

(ബി) സംശയാസ്പദമായ സാഹചര്യങ്ങളിൽ പിടിക്കപ്പെട്ട് കോടതി റിമാന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലും കുറ്റം ചെയ്തെന്ന് കോടതികൾ കണ്ടെത്തിയവരേയുമാണ് ജയിലുകളിൽ പാർപ്പിച്ചിട്ടുള്ളത്. ടി തടവുകാരുടെ

നിരപരാധിത്വത്തെ സംബന്ധിച്ച് തീരുമാനിക്കേണ്ടത് കോടതികളാണ്.

(സി) തടവുകാർക്ക് സൗജന്യ നിയമസഹായം നൽകുന്നതിനായി ജയിലുകളിൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ കീഴിൽ നിയമസഹായ ക്ലിനിക്കുകൾ നടത്തിവരുന്നു. നിയമസഹായ ക്ലിനിക്കുകൾ മുഖേന തടവുകാർക്ക് നിയമസഹായവും നിയമോപദേശവും നൽകുന്നതിനും വിചാരണ വേഗത്തിലാക്കി നിരപരാധിത്വം തെളിയിക്കുന്നതിനും കഴിയുന്നുണ്ട്.

**പി.എസ്.സി. നേരിടുന്ന പ്രതിസന്ധി**

**14 (*314)** ശ്രീ. ആർ. രാജേഷ് :
,, സാജു പോൾ :
,, കെ. വി. അബ്ദുൾ ഖാദർ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാപരമായി ഏൽപ്പിച്ചിരിക്കുന്ന സുപ്രധാന കടമകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷന് സാധിക്കുന്നുണ്ടോ;

(ബി) ഇതിനാവശ്യമായ ഫണ്ട് സർക്കാർ യഥാസമയം ലഭ്യമാക്കാത്തതിനാൽ, പി.എസ്.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കുമോ;

(സി) സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് പി.എസ്.സി. എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്; ഇവയിൽ ഇപ്പോഴും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നവ എന്തെല്ലാം;

(ഡി) പരീക്ഷയും ഇന്റർവ്യൂവും യഥാസമയം നടത്താത്തതിനാൽ ഒട്ടേറെ ഒഴിവുകൾ നികത്തപ്പെടാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ധനകാര്യ വിഭാഗത്തിന്റെ പരിശോധന അംഗീകരിക്കില്ലെന്ന പി.എസ്.സി.യുടെ നിലപാട് അംഗീകരിക്കുന്നുണ്ടോ; നിലപാട് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) ഉണ്ട്.

(ബി & സി) സർക്കാർ ഈ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നതിനേക്കാൾ അധികമായി 12 കോടി 50 ലക്ഷം രൂപ വിവിധ ഹെഡ്ഡുകളിലായി പി.എസ്.സി.ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 05/12/2015-ൽ സമർപ്പിച്ച ഏഴ് കോടി പതിനഞ്ച് ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സിവിൽ ആന്റ് ഇലക്ട്രിക് വർക്കുകൾക്ക് തുക അനുവദിക്കുന്നതിനായി ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) ഇല്ല.

(ഇ) ഇല്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 283(2) പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള ധനവിനിയോഗം സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾക്ക് വിധേയമാണ്. കൺസോളിഡേറ്റഡ് ഫണ്ടിന്റെ കസ്റ്റോഡിയൻ സർക്കാരായതിനാൽ ധനവിനിയോഗം, സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാരിന് അധികാരമുണ്ട്. ആയതിനാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധന അംഗീകരിക്കില്ലെന്ന പി.എസ്.സി. യുടെ നിലപാട് അംഗീകരിക്കാനാവില്ല.

**റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ എണ്ണം**

**15 (*315)** ശ്രീ. സി. മോയിൻ കുട്ടി :

,, അബ്ദുറഹിമാൻ രണ്ടത്താണി :

,, പി. ബി. അബ്ദുൾ റസാക് :

,, കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ എണ്ണം വർഷംപ്രതി വർദ്ധിച്ചുവരുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥിതിവിശേഷത്തിനുള്ള കാരണങ്ങൾ അപഗ്രഥിക്കപ്പെട്ടിട്ടുണ്ടോ;

വിശദമാക്കുമോ ;

(സി) റോഡപകടങ്ങളും അതുമൂലമുള്ള ജീവഹാനിയും കുറച്ചുകൊണ്ടുവരുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ-സി) ഉണ്ട്. റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ മരണനിരക്ക് കൂടാനുള്ള കാരണം ഇരുചക്രവാഹനങ്ങളുടെ ബാഹുല്യമാണ്. 40 മുതൽ 50 ശതമാനം മരണനിരക്കും ഇരുചക്രവാഹനാപകടം മൂലമാണ് സംഭവിക്കുന്നതെന്ന് കണക്കുകൾ വിശദമാക്കുന്നു. സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ ലഭ്യമായ 2014-ലെയും 2015 സെപ്റ്റംബർ മാസം വരെയുമുള്ള കണക്കുകൾ അനുസരിച്ച് റോഡപകടങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായെങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് മരണ നിരക്ക് കുറഞ്ഞിട്ടുണ്ട്. അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകൾ എന്നിവ വഴി അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ യാത്രാ ബസ്സുകളിലും മുഴുവൻ സമയ നിയന്ത്രണ നിരീക്ഷണത്തിനായി GPS Vehicle Tracking System നടപ്പിൽ വരുത്തുന്നതിനായി C-DAC യുമായി ചേർന്ന് നടപടികൾ പുരോഗിച്ചുവരുന്നു. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാതലങ്ങളിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലങ്ങളിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ

സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ വാഹനങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് മുതലായ മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേയ്ക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവൽക്കരണ പരിപാടി നടത്തുന്നുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**16 (*316)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
,, ഹൈബി ഈഡൻ :
,, വി. പി. സജീന്ദ്രൻ :
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി എയിംസ് സോഫ്റ്റ് വെയർ ഒന്നാം ഘട്ടം വകുപ്പിൽ പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് ഓഡിറ്റ് ചെയ്യുന്ന എല്ലാ മേഖലകളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വകുപ്പിന്റെ ഏതാനും ജില്ലാ കാര്യാലയങ്ങൾ നവീകരിക്കാൻ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഓഡിറ്റ് പ്രക്രിയ കാര്യക്ഷമമാക്കുകയും ഓഡിറ്റ് കാലതാമസവും കുടിശ്ശികയും കുറയ്ക്കുകയുമാണ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന്റെ പ്രധാനലക്ഷ്യം. ജില്ലാ കാര്യാലയ നവീകരണത്തിലൂടെ പ്രസ്തുത ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ

വികസിപ്പിച്ച് കമ്പ്യൂട്ടർവത്ക്കരണത്തിന് അനുയോജ്യമായ രീതിയിൽ നെറ്റ്വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവ ഉൾപ്പെടെ നവീകരിക്കാൻ സാധിക്കും. ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിലൂടെ ഓഡിറ്റ് വകുപ്പിന്റെ കാര്യക്ഷമതയും ഓഡിറ്റിന്റെ നിലവാരവും ഉയർത്താൻ സാധിക്കും.

(സി) എയിംസ് സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടം വികസിപ്പിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വകുപ്പിന്റെ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലാ കാര്യാലയങ്ങൾ നവീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള വിഷയ നിർദ്ദേശങ്ങളുടെ കരട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**വിജിലൻസ് വകുപ്പിന്റെ കാര്യക്ഷമത**

**17 (*317)** ശ്രീ. കെ. കെ. നാരായണൻ :
,, കെ. കുഞ്ഞിരാമൻ (ഉദുമ) :
,, പുരുഷൻ കടലുണ്ടി :
,, ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വകുപ്പിനെ നിഷ്പക്ഷവും കുറ്റമറ്റരീതിയിലും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) വിജിലൻസിന്റെ കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയും നിയമവിരുദ്ധമായ നടപടികളും ജനങ്ങൾക്ക് പ്രസ്തുത വകുപ്പിലുള്ള വിശ്വാസം നഷ്ടപ്പെടുത്തികൊണ്ടിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിജിലൻസ് അന്വേഷണത്തിലും തുടർനടപടികളിലും രാഷ്ട്രീയ ഇടപ്പെടൽ ഉണ്ടാകുന്നുണ്ടോ ; ഇത് വഴി പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നുണ്ടോ;

(ഡി) വിജിലൻസിന്റെ സ്വതന്ത്രമായ പ്രവർത്തനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) വിജിലൻസ് വകുപ്പിലെ എല്ലാ നിയമനങ്ങളും പി.എസ്.സി. വഴി

നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; അത്തരമൊരു നിർദ്ദേശം ഡി.ജി.പി. ശിപാർശ ചെയ്യാനിടയായ സാഹചര്യം എന്തായിരുന്നു ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ) വിജിലൻസ് വകുപ്പ് നിലവിൽ നിഷ്പക്ഷവും കുറ്റമറ്റരീതിയിലുമാണ് പ്രവർത്തിക്കുന്നത്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിൽ സ്വതന്ത്രമായും നിയമ വ്യവസ്ഥകൾക്ക് വിധേയമായുമാണ് പ്രവർത്തിക്കുന്നത്.

(ഇ) വിജിലൻസ് വകുപ്പിൽ നിലവിൽ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം ഒഴിച്ചുള്ള എല്ലാ തസ്തികകളിലും പി.എസ്.സി. മുഖേനയാണ് നിയമനം നടത്തുന്നത്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം പി.എസ്.സി. മുഖാന്തിരം നടത്തണമെന്ന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

**അണക്കെട്ടുകളിൽ മത്സ്യകൃഷി**

**18 (*318)** ശ്രീ. എം. ഉമ്മർ :
,, കെ. എം. ഷാജി :
,, പി. കെ. ബഷീർ :
,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളോടനുബന്ധിച്ച ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്ന പദ്ധതിയിൽ ഏതൊക്കെ ജലാശയങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ ജലാശയങ്ങളെ ഈ പദ്ധയിൻ കീഴിൽ കൊണ്ടുവരാൻ

ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ;

(സി) നാടൻ മത്സ്യ ഇനങ്ങളെ ഇതിലുൾപ്പെടുത്തി ജലാശയങ്ങളിൽ നിക്ഷേപിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) കേരളത്തിലെ നെയ്യാർ, കല്ലട, പമ്പ, കക്കി, പൊന്മുടി, നേര്യമംഗലം, ചെങ്കുളം, മാട്ടുപ്പെട്ടി, കുണ്ടള, ആനയിറങ്കൽ, ഇടുക്കി, പെരിയാർ, ഭൂതത്താൻകെട്ട്, പെരിങ്ങൽകുത്ത്, ഷോളയാർ, പറമ്പിക്കുളം, കാരാപ്പുഴ, ബാണാസുരസാഗർ, പഴശ്ശി, മലമ്പുഴ, മീങ്കര, ചുള്ളിയാർ, പോത്തുണ്ടി, മംഗലം, വാളയാർ, കാഞ്ഞിരപ്പുഴ എന്നീ ജലസംഭരണികളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു.

(ബി) വനം, ഇറിഗേഷൻ വകുപ്പുകളുടെയും കെ.എസ്.ഇ.ബി.-യുടെയും ഉടമസ്ഥതയിലുള്ള ജലസംഭരണികളിൽ മത്സ്യകൃഷി നടത്തുന്നതിനും തദ്വാര ഉൽപ്പാദിപ്പിക്കുന്ന മത്സ്യം പിടിച്ചെടുക്കുവാനുമുള്ള അവകാശം ഫിഷറീസ് വകുപ്പിന് ലഭിക്കുന്ന പക്ഷം കൂടുതൽ ജലസംഭരണികളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാവുന്നതാണ്. എന്നാൽ സംരക്ഷിത സങ്കേതങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശത്തെ അണക്കെട്ടുകളിലും ഊർജ്ജോത്പാദനവുമായി ബന്ധപ്പെട്ട് സുരക്ഷാ ഭീഷണിയുള്ള അണക്കെട്ടുകളിലും മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തുന്നതിനും മത്സ്യം പിടിക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി വനം വകുപ്പും കെ.എസ്.ഇ.ബി-യും അറിയിച്ചിട്ടുണ്ട്.

(സി) പൊതുജലാശയങ്ങളിലെ മത്സ്യവിത്തു നിക്ഷേപം പദ്ധതിയിൽ കരിമീൻ, ആറ്റുകൊഞ്ച് തുടങ്ങിയ നാടൻ മത്സ്യങ്ങൾ ഉൾപ്പെടെയുള്ള മത്സ്യങ്ങളെ നിക്ഷേപിച്ചുവരുന്നു.

**സ്വകാര്യ ഭൂമിയിൽ മരം വച്ച് പിടിപ്പിക്കൽ**

**19 (*319)** ശ്രീ. സണ്ണി ജോസഫ് :
,, ഷാഫി പറമ്പിൽ :
,, ആർ. സെൽവരാജ് :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ മരം വച്ച് പിടിപ്പിക്കുന്നതിന് വനം വകുപ്പ് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17-2-2012-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 99/12/വനം, 29-9-2012-ലെ ജി.ഒ. (ആർ.റ്റി.) 486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40 രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

(ബി) സ്വകാര്യ ഭൂമിയിലെ ശോഷിച്ചുവരുന്ന ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനോടൊപ്പം, വൃക്ഷാവരണം, തടിയുൽപ്പാദനം എന്നിവ വർദ്ധിപ്പിക്കുകയും സർവ്വ സാധാരണമായി ഉപയോഗിക്കുന്ന തടിയിനങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുകയും അതുവഴി ഭൂവുടമകൾക്ക് അധികവരുമാനം ലഭ്യമാക്കുന്നതിനിടയാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിലുള്ള വിളകളുടെ വിലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന വ്യതിയാനങ്ങളെ വൃക്ഷം വളർത്തൽ മുഖേന ചെറുക്കുന്നതിന് കർഷകരെ സഹായിക്കുക, വൃക്ഷം വളർത്തലിനെ മറ്റൊരു കാർഷിക വൃത്തിയാക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക, ഇതുവഴി സ്വകാര്യ കൈവശസ്ഥലങ്ങളെ ഹരിതാഭമാക്കുക, ജൈവ വൈവിധ്യം പരിപോഷിപ്പിക്കുക,

ആവാസ വ്യവസ്ഥാ സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നിവ കൂടാതെ ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും ചെറുത്ത് അതിന്റെ ദൂഷ്യഫലങ്ങൾ ലഘൂകരിക്കുകയെന്നതും ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) 2012 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. എല്ലാ വർഷവും ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ മാധ്യമങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ച് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിക്കുകയും ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം റെയിഞ്ച് ഓഫീസർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ സ്വീകരിച്ച് ആയതിന്മേൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സ്ഥലപരിശോധന നടത്തി പരിശോധനാ റിപ്പോർട്ടും അപേക്ഷയും ജനപ്രതിനിധികളുൾപ്പെടുന്ന പഞ്ചായത്ത് ലെവൽ കമ്മിറ്റിയുടെ വിലയിരുത്തലിനുശേഷം ശിപാർശകളോടെ ജില്ലാതല കമ്മിറ്റിക്ക് നൽകുകയും സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുള്ള ജില്ലാതല കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അക്കൗണ്ട് പേയീ ചെക്കായി അപേക്ഷകന് തുക നൽകുകയും ചെയ്യുന്നു. 2012 മുതൽ വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തെരഞ്ഞെടുത്ത അപേക്ഷകൾ (എണ്ണം) | വിതരണം ചെയ്ത തുക |
|---|---|---|
| 2012-13 | 323 | 13,30,980 രൂപ |
| 2013-14 | 238 | 8,47,493 രൂപ |
| 2014-15 | 446 | 10,85,635 രൂപ |

**ഭവനനിർമ്മാണ പദ്ധതികൾ**

**20 (*320)** <u>ഡോ. എൻ. ജയരാജ്</u> :

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വിവിധ ഭവന നിർമ്മാണ പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ഹൗസിങ്ങ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) ജില്ലാ ഹൗസിംഗ് സൊസൈറ്റികളുടെ രൂപീകരണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സർക്കാർ സർവ്വീസിൽ നിയമന നിരോധനം**

**21 (*321)** ശ്രീ. റ്റി. വി. രാജേഷ് :

,, ആർ. രാജേഷ് :

,, പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിയമന നിരോധനമില്ലെന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടും നിലവിൽ നിയമനം നടക്കാതിരിക്കുകയാണെന്ന സാഹചര്യം തിരിച്ചറിഞ്ഞിട്ടുണ്ടോ ;

(ബി) പി.എസ്.സി. നിയമനത്തിനു ശിപാർശ ചെയ്യപ്പെടുന്നവരുടെ എണ്ണം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുറഞ്ഞുവരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) പുതിയ ഒഴിവുകൾ റിപ്പോർട്ടു ചെയ്യേണ്ടതില്ലെന്ന നിർദ്ദേശം വകുപ്പു തലവൻമാർക്ക് നൽകിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) നിയമന നിരോധനം നിലവിൽ ഇല്ല. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് വിവിധ തസ്തികകളിൽ നിയമനം നടക്കുന്നുണ്ട്.

(ബി) ഒഴിവുകളുടെ ലഭ്യതയ്ക്കനുസരിച്ച് നിയമനത്തിൽ ഏറ്റക്കുറച്ചിലുകൾ വരാറുണ്ട്. എങ്കിലും പൊതുവിൽ പി.എസ്.സി. നിയമന ശിപാർശകളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതില്ല എന്ന് വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടില്ല. മറിച്ച് നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പ

**22 (*322)** ശ്രീ. മോൻസ് ജോസഫ് :
,, റ്റി. യു. കുരുവിള :
,, തോമസ് ഉണ്ണിയാടൻ :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവർക്ക് ഏതെല്ലാം വിധത്തിലുള്ള ആനുകൂല്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ വായ്പാ ഗുണഭോക്താക്കൾക്ക് കേന്ദ്ര സർക്കാർ ഏതെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ;

(സി) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവരുടെ ജപ്തി നടപടികൾക്ക്

മോറട്ടോറിയം പ്രഖ്യാപിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലഘട്ടത്തിൽ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി കിട്ടാത്തതുമൂലം അവശത അനുഭവിക്കുന്നവരുമായ ബി.പി.എൽ. വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസകാലത്തെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം പലിശയിളവ് അനുവദിച്ച് വരുന്നു.

കൂടാതെ 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക് 1-4-2004 മുതൽ 31-3-2009 വരെ എടുത്ത വിദ്യാഭ്യാസ വായ്പയ്ക്ക് 2013 ഡിസംബർ 31 വരെയുള്ള പലിശ സബ്സിഡി, വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട 1-4-2009-ന് ശേഷം വിദ്യാഭ്യാസ ലോൺ എടുത്തവർക്കും പലിശ സബ്സിഡി നൽകുന്ന കേന്ദ്രപദ്ധതി നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാത്തതുമൂലം ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറിക്ക് മൊറട്ടോറിയം ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി 9-10-2015-ൽ അവസാനിച്ചു. പ്രസ്തുത ഉത്തരവ് 6 മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള, പുതിയ കേന്ദ്രസർക്കാർ സബ്സിഡിക്ക് അപേക്ഷിച്ചവർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്കും 6 മാസത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയിരുന്നു.

പ്രസ്തുത ഉത്തരവിന്റെ കാലാവധി 7-12-2015 ൽ അവസാനിച്ചതിനെ തുടർന്ന് പ്രസ്തുത മൊറട്ടോറിയം 6 മാസ കാലാവധിയിലേയ്ക്ക് കൂടി ദീർഘിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

**വന ദീപ്തി പദ്ധതി**

**23 (*323)** ശ്രീ. സി. പി. മുഹമ്മദ് :

,, കെ. അച്ചുതൻ :

,, വർക്കല കഹാർ :

,, കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന ദീപ്തി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) ഉണ്ട്. കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വനപ്രദേശത്തും, തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 20 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഏകവിളത്തോട്ടങ്ങൾ മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക, ഈ പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാക്കുക, വന്യജീവികൾക്ക് യോജിച്ച ആവാസവ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക്

വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വനദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വനപ്രദേശത്തും, തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 20 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി സ്ഥലങ്ങളിലെ അക്കേഷ്യ തോട്ടങ്ങൾ മുറിച്ചുനീക്കിയശേഷം വനദീപ്തി പദ്ധതിയിൽ ഉൾപ്പെടുത്തി ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി, തുടങ്ങിയ ഫലവൃക്ഷങ്ങളും, കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും, തടിക്കനുയോജ്യമായ തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയവയും, ഔഷധ ഇനത്തിപ്പെട്ട കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം താന്നി, അശോകം, പതിമുഖം തുടങ്ങിയവയും, ഇവ കൂടാതെ മുള, ഈറ, ചൂരൽ എന്നിവയും നട്ടുപിടിപ്പിച്ചിട്ടുണ്ട്. പത്തുപറ വനദീപ്തി പ്രദേശത്ത് ട്രിപ്പ് ഇറിഗേഷനും ഏർപ്പെടുത്തിയിട്ടുണ്ട് .

**പാചക വാതക ടാങ്കർ അപകടങ്ങൾ**

**24 (T*324)** ശ്രീ. സി. മമ്മൂട്ടി :
,, വി. എം. ഉമ്മർ മാസ്റ്റർ :
,, കെ. എൻ. എ. ഖാദർ :
,, എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചക വാതക ടാങ്കറുകൾക്ക് അടിക്കടി ഉണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രസ്തുത അപകടങ്ങളിൽപ്പെട്ട് ജീവഹാനിയും സ്വത്ത് നഷ്ടവും ഉണ്ടായവരുടെ കാര്യത്തിൽ സ്വീകരിച്ച ആശ്വാസ നടപടികൾ വിശദമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) പാചക വാതക ടാങ്കർ ഉൾപ്പെടെയുള്ള അപകടകരമായ വസ്തുക്കൾ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ മോട്ടോർ വാഹന നിയമങ്ങളിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ കേന്ദ്രമോട്ടോർവാഹനചട്ടം അനുശാസിക്കുന്ന ABS (Antilock Breaking System) 1-10-2006-ന് ശേഷമുള്ള ഇത്തരം വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ടാങ്കർ ലോറികളിൽ കൊണ്ടുപോകുന്ന ഉൽപ്പന്നങ്ങളെക്കുറിച്ചും വാഹനം പാർക്ക് ചെയ്യുന്ന സ്ഥലം സുരക്ഷിതവും അനുയോജ്യമാണോയെന്നത് സംബന്ധിച്ചും ഡ്രൈവർമാർക്ക് വ്യക്തമായ അറിവുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. സേഫ്റ്റി റിലീഫ് വാൽവ്, പ്രഷർഗേജ്, അപകട സൂചന നൽകുന്ന പ്രത്യേക ബോർഡ്, വാഹനത്തിന് എക്സ്പ്ലോസീവ് ലൈസൻസും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടോയെന്നും പോലീസ് വകുപ്പ് പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്.

എൽ.പി.ജി. ടാങ്കർ ലോറി അപകടങ്ങൾ സംബന്ധിച്ച് സുരക്ഷാ നടപടികൾ സ്വീകരിക്കുന്നത് വിശദമാക്കിക്കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ടാങ്കർ ലോറി അപകടങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ ഫോർ പെട്രോ കെമിക്കൽ ആക്സിഡന്റ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

അമിതവേഗതയാണ് റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നതെന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ടാങ്കർ ലോറി ഉൾപ്പെടെയുള്ള ഭാരമേറിയ വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. വകുപ്പിന്റെ മൊബൈൽ ഇൻഫോഴ്സ്മെന്റ് സ്ക്വാഡ് ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന

പരിശീലന പരിപാടികളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേകശ്രദ്ധപതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കുക തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. മേഖലാതലങ്ങളിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് മുതലായ മറ്റു വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു.

(ബി) 27-8-2012 ന് കണ്ണൂർ താഴെ ചൊവ്വയിൽ ചാല ബൈപ്പാസിൽ നടന്ന ഗ്യാസ് ടാങ്കർ ലോറി അപകടവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ആശ്വാസ നടപടികൾ സ്വീകരിച്ച് സർക്കാർ ഉത്തരവായിരുന്നു.

- ദുരന്തത്തിൽ ജീവഹാനി സംഭവിച്ചവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം
- ദുരന്തം ബാധിക്കപ്പെട്ട കുടുംബത്തിലെ യോഗ്യതയുള്ള ഒരു അംഗത്തിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ ജോലി നൽകുന്നതാണ്. ജോലി ചെയ്യാൻ കഴിയാത്തവർക്കും ജോലി ആവശ്യമില്ലാത്തവർക്കും പ്രതിമാസം 5000 രൂപ കുടുംബ പെൻഷൻ നൽകുന്നതാണ്.
- ജില്ലാ കളക്ടറുടെ തീരുമാനത്തിന് വിധേയമായി 40 ശതമാനത്തിലധികം പൊള്ളലേറ്റവർക്ക് 5 ലക്ഷം രൂപയും 40 ശതമാനത്തിന് താഴെ പൊള്ളലേറ്റവർക്കും മറ്റ് വിധത്തിൽ പരിക്കേറ്റവർക്കും 2 ലക്ഷം രൂപയും നൽകുന്നതാണ്.
- ദുരന്തവുമായി ബന്ധപ്പെട്ട എല്ലാവിധ ചികിത്സാ ചെലവുകളും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ വഹിക്കുന്നതാണ്.
- ദുരന്തത്തിന് ഇരയായവർക്ക് ഇതിനകം അനുവദിച്ച പതിനായിരം രൂപ കൂടാതെ ചികിത്സയിൽ കഴിയുന്നവരുടെ കുടുംബത്തിന് പതിനായിരം രൂപ കൂടി അനുവദിക്കുന്നതാണ്.

- വാസഗൃഹങ്ങൾക്കും ഗൃഹോപകരണങ്ങൾക്കും സംഭവിച്ച നഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഒരു കോടി രൂപ നൽകുന്നതാണ്.
- ജില്ലാകളക്ടറുടെ വിലയിരുത്തലിന് വിധേയമായി വാണിജ്യസ്ഥാപനങ്ങൾക്കും സാധന സാമഗ്രികൾക്കും സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിന് 75 ലക്ഷം രൂപയും നൽകുന്നതാണ്.
- വാഹനങ്ങൾക്ക് സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിന് 5 ലക്ഷം രൂപ നൽകുന്നതാണ്.
- ദുരന്തവുമായി ബന്ധപ്പെട്ട കൃഷിനാശം മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് 38 ലക്ഷം രൂപ അനുവദിക്കുന്നതിന് ഉത്തരവായിരുന്നു.

നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ തുക ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നൽകണമെന്ന് ഉത്തരവായിരുന്നെങ്കിലും ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും നഷ്ടപരിഹാരം ലഭിക്കാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കണ്ണൂർ ജില്ലാകളക്ടർക്ക് ഇതിനായി 5 കോടി രൂപ അനുവദിച്ചു.

കോഴിക്കോട് ജില്ലയിൽ ടാങ്കർ ലോറി അപകടത്തിൽ മരണപ്പെട്ട ആളുടെ കുടുംബത്തിന് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കൽ**

**25 (*325)** ശ്രീ. കെ. ശിവദാസൻ നായർ :
,, സണ്ണി ജോസഫ് :
,, വർക്കല കഹാർ :
,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ,

(എ) 590 കിലോമീറ്റർ നീളമുള്ള പടിഞ്ഞാറൻ തീരദേശ ജലപാതയുടെ 422 കി.മീറ്റർ ഭാഗം സംസ്ഥാന ജലപാതയിൽ ഉൾപ്പെടുന്നു. 168 കി.മീറ്റർ ഭാഗം (കൊല്ലം-കോട്ടപ്പുറം) ദേശീയ ജലപാത ആകുന്നു. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കി. മീറ്റർ പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുമുള്ള ഭാഗങ്ങളിൽ സംസ്ഥാന ജലപാതയുടെ നിലവാരത്തിലും അളവുകളിലും പ്രവൃത്തികൾ നടത്തി നവീകരിച്ച് വരികയാണ്. ഇതിനായി 12-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയിൽ നിന്നുള്ള തുകയാണ് വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ജലപാതയുടെ ആഴം കുറഞ്ഞിട്ടുള്ളത് പുനസ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, ജലപാതയുടെ കുറുകെയുള്ള നിർമ്മിതികൾ ആവശ്യമനുസരിച്ച് പുനർനിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവു വന്ന സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

മേൽ സൂചിപ്പിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ ഫലമായി 74.18 കി.മീറ്റർ നീളമുള്ള കോവളം-കൊല്ലം ജലപാതയിൽ ഏകദേശം 25 കി.മീറ്ററും 347 കി.മീറ്റർ നീളമുള്ള കോട്ടപ്പുറം-നീലേശ്വരം ജലപാതയിൽ ഏകദേശം 195 കി.മീറ്റർ ദൂരവും ഗതാഗതയോഗ്യമാണ്.

(ബി) മറ്റു മാർഗ്ഗങ്ങളിൽ കൂടിയുള്ള ഗതാഗതം മൂലമുള്ള (ഉദാഃ റെയിൽ, റോഡ് മുതലായ) മലിനീകരണം ഒഴിവാക്കുക, പരിസ്ഥിതിക്ക് അനുയോജ്യമായ ഗതാഗതം

സാദ്ധ്യമാക്കുക, നിരക്ക് കുറയ്ക്കുക, ഇന്ധന ക്ഷമത കാര്യക്ഷമമാക്കുക, ടൂറിസം മേഖലയുടെ വികസനം ഉറപ്പാക്കുക, അപകടകരമായ വസ്തുക്കളുടെ സുരക്ഷിതമായ നീക്കം എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കി. മീറ്റർ പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുമുള്ള ഭാഗങ്ങളിൽ സംസ്ഥാന ജലപാതയുടെ നിലവാരത്തിലും അളവുകളിലും പ്രവൃത്തികൾ നടത്തി നവീകരിച്ച് വരികയാണ്. ഇതിനായി 12-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയിൽ നിന്നുള്ള തുകയാണ് വിനിയോഗിച്ചു കൊണ്ടിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ജലപാതയുടെ ആഴം കുറഞ്ഞിട്ടുള്ളത് പുനസ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, ജലപാതയുടെ കുറുകെയുള്ള നിർമ്മിതികൾ ആവശ്യമനുസരിച്ച് പുനർനിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവു വന്ന സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

**കെ.പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് ഏകജാലക സംവിധാനം**

**26 (*326)** ശ്രീ. പി. എ.മാധവൻ :
,, വി. ഡി. സതീശൻ :
,, അൻവർ സാദത്ത് :
,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി വഴിയുള്ള നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികൾക്ക് വേണ്ട വിവരങ്ങൾ ഏകജാലക സംവിധാനം വഴി ലഭ്യമാക്കുവാൻ എന്തെല്ലാം

കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് വേണ്ടി ഏകജാലകസംവിധാനം പ്രവർത്തിപ്പിക്കുന്നില്ല. എന്നാൽ www.keralapsc.gov.in എന്ന മേൽവിലാസത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് നിലവിലുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സമഗ്ര വിവരങ്ങൾ ഇതിൽ ലഭ്യമാണ് നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്ക് ആവശ്യമുള്ള വിവരങ്ങൾ ഈ വെബ്സൈറ്റിൽ നിന്നും ലഭ്യമാകും. ടി വിവരങ്ങൾ കാലികമായും പുതുക്കലിനു വിധേയമാക്കുന്നുണ്ട്.

(ബി & സി) കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതു ഉദ്യോഗാർത്ഥികൾക്കും പൊതു സമൂഹത്തിനും കാലവിളംബം കൂടാതെ ലഭ്യമാക്കുക അതുവഴി സുതാര്യത, കാര്യക്ഷമത വേഗത എന്നിവ ഉറപ്പുവരുത്തുക എന്നതാണ് വെബ്സൈറ്റിന്റെ ലക്ഷ്യം. ഇത് കൂടാതെ, വ്യക്തിഗത വിവരങ്ങൾ നൽകുന്നതിനായി Cell Centre പ്രവർത്തിച്ചുവരുന്നുണ്ട്.

**ചരക്ക് സേവന നികുതി ബിൽ**

**27 (*327)** പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. എ. ബേബി :
,, എം. ചന്ദ്രൻ :
,, കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി ബില്ലിലെ നിർദ്ദേശങ്ങളിൽ, ഏതെങ്കിലും കാര്യങ്ങളിൽ കേന്ദ്രവും സംസ്ഥാനവുമായി തർക്കങ്ങൾ നിലനിൽക്കുന്നുണ്ടോ;

വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ താൽപര്യങ്ങളെ മുൻനിർത്തി എന്തെങ്കിലും ആവശ്യങ്ങൾ സർക്കാർ മുന്നോട്ട് വയ്ക്കുകയുണ്ടായോ ;

(സി) ഉന്നതാധികാര സമിതി യോഗത്തിൽ സംസ്ഥാനം എന്തെല്ലാം കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്; ഇക്കാര്യത്തിൽ കേന്ദ്ര നിലപാടുകൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(ഡി) കോർപ്പറേറ്റുകളുടെ ആവശ്യങ്ങൾക്ക് വഴങ്ങിയുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ഇ) ചരക്ക് സേവന നികുതി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(എഫ്) സ്വതന്ത്ര തർക്ക പരിഹാര സംവിധാനം സംബന്ധിച്ച വിഷയത്തിലെ സംസ്ഥാനത്തിന്റെ നിലപാട് എന്താണ്?

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> സർ,

(എ & ബി) 1. ചരക്ക് സേവന നികുതിയെ സംബന്ധിച്ച ഭരണഘടന ഭേദഗതി ബിൽ പാർലമെന്റിന്റെ പരിഗണനയിലാണ്. ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനത്ത് നികുതി ലഭ്യമാകുന്ന സമ്പ്രദായമായതിനാൽ ഭീമമായ നികുതി നഷ്ടം ഉണ്ടാകുമെന്ന് ഉത്പാദക സംസ്ഥാനങ്ങൾക്ക് ആശങ്കയുണ്ട്. ഇതിനുപരിഹാരമായി അന്തർ സംസ്ഥാന ചരക്ക് കൈമാറ്റങ്ങൾക്ക് രണ്ട് കൊല്ലത്തേയ്ക്ക് ഒരു ശതമാനം അധിക നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഇത് നികുതിക്ക്മേൽ നികുതി എന്ന അവസ്ഥ സംജാതമാക്കും. ഇത് ചരക്ക് സേവന നികുതിയുടെ പ്രാഥമിക തത്വത്തിന് തന്നെ വിരുദ്ധമാണ്. കേരളം ഇതിനെ എതിർക്കുന്നു.

2. ഇപ്പോഴത്തെ ഭരണഘടനാ ഭേദഗതി ബിൽ പ്രകാരം പെട്രോളിയം ഉത്പന്നങ്ങൾക്കുമേലുള്ള നികുതിയും ചരക്ക് സേവന നികുതിയിൽ ലയിപ്പിക്കുന്നതാണ്. റിഫൈനറികളുടെ വികസനത്തിനു വേണ്ടി പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ച കേരളംപോലൊരു സംസ്ഥാനത്തെ അധിക ഉത്പാദനം മുഖ്യമായും അന്തർ സംസ്ഥാന വില്പനയാകാനാണ് സാദ്ധ്യത. ആദ്യത്തെ രണ്ട് കൊല്ലം ഇവയുടെ

നികുതി പൂജ്യം ശതമാനമായി നിർത്തി സംസ്ഥാനങ്ങൾക്ക് നിലവിലുള്ള നികുതി ഈടാക്കാമെന്ന ഒരു നിർദ്ദേശം നിലവിലുണ്ട്. ഇത്തരം വിൽപനയിന്മേലുള്ള നികുതി എപ്രകാരം ആയിരിക്കണം എന്ന് വ്യക്തമാക്കേണ്ടതാണ്.

3. ജി.എസ്.ടി. കൗൺസിലിൽ കേന്ദ്ര ധനകാര്യമന്ത്രിയും സംസ്ഥാന ധനകാര്യമന്ത്രിമാരും അംഗങ്ങളാണ്. മൊത്തം വോട്ടിന്റെ വെയിറ്റേജിൽ മൂന്നിലൊന്ന് ശതമാനം കേന്ദ്രത്തിനാണ്. സംസ്ഥാനങ്ങളുടെ വോട്ടിംഗ് ശതമാനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തിന്റെ വോട്ടിംഗ് വെയിറ്റേജ് നാലിലൊന്നായി കുറയ്ക്കണം എന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

4. വാതുവയ്പ്, ചൂതാട്ടം പോലുള്ള പ്രവൃത്തികൾ ചരക്ക് സേവന നികുതിയിൽ ഉൾപ്പെടുത്തുമ്പോൾ അധിക നികുതി ചുമത്തുന്നതിനുള്ള അധികാരം സംസ്ഥാനത്തിനും കൂടി നൽകേണ്ടതാണെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം.

5. ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന നികുതി നഷ്ടത്തെ സംബന്ധിച്ച് ആദ്യത്തെ അഞ്ച് വർഷത്തെ നികുതി നഷ്ടം കേന്ദ്രം പൂർണ്ണമായും പരിഹരിക്കണം എന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്.

6. ചരക്ക് സേവന നികുതി സംവിധാനത്തിന്റെ അടിസ്ഥാനമായ പ്രാപ്യസ്ഥാനാധിഷ്ഠിത തത്വം ഭരണഘടന ഭേദഗതി ബില്ലിൽ തന്നെ ഉൾപ്പെടുത്തണം എന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന ധനകാര്യ മന്ത്രിമാർ, കേന്ദ്ര ധനകാര്യ വകുപ്പ്, സി.ബി.ഇ.സി. തുടങ്ങിയവർ ഉൾപ്പെട്ട ഉന്നതാധികാര സമിതിയിൽ ജി.എസ്.ടി. യെ സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ച് വരുന്നു. കേന്ദ്ര സംസ്ഥാന ചർച്ചകളേക്കാൾ ചരക്ക്സേവന നികുതി സമ്പ്രദായത്തെ സംബന്ധിച്ച പൊതു വിഷയങ്ങൾക്കാണ് ഈ ചർച്ചകളിൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

(ഡി) ചരക്ക് സേവന നികുതി നിയമം അന്തിമ രൂപത്തിലായിട്ടില്ല. ഇതിനെ സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ.

(ഇ) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാന തത്വാധിഷ്ഠിതമാണ്. പ്രാപ്യസ്ഥാനതത്ത്വാധിഷ്ഠിത നിയമമായതിനാൽ തന്നെ കേരളത്തെപോലുള്ള

ഉപഭോക്തൃ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന് ഇത് ഗുണകരമാണ്. കൂടാതെ കേരളത്തിന്റെ സാമ്പത്തിക രംഗം പ്രധാനമായും സേവന മേഖലയിലധിഷ്ഠിതമാണ്. ജി.എസ്.ടി. സംവിധാനത്തിൽ സേവന മേഖലയിൻമേൽ നികുതി ചുമത്താൻ സംസ്ഥാനങ്ങൾക്ക് അധികാരം ലഭിക്കുന്നതാണ്.

(എഫ്) കേന്ദ്രത്തിനും വിവിധ സംസ്ഥാനങ്ങൾക്കിടയിലുമുള്ള തർക്കങ്ങളിൽ തീരുമാനമെടുക്കുന്നത് ജി.എസ്.ടി. കൗൺസിലാണ്. അതിനാൽ പ്രത്യേക സ്വതന്ത്ര തർക്ക പരിഹാര സംവിധാനം ആവശ്യമില്ല. എന്നാണ് കേരളത്തിന്റെ നിലപാട്.

**കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കൽ**

**28 (*328)** ശ്രീ. ജോസഫ് വാഴക്കൻ :
,, വി. പി. സജീന്ദ്രൻ :
,, എം. എ. വാഹീദ് :
,, എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനായി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്ക്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തപ്രകാരം കാലഹരണപ്പെട്ടതായി കണ്ടെത്തിയ 107 ആക്ടുകളിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾ റദ്ദാക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ട ആക്ടുകൾ ഒഴികെ 102 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള 2015-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ തയ്യാറാക്കുകയും ആയതിന് മുഖ്യമന്ത്രിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കാലഹരണപ്പെട്ടതോ തുടർന്ന് ആവശ്യമില്ലാത്തതോ ആയ നിയമങ്ങൾ

സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യുന്നതിന് കാലാകാലങ്ങളിൽ ആക്ടുകൾ റദ്ദ് ചെയ്യുന്നത് സഹായകമാണ്. ഇപ്രകാരമുള്ള ആക്ടുകൾ റദ്ദാക്കിക്കഴിഞ്ഞാൽ നിലവിലുള്ളതും സംസ്ഥാനത്തിന് ബാധകമായിട്ടുള്ളതുമായ നിയമങ്ങൾ ഏതെല്ലാമാണെന്ന് കണ്ടുപിടിക്കുന്നത് എളുപ്പമായിത്തീരുന്നതാണ്. കൂടാതെ, സാമൂഹിക മാറ്റങ്ങൾക്ക് അനുസൃതമായി പുതിയ നിയമനിർമ്മാണങ്ങൾ നടത്തുന്നതിനും ആയത് സഹായകരമാകുന്നതാണ്. ഒരു പ്രത്യേക കാലയളവിലേയ്ക്കോ പ്രത്യേക ആവശ്യത്തിലേയ്ക്കോ മാത്രമായി നിലനിൽപ്പ് പരിമിതപ്പെടുത്തിയിട്ടുള്ളതോ മുമ്പ് നിലവിലുണ്ടായിരുന്ന താൽക്കാലിക നിയമങ്ങൾ തുടരുന്നതിലേയ്ക്കുവേണ്ടി മാത്രമോ ഉണ്ടാക്കിയിട്ടുള്ളതായ കാലഹരണപ്പെട്ട നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിലനിർത്തേണ്ടതില്ല. തുടർന്നും നടപ്പിലാക്കാൻ കഴിയാത്തതോ ലക്ഷ്യങ്ങൾ നിറവേറിയതിനാൽ പ്രയോഗം നിലച്ചതോ ആയ കാലഹരണപ്പെട്ട നിയമങ്ങളും സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്. ഭേദഗതി ആക്ടുകൾ അവയുടെ മൂലനിയമത്തിന്റെ ഭാഗമായി തീർന്നതിനാൽ അവ സ്റ്റാറ്റ്യൂട്ട് ബുക്കിൽ പ്രത്യേക നിയമങ്ങളായി നിലനിർത്തേണ്ട കാര്യമില്ല.

(സി) 2015-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ തയ്യാറാക്കിയിട്ടുണ്ട്. ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം വാങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അംഗീകാരം ലഭിച്ചാലുടൻ ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സുരക്ഷിത സ്ത്രീ യാത്രാ പദ്ധതി**

**29 (*329)** ശ്രീ. ഹൈബി ഈഡൻ :
,, വി. ഡി. സതീശൻ :
,, വി. റ്റി. ബൽറാം :
,, എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സുരക്ഷിത സ്ത്രീ യാത്രാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ-സി) ഉണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും യാത്രക്കിടയിൽ ബസുകളിലും സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. കെ.എസ്.ആർ.ടി.സി. യുടെ എല്ലാ പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിലും സ്ത്രീകൾക്കായി വിശ്രമമുറിയും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. സ്ത്രീ യാത്രക്കാർ രാത്രി കാലങ്ങളിൽ ഒറ്റപ്പെട്ടു പോയാൽ സുരക്ഷിതരായി വിശ്രമിക്കാനായി ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

രാത്രികാലങ്ങളിൽ യാത്രക്കാർ പ്രത്യേകിച്ച് സ്ത്രീകൾ, അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ എല്ലാത്തരം സർവ്വീസുകളും നിർത്തി അവരെ ഇറക്കേണ്ടതാണെന്ന കർശന നിർദ്ദേശം കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്. റിസർവേഷൻ സൗകര്യമില്ലാത്ത സർവ്വീസുകളിലും 25 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഇത് മുതിർന്ന വനിതകൾക്കും കൈക്കുഞ്ഞുമായി കയറുന്ന അമ്മമാർക്കും സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്ക് പുറമെയാണ്. റിസർവ്വേഷൻ സൗകര്യമുള്ള സൂപ്പർക്ലാസ് സർവ്വീസുകളിൽ ഡ്രൈവറുടെ തൊട്ടുപുറകിലുള്ള 9 സീററുകൾ മുൻഗണനാക്രമത്തിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുമുണ്ട്. ബസ് യാത്ര പുറപ്പെടുമ്പോൾ മുൻഗണനാക്രമത്തിലുള്ള സീറ്റുകളിൽ ഇരുന്ന് യാത്ര ചെയ്യുന്ന സ്ത്രീ യാത്രക്കാർ ഇല്ലായെങ്കിൽ പുരുഷൻമാർക്ക് ഉപയോഗിക്കാവുന്നതും, യാത്രക്കിടയിൽ സ്ത്രീയാത്രക്കാർ കയറുമ്പോൾ അവർ ആവശ്യപ്പെട്ടാൽ, പുരുഷ യാത്രക്കാർ സ്ത്രീകൾക്കായി ഒഴിഞ്ഞുകൊടുക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി. യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപ്പിലാക്കി വരുന്നുണ്ട്.

**ജനസമ്പർക്ക പരിപാടി**

**30 (*330)** ശ്രീ. ബി. സത്യൻ :
,, കെ. കെ. ജയചന്ദ്രൻ :
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളുടെ ഭാഗമായി ജില്ലകളിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; ഇവയിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ഉണ്ടായിരുന്നുവോ; ബജറ്റിൽ തുക വകയിരുത്താതെ നടത്തിയ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി ആയിട്ടുണ്ടോ; എങ്കിൽ എത്ര പദ്ധതികൾ അപ്രകാരമുണ്ട്;

(സി) പ്രഖ്യാപിത പദ്ധതികളുടെ നിർദ്ദേശങ്ങൾ ശേഖരിച്ചത് ഏത് രീതിയിലായിരുന്നു; ഇവയിൽ ഇതിന് മുമ്പ് പ്രഖ്യാപിക്കപ്പെട്ടിരുന്നവ ഉണ്ടായിരുന്നുവോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ജില്ലകളിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാതല വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പല പദ്ധതികളും ഇതിനകം ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്നവ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. പല പദ്ധതികളും നടന്നുകൊണ്ടിരിക്കുന്നതും ബജറ്റിൽ തുക വകകൊള്ളിച്ചിട്ടുള്ളതുമാണ്. പലതിനും ഭരണാനുമതി നൽകിയിട്ടുമുണ്ട്. ഇവയിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികളും ഉൾപ്പെടുന്നു.

(സി) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ചുതുൾപ്പെടെയുള്ള വിവിധ അപേക്ഷകളും ആവശ്യങ്ങളും പരിശോധിച്ച് അതതു ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ, ജനപ്രതിനിധികൾ ജില്ലാകളക്ടർമാർ, ബന്ധപ്പെട്ട വകുപ്പുമേധാവികൾ എന്നിവരുമായി നടത്തിയ ചർച്ചയ്ക്കുശേഷമാണ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രഖ്യാപിച്ച പദ്ധതികളിൽ

മുമ്പ് പ്രഖ്യാപിച്ചിരുന്ന പദ്ധതികളുടെ വിപുലീകരണവും പൂർത്തീകരണവും ഉൾപ്പെടുന്നു.

## (iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഐ.എ.എസ്. കൺഫർ ചെയ്തു കൊടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ

**1 (3500)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലെയും ഉദ്യോഗസ്ഥർക്ക് ഐ.എ.എസ്. കൺഫർ ചെയ്തു കൊടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ ഐ.എ.എസ്. കൺഫർ ചെയ്തു നൽകുന്നതിന് ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ലിസ്റ്റിൽ അഴിമതിയാരോപണത്തിൻെറ പേരിൽ വിജിലൻസ് അന്വേഷണം നേരിടുന്നവരോ സ്ത്രീ പീഡന കേസുകളിൽ ഉൾപ്പെട്ടവരോ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർവ്വീസിൽ 8 വർഷം പൂർത്തിയാക്കിയ ഡെപ്യൂട്ടി കളക്ടർമാർക്ക് IAS (Appointment by promotion) Regulations 1955 പ്രകാരവും ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്ക് തുല്യമായ തസ്തികയിൽ 8 വർഷം പൂർത്തിയാക്കിയ മറ്റ് സർക്കാർ ഉദ്യോഗസ്ഥർക്ക് IAS (Appointment by Selection) Regulations. 1997 പ്രകാരവും ഐ.എ.എസ്. കൺഫർ ചെയ്ത് നൽകാറുണ്ട്. നിലവിലെ നിബന്ധനകൾ പ്രകാരം സെലക്ഷൻ/പ്രൊമോഷന് പരിഗണിക്കുന്ന വർഷത്തിലെ ജനുവരി 1-ന് ഉദ്യോഗസ്ഥന് 54 വയസ്സ് തികയാൻ പാടില്ല.

(ബി) ഉണ്ട്.

(സി) ഇല്ല.

### ആശ്രിത പെൻഷൻ

**2 (3502)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന കണ്ണൂരിലെ തെങ്ങിൽ ചന്ത്രോത്ത് കൃഷ്ണൻ നമ്പ്യാരുടെ വിധവ കുറ്റിയാട്ട് നാരായണി അമ്മയ്ക്ക് അനുവദിച്ച നൽകിയ പെൻഷൻ (കേരള ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ സ്കീം ) 31-10-2013-ന് അവർ മരണമടഞ്ഞതിനെത്തുടർന്ന് മകളും,ആശ്രിതയും ഏക അനന്തരാവകാശിയുമായ തനിയ്ക്ക് അനുവദിച്ച നല്കണമെന്നാവശ്യപ്പെട്ട് ശ്രീമതി പത്മാവതി നൽകിയ അപേക്ഷയിന്മേൽ കൈക്കൊണ്ട നടപടി വിശദീകരിക്കുമോ?

ഉത്തരം

പരേതനായ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷണർ തെങ്ങിൽ ചന്ത്രോത്ത് കൃഷ്ണൻ നമ്പ്യാരുടെ മകൾ ശ്രീമതി റ്റി. കെ. പത്മാവതിക്ക് തുടർ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിനായി നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആശ്രിതനിയമനത്തിനുള്ള അപേക്ഷകൾ**

**3 (3503)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ വകുപ്പുകളിലായി എത്ര പേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഏതു കാലയളവുവരെ സമർപ്പിച്ച അപേക്ഷകളാണ് പരിഗണിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ആശ്രിത നിയമനം ലഭ്യമാക്കുന്നതിനു വേണ്ടി എത്ര അപേക്ഷകളാണ് നിലവിലുള്ളത്; പ്രസ്തുത നിയമനങ്ങൾ വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആശ്രിതനിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടിവന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് പരിഹരിക്കുന്നതിനായി, 6-7-2012-ലെ ജി.ഒ. (എം.എസ്.) നമ്പർ 174/12/ ജി.എ.ഡി. പ്രകാരം 549 തസ്തികകളും, 2-9-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ

249/13/ജി.എ.ഡി. പ്രകാരം 356 തസ്തികകളും ഉൾപ്പെടെ ആകെ 905 തസ്തികകൾ വിവിധ വകുപ്പുകളിൽ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2-6-2014-ലെ ജി.ഒ.(എം.എസ്.) നമ്പർ 131/2014/ജി.എ.ഡി. പ്രകാരം നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർ ന്യൂമററി തസ്തികകളും, 6-11-2014-ലെ ജി.ഒ.(എം.എസ്.) 307/2014/പൊ.ഭ.വ. പ്രകാരം 1 അസിസ്റ്റന്റ് തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇതിനു പുറമെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി 183 അപേക്ഷകർക്കും ഒഴിവ് നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ ആശ്രിതനിയമനം കാത്തുനിൽക്കുന്നവരെ നിയമിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് 3-10-2015-ലെ സ.ഉ. (എം.എസ്) 251/15/പൊ.ഭ.വ. പ്രകാരം 327 സൂപ്പർന്യൂമററി തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്. ഇതോടുകൂടി 30-9-2015 വരെ ലഭിച്ചിട്ടുള്ള അപേക്ഷകർക്ക് നിയമനം നൽകുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) വിവിധ വകുപ്പിൽ വിവിധ തസ്തികയിലേക്ക് ആശ്രിതനിയമനം ലഭ്യമാക്കുന്നതിന് പ്രൊഫോർമ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള 244 അപേക്ഷകൾ നിലവിലുണ്ട്. ആശ്രിതനിയമനത്തിന് അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടിവന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ വേഗത്തിലാക്കുന്നതിനുമാണ് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് വിവിധ വകുപ്പുകൾക്ക് നൽകിവരുന്നത്.

**'പുതിയതായി ആരംഭിച്ച താലൂക്കുകളിൽ സർക്കാർ ഓഫീസുകൾ ആരംഭിക്കൽ'**

**4 (3504)** <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി ആരംഭിച്ച താലൂക്കുകളിൽ താലൂക്ക് ആശുപത്രി, താലൂക്ക് സപ്ലൈ ഓഫീസ്, ആർ.ടി. ഓഫീസ് തുടങ്ങിയ സർക്കാർ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിലുണ്ടോ;

(ബി) എങ്കിൽ പത്തനാപുരം താലൂക്കിൽ പ്രസ്തുത ഓഫീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**പി.എസ്.സി. സ്റ്റാഫ് നഴ്സ് നിയമനം**

**5 (3505)** <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ അഡ്വൈസ് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ഇനിയും അഡ്വൈസ് ചെയ്യാൻ ബാക്കിയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പദവി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കുന്നതിനും കൂടുതൽ പേർക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 128 പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്.

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ഇനിയും അഡ്വൈസ് ചെയ്യാൻ ബാക്കിയില്ല.

(സി) പദവി ഉയർത്തപ്പെട്ട സ്ഥാപനങ്ങളിൽ 96 സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. തസ്തിക സൃഷ്ടിക്കപ്പെടാത്ത സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി ഘട്ടംഘട്ടമായി സ്വീകരിച്ചുവരുന്നു.

**കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇ-ഗവേണൻസ്**

**6 (3507)** <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ളിക് സർവ്വീസ് കമ്മീഷനിൽ ഇ - ഗവേണൻസ്

നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇ - ഗവേണൻസ് നടപ്പിലാക്കിയത് മൂന്ന് ഘട്ടങ്ങളായാണ്. ഒന്നാമത്തെ ഘട്ടത്തിൽ തെരഞ്ഞെടുപ്പ് പ്രക്രിയ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന്റെ ഭാഗമായി CMC വഴി REACT എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും ഒ.എം.ആർ. വാല്യുവേഷൻ ആരംഭിക്കുകയും അഡ്മിഷൻ ടിക്കറ്റ് സംബന്ധമായ എൻക്വയറി കമ്പ്യൂട്ടർ വത്കരിക്കുകയും 2003-ൽ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് ആരംഭിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ വൈഡ് ഏരിയ നെറ്റ് വർക്ക് (WAN) ഉപയോഗിച്ച് ആസ്ഥാന ഓഫീസിലെ പ്രവർത്തനങ്ങളെ ജില്ലാ മേഖലാ ഓഫീസുകളുമായി ബന്ധിപ്പിക്കുന്നതിനായി REACT സോഫ്റ്റ്‌വെയർ നവീകരിച്ച് i-REACT എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും സെക്ഷൻ തല കമ്പ്യൂട്ടർ വത്കരണം നടപ്പിലാക്കുകയും സ്വന്തമായി സെർവറുകൾ ഡാറ്റാബേസിനായി തയ്യാറാക്കുകയും ചെയ്തു. 2007- ജനുവരി മുതൽ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുകയും വെബ്മെയിൽ സംവിധാനം ആവിഷ്കരിക്കുകയും ചെയ്തു. മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ വത്കരിച്ച് വിജ്ഞാപനം നടന്ന് ഒരു വിഷയത്തിനുള്ളിൽ റാങ്ക് പട്ടിക പുറത്തിറക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2010-ൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. 2011-ൽ M-Governance ആരംഭിച്ചത് വഴി ഉദ്യോഗാർത്ഥികൾക്ക് മൊബൈൽ ഫോണിൽ മെസേജുകൾ നൽകാൻ കഴിയുന്നു. ഒറ്റത്തവണ രജിസ്ട്രേഷൻ 1-1-2012-ൽ ആരംഭിച്ചു. 2012 -ൽ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന് ഒ.എം.ആർ. മൂല്യനിർണ്ണയം ആരംഭിച്ചു കൂടാതെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്ന വിധത്തിൽ കമ്പ്യൂട്ടർവത്കരണം പുരോഗമിച്ചിട്ടുണ്ട്. C-DIT-ന്റെ സഹകരണത്തോടെ 7-9-2013 മുതൽ ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിലായി മൂന്ന് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പി.എസ്.സി ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ കാലവിളംബം കൂടാതെ പി.എസ്.സി.-യെ അറിയിക്കുന്നതിനായി e-vacancy എന്ന സോഫ്റ്റ് വെയറും ആരംഭിച്ചിട്ടുണ്ട്.തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ വേഗത്തിലും

സുതാര്യവുമാക്കാനാണ് പി. എസ്.സി.-യിൽ ഇ - ഗവേണൻസ് നടപ്പിലാക്കി വരുന്നത്.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിവരുന്നത്. കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സിവിൽ & ഇലക്ട്രിക് വർക്കുകൾക്ക് തുക അനുവദിക്കുന്നതിനായി ടി പ്രവർത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമുള്ള എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വിവിധ വകുപ്പുകളിൽ ഡ്രൈവർ/ഓഫീസ് അറ്റൻഡന്റ് നിയമനം

**7 (3508)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ഡ്രൈവർ തസ്തികയിൽ നിയമനം നടത്തേണ്ടതില്ലെന്ന് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ അങ്ങനെ ഉത്തരവിറക്കിക്കൊണ്ടുള്ള സാഹചര്യങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിന്റെ വിശദാംശങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(ഡി) ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനങ്ങളും ഒഴിവാക്കപ്പെടുമോ;

(ഇ) കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിക്കുമെന്ന പ്രതീക്ഷ ഇല്ലാതാക്കുന്ന ഈ നടപടി റദ്ദാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഡ്രൈവർ തസ്തികയിൽ നിയമനം നടത്തേണ്ടതില്ലെന്ന് ഉത്തരവായിട്ടില്ല.

(സി) ശ്രീ. ഉണ്ണി ജോസ് കെ. ജോയ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 505/2011 നമ്പർ റിട്ട് അപ്പീലിലെ 26-6-2012-ലെ വിധിന്യായത്തിൽ സർക്കാർ സർവ്വീസിലെ ഡ്രൈവർമാരിൽ ബഹുഭൂരിപക്ഷവും അര മണിക്കൂറോ ഒരു മണിക്കൂറോ മാത്രമാണ് ജോലി ചെയ്യുന്നതെന്നും ആയതിനാൽ ഇവരുടെ സേവനം മുഴുവൻ സമയവും സർക്കാരിൽ ലഭിക്കുന്നതിന് ഡ്രൈവർ ജോലിയും പ്യൂൺ ജോലിയും ഒരുമിപ്പിച്ചാൽ സർക്കാരിന് സാമ്പത്തിക ചെലവ് ചുരുക്കാൻ

സഹായകമാകുമെന്നും ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയും ഈ നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാൻ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് അഡീ.ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുകയും ഈ സമിതി 'ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് ' എന്ന ഒരു തസ്തിക സൃഷ്ടിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ നിർദ്ദേശം മന്ത്രിസഭാ യോഗം അംഗീകരിക്കുകയും തുടർന്ന് സംസ്ഥാന സർക്കാർ സർവ്വീസിൽ 'ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് ' എന്ന തസ്തിക സൃഷ്ടിച്ചുകൊണ്ടും ഭാവിയിൽ ഡ്രൈവർമാരെ നിയമിക്കേണ്ടത് മേൽപ്പറഞ്ഞ പുതിയ തസ്തികയിലായിരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടും 14-3-2013 ലെ സ.ഉ.(കൈ) 72/2013 പൊ.ഭ.വ. നമ്പർ പ്രകാരം ഉത്തരവിറക്കുകയും ചെയ്തിരുന്നു. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.)*

(ഡി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 'ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് ' എന്ന ഒരു തസ്തിക സൃഷ്ടിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. അല്ലാതെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം ഈ ഉത്തരവു പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ല.

(ഇ) ഈ ഉത്തരവ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തെ ബാധിക്കുകയില്ല.

**ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ**

**8 (3510)** <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പ് അദ്ധ്യക്ഷൻമാർ, വകുപ്പ് സെക്രട്ടറിമാർ മുതലായ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആരെയൊക്കെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്; ആരെയെല്ലാം തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ ഉദ്യോഗസ്ഥർക്ക് ഓരോരുത്തർക്കുമെതിരെയുള്ള കേസുകളുടെ തൽസ്ഥിതി വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥരായ ശ്രീ. ടി.ഒ. സൂരജ് ഐ.എ.എസ്., ഡോ. ബി. അശോക് ഐ.എ.എസ്. എന്നിവർക്കെതിരെ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വകുപ്പുതല അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. സൂരജ് ഐ.എ.എസ്.-നെ 22-11-2014 മുതൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാനെ ഇതുവരെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടില്ല. ശ്രീ. സൂരജിനെതിരെയുള്ള വിജിലൻസ് കേസുകളുടെ അന്വേഷണം നടന്നുവരുന്നു.

സംസ്ഥാന സർവ്വീസിലെ ഉദ്യോഗസ്ഥരായ മറ്റ് വകുപ്പുതലവന്മാരെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

**തിരുമല ശ്രീ ബാബു അലക്സ് നൽകിയ നിവേദനം**

**9 (3511)** <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു.കേരള മുഖ്യമന്ത്രിക്ക് തിരുമല ശ്രീ ബാബു അലക്സ് 17-11-2015 ആയി നൽകിയ നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പു തലവനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത്;

(ഡി) നിവേദനത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം വകുപ്പിലെ അഴിമതിക്കുള്ള അവസരങ്ങൾ ഇല്ലാതാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. ബാബു അലക്സ് എന്നയാളുടെ നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ സാബു അലക്സ് എന്നയാളുടെ നിവേദനം ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിൽ, സർക്കാർ നയത്തിന് വിരുദ്ധമായി തൊഴിലാളി വിരുദ്ധ സമീപനം സ്വീകരിക്കുന്ന ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറെ ആ സ്ഥാനത്ത് നിന്നും നീക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(ബി) ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ തൊഴിലാളി വിരുദ്ധമായോ കേരള സർക്കാർ നയത്തിനു വിരുദ്ധമായോ പ്രസ്താവന നടത്തിയിട്ടുള്ളതായോ പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി) ബാധകമല്ല.

**തസ്തിക മാറ്റം വഴിയുള്ള നിയമനം**

**10 (3512)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലെ എൽ.ഡി ക്ലാർക്ക് തസ്തികയുടെ 10% തസ്തിക മാറ്റം വഴി നിയമിക്കുന്നതിനായുള്ള സംയുക്ത സീനിയോറിറ്റി ലിസ്റ്റ് എല്ലാ വകുപ്പുകളിലും തയ്യാറായിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഡ്രൈവർമാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഡ്രൈവർമാരെ പ്രസ്തുത ലിസ്റ്റിൽ പല വകുപ്പുകളിലും ഉൾപ്പെടുത്താത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡ്രൈവർമാരെ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താത്തത് ഏതെല്ലാം വകുപ്പുകളിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ലിസ്റ്റിൽ നിന്നും എൽ.ഡി. ക്ലാർക്കായി നിയമിക്കുന്നതിന് ഗ്രേഡ് വാങ്ങിയിട്ടുള്ള ഡ്രൈവർമാർക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ- ഇ) വിവരം ശേഖരിച്ചുവരുന്നു.

**ബോട്ട് ദുരന്തങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന കമ്മീഷനുകൾ**

**11 (3514)** ശ്രീ. പി. തിലോത്തമൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ട് ദുരന്തങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന കമ്മീഷനുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ബോട്ട് ദുരന്തങ്ങളെക്കുറിച്ചുള്ള

അന്വേഷണങ്ങളാണ് നടന്ന് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര അന്വേഷണ റിപ്പോർട്ടുകൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണ കമ്മീഷനുകളുടെ ശിപാർശകൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്മീഷനുകളുടെ ഏതെല്ലാം ശിപാർശകളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാന ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ബോട്ട് ദുരന്തങ്ങളെക്കുറിച്ചുള്ള അന്വേഷണ കമ്മീഷനുകളൊന്നും തന്നെ ഇപ്പോൾ നിലവിലില്ല. കൊച്ചിൻ കോർപ്പറേഷൻ നേരിട്ട് സർവ്വീസ് നടത്തിയ ഫോർട്ട് കൊച്ചി ബോട്ട് അപകടവുമായി ബന്ധപ്പെട്ട് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൗത്ത് സോൺ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. പത്മകുമാറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(സി) ഉണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ എ. 56-ാം നമ്പർ ബോട്ട് അപകടവുമായി (കുമരകം ബോട്ട് ദുരന്തം) ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട ബഹു. ജസ്റ്റിസ് നാരായണകുറുപ്പ് കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ജലഗതാഗത വകുപ്പിൽ കാലപ്പഴക്കം ഉള്ള ബോട്ടുകൾക്ക് പകരം പുതിയ ബോട്ടുകൾ ഘട്ടംഘട്ടമായി മാറ്റി വരുന്നു. നിലവിലുള്ള ബോട്ടുകളെല്ലാംതന്നെ തുറമുഖ വകുപ്പിന്റെ സർവ്വേയറുകൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാണ് സർവ്വീസ് നടത്തി വരുന്നത്. തേക്കടി ബോട്ടപകടവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട മൊയ്തീൻ കുഞ്ഞ് കമ്മീഷന്റെ റിപ്പോർട്ട് ടൂറിസം വകുപ്പിന്റെ പരിശോധനയിലാണ്.

**ഫ്രണ്ട് ഓഫീസ് സംവിധാനം**

**12 (3515)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷകൾ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് പുതിയതായി നടപ്പിലാക്കിയത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 18-11-2009-ലെ സ.ഉ. (കൈ) നമ്പർ 257/2009/പൊ.ഭ.വ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള മൂന്ന് സന്ദർശക സഹായക കേന്ദ്രങ്ങൾ വഴി അപേക്ഷകൾ സ്വീകരിക്കുകയും ഫയൽ സംബന്ധമായ വിവരങ്ങളും മറ്റ് സൗകര്യങ്ങളും സെക്രട്ടേറിയറ്റിൽ എത്തുന്ന പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത സന്ദർശക സഹായക കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

1. സന്ദർശകർ കൊണ്ടുവരുന്ന പരാതികൾ വാങ്ങി 3 പേജ് വരെയുള്ളവ സ്കാൻ ചെയ്ത് കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള സംവിധാനം ഉപയോഗിച്ച് രജിസ്റ്റർ ചെയ്തതിന് ശേഷം പരാതിക്കാരന് നമ്പർ നൽകുകയും പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് തത്സമയം അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്.
2. സന്ദർശകർക്ക് നേരിട്ട് ബന്ധപ്പെട്ട് സെക്ഷനിൽ സന്ദർശിക്കുവാൻ പാസ് നൽകാറുണ്ട്. പരാതി സന്ദർശകർതന്നെ നേരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകണമെന്ന് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ അതിനുള്ള സൗകര്യം നൽകുന്നുണ്ട്.
3. ഓരോ ദിവസവും കേന്ദ്രത്തിൽ സ്കാൻ ചെയ്യുന്ന പരാതികൾ സെക്രട്ടേറിയറ്റ് ഇൻഫർമേഷൻ സിസ്റ്റം വഴി തത്സമയം ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുന്നതോടൊപ്പം അവിടെ ഏൽപ്പിച്ചുപോകുന്ന പരാതികളുടെ ഒറിജിനൽ പതിപ്പ് അതാത് ദിവസം ബന്ധപ്പെട്ടവർക്ക് 5 മണിയോടുകൂടി എത്തിച്ചു കൊടുക്കുന്നുമുണ്ട്.
4. ഈ കേന്ദ്രങ്ങളിൽ ലഭ്യമായ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങളും മറ്റു വിവരങ്ങളും മനസ്സിലാക്കാൻ സന്ദർശകരെ സഹായിക്കുന്നുമുണ്ട്.
5. ആവശ്യമായ സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലും സെക്ഷനുകളിൽ

നിന്നും പരാതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ ഫോൺ മുഖാന്തിരം ശേഖരിച്ചുനൽകുന്നതോടൊപ്പം ഉത്തരവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നുണ്ട്. മറ്റു സർക്കാർ ഓഫീസുകളിലെ ഇത്തരം സംവിധാനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**താഴ്ന്ന വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ്**

**13 (3516)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവയിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നല്കുന്നത് സംബന്ധിച്ച തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പി.എസ്.സി. നല്കിയിട്ടുള്ള മറുപടികൾ എപ്രകാരമാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പി.എസ്.സി.യുടെ തീരുമാനങ്ങളും ബന്ധപ്പെട്ട നോട്ട് ഫയലിന്റെ പകർപ്പുകളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിന് 9-12-2015 -ൽ കൂടിയ മന്ത്രിസഭായോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ സർക്കാർ തീരുമാനത്തോട് വിയോജിച്ചുകൊണ്ടാണ് പി.എസ്.സി. മറുപടി നല്കിയിട്ടുള്ളത്. പി.എസ്.സി. യുടെ മറുപടിയുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഈ വിഷയം സംബന്ധിച്ച പി.എസ്.സി. തീരുമാനത്തിന്റെയും ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**സിവിൽ സർവ്വീസ് മേഖലയിലെ പ്രശ്നങ്ങൾ**

**14 (3517)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഐ.ആർ.എസ്. ഉദ്യോഗസ്ഥരുൾപ്പെടെയുള്ള സിവിൽ സർവ്വീസ് ഉദ്യോഗസ്ഥ മേഖല അഴിമതി രഹിതവും കാര്യക്ഷമവും ആക്കാനും ആഭ്യന്തര പ്രശ്നങ്ങൾ ഒഴിവാക്കാനും നിയമന നടപടികൾ സുതാര്യമാക്കാനും നാളിതുവരെ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ഡി.ജി.പി എന്നിവരെ സംബന്ധിച്ച് പരാതിപ്പെട്ട ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഐ.ആർ.എസ്. ഉദ്യോഗസ്ഥർ ആരെല്ലാം; ഇവരുടെ ഓരോരുത്തരുടെയും പരാതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) 2015 കാലയളവിൽ ഏതെല്ലാം ഐ.പി.എസ്. ഉദ്യോഗസ്ഥർ ഡി.ജി.പി. റാങ്കിൽ എത്തി; ഇവരിൽ ആർക്കെല്ലാം ഡി.ജി.പി. റാങ്കിൽ വേതനം ലഭിക്കുന്ന തസ്തികകളിൽ നിയമനം നല്കി; ആർക്കെല്ലാം നല്കിയില്ല; വ്യക്തമാക്കുമോ ;

(ഡി) ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിക്കേണ്ടുന്നിടത്ത് എ.ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിച്ചത് സംബന്ധിച്ച് ഡി.ജി.പി. റാങ്കിലുള്ള ഏതെല്ലാം ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിക്കും, മുഖ്യമന്ത്രിക്കും, ആഭ്യന്തര മന്ത്രിക്കും പരാതി നല്കി; ഇതിന്മേൽ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## ഉത്തരം

(എ) അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനായി കേന്ദ്രസർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കൂടാതെ സിവിൽ സർവ്വീസ് മേഖല അഴിമതി രഹിതമാക്കാനും ആഭ്യന്തര പ്രശ്നങ്ങൾ ഒഴിവാക്കാനും ഉദ്യോഗസ്ഥരെ നിരീക്ഷിക്കുകയും അഴിമതിക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഐ.എ.എസ്. ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ നിയമന നടപടികൾ സുതാര്യമാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു സിവിൽ സർവ്വീസ് ബോർഡ് നിലവിലുണ്ട്.

(ബി) ബഹു. മുഖ്യമന്ത്രിക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ ഡി.ജി.പി.-യും കേരള ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ചീഫ് മാനേജിംഗ് ഡയറക്ടറുമായ ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (KL:1985) അനുമതി ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ബഹു. മുഖ്യമന്ത്രി മാധ്യമങ്ങളിൽക്കൂടി നടത്തിയ പ്രസ്താവനകൾ പിൻവലിക്കാത്തപക്ഷം നിയമ നടപടി സ്വീകരിക്കുവാൻ അനുവാദം ചോദിക്കുകയുണ്ടായി. മറ്റ് ഉദ്യോഗസ്ഥരിൽനിന്ന് ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(സി) 30-05-2015-ലെ സ.ഉ. (ആർ.റ്റി.) നമ്പർ 4040/15/GAD ഉത്തരവ് പ്രകാരം 30 വർഷം സേവനം പൂർത്തിയാക്കിയ ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (KL1985) ശ്രീ. ലോക്നാഥ് ബെഹ്റ ഐ.പി.എസ്. (KL1985) എന്നിവർക്ക് 1-6-2015 മുതൽ ഡി.ജി.പി. റാങ്കിൽ പ്രൊമോഷൻ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉദ്യോഗസ്ഥർക്ക് 1-6-2015 മുതൽ അക്കൗണ്ടന്റ് ജനറൽ (A&E) പേ സ്ലിപ്പ് നൽകുകയും വേതനം ലഭിക്കുകയുമുണ്ടായി. മാത്രമല്ല 2-12-2015-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 8644/ISGAD ഉത്തരവ് പ്രകാരം 30 വർഷം പൂർത്തിയായ ശ്രീ. ഋഷി രാജ് സിംഗ് ഐ.പി.എസ്. (KL:1985)-ന് ഡി.ജി.പി. റാങ്കിൽ പ്രൊമോഷൻ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉദ്യോഗസ്ഥന് പേ സ്ലിപ് നൽകുന്നതിനുള്ള നടപടികൾ അക്കൗണ്ടന്റ് ജനറൽ (A&E) സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് നിലവിൽ ഡി.ജി.പി. റാങ്കിൽ 2 കേഡർ തസ്തികകളാണുള്ളത്.

(I) Director General of Police and Head of Police Force.

(ii) Director, Vigilance & Anti-Corruption Bureau.

ഐ.പി.എസ്. കേഡർ റൂൾസ് പ്രകാരം 1:1 അനുപാതത്തിൽ ഡി.ജി.പി. റാങ്കിൽ 2 കേഡർ തസ്തികകൾക്ക് പുറമെ 2 എക്സ് കേഡർ തസ്തികകൾ കൂടി സർക്കാരിന് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഡി.ജി.പി. റാങ്കിലുള്ള കേഡർ തസ്തികയായ ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഒഴിച്ചിട്ട് ശ്രീ. ഋഷി രാജ് സിംഗ് ഐ.പി.എസിനെ പ്രിസൺസ് ഡയറക്ടർ ജനറൽ ആയും ശ്രീ. ലോക്നാഥ് ബെഹ്റയെ ഫയർ &റെസ്ക്യൂ സർവ്വീസ് ഡയറക്ടർ ജനറൽ ആയും മാറ്റി നിയമിച്ചതിൽ പ്രസ്തുത ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിക്ക് പരാതി നൽകുകയുണ്ടായി. ഉദ്യോഗസ്ഥർ അവരെ നിയമിച്ച തസ്തികകളിൽ ഇപ്പോൾ ജോലി ചെയ്തുവരികയാണ്. പരാതികളിന്മേൽ മറ്റു നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

**സർക്കാർ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ**

**15 (3518)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സെക്രട്ടേറിയറ്റിൽ നിന്നും വിവിധ

വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും ജോലിചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ ഓരോരുത്തരും എത്ര കാലമായി ഡെപ്യൂട്ടേഷനിൽ തുടരുന്നുവെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരുടെ ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്തുവെന്നും എത്രപേർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഡെപ്യൂട്ടേഷനിൽ പോകുന്ന ജീവനക്കാരുടെ ഏതെല്ലാം ആനുകൂല്യങ്ങളാണ് മാതൃസ്ഥാപനത്തിൽ നിന്ന് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ബോർഡുകളിലുമായി പൊതുഭരണ സെക്രട്ടേറിയറ്റിൽ നിന്നും 480 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഇവർ ഓരോരുത്തരും വിവിധ കാലയളവുകളിലായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു.

അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുഭരണ സെക്രട്ടേറിയറ്റിൽ 607 പേർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുകയും 8 പേരുടെ ഡെപ്യൂട്ടേഷൻ റദ്ദു ചെയ്യുകയും ചെയ്തിട്ടുമുണ്ട്.

അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഡെപ്യൂട്ടേഷനിൽ പോകുന്ന ജീവനക്കാർക്ക് ആനുകൂല്യങ്ങളൊന്നും മാതൃസ്ഥാപനത്തിൽ നിന്ന് അനുവദിക്കാറില്ല.

**മലപ്പുറം ആംഡ് ബറ്റാലിയൻ വനിതാ പോലീസ് കോൺസ്റ്റബിൾ നിയമനം**

**16 (3519)** <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 262/2014 മലപ്പുറം ആംഡ് ബറ്റാലിയൻ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് കാര്യമായി

നിയമനം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 മെയ് മാസം 3-ാം തീയതി ഒരു വർഷം പൂർത്തിയായി കാലഹരണപ്പെടുന്ന പ്രസ്തുത ലിസ്റ്റിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിന് അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) യൂണിഫോം തസ്തികകളിലേക്ക് നിയമനത്തിനുള്ള റാങ്ക് പട്ടികകളുടെ കാലാവധി ഒരു വർഷമായതിനാൽ പ്രസ്തുത കാലയളവിൽ നിയമനങ്ങൾ നടക്കാതെ ലിസ്റ്റ് ഇല്ലാതാവുകയും എല്ലാ വർഷവും പരീക്ഷ നടത്തേണ്ട അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ലിസ്റ്റുകളിൽ നിന്ന് മുഴുവൻ പേർക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ ഈ ലിസ്റ്റുകളുടെ കാലാവധി 2 വർഷമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ലിസ്റ്റ് നിലനിൽക്കുകയും, പകുതി പേർക്ക് പോലും നിയമനം ലഭിക്കാതിരിക്കുകയും ചെയ്ത ഈ സമയത്ത് പുതിയ ലിസ്റ്റിനായി പരീക്ഷ നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എസ്.പി. മലപ്പുറം ബറ്റാലിയനിലേക്ക് വനിതാ സിവിൽ പോലീസ് ഓഫീസർമാരെ നിയമിക്കുന്നതിനായി 69 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ഇവർക്കുള്ള നിയമന ശിപാർശ പി.എസ്.സി.യിൽനിന്നും ലഭിച്ചിട്ടുള്ളതും വകുപ്പുതലത്തിൽ നിയമന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ നിലവിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇനി ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) യൂണിഫോം തസ്തികകളിലേക്ക് വാർഷിക നിയമനം നടത്തുന്നതിന്റെ ഭാഗമായിട്ടാണ് പി.എസ്.സി. എല്ലാ വർഷവും പരീക്ഷ നടത്തുന്നത്. ഒരു വർഷ

കാലയളവിൽ നിയമനങ്ങൾ നടക്കാതെ ലിസ്റ്റ് ഇല്ലാതാവുന്ന സാഹചര്യം ഉണ്ടായിട്ടില്ല. നിലവിലെ റാങ്ക് ലിസ്റ്റുകളിൽ നിന്നും 485 പേർക്ക് നിയമനത്തിനുള്ള നടപടിയായി.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഉണ്ട്. നിലവിലെ ലിസ്റ്റിൽനിന്നും പരമാവധി പേർക്ക് നിയമനം നൽകുന്നതാണ്.

(എഫ്) നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും 485 പേരെ വനിതാ സിവിൽ പോലീസ് ഓഫീസർമാരായി നിയമിക്കാൻ നടപടി പൂർത്തിയാക്കി ട്രെയിനിംഗ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം**

**17 (3520)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് കാറ്റഗറിയിലേയ്ക്ക് തസ്തികമാറ്റം വഴി, ആദ്യം 2% വും പിന്നീട് 4% വും നിയമനം നൽകുന്ന ഉത്തരവ് പ്രകാരം, 2006 ജനുവരി മുതൽ ഇന്നു വരെ നിയമനം നടത്തിയിട്ടുള്ളത്എപ്രകാരമാണെന്ന വിവരം ലഭ്യമാക്കുമോ;

(ബി) 2006 മുതൽ 2011 ജനുവരി വരെ ടേൺ നിശ്ചയിച്ച് ശതമാനക്കണക്കിൽ നൽകിവരുന്ന പ്രസ്തുത പ്രൊമോഷൻ ഉത്തരവിൽ പറയാത്ത കേഡർ സ്ട്രെങ്ത്തിലേയ്ക്ക് മാറ്റാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(സി) പി.എസ്.സി.- യിൽ തസ്തികമാറ്റം വഴി താഴ്ന്നവിഭാഗം ജീവനക്കാർക്ക് അവസാനമായി നിയമനം നൽകിയ തീയതി, അതിന് ശേഷം എത്ര അസിസ്റ്റന്റ് ഒഴിവുകൾ വന്നിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) അട്ടിമറിക്കപ്പെട്ട പ്രസ്തുത പ്രൊമോഷൻ പുനഃപരിശോധിച്ച് നിലവിലെ ഉത്തരവ് പ്രകാരം പുനഃസ്ഥാപിക്കുമോ; പ്രസ്തുത ഉത്തരവ് അട്ടിമറിച്ചവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ;

(ഇ) ആയത് സംബന്ധിച്ച ഫയലിലെ കുറിപ്പ് പേജുകളുടെ കോപ്പി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 25-01-2006-ലെ G.O.(Ms)No.31/06/GAD പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിന്റെ 2% ഒഴിവുകളാണ് തസ്തികമാറ്റം വഴിയുള്ള ജീവനക്കാർക്ക് നൽകിയിരുന്നത്. നൂറ് ഒഴിവ് വരുമ്പോൾ പതിനൊന്നാമത്തെയും അറുപത്തി ഒന്നാമത്തെയും ഒഴിവുകൾ ഈ വിഭാഗത്തിനായി മാറ്റിവച്ചിരുന്നു. കേഡർ സ്ട്രെങ്ത്തിന്റെ 2% കഴിയാതിരുന്നതിനാൽ ഈ രീതിയിൽ തസ്തികമാറ്റം നൽകി വന്നിരുന്നു. എന്നാൽ 2010-ൽ തസ്തികമാറ്റം വഴിയുള്ള നിയമനം 4% ആക്കി ഉയർത്തി. തുടർന്ന് 227 അസിസ്റ്റന്റ് കേഡർ സ്ട്രെങ്ത്തിന്റെ 4% ആയ 9 പേർക്ക് തസ്തികമാറ്റം വഴി നിയമനം നൽകി Quota പൂർത്തിയാക്കിയിട്ടുണ്ട്.

(സി) 19-2-2013 പ്രസ്തുത നിയമനത്തിന് ശേഷം പി.എസ്.സിയിൽ അസിസ്റ്റന്റ് തസ്തികയിൽ 100 ഒഴിവുകൾ നിലവിൽ വന്നിരുന്നു.

(ഡി) അതാത് കാലത്തെ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി തസ്തികമാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്.

(ഇ) ബാധകമല്ല.

**ഫയലുകൾ കൊണ്ട് വീർപ്പുമുട്ടുന്ന സ്ഥിതിവിശേഷം**

**18 (3521)** <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. എം. ഹംസ</u> :
<u>ഡോ. കെ. ടി. ജലീൽ</u> :
<u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമായിക്കൊണ്ടിരിക്കുകയാണെന്ന് അവകാശപ്പെടുമ്പോഴും ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം തീർപ്പാക്കാൻ കഴിയാതെ ഫയലുകൾ കൊണ്ട് വീർപ്പുമുട്ടുന്ന സ്ഥിതി വിശേഷം നിലനില്ക്കുകയാണെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) ഫയലുകൾ കുന്നുകൂടിക്കൊണ്ടിരിക്കുന്ന വകുപ്പുകളെ സംബന്ധിച്ചും ആയതിന്റെ കാരണങ്ങൾ സംബന്ധിച്ചും പരിശോധിക്കാമോ;

(സി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ; ഇതിനകം ഏതെല്ലാം വകുപ്പുകളിൽ പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ട്;

(ഡി) സുതാര്യത ഉറപ്പാക്കാനും അഴിമതിക്കാർക്ക് സംരക്ഷണം ലഭിക്കുന്ന സ്ഥിതി ഇല്ലാതാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആധുനിക സാങ്കേതിക വിദ്യകളും അതിനനുസരിച്ചുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയ വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാണ് നടക്കുന്നത്. ഓൺലൈനായി ഫയൽ നീക്കം നടത്താൻ കഴിയുമെന്നതിനാൽ ഫയലുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഇത്തരം വകുപ്പുകളിൽ കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. എന്നാൽ നിയമപരവും സാങ്കേതികമായും തടസ്സമുള്ള ഫയലുകൾ പെട്ടെന്ന് തീർപ്പാക്കാൻ കഴിയാതെ വരുന്നുണ്ട്. എന്നാൽ ഇത്തരം ഫയലുകളൊഴികെ നിയമപരമായ മറ്റ് തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ അപേക്ഷകളിന്മേലും പരാതികളിന്മേലും സമയപരിധിയ്ക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കാറുണ്ട്.

(ബി) എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന പത്രിക അവലോകനം ചെയ്ത് വകുപ്പുകളിലെ ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. വകുപ്പുകളിൽ ഫയൽ കെട്ടിക്കിടക്കാതിരിക്കാനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം വിവിധ വകുപ്പുകളിലായി നടപ്പിലാക്കി വരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പാക്കുന്നതിലൂടെ വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭിക്കുന്നുണ്ട്. പൊതുരംഗത്തെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനം എടുക്കുവാനും നടപടിക്രമങ്ങൾ സുതാര്യമാക്കുവാനും വേണ്ടി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം, കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, DDFS,e-Office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. മോട്ടോർവാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യമാക്കുന്നതിന് ഇ-പേയ്മെന്റ്, ഇ-ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ ഇ-സർവ്വീസസ് നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്ന് വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന ഇ-ഡിസ്ട്രിക്ട്

പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും പരാതികൾ സ്വീകരിക്കുന്നതിനായി 'Citizen Helpdesk' എന്ന പേരിൽ പുതിയ ഒരു സംരംഭം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമം നടപ്പിലാക്കി വരുന്നു. മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ വിവരാവകാശ നിയമം, പഞ്ചദിന ചട്ടം എന്നിവ കർശനമായി പാലിക്കുവാനും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുഭരണ വകുപ്പിന് ബഡ്ജറ്റിലുള്ള പദ്ധതികൾ**

**19 (3522)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ പൊതുഭരണ വകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) പ്രസ്തുത പദ്ധതിക്ക് ഓരോന്നിനുമായി എത്ര തുക വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; എത്ര തുക വീതം അനുവദിക്കപ്പെട്ടു; എത്ര തുക വീതം പിൻവലിക്കാതെ അവശേഷിച്ചു; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഈ സർക്കാരിന്റെ നാലരവർഷത്തെ ഭരണശേഷവും പൂർത്തീകരിക്കാത്ത പദ്ധതികൾ ഉണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ 2011-12 സാമ്പത്തിക വർഷം പൊതുഭരണ വകുപ്പിൻ കീഴിൽ തുടങ്ങിയ 'കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന് '2070-00-033-90-36-Grant-in-Aid-General-Non Salary (NPV) ശീർഷകത്തിനു കീഴിൽ 2011-12 സാമ്പത്തിക വർഷത്തെ 2-ാം ഉപധനാഭ്യർത്ഥന പ്രകാരം 1 കോടി രൂപ വകയിരുത്തിയിരുന്നു. 1 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

**പുതുതായി സൃഷ്ടിച്ച തസ്തികകൾ**

**20 (3523)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പുകളിലും 2015 നവംബർ 30 വരെ എത്ര അധിക തസ്തികകൾ സൃഷ്ടിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി വഴിയും ആശ്രിതനിയമന പദ്ധതി വഴിയും സ്പോർട്സ്

ക്വാട്ട വഴിയും എത്ര പേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കുമോ;

(സി) പുതുതായി എത്രപേർക്ക് നിയമനം നൽകുന്നതിന് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടെന്നും അവർക്ക് എന്നത്തേയ്ക്ക് നിയമനം നൽകുമെന്നും വിശദമാക്കുമോ ;

(ഡി) പോലീസ് സേനയിൽ ഇൻസ്പെക്ടർമാരായി നിയമനത്തിന് എത്രപേർക്ക് അഡ്വൈസ് മെമ്മോ നല്കിയിട്ടുണ്ടെന്നും ഇവർക്ക് എന്നത്തേയ്ക്ക് നിയമനം നൽകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 22-1-2014 വരെയുള്ള കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 22,058 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ സൃഷ്ടിച്ച 46 തസ്തികകളുടെ പേരും എണ്ണവും ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| അഡീഷണൽ സെക്രട്ടറി | - | 2 |
| ജോയിന്റ്സെക്രട്ടറി | - | 1 |
| ഡെപ്യൂട്ടി സെക്രട്ടറി | - | 1 |
| അണ്ടർ സെക്രട്ടറി | - | 4 |
| സെക്ഷൻ ഓഫീസർ | - | 4 |
| അസിസ്റ്റന്റ് | - | 8 |
| പി.എ. | - | 6 |
| ഓഫീസ് സൂപ്രണ്ട് | - | 1 |
| ടൈപ്പിസ്റ്റ് | - | 2 |
| ബൈന്റർ | - | 1 |
| ബൈന്റിംഗ് സൂപ്പർവൈസർ | - | 2 |
| ഓഫീസ് അസിസ്റ്റന്റ് | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 7 |
| ക്ലറിക്കൽ അസിസ്റ്റന്റ് | - | 1 |

ഡോബി - 2

ഫുൾ ടൈം ഫോട്ടോകോപ്പിയർ കം

കമ്പ്യൂട്ടർ കം ടെലഫോൺ ക്ലീനർ - 2

അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ - 1

സൈനിക ക്ഷേമ വകുപ്പിൽ കണ്ണൂർ ജില്ലയിൽ ഒരു എൽ.ഡി. ക്ലാർക്ക് തസ്തികയും കാസർഗോഡ് ജില്ലയിൽ ഒരു ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

മറ്റ് വകുപ്പുകളിൽ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം അനുബന്ധം*-1 ആയി ചേർക്കുന്നു. 22-1-2014-നു ശേഷമുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) പൊതുഭരണ വകുപ്പിനു കീഴിലെ സ്പെഷ്യൽ- ബി വകുപ്പിൽ നിന്നും 20 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്. സർവ്വീസസ്-ഇ വകുപ്പിനു കീഴിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ പി.എസ്.സി. വഴി 153 പേർക്കും ആശ്രിതനിയമനം വഴി രണ്ടുപേർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 38 പേർക്ക് പി.എസ്.സി. മുഖേനയും നിയമനം നൽകിയിട്ടുണ്ട്. സർവ്വീസസ്-എ വകുപ്പിൽ നിന്ന് പി.എസ്.സി. വഴി 299 പേർക്കും ആശ്രിതനിയമനം വഴി 28 സ്ഥിരം നിയമനങ്ങളും 49 സൂപ്പർ ന്യൂമററി നിയമനങ്ങളും സ്പോർട്സ് ക്വാട്ട നിയമനങ്ങളും നൽകിയിട്ടുണ്ട്. സർവ്വീസസ്-സി വകുപ്പിൽ നിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പി.എസ്.സി. വഴി 574 പേർക്കും ആശ്രിതനിയമനം വഴി 9 പേർക്കും ഡ്രൈവർ തസ്തികയിൽ പി.എസ്.സി. വഴി 17 പേർക്കും നിയമനം നൽകിയിട്ടുണ്ട്. സർവ്വീസസ്-എച്ച് വകുപ്പിനു കീഴിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ പി.എസ്.സി. വഴി 73 പേർക്ക് നിയമനം നൽകുകയും ആശ്രിതനിയമന പദ്ധതി പ്രകാരം 3 ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിനുള്ള ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുഭരണ വകുപ്പിനു കീഴിലെ സ്പെഷ്യൽ-ബി വകുപ്പിൽ നിന്നും ഒരാൾക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. സർവ്വീസസ്-സി വകുപ്പിൽ പുതുതായി പത്തോളം പേർക്ക് നിയമന ശിപാർശ ലഭിക്കുകയും അവർക്ക് നിയമന ഉത്തരവ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസസ്-എച്ച് വകുപ്പിൽ നിന്നും റിപ്പോർട്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്ത 7 ഒഴിവുകളുടെ അഡ്വൈസ് മെമ്മോ ആയിട്ടില്ല. സർവ്വീസസ് -എ വകുപ്പിൽ ലഭിച്ച അഡ്വൈസ് മെമ്മോ പ്രകാരം മുഴുവൻ നിയമന ഉത്തരവും നൽകിയിട്ടുണ്ട്. സർവ്വീസസ്-ഇ വകുപ്പിൽ നിന്നും നിലവിൽ ആർക്കും അഡ്വൈസ് മെമ്മോ നൽകിയിട്ടില്ല.

മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**സേവനാവകാശ നിയമം**

**21 (3524)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് ഇനിയും നടപ്പിലാക്കാനുള്ളത്; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സേവനാവകാശ നിയമ പ്രകാരം ഇതുവരെയായി ഓരോ വകുപ്പിലും എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിശ്ചിത ദിവസങ്ങൾക്കകം സേവനം നൽകാത്തതിനാൽ എത്ര ഉദ്യോഗസ്ഥർക്ക് ഇതുവരെ പിഴ ചുമത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ ആക്ട് 2012 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നു. 2012 ഒക്ടോബർ 27-ലെ സ.ഉ. (പി) നമ്പർ. 56/2012/ഉ.ഭ.പ.വ പ്രകാരം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെടുന്ന പൊതുജനങ്ങൾക്ക് നൽകുന്നതായ സേവനങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് 3-ാം വകുപ്പ് പ്രകാരം അതത് വകുപ്പുകളാണ് ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടത്. അപ്രകാരം സേവനങ്ങൾ ഉള്ള 121 വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വിവരാവകാശ കമ്മീഷനിൽ ഒഴിവിലേയ്ക്കുള്ള നിയമനം**

**22 (3525)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാന വിവരാവകാശ കമ്മീഷനിലെ കമ്മീഷണറെയും അംഗങ്ങളെയും നിയമിക്കുന്നതിന് നിബന്ധനകളെന്തെങ്കിലും നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2-12-2015-ലെ 48308/സി.ഡി.എൻ5/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം നിലവിലുള്ള 4 ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. പ്രമുഖ പത്രമാധ്യമങ്ങളിലെല്ലാം പത്രക്കുറിപ്പായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള സർക്കാരിന്റെ വെബ്സൈറ്റായ www.kerala.gov.in-ലും ഇത് സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്.

(സി&ഡി) വിവരാവകാശ ആക്ട് 2005-ലെ നിബന്ധനകൾ അനുസരിച്ചാണ് സംസ്ഥാന വിവരാവകാശ കമ്മീഷനിലെ കമ്മീഷണറെയും അംഗങ്ങളെയും നിയമിക്കുന്നത്. പ്രസ്തുത ആക്ടിലെ സെക്ഷൻ 15 ഉപവകുപ്പ് (5),(6) പ്രകാരമാണ് സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണറെയും വിവരാവകാശ കമ്മീഷണർമാരെയും നിയമിക്കുന്നത്.

സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർമാരും നിയമത്തിലോ ശാസ്ത്രത്തിലോ സാങ്കേതിക ശാസ്ത്രത്തിലോ സാമൂഹ്യ സേവനത്തിലോ മാനേജ്മെന്റിലോ പത്രപ്രവർത്തനത്തിലോ ബഹുജന മാധ്യമപ്രവർത്തനത്തിലോ ഭരണത്തിലോ ഭരണ നിർവ്വഹണത്തിലോ, വിപുലമായ അറിവും അനുഭവജ്ഞാനവും ഉള്ളവരും പൊതുജീവിതത്തിൽ ഔന്നത്യം ഉള്ളവരുമായ വ്യക്തികൾ ആയിരിക്കേണ്ടതാണ്.

സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറോ ഒരു സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണറോ അതത് സംഗതി പോലെ പാർലമെന്റിലെയോ ഏതെങ്കിലും സംസ്ഥാനത്തിലെയോ കേന്ദ്രഭരണ പ്രദേശത്തിലെയോ നിയമസഭയിലെ

അംഗമായിരിക്കുകയോ ആദായകരമായ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുകയോ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയോട് ബന്ധപ്പെട്ടിരിക്കുകയോ ഏതെങ്കിലും ബിസിനസ് നടത്തിക്കൊണ്ടിരിക്കുകയോ ഏതെങ്കിലും തൊഴിലിൽ ഇടരുകയോ ചെയ്യാൻ പാടില്ലാത്തതുമാണ്.

ബഹു. സുപ്രീംകോടതി വിവരാവകാശവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിധിയിൽ ഇൻഫർമേഷൻ കമ്മീഷണർമാരുടെ നിയമനം സുതാര്യമായ രീതിയിലും കുറ്റമറ്റ രീതിയിലും നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**ഓഫീസുകളിലെ ജോലിഭാരം**

**23 (3526)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലേയും ഓഫീസുകളിലേയും ജോലി ഭാരത്തെക്കുറിച്ചും ജോലിയുടെ സ്വഭാവത്തെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ജോലിഭാരമേറിയ ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ജോലിഭാരം ലഘൂകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ലഭ്യമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനത്തിനായി വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്കാണ് അതാത് വകുപ്പുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തിപഠനം നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ ഉൾപ്പെടെ 23 വകുപ്പുകളിൽ ഇത്തരത്തിൽ പഠനം പൂർത്തിയാക്കുകയും 20 എണ്ണത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. നിലവിൽ 9 വകുപ്പുകളുടെ പഠനം നടന്നുവരുന്നു.

(സി&ഡി) പ്രവൃത്തിപഠനത്തിൽ ജോലിഭാരം അധികമാണെന്ന് കണ്ടെത്തുന്ന സാഹചര്യങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനോ, ജോലിഭാരം ലഘൂകരിക്കുന്നതിനോ,

ആവശ്യമായ നിർദ്ദേശങ്ങളും, ശിപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്താറുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നത്.

**മന്ത്രിസഭാതീരുമാനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി**

**24 (3527)** ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭാ തീരുമാനം വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്നവർക്ക് നല്കുന്നതിന് തടസ്സമുണ്ടോ ; വ്യവസ്ഥകൾ വിശദമാക്കുമോ ;

(ബി) സംസ്ഥാന വിവരാവകാശ കമ്മീഷൻ പ്രസ്തുത വിഷയം സംബന്ധിച്ച നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ ;

(സി) മന്ത്രിസഭാ തീരുമാനം പൊതുജനങ്ങളിൽ നിന്ന് മറച്ചുവയ്ക്കപ്പെടുന്നുണ്ടോ; അതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ ;

(ഡി) മന്ത്രിസഭാ തീരുമാനങ്ങളും സർക്കാർ ഉത്തരവുകളും യഥാസമയം വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ഇ) എങ്കിൽ സർക്കാർ ഉത്തരവുകൾ അപ്രകാരം പ്രസിദ്ധീകരിക്കാതിരിക്കുന്നതിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) 2005-ലെ വിവരാവകാശ നിയമം 8(1) (i) വകുപ്പ് വ്യവസ്ഥ ചെയ്യുന്ന പ്രകാരമാണ് മന്ത്രിസഭാതീരുമാനത്തിന്റെ വിവരം/രേഖ ലഭ്യമാക്കുന്നത്. മന്ത്രിസഭയുടെ തീരുമാനങ്ങളും അവയ്ക്കുള്ള കാരണങ്ങളും ആ തീരുമാനങ്ങളെടുക്കുന്നതിന് ഉപോൽബലകങ്ങളായ വസ്തുതകളെയും തീരുമാനമെടുത്തശേഷം കാര്യം പൂർത്തിയാക്കിയതിനോ കഴിഞ്ഞതിനോ ശേഷവും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(സി-ഇ) മന്ത്രിസഭാതീരുമാനങ്ങൾ മുഖ്യമന്ത്രിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സർക്കാർ ഉത്തരവുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ലഭിക്കുന്ന അന്ന് തന്നെ www.kerala.gov.in വെബ്സൈറ്റിൽ

GO's എന്ന വിഭാഗത്തിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത വകുപ്പ് ആരംഭിച്ച ഓൺലൈൻ ന്യൂസ് പോർട്ടലിൽ (kerala.news.gov.in) ഒരു segment ആയി Cabinet brief എന്ന heading-ൽ മന്ത്രിസഭാ തീരുമാനങ്ങൾ നൽകിവരുന്നുണ്ട്.

**കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി**

**25 (3528)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ ഘട്ടങ്ങളിലായി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക സഹായത്തിനുള്ള ഉത്തരവ് ഇറങ്ങിയിട്ടും പണം ഇതുവരെ പൂർണ്ണമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഇനത്തിൽ ജില്ലയിൽ എത്ര രൂപ നൽകാനുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മൂന്ന് ഘട്ടങ്ങളിലായി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നാളിതുവരെ 11,201 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1,01,40,500 രൂപ (ഒരു കോടി ഒരു ലക്ഷത്തി നാൽപ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) നൽകാനുണ്ട്.

**മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി പുതിയ സെക്ഷൻ**

**26 (3529)** ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരുടെയും മെഡിക്കൽ-റീ-ഇംബേഴ്സ്മെന്റ് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി സെക്രട്ടേറിയറ്റിൽ ഒരു സെക്ഷൻ മാത്രമാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിത ജോലിഭാരം മൂലം അടിയന്തര സഹായം ലഭിക്കേണ്ട കേസുകൾ പോലും വൈകുന്നത് ഒഴിവാക്കുന്നതിനായി പുതിയ സെക്ഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) അമിത ജോലിഭാരംമൂലം അടിയന്തര സഹായം ലഭിക്കേണ്ട കേസുകൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്പോർട്സ് ക്വാട്ട നിയമനം**

**27 (3530)** <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ ഓരോ വർഷവും 50 കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും 2010 മുതൽ എത്ര പേർക്ക് ഇതു പ്രകാരം ജോലി നല്കിയിട്ടുണ്ടെന്നും ഇല്ലെങ്കിൽ ജോലി നല്കുന്നതിനുള്ള തടസ്സമെന്താണെന്നും വിശദമാക്കുമോ;

(ബി) കേരളത്തിൽ നടന്ന ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് ജോലി നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള 249 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് 7-12-2015-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവർക്ക് പൊതുമേഖല

സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. നിയമന നടപടികൾ നടന്നുവരുന്നു.

**ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാ സെന്ററുകൾ അനുവദിക്കൽ**

**28 (3531)** ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി പരീക്ഷകളിൽ ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലകളിൽ പരീക്ഷാ സെന്ററുകൾ അനുവദിക്കാത്തതുമൂലം പരീക്ഷകൾ എഴുതുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗർഭിണികളായ ഉദ്യോഗാർത്ഥികൾ കേരളത്തിലെ ഏത് ജില്ലയിലെ ഏത് തസ്തികയ്ക്ക് വേണ്ടി അപേക്ഷിച്ചാലും പരീക്ഷാ സെന്ററുകൾ സ്വന്തം ജില്ലയ്ക്ക് പുറത്താണ് ലഭിക്കുന്നതെങ്കിൽ അവരുടെ അപേക്ഷ സ്വീകരിച്ച് സ്വന്തം ജില്ലയിൽ പരീക്ഷാ സെന്റർ അനുവദിച്ചിരുന്ന നടപടി 2015 മെയ് മാസത്തിനുശേഷം അവസാനിപ്പിച്ചതിന് കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിൽ പരീക്ഷാ സെന്റർ അനുവദിക്കുന്നതിന് പി.എസ്.സി.-യ്ക്ക് നിർദ്ദേശം നൽകുകയും ആയതിനുള്ള മറ്റ് നടപടികൾ കൈക്കൊള്ളുമോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പരീക്ഷാ നടപടിക്രമങ്ങളുടെ ഭാഗമായി ഒരു നിശ്ചിത പരീക്ഷയ്ക്ക് ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ സെന്ററുകൾ അനുവദിക്കുമ്പോൾ, ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവരവരുടെ ജില്ലകളിൽ തന്നെ (ടി ജില്ലയിൽ പരീക്ഷ നടക്കുന്നുവെങ്കിൽ മാത്രം) സൗകര്യപ്രദമായ പരീക്ഷാ സെന്ററുകൾ നൽകുന്ന രീതി നിലവിൽ തുടർന്ന് വരുന്നുണ്ട്.

**ജനസമ്പർക്ക പരിപാടി**

**29 (3532)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളോടനുബന്ധിച്ച് ബഹു. മുഖ്യമന്ത്രി ഓരോ

ജില്ലയിലും പ്രാവർത്തികമാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ ഇനിയും പൂർണ്ണമായും നടപ്പിലാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയും എന്ന് പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജനസമ്പർക്ക പരിപാടികളിൽ ഓരോ ജില്ലയിലും പ്രഖ്യാപിച്ച പല പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ വിവിധ തലങ്ങളിൽ പുരോഗമിക്കുന്നു.

(ബി) സമയബന്ധിതമായി പൂർത്തീകരിക്കുവാനാണ് തീരുമാനം.

**അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളിലെ നിയമനം**

**30 (3533)** <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, ലോക്കൽഫണ്ട് ആഡിറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, പി.എസ്.സി.എന്നിവിടങ്ങളിൽ അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) 2016 മാർച്ച് 31 വരെ പ്രസ്തുത തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളെത്ര;

(സി) പ്രസ്തുത തസ്തികയിലെ നിലവിലെ എല്ലാ ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) ടി വകുപ്പുകളിൽ പുതിയതായി അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാം; എത്ര വീതം തസ്തികകളാണ് സൃഷ്ടിക്കാൻ ശിപാർശ ലഭിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലും പ്രതീക്ഷിത ഒഴിവുകളിലും സൂപ്പർ ന്യൂമററിയായി ഉദ്യോഗാർത്ഥികൾക്ക് അടിയന്തരമായി നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) ആരോഗ്യസർവ്വകലാശാലയിലെ സമാന തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനത്തിനായി സെക്രട്ടേറിയറ്റിൽ സൂപ്പർന്യൂമററി തസ്തികകൾ

സൃഷ്ടിച്ച് നിയമനം നൽകുന്നതിനുള്ള ശിപാർശ പരിഗണനയിലുണ്ടോ?

<u>ഉത്തരം</u>

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിൽ ഓഡിറ്റർ തസ്തികയിൽ 32 ഒഴിവുകളും, അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ അസിസ്റ്റന്റ് തസ്തികയിൽ 1 ഒഴിവും നിലവിലുണ്ട്. അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ തെരഞ്ഞെടുപ്പിനായി നിലവിൽ P.S.C.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ ചുവടെ ചേർക്കുന്നു:

1. അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ അസിസ്റ്റന്റ് തസ്തികയിൽ 1 ഒഴിവും നിലവിലുണ്ട്. അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ തെരഞ്ഞെടുപ്പിനായി നിലവിൽ P.S.C.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| | | | | |
|---|---|---|---|---|
| 1. | അഡ്വക്കേറ്റ് ജനറൽ ഓഫീസ് | - | 1 പ്രതീക്ഷിത ഒഴിവ് (1-12-2015) | |
| | | | Fresh – ഒഴിവ് | 2 |
| 2. | GAD | - | 8 പ്രതീക്ഷിത ഒഴിവ് (1-12-2015) | 8 |
| 3. | Finance | - | 4Fresh ഒഴിവ് | 4 |
| 4. | KPSC | - | 3Fresh ഒഴിവ് | 3 |
| | | | ആക ഒഴിവുകൾ | 17 |

(ബി) 2016 മാർച്ച് മാസം വരെ ഉണ്ടാകാനിടയുള്ള പ്രതീക്ഷിത ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. അഡ്വക്കേറ്റ് ജനറൽ ഓഫീസ് | - | 2 പ്രതീക്ഷിത ഒഴിവുകൾ |
| 2 Finance | - | 2 പ്രതീക്ഷിത ഒഴിവുകൾ |
| 3 Local Fund Audit Dept. | - | 16 പ്രതീക്ഷിത ഒഴിവുകൾ |

പൊതുഭരണ വകുപ്പിലെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി P.S.C.- ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലെ ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും P.S.C. -ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാൻ നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്) ഇക്കാര്യത്തിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ഹോൾഡേഴ്സ് നൽകിയ നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

**സർവ്വീസിൽനിന്നും വിരമിച്ച ഐ.എ.എസ്. ഉദ്യോഗസ്ഥർ**

**31 (3534)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കേഡറിൽ പ്രവൃത്തിച്ച് സർവ്വീസിൽ നിന്ന് വിരമിച്ച ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ പേര് വിവരം സൂക്ഷിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഇപ്രകാരം പെൻഷൻ പറ്റി ജീവിക്കുന്നവർ എത്ര; അവർ ആരെല്ലാം; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന കേഡറിൽ പ്രവൃത്തിച്ച് സർവ്വീസിൽ നിന്ന് വിരമിച്ച ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ പേരുവിവരം സൂക്ഷിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം**

**32 (3535)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിലും ധനകാര്യവകുപ്പിലും കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂളിന്റെ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 25-3-2006-നുശേഷം സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകുന്നത് എത്ര ശതമാനമാണ്; ഇത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ്

ട്രെയിനിയായി നിയമനം നൽകുന്നത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ; കോപ്പി ലഭ്യമാക്കുമോ;

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ അസിസ്റ്റന്റ് ട്രെയിനിമാരെ ഉൾപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ്;

(ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള എത്ര നിയമനം ബാക്കിയുണ്ട്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 20% 17-3-2007-ലെ ജി.ഒ.(പി) നമ്പർ 199/07/ജി. എ. ഡി. നമ്പർ ഉത്തരവ് പ്രകാരം.

(സി) 5-6-1989-ലെ ജി.ഒ.(പി) നമ്പർ 138/89/ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം.

പകർപ്പ് അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ഡി) ഉണ്ട്. അസിസ്റ്റന്റ് ട്രെയിനി ആയി നിയമിതരാകുന്നവർ അവരുടെ parent cadre ലാണ് തുടരുന്നതായി കണക്കാക്കുന്നതെങ്കിലും അസിസ്റ്റന്റ് കേഡർ തസ്തികയിൽ ഒഴിവുള്ളിടത്താണ് ഇവരെ നിയമിക്കുന്നത്. ഇവർ അസിസ്റ്റന്റ് ട്രെയിനി ആയി മാറുമ്പോൾ ബന്ധപ്പെട്ട ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവുകൾ പ്രസ്തുത കേഡറിൽ തന്നെയുള്ള പ്രൊമോഷൻ/direct recruitment എന്നിവ വഴി നികത്തുന്നു എന്നതിനാൽ പ്രസ്തുത കേഡറിലെ cadre strength-ൽ കുറവുണ്ടാകുന്നില്ല. എന്നാൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവിലാണ് ഇവർ നിയമിക്കപ്പെടുന്നത്. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളാണ് ഇവരുടെ നിയമനം വഴി നികത്തപ്പെടുന്നത്. ഈ തസ്തികമാറ്റ നിയമനത്തിന് തത്തുല്യമായ തസ്തികകൾ അസിസ്റ്റന്റ് തസ്തികയുടെ entry cadre-ലും പി.എസ്.സി.ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിലും കുറവ് വരുകയും ചെയ്യും. അസിസ്റ്റന്റ് ട്രെയിനി നിയമനം ഒഴിവാക്കി തസ്തികമാറ്റത്തിനുള്ള 20% കണക്കാക്കിയാൽ ആയത് പി.എസ്.സി. റാങ്ക് ലിസ്റ്റിനെ ദോഷകരമായി ബാധിക്കും. ഈ സാഹചര്യത്തിൽ തസ്തിക മാറ്റം വഴി അസിസ്റ്റന്റ് ആകുന്നതിനായുള്ള ജീവനക്കാരുടെ എണ്ണം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ട്രെയിനിമാരുടെ എണ്ണവും കണക്കിലെടുക്കേണ്ടതുണ്ട് എന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് ട്രെയിനിമാരെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി ഇനി നിയമനം ഒന്നും തന്നെ നല്കാനില്ല.

## കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം

**33 (3536)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിലും ധനകാര്യവകുപ്പിലും കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂൾ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 25-3-2006-നുശേഷം സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകുന്നത് എത്ര ശതമാനമാണ്; ഇത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(സി) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് ട്രെയി നിയായി നിയമനം നൽകുന്നത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ അസിസ്റ്റന്റ് ട്രെയിനിമാരെ ഉൾപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഏത് സർക്കാർ ഉത്തരവ് പ്രകാരമെന്ന് വ്യക്തമാക്കാമോ ;

(ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള ഒഴിവുകൾ എത്രയെണ്ണം നികത്തുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് എന്നത്തേക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 20% 17-3-2007-ലെ ജി.ഒ.(പി) നമ്പർ 199/07/ജി. എ. ഡി. നമ്പർ ഉത്തരവ് പ്രകാരം.

(സി) 5-6-1989 ലെ ജി.ഒ.(പി) നമ്പർ 138/89/ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം.

(ഡി) ഉണ്ട്. അസിസ്റ്റന്റ് ട്രെയിനി ആയി നിയമിതരാകുന്നവർ അവരുടെ parent cadre ലാണ് തുടരുന്നതായി കണക്കാക്കുന്നതെങ്കിലും അസിസ്റ്റന്റ് കേഡർ തസ്തികയിൽ ഒഴിവുള്ളിടത്താണ് ഇവരെ നിയമിക്കുന്നത്. ഇവർ അസിസ്റ്റന്റ് ട്രെയിനി ആയി മാറുമ്പോൾ ബന്ധപ്പെട്ട ടൈപ്പിസ്റ്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവുകൾ പ്രസ്തുത കേഡറിൽ തന്നെയുള്ള പ്രൊമോഷൻ/direct recruitment എന്നിവ വഴി നികത്തുന്നു എന്നതിനാൽ പ്രസ്തുത കേഡറിലെ cadre strength-ൽ കുറവുണ്ടാകുന്നില്ല. എന്നാൽ അസിസ്റ്റന്റ് കേഡറിലുണ്ടാകുന്ന ഒഴിവിലാണ് ഇവർ നിയമിക്കപ്പെടുന്നത്. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളാണ് ഇവരുടെ നിയമനം വഴി നികത്തപ്പെടുന്നത്. ഈ തസ്തികമാറ്റ നിയമനത്തിന് തത്തുല്യമായ തസ്തികകൾ അസിസ്റ്റന്റ് തസ്തികയുടെ entry cadre-ലും പി.എസ്.സി.-ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിലും കുറവ് വരുകയും ചെയ്യും. അസിസ്റ്റന്റ് ട്രെയിനി നിയമനം ഒഴിവാക്കി തസ്തികമാറ്റത്തിനുള്ള 20% കണക്കാക്കിയാൽ ആയത് പി.എസ്.സി. റാങ്ക് ലിസ്റ്റിനെ ദോഷകരമായി ബാധിക്കും. ഈ സാഹചര്യത്തിൽ തസ്തിക മാറ്റം വഴി അസിസ്റ്റന്റ് ആകുന്നതിനായുള്ള ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ട്രെയിനിമാരുടെ എണ്ണവും കണക്കിലെടുക്കേണ്ടതുണ്ട് എന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് ട്രെയിനിമാരെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റത്തിനുള്ള ഒഴിവുകൾ നിലവിലില്ല. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റത്തിന് 9** യോഗ്യരായ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്തുന്നതാണ്.

**പുനർനാമകരണം ചെയ്തിട്ടുള്ള തസ്തികകൾ**

**34 (3537)** <u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ഒഴിവുകൾ നിലവിലുണ്ട്. തസ്തിക മാറ്റത്തിന്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം തസ്തികകളുടെ പേരുകൾ പുനർനാമകരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ ചെയ്ത തസ്തികകൾക്ക് എന്തെങ്കിലും സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യവകുപ്പിനു കീഴിലും പൊതുഭരണ വകുപ്പിന് കീഴിലും പുനർനാമകരണം ചെയ്ത തസ്തികകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | തസ്തികയുടെ പുതിയ പേര് |
|---|---|---|
| 1 | സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ |
| 2 | ലീഗൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്) | അസിസ്റ്റന്റ് ലീഗൽ ഓഫീസർ |
| 3 | ഓഡിറ്റർ (സെലക്ഷൻ ഗ്രേഡ്) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | പേഴ്സണൽ അസിസ്റ്റന്റ് | പേഴ്സണൽ സെക്രട്ടറി |
| 5 | ടൈപ്പിസ്റ്റ് | കമ്പ്യൂട്ടർ അസിസ്റ്റന്റ് |
| 6 | പ്യൂൺ | ഓഫീസ് അറ്റൻഡന്റ് |
| 7 | ഡ്രൈവർ | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് |
| 8 | ഫുൾ ടൈം ടെലഫോൺ ക്ലീനർ | ഫുൾടൈം ഫോട്ടോകോപ്പിയർ കം കമ്പ്യൂട്ടർ കം ടെലഫോൺ ക്ലീനർ |
| 9 | സൈക്കിൾ സ്റ്റാൻഡ് വാച്ച്മാൻ | സെക്രട്ടേറിയറ്റ് ട്രാഫിക് വാർഡൻ |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിൽ പുനർനാമകരണം ചെയ്ത തസ്തികകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | തസ്തികയുടെ പുതിയ പേര് |
|---|---|---|
| 1 | സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ |
| 2 | എൽ.ഡി.ക്ലാർക്ക് | ക്ലാർക്ക് |
| 3 | യു.ഡി.ക്ലാർക്ക് | സീനിയർ ക്ലാർക്ക് |

മറ്റ് വകുപ്പുകളിലെ തസ്തികകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) പുനർനാമകരണം ചെയ്ത തസ്തികകൾക്ക് സാമ്പത്തിക ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല.

**മാതൃവകുപ്പിലേക്ക് തിരികെ വരുന്നവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ**

**35 (3539)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. & എസ്. എസ്. ആർ. റൂൾ-8 അനുസരിച്ച് മാതൃവകുപ്പിലേക്ക് തിരികെ വരുന്നവർക്ക് സീനിയോറിറ്റി ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കേണ്ടത്;

(ബി) ഇങ്ങനെ മാതൃവകുപ്പിലേക്ക് തിരികെ വരുന്ന ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി നിഷേധിക്കുവാൻ വകുപ്പ് മേധാവികൾക്ക് എന്തെങ്കിലും അധികാരമുണ്ടോ; വിശദമാക്കുമോ;

(സി) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 -നെ മറ്റേതെങ്കിലും ചട്ടപ്രകാരം നിഷേധിക്കുവാൻ നിയമനാധികാരിക്കോ വകുപ്പ് മേലധികാരികൾക്കോ അധികാരം ഉണ്ടോ;

(ഡി) പ്രസ്തുത റൂൾ പ്രകാരമുള്ള സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നത് അകാരണമായി തടയുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം ശിക്ഷണ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) KS&SSR റൂൾ 8 പ്രകാരം  മാതൃവകുപ്പിലെ സർവ്വീസിലേക്ക് തിരികെ വരുന്ന ജീവനക്കാർക്ക് ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സീനിയോറിറ്റി, പ്രൊമോഷൻ, പൂർണ്ണ അംഗമായിട്ടുള്ള നിയമനം മുതലായ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(ബി) സീനിയോറിറ്റി നിശ്ചയിക്കുന്ന കാര്യത്തിൽ ചട്ടപ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത്.

(സി) നിയമനാധികാരികളും വകുപ്പ് മേലധികാരികളും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത്.

(ഡി) ഡ്യൂട്ടിയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ KCS (CC & A) റൂൾസ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

**സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ**

**36 (3540)** <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) 2015 നവംബർ 25 വരെ ഓരോ മന്ത്രിയുടെയും പരിഗണനയ്ക്ക് വന്ന ഫയലുകളിൽ ഇനിയും തീരുമാനമെടുക്കാൻ ബാക്കി നിൽപ്പുള്ളവ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫയലുകളിൽ മൂന്ന് മാസമായും ആറു മാസമായും ഒരു വർഷത്തിലധികമായും തീരുമാനമാകാതെ മന്ത്രി ഓഫീസുകളിൽ കെട്ടിക്കിടപ്പുള്ള ഫയലുകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ ഓഫീസിൽ മന്ത്രിസഭായോഗ തീരുമാനത്തിന് മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ട എത്ര ഫയലുകൾ 2015 ഒക്ടോബർ 31 -ന് ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) മന്ത്രിസഭയുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ട എത്ര ഫയലുകൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ 2015 ഒക്ടോബർ 31-ന് ബാക്കിയുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015 സെപ്റ്റംബർ മാസത്തിലെ കണക്കനുസരിച്ച് 1,99,556 ഫയലുകളാണ് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീർപ്പാക്കാനുണ്ടായിരുന്നത്. ഇതിൽ 42,303 ഫയലുകൾ തീർപ്പാക്കുകയുണ്ടായി. ഇനി ബാക്കി 1,56,253 ഫയലുകളാണ് തീർപ്പാക്കാൻ അവശേഷിക്കുന്നത്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

**സെക്രട്ടേറിയറ്റിനുള്ളിൽ വിവിധ ബാങ്കുകളുടെ ശാഖ**

**37 (3541)** ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിനുള്ളിൽ ഏതെങ്കിലും ബാങ്കുകളുടെ ശാഖ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത്തരം ഒരു തീരുമാനം കൈക്കൊള്ളാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ, സ്വകാര്യബാങ്കുകൾ അടക്കം ഏതെങ്കിലും സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ സെക്രട്ടേറിയറ്റിനുള്ളിൽ പ്രവർത്തനാനുമതി നൽകാനുള്ള നീക്കം സർക്കാർ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സെക്രട്ടേറിയറ്റിന്റെ ഭംഗി നശിപ്പിക്കുംവിധം സ്ഥാപിച്ചിട്ടുള്ള എ.ടി.എം.-കൾ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുവാനുള്ള നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സെക്രട്ടേറിയറ്റിനുള്ളിൽ കാനറാ ബാങ്കിന്റെ ശാഖ പ്രവർത്തിക്കുന്നുണ്ട്.

(ബി) 28-8-2014-ലെ. സ.ഉ. (സാധാ) നമ്പർ 6877/2014/പൊ.ഭ.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അനുമതി നല്കിയിട്ടുള്ളത്.

(സി) 1-10-2014-ലെ സ.ഉ.(സാധാ) നമ്പർ 7702/2014/പൊ.ഭ.വ. ഉത്തരവ് പ്രകാരം എസ്.ബി.റ്റി.-ക്ക് എക്സ്റ്റൻഷൻ കൗണ്ടർ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സെക്രട്ടേറിയറ്റിൽ ഇത്തരം സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ഡി) നിലവിൽ സ്ഥാപിച്ചിട്ടുള്ള എ.ടി.എം. കൗണ്ടറുകൾ മാറ്റി സ്ഥാപിക്കുന്നത്

സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം**

**38 (3542)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം നടപ്പിലാക്കി പത്തുവർഷം തികയുന്ന ഘട്ടത്തിൽ ആയത് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച പരാതികളോ അഭിപ്രായങ്ങളോ ശ്രദ്ധിച്ചിട്ടുണ്ടോ; കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വിവരാവകാശ കമ്മീഷന്റെ സേവനം തേടിയവരുടെ അഭിപ്രായങ്ങൾ ക്ഷണിച്ചും അപാകതകൾ പരിഹരിച്ചും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരാവകാശ നിയമം 2005 നടപ്പിലാക്കി 10 വർഷം പൂർത്തിയാക്കിയ ഘട്ടത്തിൽ അതുസംബന്ധിച്ച് പ്രത്യേകമായ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് വിവരാവകാശ നിയമം വളരെ ഫലപ്രദമായ രീതിയിലാണ് നടക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി & സി) കമ്മീഷൻ അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരാവകാശ കമ്മീഷനിൽ നിലവിൽ നാല് ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. പ്രസ്തുത ഒഴിവുകൾ നികത്തുന്നതോടുകൂടി ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വലിയ തോതിൽ പരാതികൾ ഉയർന്നുവന്നിട്ടില്ല.

**കേരള ഹൈക്കോടതിയിലെ നിയമനം**

**39 (3544)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) സർക്കാർ ശമ്പളം നൽകുന്ന ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സർക്കാർ ശ്രദ്ധിക്കാറുണ്ടോ;

(ബി) കേരള ഹൈക്കോടതിയിൽ ആകെ എത്ര സ്ഥിരം, താൽക്കാലിക ജോലിക്കാരുണ്ടെന്ന് ഇനം തിരിച്ച് അറിയിക്കുമോ;

(സി) ഏതൊക്കെ രീതിയിലാണ് ഇവിടെ നിയമനം നടത്തുന്നത്;

(ഡി) ന്യായാധിപൻമാർ നേരിട്ട് സ്ഥിരം നിയമനം നൽകിവരുന്നുണ്ടോ; ഇത്തരം ജീവനക്കാരുടെ ജോലി എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) ഹൈക്കോടതി നിയമനം പി.എസ്.സി.ക്ക് വിടാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഹൈക്കോടതി സർവ്വീസ് റൂൾസ് 2007-ലെ വ്യവസ്ഥകൾ പ്രകാരമാണ് ഹൈക്കോടതിയിലെ നിയമനങ്ങൾ നടത്തുന്നത്.

(ഇ) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 229 പ്രകാരം ഹൈക്കോടതിയിലേയ്ക്കുള്ള നിയമനാധികാരം ചീഫ് ജസ്റ്റിസിൽ നിക്ഷിപ്തമായതിനാൽ ആയതിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

**പുനലൂർ സബ്കോടതിക്ക് ഭരണാനുമതി**

**40 (3545)** <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സബ്കോടതികൾ അനുവദിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പുനലൂർ സബ്കോടതിക്ക് ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പുനലൂർ സബ്കോടതി അനുവദിക്കണം എന്ന സബ്മിഷന് ബഹു.മുഖ്യമന്ത്രി നൽകിയ മറുപടി പരിഗണിച്ച് ബഹു. ഹൈക്കോടതിയുടെ അംഗീകാരത്തോടെ സബ്കോടതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കോടതി തുടങ്ങുന്നതിലേക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പുനലൂർ ബാർ അസോസിയേഷൻ ഒരുക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ടോ; ആവശ്യമായ തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള ക്യാബിനറ്റ് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എത്ര തസ്തികകൾ പുതുതായി അനുവദിക്കണമെന്നും ആയതിന് എന്ന് അനുമതി നല്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനലൂർ സബ്കോടതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി 19-11-2015 -ലെ സ.ഉ.(കൈ) 238/15/ആഭ്യന്തരം പ്രകാരം നൽകിയിട്ടുണ്ട്. 14 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ബി & സി) കോടതി തുടങ്ങുന്നതിലേക്കുള്ള സൗകര്യങ്ങൾ പുനലൂർ ബാർ അസോസിയേഷൻ താൽക്കാലികമായി പുനലൂരിലെ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഒരുക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. 34 തസ്തികകൾ ഉണ്ടെങ്കിൽ മാത്രമേ കോടതി സുഗമമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ 20 തസ്തികകൾ കൂടി അനുവദിക്കണമെന്ന ഹൈക്കോടതിയുടെ ശിപാർശ 16-12-2015-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

**ആറ്റിങ്ങലിൽ കോടതി സമുച്ചയ നിർമ്മാണം**

**41 (T*3546)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങലിൽ കോടതി സമുച്ചയ നിർമ്മാണത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പ്രസ്തുത കരാർ എടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

ആറ്റിങ്ങലിൽ കോടതി സമുച്ചയ നിർമ്മാണത്തിന് 31-3-2012-ലെ സ.ഉ. (സാധാ) നമ്പർ 365/12/പൊ.മ.വ. പ്രകാരം 280 ലക്ഷം രൂപ അനുവദിച്ച

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നൽകിയിരുന്നു. കൂടാതെ അഡീഷണൽ ബ്ലോക്കിന്റെ ബാക്കി പണി പൂർത്തീകരിക്കുന്നതിനും സമുച്ചയത്തിന്റെ മൂന്നാം നിലയും ഷീറ്റ് മേൽക്കൂരയും പണിയുന്നതിലേക്കുമായി 20-7-2015-ലെ സ.ഉ. (സാധാ) നമ്പർ 1814/15 ആഭ്യന്തരം പ്രകാരം 215 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. കോടതി സമുച്ചയത്തിന്റെ 90% പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാസ്റ്ററിംഗ്, പ്ലസിംഗ് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പെയിന്റിംഗ്, ഫ്ളോറിംഗ് പണികൾ പുരോഗമിക്കുന്നു. 2016 മാർച്ച് മാസത്തോടെ പണി പൂർത്തീകരിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. M/s ഓൾഗ കൺസ്ട്രക്ഷൻസ് ആണ് ടി പണിയുടെ കരാറുകാർ.

**പുതുവൈപ്പിനിലെ എൽ.പി.ജി. ഇംപോർട്ട് ടെർമിനലിന് അനുമതി**

**42 (3547)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ഒ.സി. യുടെ പുതുവൈപ്പിനിലെ നിർദ്ദിഷ്ട എൽ.പി.ജി. ഇംപോർട്ട് ടെർമിനൽ സ്ഥാപിക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി അനുമതി നൽകിയിട്ടുണ്ടോ: എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇതിനുള്ള അപേക്ഷ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മുഖാന്തിരമാണോ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എങ്കിൽ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ; കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ അപേക്ഷ നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ വ്യക്തമാക്കുന്ന വിജ്ഞാപനത്തിന്റെ 4.2 ഖണ്ഡികയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ ടി അപേക്ഷ സമർപ്പിക്കുന്ന കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല.

(ബി) അല്ല.

വിജ്ഞാപനത്തിന്റെ 4.2 ഖണ്ഡികയിൽ പറയുന്ന EIA report വാല്യം 1 മുതൽ 4 വരെ ലഭ്യമാക്കിയിട്ടുണ്ട്. (വാല്യം-1 EIA report, വാല്യം-2-റിസ്ക്

അനാലിസിസ് റിപ്പോർട്ട്, വാല്യം-3-ഇൻറഗ്രേറ്റഡ് ഡിസാസ്റ്റർ ആന്റ് സേഫ്റ്റി മാനേജ്മെന്റ് പ്ലാൻ -3, വാല്യം-4 ഹസാർഡ് ആന്റ് ഓപ്പറബിലിറ്റി റിപ്പോർട്ട്). NCESS-ൽ നിന്നുള്ള മാപ്പ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ NOC എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ്**

**43 (3548)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറക്കൽ, എളങ്കുന്നപ്പുഴ, മുളവുകാട്, കടമക്കുടി എന്നീ പഞ്ചായത്തുകളിൽ നിന്നായി 2015 ജനവരി 1-ന ശേഷം ലഭിച്ച അപേക്ഷകൾ എത്രയെന്നും ഇതിൽ എത്ര അപേക്ഷകളാണ് ഇനിയും തീർപ്പുകൽപ്പിക്കാനുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

ആകെ 439 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 311 എണ്ണം തീർപ്പാക്കാനുണ്ട്.

**പി.എസ്.സി. നിയമനം**

**44 (3550)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഒക്ടോബർ 30 വരെ ഓരോ വകുപ്പിലും ഒഴിവുള്ള തസ്തികകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വകുപ്പും ഇതിൽ എത്ര ഒഴിവുകൾ ഇതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര പേർക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2015 ഒക്ടോബർ 30 വരെ പൊതുഭരണ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സ്പെഷ്യൽ-ബി വകുപ്പിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (നോൺ സെക്രട്ടേറിയറ്റ്) തസ്തികയിൽ ഒരു ഒഴിവും സർവ്വീസസ്-ഇ വകുപ്പിന് കീഴിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 16-ഉം കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തികയിൽ 20 ഒഴിവുകളും സർവ്വീസസ് -എ വകുപ്പിന് കീഴിൽ റിട്ടയർമെന്റ് മുഖേന അസിസ്റ്റന്റ് തസ്തികയിൽ 71 ഒഴിവുകളും പ്രൊമോഷൻ മുഖേന 16 ഒഴിവുകളും സർവ്വീസസ് -സി വകുപ്പിന് കീഴിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 47 ഒഴിവുകളും സർവ്വീസസ് -എച്ച് വകുപ്പിന് കീഴിൽ സെക്യൂരിറ്റി ഗാർഡിന്റെ 7 ഒഴിവുകളും ഉൾപ്പെടെ മൊത്തം 178 ഒഴിവുകളുണ്ട്.

മേൽപ്പറഞ്ഞവയിൽ സ്പെഷ്യൽ -ബി വകുപ്പിൽ നിന്നുള്ള ഒരു ഒഴിവും സർവ്വീസസ് -ഇ വകുപ്പിൽ നിന്നുള്ള 36 ഒഴിവുകളും സർവ്വീസസ് -എച്ച് വകുപ്പിൽ നിന്നുള്ള 7 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർവ്വീസസ്-എ വകുപ്പിൽ നിന്ന് അസിസ്റ്റന്റ് തസ്തികയിൽ 50 ഒഴിവുകളും രണ്ട് എൻ.ജെ.ഡി. ഒഴിവുകളും സർവ്വീസസ് -സി വകുപ്പിൽ നിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 31 ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുഭരണ വകുപ്പിന് കീഴിലെ സ്പെഷ്യൽ-ബി വകുപ്പിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (നോൺ സെക്രട്ടേറിയറ്റ്) തസ്തികയിൽ ഒരാൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. സർവ്വീസസ്-ഇ വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയിൽ 9 പേർക്കും സർവ്വീസസ്-സി വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത ഓഫീസ് അറ്റൻഡന്റിന്റെ ഒഴിവുകളിൽ പത്തോളം പേർക്കും നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. സർവ്വീസസ് -എച്ച് വകുപ്പിൽനിന്നും റിപ്പോർട്ട് ചെയ്ത സെക്യൂരിറ്റി ഗാർഡ് തസ്തികയിലെ ഒഴിവുകൾക്ക് നിയമന ശിപാർശ ഇതുവരെയും ലഭിച്ചിട്ടില്ല.

മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഡി) പൊതുഭരണ വകുപ്പിൽ നിന്നുള്ള ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. യിലെ സർവ്വീസ് ചട്ടങ്ങളുടെ ലംഘനം

**45 (3551)** ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലിചെയ്തുവരുന്ന പതിമൂന്ന് ഓഫീസർമാർക്ക് മുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു സെക്ഷൻ ഓഫീസറെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഏതെങ്കിലും കേസ് നിലവിലുണ്ടോ ; ബന്ധപ്പെട്ട ജഡ്ജ്മെന്റ് കോപ്പികൾ ലഭ്യമാക്കുമോ ;

(സി) പി.എസ്.സി. യിലെ സർവ്വീസ് ചട്ടങ്ങളുടെ ലംഘനം തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദീർഘകാല അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച് ഒരു വർഷം പൂർത്തീകരിക്കാത്ത ഒരു വ്യക്തിയെ DPC ചേർന്ന സമയത്ത് സ്ഥാനക്കയറ്റത്തിന് പരിഗണിച്ചിരുന്നില്ല. എന്നാൽ ഒരു വർഷം പൂർത്തീകരിക്കവേ 31-1-2013-ൽ, നിലവിൽ വന്ന ഒഴിവിലേയ്ക്ക് പരിഗണിക്കണമെന്ന പരാതി പരിഗണിച്ച് നിലവിലുള്ള നിയമപ്രകാരം DPC കൂടി സീനിയോറിറ്റി 1-2-13 മുതൽ പുനഃനിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് OA (EKM) 121/15, OA 1711/15 എന്നീ കേസുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ നിലവിലുണ്ട്. അതിൽ OA 121/15 കേസിൽ വിധി ആയിട്ടുണ്ട്. വിധിപ്പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി) നിലവിലെ സർവ്വീസ് ചട്ടങ്ങൾ പാലിച്ചാണ് പി.എസ്.സി. നടപടികൾ സ്വീകരിക്കുന്നത്.

## പി.എസ്.സി. നിയമനവും റിസർവേഷൻ മാനദണ്ഡങ്ങളും

**46 (3552)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുമ്പോൾ നിലവിലുള്ള റിസർവേഷൻ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ ;

(ബി) എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും (പത്തനംതിട്ട ജില്ല) കാറ്റഗറി നമ്പർ 205/09-ൽ ഏതെല്ലാം റൊട്ടേഷൻ പോയിന്റുകളിലാണ് ധീവര വിഭാഗത്തിലുള്ളവർ വന്നിട്ടുള്ളതെന്നും അവരിൽ എത്ര പേരുടെ നിയമനങ്ങൾ നടന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് (തിരുവനന്തപുരം ജില്ല) ധീവര വിഭാഗത്തിൽനിന്നും എത്ര പേരെ നിയമിച്ചുവെന്നും അത് ഏതെല്ലാം റൊട്ടേഷനിൽ നിന്നാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുമ്പോൾ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നു എന്ന് പി.എസ്.സി. ഉറപ്പുവരുത്തുന്നുണ്ട്. ഇതു കൂടാതെ പാകപ്പിഴകൾ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ എന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിൽ LD Typist തസ്തികയിൽ നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും ധീവര വിഭാഗത്തിന്റെ ടേണിൽ രണ്ട് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. റൊട്ടേഷൻ ചാർട്ടിലെ 50-ാം ഊഴം ആണ് ധീവര വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത്.

(സി) തിരുവനന്തപുരം ജില്ലയിൽ 17-05-2012 ന് നിലവിൽ വന്ന LD Typist തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും ധീവര വിഭാഗത്തിലെ 4 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. റൊട്ടേഷൻ ചാർട്ടിലെ 50-ാം ഊഴം ആണ് ധീവര വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത്.

## പി.എസ്.സി. സെക്രട്ടറി പദത്തിൽനിന്നും ശ്രീ. സാജു ജോർജിനെ പുറത്താക്കാൻ നീക്കം

**47 (3553)** <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. സെക്രട്ടറി പദത്തിലെത്തിയ പട്ടികവർഗ്ഗക്കാരനായ ശ്രീ. സാജു ജോർജിനെ പ്രസ്തുത സ്ഥാനത്തുനിന്ന് പുറത്താക്കുന്നതിന് നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ശ്രീ. സാജു ജോർജിനെ സെക്രട്ടറി പദത്തിലേക്ക് പി.എസ്.സി. നിർദ്ദേശിച്ചതു മുതൽ ഇതുവരെയുള്ള നടപടിക്രമങ്ങൾ തീയതി ക്രമത്തിൽ വ്യക്തമാക്കുമോ ;

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ സർവീസിലെത്തി 18 വർഷം സേവനം പൂർത്തീകരിച്ച് പി.എസ്.സി. സെക്രട്ടറി ആകാൻ യോഗ്യനെന്ന് കണ്ടെത്തിയതിന് ശേഷം ശ്രീ. സാജു ജോർജിനെതിരെ വ്യാജ പരാതി സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) സർവീസ് കാര്യങ്ങൾ ശത്രുതാ മനോഭാവത്തോടെയാണ് പി.എസ്.സി കൈകാര്യം ചെയ്യുന്നത് എന്നത് ഗൗരവമായി കാണുമോ; ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ;

(ഇ) ശ്രീ. സാജു ജോർജിന്റെ റിക്രൂട്ട്മെന്റ് ഫയൽ മുക്കിയത് സംബന്ധിച്ച് അദ്ദേഹം ആവശ്യപ്പെട്ട പോലീസ് വിജിലൻസ് എൻക്വയറി നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ ഫിംഗർ പ്രിന്റ് ഉൾപ്പെടെയുള്ള ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദമാക്കുമോ;

(എഫ്) ശ്രീ. സാജു ജോർജിനെപ്പോലെ പ്രാഗത്ഭ്യം തെളിയിച്ച ഒരു ഉദ്യോഗസ്ഥനെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കാൻ എന്ത് നപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ജി) പി.എസ്.സി യിലെ അഡ്മിനിസ്ട്രേറ്റീവ് ഹെഡ് ആയ സാജു ജോർജിനെ മറികടന്ന് എത്ര ഫയലുകൾക്ക് തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അത്തരം ഫയലുകൾക്ക് നിയമ സാധുതയുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ പെരുമാറിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശ്രീ. സാജു ജോർജിനെ സെക്രട്ടറിയായി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ 2-12-2014-ന് അന്നത്തെ പി.എസ്.സി. സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. ടി പ്രൊപ്പോസലിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട്

4-12-2014-ൽ ഈ വകുപ്പിൽ നിന്നും പി.എസ്.സി. സെക്രട്ടറിക്ക് കത്തയയ്ക്കുകയും തുടർന്ന് 7-1-2015-ൽ അധിക വിവരങ്ങൾ സെക്രട്ടറി ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് 28-1-2015-ലെ മന്ത്രിസഭാ യോഗം ശ്രീ. സാജു ജോർജിനെ കെ.പി.എസ്.സി. സെക്രട്ടറിയായി നിയമിക്കുന്നത് അംഗീകരിക്കുകയും ടി വിവരം ഗവർണ്ണറെ അറിയിക്കുകയും ചെയ്തു. തുടർന്ന് ഗവർണ്ണർ അഭിപ്രായപ്പെട്ടതനുസരിച്ച് ശ്രീ. സാജു ജോർജ് 1995-ൽ അപേക്ഷ സമർപ്പിച്ച സമയത്ത് ജാതി സർട്ടിഫിക്കറ്റ് സമർപ്പിച്ചിരുന്നോ എന്നതുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ഇത് സംബന്ധിച്ച വിവരങ്ങൾ സഹിതം ഗവർണ്ണർക്ക് ഫയൽ 19-3-2015-ൽ സമർപ്പിക്കുകയും ചെയ്തു. 1996-ലെ ആക്ട് II പ്രകാരമുള്ള സ്ക്രൂട്ടിനി കമ്മിറ്റിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി ശ്രീ. സാജു ജോർജിനെ കെ.പി.എസ്.സി. സെക്രട്ടറിയായി നിയമിക്കുന്നതിനുള്ള മന്ത്രിസഭാ യോഗ തീരുമാനം 8-4-2015-ൽ ഗവർണ്ണർ അംഗീകരിക്കുകയും 13-4-2015-ലെ G.O. (Ms)No.109/15/GAD ഉത്തരവ് പ്രകാരം ശ്രീ. സാജു ജോർജിനെ കെ.പി.എസ്.സി. സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. സ്ക്രൂട്ടിനി കമ്മിറ്റിയുടെ 28-3-2015-ലെ പ്രൊസീഡിങ്സിന്റെ അടിസ്ഥാനത്തിൻ മേൽ 19-11-2015-ലെ സർക്കാർ ഉത്തരവ് G.O. (Ms)No.293/15/GAD പ്രകാരം പുതുക്കി ഉത്തരവായിട്ടുണ്ട്.

(സി-ജി) വിവരം ശേഖരിച്ചു വരുന്നു.

## പി.എസ്.സി. പരീക്ഷകളിൽ മലയാളം

**48 (3554)** <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന പ്രധാന പരീക്ഷകളിൽ മലയാളം ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റ്/ലോക്കൽ ഫണ്ട് ആഡിറ്റ് പരീക്ഷകളിൽ നിന്നും മലയാളം ഒഴിവാക്കിയ നടപടിക്കെതിരെ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കുമോ;

(സി) ഭരണഭാഷ മലയാളം ആയതിനാൽ ഇത്തരം പരീക്ഷകളിൽ മലയാളം അടക്കമുള്ള വിഷയങ്ങളിൽ ഒരു രണ്ടാംഘട്ട വിവരണാത്മക പരീക്ഷകൂടി നടത്തുവാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. കേരളസർക്കാർ എല്ലാ മേഖലകളിലും പൂർണ്ണമായും ഭരണഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, ലോക്കൽഫണ്ട് ആഡിറ്റ് പരീക്ഷയുടെ സിലബസിൽ നിന്നും മലയാളത്തെ ഒഴിവാക്കിയത് സംബന്ധിച്ച അഭിപ്രായം സർക്കാരിൽ ലഭ്യമാക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടപ്പോൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. " ഭരണഭാഷയായ മലയാളം ഉൾപ്പെടുത്തി ബിരുദ നിലവാരത്തിലുള്ള പരീക്ഷ മുൻപ് നടത്തുവാൻ ശ്രമിച്ചപ്പോൾ ചില രാഷ്ട്രീയ കക്ഷികളുടെ എതിർപ്പ് ഉണ്ടാകുകയും, കാസർഗോഡ് ജില്ലയിലെ പരീക്ഷ തടസ്സപ്പെടുത്തുകയും ചെയ്തു. അതിനെ തുടർന്ന് ടി ജില്ലയിൽ തമിഴ്/കന്നട ഭാഷയിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി പുന:പരീക്ഷ നടത്തേണ്ടതായി വന്നു. ഇത്തരത്തിൽ മലയാളം/തമിഴ്/കന്നട ഭാഷയിൽ വ്യത്യസ്തമായ ചോദ്യങ്ങൾ നൽകുമ്പോൾ മലയാളത്തെ അപേക്ഷിച്ച് തമിഴ്/കന്നട ചോദ്യങ്ങൾ വളരെ എളുപ്പമാകയാൽ ഭാഷാ ന്യൂനപക്ഷ വിഭാഗക്കാർക്ക് അനുകൂലമായ അവസ്ഥ ഉണ്ടാകുന്നു എന്ന പരാതിയും ഉണ്ടായിരുന്നു.

ഇത് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചതിനുശേഷമാണ് മലയാള ഭാഷാ ചോദ്യങ്ങൾക്ക് പകരം " Social welfare programmes and legislations എന്ന വിഭാഗത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തുവാൻ ബഹു. കമ്മീഷൻ തീരുമാനിച്ചിരിക്കുന്നത്."

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പി.എസ്.സി.-യിലെ ബൈട്രാൻസ്ഫർ നിയമനം**

**49 (3555)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ തന്നെ ഏറ്റവും വിശ്വാസയോഗ്യമായ കേരള പി.എസ്.സി. അടുത്തകാലത്തായി ജീവനക്കാർക്കെതിരെ ചട്ടവിരുദ്ധമായ തീരുമാനങ്ങൾ എടുക്കുന്നതും, പരീക്ഷ നടത്തിപ്പ് സംബന്ധിച്ച ക്രമക്കേടുകളുടെ വിവരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?എങ്കിൽ അത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 2005-ൽ 2 ശതമാനവും 2010-ൽ 4

ശതമാനവും ആണ് അസിസ്റ്റന്റായി പ്രൊമോഷൻ നൽകിയത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി നോട്ട് എഴുതി കമ്മീഷനെ തെറ്റിധരിപ്പിച്ച് തീരുമാനം എടുപ്പിച്ചതുമൂലം 2011 ഫെബ്രുവരിയിൽ പി.എസ്.സി. യിൽ ഒരു ഉദ്യോഗസ്ഥന്, ഈ വിഭാഗം ജീവനക്കാർക്ക് ലഭിച്ചിരുന്ന ബൈടാൻസ്ഫർ പ്രൊമോഷൻ കഴിഞ്ഞ മൂന്ന് വർഷമായി 125 അസ്സിസ്റ്റന്റ് ഒഴിവുവന്നിട്ടും ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥനെ മാതൃകാപരമായി ശിക്ഷിക്കുകയും സർക്കാർ നിശ്ചയിച്ച ശതമാനത്തിൽ ടി പ്രൊമോഷൻ നല്കുകയും ചെയ്യുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) അസിസ്റ്റന്റ് തസ്തികയിലേക്ക് താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി പ്രത്യേക ക്വാട്ട അനുവദിച്ചുകൊണ്ട് നിലവിലുള്ള 17-5-2010-ലെ സർക്കാർ ഉത്തരവ് G.O.(MS)No.196/10/GAD പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിന്റെ 4% മാണ് തസ്തികമാറ്റം വഴി താഴ്ന്ന ശമ്പള വിഭാഗക്കാർക്ക് നൽകുന്നത് പി.എസ്.സി. യിലെ അസിസ്റ്റന്റ് സ്ട്രെങ്ത് ആയ 227 ന്റെ 4% ആയ 9 പേർക്ക് 2010-ലെ സർക്കാർ ഉത്തരവിന് ശേഷം താഴ്ന്ന ശമ്പള വിഭാഗത്തിൽനിന്നും തസ്തിക മാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്. ഇതിൽ ഉദ്യോഗസ്ഥക്കയറ്റം, വിടുതൽ, വിരമിക്കൽ എന്നിവമൂലം പ്രാതിനിധ്യത്തിൽ കുറവ് വരുന്നമുറയ്ക്ക് തുടർ നിയമനം നൽകുന്നതാണ്. നിലവിലെ സർക്കാർ ഉത്തരവിന് വിരുദ്ധമായി നിയമനങ്ങൾ നടന്നിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ നിയമനം**

**50 (3556)** <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ ഒഴിവുകളുടെ എണ്ണം എത്രയാണെന്നും മുഴുവൻ ഒഴിവുകളിലേക്കും അഡ്വൈസ് അയച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങളും വിശദമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികളുടെ പ്രായം അധികരിച്ചത് പരിഗണിച്ച് അടിയന്തരമായി ഇവർക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുന്നതിന് നടപടികൾ

സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽനിന്ന് ഡ്രൈവർമാരുടെ 101 എൻ.ജെ.ഡി. ഒഴിവുകൾ 24-9-2013-ലും, 285 പുതിയ ഒഴിവുകൾ 1-9-2014-ലും, ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം 2455 ഒഴിവുകൾ 6-8-2015-ലും കേരള പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. യിലെ റിസർവ് ഡ്രൈവർ തസ്തികയ്ക്കായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് 26-2-2013-ൽ തയ്യാറാക്കിയ 3974 ഒഴിവുകളിലേക്കുള്ള റൊട്ടേഷൻ റാങ്ക് ലിസ്റ്റിലെ മാറ്റങ്ങൾക്കനുസരിച്ച് റിവൈസ് ചെയ്ത് ശരിയായ എൻ.ജെ.ഡി. ടേണുകൾ കണ്ടെത്തിയശേഷം നിയമന ശിപാർശ തുടർന്നാൽ മതിയെന്നുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉത്തരവനുസരിച്ച് 3974 ഒഴിവുകളിലേക്ക് മുൻപ് തയ്യാറാക്കിയ റൊട്ടേഷൻ റിവൈസ് ചെയ്ത് 3-10-2015-ൽ അംഗീകരിക്കുകയും ആയതിന്റെ നിയമന ശിപാർശ പരിശോധന 12-11-2015-ൽ പൂർത്തിയാക്കുകയും ചെയ്തു. റിവൈസ്ഡ് റൊട്ടേഷൻ പ്രകാരം ശരിയായ എൻ.ജെ.ഡി. ടേണുകളിൽ പകരക്കാരെ ടി 101 എൻ.ജെ.ഡി. ഒഴിവുകളിലേക്കും 285 പുതിയ ഒഴിവുകളിലേക്കും നിയമന ശിപാർശ തയ്യാറാക്കുന്ന ജോലികൾ അന്തിമഘട്ടത്തിലാണ്.

ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട 2455 ഒഴിവുകളിലേക്ക് തുടർ ഉത്തരവ് വരുന്നതുവരെ നിയമന ശിപാർശ ചെയ്യരുതെന്ന് ബഹു. കോടതിയുടെ നിർദ്ദേശമുണ്ട്.

നിലവിലുള്ള ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ

**51 (3558)** ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക്

അസിസ്റ്റന്റ് തസ്തികയിലേക്ക് 4% ആയി സംവരണം ഉയർത്തിയപ്പോൾ, നിലവിൽ സർക്കാർ ഉത്തരവിൽ പറയുംപ്രകാരം 4% ടേൺ നിശ്ചയിച്ച നൽകിവന്നിരുന്നത് അട്ടിമറിച്ച്, സർക്കാർ ഉത്തരവിലോ ഇതു സംബന്ധിച്ച സ്പെഷ്യൽ റൂളിലോ പറയാത്ത കേഡർ സ്ട്രെങ്ത് അനുസരിച്ച് ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിന് പ്രൊമോഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) 2012-ൽ ഒരു ലാസ്റ്റ് ഗ്രേഡുകാരനെ അസിസ്റ്റന്റായി പ്രൊമോട്ട് ചെയ്തതിനുശേഷം കഴിഞ്ഞ മൂന്ന് വർഷമായി ഒരു ലോ പെയ്ഡ് സ്റ്റാഫിനെയും പ്രൊമോട്ട് ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) 2006 മുതൽ 2011 ജനുവരി വരെ പി.എസ്.സി.യിൽ നിയമാനുസൃതം നടത്തിവന്നിരുന്ന ഈ പ്രൊമോഷൻ ടേൺ നിശ്ചയിച്ച് ശതമാനക്കണക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലുള്ള സർക്കാർ ഉത്തരവ് G.O.(Ms) No.196/2010/GAD dated 17/10/2010 പ്രകാരം താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് സ്ട്രെങ്തിന്റെ 4% quota യാണ് അനുവദിച്ചിട്ടുള്ളത്. അതുപ്രകാരം അസിസ്റ്റന്റ് സ്ട്രെങ്തിന്റെ 4%മാണ് തസ്തികമാറ്റം വഴി താഴ്ന്ന ശമ്പള വിഭാഗക്കാർക്ക് നൽകുന്നത്. പി.എസ്.സി.യിലെ അസിസ്റ്റന്റ് സ്ട്രെങ്ത് ആയ 227 ന്റെ 4% ആയ 9 പേർക്ക് നിയമനം നൽകി വരുന്നു. ഇതിൽ ഉദ്യോഗക്കയറ്റം, വിടുതൽ, വിരമിക്കൽ എന്നിവമൂലം എണ്ണത്തിൽ കുറവ് വരുമ്പോൾ തസ്തികമാറ്റം നൽകി അനുവദനീയമായ എണ്ണം നിലനിർത്തുന്നുണ്ട്.

(സി) നിലവിൽ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി അസിസ്റ്റന്റ് കേഡർ സ്ട്രെങ്തിന്റെ 4% തസ്തികമാറ്റം വഴി നിയമനം നൽകിവരുന്നുണ്ട്.

**ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിതരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി**

**52 (3559)** <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിതരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സ്വന്തം ജില്ലയിലേക്ക് (പി.എസ്.സി. ഓപ്റ്റ് ചെയ്ത ജില്ല) അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുമ്പോൾ ജില്ലയിലെ വകുപ്പിൽ പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി ഏത് തീയതി മുതലാണ് കണക്കാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ജില്ലാതല ഓഫീസുകൾ ഉള്ള വകുപ്പിലെയും ജില്ലാതല ഓഫീസുകൾ ഇല്ലാത്ത വകുപ്പിലെയും ജീവനക്കാരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് ഏത് ഉത്തരവുകൾ പ്രകാരമാണെന്ന് വിശദമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള ചട്ടപ്രകാരം പി.എസ്.സി. മുഖേന ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അവർ Opt ചെയ്ത ജില്ലയിലേയ്ക്ക് അന്തർ ജില്ല/അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുമ്പോൾ അവരുടെ PSC advice സീനിയോറിറ്റി സംരക്ഷിച്ച് ലഭിക്കുന്നതാണ്. ഈ വ്യവസ്ഥയ്ക്ക് 21/1/2002 മുതൽ പ്രാബല്യമുണ്ട്.

(ബി) ജില്ലാതല ഓഫീസുകൾ ഉള്ള വകുപ്പിലെ Head Quarters ഒഴിവിൽ നിയമിതരാകുന്ന ജീവനക്കാർക്ക് അവർ Opt ചെയ്ത ജില്ലയിൽ അന്തർ ജില്ല സ്ഥലംമാറ്റം ലഭിക്കുമ്പോൾ സീനിയോറിറ്റി നിശ്ചയിക്കുന്നത് 21/1/2002-ലെ G.O. (P) No.1/2002/P&ARD ഉത്തരവ് പ്രകാരവും ജില്ലാതല ഓഫീസുകൾ ഇല്ലാത്ത വകുപ്പുകളിൽ Head Quarters ഒഴിവിൽ നിയമിതരാകുന്നവർക്ക് അവരുടെ Opted ജില്ലയിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുമ്പോൾ സീനിയോറിറ്റി നിശ്ചയിക്കുന്നത് 4-3-2010-ലെ G.O. (P) No.5/2010/P&ARD ഉത്തരവ് പ്രകാരവുമാണ്. ഈ ഉത്തരവിന് 21/1/2002 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

(ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

**എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഒഴിവുകൾ**

* അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**53 (3560)** ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**വനിതാ എക്സൈസ് ഗാർഡുമാരുടെ റാങ്ക് ലിസ്റ്റ്**

**54 (3561)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ എക്സൈസ് ഗാർഡുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് ഇ - 2116, 73618/എക്സ്പെ..എ./2015/ഫിൻ. എന്നീ ഫയലുകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) പ്രസ്തുത ഫയലിൽ മേൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിയമനം എന്നത്തേക്ക് നൽകാൻ കഴിയും എന്നറിയിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള വിമൺ സിവിൽ എക്സൈസ് ഓഫീസർമാരുടെ (വനിതാ എക്സൈസ് ഗാർഡ്) റാങ്ക് ലിസ്റ്റിൽ നിന്നും 14 പേർക്ക് വിവിധ ജില്ലകളിലായി

നിയമനം നൽകിയിട്ടുണ്ട്.

(ബി) നിയമനം നിർത്തിവയ്ക്കുവാനുള്ള ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് നിയമന ശിപാർശയ്ക്കുള്ള അപേക്ഷ പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിവരുന്നുണ്ട്.

(സി &ഡി) 70 തസ്തിക സൃഷ്ടിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് ബ്രാഞ്ചുമാനേജർ നിയമനം**

**55 (3563)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലേക്ക് ബ്രാഞ്ച് മാനേജർ തസ്തികകളിൽ കാറ്റഗറി നമ്പർ 433/2009, കാറ്റഗറി നമ്പർ 434/2009 എന്നിവ പ്രകാരം പി.എസ്.സി. വെരിഫിക്കേഷൻ അനുസരിച്ചുള്ള പരീക്ഷയും ഇന്റർവ്യൂവും നടത്തിയത് ഏതെല്ലാം ദിവസങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണെന്നും അതിൽ നിന്നും ഇതുവരെ എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഒഴിവുകൾ റാങ്ക്ലിസ്റ്റിൽ നിന്നും നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ചുമാനേജർ (Cat No.433/2009,434/2009) തസ്തികയുടെ OMR പരീക്ഷ നടന്നത് 29-9-2012 ന് ആണ്. ടി തസ്തികയുടെ ഇന്റർവ്യൂ 8-10-2014, 9-10-2014, 10-10-2014, 15-10-2014, 16-10-2014, 17-10-2014, 23-10-2014, 24-10-2014, 29-10-2014, 30-10-2014 എന്നീ തീയതികളിൽ ആണ് നടന്നത്.

(ബി & സി) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ചുമാനേജർ തസ്തികയുടെ റാങ്ക് ലിസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചതിന്റെ വിശദാംശങ്ങൾ* അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഈ തസ്തികയിൽ നിന്നും നിയമനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. ടി തസ്തികയുടെ നിയമനവുമായി ബന്ധപ്പെട്ട് ഏതാനും ഉദ്യോഗാർത്ഥികൾ ബഹു.സുപ്രീംകോടതിയിൽ SLP ഫയൽ ചെയ്തതിനെത്തുടർന്ന് 31 ഒഴിവുകൾ മാറ്റിവയ്ക്കാൻ ഇടക്കാല ഉത്തരവിലൂടെ ആവശ്യപ്പെട്ടിരുന്നു. ടി തസ്തികയുടെ നിയമനം ജില്ലാടിസ്ഥാനത്തിൽ ആയതിനാലും മേൽപ്പറഞ്ഞ ഒഴിവുകൾ ഏതൊക്കെ ജില്ലകളിൽ എത്രവീതമാണ് മാറ്റിവയ്ക്കേണ്ടത് എന്നത് സംബന്ധിച്ച് ബഹു. സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിൽ വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിലുമാണ് നിയമന ശിപാർശ നൽകാൻ കഴിയാത്തത്. ഇത് സംബന്ധിച്ച വ്യക്തതയ്ക്കായി പി.എസ്.സി. ബഹു. സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. ടി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് നിയമന ശിപാർശ നടപടികൾ ആരംഭിക്കുന്നതാണ്.

### വയനാട് ജില്ലാ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റ്

**56 (3564)** <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റിൽ നിന്നും നിയമനം ഏതുവരെയായി എന്ന് അറിയിക്കുമോ ;

(ബി) വയനാട് ജില്ലാ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേലധികാരികൾക്ക് സർക്കാർ കത്ത് നൽകുകയുണ്ടായോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) എല്ലാ വകുപ്പുകളും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായോ; ഇല്ലെങ്കിൽ ഏതൊക്കെ വകുപ്പുകളാണ് വീഴ്ചവരുത്തിയതെന്നും വീഴ്ചവരുത്തിയ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(ഡി) 2016 മാർച്ച് 30 ആകുമ്പോഴേക്കും എത്ര പ്രതീക്ഷിത ഒഴിവുകളിൽ നിയമനം നടത്താൻ സാധിക്കും എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിലെ എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും 26-11-2015 വരെ 73 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ബി) സർക്കാർ വകുപ്പുകളിൽ വിവിധ തസ്തികകളിൽ 2016 കലണ്ടർ വർഷം ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും സർക്കുലർ മുഖേന സർക്കാർ

കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേധാവികൾക്ക് പ്രത്യേകമായി സർക്കാർ കത്ത് നൽകിയിട്ടില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) 1-3-2016-ന് നിലവിൽ വരുന്ന ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യഥാർത്ഥ ഒഴിവ് വരുമ്പോൾ പ്രസ്തുത ഒഴിവിൽ നിയമന ശിപാർശ നൽകുന്നതാണ്. പ്രതീക്ഷിത ഒഴിവുകളിൽ നിയമനം നടത്താറില്ല. ഒഴിവുകൾ നിലവിൽ വരുമ്പോൾ പി.എസ്.സി. നിയമന ശിപാർശ നൽകി ബന്ധപ്പെട്ട വകുപ്പുകൾ ടി ഒഴിവുകളിൽ നിയമനം നടത്താറുണ്ട്.

**ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം**

**57 (3565)** ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്ര; പ്രസ്തുത റിപ്പോർട്ട് പി.എസ്.സി.-ക്ക് ലഭിച്ചത് എന്നാണെന്നും ആയതിൽ റൊട്ടേഷൻ പ്രകാരം എത്രയെണ്ണം ലിസ്റ്റ് ബി-യിലുള്ളവർക്ക് അർഹതയുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ബഹു. കെ.എ.ടി. വിധി പ്രകാരം പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന്റെ റാങ്ക് പട്ടിക പുന:ക്രമീകരിച്ചിരുന്നുവോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റാങ്ക് പട്ടികയിലെ ലിസ്റ്റ്- എ യിൽ നിന്നും നിയമന ശിപാർശ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റാങ്ക് പട്ടികയിലെ ലിസ്റ്റ് -എ യിൽ നിന്നും നിയമന ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; പി.എസ്.സി.-ക്ക് നേരിട്ട് പരിഹരിക്കാവുന്ന പ്രശ്നങ്ങൾക്ക് യഥാസമയം നടപടി ഉണ്ടാകാത്തത് കാരണം നിയമന ശിപാർശകൾ വൈകുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമന ശിപാർശകളിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഇ) നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം - 8, ഇതിൽ 7 ഒഴിവുകൾ 6-2-2012-ലും ഒരൊഴിവ് 18-1-2015-ലുമാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ലിസ്റ്റ് 'ബി' യിലുള്ളവരുടെ അർഹത സംബന്ധിച്ചും മറ്റുവിവരങ്ങളും പി.എസ്.സി.-യിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

**റാങ്ക് ലിസ്റ്റുകളിലെ അപാകത**

**58 (3566)** <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷമായി എഴുത്തു പരീക്ഷ ഒഴിവാക്കി അഭിമുഖം മാത്രം നടത്തി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളെക്കുറിച്ച് വ്യാപകമായ പരാതി ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച് പോലീസ് വിജിലൻസ്സിനെ കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ വന്നിട്ടും ഉദ്യോഗാർത്ഥികൾ വളരെ കുറവായ തസ്തികകളിലെ പരീക്ഷ ഒഴിവാക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റുകളെക്കുറിച്ചുള്ള പരാതികളുടെ എണ്ണം എത്രയെന്നും അത്തരം പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിലെങ്ങും ഇല്ലാത്ത പരാതികളും ക്രമക്കേടുകളും കൂടുന്നത് പി.എസ്.സി.-യെപ്പോലെ വിശ്വാസമർപ്പിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളെയും രക്ഷിതാക്കളെയും ആശങ്കയിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ സമർപ്പിക്കുന്ന തസ്തികകളിൽ ഏത് തരത്തിലുള്ള നിയമന രീതിയാണ് സ്വീകരിക്കേണ്ടത് എന്നത് കമ്മീഷന്റെ വിവേചനാധികാരമാണ്. ഓരോ തസ്തികയിലും ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണം അനുസരിച്ച് കമ്മീഷൻ ഉചിതമെന്ന് കണ്ടെത്തുന്ന നിയമന നടപടി കൈക്കൊള്ളുന്നു.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭരണഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ച നടപടി**

**59 (3567)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പുകളിലും എത്ര ശതമാനം ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) കോടതി ഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കോടതിഭാഷയും ഭരണഭാഷയും പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓരോ വകുപ്പുകളിലും മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ശതമാന കണക്ക് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. *

(ബി&സി) കോടതിഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(i) 19/12/2013-ലെ സർക്കാർ ഉത്തരവ് നമ്പർ 223/2013/നിയമം അനുസരിച്ച് ഒരു ഔദ്യോഗികഭാഷ ഉന്നതതല സമിതി രൂപീകരിക്കുകയും ഇതിന്റെ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചുള്ള തുടർനടപടികൾ ആഭ്യന്തര വകുപ്പും നിയമ വകുപ്പും സ്വീകരിച്ച് വരികയുമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ii) ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീംകോടതി കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നിയമ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

(iii) കീഴ് കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്വെയർ സ്ഥാപിക്കുന്നതിനും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(iv) നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. ഇതിനുപുറമേ പ്രധാനപ്പെട്ട കേന്ദ്ര ആക്ടുകളും സംസ്ഥാന ആക്ടുകളും അവയുടെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി ആയത് യഥേഷ്ടം വിപണിയിൽ ലഭ്യമാക്കുന്നതിനും നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**ഇടുക്കി ജില്ലയിലെ എൽ.ഡി.സി. നിയമനം**

**60 (3568)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് പുതിയതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; പ്രസ്തുത ഒഴിവുകൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് പട്ടികയിൽ നിന്നും 64 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 10-12-2015-ന് പോലീസ് വകുപ്പിൽ നിന്നും ഒരു നോൺ ജോയിനിംഗ് ഡ്യൂട്ടി (എൻ.ജെ.ഡി.) ഒഴിവ് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മെയിൽ വാർഡൻ നിയമനം**

**61 (3569)** ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മെയിൽ വാർഡൻ (കാറ്റഗറി. നം.286/2013) ലിസ്റ്റിൽ ഉൾപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മെയിൽ വാർഡൻ (കാറ്റഗറി നമ്പർ 286/13) ലിസ്റ്റിൽ നിന്നും കണ്ണൂർ ജില്ലാ പി.എസ്.സി. 3 ഘട്ടമായി 67 പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. ഇതിൽ എല്ലാപേർക്കും നിയമന ഉത്തരവ് നൽകുകയും 57 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 71 ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

**സേവനാവകാശ നിയമം**

**62 (3570)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത നിയമ പ്രകാരം എത്ര ദിവസങ്ങൾക്കുള്ളിലാണ് സേവനം നൽകേണ്ടത്;

(സി) നിശ്ചിത സമയത്തിനുള്ളിൽ സേവനം നൽകിയില്ലെങ്കിൽ ശിക്ഷാ നടപടികൾ എന്തൊക്കെയാണ്;

(ഡി) നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം ലഭിച്ചില്ല എന്ന പരാതിയിന്മേൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ നിയമം 121 വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ

നടപ്പിലാക്കിയിട്ടുണ്ട് അവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) കേരള സംസ്ഥാന സേവനാവകാശ നിയമം 2012 പ്രകാരം നിയുക്ത ഉദ്യോഗസ്ഥൻ സേവനം പ്രദാനം ചെയ്യുന്നതിനോ അല്ലെങ്കിൽ അത്തരം സേവനത്തിനുള്ള ഒരു അപേക്ഷ തീർപ്പാക്കുന്നതിനോ ടി നിയമം 3-ാം വകുപ്പ് പ്രകാരം അതാതു വകുപ്പുകൾ/സ്ഥാപനങ്ങൾ പ്രത്യേകം വിജ്ഞാപനം ചെയ്യപ്പെടേണ്ടതും, പ്രസ്തുത വിജ്ഞാപനത്തിൽ നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

(സി) നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ അഞ്ഞൂറുരൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്.

നിയുക്ത ഉദ്യോഗസ്ഥൻ സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് ഇരുന്നൂറ്റി അമ്പത് രൂപാ നിരക്കിൽ, അതിന്റെ ആകെ തുക അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്:

എന്നാൽ, അത്തരം ഒരു ശിക്ഷ ചുമത്തുന്നതിനുമുമ്പ് നിയുക്ത ഉദ്യോഗസ്ഥന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

മതിയായതോ യുക്തിസഹമോ ആയ കാരണമില്ലാതെ 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീലിൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്നപക്ഷം, അദ്ദേഹത്തിന്, രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, ഒന്നാം അപ്പീൽ അധികാരിക്കുമേൽ അഞ്ഞൂറുരൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പിഴ ചുമത്താവുന്നതാണ്.

എന്നാൽ, അത്തരം ഒരു ശിക്ഷ ചുമത്തുന്നതിനുമുമ്പ് ഒന്നാം അപ്പീൽ അധികാരിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ ആക്റ്റ് പ്രകാരം അദ്ദേഹത്തിന് ഏല്പിച്ചു കൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യമായി എങ്കിൽ, അയാൾക്കെതിരെ, അയാൾക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യാവുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## താല്ക്കാലിക ജീവനക്കാർ

**63 (3571)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും വിവിധ വകുപ്പുകളിലേയ്ക്ക് എത്ര പേരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്ന് വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും താല്ക്കാലിക നിയമനം ലഭിച്ച എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുഭരണ വകുപ്പിൽ വിവിധ തസ്തികകളിലായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

താൽക്കാലിക തസ്തികകളിൽ നിശ്ചിത കാലയളവിലേയ്ക്കാണ് നിയമനം നൽകുന്നത്. കാലാവധി തീരുന്നമുറയ്ക്ക് കരാർ പുതുക്കുകയോ പുതിയ ആൾക്കാരെ നിയമിക്കുകയോ ആണ് ചെയ്യുന്നത്. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പൊതുഭരണ വകുപ്പിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച 7 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ**

**64 (3572)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-8-2015-ൽ പി &എ.ആർ.ഡി. പുറപ്പെടുവിച്ച സർക്കുലർ നമ്പർ 8983/Adv-C3/2015/പി &എ.ആർ.ഡി. പ്രകാരം തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള എത്ര ഒഴിവുകളാണ് വിവിധ ഡിപ്പാർട്ടുമെന്റുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(ബി) സർക്കുലർ നമ്പർ 10336/Adv/സി3/2014/പി &എ.ആർ.ഡി. തീയതി 23-7-2014 പ്രകാരം 2015 ഡിസംബർ 31 വരെയുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) 17/8/2015-ൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് പുറപ്പെടുവിച്ച 8983/Advc3/2015/P&ARD നമ്പർ സർക്കുലർ പ്രകാരം തിരുവനന്തപുരം ജില്ലയിൽ LDC തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രതീക്ഷിത ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വകുപ്പ് | ഒഴിവുകളുടെ എണ്ണം | നിലവിൽ വരുന്ന തീയതി |
|---|---|---|
| ആയുർവേദ കോളേജ് | 1 | 1-1-16 |
| ജുഡീഷ്യറി(സിവിൽ) | 1 | 1-3-16 |
| ജുഡീഷ്യറി(ക്രിമിനൽ) | 1 | 1-5-16 |
| ജുഡീഷ്യറി(സിവിൽ) | 1 | 1-5-16 |
| ജുഡീഷ്യറി(സിവിൽ) | 2 | 1-6-16 |

| | | |
|---|---|---|
| ഇൻഡസ്ട്രിയൽ ട്രെയിനിംഗ് | 1 | 1-8-16 |

(ബി) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി.സി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് നിയമനം

**65 (3574)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, പി.എസ്.സി., അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ നിയമനത്തിനായി നിലവിലുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വകുപ്പുകളിലെ ഒഴിവുകളിൽ നിയമനം നടത്താതെ താൽക്കാലിക/ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താൽക്കാലിക/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വിശദാംശം നൽകുമോ;

(സി) പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;അവയിലേക്കുള്ള നിയമന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ വരുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനു അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് റാങ്ക് പട്ടികയിൽ നിന്നും 597 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്ന കാലയളവിൽ നിയമിച്ച 2 പേർ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക/ദിവസ വേതനാടിസ്ഥാനത്തിൽ പൊതുഭരണ വകുപ്പിൽ ജോലിചെയ്യുന്നുണ്ട്.

(സി)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| വകുപ്പ് | ഒഴിവുകളുടെ വിവരം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| KPSC | 1-പ്രതീക്ഷിത ഒഴിവ് (1/12/2015) | 1 |
| AG | 1 - Fresh | 1 |
| Legislative Secretariat | 1 - Fresh | 1 |
| | ആകെ ഒഴിവുകൾ | 3 |

റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ടി റാങ്ക് ലിസ്റ്റിൽ നിന്നുതന്നെ നിയമന ശിപാർശ നടത്തുന്നതാണ്.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തിക**

**66 (3575)** ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് കോഴ്സും പ്ലസ് ടു കോഴ്സും തുല്യമാണെന്നു വ്യവസ്ഥ ചെയ്യുന്ന ഉത്തരവ് നിലവിലില്ലാത്തിനാൽ പ്ലസ് ടു വിനേക്കാൾ ഉയർന്ന യോഗ്യതയായ ഡി.സി.പി യോഗ്യതയുള്ളവരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ പരിഗണിക്കത്തക്കവിധത്തിൽ ഉത്തരവു പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 130/2012 കാറ്റഗറി നമ്പരായി പി. എസ്. സി. നടത്തിയ പ്രസ്തുത തസ്തികയുടെ പരീക്ഷയിൽ ത്രിവത്സര ഡിപ്ലോമ നേടിയവരെക്കൂടി പരിഗണിക്കത്തക്ക വിധത്തിൽ പി.എസ്.സി.-ക്ക് ഉത്തരവു നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ കുടിശ്ശിക**

**67 (3576)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നാഷണൽ ആർമി (INA) ഭടനും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന അന്തരിച്ച ശ്രീ. വി. ഗോപാലനു ലഭിക്കേണ്ട സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ കുടിശ്ശിക അദ്ദേഹത്തിന്റെ അനന്തരാവകാശികൾക്ക് അനുവദിക്കുന്നതു സംബന്ധിച്ച W.P.(C) 17369/2012 - എന്ന കേസിലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻമേൽ പ്രസ്തുത പെൻഷൻ കുടിശ്ശിക ലഭ്യമാക്കുന്നതു സംബന്ധിച്ചുള്ള ഫയൽ ( നമ്പർ - 71749/FFPBI/2014/GAD) നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത കേസിൽ അപ്പീൽ പോകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പരേതനായ വി. ഗോപാലന് ലഭിക്കേണ്ടിയിരുന്ന കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ കുടിശ്ശിക ടിയാന്റെ മകൾക്ക് അനുവദിക്കണം എന്ന ബഹു. ഹൈക്കോടതിയുടെ 13-7-2015-ലെ WP(C) No.17369/12 നമ്പർ വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 10-9-2015-ലെ WA No. 1982/2015 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ കുടിശ്ശിക അനുവദിക്കണം എന്നുള്ള 13-7-2015-ലെ ഉത്തരവ് സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടി**

**68 (3577)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ 23-ന് എറണാകുളത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ ധനസഹായത്തിന് അർഹരെന്ന് കണ്ടെത്തിയ അപേക്ഷകർ എത്ര പേരെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ എത്ര പേർക്കായി എത്ര തുക വിതരണം ചെയ്തുവെന്നും ഇനി എത്ര പേർക്ക് ധനസഹായം വിതരണം ചെയ്യുവാനുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 3212 അപേക്ഷകർ അർഹരാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) 1970 അപേക്ഷകർക്കായി 5,39,10,300 രൂപ (അഞ്ചുകോടി മുപ്പത്തിയൊമ്പതു ലക്ഷത്തി പതിനായിരത്തി മുന്നൂറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. 1242 അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുവാനുണ്ട്.

**ജോസ് ഉപ്പൂട്ടിലിന് ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം**

**69 (3578)** <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിൽസാ ധനസഹായം ലഭിയ്ക്കുന്നതിനായി ജോസ് ഉപ്പൂട്ടിൽ, ചെമ്മണ്ണാർ എന്നയാൾ സമർപ്പിച്ച അപേക്ഷയിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ടിയാന് ധനസഹായം അനുവദിച്ചുകൊണ്ട് റവന്യൂ വകുപ്പിൽ നിന്ന് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ജോസ് ഉപ്പൂട്ടിൽ, ചെമ്മണ്ണാർ സമർപ്പിച്ച IDDW211129 നമ്പർ അപേക്ഷ, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായ കരുതൽ 2015-ൽ ഉൾപ്പെടുത്തി 20000 രൂപ അനുവദിക്കുകയും, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ടിയാന്റെ ബാങ്ക് അക്കൗണ്ടിൽ 21/7/2015-ൽ ഇടുക്കി ജില്ലാ കളക്ടർ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

**നാട്ടിക നിയോജകമണ്ഡലത്തിലെ ചികിത്സാ ധനസഹായ വിതരണം**

**70 (T* 3579)** <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിൽസാ ധനസഹായം ലഭിക്കുന്നതിന് നാട്ടിക നിയോജകമണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കുമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അവയിൽ എത്ര അപേക്ഷകൾ തീർപ്പാക്കി ആനുകൂല്യം വിതരണം ചെയ്തുവെന്നും ആയതിന് എത്ര രൂപ ചെലവായിട്ടുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല.

**അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം**

**71 (3580)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി അമ്പലപ്പുഴ എം.എൽ.എ. മുഖാന്തിരം എത്ര അപേക്ഷകൾ ലഭിച്ചു; അവരുടെ പേരും, വിലാസവും, അനുവദിച്ച തുകയും അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി അമ്പലപ്പുഴ താലൂക്കിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് എത്ര തുകവീതം ധനസഹായം നൽകിയെന്നും വെളിപ്പെടുത്തുമോ;

(സി) ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കാരണം വ്യക്തമാക്കാമോ; ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിന്റെ കണക്ക് രോഗത്തിന്റെ വിവരം/അത്യാഹിതത്തിന്റെ സ്വഭാവം/ വി.ഐ.പി.കളുടെ ശിപാർശ എന്നിവയനുസരിച്ച് തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക്

തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടി**

**72 (3581)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ കൊല്ലം ജില്ലയിൽ ലഭിച്ച ആകെ അപേക്ഷകളിന്മേൽ ചികിത്സാ ധനസഹായത്തിനായി എത്ര തുക ചിലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ബി) അതിൽ പല അപേക്ഷകളുടെയും നിലവിലെ സ്ഥിതി പരിശോധിക്കുമ്പോൾ അണ്ടർ പ്രോസസിംഗ് എന്ന് കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ ചികിത്സാധന സഹായത്തിനായി നാളിതുവരെ 8,51,15,700 രൂപ (എട്ടുകോടി അൻപത്തിയൊന്നു ലക്ഷത്തി പതിനയ്യായിരത്തി എഴുനൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ബി) അപേക്ഷയുടെ ബാഹുല്യം കാരണം നടപടികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന അപേക്ഷകളിലാണ് അണ്ടർ പ്രോസസിംഗ് എന്ന് കാണിക്കുന്നത്. ആയത് എത്രയും വേഗം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് വിമാനം വാങ്ങിയത്**

**73 (3582)** ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ ഫണ്ട് വിനിയോഗിച്ച സർക്കാർ ഒരു വിമാനം വിലയ്ക്ക് വാങ്ങിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണെന്നും എന്ത് വിലയ്ക്കാണെന്നും എവിടെ നിന്നാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിമാനം സംസ്ഥാനത്ത് ഏത് ദിവസമാണ് എത്തിയത്; വിമാനത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയെടുത്തിട്ടുണ്ടോ; നാളിതുവരെ എന്തെല്ലാം ആവശ്യങ്ങൾക്ക് വിമാനം ഉപയോഗിക്കുകയുണ്ടായി; വിമാനം ഇപ്പോൾ സൂക്ഷിക്കുന്നത് എവിടെ ;

(സി) മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും അടിയന്തിരാവശ്യങ്ങൾക്കായി ഈ വിമാനം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

**അപകടങ്ങളിലും ദുരന്തങ്ങളിലുംപെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്കുള്ള സഹായം**

**74 (3583)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടങ്ങളിലും ദുരന്തങ്ങളിലും പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിജ്ഞാപനമോ, വകുപ്പുതല കത്തുകളോ, പരിപത്രമോ ഇറക്കിയിട്ടുണ്ടോ; എങ്കിൽ ആയവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഇപ്രകാരം മരണമടഞ്ഞ എത്ര പേരുടെ കുടുംബങ്ങൾക്ക് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച താലൂക്ക് തിരിച്ചുള്ളതും ഒരു ലക്ഷം, രണ്ട് ലക്ഷം, മൂന്ന ലക്ഷം എന്നിങ്ങനെ ഓരോ വിഭാഗത്തിലും ആകെ എത്ര കേസുകളിലായി എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുന്ന കണക്ക് നൽകാമോ;

(ഡി) വി.ഐ.പി.-കളുടെ ശിപാർശകളിലൂടെ എത്തുന്ന ഇത്തരം കേസുകളിൽ അനുവദിച്ചിട്ടുള്ളത് എത്ര തുക വീതമാണ്; ഓരോ വി.ഐ.പി-കളുടേയും ശിപാർശകളിൽ എത്ര കേസുകളിലായി എത്ര തുക ആകെ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാലാകാലങ്ങളിൽ സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാമ്പത്തിക സഹായം നല്കി വരുന്നു. വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാത്തതും, അപകടമരണം സംഭവിച്ച് 1 വർഷത്തിനകം അപേക്ഷ സമർപ്പിക്കുന്നതുമായ അപേക്ഷകർക്കാണ് ധനസഹായം അനുവദിക്കുന്നത്.

വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

(സി&ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിന്റെ കണക്ക് രോഗത്തിന്റെ വിവരം/അത്യാഹിതത്തിന്റെ സ്വഭാവം/ വി.ഐ.പി.കളുടെ ശിപാർശ എന്നിവയനുസരിച്ച് തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല.

**എൻഡോസൾഫാൻ ധനസഹായം**

**75 (3584)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിൽ എൻഡോസൾഫാൻ ബാധിതയായ കുട്ടി ഉൾപ്പെടെ ഒരു കുടുംബത്തിലെ മൂന്ന് പേർ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കുടുംബാശ്വാസ സഹായ ധനത്തിന് അപേക്ഷ നൽകിയിരുന്നുവെങ്കിലും സഹായധനം വർഷങ്ങൾ കഴിഞ്ഞിട്ടും അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വനം വകുപ്പ് മന്ത്രിയുൾപ്പെടെയുള്ളവർ വീട് സന്ദർശിച്ച് വാഗ്ദാനങ്ങൾ നൽകിയിട്ടും സഹായധനം ലഭ്യമാക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വില്ലേജിലെ മുണ്ടക്കണ്ടം പ്രദേശത്ത് മാപ്പിടിച്ചേരി വീട്ടിൽ താമസിക്കുന്ന ശ്രീ. കെ. തമ്പാൻ, ഭാര്യ പത്മിനി, മകൻ കാർത്തിക് എന്നിവർ സ്വകാര്യ ആശുപത്രിയിൽ തൂങ്ങി മരിച്ചതായ വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് റവന്യൂ ഉദ്യോഗസ്ഥർ ആശുപത്രിയിൽ പോവുകയും പോസ്റ്റ്മോർട്ടത്തിനും സംസ്കാര ചടങ്ങുകൾക്കും ആവശ്യമായ

സഹായങ്ങൾ ലഭ്യമാക്കുകയും അടിയന്തിര സഹായമായി ബന്ധുക്കൾക്ക് 10,000 രൂപ അനുവദിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കുടുംബം എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ എൻഡോസൾഫാൻ പുനരധിവാസ പദ്ധതി മുഖേന പ്രത്യേക ധനസഹായം ബന്ധുക്കൾക്ക് അനുവദിച്ച് നൽകിയിരുന്നില്ല.

**ദുരിതാശ്വാസനിധി**

**76 (3585)** <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന തുക അപേക്ഷകന് എത്രയും വേഗം ലഭ്യമാകുന്ന രീതിയിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വി.എസ്. മഞ്ജുഷ (മഞ്ജുഭവൻ, മൂലയിൽകോണം, കൊട്ടുവഴന്നൂർ പി.ഒ.) മകൾ പൂജയുടെ ചികിൽസാസഹായത്തിനായി 16-6-2015 -ൽ സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; അപേക്ഷകയ്ക്ക് എത്രയും പെട്ടെന്ന് തുക ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ധനസഹായത്തിനുള്ള അപേക്ഷകളുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 25-11-2015 തീയതിയിലെ സ.ഉ.(സാധ) നമ്പർ 6233/15/റവ പ്രകാരം ശ്രീമതി വി. എസ്. മഞ്ജുഷ, മഞ്ജു ഭവൻ, മൂലയിൽകോണം, കൊട്ടുവഴന്നൂർ പി.ഒ.-യ്ക്ക് മകളുടെ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 25,000 രൂപ അനുവദിച്ചിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം**

**77 (T*3586)** <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനും ചികിത്സക്കുമായി എന്തു തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിനായി കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അതിന്റെ വിശദാംശവും കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പ്രസ്തുത ദുരിതബാധിതരുടെ പുനരധിവാസത്തിനും ചികിത്സയ്ക്കുമായി എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കുമോ ;

(ഡി) ദുരിതബാധിത മേഖലയിലെ 11 പഞ്ചായത്തുകളിലുമായി ചികിത്സക്ക് ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ വിശദമാക്കുമോ; എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് അറിയിക്കുമോ;

(ഇ) ആനുകൂല്യത്തിന് അർഹരായവരുടെ ലിസ്റ്റിൽ അർഹതയുള്ള നിരവധി പേർ ഉൾപ്പെട്ടിട്ടില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 2011 മുതൽ നാളിതുവരെയായി 17,27,36,851 രൂപ ചികിത്സയിനത്തിലും മറ്റുമായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായം വിതരണം ചെയ്ത വകയിൽ ഇതിനകം 89.52 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും ആവശ്യമായി വരുന്ന മുഴുവൻ സൗജന്യമായി

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വിദഗ്ധ ചികിത്സ നൽകി വരുന്നുണ്ട്. ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾ വഴിയും (ആയുർവേദ ഹോമിയോ വിഭാഗങ്ങൾ ഉൾപ്പെടെ) വിദഗ്ധ ചികിത്സ നൽകാനായി എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ വഴിയുമാണ് ചികിത്സ നൽകി വരുന്നത്. കൂടാതെ 11 ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ വിഭാഗത്തിലെ ഡോക്ടർമാരാണ് മെഡിക്കൽ ടീമിൽ ഉള്ളത്. ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ദുരിതബാധിത മേഖലയിൽ 5 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിവരുന്നു.

(ഇ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ 4182 പേരടങ്ങിയ ആദ്യ പട്ടികയിൽ ഉൾപ്പെട്ടവരും എന്നാൽ 11 ഗ്രാമപഞ്ചായത്തുകൾക്ക് പുറത്തുള്ളവരുമായ പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ക്യാൻസർ രോഗികൾ, ശാരീരികവൈകല്യം സംഭവിച്ചവർ എന്നിവർക്കു കൂടി മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ഉള്ളതായി ജനപ്രതിനിധികൾ ജില്ലാതല സമിതിയുടെ യോഗത്തിൽ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ മേഖലാ തല ക്യാമ്പ് നടത്തി ദുരിതബാധിതരുടെ പരാതി പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചിരുന്നു.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ സഹായം**

**78 (3587)** <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്ന ശ്രീ വിജയൻ. എസ്., പോക്കാട്ട് വീട്, വള്ളിക്കുന്നം പി.ഒ., മാവേലിക്കര എന്ന വ്യക്തിക്ക് അപേക്ഷ നൽകി ഒരു വർഷത്തിലേറെ ആയിട്ടും ധനസഹായം അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത വ്യക്തിക്ക് അടിയന്തരമായി ചികിത്സാസഹായം അനുവദിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകിയ ഇന്ദിര, പോക്കാട്ട് വീട് വള്ളിക്കുന്നം പി.ഒ, മാവേലിക്കര, ആലപ്പുഴ എന്ന വ്യക്തിയുടെ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ-സി) 17-12-2015-ലെ സ.ഉ.(സാധ) നമ്പർ 6699/15/റവ പ്രകാരം ശ്രീമതി ഇന്ദിര, പോക്കാട്ട് വീട്, വള്ളിക്കുന്നം, ആലപ്പുഴ-യ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) ഭർത്താവിന്റെ ചികിത്സയ്ക്കായി അനുവദിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക**

**79 (3588)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക എത്രയെന്നും, വിതരണം ചെയ്ത തുക എത്രയെന്നും, കുടിശ്ശിക എത്രയെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

| ജില്ല | അനുവദിച്ച തുക | വിതരണം ചെയ്ത തുക | കുടിശ്ശിക |
|---|---|---|---|
| തിരുവനന്തപുരം | 58,69,30,000 | 56,58,08,692 | 2,97,00,000 |
| കൊല്ലം | 39,59,20,600 | 35,30,01,600 | 4,29,19,000 |
| പത്തനംതിട്ട | 27,35,98,906 | 23,94,03,112 | 3,60,26,500 (JSP) |

| | | | |
|---|---|---|---|
| ആലപ്പുഴ | 49,92,52,500 | 52,55,85,657 (മുൻ ബാക്കി ഉൾപ്പെടെ) | 6,63,04,000 |
| കോട്ടയം | 39,99,83,756 | 39,86,83,756 | 9,43,79,000 |
| ഇടുക്കി | 35,79,57,800 | 35,40,96,730 | 2,24,80,538 |
| എറണാകുളം | 47,41,26,591 | 45,54,74,084 | 1,97,00,356 |
| തൃശ്ശൂർ | 36,98,42,500 | 35,23,16,500 | 1,75,26,000 |
| പാലക്കാട് | 27,23,02,300 | 25,51,57,487 | 1,71,44,813 |
| മലപ്പുറം | 51,16,10,000 | 48,55,18,013 | 2,60,91,978 |
| കോഴിക്കോട് | 29,93,67,249 | 28,40,41,249 | 1,53,26,000 |
| വയനാട് | 19,17,00,000 | 16,16,45,800 | 50,00,000 |
| കണ്ണൂർ | 35,50,19,243 | 35,39,34,243 | 10,85,000 |
| കാസർഗോഡ് | 33,62,44,860 | 30,98,52,860 | 2,63,92,000 |
| TOTAL | 5,32,38,56,305 | 5,09,45,19,783 | 42,00,75,185 |

**ശമ്പളം പരിഷ്ക്കരിക്കുന്നത് പരിശോധിക്കുന്നതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി**

**80 (3589)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്ക്കരിക്കുന്നത് പരിശോധിക്കുന്നതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി യോഗം ചേരുകയുണ്ടായോ; എങ്കിൽ എന്നാണ് യോഗം ചേർന്നത്;വ്യക്തമാക്കുമോ ;

(ബി) 2014 ജൂലൈ 1 മുതലുള്ള മുൻകാല പ്രാബല്യം നൽകാനുള്ള കമ്മീഷൻ ശിപാർശ ഉപസമിതി അംഗീകരിക്കുകയുണ്ടായോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നത് പരിശോധിക്കുന്നതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ ആദ്യ യോഗം 3-12-2015-ൽ കൂടുകയുണ്ടായി.

(ബി) പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതി പരിശോധിച്ചുവരുന്നു.

**കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ**

**81 (3590)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളുടെ കണക്ക് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന വിമുക്തഭടൻമാരുടെ എണ്ണം ലഭ്യമാക്കുമോ ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ തുടരുന്നവരെ ഒഴിവാക്കി റാങ്കുലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായത്തിൽ അവ്യക്തതയുള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ 58 വയസ്സ് പൂർത്തീകരിച്ച എത്ര ജീവനക്കാരാണ് ജോലി ചെയ്തു വരുന്നതെന്ന് തസ്തിക തിരിച്ചു വിശദമാക്കുമോ ;

(എഫ്) പെൻഷൻ പ്രായം 58 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രായം കഴിഞ്ഞവരെ സർവ്വീസിൽ തുടരുന്നതിന് അനുവദിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ സംസ്ഥാന അടിസ്ഥാനത്തിൽ 385 ഒഴിവുകളുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ബി) അസിസ്റ്റന്റ് തസ്തികയിൽ 483 വിമുക്തഭടന്മാർ ജോലി ചെയ്തുവരുന്നു.

(സി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള 385 ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള സ്ഥിരനിയമനം പൂർത്തിയാകുന്ന മുറയ്ക്ക് താൽക്കാലികമായി നിയോഗിച്ചിട്ടുള്ളവരെ ഒഴിവാക്കാനുള്ള നിർദ്ദേശം ശാഖ/ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്.

(ഡി) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് ബാധകമായ സ്റ്റാന്റിംഗ് ഓർഡറുകളിലെ വകുപ്പ് 17(i) പ്രകാരം കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സാണ്. പെൻഷൻ പ്രായത്തിൽ അവ്യക്തതയില്ല.

(ഇ) നിലവിൽ 98 ജീവനക്കാർ 58 വയസ്സ് പൂർത്തിയായതിന്ശേഷവും കോടതി ഉത്തരവ് പ്രകാരം തുടരുന്നുണ്ട്. ഇവരുടെ തസ്തിക തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | തസ്തിക | തുടരുന്ന ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് ജനറൽ മാനേജർ | 1 |
| 2 | മാനേജർ | 32 |
| 3 | അസിസ്റ്റന്റ് മാനേജർ | 41 |
| 4 | അസിസ്റ്റന്റ് | 14 |
| 5 | ഓഫീസ് അറ്റൻഡന്റ് | 8 |
| 6 | ഡ്രൈവർ | 2 |

(എഫ് ) ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 98 ജീവനക്കാർ 58 വയസ്സ് പൂർത്തിയായതിനുശേഷവും കമ്പനി സർവീസിൽ തുടരുന്നത്.

### വില നിരീക്ഷണ സമിതി

**82 (3591)** <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പോളത്തിൽ ക്രയവിക്രയം ചെയ്യുന്ന എല്ലാ സാധനങ്ങൾക്കും വിവിധ ഘട്ടങ്ങളിൽ ഈടാക്കുന്ന വില നിലവാരം സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിനായി 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന "വില നിരീക്ഷണ സമിതി " രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയിൽ എത്ര അംഗങ്ങളാണുള്ളത്; നിലവിലെ അംഗങ്ങൾ ആരെല്ലാം; വ്യക്തമാക്കാമോ;

(സി) ഇതുവരെയുള്ള കാലയളവിൽ പ്രസ്തുത സമിതി എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; പ്രസ്തുത സമിതിയുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും എന്തെല്ലാമായിരുന്നു;

(ഡി) പ്രസ്തുത സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വില നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ 5 അംഗങ്ങളാണുള്ളത്. അവർ താഴെപ്പറയുന്നവരാണ്:

1. നികുതി വകുപ്പ് സെക്രട്ടറി, ചെയർമാൻ
2. വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ
3. സിവിൽ സപ്ലൈസ് ഡയറക്ടർ
4. ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
5. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് & ടാക്സേഷൻ (GIFT) - ൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം.

(സി & ഡി) സിമിതി രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുമായുള്ള നിർദ്ദേശങ്ങളാണ് പ്രധാനമായും വില നിരീക്ഷണ സമിതി ചർച്ച ചെയ്യുന്നത്. വിപണിയിലെ വിലയുമായി ബന്ധപ്പെട്ട് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പുറത്തു കൊണ്ടുവരുന്ന സ്ഥിതി വിവരക്കണക്കുകളിൽ നികുതി ചുമത്തപ്പെടുന്ന ഉപഭോഗവസ്തുക്കളിൽ പ്രധാനപ്പെട്ടവയുടെ വിലനിലവാരം പ്രത്യേകമായി ശേഖരിച്ച് വിശകലനം ചെയ്തുവരുന്നു.

**വിഭവ സമാഹരണത്തിന് നടപടി**

**83 (3592)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അധിക വിഭവ സമാഹരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ആയതിലൂടെ എത്ര തുകയുടെ വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് 30-11-2015 വരെ ഏതെല്ലാം നികുതികൾ വർദ്ധിപ്പിച്ചു; അതിലൂടെ എത്ര തുകയുടെ വരുമാനം ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനേക്കാൾ അധിക നികുതി നിർദ്ദേശങ്ങൾ പിന്നീട് പ്രഖ്യാപിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അധിക വിഭവ സമാഹരണത്തിനായി ഓരോ ബഡ്ജറ്റ് വഴിയും അധിക വിഭവ സമാഹരണം നടത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതു കൂടാതെ 2014-15 സാമ്പത്തിക വർഷം ഓർഡിനൻസിലൂടെയും എക്സിക്യൂട്ടീവ് ഉത്തരവിലൂടെയും നികുതി-നികുതിയേതര ഇനങ്ങളിൽ വർദ്ധനവ് വരുത്തി അധിക വിഭവ സമാഹരണത്തിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. നികുതി നിരക്കുകളിലെ വർദ്ധനവിലൂടെ പ്രതിവർഷം 2207 കോടി രൂപയും നികുതിയേതര ഇനങ്ങളിലെ വർദ്ധനവ് മുഖേന പ്രതിവർഷം ഏകദേശം 350 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്.

കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികളുടെ മുന്നോടിയായി 17-9-2014-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 23-9-2014-ാം തീയതി പുറപ്പെടുവിച്ച സ.ഉ.(അച്ചടി) നമ്പർ 409/2014/ധന പ്രകാരം 1-4-2012 നുശേഷം നിരക്ക് വർദ്ധിപ്പിക്കാതിരുന്ന എല്ലാ നികുതിയേതര ഇനങ്ങളുടേയും നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നികുതി വരവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പു മേധാവികളുമായി നികുതി വരവ്, കുടിശ്ശിക സമാഹരണം സംബന്ധിച്ച് ഈ വകുപ്പ്

പ്രതിമാസ അവലോകനം നടത്തി വേണ്ട തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകി വരുന്നുണ്ട്. കൂടാതെ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊണ്ട് വരുന്നുമുണ്ട്. കുടിശ്ശികകൾക്ക് അനുവദിച്ചിട്ടുള്ള 'സ്റ്റേ' കൾ ഒഴിവാക്കുന്നതിനും കോടതികൾ മുഖേനയുള്ള 'സ്റ്റേ' കൾ നീക്കി കിട്ടുന്നതിനുമുള്ള നടപടികളും കൈക്കൊള്ളുന്നുണ്ട്. നികുതി കുടിശ്ശികയിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 1 ലക്ഷം രൂപയിലധികമുള്ള റവന്യൂ റിക്കവറിക്കും, നികുതി നിർണ്ണയത്തിന്മേലും stay അനുവദിക്കുന്നത്, ബന്ധപ്പെട്ട വകുപ്പുമന്ത്രി, ധനമന്ത്രി, മുഖ്യമന്ത്രി എന്നിവർക്ക് ഫയൽ ചംക്രമണം ചെയ്തുകൊണ്ടും നിർണ്ണയിക്കപ്പെട്ട നികുതി തുകയുടെ/റവന്യൂ റിക്കവറിയുടെ 1/3 നിശ്ചിത സമയപരിധിക്കുള്ളിലും ബാക്കി തുക 12 തുല്യതവണകളായും ഒടുക്കണമെന്ന നിബന്ധനയോടെ മാത്രമേ പാടുള്ളൂ എന്നും 2-12-2015-ലെ സ.ഉ.(അച്ചടി) നമ്പർ 546/2015/ധന പ്രകാരം ഉത്തരവായിട്ടുണ്ട്.

ആയതിലൂടെ ലഭിച്ച വരുമാനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. (രൂപ കോടിയിൽ):

| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം | അധിക വിഭവ സമാഹരണം ഉൾപ്പെടെ സംസ്ഥാന തനത് നികുതി-നികുതിയേതര ഇനങ്ങളിൽ ഉണ്ടായ വരവ് | |
|---|---|---|---|
| | | നികുതി | നികുതിയേതരം |
| 2011-12 | 615.75 | 25718.59 | 2592.18 |
| 2012-13 | 1512.05 | 30076.60 | 4198.53 |
| 2013-14 | 1138.33 | 31995.02 | 5575.03 |
| 2014-15 | 1556.35 | 35232.50 | 7283.69 |
| 2015-16 | 1220.00 | 18415.35 | 3041.72 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് 30-11-2015 വരെ നികുതി വർദ്ധനവ് വരുത്തിയ നികുതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

I. <u>രജിസ്ട്രേഷൻ വകുപ്പുവഴിയുള്ള നികുതിയിനങ്ങളുടെ വർദ്ധനവ്</u>

| ക്രമ നമ്പർ | ഇനം | സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധനവ് |
|---|---|---|
| 1 | തീറാധാരം | പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ആറ് ശതമാനമായി ഏകീകരിച്ചു |
| | തീറാധാരം 3 മാസത്തിനകം വീണ്ടും രജിസ്റ്റർ ചെയ്യുമ്പോൾ | പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ മുന്നാധാരത്തിന്റെ മുദ്രയുടെ രണ്ട് മടങ്ങായി വർദ്ധിപ്പിച്ചു |
| | തീറാധാരം 3 മുതൽ 6 മാസത്തിനകം വീണ്ടും രജിസ്റ്റർ ചെയ്യുമ്പോൾ | പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ മുന്നാധാരത്തിന്റെ മുദ്രയുടെ ഒന്നര മടങ്ങായി വർദ്ധിപ്പിച്ചു |
| 2 | സമ്മതാധാരം | 100 രൂപ എന്നത് 500 രൂപയാക്കി വർദ്ധിപ്പിച്ചു |
| 3 | പ്രതിമാസ നിക്ഷേപ സ്കീമുകളിലേയ്ക്ക് സഹകരണ ബാങ്കുകളിലും/ സൊസൈറ്റികളിലുമുള്ള നിക്ഷേപകരുടെ ഉടമ്പടി | ആൾ ഒന്നിന് 100 രൂപ നിരക്ക് ഏർപ്പെടുത്തി |

| | | |
|---|---|---|
| 4 | കമ്പനികളും ഭൂവുടമകളും തമ്മിൽ മൊബൈൽ ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഉടമ്പടി | ഒരു വർഷത്തേയ്ക്ക് 5000 രൂപ നിലവിൽ വന്നു |
| | ATM മെഷീൻ സ്ഥാപിക്കുന്നതിന് | 2500 രൂപ നിലവിൽ വന്നു |
| 5 | ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ | |
| | 10 ലക്ഷം വരെ authorised capital ഉള്ള കമ്പനികളെ സംബന്ധിച്ച് | 2000 രൂപയായി വർദ്ധിപ്പിച്ചു |
| | 10 ലക്ഷം മുതൽ 25 ലക്ഷം വരെ authorised capital ഉള്ള കമ്പനികളെ സംബന്ധിച്ച് | 5000 രൂപയായി വർദ്ധിപ്പിച്ചു |
| | 25 ലക്ഷത്തിന് മുകളിൽ authorised capital ഉള്ള കമ്പനികളെ സംബന്ധിച്ച് | Paid up capital -ന്റെ 0.5% |
| 6 | ബന്ധവസാധാരം സംബന്ധിച്ച് പിഴ | 10 രൂപയോ ശരിയായ/കുറവുള്ള മുദ്രവിലയുടെ 10 ഇരട്ടിയിൽ കവിയാത്ത തുകയോ എന്ന മാറ്റം വരുത്തി. |
| 7 | റദ്ദുകരണം | 250 രൂപ എന്നത് 500 രൂപയാക്കി വർദ്ധിപ്പിച്ചു. |
| 8 | ഷെയർ സർട്ടിഫിക്കറ്റ് | ഓരോ 1000 രൂപയ്ക്കും 50 പൈസ എന്നത് ഒരു രൂപയാക്കി. |
| 9 | ചിട്ടി/വരിയോല | ഓരോ 1000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ 25 രൂപ എന്നത് 50 രൂപയാക്കി |

| | | |
|---|---|---|
| 10 | പകർപ്പോ സംക്ഷേപമോ | ആർട്ടിക്കിൾ 23(i) ന് 10 രൂപ 20 രൂപയായും ആർട്ടിക്കിൾ 23(ii) ന് 20 രൂപ 50 രൂപയായും വർദ്ധിപ്പിച്ചു |
| 11 | എതിർകരണം അല്ലെങ്കിൽ ഇരട്ടിപ്പ് | 100 രൂപ എന്നത് 500 രൂപയാക്കി വർദ്ധിപ്പിച്ചു. |
| 12 | ചുങ്കച്ചീട്ട് അഥവാ കേന്ദ്ര കസ്റ്റംസ് ബോണ്ട് | ഓരോ 100 രൂപയ്ക്കും ഭാഗത്തിനും 5 രൂപ എന്നത് 500 രൂപയാക്കി |
| 13 | സംസ്ഥാന ബാർ കൗൺസിൽ പട്ടികയിൽ അംഗമായി ചേർന്ന സർട്ടിഫിക്കറ്റ് | 250 രൂപയെ 1000 രൂപയാക്കി വർദ്ധിപ്പിച്ചു |
| 14 | 1955-ലെ ചാരിറ്റബിൾ സൊസൈറ്റികളുടെ രജിസ്ട്രേഷൻ ആക്റ്റ് പ്രകാരമുള്ള മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ആന്റ് റൂൾസ് ആന്റ് റെഗുലേഷൻസ് | ആർട്ടിക്കിൾ 36(a) യ്ക്ക് 500 രൂപയിൽനിന്നും 1000 രൂപയായും ആർട്ടിക്കിൾ 36(b) യ്ക്ക് 1000 രൂപയിൽ നിന്ന് ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ-ന്റെ സ്റ്റാമ്പ് ഡ്യൂട്ടിയായും വർദ്ധിപ്പിച്ചു. |
| 15 | വാടക ലൈസൻസ് | ആർട്ടിക്കിൾ 33 പ്രകാരമുള്ള ലീസിന്റെ മുദ്ര നിലവിൽവന്നു |
| 16 | കുറിമാനമോ മെമ്മോറാണ്ടമോ | |
| | ആർട്ടിക്കിൾ 40 (ബി) (i) | ഓരോ 1000-ന് ഒരു രൂപ |
| | ആർട്ടിക്കിൾ 40 (ബി) (ii) | ഓരോ 50000-ന് ഒരു രൂപ |
| | ആർട്ടിക്കിൾ 40 (സി) | ഓരോ 50000-ന് ഒരു രൂപ |
| | ആർട്ടിക്കിൾ 40 (ഡി) | ഓരോ 100000-ന് ഒരു രൂപ |
| 17 | കൂട്ടുകച്ചവടം | 1000 രൂപ 5000 രൂപയായി വർദ്ധിപ്പിച്ചു |

| | | |
|---|---|---|
| 18 | ക്കുടുകച്ചവട പിരിവാധാരം | 250 രൂപ 1000 രൂപയായി വർദ്ധിപ്പിച്ചു |
| 19 | ജാമ്യ ചീട്ടോ പണയാധാരമോ | 100 രൂപ എന്നത് 500 രൂപയായി വർദ്ധിപ്പിച്ചു |
| 20 | ധനനരശ്ചയ റദ്ദ് | 100 രൂപ 500 രൂപയായി വർദ്ധിപ്പിച്ചു |
| 21 | പാട്ട ഒഴിമുറി | 100 രൂപ 250 രൂപയായി വർദ്ധിപ്പിച്ചു |
| 22 | ഉടമ്പടിയോ ഉടമ്പടി മെമ്മോറാണ്ടമോ | 100 രൂപ എന്നത് 200 രൂപയാക്കി |
| 23 | നൊട്ടോറിയൽ ആക്ട് | 15 രൂപ 50 രൂപയായി വർദ്ധിപ്പിച്ചു |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി വർദ്ധിപ്പിച്ചതിലൂടെ ലഭ്യമായ വരുമാനത്തെ സംബന്ധിച്ച് പ്രത്യേകം കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

II. എക്സൈസ് വകുപ്പുവഴിയുള്ള നികുതിയിനങ്ങളുടെ വർദ്ധനവ്

(A) 26-5-2012-ലെ സ.ഉ. (സാധാ) നമ്പർ 450/12/റ്റി.ഡി. ഉത്തരവ് അനുസരിച്ച്

(1) വിദേശമദ്യ ചട്ടത്തിലെ ചട്ടം 19(iii) പ്രകാരം പാർട്ട്നർഷിപ്പ് പുന:സംഘടനയ്ക്കുള്ള ഫീസ് 50000 രൂപയിൽനിന്നും 1,00,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(2) കണ്ടുകെട്ടിയ സ്പിരിറ്റിന്റെ വില 15 രൂപയിൽ നിന്ന് 20 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(B) 15-3-2013-ലെ സ.ഉ. (കൈ) നമ്പർ 41/13/നി.വ. ഉത്തരവ് അനുസരിച്ച്

(1) ബാറുകളുടെ നിലവിലുള്ള ലൈസൻസ് ഫീസ് 22,00,000 രൂപയിൽനിന്ന് 23,00,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(2) വിദേശ നിർമ്മിത വിദേശമദ്യം വിതരണം ചെയ്യുന്നതിനുള്ള നിലവിലുള്ള ഫീസ് 20000 രൂപയിൽനിന്നും 25000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(3) റെസ്റ്റോറന്റുകളിൽ ഹോട്ടൽ താമസക്കാരല്ലാത്തവർക്ക് മദ്യം

വിളമ്പുന്നതിനുള്ള നിലവിലുള്ള ഫീസ് 25000 രൂപയിൽനിന്നും 30000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(4) ബാറുകളിൽ അഡീഷണൽ ബാർ കൗണ്ടറുകൾ തുറക്കുന്നതിനുള്ള ഫീസ് 25000 രൂപയിൽനിന്നും 30000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(5) വിശേഷാവസരങ്ങളിൽ മദ്യം വിളമ്പുന്നതിനുള്ള നിലവിലുള്ള ഫീസ് 25000 രൂപയിൽനിന്നും 50000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(6) ലേബൽ അപ്രൂവൽ ഫീസ് 10000 രൂപയിൽനിന്നും 25000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(7) വിദേശ ബ്രാന്റുകൾക്കുള്ള ബ്രാന്റ് രജിസ്ട്രേഷൻ ഫീസ് 100000 രൂപയിൽനിന്നും 200000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(8) ട്രാൻസിറ്റ് പെർമിറ്റ് ഫീസ് 2000 രൂപയിൽനിന്നും 5000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

30-3-2015-ലെ സ.ഉ. (അച്ചടി) നം. 52/2015/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെമേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭിച്ച ആകെ എക്സൈസ് റവന്യൂ വരുമാനത്തിന്റെ വർഷം തിരിച്ചുള്ള വകുപ്പുതല കണക്ക് ചുവടെ ചേർക്കുന്നു.

| 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|
| 1888.88 | 2249.75 | 1931.89 | 1778.07 |

III. <u>വാണിജ്യനികുതി വകുപ്പ് വഴിയുള്ള നികുതിയിനങ്ങളുടെ വർദ്ധനവ്</u>

<u>കേരള ധനകാര്യ നിയമം 2011</u>

- പാൻമസാല, പാൻ ചട്ട്ണി തുടങ്ങിയ ചവയ്ക്കുന്ന പുകയില ഉല്പന്നങ്ങളുടെ നിരക്ക് 14.5 ശതമാനത്തിൽ നിന്നും 20 ശതമാനമായി ഉയർത്തി.

- 20 ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള ആഡംബര കാറുകളുടെ വില്പനയിന്മേൽ രണ്ട് ശതമാനം essential necessaries സെസ്സ് ഏർപ്പെടുത്തി. മുമ്പ് ടി സെസ്സ് നിലവിലില്ലായിരുന്നു.
- വിദേശമദ്യത്തിന്റെ നികുതിയിന്മേലുള്ള സാമൂഹ്യ സുരക്ഷ സെസ്സ് ആറ് ശതമാനമായി ഉയർത്തി. നേരത്തെ ഇതിന്മേലുള്ള നിരക്ക് ഒരു ശതമാനമായിരുന്നു.

<u>കേരള ധനകാര്യ നിയമം 2012</u>

- കേരള മൂല്യവർദ്ധിത നിയമത്തിലെ പൊതു നിരക്കുകളായ 4, 12.5 എന്നിവ യഥാക്രമം 5, 13.5 ശതമാനമായി ഉയർത്തി.
- സിഗററ്റിന്റെയും സമാന ഉല്പന്നങ്ങളുടെയും നികുതി നിരക്ക് 12.5 ശതമാനത്തിൽ നിന്നും 15 ശതമാനമായും പാൻമസാല മുതലായ പുകയില ഉല്പന്നങ്ങളുടെ നിരക്ക് 20 ശതമാനത്തിൽനിന്നും 22.5 ശതമാനമായി ഉയർത്തി.
- ക്രഷർ മെറ്റലിന്റെ കോമ്പൗണ്ടഡ് നിരക്ക് ഉയർത്തി. 30.48 സെ.മീ. x 22.86 സെ.മീറ്ററിൽ കൂടുതൽ വായ് വട്ടമുള്ളതും 40.64 സെ.മീ. x 25.40 സെ.മീ. കവിയാത്തതുമായ ക്രഷറുകളുടെ നികുതി നിരക്ക് 1,40,000 രൂപയിൽ നിന്നും 1,60,000 രൂപയായി ഉയർത്തി. ഇതിനുമുകളിൽ വായ് വട്ടമുള്ള ക്രഷറുകൾക്ക് 28000 രൂപയിൽ നിന്നും 3.20 ലക്ഷം രൂപയായും കോൺ ക്രഷറുകളുടെ കോമ്പൗണ്ടിംഗ് നികുതി 15 ലക്ഷം രൂപയിൽനിന്നും 18 ലക്ഷം രൂപയായി ഉയർത്തി.
- പ്ലാസ്റ്റിക് ബാഗുകളുടെ നികുതി നിരക്ക് അഞ്ച് ശതമാനത്തിൽ നിന്നും 20 ശതമാനമാക്കി.
- വിദേശ മദ്യത്തിന്റെ നികുതിയിന്മേലുള്ള സാമൂഹ്യ സുരക്ഷ സെസ്സ് 6 ശതമാനത്തിൽ നിന്ന് പത്ത് ശതമാനമാക്കി.

<u>കേരള ധനകാര്യ നിയമം 2013</u>

- കേരള മൂല്യവർദ്ധിത നിയമത്തിലെ പൊതു നിരക്കായ 13.5 എന്നത് 14.5 ശതമാനമായി ഉയർത്തി.
- സിഗററ്റിന്റെയും സമാന ഉല്പന്നങ്ങളുടെയും നികുതി നിരക്ക് 15

ശതമാനത്തിൽ നിന്നും 20 ശതമാനമായി ഉയർത്തി.

- വിദേശമദ്യത്തിന്റെ നികുതി നിരക്ക് 100 ശതമാനത്തിൽനിന്നും 105 ശതമാനമായി ഉയർത്തി.
- പ്ലാസ്റ്റിക് നിർമ്മിതമായ ഡിസ്പോസിബിൾ കപ്പുകൾ, ഇലകൾ, പ്ലേറ്റുകൾ എന്നിവയുടെ നികുതി നിരക്ക് 5 ശതമാനത്തിൽനിന്നും 20 ശതമാനമാക്കി.
- പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി സാധാരണ നറുക്കെടുപ്പുകൾക്ക് 25 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷം രൂപയായും ബമ്പർ നറുക്കെടുപ്പുകളുടേത് 50 ലക്ഷം രൂപയിൽനിന്നും 60 ലക്ഷം രൂപയായി ഉയർത്തി.

<u>കേരള ധനകാര്യ നിയമം 2014</u>

- ഒരു കെയ്സിന് 400 രൂപയോ അതിൽ കൂടുതലോ വാങ്ങൽ വില നൽകുന്ന വിദേശമദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനമായി ഉയർത്തി. വിദേശമദ്യത്തിന്റെ നിരക്ക് 105 ശതമാനമായിരുന്നു.
- വെളിച്ചെണ്ണ ഒഴികെയുള്ള എല്ലാ ഭക്ഷ്യ എണ്ണകളുടെയും നികുതി പൂജ്യം ശതമാനത്തിൽ നിന്നും 5 ശതമാനമായി ഉയർത്തി.
- യു.പി.എസ്., അലൂമിനിയം കമ്പോസിറ്റ് പാനൽ, മാനുഫാക്ചേർഡ് സാൻഡ് എന്നിവയുടെ നിരക്ക് അഞ്ച് ശതമാനത്തിൽ നിന്നും 14.5 ശതമാനമാക്കി.
- പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി സാധാരണ നറുക്കെടുപ്പുകൾക്ക് 30 ലക്ഷം രൂപയിൽനിന്നും 50 ലക്ഷം രൂപയായും ബമ്പർ നറുക്കെടുപ്പുകളുടേത് 60 ലക്ഷം രൂപയിൽനിന്നും ഒരു കോടി രൂപയായും ഉയർത്തി.
- ക്രഷർ മെറ്റലിന്റെ കോമ്പൗണ്ടഡ് നികുതി നിരക്ക് പരിഷ്കരിച്ചു. 30.48 സെ.മീ. x 22.86 സെ. മീറ്ററിൽ കൂടുതൽ വായ് വട്ടമില്ലാത്ത ക്രഷറുകളുടെ നികുതി നിരക്ക് 40,000 രൂപയിൽ നിന്നും 80,000 രൂപയായി ഉയർത്തി. 30.48 സെ.മീ. x 22.86 സെ.മീറ്ററിൽ കൂടുതൽ

വായ് വട്ടമുള്ളതും 40.64 സെ.മീ. x 25.40 സെ.മീറ്ററിൽ കവിയാത്തതുമായ ക്രഷറുകളുടെ നികുതി നിരക്ക് 1,60,000 രൂപയിൽ നിന്നും 6.40 ലക്ഷം രൂപയായി ഉയർത്തി. ഇതിനുമുകളിൽ വായ് വട്ടമുള്ള ക്രഷറുകൾക്ക് 3,20,000 രൂപയിൽ നിന്നും 6.40 ലക്ഷം രൂപയായും കോൺ ക്രഷറുകളുടെ കോമ്പൗണ്ടിംഗ് നികുതി 18 ലക്ഷം രൂപയിൽനിന്നും 36 ലക്ഷം രൂപയായി ഉയർത്തി.

- മാനുഫാക്ചേർഡ് സാൻഡിന്റെ നികുതി നിരക്ക് അഞ്ച് ശതമാനത്തിൽ നിന്നും 14.5 ശതമാനമായി ഉയർത്തുകയും ഇതുല്പാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് കോമ്പൗണ്ടിംഗ് രീതിയിൽ നികുതി അടയ്ക്കുവാൻ പ്രത്യേക വ്യവസ്ഥ കൊണ്ടുവരികയും ചെയ്തു.

- വർക്ക്സ് കോൺട്രാക്ട് കോമ്പൗണ്ടിംഗ് സംവിധാനം പുനക്രമീകരിച്ചു. സി.എസ്.ടി. രജിസ്ട്രേഷനുള്ള കോൺട്രാക്ടർമാർ അവരുടെ ആകെ കോൺട്രാക്ട് തുകയുടെ നികുതിയായി നൽകേണ്ടത് ആറ് ശതമാനമായി ഉയർത്തി. ഗവൺമെന്റ് കോൺട്രാക്ടുകൾക്ക് സി.എസ്.ടി. ഉള്ളവർക്ക് 4 ശതമാനം നികുതി തുടർന്നു. എന്നാൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി ഒടുക്കുന്നവർ രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളിൽനിന്നും വാങ്ങുന്ന സാധനങ്ങൾ വാങ്ങൽ നികുതി നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചു. കരാർ പണിക്കാരുടെ മുമ്പുണ്ടായിരുന്ന കോമ്പൗണ്ടിംഗ് നികുതി നിരക്ക് ഇപ്രകാരമാണ്. കേന്ദ്ര വില്പന നികുതി നിയമപ്രകാരം രജിസ്ട്രേഷനുള്ള കരാറുകാരുടെ നിരക്ക് മൂന്ന് ശതമാനവും സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്നതോ കൊണ്ടുവരുന്നതോ ആയ ചരക്കുകളുടെ വാങ്ങൽ വിലയ്ക്ക് ഷെഡ്യൂൾ നിരക്കിൽ നികുതി അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഗവൺമെന്റ് കോൺട്രാക്ടർമാർ മൊത്തം കരാർ തുകയുടെ നാല് ശതമാനം നികുതി അടയ്ക്കണമായിരുന്നു. കേന്ദ്ര വില്പന നികുതി നിയമപ്രകാരം രജിസ്ട്രേഷൻ ഇല്ലാത്തവർ മൂന്ന് ശതമാനം നികുതിയാണ് അടയ്ക്കേണ്ടിയിരുന്നത്.

- കേരള പൊതുവില്പന നികുതി നിയമത്തിൻകീഴിൽ ബാർ ഹോട്ടലുകളുടെ കോമ്പൗണ്ടിംഗ് - ഇരട്ട നക്ഷത്ര പദവിവരെയുള്ള ഹോട്ടലുകളുടെ കോമ്പൗണ്ടിംഗ് നികുതി നിരക്കിൽ മുനിസിപ്പൽ കോർപ്പറേഷൻ മുനിസിപ്പാലിറ്റി, കന്റോൺമെന്റ് പ്രദേശങ്ങൾ, പഞ്ചായത്ത് എന്നിവ

പരിഗണിച്ചുള്ള തരംതിരിവ് ഇല്ലാതാക്കി ഇത് 160 ശതമാനമായി ഉയർത്തി.

മുമ്പ് ഇരട്ട നക്ഷത്ര പദവിവരെയുള്ള ഹോട്ടലുകൾ കഴിഞ്ഞ മൂന്ന് വർഷം അടച്ചതോ അടയ്ക്കേണ്ടതോ ആയ നികുതിയുടെ 115% അല്ലെങ്കിൽ കോർപ്പറേഷൻ പരിധിയിലുള്ളവർക്ക് പർച്ചേസിന്റെ 140 ശതമാനവും മറ്റ് പ്രദേശങ്ങളിലുള്ളവർക്ക് പർച്ചേസിന്റെ 135 ശതമാനവും എന്നതിൽ ഏതാണോ കൂടുതൽ ആ നിരക്കിൽ കോമ്പൗണ്ട് ചെയ്യാമായിരുന്നു.

<u>കേരള ടാക്സേഷൻ ലോ അമന്റ്മെന്റ് ആക്ട്</u>

കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയർ, വൈൻ എന്നിവ ഒഴികെയുള്ള വിദേശമദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനത്തിൽ നിും 135 ശതമാനമായും ബിയർ, വൈൻ എന്നിവയുടെ നികുതി നിരക്ക് 50 ശതമാനത്തിൽ നിന്നും 70 ശതമാനമായും മറ്റു വിദേശമദ്യത്തിന്റെ നിരക്ക് 105 ശതമാനത്തിൽനിന്നും 125 ശതമാനമായും ഉയർത്തി. കൂടാതെ സിഗരറ്റിന്റെ നികുതി നിരക്ക് 22 ശതമാനത്തിൽ നിന്നും 30 ശതമാനമായും വർദ്ധിപ്പിച്ചു. നികുതി വരുമാനത്തിൽ നഷ്ടം ഉണ്ടാകാത്ത വിധത്തിൽ കരാറുപണിക്കാരുടെ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തു.

<u>കേരള ധനകാര്യ നിയമം 2015</u>

- ചലച്ചിത്രങ്ങളുടെ പകർപ്പവകാശ കൈമാറ്റത്തിന്മേലുള്ള നികുതി നൈലോൺ കയർ, പോളിസ്റ്റർ ട്വയിൻ, പ്ലാസ്റ്റിക് നിർമ്മിതമായ ചൂല്, ബ്രഷ്, മോപ്പ്, പ്രിപ്പയേർഡ് പൗൾട്ടി ഫീഡ് എന്നിവയുടെ നികുതി നിരക്ക് 0 ശതമാനത്തിൽ നിന്നും 1 ശതമാനമായി ഉയർത്തി.

- എല്ലാത്തരം തുണിത്തരങ്ങളുടെയും നികുതി നിരക്ക് 0 ശതമാനത്തിൽ നിന്നും 1 ശതമാനമായി ഉയർത്തി.

- ബീഡിയുടെ നികുതി നിരക്ക് 0 ശതമാനത്തിൽ നിന്നും 14.5 ശതമാനമായി ഉയർത്തി.

- ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് വിജ്ഞാപനം ചെയ്യുന്ന ഏജൻസികൾ RBI യുടെ അംഗീകാരമുള്ളവർ സംസ്ഥാനത്ത് വില്ക്കുന്ന

ബുള്ള്യൻ ഒഴിച്ച് മറ്റുള്ള ബുള്ള്യന്റെ നികുതി നിരക്ക് 5 ശതമാനമായി ഉയർത്തി. നേരത്തെ ബുള്ള്യന്റെ നികുതി നിരക്ക് 1 ശതമാനമായിരുന്നു.

- പ്ലാസ്റ്റിക് കളിപ്പാട്ടങ്ങളുടെ നികുതി നിരക്ക് 5 ശതമാനത്തിൽനിന്നും 14.5 ശതമാനമായി ഉയർത്തി.

പ്ലാസ്റ്റിക് കപ്പ്, പ്ലേറ്റ്, ഡിസ്പോസിബിൾ സ്റ്റൈറോഫോം കപ്പ്, തെർമോകോൾ, സ്റ്റൈറോഫോം ഷീറ്റ് പ്രിന്റ്, ഫ്ലക്സ് എന്നിവയുടെ നികുതി നിരക്ക് 5 ശതമാനത്തിൽ നിന്നും 20 ശതമാനമായി വർദ്ധിപ്പിച്ചു.

<u>പെട്രോൾ, ഡീസൽ നികുതി വർദ്ധന</u>

ഈ സർക്കാരിന്റെ കാലത്ത് എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 34 തവണ കുറവ് വരുത്തിയിട്ടുണ്ട്. ഇതിൽ 13 തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് ഉയർത്തി ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 15 തവണ അടിസ്ഥാന വിലയിൽ കുറവുണ്ടായതിൽ 5 തവണ നികുതി നിരക്ക് ഉയർത്തി ക്രമീകരിച്ചിട്ടുണ്ട്. പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വിലയിൽ ഓരോ പ്രാവശ്യവും വർദ്ധനവ്/കുറവ് വരുമ്പോൾ അതിന്റെ തോതും കൂടി പരിഗണിച്ച് സർക്കാർ യുക്തമായ തീരുമാനം കൈക്കൊണ്ടുവരുന്നു.

IV. <u>മോട്ടോർ വാഹന വകുപ്പ് വഴിയുള്ള നികുതിയിനങ്ങളുടെ വർദ്ധനവ്</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അധിക വിഭവ സമാഹരണത്തിനായി ആഡംബര മോട്ടോർ സൈക്കിളുകളുടേയും മോട്ടോർ കാറുകളുടേയും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങളുടേയും ഒറ്റത്തവണ നികുതി വർദ്ധിപ്പിച്ചു. പഴയ മോട്ടോർ ക്യാബുകളുടേയും ടൂറിസ്റ്റ് മോട്ടോർ ക്യാബുകളുടേയും വാർഷിക നികുകി 1040 രൂപയിൽ നിന്നും 1400 രൂപയായും 1360 രൂപയിൽനിന്നും 1700 രൂപയായും വർദ്ധിപ്പിച്ചു. പുതിയ മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും അവയുടെ വാങ്ങൽ വിലയുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ നികുതി വർദ്ധിപ്പിച്ചു. കാരവൻ/കാമ്പർ വാനുകൾക്കും ജനറേറ്റർ/ കമ്പ്രസ്സർ/റിഗ്ഗ്, വാഹനങ്ങൾക്കും പുതുക്കിയ നികുതി ഏർപ്പെടുത്തി. സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തുന്ന push back, sleeper berth ഉള്ള ആഡംബര കോൺട്രാക്ട് ക്യാരേജുകളുടെ നികുതി നിരക്ക് വർദ്ധിപ്പിച്ചു. സംസ്ഥാനത്തിന് പുറത്തുനിന്നു

വരുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് പുതിയ നിരക്ക് ഏർപ്പെടുത്തി. ഇതിലൂടെ 121 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിച്ചത്.

V. ലാന്റ് റവന്യൂ വകുപ്പ് വഴിയുള്ള നികുതിയിനങ്ങളുടെ വർദ്ധനവ്

ബേസിക് ടാക്സ് (അടിസ്ഥാന ഭൂനികുതി)

കേരളാ ധനകാര്യ ബിൽ 2012 പ്രകാരം അടിസ്ഥാന ഭൂനികുതി താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിക്കുകയും പുതുക്കിയ നിരക്കിന് 1-4-2012 മുതൽ പ്രാബല്യം നിലവിൽ വരികയും ചെയ്തിരുന്നു.

| വിഭാഗം | പരിധി | നിലവിലുണ്ടായിരുന്ന നിരക്ക് | പരിഷ്കരിച്ച നിരക്ക് |
|---|---|---|---|
| കോർപ്പറേഷനുകൾ | 2 ആർ വരെ | 1 ആറിന് 2 രൂപ | 1 ആറിന് 4 രൂപ |
| | 2 ആറിന് മുകളിൽ | 1 ആറിന് 4 രൂപ | 1 ആറിന് 8 രൂപ |
| മുൻസിപ്പാലിറ്റി/ ടൗൺഷിപ്പ് | 6 ആർ വരെ | 1 ആറിന് 1 രൂപ | 1 ആറിന് 2 രൂപ |
| | 6 ആറിന് മുകളിൽ | 1 ആറിന് 2 രൂപ | 1 ആറിന് 4 രൂപ |
| പഞ്ചായത്ത് | 20 ആർ വരെ | 1 ആറിന് 50 പൈസ | 1 ആറിന് 1 രൂപ |
| | 20 ആറിന് മുകളിൽ | 1 ആറിന് 1 രൂപ | 1 ആറിന് 2 രൂപ |

അടിസ്ഥാന ഭൂനികുതി ഇനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 29.38 കോടി പിരിച്ചെടുത്തിരുന്നു. മേൽപ്പറഞ്ഞ പ്രകാരം അടിസ്ഥാന ഭൂനികുതി ഇനത്തിൽ വർദ്ധനവ് വരുത്തിയതിലൂടെ 2012-13 സാമ്പത്തിക വർഷത്തിൽ 44.02 കോടി രൂപയും, 2013-14 സാമ്പത്തിക വർഷത്തിൽ 49.74 കോടി രൂപയും, 2014-15 സാമ്പത്തിക വർഷത്തിൽ 53.83 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. നികുതി വർദ്ധനവ് വരുത്തിയ ഓരോ വർഷവും അടിസ്ഥാന ഭൂനികുതി ഇനത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്.

തുടർന്ന് താഴെപ്പറയും പ്രകാരം അടിസ്ഥാന ഭൂനികുതി ഇനത്തിൽ വീണ്ടും വർദ്ധനവ് വരുത്തുകയുണ്ടായി.

നിയമ വകുപ്പിന്റെ 1-1-2015 ലെ നോട്ടിഫിക്കേഷൻ നമ്പർ 20478/Leg.A2/2014/Law പ്രകാരം താഴെപ്പറയും പ്രകാരം അടിസ്ഥാന ഭൂനികുതി പുനർ നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്:

| വിഭാഗം | പരിധി | നിലവിലെ നിരക്ക് |
|---|---|---|
| കോർപ്പറേഷനുകൾ | 1.62 ആർ വരെ | 1 ആറിന് 10 രൂപ |
| | 1.62 ആറിന് മുകളിൽ | 1 ആറിന് 20 രൂപ |
| മുൻസിപ്പാലിറ്റി/ടൗൺ പഞ്ചായത്ത് | 2.43 ആർ വരെ | 1 ആറിന് 5 രൂപ |
| | 2.43 ആറിന് മുകളിൽ | 1 ആറിന് 10 രൂപ |
| | 8.1 ആർ വരെ | 1 ആറിന് 2.5 രൂപ |
| | 8.1 ആറിന് മുകളിൽ | 1 ആറിന് 5 രൂപ |

മേൽപ്പറഞ്ഞ പ്രകാരമുള്ള നിരക്കിൽ അടിസ്ഥാന ഭൂനികുതി പിരിച്ചു വരുന്നു. ആയതിന്റെ വർദ്ധനവ് 2015-16 സാമ്പത്തിക വർഷത്തിൽ പ്രതിഫലിക്കുന്നതാണ്. ഭൂനികുതി വർദ്ധനവ് വരുത്തിയതിലൂടെ 2015-16 സാമ്പത്തിക വർഷത്തിൽ 2015 നവംബർ മാസം വരെയുള്ള കണക്ക് പ്രകാരം 101.94 കോടി രൂപ പിരിവ് വന്നിട്ടുണ്ട്.

<u>കെട്ടിട നികുതി</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെട്ടിട നികുതിയിൽ 1-4-2014 മുതലുള്ള വർദ്ധനവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| Plinth Area | Grama Panchayath other than Special Grade Panchayath | Special Grade Panchayath/Municipalities | Municipal Corporation |
|---|---|---|---|

| | | | |
|---|---|---|---|
| | Residential Building | | |
| Not Exceeding 100 $m^2$ | Nil | Nil | Nil |
| Above $100m^2$ Below $150m^2$ | 1500 | 2700 | 4050 |
| Above $150m^2$ but Below $150m^2$ | 3000 | 5400 | 8100 |
| Above $200m^2$ but not exceeding $250m^2$ | 6000 | 10800 | 16200 |
| Exceeding $250m^2$ | 6000 plus 1200₹ for every additional $10m^2$ | 10800 plus 2400₹ for every additional $10m^2$ | 16200 plus Rs.3000 for every additional $10m^2$ |
| | Other Building | | |
| Not Exceeding 50 $m^2$ | Nil | Nil | Nil |
| Above $50m^2$ but not exceeding $75m^2$ | 1500 | 3000 | 6000 |
| Above $75m^2$ but not exceeding $100m^2$ | 2250 | 4500 | 9000 |
| Above $100m^2$ but not exceeding $150m^2$ | 4500 | 9000 | 18000 |
| Above $150m^2$ but not exceeding $200m^2$ | 9000 | 18000 | 36000 |
| Above $200m^2$ but not | 18000 | 36000 | 54000 |

| | | | |
|---|---|---|---|
| exceeding 250m² | | | |
| Exceeding 250m² | 18000 plus 1800₹ for every additional 10m² | 36000 plus 3600₹ for every additional 10m² | 54000 plus 4500₹ for every additional 10m² |

കെട്ടിട നികുതി ഇനത്തിൽ 2013-14, 2014-15, 2015-16 (നവംബർ 30 വരെയുള്ള) വർഷങ്ങളിലെ പിരിവ് വിവരം ചുവടെ ചേർക്കുന്നു.

തുക കോടിയിൽ

| 2013-14 | 2014-15 | 2015-16(നവംബർ 30 വരെ) |
|---|---|---|
| 75.12 | 111.40 | 61.70 |

ആഡംബര നികുതി

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഡംബര നികുതിയിനത്തിൽ 1-4-2014 മുതൽ നിലവിലുണ്ടായിരുന്നതിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 278.74 ച. മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും ഈടാക്കിയിരുന്ന 2000 രൂപ ആഡംബര നികുതി 4000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ആഡംബര നികുതി ഇനത്തിൽ വന്ന പിരിവ് വിവരം ചുവടെ ചേർക്കുന്നു:

തുക കോടിയിൽ

| 2013-14 | 2014-15 | 2015-16(നവംബർ 30 വരെ) |
|---|---|---|
| 8.40 | 20.85 | 5.26 |

(സി) ഉണ്ട്.

I. രജിസ്ട്രേഷൻ വകുപ്പ്

കരാർ പത്രങ്ങൾക്കുള്ള മുദ്രവില 50 രൂപയായിരുന്നു. ആയത് 100 രൂപയും പിന്നീട് 500 രൂപയും ആയി വർദ്ധിപ്പിച്ചുവെങ്കിലും 29-7-2015-ലെ No.5959/Leg.A2/15/Law നമ്പർ നോട്ടിഫിക്കേഷൻ മുഖേന The Kerala

Finance Act 2015 (Act 11 of 2015)-ൽ മുദ്ര നിരക്ക് 200 രൂപയായി കുറച്ചിട്ടുണ്ട്.

II. വാണിജ്യനികുതി വകുപ്പ്

ബാർ ഹോട്ടലുകൾ അടച്ചതിനാൽ ടേണോവർ ടാക്സിലും പാകം ചെയ്ത ഭക്ഷണത്തിലും നിന്നുള്ള നികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ടായിരുന്നു. 120 കോടി രൂപയുടെ വരുമാനക്കുറവാണ് ഉണ്ടായിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിനായി വാണിജ്യനികുതി വകുപ്പിനെ സംബന്ധിച്ച് അധിക വിഭവസമാഹരണത്തിനായി കേരള ടാക്സേഷൻ ലോ അമെന്റ്മെന്റ് നിയമം മുഖേന താഴെ സൂചിപ്പിച്ചിരിക്കുന്ന അധിക നികുതി നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

കേരള പൊതുവില്പന നികുതി നിയമത്തിൽ കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയർ, വൈൻ ഒഴികെയുള്ള വിദേശമദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനത്തിൽ നിന്നും 135 ശതമാനമായും ബിയർ, വൈൻ എന്നിവയുടെ നികുതി നിരക്ക് 50 ശതമാനത്തിൽ നിന്നും 70 ശതമാനമായും ഉയർത്തുകയുണ്ടായി. കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൻ കീഴിൽ സിഗരറ്റിന്റെ നികുതി നിരക്ക് 22 ശതമാനത്തിൽ നിന്നും 30 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി വിദേശമദ്യം, ബിയർ, വൈൻ എന്നിവയുടെ ആദ്യ വില്പനപോയിന്റിൽ 5 ശതമാനം റീഹാബിലിറ്റേഷൻ സെസ്സും ഏർപ്പെടുത്തുകയുണ്ടായി.

മേൽ സൂചിപ്പിച്ചിരിക്കുന്നവ കൂടാതെ SRO പ്രകാരം ക്യാന്റീൻ സ്റ്റോഴ്സ് മുഖേന വിൽക്കപ്പെടുന്ന concessional tax rate 65 ശതമാനത്തിൽ നിന്നും 70 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്.

**ആസ്തി വികസന ഫണ്ടിന്റെ പ്രവൃത്തികൾ**

**84 (3593)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിന്റെ പ്രവൃത്തികൾ എൽ.എസ്.ജി.ഡി-യിൽ നിന്ന് ഫണ്ട് പൊതുമരാമത്ത് വകുപ്പിലേക്ക് ട്രാൻസ്ഫർ ചെയ്യാത്തതുകൊണ്ട് ടെൻഡർ നടപടികൾ തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ടെൻഡർ നടപടികൾ തടസ്സപ്പെട്ടതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**ശമ്പള കമ്മീഷൻ**

**85 (3594)** <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷന്റെ ഇപ്പോഴത്തെ പ്രവർത്തനം എന്താണെന്ന് വിശദീകരിക്കാമോ;

(ബി) പത്താം ശമ്പള കമ്മീഷന്റെ പ്രാഥമിക റിപ്പോർട്ടിലെ ശിപാർശ നടപ്പാക്കുന്നതിനുള്ള മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചത് എന്നാണ്; പ്രസ്തുത സമിതിയുടെ നാളിതുവരെയുള്ള പ്രവർത്തനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശമ്പള പരിഷ്കരണം സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ അവസാന ഘട്ടത്തിലാണ്.

(ബി) പത്താം ശമ്പള കമ്മീഷന്റെ ശിപാർശകൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി 13-8-2015-ലെ സ.ഉ.(കൈ) നമ്പർ 358/2015/ധന പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 3-12-2015-ൽ ഉപസമിതിയുടെ ആദ്യയോഗം കൂടുകയും, പ്രസ്തുത യോഗത്തിൽ ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

**നികുതി പിരിവിന്റെ ലക്ഷ്യവും നേട്ടവും**

**86 (3595)** <u>ഡോ. ടി. എം. തോമസ് ഐസക്</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. കെ.സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവിന്റെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ ;

(ബി) തനതു നികുതി വരുമാനം, വില്പന നികുതി, മുദ്രപത്രങ്ങളും രജിസ്ട്രേഷൻ

ഫീസും, എക്സൈസ് നികുതി, വാഹന നികുതി തുടങ്ങിയവ തന്നാണ്ടിലെ ഇതിനകമുള്ള കാലയളവിൽ ലക്ഷ്യമിട്ടതിനേക്കാൾ കുറവാണോ; ഓരോ ഇനത്തിലെയും ലക്ഷ്യം എത്ര കോടി വീതമായിരുന്നു; ആയതിന്റെ എത്ര ശതമാനം ഇക്കാലയളവിൽ ലഭിക്കുകയുണ്ടായി;

(സി) ഈ സർക്കാർ പിന്നിട്ട കാലയളവിൽ നികുതി വർദ്ധന, ഫീസ് വർദ്ധന, പെട്രോൾ - ഡീസൽ നികുതി വർദ്ധന, അധിക ചുങ്കം തുടങ്ങി ഏതെല്ലാം ഇനത്തിൽ എത്ര തവണകളായി വർദ്ധനവ് വരുത്തിയിട്ടുണ്ടായിരുന്നു; ഇതൊക്കെയായിട്ടും വരുമാനം ലക്ഷ്യത്തോളമോ ആനുപാതികമായോ പോലുമോ വളരാതിരിക്കുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ;

(ഡി) നികുതി വരുമാനത്തിലെ കുറവും സ്തംഭനാവസ്ഥയും സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെ താറുമാറാക്കിയിരിക്കുകയാണെന്നകാര്യം സർക്കാരിനറിയാമോ?

<u>ഉത്തരം</u>

(എ &ബി) നടപ്പ് സാമ്പത്തിക വർഷം 45428.03 കോടി രൂപയാണ് തനതു നികുതി വരുമാനമായി ലക്ഷ്യമിട്ടിരുന്നത്. ആയതിനാൽ 2015 ഒക്ടോബർ വരെ 21633.48 കോടി രൂപ പിരിച്ചെടുക്കാനായിട്ടുണ്ട്. വില്പന നികുതി, മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും, എക്സൈസ് നികുതി, വാഹന നികുതി തുടങ്ങിയവ ഉൾപ്പെടെ തനതു നികുതി വരുമാനമായി ലക്ഷ്യമിട്ട തുക, 2015 ഒക്ടോബർ വരെയുള്ള നികുതി വരുമാനം, ആയതിന്റെ ശതമാനക്കണക്ക് എന്നിവ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എക്സൈസ് വകുപ്പ് വഴിയുള്ള നികുതിയിനത്തിൽ വിവിധ ഫീസുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഈ വരുമാനം വിദേശ മദ്യവിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ രജിസ്ട്രേഷൻ ഫീസ്, ചിട്ടിഫീസ്, സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവിധ സേവനങ്ങൾ, സ്റ്റാമ്പ്ഡ്യൂട്ടി തുടങ്ങിയ ഇനങ്ങളിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3 ആയി ചേർക്കുന്നു.*

ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവും, വിലയാധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവും കൈമാറ്റം നടത്തിയ ഭൂമിയുടെ വിസ്തീർണ്ണത്തിലുണ്ടായ കുറവും, ഓരോ വർഷവും റവന്യൂ വരുമാനം കുറയാൻ കാരണമായി.

വാണിജ്യ നികുതി വകുപ്പുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള നികുതി വർദ്ധന, ഫീസ് വർദ്ധന, പെട്രോൾ/ഡീസൽ നികുതി വർദ്ധന എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർക്കുന്നു.*

റബ്ബറിന്റെ വിലയിൽ മുൻവർഷങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായ കുറവ് ജനങ്ങളുടെ ക്രയശേഷിയെ പ്രതികൂലമായി ബാധിച്ചു. മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി പിരിവിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. എണ്ണ കമ്പനികളിൽ നിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2015 മാർച്ച് 31 വരെ 8 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. സ്വർണ്ണത്തിന്റെ നികുതി - കോമ്പൗണ്ടിംഗ് നിരക്ക് 125% ൽ നിന്ന് 115% മായി കുറച്ചതും അരി, ഗോതമ്പ്, മൈദ എന്നിവയെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും ചിക്കന്റെ നികുതിയിനത്തിൽ ഉണ്ടായ കുറവും ബാർഹോട്ടലുകൾ അടച്ചതും ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ വന്ന കുറവും, വർക്ക്സ് കോൺട്രാക്ടിന്റെ പിരിവിൽ വന്ന കുറവും നികുതി വരുമാനത്തിന്റെ വളർച്ചാനിരക്കിൽ കുറവ് സംഭവിക്കാൻ കാരണമായി.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോട്ടോർ വാഹന വകുപ്പിൽ 4 തവണ നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ട്.

രജിസ്റ്റർ ചെയ്യുന്ന പുതിയ വാഹനങ്ങളുടെ എണ്ണത്തിൽ വന്ന കുറവ് വരുമാന വർദ്ധനവിൽ കുറവുണ്ടാകാൻ കാരണമായി.

(ഡി) ഇ-ഫയലിംഗ്, ഇ-പേയ്മെന്റ്, അഴിമതിരഹിത ചെക്ക്പോസ്റ്റുകൾ തുടങ്ങിയവ വഴി സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുതകുംവിധം നികുതി പിരിവ് പരമാവധി കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പത്താം ശമ്പള പരിഷ്കരണം**

**87 (3596)** <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കുമുള്ള പത്താം ശമ്പള പരിഷ്കരണത്തിന്റെ ഒന്നാംഘട്ട റിപ്പോർട്ട് 2015 ജൂലൈ 13-ന് സമർപ്പിച്ചിട്ട് മാസങ്ങൾ പിന്നിട്ട് കഴിയുകയും രണ്ടാം ഘട്ടം കമ്മീഷന്റെ പരിഗണനയിലുമിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ കാലാവധിക്കുള്ളിൽ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുമോ;

(ബി) പ്രസ്തുത ശമ്പളപരിഷ്കരണത്തിൻെറ ഒരു മാസത്തെ തുകയെങ്കിലും ജീവനക്കാർക്ക് നൽകുമോ അതോ തുടർന്നുവരുന്ന സർക്കാർ നൽകട്ടെ എന്നുള്ളതാണോ സമീപനം; വിശദവിവരം നൽകുമോ;

(സി) പത്താം ശമ്പള പരിഷ്കരണ ഉത്തരവ് എന്ന് പുറത്തിറക്കും; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ-സി) പത്താം ശമ്പള പരിഷ്കരണത്തിന്റെ ഒന്നാംഘട്ട റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. കാലതാമസം കൂടാതെ ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റവന്യൂ വരുമാന വർദ്ധനാ നിരക്ക്**

**88 (3597)** <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 5 വർഷങ്ങളിലെ റവന്യൂ വരുമാന വർദ്ധനാ നിരക്ക് വർഷം തിരിച്ച് നൽകാമോ?

<u>ഉത്തരം</u>

കഴിഞ്ഞ 5 വർഷങ്ങളിലെ റവന്യൂ വരുമാനം, വർദ്ധനാ നിരക്ക് എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | റവന്യൂ വരുമാനം (തുക കോടിയിൽ) | വർദ്ധന നിരക്ക് (ശതമാനത്തിൽ) |
|---|---|---|
| 2010-11 | 30991.00 | 18.70 |

| | | |
|---|---|---|
| 2011-12 | 38010.00 | 22.65 |
| 2012-13 | 44137.00 | 16.12 |
| 2013-14 | 49177.00 | 11.42 |
| 2014-15 | 57950.47 | 17.84 |

**"നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും കർമ്മ പദ്ധതികൾ"**

**89 (3598)** ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുമായി നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിശകലനം നടത്തുന്നുണ്ട്. നികുതി നിർണ്ണയം ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കി കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽകൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. ഇത് ബാക്കിയുള്ള അതിർത്തി ചെക്ക്പോസ്റ്റുകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. സി.സി.ടി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു.

നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തിരമായി തീർപ്പുകൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. ഇതിനുപുറമേ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തിരമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേയ്ക്കു വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതുപ്രകാരം സംസ്ഥാനത്തിനകത്തേയ്ക്കു വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഢംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി. ചെക്കുപോസ്റ്റുകളുടേയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാര നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കുടിശ്ശിക അസസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

Kerala Taxation Laws Amendment Act 2014 പ്രകാരം കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയർ & വൈൻ ഒഴികെയുള്ള വിദേശമദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനത്തിൽ നിന്നും 135 ശതമാനമായും ബിയർ & വൈനിന്റെ നികുതി നിരക്ക് 50 ശതമാനത്തിൽ നിന്നും 70 ശതമാനമായും ഉയർത്തുകയുണ്ടായി.

നികുതി നിർണ്ണയ അധികാരികളുടെ യോഗം നടത്തി പൊട്ടൻഷ്യൽ അസസ്സ്മെന്റ്, മോഡിഫൈഡ് അസസ്സ്മെന്റ് എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കാനും സി.എസ്.ടി. അസസ്സ്മെന്റുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചശേഷം കടപരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിംഗിനോട് കട പരിശോധനയുമായി ബന്ധപ്പെട്ട ക്രൈംഫയലുകൾ പെട്ടെന്ന് തീർപ്പാക്കി

അസസ്സ്മെന്റ് വിംഗിന് നൽകാൻ നിർദ്ദേശം നൽകി. ട്രെയിൻ, ലക്ഷ്വറിബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. റവന്യൂ റിക്കവറിയിൽ കിടക്കുന്ന തുകകൾ കാലവിളംബം കൂടാതെ പിരിച്ചെടുക്കുന്നതിൽ ജില്ലാകളക്ടർമാരുടെ യോഗത്തിൽ നിർദ്ദേശം നൽകുകയുണ്ടായി. വകുപ്പുതല റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. നിബന്ധന കൂടാതെയുള്ള സർക്കാർ സ്റ്റേകളും പിൻവലിച്ചിട്ടുണ്ട്. തുണിത്തരങ്ങളിന്മേലുള്ള വിറ്റുവരവ് നികുതി അടയ്ക്കാത്ത തുണിസ്ഥാപനങ്ങളുടെ അസസ്സ്മെന്റ് സമയബന്ധിതമായി പൂർത്തിയാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നികുതി നിർണ്ണയ വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിനായി ആഡിറ്റ് അസസ്സ്മെന്റ് വിംഗ് പുനഃസ്ഥാപിച്ചിട്ടുണ്ട്.

### "നികുതി വെട്ടിച്ച് നിർമ്മാണ സാമഗ്രികൾ കടത്തുന്നത്"

**90 (3599)** ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെയുള്ള സാധനങ്ങൾ നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) അത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(സി) ഇല്ലെങ്കിൽ നികുതി വെട്ടിച്ച് സാധനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കടത്തുന്നത് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾ സ്വന്തം ആവശ്യങ്ങൾക്കായി സംസ്ഥാനത്തിനകത്ത് ഫാറം നമ്പർ 16 ഉപയോഗിച്ച് എത്തിച്ചതിനുശേഷം പുനർവിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് ചില മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വാണിജ്യ നികുതി വകുപ്പ് നിരവധി സർക്കുലറുകൾ

പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ അവസാനം പുറപ്പെടുവിച്ച സർക്കുലർ 3/2015 പ്രകാരം 20,000 രൂപയ്ക്ക് മുകളിൽ വിലമതിക്കുന്ന നിർമ്മാണ സാമഗ്രികൾ ചെക്ക്പോസ്റ്റ് വഴി കൊണ്ടുവരുന്നതിന് ഓൺലൈനായി ഫാറം നം.16, 8F എന്നിവ നിർബന്ധമായും ഫയൽ ചെയ്യേണ്ടതാണ്. മാത്രമല്ല 50,000 രൂപയ്ക്ക് മുകളിലുള്ള സാമഗ്രികൾ കൊണ്ടുവരുന്നതിന് PAN Card നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ ഫയൽ ചെയ്യുന്ന ഫാറം 16 അതത് അധികാര പരിധിയിൽ വരുന്ന ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ പരിശോധിച്ച് നിജഃസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

വ്യക്തികൾ ഫാറം 16 ഉപയോഗിച്ച് സാധനങ്ങൾ കൊണ്ടുവരുന്നത് തടയാൻ കഴിയില്ല. എന്നാൽ അവയുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**വാണിജ്യ നികുതി വർദ്ധനവ്**

**91 (3600)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി പിരിവിൽ കഴിഞ്ഞ സർക്കാർ കാലത്തേക്കാളും എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചെക്ക്പോസ്റ്റുകളിൽ എത്ര രൂപയുടെ നികുതി ചോർച്ച കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാണിജ്യ നികുതി പിരിവിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വരുമാനം ചുവടെ ചേർക്കുന്നു:

| വർഷം | വരുമാനം (കോടി രൂപയിൽ) |
|---|---|
| 2006-07 | 8686.82 |
| 2007-08 | 9685.34 |

| | |
|---|---|
| 2008-09 | 11571.42 |
| 2009-10 | 13200.19 |
| 2010-11 | 16155.93 |

ഈ സർക്കാരിന്റെകാലത്തെ നികുതി വരുമാനം ചുവടെ ചേർക്കുന്നു:

| വർഷം | വരുമാനം (കോടി രൂപയിൽ) |
|---|---|
| 2011-12 | 19310.54 |
| 2012-13 | 22885.83 |
| 2013-14 | 25376.25 |
| 2014-15 | 27870.89 |
| 2015-16 (30-11-2015 വരെ) | 19599.85 |

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**താനൂർ നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് പദ്ധതികൾ**

**92 (3601)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ ഭരണാനുമതി ലഭിക്കാൻ എത്ര പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്നും ഇവ ഏതെല്ലാം ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ടതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**കാരുണ്യ ഡയാലിസിസ് സെന്റർ**

**93 (3602)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്ന 27 സർക്കാർ ആശുപത്രികളിൽ മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഉൾപ്പെട്ടിരുന്നില്ല. പുതിയ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ലോട്ടറി അച്ചടിയിൽ ക്രമക്കേട്**

**94 (3603)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി അച്ചടികളുടെ മറവിൽ സി. ആപ്റ്റിൽ കോടികളുടെ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) ലോട്ടറി ടിക്കറ്റുകൾക്ക് നമ്പറും ബാർകോഡും രേഖപ്പെടുത്താനുള്ള വേരിയബിൾ ഡാറ്റാപ്രിന്റർ വാടകയ്ക്കെടുത്തതിനും ബാർകോഡിംഗ് ചെന്നൈയിലെ അൻസലാ കമ്പനിക്ക് ഉയർന്ന നിരക്കിൽ കരാർ നൽകിയതും മറ്റും സംബന്ധിച്ച് VE.03/14/SIU-11 നമ്പറായി നടത്തിയ വിജിലൻസ് അന്വേഷണത്തിൽ ആരോപണവിധേയരായ സി-ആപ്റ്റ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടാതെപോയ കേരളത്തിന്റെ ആവശ്യങ്ങൾ**

**95 (3604)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടാതെ പോയ കേരളത്തിന്റെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) പ്രസ്തുത ആവശ്യങ്ങളിൽ സംസ്ഥാനം വീണ്ടും ഉന്നയിക്കുകയും അതിന്മേൽ പുതിയ ഉറപ്പുകൾ ലഭിക്കുകയും ചെയ്തവ എന്തെല്ലാം ആയിരുന്നു ;

(സി) ഇപ്രകാരം വീണ്ടും ഉറപ്പുകൾ ലഭിച്ച ആവശ്യങ്ങളിൽ എത്രയെണ്ണത്തിൽ ഉറപ്പുകൾ പാലിക്കപ്പെടുകയുണ്ടായി എന്നു വ്യക്തമാക്കുമോ; അവ ഏതെല്ലാം; വിശദമാക്കുമോ ;

(ഡി) മുൻ ബഡ്ജറ്റുകളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളും പരിപാടികളും ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**കായംകുളം എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ**

**96 (3605)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ എം. എൽ. എ.യുടെ പ്രത്യേക വികസനനിധി ഉപയോഗിച്ച് വിവിധ സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങാൻ തുക അനുവദിച്ചിട്ടും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കമ്പ്യൂട്ടർ വിതരണം ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയും പെട്ടെന്ന് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം അസംബ്ലി മണ്ഡലത്തിലെ 38 സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും സിഡ്കോ, തിരുവല്ല വഴി നടപ്പിലാക്കുന്നതിനായി ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് 10-8-2015, 16-9-2015 എന്നീ തീയതികളിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഭരണാനുമതി പ്രകാരം ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ 13-10-2015, 5-10-2015 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം സിഡ്കോ, തിരുവല്ലയ്ക്ക് വിതരണ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വിതരണം ചെയ്യുന്നതിനായി സിഡ്കോ, തിരുവല്ല ഇ-ടെൻഡർ ക്ഷണിച്ചിട്ടുള്ളതായും ആയതിന്റെ നടപടികൾ പൂർത്തിയായി വരുന്നതായും ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഇ-ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വിതരണം ചെയ്യുന്നതാണ്.

**അങ്കമാലി നിയോജകമണ്ഡലത്തിലെ ഹൈമാസ്റ്റ് ലൈറ്റുകൾ**

**97 (3606)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ആസ്തി വികസന പദ്ധതിയിൽ സമർപ്പിച്ച പ്രൊപ്പോസലിന് (ഫയൽ നമ്പർ 123239/എൻ.സി.ബി.3/2015/ഫിൻ) അനുമതി നൽകുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നിയമിച്ചിട്ടുള്ള ഏജൻസികളെ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനായി ഏല്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ കെൽട്രോൺ മുഖേന ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ധനകാര്യ വകുപ്പിൽ ലഭിച്ച പ്രൊപ്പോസൽ ഐ.ടി. വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്. ഐ.റ്റി. വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് സത്വരമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിലവിലുള്ള ഉത്തരവുകൾ പ്രകാരം അംഗീകാരം ലഭിച്ച ഏജൻസികൾക്ക് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്.

**സ്പെയർ പാർട്സുകൾക്കായി കെ.എസ്.ആർ.ടി.സി. ചെലവഴിച്ച അധിക തുക**

**98 (3607)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്പെയർ പാർട്സുകൾ വാങ്ങുന്നതിനായി നിലവിലുള്ള കരാറുകൾക്ക് ഉപരിയായി അധിക തുക നൽകിയത് വഴി എത്ര രൂപ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ധനകാര്യ വകുപ്പ് സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അത് കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സ്പെയർ പാർട്സ് വാങ്ങുന്നതിനായി നിലവിലുള്ള കരാറുകൾക്ക് ഉപരിയായി അധിക തുക നൽകിയിട്ടില്ല.

**ഡയാലിസിസ് യൂണിറ്റ്**

**99 (T* 3608)** ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിന്റെ സഹായത്തോടെ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാൻ എത്ര ആശുപത്രികൾ തെരഞ്ഞെടുക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളും 27 സർക്കാർ ആശുപത്രികളും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാനായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും താമരശ്ശേരി താലൂക്ക് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൂടാതെ

---

*  T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

29 സ്വകാര്യ ഡയാലിസിസ് സെന്ററുകളിലും ചികിത്സ ലഭ്യമാണ്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11-7-2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്ററുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ജില്ല/താലൂക്ക് തലങ്ങളിലുള്ള 27 സർക്കാർ ഡയാലിസിസ് സെന്ററുകളുടെ നിർമ്മാണച്ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിൽ താമരശ്ശേരി താലൂക്ക് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള ഡയാലിസിസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 29 എണ്ണം പ്രവർത്തനക്ഷമവുമാണ്.

**പാലക്കാട് - കാർഷിക മേഖലയ്ക്കുള്ള വായ്പ**

**100 (3609)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ ബാങ്കു വഴി പാലക്കാട് ജില്ലയിൽ 30.11.2015 വരെ എത്ര തുക വായ്പയായി നൽകി ;

(ബി) കാർഷിക മേഖലയ്ക്ക് എത്ര തുക നൽകിയിട്ടുണ്ട് ;

(സി) 31-3-2016 നു മുമ്പ് ലക്ഷ്യം പൂർത്തീകരിക്കുന്നതിനു കഴിയുമോ ;

(ഡി) ജില്ലാതല ബാങ്ക് അവലോകനസമിതി എന്നാണ് അവസാനമായി ചേർന്നത് ;

(ഇ) സാധാരണക്കാർക്കും ഇടത്തരം കർഷകർക്കും ചെറുകിട സ്ഥാപനങ്ങൾക്കും എളുപ്പത്തിൽ വായ്പ ലഭ്യമാക്കുന്നതിന് ജില്ലാതല ബാങ്കിംഗ് സമിതി കർമ്മ പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ) 2015 സെപ്റ്റംബർ വരെയുള്ള കണക്ക് പ്രകാരം 34,77,51,26,000 തുക വായ്പയായി നൽകിയിട്ടുണ്ട്.

(ബി) 19,13,72,06,000 രൂപ നൽകിയിട്ടുണ്ട്

(സി) ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) 2015 നവംബർ 20-ാം തീയതി ചേർന്നു.

(ഇ) ഈ വിഷയത്തിൽ വേണ്ട തീരുമാനം എടുക്കുന്നതിനായി ജില്ലാതല ബാങ്കിംഗ് സമിതിക്ക് സംസ്ഥാനതല ബാങ്കിംഗ് സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സൗകര്യം

**101 (3610)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് ഉപയോഗപ്പെടുത്തി മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം സൗകര്യം അനുവദിക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ വിവിധ എം.എൽ.എ. മാരുടേതായി ലഭിച്ചു ; വിശദാംശം നൽകാമോ ;

(ബി) എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സൗകര്യം ഏർപ്പെടുത്തുന്നതിന് ഏതൊക്കെ എം.എൽ.എ. മാർക്ക് ആസ്തിവികസന ഫണ്ട് ഉപയോഗിക്കുന്നതിന് അനുവാദം ലഭിക്കുകയുണ്ടായി; വിശദാംശം നൽകാമോ;

(സി) എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സൗകര്യം ഏർപ്പെടുത്തുന്നതിന് ആസ്തിവികസന ഫണ്ട് ഉപയോഗിക്കുന്നതിന് ഏതെങ്കിലും എം.എൽ.എ. മാരുടെ പ്രൊപ്പോസലുകൾ നിരസിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ആസ്തി വികസന ഫണ്ടിൽ നിന്ന് സ്മാർട്ട് ക്ലാസ് റൂം സൗകര്യം ഏർപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിൽ ലഭിച്ച പ്രൊപ്പോസലുകളുടേയും അനുമതി

നൽകിയ പ്രൊപ്പോസലുകളുടേയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സർക്കാർ അധീനതയിൽ മൂലധന സ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനായാണ് ആസ്തി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നത് ചട്ടപ്രകാരം അനുവദനീയമല്ലാത്ത സാഹചര്യത്തിലാണ് നിയമസഭാ സാമാജികരുടെ നിർദ്ദേശങ്ങൾ നിരസിച്ചിട്ടുള്ളത്. എന്നാൽ, എം.എൽ.എ.മാരുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്റൂം സ്ഥാപിക്കുന്നതിന് പ്രത്യേകാനുമതി നൽകിവരുന്നുണ്ട്.

**നിക്ഷേപകരെ ആകർഷിക്കുന്നതിന് നടത്തിയ സംരംഭങ്ങൾ**

**102 (3611)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് നടത്തിയ സംരംഭങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംരംഭത്തിന്റെ ഫലമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പുതിയ നിക്ഷേപങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാം മേഖലയിലാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിക്ഷേപങ്ങളുടെ ഫലമായി സംസ്ഥാനത്ത് കൈവരിക്കാൻ കഴിഞ്ഞ വളർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ നിക്ഷേപക സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനായി എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചു. വ്യവസായ വികസനം ത്വരിതപ്പെടുത്തിന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് മുതലായവ രൂപീകരിച്ചു. ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനുംവേണ്ടി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി. ചെറുകിട വ്യവസായങ്ങളുടെ പ്രോൽസാഹനത്തിനും ഇന്ത്യയ്ക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ പങ്കുവയ്ക്കുന്നതിനുമായി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് വ്യവസായ സംഗമം സംഘടിപ്പിച്ചു. എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നിവ സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തെ വിദ്യാർത്ഥി/യുവസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി യുവസംരംഭക സംഗമവും യെസ് ക്യാൻ 2015 സംഗമവും സംഘടിപ്പിച്ചു. വനിതാ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനായി വി മിഷൻ സംഘടിപ്പിച്ചു.

(ബി & സി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പദ്ധതികളുടെ സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 56 പദ്ധതികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. ഈ പദ്ധതികളുടെ എല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32,137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളത്. ഈ പദ്ധതികളുടെ ആകെ നിക്ഷേപം 23,334 കോടി രൂപയാണ്. ഇതിൽ ഏകദേശം 209 കോടി രൂപ നിക്ഷേപമുള്ള രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു.

2013-14 സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 2314 ചെറുകിട/ഇടത്തരം സംരംഭകരെ കണ്ടെത്തുകയും ആയതിൽ 759 പേർ യൂണിറ്റ് ആരംഭിക്കുകയും 100.015 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുകയും ആയതുവഴി 16325 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 2270 നിക്ഷേപകരെ കണ്ടെത്തുകയും ആയതിൽ 802 പേർ യൂണിറ്റ് ആരംഭിക്കുകയും 101.789 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുകയും അതിലൂടെ 10759 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ വായ്പ**

**103 (3612)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ലോൺ എടുത്ത് പഠിച്ചതിനുശേഷം ജോലി ലഭിക്കാത്ത വായ്പക്കാർക്കെതിരെ ബാങ്കുകൾ ജപ്തി നടപടി ആരംഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാത്തതുമൂലം ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറിക്ക് മൊറട്ടോറിയം ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി 9-10-2015-ൽ അവസാനിച്ചു. പ്രസ്തുത ഉത്തരവ് 6 മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള, പുതിയ കേന്ദ്ര സർക്കാർ സബ്സിഡിക്ക് അപേക്ഷിച്ചവർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്കും 6 മാസത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി 7-12-2015-ൽ അവസാനിച്ചതിനെ തുടർന്ന് പ്രസ്തുത മൊറട്ടോറിയം 6 മാസ കാലാവധിയിലേയ്ക്ക് കൂടി ദീർഘിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി**

**104 (3613)** <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. കെ. രാജു</u> :
<u>ശ്രീ. കെ. അജിത്</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നുണ്ടോ;

(ബി) നികുതി പിരിവ് കുറയുകയും ചെലവ് വൻതോതിൽ ഉയരുകയും ചെയ്തിട്ടും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് യാതൊരു പദ്ധതിയും നടപ്പിലാക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ പൊതുകടം 2011-12-ലും 2014-15-ലും

എത്രയായിരുന്നുവെന്ന് താരതമ്യം ചെയ്ത് മറുപടി ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2011 മാർച്ചിലും 2015 മേയ് മാസത്തിലും എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാലും വിവിധ അടിസ്ഥാന ചെലവിനങ്ങൾക്ക് വൻതോതിൽ പണം ചെലവിടേണ്ടി വരുന്നതിനാലും നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്.

(ബി) നികുതി പിരിവിൽ കുറവ് ഉണ്ടായിട്ടില്ല. എന്നാൽ റവന്യൂ വരവിന്റെ വളർച്ചാ നിരക്കിൽ പ്രതീക്ഷിച്ച വർദ്ധന കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്.

നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചിട്ടുണ്ട്. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിയുടെ അനുമതി വാങ്ങേണ്ടതാണ്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗരറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ പൊതുകടം 2011-12-ൽ (31-3-2012 വരെ) 89418.18 കോടി രൂപയായിരുന്നു. ആയത് 2014-15-ലെ പൊതുകടമായ 135440.24 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 51.47 ശതമാനം വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്.

(ഡി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2011 മാർച്ചിൽ 3673.86 കോടി രൂപയും ആയത് 2015 മെയ് മാസത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 196.44 കോടി രൂപയുമായിരുന്നു.

## കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനം

**105 (3614)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂളിന്റെ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ എൻട്രി കേഡറിലെ നിലവിലുള്ള കേഡർ സ്ട്രെംഗ്ത് എത്ര; ആയതിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാർക്ക് തസ്തികമാറ്റം വഴി ലഭിക്കേണ്ട 20% തസ്തികകളിൽ എത്ര കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാർ അസിസ്റ്റന്റായി ജോലി നോക്കുന്നുണ്ടെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഇനിയും എത്രപേർക്ക് ഈ രീതിയിൽ നിയമനം നൽകാനുണ്ട്;

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ നിയമനം നൽകുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് എൻട്രി കേഡറിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം വഴി നൽകാനുള്ള 20 ശതമാനം തസ്തികകളിൽ എത്ര പേർക്ക് നിയമനം നൽകേണ്ടതായിരുന്നു?

<u>ഉത്തരം</u>

(എ) ധനകാര്യവകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂളിന്റെ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ധനകാര്യവകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ എൻട്രി കേഡറിലെ നിലവിലുള്ള കേഡർ സ്റ്റ്രെംഗ്ത് 101. മൊത്തമായും കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവർക്ക് തസ്തികമാറ്റം വഴി ലഭിക്കേണ്ട 20% തസ്തികകളിൽ 7 കമ്പ്യൂട്ടർ അസിസ്റ്റന്റ്, 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, 7 കമ്പ്യൂട്ടർ അസിസ്റ്റന്റ് ട്രെയിനിമാർ, 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ട്രെയിനിമാർ എന്നിവർ ജോലി നോക്കുന്നുണ്ട്. അങ്ങനെ മൊത്തം 20 കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ അസിസ്റ്റന്റ് കേഡറിൽ ജോലി നോക്കി വരുന്നു.

(സി) ഈ രീതിയിലുള്ള 20% തസ്തികകളിൽ മുഴുവൻ നിയമനവും നൽകിയിട്ടുണ്ട്.

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ നിയമനം നൽകുന്നതിൽ കാലതാമസം ഇല്ല. ഇതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

(ഇ) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യവകുപ്പിൽ അസിസ്റ്റന്റ് എൻട്രി കേഡറിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം വഴി നൽകാനുള്ള 20 ശതമാനം തസ്തികകളിൽ വേക്കൻസി വന്ന മുറയ്ക്ക് മുഴുവൻ പേർക്കും നിയമനം നൽകിയിട്ടുണ്ട്.

**മണ്ഡലങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ**

**106 (3615)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. ദാസൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികരിൽ നിന്നുള്ള നിർദ്ദേശങ്ങൾ ശേഖരിച്ച് മണ്ഡലങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ യഥാസമയം നടപ്പിലാക്കാൻ

സാധ്യമായിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള പദ്ധതികളായിരുന്നു പ്രഖ്യാപിച്ചിരുന്നത്;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ടോ; സർക്കാരിന്റെ ഏറ്റവും ഒടുവിലത്തെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ വിശദീകരണം നൽകുമോ;

(സി) എം.എൽ.എ. ഫണ്ട് പദ്ധതിയും ആസ്തി വികസന ഫണ്ട് പദ്ധതിയും ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നു; പ്രസ്തുത പദ്ധതികളിൽ ഓരോ വർഷവും ചെലവഴിക്കാൻ തീരുമാനിക്കപ്പെട്ടിരുന്ന തുക എത്ര; ഈ ഇനത്തിൽ ഓരോ വർഷവും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയെത്ര ; വിശദമാക്കുമോ;

(ഡി) വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കുന്നതിൽ പ്രതിപക്ഷ/ഭരണപക്ഷ മണ്ഡലങ്ങളെന്ന വകഭേദം കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ആസ്തി വികസന പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി 1-9-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 7791/2015/ധന. പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2015 സെപ്റ്റംബർ മാസത്തിലാണ് കളക്ടറേറ്റിലെ ജില്ലാ വികസന സമിതിയിൽ ആസ്തി വികസന പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിശദ വിവരം കളക്ടറേറ്റുകളിൽ ലഭ്യമല്ലായെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ജില്ലാ കളക്ടറേറ്റുകളിൽ ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ വിവരം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മറ്റ് പദ്ധതികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) എം.എൽ.എ ഫണ്ട് (MLA SDF) പദ്ധതി ആരംഭിച്ചത് 2001-02 വർഷത്തിലും ആസ്തി വികസന പദ്ധതി (LAC ADS) ആരംഭിച്ചത് 2012-13 വർഷത്തിലുമാണ്. എം.എൽ.എ. എസ്.ഡി.എഫ്. ഇനത്തിൽ അലോട്ട്മെന്റ്

നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം (1)ൽ ചേർക്കുന്നു.*

എൽ.എ.സി. എ.ഡി.എസ്. ഇനത്തിൽ ഒരു എം.എൽ.എ.-യ്ക്ക് ഓരോ സാമ്പത്തിക വർഷവും 5 കോടി എന്ന കണക്കിൽ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ട്രഷറിയിൽനിന്നും ഓരോ വർഷവും പിൻവലിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവയിലുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുമ്പോൾ ഭരണപക്ഷം/പ്രതിപക്ഷം എന്ന വകഭേദം കാണിക്കാറില്ല. ഇത്തരം നിർദ്ദേശങ്ങൾ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. സമീപകാലത്തെങ്ങും ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മറ്റ് പദ്ധതികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

**സംസ്ഥാനത്തിന്റെ പൊതുകടം**

**107 (3616)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാങ്ങിയ പൊതുകടത്തിൽ നിന്നും എത്ര തുക മൂലധനനിക്ഷേപത്തിനായി ചെലവഴിച്ചു; വിശദവിവരം നൽകുമോ;

(ബി) 2015 നവംബർ 1 വരെ കേരളത്തിന്റെ പൊതുകടം എത്ര; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) കടമെടുക്കുന്ന തുക വികസന ചെലവുകൾക്കും പദ്ധതി പ്രവർത്തനങ്ങൾക്കുമാണ് പ്രധാനമായും ചെലവഴിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത കടവും (തനി) മൂലധന ചെലവും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| വർഷം | കടമെടുത്ത തുക (തനി) | മൂലധന ചെലവ് |
|---|---|---|
| 2011-12 | 10744.94 | 3852.92 |
| 2012-13 | 14142.66 | 4603.29 |
| 2013-14 | 15448.23 | 4294.33 |
| 2014-15 | 16431.17 | 4254.59 |

(ബി) അക്കൗണ്ടന്റ് ജനറലിന്റെ മാസാടിസ്ഥാനത്തിലുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 31.10.2015 വരെ സംസ്ഥാനത്തിന്റെ പൊതുകടം 145152.77 കോടി രൂപയാണ്. ഇതിൽ 96659.92 കോടി രൂപ ആഭ്യന്തര കട ഇനത്തിലും 7259.13 കോടി രൂപ കേന്ദ്രസഹായ വായ്പ ഇനത്തിലും 41233.72 കോടി രൂപ സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട് തുടങ്ങി ഇനത്തിലുമായിരുന്നു.

## 2014-15 വർഷത്തെ വരവ് - ചെലവു കണക്കുകൾ

**108 (3617)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 - 15 സാമ്പത്തിക വർഷത്തെ വിദേശ വായ്പ, കേന്ദ്ര വിഹിതം, റവന്യൂ വരവുകൾ, ഇതര മാർഗ്ഗങ്ങളിൽ നിന്നുള്ള വരുമാനം എന്നീ ഇനങ്ങളിൽ ആകെ എത്ര തുക സമാഹരിക്കുവാൻ കഴിഞ്ഞു; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷത്തെ വിവിധ ചെലവുകൾ, സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും പെൻഷനും ഉൾപ്പെടെ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വർഷത്തിൽ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു ; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ വിദേശ വായ്പ, കേന്ദ്ര വിഹിതം, റവന്യൂ വരുമാനം, ഇതര മാർഗ്ഗങ്ങളിൽ നിന്നുള്ള വരുമാനം എന്നിവ ഇനം തിരിച്ച്

ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | വിദേശ വായ്പ (തനി) | കേന്ദ്ര വിഹിതം | റവന്യൂ വരുമാനം | മറ്റു വരുമാനം പബ്ലിക്ക് അക്കൗണ്ട് (തനി) |
|---|---|---|---|---|
| 2014-15 | 402.84 | 15434.28 | 57950.47 | 5900.83 |

(ബി) പ്രസ്തുത വർഷത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പളം, മറ്റാനുകൂല്യം എന്നീയിനത്തിൽ 21366.87 കോടി രൂപയും പെൻഷൻ ഇനത്തിൽ 11252.67 കോടി രൂപയും മറ്റു ചെലവിനത്തിൽ 44124.58 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി 14252.27 കോടി രൂപ ചെലവഴിച്ചു. ആയതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

**മഹിളാ പ്രധാൻ ഏജന്റുമാരുടെ വേതന കുടിശ്ശിക**

**109 (3618)** <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ പ്രധാൻ ഏജന്റുമാരുടെ വേതന കുടിശ്ശിക ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എത്ര മാസത്തെ കുടിശ്ശിക നിലവിലുണ്ട്; ഇത് കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നേക്ക് കൊടുത്തുതീർക്കും; വ്യക്തമാക്കുമോ;

(ബി) വേതനം അതാത് മാസം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇവരുടെ വേതനം 1% കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; ഇവരുടെ ക്ഷേമനിധി, പെൻഷൻ എന്നിവ പുനഃപരിശോധിച്ച് പെൻഷൻ 5000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) മഹിളാ പ്രധാൻ, എസ്.എ.എസ്. ഏജന്റുമാർക്ക് അധിക സേവനത്തിനുള്ള പ്രതിഫലമാണ് നൽകിവരുന്നത്. നവംബർ ഉൾപ്പെടെ ആറ് മാസത്തെ പ്രതിഫല കുടിശ്ശിക നിലവിലുണ്ട്. അത് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മഹിളാ പ്രധാൻ ഏജന്റുമാരുടെ അധിക സേവനത്തിനുള്ള പ്രതിഫലം ഓരോ മാസത്തെയും കളക്ഷൻ വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ചശേഷമാണ് എത്ര തുക നൽകണമെന്ന് കണക്കാക്കുന്നത്. അതുകൊണ്ട് അതാത് മാസം പ്രതിഫലം കൊടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. പ്രതിഫലം കൂട്ടുന്ന കാര്യവും ക്ഷേമനിധി, പെൻഷൻ എന്നിവ വർദ്ധിപ്പിക്കുന്ന കാര്യവും ഇപ്പോൾ പരിഗണനയിൽ ഇല്ല.

**ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപം**

**110 (3619)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദേശീയ സമ്പാദ്യപദ്ധതിയിലെ മിച്ച നിക്ഷേപം ഓരോ വർഷവും എത്ര രൂപാ വീതമാണ് സംസ്ഥാനത്തിനു ലഭിച്ചത്;

(ബി) ഏതെല്ലാം വകുപ്പിലെ സേവനങ്ങൾക്കാണ് ദേശീയ സമ്പാദ്യപദ്ധതിയിൽ നിക്ഷേപം വേണമെന്ന് നിഷ്കർച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സേവനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ:

ഉത്തരം

(എ)

| വർഷം | സംസ്ഥാനത്തിന് വായ്പയായി ലഭിച്ച ദേശീയ ലഘു സമ്പാദ്യ നിധിയിലെ (NSSF) മിച്ചനിക്ഷേപം (തുക ലക്ഷം രൂപയിൽ) |
|---|---|
| 2011-2012 | 0 |
| 2012-2013 | 63,004 |
| 2013-2014 | 56,514 |
| 2014-2015 | 1,13,210 * |

| | |
|---|---|
| 2015-2016 (10-12-2015 വരെ) | 33,504 * |

* വകുപ്പുതല കണക്കുകൾ പ്രകാരം

(ബി) സർക്കാർ വകുപ്പുകളിലെ സേവനങ്ങൾക്ക് ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപം വേണമെന്ന് നിഷ്കർഷിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

**"ഡോ. ബിജുരമേശിന്റെ പേരിലുള്ള സെയിൽസ് ടാക്സ് കേസുകൾ"**

**111 (3620)** ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം രാജധാനി ഹോട്ടൽ സമുച്ചയം ഉടമയും വ്യവസായിയുമായ ഡോ. ബിജു രമേശിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം ജില്ലയിലെ സ്ഥാപനങ്ങളിൽ സെയിൽസ് ടാക്സ് വകുപ്പ് ഇൻസ്പെക്ഷൻ/റെയ്ഡ് നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഇൻസ്പെക്ഷൻ/റെയ്ഡെന്നും ഏതൊക്കെ തീയതികളിലെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത റെയിഡുകളിൽ കൃത്രിമങ്ങൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഡോ.ബിജുരമേശ് പ്രതിയായ എത്ര സെയിൽസ് ടാക്സ് കേസുകൾ നിലവിലുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വ്യക്തിയുടെ പേരിലുള്ള കുടിശ്ശിക തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഉണ്ട്. 4 ഇൻസ്പെക്ഷൻ/റെയ്ഡ് നടത്തിയിട്ടുണ്ട്. 21-12-2011 (1 എണ്ണം), 23-12-2013 (2 എണ്ണം), 25-3-2015 (1 എണ്ണം).

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 3 (മൂന്ന്) കേസുകൾ നിലവിലുണ്ട്.

(ഡി) ഡോ. ബിജു രമേശിന്റെ പേരിലുള്ള നിലവിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വിഘാതമായി ഡെപ്യൂട്ടി കമ്മീഷണർ അപ്പീലിന്റെയും ട്രൈബ്യൂണലിന്റെയും സ്റ്റേ നിലനിൽക്കുന്നു.

**അദാനി പോർട്ട്സും ക്വാറി ക്രഷ് കമ്പനികളുമായുള്ള കരാർ**

**112 (3621)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയായ അദാനി പോർട്ട്സും തിരുവനന്തപുരം ജില്ലയിലെ മുക്കുന്നിമലയിൽ പ്രവർത്തിക്കുന്ന വൻകിട ക്വാറി ക്രഷ് കമ്പനികളും തമ്മിൽ പദ്ധതിക്കാവശ്യമായ ഗ്രാനൈറ്റ് എത്തിക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി ടാക്സസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വില്പന നികുതി ഇനത്തിൽ സർക്കാർ ഖജനാവിലേക്ക് വരേണ്ട റവന്യൂ നഷ്ടപ്പെടുന്ന നിലയിൽ കോമ്പൗണ്ടിംഗ് നികുതി തുടരാൻ നീക്കം നടക്കുന്നതായി അറിയാമോ ;

(സി) ബന്ധപ്പെട്ട കമ്പനികൾ ഖനനം ചെയ്യുന്ന ഗ്രാനൈറ്റിന് 12.5 ശതമാനം നിരക്കിൽ തന്നെ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കൃത്യമായി നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ ;

(ഇ) അദാനിയുമായുള്ള ഖനന കരാർ തയ്യാറാക്കിയത് ഗ്രാനൈറ്റിന് നികുതി ഉൾപ്പെടെയുള്ള തുക കണക്കാക്കികൊണ്ടാണെന്നത് അറിയാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) 2014-15-ൽ മെറ്റൽ ക്രഷർ കോമ്പൗണ്ടിംഗിന്റെ നികുതി നിരക്ക് ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ മാന്യുഫാക്ച്ചേർഡ് സാൻഡ് ഉൽപ്പാദിപ്പിക്കുന്ന

യൂണിറ്റുകൾക്കുകൂടി കോമ്പൗണ്ടിംഗ് രീതിയിൽ നികുതി ഒടുക്കുവാൻ 2014-ലെ ധനകാര്യ നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. വലിയ ബ്ലോക്കുകളായുള്ള പാറക്കഷണങ്ങളുടെ വിൽപ്പന കോമ്പൗണ്ടിംഗിന്റെ പരിധിയിൽപ്പെടുകയില്ല. ഇവയ്ക്ക് കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ 6-ാം വകുപ്പുപ്രകാരമുള്ള നികുതി നിരക്കാവും ബാധകമാവുക. ഇതിൽ കോമ്പൗണ്ടിംഗ് നികുതി നിരക്കിൽ നികുതി അടയ്ക്കുവാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നികുതി നിർവ്വഹണത്തിൽ കൃത്യവിലോപം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്.

(ഇ) അദാനിയുമായി ഖനനം സംബന്ധിച്ചുള്ള ഒരു കരാറിലും സർക്കാർ ഏർപ്പെട്ടിട്ടില്ല.

**"ചെക്ക് പോസ്റ്റ് പരിശോധന"**

**113 (3622)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ വകുപ്പിന്റെ ചെക്ക് പോസ്റ്റ് പരിശോധന കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിലെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ E-declaration സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ സംസ്ഥാനത്ത് കടന്നുവരികയും പോകുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരം PIN/TIN ഡീലർമാരുടെ മൊബൈൽ ഫോണിൽ Alert Message SMS ആയി ലഭിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വാണിജ്യ നികുതി ഇന്റലിജൻസ്

വിഭാഗം ചെക്ക്പോസ്റ്റുകളിൽ നിരന്തരമായി ഓവർ ചെക്കിങ്ങും ടേക്ക് ഓവറും നടത്തിവരുന്നു.

അമരവിള സംയോജിത ചെക്ക്പോസ്റ്റ് നടപ്പിലാക്കിയതുപോലെ മറ്റു പ്രധാന ചെക്ക് പോസ്റ്റുകളിലും സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി&സി) പ്രസ്തുത സംവിധാനങ്ങൾ വഴി ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന സുഗമമാക്കുന്നതിനും ബില്ലുകൾ പരിശോധിച്ച് രജിസ്റ്ററുകളിൽ രേഖപ്പെടുത്താനെടുത്തിരുന്ന കാലതാമസം ഒഴിവാക്കുന്നതിനും സാധിക്കുന്നു. സംസ്ഥാനത്തിനകത്തേക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ആട്ടോമാറ്റിക്കായി ഡീലർമാരുടെ ഫോൾഡറിൽ വരുമെന്നതിനാൽ നികുതി നിർണ്ണയ അധികാരിക്ക് വ്യാപാരി ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കുന്നതിനും അതുവഴി നികുതി വെട്ടിപ്പ് പരമാവധി തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

**"ചെക്ക് പോസ്റ്റുകളിൽ ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം"**

**114 (3623)** <u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക് പോസ്റ്റുകളിൽ ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) വാണിജ്യ നികുതി വകുപ്പിൽ ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം 2012 ഓഗസ്റ്റ് മാസം 1-ാം തീയതി മുതൽ നടപ്പാക്കിയിട്ടുണ്ട്.

(ബി&സി) സിമെന്റ്, തടി, മലഞ്ചരക്ക് തുടങ്ങിയ Evasion Prone Products

കൊണ്ടുപോകുന്നതിനാണ് ഡെലിവറി നോട്ട് ഉപയോഗിക്കുന്നത്. ഇത് Booklet ആയിട്ടായിരുന്നു നൽകിയിരുന്നത്. ഇതിൽ ദുരുപയോഗം ചെയ്യാനുള്ള സാധ്യത കൂടുതലുണ്ടായിരുന്നു. അതെപ്പോഴാണ് ഉപയോഗിച്ചതെന്ന് അസസ്സിംഗ് അതോറിറ്റിക്ക് ഉടനടി അറിയുവാൻ കഴിഞ്ഞിരുന്നില്ല. ഓൺലൈൻ ആക്കിയതോടുകൂടി കൃത്രിമം ചെയ്യാനുള്ള സാധ്യത ഇല്ലാതാവുകയും അസസ്സിംഗ് അതോറിറ്റിക്ക് യഥാസമയം പരിശോധന നടത്തുവാൻ കഴിയുകയും ചെയ്യുന്നു. കൂടാതെ ഓഫീസുകളിൽനിന്നും ഇത് കൈപ്പറ്റാനുള്ള കാലതാമസം ഒഴിവായി.

**രാജധാനി ഹോട്ടൽ ഉടമയുടെ നികുതി കുടിശ്ശിക**

**115 (3624)** ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജധാനി ഹോട്ടൽ സമുച്ചയം ഉടമ ഡോ.ബിജു രമേശ്, സംതൃപ്തി, കിഴക്കേകോട്ട, തിരുവനന്തപുരം - ന്റെ പേരിൽ സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റിൽ എത്ര കേസ്സുകൾ നിലവിലുണ്ട്; അവയുടെ കേസ് നമ്പർ അറിയിക്കുമോ; ഇവയിൽ സ്റ്റേയുള്ളവ എത്ര;

(ബി) പ്രസ്തുത കേസുകളിൽ എത്ര രൂപയാണ് പിരിച്ചെടുക്കുവാനുള്ളത്;

(സി) ടി കേസ്സുകളിൽ കോടതി സ്റ്റേയുള്ളവ എത്ര; ഇത് എത്ര തുകയുടേതാണ്; ട്രിബ്യൂണൽ സ്റ്റേയുള്ളവ എത്ര; വിശദമാക്കാമോ:

(ഡി) പ്രസ്തുത വ്യക്തിയുടെ പേരിലുള്ള നികുതി കുടിശ്ശികയിൽ എത്ര തുക പിരിച്ചെടുത്തു; ശേഷിക്കുന്ന തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) രാജധാനി ഹോട്ടൽ സമുച്ചയം ഉടമ ഡോ. ബിജു രമേശ്, സംതൃപ്തി, കിഴക്കേകോട്ട, തിരുവനന്തപുരം - ന്റെ പേരിൽ വാണിജ്യ നികുതി വകുപ്പിൽ 3 കേസ്സുകൾ നിലവിലുണ്ട്. കേസ് നമ്പറുകൾ ചുവടെ ചേർക്കുന്നു:

1. STA - 32/14 dated 17/10/2014 - Deputy Commissioner (A), Thiruvananthapuram

2. STA - 31/14 dated 17/10/2014 - Deputy Commissioner (A), Thiruvananthapuram

3. TA (VAT) No. 1038/2012 dated 21/12/2012 - Appellate Tribunal മുകളിൽ നൽകിയിരിക്കുന്ന 3 കേസ്സുകൾക്കും നിലവിൽ സ്റ്റേ ഉണ്ട്.

(ബി) പ്രസ്തുത കേസുകളിൽ പിരിച്ചെടുക്കുവാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഹോട്ടൽ ചോള ഇന്റർനാഷണൽ - 3,52,724 രൂപ
2. രാജധാനി ഹോട്ടൽ പ്രൈവറ്റ് ലിമിറ്റഡ് - 6,96,226 രൂപ
3. മൗര്യ രാജധാനി - 73,521 രൂപ.

(സി) ടി കേസ്സുകളിൽ കോടതി സ്റ്റേയുള്ളവ ഇല്ല. ടി കേസ്സുകളിൽ ട്രൈബ്യൂണൽ സ്റ്റേയുള്ളവ 1 എണ്ണം. TA(VAT) No. 1038/12 dated 21/12/2012 അനുസരിച്ച് മൗര്യ രാജധാനിയുടെ 2007-08 വർഷത്തെ നികുതി കുടിശ്ശിക തുകയായ 73,521 രൂപയ്ക്ക് സ്റ്റേ നിലനിൽക്കുന്നു.

(ഡി) പ്രസ്തുത വ്യക്തിയുടെ പേരിലുള്ള നികുതി കുടിശ്ശികയിൽ 523328 രൂപ പിരിച്ചെടുത്തു. ശേഷിക്കുന്ന തുക പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വിഘാതമായി ഡെപ്യൂട്ടി കമ്മീഷണർ അപ്പീലിന്റേയും ട്രൈബ്യൂണലിന്റേയും സ്റ്റേ നിലനിൽക്കുന്നു.

**രാജധാനി ഹോട്ടൽ ഉടമയുടെ സെയിൽ ടാക്സ് സംബന്ധിച്ച വിവരം**

**116 (3625)** <u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജധാനി ഹോട്ടൽ ഉടമ ഡോ.ബിജു രമേശ് ബാർ ഹോട്ടലുകളിൽ നിന്ന് സെയിൽ ടാക്സ് ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം അടച്ച തുകയെത്രയാണെന്ന വിവരം ഓരോ ബാർ ഹോട്ടൽ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വ്യക്തി ബാർ ഹോട്ടൽ ഒഴികെയുള്ള അദ്ദേഹത്തിന്റെ ഇതര സ്ഥാപനങ്ങളിൽ നിന്ന് സർക്കാർ ഖജനാവിലേയ്ക്ക് സെയിൽ ടാക്സ് ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം ഒടുക്കിയ തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വ്യക്തിക്ക് സെയിൽ ടാക്സ് ഇനത്തിൽ എത്ര തുകയുടെ കുടിശ്ശിക ഉണ്ട്; ഇതിൽ ഹൈക്കോടതി സ്റ്റേ, ട്രൈബ്യൂണൽ സ്റ്റേ, സർക്കാർ സ്റ്റേ എന്നിവ എത്ര വീതമാണെന്ന വിവരം കേസ് നമ്പർ സഹിതം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) രാജധാനി ഹോട്ടൽ ഉടമ ഡോ. ബിജു രമേശ് ബാർ ഹോട്ടലുകളിൽനിന്ന് സെയിൽ ടാക്സ് ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം അടച്ച തുക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത വ്യക്തി ബാർ ഹോട്ടൽ ഒഴികെയുള്ള അദ്ദേഹത്തിന്റെ ഇതര സ്ഥാപനങ്ങളിൽനിന്ന് സർക്കാർ ഖജനാവിലേയ്ക്ക് സെയിൽ ടാക്സ് ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം ഒടുക്കിയ തുക ചുവടെ ചേർക്കുന്നു:

1. രാജധാനി കൺസ്ട്രക്ഷൻസ് - 9.03 ലക്ഷം രൂപ

2. രാജധാനി ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് - 2288 രൂപ

(സി) പ്രസ്തുത വ്യക്തിക്ക് സെയിൽ ടാക്സ് ഇനത്തിലുള്ള കുടിശ്ശികയുടെ വിവരങ്ങളും സ്റ്റേയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു. ഹൈക്കോടതി സ്റ്റേയും സർക്കാർ സ്റ്റേയും ഇല്ല. പ്രസ്തുത വ്യക്തിക്ക് സെയിൽ ടാക്സ് ഇനത്തിൽ 11.23 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്:

ഡിപ്പാർട്ടുമെന്റൽ സ്റ്റേ - 10.49 ലക്ഷം

ട്രൈബ്യൂണൽ സ്റ്റേ - 0.74 ലക്ഷം (TA(VAT) No. 1038/2012 dated 21/12/2012

**സംസ്ഥാനത്തുനിന്നുള്ള ഡീസൽ/പെട്രോൾ വില്പനയിലെ കുറവ്**

**117 (3626)** <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :
<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ കൂടുതൽ വില്പന നികുതിയും സെസും ഡീസലിനും പെട്രോളിനും സംസ്ഥാനത്തുള്ളതിനാൽ, സംസ്ഥാനത്തു നിന്നുള്ള ഡീസൽ/പെട്രോൾ വില്പനയിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2015 നവംബർ1 അനുസരിച്ച് കേരളത്തിന്റെ അതിർത്തി സംസ്ഥാനങ്ങളിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡീസലിന്റെയും പെട്രോളിന്റെയും നികുതിയും സെസും എത്രയാണെന്നും കേരളത്തിന്റേത് എത്രയാണെന്നും വിശദമാക്കാമോ;

(സി) തമിഴ്നാട്ടിൽ നിന്നും മാഹിയിൽ നിന്നും ഡീസൽ വാങ്ങി സംസ്ഥാനത്ത് വിൽക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡീസൽ നികുതി അയൽ സംസ്ഥാനങ്ങളിലേതിന് സമാനമാക്കിയാൽ നികുതി വെട്ടിപ്പ് തടയാനും അവശ്യ സാധനങ്ങളുടെ വില കുറയ്ക്കാനും കഴിയുമെന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) സംസ്ഥാനങ്ങൾ തമ്മിലുള്ള നികുതി വ്യത്യാസം എല്ലാക്കാലവും നിലവിലുണ്ട്. എന്നാൽ ഇതിന്റെ ഫലമായി കേരളത്തിൽ പെട്രോളിന്റേയും ഡീസലിന്റേയും വിൽപ്പന കുറയുന്നതായും അത് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-15 സാമ്പത്തിക വർഷം നവംബർ വരെ പെട്രോളിന്റെ വിൽപ്പന കേരളത്തിൽ 720228 കിലോ ലിറ്ററായിരുന്നത് 2015-16 സാമ്പത്തിക വർഷം നവംബർ വരെ 911289 കിലോ ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. ഡീസലിന്റെ വിൽപ്പന 2014-15 സാമ്പത്തിക വർഷം നവംബർ വരെ 1515484 കിലോ ലിറ്ററായിരുന്നത് 2015-16 സാമ്പത്തിക വർഷം നവംബർ വരെ 1700311 കിലോ ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. ആയതിനാൽ വിൽപ്പനയിൽ കുറവ് സംഭവിച്ചിട്ടില്ല.

(ബി) ഡീസലിനും പെട്രോളിനും മേൽ അതിർത്തി സംസ്ഥാനങ്ങൾ ഈടാക്കുന്ന നികുതി നിരക്ക് താഴെ നൽകുന്നു:

| സംസ്ഥാനം | പെട്രോൾ | ഡീസൽ |
|---|---|---|
| തമിഴ്നാട് | 27.00% | 21.43% |
| കർണ്ണാടക | 25.00% | 15.65% |
| ആന്ധ്രാപ്രദേശ് | 31% + Rs. 4 per litre | 22.25% + Rs. 4 per litre |
| തെലങ്കാന | 35.20% | 27.00% |

പെട്രോൾ, ഡീസൽ എന്നിവയിന്മേൽ കേരളം ചുമത്തുന്ന നികുതികൾ ചുവടെ ചേർക്കുന്നു:

| ഇനം | പെട്രോൾ | ഡീസൽ |
|---|---|---|
| വിൽപ്പന നികുതി | 31.80% | 24.52% |
| സാമൂഹ്യ സുരക്ഷാ സെസ്സ് | 1% on tax | 1% on tax |
| അധിക വിൽപ്പന നികുതി | Rs. 1 per litre | Rs. 1 per litre |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിഗണിക്കാവുന്നതാണ്.

**സേവനാവകാശ നിയമം**

**118 (3627)** ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ സേവനാവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ട്രഷറികളിൽനിന്ന് നൽകുന്ന 45 സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ട്രഷറികളിൽനിന്ന് നൽകുന്ന പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങളും അവ നൽകുന്നതിനുള്ള സമയ പരിധിയും ഉൾപ്പെടെ എല്ലാ

വിശദാംശങ്ങളും അടങ്ങിയ ബോർഡുകൾ എല്ലാ ട്രഷറികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ട്രഷറി വകുപ്പിലെ വിവിധ തലത്തിലുള്ള ജീവനക്കാർക്ക് ഘട്ടം ഘട്ടമായി IMG മുഖാന്തരം സേവനാവകാശ നിയമം സംബന്ധിച്ചുള്ള ട്രെയിനിംഗ് നൽകി വരികയാണ്.

(ബി) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മികച്ച സേവനം ഇടപാടുകാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി എല്ലാ ട്രഷറികളിൽനിന്നും മാസാവലോകന റിപ്പോർട്ട് ലഭ്യമാക്കി വിലയിരുത്തുന്നുണ്ട്.

**ബാലസാന്ത്വനം പദ്ധതി**

**119 (3628)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ബാലസാന്ത്വനം പദ്ധതിയിലൂടെ എത്ര കുട്ടികൾക്കാണ് ചികിത്സ നൽകിയത്; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത്; ഏതെല്ലാം സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി വഴി ചികിത്സ ലഭിക്കുന്നത്?

ഉത്തരം

റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന കുട്ടികളുടെ ചികിൽസാ ചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പ്രതിമാസം ഒരു നിശ്ചിത തുക സ്വീകരിച്ച് 23/12/2014-ലെ ജി.ഒ.(പി)നമ്പർ 575/2014/ധന. 16-3-2015-ലെ ജി.ഒ.(പി) നമ്പർ 113/2015/ധന. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'ബാലസാന്ത്വനം-2014'. പ്രസ്തുത പദ്ധതി അതിന്റെ ആരംഭഘട്ടത്തിലാണ്. റീജിയണൽ ക്യാൻസർ സെന്ററിന്റെ മേധാവിയുടെ ശിപാർശ/അഭ്യർത്ഥന പ്രകാരമാണ് അർഹതപ്പെട്ട കുട്ടികൾക്ക് ചികിൽസാ സഹായം നൽകുന്നത്. സമാഹരിച്ച തുക പ്രസ്തുത പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം ചെലവഴിക്കുവാൻ, സർക്കാർ സഹായം അർഹിക്കുന്ന കുട്ടികളുടെ വിശദവിവരം എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ റീജിയണൽ ക്യാൻസർ സെന്റർ മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലെ പദ്ധതി പ്രകാരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന 18 വയസ്സിന് താഴെയുള്ള

കുട്ടികൾക്ക് മാത്രമേ പ്രസ്തുത പദ്ധതി പ്രകാരം ചികിൽസ ലഭിക്കുകയുള്ളൂ.

**കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള സമാശ്വാസ സഹായം**

**120 (3629)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 3000 രൂപ സമാശ്വാസ സഹായമായി നൽകിവരുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിനായി അതത് ജില്ലാ ലോട്ടറി ഓഫീസുകളിൽ അപേക്ഷ സ്വീകരിക്കുന്നത് നിർത്തലാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷകൾ ജില്ലാ ലോട്ടറി ഓഫീസുകൾ വഴി തുടർന്നും സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ലോട്ടറി വിതരണത്തിലെ അപാകത**

**121 (3630)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ലോട്ടറി ആഫീസുകളിൽ നിന്നും ഏജന്റുമാർക്ക് ലോട്ടറി വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡമെന്താണ്; വിശദമാക്കാമോ;

(ബി) ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിൽ ലോട്ടറി മറിച്ചു വിൽക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ കാലാകാലങ്ങളിൽ നൽകുന്ന സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ജില്ലാ ലോട്ടറി ഓഫീസുകളിൽ ടിക്കറ്റ് വിതരണം ചെയ്യുന്നത്. ഓരോ പ്രാവശ്യവും ടിക്കറ്റ് അച്ചടി വർദ്ധിപ്പിച്ച് കൂടുതൽ ടിക്കറ്റുകൾ ലഭ്യമാക്കുമ്പോൾ ഏറ്റവും കുറവ് ടിക്കറ്റുകൾ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് കൂടുതൽ നൽകത്തക്കവിധം ടിക്കറ്റ് വിതരണം ക്രമീകരിക്കുന്നു. അതാത് ജില്ലകളിലെ ഏജന്റുമാർക്ക് ടിക്കറ്റ് നൽകിയ ശേഷം മാത്രമേ അന്യ ജില്ലാ ഏജന്റുമാർക്ക് ടിക്കറ്റ് നൽകാറുള്ളൂ. ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിനായി എല്ലാ ഏജന്റുമാർക്കും 30 രൂപ മുഖവിലയുള്ള 175 ടിക്കറ്റുകളും 40 , 50 രൂപ മുഖവിലയുള്ള 125 ടിക്കറ്റുകളും മിനിമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ഇതിനായി 12000 ടിക്കറ്റിനുമുകളിൽ വാങ്ങുന്ന ഏജന്റുമാരുടെ ടിക്കറ്റിൽനിന്നും 15% വരെ ആനുപാതികമായി വെട്ടിക്കുറവ് വരുത്താവുന്നതാണെന്നും ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വൃദ്ധർ, വികലാംഗർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിൽനിന്നും കോട്ടയത്തേയ്ക്കും എറണാകുളത്തേയ്ക്കും അനധികൃതമായി ടിക്കറ്റുകൾ കൊണ്ടുപോകുന്നതായും സർക്കാർ നിരോധിച്ച 3 അക്ക കുറിപ്പ് ലോട്ടറി നടത്തിയതിന് ക്രൈം നമ്പർ 968/11 കേസിൽ പ്രതി ചേർക്കപ്പെട്ട ഒരു ഏജന്റിന് നൽകിവന്നിരുന്ന ടിക്കറ്റുകൾ ടിയാന്റെ ഭാര്യയുടെ പേരിലുള്ള ഏജൻസിയിലേയ്ക്ക് മാറ്റി നൽകിയതായും കാട്ടി ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിലെ ഏതാനും ഏജന്റുമാർ പരാതി സമർപ്പിച്ചിരുന്നു. ഇതിൻമേലുള്ള അന്വേഷണം നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

**കാരുണ്യ ഡയാലിസിസ് സെന്ററുകൾ**

**122 (3631)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സെന്ററുകൾ അനുവദിച്ച മെഡിക്കൽ കോളേജുകളുടെയും താലൂക്ക് ആശുപത്രികളുടെയും വിശദാംശം നല്കുമോ; ഇവ എന്നാണ് അനുവദിച്ചതെന്നും

ഏതെല്ലാം പ്രവർത്തനമാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) പ്രവർത്തനമാരംഭിച്ച ഏതെങ്കിലും സെന്ററുകൾ പിന്നീട് പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ഡി) അനുവദിച്ച സെന്ററുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളും 27 സർക്കാർ ആശുപത്രികളും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലും താമരശ്ശേരി താലൂക്ക് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളും 27 ജില്ല/താലൂക്ക്തല ആശുപത്രികളും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 27 ജില്ല/താലൂക്ക്തല ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11-7-2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്ററുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ഇല്ല.

(ഡി) ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളതിനാൽ ഇത് പരിഹരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള ഡയാലിസിസ് സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ കാരുണ്യ ബെനവലന്റ് ഫണ്ട്**

**123 (3632)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നും സമർപ്പിക്കപ്പെട്ടിട്ടുള്ള എത്ര അപേക്ഷകൾ കെ.ബി.എഫ്. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ തീർപ്പാക്കാതെ നിലനിൽക്കുന്നുണ്ട്; മറ്റു ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റിയിൽ തീർപ്പാക്കാതെ നിൽക്കുന്ന കോഴിക്കോട് ജില്ലയിൽ നിന്നുള്ള അപേക്ഷകരുടെ പേര്, മേൽവിലാസം, ഫയൽ നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ചികിൽസാ ധനസഹായത്തിന് 29-11-2015 വരെയുള്ള അപേക്ഷകൾ കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അതിനുശേഷം 5 അപേക്ഷകൾ മാത്രമേ കോഴിക്കോട് ജില്ലാതല കമ്മിറ്റി അംഗീകരിച്ച് വന്നിട്ടുള്ളൂ. മറ്റ് ജില്ലകളിലെ കണക്ക് അനുബന്ധം-എ ആയി ചേർക്കുന്നു.*

(ബി) ലിസ്റ്റ് അനുബന്ധം - ബി ആയി ചേർക്കുന്നു.*

**ലീഗൽ സർവ്വീസസ് സൊസൈറ്റി വഴി അദാലത്തുകൾ**

**124 (3633)** ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസസ് സൊസൈറ്റി വഴി അദാലത്തുകൾ നടത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതോറിറ്റികളും താലൂക്കുകളിൽ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതിയിലെ കേസുകൾക്കുവേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും നിലവിലുണ്ട്. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റിയിലും എല്ലാ മാസവും ലോക് അദാലത്തുകൾ നടത്തിവരുന്നു. കൂടാതെ 2015-ലെ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പുതിയ സ്കീം പ്രകാരം എല്ലാ മാസവും (ജനുവരി, മെയ് മാസങ്ങൾ ഒഴികെ) രണ്ടാം ശനിയാഴ്ചയിൽ പ്രത്യേക വിഷയങ്ങളിൽ നാഷണൽ ലോക് അദാലത്തുകൾ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റിയിലും സംഘടിപ്പിക്കുന്നുണ്ട്. അതുപ്രകാരം 2015-ൽ എട്ട് നാഷണൽ ലോക് അദാലത്തുകൾ നടന്നു. കൂടാതെ എല്ലാ തരത്തിലുള്ള കേസുകളും ഉൾപ്പെടുത്തി 12-12-2015-ൽ മെഗാ നാഷണൽ ലോക് അദാലത്ത് നടത്തുകയുണ്ടായി.

(ബി) 12-12-2015-ലെ മെഗാ നാഷണൽ ലോക് അദാലത്തിന്റെ സുഗമമായ നടത്തിപ്പിലേയ്ക്കായി കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ബഹു. എക്സിക്യൂട്ടീവ് ചെയർമാനും ഹൈക്കോടതിയിലെ മുതിർന്ന ജഡ്ജിയുമായ ജസ്റ്റിസ് ശ്രീ. തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ഗവൺമെന്റിന്റെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കും ബഹുമാന്യരായ മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും നിയമ മന്ത്രിക്കും റവന്യൂ മന്ത്രിക്കും കത്തുകൾ അയച്ചതിനെത്തുടർന്ന് ചീഫ് സെക്രട്ടറി മുഖേന എല്ലാ വകുപ്പ് മേധാവികൾക്കും മറ്റും ഇക്കാര്യത്തിൽ ഭരണ തലത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകിയിരുന്നു. കെൽസ, പ്രസ്തുത അദാലത്തിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾക്കും രണ്ട് മാസങ്ങൾക്കുമുമ്പുതന്നെ നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം അദാലത്തിൽ തീർപ്പാക്കുന്നതിനുള്ള കേസുകൾ കണ്ടെത്തുകയും ബന്ധപ്പെട്ട കക്ഷികളെ വിളിച്ച് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയ ഒത്തുതീരുവാൻ സാധ്യതയുള്ള കേസുകൾ അദാലത്തിൽ പരിഗണിക്കുന്നതിനുവേണ്ടി ഉൾപ്പെടുത്തണമെന്നുള്ള കാര്യം അറിയിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അദാലത്തിൽ തീർപ്പാകുന്ന ലാന്റ് അക്വിസിഷൻ കേസുകളിൽ അവാർഡ് തുക നൽകുന്നതിനായി

100 കോടി രൂപ അനുവദിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്നതും, കോടതിയിലേക്ക് എത്തുന്നതിന് മുൻപുള്ള പരാതികളും, ഒത്തുതീർപ്പാക്കാൻ നിയമം അനുവദിക്കുന്ന ക്രിമിനൽ കേസുകളും മറ്റുമാണ് ഇത്തരം അദാലത്തുകളിൽ പരിഗണിക്കുന്നതും തീർപ്പാക്കുന്നതും. അദാലത്തുകൾ വഴി തീർപ്പാകുന്ന കേസുകളിലെ വിധികൾ അന്തിമമായിരിക്കും. ടി വിധികൾക്കുമേൽ അപ്പീൽ അവകാശം ഉണ്ടായിരിക്കുന്നതല്ല. ഇതുവഴി വ്യവഹാരികൾക്ക് കേസ് തീർപ്പാകുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാകുക മാത്രമല്ല ധനലാഭവും ഉണ്ടാകുന്നു.

**ബാർ കോഴക്കേസ്സിൽ നിയമോപദേശം**

**125 (3634)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴക്കേസ്സിൽ നിയമോപദേശം നൽകിയതിന് പണം ആവശ്യപ്പെട്ട് സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകരായ മോഹൻ പരാശരൻ, നാഗേശ്വരറാവു എന്നിവർ ബിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) അഡ്വക്കേറ്റ് ജനറലും, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും ഉണ്ടായിരിക്കെ സ്വകാര്യ നിയമോപദേശത്തിന് സർക്കാർ ഖജനാവിൽ നിന്നും പൊതു പണം ചെലവഴിക്കുന്ന നടപടി ശരിയാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമ വകുപ്പിലും അഡ്വക്കേറ്റ് ജനറൽ ആഫീസിലും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ചോദ്യത്തിൽ പരാമർശിക്കുന്ന മുതിർന്ന അഭിഭാഷകർ നിയമോപദേശം നൽകിയതുമായി ബന്ധപ്പെട്ട് ബില്ലുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ബി) നിയമവകുപ്പ് സ്വകാര്യ നിയമോപദേശത്തിന് സർക്കാർ ഖജനാവിൽനിന്നും പൊതുപണം ചെലവഴിച്ചിട്ടില്ല.

(സി) "ബി" ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**നിർമ്മിതി കേന്ദ്രം**

**126 (3635)** <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രത്തെ ബോർഡ്/കോർപ്പറേഷൻ ആയി മാറ്റുന്നതിനുള്ള പഠനം നടത്താനായി സെന്റർ ഫോർ മാനേജ്മെ ന്റ് ഡെവലപ്മെന്റ് സ്റ്റഡീസിനെ ഏല്പിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച/ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ;വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഏൽപ്പിച്ചിരുന്നു.

(ബി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സ്റ്റഡീസ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. അന്തിമ റിപ്പോർട്ട് ലഭിക്കുമ്പോൾ ആയത് നിർമ്മിതി കേന്ദ്രത്തിന്റെ ഗവേണിംഗ് ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നിർമ്മിതി കേന്ദ്രങ്ങൾ**

**127 (3636)** <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിലും സർവ്വീസ് റൂൾ നടപ്പാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഡോ. ബിജു രമേശിന്റെ നികുതി കുടിശ്ശികകൾ**

**128 (3638)** ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജധാനി ഹോട്ടൽ സമുച്ചയം ഉടമ ഡോ. ബിജു രമേശിന്റെ നികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ് നികുതി വകുപ്പിൽ തീർപ്പാകാതെ ശേഷിക്കുന്ന എത്ര കേസുകൾ ഉണ്ട്; പ്രസ്തുത വ്യക്തിയുടെ പേരിൽ കഴിഞ്ഞ 4 വർഷക്കാലം എത്ര കേസുകൾ തീർപ്പാക്കിയെന്നും ഇതിൽ എത്ര തുക ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരവും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വ്യക്തി ഏതെല്ലാം കേസുകളിൽ നികുതി വകുപ്പിൽ അപ്പീൽ നൽകിയിട്ടുണ്ട്; അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നും ഇവയിൽ എത്ര തുക ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വ്യക്തി കഴിഞ്ഞ 5 വർഷക്കാലം സെയിൽസ് ടാക്സ് ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കിയ തുക വർഷം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ നാല് വർഷക്കാലം രാജധാനി ഹോട്ടൽ സമുച്ചയം ഉടമ ഡോ. ബിജു രമേശിന്റെ നികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ് നികുതി വകുപ്പിൽ യാതൊരു കേസുകളും നിലവിലില്ല.

(സി) പ്രസ്തുത വ്യക്തി കഴിഞ്ഞ 5 വർഷക്കാലം സെയിൽസ് ടാക്സ് ഇനത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കിയ തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| 360.23 | 380.38 | 428.88 | 475.39 | 301.44 |

**സംസ്ഥാന വിവരാവകാശ കമ്മീഷണർമാരുടെ ഒഴിവുകൾ**

**129 (3639)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷണർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിന് ജീവനക്കാരും കമ്മീഷണർമാരും ഇല്ലാത്തതിനാൽ പ്രസ്തുത

വകുപ്പിൽ പരാതികൾ കെട്ടികിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട എത്ര ഹർജികളാണ് തീർപ്പുകൽപ്പിക്കാനുള്ളതെന്ന് വിശദീകരിക്കാമോ ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന വിവരാവകാശ കമ്മീഷണർമാരുടെ 4 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി&സി) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ലഭിച്ച അപ്പീൽ/കംപ്ലയിന്റ് ഹർജികളിൽ ആകെ 8428 എണ്ണം നിലവിൽ തീർപ്പ് കൽപ്പിക്കുവാനുണ്ട്.

(ഡി) നിലവിലുള്ള നാല് ഒഴിവുകൾ നികത്തുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ പ്രമുഖ പത്രമാധ്യമങ്ങളിലും പത്രക്കുറിപ്പായി പ്രസ്തുത വിവരം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ വെബ്സൈറ്റായ www.kerala.gov.in-ലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15-12-2015 ആയിരുന്നു. ഈ അപേക്ഷകൾ പരിശോധിച്ച് നിയമനം നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. ഒഴിവുകൾ നികത്തുന്ന മുറയ്ക്ക് പ്രശ്നം പരിഹരിക്കപ്പെടും.

**അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കൽ**

**130 (3640)** <u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുക എന്നത് 3-12-2011 തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്.

(ബി) സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്തവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽനിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതും ആണ്. എ.ഡി.ആർ സംവിധാനങ്ങളായ മീഡിയേഷൻ, ആർബിട്രേഷൻ തുടങ്ങിയവ വഴി വിഷയങ്ങൾ വ്യവഹാരങ്ങൾ കൂടാതെ ഒത്തുതീർപ്പാക്കുക എന്നതും ഇതിൽ ലക്ഷ്യമിടുന്നു. കൂടാതെ കേസുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസ്സുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയുംവഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

(സി) സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താലൂക്ക് അടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലും ഓരോ എംപവേർഡ് കമ്മിറ്റി വീതം രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും പരിശോധിച്ച് വേണ്ട നടപടികളും നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണമെന്ന് വ്യവഹാര നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കമ്മിറ്റികൾ കൂടുകയും സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുടെ നടത്തിപ്പ് വിശകലനം ചെയ്യാറുമുണ്ട്. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലാ ആഫീസർമാരെ നിയമ (നോഡൽ) ആഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പത്ത് ജില്ലകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽകൂടി നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിദ്യാഭ്യാസ വായ്പ കുടിശ്ശിക**

**131 (3641)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ കുടിശ്ശികയിന്മേലുള്ള പലിശയിളവ് ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വായ്പാ കുടിശ്ശികക്കാരെ ബാങ്കുകൾ തുടർച്ചയായി പല തരത്തിൽ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം നടപടികൾ അവസാനിപ്പിക്കുവാൻ എന്തെല്ലാം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിദ്യാഭ്യാസ വായ്പാ-കുടിശ്ശികക്കാർക്ക് പലിശയിളവ് നൽകുന്നതിനായി സ്വീകരിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കുവാൻ എത്രമാത്രം അവശേഷിക്കുന്നുണ്ടെന്നും കാലതാമസത്തിന്റെ കാരണങ്ങളും വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസ വായ്പാ കുടിശ്ശികയുണ്ടായിരുന്നവരിൽ മരണപ്പെട്ടവരുടെ ആശ്രിതരെ കുടിശ്ശിക തുക തിരിച്ചടവിൽ നിന്ന് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള പലിശ സബ്സിഡി സ്കീം പ്രകാരം എല്ലാ അപേക്ഷകർക്കും പലിശ സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതി പ്രകാരം ലഭിച്ച എല്ലാ അപേക്ഷകളും പരിശോധിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി ഫണ്ട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉപഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ഭരണപരമായ നടപടിക്രമങ്ങൾ മാത്രമേ ഇനി സ്വീകരിക്കാനുള്ളൂ.

(ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികൾ സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് അയച്ചുകൊടുത്ത് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പലിശ സബ്സിഡി സ്കീം പ്രകാരം എല്ലാ അപേക്ഷകർക്കും പലിശ സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതി പ്രകാരം ലഭിച്ച എല്ലാ അപേക്ഷകളും പരിശോധിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി ഫണ്ട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉപഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള ഭരണപരമായ നടപടിക്രമങ്ങൾ മാത്രമേ ഇനി സ്വീകരിക്കാനുള്ളൂ.

(ഡി) 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ കൊടുത്തശേഷം മരണമടഞ്ഞ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പലിശയിളവ് അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചു. പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച എല്ലാ അപേക്ഷകർക്കും പലിശയിളവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടാത്തവരിൽനിന്ന് ലഭിക്കുന്ന പരാതികൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് അയച്ചുകൊടുക്കുന്നുണ്ട്.

**വിദ്യാഭ്യാസ വായ്പ കുടിശ്ശിക പിരിക്കാൻ റിലയൻസ്**

**132 (T* 3642)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പൊതുമേഖലാ ബാങ്ക്, സ്വകാര്യ സ്ഥാപനമായ റിലയൻസിനെ ചുമതലപ്പെടുത്തിയതിനെതിരായി നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തിട്ടുണ്ടോ ; എങ്കിൽ എപ്പോൾ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നടപടിമൂലം ലക്ഷക്കണക്കിന് വായ്പയെടുത്ത കുടുംബങ്ങൾ കടുത്ത ആശങ്കയിലും ഭീതിയിലും കഴിയുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനം ഉണ്ടായിട്ടുണ്ടോ ;

(ഡി) ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. കേരള നിയമസഭ പാസ്സാക്കിയ പ്രമേയം 3-9-2015-ന് കേന്ദ്ര

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**മുഖ്യമന്ത്രിക്കെതിരെ നിയമ നടപടിക്ക് ഡി.ജി.പി. യുടെ കത്ത്**

**133 (3643)** ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കെതിരെ നിയമ നടപടിക്ക് അനുമതി തേടിക്കൊണ്ട് സംസ്ഥാനത്തെ ഏതെങ്കിലും ഡി.ജി.പി. സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ;വ്യക്തമാക്കാമോ;

(ബി) ഏത് പ്രശ്നത്തിലാണ് നിയമ നടപടിക്ക് അനുവാദം ചോദിച്ചിരിക്കുന്നത്; വിശദമാക്കാമോ ;

(സി) ഇക്കാര്യത്തിൽ മുഖ്യമന്ത്രി നടത്തിയതായി പറയുന്ന പ്രസ്താവന പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഡി.ജി.പി. സംസ്ഥാന പോലീസിന് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. മുഖ്യമന്ത്രിക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ, ഡി.ജി.പി. യും കേരള ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (KL:1985) അനുമതി ആവശ്യപ്പെട്ടിരുന്നു.

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ മുഖ്യമന്ത്രി നടത്തിയ പരാമർശങ്ങൾ പിൻവലിക്കാത്തപക്ഷം നിയമ നടപടി സ്വീകരിക്കുവാൻ അനുവാദം ചോദിച്ചിരിക്കുന്നു.

(സി) ഇല്ല.

(ഡി) നടപടി പരിഗണിച്ചുവരുന്നു.

**ബാർ ലൈസൻസ് ഫീസ്**

**134 (3644)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ ബാർ ലൈസൻസ് ഫീസ് ഉയർത്തി നിശ്ചയിക്കേണ്ടത് സംബന്ധിച്ച് എക്സൈസ് കമ്മീഷണർ നൽകിയ ശിപാർശ എന്തായിരുന്നു; വിശദമാക്കാമോ;

(ബി) പ്രസ്തുത കാര്യത്തിൽ, എക്സൈസ് കമ്മീഷണർ അയച്ച കത്തുകളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) ടി വിഷയത്തിന്മേൽ മന്ത്രിസഭായോഗത്തിന് മുമ്പാകെ സമർപ്പിച്ച കുറിപ്പിൽ എക്സൈസ് കമ്മീഷണറുടെ ശിപാർശയെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2013-14 വർഷത്തിൽ അധികവിഭവ സമാഹരണത്തിന്റെ ഭാഗമായി ബാർ ലൈസൻസ് ഫീസ് (FL3 License) 22 ലക്ഷം രൂപയിൽനിന്ന് 25 ലക്ഷം രൂപയായി ഉയർത്തുന്നതിന് എക്സൈസ് കമ്മീഷണർ 29-1-2013 -ലെ എക്സ്.എഫ്.ബി. 1-1821/13 നമ്പർ കത്ത് പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) എക്സൈസ് കമ്മീഷണറുടെ ശിപാർശയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ മന്ത്രിസഭയുടെ സാധൂകരണത്തിന് വിധേയമായി 15-3-2013-ലെ ജി.ഒ.(എം.എസ്)41/2013/നി.വ. ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവ് മന്ത്രിസഭ സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്.

**സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ പാഠങ്ങൾ**

**135 (3645)** ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 ക്ലാസ്സുകളിൽ ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8, 12 ക്ലാസ്സുകളിലും 2016-17 അദ്ധ്യയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ചും, ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക, അതിലൂടെ ലഹരി വിമുക്തവും ആരോഗ്യപൂർണ്ണവുമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

(സി) സ്കൂൾതലങ്ങളിൽ പാഠ്യവിഷയത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ അടങ്ങിയ പാഠഭാഗം ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി.-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം 7, 8 ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തിൽ 9, 10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഹയർ സെക്കണ്ടറി ഇംഗ്ലീഷ് പാഠപുസ്തകത്തിലും ഫസ്റ്റ് ഇയർ

ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ സന്ദേശം സ്കൂൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് അദ്ധ്യാപകർക്കുവേണ്ടി "അതിജീവനം" എന്ന കൈപ്പുസ്തകം എസ്.സി.ഇ.ആർ.ടി. യിലൂടെ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

**ആയുർവേദ ഔഷധ വിതരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന എക്സൈസ് നിയമങ്ങൾ ഭേദഗതി**

**136 (3646)** ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധ വിതരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന എക്സൈസ് നിയമങ്ങൾ ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) ആയുർവേദ ഔഷധ വിതരണ സ്ഥാപനങ്ങൾക്ക് എസ്.പി.സിക്സ് ലൈസൻസ് നിർബന്ധമായിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ലൈസൻസ് പിൻവലിക്കണമെന്ന ആവശ്യം ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് ഡിസ്ട്രിബ്യൂട്ടേഴ്സ് (എ.പി.ഡി.എ.) ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) നിലവിലെ സ്പിരിച്ചസ് പ്രിപ്പറേഷൻ (കൺട്രോൾ) റൂൾ 1969-റൂൾ-11 പ്രകാരം ആയുർവേദ അരിഷ്ടാസവങ്ങളുടെ മൊത്ത വിൽപ്പനയ്ക്ക് എസ്.പി.-VI ലൈസൻസ് നിർബന്ധമാണ്.

(സി) ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു. നിയന്ത്രണങ്ങൾ ഇല്ലാതെ ആൾക്കഹോൾ അടങ്ങിയ അരിഷ്ടാസവങ്ങൾ വിൽപ്പന നടത്താൻ അനുവദിക്കുന്നത്, ദുരുപയോഗം ചെയ്യാൻ സാദ്ധ്യത കൂട്ടുതലാണ്. ആയതിനാൽ ലൈസൻസ് ഒഴിവാക്കുന്ന

കാര്യം പരിഗണിക്കാൻ കഴിയില്ല.

**തിരുവനന്തപുരം ജില്ലയിൽ പ്രിവന്റീവ് ഓഫീസർമാരുടെ നിയമനം**

**137 (3647)** ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ആസ്ഥാനത്ത് പ്രിവന്റീവ് ഓഫീസർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30/06/2015 തീയതിയിലെ ഒ.എ(ഇ.കെ.എം)-488/2014 നമ്പർ ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(ബി) 2015 നവംമ്പർ മാസം അവസാനം തിരുവനന്തപുരം ജില്ലയിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവുകൾ നികത്തിയത് എപ്രകാരമാണെന്നും പ്രസ്തുത ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കാൻ കഴിഞ്ഞുവോയെന്നും വ്യക്തമാക്കുമോ;

(സി) എക്സൈസ് ആസ്ഥാനത്ത് ബോർഡ് സർവ്വീസിൽ കാലാവധി പൂർത്തിയാക്കിയ തിരുവനന്തപുരം ജില്ലയിലെ പ്രിവന്റീവ് ഓഫീസർമാരെ അതേ ലാവണത്തിൽ തന്നെ തുടരുവാൻ അനുവദിച്ചിരിക്കുന്നത് ഏത് മാനദണ്ഡത്തിലാണ്; വ്യക്തമാക്കുമോ;

(ഡി) എക്സൈസ് ആസ്ഥാനത്തെ ബോർഡ് സർവ്വീസിൽ ഇടുക്കി ഉൾപ്പെടെയുള്ള ഇതര ജില്ലകളിലെ പ്രിവന്റീവ് ഓഫീസർമാരെ നിയമിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും പ്രസ്തുത ഓഫീസർമാർക്ക് അർഹമായ നിയമ പ്രാതിനിധ്യം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30-6-2015-ലെ ഒ.എ (ഇ.കെ.എം) 488/2014 നമ്പർ ഉത്തരവ് റിവ്യൂ ചെയ്യുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരവ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(ബി) 2015 നവംബർ മാസം അവസാനം തിരുവനന്തപുരം ജില്ലയിൽ ഉണ്ടായ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ യോഗ്യരായ സിവിൽ

എക്സൈസ് ഓഫീസർമാരിൽനിന്നും സ്ഥാനക്കയറ്റത്തിലൂടെയാണ് നികത്തിയിട്ടുള്ളത്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരവ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(സി&ഡി) ഇടുക്കി ഡിവിഷൻ ഉൾപ്പെടെയുള്ള വിദൂര ജില്ലകളിൽനിന്നും എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ ബോർഡ് യൂണിറ്റിലേക്ക് സേവനം ചെയ്യാൻ പ്രിവന്റീവ് ഓഫീസർമാർ തയ്യാറാകാതിരുന്നതിനെത്തുടർന്ന് ടി ഒഴിവുകൾ ഭരണസൗകര്യാർത്ഥം തിരുവനന്തപുരം ഡിവിഷനിൽ നൽകിയിട്ടുണ്ട്. മറ്റ് പല ജില്ലകളിലേയും പ്രിവന്റീവ് ഓഫീസർമാർക്ക് നിലവിലെ ചട്ട പ്രകാരം ഹെഡ്ക്വാർട്ടേഴ്സിൽ നിയമനം നൽകി വരുന്നുണ്ട്. 30-6-2015-ലെ ഒ.എ (ഇ.കെ.എം) 488/2014 നമ്പർ ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെടുന്ന റിവ്യൂ പെറ്റീഷന് കോടതിയിൽനിന്നും ലഭിക്കുന്ന അന്തിമ വിധിക്കനുസൃതമായി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വ്യോമ നിരീക്ഷണ സംവിധാനം**

**138 (3648)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീര സുരക്ഷയും, തീരപ്രദേശങ്ങളിലെ തന്ത്രപ്രധാന സ്ഥാപനങ്ങളുടെ സുരക്ഷയും ലക്ഷ്യമിട്ടുള്ള വ്യോമ നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം കേന്ദ്രങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സർക്കാരിൽനിന്നും പ്രസ്തുത പദ്ധതിക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സഹായവാഗ്ദാനമുണ്ടോ എന്ന വസ്തുത വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരസുരക്ഷ ലക്ഷ്യമാക്കി 2002 മുതൽ കോസ്റ്റ് ഗാർഡ് പരിമിതമായ രീതിയിൽ വ്യോമ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. വ്യോമ നിരീക്ഷണം പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്തുന്നതിനായി നിലവിലെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് 'എയർ എൻക്ലേവ്' സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ കോസ്റ്റ് ഗാർഡിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കോസ്റ്റൽ പോലീസിന് വ്യോമ നിരീക്ഷണ സംവിധാനം ലഭ്യമാക്കിയിട്ടില്ല.

(ബി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം എന്നിവയോട് ചേർന്നുള്ള സ്ഥലം അനുയോജ്യമാണെന്ന് കോസ്റ്റ് ഗാർഡ് കണ്ടെത്തിയിട്ടുണ്ട്.

(സി) പദ്ധതിക്കുവേണ്ട ധനസഹായം പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

## തുറമുഖ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ

**139 (3649)** <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിലേക്ക് സെലക്ട് ലിസ്റ്റിലെ ആദ്യ രണ്ടുപേരെയും ഒഴിവാക്കി മൂന്നാമത്തെയാൾക്ക് പ്രൊമോഷൻ നൽകാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(ബി) 19-8-2015-ലെ G.O.(Rt) No. 698/2015/F &PD ഉത്തരവിൽ അച്ചടക്ക നടപടി നിലവിലുള്ളതിനാൽ ആദ്യ രണ്ടുപേർക്ക് പ്രൊമോഷൻ നൽകിയില്ല എന്ന പരാമർശമുണ്ടോ; എങ്കിൽ ഇവർക്കെതിരായ അച്ചടക്ക നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആയതിന്റെ നടപടി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) അച്ചടക്ക നടപടി നിലവിലിരിക്കെ ജീവനക്കാരെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താറുണ്ടോ; വിശദമാക്കാമോ;

(ഡി) തുറമുഖ വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ) മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇവ എന്ന് മുതലാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 29-11-2002-ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യോഗം ആദ്യ രണ്ടുപേരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ അവരെ സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചു.

(ബി) ഉണ്ട്. 29-11-2002 - ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യോഗം ആദ്യ രണ്ടുപേരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ അവരെ സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചു. ഉത്തരവിൽ അച്ചടക്ക നടപടി നിലവിലുണ്ടെന്ന പരാമർശം നീക്കം ചെയ്യുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) അച്ചടക്ക നടപടി നേരിടുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് minor penalty നൽകുന്നതിനായാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതെങ്കിൽ അച്ചടക്കനടപടിയുടെ തീർപ്പിനു വിധേയമായി സെലക്ട് ലിസ്റ്റിൽ താൽക്കാലികമായി ഉൾപ്പെടുത്തുന്നതാണ്. എന്നാൽ major penalty യുടെ കാര്യത്തിൽ അച്ചടക്ക നടപടി നിലവിലിരിക്കുന്ന ജീവനക്കാരനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തില്ല.

(ഡി) നിലവിൽ രണ്ട് ഒഴിവുകൾ ഉണ്ട്. ഒന്ന് ബേപ്പൂർ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗിലും മറ്റൊന്ന് നീണ്ടകര മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗിലുമാണ്. ബേപ്പൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒഴിവ് 1-4-2001 മുതലും നീണ്ടകര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒഴിവ് 30-11-2012 മുതലും ഒഴിഞ്ഞുകിടക്കുകയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിന്നുമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തേണ്ടത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ജീവനക്കാർ സീനിയോറിറ്റി സംബന്ധമായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ദീർഘകാലം കോടതിയിൽ ഇവരുടെ സീനിയോറിറ്റി സംബന്ധിച്ച് കേസ് നിലനിന്നതുകൊണ്ടുമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് ഡി.പി.സി കൂടി പ്രൊമോഷൻ നൽകുവാൻ സാദ്ധ്യമാകാതെ വന്നത്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചി തുറമുഖത്തിന്റെയും വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലിന്റേയും വികസനം

**140 (3650)** <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :

<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തുറമുഖത്തിന്റേയും വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലിന്റേയും പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി ഉന്നതതല യോഗം വിളിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത യോഗത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഉന്നതതല യോഗത്തിലെ തീരുമാനങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

<u>ഉത്തരം</u>

(എ) ICTT യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രി 17-9-2015-ൽ ഒരു യോഗം വിളിച്ചിരുന്നു.

(ബി) പ്രസ്തുത യോഗത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

(i) കൊച്ചി തുറമുഖത്തുനിന്നുമുള്ള കണ്ടെയ്നർ ട്രെയിലർ വാഹനങ്ങൾക്ക് e-transit പാസ് വാണിജ്യ നികുതി വകുപ്പ് വിതരണം ചെയ്യുന്നതാണ്.

(ii) ബാർകോഡ് സീലിംഗ് മെക്കാനിസം നിലവിൽ വരുത്തുന്നതാണ്.

(iii) ചെക്ക് പോസ്റ്റിൽ നിലവിലുള്ള അശാസ്ത്രീയമായ ചെക്കിംഗ് രീതി ഒഴിവാക്കാമെന്ന് എക്സൈസ് വകുപ്പ് ഉറപ്പ് നൽകുകയുണ്ടായി.

(iv) ചെക്ക് പോസ്റ്റ് വഴി കണ്ടെയ്നർ ട്രെയിലർ കടന്നുപോകുന്നതിന് പ്രസ്തുത നിർദ്ദേശങ്ങളുമായി ഗതാഗത വകുപ്പ് സഹകരിക്കാമെന്ന് സമ്മതിച്ചു.

(v) തമിഴ്നാട്ടിൽ നിലവിലുള്ള Trailers tax rate അനുസരിച്ച് നികുതി നിരക്ക് ഏകീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതായിരിക്കും എന്നും തീരുമാനിച്ചു. ഈ വിഷയം സംബന്ധിച്ച് ഗതാഗത വകുപ്പിൽനിന്നും തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) കേന്ദ്ര ഷിപ്പിംഗ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പ്രതിമാസ അവലോകന യോഗത്തിൽ തീരുമാനം ചർച്ച ചെയ്യുകയുണ്ടായി.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

**141 (3651)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ്;

(ബി) ഇപ്പോൾ ഈ പദ്ധതി എത് വ്യവസ്ഥയിൽ ആണ് ആരംഭിക്കുന്നത്; പൊതു-സ്വകാര്യപങ്കാളിത്തത്തിൽ ആണോ ഈ പദ്ധതി ആരംഭിക്കുന്നത്;

(സി) ഇതിന്റെ മുതൽ മുടക്കിന് സർക്കാരിന്റെ പങ്കാളിത്തം എത്ര ശതമാനമാണ്; പണിപൂർത്തിയാക്കുമ്പോൾ സർക്കാരിന് ലഭിക്കുന്ന വാർഷിക ലാഭം എത്രയാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വാർഷിക ലാഭത്തിന്റെ എത്ര ശതമാനമാണ് സർക്കാരിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1991-94 കാലഘട്ടത്തിലാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

(ബി) കേന്ദ്ര ആസൂത്രണ കമ്മിഷൻ പ്രസിദ്ധീകരിച്ച മാതൃകാ കൺസഷൻ കരാറിന് അനുസരിച്ച് പൊതു - സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് ഇപ്പോൾ ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്.

(സി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പ് കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകേണ്ടതാണ്.

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ്

വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9). ഇത് കരാർ തുകയായ 5,552 കോടി രൂപയുടെ 33.72 ശതമാനമാണ്.

സംസ്ഥാന സർക്കാർ നടത്തിപ്പ് കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നൽകും.

സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി 1973 കോടി രൂപ ചെലവ് വഹിക്കും.

തുറമുഖ നടത്തിപ്പിന്റെ പതിനഞ്ചാം വർഷം മുതൽ (കരാറിന്റെ പത്തൊമ്പതാം വർഷം) സംസ്ഥാന സർക്കാരിന് തുറമുഖത്തിന്റെ നടത്തിപ്പിൽനിന്നുള്ള വരുമാനത്തിന്റെ വിഹിതം ലഭിച്ചുതുടങ്ങും. ഇരുപതാം വർഷം ഈ വിഹിതം ഒരു ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതം കൂടി കരാർ കാലാവധി പൂർത്തിയാകുന്ന നാൽപ്പതാം വർഷം ഇരുപത്തി ഒന്ന് ശതമാനം വരെ ഉയരും.

തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡവലപ്മെന്റിന്റെ ആകെ വരുമാനത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ ഏഴാം വർഷം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

**142 (3652)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ സർക്കാരിന്റെ പങ്കാളിത്തം വ്യക്തമാക്കുമോ; ആകെ അടങ്കൽ എത്രയാണെന്നും ഇതിൽ എത്ര തുകയാണ് സംസ്ഥാനം ചെലവിടുന്നത് എന്നും എത്ര സമയംകൊണ്ട് പദ്ധതി പൂർത്തീകരിക്കും എന്നും വിശദമാക്കുമോ?

ഉത്തരം

കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്

വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിന് നിലവിൽ കണക്കാക്കിയിട്ടുള്ള തുക 1973 കോടി രൂപയാണ്. ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള തുക കൂടി കണക്കിലെടുത്താൽ മൊത്തം പദ്ധതി ചെലവ് 7525 കോടി രൂപയാണ്.

പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പ് കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകേണ്ടതാണ്.

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9).

സംസ്ഥാന സർക്കാർ നടത്തിപ്പ് കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നൽകും. സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി 1973 കോടി രൂപ ചെലവ് വഹിക്കും.

കരാർ പ്രകാരം നാലുവർഷത്തിനുള്ളിൽ പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാകും.

**വിഴിഞ്ഞം പദ്ധതി പ്രകാരമുള്ള തൊഴിൽ അവസരങ്ങൾ**

**143 (3653)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയിലൂടെ എത്ര തൊഴിൽ അവസരങ്ങൾ പ്രദേശവാസികൾക്ക് ലഭിക്കുമെന്നാണ് കരുതുന്നത്; ആകെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നാട്ടിൽ ഉണ്ടാകുന്ന അടിസ്ഥാന വികസനങ്ങൾ എന്തെല്ലാമാണ്; ഇതിനാവശ്യമായ തുക ചെലവഴിക്കുന്നതാരാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും നടത്തിപ്പ് ഘട്ടത്തിലും നേരിട്ടുള്ള തൊഴിലവസരങ്ങൾ കൂടാതെ അനേകം തൊഴിലവസരങ്ങൾ പരോക്ഷമായി സൃഷ്ടിക്കപ്പെടും. ഇത് കൂടുതലും ഗുണം ചെയ്യുന്നത് വിഴിഞ്ഞം പ്രദേശവാസികൾക്കാണ്. തുറമുഖത്തിനോടനുബന്ധിച്ച് നിരവധി അനുബന്ധ വ്യവസായങ്ങളായ കണ്ടെയ്നർ ഹാൻഡ്ലിംഗ്, ലോജിസ്റ്റിക് എന്നിവ വളരും. ഒരു തുറമുഖത്തിന്റെ വരവോടുകൂടി അത് സൃഷ്ടിക്കുന്ന സാമ്പത്തിക പുരോഗതിയിലും ഉൽപ്പാദനക്ഷമതയുടെ വർദ്ധനവിലും ആകൃഷ്ടരായി നിരവധി പുതിയ വ്യവസായ സംരംഭങ്ങൾ പദ്ധതി പ്രദേശത്തുണ്ടാകും. ഇതും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

(ബി) പദ്ധതിക്കുവേണ്ടി ഉണ്ടാകുന്ന പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ റെയിൽ കണക്ടിവിറ്റി, റോഡ് കണക്ടിവിറ്റി, വെള്ളം, വൈദ്യുതി എന്നിവയാണ്. ഇതിൽ റെയിൽ കണക്ടിവിറ്റിയും വെള്ളവും വൈദ്യുതിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. റോഡ് കണക്ടിവിറ്റി പി.പി.പി ഘടകത്തിൽ ഉൾപ്പെട്ടതിനാൽ അതിന്റെ നിർമ്മാണം കൺസഷനയറുടെ ചുമതലയാണ്.

തുറമുഖത്തിന്റെ ഒപ്പം തന്നെ തുറമുഖത്തിന് സമീപമുള്ള പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡെവലപ്മെന്റും വിഴിഞ്ഞം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന് ആവശ്യമായ തുക പൂർണ്ണമായി ചെലവഴിക്കുന്നത് കൺസഷനയർ ആണ്.

**വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നൽകേണ്ട നഷ്ടപരിഹാരത്തുക**

**144 (3654)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി പോർട്ട് ട്രസ്റ്റിൽനിന്നും ലഭിക്കേണ്ട നഷ്ടപരിഹാരത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇനത്തിൽ പോർട്ട് ട്രസ്റ്റ് ഇതുവരെ എത്ര തുക നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ബാക്കി നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് 2011 ജൂൺ മാസം മുതൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത നടപടികൾ സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നിർമ്മാണ പദ്ധതിമൂലം തൊഴിലും തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിയുടെ ഒന്നാം ഘട്ടം 96,19,110 രൂപയും രണ്ടാം ഘട്ടം 1,09,20,695 രൂപയുമാണ് നഷ്ടപരിഹാര തുകയായി നൽകേണ്ടത്.

(ബി) ICTT പദ്ധതിയുടെ ഒന്നാം ഘട്ടം റെയിൽ കണക്ടിവിറ്റിക്ക് 27,42,500 രൂപയും NH കണക്ടിവിറ്റിക്ക് 68,76,610 രൂപയുമാണ്.

(സി) National Highway കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട തുകയായ 68,76,610 രൂപ National Highway Authority of India യിൽ നിന്നും ഇതുവരെയും ലഭിച്ചിട്ടില്ല. പ്രസ്തുത തുക അനുവദിക്കുന്നത് സംബന്ധിച്ച് 25-3-2011, 4-4-2011, 7-5-2011, 3-7-2012 എന്നീ തീയതികളിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് Highway Authority of India യുമായി ബന്ധപ്പെടുകയുണ്ടായി. കൂടാതെ ടി വിഷയം സംബന്ധിച്ച് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ, റീജിയണൽ ഓഫീസറുമായും 25-6-2014-ൽ ബന്ധപ്പെടുകയുണ്ടായി.

(ഡി) രേഖകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**തീരദേശ വികസന പദ്ധതികൾ**

**145 (3655)** <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തീരദേശ വികസനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമെന്നും അതിനായി നീക്കി വച്ച തുകയെത്രയെന്നും എത്ര തുക ഓരോ പദ്ധതികൾക്കായും ഓരോ വർഷവും വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയതും പൂർത്തീകരിക്കാനുള്ളതായ പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്ക് നീക്കിവെച്ച തുകയെത്രയെന്നും ചെലവാക്കിയ തുകയെത്രയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ വികസനവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതികളും അതിനായി നീക്കിവച്ച തുകയും ഓരോ പദ്ധതിക്കും ഓരോ വർഷവും വിനിയോഗിച്ച തുകയും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ വികസനവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയതും പൂർത്തീകരിക്കാനുള്ളതുമായിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

**തീരദേശ റോഡ് നവീകരണ പദ്ധതി**

**146 (3656)** <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡു നവീകരണപദ്ധതിയിലുൾപ്പെടുത്തി വർക്കല ചിറയിൻകീഴ് താലൂക്കുകളിലെ ഏതെല്ലാം റോഡുകൾ നവീകരിക്കാൻ 2015-16 വർഷം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വക്കം, അഞ്ചുതെങ്ങ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് വേണ്ടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) തീരദേശറോഡ് നവീകരണ പദ്ധതിയിലുൾപ്പെടുത്തി വർക്കല, ചിറയിൻകീഴ് താലൂക്കുകളിലെ താഴെ പറയുന്ന റോഡുകൾ നവീകരിക്കാൻ 2015-16 വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്:

| | |
|---|---|
| 1 | വർക്കല മുനിസിപ്പാലിറ്റിയിലെ ചിലക്കൂർ വള്ളക്കടവ് ടി.ബി. ജംഗ്ഷൻ റോഡ് |
| 2 | വർക്കല മുനിസിപ്പാലിറ്റിയിലെ എസ്.വി. പുരം ലക്ഷംവീട് കോളനി റോഡ് |
| 3 | വെട്ടൂർ പഞ്ചായത്തിലെ മൂലക്കട-വാറഴികം റോഡ് |
| 4 | വെട്ടൂർ പഞ്ചായത്തിലെ കഴുത്തുമൂട് പമ്പ് ഹൗസ് റോഡ് |
| 5 | ഇടവ ഗ്രാമപഞ്ചായത്തിലെ ചീനക്കാവ് തീരദേശറോഡ് |
| 6 | ചിറയിൻകീഴ് പഞ്ചായത്തിലെ സെന്റ് ജെയിംസ് ചർച്ച് റോഡ് മുതൽ സുനാമി പുനരധിവാസം വരെയുള്ള റോഡ് |

മേൽപറഞ്ഞിട്ടുള്ള ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) വക്കം ഗ്രാമപഞ്ചായത്തിനെയും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് 1925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡ് ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് തയ്യാറാക്കിയിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

നിർമ്മാണ സ്ഥലം പഞ്ചായത്ത് അധികാരികൾ ഏറ്റെടുത്ത് ലഭ്യമാക്കിയാലുടൻ തന്നെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ ധനസഹായ പദ്ധതിയിലുൾപ്പെടുത്താവുന്നതാണ്.

**ഹാർബർ എഞ്ചിനീയറിംഗ് ശക്തിപ്പെടുത്തൽ**

**147 (3657)** ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. എ. മാധവൻ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ, തീരദേശ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ ഒഴികെ തീരദേശമുള്ള എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലത്തും ബേപ്പൂരും (കോഴിക്കോട്) അന്വേഷണ ഗവേഷണ പഠനകേന്ദ്രങ്ങൾ, ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ എന്നിവയ്ക്കായി ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ, ഫിഷറീസ്, ടൂറിസം വകുപ്പുകളുടെ സർവ്വീസ് ഡിപ്പാർട്ട്മെന്റായി പ്രവൃത്തിക്കുന്നു. കൂടാതെ തീരദേശ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സർവ്വീസ് ഡിപ്പാർട്ട്മെന്റായും പ്രവർത്തിച്ചുവരുന്നു. ഈ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി ഐ-പ്രോമിസ് പ്രോഗ്രാം വഴി പ്രവർവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും പുറമെ എസ്റ്റിമേറ്റുകൾ കുറ്റമറ്റ രീതിയിലും വേഗതയോടുംകൂടി തയ്യാറാക്കുന്നതിനുമായി പ്രൈസ് സോഫ്റ്റ്വെയർ നടപ്പാക്കിവരുന്നു. ഈ വകുപ്പിൽ CPWD ഡേറ്റയും സ്പെസിഫിക്കേഷനുമാണ് പിൻതുടരുന്നത്. പൊതുമരാമത്ത് വകുപ്പിലെ മാനുവൽ പരിഷ്കരിച്ചതിനൊപ്പം ഈ വകുപ്പിലെയും മാനുവൽ കാലികമായി പരിഷ്കരിക്കാനുള്ള നടപടി നടന്നുവരുന്നു. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ഇ-ദർഘാസ് ആക്കിയതുവഴി സമയലാഭവും അതോടൊപ്പം മത്സര സ്വഭാവവുമുള്ള ദർഘാസുകൾ ലഭിക്കുന്നതിനും ഇടയാക്കി.

(ബി) തീരദേശ മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി താഴെപ്പറയുന്നവ നടപ്പിലാക്കി. കൂടുതൽ കൃത്യതയിലും വേഗത്തിലും എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കി. പ്രവൃത്തികൾ ഇ-ദർഘാസ് മുഖേന നടപ്പിലാക്കിയതുവഴി കൂടുതൽ മത്സര സ്വഭാവമുള്ള ദർഘാസ് ലഭിക്കാനും സമയനഷ്ടം കുറയ്ക്കാനും സാധിച്ചു. ഐ-പ്രോമിസ് പദ്ധതി ഏർപ്പെടുത്തിയതുവഴി പ്രവൃത്തികളുടെ പുരോഗതിയും അനുബന്ധ വിവരങ്ങളും അതിവേഗത്തിൽ ലഭിക്കുവാനിടയാക്കി. ഇഫക്ടീവ് മാനേജ്മെന്റ് ഇൻ ലെറ്റർ ഓഫ് ക്രെഡിറ്റ് ഇഷ്യൂവൽ സംവിധാനം ഏർപ്പെടുത്തിയതുവഴി യഥാസമയത്തിനും അതോടൊപ്പം മുൻഗണനാ ക്രമത്തിലും കരാറുകാർക്ക് പേയ്മെന്റ് നൽകുവാനും സാധിച്ചു.

(സി) പദ്ധതികൾ യഥാസമയം നടപ്പിലാക്കുവാൻ എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് നിശ്ചിത കാലാവധിക്കകം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അമ്പലപ്പുഴയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ**

**148 (3658)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പ്രവൃത്തികളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയതും വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

**തീരദേശ ഗ്രാമങ്ങളിലെ കൂട് മത്സ്യകൃഷി പദ്ധതി**

**149 (3659)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ ഗ്രാമങ്ങളിൽ കൂട് മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ ഇതാരംഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി ഏത് രീതിയിലാണ് സർക്കാർ നടപ്പിലാക്കുന്നത്; ഗുണഭോക്താക്കളെ കണ്ടെത്തുന്നതെങ്ങനെയാണ്; എത്ര രൂപയുടെ സഹായമാണ് ഓരോ ഗുണഭോക്താക്കൾക്കും പരമാവധി നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) തീരദേശ നിയോജകമണ്ഡലമായ വള്ളിക്കുന്നിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏത് രീതിയിലുള്ള ശിപാർശയാണ് സർക്കാരിന് ലഭിക്കേണ്ടത്; പ്രസ്തുത നിയോജകമണ്ഡലത്തിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അഡാക്ക് മുഖാന്തിരം 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴ, ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, ഹരിപ്പാട്, വൈക്കം, കോട്ടയം എന്നീ നിയോജകമണ്ഡലങ്ങളിൽ കൂട് മത്സ്യകൃഷി നടപ്പിലാക്കിവരുന്നു. കരുനാഗപ്പള്ളി നിയോജകമണ്ഡലങ്ങളിൽപ്പെടുന്ന അഡാക്കിന്റെ ആയിരംതെങ്ങ് ഫിഷ് ഫാമിനോട് അടുത്തുള്ള തുറസ്സായ ജലാശയങ്ങളിൽ 2014-15-ൽ നൂതന ജലകൃഷി പദ്ധതിയുടെ ഭാഗമായി സമുദ്ര മത്സ്യങ്ങളുടെ കൂട്ടുകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യസമൃദ്ധി പദ്ധതി മുഖേന കൂട് മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനത്തെ തീരദേശ നിയോജകമണ്ഡലങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ലയുടെ പേര് | നിയോജകമണ്ഡലങ്ങൾ |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | ചിറയിൻകീഴ്, വർക്കല |

| | | |
|---|---|---|
| 2 | കൊല്ലം | കരുനാഗപ്പള്ളി, ചവറ, കുന്നത്തൂർ, കുണ്ടറ, കൊല്ലം, ഇരവിപുരം, ചാത്തന്നൂർ |
| 3 | ആലപ്പുഴ | അരൂർ, ചേർത്തല, ഹരിപ്പാട്, കുട്ടനാട് |
| (1) | (2) | (3) |
| 4 | എറണാകുളം | പറവൂർ, കൊച്ചി, തൃപ്പൂണിത്തുറ |
| 5 | തൃശ്ശൂർ | മണലൂർ |
| 6 | മലപ്പുറം | പൊന്നാനി, തവന്നൂർ, താനൂർ, ഏറനാട്, തിരൂരങ്ങാടി |
| 7 | കോഴിക്കോട് | എലത്തൂർ, കൊയിലാണ്ടി, ബേപ്പൂർ, നാദാപുരം, ബാലുശ്ശേരി |
| 8 | കണ്ണൂർ | പയ്യന്നൂർ, ധർമ്മടം, കല്ല്യാശ്ശേരി-8 യൂണിറ്റിന് ആകെ 2 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |

(ബി) കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതി പ്രകാരം കൂട് മത്സ്യകൃഷിക്കുവേണ്ടി നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്വീകരിച്ച് പഞ്ചായത്ത് തലത്തിൽ നിയമിച്ചിട്ടുള്ള അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർവഴി ഏരിയ സർവ്വേ നടത്തുന്നു. അതിനുശേഷം പഞ്ചായത്തുതല അംഗീകാരവും ജില്ലാതല അംഗീകാരവും ലഭ്യമാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് (മൂന്ന് ഗുണഭോക്താക്കളടങ്ങുന്ന യൂണിറ്റുകൾ) യൂണിറ്റൊന്നിന് 40000 രൂപ പരമാവധി സബ്സിഡി (മത്സ്യവിത്ത്, മത്സ്യത്തീറ്റ, കൂട്ട നിർമ്മാണം എന്നീ ഇനങ്ങൾ ഉൾപ്പെടുന്നു) നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. അഡാക്ക് മുഖേന കൂട്ടുകൃഷിക്കുവേണ്ടി പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകി മത്സ്യത്തൊഴിലാളി എസ്.എച്ച്.ജി/ആക്റ്റിവിറ്റി ഗ്രൂപ്പുകൾക്ക് മുൻഗണന നൽകി അപേക്ഷ ക്ഷണിക്കുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് വിവിധ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നത്. 20 കൂട്ടുകളിൽ മത്സ്യകൃഷി നടത്തുന്ന ഒരു ഗ്രൂപ്പിന് ലഭിക്കുന്ന പരമാവധി

സബ്സിഡി തുക 5,72,000 രൂപയാണ്.

(സി) താനൂർ നിയോജകമണ്ഡലത്തിലെ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത പദ്ധതിക്കായി 2015-16 കാലയളവിൽ മത്സ്യസമൃദ്ധി പദ്ധതിയിൽ കൂടുകൃഷിക്ക് ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിയോജകമണ്ഡലത്തിൽ ടി പദ്ധതിക്കായുള്ള അപേക്ഷ മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ നൽകാവുന്നതാണ്.

**മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ**

**150 (3660)** ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ഭവന അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമവികസന പദ്ധതി (2013-14), മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തി ശക്തിപ്പെടുത്തുന്നതിനായി യൂണിറ്റിന് പരമാവധി 50,000 രൂപ വീതമാണ് അനുവദിക്കുന്നത്. 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളും

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി പ്രകാരം 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളും മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസന പദ്ധതി പ്രകാരം 3800 മത്സ്യത്തൊഴിലാളി ഭവനങ്ങളും അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനുള്ള ധനസഹായമാണ് നൽകുന്നത്.

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ 921 മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമയബന്ധിതമായി അനുവദിക്കുകയും നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, പദ്ധതി പ്രവർത്തനങ്ങൾ ഡിപ്പാർട്ട്മെന്റ്/ സർക്കാർ തലത്തിൽ വിലയിരുത്തുകയും ചെയ്യുന്നു.

## കേരള ജലകൃഷി വികസന ഏജൻസി, ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഏജൻസി എന്നിവിടങ്ങളിലെ നിയമനം

**151 (3661)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജലകൃഷി വികസന ഏജൻസി (എഡിഎകെ), ഫിഷറീസ് റിസോഴ്സ് മാനേജ്മെ ന്റ് ഏജൻസി (എഫ്ഐആർഎം എ) എന്നിവിടങ്ങളിൽ നാളിതുവരെ എത്ര താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സ്ഥിരപ്പെടുത്തിയവരുടെ വിശദാംശങ്ങൾ തസ്തിക സഹിതം അറിയിക്കാമോ?

ഉത്തരം

(എ) കേരള ജലകൃഷി വികസന ഏജൻസിയിൽ (എഡിഎകെ) 54 ജീവനക്കാരേയും ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഏജൻസിയിൽ (എഫ്ഐആർഎംഎ) 5 താല്ക്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്ഥിരപ്പെടുത്തിയവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാടായി, കടന്നപ്പള്ളി റോഡും പാലവും നിർമ്മാണം

**152 (3662)** ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി,രാമന്തളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഓലക്കീൽക്കടവ് പാലം നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് സമർപ്പിച്ച ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കല്ല്യശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി -പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡായ മാടൻതട്ട്-ഏര്യം-പാണപ്പുഴ-കച്ചേരിക്കടവ് റോഡിന് നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മാടായി, രാമന്തളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഓലക്കീൽക്കടവ് പാലത്തിന്റെ പ്രാഥമിക പഠനം നടത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിരുന്നു. നബാർഡിൽനിന്നും Formal Sanction ലഭ്യമാകാത്തതിനാൽ ടി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് NABARD ശീർഷകത്തിൽ അനുമതി നൽകുവാൻ സാധിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിച്ചാൽ മാത്രമേ നബാർഡിൽനിന്നും പദ്ധതികൾക്ക് അനുമതി ലഭിക്കുകയുള്ളൂ. പാലം പ്രവൃത്തികൾക്കുള്ള ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ നടപ്പിലാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പ്രത്യേക ശീർഷകം അനുവദിച്ചിട്ടില്ല. ഇത് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട മാടൻതട്ട്-ഏര്യം-പാണപ്പുഴ-കച്ചേരിക്കടവ് റോഡിന്റെ 641 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് നബാർഡ് RIDF-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

## കല്ലോലി ഭാഗം കോളനി, തങ്കശ്ശേരി നിർമ്മിതി കോളനി എന്നിവയുടെ നവീകരണം

**153 (3663)** <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന കല്ലോലി ഭാഗം കോളനി നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) 21-5-15-ൽ 3408/വി.ഐ.പി/സി.എം. എന്ന നമ്പരിൽ ബഹു.മുഖ്യമന്ത്രി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന തകർച്ചയിലായ തങ്കശ്ശേരി നിർമ്മിതി കോളനി പുനർനിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന കല്ലോലിഭാഗം കോളനി നവീകരിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഫിഷറീസ് വകുപ്പ് ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി പദ്ധതി തയ്യാറാക്കുകയും, ഇതിൻപ്രകാരം 23 പേർക്ക് ഭവന പുനരുദ്ധാരണത്തിന് 50,000 രൂപ വീതവും, 15 പേർക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതവും അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി കല്ലോലിവയൽ കോളനി റോഡ് റീടാറിംഗിന് 21.00 ലക്ഷം രൂപയുടേയും അംഗൻവാടി നിർമ്മാണത്തിന് 20.00 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകുകയും പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു.

(ബി) കൊല്ലം ജില്ലയിലെ കല്ലോലിഭാഗം കോളനിയിൽ ആകെ 110 വീടുകളാണുള്ളത്. ഇതിൽ 56 വീടുകൾ 4 വീടുകൾ ചേരുന്ന ഒറ്റ ബ്ലോക്കുകളായും 20 വീടുകൾ ഒറ്റവരിയിലായുള്ള ലയിൻ വീടുകളായും ബാക്കിയുള്ള 34 വീടുകൾ ഒറ്റ വീടുകളായും സ്ഥിതി ചെയ്യുന്നു. ഒറ്റ വീടുകളിൽ ചിലത് ഉടമസ്ഥർ തന്നെ പുതുക്കിപ്പണിതിട്ടുണ്ട്.

ടി കോളനിയിൽ മത്സ്യത്തൊഴിലാളി അംഗത്വം ഉള്ളവരും അനുബന്ധ

മത്സ്യത്തൊഴിലാളി അംഗത്വം ഉള്ളവരും മത്സ്യത്തൊഴിലാളികൾ അല്ലാത്തവരും ഉൾപ്പെട്ടതാണ്. കോളനി നവീകരിക്കുന്നതിന്റെ ഭാഗമായി ഭവന പുനരുദ്ധാരണത്തിനും ഭവന നിർമ്മാണത്തിനുമായി ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുകയും അതിൻപ്രകാരം ഭവന നിർമ്മാണത്തിന് 15 പേരും ഭവന പുനരുദ്ധാരണത്തിന് 23 പേരും അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇവർക്ക് യഥാക്രമം 2,00,000, 50,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുകയും ടി തുക വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്. അപേക്ഷിച്ചവർക്ക് പൂർണ്ണമായും ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്.

ശോച്യാവസ്ഥയിലായ ടി കോളനിയിലെ 4 വീടുകൾ ചേരുന്ന 56 വീടുകളുടെ ഒറ്റ ബ്ലോക്ക് (ഫ്ലാറ്റുകൾ) പുനരുദ്ധാരണത്തിനായി ആവശ്യമുയർന്നെങ്കിലും നിശ്ചിത തുക (ഒരു വീടിന് രണ്ട് ലക്ഷം എന്ന നിരക്കിൽ) വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ പുനരുദ്ധാരണത്തിന് പരിഗണിച്ചിരുന്നില്ല.

(സി) 25 വർഷം മുമ്പ് സർക്കാരിന്റെയും സഭയുടെയും ആഭിമുഖ്യത്തിൽ നിർമ്മിച്ചുനൽകിയ 103 വീടുകൾ ഉൾപ്പെടെ തങ്കശ്ശേരി നിർമ്മിതി കോളനി നിലവിൽ തകർച്ചയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തൽ**

**154 (3664)** ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്താൻ 2011-12 വർഷം 62 പദ്ധതികളും 2012-13 വർഷം 42 പദ്ധതികളും 2013-14 വർഷം 54 പദ്ധതികളും 2014-15 വർഷം 44 പദ്ധതികളും നടപ്പിലാക്കുകയും 2015-16 വർഷം 34 പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 1. സംസ്ഥാന തീരദേശ മേഖലയുടെ വികസനം

2. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം, താമസയോഗ്യമായ വീട്, ശുദ്ധമായ കുടിവെള്ളം, വൈദ്യുതി, ശുചിത്വ ശോചനാലയം എന്നിവ ലഭ്യമാക്കൽ

3. ഭൂരഹിത/ഭവനരഹിത കുടുംബങ്ങൾക്ക് വ്യക്തിഗത ഭവന നിർമ്മാണം സ്ഥലം വാങ്ങി ഫ്ലാറ്റ് നിർമ്മിക്കൽ

4. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നാടൻ വള്ളങ്ങളും എഞ്ചിനുകളും ഇൻഷ്വർ ചെയ്യുക.

5. സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ പഞ്ഞമാസത്തിൽ ആഴക്കടൽ/ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുക.

6. മത്സ്യത്തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇൻഷ്വർ ചെയ്യുക.

7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പയ്ക്ക് സബ്സിഡി നൽകുക.

8. നാടൻ വള്ളങ്ങളുടെ ആധുനികവത്കരണത്തിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10HP യ്ക്ക് താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് സബ്സിഡി നൽകുക.

9. സംസ്ഥാനത്തെ 10 ടെക്നിക്കൽ ഹൈസ്കൂളുകളിൽ മത്സ്യത്തൊഴിലാളി കളുടെ മക്കൾക്ക് സൗജന്യമായി വിദ്യാഭ്യാസവും ഭക്ഷണവും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മറ്റു സൗകര്യങ്ങളും നൽകുക.

10. മത്സ്യവും മത്സ്യ ഇതര ഉൽപ്പന്നങ്ങളും ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ അന്തരീക്ഷത്തിൽ കച്ചവടം നടത്തുന്നതിന് മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.

11. തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വൈവിദ്ധ്യമാർന്ന ജീവനോപാധി രീതികൾ ഉറപ്പുവരുത്തുക.

12. മത്സ്യസമൃദ്ധി പദ്ധതിയിലൂടെ തുറസ്സായ ജലാശയങ്ങളിലും റിസർവോയറുകളിലും കേജ് കൃഷി അലങ്കാര മത്സ്യങ്ങളുടെ അക്വേറിയം സസ്യങ്ങളുടെയും ഉൽപ്പാദനം, മുത്തുച്ചിപ്പി കൃഷി, മത്സ്യകർഷക ക്യാമ്പുകളുടെ ശക്തിപ്പെടുത്തൽ.

കൂടാതെ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി, നിലവിലുള്ള മത്സ്യബന്ധനോപകരണങ്ങൾക്ക് പകരം പുതിയവ നൽകൽ തുടങ്ങിയ ധാരാളം സേവനങ്ങളാണ് മത്സ്യമേഖലയിലെ കർമ്മ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) പ്ലാനിംഗ് ബോർഡ് അംഗീകരിച്ച പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും പുതിയ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഭരണാനുമതി നൽകിയ പദ്ധതികൾ ജില്ലാ ഓഫീസർമാർ/ഏജൻസികൾ വഴി നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതി അവലോകനം ഫിഷറീസ് ഡയറക്ടർ തലത്തിലും സെക്രട്ടറി തലത്തിലും വകുപ്പുമന്ത്രി തലത്തിലും നടത്തുന്നു.

**ഫിഷറീസ് വകുപ്പിൽ തസ്തിക വെട്ടിക്കുറയ്ക്കൽ**

**155 (3665)** <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പിൽ തസ്തികകൾ വെട്ടിക്കുറച്ചിരുന്നോ ;

(ബി) ഈ സാഹചര്യത്തിൽ ഫിഷറീസ് വകുപ്പിലെ ഭവന-സാനിട്ടേഷൻ പദ്ധതികളിൽ പ്രൊജക്ട്-കോർഡിനേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി പുതിയ ജീവനക്കാരെ ജില്ലാ ഓഫീസർമാർ ആവശ്യപ്പെട്ടിരുന്നോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി മത്സ്യഭവൻ ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പിൽ തസ്തികകൾ വെട്ടിക്കുറച്ചിട്ടില്ല.

(ബി) ഫിഷറീസ് വകുപ്പ് മുഖേന 2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 4990 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി 100 കോടി രൂപ അടങ്കൽ തുകയുള്ള ഭവന പദ്ധതിക്കും ഭവന അറ്റകുറ്റപ്പണി-സാനിട്ടേഷൻ എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നതിനായി 25.42 കോടി രൂപയുടെ പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭവന പദ്ധതിക്കായി 16 പ്രോജക്ട് കോർഡിനേറ്റർമാരെയും ഭവന അറ്റകുറ്റപ്പണി-സാനിട്ടേഷൻ പദ്ധതിക്കായി 9 പ്രോജക്ട് കോർഡിനേറ്റർമാരെയും പ്രതിമാസം 12,500 രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) മത്സ്യബന്ധന വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണ് 4990 പുതിയ ഭവന പദ്ധതികളും 3800 ഭവന അറ്റകുറ്റപ്പണികളും 3600 ടോയ്‌ലെറ്റുകളും ഒരു സാമ്പത്തിക വർഷം നടപ്പിലാക്കുന്നത്. പല തീരദേശ ജില്ലകളിലും 800 പുതിയ ഭവനങ്ങളും 600-800 ഭവന പുനരുദ്ധാരണങ്ങളും 500 മുതൽ 1768 വരെ ടോയ്‌ലെറ്റുകളുടെ നിർമ്മാണവും സമയബന്ധിതമായി നടപ്പിലാക്കാൻ നിലവിലെ മത്സ്യഭവന ഓഫീസർമാർ മാത്രം മതിയാകില്ല എന്ന ആവശ്യം പല തീരദേശ ജില്ലാ ഓഫീസർമാരും ഉന്നയിച്ചതിനാൽ നിലവിലെ ഉദ്യോഗസ്ഥർ അനുഭവിക്കുന്ന ജോലിഭാരം കണക്കിലെടുത്ത് ടി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നിലവിലെ മത്സ്യഭവന ഓഫീസർമാരെ സഹായിക്കുന്നതിനും ആവശ്യമായ പ്രോജക്ട് കോർഡിനേറ്റർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി മത്സ്യഭവൻ ഓഫീസർമാരുടെ സേവനമാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

**കൊയിലാണ്ടി, കാപ്പാട് തീരദേശ റോഡ്**

**156 (3666)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി, കാപ്പാട് തീരദേശ റോഡ് കടൽക്ഷോഭത്തിൽ ഭാഗികമായി തകർന്നത് പുനർനിർമ്മിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാപ്പാട്, കൊയിലാണ്ടി തീരദേശറോഡിന്റെ അലൈൻമെന്റിൽ 600 മീറ്ററോളം ഭാഗം വരുന്ന പി.ഡബ്ല്യൂ.ഡി റോഡിൽ 30 മീറ്റർ ഭാഗം കഴിഞ്ഞ കടൽക്ഷോഭത്തിൽ പൊളിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പുനർ നിർമ്മിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ. 5-12-2015-ന് കൊയിലാണ്ടി ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ വിളിച്ചുചേർത്ത യോഗത്തിൽ തകർന്ന റോഡിന്റെ ഭാഗം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെക്കൊണ്ട് പുനർനിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 10-12-2015-ന് പ്രസ്തുത റോഡിന്റെ മുറിഞ്ഞുപോയ ഭാഗത്ത് റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചുവെങ്കിലും ബന്ധപ്പെട്ട മേജർ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് വന്ന് പ്രവൃത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടതുപ്രകാരം പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി.

**പയ്യന്നൂർ നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ**

**157 (3667)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി വിശദമായ എസ്റ്റിമേറ്റ് സഹിതം ലഭിച്ച എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഭരണാനുമതി ലഭിക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ അറ്റകുറ്റപ്പണികൾ

നടത്തുന്നതിനായി 27 റോഡുകളുടെ എസ്റ്റിമേറ്റുകൾ സർക്കാരിലേയ്ക്ക് ലഭിച്ചതിൽ 9 റോഡുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ളതിൽ അനുമതി നൽകാനുള്ള 18 റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ലക്ഷം വീട് നരിപ്പൻചാൽ എട്ടിക്കുളം പി.എച്ച്.സി. റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
2. മടിയൻകുന്ന് ബീച്ച് റോഡ് - രാമന്തളി ഗ്രാമപഞ്ചായത്ത്
3. രാമന്തളി ലക്ഷംവീട് നരിപ്പൻചാൽ റോഡ് രാമന്തളി ഗ്രാമപഞ്ചായത്ത്
4. മൂരിക്കോട്-ചൂളക്കടവ് പോസ്റ്റാഫീസ് ലിങ്ക് റോഡ്
5. ചിറ്റാരിക്കൊവ്വൽ-പരവന്തട്ട-തോട്ടംകടവ് റോഡ് (പയ്യന്നൂർ നഗരസഭ)
6. എ.കെ.ജി. നഗർ - ശ്മശാനം റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
7. കുന്നരു ആയുർവേദ ആശുപത്രി - മൂലക്കടവ് റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
8. പുന്നക്കടവ് - കൊറ്റിക്കടവ് റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
9. ചിറ്റാരിക്കൊവ്വൽ - പരവന്തട്ടറോഡ് (പയ്യന്നൂർ നഗരസഭ)
10. മുക്കുട് - തോട്ടം കടവ് റോഡ് (പയ്യന്നൂർ നഗരസഭ)
11. അംഗൻവാടി - കോരൻമാസ്റ്റർ മില്ല് റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
12. മാന്ദാൻതോട് - പുതിയപുഴക്കരറോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
13. രാമന്തളി എൽ.പി. സ്കൂൾ-ശിശുമന്ദിരം റോഡ് (രാമന്തളി ഗ്രാമപഞ്ചായത്ത്)
14. രാമന്തളി ഗ്രാമപഞ്ചായത്തിലെ എട്ടിക്കുളം ഹോസ്പിറ്റൽ നരിപ്പാൻചാൽ റോഡ്
15. രാമന്തളി ഗ്രാമപഞ്ചായത്തിലെ പാൽ സൊസൈറ്റി-തളിക്കുളം ശ്മശാനം റോഡ് (വാർഡ് - 13)
16. രാമന്തളി ഗ്രാമപഞ്ചായത്തിലെ എട്ടിക്കുളം മടിയൻകുന്ന് അങ്കണവാടി ബീച്ച് റോഡ്

17. രാമന്തളി ഗ്രാമപഞ്ചായത്തിലെ 400 മീറ്റർ കരിഞ്ചിറോഡ് - വാർഡ് 2

18. രാമന്തളി ഗ്രാമപഞ്ചായത്തിലെ വലിയ കടപ്പുറം ബീച്ച് റോഡ് ടാറിംഗ്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞ റോഡുകൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മത്സ്യബന്ധന വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

**158 (3668)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ മത്സ്യബന്ധന വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതുവരെ ഭരണാനുമതി നൽകിയവ ഏതെല്ലാം;

(സി) അവയിൽ ഇതിനകം നിർമ്മാണം പൂർത്തിയായ പദ്ധതികൾ ഉണ്ടോ; വിശദമാക്കുമോ;

(ഡി) അവയിൽ ഇതുവരെ പ്രാരംഭ പ്രവർത്തനങ്ങളൊന്നും ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യബന്ധന വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളിൽ എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മേൽ പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുന്നു.

(ഡി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## താൽക്കാലിക മീൻഷെഡ്ഡുകൾ സ്ഥിരം ഷെഡ്ഡുകൾ പണിത് മാറ്റുന്നതിനുള്ള നടപടികൾ

**159 (3669)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി വാണിജ്യ തുറമുഖപ്രദേശത്ത് നിലവിലുള്ള താൽക്കാലിക മീൻഷെഡ്ഡുകൾ ഫിഷിംഗ് ഹാർബറിലേക്ക് സ്ഥിരം ഷെഡ്ഡുകൾ പണിത് മാറ്റുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) എത്ര ഷെഡ്ഡുകളാണ് ഇങ്ങനെ മാറ്റിസ്ഥാപിക്കേണ്ടി വരുന്നത്. വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും; ഏതെല്ലാം സ്കീമിലാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പൊന്നാനി വാണിജ്യ തുറമുഖ പ്രദേശത്ത് നിലവിലുള്ള താൽക്കാലിക മീൻഷെഡ്ഡുകൾ മാറ്റി ഹാർബറിൽ സ്ഥിരം ഷെഡ്ഡുകൾ പണിത് മാറ്റുന്നതിനായി ഹാർബറിൽ നിലവിലുള്ള ഫിഷ് സ്റ്റോറേജ് ഷെഡ്ഡ് 18 മുറികളായി പാർട്ടീഷൻ ചെയ്യുന്ന പ്രവൃത്തിക്കായി കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. പുതിയതായി 60 ഷെഡുകൾ പണിയുന്നതിനുള്ള ഭരണാനുമതി ലഭിച്ചതനുസരിച്ച് സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. 78 ഷെഡ്ഡുകളുടെ പണി പൂർത്തീകരിക്കുന്നതോടുകൂടി വാണിജ്യ തുറമുഖ പ്രദേശത്ത് നിലവിലുള്ള താൽക്കാലിക മീൻ ഷെഡ്ഡുകൾ ഹാർബറിലെ സ്ഥിരം ഷെഡ്ഡുകളിലേയ്ക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്.

(ബി) അനധികൃതമായി പ്രവർത്തിച്ചുവരുന്ന 78 ചാപ്പകളാണ് മാറ്റി സ്ഥാപിക്കേണ്ടി വരുന്നത്.

(സി) നിലവിലെ ഫിഷ് സ്റ്റോറേജ് ഷെഡ്ഡ് പാർട്ടീഷൻ ചെയ്യുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഓപ്പറേഷൻ മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് എന്ന തലവരിയിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 60 മുറികൾ പണിയുന്നതിനായി ഫിഷറീസ് വകുപ്പിൽനിന്നും

313 ലക്ഷം രൂപയുടെ ഭരണാനുമതി 2405-00-103-80(P) (Basic infrastructure facilities and Human Development of fisher folk) നൽകിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് ധനസഹായം**

**160 (3670)** ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻപിടുത്തത്തിനിടയിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് ധനസഹായത്തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. മത്സ്യബന്ധനത്തിനിടയിൽ അപകടംമൂലം മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, ആം ആദ്മി ബീമ യോജന പദ്ധതി, മത്സ്യഫെഡ് മുഖേന വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി എന്നിവ വഴി ധനസഹായം അനുവദിച്ചുവരുന്നു.

(ബി) സമൂഹത്തിന്റെ താഴെത്തട്ടിലുള്ള മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ സാമൂഹ്യപുരോഗതിയും സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(സി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യബന്ധനത്തിനിടയിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ധനസഹായം നൽകുന്നതിനായി കാലാകാലങ്ങളിൽ ഇൻഷ്വറൻസ് പുതുക്കിവരുന്നു.

മത്സ്യഫെഡ് മുഖേന നടപ്പ് സാമ്പത്തിക വർഷം (2015-16) യുണൈറ്റഡ്

ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി 2016 മാർച്ച് 31 വരെ പ്രാബല്യത്തിലുണ്ട്. ഇതിനുള്ള അപേക്ഷ മത്സ്യഫെഡിന്റെ സംഘം/ക്ലസ്റ്റർ/ജില്ലാ ആഫീസുകളിൽനിന്ന് ലഭിക്കുന്നതാണ്. മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്ക്കാഘാതം എന്നിവമൂലം മരിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം നൽകുന്ന പദ്ധതി മത്സ്യഫെഡ് നേരിട്ട് നടപ്പിലാക്കിവരുന്നു. ഇതിനുള്ള അപേക്ഷ മത്സ്യഫെഡിന്റെ സംഘം/ക്ലസ്റ്റർ/ജില്ലാ ആഫീസുകളിൽനിന്ന് ലഭിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ്

**161 (3671)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ഫിഷറീസ് വകുപ്പ് മുഖേന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയൊന്നും നടപ്പിലാക്കുന്നില്ല.

## മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണം

**162 (3672)** ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും ഭവനരഹിതരുമായ മൽസ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി" -ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകി. പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. കൂടാതെ 4.70 കോടി രൂപ അടങ്കൽ തുകയിൽ അടിമലത്തുറ മത്സ്യഗ്രാമത്തിൽ 100 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന പദ്ധതിക്ക് 2013-14 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിരുന്നു. മേൽ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.

(ബി) ഭൂരഹിതരും ഭവനരഹിതരുമായ സംസ്ഥാനത്തെ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാരോ സന്നദ്ധ സംഘടനകളോ സ്വകാര്യ വ്യക്തികളോ ഭൂമി സ്വമേധയാ നൽകുകയാണെങ്കിൽ പ്രസ്തുത ഭൂമി ഉപയോഗിക്കുകയും അല്ലാത്ത പക്ഷം അനുയോജ്യമായ ഭൂമി വാങ്ങി ഭവനം നിർമ്മിച്ച് നൽകുക എന്നതാണ് ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. അടിമലത്തുറ മത്സ്യഗ്രാമത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന ഭവനരഹിതരായ 100 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സർക്കാർ കണ്ടെത്തുന്ന ഭൂമിയിൽ ഭവനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വലിയതുറയിൽ ഫ്ലാറ്റ് നിർമ്മാണത്തിനായി തിരുവനന്തപുരം കോർപ്പറേഷൻ വിട്ടുനൽകിയ സ്ഥലത്ത് കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ മുഖേന 32 കുടുംബങ്ങൾക്കുള്ള ഫ്ലാറ്റ് നിർമ്മാണം ആരംഭിക്കുകയും ഇതിൽ 8 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അടിമലത്തുറ മാതൃകാ മത്സ്യഗ്രാമത്തിനായി കണ്ടെത്തിയ തിരുവനന്തപുരം കോട്ടുകാൽ വില്ലേജിലെ 141

സെന്റ് സ്ഥലം ഫിഷറീസ് വകുപ്പിന് വിട്ടുകിട്ടുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള പെർമിസീവ് സാങ്ഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതിക്കായി സ്ഥലം വിവിധ ജില്ലകളിൽ കണ്ടെത്തുകയും ആയത് ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

പദ്ധതിക്ക് അതത് വർഷം ഭരണാനുമതി നൽകുകയും വകുപ്പ് മന്ത്രി, ഫിഷറീസ് സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, നിർവ്വഹണ ഏജൻസി തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടി പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലറ്റുകൾ**

**163 (3673)** ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികൾക്ക് ടോയ്‌ലറ്റുകൾ നിർമ്മിച്ച് നൽകാൻ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം ഫിഷറീസ് വകുപ്പ് നേരിട്ട് നൽകി വരുന്നു. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലായി പബ്ലിക് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുന്നതിനും വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുമുള്ള പദ്ധതികൾ

നടപ്പിലാക്കുന്നു.

(ബി) ഭരണാനുമതിയും ഫണ്ടും നൽകി ഒരുവർഷത്തിനകം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്കും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമയബന്ധിതമായി അനുവദിച്ച് നൽകുന്നു. ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിലും പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. പദ്ധതിക്ക് അതത് വർഷം ഭരണാനുമതി നൽകുകയും ഫിഷറീസ് സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, നിർവ്വഹണ ഏജൻസി തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടി പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ പെർമിറ്റ്**

**164 (3674)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി നൽകിവരുന്ന മണ്ണെണ്ണ പെർമിറ്റ് എത്രയാണെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വെരിഫിക്കേഷൻ കഴിഞ്ഞ് ഒരുവർഷമായിട്ടും മണ്ണെണ്ണ പെർമിറ്റ് ലഭിച്ചിട്ടില്ലെന്ന അജാനൂർ കടപ്പുറത്തെ 15 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികൾക്ക് ആകെ 15727 മണ്ണെണ്ണ പെർമിറ്റാണ് അനുവദിച്ചിട്ടുള്ളത്. മണ്ണെണ്ണ പെർമിറ്റ് ലഭ്യമാകാനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. എഞ്ചിനുകളുടെ പരമാവധി കാലപ്പഴക്കം 15 വർഷമായി

നിജപ്പെടുത്തിയിരിക്കണം.

2. ഒരു വ്യക്തിക്ക് പരമാവധി 2 എഞ്ചിനുകൾക്ക് മാത്രം പെർമിറ്റ് അനുവദിക്കാവുന്നതാണ്.

3. തട്ടുമടി യാനത്തിന്റെ ഉടമകൾക്ക് ഒന്നിൽ കൂടുതൽ വള്ളങ്ങൾ ഉണ്ടെങ്കിൽ പരമാവധി 4 എഞ്ചിനുകൾക്ക് വരെ പെർമിറ്റ് അനുവദിക്കാവുന്നതാണ്.

4. ഇൻബോർഡ് എഞ്ചിൻ ഉടമകൾക്ക് രണ്ട് ക്യാരിയർ വള്ളം ഉള്ള പക്ഷം ഒന്നിന് രണ്ട് എന്ന ക്രമത്തിൽ പരമാവധി നാല് എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിക്കാവുന്നതാണ്.

5. മലബാർ മേഖലയുടെ പ്രത്യേകത കണക്കിലെടുത്ത് 40 എച്ച്.പി. യുടെ എഞ്ചിനുകൾക്ക് കൂടി പെർമിറ്റ് നൽകാൻ പരിഗണിക്കേണ്ടതാണ്.

6. ഒരിക്കൽ അനുവദിച്ചിട്ടുള്ള മണ്ണെണ്ണ പെർമിറ്റുകളുടെ കാലാവധി അടുത്ത സംയുക്ത എഞ്ചിൻ പരിശോധന വരെ നിലനിർത്തേണ്ടതാണ്.

(ബി) കാസർഗോഡ് ജില്ലയിൽ 739 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് മണ്ണെണ്ണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം നടത്തുന്നത് സംബന്ധിച്ച ഒരു മീറ്റിംഗ് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഇപ്രകാരം മണ്ണെണ്ണ പെർമിറ്റ് ലഭിക്കാത്ത മത്സ്യത്തൊഴിലാളികൾക്കുകൂടി മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**വിമാന യാത്രാക്കൂലി വർദ്ധന**

**165 (3675)** <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും ഗൾഫ് നാടുകളിലേയ്ക്കുള്ള യാത്രാ ചാർജ് വിമാനക്കമ്പനികൾ അഞ്ചിരട്ടിയോളം വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗൾഫ് നാടുകളിൽനിന്നും കേരളത്തിലേക്കുള്ള ടിക്കറ്റ് നിരക്ക് വർദ്ധനവിനെതിരെ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്കും തിരിച്ചും വർഷം മുഴുവൻ വിവിധ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും വിദേശ എയർലൈനുകളുടെ കടുത്ത മത്സരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് IATA/DGCA അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടിവരും. ലോകത്തെ എല്ലാ എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്. ഗൾഫ് മേഖലയിലേയ്ക്ക് സർവ്വീസ് നടത്തുന്ന മറ്റ് എയർലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും തിരക്കുള്ള സമയത്തും കുറഞ്ഞ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. കൂടാതെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിക്ക് 10-12-2015-ൽ സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ വ്യോമയാന കമ്പനികൾ അനിയന്ത്രിതമായി വിമാന നിരക്ക് വർദ്ധിപ്പിക്കുന്നത് തടയുന്നതിനും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കുന്നതിനും കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളിലേയ്ക്ക് ഗൾഫ് നാടുകളിൽനിന്നും കൂടുതൽ ഷെഡ്യൂളുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

**വേങ്ങൂർ-നായത്തോട്-എയർപോർട്ട് റോഡ്**

**166 (3676)** <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.സി.റോഡിൽ അങ്കമാലിയിൽനിന്ന് എയർപോർട്ടിലേക്കുള്ള ഏകമാർഗ്ഗമായ വേങ്ങൂർ - നായത്തോട് - എയർ പോർട്ട് റോഡിന്റെ രണ്ടാംഘട്ട വികസനത്തിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

വേങ്ങൂർ-നായത്തോട്-എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട വികസനത്തിനുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതിനുള്ള സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

**തീരസേനയ്ക്ക് എയർ സ്ട്രിപ്പ്**

**167 (3677)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും തീരസേനയ്ക്ക് എയർ സ്ട്രിപ്പ് തുടങ്ങുന്നതിന് കേന്ദ്രത്തിൽനിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതുകൊണ്ട് സംസ്ഥാനത്തിന് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്ന എന്തെങ്കിലും പ്രയോജനങ്ങൾ കിട്ടാതാകുമോ ;

(സി) തീരസേനയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നാണ് കരുതുന്നത്;

(ഡി) ഇതിന്റെ ഓഫീസിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി എന്തെല്ലാം കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്; ഇതിന്റെ ഒരുക്കങ്ങൾ എപ്രകാരമാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ) വളരെയധികം ഭൂമി ആവശ്യമായതിനാൽ, തീരസേനയ്ക്ക് സ്വന്തമായി എയർ സ്ട്രിപ്പ് തുടങ്ങാൻ പദ്ധതിയില്ല. പകരം നിലവിലെ എല്ലാ വിമാനത്താവളങ്ങളുടെയും പരിസരത്ത് 10 മുതൽ 15 ഏക്കർ വരെ വിസ്തൃതിയിൽ മൂന്നോ നാലോ എയർക്രാഫ്റ്റുകൾക്ക് നിൽക്കാൻ സൗകര്യപ്പെടുന്ന വിധത്തിൽ ഹാങ്ങറും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് 'എയർ എൻക്ലേവ് തുടങ്ങുന്നതിന് തീരസേനയ്ക്ക് കേന്ദ്ര പ്രതിരോധ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) 2002 മുതൽ പരിമിതമായ രീതിയിൽ തീരസേന വ്യോമനിരീക്ഷണം നടത്തി വരുന്നുണ്ട്. കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിലെ എയർ ഇൻക്ലേവുകൾ പൂർത്തിയാകുന്ന മുറയ്ക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്.

(ഡി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തോട് ചേർന്ന് 10.02 ഏക്കർ സ്ഥലം തീരസേനയ്ക്ക് നൽകിയിട്ടുണ്ട്. പുറമെ തിരുവനന്തപുരം വിമാനത്താവളത്തോട് ചേർന്ന് 5 ഏക്കർ സ്ഥലം തീരസേന ആവശ്യപ്പെട്ടിട്ടുണ്ട്. വിമാനങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഹാങ്ങർ, അറ്റകുറ്റപ്പണികൾക്കായുള്ള ടെക്നിക്കൽ ഏര്യ, ഓഫീസ് സൗകര്യം എന്നിവയ്ക്ക് വേണ്ടിയാണ് സ്ഥലം ആവശ്യപ്പെട്ടിട്ടുള്ളത്.

**പോലീസ് കേസ്സുകളിലെ പുനരന്വേഷണം**

**168 (3678)** <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലോക്കൽ പോലീസ്, വിജിലൻസ്, ക്രൈംബ്രാഞ്ച് എന്നീ അന്വേഷണ വിഭാഗങ്ങൾ അവസാനിപ്പിച്ച എത്ര കേസ്സുകൾ പിന്നീട് മറ്റ് ഏജൻസികൾ അന്വേഷിച്ച് പ്രതികളെ കണ്ടെത്തിയിട്ടുണ്ടെന്നും കേസ്സ് അന്വേഷണം നടത്തിയ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ;

(ബി) എത്ര കേസ്സുകൾ അന്വേഷണം നടത്തിയ ഏജൻസികൾ തന്നെ പുനരന്വേഷണം നടത്തി പ്രതികളെ കണ്ടെത്തിയിട്ടുണ്ട്; കേസ്, ഏജൻസി എന്നിവയുടെ വിശദവിവരം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്രയെണ്ണം ഇനിയും തെളിയിക്കപ്പെടാനുണ്ട് എന്ന് വ്യക്തമാക്കുമോ; കേസ്സുകളുടെ എണ്ണം, അന്വേഷണ ഏജൻസി എന്നിവ ജില്ല തിരിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കൊലപാതകങ്ങളുടെ കണക്കുകൾ**

**169 (3679)** <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇതുവരെ നടന്ന കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ കൊലപാതകങ്ങൾ, വർഗ്ഗീയ സംഘർഷത്തെത്തുടർന്നുണ്ടായ കൊലപാതകങ്ങൾ, സദാചാര കൊലപാതകങ്ങൾ ഇവ ഓരോന്നും എത്ര വീതമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇതുവരെ നടന്ന കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ കൊലപാതകങ്ങൾ, വർഗ്ഗീയ സംഘർഷത്തെത്തുടർന്നുണ്ടായ കൊലപാതകങ്ങൾ, സദാചാര കൊലപാതകങ്ങൾ എന്നിവ ചുവടെ കൊടുത്തിരിക്കുന്നു:

| | |
|---|---|
| കൊലപാതകങ്ങളുടെ എണ്ണം | 1650 |
| രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം | 31 |
| ഗുണ്ടാ/ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ കൊലപാതകങ്ങളുടെ എണ്ണം | 9 |
| വർഗ്ഗീയ സംഘർഷത്തെത്തുടർന്നുണ്ടായ കൊലപാതകങ്ങളുടെ എണ്ണം | 3 |
| സദാചാര കൊലപാതകങ്ങളുടെ എണ്ണം | 2 |

## പോലീസ് ഡ്രൈവർ

**170 (3680)** <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എസ്.പി. (മലബാർ സ്പെഷൽ പോലീസ്)-ൽ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

എം.എസ്.പി. ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിലവിൽ ഒഴിവുകളില്ല.

## നാദാപുരം മേഖലയിൽ നിലവിലുള്ള കേസ്സുകൾ

**171 (3681)** <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നാദാപുരം മേഖലയിൽ വ്യാപാര സ്ഥാപനങ്ങൾ,

വാഹനങ്ങൾ മുതലായവ തീയിട്ടു നശിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത കേസുകളുടെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പ്രതികളെ കണ്ടെത്തുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ നാദാപുരം മേഖലയിൽ വ്യാപാര സ്ഥാപനങ്ങൾ തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 12 കേസ്സുകളും വാഹനങ്ങൾ തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 26 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 31 കേസ്സുകളിന്മേൽ അന്വേഷണം പൂർത്തിയാക്കി. 7 കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നു.

(സി) 9 കേസ്സുകളിൽ പ്രതികളെ കണ്ടെത്തി. മറ്റ് കേസ്സുകളിൽ പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവോ വിവരങ്ങളോ ലഭിക്കാത്തതുകൊണ്ടാണ് പ്രതികളെ കണ്ടെത്തുന്നതിൽ കാലതാമസം വരുന്നത്.

**എം.ബി. ബാലകൃഷ്ണന്റെ കൊലപാതകം**

**172 (3682)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013 സെപ്തംബർ 16-ന് കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ട എം. ബി. ബാലകൃഷ്ണന്റെ വിധവ കെ. വി. അനിത പ്രസ്തുത കൊലപാതക കേസ്സുവാദിക്കുന്നതിന് സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൽ അനുകൂല നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ വിധവയായ ഹർജിക്കാരിയുടെ അപേക്ഷ പരിഹരിക്കാതിരിക്കാൻ കാരണം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

കൊല ചെയ്യപ്പെട്ട എം.ബി. ബാലകൃഷ്ണന്റെ വിധവ ശ്രീമതി അനിത കെ.വി., സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. നിവേദനം ഡയറക്ടർ ജനറൽ ഓഫ്

പ്രോസിക്യൂഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചതിൽനിന്നും കോടതി മുമ്പാകെ നിലവിലുള്ള കേസ്സിന്റെ നടത്തിപ്പിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കേണ്ട അസാധാരണ സാഹചര്യമൊന്നും നിലവിലില്ലെന്നും പ്രസ്തുത കോടതിയിലെ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ മേൽ കേസ്സിന്റെ നടത്തിപ്പിന് അനുയോജ്യനാണെന്നും കൂടാതെ ടിയാളുടെ കേസ് നടത്തിപ്പിനെ സംബന്ധിച്ച് ആക്ഷേപങ്ങളൊന്നുംതന്നെയില്ല എന്ന് വ്യക്തമായതിനെത്തുടർന്ന് പ്രസ്തുത അപേക്ഷ നിരസിച്ചിരുന്നു.

**വി.എ. അരുൺ കുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം**

**173 (3683)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ വി.എ അരുൺ കുമാറിനെതിരെ ഉയർന്ന അഴിമതി ആരോപണം സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണത്തിന്റെ വിവരവും യോഗ്യതയില്ലാത്ത വി.എ.അരുൺകുമാറിനെ ഐ,എച്ച്.ആർ.ഡി അഡീഷണൽ ഡയറക്ടറായി നിയമിച്ചത് സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെയും പൂർണ്ണ വിവരം വെളിപ്പെടുത്തുമോ;

(ബി) വി.എ. അരുൺകുമാറിനെക്കുറിച്ച് ഉയർന്നിട്ടുള്ള മേൽപ്പറഞ്ഞ മുഴുവൻ ആരോപണങ്ങളെക്കുറിച്ചും വിജിലൻസ് നടത്തുന്ന അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പ്രതിപക്ഷ നേതാവ് വി.എസ് അച്ചുതാനന്ദനെ ചോദ്യം ചെയ്തിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വി.എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണത്തോട് അനുബന്ധിച്ച് അദ്ദേഹത്തെ എത്ര പ്രാവശ്യം ചോദ്യം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ;

ഉത്തരം

(എ) കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ വി.എ. അരുൺ കുമാറിനെതിരെ ഉയർന്ന അഴിമതി ആരോപണം സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>വി.ഇ.11/2013 എസ്.സി.ടി.</u>

ശ്രീ. അരുൺ കുമാർ കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ആലപ്പുഴ-ചേർത്തലയിൽ വെയർഹൗസ് നിർമ്മിച്ചതിലെ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ ഉത്തരവായ വിജിലൻസ് അന്വേഷണം (വി.ഇ.11/2013 എസ്.സി.ടി.) പൂർത്തിയാവുകയും പ്രസ്തുത വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ ഒരു വിജിലൻസ് കേസ്, വി.സി.03/14 എസ്.സി.ടി എന്ന നമ്പറിൽ രജിസ്റ്റർ ചെയ്ത് കേസന്വേഷണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

2. <u>വി.ഇ.02/2012/എസ്.ഐ.യു-II</u>

ഐ.എച്ച്.ആർ.ഡി അഡീഷണൽ ഡയറക്ടറായി മതിയായ യോഗ്യതയില്ലാത്ത ശ്രീ.വി.എ. അരുൺ കുമാറിനെ നിയമിച്ചതും തുടർന്ന് ഐ.സി.ടി അക്കാദമി (ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി) ഡയറക്ടറായി നിയമിച്ചതും സംബന്ധിച്ച്, 8-3-2012 തീയതിയിലെ പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് വി.ഇ.02/2012/എസ്.ഐ.യു.II എന്ന അന്വേഷണം നടത്തുകയും വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വി.സി. 01/15 എസ്.ഐ.യു II എന്ന നമ്പറിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

(ബി&സി) പ്രസ്തുത വിജിലൻസ് അന്വേഷണങ്ങൾ പുരോഗമന ഘട്ടത്തിലായതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുകയില്ല.

**മാള ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ പോസ്റ്റൽ വോട്ട് കവർ പൊട്ടിച്ച സംഭവം**

**174 (3684)** <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-11-2015-ൽ മാള ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ വെച്ച് ടി.എൻ.പ്രതാപൻ, എം.എൽ.എ, ടി.യു.രാധാകൃഷ്ണൻ ,എക്സ്.എം.എൽ.എ. എന്നിവരുടെ സാന്നിധ്യത്തിൽ പോസ്റ്റൽ വോട്ടുകൾ കവർപൊട്ടിച്ച് തിരുത്തിയതും നശിപ്പിച്ചതുമായ പരാതിയിൻമേൽ നടന്നുവരുന്ന അന്വേഷണം ഏതു ഘട്ടത്തിലാണ്; പ്രസ്തുത കേസ്സിൽ ആരെയെല്ലാം പ്രതി ചേർത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിട്ടുള്ളത്;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് എ.ഡി.എം. സമർപ്പിച്ചിട്ടുണ്ടോ; പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് മാള പോലീസ് സ്റ്റേഷൻ ക്രൈം നം. 1298/15 u/s 136(1) c, d, f, g & 2(a) Representation of People Act 1951, Sec. 138 Panchayath Raj Act 1994 & Sec. 3(1) of PDPP Act 1984 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ ഒന്നാം പ്രതിയായി എം.സി. പ്രദീപ്, രണ്ടാം പ്രതിയായി റ്റി.പി. സജീവൻ (ആരോഗ്യ വകുപ്പ്) എന്നിവരെ പ്രതി ചേർത്തിട്ടുണ്ട്. ടി കേസ് ഇപ്പോൾ അന്വേഷണ ഘട്ടത്തിലാണ്.

(ബി) അന്വേഷണ റിപ്പോർട്ട് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ആന്റ് ഡെപ്യൂട്ടി കളക്ടർ (ജനറൽ) സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു. പരാതി ഉയർന്ന ദിവസംതന്നെ പോസ്റ്റൽ ബാലറ്റുകൾ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥനായിരുന്ന മാള ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ഹെഡ് ക്ലർക്ക് ശ്രീ. എം.സി. പ്രദീപിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതാണ്.

**അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം എടുത്ത കേസ്സുകൾ**

**175 (3685)** <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ടവരുടേയും ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവരുടെയും എണ്ണം വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന എത്ര ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങളും പണമിടപാടുകാരും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആളുകളിൽ നിന്നും പിടികൂടിയ പണവും രേഖകളും ചെക്കുകളും

മറ്റ് വസ്തുക്കളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം 2700 കേസ്സുകൾ എടുത്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 3393 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഇനിയും 549 പേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു. ടി കേസ് ഇപ്പോൾ അന്വേഷണ ഘട്ടത്തിലാണ്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന 106 ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളും 2896 പണമിടപാടുകാരെയും കണ്ടെത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത ആളുകളിൽ നിന്നും പിടികൂടിയ പണവും രേഖകളും ചെക്കുകളും മറ്റ് വസ്തുക്കളും സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**റോഡ് സുരക്ഷ ക്യാമറകൾ**

**176 (3686)** <u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷ മുൻനിർത്തി സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ പ്രവർത്തന രഹിതമായാൽ ആയത് വേഗത്തിൽ ശരിയാക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ക്യാമറയുടെ അറ്റകുറ്റപണികൾ നടത്തുന്ന കെൽട്രോണിന് കുടിശ്ശിക തുക നൽകാനുണ്ടോ;

(സി) പോലീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്യാമറയുടെ ചെലവുകൾ വകുപ്പിലെ തന്നെ വരുമാനം ഉപയോഗിച്ച് (ഹെൽമറ്റ് വേട്ട തുടങ്ങി) സ്ഥിരമായി സെറ്റിൽ ചെയ്യുന്നതിന് സംവിധാനമുണ്ടാകുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള കമ്പനിയായ കെൽട്രോണുമായി ബന്ധപ്പെട്ട്, പ്രവർത്തനരഹിതമാകുന്ന ക്യാമറകളുടെ തകരാറുകൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ശ്രീ. പി. വി. രാകേഷിന്റെ ആശ്രിതനിയമനം**

**177 (3687)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സർക്കിൾ ഇൻസ്പെക്ടർ ആയി ജോലി നോക്കവെ സർവ്വീസിലിരുന്ന് മരണമടഞ്ഞ കെ.വി. രാഘവന്റെ മകൻ കാസർഗോഡ്, നീലേശ്വരം, പള്ളിക്കര ശ്രീരാഗത്തിൽ ശ്രീ.പി.വി. രാകേഷ് ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷയിൻമേൽ നിയമന നടപടികൾ ഏതുഘട്ടത്തിലാണ്;

(ബി) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷനിൽ ബി.ടെക് ബിരുദധാരിയായ അദ്ദേഹത്തിന് യോഗ്യതയ്ക്കനുസരിച്ചുള്ള നിയമനം നൽകണമെന്ന അപേക്ഷ പരിഗണനയിലുണ്ടോ;

(സി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യോഗ്യത അനുസരിച്ച് ഗ്രേഡ് II തസ്തികകളിലേക്കും നിയമനം അനുവദിച്ചുകൊണ്ട് ക്യാബിനറ്റ് തീരുമാനം എടുക്കുകയുണ്ടായോ;

(ഡി) ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ശ്രീ. പി. വി. രാകേഷ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എഞ്ചിനീയറിംഗ് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിനാണ് 23-3-2004-ൽ അപേക്ഷ സമർപ്പിച്ചിരുന്നത്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നത് ക്ലാസ് III, ക്ലാസ് IV, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്, പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് എന്നീ വിഭാഗത്തിൽ മാത്രമായിരിക്കണമെന്ന് 24-5-1999-ലെ സ.ഉ. പ്രകാരം (പി) നമ്പർ 12/99/ഉഭപവ വ്യക്തമായി വിവക്ഷിച്ചിട്ടുള്ളതാകയാൽ ശ്രീ. രാകേഷിന്റെ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്നും ക്ലാസ് III തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാനും ശ്രീ. രാകേഷിന് 16-8-2008-ൽ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് നിരവധി ഓർമ്മക്കുറിപ്പുകൾ അയച്ചെങ്കിലും ശ്രീ. രാകേഷ് പുതുക്കിയ അപേക്ഷ സമർപ്പിക്കാത്തതിനാൽ പ്രസ്തുത അപേക്ഷയിന്മേലുള്ള നടപടി അവസാനിപ്പിച്ചിട്ടുള്ള

വിവരം അപേക്ഷകനെ 31-10-2011-ലെ 30341/കെ3/2004/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതുമാണ്.

(സി &ഡി) ഇല്ല.

**ഗതാഗത നിയമലംഘനം**

**178 (3688)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗതാഗത നിയമലംഘനത്തിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 1-7-2011 മുതൽ 30-11-2015 വരെ എത്ര പേർക്ക് ഗതാഗത നിയമലംഘനത്തിനായി പിഴ ചുമത്തുകയുണ്ടായി; ആയതുവഴി എന്തു തുക സമാഹരിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

ഉത്തരം

(എ) 10,14,471 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | രജിസ്റ്റർ ചെയ്ത ട്രാഫിക് നിയമലംഘന കേസ്സുകൾ (18-5-2011 മുതൽ 30-11-2015 വരെ) |
|---|---|
| തിരുവനന്തപുരം സിറ്റി | 85,625 |
| തിരുവനന്തപുരം റൂറൽ | 28,692 |
| കൊല്ലം സിറ്റി | 26,707 |
| കൊല്ലം റൂറൽ | 53,330 |
| പത്തനംതിട്ട | 24,051 |
| ആലപ്പുഴ | 99,110 |

| | |
|---|---|
| കോട്ടയം | 1,06,738 |
| ഇടുക്കി | 54,711 |
| എറണാകുളം സിറ്റി | 84,733 |
| എറണാകുളം റൂറൽ | 14,936 |
| തൃശ്ശൂർ സിറ്റി | 59,149 |
| തൃശ്ശൂർ റൂറൽ | 1,03,260 |
| പാലക്കാട് | 32,125 |
| മലപ്പുറം | 72,079 |
| കോഴിക്കോട് സിറ്റി | 39,872 |
| കോഴിക്കോട് റൂറൽ | 12,012 |
| വയനാട് | 18,025 |
| കണ്ണൂർ | 84,347 |
| കാസർഗോഡ് | 14,969 |
| ആകെ | 10,14,471 |

(ബി) 1,84,70,411 പേർക്ക് പിഴ ചുമത്തുകയുണ്ടായി. ആയതുവഴി 2,73,97,85,200 രൂപ സമാഹരിച്ചു. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കേരളാ പോലീസിൽ വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ കണക്ക്**

**179 (3689)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ 1-1-2013 മുതൽ നാളിതുവരെ വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ കണക്ക് കാറ്റഗറിയും കമ്പനിയും തിരിച്ച് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വാഹനങ്ങളിൽ ഹെവി പാസഞ്ചർ ഇനത്തിലുള്ളവയുടെ ബോഡിവർക്ക് ചെയ്ത സ്ഥാപനങ്ങൾ ഏതെല്ലാം; എത്ര തുക ചെലവായി; പ്രസ്തുത സ്ഥാപനങ്ങൾക്ക് കേന്ദ്ര മോട്ടോർവാഹന നിയമപ്രകാരം ബോഡി വർക്ക് ചെയ്യുവാനായി നല്കിയിട്ടുള്ള ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് സേനയ്ക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്ന് മോട്ടോർ ട്രാൻസ്പോർട്ട് സംബന്ധമായ പരിശീലനത്തിനായി എത്ര ചെലവഴിച്ചിട്ടുണ്ടെന്നും എത്ര ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 1-1-2013 മുതൽ കേരളാ പോലീസിൽ വാങ്ങിയിട്ടുള്ള വിവിധതരം വാഹനങ്ങളുടെ വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് സേനയ്ക്ക് അനുവദിച്ച തുകയിൽനിന്നും മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ഇനത്തിൽ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

**ഗതാഗത നിയന്ത്രണവും സിഗ്നൽ സംവിധാനവും**

**180 (3690)** <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം. എൽ.. എ. ഫണ്ടുപയോഗിച്ച് എതെല്ലം സ്ഥലങ്ങളിൽ ഏതെല്ലാം ഏജൻസികളെക്കൊണ്ട് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിനായി ചെലവഴിച്ച തുകയെത്ര; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ട്രാഫിക് പോസ്റ്റുകളിൽ ഓട്ടോമാറ്റിക് ക്യാമറ സംവിധാനം ഇല്ലാത്തത് പല സ്ഥലങ്ങളിലും നിയമലംഘനത്തിന് ഇടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ;

(സി) കഴിഞ്ഞ ഒരു വർഷക്കാലം സിഗ്നൽ ലംഘിച്ച് വാഹനമോടിച്ചതിന് രജിസ്റ്റർചെയ്ത കേസ്സുകളുടെ എണ്ണവും ഈടാക്കിയ തുകയും ജില്ലതിരിച്ച് വ്യക്തമാക്കുമോ; ഓരോ വർഷവും സിഗ്നൽ ലൈറ്റിന്റെയും ക്യാമറയുടെയും മെയിന്റനൻസിനായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെലവഴിക്കുന്ന തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാരിന് കീഴിലുള്ള പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കേരള റോഡ് സേഫ്റ്റി അതോറിറ്റി, കേരള റോഡ് ഫണ്ട് ബോർഡ് എന്നീ ഏജൻസികൾ മുഖേന എം.എൽ.എ. ഫണ്ടുപയോഗിച്ച് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്യാമറ ഇല്ലാത്ത പ്രധാന ജംഗ്ഷനുകളിൽ ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്യാമറ സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ട്രാഫിക് പോലീസുകാരെ ഉപയോഗപ്പെടുത്തി നിയമലംഘനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സിഗ്നൽ ലംഘിച്ച് വാഹനമോടിച്ചതിന് പോലീസ് വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണവും ഈടാക്കിയ തുകയും ജില്ല തിരിച്ച് അനുബന്ധമായി* ചേർത്തിരിക്കുന്നു. തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിലെ ക്യാമറകൾ മെയിന്റനൻസ് ചെയ്യുന്നതിനായി 229 ലക്ഷം രൂപയുടെ വർക്ക് ഓർഡർ പോലീസ് വകുപ്പ് കെൽട്രോണിന് നൽകിയിട്ടുണ്ട്. മെയിന്റനൻസ് നടന്ന് വരികയാണ്.

സിഗ്നൽ ലംഘനം, അമിത വേഗത എന്നിവയ്ക്ക് മോട്ടോർ വാഹന വകുപ്പിന് കീഴിൽ കഴിഞ്ഞ ഒരു വർഷക്കാലം ആകെ 1,50,270 പേർക്ക് മെമ്മോ അയച്ചിട്ടുണ്ട്. 3,06,24,800 രൂപ പിഴയായും ലഭിക്കുകയുണ്ടായി.

**ബാർ കോഴക്കേസ്സിൽ ഗൂഢാലോചന**

**181 (3691)** ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസിൽ തനിക്കെതിരെ ഉന്നതതല ഗൂഢാലോചന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തിയിട്ടുണ്ടെന്ന മുൻ ധനമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; ഇതിൽ ഏർപ്പെട്ടവർ ആരൊക്കെയാണ് ; അതിൽ മന്ത്രിമാർ ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അന്വേഷണ വിധേയമാക്കുമോ ;

(ഡി) സത്യാവസ്ഥ പുറത്തു കൊണ്ടുവരുന്നതിന് അന്വേഷണം ഏർപ്പെടുത്തി പ്രസ്താവന നടത്തിയ ആളിന്റെ മൊഴി ശേഖരിച്ച് തുടർ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി-ഡി) (എ) യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ ലാത്തിച്ചാർജ്ജ്**

**182 (3692)** <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ പോലീസ് എത്ര പ്രാവശ്യം ലാത്തിചാർജ്ജ്, ടിയർ ഗ്യാസ്, ജലപീരങ്കി തുടങ്ങിയ പ്രയോഗങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(സി) ജനകീയ സമരങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്;

(ഡി) പൊതു നിരത്തിൽ പ്രകടനം നടത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ പോലീസ് 26 പ്രാവശ്യം ലാത്തി ചാർജ്ജും 97 തവണ ടിയർ ഗ്യാസും 90 തവണ ജലപീരങ്കിയും പ്രയോഗിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതുമായി ബന്ധപ്പെട്ട് നാല് പരാതികൾ ലഭിച്ചിട്ടുണ്ട്. ജനപ്രതിനിധികളെ മർദ്ദിച്ചതായ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(സി) ജനകീയ സമരങ്ങളിൽ പങ്കെടുത്തിന്റെ പേരിൽ 3,69,980 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

(ഡി) പൊതു നിരത്തിൽ പ്രകടനം നടത്തിയതിന്റെ പേരിൽ 4,83,840 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

**പോലീസ് സേനയിലെ ഇ-ബീറ്റ് പദ്ധതി**

**183 (3693)** ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് നവീകരണത്തിന്റെ ഭാഗമായി ഇ-ബീറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പദ്ധതി നടത്തിപ്പിലുണ്ടായ ക്രമക്കേടുകൾ മൂലം ഉണ്ടായതായി കരുതുന്ന നഷ്ടം എത്രയാണ്;

(സി) അന്വേഷണത്തിലെ നിഗമനങ്ങൾ എന്തായിരുന്നു; വിശദമാക്കാമോ;

(ഡി) ഉത്തരവാദികളായ ആർക്കെല്ലാമെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയുണ്ടായി;

(ഇ) ഇ-ബീറ്റ് ഇടപാട് സംബന്ധിച്ച് ബന്ധപ്പെട്ട ഐ.ജി.ക്കെതിരെയും അന്വേഷണം നടത്തിയ എസ്.പി.ക്കെതിരെയും ഡി.ജി.പി.-ക്ക് ലഭിച്ച പരാതി എന്തായിരുന്നു?

ഉത്തരം

(എ) ആധുനിക സാങ്കേതിക വിദ്യയിലൂടെ ബീറ്റ് ഡ്യൂട്ടി സംവിധാനം കാര്യക്ഷമമാക്കുന്നതിന് 'ഇ-ബീറ്റ്' സംവിധാനം, പതിമൂന്നാമത് ഫിനാൻസ് കമ്മീഷൻ അവാർഡ്, സ്റ്റേറ്റ് പ്ലാൻ സ്കീം എന്നീ പദ്ധതികളിലൂടെ ലഭിച്ച 188 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ 7 ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരികയാണ്.

(ബി-ഇ) ഇതുസംബന്ധിച്ച് എ.ഡി.ജി.പി. ക്രൈംസിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നതേയുള്ളൂ.

**ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് കർമ്മ പദ്ധതികൾ**

**184 (3694)** ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ക്രൈം ബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) 17-6-2014-ലെ GO(Ms) No.124/14/Home ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ ഒരു " Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നത്. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ ക്രൈംബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്) 14 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, 14 സീനിയർ സിവിൽ പോലീസ് ഓഫീസർ, 6 സിവിൽ പോലീസ് ഓഫീസർ (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസ്സുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് കണ്ടെത്തുന്ന കേസ്സുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി. മാർ, റേഞ്ച് ഐ.ജി. മാർ, ജില്ലാ

പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേയ്ക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസ്സുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈംബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈംബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്.

**റാന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

**185 (3695)** <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണ്; പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചുമതല നൽകിയിട്ടുള്ളത് ആർക്കാണ്; നിർമ്മാണം ആരംഭിച്ചിട്ടുള്ളത്എന്നാണെന്നും കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത്എന്നാണെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ഉള്ളതെന്നും പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തു തടസ്സമാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(ബി) സ്ഥല പരിമിതിമൂലം വീർപ്പുമുട്ടുന്ന റാന്നി പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 71 ലക്ഷം രൂപ; റാന്നി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല നൽകിയിരുന്ന ആദ്യ കരാറുകാരൻ 65 ശതമാനം പണികൾ മാത്രമേ പൂർത്തീകരിച്ചിരുന്നുള്ളു. സമയപരിധി കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, കരാർ റദ്ദ് ചെയ്ത് അവശേഷിക്കുന്ന പണികൾ, റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ റീ-ടെണ്ടർ ചെയ്ത് ശ്രീ. തോമസ് ഡൊമിനിക് എന്ന കരാറുകാരന് 25-2-2015-ൽ 6 മാസത്തെ കാലാവധിയിൽ നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാൻ വന്ന തടസ്സം മുൻ കരാറുകാരൻ വരുത്തിയ കാലതാമസമാണ്. റാന്നി പോലീസ് സ്റ്റേഷന്റെ അനുബന്ധമായ കൂട്ടിച്ചേർക്കൽ ജോലി, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, സന്ദർശക മുറി, 'ബി' ടൈപ്പ് ഡോർമിറ്ററി, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, WPC റെസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവയാണ് പുതിയ കെട്ടിട സമുച്ചയത്തിലെ സൗകര്യങ്ങൾ.

കെട്ടിട നിർമ്മാണം പൂർത്തിയാക്കി, വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിലേയ്ക്ക് റാന്നി പോലീസ് സ്റ്റേഷന്റെ പ്രവർത്തനം മാറ്റാവുന്നതാണ്.

**അഴിമതി കേസ്സുകൾ**

**186 (3696)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ അഴിമതി, ക്രിമിനൽ കുറ്റകൃത്യങ്ങൾ എന്നിവയിൽ ആരോപണ വിധേയർ, കുറ്റക്കാരായി കണ്ടെത്തിയവരായിട്ടുള്ള ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ്, ഐ.ആർ.എസ്, മറ്റു സർക്കാർ ജീവനക്കാർ ആരെല്ലാമെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരിൽ ഇപ്പോൾ സർവ്വീസിൽ തിരിച്ചെടുത്തവർ എത്ര; വകുപ്പു തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) അഴിമതി ആരോപണം നേരിടുന്ന മന്ത്രിമാരിൽ കോടതി വിധികൾ പ്രകാരം ആരുടെയെല്ലാം പേരിൽ എന്തെല്ലാം അന്വേഷണങ്ങൾ നടത്തുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും കേസ്സുകളിൽ ഇവരിൽ ആരെയെങ്കിലും കുറ്റക്കാരായി കോടതികളിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പോലീസ് വകുപ്പിൽ സ്ത്രീ പ്രാതിനിധ്യം**

**187 (3697)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സേനയുടെ ആകെ എണ്ണത്തിന്റെ എത്ര ശതമാനമാണ് സ്ത്രീ പ്രാതിനിധ്യമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിന് സ്ത്രീകളായ ഉദ്യോഗാർത്ഥികൾ വിമുഖത കാണിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിന് ആവശ്യമായ

അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും സ്ത്രീകൾക്ക് ലഭ്യമാണോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) സ്ത്രീകൾക്കെതിരായ അക്രമങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ പോലീസ് വകുപ്പിൽ സ്ത്രീകളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) മേലുദ്യോഗസ്ഥരിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിടുന്നതായി പോലീസിലെ വനിതാ അംഗങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 7.5 ശതമാനം.

(ബി) പോലീസ് വകുപ്പിൽ ജോലി ചെയ്യുന്നതിന് സ്ത്രീകളായ ഉദ്യോഗാർത്ഥികൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പോലീസ് വകുപ്പിൽ സേവനമനുഷ്ഠിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും സ്ത്രീകൾക്ക് ലഭ്യമാണ്.

(ഡി) പോലീസ് വകുപ്പിൽ സ്ത്രീകളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 25-8-2014-ലെ സ.ഉ.(കൈ)നമ്പർ 169/14/ആഭ്യന്തരം പ്രകാരം 250 വനിതാ സിവിൽ പോലീസ് ആഫീസർമാരുടെയും നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ എസ്.ഐ. മാരുടെയും തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. കൂടാതെ, 485 ഒഴിവുകൾ വനിതാ സിവിൽ പോലീസ് ആഫീസർ തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും നിയമന ശിപാർശകൾ ലഭിച്ചിട്ടുള്ളതുമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജാസ്മി മൻസിലിലെ ആത്മഹത്യ സംബന്ധിച്ച അന്വേഷണം**

**188 (3698)** <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ പുതിയകാവ് ജാസ്മി മൻസിലിൽ സൈനുദ്ദീന്റെ മക്കളായ ജസ്മി, സജ്ന, പേരക്കുട്ടി ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട്

നടക്കുന്ന അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കേസ് അന്വേഷിക്കുന്നത് ഏത് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണെന്നും കേസ് നമ്പരും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിൽ പ്രതി ചേർത്തിട്ടുള്ളത് ആരെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിളിമാനൂർ പുതിയകാവ് ജാസ്മി മൻസിലിൽ സൈനുദ്ദീൻ മകൾ ജാസ്മി, പേരക്കുട്ടി ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്യതുമായി ബന്ധപ്പെട്ട പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1420/2015 കേസ്സിൽ ഉൾപ്പെട്ട 3 പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചുവരുന്നതും അന്വേഷണം പുരോഗമിച്ചുവരുന്നതുമാകുന്നു. മേൽ സംഭവത്തിൽ ആത്മഹത്യ ചെയ്ത ജാസ്മിയുടെ സഹോദരി 27 വയസ്സുള്ള സജ്ന 30-11-2015 തീയതി വെളുപ്പിന് കരിക്കകം അറപ്പുരവിളാകം ക്ഷേത്രത്തിന് സമീപം റെയിൽവേ ട്രാക്കിൽ ഏതോ ട്രെയിനിന് മുന്നിൽച്ചാടി മരണപ്പെട്ട നിലയിൽ കാണപ്പെട്ടതിലേയ്ക്ക് പേട്ട പോലീസ് സ്റ്റേഷൻ ക്രൈം 1422/2015 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ ടി സജ്ന എഴുതിയ ആത്മഹത്യാ കുറിപ്പ് കണ്ടെത്തിയിട്ടുള്ളതും ടി ആത്മഹത്യാ കുറിപ്പിന്റെ അടിസ്ഥാനത്തിൽ എതുക്കാട് വട്ടകൈത എം.എസ്. മൻസിലിൽ ജമീലാ ബീവി മകൾ മുംതാസ്, പുതുശ്ശേരിമുക്ക് വണ്ടിത്തടം മുസ്ലീം എൽ.പി.എസ്-ന് സമീപം കെ.സി. ഹൗസിൽ ജമീലാ ബീവി മകൾ മെഹർബാൻ എന്നിവരെ ഒന്നും രണ്ടും പ്രതികളായി ചേർത്ത് വകുപ്പ് 306 & 34 IPC പ്രകാരം അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത രണ്ട് കേസ്സുകളും (Cr.1420/15, 1422/15) പേട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടത്തിവരുന്നത്.

1. പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1420/2015 u/s 420, 306, 406, 506(i) & 34 IPC.

2. പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1422/2015 u/s 306 & 34 IPC.

(സി) നാസർ S/o ഷൗക്കത്ത് അലി (1), മുംതാസ് D/o ജമീലാ ബീവി (2),

മെഹർബാൻ D/o ജമീലാ ബീവി (3) എന്നിവരാണ് ക്രൈം നമ്പർ 1420/2015 കേസ്സിലെ പ്രതികൾ.

മുംതാസ് D/o ജമീലാ ബീവി (1),മെഹർബാൻ D/o ജമീലാ ബീവി (2) എന്നിവർ ക്രൈം നമ്പർ 1422/2015 കേസ്സിലെ പ്രതികളാണ്.

**റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ് ഡിവിഷൻ ആരംഭിക്കാൻ നടപടി**

**189 (3699)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുതുതായി ആരംഭിച്ച പോലീസ് സ്റ്റേഷനുകൾ ഏതൊക്കെ;

(ബി) പ്രസ്തുത കാലയളവിൽ പുതിയ പോലീസ് സർക്കിളുകളോ പോലീസ് സബ് ഡിവിഷനുകളോ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ;

(സി) റാന്നി താലൂക്കിലെ പെരുനാട് ഉൾപ്പെടെയുള്ള കിഴക്കൻ മേഖലകളിൽ നിന്നും ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എത്തേണ്ടത് ഏത് പോലീസ് സബ്ഡിവിഷനിലാണ്; ശബരിമല, പമ്പാവാലി, നാറാണംനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നും മൈക്ക് സാങ്ഷൻ ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്ക് ജനങ്ങൾ റാന്നി വഴി തിരുവല്ലയിൽ എത്തേണ്ട സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പത്തനംതിട്ട ജില്ലയിലെ വിവിധ പോലീസ് സബ് ഡിവിഷനുകൾ പുനഃക്രമീകരിച്ച് റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ് ഡിവിഷൻ ആരംഭിച്ചാൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയുകയില്ലേ; വ്യക്തമാക്കുമോ;

(ഇ) ജനങ്ങൾക്കുണ്ടാകുന്ന പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ്ഡിവിഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

1. മരട് (കൊച്ചി സിറ്റി)
2. അരുവിക്കര (തിരുവനന്തപുരം സിറ്റി)
3. അയിരൂർ (തിരുവനന്തപുരം റൂറൽ)
4. മാരായമുട്ടം (തിരുവനന്തപുരം റൂറൽ)
5. കല്ലടിക്കോട് (പാലക്കാട്)
6. പൂക്കോട്ടുംപാടം (മലപ്പുറം)
7. മീനാക്ഷിപുരം (പാലക്കാട്)
8. നരുവാമൂട് (തിരുവനന്തപുരം റൂറൽ)
9. വാഗമൺ (ഇടുക്കി)
10. എളമക്കര (കൊച്ചി സിറ്റി)
11. ഗുരുവായൂർ ടെമ്പിൾ (തൃശ്ശൂർ സിറ്റി)
12. തൃശ്ശൂർ മെഡിക്കൽ കോളേജ് (തൃശ്ശൂർ സിറ്റി)
13. മുല്ലപ്പെരിയാർ (ഇടുക്കി)
14. സൈബർ പോലീസ് സ്റ്റേഷൻ (കൊച്ചി സിറ്റി)
15. വനിതാ പോലീസ് സ്റ്റേഷൻ (കൊല്ലം സിറ്റി)
16. വനിതാ പോലീസ് സ്റ്റേഷൻ (ആലപ്പുഴ)
17. വനിതാ പോലീസ് സ്റ്റേഷൻ (കോട്ടയം)
18. വനിതാ പോലീസ് സ്റ്റേഷൻ (തൃശ്ശൂർ റൂറൽ)
19. വനിതാ പോലീസ് സ്റ്റേഷൻ (മലപ്പുറം)
20. വനിതാ പോലീസ് സ്റ്റേഷൻ (കണ്ണൂർ)
21. ട്രാഫിക് പോലീസ് സ്റ്റേഷൻ (കാസർഗോഡ്)
22. ട്രാഫിക് പോലീസ് സ്റ്റേഷൻ (മണ്ണാർക്കാട്)

23. ചിതറ (വളവുപച്ച) (കൊല്ലം റൂറൽ)
24. മലയാലപ്പുഴ (പത്തനംതിട്ട)
25. മാഞ്ഞൂർ (കോട്ടയം)
26. മുട്ടം (ഇടുക്കി)
27. തങ്കമണി (ഇടുക്കി)
28. എടത്തല (എറണാകുളം റൂറൽ)
29. ചെറുപുഴ (കണ്ണൂർ)

(ബി) ഉണ്ട്. വിവരം ചുവടെ ചേർക്കുന്നു:

സർക്കിൾ ഓഫീസുകൾ

1. പത്തനാപുരം
2. മലയിൻകീഴ്
3. പോത്തൻകോട്
4. വിദ്യാനഗർ

സബ് ഡിവിഷനുകൾ

1. ചങ്ങനാശ്ശേരി
2. നാദാപുരം

(സി) തിരുവല്ല സബ് ഡിവിഷനിൽ ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി &ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പോലീസ് സ്റ്റേഷനുകളിലെ അഴിമതി**

**190 (3700)** ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിലെ അഴിമതി ഇല്ലാതാക്കാനും അഴിമതി സാധ്യതകൾ കണ്ടെത്തി തടയുവാനും ആഭ്യന്തര വകുപ്പ് പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. പോലീസ് സ്റ്റേഷനുകളിലേയും മറ്റും അഴിമതി ഇല്ലാതാക്കാനും അഴിമതികൾ കണ്ടെത്തി തടയുന്നതിനും ആന്തരിക നിരീക്ഷണ സംവിധാനമായ Internal Vigilance Cell രൂപീകൃതമായിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിലേയും മറ്റ് പോലീസ് ഓഫീസുകളിലേയും അഴിമതി നിർമ്മാർജ്ജനത്തിലൂടെ പൊതുജനങ്ങൾക്ക് നീതി ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. ഇപ്രകാരം പൊതുജനങ്ങൾക്ക് അഴിമതിയുമായി ബന്ധപ്പെട്ട പരാതികൾ നൽകുന്നതിനായി, ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസ് ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ ഇന്റേണൽ വിജിലൻസ് അംഗങ്ങൾ മുമ്പാകെയും പരാതി നൽകാവുന്നതാണ്.

## സ്വാമി ശാശ്വതീകാനന്ദയുടെ മരണം സംബന്ധിച്ച പോലീസ് അന്വേഷണം

**191 (3702)** <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാമി ശാശ്വതീകാനന്ദയുടെ മരണം സംബന്ധിച്ച് പോലീസിലെ ഏതു വിഭാഗമാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്നും ഇതിനായി പ്രത്യേക ടീമിനെ നിയോഗിച്ചിരുന്നോ എന്നും ആരുടെ നേതൃത്വത്തിൽ എത്ര അംഗ ടീമാണ് ഇതു സംബന്ധിച്ച അന്വേഷണം നടത്തിയിരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ശാശ്വതീകാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളിലൂടെ എന്തെല്ലാം വസ്തുതകൾ കണ്ടെത്തിയിരുന്നുവെന്നും, ഈ കേസിന്റെ നടപടികൾ അവസാനിപ്പിച്ചിരുന്നോ എന്നും വ്യക്തമാക്കാമോ;

(സി) ശാശ്വതീകാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

ഏതു കോടതിയിലാണ് സമർപ്പിച്ചതെന്നും കോടതി ഇതു സംബന്ധിച്ച് അന്വേഷണം അവസാനിപ്പിച്ചതായി ഉത്തരവായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) ശാശ്വതീകാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്വാമി ശാശ്വതീകാനന്ദയുടെ മരണം സംബന്ധിച്ച് 1-7-2022 മുതൽ 19-11-2003 വരെ ആലുവ സർക്കിൾ ഇൻസ്പെക്ടറും 10-1-2004 മുതൽ 28-5-2004 വരെ എറണാകുളം റൂറൽ പോലീസ് സൂപ്രണ്ടും അന്വേഷണം നടത്തുകയും 28-3-2007-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 866/2007/ആഭ്യന്തരം പ്രകാരം ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും എറണാകുളം HHW-II പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നാലംഗ ടീം 27-4-2007 മുതൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സ്വാമി ശാശ്വതീകാനന്ദ ആലുവ പുഴയിൽ കുളിക്കുന്നതിനിടെ യാദൃശ്ചികമായി മുങ്ങി മരിച്ചതായാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. കേസന്വേഷണം 31-12-2013 തീയതിയിൽ ക്രൈംബ്രാഞ്ച് അവസാനിപ്പിച്ചിരുന്നു.

(സി) ശാശ്വതീകാനന്ദ സ്വാമിയുടെ മരണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ഫോർട്ട് കൊച്ചി സബ് ഡിവിഷൻ മജിസ്ട്രേട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അന്വേഷണം അവസാനിപ്പിച്ചതായി ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല.

(ഡി) ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം പൂർത്തിയാക്കി, ബഹുമാനപ്പെട്ട കോടതിക്ക് സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**പോലീസ് ഉദ്യോഗസ്ഥർക്ക് ഇൻഷ്വറൻസ് പദ്ധതി**

**192 (3703)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ആയത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ&ബി) കേരള സംസ്ഥാനത്തിലെ പോലീസ് സേനാംഗങ്ങൾക്ക് ആവശ്യമായിവരുന്ന പുറംരോഗ ചികിത്സയും ആശുപത്രിയിൽ കിടത്തി ചികിത്സയും തുടങ്ങി സർജറിയും മറ്റും വേണ്ടിവരുന്ന അസുഖ പരിപാലനത്തിന് ആധുനികവും ഗുണനിലവാരമുള്ളതുമായ ചികിത്സാ മാർഗ്ഗങ്ങൾ സുഗമമാക്കുന്നതിനും ഇൻഷ്വറൻസ് കമ്പനി വഴി സംസ്ഥാനത്തെ വിവിധ ആശുപത്രികളുമായി സഹകരിച്ച് വളരെ വേഗത്തിൽ മതിയായ വിദഗ്ദ്ധ ചികിത്സ നൽകുന്നതിനോടൊപ്പം അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിനും/ഗുരുതരമായ പരിക്ക് പറ്റുന്നവർക്കും മതിയായ ധനസഹായം ഉൾപ്പെടെ ലഭ്യമാകുന്ന തരത്തിലുള്ള ഇൻഷ്വറൻസ് പോളിസിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പോളിസിക്ക് ആവശ്യമായ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്.

(സി) പ്രസ്തുത പദ്ധതിക്ക് 1-2-2014 തീയതിലെ സർക്കാർ ഉത്തരവ് നം.20/2014/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം 20 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

**സംസ്ഥാന പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ**

**സാങ്കേതിക യോഗ്യതയുള്ള ഓഫീസർമാർ**

**193 (3704)** <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ സാങ്കേതിക യോഗ്യതയുള്ള ഓഫീസർമാർ ഇല്ലാത്ത ജില്ലകളിൽ അത്തരം തസ്തിക സൃഷ്ടിക്കുവാൻ സംസ്ഥാന പോലീസ് മേധാവി നൽകിയ അപേക്ഷയിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ ആവശ്യമുള്ള ഉദ്യോഗസ്ഥരുടെ അഭാവംമൂലവും തസ്തികകളുടെ കുറവുമൂലവും വർഷം തോറും ഗവൺമെന്റിന് കോടിക്കണക്കിനു രൂപയുടെ നഷ്ടം സംഭവിക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പോലീസ് വാഹനങ്ങൾ കണ്ടം ചെയ്ത് യഥാസമയം ലേലം നടത്താത്തതുമൂലം കോടികൾ നഷ്ടമാകുന്നത് ഒഴിവാക്കുവാൻ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പോലീസ് വകുപ്പിൽ പോലീസ് ഡ്രൈവർമാരുടെ അംഗബലം കൂട്ടുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള മറ്റ് ശിപാർശകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള പോലീസിൽ വാഹനങ്ങളുടെ പരിപാലനത്തിനായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ കൂടാതെ 140 ഓളം ടെക്നിക്കൽ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥരെയുമാണ് അനുവദിച്ചിട്ടുള്ളത്:

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സൂപ്രണ്ട് ഓഫ് പോലീസ് | 2 |
| 2 | ഡിവൈ.എസ്.പി. | 5 |
| 3 | മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ | 7 |
| 4 | മോട്ടോർ ട്രാൻസ്പോർട്ട് എസ്.ഐ | 7 |
| 5 | ഡ്രൈവർ എസ്.ഐ. | 30 |

ഇവരുടെ മേൽനോട്ടത്തിലാണ് പോലീസ് ഡിപ്പാർട്ടുമെന്റിലെ വാഹനങ്ങൾ പരിപാലിച്ചുപോകുന്നത്. കൂടാതെ, പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി

എം.എസ്.പി റേഞ്ച് വർക്ക്ഷോപ്പ്, തിരുവനന്തപുരം എസ്.എ.പി കാമ്പസിലുള്ള സെൻട്രൽ പോലീസ് വർക്ക് ഷോപ്പുകളും പ്രവർത്തിക്കുന്നു.

(സി) സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതും കാലപ്പഴക്കം ചെന്നതും ഉപയോഗ യോഗ്യമല്ലാത്തതുമായ വാഹനങ്ങൾ സർക്കാർ ചട്ടങ്ങൾക്കനുസൃതമായി കാലതാമസം കൂടാതെ condemnation നടത്തി ലേലനടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവി യൂണിറ്റ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കഞ്ചാവ് കൈവശം വച്ചതായുള്ള വ്യാജ പരാതി**

**194 (3705)** <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ കഞ്ചാവ് കൈവശം വച്ചെന്ന വ്യാജേന കേസിൽപ്പെടുത്താൻ ഗൂഢാലോചന നടത്തിയ സംഭവത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 31704/ എസ്.എസ്.എ 1/2012/ഹോം നമ്പർ ഫയലിൽ സംസ്ഥാന പോലീസ് മേധാവിക്ക് കത്തും 11-9-2013, 29-10-2013, 24-2-2015, 9-6-2015 തീയതികളിൽ ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും റിപ്പോർട്ട് ഇതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) റിപ്പോർട്ട് 14-12-2015-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സമാന്തര പോലീസ് സംവിധാനം**

**195 (3706)** <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽനിന്നും റിട്ടയർ ചെയ്ത എസ്.പി. റാങ്കിലുള്ള

ഉദ്യോഗസ്ഥൻ സമാന്തര പോലീസ് സംവിധാനം നടത്തിവരുന്നതായുള്ള വാർത്ത ശരിയാണോ; വിശദമാക്കുമോ; ഇക്കാര്യത്തിൽ പോലീസ് വകുപ്പ് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ സർക്കാർ സമർപ്പിച്ച റിപ്പോർട്ടിലെ വിശദീകരണം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വാർത്ത ശരിയാണെങ്കിൽ പ്രസ്തുത റിട്ട.എസ്.പി.ക്കെതിരെ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽ നിന്നോ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസ്സുകളിൽ നിന്നോ വെളിവായിട്ടില്ലാത്തതാണ്. സമാന്തര പോലീസ് സ്റ്റേഷൻ നടത്തി വരുന്നതായി പോലീസിനു പരാതികളോ റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമാണ്.

## സിവിൽ പോലീസ് ആഫീസർമാരുടെയും സബ് ഇൻസ്പെക്ടർമാരുടെയും നിയമനം

**196 (3707)** ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ആഫീസർമാരുടെയും സബ് ഇൻസ്പെക്ടർമാരുടെയും നിയമനം പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് വഴിയാക്കണമെന്ന ശിപാർശയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശിപാർശ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) പോലീസ് വകുപ്പിലെ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും സംബന്ധിച്ചുള്ള പരാതികൾ പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതുസംബന്ധിച്ച് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരിക്കുകയാണ്.

(ബി) ഇല്ല.

**കൊലപാതക കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ**

**197 (3708)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ, അന്വേഷണം പൂർത്തിയായവ, കുറ്റപത്രം സമർപ്പിച്ചവ, വിചാരണ പൂർത്തിയാകാത്തവ, അന്വേഷണം പൂർത്തിയാകാത്തവ, മുഴുവൻ പ്രതികളെയും പിടികൂടാൻ സാധിക്കാത്തവ, ഈ കേസ്സുകളിലെല്ലാമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളുടെ എണ്ണമെത്ര എന്നീ വിവരങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ അന്വേഷണം പൂർത്തിയായവ, കുറ്റപത്രം സമർപ്പിച്ചവ, വിചാരണ പൂർത്തിയാകാത്തവ, അന്വേഷണം പൂർത്തിയാകാത്തവ, മുഴുവൻ പ്രതികളെയും പിടികൂടാൻ സാധിക്കാത്തവ, ഈ കേസ്സുകളിലെല്ലാമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളുടെ എണ്ണമെത്ര എന്നീ വിവരങ്ങൾ ഇനംതിരിച്ച് ചുവടെ കൊടുത്തിരിക്കുന്നു:

| അന്വേഷണം പൂർത്തിയായ കേസ്സുകളുടെ എണ്ണം | കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം | വിചാരണ പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം | അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം | മുഴുവൻ പ്രതികളേയും പിടികൂടാൻ സാധിക്കാത്ത കേസ്സുകളുടെ എണ്ണം | എല്ലാ കേസ്സുകളിലും കൂടി ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം |
|---|---|---|---|---|---|
| 1295 | 1288 | 929 | 271 | 53 | 88 |

**ആലപ്പുഴ ജില്ലയിലെ മോഷണം**

**198 (3709)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷം ആലപ്പുഴ ജില്ലയിൽ എത്ര മോഷണ കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; അതിൽ അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര കേസുകൾ

രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ വീടുകളിൽ നിന്ന് മോഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരത്തിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 2014-ൽ 416 വിവിധതരം മോഷണ കേസ്സുകളും 2015-ൽ (30-11-2015 വരെ) 339 വിവിധതരം മോഷണ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അമ്പലപ്പുഴ മണ്ഡലത്തിൽ 2014-ൽ 74 വിവിധതരം മോഷണ കേസ്സുകളും 2015-ൽ (30-11-2015 വരെ) 59 വിവിധതരം മോഷണ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ വീടുകളിൽ നിന്ന് മോഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും മോഷണങ്ങൾ തടയുന്നതിനും മറ്റുമായി രാത്രികാല ജീപ്പ്, ബൈക്ക് പട്രോളിംഗ് എന്നിവ ശക്തമാക്കിയിട്ടുണ്ട്. പട്രോളിംഗ് സമയത്ത് റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണം ഉറപ്പുവരുത്തുന്നുണ്ട്. മോഷണങ്ങളും മറ്റും തടയുക എന്ന ഉദ്ദേശ്യത്തോടെ വ്യാപാര സ്ഥാപനങ്ങളിലും മറ്റും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിച്ചുവരുന്നു. മോഷണങ്ങൾ തടയുവാൻ ജനങ്ങൾ അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും മറ്റും സംഘടിപ്പിച്ചുവരുന്നു.

**കോട്ടയം ജില്ലയിലെ പോലീസ് സ്റ്റാഫ് പാറ്റേൺ**

**199 (3710)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ക്രമസമാധാനപരിപാലനത്തിന് എത്ര സീനിയർ സിവിൽ പോലീസ് ഓഫീസർ, സിവിൽ പോലീസ് ഓഫീസർ തസ്തികകളാണ് ഉള്ളതെന്ന് ഓരോ സ്റ്റേഷനുകളും ഓഫീസുകളും തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) സിവിൽ പോലീസ് ഓഫീസർ, സീനിയർ സിവിൽ പോലീസ് ഓഫീസർ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും പ്രസ്തുത ഒഴിവുകൾ എന്നുമുതൽ നിലവിൽ വന്നതാണെന്നും വെളിപ്പെടുത്തുമോ;

(സി) സിവിൽ പോലീസ് ഓഫീസർ, സീനിയർ സിവിൽ പോലീസ് ഓഫീസർ സ്റ്റാഫ് പാറ്റേൺ എന്ന് നിലവിൽ വന്നതാണെന്നും, ആയത് നിലവിൽ

വന്ന കാലത്തെയും, ഇപ്പോഴത്തെയും കുറ്റകൃത്യങ്ങളിലെ എണ്ണത്തിലുണ്ടായ വർദ്ധനവിനനുസരിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) എ.ആർ നിർത്തൽ ചെയ്ത് ഉദ്യോഗസ്ഥരെ ക്രമസമാധാനം, അന്വേഷണം എന്നിങ്ങനെ വിഭജിച്ച് സ്റ്റേഷനിൽ നിയമിക്കണമെന്ന ഹൈക്കോടതി ഉത്തരവ് കോട്ടയം ജില്ലയിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം എന്തെന്നും ആയത് കോടതി അലക്ഷ്യമാവുമെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഒഴിവുകൾ യഥാസമയം നികത്താത്തതിനാൽ ഉദ്യോഗസ്ഥരുടെ ശരാശരി പ്രായം വളരെ ഉയർന്നു വരുന്നതായും ആയത് സേനയുടെ കർമ്മശേഷിയെ ബാധിക്കുമെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പോലീസ് സ്റ്റേഷനുകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ നികത്താത്തതുമൂലം ബറ്റാലിയനുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ലോക്കൽ സ്റ്റേഷനുകളിലേക്ക് യഥാസമയം ലഭിക്കേണ്ടതായ സ്ഥലംമാറ്റം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി* ചേർക്കുന്നു.

(ബി) നിലവിൽ എസ്.സി.പി.ഒ മാരുടെയും സി.പി.ഒ മാരുടെയും ഒഴിവുകൾ ഇല്ല.

(സി) സിവിൽ പോലീസ് ഓഫീസർ, സീനിയർ സിവിൽ പോലീസ് ഓഫീസർ എന്നൊരു സ്റ്റാഫ് പാറ്റേൺ (Ratio) നിലവിലില്ല. എന്നാൽ പുതിയ സ്റ്റേഷൻ രൂപീകരിക്കുമ്പോൾ അതിന്റെ അധികാര പരിധി അനുസരിച്ചും അവിടത്തെ ക്രൈം കേസ്സുകളുടെ അനുപാതമനുസരിച്ചും മറ്റ് ഭൗതിക സാഹചര്യങ്ങൾ കണക്കിലെടുത്തുമാണ് തസ്തിക ഉണ്ടാക്കുന്നത്.

(ഡി) ഇക്കാര്യത്തിൽ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) നിലവിൽ എസ്.സി.പി.ഒ. മാരുടെയും സി.പി.ഒ. മാരുടെയും ഒഴിവുകൾ ഇല്ലാത്തതിനാൽ ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിനോദ് കുമാറിന്റെ കൊലപാതക ശ്രമം**

**200 (3711)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 നവംബർ 7 ന് കാഞ്ഞങ്ങാട് നിട്ടടുക്കത്ത് വിനോദ് കുമാറിനെ വെട്ടികൊലപ്പെടുത്താൻ ശ്രമിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരൊക്കെയാണ് പ്രതികൾ ; ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത കേസ്സിൽ പ്രതികളായവരുടെ പേരിൽ മറ്റേതെങ്കിലും കേസുകൾ നിലവിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ടി കേസ്സിലെ ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. സുനിൽ സുരേന്ദ്രൻ, S/o ഗീത
2. ഭരത് രാജ്, S/o ബാബു റാവു
3. അക്ഷയ്

(സി) ഉണ്ട്. ടി കേസ്സിലെ പ്രതി സുനിൽ സുരേന്ദ്രൻ, ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിലെ മറ്റൊരു കേസ്സിലും പ്രതിയാണ്.

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം**

**201 (3712)** ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ?

ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബ്യൂറോ ആസ്ഥാനത്തും വിവിധ യൂണിറ്റുകളിലും സ്വീകരിക്കുന്ന പരാതികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിലേയ്ക്കായി പബ്ലിക് വിജിൻ എന്നൊരു വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കിവരുന്നു. ഓരോ ജില്ലയിലെയും അഴിമതി നിരോധന വകുപ്പ് മേധാവികളുടെ മേൽവിലാസവും ടെലിഫോൺ നമ്പറുകളും എല്ലാ സർക്കാർ ഓഫീസുകളിലും പ്രദർശിപ്പിക്കുകയും പൊതുജനങ്ങളിൽനിന്ന് പരാതികൾ സ്വീകരിക്കുന്നതിനായി ടോൾ ഫ്രീ നമ്പർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിലൂടെ സോഷ്യൽ മീഡിയ വഴിയോ ടെലിഫോൺ മുഖാന്തിരമോ ഉയർന്ന ഉദ്യോഗസ്ഥർക്ക് നേരിട്ട് ലഭിക്കുന്ന പരാതികൾ പൂർണ്ണമായും ഡിജിറ്റൽ ഫോർമാറ്റിലേയ്ക്ക് മാറ്റുകയും പരാതി പരിഹാരം വേഗത്തിൽ നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യും. കൂടാതെ അന്വേഷണ പുരോഗതിയും ബന്ധപ്പെട്ട കാര്യങ്ങളും മുതിർന്ന ഉദ്യോഗസ്ഥർക്ക് വളരെ വേഗം ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കും. പരാതിക്കാരന് തന്റെ പരാതിയിൽ സ്വീകരിച്ച നടപടിയും മറ്റും വെബ്സൈറ്റിലൂടെ അറിയുവാൻ സാധിക്കുകയും പരാതി നമ്പറും മറ്റു വിവരങ്ങളും ടിയാന്റെ മൊബൈൽ നമ്പറിലേയ്ക്ക് എസ്.എം.എസ് ആയി അയച്ചു കൊടുക്കുവാനുള്ള നടപടികളും ഇതിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നുണ്ട്.

(സി) 1. ഇതിലേയ്ക്കായി മുഴുവൻ ഉദ്യോഗസ്ഥർക്കും ഔദ്യോഗിക ഇ-മെയിൽ നൽകുവാനുള്ള നടപടി പൂർത്തിയായിവരുന്നു.

2. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജന ബോധവൽക്കരണ ശ്രമങ്ങൾക്കായി എസ്.എം.എസ് സംവിധാനം

ഉപയോഗിക്കുവാനുള്ള നടപടികളും എടുത്തുവരുന്നു.

**അബ്ദുൾ അസീസ് എന്ന വ്യാപാരിയെ കാണാതായതായുള്ള പരാതി**

**202 (3713)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കുറവങ്ങാട് പ്രദേശത്തെ അബ്ദുൾ അസീസ് എന്ന വ്യാപാരിയെ കാണാതായത് സംബന്ധിച്ച പോലീസ് അന്വേഷണം തൃപ്തികരമല്ല എന്ന നിലയിൽ ആക്ഷൻ കമ്മിറ്റിയിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൽ പറഞ്ഞിട്ടുള്ള സംശയാസ്പദമായ സാഹചര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) കേസിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രസ്തുത വ്യക്തിയുടെ തിരോധാനത്തിന്റെ ദുരൂഹത വെളിച്ചത്തുകൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ശ്രീ. അബ്ദുൾ അസീസ് എന്ന വ്യക്തിയെ കാണാതായത് സംബന്ധിച്ച് പാണംകണ്ടിതാഴ അബ്ദുൾ അസീസ് തിരോധാന ആക്ഷൻ കമ്മിറ്റി, സമർപ്പിച്ച പരാതി 24.11.2015 തീയതിയിൽ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന് (ക്രൈംസ്) അന്വേഷണത്തിനും റിപ്പോർട്ടിനുമായി നൽകുകയും അതിന്മേൽ കോഴിക്കോട് CBCID HHW III യൂണിറ്റ് അന്വേഷണം നടത്തിവരികയുമാണ്.

(ബി) സംശയാസ്പദമായ സാഹചര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കേസ്സിന്മേൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

**എഴുകോൺ പോലീസ് സ്റ്റേഷൻ**

**203 (3714)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ ജില്ലയിൽപ്പെടുന്ന എഴുകോൺ പോലീസ് സ്റ്റേഷൻ എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു ;

(ബി) പ്രസ്തുത സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി അനുവദിച്ച

ഉത്തരവായതെന്നാണ് ;

(സി) പ്രസ്തുത സ്റ്റേഷന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊട്ടാരക്കര എം.എൽ.എ. നൽകിയ കത്ത് ബഹു. ആഭ്യന്തര മന്ത്രിയുടെ ശിപാർശ സഹിതം പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ അധികാരികൾക്ക് ലഭിച്ചത് എന്നാണ് ;

(ഡി) പ്രസ്തുത കെട്ടിടനിർമ്മാണത്തിനായി സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) എഴുകോൺ പോലീസ് സ്റ്റേഷൻ 1-8-1988 മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) സർക്കാർ ഉത്തരവ് (സാധാ)238/2014/റവന്യൂ തീയതി 4-6-2014 പ്രകാരമാണ് ടി പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി അനുവദിച്ചത്.

(സി) ബഹുമാനപ്പെട്ട കൊട്ടാരക്കര എം.എൽ.എ യുടെ കത്ത് 27-6-2014-ൽ കെ.പി.എച്ച്.സി.സി.-ക്ക് ലഭിച്ചു.

(ഡി) MoPF 2014-15 (സെൻട്രൽ ഷെയർ)-ൽ ഉൾപ്പെടുത്തി 49 ലക്ഷം രൂപ ചെലവിൽ കൊല്ലം റൂറൽ ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായുള്ള തുക കെ.പി.എസ്.സി.സി.-ക്ക് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ഭീകരവാദി സംഘടനകളുടെ സാന്നിദ്ധ്യം**

**204 (3715)** <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഭീകരവാദി സംഘടനകളുടെ സാന്നിദ്ധ്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഏതൊക്കെ സംഘടനകൾ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘടനകളുടെ രാജ്യവിരുദ്ധ പ്രവർത്തനം തടയുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത സംഘടനകൾക്ക് അനധികൃതമായി പണവും, മയക്കുമരുന്നും, ആയുധങ്ങളും ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു

തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘടനകളിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ട് എത്ര കാലമായി എന്നും ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര പേരെ പിടികൂടി എന്നും ഇവരുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(ഡി) നാളിതുവരെ രാജ്യ സുരക്ഷയ്ക്ക് ഭീഷണിയായ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം കണ്ടെത്തി തടയുവാനായി എത്ര തുക ചെലവാക്കി; ഇവരിൽ ആരുടെയെല്ലാം പേരിൽ ഏതെല്ലാം സ്റ്റേഷനുകളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ പിടികൂടി; വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കാലയളവിനുള്ളിൽ ഇത്തരം ഭീകരസംഘടനകളുടെ ആക്രമണത്താൽ മരണപ്പെട്ടവർ എത്രയെന്നും; എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സംഘടനകളുടെ ഭാഗത്ത് നിന്നും സംസ്ഥാനത്തെ ഏതെല്ലാം രാഷ്ട്രീയ കക്ഷികളുടെ ഏതെല്ലാം നേതാക്കൾക്ക് നിലവിൽ ഭീഷണിയുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭീകരവാദ സംഘടനയായ സി.പി.ഐ. (മാവോയിസ്റ്റ്) യുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് വ്യക്തമായ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻതലം മുതൽ ജില്ലാ പോലീസ് മേധാവിതലം വരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

മാവോയിസ്റ്റുകൾക്ക് പണവും മയക്കമരുന്നും ആയുധങ്ങളും ലഭിക്കുന്നതായി ഇതുവരെയും വിവരങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും ഇക്കാര്യത്തെപ്പറ്റി സൂക്ഷ്മ നിരീക്ഷണം നടത്തിവരുന്നുണ്ട്.

(സി) 2013 ഫെബ്രുവരി മാസം മുതലാണ് സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചത്.

ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തനവും മാവോയിസ്റ്റ് അനുകൂല പ്രവർത്തനങ്ങളും നടത്തിയതുമായി ബന്ധപ്പെട്ട് 28 പേരെ പിടികൂടിയിട്ടുണ്ട്. ഇവരിൽ നാലുപേരെ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് പിടികൂടിയത്. കൂടാതെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ സ്വന്തം നാട്ടിൽ നടത്തിയിട്ട് കേരളത്തിൽ ഒളിച്ചു പാർത്തിരുന്ന രണ്ട് അന്യ സംസ്ഥാനക്കാരെയും പിടികൂടിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിലെ ജില്ലകളായ മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മുഖ്യമായും സംസ്ഥാനത്തെ മറ്റ് ചില പ്രദേശങ്ങളിലും അവരുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മാവോയിസ്റ്റുകളുടെ പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യം ഉടലെടുക്കാതിരിക്കുന്നതിനും ഇവർ ഉന്നം വയ്ക്കുന്ന ജനവിഭാഗങ്ങളായ ആദിവാസികൾ, ഗോത്രവർഗ്ഗക്കാർ മുതലായവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി തുകകൾ ചെലവാക്കിയിട്ടുണ്ട്. മാവോയിസ്റ്റുകളെ പിടികൂടുന്നതിനു മാത്രമായി പ്രത്യേകം തുക ചെലവായിട്ടില്ല. ഇത് കൂടാതെ ആധുനിക സന്നാഹങ്ങൾ കൈവശമുള്ളവരെ നേരിടാൻ പ്രത്യേക സേനാ വിഭാഗം രൂപീകരിക്കുന്നതിനും നിലവിലുള്ള സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തനവും മാവോയിസ്റ്റ് അനുകൂല പ്രവർത്തനങ്ങളും നടത്തിയതുമായി ബന്ധപ്പെട്ട് 28 പേരെ പിടികൂടിയിട്ടുണ്ട്. ഇവരിൽ നാലു പേരെ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് പിടികൂടിയത്. കൂടാതെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ സ്വന്തം നാട്ടിൽ നടത്തിയിട്ട് കേരളത്തിൽ ഒളിച്ചു പാർത്തിരുന്ന രണ്ട് അന്യസംസ്ഥാനക്കാരെയും പിടികൂടിയിട്ടുണ്ട്. ഇവരുടെ പേരിൽ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 105 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഇ) മാവോയിസ്റ്റുകളുടെ ആക്രമണത്തിൽ ആർക്കും ജീവഹാനിയോ അംഗവൈകല്യമോ സംഭവിച്ചിട്ടില്ല.

(എഫ്) സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടെ നേതാക്കൾക്ക് മാവോയിസ്റ്റുകളിൽ നിന്നും നിലവിൽ ഭീഷണികൾ ഒന്നുമില്ല.

**ഭക്തിയും വിശ്വാസവും രാഷ്ട്രീയനേട്ടത്തിനായി**

**205 (3716)** ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ഭക്തിയും വിശ്വാസവും രാഷ്ട്രീയനേട്ടത്തിനായി ദുരുപയോഗപ്പെടുത്തുന്നതായ സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി ചില വർഗ്ഗീയ സംഘടനകൾ സംസ്ഥാനത്ത് നടത്തി വരുന്ന ശ്രമങ്ങളും ആസൂത്രണങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ;

(സി) വർഗീയവാദത്തിനും മതജാതി യാഥാസ്ഥിതികത്വത്തിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി പുരോഗതി പ്രാപിച്ച കേരളത്തിൽ മതനിരപേക്ഷതയുടേയും പുരോഗതിയുടേയും മൂല്യങ്ങൾ വെല്ലുവിളിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജാതീയതയും മതവർഗ്ഗീയതയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുനരുജ്ജീവിപ്പിക്കപ്പെടാതിരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മതവർഗ്ഗീയ സ്പർദ്ധകൾ ഉണ്ടാകാതിരിക്കാനും എല്ലാ വിഭാഗങ്ങളും തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്തുന്നതിനും അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഇല്ലായ്മ ചെയ്യുന്നതിനും കെട്ടുറപ്പുള്ള ഒരു മതേതര സമൂഹത്തെ നിലനിർത്തുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

## ആഭ്യന്തര വകുപ്പിന്റെ പദ്ധതികൾ

**206 (3717)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആരംഭിച്ച ക്ലീൻ കാമ്പസ്, സേഫ് കാമ്പസ്, ബിഗ് ഡാഡി, ഓപ്പറേഷൻ കുബേര തുടങ്ങി വിവിധയിനം അന്വേഷണങ്ങൾക്കായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം എന്നും, ഓരോ അന്വേഷണപ്രക്രിയകളിലും എത്ര കേസ്സുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തു, എത്രകേസ്സുകളിൽ പ്രതികളെ പിടികൂടി ,എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ട് എന്നിവയുടെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കായി നിയോഗിച്ച ഉദ്യോഗസ്ഥർ ആരെല്ലാം എന്നും കാര്യക്ഷമതയില്ലാത്തവരായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും, അവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ വഴി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞുവോ; കഴിഞ്ഞ നാലര വർഷത്തെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തു നടന്ന ചുംബന സമരം കൃത്യമായി ആഭ്യന്തര വകുപ്പ് പരിശോധിച്ചിരുന്നു എങ്കിൽ ഓൺലൈൻ പെൺവാണിഭക്കാരെ അന്നുതന്നെ കണ്ടെത്താമായിരുന്നു എന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ സംസ്ഥാനത്തു പെരുകുന്നത് തടയുന്നതിനായി ആഭ്യന്തര വകുപ്പിന്റെ കൃത്യസമയത്തുള്ള ഇടപെടൽ ഉറപ്പുവരുത്താൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയിൽ നാളിതുവരെ 13232 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 13216 കേസ്സുകളിൽ പ്രതികളെ പിടികൂടി, 16 കേസ്സുകളിൽ പ്രതികളെ പിടികൂടാൻ ബാക്കിയുണ്ട്. ബിഗ് ഡാഡി പദ്ധതിയിൽ ഇതുവരെ നാല് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 37 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നാല് കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നതിനാൽ അറസ്റ്റ് ചെയ്യാനുള്ളവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ഓപ്പറേഷൻ കുബേര

പദ്ധതിയിൽ നാളിതുവരെ 3561 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 2616 കേസ്സുകളിൽ പ്രതികളെ പിടികൂടി, 545 കേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ട്. വിശദാംശം അനുബന്ധം I ആയി* ചേർത്തിരിക്കുന്നു.

(ബി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ ബിഗ് ഡാഡി എന്നീ പദ്ധതികൾക്കായി നിയോഗിച്ച ഉദ്യോഗസ്ഥരുടെ വിശദാംശം അനുബന്ധം 2 ആയി* ചേർത്തിരിക്കുന്നു. കാര്യക്ഷമതയില്ലാത്തവരായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരുമില്ല.

(സി) പ്രസ്തുത പദ്ധതികൾ വഴി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. യഥാസമയം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പ്രതികളെ പിടികൂടുകയും ചെയ്യുന്നതിനാൽ കുറ്റകൃത്യങ്ങൾ കുറഞ്ഞുവരുന്നു.

(ഡി) സംസ്ഥാനത്ത് നടന്ന ചുംബനസമരം നിമിത്തമുണ്ടായ ക്രമസമാധാന പ്രശ്നങ്ങൾ സമയോചിതമായി പരിഹരിക്കാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത സമരം നടന്ന സമയത്ത് ചുംബനസമരത്തിന് നേതൃത്വം നൽകിയവരിൽ ചിലർ ഓൺലൈൻ പെൺവാണിഭത്തിൽ ഏർപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. കൂടാതെ ചുംബന സമരനേതാക്കളെ പെൺവാണിഭ കേസ്സിൽ അറസ്റ്റ് ചെയ്തുവെങ്കിലും ചുംബന സമരക്കാരെ അറസ്റ്റ് ചെയ്യുവാൻ വേണ്ടിയല്ല ഓപ്പറേൻ ബിഗ് ഡാഡി ആരംഭിച്ചത്.

(ഇ) ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതിനൊപ്പം ഇത്തരം കുറ്റകൃത്യങ്ങൾ നടക്കുന്നുണ്ടോയെന്ന് സൈബർ സെല്ലുകളും സൈബർ പോലീസ് സ്റ്റേഷനും ഹൈടെക് സെല്ലും കർശന നിരീക്ഷണം തടത്തിവരികയും ചെയ്യുന്നു.

## ട്രാഫിക് ലംഘനത്തിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. വാഹനങ്ങളിൽ നിന്ന് ഈടാക്കിയ തുക

**207 (3718)** ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് ലംഘനത്തിന്റെ പേരിൽ കെ.എസ്.ആർ.ടി.സി വാഹനങ്ങളിൽ നിന്ന് എത്ര തുക ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ ഈടാക്കിയിട്ടുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ മദ്യപിച്ച് വാഹനമോടിച്ച എത്ര കേസ്സുകൾ പിടികൂടി; ഇവരിൽ നിന്ന് മാത്രമായി എത്ര തുക ഈടാക്കി;

(സി) മദ്യപിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തി കർശന നടപടിക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 2,94,150 രൂപ ഈടാക്കിയിട്ടുണ്ട്.

(ബി) മദ്യപിച്ച് വാഹനമോടിച്ച 34 കേസ്സുകൾ പിടികൂടുകയും ഇവരിൽ നിന്ന് മാത്രമായി 11,750 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) മദ്യപിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തി അവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബസ് സ്റ്റാൻഡുകൾ കേന്ദ്രീകരിച്ച് ബ്രീത്ത് അനലൈസറുകൾ ഉപയോഗിച്ച് പരിശോധന നടത്തുകയും കുറ്റക്കാരെ കണ്ടെത്തിയാൽ അവരുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുന്നതിനായി മോട്ടോർ വാഹന വകുപ്പിന് ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി ബസ് ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും നൽകിവരുന്നുണ്ട്.

**പോലീസിൽ ജോലി നൽകാമെന്ന വ്യാജേന കായംകുളത്ത് നടത്തിയ തട്ടിപ്പ്**

**208 (3719)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് പോലീസിൽ ജോലി വാഗ്ദാനം നൽകിയ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) ഇതിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പോലീസിൽ ഡ്രൈവർ, വനിതാ പോലീസ്, സിവിൽ പോലീസ് ഓഫീസർ, സബ് ഇൻസ്പെക്ടർ, വനിതാ സബ് ഇൻസ്പെക്ടർ തുടങ്ങിയ വിവിധ തസ്തികകളിൽ ജോലി നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചും വ്യാജരേഖകൾ ചമച്ചും നിരവധി ആൾക്കാരിൽ നിന്നും ഒറിജിനൽ അടക്കമുള്ള സർട്ടിഫിക്കറ്റുകളും

ഐഡന്റിറ്റി കാർഡുകളും മറ്റും കൈക്കലാക്കി 50,000 രൂപ മുതൽ മൂന്ന് ലക്ഷം രൂപ വരെയുള്ള തുകകൾ വിവിധ ആൾക്കാരിൽ നിന്ന് കൈപ്പറ്റി വിശ്വാസ വഞ്ചന നടത്തിയതിലേയ്ക്ക് ആലപ്പുഴ ജില്ലയിലുള്ള കായംകുളം, കനകക്കുന്ന്, കരീലകുളങ്ങര, ഹരിപ്പാട്, അമ്പലപ്പുഴ, തൃക്കുന്നപ്പുഴ എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത 32 കേസ്സുകളും ക്രൈം നമ്പർ 144 മുതൽ 175/CR/APC/15 നമ്പരായി റീ രജിസ്റ്റർ ചെയ്ത് പോലീസ് സൂപ്രണ്ട് ആന്റിപൈറസി സെല്ലിന് 19-11-2015-ൽ കൈമാറിയിട്ടുണ്ട്. ക്രൈംബ്രാഞ്ചിന്റെ വിവിധ യൂണിറ്റുകളിൽ നിന്നും 15-ഓളം പോലീസുദ്യോഗസ്ഥരും 2 കമ്പ്യൂട്ടർ വിദഗ്ദ്ധരും ഉൾപ്പെടെ കായംകുളം പോലീസ് സ്റ്റേഷനിലെ ജനമൈത്രി ഹാളിൽ ക്യാമ്പ് ചെയ്ത് ഈ കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. കേസ്സിൽ പ്രതി ചേർക്കപ്പെട്ട ശരണ്യ, ശരണ്യയുടെ പിതാവ് സുരേന്ദ്രൻ, ശരണ്യയുടെ മാതാവ് അജിത, ശരണ്യയുടെ ബന്ധുവായ ശംഭു എന്നിവരെ കായംകുളം പോലീസ് അറസ്റ്റ് ചെയ്ത് റിമാൻഡിൽ കഴിഞ്ഞുവരുന്നു.

20-11-2015 തീയതിയിൽ തിരുവനന്തപുരം ക്രൈംബ്രാഞ്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം (SIT) ടി 32 കേസ്സുകൾ ഏറ്റെടുക്കുകയും തുടരന്വേഷണത്തിൽ പ്രതികളായ ശരണ്യയുടെ സഹോദരൻ ശരത്ത്, തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനിൽ ഡ്യൂട്ടി നോക്കിവരുന്ന എസ്.സി.പി.ഒ 5488 പ്രദീപ്, ശരണ്യയുടെ ഭർത്താവായ പ്രദീപ്, നൈസിൻ എന്നിവരെ അറസ്റ്റ് ചെയ്യുകയും ബഹുമാനപ്പെട്ട കോടതി ഇവരെ 14 ദിവസത്തേയ്ക്ക് റിമാന്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നാളിതുവരെ 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ടി കേസ്സുകളിൽ തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനിൽ ഡ്യൂട്ടി നോക്കി വന്നിരുന്ന എസ്.സി.പി.ഒ 5488 പ്രദീപിനെ ക്രൈംബ്രാഞ്ച് ക്രൈം നം. 174/CR/APC/15 എന്ന കേസ്സിൽ അറസ്റ്റ് ചെയ്തിട്ടുള്ളതും വ്യക്തമായ തെളിവുകളുടെയും സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ കനകക്കുന്ന്, കരീലകുളങ്ങര, അമ്പലപ്പുഴ, ഹരിപ്പാട്, തൃക്കുന്നപ്പുഴ എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത 32 ക്രൈം കേസ്സുകളിൽ ടിയാൻ ഒന്നാം പ്രതിക്ക് സഹായിയായും സന്തത സഹചാരിയുമായി പ്രവർത്തിച്ചതായി തെളിയുകയും ആയതിൻപ്രകാരം ടി സംഭവത്തിൽ പ്രതി ചേർക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പോലീസുദ്യോഗസ്ഥർ ആർക്കെങ്കിലും കുറ്റകൃത്യത്തിൽ പങ്കുണ്ടോയെന്നതിനെ ക്കുറിച്ച് വിശദമായി അന്വേഷിച്ചുവരികയാണ്.

**മൂന്നാർ തോട്ടം തൊഴിലാളി സമരം കേസ്**

**209 (3720)** <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ മൂന്നാർ തോട്ടം തൊഴിലാളി സമരവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പേരാണ് പ്രതി ചേർക്കപ്പെട്ടതെന്നും ഏതൊക്കെ വകുപ്പുകൾ പ്രകാരമാണെന്നും വ്യക്തമാക്കുമോ;

(സി) ദേശീയപാത ഉപരോധം നടക്കുന്നതിനു മുൻപ് വിവിധ രാഷ്ട്രീയപാർട്ടികളുടെ ഓഫീസുകൾ ആക്രമിച്ചതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഏതൊക്കെ വകുപ്പുകൾ പ്രകാരമാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി & ഡി) ഇതുസംബന്ധിച്ച് 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(1) മൂന്നാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 833/2015 u/s 143, 147, 451, 323, 427, r/w 149 IPC പ്രകാരവും. (2) മൂന്നാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 840/2014 u/s 143, 147, 148, 427 r/w 149 IPC.

**പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം**

**210 (3721)** <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിന് 8000 ൽ അധികം വാഹനങ്ങളും യൂണിറ്റ് വർക്ക് ഷോപ്പുകളും യന്ത്രസാമഗ്രികളും ഉൾപ്പെടെ 1500 കോടി രൂപയുടെ ആസ്തി നിലവിലുണ്ടെങ്കിലും സ്റ്റാഫുകളുടെ അഭാവവും അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും, മറ്റു പോരായ്മകളും നിമിത്തം പ്രതിവർഷം ഏകദേശം 80 കോടി രൂപയുടെ നഷ്ടം നേരിടുന്നതിനാൽ പ്രസ്തുത പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു സമിതിയെ നിയമിക്കാൻ അടിയന്തിര നടപടികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വീകരിക്കുമോ?

<u>ഉത്തരം</u>

പോലീസ് വാഹനങ്ങളും യൂണിറ്റ് വർക്ക് ഷോപ്പുകളും യന്ത്രസാമഗ്രികളും ശരിയായ പരിചരണം ഇല്ലാതെ നഷ്ടം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളാ പോലീസിൽ വാഹനങ്ങളുടെ പരിപാലനത്തിനായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെയും 140 ഓളം ടെക്നിക്കൽ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥരെയുമാണ് അനുവദിച്ചിട്ടുള്ളത്:

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | എസ്.പി (എം.റ്റി) | 2 |
| 2 | ഡിവൈ.എസ്.പി (എം.റ്റി) | 5 |
| 3 | മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ | 7 |
| 4 | മോട്ടോർ ട്രാൻസ്പോർട്ട് എസ്.ഐ. | 7 |
| 5 | ഡ്രൈവർ എസ്.ഐ | 30 |

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് പോലീസ് വകുപ്പിലെ വാഹനങ്ങൾ പരിപാലിച്ച് പോകുന്നത്. പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കായി എം.എസ്.പി റേഞ്ച് വർക്ക്ഷോപ്പ്, തിരുവനന്തപുരം എസ്.എ.പി ക്യാമ്പസ്സിലുള്ള സെൻട്രൽ പോലീസ് വർക്ക്ഷോപ്പുകളും പ്രവർത്തിക്കുന്നു. കൂടാതെ, പുതിയ തലമുറയിൽപ്പെട്ട ഡിപ്പാർട്ടുമെന്റ് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ അംഗീകൃത ഡീലർ വർക്ക്ഷോപ്പുകളിൽ ചെയ്തുവരുന്നുണ്ട്. ഇക്കാര്യങ്ങൾ പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പ്രതിപക്ഷ നേതാവിന്റെ മകനെതിരെയുള്ള വിജിലൻസ് അന്വേഷണം**

**211 (3722)** <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. ജോസഫ് വാഴക്കൻ</u> :

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷനേതാവിന്റെ മകൻ ശ്രീ. വി.എ. അരുൺകുമാറിനെതിരെ കഴിഞ്ഞ അഞ്ച് വർഷത്തെ വിദേശയാത്ര, സ്വത്ത് എന്നിവ സംബന്ധിച്ച ആരോപണങ്ങളിന്മേൽ വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണ വിവരം വ്യക്തമാക്കുമോ ;

(ബി) ശ്രീ. വി.എ. അരുൺകുമാറിന്റെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച ആരോപണത്തെക്കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണവിവരം വ്യക്തമാക്കുമോ;

(സി) ചെറി എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി ശ്രീ. വി.എ., അരുൺ കുമാറിന്റെ ബിസിനസ് ബന്ധങ്ങൾ സംബന്ധിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണവിവരം ലഭ്യമാക്കുമോ ;

(ഡി) ശ്രീ. വി.എ. അരുൺ കുമാർ, ശ്രീ. ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പ് നിലം നികത്തുവാൻ സഹായിക്കാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചത് സംബന്ധിച്ച് സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക് സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് തയ്യാറായ 20-9-2011-ലെ 7967/ഇ 3/ 2011/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജിലൻസ് അന്വേഷണത്തിന്റെ പൂർണ്ണവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) മുൻ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി 1-3-2011-ൽ അന്നത്തെ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പ്രസ്തുത ആരോപണങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ 16-6-2011-ലെ ജി.ഒ. (എം.എസ്) 19/2011/വിജി പ്രകാരം ഉത്തരവിട്ട വിജിലൻസ് അന്വേഷണം വി.ഇ.04/2011/എസ്.സി.ടി. എന്ന നമ്പറിൽ തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ട് ഓഫീസിൽ പുരോഗമിച്ചുവരുന്നു.

(ഡി) സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച പരാതിയിന്മേൽ വി.ഇ.20/2011/എസ്.ഐ.യു-II നമ്പരായി നടത്തിയ വിജിലൻസ് അന്വേഷണത്തിലെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ, പോലീസ് ക്രൈം കേസ് രജിസ്റ്റർ ചെയ്ത് ആഭ്യന്തര വകുപ്പിന്റെ സാമ്പത്തിക കാറ്റാന്വേഷണ വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ടി കേസ് 14/7/14 മുതൽ ക്രൈംബ്രാഞ്ച് സി.ഐ.ഡി. സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം, കോട്ടയം യൂണിറ്റിൽ അന്വേഷണം നടത്തിവരുന്നതും ആയത് പുരോഗമിച്ചുവരുന്നതുമാണ്.

### പ്രൈവറ്റ് ഡിറ്റക്ടീവ് ഏജൻസികൾ

**212 (3723)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രൈവറ്റ് ഡിറ്റക്ടീവ് ഏജൻസികളുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഏജൻസികളുടെ പ്രവർത്തനത്തിന് എന്തെല്ലാം നിബന്ധനകളും നിയന്ത്രണങ്ങളുമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രൈവറ്റ് ഡിറ്റക്ടീവ് ഏജൻസികൾ ആരംഭിക്കുന്നതിന് ഏതെല്ലാം രജിസ്ട്രേഷനുകളും അനുമതികളുമാണ് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആകെ 10 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിൽ 9 സ്ഥാപനങ്ങൾ എറണാകുളം സിറ്റിയിലും ഒരു സ്ഥാപനം കോഴിക്കോട് സിറ്റിയിലുമാണ് പ്രവർത്തിക്കുന്നത്. പട്ടിക ചുവടെ ചേർക്കുന്നു:

1. ആഗ്നേയ മാനേജ്മെന്റ്, കൊച്ചി
2. ഇൻവിസിബിൾ സ്പൈ, എറണാകുളം
3. ഫെയ്ക്ക് ഇൻവെസ്റ്റിഗേഷൻ, എറണാകുളം
4. സതേൺ ഡിറ്റക്ടീവ്, എറണാകുളം
5. ട്രൂ വിഷൻ ഡിറ്റക്ടീവ്, എറണാകുളം
6. ഐ വാച്ച് ഡിറ്റക്ടീവ്, എറണാകുളം
7. ഗ്ലോബ് ഡിറ്റക്ടീവ്, എറണാകുളം
8. ഷാഡോ കൺസൾട്ടിംഗ്, എറണാകുളം

9. ഗ്ലോബൽ രവിപുരം, എറണാകുളം

10. Crime & Cure-Tailli, കോഴിക്കോട്.

(ബി&സി) സംസ്ഥാനത്ത് സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ ആരംഭിക്കുന്നതിന് ആഭ്യന്തരവകുപ്പിൽ നിന്നും NOC നൽകുന്നില്ല. ഇത്തരം ഏജൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയുന്നു.

**രാഷ്ട്രീയ സംഘട്ടനങ്ങൾ**

**213 (3724)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. ജെ. പി.,ആർ. എസ്. എസ്. പ്രവർത്തകർ സി. പി. ഐ. (എം), ഡി.വൈ.എഫ്.ഐ., എസ്. എഫ്. ഐ. പ്രവർത്തകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് എത്ര ക്രിമിനൽ കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ സംഘട്ടനങ്ങൾ നടന്ന കേസ്സുകൾ എത്രയെണ്ണം; കൊലപാതക കേസ്സുകൾ എത്രയെണ്ണം; വിശദാംശം നല്കുമോ;

(സി) പ്രസ്തുത കൊലപാതക കേസ്സുകളിൽ എത്ര സി. പി. ഐ. (എം), ഡി.വൈ.എഫ്.ഐ., എസ്. എഫ്. ഐ. പ്രവർത്തകർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകർ സി.പി.ഐ(എം), ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. പ്രവർത്തകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് 1080 ക്രിമിനൽ കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ സംഘട്ടനങ്ങൾ നടന്നിട്ടുള്ള കേസ്സുകൾ 918 എണ്ണവും കൊലപാതക കേസ്സുകൾ 10 എണ്ണവുമാണ്.

(സി) പ്രസ്തുത കൊലപാതക കേസ്സുകളിൽ 10 സി.പി.ഐ.(എം), ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. പ്രവർത്തകർ കൊലചെയ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചേർത്തിരിക്കുന്നു.

## തൃശ്ശൂർ-പാലക്കാട് വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

**214 (3725)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ൽ നിലവിൽ വന്ന തൃശ്ശൂർ- പാലക്കാട് വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ബി) മെയിൻ ലിസ്റ്റിൽ എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്;

(സി) തൃശ്ശൂർ-പാലക്കാട് ജില്ലകളിലായി എത്ര വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികകളാണ് ഒഴിവുള്ളത്;

(ഡി) ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യുവാനും ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2015-ൽ തൃശ്ശൂർ, പാലക്കാട് ജില്ലകളിലേയ്ക്ക് (കെ.എ.പി. II Bn) ഉള്ള നിയമനത്തിനായി വനിതാ പോലീസ് കോൺസ്റ്റബിളിന്റെ 69 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 110 പേർ.

(സി) തൃശ്ശൂർ പാലക്കാട് ജില്ലകളിൽ വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ 69 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ ഒഴിവുകളൊന്നും തന്നെ നിലവിലില്ല.

(ഡി) ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ

**215 (3726)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ വർഗ്ഗീയ സംഘർഷങ്ങൾ, രാഷ്ട്രീയ സംഘർഷങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, എസ്.സി/എസ്.ടി വിഭാഗക്കാർക്കെതിരെയുള്ള അക്രമങ്ങൾ, ബാലപീഡനം, ഭവനഭേദനം, കളവ് എന്നീ വിഭാഗത്തിൽപ്പെട്ട കേസ്സുകൾ എത്രയാണെന്ന് തരം തിരിച്ച് വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ എതിരാളികളുടെ അക്രമത്തിൽപ്പെട്ട് എത്രപേർ മരണപ്പെട്ടിട്ടുണ്ട്; മരണപ്പെട്ടവർ ഏത് രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരാണെന്നും അക്രമികൾ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 54,916 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കേസ്സുകളുടെ വിവരം തരംതിരിച്ച് ചുവടെ ചേർക്കുന്നു:

| കേസ്സുകളുടെ വിഭാഗം | കേസ്സുകളുടെ എണ്ണം |
|---|---|
| വർഗ്ഗീയ സംഘർഷങ്ങൾ | 289 |
| രാഷ്ട്രീയ സംഘർഷങ്ങൾ | 805 |
| സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ | 2930 |
| എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കെതിരെയുള്ള അക്രമങ്ങൾ | 197 |
| ബാലപീഡനം | 579 |
| ഭവനഭേദനം | 617 |
| കളവ് | 770 |

(സി) കാസർഗോഡ് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ

എതിരാളികളുടെ അക്രമത്തിൽപ്പെട്ട് 2 പേർ മരണമടഞ്ഞിട്ടുണ്ട്. ഇതിൽ മരണപ്പെട്ടവർ സി.പി.ഐ.(എം) പ്രവർത്തകരും അക്രമികൾ കോൺഗ്രസ്/ബി.ജെ.പി. പ്രവർത്തകരുമാണ്.

## കാസർഗോഡ് എം.പി., പി. കരുണാകരനെ തടഞ്ഞ് നിർത്തി ആക്രമിക്കാൻ ശ്രമിച്ച സംഭവം

**216 (3728)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കുടുംബയോഗം കഴിഞ്ഞ് മടങ്ങവേ കാസർഗോഡ് എം.പി. പി. കരുണാകരനെ തടഞ്ഞ് നിർത്തി ആക്രമിക്കാൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ്സ് എടുത്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രതികളെ എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ;വിശദാംശം അറിയിക്കാമോ;

(ഡി) പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുണ്ടോ; വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നം. 606/2015 u/s 143, 147,341, 506 (1) r/w 149 IPC ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ താഴെപ്പറയുന്നവരാണ് പ്രതികൾ.

1. ഇസ്മായിൽ, S/o. മുഹമ്മദ്
2. അഹമ്മദ്, S/o. ഷേക്കായി
3. മുഹമ്മദ് ബഷീർ, S/o. ഈതീൻ കുഞ്ഞ്
4. അബ്ദുൾ ലത്തീഫ്, S/o. ഇസ്മായിൽ

5. അബ്ദുൾ കരീം S/o. ഉമ്മർ

(സി) മേൽപ്പറഞ്ഞ പ്രതികളെയെല്ലാവരെയും അറസ്റ്റ് ചെയ്ത് കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗുമായി ബന്ധമുള്ളവരാണ് പ്രതികൾ.

**ഓപ്പറേഷൻ ബിഗ് ഡാഡിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ**

**217 (3729)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ബിഗ് ഡാഡിയിൽ നാളിതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ചുംബന സമരത്തിൽ പങ്കെടുത്ത എത്രപേർ ഈ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ട് ;

(സി) ഓൺലൈൻ പെൺവാണിഭത്തിന്റെ മറവിൽ മനുഷ്യക്കടത്ത് നടന്നതായി സ്ഥിരീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം രാജ്യങ്ങളിലേക്ക്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഓപ്പറേഷൻ ബിഗ് ഡാഡി പദ്ധതി പ്രകാരം സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ നാല് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ചുംബന സമരത്തിൽ പങ്കെടുത്ത രാഹുൽ പി.എസ്., ഭാര്യ രശ്മി ആർ. നായർ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) സ്ഥിരീകരിച്ചിട്ടുണ്ട്. ഏതൊക്കെ രാജ്യങ്ങളിലേയ്ക്കാണ് എന്നത് സംബന്ധിച്ച അന്വേഷണം നടന്നുവരുന്നു.

**ജയിലുകളുടെ സുരക്ഷ**

**218 (3730)** ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷയ്ക്കും തടവുകാരുടെ നിയന്ത്രണത്തിനും നിലവിലുള്ള ജയിൽ വാർഡൻമാർ പര്യാപ്തമാണോ;

(ബി) കൂടുതൽ വാർഡൻമാരെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ജയിൽ വകുപ്പിന്റെ വിശദമായ റിപ്പോർട്ടിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ജയിലുകളിൽ 900 മെയിൽ വാർഡൻമാരെ നിയമിക്കുന്നു എന്നു പ്രഖ്യാപിച്ചിട്ടും, റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും എന്തുകൊണ്ട് ഈ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല;

(ഡി) ജയിൽ വാർഡൻമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോഴും നിയമനം അനിശ്ചിതമായി നീളുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ മെയിൽ വാർഡൻമാരുടെ എത്ര ഒഴിവുകൾ സംസ്ഥാനത്ത് നിലവിലുണ്ട്; ഇവ പി.എസ്.സി റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(എഫ്) നിലവിലുള്ള മെയിൽ വാർഡൻ റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തി ഉദ്യോഗാർത്ഥികളുടെ ആശങ്കകൾ ദൂരീകരിക്കാൻ സർക്കാരിന് സാധിക്കുമോ;

(ജി) മേൽപ്പറഞ്ഞ അവസ്ഥ സംജാതമായതിന്റെ സാഹചര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) മോഡൽ പ്രിസൺ മാനുവൽ പ്രകാരം ആറ് തടവുകാർക്ക് ഒരു വാർഡൻ എന്ന അനുപാതം ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ഈ അനുപാതത്തിൽ നിലവിൽ ജയിൽ വകുപ്പിൽ വാർഡൻമാർ ഇല്ല. എന്നാൽ ഇതുകാരണം സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷയ്ക്കും തടവുകാരുടെ നിയന്ത്രണത്തിനും പ്രശ്നങ്ങളുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) നിർമ്മാണം പൂർത്തിയായി പുതിയ ജയിലുകൾ പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതാണ്.

(ഡി) ജയിൽ വകുപ്പിൽ വാർഡൻമാരുടെ ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) ജയിൽ വകുപ്പിൽ നിലവിൽ കണ്ണൂർ മേഖലയിൽ 12-ഉം തൃശ്ശൂർ

മേഖലയിൽ 25-ഉം തിരുവനന്തപുരം മേഖലയിൽ 25-ഉം ഒഴിവുകളുണ്ട്. ടി ഒഴിവുകളുണ്ടായ മുറയ്ക്കുതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്&ജി) ജയിൽ വകുപ്പിൽ വാർഡൻമാരുടെ ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

**ജയിലുകളുടെ നവീകരണം**

**219 (3731)** ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) (I) 2016-17 സാമ്പത്തിക വർഷത്തിൽ ജയിലുകളുടെ നവീകരണം പദ്ധതിയിൽ താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്:

1. വിയ്യൂരിലെ അതീവ സുരക്ഷാ ജയിലിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുക.
2. പത്തനംതിട്ട ജില്ലാ ജയിലിലെ ഒന്നാംഘട്ട നിർമ്മാണം.
3. ആലപ്പുഴ ജില്ലാ ജയിലിന്റെ ഒന്നാംഘട്ട നിർമ്മാണം.
4. പരിശീലന പദ്ധതികൾ.
5. മൂന്ന് സെൻട്രൽ ജയിലുകളിൽ വയർലെസ്സ് സംവിധാനം

ഏർപ്പെടുത്തൽ .

6. ജയിൽ അടുക്കളകളുടെ നവീകരണം.
7. മൂന്ന് സെൻട്രൽ ജയിലുകളിലെ തടവുകാരുടെ ഉപയോഗത്തിനായി 2000 കട്ടിലുകൾ വാങ്ങുക.
8. പഴക്കമുള്ള ജയിൽ കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനം .

(ii) തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1. ജയിലുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുക.
2. തടവുകാർക്കുള്ള വിവിധ തൊഴിൽ പരിശീലന പദ്ധതികൾ.
3. മൂന്ന് സെൻട്രൽ ജയിലുകളിൽ ആധുനിക സൗകര്യങ്ങളുള്ള ഇന്റർവ്യൂ ഹാൾ നിർമ്മിക്കുക.
4. മൂന്ന് സെൻട്രൽ ജയിലുകളിലും രണ്ട് തുറന്ന ജയിലുകളിലും യോഗ ഉൾപ്പെടെയുള്ള വിവിധ കായിക പരിശീലന സംവിധാനങ്ങൾ ഏർപ്പെടുത്തുക.
5. മൂന്ന് സെൻട്രൽ ജയിലുകളിലും എല്ലാ മതവിഭാഗങ്ങളിലുംപെട്ട തടവുകാർക്കായി പ്രാർത്ഥനാ ഹാളുകൾ നിർമ്മിക്കുക.

മേൽപ്പറഞ്ഞ രണ്ട് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതികൾക്ക് പുറമെ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് നിർമ്മാണം നടന്നുവരുന്ന തവനൂർ സെൻട്രൽ ജയിൽ, പാലക്കാട് ജില്ലാ ജയിൽ, മുട്ടം ജില്ലാ ജയിൽ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ എന്നീ പുതിയ ജയിലുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) തടവുകാർക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, തടവുകാരുടെ ബാഹുല്യം മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുക, ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ സാമൂഹ്യ ജീവിതത്തിന് പര്യാപ്തരാക്കുക, ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

**കൃഷ്ണപിള്ള സ്മാരകം തകർത്തത് സംബന്ധിച്ച കേസ്**

**220 (3732)** ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ പി. കൃഷ്ണപിള്ള സ്മാരകം തകർത്തതു സംബന്ധിച്ച കേസിന്റെ അന്വേഷണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ കഞ്ഞിക്കുഴി വില്ലേജിൽ പെരുംതുരുത്തി മുറിയിൽ കണ്ണർകാട് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സഖാവ് കൃഷ്ണപിള്ള സ്മാരക മന്ദിരവും അനുബന്ധമായി സ്ഥാപിച്ചിരുന്ന പ്രതിമയും 31-10-2013 പുലർച്ചെ 1.30-ന് ഭാഗികമായി നശിപ്പിച്ചതുമായി ബന്ധപ്പെട്ട് മാരാരിക്കുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം നമ്പർ 720/2013 U/s. 153, 447, 427, 436 IPC കേസിന്റെ തുടരന്വേഷണം ക്രൈം ബ്രാഞ്ച് STATS വിഭാഗം പോലീസ് സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. ആയത് 425/CR/STATS/2013 U/s. 153, 447, 427, 436, 120(b) IPC നമ്പരായി അന്വേഷണം നടത്തിവരവെ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം കൂടുതൽ തെളിവുകൾ സമാഹരിക്കുന്നതിനായി സൂപ്രണ്ട് ഓഫ് പോലീസ് STATS-ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ക്രൈം എ.ഡി.ജി.പി. യുടെ മേൽനോട്ടത്തിൽ ഫലപ്രദമായി അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് നാളിതുവരെ അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ലതീഷ് ബി. ചന്ദ്രൻ, മുഹമ്മ, ആലപ്പുഴ
2. സാബു, കഞ്ഞിക്കുഴി, ആലപ്പുഴ
3. ദീപു, കഞ്ഞിക്കുഴി, ആലപ്പുഴ
4. രാജേഷ്, കഞ്ഞിക്കുഴി, ആലപ്പുഴ

5. പ്രമോദ്, മുഹമ്മ, ആലപ്പുഴ

**ശ്രുപേഷിന്റെ ചികിത്സാ ചെലവ്**

**221 (3733)** <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ഓഫീസറായി ജോലി ചെയ്തുവരവെ വാഹനാപകടത്തിൽ അതീവഗുരുതരാവസ്ഥയിൽ 9 മാസം അബോധാവസ്ഥയിൽ ചികിത്സയിൽ കഴിയവെ 20 ലക്ഷം രൂപയിലധികം ചികിത്സയ്ക്ക് ചെലവായി മരണപ്പെട്ട ശ്രുപേഷിന്റെ കുടുംബത്തിന് ചികിത്സയ്ക്ക് ചെലവായ തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രുപേഷിന്റെ അമ്മ ശ്രീമതി ടി. ശകുന്തള നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ചികിത്സാച്ചെലവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ആഫീസറായിരുന്ന ശ്രുപേഷിന്റെ അമ്മ സമർപ്പിച്ച മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ചിരുന്നതും ടി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെരിഫിക്കേഷനും സർട്ടിഫിക്കേഷനും ശേഷം പുനർ സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ടി ക്ലെയിം വെരിഫിക്കേഷനും സർട്ടിഫിക്കേഷനുമായി 23-7-2015-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചിട്ടുള്ളതാണ്. ആയത് തിരികെ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുവാൻ കഴിയും.

**വിജിലൻസ് ഡയറക്ടറായി ഡി.ജി.പി. റാങ്കിലുള്ളവരുടെ നിയമനം**

**222 (3734)** <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡി.ജി.പി റാങ്കിലുള്ളവർ സർവ്വീസിലുണ്ടായിരിക്കെ, വിജിലൻസ് ഡയറക്ടർ വിൻസൺ എം. പോൾ റിട്ടയർ ചെയ്തതിന് ശേഷം തൽസ്ഥാനത്ത് അത്തരമൊരു ഉദ്യോഗസ്ഥനെ നിയോഗിക്കാതിരുന്നത് എന്തുകൊണ്ടാണ്?

<u>ഉത്തരം</u>

വിജിലൻസ് ഡയറക്ടറായ ശ്രീ. വിൻസൺ എം. പോൾ ഐ.പി.എസ്. 30-11-2015-ൽ റിട്ടയർ ചെയ്ത ഒഴിവിൽ എ.ഡി.ജി.പി. (ഗ്രേഡ് -I) ചുമതല വഹിച്ചിരുന്ന ശ്രീ. എൻ. ശങ്കർ റെഡ്ഡി ഐ.പി.എസ്. -നെ ഭരണ സൗകര്യാർത്ഥം 30-11-2015 -ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 8596/2015/പൊ.ഭ.വ. പ്രകാരം വിജിലൻസ് ഡയറക്ടറുടെ പൂർണ്ണ അധികാര ചുമതല നൽകി നിയമിക്കുകയാണുണ്ടായത്.

**മാവേലിക്കര മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സർവ്വീസ്**

**223 (3735)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുമൂട് കേന്ദ്രമാക്കി ഫയർ& റസ്ക്യൂ സർവ്വീസ്ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കുറത്തികാട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആയതിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) താമരക്കുളം ഗ്രാമപഞ്ചായത്തിലെ ചാരുമൂട്ടിൽ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന കെ.ഐ.പി. വക സ്ഥലവും കെട്ടിടവും ചാരുമൂട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി വിട്ടുനൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം അനുയോജ്യമാണോയെന്ന് പരിശോധിച്ചുവരുന്നു.

(ബി) കുറത്തികാട് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി എം.ഒ.പി.എഫ്. 2013-14 (സെൻട്രൽ ഷെയർ)-ൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എം.ഒ.പി.എഫ്. 2013-14 (സെൻട്രൽ ഷെയർ) -ൽ നാല് ലക്ഷം രൂപ ചെലവിൽ ഒരു വിസിറ്റേഴ്സ് റൂമും മൂന്ന് ലക്ഷം രൂപ ചെലവിൽ ഒരു വിമൺ പോലീസ് റെസ്റ്റ് റൂമും പതിമൂന്നാമത് ധനകാര്യ കമ്മീഷൻ അനുവദിച്ചതിൽ 9.09 ലക്ഷം രൂപ ചെലവിൽ ഒരു റെഡിമെയ്ഡ് ഡോർമിറ്ററിയും കുറത്തികാട് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തോടൊപ്പം നിർമ്മിക്കുവാൻ

ഭരണാനുമതിയും ഫണ്ടും കെ.പി.എച്ച്.സി.സി. ക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്ത് 51.09 ലക്ഷം രൂപ ചെലവിലാണ് കുറത്തികാട് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണം നടക്കുന്നത്.

(സി) കുറത്തികാട് പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിനായി ചുനക്കര വില്ലേജിലെ സർവ്വേ നമ്പർ 264/12-ൽപ്പെട്ട 8.09 ആർ തരിശുഭൂമി ആഭ്യന്തര വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്.

**ക്രിമിനൽ കേസുകളിൽ പ്രതി ചേർക്കപ്പെട്ട നിയമസഭാംഗങ്ങൾ**

**224 (3736)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന നിയമസഭയിൽ ക്രിമിനൽ കേസ്സുകളിൽ പ്രതിചേർക്കപ്പെട്ട എത്ര പേർ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

സംസ്ഥാന നിയമസഭയിൽ ക്രിമിനൽ കേസുകളിൽ പ്രതിചേർക്കപ്പെട്ട 52 പേർ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**സ്പെഷ്യൽ ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് വാഹന പരിശോധന**

**225 (3737)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ നിയന്ത്രിക്കുവാൻ മോട്ടോർ വാഹനവകുപ്പ്, പൊലീസ് ലോക്കൽ വിഭാഗം, പൊലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം എന്നിവയെ സംയുകതമായി ഉപയോഗിച്ച് ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് വിശദമായ വാഹനപരിശോധന നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പൊലീസ് കൈകാര്യം ചെയ്യുന്ന വാഹന അപകട കേസുകളിൽ വാഹനപരിശോധന റിപ്പോർട്ട് ലഭിക്കുവാൻ കാലതാമസം ഉണ്ടാവുന്നത് ഒഴിവാക്കുന്നതിലേക്കായി പൊലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിലെ ഓട്ടോമൊബൈൽ/ മെക്കാനിക്കൽ ഡിപ്ലോമ നേടിയ എസ്.ഐ./ഇൻസ്പെക്ടർ/

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഡി.വൈ.എസ്.പി. എന്നിവരുടെ കൂടി സേവനം പൊതുജനസൗകര്യാർത്ഥം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന അതിക്രമങ്ങൾ**

**226 (3738)** <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടന്ന അതിക്രമങ്ങളുടെ എണ്ണം എത്രവീതമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ എഫ്.ഐ.ആർ സമർപ്പിച്ചവ എത്ര; കുറ്റപത്രം സമർപ്പിച്ചവ എത്ര; വിചാരണ പൂർത്തിയാക്കിയവ എത്ര; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികൾ എത്ര; വിട്ടയക്കപ്പെട്ടവർ എത്ര; അന്വേഷണം പൂർത്തിയാകാത്ത കേസുകൾ എത്ര; അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികൾ എത്ര; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളുടെ എണ്ണം 1858
കുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങളുടെ എണ്ണം 378

(ബി) <u>രജിസ്റ്റർ ചെയ്ത കേസുകളിൽ</u>

| | |
|---|---|
| എഫ്.ഐ.ആർ. സമർപ്പിച്ചവ | 2192 |
| കുറ്റപത്രം സമർപ്പിച്ചവ | 1168 |
| വിചാരണ പൂർത്തിയാക്കിയവ | 64 |

(സി) ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം 8

| | |
|---|---|
| വിട്ടയയ്ക്കപ്പെട്ടവരുടെ എണ്ണം | 61 |
| അന്വേഷണം പൂർത്തിയാകാത്ത കേസുകളുടെ എണ്ണം | 321 |
| അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളുടെ എണ്ണം | 291 |

## പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങൾ

**227 (3739)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കേസുകളിൽ എഫ് .ഐ. ആർ സമർപ്പിച്ചവ എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) വിചാരണ പൂർത്തിയായി പ്രതികൾ ശിക്ഷിക്കപ്പെട്ട കേസ്സുകൾ എത്രയാണെന്നും ശിക്ഷിക്കപ്പെട്ട പ്രതികൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഇനിയും അന്വേഷണം പൂർത്തിയാകാത്ത കേസ്സുകൾ എത്രയാണെന്നും പിടികൂടാനുള്ള പ്രതികൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കേസ്സുകളിൽ വിചാരണയിൽ വിട്ടയയ്ക്കപ്പെട്ട പ്രതികൾ എത്രയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 4228 കേസുകളിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ട്. ഇനം തിരിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിചാരണ പൂർത്തിയായി പ്രതികൾ ശിക്ഷിക്കപ്പെട്ട കേസുകളുടെ

എണ്ണം-11

ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം-19

(സി) 593 കേസുകളിൽ ഇനിയും അന്വേഷണം പൂർത്തിയാക്കുവാനും 593 പ്രതികളെ പിടികൂടുവാനുമുണ്ട്.

(ഡി) 176 പ്രതികളെ വിട്ടയച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തോട്ടപ്പള്ളി പോലീസ് എയ്ഡ് പോസ്റ്റ്

**228 (3740)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളിയിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടും ഇതുവരെ പ്രവർത്തനക്ഷമമാക്കുവാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിട സൗകര്യം നൽകണമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത എയ്ഡ് പോസ്റ്റ് സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയുള്ള സൗകര്യപ്രദമായ കെട്ടിടം ലഭ്യമാകാതിരുന്നതിനാലാണ് തോട്ടപ്പള്ളി പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കാതിരുന്നത്.

(ബി) ഇല്ല.

(സി) സൗകര്യപ്രദമായ കെട്ടിടം ലഭിക്കുന്നമുറയ്ക്ക് മാത്രമെ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ

**229 (3741)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ കൊലപാതകം, രാഷ്ട്രീയ കൊലപാതകം, കവർച്ച, സ്ത്രീ പീഡനം, ബലാത്സംഗം, കൊള്ളയടിക്കൽ, കുട്ടികളെ പീഡിപ്പിക്കൽ, ആരാധനാലയ കവർച്ചകൾ, മോഷണങ്ങൾ, കവർച്ചയ്ക്കിടെയുള്ള കൊലപാതകം, ആത്മഹത്യ എന്നീ ഓരോ വിഭാഗത്തിലും എത്ര വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2694854 എണ്ണം.

| | | | |
|---|---|---|---|
| (ബി) | കൊലപാതകം | - | 1561 |
| | രാഷ്ട്രീയ കൊലപാതകം | - | 31 |
| | കവർച്ച | - | 3849 |
| | സ്ത്രീ പീഡനം | - | 59309 |
| | ബലാത്സംഗം | - | 5512 |
| | കൊള്ളയടിക്കൽ | - | 13374 |
| | കുട്ടികളെ പീഡിപ്പിക്കൽ | - | 8107 |
| | ആരാധനാലയ കവർച്ച | - | 1067 |
| | മോഷണങ്ങൾ | - | 18680 |
| | കവർച്ചയ്ക്കിടെയുള്ള കൊലപാതകം | - | 100 |
| | ആത്മഹത്യ | - | 38268 |

**ശബരിമലയിൽ ഭണ്ഡാര പണം മോഷണം**

**230 (3742)** <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഭണ്ഡാര പണം മോഷണം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിന് മുമ്പ് പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) അടുത്തിടെ നടന്ന മോഷണം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഈ സർക്കാരിന്റെ കാലത്ത് 30-12-2014 മുതൽ 14-1-2015 വരെയുള്ള കാലയളവിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ശബരിമല ദേവസ്വം ഭണ്ഡാരത്തിൽ നിന്നുമുള്ള പണാപഹരണം സംബന്ധിച്ച് സന്നിധാനം പോലീസ് സ്റ്റേഷനിൽ 16-1-2015 തീയതിയിൽ ക്രൈം നമ്പർ 08/15 U/s. 381, 34 IPC നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട ജോലി നോക്കിവന്നിരുന്ന ആറ് ദേവസ്വം ജീവനക്കാർക്കെതിരെ അന്വേഷണം നടത്തുകയും മോഷണ മുതൽ കണ്ടെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിരുന്നു. ടി കേസ് പിന്നീട് ക്രൈംബ്രാഞ്ചിന് കൈമാറുകയും എന്നാൽ പ്രസ്തുത കേസിന്മേൽ വിജിലൻസ് അന്വേഷണമാണ് ഉചിതമെന്ന ക്രൈം എ.ഡി.ജി.പി. യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേസന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ടി സംഭവത്തിനുമുമ്പ് ഈ സർക്കാരിന്റെ കാലത്ത് മോഷണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പോലീസുകാർ പ്രതികളായ കേസുകൾ**

**231 (3743)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പോലീസുകാർ പ്രതികളായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ഇവയിൽ സ്ത്രീ പീഡന കേസ്സുകളും ബലാത്സംഗ കേസ്സുകളും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഓരോന്നും എത്രവീതം; വ്യക്തമാക്കുമോ;

(ബി) ഇതിൽ പ്രതികളായ എത്ര പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവരിൽ പിരിച്ച് വിടപ്പെട്ടവരെത്ര; സസ്പെൻഷന് വിധേയരായവരെത്ര; സ്ഥലം മാറ്റപ്പെട്ടവരെത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പോലീസുകാർ പ്രതികളായ 822 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ 133 സ്ത്രീ പീഡന കേസുകളും 16 ബലാത്സംഗ കേസുകളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഇതിൽ 533 പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇവരിൽ ആറുപേരെ പിരിച്ചുവിട്ടു. 466 പേർ സസ്പെൻഷന് വിധേയരായിട്ടുണ്ട്. 190 പേരെ സ്ഥലം മാറ്റി.

**റാഗിംഗിൽ വിദ്യാർത്ഥി മരണപ്പെട്ട സംഭവം**

**232 (3744)** ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂർ സോലഡേവനഹള്ളിയിലെ ആചാര്യ പോളിടെക്നിക് എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ട് കോഴ്സിന് പഠിക്കുന്ന ചാലക്കുടി പൂപ്പറമ്പിൽ വീട്ടിൽ സയ്യിദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം കോളേജിൽ വെച്ച് സീനിയർ വിദ്യാർത്ഥികളുടെ ക്രൂരമായ റാഗിംഗിനും ആക്രമണത്തിനും വിധേയനായി ചികിത്സയിലിരിക്കെ 10-3-2014-ൽ മരണമടഞ്ഞിട്ടുള്ള സംഭവത്തിൽ, കുറ്റക്കാരെ കണ്ടെത്തുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും അന്യസംസ്ഥാനത്ത് പഠനം നടത്തിവരുന്ന മലയാളി വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ഉത്തരം

(എ) ബാംഗ്ലൂർ ആചാര്യ എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ചുവരികയായിരുന്ന ചാലക്കുടിക്ക് സമീപം പൂപ്പറമ്പിൽ വീട്ടിൽ സെയ്ദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിമിന്റെ അസ്വാഭാവിക മരണം സംബന്ധിച്ച് എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 363/14 കേസിന്റെ സംഭവ സ്ഥലം കർണ്ണാടക സംസ്ഥാനത്തായതിനാൽ കേസ് ഫയലും അനുബന്ധ രേഖകളും കർണ്ണാടക പോലീസിന് കൈമാറിയിട്ടുള്ളതാണ്.

(ബി) ഉണ്ട്.

**നെടുങ്കണ്ടത്ത് ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത്**

**233 (3745)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടത്ത് റവന്യൂ വകുപ്പിന് കീഴിൽ ഫയർ &റസ്ക്യൂ സ്റ്റേഷന് കണ്ടെത്തിയിട്ടുള്ള ഭൂമി വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയർ &റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(സി) ആയത് അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുങ്കണ്ടത്ത് ഫയർ & റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം അഗ്നിശമന സേനാ വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല.

(ബി & സി) ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്ത് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള കൽകുന്തൽ വില്ലേജിൽ സർവ്വേ നമ്പർ 143/1-ൽപ്പെട്ട 82.43 സെന്റ് സ്ഥലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും പ്രസ്തുത സ്ഥലം ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിലാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകിവരുന്നത്. സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ഉപയോഗശൂന്യമായ വാഹനങ്ങൾ**

**234 (3746)** ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ കീഴിൽ എത്ര വാഹനങ്ങൾ ഉണ്ട്; ഓരോ വിഭാഗങ്ങളിലുള്ളവയുടെ കണക്ക് പട്ടികതിരിച്ച് നൽകാമോ; അവയിൽ പോലീസിന്റെ ഉപയോഗത്തിലുള്ളവ എത്ര; ഉപയോഗശൂന്യമായവ എത്ര; ഏതെല്ലാം വിഭാഗത്തിലുള്ളവ ;

(ബി) നിലവിൽ ഓരോ പോലീസ് ഓഫീസുകളിലും ഓരോ വിഭാഗത്തിലുമുള്ള ഉപയോഗശൂന്യമായ വാഹനങ്ങൾ എത്രയാണ്;

(സി) പോലീസ് ക്യാമ്പുകൾ, ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവയിൽ നന്നാക്കി എടുക്കാവുന്ന വകുപ്പുതല വാഹനങ്ങൾ പോലും ഉപയോഗശൂന്യമായിക്കിടന്ന്

നശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ പൊതുമുതൽ നശിക്കുന്നത് കർശനമായി തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ആഭ്യന്തര വകുപ്പിന്റെ കീഴിൽ 8153 വാഹനങ്ങളുണ്ട്. വാഹനങ്ങളുടെ എണ്ണം പട്ടിക തിരിച്ച് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* ഇവയിൽ പോലീസ് വകുപ്പിന്റെ കീഴിൽ ഉപയോഗയോഗ്യമായി 6069 വാഹനങ്ങളും ഉപയോഗ ശൂന്യമായ 1041 വാഹനങ്ങളുമുണ്ട്. ഉപയോഗശൂന്യമായ വാഹനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

(സി & ഡി) ഉപയോഗ യോഗ്യമായ വാഹനങ്ങളൊന്നുംതന്നെ ഇപ്രകാരം സൂക്ഷിച്ചിട്ടില്ല. അറ്റകുറ്റപ്പണി ചെയ്യുമ്പോൾ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുത്തുന്നവയായി കണ്ടിട്ടുള്ളതും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കനുസൃതമായി Condemnation /Auction നടത്തിയതും നടത്തിവരുന്നതുമായ വാഹനങ്ങളാണ് ഇപ്രകാരം ക്യാമ്പുകളിലും/ ഓഫീസ് പരിസരങ്ങളിലും സൂക്ഷിച്ചുവരുന്നത്.

**വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം**

**235 (3747)** <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങൾ പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) വാഹനാപകടങ്ങളും മറ്റും പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിനായി ടോൾ ഫ്രീ നമ്പരായ '100', '1090' എന്നീ നമ്പരുകൾ നിലവിലുണ്ട്. കൂടാതെ ഹൈവേ അലർട്ട് നമ്പരായ '9846100100' എന്ന നമ്പരിലും അപകട വിവരങ്ങൾ വിളിച്ചറിയിക്കാവുന്നതാണ്. ഇതിനുപുറമെ തൊട്ടടുത്ത പോലീസ് സ്റ്റേഷനുകളിലും ഇക്കാര്യം അറിയിക്കുവാൻ സംവിധാനം നിലവിലുണ്ട്.

(ബി) അപകടം നടന്നാൽ അപകടത്തിൽപ്പെട്ടവരെ വളരെ വേഗം ആശുപത്രിയിൽ എത്തിക്കുന്നതിനും മറ്റ് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) അപകടമുണ്ടായാൽ പോലീസിനെ അറിയിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ടോൾ ഫ്രീ നമ്പരുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾ കാണത്തക്കവിധത്തിൽ റോഡുകളിലും ഹൈവേകളിലും പ്രധാനപ്പെട്ട ജംഗ്ഷനുകളിലും മറ്റും ബോർഡുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ക്ലാസുകളും സംഘടിപ്പിച്ച് വരുന്നുണ്ട്.

**മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ്**

**236 (3748)** <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ട്രാഫിക് യൂണിറ്റ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മാവേലിക്കരയിൽ ആരംഭിച്ച കമാൻഡോ പരിശീലന കേന്ദ്രത്തിന്റെ തുടർനടപടികൾ വിശദമാക്കുമോ;

(ഡി) കമാൻഡോ കേന്ദ്രം എത്ര മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) മാവേലിക്കരയിൽ ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി -ഇ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ നൂറനാട് എന്ന സ്ഥലത്ത് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 8.69 ഏക്കർ സ്ഥലത്ത് ഒരു Counter Insurgency and Anti Terrorism (CIAT) School അനുവദിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും എന്നാൽ പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം പോലീസ് സേനയുടെ നവീകരണം സംബന്ധിച്ച പദ്ധതികൾ ഇനി മുതൽ അതാത് സംസ്ഥാന സർക്കാരുകളാണ് നടപ്പിലാക്കേണ്ടത് എന്നതിനാൽ പ്രസ്തുത സ്കൂൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വാഹമില്ലായെന്നുള്ള വിവരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനുവേണ്ട പ്രോജക്ട് റിപ്പോർട്ട് സഹിതമുള്ള വിശദമായ പ്രൊപ്പോസൽ വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു.

**വെള്ളൂട്ടായിൽ സരോജിനിയുടെ മരണം**

**237 (3749)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ വെള്ളൂട്ടായിൽ സരോജിനിയുടെ വീട് അതിക്രമിച്ച് കയറുകയും സരോജിനി മരണപ്പെടുകയും ചെയ്ത സംഭവത്തിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത കേസ്സിന്റെ എഫ്.ഐ.ആർ-ൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) വീട് ആക്രമണത്തിൽ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) സരോജിനിയുടെ മരണവുമായി ബന്ധപ്പെട്ട് കൊലക്കുറ്റത്തിന് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) കതിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 117/2015 U/s. 143, 147, 148, 452, 324, 427 r/w 149 & Sec. 3 & 5 of E.S. Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ താഴെപ്പറയുന്ന പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്.

1. പ്രനൂപ് ബാബു S/o. സുരേഷ് ബാബു
2. സുരേഷ് S/o. സുരേന്ദ്രൻ
3. അജേഷ് S/o. ആണ്ടി
4. അനീഷ് കെ. പി. S/o. ആണ്ടി
5. പ്രനീഷ് S/o. അനിൽ കുമാർ
6. പ്രജിത്ത് @ബാക്കൻ S/o. പ്രകാശൻ
7. മാറോളി ധനേഷ് S/o. ദാസൻ
8. നിജി S/o. ജനാർദ്ദനൻ
9. അജീഷ് S/o. കുമാരൻ
10. വരുൺ. കെ S/o.വിനോദ് കുമാർ
11. സുർജിത്ത് S/o. ചന്ദ്രൻ
12. ശരത്ത് S/o. ശശി

(സി) കേസിലെ മൂന്നാം പ്രതി അജേഷ്, അഞ്ചാം പ്രതി പ്രനീഷ് എന്നിവരൊഴികെ പത്ത് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്നാം പ്രതി അജേഷ് ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. അഞ്ചാം പ്രതി പ്രനീഷിനെ, കേസിന്റെ ഇതുവരെയുള്ള അന്വേഷത്തിൽ ടിയാൻ സംഭവത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രതി സ്ഥാനത്തുനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ റോഡിൽ എറിഞ്ഞതായി വെളിവായിട്ടുണ്ട്.

(ഇ) ഇല്ല.  അഞ്ച് വർഷത്തോളമായി സരോജിനി എന്ന സ്ത്രീ സന്ധിവാതം, ആസ്മ, സോഡിയം കുറഞ്ഞതുമായി ബന്ധപ്പെട്ട അസുഖങ്ങൾ എന്നിവ കാരണം പരിയാരം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ചികിത്സയിലായിരുന്നുവെന്നും ടിയാളുടെ മരണം സ്വാഭാവിക മരണമാണെന്നും അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

**സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ**

**238 (3750)** ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ നിയമം നിർമ്മിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബലാത്സംഗം, ലൈംഗികാതിക്രമങ്ങൾ എന്നിവയിലുണ്ടായിരിക്കുന്ന വർദ്ധന മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനമാണ്; വിശദമാക്കുമോ;

(സി) സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാനുള്ള പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുമോ; പൊതു സ്ഥലങ്ങളിൽ സ്ത്രീകൾ ആക്രമിക്കപ്പെടുന്നത് പ്രതിരോധിക്കാനുള്ള സംവിധാനത്തിന്റെ പ്രവർത്തനം ദുർബലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) കാണാതായതും നാളിതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമായ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം എത്ര; ഈ സർക്കാരിന്റെ കാലയളവിൽ ഇതിനകം എത്ര സ്ത്രീകളും കുട്ടികളും ലൈംഗീകാതിക്രമങ്ങൾക്കിരയായിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പൊതുവെ സ്ത്രീകൾക്കുനേരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗാർഹികവും സമൂഹത്തിന്റെ മറ്റ് തലങ്ങളിൽ നിന്നുമുള്ള അക്രമ പ്രവർത്തനങ്ങളും

സ്വകാര്യതയ്ക്കും അന്തസ്സിനും ഭംഗം വരുത്തുന്ന തരത്തിലുള്ള മറ്റ് പെരുമാറ്റങ്ങളും സ്ത്രീകളുടെ സ്വകാര്യതയേയും അന്തസ്സിനേയും ബാധിക്കുന്നതിനാൽ സ്ത്രീകൾക്ക് പ്രത്യേക സംരക്ഷണം നൽകുന്നതിനുള്ള ഒരു നിയമ നിർമ്മാണത്തെക്കുറിച്ച് സർക്കാർ തീരുമാനിക്കുകയും 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ പതിമൂന്നാം കേരള നിയമസഭയിൽ ബിൽ നമ്പർ 183 ആയി പ്രസിദ്ധീകരിക്കുകയും ഏഴാം സമ്മേളനത്തിൽ 14-2-2013-ൽ നിയമസഭയിൽ അവതരിപ്പിക്കുകയും ബിൽ ഇപ്പോൾ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച നിയമസഭാ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയിലിരിക്കുന്നതുമാണ്.

(ബി) 2013 വർഷത്തെ അപേക്ഷിച്ച് 2014-ൽ ബലാത്സംഗ കേസുകളുടെ എണ്ണത്തിൽ അഞ്ച് ശതമാനവും ലൈംഗികാതിക്രമ കേസുകളുടെ എണ്ണത്തിൽ നാല് ശതമാനവും വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആഭ്യന്തര വകുപ്പ് ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് കാണാതായ സ്ത്രീകൾ 14908 എണ്ണവും കാണാതായ കുട്ടികൾ 5080 എണ്ണവുമാണ്. ഇതിൽ 723 സ്ത്രീകളെയും 181 കുട്ടികളെയും ഇനിയും കണ്ടെത്താനുണ്ട്. ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കെതിരെ 23340-ഉം കുട്ടികൾക്കെതിരെ 4865-ഉം ലൈംഗികാതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

**സമുദ്രാതിർത്തി ലംഘിച്ച ഇറാൻ കപ്പൽ**

**239 (3751)** <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂലൈ 5-ന് സമുദ്രാതിർത്തി ലംഘിച്ച ഇറാൻ കപ്പൽ പിടിച്ചെടുത്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് മുൻപ് കേരളാ പോലീസ് എൻ.ഐ.എ.-യെ അറിയിച്ചിരുന്നോ;

(ബി) ഇല്ലെങ്കിൽ, രാജ്യസുരക്ഷയെ ബാധിക്കുന്ന സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനു മുൻപ് എൻ.ഐ.എ.യെ അറിയിക്കണം എന്ന നടപടിക്രമം കേരളാ പോലീസ് പാലിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇതു മൂലം എൻ.ഐ.എ.യ്ക്ക് പ്രതികളെ കസ്റ്റഡിയിൽ കിട്ടാൻ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പോലീസിന്റെ ഭാഗത്ത് ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ കാരണക്കാരായവരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 3-7-2015 തീയതിയിൽ ഇന്ത്യയുടെ സമുദ്രാതിർത്തിക്കുള്ളിൽ ആലപ്പുഴ ഭാഗത്ത് കാണപ്പെട്ട FV Barroki എന്ന ബോട്ടും അതിലുണ്ടായിരുന്ന 12 വിദേശീയരെയും ഇന്ത്യൻ കോസ്റ്റ് ഗാർഡ് തടഞ്ഞുവച്ച് തുടർനടപടികൾ സ്വീകരിച്ചശേഷം 5-7-2015-ന് വിഴിഞ്ഞം തീരത്ത് കൊണ്ടുവന്ന് റിപ്പോർട്ട് സഹിതം വിഴിഞ്ഞം പോലീസിന് കൈമാറി. വിഴിഞ്ഞം പോലീസിന് കൈമാറിയ സമയത്തുതന്നെ (5-7-2015-ൽ) എൻ.ഐ.എ. ഉൾപ്പെടെയുള്ള ദേശീയ സംസ്ഥാന ഏജൻസികൾ വന്നിരുന്നതും വിദേശീയരിൽനിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതുമാണ്. കോസ്റ്റ് ഗാർഡ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം പോലീസ് ക്രൈം 945/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് കേസ് ഔദ്യോഗികമായി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കേരള സർക്കാർ 6-7-2015-ന് എൻ.ഐ.എ.-ക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു.

(ബി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കേരള പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ല.

(സി) ഇല്ല. ഈ കേസും കേസിലെ പ്രതികളും എൻ.ഐ.എ. കോടതിയുടെ അധീനതയിലാണുള്ളത്.

(ഡി) പോലീസിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ അനാസ്ഥയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഗ്രൂപ്പുപോരിന്റെ പേരിലുള്ള സംഘർഷങ്ങൾ**

**240 (3752)** <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ കോൺഗ്രസ്, യൂത്ത് കോൺഗ്രസ്, കെ.എസ്.യു. ഗ്രൂപ്പുവഴക്കിന്റെ പേരിൽ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഗ്രൂപ്പ് വഴക്കിന്റെ പേരിലുള്ള സംഘർഷത്തിന്റെ ഭാഗമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) യു.ഡി.എഫ്.-ലെ മറ്റ് ഘടക കക്ഷികളുടെ പ്രവർത്തകരും, കോൺഗ്രസ് പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ കോൺഗ്രസ്, യൂത്ത് കോൺഗ്രസ്, കെ.എസ്.യു. ഗ്രൂപ്പുവഴക്കിന്റെ പേരിൽ കൊലപാതകങ്ങളൊന്നും നടന്നിട്ടില്ല.

(ബി) ഗ്രൂപ്പുവഴക്കിന്റെ പേരിലുള്ള സംഘർഷത്തിന്റെ ഭാഗമായി 52 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) യു.ഡി.എഫ്.-ലെ മറ്റ് ഘടക കക്ഷികളുടെ പ്രവർത്തകരും കോൺഗ്രസ് പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തിന്റെ പേരിൽ 27 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മയക്കുമരുന്നുകളും കഞ്ചാവും വിറ്റതിന്റെ പേരിലുള്ള കേസുകൾ**

**241 (3753)** <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുകളുടെയും കഞ്ചാവിന്റെയും വിൽപന വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ എത്ര പേർക്കെതിരെ 2015-16 വർഷത്തിൽ കേസ് എടുത്തിട്ടുണ്ട്;

(സി) ഓരോ കേസിലും പ്രതികൾ കൈവശം വച്ചിരുന്ന സാധനങ്ങളുടെ

അളവ് എത്രയാണ്;

(ഡി) സ്റ്റേഷനിൽ നിന്നും ജാമ്യം നൽകിയത് എത്ര പേർക്കാണ്; കോടതിയിൽ ഹാജരാക്കി എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു; എത്ര പേരെ വിട്ടയച്ചു; വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ചില സ്ഥലങ്ങളിൽ ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ ഇതുസംബന്ധിച്ച് 2015-16 വർഷത്തിൽ 33 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

(സി & ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം**

**242 (3754)** <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ ;

(സി) വിദ്യാർത്ഥികളിൽ ലഹരി ഉപയോഗിക്കുന്ന സ്വഭാവം ആരംഭദിശയിൽ തന്നെ തടയുന്നതിനായി സ്കൂൾ അധികൃതരുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി നിരന്തരം പരിശോധനകൾ നടത്തിവരുന്നു. കൂടാതെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ക്ലീൻ കാമ്പസ് സേഫ് കാമ്പസ് എന്നീ പദ്ധതികൾ മുഖേന സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗും നിരീക്ഷണവും നടത്തുകയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആരെങ്കിലും ലഹരി വസ്തുക്കൾ വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് 16391 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയിലൂടെയും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ അവരുടെ രക്ഷിതാക്കൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ എന്നിവരെ ഉൾപ്പെടുത്തി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ സഹായത്തോടെയും മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ലഹരി വിരുദ്ധ ചിത്ര പ്രദർശനം, ചിത്രരചന, ബോധവൽക്കരണ റാലികൾ എന്നിവയും നടത്തിവരുന്നു.

### വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ

**243 (3755)** ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സാജു പോൾ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണം പോലീസിന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമവാഴ്ചയും സ്വൈര്യജീവിതവും ഉറപ്പാക്കുന്നതിൽ പോലീസ് സേനയ്ക്ക് വീഴ്ച പറ്റിയിട്ടുണ്ടോ; ബാഹ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ സത്യസന്ധമായി നടപടി സ്വീകരിക്കാൻ പോലീസിന് കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കപ്പെട്ടിട്ടുണ്ടോ;

(സി) ബാഹ്യ ഇടപെടലുകൾ മൂലം പോലീസ് സേനയിലുള്ളവർക്ക് സത്യസന്ധമായി കേസുകൾ കൈകാര്യം ചെയ്യാൻ കഴിയാതിരിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണം പോലീസിന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് കുറ്റകൃത്യങ്ങൾ തടയാൻ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) നിയമവാഴ്ചയും സൈ്വര്യജീവിതവും ഉറപ്പാക്കുന്നതിൽ പോലീസ് സേനയ്ക്ക് വീഴ്ച പറ്റിയിട്ടില്ല. ബാഹ്യ സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ സത്യസന്ധമായി നടപടി സ്വീകരിക്കാൻ പോലീസിന് കഴിയുന്നുണ്ട്.

(സി) ബാഹ്യ ഇടപെടലുകൾമൂലം പോലീസ് സേനയിലുള്ളവർക്ക് സത്യസന്ധമായി കേസുകൾ കൈകാര്യം ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ**

**244 (3756)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കേസുകളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ, ജാമ്യത്തിൽ വിട്ടയക്കപ്പെട്ടവർ. റിമാന്റ് ചെയ്യപ്പെട്ടവർ, ഇനി അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ, കുറ്റപത്രം കോടതിയിൽ നൽകിയവ, അന്വേഷണം പൂർത്തിയായിട്ടില്ലാത്തവ, വിചാരണ കഴിഞ്ഞ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടവർ, പീഡനങ്ങളെത്തുടർന്ന് മരണപ്പെട്ട സ്ത്രീകൾ എന്നിവയുടെ എണ്ണം വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കേസുകളുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| Rape with Murder | 13 |
| Rape | 5512 |

| | |
|---|---|
| Molestation | 18241 |
| Eve-teasing | 1708 |
| Kidnapping & Abduction | 835 |
| 304 (B) | 92 |
| 498 (A) | 21609 |
| Others | 12060 |

(ബി) സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച വിവിധയിനം കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ, ജാമ്യത്തിൽ വിട്ടയക്കപ്പെട്ടവർ, റിമാന്റ് ചെയ്യപ്പെട്ടവർ, അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ, കുറ്റപത്രം കോടതിയിൽ നൽകിയ കേസുകളുടെ എണ്ണം, അന്വേഷണം പൂർത്തിയായിട്ടില്ലാത്ത കേസുകളുടെ എണ്ണം, വിചാരണ കഴിഞ്ഞ കേസുകളിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം, പീഡനങ്ങളെ തുടർന്ന് മരണപ്പെട്ട സ്ത്രീകളുടെ എണ്ണം എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ**

**245 (3757)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം ഇതുവരെ പെൺവാണിഭം, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം എന്നിവ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും, ഏതെല്ലാം കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ആഭ്യന്തര വകുപ്പും സർക്കാർ രൂപീകരിച്ച പ്രത്യേക പോലീസ് സംഘവും ഓപ്പറേഷൻ ബിഗ് ഡാഡി വഴി രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയെന്നും അതിൽ എത്ര കേസുകളിൽ പ്രതികളെ അറസ്റ്റുചെയ്തുവെന്നും അറിയിക്കുമോ; വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതു തടയുവാനും കുറ്റക്കാരെ കണ്ടെത്താനും എന്തെല്ലാം സംവിധാനങ്ങളുണ്ടെന്നും അവ ഇത്തരം കുറ്റകൃത്യങ്ങൾ തടയുവാൻ ഫലപ്രദമാണോ എന്നും അല്ലെങ്കിൽ ഫലപ്രദമാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പുവർഷം (2015) ഇതുവരെ പെൺവാണിഭം സംബന്ധിച്ച് ഒൻപത് കേസുകളും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം സംബന്ധിച്ച് 674 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏതെല്ലാം കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തു എന്നുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഓപ്പറേഷൻ ബിഗ് ഡാഡി എന്ന പ്രത്യേക പദ്ധതി വഴി നാല് കേസുകൾ തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

1. <u>Cr. No. 29/2015</u>:- U/s. 67, 67 B(b) (c) (d), 66 C of Information Technology Act – 2000 & Sec. 13 r/w. 14(1) of The Protection of Children from Sexual Offences Act, 2012 and 370 (1) & 34 of IPC പ്രകാരം ഇതുവരെ 14 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

2. <u>Cr. No. 32/2015</u>:- U/s. 5 (A) (a) (b) (c) of Immoral Traffic (Prevention) Act – 1956, Sec. 67 of Information Technology Act – 2000 and Sec. 370(1) & 34 of IPC. ഈ കേസിൽ ഇതുവരെ പത്തുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

3. <u>Cr. No. 34/2015</u>:- U/s. 366A, 370 (1), 120 (B), 212 & 34 of IPC and Sec. 66 C & 67 of Information Technology Act – 2000 and Sec. 13 (b) (c) r/w. 14 of The Protection of Children from Sexual Offences Act, 2012 and Sec. 4 (1), (2), (a), (b), (c), 5 (a), (b), (c), 5 A(a), (b), (c) of the Immoral Traffic (Prevention) Act, 1956. ഈ കേസിൽ ഇതുവരെ പത്തുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

4. <u>Cr. No. 36/2015</u>:- U/s. 67 A of Information Technology Act,

2000 and 370, 376, 384, 120 B and 34 of IPC. ഈ കേസിൽ ഇതുവരെ മൂന്നുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്ക് നവമാധ്യമങ്ങൾ ഉപയോഗിക്കുന്നത് തടയുവാനും കുറ്റക്കാരെ കണ്ടെത്താനും സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് നിരീക്ഷിക്കുന്നതിനുമായി ജില്ലകൾ തോറും സൈബർ സെല്ലുകളും തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷനും പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുജനങ്ങൾക്കും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തിയും എക്സിബിഷനുകളിലൂടെയും പൊതുജനങ്ങൾക്ക് സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകിവരുന്നു. കൂടാതെ ഇത്തരം നിയമ വിരുദ്ധ പ്രവർത്തനം ചെയ്യുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

## ചടയമംഗലത്തെ ക്രൈം നമ്പർ 1843/2015 കേസന്വേഷണം

**246 (3758)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ:1843/2015 ന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റവാളികളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സി.പി.ഐ. യുടെ കൊല്ലം ജില്ലാ എക്സിക്യൂട്ടീവ് മെമ്പറും ചടയമംഗലം മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. മുസ്തഫ, എ. എം. ഹൗസ്, പോരേടം എന്ന ആളുടെ വീട്ടുമുറ്റത്ത് ആരോ കുറ്റകരമായി പ്രവേശിച്ച് വീടിന്റെ മുൻവശമുള്ള ജനലിന്റെ മദ്ധ്യഭാഗത്തുള്ള മൂന്ന് ഗ്ലാസുകൾ പാറക്കല്ലുകൊണ്ട് ഇടിച്ചുപൊട്ടിച്ച് 4000 രൂപയുടെ നഷ്ടമുണ്ടായതായി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ചടയമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1843/2015 U/s. 447, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. ഇതുവരെ ടി

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

കേസിലെ പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല.

(ബി&സി) ഫിംഗർ പ്രിന്റ് ബ്യൂറോ, ഡോഗ് സ്ക്വാഡ്, സയന്റിഫിക് അസിസ്റ്റന്റ് എന്നിവരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തി ടി കേസിലെ കുറ്റവാളികളെ കണ്ടെത്തുന്നതിനുവേണ്ടി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

**ആഭ്യന്തര വകുപ്പിൽ നിന്നും 6-10-2015-ലെ ഉത്തരവിന്മേലുള്ള നടപടികൾ**

**247 (3759)** <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ നിന്നും 6-10-2015 ൽ ഇറക്കിയിട്ടുള്ള 2511/2015 നമ്പർ ഉത്തരവിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനായി എറണാകുളം ജില്ലയിലെ പോലീസുകാർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർക്കാർ ഉത്തരവിനെ തുടർന്ന് പാലക്കാട് ജില്ലയിലെ 29 സിവിൽ പോലീസ് ഓഫീസർമാരുടെ സീനിയോറിറ്റി പുനക്രമീകരിച്ച് നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പാലക്കാട് ജില്ലയിലെ 29 സിവിൽ പോലീസ് ഓഫീസർമാർ ഫയൽ ചെയ്ത OA (EKM) No. 50/2015- മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് സർക്കാർ ടി ഉത്തരവിറക്കിയിട്ടുള്ളത്. ആയതിനാൽ ടി ഉത്തരവിലെ നിർദ്ദേശങ്ങൾ മറ്റ് ജില്ലകളിലും നടപ്പിലാക്കുന്നതിന്റെ പ്രായോഗികത വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

**കൊട്ടാരക്കര ഫയർ സ്റ്റേഷന് ലഭ്യമാക്കിയ ഉപകരണങ്ങൾ**

**248 (3760)** <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര ഫയർ സ്റ്റേഷന് എന്തെല്ലാം ഉപകരണങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കാര്യക്ഷമമായ നടത്തിപ്പിനായി എന്തെല്ലാം ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു;

(സി) പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിലയത്തിന് അനുവദിച്ചുനൽകിയ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഉപകരണം | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ഡെലിവറി ഹോസ് | 14 |
| 2 | ബാറ്ററി 13 പ്ലേറ്റ് | 1 |
| 3 | സേഫ്റ്റി ബെൽറ്റ് | 7 |
| 4 | ചെയിൻ സാ | 3 |
| 5 | ബാറ്ററി 19 പ്ലേറ്റ് | 1 |
| 6 | ബാറ്ററി 25 പ്ലേറ്റ് | 1 |
| 7 | ലൈഫ് ജാക്കറ്റ് | 9 |
| 8 | കെമിക്കൽ ഗോഗിൾസ് | 8 |
| 9 | ഗം ബൂട്ട് | 20 |

| | | |
|---|---|---|
| 10 | എയർ ലിഫ്റ്റിംഗ് ബാഗ് കിറ്റ് | 1 |
| 11 | ലൈഫ്ബോയ് | 8 |
| 12 | ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ് | 3 |
| 13 | ഫ്ളോട്ട് പമ്പ് | 1 |
| 14 | സേഫ്റ്റി ഷൂ | 20 |
| 15 | സീറോ ടോർക്ക് നോസിൽ | 1 |
| (1) | (2) | (3) |
| 16 | കട്ടിൽ (തടി) | 6 |
| 17 | ഫയൽ റാക്ക് | 3 |
| 18 | റെയിൻ കോട്ട് | 28 |
| 19 | ആംബുലൻസ് | 1 |
| 20 | റോപ് | 1 റോൾ |
| 21 | പോർട്ടബിൾ പമ്പ് | 1 |
| 22 | സ്ട്രെച്ചർ | 2 |
| 23 | അലൂമിനിയം സ്യൂട്ട് | 1 |
| 24 | സേഫ്റ്റി ഗ്ലൗസ് | 10 |
| 25 | ചെയർ | 4 |
| 26 | ഡെസ്ക്ക് | 1 |
| 27 | ബെഞ്ച് | 1 |

| | | |
|---|---|---|
| 28 | സ്റ്റൂൾ | 2 |

(ബി) 1. മൊബൈൽ ടാങ്ക് യൂണിറ്റ് 1

2. എമർജൻസി റെസ്ക്യൂ ടെണ്ടർ 1

3. സേർച്ച് ലൈറ്റ് 2

4. സ്പോട്ട് ലൈറ്റ് 1

5. ഇൻഫ്ളേറ്റഡ് ടവ്വർ ലൈറ്റ് 1

6. ചെയിൻ സാ 1

7. അണ്ടർ വാട്ടർ സേർച്ച് ലൈറ്റ് 1

8. നൈഫ് 1

9. മോട്ടോർ ബൈക്ക് (വിത്ത് വാട്ടർ മിസ്റ്റ്) 1

(സി) 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം വാങ്ങുന്ന മുറയ്ക്ക് കൊട്ടാരക്കര നിലയത്തിനും ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ്.

**വി. എ. അരുൺ കുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം**

**249 (3761)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി.സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ മകൻ വി.എ.അരുൺ കുമാറിനെതിരെ വിജിലൻസ് വകുപ്പ് നടത്തുന്ന വി.ഇ.4/2011/എസ്.സി.റ്റി, വി.ഇ.20/2011/എസ്.ഐ.യു-11 എന്നീ നമ്പരുകളിലുള്ള കേസുകളുടെ നാളിതുവരെയുള്ള അന്വേഷണത്തിന്റെ പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(ബി) വി.എ.അരുൺ കുമാറിനെതിരെ 16-6-2011- ലെ ജി.ഒ.(എം.എസ്) 19/2011/വി.ജി.നമ്പർ പ്രകാരം ഉത്തരവിട്ട വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേസിലെ പരാതിക്കാരനായ മുഖ്യമന്ത്രിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയോ എന്ന വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി)

1. <u>വി.ഇ. 4/2011/എസ്.സി.റ്റി.:</u> 16.06.2011 തീയതിയിലെ ജി.ഒ. (എം.എസ്) 19/2011/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. വി. എ. അരുൺ കുമാറിനെതിരെ വിജിലൻസ് ഡയറക്ടർ നടത്തുന്ന വി. ഇ. 4/2011/എസ്.സി.റ്റി.-യിൽ അന്വേഷണം അന്തിമഘട്ടത്തിലാണ്.

2. <u>വി.ഇ. 20/2011/എസ്.ഐ.യു. II:</u> സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച പരാതിയിന്മേൽ 20-9-2011 തീയതിയിലെ 7967/ഇ 3/2011/വിജി. നമ്പർ കത്ത് പ്രകാരം വിജിലൻസ് അന്വേഷണത്തിന് ഉത്തരവാകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വി. എ. അരുൺ കുമാറിനെതിരെ വി.ഇ. 20/2011/എസ്.ഐ.യു.-II-ൽ വിജിലൻസ് ഡയറക്ടർ അന്വേഷണം നടത്തുകയും 6-6-2012 തീയതിയിലെ T1(VE 20/11/SIU-II) 20763/2011 നമ്പർ കത്ത് പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും റിപ്പോർട്ടിന്റെ പകർപ്പ് ആഭ്യന്തര വകുപ്പിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി 7-8-2012-ലെ 7967/ഇ 3/11/വിജി. നമ്പർ കത്തിലൂടെ ആഭ്യന്തര വകുപ്പിന് നൽകുകയും ചെയ്തു.

(സി) രേഖപ്പെടുത്തിയിട്ടില്ല.

**ബാർകോഴ കേസ്**

**250 (3762)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീമതി കെ.എസ്.സലീഖ</u> :
<u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസിൽ വിജിലൻസ് ഡയറക്ടറെ രൂക്ഷമായി വിമർശിച്ച, വിജിലൻസ് കോടതി ഉത്തരവിനെതിരെ ഹൈക്കോടതിയിൽ റിവിഷൻ ഹർജി

നൽകാൻ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) സ്വകാര്യ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രതിയെ കുറ്റവിമുക്തമാക്കിയ വിജിലൻസ് ഡയറക്ടറുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കാതെ, കോടതി ഉത്തരവിനെതിരെ റിവിഷൻ ഹർജി നൽകാൻ അനുമതി നൽകിയ നടപടി നിയമം അനുശാസിക്കുന്ന തരത്തിലാണോ; വിശദമാക്കുമോ;

(സി) വിജിലൻസ് ഡയറക്ടർ ഇക്കാര്യത്തിൽ സ്വകാര്യ നിയമോപദേശം തേടുന്നതിനു മുമ്പ് അഡ്വക്കേറ്റ് ജനറലിന്റെ അനുമതി വാങ്ങിയിരുന്നുവോ; സ്വകാര്യ നിയമോപദേശം നൽകിയവർക്ക് ഫീസ് ഇനത്തിൽ നൽകേണ്ടതായ മൊത്തം തുക എത്രയെന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സർക്കാരിന്റെ അനുമതിയോടെയാണ് റിവിഷൻ ഹർജി <u>ബഹു</u>. ഹൈക്കോടതിയിൽ നൽകിയത്.

(ബി) സ്വകാര്യ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ കുറ്റാരോപിതനായ വ്യക്തിയെ കുറ്റവിമുക്തനാക്കിയിട്ടില്ല. <u>ബഹു</u>. വിജിലൻസ് കോടതിയുടെ വിധിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്ന തരത്തിൽ വിജിലൻസ് ഡയറക്ടറുടെ അധികാരത്തെക്കുറിച്ച് പരാമർശമുണ്ടായിരുന്നു. ഇത് നീക്കുന്നതിനുവേണ്ടി സർക്കാരിന്റെ അനുമതിയോടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ <u>ബഹു</u>. ഹൈക്കോടതിയിൽ ക്രിമിനൽ ഒ.പി. ഫയൽ ചെയ്യുകയുണ്ടായി. ഇതിന്മേൽ <u>ബഹു</u>. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ വിജിലൻസ് മാനുവൽ ഖണ്ഡിക 72(1) പ്രകാരവും സി.ആർ.പി.സി. സെക്ഷൻ 158(2) പ്രകാരവും യഥാസമയം അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശങ്ങൾ നൽകാമെന്ന് ഉത്തരവായിട്ടുണ്ട്. കീഴ് കോടതിയുടെ പരാമർശം നീക്കിയിട്ടുണ്ട്.

(സി) ഇല്ല. 7,70,000 രൂപയാണ് നൽകേണ്ടത്.

**വിജിലൻസ് ക്രൈം**

**251 (3763)** <u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ക്രൈം നമ്പർ 4/085/TVM എന്ന വിജിലൻസ് ക്രൈം ആരുടെയെല്ലാം പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് ;

(ബി) പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ ചുമത്തിയിരുന്ന കുറ്റാരോപണം എന്തെല്ലാമായിരുന്നു ;

(സി) അഴിമതി നിരോധന നിയമത്തിന്റെ ഏതു വകുപ്പുപ്രകാരമായിരുന്നു പ്രസ്തുത ക്രൈമിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരുന്നത്;

(ഡി) പ്രസ്തുത കേസിൽ പ്രതിചേർക്കപ്പെട്ടിരുന്ന ബാർഹോട്ടൽ ഉടമ ബിജുരമേശ് കേരള ഹൈക്കോടതിയിൽ ക്രിമിനൽ MC 1041/2008 ആയി ഒരു കേസ് ഫയൽ ചെയ്തിരുന്നുവോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത കേസിലെ എതിർ കക്ഷികളായിരുന്ന ജില്ലാ കളക്ടർ, വിജിലൻസ് ഡയറക്ടർ എന്നിവർ കോടതിയിൽ ഹാജരായിട്ടുണ്ടോ ; എങ്കിൽ ഇവർ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത ക്രൈമിന്റെയും, ക്രിമിനൽ എം. സി.യുടേയും തുടർ നടപടികളും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കുമോ ;

(ജി) നമ്പർ - 4/085/TVM എന്ന വിജിലൻസ് ക്രൈമിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ആരായിരുന്നു ; പ്രസ്തുത ക്രൈമിന്റെ എഫ്.ഐ.ആർ., എഫ്. ഐ. സ്റ്റേറ്റ്മെന്റ്, സാക്ഷിമൊഴികളുടെ പകർപ്പ്, മറ്റ് അനുബന്ധ രേഖകൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 4/085/TVM എന്ന വിജിലൻസ് കേസ് തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ ചീഫ് കൊമേഴ്സ്യൽ മാനേജരായിരുന്ന ശ്രീ. ആർ. പി. പിള്ള എന്ന വ്യക്തിക്കെതിരെയാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ബി) ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുവെന്ന കുറ്റമാണ് ആരോപിച്ചിരിക്കുന്നത്.

(സി) സെക്ഷൻ 5(1) ഡി, ആർ/ഡബ്ല്യൂ. 5(2) പി.സി. ആക്ട് 1947 പ്രകാരമാണ് പ്രസ്തുത കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ഡി) ടി കേസിൽ ശ്രീ. ബിജു രമേശിനെ പ്രതി ചേർത്തിട്ടില്ല.

(ഇ) ടി കേസിൽ ജില്ലാ കളക്ടർ, വിജിലൻസ് ഡയറക്ടർ എന്നിവർ കോടതിയിൽ ഹാജരായിട്ടില്ല.

(എഫ്&ജി) ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. കെ. ജെ. മാത്യു ആയിരുന്നു അന്വേഷണ ഉദ്യോഗസ്ഥൻ. പ്രസ്തുത കേസിലെ പ്രതി മരണപ്പെട്ടുപോയതിനാൽ 22-7-2009-ൽ ബഹുമാനപ്പെട്ട കോടതി ഈ കേസിന്റെ തുടർനടപടി അവസാനിപ്പിച്ചിട്ടുള്ളതാണ്.

**വിജിലൻസ് അഴിമതി കേസ്**

**252 (3764)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 - 16 - ൽ അഴിമതിക്കെതിരെയുള്ള എത്ര വിജിലൻസ് കേസുകളാണ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുള്ളത്; ഇതിൽ എത്ര സംസ്ഥാന മന്ത്രിമാർ ഉൾപ്പെടുന്നു; അവർ ആരെല്ലാമാണ്;

(ബി) എത്ര ഉന്നത ഉദ്യോഗസ്ഥൻമാർ അന്വേഷണത്തെ നേരിടുന്നുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2015 വർഷത്തിൽ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് 345 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ നിലവിലെ സംസ്ഥാന മന്ത്രിമാരാരും ഉൾപ്പെടുന്നില്ല.

(ബി) 12 ഉന്നത ഉദ്യോഗസ്ഥൻമാർ നിലവിൽ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്.

**വിജിലൻസ് കേസുകൾ**

**253 (3765)** ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖജനാവിന് നഷ്ടം വരുത്തിയിട്ടുള്ളതായും അഴിമതിയും ക്രമക്കേടുകളും

നടത്തിയതായും ആരോപിക്കപ്പെട്ടിട്ടുള്ളതായ ഏതെല്ലാം മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ പ്രാഥമിക അന്വേഷണം നടത്തി തുടരന്വേഷണം ആവശ്യമില്ലെന്ന നിലയിൽ അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ട് ;

(ബി) ഉദ്യോഗസ്ഥർക്കെതിരെ ഉണ്ടായ ഏതെങ്കിലും ആരോപണത്തിന്മേലോ ഹർജിയിലോ വിജിലൻസ് പ്രാഥമികാന്വേഷണം നടത്തി തുടരന്വേഷണം ആവശ്യമില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ ഏതൊക്കെ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ബാർ ലൈസൻസ് ഫീസ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമന്ത്രി ശ്രീ. ബാബുവിനെതിരായുണ്ടായ ആരോപണത്തിൽ ഒരു പ്രാഥമികാന്വേഷണം നടത്തുകയും ആരോപണങ്ങൾ തെളിയിക്കുന്നതിന് അടിസ്ഥാനമായ വസ്തുതകൾ ലഭിക്കാത്തതിനാൽ അന്വേഷണം അവസാനിപ്പിക്കുകയുമുണ്ടായി.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു. *

**കേപ്പിന്റെ ആശുപത്രി സംബന്ധിച്ച വിജിലൻസ് അന്വേഷണം**

**254 (3766)** <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ കേപ്പിന്റെ കീഴിലുള്ള സഹകരണ ആശുപത്രിയുടെ പ്രവർത്തനങ്ങളെയും നിയമനങ്ങളെയും സംബന്ധിച്ച് വിജിലൻസ് അന്വേഷണം നിലവിലുണ്ടോ ;

(ബി) ഇതിന്റെ തൽസ്ഥിതി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ആലപ്പുഴ ജില്ലയിലെ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷന്റെ (കേപ്പ്) കീഴിലുള്ള പുന്നപ്ര സഹകരണ ആശുപത്രിയിൽ 28.02.2011 മുതൽ 23-5-2011 വരെയുള്ള കാലയളവിൽ 1-3-2011-ലെ എക്സിക്യൂട്ടീവ് തീരുമാനത്തിന് വിരുദ്ധമായി അനധികൃതമായി 185

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കരാർ ജീവനക്കാരുടെ കരാർ നീട്ടിക്കൊടുത്തതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്തുകയും (വി.ഇ. 02/2014/എ.എൽ.പി.) ടി വിജിലൻസ് അന്വേഷണത്തിൽ മുൻ കേപ്പ് ഡയറക്ടർ ശ്രീ. റിജി. ജി. നായർക്കെതിരായി പ്രഥമദൃഷ്ട്യാ ആരോപണം തെളിയിക്കപ്പെട്ടതിനാൽ ഒരു വിജിലൻസ് കേസ് (വി.സി. 13/2015/എ.എൽ.പി.) രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസന്വേഷണം പുരോഗമിച്ചുവരുന്നു.

**വിജിലൻസിനെ ശക്തിപ്പെടുത്താനുള്ള നടപടികൾ**

**255 (3767)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിജിലൻസ് അന്വേഷണ വിഭാഗത്തെ ശക്തിപ്പെടുത്താൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

വിജിലൻസ് അന്വേഷണങ്ങളും കേസുകളും ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാർക്കും പകുതിയിലധികം പോലീസ് ഇൻസ്പെക്ടർമാർക്കും ലാപ്ടോപ് കമ്പ്യൂട്ടറുകൾ നൽകുകയും അന്വേഷണങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നൂതന അന്വേഷണോപകരണങ്ങൾ എല്ലാ ജില്ലാ ഓഫീസുകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. ബ്യൂറോയിലെ പോലീസ് ഇൻസ്പെക്ടർമാർക്കും അതിനുമുകളിലുള്ള ഉദ്യോഗസ്ഥർക്കും പ്രോത്സാഹനമെന്ന നിലയിൽ ബാഡ്ജ് ഓഫ് ഓണർ ബഹുമതി നൽകിവരുന്നുണ്ട്. കൂടാതെ അന്വേഷണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുവാൻ സി.ബി.ഐ. ട്രെയിനിംഗ് ഉൾപ്പെടെയുള്ള ആവശ്യമായ പ്രത്യേക പരിശീലനവും നൽകിവരുന്നുണ്ട്.

**ഹാൻടെക്സിലെ ജീവനക്കാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം**

**256 (3768)** ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കൊക്കെ എതിരെ; അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഹാൻടെക്സിലെ ജീവനക്കാർക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലില്ല.

**ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം**

**257 (3769)** <u>ശ്രീ. ആർ . സെൽവരാജ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തടവുകാരെ നേരിട്ട് കോടതിയിൽ ഹാജരാക്കാതെ ഈ സംവിധാനം വഴി വിചാരണ പൂർത്തിയാക്കുവാൻ സാധിക്കും. തടവുകാരെ കോടതിയിൽ കൊണ്ടുപോകുമ്പോഴുള്ള സുരക്ഷാ പ്രശ്നങ്ങളൊഴിവാകും. എസ്കോർട്ട് ഡ്യൂട്ടിയിൽനിന്നും പോലീസ് ഉദ്യോഗസ്ഥരെ ഒഴിവാക്കുവാനും സാധിക്കും.

(സി) വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിലില്ലാത്ത ജയിലുകളിൽ അവ സ്ഥാപിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത ജയിലുകളിൽ ആയത് പ്രവർത്തന ക്ഷമമാക്കുന്നതിനുമായി 11.25 കോടി രൂപ ചെലവുവരുന്ന പദ്ധതി സർക്കാർ നടപ്പാക്കിവരുന്നു.

**ജയിലുകളിലെ ഭക്ഷണ വിതരണം**

**258 (3770)** ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ ഭക്ഷണ വിതരണം പ്രതിസന്ധിയിലാണെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട കരാറുകാർക്ക് കുടിശ്ശിക തുക നൽകാനുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജയിലുകളിലെ ഭക്ഷണ വിതരണത്തിൽ പ്രതിസന്ധിയുണ്ടായിട്ടില്ല. എന്നാൽ ചില മാധ്യമങ്ങളിൽ പ്രതിസന്ധിയുണ്ടായതായി തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട കരാറുകാർക്ക് കുടിശ്ശിക തുക നൽകാനില്ല.

**വനമേഖലയിൽനിന്ന് മരം മുറിച്ച് കടത്തിയ കേസുകൾ**

**259 (3771)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വനം സംബന്ധമായ എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട് ;

(സി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പേർ പ്രതികളായിട്ടുണ്ട് ; അതിൽ എത്രപേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനമേഖലയിൽ

നിന്ന് അനധികൃതമായി മരം മുറിച്ചുകടത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം സെൻട്രൽ സർക്കിൾ, തൃശ്ശൂർ-329 എണ്ണവും ഈസ്റ്റേൺ സർക്കിൾ, പാലക്കാട്-365 എണ്ണവും ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം-70 എണ്ണവും അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം-3 എണ്ണവുമാണ്. സതേൺ സർക്കിൾ, കൊല്ലം, ഹൈറേഞ്ച് സർക്കിൾ, കോട്ടയം, നോർത്തേൺ സർക്കിൾ, കണ്ണൂർ, വൈൽഡ് ലൈഫ് നോർത്തേൺ റീജിയൺ, പാലക്കാട് എന്നീ സർക്കിളുകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വനം സംബന്ധമായി നിലവിൽ സെൻട്രൽ സർക്കിൾ, തൃശ്ശൂരിൽ 1069 എണ്ണവും ഈസ്റ്റേൺ സർക്കിൾ, പാലക്കാട് - 1388 എണ്ണവും ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം - 143 എണ്ണവും അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം - 99 എണ്ണവുമാണ്. സതേൺ സർക്കിൾ, കൊല്ലം, ഹൈറേഞ്ച് സർക്കിൾ, കോട്ടയം, നോർത്തേൺ സർക്കിൾ, കണ്ണൂർ, വൈൽഡ് ലൈഫ് നോർത്തേൺ റീജിയൺ, പാലക്കാട് എന്നീ സർക്കിളുകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് സെൻട്രൽ സർക്കിൾ, തൃശ്ശൂർ - 2488 പേർ പ്രതികളായിട്ടുണ്ട്. 88 പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്. ഈസ്റ്റേൺ സർക്കിൾ, പാലക്കാട്-853 പേർ പ്രതികളായിട്ടുണ്ട്. 124 പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്. ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം-200 പേർ പ്രതികളായിട്ടുണ്ട്.81 പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം - 97 പേർ പ്രതികളായിട്ടുണ്ട്. 13 പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്. സതേൺ സർക്കിൾ, കൊല്ലം, ഹൈറേഞ്ച് സർക്കിൾ, കോട്ടയം, നോർത്തേൺ സർക്കിൾ, കണ്ണൂർ, വൈൽഡ് ലൈഫ് നോർത്തേൺ റീജിയൺ, പാലക്കാട് എന്നീ സർക്കിളുകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ആനവേട്ട**

**260 (3772)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന മേഖലകൾ കേന്ദ്രീകരിച്ച് കാട്ടാന വേട്ട നടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ നടത്തിയ

അന്വേഷണങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനകം എത്ര കാട്ടാനകൾ വേട്ടയാടപ്പെട്ടതായാണ് സർക്കാരിന്റെ കണക്ക്; ഇതിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ വനമേഖലകളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വേട്ടയാടപ്പെടുന്ന സാഹചര്യം ഒഴിവാകുന്നതിന് പരിശോധനയും മറ്റ് നടപടികളും കാര്യക്ഷമമാക്കുന്ന കാര്യം സർക്കാർ പരിഗണിയ്ക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലയാറ്റൂർ, വാഴച്ചാൽ മേഖലയിൽ ആനവേട്ട നടന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ വനം വകുപ്പിന് 2015 മെയ്/ജൂൺ മാസങ്ങളിൽ ലഭിച്ചതിനെത്തുടർന്നാണ് ശക്തമായ അന്വേഷണം ആരംഭിച്ചത്. പ്രാഥമികാന്വേഷണത്തിൽ ആനവേട്ടയുടെ പിന്നിൽ വേട്ടക്കാരെ കൂടാതെ ഇടനിലക്കാർ, ആനക്കൊമ്പിൽ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന പണിക്കാർ, ആനക്കൊമ്പ് കച്ചവടക്കാർ എന്നിവരുള്ളതായി അന്വേഷണ സംഘത്തിന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് 'ഓപ്പറേഷൻ ഷിക്കാർ' എന്ന് പേരിട്ട അന്വേഷണത്തിലൂടെ ആനവേട്ടയുമായി ബന്ധമുള്ള കേരളത്തിനകത്തും പുറത്തുമുള്ള ഒരു വൻ ശൃംഖലയെ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞു. ആനവേട്ട നടന്നത് ഒരു വർഷത്തിനുമുമ്പുള്ള കാലയളവിലാണ്. രാജ്യതലസ്ഥാനമായ ഡൽഹി വരെ നീണ്ട അന്വേഷണത്തിന്റെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

1. മൊത്തം അറസ്റ്റിലായവർ - 73 പേർ
2. കണ്ടെത്തിയ ആനക്കൊമ്പും ആനക്കൊമ്പിൽ തീർത്ത കരകൗശല വസ്തുക്കളും - 479.292 കി.ഗ്രാം.
3. കണ്ടെത്തിയ ആനയുടെ ജഡാവശിഷ്ടങ്ങൾ - 18
4. പിടിച്ചെടുത്ത വാഹനങ്ങൾ - 5
5. പിടിച്ചെടുത്ത തോക്കുകൾ - 14

ഈ കേസിന് അന്തർ സംസ്ഥാന, അന്താരാഷ്ട്ര ബന്ധങ്ങളുള്ളതിനാൽ കേന്ദ്ര ഏജൻസിയായ സി.ബി.ഐ.- യെക്കൊണ്ട് അന്വേഷിപ്പിക്കാൻ കേരള സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷത്തിനകം കേരളത്തിൽ കാട്ടാനകൾ വേട്ടയാടപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ സംരക്ഷിത വനമേഖലയിൽ മുമ്പുതന്നെ നടപ്പിലാക്കിയിട്ടുള്ള തരത്തിലുള്ള പ്രൊട്ടക്ഷൻ പ്ലാൻ മറ്റുള്ള വനപ്രദേശത്തുകൂടി അതാത് മേഖലയ്ക്കനുയോജ്യമായ രീതിയിൽ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ആധുനിക സംവിധാനങ്ങളായ ക്യാമറ ട്രാപ്, ജി.പി.എസ്. തുടങ്ങിയവയുടെ ഉപയോഗം വർദ്ധിപ്പിക്കുവാനും പട്രോളിംഗ് കൂടുതൽ ശക്തവും കാര്യക്ഷമവുമാക്കുവാനും വേണ്ട നടപടി കൈക്കൊണ്ടിട്ടുണ്ട്. രഹസ്യ വിവര ശേഖരണവും കേസന്വേഷണവും ഊർജ്ജിതപ്പെടുത്തുന്നതിനായി വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

**വനം വകുപ്പ് ജീവനക്കാർക്ക് പോലീസ് ക്യാന്റീൻ അനുവദിക്കുന്നത്**

**261 (3773)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ജീവനക്കാർക്ക് 'പോലീസ് സെൻട്രൽ ക്യാന്റീൻ 'മാതൃകയിൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനം എന്ന് മുതൽ നടപ്പിലാക്കുമെന്ന് അറിയിക്കുമോ; ആയത് വനം വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ഉപയുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) വനംവകുപ്പ് ജീവനക്കാർക്ക് പോലീസ് സെൻട്രൽ ക്യാന്റീൻ മാതൃകയിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

**വനം വകുപ്പിൽ സ്ഥിരപ്പെടുത്തിയ താല്ക്കാലിക ജീവനക്കാർ**

**262 (3774)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനം വകുപ്പിൽ എത്ര താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും എത്ര വർഷം

താത്കാലികമായി ജോലി ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തസ്തികയിലാണ് താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരിൽ അർഹരായ പലരും ഉൾപ്പെട്ടിട്ടില്ല എന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ പരാതി ലഭിച്ചിരുന്നോ; ആയത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇനിയും എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്നും ആയത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ 116 താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അതിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി താൽക്കാലികാടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്തുവന്നിരുന്ന 105 പേരും 18 വർഷം താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയ ഒരാളും പരിസ്ഥിതി പ്രവർത്തകനും വന്യജീവി സംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ട ഏഴ് വർഷം താൽക്കാലികമായി ജോലി നോക്കിവന്നിരുന്ന ഒരാളും എട്ട് വർഷത്തിലേറെക്കാലമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്ന 9 ആനപാപ്പാന്മാരും ഉൾപ്പെടുന്നു.

(ബി) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി താൽക്കാലികാടിസ്ഥാനത്തിൽ ദിവസ വേതനത്തിൽ ജോലി ചെയ്തുവന്ന 105 പേരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചർ തസ്തികയിലും വന്യജീവി സംരക്ഷണ പ്രവർത്തനത്തിലേർപ്പെട്ട ഏഴ് വർഷം താൽക്കാലികമായി ജോലിനോക്കിവന്നിരുന്ന ഒരാളെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചർ തസ്തികയിലും 18 വർഷം താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയ ഒരാളെ ക്ലാർക്ക് തസ്തികയിലും 9 പേരെ ആനപാപ്പാൻ തസ്തികയിലുമാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി

താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നവരുടെ സേവനം വനം വകുപ്പിന് തുടർന്നും ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടവരെയാണ് സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡമാക്കിയത്. വനം വകുപ്പിൽ പരിചയ സമ്പന്നരായ ആനപാപ്പാന്മാരുടെ അഭാവത്തിലാണ് താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്ന പാപ്പാന്മാരെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചത്.

(സി) ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 99 താൽക്കാലിക ജീവനക്കാരുടെ അപേക്ഷ പരിഗണനയിലാണ്.

## ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് കൗൺസിൽ

**263 (3775)** ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിൽ സി.സി.എഫ് കൗൺസിൽ എന്ന സമിതി നിലവിലുണ്ടോ; എങ്കിൽ ഉത്തരവ് നമ്പർ വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 6 മാസക്കാലയളവിൽ പ്രസ്തുത സമിതി എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ടെന്നും ആയതിലേക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സമിതിയോഗങ്ങൾ ഒഴികെയുള്ള വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെ എത്ര യോഗങ്ങൾ വനം വകുപ്പ് ആസ്ഥാനത്ത് ചേർന്നിട്ടുണ്ടെന്നും ആയതിലേക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) സി.സി.എഫ്. കൗൺസിൽ എന്ന സമിതി നിലവിലുണ്ട്. ആയതിന്റെ ഉത്തരവ് നമ്പർ G.O. (MS) No. 52/83/GAD dated 24.02.1983 അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ ആറ് മാസക്കാലയളവിൽ പ്രസ്തുത സമിതി 14 പ്രാവശ്യം യോഗം ചേരുകയും ആയതിലേയ്ക്ക് 8678/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത സമിതിയോഗങ്ങൾ ഒഴികെയുള്ള വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെ 81 യോഗങ്ങൾ കഴിഞ്ഞ ആറ് മാസക്കാലയളവിനുള്ളിൽ നടന്നിട്ടുണ്ട്. ആയതിലേയ്ക്ക് 1,78,396 രൂപ ചെലവഴിച്ചിട്ടുണ്ട്.

**മറ്റ് വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർ**

**264 (3776)** ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിന്നും എത്ര ഉദ്യോഗസ്ഥന്മാർ (ഐ.എഫ്.എസ് കാറ്റഗറി ഒഴികെ) മറ്റ് വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം ഡെപ്യൂട്ടേഷൻ നിയമനം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) വനം വകുപ്പ് ആസ്ഥാനത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ ഏതെല്ലാം കാറ്റഗറിയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; സർക്കാർ ഉത്തരവില്ലാതെ ജീവനക്കാർ ഇപ്രകാരം ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ എത്രപേർ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിൽനിന്നും ഐ.എഫ്.എസ്. കാറ്റഗറി ഒഴികെ 15 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് വകുപ്പുകളിൽ / പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്നു. പാർട്ട് -1 കെ.എസ്.ആർ. ചട്ടം 144-ലെ വ്യവസ്ഥകൾ പ്രകാരമാണ് സർക്കാർ ജീവനക്കാർ മറ്റ് വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കിവരുന്നത്.

(ബി) വനം വകുപ്പ് ആസ്ഥാനത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ 14 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും ഒരു സെക്ഷൻ ഫോറസ്റ്റാഫീസറും ഒരു റിസർവ് ഫോറസ്റ്റ് വാച്ചറും ജോലി ചെയ്യുന്നു. ഇതിൽ ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറും ഒരു റിസർവ് ഫോറസ്റ്റ് വാച്ചറും സർക്കാർ ഉത്തരവില്ലാതെയാണ് വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നത്.

**വനഭൂമി അനധികൃതമായി കൈവശം വച്ചതിനെതിരെ നടപടി**

**265 (3777)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി അനധികൃതമായി കൈവശം വച്ചത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വനഭൂമി കയ്യേറാൻ ശ്രമിച്ചതിന്റെ പേരിൽ എത്രപേർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കേസ്സുകളിൽ കയ്യേറിയ വനഭൂമി ഇതുവരെ തിരിച്ചുപിടിക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച എത്ര ഏക്കർ വനഭൂമിയിൽ വീണ്ടും കയ്യേറ്റം നടക്കുകയുണ്ടായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

| ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 03 |
| കൊല്ലം | 14 |
| പത്തനംതിട്ട | 01 |
| കോട്ടയം | 01 |
| ഇടുക്കി | 73 |
| എറണാകുളം | 07 |

| | |
|---|---|
| തൃശ്ശൂർ | 20 |
| പാലക്കാട് | 62 |
| മലപ്പുറം | 13 |
| വയനാട് | 92 |
| ആകെ | 286 |

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച വനഭൂമിയിൽ വീണ്ടും കയ്യേറ്റം നടന്നിട്ടില്ല.

**വയനാട് ഇക്കോ ടൂറിസം പ്രോജക്ടുകളിലെ ജീവനക്കാർ**

**266 (3778)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനു കീഴിലുള്ള ഇക്കോടൂറിസം പ്രോജക്ടുകളിൽ എത്ര ജീവനക്കാരാണുള്ളത്;

(ബി) പ്രസ്തുത ജീവനക്കാർക്ക് വേതനം നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ എന്താണെന്നും വർഷത്തിൽ ശരാശരി എത്ര ദിവസം ജോലി ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ടി ജീവനക്കാർക്ക് ഡി.റ്റി.പി.സി. ജീവനക്കാർക്കു നൽകുന്ന നിരക്കിൽ വേതനവും അവധി ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ടു നൽകിയ നിവേദനത്തിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ? (ഫയൽ നമ്പർ 707-VIP-15-M(Forest) dt. 27-7-2015)

ഉത്തരം

(എ) സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനുകീഴിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളിൽ 136 ജീവനക്കാരാണുള്ളത്.

(ബി) പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിൽ

ഇക്കോടൂറിസം നടപ്പാക്കുന്നത്. വനം ഡിവിഷൻ തലത്തിൽ രൂപീകരിച്ചിട്ടുള്ള വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിലാണ് ഇക്കോടൂറിസം നടപ്പാക്കുന്നത്. പങ്കാളിത്ത വനപരിപാലന പ്രക്രിയയിൽ വനസംരക്ഷണ സമിതികളിലെ അംഗങ്ങൾ കൂട്ടായ തീരുമാനപ്രകാരമാണ് യോഗ്യരായ അംഗങ്ങളെ വിവിധ ജോലികൾക്കായി നിയോഗിക്കുന്നതും അവർക്ക് അർഹമായ വേതനം നിശ്ചയിക്കുന്നതും.

ഇക്കോടൂറിസം മേഖലകളിലെ ജീവനക്കാരുടെ വേതനം അതാത് വനവികാസ ഏജൻസികളുടെ ജനറൽ ബോഡിയാണ് തീരുമാനിക്കുന്നത്. തദ്ദേശവാസികളും ജീവനക്കാരും ഉൾപ്പെടുന്ന വനസംരക്ഷണ സമിതി അംഗങ്ങളടങ്ങിയ ജനറൽ ബോഡിയിൽ തീരുമാനിക്കുന്ന വേതനമാണ് നൽകിവരുന്നത്. എല്ലാ പേർക്കും തൊഴിൽ പ്രാതിനിധ്യം എന്ന തത്വം അടിസ്ഥാനമാക്കി ഇക്കോടൂറിസം കേന്ദ്രങ്ങളിലെ ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. അർഹതപ്പെട്ട പരമാവധി അംഗങ്ങൾക്ക് വരുമാനം കിട്ടത്തക്കവിധമാണ് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നത്.

സൗത്ത് വയനാട് വനം ഡിവിഷനുകീഴിലുള്ള എല്ലാ വനസംരക്ഷണ സമിതികളുടെയും കൂട്ടായ്മയായ സൗത്ത് വയനാട് വനം വികാസ ഏജൻസിയാണ് ടി ഡിവിഷനിൽ ഇക്കോടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ടി വനവികാസ ഏജൻസിയുടെ പൊതുയോഗമാണ് യോഗ്യതയ്ക്കനുസരിച്ച് ജീവനക്കാരെ തെരഞ്ഞെടുക്കുന്നതും അവരെ വിവിധ ജോലികൾക്ക് നിയോഗിക്കുന്നതും അവരുടെ വേതനം നിശ്ചയിക്കുന്നതും. കൂടാതെ ഇക്കോടൂറിസം വഴി ലഭിക്കുന്ന വരുമാനം സമൂഹത്തിന്റെ മൊത്തത്തിലുള്ള ക്ഷേമകാര്യങ്ങൾക്കും പ്രയോജനപ്പെടുത്തുന്നു.

സൗത്ത് വയനാട് വനം ഡിവിഷനുകീഴിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ഒരു മാസത്തിൽ ശരാശരി 24 ദിവസം വച്ച് ഒരു വർഷം ഏകദേശം 288 ദിവസം ശരാശരി തൊഴിൽ ലഭിക്കുന്നുണ്ട്.

(സി) വന വികാസ ഏജൻസികൾ വനമേഖലയിൽ നടത്തുന്നത് ഡി.റ്റി.പി.സി. പോലെയുള്ള സ്ഥാപനങ്ങൾ നടത്തുന്ന ടൂറിസം പദ്ധതികൾക്ക് സമാനമായ പരിപാടികളല്ല. മറിച്ച് പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി സന്ദർശകരിലൂടെ വനസംരക്ഷണത്തിനായി സാമൂഹികാടിസ്ഥാനത്തിലുള്ള പരിസ്ഥിതി വിദ്യാഭ്യാസ പദ്ധതിയാണ്. വന വികാസ ഏജൻസികൾ വ്യക്തമായ

മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ, ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവകളിലൂടെയാണ് ഇക്കോടൂറിസം നടപ്പാക്കുന്നത്. ഇത് ഡി.റ്റി.പി.സി. പോലെ ഒരു സർക്കാർ സംവിധാനമല്ല. ആയതിനാൽ ഡി.റ്റി.പി.സി. യിലേതുപോലെ കരാറടിസ്ഥാനത്തിലോ ദിവസ വേതനാടിസ്ഥാനത്തിലോ ഇവിടെ ജീവനക്കാരെ നിയമിക്കുന്നില്ല. വനാശ്രിത സമൂഹത്തിലെ അംഗങ്ങൾ തന്നെയാണ് ഇവിടെ ജീവനക്കാരായി പ്രവർത്തിക്കുന്നത്. ഇക്കോ ടൂറിസത്തിൽ നിന്നുള്ള വരുമാനം അതത് പ്രദേശത്തെ വനങ്ങളുടെ സംരക്ഷണത്തിനും സന്ദർശകർക്കായുള്ള പ്രകൃതി പഠന ക്ലാസുകൾക്കും ബന്ധപ്പെട്ട ഇക്കോടൂറിസം മേഖലയിലെ മാലിന്യ നിർമ്മാർജ്ജനത്തിനും അവിടെ ജോലി നോക്കുന്ന വനസംരക്ഷണ സമിതിയിലെ അംഗങ്ങളുടെ വേതനത്തിനുമായി പൊതുവിൽ ഉപയോഗപ്പെടുത്തുന്നു. ഒരു സമൂഹം അതിന്റെ സ്ഥാപനം വഴി സ്വയം നിർണ്ണയാവകാശത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങളെ ഡി.റ്റി.പി.സി. യിലേതുപോലെ നിയമനം നേടുന്നവരുടെ പ്രവർത്തനങ്ങളുമായി താരതമ്യം നടത്താവുന്നതല്ല. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി നടത്തുന്ന ഇക്കോടൂറിസം പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം സമൂഹത്തിന്റെ പൊതുവായ ഉന്നതിയാണ്. അല്ലാതെ വ്യക്തിയുടെ ക്ഷേമമല്ല.

നമ്പർ 707/VIP/M(F.E.Tr.S & C) നമ്പരായി ലഭിച്ച നിവേദനത്തിന്മേൽ 7-11-2015-ൽ E & TW 4-40938/2015 നമ്പരായി റിപ്പോർട്ട് ലഭ്യമാവുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. എം.എൽ.എ. ക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി**

**267 (3779)** ശ്രീ. കെ. അച്ചുതൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ വന വിഭവശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ, ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ എല്ലാ അംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ നിർവ്വഹിക്കുന്നതിന് വനശ്രീ യൂണിറ്റുകൾ പുന:സംഘടിപ്പിച്ചുവരുന്നു. വന മേഖലകളിൽനിന്നും ശേഖരിച്ച തടിയേതര വന വിഭവങ്ങൾ സൂക്ഷിക്കുന്നതിനുള്ള ശേഖരണ കേന്ദ്രങ്ങൾ, സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള യന്ത്ര സംവിധാനങ്ങളോടുകൂടിയ പ്രോസസിംഗ് കേന്ദ്രങ്ങൾ ഉൽപ്പന്ന വിപണന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുന്നതിനായി ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെ 364 ലക്ഷം രൂപയുടെ ഒരു പദ്ധതി 2014-15 -ൽ നടപ്പിലാക്കിവരുന്നു.

(ബി) വനമേഖലകളിൽനിന്നും ശേഖരിച്ച തടിയേതര വനവിഭവങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനും യന്ത്രങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ കാര്യക്ഷമതയോടെ വിപണിയിൽ ആവശ്യാനുസരണം മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും അതുവഴി ആദിവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉണ്ടാക്കുകയുമാണ് മേൽ സംവിധാനം വഴി ലക്ഷ്യമിടുന്നത്.

(സി)
1. വനശ്രീ യൂണിറ്റുകളുടെ മേൽനോട്ടത്തിനായി വന വികാസ ഏജൻസികളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി.
2. സംസ്ഥാന വന വികാസ ഏജൻസിയുടെ കീഴിൽ "വനശ്രീ സെൽ" - ന്റെ പ്രവർത്തനം ഊർജ്ജിതമാക്കി.

3. പ്രവർത്തന ഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വന വികാസ ഏജൻസിയിൽ "റിവോൾവിംഗ് ഫണ്ട്" രൂപീകരിച്ചു.

4. ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യ ബോർഡിന്റെയും മറ്റ് വിവിധ സർക്കാർ ഏജൻസികളിൽ നിന്നും ധനസഹായത്തിനായി പദ്ധതികൾ തയ്യാറാക്കിവരുന്നു.

5. വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പായ്ക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റ് വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും വിദഗ്ദ്ധ പഠനം നടത്തുന്നതിന് തീരുമാനിച്ചു.

6. വനവിഭവ ശേഖരണത്തിലേർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.

7. വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.

8. വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടി ആരംഭിച്ചു.

**കണ്ടൽ അധിഷ്ഠിത ജൈവ വേലി നിർമ്മാണം**

**268 (3780)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീര സംരക്ഷണത്തിന് കണ്ടൽ അധിഷ്ഠിത ജൈവ വേലി നിർമ്മിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ എവിടെയെല്ലാം ഇത്തരത്തിലുള്ള വേലികൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത വേലികൾ സ്ഥാപിച്ച സ്ഥലങ്ങളിൽ ഉദ്ദേശിച്ച ഫലം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സംരക്ഷണ വേലി വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടൽത്തീര സംരക്ഷണത്തിന് കണ്ടൽ അധിഷ്ഠിത ജൈവവേലി

നിർമ്മിക്കുന്നത് സംബന്ധിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ പഠനം നടത്തിയിട്ടില്ല. കടലാക്രമണം തടയുന്നതിനായി കൊല്ലം, എറണാകുളം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഹരിതതീരം പദ്ധതിയിലുൾപ്പെടുത്തി 2007-2010 വർഷം വരെ 14.65 ഹെക്ടറിൽ കണ്ടൽത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

കൂടാതെ, കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കീഴിലുള്ള കൊളാവി, മണ്ണൂർ (കടലുണ്ടി) എന്നീ ഭാഗങ്ങളിൽ അഴിമുഖങ്ങളോടുചേർന്ന് 2 ഹെക്ടർ സ്ഥലത്തും തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ അന്തിക്കാട് ബ്ലോക്കിൽപ്പെട്ട കണ്ടശാംകടവ് പാലത്തിന് സമീപം 8000 കണ്ടൽച്ചെടികളും ഈ വർഷം നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(ബി) കണ്ടൽച്ചെടികൾ മുൻ വർഷങ്ങളിൽ നട്ടുപിടിപ്പിച്ച സ്ഥലങ്ങളിലെല്ലാം ഉദ്ദേശിച്ച ഫലപ്രാപ്തി ഉണ്ടായിട്ടുണ്ട്. വരും വർഷങ്ങളിലും കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

**സോളാർ ഫെൻസിംഗ്**

**269 (3781)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നേടുന്നതിന് ട്രൈബൽ സെറ്റിൽമെന്റ് മേഖലകളിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിന് വനം വകുപ്പിൽ നിന്ന് സഹായം ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ട്രൈബൽ ഡിപ്പാർട്ട്മെന്റ് മുൻകൈ എടുത്ത് സ്ഥാപിക്കുന്ന അത്തരം സോളാർ ഫെൻസിംങിന് വനം വകുപ്പ് അനുമതി നിഷേധിക്കാറുണ്ടോ ?

ഉത്തരം

(എ) വനമേഖലകളിൽ വന്യമൃഗശല്യം കുറയ്ക്കുന്നതിന് വിവിധ പദ്ധതികളിലെ ഫണ്ട് വിനിയോഗിച്ച് സോളാർ പവർ ഫെൻസിംഗ് ചെയ്തുവരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം വരെ 707 കിലോമീറ്റർ നീളത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. സോളാർ ഫെൻസിംഗ് പ്രവൃത്തികൾ നടത്തുമ്പോൾ ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് പദ്ധതി നടപ്പാക്കാറുള്ളത്.

(ബി) ആവശ്യമായ സ്ഥലങ്ങളിൽ ട്രൈബൽ ഡിപ്പാർട്ടുമെന്റ് സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് വനം വകുപ്പ് അനുമതി നിഷേധിച്ചിട്ടില്ല.

## ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ കർണ്ണാടക ഫോറസ്റ്റ് അധികൃതർ നടത്തിവരുന്ന ഭൂമി കയ്യേറ്റം

**270 (3782)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയിൽ താമസിക്കുന്ന കൈവശക്കാരായ മലയാളി കുടുംബങ്ങൾക്കെതിരെ കർണാടക ഫോറസ്റ്റ് അധികൃതർ നടത്തിവരുന്ന ഭൂമി കൈയേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## വാമനപുരം നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർ

**271 (3783)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പരിക്കേറ്റവർക്കും മരണം സംഭവിച്ചവരുടെ ആശ്രിതർക്കും എന്തൊക്കെ സഹായങ്ങളും ആനുകൂല്യങ്ങളുമാണ് അനുവദിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ ആകെ 20 പേർക്ക് പരിക്കേൽക്കുകയും 6 പേർ റിസർവ് വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ്

മരണപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാട്ടുപന്നി ബൈക്കിന് കുറുകെ ചാടി അപകടത്തിൽപ്പെട്ട് ഒരാൾ മരണപ്പെട്ടിട്ടുണ്ട്. നിശ്ചിത ഫോറത്തിൽ അപേക്ഷയും അവകാശ സർട്ടിഫിക്കറ്റും സമർപ്പിക്കുന്ന മുറയ്ക്ക് പരേതന്റെ അനന്തരാവകാശിക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

(ബി) റിസർവ് വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്ക് 6 പേർക്കായി 1 ലക്ഷം രൂപ വീതം 6 ലക്ഷം രൂപയും വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റ 20 പേർക്കായി 2,41,409 രൂപയും നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

**റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകളിൽ നിയമനം**

**272 (3784)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും ഏതൊക്കെ റെയ്ഞ്ചുകളിലാണ് ഒഴിവുകളുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനം ലഭിച്ചതിനുശേഷം എത്ര പേരാണ് പരിശീലനത്തിന് പോയിട്ടുള്ളതെന്നും ഇവർക്ക് എന്നുവരെ പരിശീലന കാലാവധി ഉണ്ടെന്നും ഇവർക്ക് പകരം താൽക്കാലികമായി പ്രമോഷൻ നടത്തി ഒഴിവുകൾ നികത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഫയർ സീസണിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ കുറവ് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വനം വകുപ്പിന്റെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഒഴിവുകൾ നികത്തുന്നതിനാണ് അനുവാദം ഉള്ളതെന്നും പ്രസ്തുത തസ്കതികകളിൽ നിയമനം നടത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 5 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. റിസർവ് റെയ്ഞ്ച്, തേക്കടി.

2. തൊടുപുഴ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച്.

3. കോതമംഗലം ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷൻ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ്.

4. മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ.

5. റെയ്ഞ്ച് ഫോറസ്റ്റ് റിസോഴ്സ് സർവ്വെ സെൽ, തൃശ്ശൂർ.

(ബി) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ പരിശീലനത്തിനായി 20 റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. തെലുങ്കാന ഫോറസ്റ്റ് അക്കാദമിയിൽ ട്രെയിനിംഗ് 21-4-2015-നും തമിഴ്നാട് ഫോറസ്റ്റ് അക്കാദമിയിൽ ട്രെയിനിംഗ് 23-11-2015-നും ആരംഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് റെയ്ഞ്ചേഴ്സ് ട്രെയിനിംഗും പ്രായോഗിക പരിശീലനവും ഉൾപ്പെടെ ട്രെയിനിംഗ് പൂർത്തിയാക്കുവാൻ 30 മാസത്തെ കാലയളവ് വേണ്ടിവരും. റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ ട്രെയിനിംഗിന് നിയോഗിച്ചതുമൂലമുണ്ടായ ഒഴിവുകളിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്.

(സി) ഫയർ സീസണിൽ വന പരിപാലനത്തിനായി ആവശ്യമുള്ള റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ഇപ്പോൾ വനം വകുപ്പിലുണ്ട്.

(ഡി) വനം വകുപ്പിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

**273 (3785)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) തിരുവനന്തപുരത്ത് പി.ടി.,പി. നഗറിൽ വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ ഏതെല്ലാം വിഭാഗത്തിലുള്ള ജീവനക്കാർക്ക് എത്ര വീതമാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സിൽ ഏതെങ്കിലും ക്വാർട്ടേഴ്സ് ഇതര സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് 2015 ആഗസ്റ്റ് വരെ ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുള്ളത് സംവരണ മാനദണ്ഡങ്ങൾ അനുസരിച്ചാണോ; വിശദമാക്കുമോ; സംവരണ മാനദണ്ഡങ്ങൾ അനുസരിച്ചാണെങ്കിൽ ആയതു പ്രകാരം ആർക്കെല്ലാം ഏതെല്ലാം ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) അനുവദിച്ച ക്വാർട്ടേഴ്സുകളിൽ ജീവനക്കാർ താമസിക്കാതെ പൂട്ടിയിട്ടിട്ടുള്ളത് എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ;

(എഫ്) നിയമം അനുശാസിക്കുന്ന ദൂരപരിധിക്കുള്ളിൽ സ്വന്തമായി വീടുള്ള ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ " Rules for the Allotment and Occupation of Quarters under the Control of Forest Department" എന്ന ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ്. പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

(ബി) തിരുവനന്തപുരത്ത് പി.ടി.പി. നഗറിൽ വനം വകുപ്പിന്റെ കീഴിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ 65 എണ്ണമാണുള്ളത്. ചുവടെ ചേർക്കുന്ന വിഭാഗം ജീവനക്കാർക്കാണ് അവ അനുവദിച്ചിരിക്കുന്നത്:

| | | |
|---|---|---|
| Type-VI | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | 03 |
| | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | 03 |
| | വേക്കന്റ് | 01 |
| | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 01 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| Type-IV | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | 03 |
| | സീനിയർ സൂപ്രണ്ട് | 01 |
| | ഹെഡ് അക്കൗണ്ടന്റ് | 02 |
| | സീനിയർ ക്ലാർക്ക് | 03 |
| | വേക്കന്റ് | 01 |
| Type-III | വൈൽഡ് ലൈഫ് അസിസ്റ്റന്റ് | 01 |
| | സീനിയർ സൂപ്രണ്ട് | 03 |
| | ജൂനിയർ സൂപ്രണ്ട് | 02 |
| | ഫെയർ കോപ്പി സൂപ്രണ്ട് | 01 |
| | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 02 |
| | ഹെഡ് അക്കൗണ്ടന്റ് | 01 |
| | വേക്കന്റ് | 01 |
| Type-II | യു.ഡി. ടൈപ്പിസ്റ്റ് | 02 |
| | ക്ലാർക്ക് | 05 |
| | സീനിയർ ക്ലാർക്ക് | 11 |
| | ഹെഡ് അക്കൗണ്ടന്റ് | 04 |
| | ഡ്രൈവർ | 02 |
| | ലീഗൽ അസിസ്റ്റന്റ് | 01 |

| | | |
|---|---|---|
| | ഫോറസ്റ്റ് ഗാർഡ് | 02 |
| | ജൂനിയർ സൂപ്രണ്ട് | 01 |
| Type-I | ഓഫീസ് അറ്റൻഡന്റ് | 05 |
| | അറ്റന്റർ | 02 |
| | ഗാർഡനർ | 01 |
| | ആകെ | 65 |

(സി) വനം ആസ്ഥാനത്ത് സേവനം അനുഷ്ഠിച്ച ഒരു ലീഗൽ അസിസ്റ്റന്റിന് Type-II ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ട്. ടിയാൻ മാതൃലാവണത്തിലേയ്ക്ക് (Law Secretariat) 16-10-2015-ൽ മടങ്ങിപ്പോയിട്ടുള്ളതാണ്. അനുവദിച്ച ക്വാർട്ടേഴ്സ് ഒഴിഞ്ഞിട്ടില്ല.

(ഡി) വനം വകുപ്പിന്റെ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന് സംവരണ മാനദണ്ഡങ്ങൾ നിലവിലില്ല. സംവരണ വിഭാഗങ്ങൾക്ക് മുൻഗണന കൊടുക്കുന്നതിനാണ് വ്യവസ്ഥയുള്ളത്. ഓരോ കേസിന്റെയും മെരിറ്റിന്റെ അടിസ്ഥാനത്തിൽ ക്വാർട്ടേഴ്സ് അനുവദിച്ച് നൽകാറുണ്ട്.

(ഇ) ഒരെണ്ണം.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കർഷകരുടെ ഭൂമി വനം വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച്**

**274 (3786)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്ന് കിടക്കുന്ന കർഷകരുടെ ഭൂമി വനം വകുപ്പ് ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കർഷകരിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഭൂമി ഏറ്റെടുക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വനഭൂമിയോട് ചേർന്നുകിടക്കുന്ന എല്ലാ കർഷക ഭൂമിയും സർക്കാർ ഇ.എഫ്.എൽ.ആയി ഏറ്റെടുക്കാറില്ല. എന്നാൽ ഇ.എഫ്.എൽ. ആക്ടിന്റെ സെക്ഷൻ 15 പ്രകാരമുള്ള മാനദണ്ഡമനുസരിച്ച് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂപ്രദേശങ്ങൾ ഉപദേശക സമിതിയുടെ ശിപാർശ അനുസരിച്ച് സെക്ഷൻ (4) പ്രകാരം ഏറ്റെടുക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ഇത്തരത്തിൽ ലഭിച്ച ചില ശിപാർശകൾ ഉപദേശക സമിതിയുടെ പരിഗണനയിലാണ്.

(സി) കർഷകരിൽനിന്നും അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഡി) ഇ.എഫ്.എൽ. ആക്ടിലെ സെക്ഷൻ 4, 8, 15 എന്നിവയിൽ പ്രഖ്യാപിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഇ.എഫ്.എൽ. ഭൂമി ഏറ്റെടുക്കുന്നത്.

**ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ**

**275(3787)** <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികൾക്കാണ് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായിട്ടുള്ളത്; ഇതിൽ ഏതെല്ലാം പ്രവൃത്തികളുടെ അനുമതിക്കായാണ് കത്ത് നൽകിയിട്ടുള്ളത്; കത്തു നൽകിയവയ്ക്ക് എന്തു മറുപടിയാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്; ഇവയുടെ തുടർനടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ബി) ശബരിമലയിൽ കുടിവെള്ളം എത്തിക്കുന്ന കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി

ആവശ്യമുണ്ടോ; എങ്കിൽ പ്രസ്തുത അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി വൈകാനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത അനുമതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ ;

(സി) പമ്പയിൽ അയ്യപ്പ ഭക്തർക്കായി നിർമ്മിക്കുന്ന ടോയ്ലറ്റ് ബ്ലോക്കിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ശബരിമലയിലെ വികസന പ്രവർത്തനങ്ങൾക്ക് എത്ര ഭൂമി വിട്ടുനൽകണമെന്നാണ് ദേവസ്വം ബോർഡ് വനം വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നത്; ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്; എന്തൊക്കെ നടപടികളാണ് ഭൂമി വിട്ടുലഭിക്കാൻ വേണ്ടതെന്നു വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമലയിൽ ലീസ്ഡ്/ഡൈവേർട്ട് ചെയ്ത സ്ഥലത്ത് ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം അംഗീകാരമുള്ള പ്രവർത്തനങ്ങൾക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. പ്രസ്തുത പ്രദേശത്തിനുപുറത്ത് പെരിയാർ ടൈഗർ റിസർവ്വിന്റെ ഭാഗമായ റിസർവ് വനത്തിനുള്ളിലുള്ള പ്രവർത്തനങ്ങൾക്കാണ് അനുമതി ആവശ്യമായിട്ടുള്ളത്. നിലവിൽ കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതുമായി ബന്ധപ്പെട്ട് ദേശീയ വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ദേശീയ വന്യജീവി ബോർഡ് ആഗസ്റ്റ് 2014-ലെ യോഗത്തിൽ കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതിന് പകരം മറ്റ് മാർഗ്ഗങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട കേസിൽ ബഹു. ഹൈക്കോടതി 28-10-2015-ൽ നൽകിയ നിർദ്ദേശത്തിൽ അപേക്ഷ വീണ്ടും പരിഗണിക്കാൻ ദേശീയ വന്യജീവി ബോർഡിനോട് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം ദേശീയ വന്യജീവി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. എന്നാൽ ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ യൂസർ ഏജൻസിയായ ട്രാവൻകൂർ ദേവസ്വം ബോർഡ് സമർപ്പിച്ചത്, വനം വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 14.05.2013-ന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡ് അംഗീകരിക്കുകയും, അത് കേരള സർക്കാർ 2-9-2013-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് എല്ലാ

നടപടിക്രമങ്ങളും പൂർത്തിയാക്കി, ദേശീയ വന്യജീവി ബോർഡിന്റെ 12-8-2014, 13-8-2014 എന്നീ തീയതികളിലെ 31-ാമത്തെ യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ചുവെങ്കിലും ഡാമിന്റെ ഉയരം കൂട്ടുന്നതിനു പകരം, മറ്റ് മാർഗ്ഗങ്ങൾ സമർപ്പിക്കാനാണ് യോഗത്തിൽ തീരുമാനമുണ്ടായത്. എന്നാൽ ഈ കേസിൽ മറ്റ് പുതിയ മാർഗ്ഗങ്ങളേക്കാൾ പരിസ്ഥിതിക്ക് ഏറ്റവും കുറഞ്ഞ തോതിൽ ആഘാതം സൃഷ്ടിക്കുന്ന പ്രവൃത്തി എന്ന നിലയിൽ നിലവിലുള്ള കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് തന്നെയാണ് അഭികാമ്യം എന്ന് പഠനത്തിൽ മനസ്സിലാക്കുകയും ഈ വിവരം ദേശീയ വന്യജീവി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശബരിമലയിൽ ലീസ്ഡ്/ഡൈവേർട്ടഡ് ചെയ്ത സ്ഥലത്ത് ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം അംഗീകാരമുള്ള പ്രവർത്തനങ്ങൾക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല.

(ഡി) നിലവിൽ ശബരിമലയിൽ കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതുമായി ബന്ധപ്പെട്ട് 0.655 ഹെക്ടർ സ്ഥലം ഡൈവേർട്ട് ചെയ്യുവാനുള്ള നിർദ്ദേശമാണുള്ളത്. കുന്നാർ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ യൂസർ ഏജൻസിയായ ട്രാവൻകൂർ ദേവസ്വം ബോർഡ് സമർപ്പിച്ചത്, വനം വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 14-5-2013-ന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡ് അംഗീകരിക്കുകയും, അത് കേരള സർക്കാർ 2-9-2013-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി, ദേശീയ വന്യജീവി ബോർഡിന്റെ 12-8-2014, 13-8-2014 എന്നീ തീയതികളിലെ 31-ാമത്തെ യോഗത്തിൽ പ്രസ്തുത പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ചുവെങ്കിലും ഡാമിന്റെ ഉയരം കൂട്ടുന്നതിനുപകരം, മറ്റു മാർഗ്ഗങ്ങൾ സമർപ്പിക്കാനാണ് യോഗത്തിൽ തീരുമാനമുണ്ടായത്. എന്നാൽ ഈ കേസിൽ മറ്റ് പുതിയ മാർഗ്ഗങ്ങളേക്കാൾ പരിസ്ഥിതിക്ക് ഏറ്റവും കുറഞ്ഞ തോതിൽ ആഘാതം സൃഷ്ടിക്കുന്ന പ്രവൃത്തി എന്ന നിലയിൽ നിലവിലുള്ള കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് തന്നെയാണ് അഭികാമ്യമെന്ന് പഠനത്തിൽ മനസ്സിലാകുകയും ഈ വിവരം ദേശീയ വന്യജീവി ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വന്യജീവി ബോർഡിന്റെ അംഗീകാരം ലഭിച്ച സ്ഥിതിക്ക് ഇനി ദേശീയ വന്യജീവി ബോർഡിന്റെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്.

### താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

**276 (3788)** ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ 20 വർഷമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന എത്ര ജീവനക്കാർ വനം വകുപ്പിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്ന 135 താൽക്കാലിക ജീവനക്കാരെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 14-5-2015-ലെ സ.ഉ.(എം എസ്.) നം. 29/2015/വനം പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ യോഗ്യരായ 105 പേർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ട്.

(ബി) വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 99 താൽക്കാലിക ജീവനക്കാർ ഉണ്ട്.

### മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സുരക്ഷിതത്വം

**277 (3789)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വനപ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതെന്നും, ഏതൊക്കെ പ്രദേശങ്ങളിലാണ് വനം വകുപ്പിന്റെ ഓഫീസിനോ ഷെഡുകൾക്കോ നേരെ ആക്രമണം ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും

ജീവനക്കാർക്ക് പ്രത്യേക റിസ്ക് അലവൻസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കാമോ;

(സി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളായി കണ്ടെത്തിയ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി സമയത്തിൽ എന്തെങ്കിലും ഇളവുകൾ നൽകുകയോ, ഇവിടെ കൂടുതൽ ജീവനക്കാരെ നിയോഗിച്ച് സുരക്ഷ ശക്തമാക്കുകയോ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നോർത്തേൺ സർക്കിൾ കണ്ണൂർ, ഈസ്റ്റേൺ സർക്കിൾ പാലക്കാട് എന്നീ സർക്കിളുകളിലും വൈൽഡ്ലൈഫ് സർക്കിൾ പാലക്കാടും മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പ്രദേശത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്ക് സുരക്ഷിതത്വത്തിനായി ആധുനിക ആയുധങ്ങളും ഉപകരണങ്ങളും വാങ്ങുക, ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് 1322/ഡി1/15/വനം നമ്പർ ഫയലിൽ തീരുമാനമെടുത്തു വരുന്നു.

(സി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി സമയത്തിൽ ഇളവുകളൊന്നും നൽകിയിട്ടില്ല. ഇവിടെ കൂടുതൽ ജീവനക്കാരെ നിയോഗിക്കുകയോ ചെയ്തിട്ടില്ല. മാവോയിസ്റ്റ് ഭീഷണി തടയുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ. (എം എസ്.) നം. 69/12/വനം 21-6-2012 പ്രകാരം സ്റ്റേഷൻ/സെക്ഷൻ, റെയിഞ്ച്, ഡിവിഷൻ, ജില്ലാ തലങ്ങളിൽ വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ആവശ്യാനുസരണം പോലീസ്, തണ്ടർ ബോൾട്ട് എന്നിവയുടെ സഹായം തേടാറുണ്ട്. ക്യാമറ, തോക്ക്, ആയുധങ്ങൾ, വാഹനങ്ങൾ, വയർലെസ് നെറ്റ്‌വർക്ക് എന്നിവ വാങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**പാതയോരങ്ങളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ**

**278 (3790)** <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> :

<u>ശ്രീ. സി. മോയിൻ കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന നിരത്തുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏറ്റവും പ്രധാന വീഥികളിലെങ്കിലും ഇവ മുറിച്ച് മാറ്റി സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) മുറിച്ച് മാറ്റുന്ന മരങ്ങൾക്ക്പകരമായി ഔഷധ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കാനും പരിപാലിക്കാനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ പ്രധാന നിരത്തുകളിലെ അപകടാവസ്ഥയിലുള്ള മരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ കണക്കെടുപ്പ് ഉടൻതന്നെ പൂർത്തിയാക്കുന്നതാണ്.

(ബി) ജീവനും സ്വത്തിനും അപകടകരമായി നിരത്തുവക്കിൽ നിൽക്കുന്ന മരങ്ങളെ അതാതു സ്ഥാപന അധികാരികളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ദ്രുതഗതിയിൽ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) 21-4-2010-ലെ ജി.ഒ. (ആർ റ്റി.) 172/2010/വനം പ്രകാരം മുറിച്ചു മാറ്റുന്ന ഓരോ മരങ്ങൾക്കും പകരമായി 10 മരങ്ങൾ നട്ടുപിടിപ്പിക്കണമെന്ന് നിഷ്കർച്ചിട്ടുണ്ട്. ഇപ്രകാരം നട്ടുപിടിപ്പിക്കുന്ന മരങ്ങളിൽ ഔഷധ വൃക്ഷങ്ങളും നട്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരം**

**279 (3791)** <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീക്ഷണിയാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യകതമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാട്ടുമൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിച്ചതും മനുഷ്യരെയും മൃഗങ്ങളെയും ആക്രമിച്ചതുമായി ബന്ധപ്പെട്ട എത്ര പരാതികൾ ലഭിച്ചു എന്ന് അറിയിക്കുമോ; പരാതികളുടെ വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഒരോ ജില്ലയിലും എത്ര രൂപയുടെ നഷ്ടം ഇത്തരത്തിൽ ഉള്ളതായി അറിയിക്കുമോമോ;

(ഡി) കൃഷിക്കും ജീവനും സ്വത്തിനും വനം വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഇ) നഷ്ടപരിഹാരത്തിന് അപേക്ഷിച്ച ആർക്കെങ്കിലും ഇത് നൽകാനുണ്ടോ; എങ്കിൽ അവരുടെ പേരുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; നഷ്ടപരിഹാരം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് നഷ്ടപരിഹാരം നൽകാനാകുമെന്ന് അറിയിക്കുമോ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി എലിഫന്റ് പ്രൂഫ് ട്രഞ്ച്, സൗരോർജ്ജവേലി, എലിഫന്റ് പ്രൂഫ് വാൾ എന്നിവ നിർമ്മിക്കുകയും, പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുകയും ചെയ്യുന്നുണ്ട്. കൂടാതെ വന്യമൃഗങ്ങൾ കുടിവെള്ളത്തിനായി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് ഒഴിവാക്കുന്നതിനായി വനത്തിനകത്ത് വിവിധ ഭാഗങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും, കൂടുതൽ കാലത്തേയ്ക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നുണ്ട്. വനജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വനത്തിന് സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ബോധവൽക്കരണം, ജാഗ്രത നിർദ്ദേശങ്ങൾ മുതലായവ നൽകുന്നതിനായി ക്യാമ്പുകൾ നടത്താറുണ്ട്. നാട്ടിലിറങ്ങുന്ന കാട്ടാനകളേയും, മറ്റ് വന്യമൃഗങ്ങളേയും വനത്തിലേയ്ക്ക് തന്നെ കയറ്റി വിടുന്നതിനും മറ്റുമായി റാപിഡ് റെസ്പോൺസ് ടീം, ആദിവാസി വാച്ചർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. എലിഫന്റ് പ്രൂഫ് ട്രഞ്ച്, സൗരോർജ്ജ വേലി, എലിഫന്റ് പ്രൂഫ് വാൾ മുതലായവയുടെ കാര്യക്ഷമമായ പ്രവർത്തനം ബന്ധപ്പെട്ട ഫീൽഡ് സ്റ്റാഫുകളും, വനസംരക്ഷണ സമിതി അംഗങ്ങളും, വനജാഗ്രത സമിതി അംഗങ്ങളും പരിശോധന നടത്തി ഉറപ്പുവരുത്തുകയും ഇവയ്ക്ക് വർഷാവർഷങ്ങളിൽ ആവശ്യമായ

അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യാറുണ്ട്.

(ബി)1. തിരുവനന്തപുരം434

2. കൊല്ലം 489

3. പത്തനംതിട്ട 395

4. ആലപ്പുഴ 89

5. കോട്ടയം 1

6. ഇടുക്കി 940

7. എറണാകുളം 355

8. തൃശ്ശൂർ 665

9. പാലക്കാട് 2101

10. മലപ്പുറം 1508

11. കോഴിക്കോ ട് 1058

12. വയനാട് 18567

13. കണ്ണൂർ 3233

14. കാസർഗോഡ് 968

(സി)

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 7400673 |
| 2. | കൊല്ലം | 922094 |
| 3. | പത്തനംതിട്ട | 5117370 |
| 4. | ആലപ്പുഴ | 3219365 |
| 5. | കോട്ടയം | 5000 |

| | | |
|---|---|---|
| 6. | ഇടുക്കി | 5652807 |
| 7. | എറണാകുളം | 6571735 |
| 8. | തൃശ്ശൂർ | 9115568 |
| 9. | പാലക്കാട് | 50618086 |
| 10. | മലപ്പുറം | 226822 |
| 11. | കോഴിക്കോട് | 11050000 |
| 12. | വയനാട് | 149650200 |
| 13. | കണ്ണൂർ | 35664244 |
| 14. | കാസർഗോഡ് | 13844465 |

(ഡി)

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 6464244 |
| 2. | കൊല്ലം | 1666838 |
| 3. | പത്തനംതിട്ട | 3974370 |
| 4. | ആലപ്പുഴ | 3219365 |
| 5. | കോട്ടയം | 5000 |
| 6. | ഇടുക്കി | 6085701 |
| 7. | എറണാകുളം | 6573408 |
| 8. | തൃശ്ശൂർ | 14848227 |
| 9. | പാലക്കാട് | 31368986 |

| | | |
|---|---|---|
| 10. | മലപ്പുറം | 15020085 |
| 11. | കോഴിക്കോട് | 9838340 |
| 12. | വയനാട് | 111079718 |
| 13. | കണ്ണൂർ | 33484244 |
| 14. | കാസർഗോഡ് | 13299790 |

(ഇ) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**ആനകളുടെ പരിപാലന, സംരക്ഷണ ചെലവും ജീവനക്കാർക്കുള്ള ആനുകൂല്യങ്ങളും**

**280 (3792)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ വിവിധ ആനപരിശീലന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പരിപാലനത്തിനായി പാസാക്കിയ എസ്റ്റിമേറ്റ് തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്ക് വിശദമാക്കുമോ; പരിപാലനകേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചരിഞ്ഞ ആനകളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ;

(ബി) അടുത്തകാലത്തായി ആനവേട്ട വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആനവേട്ടക്കാരെ നേരിടുന്നതിന് ജീവനക്കാർക്ക് നല്കിയിട്ടുള്ള പരിശീലനത്തെകുറിച്ച് വിശദമാക്കുമോ; പട്രോളിംഗ് നടത്തുന്നതിന് വാഹന സൗകര്യമുള്ള എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ കേരളത്തിലുണ്ട്; കണക്ക് വ്യക്തമാക്കുമോ;

(സി) ആനവേട്ട വ്യാപകമായ കൊടുംകാടുകളിൽ സേവനമനുഷ്ഠിക്കുന്ന വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഇപ്പോഴും റിസ്ക് അലവൻസ്, റേഷനമണി എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) വനം വകുപ്പിൽ ഒരേ തസ്തികയിൽ കഴിഞ്ഞ 15 വർഷക്കാലമായി

സേവനമനുഷ്ഠിക്കുന്ന ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിന്റെ 3 ആന പരിശീലന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പരിപാലനത്തിനായി പാസ്സാക്കിയ എസ്റ്റിമേറ്റ് തുക 250.52 ലക്ഷം രൂപയും, ചെലവഴിച്ച തുക 199.50 ലക്ഷവുമാണ്. പരിപാലന കേന്ദ്രങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഒരു ആന ചരിഞ്ഞിട്ടുണ്ട്.

(ബി) അടുത്ത കാലത്ത് ആനവേട്ട വ്യാപകമായുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലയാറ്റൂർ, വാഴച്ചാൽ മേഖലയിലാണ് ആനവേട്ട നടന്നതായി കണ്ടെത്തിയിട്ടുള്ളത്. ആനവേട്ടക്കാരെ നേരിടുന്നതിനായി ജീവനക്കാർക്ക് പ്രത്യേകിച്ച് പരിശീലനം നൽകിയിട്ടില്ലെങ്കിലും രഹസ്യ വിവര ശേഖരണം, ആയുധ പരിശീലനം എന്നിവ ഉൾപ്പെടെയുള്ള പരിശീലനങ്ങൾ കേരളാ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെയും കാലാകാലങ്ങളിൽ നടത്തുന്ന റിഫ്രഷർ ട്രെയിനിംഗിലൂടെയും നൽകി വരുന്നു. 100 ഫോറസ്റ്റ് സ്റ്റേഷനുകളിൽ വാഹന സൗകര്യമുണ്ട്.

(സി) സംരക്ഷിത പ്രദേശങ്ങളിലും, മറ്റ് സംരക്ഷിത പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുള്ള മേഖലകളിലും സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് റിസ്ക് അലവൻസ്. റേഷൻ മണി എന്നിവ നൽകിവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**നാട്ടാനകളുടെ പരിപാലനം**

**281 (3793)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നാട്ടാനകളെ പരിപാലിക്കുന്നുണ്ട്; ഇവയ്ക്കെല്ലാം രജിസ്ട്രേഷൻ ബാധകമാണോ; എങ്കിൽ സംസ്ഥാനത്തെ എല്ലാ നാട്ടാനകളെ സംബന്ധിച്ച വിവരവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ;

(ബി) ഇവയുടെ കണക്കെടുപ്പും രജിസ്ട്രേഷനും ഏത് രീതിയിലാണ് നടത്തുന്നത്;

(സി) നാട്ടാനകളെ പീഡിപ്പിക്കുകയും ശരിയായ രീതിയിൽ പരിപാലിക്കുകയും ചെയ്യാത്ത ഉടമകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) മദപ്പാടുള്ള നാട്ടാനകളെ ഘോഷയാത്രകളിലും ഉത്സവങ്ങളിലും പങ്കെടുപ്പിക്കുന്നത് മൂലം അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) നാട്ടാനകൾക്കെതിരെയുള്ള പീഡനങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ഉണ്ടാകുന്നതിനാൽ ഇവയുടെ പരിപാലനത്തെ സംബന്ധിച്ച നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള റിക്കോർഡുകൾ പ്രകാരം 599 നാട്ടാനകൾ ഉണ്ട്. ഇവയ്ക്കെല്ലാം രജിസ്ട്രേഷനുകൾ ബാധകമാണ്. ആകെ രജിസ്ട്രേഷൻ നടത്തുന്നതിനായി 599 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ 499 ആനകളുടെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ആനകളുടെ രേഖകൾ പരിശോധിച്ച് രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നാട്ടാനകളെ രജിസ്റ്റർ ചെയ്യുന്നതിനായുള്ള അപേക്ഷയുടെ മാതൃക എല്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അയച്ചുകൊടുക്കുകയും ആയത് ആന ഉടമകൾ പൂരിപ്പിച്ച് അതാത് ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർമാർക്ക് സമർപ്പിച്ച് ആയത് ജില്ലാ കമ്മിറ്റി പരിശോധിച്ചാണ് രജിസ്ട്രേഷൻ നടത്തുന്നത്.

(സി) നാട്ടാനകളെ പീഡിപ്പിക്കുകയും ശരിയായ രീതിയിൽ പരിപാലിക്കുകയും ചെയ്യാത്ത ഉടമകൾക്കെതിരെ 2012-ലെ നാട്ടാന പരിപാലന ചട്ടപ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) മദപ്പാടുള്ള നാട്ടാനകളെ ഘോഷയാത്രകളിലും ഉത്സവങ്ങളിലും പങ്കെടുപ്പിക്കുന്നത് 2012-ലെ നാട്ടാന പരിപാലന ചട്ടപ്രകാരം നിരോധിച്ചിട്ടുണ്ട്.

(ഇ) ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മൈലം പഞ്ചായത്തിൽ മിനി സിന്തറ്റിക് സ്റ്റേഡിയം**

**282 (3794)** <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന മൈലം പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് മൾട്ടി പർപ്പസ് മിനി സിന്തറ്റിക് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നൽകിയ നിവേദനം കായിക വകുപ്പിൽ ലഭിച്ചത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(സി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് മൾട്ടി പർപ്പസ് മിനി സിന്തറ്റിക് സ്റ്റേഡിയം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന മൈലം പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് മൾട്ടിപർപ്പസ് മിനി സിന്തറ്റിക് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നൽകിയ നിവേദനം കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ 26-11-2014-ന് ലഭിച്ചിട്ടുണ്ട്. ടി നിവേദനം, പരിശോധനാ റിപ്പോർട്ട് സമർപ്പിക്കാനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് നൽകുകയും നാഷണൽ ഗെയിംസ് ചീഫ് എഞ്ചിനീയർ ടി സ്ഥലം 30-11-2015-ൽ പരിശോധന നടത്തിയിട്ടുമുണ്ട്. പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ലോംഗ് ജംപ് പിറ്റിന്റെ നിർമ്മാണം**

**283 (3795)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽ അനുവദിച്ച ലോംഗ് ജംപ് പിറ്റിന്റെ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പിറ്റിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആലപ്പുഴയിലെ സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ, പള്ളിത്തോട്, ചേർത്തലയിൽ ലോംഗ് ജംപ് പിറ്റ് നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് 18-3-2015-ന് പൂർത്തീകരിച്ചിട്ടുമുണ്ട്.

**കായികവികസന ഫണ്ട്**

**284 (3796)** <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന കായിക വികസന ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഫണ്ടിലേയ്ക്ക് ഇതുവരെ എത്ര തുക ലഭിച്ചു; തുക ലഭിച്ചത് എവിടെ നിന്നെല്ലാമാണെന്നും എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികളിൽ ഇനിയും നടപ്പാക്കാത്തവ ഏതെല്ലാം; പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വീതം അനുവദിക്കപ്പെട്ടിരുന്നുവെന്നും ഇതിൽ എത്ര തുക പിൻവലിക്കാതെ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കായികവികസന നിധിയിലേയ്ക്ക് സംസ്ഥാന ബഡ്ജറ്റിൽനിന്നും താഴെ പറയുംപ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

2011-12 - 25 ലക്ഷം

2013-14 - 50 ലക്ഷം

2014-15 - 40 ലക്ഷം

2015-16 - 40 ലക്ഷം

(സി) കായിക വികസന നിധിയുടെ നടത്തിപ്പിനായി ട്രസ്റ്റ് രജിസ്റ്റർ

ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി നിധിയിൽനിന്നും തുക അനുവദിച്ച് തുടങ്ങിയിട്ടില്ല.

**ദേശീയ ഗെയിംസ് സംബന്ധിച്ച് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ**

**285 (3797)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പിൽ സംഘാടക സമിതിയുടെ കെട്ടുകാര്യസ്ഥത മൂലം കോടിക്കണക്കിന് രൂപ നഷ്ടം സംഭവിക്കുകയുണ്ടായോ;

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വെളിപ്പെടുത്തുമോ;

(സി) ദേശീയ ഗെയിംസിനായി വാങ്ങിയ ഉപകരണങ്ങൾ പലതും ഗെയിംസ് അവസാനിച്ചതിനുശേഷമാണോ സ്ഥലത്തെത്തിയിരുന്നത്; ആവശ്യമില്ലാതെ ഉപകരണങ്ങൾ വാങ്ങുകയുണ്ടായോ;

(ഡി) ഗെയിംസ് വില്ലേജിന്റെ നിർമ്മാണം യോഗ്യതയില്ലാത്ത സ്ഥാപനത്തിന് നൽകിയതായും വിവിധ നിർമ്മാണങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മുതൽ അവസാന ബില്ല് നൽകുന്നതുവരെ വിവിധ ഘട്ടത്തിൽ നീതീകരിക്കാനാവാത്ത അലംഭാവം ഉണ്ടായതായും ലോക്കൽ ഫണ്ട് ആഡിറ്റ് ടീം കണ്ടെത്തിയിട്ടുണ്ടോ;

(ഇ) സർക്കാരിന് ഉടമസ്ഥാവകാശം ലഭിച്ചിട്ടില്ലാത്ത ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനു ചെലവഴിക്കേണ്ടി വന്നതായി ആഡിറ്റ് ടീം കണ്ടെത്തിയ തുക എത്രയാണ്?

ഉത്തരം

(എ&ബി) ഇത്തരം പരാമർശം ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിൽ ഇല്ല.

(സി) ദേശീയ ഗെയിംസിന്റെ മത്സരങ്ങൾക്ക് ഉപയോഗിക്കുന്നതിനായി വാങ്ങിയ ഉപകരണങ്ങളെല്ലാം തന്നെ മത്സരങ്ങളുടെ നടത്തിപ്പിന് മുൻപ് തന്നെ എത്തിച്ചേർന്നിരുന്നു.

മത്സര നടത്തിപ്പിന് ആവശ്യമായ ഉപകരണങ്ങൾ ഏതെല്ലാമെന്നും എത്രവീതമെന്നും നിശ്ചയിച്ചത് ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രതിനിധികളടങ്ങിയ ഗെയിംസ് ടെക്നിക്കൽ കണ്ടക്റ്റ് കമ്മിറ്റി (GTCC)യാണ്. കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

(ഡി) ആഡിറ്റ് റിപ്പോർട്ടും അതിന്മേലുള്ള നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ വിശദീകരണവും സർക്കാർ പരിശോധിച്ചു വരുകയാണ്. ഗെയിംസ് വില്ലേജ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടി മുതൽ വില്ലേജ് പൂർത്തിയാകുന്നതുവരെയും യാതൊരു അലംഭാവവും ഉണ്ടായിട്ടില്ല.

(ഇ) കാര്യവട്ടത്ത് കേരള സർവ്വകലാശാലയുടെ അധീനതയിലുള്ള സ്ഥലം 15 വർഷത്തേയ്ക്ക് പാട്ടത്തിനെടുത്താണ് ഗ്രീൻ ഫീൽഡ് സ്റ്റേഡിയം നിർമ്മിച്ചത്. പാട്ടത്തുക/സർവ്വീസ് ചാർജിനത്തിൽ കേരള സർവ്വകലാശാലയ്ക്ക് 2,11,23,680 രൂപയും പാട്ടക്കരാർ സ്റ്റാമ്പ് പേപ്പർ വാങ്ങിയതിന് 25,38,000 രൂപയും ഇൻഡിപെൻഡന്റ് കൺസൾട്ടന്റിന് 2,39,38,440 രൂപയും നൽകിയതായി ആഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്.

**ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ വിദ്യാർത്ഥികൾ**

**286 (3798)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ എത്ര വിദ്യാർത്ഥികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ ജോലി വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ ജോലി നൽകുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാനത്തിനുവേണ്ടി 54 കായിക താരങ്ങൾ സ്വർണ്ണമെഡൽ നേടിയിട്ടുണ്ട്. പ്രസ്തുത കായിക താരങ്ങളിൽ 3 പേർ ബിരുദ വിദ്യാർത്ഥികളാണ്.

(ബി) പ്രസ്തുത വിദ്യാർത്ഥികളുൾപ്പെടെ 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണ മെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു.

**സ്മൈൽ പദ്ധതി**

**287 (3799)** <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവകുപ്പിന്റെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്; എത്ര തുക ഇതിനകം ചെലവഴിച്ചു;

(സി) പാലക്കാട് ജില്ലയിലെ കോട്ടായി ഗവ:ഹയർസെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് ഒരു മൾട്ടി സ്പോർട്ട്സ് ഗ്രൗണ്ടാക്കുന്നതിനായി സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ, ആയതിലേക്കായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എന്നത്തേക്ക് പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) ഈ വകുപ്പിന്റെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി മൾട്ടി സ്പോർട്സ്, കമ്മ്യൂണിറ്റി സ്പോർട്സ്, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ എന്നിവയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ ആകെ 10.50 കോടി

രൂപയാണ് വകയിരുത്തിയിട്ടുള്ളത്. (മൾട്ടി സ്പോർട്സ് 3 കോടി, കമ്മ്യൂണിറ്റി സ്പോർട്സ് 2 കോടി, സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ 5.5 കോടി,) സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചറിൽ ഇതുവരെ 90 ലക്ഷം രൂപയും കമ്മ്യൂണിറ്റി സ്പോർട്സിന് 2 കോടി രൂപയും ചെലവായിട്ടുണ്ട്.

(സി & ഡി) പ്രസ്തുത അപേക്ഷ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിക്കാനാകുമോ എന്ന് സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടിയശേഷം തീരുമാനിക്കുന്നതാണ്.

**നാഷണൽ ഗെയിംസ്**

**288 (3800)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിന്റെ ഭാഗമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ഗെയിംസുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേടും അഴിമതിയും നടന്നതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങളിന്മേലുള്ള ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ബി) ഇത്തരം മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഗെയിംസുമായി ബന്ധപ്പെട്ട് വ്യാപകമായി ക്രമക്കേടും അഴിമതിയും നടന്നതായി ആഡിറ്റ് റിപ്പോർട്ടിൽ പരാമർശമില്ല.

**വാമനപുരം- സ്കൂളുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന നടപടി**

**289 (3801)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനും ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഓരോ സ്കൂളിനും പ്രസ്തുത ആവശ്യത്തിലേക്കായി നൽകുന്ന പരമാവധി തുക എത്രയാണെന്നും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷ സമർപ്പിക്കുന്നതിനെ സംബന്ധിച്ചുമുള്ള പൂർണ്ണമായ വിവരങ്ങളും ലഭ്യമാക്കുമോ;

(സി) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം കളിസ്ഥലങ്ങളും ഇൻഡോർ സ്റ്റേഡിയങ്ങളും നിർമ്മിച്ചു നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ആവശ്യത്തിലേക്കായി വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; ആയതിന് തുക അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ 'രാജീവ് ഗാന്ധി ഖേൽ അഭിയാൻ' (RGKA) പ്രകാരം 6-7 ഏക്കർ സ്ഥലം ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് ഒരു ബ്ലോക്കിന് ഒരു സ്പോർട്സ് കോംപ്ലക്സ് എന്ന പദ്ധതി നിലവിലുണ്ട്. ഔട്ട്ഡോർ സ്പോർട്സ് കോംപ്ലക്സിന് 80 ലക്ഷം രൂപയും പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഡോർ സ്പോർട്സ് ഹാളിന് 80 ലക്ഷം രൂപയും എന്ന ക്രമത്തിൽ മൊത്തം 1,60,00,000 രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കേന്ദ്ര-സംസ്ഥാന ധനസഹായം 75:25 എന്ന അനുപാതത്തിൽ ലഭിക്കുന്നതാണ്.

RGKA പദ്ധതിയിൽ ഉൾപ്പെടുത്തി സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 6-7 ഏക്കർ സ്ഥലം ലഭ്യമല്ലെങ്കിൽ ബ്ലോക്ക് പരിധിയിലുള്ള സർക്കാർ/ എയ്ഡഡ് സ്കൂൾ/ കോളേജ് കളിസ്ഥലങ്ങൾ, സ്കൂൾ/ കോളേജ് എന്നിവയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കേണ്ടത്. കൂടാതെ കായിക യുവജനകാര്യ വകുപ്പ് സ്പൈസൽ പദ്ധതി പ്രകാരം സ്കൂളുകളിൽ കളിസ്ഥലം നിർമ്മിച്ച് നൽകിവരുന്നു. സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി അപേക്ഷാ ഫോറം

www.dsyakerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ, കായിക യുവജനകാര്യ ഡയറക്ടറേറ്റിൽനിന്നോ ലഭിക്കുന്നതാണ്. കളിസ്ഥല നിർമ്മാണത്തിന്റെ ആവശ്യകത (സ്കൂളിനാവശ്യമുള്ളത് എന്താണ്) അനുസരിച്ചാണ് തുക നിശ്ചയിക്കുന്നത്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമായ അപേക്ഷകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നു. കമ്മിറ്റി അംഗീകരിക്കുന്നവയ്ക്ക് സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് സ്റ്റേഡിയം പണിത് നൽകുന്നു.

(സി) വാമനപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് RGKA പദ്ധതി പ്രകാരം കളിസ്ഥലങ്ങളും, ഇൻഡോർ സ്റ്റേഡിയങ്ങളും നിർമ്മിച്ച നൽകിയിട്ടില്ല.

(ഡി) വാമനപുരം മണ്ഡലത്തിൽപ്പെടുന്ന ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കല്ലറ, നെല്ലനാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽനിന്ന് ലഭിച്ച അപേക്ഷ ബഹു. കായിക വകുപ്പുമന്ത്രി അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉടൻ സംസ്ഥാനതല സമിതി യോഗം ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ കഴിയുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ ഗാലറി നിർമ്മാണം

**290 (3802)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ നിർമ്മാണം ആരംഭിച്ച സിന്തറ്റിക് ട്രാക്കിനായി സ്പോർട്ട്സ് വകുപ്പ് അനുവദിച്ച 4.60 കോടി രൂപയിൽ ഇപ്പോൾ നടക്കുന്ന നിർമ്മാണം കഴിച്ച്, ബാക്കി വരുന്ന തുക ഉപയോഗിച്ച് പ്രസ്തുത സ്ഥലത്ത് തന്നെ ഗാലറി നിർമ്മിക്കാൻ അനുവാദം നൽകുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണം ആരംഭിച്ചിട്ടില്ല. എന്നാൽ 8-11-2012 തീയതിയിലെ സർക്കാർ ഉത്തരവ് നം. 254/12/കാ.യു.വ. പ്രകാരം കാസർഗോഡ് തൃക്കരിപ്പൂർ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് സ്ഥാപിക്കുന്നതിനായി 585 ലക്ഷം രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. ഇതുപ്രകാരം സിന്തറ്റിക് ഗ്രാസ് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിനായി 452 ലക്ഷം രൂപ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം 70 ശതമാനം ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം**

**291 (3803)** <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി ലഭ്യമാക്കുമോ;

(സി) നിലവിൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരമില്ലെങ്കിൽ ആയത് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ;വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**അമ്പിലേരിയിൽ ഇൻഡോർ സ്റ്റേഡിയം**

**292 (3804)** <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ അമ്പിലേരിയിൽ ഒരു ഇൻഡോർ സ്റ്റേഡിയം പണിയണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ അമ്പിലേരിയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച നിവേദനം ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

(ബി&സി) വിവരം ശേഖരിച്ച് വരുന്നു. ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്.

**ഫിലിം ആർക്കേവ്സ്**

**293 (3805)** <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ചലച്ചിത്ര അക്കാദമിയുടെ നിയന്ത്രണത്തിൽ ഫിലിം ആർക്കേവ്സ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) സിനിമാ ആർക്കേവ്സിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഇതിനായി ഏതെങ്കിലും വ്യക്തിയേയോ ഏജൻസിയേയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) നാളിതുവരെ നിർമ്മാണത്തിന്റെ രേഖകളോടെ എത്ര സിനിമകൾ ശേഖരിച്ചിട്ടുണ്ട് ; പ്രസ്തുത സിനിമകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(ഡി) കേരളത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ആർക്കേവ്സ് ആരംഭിക്കുന്നതെന്നും എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള ചലചിത്ര അക്കാദമിയുടെ നിയന്ത്രണത്തിൽ ഫിലിം ആർക്കേവ്സ് ആരംഭിക്കുവാനുള്ള അക്കാദമിയുടെ ശിപാർശ സർക്കാരിൽ പരിശോധിച്ച് വരുന്നു. ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫിലിം ആർക്കേവ്സിൽ കേടാകാത്തതും പൂർണ്ണമായതും ലഭ്യമായതുമായ കോടതി വ്യവഹാരങ്ങളിൽ

ഉൾപ്പെടാത്ത എല്ലാ മലയാള സിനിമകളുടെയും നെഗറ്റീവുകൾ ഫിലിം വാൾട്ടിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതാണ്.

(സി) ശേഖരിച്ചിട്ടില്ല.

(ഡി) കെ.എസ്.എഫ്.ഡി.സി. യുടെ മേൽനോട്ടത്തിൽ പഴയ മലയാള സിനിമകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ താൽക്കാലിക സൗകര്യം ഒരുക്കിക്കൊണ്ടിരിക്കുന്നു.

**എ.സി. ലോഫ്ലോർ സർവ്വീസ്**

**294 (3806)** <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എ.സി. ലോഫ്ലോർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) മാവേലിക്കരയിൽ നിന്നും ചുനക്കര-തെരുവുമുക്ക്-പടനിലം വഴി ചാരുംമൂട്-പന്തളം സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് JnNURAM ബസുകൾ അനുവദിക്കുന്നത്. പ്രസ്തുത DPR പ്രകാരം മാവേലിക്കര ഡിപ്പോയ്ക്ക് എ.സി. ലോഫ്ലോർ നൽകുവാൻ നിർദ്ദേശിച്ചിട്ടില്ല. ആയതിനാൽ മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും എ.സി. ലോഫ്ലോർ സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബസ്സിന്റെ ലഭ്യതക്കുറവാണ് ടി സർവ്വീസ് ആരംഭിക്കുവാൻ കഴിയാതിരിക്കുന്നത്.

ബസ്സിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി സർവ്വീസ് ആരംഭിക്കുന്നതാണ്.

**കെ. എസ്. ആർ. ടി. സി. കൊറിയർ സർവ്വീസ്**

**295 (3807)** ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ.തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. കൊറിയർ സർവ്വീസ് ആരംഭിച്ചത് വിജയകരമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കൊറിയർ സർവ്വീസ് എല്ലാ ഡിപ്പോയിൽനിന്നും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യ പങ്കാളിത്തത്തോടെ ഹോം ഡെലിവറി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

വിവിധ ബസ് സ്റ്റേഷനുകളിൽ 23-10-2015 മുതൽ കൊറിയർ/പാഴ്സൽ സർവ്വീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽനിന്നും പ്രതിമാസം 2,00,000 രൂപ വരുമാനം ലഭിച്ചുവരുന്നു. കൊറിയർ സർവ്വീസിന്റെ പ്രവർത്തനം ലാഭം പങ്കുവയ്ക്കൽ വ്യവസ്ഥയിലായതിനാൽ താഴെ പറയും പ്രകാരം വരുമാനവിഹിതവും പ്രതീക്ഷിക്കുന്നു.

വരുമാനം 25,00,000 രൂപ വരെ 22%

50,00,000 രൂപ വരെ 27%

75,00,000 രൂപ വരെ 32%

1,00,00,000 രൂപ വരെ 35%

1,00,00,000 രൂപയ്ക്ക് മേൽ 40%

(ബി) ഉണ്ട്.

(സി) ട്രാക്കോൺ എന്ന കമ്പനിയുമായാണ് കരാർ ഒപ്പ് വച്ചിട്ടുള്ളത്. പ്രസ്തുത കമ്പനി ഹോം ഡെലിവറി അടക്കം സംവിധാനങ്ങൾ ഭാവിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.യിലെ ഓഫീസുകൾക്ക് ആവശ്യമായ പ്രിന്റിംഗ് ജോലികൾ**

**296 (3808)** ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി- യിലെ ഓഫീസുകൾക്ക് ആവശ്യമായ പ്രിന്റിംഗ് ജോലികൾ ഏത് ഏജൻസി വഴിയാണ് ചെയ്തുവരുന്നതെന്നും പ്രതിവർഷം പ്രിന്റിംഗിന് എന്തു തുക ചെലവുവരുമെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലെ ഏതെങ്കിലും സ്ഥാപനം മുഖേന പ്രിന്റിംഗ് ജോലികൾ നടത്താറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. യ്ക്ക് ആവശ്യമായ എല്ലാ പ്രിന്റിംഗ് ജോലികളും ഗവൺമെന്റിന് കീഴിലെ ഏതെങ്കിലും സ്ഥാപനങ്ങൾ മുഖേനയാക്കാൻ നിയമതടസ്സമുണ്ടോ ; എങ്കിൽ അതുമാറ്റി ഗവൺമെന്റ് സ്ഥാപനങ്ങൾ മുഖേന മാത്രം ഇവിടേയ്ക്കാവശ്യമായ പ്രിന്റിംഗ് ജോലികൾ നടത്തുന്നതിനും അതിലൂടെ സുതാര്യത ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) കെ.എസ്.ആർ.ടി.സി.യുടെ പ്രിന്റിംഗ് ജോലികൾ ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം; കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട്, കൊച്ചി, കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് (ത്രിവേണി സ്റ്റേഷനറി ഡിവിഷൻ), കുന്നംകുളം; സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ്, തിരുവനന്തപുരം എന്നീ ഗവൺമെന്റ് സ്ഥാപനങ്ങളിലും കൂടാതെ മത്സരാധിഷ്ഠിത ദർഘാസ് മുഖേന സ്വകാര്യ പ്രസ്സുകൾ വഴിയുമാണ് ചെയ്തു വരുന്നത്.

2013-14 വർഷത്തിൽ - 1,63,25,082 രൂപയും

2014-15 വർഷത്തിൽ - 82,19,384 രൂപയും ചെലവായിട്ടുണ്ട്.

(സി) നിയമതടസ്സമില്ല.

എന്നാൽ കെ.എസ്,.ആർ.ടി.സി.-യുടെ ടിക്കറ്റ് അച്ചടിക്കുക തുടങ്ങിയ ജോലികൾ എല്ലാം തന്നെ ഏറ്റെടുക്കുന്നതിന് ടി സ്ഥാപനങ്ങൾക്ക് പലപ്പോഴും സാധിക്കാറില്ല.

**കെ.എസ്.ആർ.ടി.സി.യിലെ ഫിനാൻസ് മാനേജർ**

**297 (3809)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിലെ ഫിനാൻസ് മാനേജർ നിലവിൽ ഏതെല്ലാം അധിക തസ്തികകളുടെ ചുമതലകൾ വഹിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി യുടെ ധനവിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ധനവകുപ്പിലെ ഒരു സീനിയർ ഉദ്യോഗസ്ഥനെ എഫ്.എ & സി.എ.ഒ ആയി കെ.എസ്.ആർ.ടി.സി യിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ) കെ.എസ്.ആർ.ടി.സി.യിലെ ഫിനാൻസ് മാനേജർ നിലവിൽ ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസറുടെയും ജനറൽ മാനേജരുടെയും അധിക ചുമതലകൾ വഹിക്കുന്നുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

**കെ.എസ്.ആർ.ടി.സി. ബസ്സുകൾ**

**298 (3810)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി ബസ്സുകൾ ബ്രേക്ക്ഡൗണാകുന്നത് മൂലം യാത്രക്കാർക്കുണ്ടാകുന്ന ദുരിതം പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

എന്തെല്ലാമാണ് ?

**ഉത്തരം**

കെ.എസ്.ആർ.ടി.സി. ബസുകൾ ബ്രേക്ക് ഡൗൺ ആകുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ മറ്റു ബസുകളിൽ യാത്ര ചെയ്യുന്നതിനുള്ള സംവിധാനം ഉടനടി സ്വീകരിക്കാറുണ്ട്. ടയർ പഞ്ചർ മൂലമുണ്ടാകുന്ന ബ്രേക്ക് ഡൗണുകൾ അറ്റന്റ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സമീപത്തുള്ള സ്വകാര്യ സ്ഥാപനങ്ങളെ കൂടി ആശ്രയിച്ച് എത്രയും വേഗം വാഹനം റെഡിയാക്കി യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ബസുകൾക്ക് ബ്രേക്ക് ഡൗൺ, ആക്സിഡന്റ് എന്നിവമൂലം സർവ്വീസ് തുടരുവാൻ കഴിയാതെ വന്നാൽ പ്രസ്തുത റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ ഏതെങ്കിലും ബസുകൾ അടുത്ത അരമണിക്കൂറിനകം വരാനില്ലെങ്കിൽ തുടർന്നുള്ള യാത്രാക്കൂലി യാത്രക്കാർക്ക് മടക്കി നൽകുന്നുണ്ട്. റീഫണ്ട് ചെയ്യുമ്പോൾ അതുവരെ യാത്ര ചെയ്ത യാത്രാക്കൂലി ഈടാക്കി ബാക്കി തുക നൽകുന്നതിന് പകരം യാത്രക്കാരൻ ടിക്കറ്റ് എടുത്ത സ്ഥലത്തേയ്ക്ക് അതേ തരം ബസിൽ യാത്ര ചെയ്യുന്നതിന് ആവശ്യമായ തുകയാണ് നൽകുന്നത്.

**കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

**299 (3811)** ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് അധിക ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ഏർപ്പെടുത്തിയ സെസ്സിന്റെ കളക്ഷൻ, വിനിയോഗം എന്നിവ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അവലോകനത്തിന്റെ വിശദാംശം നൽകുമോ;

(സി) സെസ്സ് ഏർപ്പെടുത്തുകയും ഇന്ധനവിലയിൽ കുറവുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി യുടേയും സ്വകാര്യ സർവ്വീസുകളുടേയും

യാത്രാ നിരക്കിൽ വ്യത്യാസം വന്നിട്ടുണ്ടോ; എങ്കിൽ എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) യാത്രക്കാർക്ക് അപകട സമൂഹ ഇൻഷ്വറൻസ് ഏർപ്പെടുത്തിയതുവഴി ചെറുതും വലുതുമായ അപകടങ്ങൾ ഉണ്ടാകുമ്പോൾ യാത്രക്കാർക്ക് അടിയന്തര ചികിത്സ ഏത് ആശുപത്രിയിലും നടത്തുന്നതിനും ഇപ്പോൾ കഴിയുന്നുണ്ട്. ആയതിന്റെ മുഴുവൻ ചെലവും കെ.എസ്.ആർ.ടി.സി. യാണ് വഹിക്കുന്നത്. പിന്നീട് ഇൻഷ്വറൻസ് കമ്പനി ടി തുക കെ.എസ്.ആർ.ടി.സി.ക്ക് തിരിച്ച് നൽകുന്നതുമാണ് ഇപ്പോൾ നടത്തി വരുന്ന സംവിധാനം. കുമിളിയിൽ അടുത്ത കാലത്തുണ്ടായ ബസ്സ് അപകടത്തിൽ മരിച്ച രണ്ട് പേർക്കും, ആശ്രിതർക്കും ഇതര അപകടങ്ങളിൽപ്പെട്ടവർക്കുമുള്ള തുക 7-12-2015-ന് ഗതാഗതവും വനവും വകുപ്പ് മന്ത്രി വിതരണം ചെയ്തിട്ടുമുണ്ട്. ഇത്തരത്തിൽ സെസ്സ് തുക പിരിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി. ബസ്സിലെ യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യവുമാണ്.

സെസ് ഇനത്തിൽ ലഭ്യമാകുന്ന തുക ട്രഷറിയിലെ പ്രത്യേക അക്കൗണ്ടിലേയ്ക്ക് ഒടുക്കുകയും പ്രസ്തുത തുക പ്രതിമാസ പെൻഷൻ വിതരണത്തിനായി വിനിയോഗിച്ച് വരികയും ചെയ്യുന്നു.

(സി) ടിക്കറ്റ് നിരക്കിൽ യാതൊരുവിധത്തിലുള്ള വ്യത്യാസവും വന്നിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി. 15 രൂപയും അതിന് മുകളിലേയ്ക്കുള്ള ടിക്കറ്റുകൾക്ക് ഇൻഷ്വറൻസ് തുക ഈടാക്കുന്നതിനാൽ സ്വകാര്യ ബസ് ടിക്കറ്റ് നിരക്കുമായി വ്യത്യാസമുണ്ട്. എന്നാൽ സ്വകാര്യ ബസ്സുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതല്ല.

**കെ.എസ്.ആർ.ടി.സി.യിൽ ഇ-ഗവേണൻസ് പദ്ധതി**

**300 (3812)** ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ ഇ-ഗവേണൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കെ.എസ്.ആർ.ടി.സി.യുടെ വിവിധ സേവനങ്ങൾ വേഗത്തിലും സൗകര്യപ്രദമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കുക, ചെലവ് കുറച്ച് വരുമാനത്തിൽ വർദ്ധനവുണ്ടാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ 24 ഓൺ ലൈൻ റിസർവ്വേഷൻ കൗണ്ടറുകൾ വഴി മുൻകൂർ ഓൺലൈൻ റിസർവ്വേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനം വഴി www.ksrtconline.com എന്ന വെബ് സൈറ്റ് മുഖേന ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേന ടിക്കറ്റ് മുൻകൂർ ബുക്ക് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്.

കൂടാതെ ഇ-ടെണ്ടറിംഗ് സംവിധാനം, ബയോമെട്രിക് പഞ്ചിംഗ് സംവിധാനം, ജീവനക്കാരുടെ ശമ്പളവും പെൻഷനും ബാങ്കുവഴി നൽകുന്നതിനുള്ള സംവിധാനം, ജി.പി.ആർ.എസ്. സംവിധാനമുള്ള ഇ.ടി.എമ്മുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായി എല്ലാ ബസുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം KELTRON-മായി ഒപ്പിട്ടു. ആദ്യഘട്ടമായി കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സിറ്റി യൂണിറ്റുകളിലെ 217 ബസുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തി പ്രവർത്തനം നിരീക്ഷിച്ചു വരുന്നു. പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്മാർട്ട് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതിനുള്ള

നടപടിക്രമങ്ങളും പുരോഗമിച്ചു വരുന്നു.

**കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ നിയമലംഘനം**

**301 (3813)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള ട്രാഫിക് നിയമങ്ങൾ എല്ലാംതന്നെ കെ.എസ്.ആർ.ടി.സി യുടെ ബസ്സുകൾക്കും മറ്റ് വാഹനങ്ങൾക്കും ബാധകമാണോ;

(ബി) ഈ നിയമങ്ങളിൽനിന്ന് കെ.എസ്.ആർ.ടി.സി യുടെയോ കെ.യു.ആർ.ടി.സി.-യുടെയോ ഏതെങ്കിലും വാഹനങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ;

(സി) 2014 മാർച്ച് മുതൽ നാളിതുവരെയായി കെ.എസ്.ആർ.ടി.സി.-യുടെ വാഹനങ്ങൾ ട്രാഫിക് നിയമലംഘനങ്ങൾ നടത്തിയതിന് ആകെ എന്ത് തുക പിഴയായി ഈടാക്കിയിട്ടുണ്ട്;

(ഡി) ട്രാഫിക് നിയമലംഘനം നടത്തുന്നത് ജീവനക്കാരായതിനാൽ പിഴ ഇവരിൽ നിന്ന് ഈടാക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബാധകമാണ്.

(ബി) ഒഴിവാക്കിയിട്ടില്ല.

(സി) 2,24,500 രൂപ.

(ഡി) ഈടാക്കാറുണ്ട്.

**കെ.എസ്.ആർ.ടി.സി.യുടെ ആന്വൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട്**

**302 (3814)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഏത് വർഷം വരെയുള്ള ആന്വൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് ആണ് സഭയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് അവസാനമായി സഭ അംഗീകരിച്ചതിന് ശേഷം എത്ര രൂപയാണ് സർക്കാർ ഖജനാവിൽനിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് എന്ത് അടിസ്ഥാനത്തിലാണ് നൽകിയത് എന്നു കൂടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് നൽകാൻ വീഴ്ച വരുത്തിയിട്ടുള്ളത് ഏതൊക്കെ വർഷങ്ങളിലാണ്; ഇതിൽ കാരണക്കാർ ആരൊക്കെ എന്ന് കണ്ടെത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കെ.എസ്.ആർ.ടി.സി.യുടെ ഭരണ റിപ്പോർട്ട്**

**303 (3815)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭരണ റിപ്പോർട്ട് വളരെ വർഷങ്ങളായി യഥാസമയം നിയമസഭയിൽ സമർപ്പിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതു വർഷത്തെ ഭരണ റിപ്പോർട്ടാണ് പ്രസ്തുത സ്ഥാപനം ഏറ്റവും ഒടുവിലായി നിയമസഭയുടെ മുൻപാകെ സമർപ്പിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം ഭരണ റിപ്പോർട്ടുകൾ യഥാസമയം നിയമസഭയിൽ സമർപ്പിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യത**

**304 (3816)** ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് കെ.എസ്.ആർ.ടി.സി.യുടെ ഏതെല്ലാം വസ്തുവകകളാണ് പണയപ്പെടുത്തിയതെന്നും എത്ര രൂപ കടമെടുത്തുവെന്നും പ്രസ്തുത തുക എന്തൊക്കെ ആവശ്യങ്ങൾക്ക് ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

2013-14 സാമ്പത്തിക വർഷം മുതൽ KSRTC വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വസ്തുവകകൾ ഈടായി നൽകി വായ്പയെടുത്തത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വായ്പാ തുക (രൂപയിൽ) | ഈടാക്കി നൽകിയ വസ്തുവകകൾ |
|---|---|---|
| ഹഡ്കോ | 153.കോടി | മാനന്തവാടി, കാട്ടാക്കട. |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 200 കോടി | എടപ്പാൾ, ആലുവ, കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 91 കോടി | എറണാകുളം ബസ് സ്റ്റേഷൻ, കാരിക്കാമുറി പെരുമാനൂർ ബോട്ട് യാർഡ്, തേവര |

ഹഡ്കോയിൽ നിന്നുമെടുത്ത വായ്പ ബസുകൾ വാങ്ങാനും, പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുമെടുത്ത വായ്പ പ്രവർത്തന മൂലധന ചെലവുകൾക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.

**കെ.എസ്.ആർ.ടി.സി. ബസുകളുടെ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ**

**305 (3817)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര ഷെഡ്യൂളുകൾ വീതം വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോകളിലെ ബസുകളുടെ കാലപ്പഴക്കവും സ്പെയർ പാർട്സുകളുടെ

അപര്യാപ്തതയും കാരണം ദിനംപ്രതി നിരവധി സർവ്വീസുകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ. എസ്. ആർ. ടി. സി.-യെ മാത്രം ആശ്രയിക്കുന്ന മേഖലയിൽ ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു ഷെഡ്യൂളും വെട്ടിക്കുറച്ചില്ല. എന്നാൽ ബസിന്റെ കുറവുമൂലം ചില സർവ്വീസുകൾ അയയ്ക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്.

(സി) ആറ്റിങ്ങൽ, കിളിമാനൂർ പ്രദേശത്തെ ദേശസാൽകൃത മേഖലകളിൽ ആവശ്യത്തിന് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഇപ്പോൾ നടത്തി വരുന്നുണ്ട്. എന്നിരുന്നാലും യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സർവ്വീസുകൾ ബസിന്റെ ലഭ്യത അനുസരിച്ച് ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി.ക്ക് പരിശോധിക്കാവുന്നതാണ്.

**കെ.എസ്.ആർ.ടി.സി.യുടെ ബംഗളൂരുവിലെ ഓഫീസ്**

**306 (3818)** <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബംഗളൂരുവിൽ ഓഫീസ് പണിയാൻ കെ.എസ്.ആർ.ടി.സി ക്ക് എത്ര രൂപ ചെലവായെന്നും അതിന്റെ ആവശ്യകതയും അതിനായി ഒരുക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ബംഗളൂരുവിൽ കലാശിപാളയത്തിൽ ബി.എം.ടി.സി. വക സ്റ്റാന്റിൽ 1,73,800 രൂപ ചെലവിലും, ബംഗളൂരു ശാന്തി നഗറിലെ ബി.എം.ടി.സി. വക ബസ് സ്റ്റേഷനിൽ ഒരു ലക്ഷം രൂപ ചെലവിലും കെ.എസ്.ആർ.ടി.സി.യുടെ റിസർവേഷൻ കൗണ്ടറുകൾ തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ

ബസ്സുകളിൽ ബംഗളൂരുവിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്നതിന് 'ടി' കൗണ്ടറുകളിൽ ടിക്കറ്റ് റിസർവേഷൻ ചെയ്യുവാൻ ഉള്ള സൗകര്യം യാത്രക്കാർക്ക് ലഭ്യമാണ്.

ബംഗളൂരുവിൽ കെ.എസ്.ആർ.ടി.സി. അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറുടെ ഓഫീസിനായും, ജീവനക്കാരുടെ വിശ്രമ മുറിക്കും ഒരു കെട്ടിടത്തിന്റെ താഴത്തെ നിലയും ഏറ്റവും മുകളിലത്തെ ഒരു മുറിയും വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു ലക്ഷം രൂപ അഡ്വാൻസും നൽകിയിട്ടുണ്ട്. പ്രതിമാസം 16,000 രൂപ വാടകയായും നൽകി വരുന്നു. ബംഗളൂരുവിൽ നിന്നും കേരളത്തിലേയ്ക്കും തിരിച്ചുമുള്ള സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും നിയന്ത്രിക്കുന്നതിനും എ.റ്റി.ഒ. ഓഫീസിന്റെ പ്രവർത്തനം ഗുണകരമാണെന്നാണ് വിലയിരുത്തുന്നത്.

**സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ**

**307 (3819)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളാണ് ആരംഭിച്ചത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾ ഏതൊക്കെയെന്നും, ആരംഭിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(സി) പുതുതായി രൂപീകരിച്ച താലൂക്കുകളിൽ പ്രസ്തുത ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) വെള്ളരിക്കുണ്ട് താലൂക്കിൽ ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉടുമ്പൻചോല, നിലമ്പൂർ, ദേവികുളം, മാനന്തവാടി, സുൽത്താൻ ബത്തേരി, കുട്ടനാട്, ചിറ്റൂർ, ഉഴവൂർ എന്നിവയാണ് പുതുതായി ആരംഭിച്ച സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ.

വാഹന പെരുപ്പം, ജനങ്ങൾക്ക് സമയബന്ധിത സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനായി പരിഗണിക്കപ്പെടുന്ന പ്രധാന ഘടകങ്ങൾ.

(സി) പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ ഇടുക്കി താലൂക്കിൽ ആർ.ടി. ഓഫീസും, പട്ടാമ്പി, ചാലക്കുടി, പുനലൂർ, താമരശ്ശേരി എന്നീ താലൂക്കുകളിൽ സബ് ആർ.ടി. ഓഫീസുകളും നേരത്തെ തന്നെ പ്രവർത്തിച്ച് വരുന്നുണ്ട്.

(ഡി) ഇപ്പോൾ അത്തരം ഒരു നിർദ്ദേശം പരിഗണനയിൽ ഇല്ല.

**പുതിയ ആർ.ടി. ഓഫീസുകൾ**

**308 (3820)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ആർ. ടി ആഫീസുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുമോ;

(ബി) കൊട്ടാരക്കര ആസ്ഥാനമാക്കി ആർ.ടി. ആഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ അത്തരം ഒരു നിർദ്ദേശം പരിഗണനയിൽ ഇല്ല.

**പൈപ്പ് ട്യൂബുകൾ വാങ്ങിയ ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായ നഷ്ടം**

**309 (3821)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പ് ട്യൂബുകൾ വാങ്ങിയത് ആവശ്യാനുസരണമുള്ള അളവിലും വലുപ്പത്തിലും അല്ലാതിരുന്നത് മൂലം കെ.എസ്.ആർ.ടി.സി-യ്ക്ക് ഉണ്ടായ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കാനും ഇത്തരം

സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ഏന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത നഷ്ടം ഈടാക്കുന്ന വിഷയം ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതി വിധിക്കനുസൃതമായി തുടർനടപടി സ്വീകരിക്കാവുന്നതാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ദർഘാസ് വ്യവസ്ഥയിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

**കണ്ണൂർ പറശ്ശിനിക്കടവ് ബസ് സർവ്വീസ്**

**310 (3822)** <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.റ്റി.സി.-യുടെ എ.സി. ലോ ഫ്ലോർ ബസ് സർവ്വീസ് കണ്ണൂരിൽ നിന്നും പറശ്ശിനിക്കടവ് ക്ഷേത്രത്തിലേക്ക് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരത്ത് നിന്നും മാവേലി , മാംഗളൂർ, മലബാർ എന്നീ എക്സ്പ്രസ് ട്രെയിനുകൾ കണ്ണൂരിൽ എത്തിച്ചേരുമ്പോൾ റെയിൽവേ സ്റ്റേഷനിൽ നിന്നും എ.സി. ലോ ഫ്ലോർ സർവ്വീസ് ആരംഭിക്കുമോ;

(സി) മലബാർ മേഖലയിൽ കെ.യു.ആർ.റ്റി.സി. യുടെ എ.സി. ലോ ഫ്ലോർ ബസ്സ് അനുവദിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് JnNURM ബസുകൾ അനുവദിക്കുന്നത്. പ്രസ്തുത DPR പ്രകാരം കണ്ണൂർ ഡിപ്പോയ്ക്ക് എ.സി. ലോ ഫ്ലോർ നൽകുവാൻ നിർദ്ദേശിച്ചിട്ടില്ല. ആയതിനാൽ കണ്ണൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എ.സി. ലോ ഫ്ലോർ സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(ബി) NATPAC തയ്യാറാക്കിയതും Ministry of Urban Development

അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് JNNURM ബസുകൾ അനുവദിക്കുന്നത്. പ്രസ്തുത DPR പ്രകാരം കണ്ണൂർ ഡിപ്പോയ്ക്ക് എ.സി. ലോ ഫ്ലോർ നൽകുവാൻ നിർദ്ദേശിച്ചിട്ടില്ല. ആയതിനാൽ എ.സി. ലോ. ഫ്ലോർ സർവ്വീസ് അനുവദിച്ച് നൽകാൻ നിർവ്വാഹമില്ല.

(സി) മലബാർ മേഖലയ്ക്ക് കെ.യു.ആർ.ടി.സി. 29 എ.സി. ലോ ഫ്ലോർ ബസുകൾ അനുവദിച്ചിട്ടുണ്ട്. മലപ്പുറം (8 A/c), കോഴിക്കോട് (15 A/c) വയനാട് (6 A/c) എന്നിങ്ങനെ 29 ബസുകൾ അനുവദിച്ചിട്ടുണ്ട്.

**വേണാട്-എൽ.എസ്.ന് പൂവണത്തുംമൂട് സ്റ്റോപ്പ് അനുവദിക്കൽ**

**311 (3823)** <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴ -കൊല്ലം റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തുന്ന വേണാട്-ലിമിറ്റഡ് സ്റ്റോപ്പ് ബസ്സിന് പൂവണത്തുംമൂട് സ്റ്റോപ്പ് അനുവദിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഒരു വർഷത്തിലേറെ ആയെങ്കിലും ആയത് നടപ്പിൽ വരുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഗതാഗതവകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം സ്ഥലം എം.പി. നൽകിയ ഉറപ്പ് പാലിക്കപ്പെടാതിരിക്കുന്നതിന്റെ സാഹചര്യം വിശദമാക്കുമോ; കെ.എസ്.ആർ.ടി.സി നൽകിയ ഉത്തരവ് പ്രകാരം പ്രസ്തുത സ്റ്റോപ്പ് എന്നുമുതൽ നിലവിൽ വരും എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ - സി) കൊല്ലം- കുളത്തൂപുഴ റൂട്ടിലെ പൂവണത്തുംമൂട് എന്ന സ്ഥലത്ത് 20-5-2014-ന് പരീക്ഷണാർത്ഥം കെ.എസ്.ആർ.ടി.സി.യുടെ ലിമിറ്റഡ് സ്റ്റോപ് ഓർഡിനറി സർവ്വീസിന് റിക്വസ്റ്റ് സ്റ്റോപ് അനുവദിക്കുകയുണ്ടായി. 65 കിലോമീറ്റർ ദൈർഘ്യമുള്ള കൊല്ലം-കുളത്തൂപ്പുഴ റൂട്ടിൽ ടി സർവ്വീസിന് അനുവദിച്ചിരിക്കുന്ന സമയപരിധി രണ്ട് മണിക്കൂർ 10 മിനിട്ട് ആണ്. ടി ദൂരത്തിൽ 26 ഫെയർ സ്റ്റേജുകളും 44 സ്റ്റോപ്പുകളും അനുവദിച്ചിട്ടുള്ളതിൽ അധികമായിട്ടാണ്

പരീക്ഷണാർത്ഥം പൂവണത്തുംമൂട്ടിലും സ്റ്റോപ്പ് അനുവദിച്ചത്. തൽഫലമായി സർവ്വീസിന്റെ സമയകൃത്യത പാലിക്കുവാൻ കഴിയാതെ വരികയും, യാത്രക്കാർക്ക് ടി സർവ്വീസിൽ യാത്ര ചെയ്യുവാനുള്ള താൽപര്യം കുറയുകയും ചെയ്ത സ്ഥിതി വിശേഷം സംജാതമാകുകയും, കൂടാതെ ടി റൂട്ടിലെ മറ്റ് സ്ഥലങ്ങളിലും സ്റ്റോപ് അനുവദിക്കണമെന്ന ആവശ്യം ഉയർന്ന് വരികയും ചെയ്ത സാഹചര്യത്തിലാണ് കെ.എസ്.ആർ.ടി.സി.ക്ക് പൂവണത്തുമൂട്ടിലെ സ്റ്റോപ് പ്രാബല്യത്തിൽ വരുത്തുവാൻ കഴിയാത്തത്. ഈ വർഷത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്ന് കെ.എസ്.ആർ.ടി.സി.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**വ്യാപാര സമുച്ചയ പദ്ധതി**

**312 (3824)** <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വ്യാപാര സമുച്ചയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുക, യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സൗകര്യം വർദ്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) രണ്ടു ഘട്ടങ്ങളിലായി തെരഞ്ഞെടുക്കപ്പെട്ട 59 ബസ് സ്റ്റേഷനുകളിൽ സാമ്പത്തിക നിലയനുസരിച്ച് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാൻ നടപടിയെടുത്തിട്ടുണ്ട്. അതിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ

കെ.റ്റി.ഡി.എഫ്.സി. കോഴിക്കോട്, അങ്കമാലി, തിരുവല്ല, തിരുവനന്തപുരം തമ്പാനൂർ എന്നീ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി. നേരിട്ട് നിർമ്മിക്കുന്നവയിൽ കാട്ടാക്കട, കാസർഗോഡ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ പദ്ധതി പൂർത്തിയായി പ്രവർത്തനം നടന്നുവരുന്നു.

നെടുമങ്ങാട് പണി പൂർത്തിയാക്കി ഉദ്ഘാടനം നടന്നിട്ടുണ്ട്.

നെയ്യാറ്റിൻകര പണി പൂർത്തീകരിച്ചു കഴിഞ്ഞു.

പയ്യന്നൂർ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്.

ഹരിപ്പാട്, തൊടുപുഴ, മൂവാറ്റുപുഴ, നിലമ്പൂർ, പത്തനംതിട്ട, പാലാ എന്നിവിടങ്ങളിലെ പണി പുരോഗതിയിലാണ്.

പാലക്കാട്, കോട്ടയം, മലപ്പുറം എന്നിവിടങ്ങളിലെ പണി ഉടൻതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ചേലക്കര- നിർത്തലാക്കിയ ബസ് സർവ്വീസുകൾ**

**313 (3825)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൃശ്ശൂർ, പാലക്കാട് ഡിപ്പോകളിൽ നിന്നും ചേലക്കര നിയോജക മണ്ഡലത്തിലെ വിവിധ റൂട്ടുകളിൽ നടത്തിയിരുന്ന ബസ് സർവ്വീസുകൾ നിർത്തലാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യാത്രക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും നിർത്തലാക്കിയ സർവ്വീസുകൾ പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ;

(ഡി) പ്രസ്തുത നിയോജക മണ്ഡലത്തിലെ വിവിധ റൂട്ടുകളിലെ നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി സർവ്വീസുകൾ പുനരാരംഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ടി. എൻ. നമ്പീശൻ, കടവല്ലൂർ ബ്ലോക്ക് കോൺഗ്രസ് (I) സെക്രട്ടറി നിവേദനം നൽകിയിട്ടുണ്ട്.

(സി&ഡി) ബസ്സിന്റെ ലഭ്യതക്കുറവാണ് ടി സർവ്വീസുകൾ പുനരാരംഭിക്കുവാൻ കഴിയാതിരിക്കുന്നത്. ബസ്സിന്റെ ലഭ്യതക്കുറവനുസരിച്ച് ടി സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്.

## പൊന്നാനി കെ.എസ്.ആർ.ടി.സി. സബ്ഡിപ്പോ

**314 (3826)** <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കെ. എസ്. ആർ. ടി. സി. സബ്ഡിപ്പോയിൽ നിന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തുന്നതെന്നും എത്ര ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ ഷെഡ്യൂളുകൾ മുടങ്ങാറുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് എന്തുകൊണ്ടാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ ബസ്സുകളുടെയും ജീവനക്കാരുടെയും കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. പൊന്നാനി യൂണിറ്റിൽ 44 ഷെഡ്യൂളുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ശരാശരി 36 ഷെഡ്യൂളുകൾ ദിനംപ്രതി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) എട്ടോളം ഷെഡ്യൂളുകൾ ദിനംപ്രതി മുടങ്ങുന്നുണ്ട്. ബസുകളുടെ ലഭ്യതക്കുറവാണ് ഷെഡ്യൂളുകൾ മുടങ്ങുവാൻ കാരണം.

(സി) ഉണ്ട്.

ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

**തിരുവല്ല കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലെ മുറി ലേലം**

**315 (3827)** ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ലയിൽ പുതുതായി പണികഴിപ്പിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിൽ എത്ര മുറികൾ ലേലത്തിൽ പോയിട്ടുണ്ടെന്നും എത്ര മുറികൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും വിശദമാക്കാമോ?

ഉത്തരം

തിരുവല്ലയിൽ പുതുതായി പണികഴിപ്പിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിൽ 37 മുറികൾ ലേലത്തിൽ പോയിട്ടുണ്ട്. 7 മുറികൾ അനുവദിക്കാനുള്ള നടപടി ക്രമങ്ങളിലാണ്. 46 എണ്ണം ഒഴിഞ്ഞു കിടക്കുന്നു.

**നിരീക്ഷണ ക്യാമറകൾ**

**316 (3828)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ച് ട്രാഫിക്ക് നിയമലംഘനങ്ങളിൽ നിന്നും പിഴ ഈടാക്കാൻ മോട്ടോർ വാഹനവകുപ്പ് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്യാമറ നിരീക്ഷണ സംവിധാനം വഴി കണ്ടുപിടിക്കാവുന്ന ട്രാഫിക് സംബന്ധമായ നിയമ ലംഘനങ്ങൾക്ക് നൽകുന്ന നോട്ടീസുകൾക്ക് പിഴ ഈടാക്കുന്നത് കെൽട്രോൺ തയ്യാർ ചെയ്ത payment service module എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ മുഖേനയാണ്. ഈ സംവിധാനത്തിൽ പിഴ അടയ്ക്കുമ്പോൾ തന്നെ നോട്ടീസിന്മേൽ ഉള്ള നടപടികൾ അവസാനിപ്പിക്കപ്പെടുന്നു. പിഴ ഒടുക്കാത്ത നിയമ ലംഘകർക്ക് reminder അയയ്ക്കുന്നതിനും ഈ സംവിധാനത്തിൽ കൂടി കഴിയും. ഇതിന്റെ സഹായത്തോടെ ഗതാഗത നിയമലംഘകരിൽനിന്നും പിഴ ഈടാക്കാനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് അതാതു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഗതാഗത നിയമങ്ങൾ ലംഘിച്ചുകൊണ്ട് അപകടങ്ങൾക്ക് സാഹചര്യം സൃഷ്ടിക്കുന്ന മേഖലകൾ തിരിച്ചറിഞ്ഞ് അവിടെയൊക്കെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് നിയമലംഘകരെ കണ്ടെത്തി പിഴ ഈടാക്കുന്നതിനുള്ള നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനുവേണ്ട കൺട്രോൾ റൂമുകൾ സ്ഥാപിക്കുകയും നിരീക്ഷണത്തിനായി ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ പാതയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലായി വിവിധ സ്ഥലങ്ങളിലും ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ചുകഴിഞ്ഞു.

**ജസ്റ്റീസ് ചന്ദ്രശേഖരദാസ് കമ്മീഷൻ**

**317 (3829)** <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ട്രാൻസ്പോർട്ട് ട്രാഫിക്കിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞോ;

(ബി) എങ്കിൽ റോഡ് സേഫ്റ്റി, ട്രാഫിക് സംവിധാനം ഇവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ എന്തെന്ന് ലഭ്യമാക്കുമോ;

(സി) പുതുതായി എന്തെങ്കിലും മാതൃകാ സംവിധാനം അദ്ദേഹത്തിന്റെ കണ്ടെത്തലുകളിൽ സൂചിതമായിട്ടുണ്ടോ;

(ഡി) റോഡ് സുരക്ഷയ്ക്ക് പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ച് പരാമർശങ്ങൾ ഉണ്ടോ ; വിശദാംശം വ്യക്തമാകുമോ ;

(ഇ) നഗരങ്ങളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ പ്രത്യേകം നിർദ്ദേശങ്ങൾ ഉണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി പുരുഷൻമാർക്ക് 20 വയസ്സും സ്ത്രീകൾക്ക് 21 വയസ്സും ആയി നിശ്ചയിക്കുക, സ്കൂൾ വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ 'സ്റ്റുഡന്റ്സ് വെഹിക്കിൾ' എന്ന സ്റ്റിക്കർ പതിപ്പിക്കുക.

2. അഞ്ച് വർഷത്തെ ഡ്രൈവിംഗ് പരിചയം ലഭിച്ചതിനുശേഷം മാത്രം ഡ്രൈവർമാരെ ദേശീയ പാതകളിൽ വാഹനം ഓടിക്കാൻ അനുവദിക്കുക.

3. ദേശീയ പാതകൾ കുറഞ്ഞത് നാലുവരി പാതകളായും സംസ്ഥാന പാതകൾ രണ്ടുവരിപ്പാതകളായും നിർമ്മിക്കുക.

4. പൊതു നിരത്തുകളിൽ പരമാവധി വേഗത സൂചിപ്പിക്കുന്ന സൈൻ ബോർഡ് പ്രദർശിപ്പിക്കുക.

5. ഓരോ നിരത്തുകളിലും വാഹനങ്ങൾ ഓടിക്കാവുന്ന പരമാവധി വേഗത മുൻകൂട്ടി അറിയിക്കുന്നതിന് 'വി.എം.എസ്. സിസ്റ്റം' ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുക.

6. കാലവർഷാരംഭത്തിന് മുൻകൂട്ടി തന്നെ റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7. ചെറിയ റോഡ്, പ്രധാന റോഡുമായി ചേരുന്ന സ്ഥലങ്ങളിൽ ഹമ്പുകൾ നിർമ്മിക്കുക.

8. ഡ്രൈവർമാരുടെ കാഴ്ച തടസ്സപ്പെടുത്തുന്ന രീതിയിലുള്ള പരസ്യങ്ങൾ സ്ഥാപിക്കാതിരിക്കുന്നതിനും സ്ഥാപിച്ചവ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

9. പൊതുനിരത്തുകളിൽ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള വൃക്ഷശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിനും, അപകടങ്ങൾക്ക് കാരണമാകുന്ന രീതിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ നീക്കം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വനപാലകർ സ്വീകരിക്കുക.

10. കാൽനടയാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള കാണിക്കവഞ്ചികൾ, കൊടിമരങ്ങൾ എന്നിവ അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

11. സ്കൂൾ/കോളേജ് പാഠ്യപദ്ധതിയിൽ ട്രാഫിക് നിയമങ്ങൾ, റോഡ് സുരക്ഷ സന്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തുക.

12. എല്ലാ റോഡുകളിലും ബസ് സ്റ്റോപ്പിനോട് ചേർന്ന് 'ബസ്സ് ബെ' നിർമ്മിക്കുക.

13. ജംഗ്ഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞത് 250 മീറ്റർ അകലെ 'ബസ്സ് ബെ' നിർമ്മിക്കുക.

14. റോഡ് വശങ്ങളിൽ മാലിന്യ വസ്തുക്കൾ, നിർമ്മാണസാമഗ്രികൾ എന്നിവ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

15. റോഡുകളിൽ അപകട സാധ്യത സ്ഥലങ്ങളിൽ 'ഇലക്ട്രോണിക് ഫ്ളാഷ്' മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക.

16. റോഡ് നിയമം ലംഘിക്കുന്നവരിൽനിന്നും പിഴ ഈടാക്കുന്നതിന് ആധുനിക ഇലക്ട്രോണിക് സംവിധാനം ഉപയോഗപ്പെടുത്തുക.

17. ട്രാഫിക് മാനേജ്മെന്റിന് ആധുനിക ഇന്റലിജന്റ് ട്രാൻസ്പോർട്ടേഷൻ സംവിധാനം ഏർപ്പെടുത്തുക.

18. മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നവർക്ക് നിലവിലുള്ള ശിക്ഷ അപര്യാപ്തമായതിനാൽ പിഴയും ശിക്ഷയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

19. അപകടത്തിന് ശേഷം യാതൊരു നടപടിയും സ്വീകരിക്കാതെ വാഹനത്തിൽ നിന്നും ഓടി മറയുന്ന ഡ്രൈവർമാർക്കെതിരെ കുറ്റം ചുമത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

20. ഒരു ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇരുചക്ര വാഹനം മറ്റൊരു ജില്ലയിൽ പ്രവേശിക്കുവാൻ പ്രത്യേക അനുവാദം നേടണമെന്ന് നിഷ്കർഷിക്കുക.

21. ഇരുചക്ര വാഹനങ്ങളുടെ പരമാവധി വേഗത 40-50 കിലോമീറ്ററായി നിജപ്പെടുത്തുക.

22. ഭടൻമാർ, പോലീസ്, ഫയർഫോഴ്സ്, റോഡ് സുരക്ഷാ സേന എന്നിവർക്ക് മാത്രമായി അതിവേഗ ഇരുചക്രവാഹനങ്ങളുടെ ഉപയോഗങ്ങൾ നിജപ്പെടുത്തുക.

23. എല്ലാ വാഹനങ്ങളിലും GPS & RFID എന്നീ സംവിധാനം ഏർപ്പെടുത്തുക.

24. പെട്രോൾ ബങ്കുകളുടെ സ്ഥാനങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിലേയ്ക്ക് പൊതുനിരത്തുകളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുക.

25. എല്ലാ വാഹനങ്ങളിലും 'ഡാഷ് ബോർഡ്' ക്യാമറ നിർബന്ധമാക്കുക.

26. വാഹനങ്ങളിൽ ഹാലജൻ ലൈറ്റുകൾ ഘടിപ്പിക്കുന്നത് കുറ്റകരമാക്കുക.

27. വാഹനങ്ങളുടെ ഇനമനുസരിച്ച് ഹോൺ ഘടിപ്പിക്കുന്നത് ക്രമീകരിക്കുക.

28. എല്ലാ വാഹനങ്ങളുടേയും ഹെഡ് ലൈറ്റുകൾ പകുതി കറുത്ത പെയിന്റ് ചെയ്യുക.

29. ടിപ്പർ ലോറികളിൽ സ്പീഡ് ഗവേർണേഴ്സ് സ്ഥാപിക്കുക.

30. ഓട്ടോമൊബൈയിൽ വർക്ക്ഷോപ്പുകളിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക.

31. ബസ്സുകളിലും ലോറികളിലും മുൻ-പിൻ ഭാഗങ്ങളിൽ രണ്ട് അടി ഉയരത്തിൽ 'ഷോക്ക് അബ്സോർബർ' സ്ഥാപിക്കുക.

32. മദ്യപിച്ച് വാഹനം ഓടിക്കൽ, പ്രായപൂർത്തിയാകാതെ വാഹനം ഓടിക്കൽ എന്നിവ ശ്രദ്ധയിൽപ്പെട്ടുമ്പോൾ ആയത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് അധികാരം നൽകുന്ന ചട്ടങ്ങൾ രൂപീകരിക്കുക.

33. ഇൻഷുറൻസ് ചെയ്യപ്പെട്ടതിനുശേഷം മാത്രം വാഹനങ്ങളുടെ പെർമിറ്റ്

പുതുക്കി നൽകുക.

34. നഗരങ്ങളിൽ കൂടി കടന്നുപോകുന്ന ദേശീയ പാതകൾക്ക് 'സബ് വേ' നിർമ്മിക്കുക.

35. രാത്രികാലങ്ങളിൽ വാഹനം ഓടിക്കുമ്പോൾ എതിരെ വരുന്ന ഡ്രൈവർമാരുടെ കാഴ്ച മങ്ങാതിരിക്കുന്നതിന് ഉതകുന്ന വിധത്തിൽ വാഹനത്തിന്റെ ലൈറ്റ് 'ഡിം' ചെയ്യുന്നത് നിർബന്ധമാക്കുക.

36. സ്കൂൾ പരീക്ഷകളിലും ജോലി ലഭിക്കുന്നതിനുള്ള പരീക്ഷകളിലും, റോഡ് സുരക്ഷാ നിയമങ്ങൾ സംബന്ധിച്ച് ഏറ്റവും കുറഞ്ഞത് അഞ്ചു മാർക്കിനുള്ള ചോദ്യങ്ങളെങ്കിലും ഉൾപ്പെടുത്തുക.

(സി) ഉണ്ട്.

(ഡി) പോലീസ് പ്രവർത്തനത്തെ സംബന്ധിച്ച് പ്രത്യേക പരാമർശങ്ങളില്ല.

(ഇ) ഉണ്ട്. നഗരങ്ങളിൽക്കൂടി കടന്നുപോകുന്ന ദേശീയ പാതകൾക്ക് 'സബ് വേ' നിർമ്മിക്കുക, ചെറിയ റോഡ് പ്രധാന റോഡുമായി ചേരുന്ന സ്ഥലങ്ങളിൽ ഹമ്പുകൾ നിർമ്മിക്കുക എന്നിവയാണ് ഗതാഗതക്കുരുക്ക് പരിഹരിക്കാനായി നിർദ്ദേശിച്ചിട്ടുള്ളത്.

**പാലക്കാട്, വടക്കാഞ്ചേരി ഫയർസ്റ്റേഷന് ഭൂമി**

**318 (3830)** <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, വടക്കാഞ്ചേരി ഫയർ റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ കെ.എസ്.ആർ.ടി.സി. വടക്കാഞ്ചേരി ഡിപ്പോ പരിസരത്ത് നിന്നും ഭൂമി വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഭൂമി കൈമാറുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

**ഉത്തരം**

(എ) സ്ഥലം വിട്ടുനൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥലം കൈമാറിയിട്ടില്ല.

(ബി) പാലക്കാട്, വടക്കാഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് കൈമാറാൻ ഉദ്ദേശിക്കുന്ന വസ്തു സർക്കാർ പുറംപോക്ക് ഭൂമി അല്ലാത്തതിനാൽ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം റവന്യൂ വകുപ്പിലേയ്ക്ക് മാറ്റാനുള്ള നടപടികൾ കൈക്കൊണ്ടതിനുശേഷം മാത്രമേ വകുപ്പ് തലത്തിൽ ഭൂമി കൈമാറ്റി നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

എത്രയും വേഗം ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**കുറ്റ്യാടി- മാനന്തവാടി റൂട്ടിലെ യാത്രാപ്രശ്നം**

**319 (3831)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്ന കുറ്റ്യാടി-മാനന്തവാടി റൂട്ടിലെ യാത്രാ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ടിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) പ്രസ്തുത റൂട്ടിലെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റ്യാടി- മാനന്തവാടി റൂട്ടിലെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിനായി തൊട്ടിൽപ്പാലത്ത് നിന്നും മാനന്തവാടിയിൽ നിന്നുമായി 40 ട്രിപ്പുകൾ ദിവസവും നടത്തി വരുന്നുണ്ട്.

(സി) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് സംവിധാനം**

**320 (3832)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ ദേശീയ പാതയിൽ കരീലകുളങ്ങര മുതൽ ഓച്ചിറ വരെയുള്ള ഭാഗം അപകട തീവ്രത കൂടുതലായുള്ള മേഖലയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഭാഗത്ത് മോട്ടോർ വാഹനവകുപ്പ് എൻഫോഴ്സ്മെന്റ് സംവിധാനം സ്ഥിരമായി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദേശീയ പാതയിൽ ഏതെങ്കിലും ഒരു പ്രത്യേക ഭാഗത്തു മാത്രമായി മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സംവിധാനം സ്ഥിരമായി ഏർപ്പെടുത്തുവാൻ കഴിയുകയില്ല. ഈ മേഖലയിൽ അടിക്കടിയുള്ള പരിശോധനയ്ക്കായി 2 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിക്കുകയും രാത്രികാല വാഹന പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

**കാഞ്ഞങ്ങാട് കാസർഗോഡ് നാഷണൽ ഹൈവേയിലെ യാത്രാപ്രശ്നം**

**321 (3833)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-മംഗലാപുരം നോട്ടിഫൈഡ് റൂട്ടിൽ ഉൾപ്പെട്ട കാഞ്ഞങ്ങാട്-കാസർകോട് നാഷണൽ ഹൈവേ വഴിയുള്ള യാത്രാ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റൂട്ടിൽ ഫ്ലീറ്റ് ഓണർ വ്യവസ്ഥ പ്രകാരം ഏറ്റെടുത്ത ബസ്സുകളിൽ എത്ര എണ്ണം സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സൂപ്പർ ഫാസ്റ്റ്- ലിമിറ്റഡ് സ്റ്റോപ്പ് എന്ന പേരിലുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് മുഴുവൻ ലിമിറ്റഡ് സ്റ്റോപ്പുകളിലും സ്റ്റോപ്പ് അനുവദിക്കുന്നതിന് തടസ്സമുണ്ടോ ; എങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റൂട്ട് നോട്ടിഫൈഡ് റൂട്ടായതിനാൽ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ലിമിറ്റഡ്, ഓർഡിനറി സർവ്വീസുകൾ കൂടുതലായി ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കാസർഗോഡ് ഡിപ്പോയിൽ നിന്നും 5-ഉം ഗുരുവായൂർ, കോഴിക്കോട്, കണ്ണൂർ, തലശ്ശേരി എന്നീ ഡിപ്പോകളിൽനിന്നും ഓരോ സർവ്വീസ് വീതവും നടത്തുന്നുണ്ട്.

(സി) ഉണ്ട്. സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ നടത്തിവരുന്നത് കുറച്ച് സമയത്തിനുള്ളിൽ കൂടുതൽ യാത്ര ചെയ്യുന്ന യാത്രക്കാരെ ഉദ്ദേശിച്ചാണ്. ആയതിനാൽ അത്തരം സർവ്വീസുകൾക്ക് നിലവിലുള്ളതിൽ കൂടുതൽ സ്റ്റോപ്പ് അനുവദിച്ചാൽ അവ ദീർഘദൂര യാത്രക്കാർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കും.

(ഡി) ബസ്സിന്റെ ലഭ്യതക്കുറവുണ്ട്. ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്കും സർവ്വീസുകളുടെ സാമ്പത്തിക വശം കൂടി കണക്കിലെടുത്തും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി.ക്ക് പരിശോധിക്കാവുന്നതാണ്.

**കുളത്തൂപ്പുഴ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ**

**322 (3834)** ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ ഒരു സബ് ഡിപ്പോ ആയി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ബഹുജന പങ്കാളിത്തത്തോടെ ആരംഭിച്ച ടി സെന്ററിലേക്ക് കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകിയ 3 ഏക്കർ സ്ഥലത്ത് സബ് ഡിപ്പോ ആരംഭിക്കാമെന്ന കെ.എസ്.ആർ.ടി.സി.യുടെയും സർക്കാരിന്റെയും ഉറപ്പ് പാലിക്കാതിരിക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(സി) ടി ഓപ്പറേറ്റിംഗ് സെന്ററിലെ ഡ്രൈവർമാരുടെ കുറവ് നികത്താനും ബസുകളുടെ കുറവ് നികത്താനും നടപടികൾ സ്വീകരിക്കുമോ; കുളത്തൂപ്പുഴ-കൊല്ലം വേണാട് ചെയിൻ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുവാൻവേണ്ടി കുളത്തൂപ്പുഴയിൽനിന്നും 2 ബസ്സും കൊല്ലം ഡിപ്പോയിൽ നിന്ന് 2 ബസ്സും സർവ്വീസ് നടത്തുമെന്ന തീരുമാനം നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത

തീരുമാനം അടിയന്തരമായി നടപ്പാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഒരു ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോ ആയി ഉയർത്തുമ്പോൾ ആയതിലേയ്ക്കാവശ്യമായി സ്ഥലവും കെട്ടിടവും മറ്റ് അനുബന്ധ ചെലവുകളും ബന്ധപ്പെട്ട നഗരസഭയോ ഗ്രാമ പഞ്ചായത്തോ അതുമല്ലെങ്കിൽ എം.എൽ.എ., എം.പി. ഫണ്ടിൽനിന്നും ചെലവിട്ടാലും തുടർ പ്രവർത്തന ചെലവുകൾക്ക് കെ.എസ്.ആർ.ടി.സി. പ്രതിമാസം ഏറ്റവും കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലും ചെലവാക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി. സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു വിധത്തിലുള്ള ബാധ്യതയും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ കുളത്തുപ്പുഴ ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോ ആയി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഡ്രൈവർമാരുടെ കുറവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൊല്ലത്തുനിന്നും കുളത്തുപുഴയിൽനിന്നും 2 ബസ്സുകൾ വീതം അധികം നൽകി 20 മിനിട്ട് ഇടവിട്ട് 14 ബസ്സുകൾ ഇപ്പോൾ പ്രസ്തുത മേഖലയിലൂടെ സർവ്വീസ് നടത്തി വരുന്നു.

**പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

**323 (3835)** <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പെരുമ്പാവൂരിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന ആകെ സർവ്വീസുകൾ ഏതൊക്കെയാണ്; ഇതിനായി നിലവിലുള്ള ബസ്സുകളുടെ എണ്ണം എത്രയാണ്;

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ദിവസേന റദ്ദാക്കുന്ന സർവ്വീസുകളുടെ എണ്ണം, സർവ്വീസ് നടത്താത്തതിനാൽ ഉപയോഗശൂന്യമായ ബസ്സുകൾ എണ്ണം, അറ്റകുറ്റജോലികൾ സമയബന്ധിതമായി നടത്താത്തതുമൂലം കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സർവ്വീസ് നിർത്തിവച്ച ബസ്സുകളുടെ എണ്ണം എന്നിവ മാസം തിരിച്ച് ലഭ്യമാക്കുമോ;

(സി) സർവ്വീസ് നടത്തുന്ന ബസ്സുകൾ ദിവസേന ഓടേണ്ട നിശ്ചിത ദൂരം എത്രയാണ്; നിശ്ചിത ദൂരം ഓടാതെ യാത്ര വെട്ടിക്കുറച്ച സർവ്വീസുകളുടെ ഒരു വർഷത്തെ വിശദവിവരം അറിയിക്കുമോ;

(ഡി) നിശ്ചിത ദൂരപരിധി സഞ്ചരിക്കാത്ത വാഹനങ്ങളിലെ ജീവനക്കാർക്ക് ഇരട്ട ഡ്യൂട്ടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(ഇ) ഡിപ്പോയിലെ ആകെ ജീവനക്കാരെ സംബന്ധിച്ച വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ; ഓരോരുത്തരും കഴിഞ്ഞ ഒരു വർഷക്കാലം ഓരോ മാസവും എത്ര ദിവസം ജോലി ചെയ്തു എന്നറിയിക്കുമോ;

(എഫ്) സെക്യൂരിറ്റി ജീവനക്കാരുടെ അഭാവം മൂലം ഡിപ്പോയിലെ സാധനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോ; ജീവനക്കാരിൽ ആരെയെങ്കിലും പോയിന്റ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ടോ;

(ജി) ഇവിടെ ചുറ്റുമതിലും സെപ്റ്റിക് ടാങ്കും പുനർ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിച്ചിട്ടുണ്ടോ; ഡിപ്പോയിൽ നിന്നും സ്പെയർ പാർട്ട്സ്, ഡീസൽ മുതലായവ നഷ്ടപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായവരുടെ പേരിൽ സ്വീകരിച്ച ശിക്ഷാനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പെരുമ്പാവൂർ ഡിപ്പോയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. നിലവിൽ 16 ജൻറം സർവ്വീസുകൾ ഉൾപ്പെടെ 74 സർവ്വീസുകൾക്ക് അനുമതി

നൽകിയിട്ടുണ്ട്. 17 ജൻറം ബസുകൾ ഉൾപ്പെടെ 65 ബസുകൾ ടി ഡിപ്പോയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്

പെരുമ്പാവൂർ ഡിപ്പോയിൽ അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകളും നിലവിലുള്ള ബസുകളും താഴെ പറയും പ്രകാരമാണ്.

| ഇനം | ഷെഡ്യൂളുകൾ | ബസുകൾ |
|---|---|---|
| എക്സ്പ്രസ് | 1 | 1 |
| സൂപ്പർ ഫാസ്റ്റ് | 2 | 2 |
| ഫാസ്റ്റ് | 4 | 9 |
| ഓർഡിനറി | 51 | 36 |
| ജൻറം | 16 | 17 |
| ആകെ | 74 | 65 |

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ബസിന്റെ കുറവുമൂലം ദിനംപ്രതി ശരാശരി 16 ആർ.റ്റി.സി. ബസുകളും 8 ജൻറം ബസുകളും താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ സർവ്വീസ് നടത്താത്തതിനാൽ ഉപയോഗശൂന്യമായ ബസുകളോ അറ്റകുറ്റജോലികൾ സമയബന്ധിതമായി നടത്താത്തതുമൂലം സർവ്വീസ് നിർത്തിവച്ച ബസുകളോ ഇല്ല.

എന്നാൽ കഴിഞ്ഞ ഒരു വർഷക്കാലം ശരാശരി 6 ആർ.ടി.സി. ബസുകളും 8 ജൻറം ബസുകളും വീതം ദിവസേന അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുണ്ട്.

കഴിഞ്ഞ ഒരു വർഷക്കാലത്തെ ശരാശരി ബസുകളുടെ ഇന വിവരം ചുവടെ ചേർക്കുന്നു:

| മാസം | ബസുകൾ | അറ്റകുറ്റപണിക്കായി പിടിച്ച ബസുകൾ | ബസുകൾ | അറ്റകുറ്റപണിക്കായി പിടിച്ച ബസുകൾ |
|---|---|---|---|---|
| | (ആർ.ടി.സി) | | ജൻറം | |
| (1) | (2) | (3) | (4) | (5) |
| Jan- 15 | 48 | 8 | 17 | 5 |

| | | | | |
|---|---|---|---|---|
| Feb- 15 | 48 | 7 | 17 | 4 |
| Mar- 15 | 48 | 6 | 17 | 5 |
| Apr- 15 | 50 | 5 | 17 | 8 |
| (1) | (2) | (3) | (4) | (5) |
| May- 15 | 52 | 7 | 17 | 7 |
| Jun- 15 | 53 | 8 | 17 | 8 |
| July- 15 | 52 | 6 | 17 | 10 |
| Aug- 15 | 51 | 5 | 17 | 9 |
| Sep- 15 | 51 | 5 | 17 | 9 |
| Oct- 15 | 50 | 6 | 17 | 10 |
| Nov- 15 | 47 | 6 | 17 | 9 |
| Dec- 15 | 48 | 6 | 17 | 9 |

(സി) പെരുമ്പാവൂർ യൂണിറ്റിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ 18.299 കിലോമീറ്റർ ദിവസേന ഓടുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

2014 ഡിസംബർ 1-ാം തീയതി മുതൽ 2015 നവംബർ 30-ാം തീയതി വരെ പെരുമ്പാവൂർ ഡിപ്പോയിൽ വിവിധ കാരണങ്ങളാൽ 18,08,279 കിലോ മീറ്റർ ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാതെ വന്നിട്ടുണ്ട്.

(ഡി) അപകടം, റോഡ് ബ്ലോക്ക്, ബ്രേക്ക് ഡൗൺ ഈ കാരണങ്ങളാൽ ഷെഡ്യൂൾ ഡ്യൂട്ടികൾക്ക് നിശ്ചിത ദൂരപരിധി ഓപ്പറേറ്റ് ചെയ്യുവാൻ പറ്റാത്ത സാഹചര്യത്തിൽ നിയമാനുസൃതമായ ഹാജർ ജീവനക്കാർക്ക് നൽകാറുണ്ട്.

(ഇ) വിവരം അനുബന്ധമായി ചേർക്കുന്നു*.

(എഫ്) സെക്യൂരിറ്റി ജീവനക്കാരുടെ അഭാവംമൂലം ഡിപ്പോയിൽ സാധനങ്ങൾ നഷ്ടപ്പെട്ടിട്ടില്ല. പോയിന്റ് ഡ്യൂട്ടിക്ക് ആരേയും നിയോഗിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ജി) സെപ്റ്റിക് ടാങ്കിന്റെ പണി നടന്നുകൊണ്ടിരിക്കവെ ശക്തമായ കാറ്റിലും മഴയിലും മരം പിഴുത് സെപ്റ്റിക് ടാങ്കിന്റെ പുറത്ത് വീണ് മൊത്തത്തിൽ നശിക്കുകയും വീണ്ടും സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുമുണ്ട്. ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഇന്ധനക്ഷമത പരിശോധിച്ചിട്ടുണ്ട്. പെരുമ്പാവൂർ ഡിപ്പോയുടെ നവംബർ 2015 കെ.എം.പി.എൽ. (കിലോമീറ്റർ പെർ ലിറ്റർ)- ആർ.ടി.സി.- 4.18 -ഉം ജൻറം 3.63-ഉം ആണ്.

പെരുമ്പാവൂർ ഡിപ്പോയിൽ നിന്നും സ്പെയർ പാർട്സ്, ഡീസൽ മുതലായവ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് നാളിതുവരെ റിപ്പോർട്ട് ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

**നന്തിക്കരയിലെ വാഹനാപകടം**

**324 (3836)** <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പട്ടിക്കാടിനടുത്ത് നന്തിക്കരയിൽ 6-11-2015-ൽ ഉണ്ടായ വാഹനാപകടത്തിൽ ഡ്രൈവർ അടക്കം 7 പേർ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയപാതയിലെ അശാസ്ത്രീയമായ റോഡ് നിർമ്മാണമാണ് അപകടകാരണം എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അപകടം നടന്ന സ്ഥലത്ത് അരിക്ഭിത്തി നിലവിലുണ്ടോ ;

(ഡി) പ്രസ്തുത ദേശീയപാത, വിദഗ്ധപരിശോധന നടത്തി അപകട വിമുക്തമാക്കുന്നതിനും ഭാവിയിൽ അപകടങ്ങൾ ആവർത്തിക്കാതിരിക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഇ) മരണപ്പെട്ടവരുടെ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകുമോ ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. നന്തിക്കരയിൽ ഉണ്ടായ അപകടത്തിന്റെ കാരണം ഡ്രൈവറുടെ ഉദാസീനതയാണ്. അപകടം നടന്ന ഭാഗത്ത് റോഡ് പേവ്മെന്റ് മാർക്കിംഗും (ലൈൻ മാർക്കിംഗ്) 25 എണ്ണത്തോളം സുരക്ഷ യാർഡ് സ്റ്റോണും

സ്ഥാപിച്ചിരുന്നു. ലൈൻമാർക്കിംഗ് പരിധിക്ക് അകത്ത് കൂടി വേണം വാഹനങ്ങൾ സഞ്ചരിക്കാൻ. അപകടമുണ്ടാക്കിയ വാഹനം ലൈൻ മാർക്കിംഗ് പരിധി കടന്ന് സുരക്ഷാ ഗാർഡ് സ്റ്റോണും ഇടിച്ചിട്ടു കൊണ്ടാണ് കുളത്തിൽ വീണത്. നന്തിക്കര ഭാഗം നാലുവരി പാതയാണ്. IRC SP:44-1996- ഹൈവേ സേഫ്റ്റി കോഡ് പ്രകാരം നാലുവരിപ്പാതയിൽ വളരെയധികം വേഗതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾ വലതുവശത്തുള്ള വരിയിൽക്കൂടി സഞ്ചരിക്കണം. വാഹനം ഇടതു വശത്തെ വരിയിൽ വളരെ വേഗത്തിൽ സഞ്ചരിച്ചതും വാഹനമോടിച്ചയാൾ ഉറങ്ങിപ്പോയതുമാണ് അപകടകാരണമെന്ന് അനുമാനിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പ്രകാരം ഈ ഭാഗത്ത് വേറെ അപകടങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. ആയതിനാൽ അപകട കാരണം വാഹനമോടിച്ചയാളിന്റെ അനാസ്ഥ കൊണ്ടാണെന്നും റോഡിന്റെ സുരക്ഷാ വീഴ്ചകൊണ്ടല്ലെന്നും മനസ്സിലാക്കാവുന്നതാണ്.

(ഡി) അപകടം നടന്ന സ്ഥലം ദേശീയ പാത 47-ന്റെ ഭാഗമാണ്. പ്രസ്തുത റോഡിന്റെ പരിപാലനം ദേശീയ പാത അതോറിറ്റിയാണ് നടത്തുന്നത്. അപകടത്തിനു ശേഷം ദേശീയ പാത അതോറിറ്റി അപകട സ്ഥലത്ത് കോൺക്രീറ്റ് കാലുകൾ സ്ഥാപിച്ചിട്ടുണ്ട്. അപകടത്തെ തുടർന്ന് മോട്ടാർ വാഹന വകുപ്പ് വാഹന പരിശോധന കർശനമാക്കുകയും മുടങ്ങാതെ ട്രാഫിക് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

(ഇ) 8-12-2015 ലെ ജി.ഒ.(എം.എസ്.) നം. 652/15/റവ പ്രകാരം മരണമടഞ്ഞ ഇസ്ഹാക്കിന്റെ മകൻ ഇജാസിന്റെ തുടർ വിദ്യാഭ്യാസത്തിനും മറ്റ് കാര്യങ്ങൾക്കുമായി അഞ്ച് ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്.

**വാഹനങ്ങൾക്ക് അധിക നികുതി**

**325 (3837)** <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും കർണ്ണാടകയിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങൾക്ക് ഇപ്പോൾ എത്ര രൂപയാണ് അധിക നികുതിയായി ഈടാക്കുന്നത്; കർണ്ണാടകയിൽ നിന്നും കേരളത്തിൽ എത്തുന്ന വാഹനങ്ങൾക്ക് എത്ര രൂപയാണ് അധിക നികുതിയായി ഈടാക്കുന്നത്;

(ബി) കർണ്ണാടകയിലേക്ക് പ്രവേശിക്കുന്നതിന് അധിക നികുതി ഈടാക്കുന്നതിനാൽ മംഗലാപുരത്തും, മണിപ്പാലിലും , ബംഗളൂരുവിലിലും ചികിത്സയ്ക്ക് രോഗികളെയും കൊണ്ട് പോകുന്ന വാഹനങ്ങൾ വലിയ വാടക ഈടാക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് നികുതി കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ നിന്നും കർണ്ണാടകത്തിലേയ്ക്ക് പ്രവേശിക്കുന്ന വിവിധ തരം വാഹനങ്ങൾക്ക് ഇപ്പോൾ കർണ്ണാടക സർക്കാർ ഒരു വർഷത്തെ ടാക്സാണ് ഈടാക്കുന്നത്. കർണ്ണാടകയിൽ നിന്നും കേരളത്തിലേയ്ക്ക് സ്പെഷ്യൽ പെർമിറ്റ് എടുത്ത് വരുന്ന വിവിധ തരം വാഹനങ്ങൾക്ക് 7 ദിവസത്തേയ്ക്ക് അത്തരം വാഹനങ്ങളുടെ കേരളത്തിലെ ത്രൈമാസ നികുതിയുടെ പത്തിൽ ഒന്ന് ഭാഗവും ഒരു മാസത്തേയ്ക്ക് ത്രൈമാസ നികുതിയുടെ മൂന്നിൽ ഒന്ന് ഭാഗവും കേരളത്തിൽ ഈടാക്കുന്നു.

(ബി) 22-9-2014-ൽ കേരള സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രിയും കർണ്ണാടക സംസ്ഥാന ഗതാഗത മന്ത്രിയും വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു. ഓരോ സംസ്ഥാനത്തേയും മോട്ടോർ വാഹന നികുതി നിർണ്ണയിക്കുന്നതിന് അതതു സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. കൂടാതെ കർണ്ണാടക സർക്കാർ തീരുമാനിച്ചിരിക്കുന്ന നികുതി ഘടന കർണ്ണാടക ഹൈക്കോടതി അംഗീകരിക്കുകയുണ്ടായി. കർണ്ണാടക സർക്കാർ നികുതി ഘടനയിൽ മാറ്റം വരുത്തിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളൂ.

## സപ്ലിമെന്റേഷൻ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്താനുള്ള തീരുമാനം

**326 (3838)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> :
<u>ശ്രീ. പി. തിലോത്തമൻ</u> :
<u>ശ്രീ. കെ. രാജു</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലിമെന്റേഷൻ റൂട്ടുകളിൽ ഓടിക്കൊണ്ടിരുന്ന സ്വകാര്യ ബസ്സുകൾ നിർത്തലാക്കി ആ റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത് സർവ്വീസ് നടത്താനുള്ള തീരുമാനം റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം റദ്ദാക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സൂപ്പർ ക്ലാസ്സ് ദേശസാൽകൃത ഉത്തരവ് പ്രകാരം ഏറ്റെടുത്തിട്ടുള്ള സർവ്വീസുകൾ എത്ര; പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. ബാധകമല്ല.

(ബി) 185 റൂട്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

**ആധുനികവൽക്കരണത്തിനായി വാങ്ങുന്ന ഉപകരണങ്ങളുടെ നിലവാരമില്ലായ്മ**

**327 (3839)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമ ലംഘനവും മറ്റും കണ്ടുപിടിക്കുന്നതിനായി സ്ഥാപിക്കുന്ന ക്യാമറകൾ വളരെ വേഗത്തിൽ തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) മോട്ടോർ വാഹന വകുപ്പ് ആധുനികവൽക്കരണത്തിൻെറ പേരിൽ വാങ്ങുന്ന വിവിധ ഉപകരണങ്ങൾ നിലവാരമില്ലാത്തവയാണെന്നുള്ള കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത ഉപകരണങ്ങൾക്ക് മതിയായ നിലവാരം ഉറപ്പുവരുത്തുവാനായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ഏന്തെല്ലാം; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തകരാറ് ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ സിഗ്നൽ

വയലേഷൻ ഡിറ്റക്ഷൻ സംവിധാനത്തിന് സാങ്കേതിക സഹായം നൽകുന്ന ഏജൻസിയുമായി ബന്ധപ്പെട്ട് കേടുപാടുകൾ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി & സി) ആധുനികവൽക്കരണത്തിനായി നിലവിൽ ലഭ്യമാകുന്ന ഏറ്റവും പുതിയ തരത്തിലുള്ള ഉപകരണങ്ങളാണ് മോട്ടോർ വാഹന വകുപ്പ് വാങ്ങുന്നത്. ഇതിനായി വകുപ്പിന് പുറത്തുനിന്നുള്ള വിദഗ്ദ്ധരുൾപ്പെടെയുള്ള ഒരു ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഉപകരണങ്ങൾ മാത്രമാണ് ടെണ്ടർ നടപടികൾക്കുശേഷം വാങ്ങുക. ഇങ്ങനെ തിരഞ്ഞെടുത്ത് വാങ്ങുന്ന ആധുനിക ഉപകരണങ്ങൾക്ക് ആവശ്യമായ വാറണ്ടി ഉറപ്പ് വരുത്തുന്നുമുണ്ട്. ഇതിനുശേഷം വാർഷിക അറ്റകുറ്റപ്പണികൾക്കായി കമ്പനിയുമായി കരാറുകളിലും (Annual maintenance Contract) ഏർപ്പെടാറുണ്ട്. മോട്ടോർ വാഹന വകുപ്പ് പുതുതായി വാങ്ങുന്ന ഉപകരണങ്ങൾ ശരിയായി പ്രവർത്തിക്കുന്നുവെന്ന് മേൽപ്പറഞ്ഞ നടപടികളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്.

**എൻഫോഴ്സ്മെന്റ് വിംഗിന്റെ ചുമതലകൾ**

**328 (3840)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ കീഴിൽ പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് വിംഗിന്റെ ചുമതലകൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോട്ടോർ വാഹനങ്ങളിലെ ശബ്ദ പരിധിയുടെ കാര്യത്തിൽ നിയമ ലംഘനം നടത്തിയ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇത്തരം എത്ര പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ)

1. മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുക.

2. ദേശീയ പാതകളിലെയും അപകട സാധ്യത കൂടിയ സ്ഥലങ്ങളിലെയും വാഹന പരിശോധനകൾക്ക് പ്രത്യേക ഊന്നൽ നൽകുക.

3. വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക.

4. ജി ഫോറത്തിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ സർവ്വീസ് നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തി ഇടക്കാല റിപ്പോർട്ട് നൽകുക.

5. പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി സർവ്വീസ് നടത്തുന്ന സംസ്ഥാനത്തിനുള്ളിൽ രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്യുക.

6. പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി ഇന്റർസ്റ്റേറ്റ് ആയി സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുകയും നികുതി ഈടാക്കുകയും ചെയ്യുക.

7. അമിതഭാരം കയറ്റിയ വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.

(ബി) 39502.

(സി) 29964 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തിനെ ചാലക്കുടി ജോയിന്റ് ആർ.ടി.ഒ.യുടെ പരിധിയിൽ ഉൾപ്പെടുത്തുന്നത്.**

**329 (3841)** ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആളൂർ ഗ്രാമപഞ്ചായത്തിനെ ചാലക്കുടി ജോയിന്റ് ആർ.ടി.ഒ.യുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി ആളൂർ പഞ്ചായത്തിലെ ഓട്ടോ-ടാക്സി യൂണിയൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ &ബി) ഗതാഗത കമ്മീഷണറുടെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**നിരീക്ഷണ ക്യാമറ സ്ഥാപിക്കാൻ നടപടി**

**330 (3842)** <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കോഴിക്കോട് നാഷണൽ ഹൈവേയിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മൂരാട് പാലത്തിനും കോരപ്പുഴ പാലത്തിനും ഇടയിലുള്ള വെക്കളം, പൊയിൽക്കാവ്, നന്ദി, ഭരയന്നിക്കാട് പ്രദേശങ്ങളിൽ വാഹനാപകടം വർദ്ധിച്ചുവരുന്നതും നിരവധി പേർ മരിക്കുന്നതുമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നാഷണൽ ഹൈവേയിലെ പ്രസ്തുത പ്രദേശങ്ങളിൽ വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് കോഴിക്കോട് ബൈപ്പാസ്സിൽ സ്ഥാപിച്ച മാതൃകയിൽ നിരീക്ഷണ ക്യാമറയും മറ്റ് സംവിധാനങ്ങളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കൊയിലാണ്ടി നഗരത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെയുള്ള ക്യാമറ നിരീക്ഷണ പദ്ധതിയുടെ ഭാഗമായി കണ്ണൂർ - കോഴിക്കോട് ദേശീയ പാതയിൽ 18 ഓളം സ്ഥലങ്ങളിൽ ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ ക്യാമറകളുടെ ആവശ്യകത വരികയാണെങ്കിൽ ആവശ്യമായ പരിശോധനകൾക്കു ശേഷം അവ സ്ഥാപിക്കാവുന്നതാണ്.

(സി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇതിനുള്ള പരിഹാരം കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റോഡ് സേഫ്റ്റി കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സ്വകാര്യ ബസുകൾക്ക് പെർമിറ്റുകൾ പുതുക്കി നൽകൽ**

**331 (3843)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാസ്റ്റുകളും സൂപ്പർ ഫാസ്റ്റുകളുമായി സർവ്വീസ് നടത്തിയിരുന്ന സ്വകാര്യ ബസുകൾക്ക് പെർമിറ്റുകൾ പുതുക്കി ലിമിറ്റഡ് സ്റ്റോപ്പ്, ഓർഡിനറി പെർമിറ്റുകൾ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഫാസ്റ്റ് സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ നടത്താൻ കെ.എസ്.ആർ.ടി.സി -യ്ക്ക് മാത്രമേ അധികാരമുള്ളൂവെന്നും സ്വകാര്യ ബസ്സുകൾക്ക് അതിനുള്ള അവകാശമില്ലെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത കോടതിവിധി അട്ടിമറിച്ച് ദീർഘദൂര റൂട്ടുകളിലെ സർവ്വീസ് വീണ്ടും സ്വകാര്യ ബസ് ഉടമകൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി-യ്ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് എസ്.ആർ.ഒ. നമ്പർ 555/2013 സർക്കാർ വിജ്ഞാപനം ചെയ്ത സ്കീം നിലനിൽക്കത്തക്കതാണ് എന്ന് കോടതി ഉത്തരവായിട്ടുണ്ട്.

(സി) കോടതി വിധി അട്ടിമറിച്ചിട്ടില്ല. എന്നാൽ ടി സ്കീം പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് സൂപ്പർ ക്ലാസ് സർവ്വീസ് പെർമിറ്റ് നഷ്ടപ്പെട്ടതും തുടർന്ന് പെർമിറ്റ് നഷ്ടപ്പെടുന്നതുമായ സ്വകാര്യ സ്റ്റേജ് കാര്യേജുകൾക്ക് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി പെർമിറ്റുകൾ നൽകാൻ 20-8-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 45/2015/ഗതാ പ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്കീമിന് യാതൊരു മാറ്റവും വരുത്താതെ നിലനിർത്തിയിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിന്റെ ശബരിമല സെയ്ഫ് സോൺ പദ്ധതി**

**332 (3844)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ ശബരിമല സെയ്ഫ് സോൺ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ടെക്നിക്കൽ ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്;

(ബി) ഇവരെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെടുത്തിയതുമൂലം വകുപ്പിലെ മറ്റ് ഓഫീസുകളിലുള്ള ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 65 ഉദ്യോഗസ്ഥരെ.

(ബി) ഒരാൾക്ക് ഒരു സ്പെൽ (ആറ് ദിവസത്തെ ഡ്യൂട്ടി) വീതമാണ് അനുവദിച്ചിരിക്കുന്നത്. ഓഫീസുകളിൽ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ കുറവ് കാര്യമായി ബാധിക്കാതിരിക്കുവാൻ ഉദ്യോഗസ്ഥരെ റൊട്ടേഷൻ രീതിയിലാണ് ഡ്യൂട്ടികൾക്കായി ക്രമീകരിച്ചിരിക്കുന്നത്.

(3501,3506, 3509, 3513, 3538, 3543, 3549, 3562, 3573, 3581, 3637, 3701, 3727 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II അടിയന്തരപ്രമേയം

### ശമ്പള പരിഷ്കരണം

മി.സ്പീക്കർ: ശമ്പള കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് 5 മാസം കഴിഞ്ഞിട്ടും 2014 ജൂലൈ 1 മുതൽ നടപ്പിലാക്കേണ്ട ശമ്പള-പെൻഷൻ പരിഷ്കരണം

നടപ്പിലാക്കാതിരിക്കുകയും 2016 ജനുവരി 12-ാം തീയതി സൂചനാ പണിമുടക്ക് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ. ബാലൻ, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ സർക്കാർ 2013 നവംബർ 30-ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുകയും 2015 ജൂലൈ 13-ന് കമ്മീഷൻ ഒന്നാംഘട്ട റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. കമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ട് ഈ മാസംതന്നെ സർക്കാരിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആദ്യ റിപ്പോർട്ട് കിട്ടിയ ഉടനെതന്നെ ക്യാബിനറ്റിൽ ചർച്ച ചെയ്തു. ക്യാബിനറ്റ് സബ്കമ്മിറ്റിയെ നിയോഗിച്ചു. സബ്കമ്മിറ്റി യോഗം ചേർന്ന് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. അത് സമയബന്ധിതമായിട്ടുതന്നെ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സമീപനമാണ് എന്നും സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിലും അങ്ങനെതന്നെയായിരിക്കും തീരുമാനിക്കുന്നത്. ജനുവരി അവസാനം അല്ലെങ്കിൽ ഫെബ്രുവരി ആദ്യംതന്നെ ശമ്പളകമ്മീഷൻ സംബന്ധിച്ച് അവസാന തീരുമാനമെടുത്ത് നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, സഭ ഓർഡറിൽ ആക്കണം. അടിയന്തര പ്രമേയമാണ്.

മി. സ്പീക്കർ: ഓർഡർ............. ഓർഡർ.......... ബഹുമാനപ്പെട്ട മന്ത്രിമാരുൾപ്പെടെയുള്ളവർ സീറ്റിൽ ഇരിക്കണം. അടിയന്തരപ്രമേയമാണ്. എല്ലാ മെമ്പർമാർക്കും ഇക്കാര്യം ബാധകമാണ്.

ശ്രീ. എ. കെ. ബാലൻ: സർ, കേരളത്തിൽ 5,11,487 ജീവനക്കാരും 4,11,846 പെൻഷൻകാരും ഉൾപ്പെടെ 9,23,333 ആളുകളാണ് ശമ്പളപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ. 50 ലക്ഷം കുടുംബാംഗങ്ങളാണ് ഇവരെ ആശ്രയിച്ച് ജീവിക്കുന്നത്. പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ സർക്കാരിന് സമർപ്പിച്ചിട്ട് 5 മാസം കഴിഞ്ഞു. 1-7-2009-ൽ ആണ് അവസാനമായി ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചത്. 5 വർഷം കഴിയുമ്പോഴാണ് കേരളത്തിൽ ജീവനക്കാരുടെ വേതനം പുതുക്കുന്നത്. അതനുസരിച്ച് 1-7-2014-ൽ ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ടതാണ്. ഒന്നര വർഷം കഴിഞ്ഞിട്ടും നടപ്പിലാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. എപ്പോൾ നടപ്പിലാക്കുമെന്നും പറയുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ

വന്ന ഘട്ടങ്ങളിലെല്ലാം അനുഭവം ഇതാണ്. ശക്തമായ പ്രക്ഷോഭം വരുമ്പോൾ 'ഇപ്പോൾ നടപ്പിലാക്കും' എന്നുപറയുകയും തൊട്ടടുത്ത ഗവൺമെന്റിന്റെ തലയിൽ വയ്ക്കുകയും ചെയ്യും. അതാണ് ഇപ്പോഴും സംഭവിക്കാൻ പോകുന്നത്. 2016 ജനുവരി 12-ന് ജീവനക്കാർ സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് സുദീർഘമായ സമരങ്ങളുടെ ചരിത്രമുണ്ട്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും സംഘടിതമായ ഈ ജീവനക്കാരുടെ സേവന വേതന കരാറുകളാണ് മറ്റുവിഭാഗം തൊഴിലാളികളുടെ ആനുകൂല്യങ്ങൾക്കടിസ്ഥാനം. നേടിയെടുത്ത ആനുകൂല്യങ്ങളെല്ലാം ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സർക്കാർ ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഇല്ലാതായി. അതിപ്പോൾ മറ്റുതൊഴിലാളികൾക്കും ബാധകമാക്കാൻ പോകുകയാണ്. സ്വകാര്യവൽക്കരണം, കരാർവൽക്കരണം, ഔട്ട്സോഴ്സിംഗ്, പങ്കാളിത്തപെൻഷൻ, ഇതൊക്കെയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. ഇതാണ് സ്വകാര്യമേഖലയിലും നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ മിനിമം വേതനം പുതുക്കേണ്ട പല മേഖലകളിലും നാലും അഞ്ചും വർഷം കഴിഞ്ഞിട്ടും വേതനം പുതുക്കുന്നില്ല. ഏത് നിമിഷവും തൊഴിലാളികളെ പിരിച്ചുവിടുക, വേതനം വെട്ടിക്കുറയ്ക്കുക, സുരക്ഷാ പദ്ധതികൾ പിൻവലിക്കുക തുടങ്ങിയവ നിർബാധം തുടരുകയാണ്. ഏറ്റവും സുസംഘടിതരായിട്ടുള്ള സർക്കാർ ജീവനക്കാരെ കൈകാര്യം ചെയ്താൽ മറ്റ് തൊഴിലാളികളേയും ജീവനക്കാരേയും കൈകാര്യം ചെയ്യാൻ എളുപ്പമാകും. ഇതാണ് ഭരണവർഗ്ഗത്തിന്റെ ലക്ഷ്യം. യു.ഡി.എഫ്. സർക്കാർ എല്ലായ്പോഴും ജീവനക്കാരോട് വഞ്ചനാപരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അവകാശങ്ങൾ ചോദിച്ച ജീവനക്കാരെ നിങ്ങൾ അപമാനിച്ചിട്ടുണ്ട്. 2002-ലെ പ്രക്ഷോഭത്തിൽ അറസ്റ്റുചെയ്തതിനുശേഷം സ്ത്രീ ജീവനക്കാരുടെ പ്രാഥമിക ആവശ്യങ്ങൾപോലും നിങ്ങൾ അനുവദിച്ചില്ല. ഞങ്ങൾ അന്ന് സ്റ്റേഷനിൽ കുത്തിയിരുന്നതാണ്. അവരെ നിങ്ങൾ റിമാൻഡ് ചെയ്തു. കെ. കരുണാകരന്റേയും ശ്രീ. എ. കെ. ആന്റണിയുടേയും കാലത്ത് ശമ്പളപരിഷ്കരണം അട്ടിമറിക്കുന്നതിൽ വലിയ പങ്കുവഹിച്ച ആളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി. കരുണാകരന്റെ കാലത്ത് ധനകാര്യ വകുപ്പുമന്ത്രി എന്നുള്ളനിലയിലും ശ്രീ. എ.കെ. ആന്റണിയുടെ കാലത്ത് യു.ഡി.എഫ്. കൺവീനർ എന്ന നിലയിലും ഈ പണി കേരളത്തിലെ ജനങ്ങൾ കണ്ടതാണ്. അത് വീണ്ടും പ്രയോഗിക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കുന്നത്. 5 വർഷത്തിലൊരിക്കൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം അംഗീകരിക്കപ്പെട്ടത് 1968-ൽ ആണ്. തുടർന്ന് 1973, 1978, 1983 എന്നീ വർഷങ്ങളിലും ശമ്പളപരിഷ്കരണം നടത്തി. അന്ന് ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടല്ല ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്. എന്നാൽ ജീവനക്കാരുടെ സമരമില്ലാതെ കേരളത്തിൽ ആദ്യമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് 1988-ലെ

എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. മാസ്റ്റർ സ്കെയിൽ, ഉയർന്ന ഇൻക്രിമെന്റ്, ഹയർഗ്രേഡുകൾ, ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് കേന്ദ്ര സർവ്വീസിനെക്കാൾ മെച്ചപ്പെട്ട സ്കെയിൽ എന്നിവയെല്ലാം ശമ്പളപരിഷ്കരണത്തിന്റെ പ്രത്യേകതകളായിരുന്നു. 1993-ൽ ശമ്പള പരിഷ്കരണത്തിനുപകരം കേന്ദ്രപാരിറ്റി വാഗ്ദാനം ചെയ്തു. Pay-equalisation എന്ന ഓമനപ്പേരിൽ പുതിയ സ്കെയിൽ കൊണ്ടുവന്നു. കേന്ദ്രപാരിറ്റിയും സംസ്ഥാനപാരിറ്റിയും ഇല്ലാതെവന്നു. ശ്രീ. ഉമ്മൻ ചാണ്ടി തന്നെയാണ് ഗവൺമെന്റ് ജീവനക്കാരോട് ഈ വഞ്ചന കാണിച്ചത്. 1997-ൽ വീണ്ടും എൽ.ഡി.എഫ്. ഗവൺമെന്റ് ശമ്പള പരിഷ്കരണം നടപ്പിലാക്കി. 5 വർഷതത്വം പ്രയോഗത്തിൽ വരുത്തി. ഒരു സമരവും പ്രക്ഷോഭവും വേണ്ടിവന്നില്ല. 2002-ൽ വീണ്ടും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. 5 വർഷതത്വം അട്ടിമറിച്ചു. 2002-ൽ ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയും ശ്രീ. ഉമ്മൻ ചാണ്ടി യു.ഡി.എഫ്. കൺവീനറുമായിരുന്നു. 2002-ൽ ശമ്പള പരിഷ്കരണത്തിനുപകരം നിഷ്കരുണം ആനുകൂല്യങ്ങൾ കവർന്നെടുത്തു. ജീവനക്കാർ സമാനതകളില്ലാത്ത ഐക്യത്തോടെ 32 ദിവസം നടത്തിയ പ്രക്ഷോഭ സമരചരിത്രം ജീവനക്കാരുടെ സമര ചരിത്രത്തിലെ തിളക്കമാർന്ന ഒരദ്ധ്യായമായിരുന്നു. ശ്രീ. എ. കെ. ആന്റണി അന്നുപറഞ്ഞത്, ഇവിടെ സർക്കാർ ജീവനക്കാർ മാത്രം സുഖിക്കേണ്ട, കർഷകർ ആത്മഹത്യ ചെയ്യുന്നു. അതുകൊണ്ട് ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ നിന്ന് 500 കോടി രൂപ പിരിച്ചെടുത്ത് കർഷകർക്ക് കൊടുക്കും, മുണ്ട് മുറുക്കി ഉടുക്കണം. കർഷകരേയും മറ്റു ജനവിഭാഗങ്ങളെയും സർക്കാർ ജീവനക്കാർക്കെതിരെ തിരിച്ചുവിടുക എന്നതായിരുന്നു അന്നുപയോഗിച്ച തന്ത്രം. അന്ന് ജീവനക്കാരും കൃഷിക്കാരും യുവജനങ്ങളും തമ്മിൽ അടിപിടി നടന്നു. അതെല്ലാം ബഹുമാനപ്പെട്ട സ്പീക്കർ ഓർക്കുന്നുണ്ടാകും. 2002 ജനുവരി 16-ലെ 56/2002 എന്ന കറുത്ത ഉത്തരവുവഴി 'ഇരുപത്തിയെട്ടിന കർമ്മപരിപാടി' പ്രഖ്യാപിച്ചു. ജീവനക്കാരുടെ എല്ലാ അവകാശങ്ങളും റദ്ദുചെയ്തു. അന്ന് ഒരു ലക്ഷം ജീവനക്കാർ അധികമാണ്. അധികമുള്ള ജീവനക്കാർക്ക് ശമ്പളമില്ല. ഓഫ് ഡ്യൂട്ടി സർവ്വീസ് എന്ന വി.ആർ.എസ്. പദ്ധതി നടപ്പിലാക്കി, നിയമന നിരോധനം പ്രഖ്യാപിച്ചു, ലീവ് സറണ്ടർ നിർത്തലാക്കി, സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിർത്തലാക്കി, പെൻഷൻ കമ്മ്യൂട്ടേഷൻ കുറയ്ക്കാൻ തീരുമാനിച്ചു. ആദായകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചു. അദ്ധ്യാപകർക്ക് വെക്കേഷൻ ശമ്പളം വേണ്ടായെന്ന് വച്ചു. അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ നിറുത്തലാക്കി. പുതിയ നിയമനങ്ങൾക്ക് ഡി.എ. ഇല്ലായെന്ന് പ്രഖ്യാപിച്ചു. ഇതുവഴി രണ്ട് കാര്യങ്ങളാണ് ശ്രീ. എ.കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും പയറ്റിയത്, ഒന്ന് ശമ്പള പരിഷ്കരണം അട്ടിമറിക്കുക, രണ്ട്, പുതിയ M.G.P (Modernisation in Government Programme) എന്ന ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുക. അതിലൂടെ

എ.ഡി.ബി.യിൽനിന്നും നെതർലാന്റ് ഗവൺമെന്റിൽനിന്നും 1500 കോടി രൂപ വായ്പയെടുത്തു. രണ്ടുകാര്യങ്ങളും നടപ്പിലാക്കി. എ.ഡി.ബി.യിൽ നിന്നുമെടുത്ത ഈ ക്യാഷിനെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ ചെയർമാനായുള്ള എസ്റ്റിമേറ്റ് കമ്മിറ്റി പരിശോധിച്ചപ്പോൾ ഒരു കണക്കും എവിടെയുമില്ലെന്ന് മനസ്സിലായി. ഇതിന്റെ ഫലമായി ജീവനക്കാർ നടത്തിയ സമരം കേരളം കണ്ടതാണ്. ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുത്ത യു.ഡി.എഫ്. ഗവൺമെന്റിനെ ജനങ്ങൾ അധികാരത്തിൽനിന്നും മാറ്റി. ജീവനക്കാരടക്കമുള്ള അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ നടത്തിയ അത്യുജ്ജ്വലമായ സമരത്തിന്റെ ഫലമായി അധികാരത്തിൽ വന്ന സഖാവ് വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് നഷ്ടപ്പെട്ട എല്ലാ ആനുകൂല്യങ്ങളും പുനഃസ്ഥാപിച്ചു. ശ്രീ. എ.കെ. ആന്റണിയുടെ 2002 ജനുവരി 16-ലെ 'കറുത്ത ഉത്തരവ് പിൻവലിച്ചു. അങ്ങനെയാണ് സർക്കാർ ജീവനക്കാർ ഇന്നനുഭവിക്കുന്ന നേട്ടങ്ങൾ നേടിയെടുക്കുന്നതിന് സഹായകമായതും നഷ്ടപ്പെട്ട എല്ലാ ആനുകൂല്യങ്ങളും പുനഃസ്ഥാപിക്കപ്പെട്ടതും. യു.ഡി.എഫ്. ഗവൺമെന്റ് 2002 ജൂലൈ മാസത്തിൽ ലഭിക്കേണ്ട ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് 2005 ജൂലൈ മാസത്തിൽ മാത്രമാണ്. അപ്പോൾ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയല്ല. അദ്ദേഹത്തിനുപകരം ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയി. തനിക്കുലഭിച്ച ഒന്നരവർഷക്കാലത്തെ ഭരണത്തിനിടയിൽ ജീവനക്കാർക്കുവേണ്ടി ഒന്നും ചെയ്തില്ല. ഇപ്പോൾ ചെയ്യുന്നതുപോലെ ശമ്പള പരിഷ്കരണം നീട്ടിക്കൊണ്ടുപോയി. പിന്നീട് ഇലക്ഷൻ പ്രഖ്യാപിച്ചു. പെരുമാറ്റച്ചട്ടം നിലവിൽ വന്നു. പിന്നീടുവന്ന എൽ.ഡി.എഫ്. ഗവൺമെന്റ് ശമ്പള പരിഷ്കരണത്തിന്റെ എല്ലാ ബാദ്ധ്യതയും ഏറ്റെടുത്ത് നടപ്പിലാക്കി. ആ സമയത്ത് വൈദ്യുതി വകുപ്പിൽ 5 വർഷത്തിനിടയിൽ രണ്ട് ശമ്പളപരിഷ്കരണമാണ് ഞങ്ങൾ നടപ്പിലാക്കിയത്. പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ ശമ്പള പരിഷ്കരണത്തിന് നിർബന്ധിക്കപ്പെട്ടു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു പൊതുമേഖലാസ്ഥാപനത്തിലും ശമ്പള പരിഷ്കരണം നടന്നില്ല. അദ്ധ്യാപക-സർവ്വീസ് മേഖലയിലും ശമ്പളപരിഷ്കരണം നടപ്പിലാക്കിയില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ചുവർഷം ഭരിച്ചതിന്റെ ഫലമായി 2009-ൽ വീണ്ടും ശമ്പളപരിഷ്കരണം നടപ്പിലാക്കി. അതിന്റെ ഭാഗമായിട്ടാണ് പാർട്ട്ടൈം ജീവനക്കാർക്ക് ആദ്യമായി ശമ്പളസ്കെയിൽ പ്രഖ്യാപിച്ചത്. കാഷ്വൽ ജീവനക്കാർക്ക് 50 ശതമാനം വേതനവർദ്ധനവ് നടപ്പിലാക്കി. ലീവ് ട്രാവൽ കൺസെഷൻ നടപ്പിലാക്കി. ഇന്ത്യാ രാജ്യത്ത് ആദ്യമായി പെറ്റേണിറ്റി ലീവ് നടപ്പിലാക്കി. ഏറ്റവും താഴെയുള്ള ആറ് ശമ്പളസ്കെയിലുകാർക്ക് മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തി. ഇതൊക്കെയായിരുന്നു ശമ്പള പരിഷ്കരണത്തിന്റെ പ്രത്യേകതകൾ. പെൻഷൻകാർക്ക് ഏറ്റവും നല്ല ആനുകൂല്യം ലഭിച്ച

കാലഘട്ടമായിരുന്നു അത്. ഇപ്പോഴത്തെ പത്താം ശമ്പളകമ്മീഷനെ നിയമിച്ചത് 30-11-2013-ലാണ്. ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചത് 22-2-2014-ലാണ്. അതും ജീവനക്കാരുമായി ചർച്ചചെയ്യാതെ. അഞ്ച് വർഷതത്വം പാലിക്കുമെന്നോ ശമ്പള പരിഷ്കരണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നോ ടേംസ് ഓഫ് റഫറൻസിൽ പരാമർശിച്ചിട്ടില്ല. മെയ് 14, ഡിസംബർ 14, ജൂൺ 15 എന്നിങ്ങനെ ശമ്പള കമ്മീഷന്റെ കാലാവധി മൂന്ന് പ്രാവശ്യം നീട്ടിക്കൊടുത്തു. 30-11-2015-ൽ കമ്മീഷന്റെ കാലാവധി കഴിഞ്ഞു. ഒന്നാംഘട്ട റിപ്പോർട്ട് നൽകിക്കഴിഞ്ഞു. രണ്ടാം ഘട്ട റിപ്പോർട്ട് ഭയപ്പാടോടെയാണ് ജീവനക്കാർ കാണുന്നത്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് രണ്ടുഘട്ടങ്ങളായി ശമ്പളകമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. ഇത്രയും നീണ്ട കാലാവധി എടുത്ത ഒരു കമ്മീഷനും ഇതിനുമുമ്പ് ഉണ്ടായിട്ടില്ല, അത് കേരളത്തിൽ മാത്രമാണ്. റിപ്പോർട്ട് പഠിക്കാൻ ഏൽപ്പിച്ച മന്ത്രിസഭാ ഉപസമിതിയുടെ കൺവീനർ ശ്രീ. കെ. എം. മാണി ഇപ്പോൾ ഈ മന്ത്രിസഭയിലില്ല, കൺവീനറുമല്ല. ആരാണ് പുതിയ കൺവീനർ എന്നുള്ളത് എനിക്ക് അറിയില്ല. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആയിരിക്കുമെന്നാണ് എന്റെ വിശ്വാസം. എത്രപ്രാവശ്യം ഇതുമായി ബന്ധപ്പെട്ട് സബ് കമ്മിറ്റികൾ ചേർന്നു; ആരുമായി ചർച്ചകൾ നടത്തി? കമ്മിറ്റിയിൽ ഒരു വിഷയവും ഗവൺമെന്റ് ജീവനക്കാരെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. ശമ്പളപരിഷ്കരണത്തിനുവേണ്ടി നിശ്ചയിച്ച കമ്മീഷൻ ഭരണപരിഷ്കരണത്തെക്കുറിച്ചാണ് ആദ്യം മുതലേ പറയുന്നത്. അതിന്റെ ചെയർമാൻ വെല്ലുവിളിക്കുകയാണ്. ആ റിപ്പോർട്ട് കൊടുത്തതിനുശേഷം അദ്ദേഹം പത്രക്കാരോട് പറഞ്ഞു, തസ്തിക വെട്ടിക്കുറയ്ക്കും, വകുപ്പുകൾ ലയിപ്പിക്കും, ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടും, ലീവ് സറണ്ടർ നിർത്തലാക്കും തുടങ്ങിയ പ്രതിലോമകരമായ നടപടികൾ രണ്ടാംഘട്ട റിപ്പോർട്ടിൽ ഉൾപ്പെടുമെന്നാണ് മനസിലാക്കുന്നത്. അതിന്റെ ചില വിവരങ്ങൾ പുറത്തുവന്നുകഴിഞ്ഞു. വഴിയോരങ്ങളിൽ പൊതുയോഗം പാടില്ല എന്ന് വിധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ റിട്ടയേർഡ് ജഡ്ജിയാണ് ശമ്പളക്കമ്മീഷൻ ചെയർമാൻ എന്നുള്ളതുകൂടി ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. സ്വാഭാവികമായും ആശങ്കകൂടും. 2005-ലെ ചരിത്രം ആവർത്തിക്കാനാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ശ്രമിക്കുന്നത്. ഈ സർക്കാരിന് നാലുമാസം മാത്രമേ ഇനി ആയുസ്സുള്ളൂ. മാർച്ചിൽ തെരഞ്ഞെടുപ്പ് ചട്ടം നിലവിൽവരും. ഏറിയപക്ഷം ഫെബ്രുവരി അവസാനം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഫെബ്രുവരി മാസം ഞങ്ങൾ കമ്മീഷന്റെ അവാർഡ് പ്രഖ്യാപിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. അപ്പോൾ തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ പ്രഖ്യാപിക്കുമെന്നുള്ള കാര്യം ഉറപ്പാണ്. സ്വാഭാവികമായും പഴയ ചരിത്രമാണ് വീണ്ടും ആവർത്തിക്കാൻ പോകുന്നത്. പിന്നീട് ഇത് നടപ്പാക്കുന്നത് അടുത്ത ഗവൺമെന്റിന്റെ ചുമതലയിൽ

കൊണ്ടുവരും. പരമാവധി സമയം നീട്ടിക്കൊണ്ടുപോകുന്ന തന്ത്രമാണ് ഇപ്പോൾ പയറ്റുന്നത്. ജീവനക്കാരെ പറ്റിക്കാൻ കഴിഞ്ഞ ബഡ്ജറ്റിൽ ശമ്പള പരിഷ്കരണത്തിന് 1700 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. എന്നാൽ ഒരു തുകയും വകയിരുത്തിയിരുന്നില്ല. ഓരോ വർഷത്തിലെ ബഡ്ജറ്റിലും സാധാരണനിലയിൽ 10 ശതമാനം വർദ്ധനവ് ഉണ്ടാകും. ശമ്പളപരിഷ്കരണത്തിനുവേണ്ടി അതിനപ്പുറം ഒരു തുകയും വകയിരുത്തിയിട്ടില്ല. ഓരോ വർഷത്തെയും ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ശമ്പളമിനത്തിൽ മുൻവർഷത്തേക്കാൾ ചുരുങ്ങിയ തുക വർദ്ധിപ്പിക്കും. ഇതിനപ്പുറം ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് തുകയൊന്നും വകയിരുത്തിയിട്ടില്ല. റവന്യൂ വരുമാനത്തിന്റെ 90 ശതമാനവും ജീവനക്കാരുടെ ആനുകൂല്യങ്ങളായിട്ടാണ് ചെലവഴിക്കുന്നത് എന്ന കള്ളപ്രചരണമാണ് ഇപ്പോൾ നടക്കുന്നത്. അതിന്റെ വസ്തുത എന്താണ്? 2014-15 സാമ്പത്തിക വർഷത്തിലെ റവന്യൂ വരുമാനം 57950.47 കോടി രൂപയാണ്. ഇതിന്റെ 56.40 ശതമാനമാണ്, അതായത് 32683.79 കോടി രൂപയാണ് ശമ്പളവും പെൻഷനും നൽകിയത്. സാധാരണ നിലയിൽ ഇന്നേവരെ ഒരു ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ടുകൊണ്ട് 65 ശതമാനത്തിനപ്പുറം കടന്നിട്ടില്ല. 2009-10 സാമ്പത്തിക വർഷത്തിൽ 55.55 ശതമാനം തുക ശമ്പള-പെൻഷൻ ഇനത്തിലാണ് കൊടുത്തത്. 2010-11 സാമ്പത്തിക വർഷത്തിൽ റവന്യൂ വരുമാനത്തിന്റെ 54.32 ശതമാനവും, 2011-12 സാമ്പത്തിക വർഷത്തിൽ 65 ശതമാനവും, 2012-13 സാമ്പത്തിക വർഷത്തിൽ 59 ശതമാനവും, 2013-14 സാമ്പത്തിക വർഷത്തിൽ 59 ശതമാനവും, 2014-15 സാമ്പത്തിക വർഷത്തിൽ 56.43 ശതമാനവുമാണ്, ഈ കണക്കുകളൊക്കെ ശ്രീ. ജെയിംസ് മാത്യു എം.എൽ.എ. ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടിയാണ്. ഈ കണക്കുകളുടെ അടിസ്ഥാനത്തിലാണ് റവന്യൂ വരുമാനത്തിന്റെ 90 ശതമാനവും ജീവനക്കാരാണ് കൊണ്ടുപോകുന്നുവെന്ന കള്ളപ്രചരണം നടത്തുന്നത്. സത്യസന്ധമായി നികുതി പിരിച്ചെടുത്തിരുന്നെങ്കിൽ ശമ്പളച്ചെലവിന്റെ ശതമാനം ഇനിയും കുറയുമായിരുന്നു. 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2015-16-ൽ കേന്ദ്രത്തിൽനിന്ന് 4640 കോടിരൂപ അധികനികുതി ലഭിക്കുകയുണ്ടായി. കേന്ദ്ര നികുതി വരുമാനത്തിന്റെ വിഹിതം 32 ശതമാനത്തിൽനിന്ന് 42 ശതമാനമായി ഉയർന്നു. ഈ ഇനത്തിലും 7498 കോടി രൂപയുടെ അധികനികുതി ലഭിക്കുകയുണ്ടായി. മുൻവർഷങ്ങളിൽ 7926.29 കോടി രൂപയുടെ അധികനികുതി ലഭിക്കുകയുണ്ടായി. 2009-10 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2015-16-ൽ ആഭ്യന്തരവരുമാനത്തിന്റെ വർദ്ധനവ് 150 ശതമാനമുണ്ടായി എന്ന് ഇക്കണോമിക് റിവ്യൂവിൽ പരാമർശിക്കുന്നുണ്ട്. ഈ പണമൊക്കെ എവിടെപോയി? എവിടേയ്ക്കാണ് ഈ പണമൊക്കെ ഒഴുകിയത്?

പണമില്ലാത്ത പ്രശ്നം ഇവിടെ ഉണ്ടെന്ന് ആരും പറയില്ല. കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങളൊക്കെ ലഭിച്ചുവെന്നുള്ളത് ഇവിടെ നേരത്തെ ചോദിച്ച ചോദ്യത്തിന് ഉത്തരമായി പറഞ്ഞതാണ്. കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ ഇവിടെ സൂചിപ്പിച്ചത്. സമയബന്ധിതമെന്നുപറയുന്നത് എപ്പോഴാണ്? ശമ്പളപരിഷ്കരണം ഫെബ്രുവരി മാസം അവസാനം നടപ്പാക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ആ മാസാവസാനം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള നോട്ടിഫിക്കേഷൻ ഇറങ്ങും. പഴയതുപോലെ, 2001 മുതൽ 2006 വരെയുള്ള ചരിത്രം വീണ്ടും ആവർത്തിക്കാനല്ലേ പോകുന്നത്? ഇത് ജീവനക്കാരെ പറ്റിക്കാൻ വേണ്ടിയുള്ളതല്ലേ? ഈ അഞ്ച് വർഷക്കാലത്തിനിടയിൽ, ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ടുകൊണ്ട് നാലഞ്ച് ലക്ഷത്തോളം വരുന്ന ജീവനക്കാർക്കും നാലേകാൽ ലക്ഷത്തോളം വരുന്ന പെൻഷൻകാർക്കും ലഭിക്കേണ്ട ശമ്പളവർദ്ധനവ്, ഈ വേതനം, ഈ ആനുകൂല്യം ഒന്നരവർഷം നീട്ടിക്കൊണ്ടുപോയില്ലേ? ഇത് കുറ്റകരമായിട്ടുള്ള അനാസ്ഥയാണ്. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. ശമ്പളപരിഷ്കരണം ഫെബ്രുവരിയിലേയ്ക്ക് കൊണ്ടുപോകാൻ പാടില്ല. ജനുവരി 12-ാം തീയതി ജീവനക്കാർ സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനുശേഷം അനിശ്ചിതകാല പണിമുടക്കും പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിൽ ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ടവരും എല്ലാ യൂണിയനുകളും പങ്കെടുക്കുന്നുണ്ട്. അതുകൊണ്ട് ഈ വിഷയം സഭനിർത്തിവച്ച് ചർച്ച ചെയ്യണം. ജനുവരി മാസത്തിനുള്ളിൽതന്നെ ഇത് പ്രഖ്യാപിക്കുമെന്നും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തന്നെ ശമ്പളപരിഷ്കരണം നടപ്പിലാക്കുമെന്നും കേരളത്തിലെ ജീവനക്കാരോട് പറയാനുള്ള ബാദ്ധ്യത കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ഉണ്ട്. അത് അദ്ദേഹം നിർവ്വഹിക്കുമെന്ന പ്രതീക്ഷയോടുകൂടി ഈ അടിയന്തരപ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ജനുവരി അവസാനം അല്ലെങ്കിൽ ഫെബ്രുവരി ആദ്യം ശമ്പളപരിഷ്കരണം നടപ്പാക്കുമെന്ന് ആരംഭത്തിൽ തന്നെ ഞാൻ വ്യക്തമായി പറഞ്ഞതാണ്. ബഹുമാനപ്പെട്ട എ. കെ. ബാലൻ, കഴിഞ്ഞ പ്രാവശ്യം ശമ്പള കമ്മീഷൻ റിപ്പോർട്ട് എന്നാണ് നിങ്ങൾ നടപ്പിലാക്കിയത് എന്ന് അറിയാമോ? ഫെബ്രുവരി 26-ാം തീയതിയാണ്. അത് നിങ്ങൾ മനസ്സിലാക്കണം. ഏതായാലും യു.ഡി.എഫ്. ഗവൺമെന്റ് അത്രയുംവരെ നീട്ടിക്കൊണ്ടുപോകില്ല എന്നു ഞാൻ ഉറപ്പുനൽകുന്നു. 2005-ൽ യു.ഡി.എഫ്. നടപ്പിലാക്കാതെ, നിങ്ങൾ നടപ്പിലാക്കി എന്ന് ബഹുമാനപ്പെട്ട എ. കെ. ബാലൻ പറയുകയുണ്ടായി. അത് ശരിയല്ല. ഞങ്ങൾ റിപ്പോർട്ട് വരുത്തി, റിപ്പോർട്ട് അംഗീകരിച്ചു. പക്ഷേ

റിപ്പോർട്ടിന്റെ ഓർഡർ ഇറക്കിയെങ്കിലും ശമ്പളസ്കെയിലിനെ സംബന്ധിച്ചുള്ള വിശദമായ ഓർഡറിന്റെ ക്ലാരിഫിക്കേഷൻ കൊടുക്കേണ്ടി വന്നതുകൊണ്ട് വൈകിപ്പോയി. ആ സമയത്ത് ഇലക്ഷൻ ഡിക്ലെയർ ചെയ്തതിന്റെ തടസ്സമുണ്ടായി. ഇലക്ഷൻ കമ്മീഷനെ പഴി പറഞ്ഞ് ഞങ്ങൾ ഓടി ഒളിക്കാനല്ല ശ്രമിച്ചത്. ഞങ്ങൾ ഇലക്ഷൻ കമ്മീഷനിൽനിന്നും അംഗീകാരം വാങ്ങിക്കുകയാണ് ചെയ്തത്. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ ജീവനക്കാർ കേസ് കൊടുത്തിട്ടുണ്ടായിരുന്നു. അതിൽ ഗവൺമെന്റ് കക്ഷിചേർന്നു. ഹൈക്കോടതിയിൽനിന്നും ഇലക്ഷൻ കമ്മീഷനിൽനിന്നും ഞങ്ങൾ അംഗീകാരം വാങ്ങിക്കുകയും ചെയ്തു. മാർച്ചുമാസത്തെ ശമ്പളത്തിൽ ജീവനക്കാരുടെ ശമ്പളവർദ്ധനവ് കൊടുക്കുമെന്ന് ഈ സഭയിൽ നൽകിയ വാഗ്ദാനം ഞാൻ നടപ്പിലാക്കിയ കാര്യം അങ്ങ് മറച്ചുവയ്ക്കരുത്. 1991-ൽ ഞാൻ ധനകാര്യവകുപ്പുമന്ത്രി ആയിരുന്ന സമയത്ത് ജീവനക്കാരെ ദ്രോഹിക്കുകയുണ്ടായി എന്ന് ബഹുമാനപ്പെട്ട എ. കെ. ബാലൻ പറയുകയുണ്ടായി. 1993-ലായിരുന്നു ശമ്പളപരിഷ്കരണം വരേണ്ടിയിരുന്നത്. 1991-ൽ ഇതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ച് 5 കൊല്ലത്തിലൊരിക്കൽ എന്ന തത്വം മാറ്റി 1991-92 കാലഘട്ടത്തിൽ സംസ്ഥാനത്തെ ജീവനക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുത്തു. ഇക്കാര്യം അങ്ങ് മറക്കരുത്. ജീവനക്കാരുടെ കാര്യത്തിൽ എന്നും സ്വീകരിക്കുന്ന സമീപനം അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടാണ്. ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ട്, പ്രയാസങ്ങളുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക ബുദ്ധിമുട്ട് എന്നുപറയുന്നത് ഗവൺമെന്റിന്റെ ഭാഗമാണ്, അതിൽ ഗവൺമെന്റ് ജീവനക്കാരും ഉൾപ്പെടും. അവർ മനസ്സിലാക്കേണ്ടത് അവർ മനസ്സിലാക്കും. ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ ഗവൺമെന്റ് മനസ്സിലാക്കും. പരസ്പരധാരണയോടുകൂടി ഇത് വിജയകരമായി മുന്നോട്ടുകൊണ്ടുപോകുക തന്നെ ചെയ്യും. അതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് ചില അവകാശങ്ങൾ നിഷേധിച്ചതിനെക്കുറിച്ച് പറഞ്ഞു. 2001-ൽ നിങ്ങളിൽനിന്ന് ഭരണം ഏറ്റെടുക്കുമ്പോൾ ട്രഷറി കാലിയായി എന്നുമാത്രമല്ല, ശമ്പളം കൊടുക്കാൻപോലും ഇല്ലായിരുന്നു. ശമ്പളം കൊടുക്കുന്നത് നിന്നുപോകുമെന്ന് കണ്ടപ്പോൾ താല്ക്കാലികമായി ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഗവൺമെന്റ് നിർബന്ധിതമായി. ഇത് സന്തോഷത്തോടെയല്ല ചെയ്യുന്നതെന്ന് അന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞു. ആ കാലഘട്ടത്തിൽ വളരെയേറെ ബുദ്ധിമുട്ടുകളുണ്ടായതിനാൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നു. പക്ഷേ ശ്രീ. എ. കെ. ആന്റണി തന്നെ ആ നിയന്ത്രണങ്ങളെല്ലാം മാറ്റി എല്ലാ ആനുകൂല്യങ്ങളും പുനഃസ്ഥാപിച്ചത് നിങ്ങൾ മറക്കരുത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 16-1-2002-ലെ ഉത്തരവാണ്. അന്ന് ബഹുമാനപ്പെട്ട അങ്ങ് യു.ഡി.എഫ്.ന്റെ കൺവീനറും ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ആയിരുന്നു. 28 നിർദ്ദേശങ്ങളാണ് അതിൽ അടങ്ങിയിരുന്നത്. ജീവനക്കാർ നടത്തിയ സമരത്തിന്റെ ഭാഗമായി നിങ്ങൾ നിയന്ത്രണം പിൻവലിച്ചില്ല. സത്യസന്ധമായി പറഞ്ഞാൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരികയും ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ഈ ഉത്തരവ് പിൻവലിച്ചതും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് സംബന്ധിച്ച രേഖ മേശപ്പുറത്ത് വയ്ക്കുമെങ്കിൽ എനിക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. ഈ സഭയിൽ സത്യസന്ധമായി കാര്യങ്ങൾ പറയണം. താല്കാലികമായാണ് നിയന്ത്രണങ്ങൾ കൊണ്ടുവന്നതെന്ന് പറഞ്ഞു, താല്കാലികമായിട്ടാണ് എന്ന് ഉത്തരവിൽ പറയുന്നുണ്ടോ? ഇത് പിൻവലിക്കുന്നതിനുവേണ്ടി 32 ദിവസം ജീവനക്കാർ നടത്തിയ സമരത്തിന്റെ ഭാഗമായി ഈ പ്രശ്നം അടിയന്തരപ്രമേയമായി ഞാൻ തന്നെ സഭയിൽ കൊണ്ടുവന്നതാണ്, തെറ്റിദ്ധരിപ്പിക്കരുത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ശ്രീ. എ. കെ. ആന്റണിയുടെ കാലഘട്ടത്തിൽത്തന്നെ എല്ലാം പുനഃസ്ഥാപിച്ചു. സമരത്തിന്റെ ഭാഗമായി വിട്ടുവീഴ്ച ചെയ്തില്ല എന്നുപറയുന്നത് ശരിയാണ്. കാരണം, ചെയ്യാൻ പറ്റുന്ന സ്ഥിതിയായിരുന്നില്ല. ശമ്പളം മുടങ്ങുന്ന സാഹചര്യം വന്നു, നിങ്ങൾ അധികാരമൊഴിയുമ്പോൾ അതായിരുന്നു അവസ്ഥ. എന്നാൽ എല്ലാം പുനഃസ്ഥാപിച്ചു. അങ്ങ് പങ്കാളിത്ത പെൻഷനെക്കുറിച്ച് പറഞ്ഞു. ഇന്ത്യയിലെ സംസ്ഥാനങ്ങളെല്ലാം പങ്കാളിത്ത പെൻഷൻ അംഗീകരിച്ചുകൊണ്ടിരിക്കുകയാണ്. പെൻഷൻ ബാധ്യത ഇപ്പോൾത്തന്നെ ശമ്പളത്തിനടുത്ത് എത്തിയിരിക്കുന്നു. രണ്ടുമൂന്ന് വർഷങ്ങൾ കഴിയുമ്പോൾ പെൻഷൻ ബാധ്യത ശമ്പളത്തെക്കാൾ കൂടുതലാകും. ബഹുമാനപ്പെട്ട അങ്ങ് ശമ്പളത്തിന്റെ തോത് 53-54 ശതമാനം എന്ന് പറഞ്ഞല്ലോ, അത് ശമ്പളം മാത്രമാണ്. പെൻഷനുംകൂടി വരുമ്പോൾ എന്താകും സ്ഥിതി. പത്ത്-പതിനഞ്ച് വർഷം കഴിയുമ്പോൾ പെൻഷൻ ബാധ്യതയുംകൂടി ഏറ്റെടുത്ത് മുന്നോട്ടുപോകാൻ സാധിക്കാത്ത സ്ഥിതിയാണ്. അതുകൊണ്ടാണ് പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നത്. പങ്കാളിത്ത പെൻഷൻ സ്കീമിൽ ചേരുന്ന ജീവനക്കാർക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. അവരുടെ താല്പര്യങ്ങൾ നൂറ് ശതമാനവും സംരക്ഷിക്കത്തക്കവിധത്തിലുള്ള സംവിധാനത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്. വെസ്റ്റ് ബംഗാളുൾപ്പെടെ എല്ലാ സ്റ്റേറ്റുകളിലും പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുകയാണ്. കേരളത്തിന് മാത്രം എന്താണ് പ്രത്യേകത? നമുക്കും നാളെയെക്കുറിച്ച് ചിന്തിക്കണ്ടേ? ഇന്ന് ഗവൺമെന്റിന് പങ്കാളിത്ത പെൻഷൻ അധിക ബാധ്യതയാണ്. ഗവൺമെന്റ് ആ ബാധ്യത ഏറ്റെടുത്തത് നാളെയെക്കുറിച്ച് ചിന്തിക്കുന്നതുകൊണ്ടാണ്. 25 കൊല്ലം കഴിഞ്ഞേ പങ്കാളിത്ത പെൻഷന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. 25 വർഷം കഴിഞ്ഞുള്ള കാര്യത്തെക്കുറിച്ച്

നമ്മൾ എന്തിനാണ് ചിന്തിക്കുന്നതെന്ന് ചോദിച്ചാൽ ഇന്ന് ഗവൺമെന്റിന്റെ വിഹിതം കൊടുക്കുന്നത് നമുക്ക് ലാഭമാണ്. പക്ഷേ നമുക്ക് നാളത്തെ തലമുറയെക്കുറിച്ചുകൂടി ചിന്തിക്കാതെ മുന്നോട്ടുപോകാൻ സാധിക്കില്ല. അതുകൊണ്ടാണ് നാളെയെക്കുറിച്ച് ചിന്തിച്ച് ഇന്ന് അധികഭാരം ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറായത്. ശമ്പള കമ്മീഷന്റെ ശിപാർശ നടപ്പിലാക്കുന്ന കാര്യവുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് സമരം ചെയ്യേണ്ട ആവശ്യമേയില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുന്നു. ഗവൺമെന്റ് അതുസംബന്ധിച്ച് തികച്ചും ബോധത്തോടെയാണ് മുന്നോട്ടുപോകുന്നത്. സമയബന്ധിതമായിത്തന്നെ ശമ്പളപരിഷ്കരണം നടപ്പിലാക്കും. സംതൃപ്തരായ സിവിൽ സർവീസുകാർ എന്ന ആശയം തന്നെയാണ് ഗവൺമെന്റ് ഉൾക്കൊള്ളുന്നത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്ന സർക്കാർ നടപടിക്ക് ഒരു ന്യായീകരണവുമില്ല. ഏത് വിഭാഗത്തിൽപ്പെട്ടവരുടെയും അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുക, അവരെ സമരങ്ങളിലേയ്ക്ക് തള്ളിവിടുക എന്നിവയെല്ലാം ഈ സർക്കാർ നയം പോലെ അംഗീകരിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് സെക്രട്ടേറിയറ്റിന്റെ മുന്നിലും നിയമസഭയ്ക്ക് മുന്നിലും നാലും അഞ്ചും സമരങ്ങൾ അരങ്ങേറുന്നത്. സർക്കാർ ജീവനക്കാർ ഇതിനകം പല സൂചനാ പണിമുടക്കുകളും മറ്റ് സമരങ്ങളും സംഘടിപ്പിച്ചുകഴിഞ്ഞു. എന്നിട്ടും സർക്കാർ മെല്ലെപ്പോക്ക് നയമാണ് തുടരുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഏതെങ്കിലുമൊരു വിഭാഗത്തിന് ആശ്വാസകരമായ എന്തെങ്കിലും നടപടി ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ? വിലക്കയറ്റംകൊണ്ട് ജനങ്ങൾ എരിപൊരി കൊള്ളുകയാണ്. അടുപ്പിൽ തീ കൂട്ടണമെങ്കിൽ വീട്ടമ്മമാർക്ക് കെട്ടുതാലി വരെ പണയം വയ്ക്കേണ്ട സ്ഥിതിയാണുള്ളത്. അത്രയ്ക്ക് രൂക്ഷമാണ് വിലക്കയറ്റം. ഒരു കിലോ ഉഴുന്നിന് 220 രൂപ കൊടുക്കേണ്ടിവരുമ്പോൾ വിലക്കയറ്റത്തിന്റെ ഭീകരത ഊഹിക്കാവുന്നതാണ്. ശ്രീ. ഉമ്മൻ ചാണ്ടി അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്നതിന്റെ മൂന്നും നാലും ഇരട്ടിയാണ് ഓരോ

സാധനത്തിനുമുണ്ടായിട്ടുള്ള വിലക്കയറ്റം. ഇതുവല്ലതും ശ്രദ്ധിക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിക്കും കൂട്ടർക്കും സമയമുണ്ടോ? എവിടെ സമയം കിട്ടാനാണ്. മന്ത്രിമാരുടെ ചിന്ത മുഴുവൻ അഴിമതി നടത്തുന്നതിനെപ്പറ്റി മാത്രമാണ്. ഇങ്ങനെയുള്ള സർക്കാർ തന്നെയാണ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കേണ്ടത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശമ്പളപരിഷ്കരണം അട്ടിമറിക്കുന്നത് സ്ഥിരം പരിപാടിയായിരുന്നു. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായപ്പോൾ അട്ടിമറിയുടെ ആഘാതം കൂടുമെന്നു മാത്രം. 2002-ലും ശമ്പളപരിഷ്കരണം അട്ടിമറിക്കാൻ യു.ഡി.എഫ്. സർക്കാർ ശ്രമിച്ചതാണ്. അതിന്റെ തനിയാവർത്തനമാണ് ഇപ്പോൾ നടക്കുന്നത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ് എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം നടത്തിയതുപോലെ ഘട്ടം ഘട്ടമായാണോ ശമ്പളപരിഷ്കരണ റിപ്പോർട്ട് സമർപ്പിക്കുന്നത്. രണ്ടുവർഷം മുമ്പ് നിയമിച്ച ശമ്പള കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ട് മാസങ്ങൾ പലതുകഴിഞ്ഞു. 2014 ജൂലൈ 1 മുതൽ പ്രാബല്യമുണ്ടാകുമെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ അത് അട്ടിമറിക്കാനും ശമ്പളകുടിശ്ശിക കവർന്നെടുക്കാനുമുള്ള നീക്കമാണ് നടക്കുന്നത്. 5 വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണമെന്ന തത്വം അട്ടിമറിക്കാനുള്ള ശ്രമം നിരന്തരമുള്ള പ്രക്ഷോഭത്തെത്തുടർന്നാണ് സർക്കാരിന് അവസാനിപ്പിക്കേണ്ടിവന്നത്. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച ശിപാർശ സമർപ്പിക്കുന്നതിന് മൂന്നുമാസം മുമ്പ് ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിരുന്നു. അതിൽ പ്രധാന കക്ഷിയായിരുന്ന ശ്രീ. കെ. എം. മാണിയുടെ പണിതന്നെ പോയി. അങ്ങനെ മന്ത്രിസഭാ ഉപസമിതി ശൂന്യതയിലായി. ചുരുക്കത്തിൽ ഓരോ പൊടിക്കൈ കാട്ടി ശമ്പളപരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ നിഷേധിക്കാനാണ് സർക്കാരിന്റെ നീക്കം. കഴിഞ്ഞ ശമ്പള കമ്മീഷൻ പതിനൊന്ന് മാസം കൊണ്ടാണ് റിപ്പോർട്ട് സമർപ്പിച്ചത്. ഇതിന് മുമ്പുള്ള കമ്മീഷൻ കേവലം 9 മാസം കൊണ്ട് റിപ്പോർട്ട് സമർപ്പിച്ചു. ആ സ്ഥാനത്താണ് ഇപ്പോഴത്തെ വിദ്വാൻ രണ്ട് വർഷം കഴിഞ്ഞിട്ടും വീണ്ടും കമ്മീഷന്റെ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ഒരു റിപ്പോർട്ട് സമർപ്പിച്ചു. ഇനിയും പല റിപ്പോർട്ടുകളും സമർപ്പിക്കാനുണ്ടെന്നുപറഞ്ഞാണ് അദ്ദേഹം കാലാവധി നീട്ടി ചോദിക്കുന്നത്.

10.00 AM]

ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ കൂടെ വേറെ എന്തെങ്കിലും റിപ്പോർട്ടും കൂടി സമർപ്പിക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിയും മറ്റുള്ളവരും ആവശ്യപ്പെടുന്നുണ്ടോ എന്നറിയില്ല. അതോ സർവ്വീസിലുള്ളപ്പോൾ സാമൂഹ്യജീവിതവുമായി ഒരു തരത്തിലും

പൊരുത്തപ്പെടാത്ത വിധത്തിലുള്ള വിധികൾ മാത്രം പുറപ്പെടുവിച്ച ഈ മാന്യദേഹത്തിന് ശമ്പളം അനന്തമായി എഴുതിയെടുക്കാനുള്ള അടവാണോയെന്നും അറിയില്ല. തെറ്റുപറയരുത്. എല്ലാം മുച്ചൂടും വേണമെന്ന് വാശിപിടിക്കുന്ന ഇദ്ദേഹം പാവപ്പെട്ട അദ്ധ്യാപകരുടെയും ജീവനക്കാരുടെയും അവധിപോലും പാടില്ലെന്ന് വാശിപിടിക്കുകയാണ്. ഇപ്പോൾ ശമ്പളകമ്മീഷൻ ശിപാർശയിൽ ജീവനക്കാരുടെ അവധി ദിവസങ്ങൾ വെട്ടിച്ചുരുക്കണമെന്നും സംഘടനാ പ്രവർത്തനം അവധി ദിവസങ്ങളിൽ മാത്രം നടത്തിയാൽ മതിയെന്നും നിർദ്ദേശമുള്ളതായി കേട്ടു. ഇതൊക്കെ ആർക്കെങ്കിലും അംഗീകരിക്കാൻ കഴിയുന്ന കാര്യമാണോ? ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഇപ്പോൾ സ്വസ്ഥതയില്ലെന്നറിയാം. അതിന്റെ വിശദമായ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷേ, അദ്ധ്യാപകരെയും ജീവനക്കാരെയും വീണ്ടും ഒരനിശ്ചിതകാല പണിമുടക്കിലേയ്ക്ക് തള്ളിവിടരുത്. ഭരണത്തിന്റെ അവസാന നാളുകളിൽ ഒരു കാര്യമെങ്കിലും ശരിയായി ചെയ്തുവെന്നോർത്ത് എന്നെന്നേയ്ക്കുമായി പുതുപ്പള്ളിയിലേയ്ക്ക് വണ്ടികയറുകയല്ലേ മിസ്റ്റർ ഉമ്മൻ ചാണ്ടീ നല്ലത്. അതുകൊണ്ട് വീണ്ടും ഒരു പണിമുടക്ക് ക്ഷണിച്ചുവരുത്താതെ ഉടൻ ശമ്പളപരിഷ്കരണ റിപ്പോർട്ട് നടപ്പിലാക്കുകയും മുൻകാല പ്രാബല്യത്തോടുകൂടി ആനുകൂല്യങ്ങൾ നൽകുകയും വേണം. ഈ ആനുകൂല്യങ്ങളെല്ലാം പൂർണ്ണമായും പെൻഷൻകാർക്കും നൽകണം. സംസ്ഥാന ജീവനക്കാരെയും അദ്ധ്യാപകരെയും വീണ്ടും അനിശ്ചിതകാല പണിമുടക്കിലേയ്ക്ക് തള്ളിവിടുന്നത് ആപത്ക്കരമാണ്; അതിന്റെ ഗൗരവം ബോദ്ധ്യപ്പെടുന്നതിനുവേണ്ടിയാണ് ഞങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇതുസംബന്ധിച്ചുള്ള അഭിപ്രായം വിശദമായി പറഞ്ഞുകൊണ്ട് അതെന്താണെന്ന് കാണുന്നതിനുവേണ്ടി കാത്തിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ഇതുസംബന്ധിച്ചുള്ള അഭിപ്രായം ഒന്നുകൂടി വ്യക്തമാക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കഴിഞ്ഞതവണ അങ്ങ് നടപ്പിലാക്കിയത് ഫെബ്രുവരി 26-ാം തീയതിയാണ്. അതിനുമുമ്പ് ഏതായാലും ശമ്പള പരിഷ്കരണം നടപ്പിലാക്കിയിരിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, 2009 ഫെബ്രുവരി മാസത്തിലാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്; 2011 ഫെബ്രുവരി മാസത്തിലല്ല. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്നത് 2011-ൽ ആണ്. ആ ഫെബ്രുവരിയിലല്ല ശമ്പള പരിഷ്കരണം നടത്തിയത്. 2004-ൽ ഡ്യൂ ആയിട്ടുള്ള ശമ്പള പരിഷ്കരണം 2009-ലാണ് നടപ്പിലാക്കേണ്ടത്. 2009-ൽ വി.എസ്. ഗവൺമെന്റ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഫെബ്രുവരി മാസത്തിൽ തന്നെയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ആ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിന് തൊട്ടുമുമ്പ് ചെയ്തുവെന്നാണ് പറഞ്ഞത്. അതുപോലെ ഞങ്ങളും ചെയ്യും. ..... (ബഹളം).....

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, അങ്ങ് ചോദിച്ചതിന് മുഖ്യമന്ത്രി മറുപടി പറയട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി: 5 വർഷം കൂടുമ്പോഴാണ് ശമ്പള പരിഷ്കരണമെന്ന് അങ്ങ് തന്നെ പറഞ്ഞു. 2011 ഫെബ്രുവരി മാസത്തിലാണ് ഇതിനുമുമ്പ് ശമ്പള പരിഷ്കരണം നടത്തിയത്.

## III പ്രത്യേക പരാമർശം

### ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ഫയൽ

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഫ്ലാറ്റ് നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട ഒരു ഫയൽ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോയെന്ന് ഞാൻ ചോദിച്ചിരുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുമായി ആലോചിച്ച് ചെയ്യാമെന്നാണ് മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞത്. അതുസംബന്ധിച്ച് ശ്രീ. മഞ്ഞളാംകുഴി അലി ആഭ്യന്തര വകുപ്പുമന്ത്രിയുമായി ആശയവിനിമയം നടത്തിയോ? ഇതുസംബന്ധിച്ച് എന്താണ് ആഭ്യന്തര വകുപ്പുമന്ത്രിക്ക് പറയാനുള്ളതെന്ന് കേൾക്കാൻ താൽപ്പര്യമുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പാറ്റൂർ ഭൂമികേസ്സുമായി ബന്ധപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, നഗരകാര്യ വകുപ്പുമന്ത്രിയോട് സഭയിൽ ഉന്നയിച്ചത്. ആ കേസ്സുമായി ബന്ധപ്പെട്ട അന്വേഷണം നടത്തിയത് ലോകായുക്തയാണ്. വിജിലൻസ് എ.ഡി.ജി.പി. എന്നുള്ള നിലയിലല്ലാതെ ശ്രീ. ജേക്കബ് തോമസിനോട് ലോകായുക്ത ഈ കേസ് അന്വേഷിക്കാൻ പറയുകയും അതനുസരിച്ച് അന്വേഷിച്ച് റിപ്പോർട്ട് കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിജിലൻസ് അന്വേഷണമല്ല നടന്നത്. പ്രതിപക്ഷ നേതാവ് പറഞ്ഞ ഫയൽ വിജിലൻസ് വകുപ്പിൽ ഉണ്ടോയെന്ന് പരിശോധിക്കാൻ പറഞ്ഞിട്ടുണ്ട്; വിവരങ്ങൾ കിട്ടിയിട്ടില്ല. ലോകായുക്ത ശ്രീ. ജേക്കബ് തോമസിനെ അന്വേഷിക്കാൻ നിയോഗിച്ചതാണ്. അദ്ദേഹം അന്വേഷിച്ച് റിപ്പോർട്ട് കൊടുത്തുവെന്നാണ് മനസ്സിലാക്കുന്നത്. ഫയൽ ഉണ്ടോയെന്ന് പരിശോധിച്ച്, ഉണ്ടെങ്കിൽ അത് പരിശോധിച്ചശേഷം പ്രതിപക്ഷ നേതാവുമായി സംസാരിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ,......ഇതൊരു പൊതുവിഷയമാണ്.

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ കഴിഞ്ഞതിനുശേഷം സബ്മിഷൻ സമയത്ത് ശ്രീ. ചിറ്റയം ഗോപകുമാർ പറഞ്ഞ വിഷയമെടുക്കാം.

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരത്തുക

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടമാണ്. കൃഷിനാശത്തിനുള്ള പ്രധാന കാരണം അപ്രതീക്ഷിതമായി കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനമാണ്. കാലവർഷം, വേനൽമഴ, വരൾച്ച എന്നിവ മൂലം കർഷകർക്ക് എല്ലാ സീസണിലും കൃഷി നശിക്കുകയാണ്. കഴിഞ്ഞ കാലവർഷത്തിൽ മാത്രം 6079 കർഷകരാണ് കാർഷിക നഷ്ടങ്ങൾക്ക് വിധേയരായത്. ഏകദേശം 11 കോടി രൂപയുടെ നാശനഷ്ടം വയനാട് ജില്ലയിൽ ഉണ്ടെന്ന് സർക്കാരിൽ നിന്നുള്ള കണക്കുകൾ വ്യക്തമാക്കുന്നു. ശരിക്കുമുള്ള നഷ്ടം അതിലും എത്രയോ മടങ്ങാണ്. കാർഷികവൃത്തി ഉപജീവന മാർഗ്ഗമാക്കിയ കർഷകർക്ക് കൃഷിനാശം സംഭവിച്ചാൽ ലഭിക്കുന്ന ആശ്വാസസഹായമാണ് നഷ്ടപരിഹാരമെന്ന പേരിൽ സർക്കാരിൽനിന്നും ലഭിക്കുന്നത്. സർക്കാർ പ്രഖ്യാപിക്കുന്ന നഷ്ടപരിഹാരത്തുക യഥാസമയം കർഷകർക്ക് ലഭിക്കാത്തത് ഗൗരവമായി കാണണം. 2013 മുതലുള്ള നഷ്ടപരിഹാരത്തുക കർഷകർക്ക് കുടിശ്ശികയാണ്. ഏകദേശം 22 കോടി രൂപ വയനാട് ജില്ലയിൽ മാത്രം കർഷകർക്ക് ലഭിക്കാനുണ്ട്. കാർഷിക പ്രതിസന്ധിയിൽ കർഷകർ ഏറെ ബുദ്ധിമുട്ടുമ്പോഴാണ് സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരത്തുകപോലും കർഷകർക്ക് യഥാസമയം ലഭിക്കാത്തത്. ബാങ്കിൽ നിന്നും വായ്പയെടുത്തും സ്വർണ്ണം പണയപ്പെടുത്തിയും കൃഷി ചെയ്യുന്ന നിരവധി കർഷകരാണ് ഇതുമൂലം ദുരിതത്തിലായിരിക്കുന്നത്. സംസ്ഥാനത്തെ കാർഷിക വികസന നയത്തിൽ 35-ാം നയം പറയുന്നത്, കടക്കെണിയിൽപ്പെട്ട കർഷകരെ അതിൽനിന്നും രക്ഷപ്പെടുത്താനായി ധനകാര്യസ്ഥാപനങ്ങളുടെ സമീപനത്തിൽ ആവശ്യമായ മാറ്റം വരുത്തുകയും പല ധനാഗമ മാർഗ്ഗങ്ങൾ യോജിപ്പിച്ച് കടക്കെണിയിൽപ്പെട്ട കർഷകർക്ക് സമാശ്വാസ വായ്പ നൽകി അവരെ കടം തിരിച്ചടയ്ക്കുന്നതിന് കഴിവുള്ളവരാക്കണമെന്നുമാണ്. എന്നാൽ വയനാട് ജില്ലയിലെ ചില ബാങ്കുകളുടെ സമീപനം കർഷകവിരുദ്ധമാണ്. അതിന് നല്ല ഉദാഹരണം, കേരള ഗ്രാമീൺ ബാങ്കിന്റെ കർഷകരോടുള്ള സമീപനമാണ്. ഒരു കർഷകനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ച സംഭവം വരെയുണ്ടായി. അതിനാൽ, സർക്കാർ കാർഷിക വികസന നയത്തിൽ രൂപംകൊടുത്തിട്ടുള്ള കർഷക അനുകൂല സമീപനം നടപ്പിൽ വരുത്താനാവശ്യമായ നടപടി സ്വീകരിക്കണം; ആവർത്തിച്ചുണ്ടാകുന്ന കാലവർഷം,

വരൾച്ച എന്നിവമൂലം വൻതോതിലുള്ള കൃഷിനാശമാണ് സംഭവിക്കുന്നത്. ഇതുമൂലം കർഷകർക്ക് കൃഷിയിൽ നിന്നുള്ള യാതൊരു ആദായവും ലഭിക്കുന്നില്ല. ഇത്തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ കാർഷിക വികസന നയത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള അഗ്രികൾച്ചറൽ ക്രെഡിറ്റ് റിലീഫ് ഫണ്ട് ഏർപ്പെടുത്താൻ അടിയന്തരനടപടി സ്വീകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് സംസ്ഥാനത്താകമാനമുള്ള വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. കർഷകരെ സംബന്ധിച്ചിടത്തോളം കാലാവസ്ഥാ വ്യതിയാനമുണ്ടാകുമ്പോഴും കാട്ടാനയുടെയും മറ്റ് വന്യമൃഗങ്ങളുടെയും ആക്രമണമുണ്ടാകുമ്പോഴും കൃഷി നശിക്കുന്നത് വളരെയധികം വേദനാജനകമാണ്. ഇതിന് പ്രതിഫലമായി സർക്കാർ കഴിഞ്ഞ കാലങ്ങളിലൊക്കെ സഹായിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ 2013 മുതൽ 2015 ഒക്ടോബർ മാസം വരെ പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചതുമൂലം 11,480 കർഷകർക്ക് 22 കോടിയിലധികം രൂപയുടെ നഷ്ടം സംഭവിച്ചതായി കാണുന്നുണ്ട്. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്.ഡി.ആർ.എഫ്.) നിന്ന് 1,04,98,291 രൂപ മാത്രമേ ഇതിലേയ്ക്ക് അനുവദിക്കാൻ കഴിയുകയുള്ളൂ. അതത് കാലത്ത് കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങളനുസരിച്ചാണ് എസ്.ഡി.ആർ.എഫ്.ൽ നിന്ന് ധനസഹായം നൽകുന്നത്. എസ്.ഡി.ആർ.എഫ്. മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്ക്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം, ഉത്തരവിന്റെ പരിധിയിൽനിന്ന് ധനസഹായം നിശ്ചയിച്ചിരിക്കുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ എസ്.ഡി.ആർ.എഫ്. മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ വീണ്ടും പരിഷ്ക്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ഉത്തരവുപ്രകാരവും ഇതേത്തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഈ കുറവ് സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിൽത്തന്നെ വളരെ വിശദമായ ചർച്ച നടക്കുകയും അത് പരിഹരിക്കുന്നതിനാവശ്യമായ തുക 1-4-2015 മുതൽ പ്രാബല്യത്തോടെ കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്ന് അനുവദിക്കുന്നതിന് ഉത്തരവായിട്ടുമുണ്ട്. ഈ ഉത്തരവുപ്രകാരം എവിടെയൊക്കെയാണ് തുക കൊടുക്കാനുള്ളത് എന്നതിനെക്കുറിച്ച് പഠിച്ചുകൊണ്ട് തക്കതായ പരിഹാര നടപടികളുമായി മുന്നോട്ടുപോകുകയും പ്രതിഫലത്തുക നൽകുന്നതുമാണ്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, എപ്പോഴും കേന്ദ്രത്തെ ആശ്രയിക്കാതെ നമ്മുടെ കർഷകർക്ക് ഇത്തരത്തിലുള്ള ബുദ്ധിമുട്ട് വരുമ്പോൾ അവർക്ക് നൽകേണ്ട ഫണ്ട് സംസ്ഥാനംതന്നെ കണ്ടെത്തേണ്ടതാണ്. വയനാട് ജില്ലയിൽ കൊടുക്കാനുള്ള രണ്ടരവർഷത്തെ കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കും; ആകെ 22 കോടി രൂപയുണ്ട്. എന്നാണ് അത് കൊടുത്തുതീർക്കുന്നത്?

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കാർഷിക നയത്തിൽ പറഞ്ഞിട്ടുള്ള കർഷകർക്കനുകൂലമായ സമീപനം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകുകയും ഈ സാമ്പത്തിക വർഷത്തിൽ ഫെബ്രുവരി മാസത്തിൽത്തന്നെ 58.18 കോടി രൂപ കേരളത്തിലാകമാനവും 22 കോടി രൂപ വയനാട് ജില്ലയിലും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (2) പി.യു.കെ.സി. റോഡിന്റെയും കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെയും ശോചനീയാവസ്ഥ

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ സഭയിലും നിരവധി തവണ മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ റോഡ് വികസനവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഈ അവസരത്തിൽ ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട റോഡുകളെല്ലാം ജനങ്ങൾക്ക് സഞ്ചരിക്കാൻ പറ്റാത്ത അവസ്ഥയിലാണെന്ന് ജില്ലയിലെ എം.എൽ.എ.മാരായ ഞങ്ങൾ പലപ്രാവശ്യം രേഖാമൂലം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പക്ഷെ, നാളിതുവരെ ജനങ്ങൾക്ക് തൃപ്തികരമായ വിധത്തിലുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ വൈമുഖ്യമാണ് കാണിക്കുന്നത്. ഇതിന് ഞാൻ മറ്റൊരു വ്യാഖ്യാനമൊന്നും നൽകാൻ ശ്രമിക്കുന്നില്ല. അതേസമയം, ജില്ലയിലെ ചില എം.എൽ.എ.മാരുടെ പ്രദേശങ്ങളിൽ നല്ല നിലയിലുള്ള റോഡ് വികസന പ്രവർത്തനങ്ങൾ നടക്കുന്നുമുണ്ട്. അങ്ങനെ വരുമ്പോൾ ഞങ്ങളെപ്പോലുള്ള എം.എൽ.എ.മാരെ ജനങ്ങൾ കാണുന്നത് എങ്ങനെയായിരിക്കുമെന്ന് താങ്കളെപ്പോലുള്ളവർക്ക് നല്ലനിലയിൽ മനസ്സിലാക്കാൻ കഴിയും. ഒരുതരം വിവേചനമുണ്ടോ എന്ന നിലയിലാണ് കാര്യങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഞാനങ്ങനെ ആക്ഷേപമൊന്നും ഉന്നയിക്കുന്നില്ല. പക്ഷെ, ജനങ്ങൾ അങ്ങനെ തെറ്റിദ്ധരിക്കുന്നുണ്ട് എന്നുള്ള കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കോഴിക്കോട് ജില്ലയിലെ എന്റെ മണ്ഡലത്തിലുള്ള പുതിയങ്ങാടിയിൽനിന്നും ആരംഭിച്ച് കണ്ണൂർ ജില്ലയിലെ ചൊവ്വ വരെ എത്തുന്ന, ഏഴോളം എം.എൽ.എ.മാരുടെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഒരു സംസ്ഥാന പാതയാണ് പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡ്. ഇവിടെനിന്നുള്ള ആരെക്കൊണ്ടെങ്കിലും

ഒന്ന് പരിശോധിപ്പിക്കണം, ആ സംസ്ഥാന പാതയിൽ എന്റെ മണ്ഡലത്തിലുള്ള റോഡ് ഭാഗമൊഴിച്ച് ബാക്കിയെല്ലാ ഭാഗവും ബി.എം.&ബി.സി. ചെയ്ത് മെച്ചപ്പെടുത്തിയിട്ടുണ്ട്. ആ ഭാഗത്തിന്റെ ഒരു പ്രത്യേകത, ഇപ്പോൾ ദേശീയപാത ബൈപ്പാസിന്റെ പ്രവൃത്തി നടക്കുന്നതുകൊണ്ട് ഞാനിവിടെ പല പ്രാവശ്യമുന്നയിച്ച കൊയിലാണ്ടി-കോഴിക്കോട് പാതയിലെ കോരപ്പുഴ പാലം എപ്പോഴും പ്രതിസന്ധിയിലാകുന്നതിനാൽ ഈ പാത ഉപയോഗിച്ചാണ് കുനിയിൽ കടവിലൂടെ വാഹനങ്ങൾ പോകുന്നത്. ഇടുങ്ങിയതും സഞ്ചാര യോഗ്യമല്ലാത്തതുമായ ആ റോഡിൽ മണിക്കൂറുകളോളം ഗതാഗതസ്തംഭനം ഉണ്ടാകുകയാണ്. ആ റോഡ് വീതികൂട്ടി നല്ല റോഡാക്കി മാറ്റുന്നതിന് രണ്ട് നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഒന്ന്, വീതി കൂട്ടി റോഡ് നന്നാക്കാനുള്ള നിർദ്ദേശം, ഏതാണ്ട് 60 കോടി രൂപയുടെ ഒരു നിർദ്ദേശമാണ്. മറ്റൊന്ന് സഞ്ചാരയോഗ്യമാക്കാനുള്ള 4.5 കോടി രൂപയുടെ ഒരു നിർദ്ദേശമാണ്. അതുപോലെതന്നെ കോഴിക്കോട് ജില്ലയിലെ ഏറ്റവും മികച്ച എം.ഡി.ആർ. റോഡുകളിലൊന്നായിരുന്ന കോഴിക്കോട്-ബാലുശ്ശേരി റോഡ്. ആ റോഡ് ഗവൺമെന്റ് പ്രഖ്യാപിച്ചത് അന്തർദേശീയ നിലവാരമുള്ള റോഡുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ്. അങ്ങനെ ഉൾപ്പെടുത്തിയതുകൊണ്ട് അറ്റകുറ്റപ്പണികൾ പോലും അവിടെ നടക്കുന്നില്ല. ആ റോഡ് ഗതാഗത യോഗ്യമാക്കുന്നതിനെക്കുറിച്ചുള്ള പ്രശ്നങ്ങളുന്നയിച്ചപ്പോൾ ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്നതുപോലെ കുറേ ക്വാറി മെറ്റലിട്ട് ഓട്ടയടച്ചുകൊണ്ടിരിക്കുകയാണ്. ഇതാണവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ഈ രണ്ട് പാതകളെങ്കിലും അടിയന്തരമായി മാർച്ച് മാസത്തിനുമുമ്പ് ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്നും കോഴിക്കോട് ജില്ലയിലെ റോഡ് വികസന കാര്യത്തിൽ സർക്കാർ കാണിക്കുന്ന ഇരട്ടത്താപ്പ് അവസാനിപ്പിക്കാനുള്ള ഒരു മനോഭാവം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും അഭ്യർത്ഥിക്കാനാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ശ്രമിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഏലത്തൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന സംസ്ഥാന പാതയാണ് പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡ്. ഈ റോഡിന് 66.45 കിലോമീറ്റർ ദൈർഘ്യമാണുള്ളത്. ഇതിൽ പുറക്കാട്ടേരി മുതൽ അത്തോളിവരെയുള്ള 5.5 കിലോമീറ്റർ ഭാഗം മാത്രമാണ് ശോച്യാവസ്ഥയിലുള്ളത്. അത് അങ്ങയുടെ മണ്ഡലത്തിലാണ്. 5.5 കിലോമീറ്റർ റോഡ് ഉയർത്തി ടാർ ഉപയോഗിച്ചുള്ള റിപ്പയറിംഗ് പ്രവൃത്തി നടന്നുവരുന്നു. ഇത് 15 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ഈ ഭാഗം ബി.എം.&ബി.സി. ചെയ്യുന്നതിന് 4.25 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് രണ്ടു ദിവസത്തിനുള്ളിൽ ഭരണാനുമതി

നൽകുന്നതാണ്. ഏലത്തൂർ മണ്ഡലത്തിലെ 22 കിലോമീറ്റർ ദൈർഘ്യമുള്ള കോഴിക്കോട്-ബാലുശ്ശേരി റോഡ് 'ജൈക്ക' കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ സ്ഥാപിക്കാൻ കുഴിച്ചതുമൂലം ശോച്യാവസ്ഥയിലായിരുന്നു. 'ജൈക്ക'യിൽനിന്നും ഡെപ്പോസിറ്റ് ചെയ്ത പണം ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തി ആ റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കെ.എസ്.ഡി.പി.-I പദ്ധതിയിൽ 2003-ൽ ബി.എം.&ബി.സി. ചെയ്ത ഈ റോഡ് ഗതാഗത സാന്ദ്രത കൂടിയ ഒന്നാണ്. ഈ റോഡ് വീണ്ടും ബി.എം.&ബി.സി. ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്. അതോടൊപ്പംതന്നെ അങ്ങയുടെ മണ്ഡലത്തിൽ ഏറ്റവും പ്രയോജനപ്പെടുന്ന കോഴിക്കോട് ബൈപ്പാസ്- കോരപ്പുഴയിലെ വലിയ പാലമുൾപ്പെടെ രണ്ട് പാലങ്ങളോടുകൂടിയുള്ള ആ ബൈപ്പാസ് ജനുവരി 16-ാം തീയതി ഉദ്ഘാടനം ചെയ്യുകയാണ്. അത് അങ്ങയുടെ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതിയാണ്. ഏതാണ്ട് 200 കോടിയിൽ താഴെ രൂപ ഗവൺമെന്റ് ചെലവഴിച്ച് നിർവ്വഹിക്കുന്നതാണ്. അതോടൊപ്പംതന്നെ പഴയ കോരപ്പുഴ പാലം പൊളിച്ചുകളഞ്ഞ് അവിടെത്തന്നെ പുതിയ പാലം നിർമ്മിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ബൈപ്പാസിലുള്ള കോരപ്പുഴ പാലം ഉദ്ഘാടനം ചെയ്യപ്പെട്ടുകഴിഞ്ഞാൽ പഴയ പാലം പൊളിക്കുന്നതുകൊണ്ട് ബുദ്ധിമുട്ടില്ല. അത് പൊളിച്ച് പുതിയ പാലം നിർമ്മിക്കുന്നതാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞ കോരപ്പുഴ പഴയ പാലം പുതുക്കിപ്പണിയുന്നതുസംബന്ധിച്ച നിർദ്ദേശം കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലുണ്ടായിരുന്നു. അത് മന്ത്രി ഇവിടെ പറഞ്ഞതുപോലെ ബൈപ്പാസിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിപ്പണിയണമെങ്കിൽ മറ്റ് നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇപ്പോൾ അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റിൽ ആവശ്യമായ പണമുൾക്കൊള്ളിക്കുകയും ഡി.പി.ആർ. തയ്യാറാക്കുക തുടങ്ങിയ ജോലികൾ ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ ആ വാഗ്ദാനം പാലിക്കാൻ കഴിയില്ല, അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, ഡി.പി.ആർ. തയ്യാറാക്കുന്ന ജോലി നടന്നുവരികയാണ്. തീർച്ചയായും ജനുവരി 16-ാം തീയതി മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പ്രതിപക്ഷ ഉപനേതാവും ഒക്കെ പങ്കെടുക്കുന്ന ചടങ്ങിൽ റിക്കോർഡ് വേഗത്തിൽ ഊരാളുങ്കൽ സൊസൈറ്റി നിർമ്മിച്ച കോരപ്പുഴ പുതിയ പാലം ഉദ്ഘാടനം ചെയ്യുന്നതോടുകൂടി ഈ പാലം പൊളിച്ചുനീക്കി പുതിയ പാലം നിർമ്മിക്കുന്നതാണ്.

## V സബ്മിഷൻ

### (1) ഫയർ ലൈസൻസ് ഫീസ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, കേരളത്തിലെ ഫ്ലാറ്റ് നിർമ്മാതാക്കൾക്കുവേണ്ടി ഫയർ ലൈസൻസ് ഫീസിൽ വൻ ഇളവ് നൽകി ആഭ്യന്തര വകുപ്പ് സംസ്ഥാന ഖജനാവിന് കോടികൾ നഷ്ടമാക്കിയിരിക്കുകയാണ്. 23-12-2014-ൽ ഫയർ ലൈസൻസിനുള്ള ഫീസ് നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. Confederation of Real Estate Developers Association of India -യുടെ നിർദ്ദേശമനുസരിച്ചാണ് ഈ ഉത്തരവ്. ഫയർ ലൈസൻസ് ഫീസിൽ വൻ കിഴിവ് വരുത്തിക്കൊണ്ട് 26-8-2015-ൽ ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ഈ സംഘടന ഇവിടത്തെ ഫ്ലാറ്റ് നിർമ്മാതാക്കളുടെ സംഘടനയാണ്. ഇതിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. 14-7-2015-ൽ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ് പ്രകാരമാണ് ഈ വൻ കുറവ് വരുത്തിയിരിക്കുന്നത്. 35 മീറ്ററിന് മുകളിൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് സ്ക്വയർ മീറ്ററിന് 100 രൂപ എന്നുള്ളത് വെറും 20 രൂപ ആക്കിയാണ് കുറച്ചത്. ഇതുവഴി ഫ്ലാറ്റ് നിർമ്മാതാക്കൾക്ക് കോടിക്കണക്കിന് രൂപയുടെ ലാഭമാണ് ഉണ്ടായിരിക്കുന്നത്. എന്നുമാത്രമല്ല, മുമ്പ് എൻ.ഒ.സി. വാങ്ങിയവർക്കും ഈ ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്. അഗ്നിശമനസേനാ മേധാവിയായിരുന്ന ശ്രീ. ജേക്കബ് തോമസ് അതിനെ എതിർത്തു എന്ന കാരണത്താലാണ് അദ്ദേഹത്തെ സ്ഥലം മാറ്റിയത്. കേരളത്തിലെ 75 ഫ്ലാറ്റുകൾക്ക് ഫയർ ലൈസൻസ് നിഷേധിച്ചുവെന്ന് ആരോപിക്കുന്നതിന് പിന്നിലെ കള്ളക്കഥ ഇതാണ്. ഈ ഉത്തരവ് ഇറങ്ങിയ ദിവസംതന്നെ ശ്രീ. ജേക്കബ് തോമസ് ലീവിൽ പോവുകയും അദ്ദേഹത്തെ പിന്നീട് അവിടെനിന്ന് മാറ്റുകയുമാണ് സർക്കാർ ചെയ്തത്. 14-7-2015-ൽ ഫ്ലാറ്റ് നിർമ്മാതാക്കളുടെ ആവശ്യാനുസരണമാണ് മന്ത്രി യോഗം വിളിച്ചുചേർത്തത്. പ്രസ്തുത യോഗത്തിൽ രണ്ട് കാര്യങ്ങളാണ് ഫ്ലാറ്റ് നിർമ്മാതാക്കൾ മുന്നോട്ടുവച്ചത്. 75 ഫ്ലാറ്റുകളുടെ എൻ.ഒ.സി. നൽകുന്നതിന് ഒരു സമയപരിധി വയ്ക്കുക. ഈ ആവശ്യത്തോട് യോഗത്തിൽ പങ്കെടുത്ത ശ്രീ. ജേക്കബ് തോമസ് പറഞ്ഞത് ഇവർ 23-12-2014-ലെ ഉത്തരവ് അനുസരിച്ച് ഫീസ് അടയ്ക്കാത്തതുകൊണ്ടാണ് എൻ.ഒ.സി. നൽകാത്തത് എന്നാണ്. അപ്പോഴാണ് ഫ്ലാറ്റ് നിർമ്മാതാക്കൾ ഫീസ് കുറയ്ക്കണമെന്ന ആവശ്യം മുന്നോട്ടുവച്ചത്. 2014-ൽ ഇറക്കിയ ഉത്തരവിൽ ഫയർ ലൈസൻസ് ഫീസ് അമിതമായി കൂട്ടിയെന്നും അത് അടിയന്തരമായി കുറയ്ക്കണമെന്നും ഫ്ലാറ്റ് നിർമ്മാതാക്കൾ ആവശ്യപ്പെട്ടുവെന്നും ആ സാഹചര്യത്തിലാണ് ഫയർ ലൈസൻസ് ഫീസ് കുറച്ചത് എന്നുമാണ് 26-8-2015- ലെ ഉത്തരവിൽ

പറയുന്നത്. ഇത് ഈ സർക്കാരിന്റെ ഒരു നയമാണ്. ഫീസ് ആദ്യം കൂട്ടുക, എന്നിട്ട് സംഘടനകളെക്കൊണ്ട് ഫീസ് കുറപ്പിക്കുന്നതിനാവശ്യമായ xxxxxxxxxxxxxxxx* ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി ഈ കൂട്ടലിനും കിഴിക്കലിനും ഇടയിൽ നടന്ന കൊടിയ അഴിമതി പുറത്തുകൊണ്ടുവരണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾ നൽകിവരുന്ന സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിക്കാനുള്ള ശിപാർശ സമർപ്പിക്കാൻ വകുപ്പുതലവൻമാർക്ക് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് 2013-ലെ ബഹുനില കെട്ടിടങ്ങൾക്ക് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽനിന്നും നൽകിവരുന്ന നിരാക്ഷേപ പത്രത്തിനുള്ള നിശ്ചിത ഫീസ് വർദ്ധിപ്പിക്കുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ ശിപാർശ സമർപ്പിച്ചത്. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ 18-4-2013-ലെ സ.ഉ.(എം.എസ്.)നം.107/2013/ആഭ്യന്തരം ഉത്തരവ് പ്രകാരം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് നൽകിവരുന്ന സേവനങ്ങൾക്കുള്ള ഫീസ് പുതുക്കി നിശ്ചയിച്ചു. 2014-ൽ സർക്കാർ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ച ആ നടപടി സ്വീകരിക്കാൻ വകുപ്പുതലവൻമാർക്ക് വീണ്ടും നിർദ്ദേശം നൽകി. തുടർന്ന് ഫയർഫോഴ്സ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ വിശദമായി പരിശോധിച്ച് 23-12-2014-ൽ സ.ഉ.(എം.എസ്.)നം.267/2014/ആഭ്യന്തരം ഉത്തരവുപ്രകാരം വീണ്ടും ഫീസ് പുതുക്കി നിശ്ചയിച്ചു. ഇതേത്തുടർന്ന് തുടർച്ചയായിട്ടുള്ള വർഷങ്ങളിൽ ഫീസ് കുത്തനെ വർദ്ധിപ്പിച്ചുവെന്നും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ താരതമ്യേന ഫീസ് കൂടുതലാണെന്നും ഇപ്രകാരം ഫീസ്ഘടന വർദ്ധിപ്പിച്ചതിനാൽ ബഹുനില കെട്ടിടങ്ങളുടെ നിർമ്മാതാക്കളുടെ നിലനിൽപ്പുതന്നെ അപകടത്തിലാകുമെന്നും കാണിച്ച് തുടർച്ചയായി സർക്കാരിന് പരാതി ലഭിച്ചുകൊണ്ടിരുന്നു. ഇപ്രകാരം നിരവധി പരാതികളും കോടതി വ്യവഹാരങ്ങളും ഉണ്ടായ സാഹചര്യത്തിൽ ഫയർ എൻ.ഒ.സി.ക്കുള്ള ഫീസ് ഘടന സംബന്ധിച്ച വിഷയം പുനഃപരിശോധിക്കാൻ സർക്കാർ തീരുമാനിച്ചു. തുടർന്ന് ഫയർഫോഴ്സ് മേധാവിയുമായി ഈ വിഷയം ചർച്ച ചെയ്യുകയും മറ്റ് സംസ്ഥാനങ്ങളിൽ ഈടാക്കിവരുന്ന ഫീസ് ഘടന പരിശോധിക്കുകയും ചെയ്തപ്പോൾ തൊട്ടടുത്ത സംസ്ഥാനങ്ങളിൽ ഫയർ എൻ.ഒ.സി.ക്ക് ഈടാക്കുന്ന ഫീസ് 23-12-2014-ന് നിശ്ചയിച്ച ഫീസിനെക്കാൾ വളരെ കുറവാണെന്ന് ബോധ്യപ്പെട്ടു. തമിഴ്നാട്ടിൽ ഫീസില്ല. തെലുങ്കാനയിൽ $M^2$ -ന് 10 %, ആന്ധ്രാപ്രദേശിൽ $M^2$ -ന് 10 %, കർണ്ണാടകയിൽ $M^2$ -ന് 20 %.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു. (ഫയൽ നമ്പർ: 6951/ ഇ.ബി./ 2015/ ലെജി/ 21 12 2015 )

നമ്മൾ വർദ്ധിപ്പിച്ചത് 900 % ആണ്. 2002 മുതൽ 2013 വരെ ഒരു റിവിഷനും ഈ രംഗത്ത് ഉണ്ടായിരുന്നില്ല. വളരെ നോർമൽ ഫീസായിരുന്നു ഇവിടെ ഈടാക്കിയിരുന്നത്. പക്ഷെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻവേണ്ടി 900% വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. $M^2$ -ന് 900% വർദ്ധിപ്പിച്ചാൽ ഒരു കെട്ടിടവും പണിയാൻ കഴിയില്ലായെന്ന പരാതി വരികയും കോടതിയിൽ പോവുകയും ചെയ്തപ്പോൾ ..........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്തിന്റെ ശതമാനമാണ്?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞാൻ പറഞ്ഞല്ലോ $M^2$ -ന്റെ ശതമാനമാണെന്ന്. സ്ക്വയർഫീറ്റ് അനുസരിച്ചാണ് ഇത് വർദ്ധിപ്പിക്കുന്നത്. അപ്പോൾ ചെറിയ കെട്ടിടങ്ങൾക്ക് ഇത് ബാധകമാവില്ല. 2002 മുതൽ 2013 വരെ ഫീസിൽ ഒരു വർദ്ധനവും ഉണ്ടായിട്ടില്ല. ആ കാലയളവിൽ നോർമൽ ഫീസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. നികുതി കൂട്ടാൻവേണ്ടിയാണ് നമ്മൾ ഫീസ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. പക്ഷെ വർദ്ധിപ്പിച്ചപ്പോൾ വളരെ കൂടിപ്പോയി. അങ്ങനെ അവർ കോടതിയിൽപോയി, കോടതിയിൽ കേസ് ഉണ്ടായിരുന്നു. അവരുടെ പരാതി കിട്ടി.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. ഞാൻ തന്നെ യോഗം വിളിച്ചുകൂട്ടി. അന്ന് ശ്രീ. ജേക്കബ് തോമസ് യോഗത്തിലുണ്ടായിരുന്നതാണ്, ഹോം സെക്രട്ടറിയുമായി ആലോചിച്ച് ഇതിനൊരു പരിഹാരമുണ്ടാക്കാമെന്ന് അദ്ദേഹം കൂടി പറഞ്ഞിട്ടാണ്.......

....ആ ഫയൽ അല്ല ചോദിച്ചത്. ശ്രീ. ദിവാകരൻ അറിയാത്തത് സംസാരിക്കരുത്. പാറ്റൂർ കേസാണ് അദ്ദേഹം ചോദിച്ചത്. അത് ഞാൻ പറയും. എല്ലാം കിട്ടിയിട്ടുണ്ട്, ഞാൻ പറയും. ഒരു മിനിട്ട് ഒന്ന് പറഞ്ഞോട്ടേ. അങ്ങ് പറഞ്ഞ ഫയൽ വേറെയാണ്. അത് പാറ്റൂർ കേസ്. അത് ഫയൽ കിട്ടിയിട്ടുണ്ട്, ഞാൻ പറയാം. ഇത് വേറെ കേസാണ്.

സ്ക്വയർ മീറ്ററിനാണ് പത്ത് രൂപ. ഇരുപത് രൂപ വീതമാണ് മറ്റ് സംസ്ഥാനങ്ങളിൽ നിശ്ചയിച്ചത്. നമ്മൾ 900 ശതമാനം വർദ്ധിപ്പിച്ചപ്പോൾ സ്വാഭാവികമായി പരാതി ഉണ്ടായി. കോടതിയിൽ കേസ് പോയി. അപ്പോൾ യോഗം വിളിച്ചു. അന്ന് ജേക്കബ് തോമസ് യോഗത്തിൽ ഉണ്ടായിരുന്നു. ഹോം സെക്രട്ടറിയോടും....ഒരു മിനിട്ട് ഒന്ന് പറഞ്ഞോട്ടെ...

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് പറഞ്ഞു കഴിയട്ടെ.

ശ്രീ. രമേശ് ചെന്നിത്തല: അത് പരിശോധിക്കാൻ പറഞ്ഞു, പരിശോധിച്ചപ്പോൾ അബ്നോർമൽ ഇൻക്രീസാണെന്ന് കണ്ടുകൊണ്ടാണ് കുറവ്

വരുത്തിയത്. അല്ലാതെ ഫയർഫോഴ്സ് മേധാവിയെ മാറ്റിയതുമായി ബന്ധപ്പെട്ട യാതൊരു കാര്യവും ഇതിലില്ല. ഫയർ ഫോഴ്സിന്റെ കമാൻഡിംഗ് ജനറലും ഹോം സെക്രട്ടറിയുംകൂടി ബന്ധപ്പെട്ടവരുമായി ആലോചിച്ചതാണ്. അബ്നോർമാലിറ്റി മാറ്റി അത് നോർമലൈസ് ചെയ്യുക മാത്രമാണ് ചെയ്തത് (......ബഹളം......)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, 35 മീറ്ററിന് മുകളിൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് സ്ക്വയർ ഫീറ്റിന് 100 രൂപ എന്നുള്ളത് വെറും ഇരുപത് രൂപയായിട്ടാണ് കുറച്ചത്. ഇതുവഴി ഫ്ലാറ്റ് നിർമ്മാതാക്കൾക്ക് കോടിക്കണക്കിന് രൂപയുടെ ലാഭമാണ് ഉണ്ടായിരിക്കുന്നത്. എന്നുമാത്രമല്ല മുൻപ് എൻ.ഒ.സി. വാങ്ങിയവർക്കും ഈ ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്. ഈ തരത്തിലുള്ള മാറ്റങ്ങളാണ് വരുത്തിയത്. അതാണ് സംശയം തോന്നിയത്, ഇങ്ങനെ കുറച്ചു കൊടുത്താൽ കോടിക്കണക്കിന് രൂപയുടെ വരുമാനമല്ലേ അവർക്ക് കിട്ടുന്നത്; ഗവൺമെന്റിനല്ലേ നഷ്ടപ്പെട്ടിരിക്കുന്നത്; അങ്ങനെ നഷ്ടപ്പെടുത്താമോ; എന്നാണ് അങ്ങയോട് ചോദിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചത് ശരിയാണ്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, തമിഴ്നാട്ടിൽ ഇല്ല. ഞാനൊന്നു പറയട്ടെ, മറ്റു സംസ്ഥാനങ്ങളിൽ പത്തു രൂപ, കർണ്ണാടകയിൽ ഇരുപത് രൂപ. നമ്മൾ അനിയന്ത്രിതമായി വർദ്ധിപ്പിച്ചപ്പോൾ പരാതി വന്നു, പരിശോധിച്ചപ്പോൾ കർണ്ണാടകത്തിൽ അവർ ഇരുപത് രൂപയായി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അല്ലാതെ ഒരു ഡിസ്ക്രിപൻസിയും ഉണ്ടായിട്ടില്ലെന്ന് ഞാൻ അങ്ങയെ അറിയിക്കുന്നു. (.....ബഹളം.....)

ശ്രീ. കെ. ശിവദാസൻ നായർ: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 304 അനുസരിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷൻ ഉന്നയിച്ചപ്പോൾ xxxxxxxxxxxxxxxxx* ഈ നിയമസഭയിലെ അംഗത്തെക്കുറിച്ച് ഡിഫമേറ്ററിയായിട്ടുള്ള സ്റ്റേറ്റ്മെന്റുകൂടി പറഞ്ഞു. അത്തരം ഒരു സ്റ്റേറ്റ്മെന്റും പറയാൻ പാടില്ല, നിയമപരമായി പാടില്ല. അതുകൊണ്ട് അത്തരത്തിലുള്ള ഡിഫമേറ്ററി സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഡിലീറ്റ് ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയുള്ളത് പരിശോധിക്കും. നിശ്ചയമായും (.....ബഹളം.....) ശ്രീ. പി. സി. വിഷ്ണുനാഥ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: (.....ബഹളം.....) സർ, ബഹളം കാരണം എനിക്ക് പറയാൻ കഴിയുന്നില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഇത്ര വലിയ തോതിലുള്ള കുറവ്

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു. (ഫയൽ നമ്പർ: 6951/ ഇ.ബി./ 2015/ ലെജി/ 21 12 2015 )

വരുത്തിയതിനെക്കുറിച്ച് ഉയർന്നിരിക്കുന്ന ആക്ഷേപത്തെക്കുറിച്ച് നിയമസഭാ അംഗങ്ങളുടെ ഒരു കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ അങ്ങ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അതിന്റെ ഒരു ആവശ്യവുമില്ല. ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.(.....ബഹളം.....) അങ്ങ് മുഖ്യമന്ത്രിയായിരുന്നപ്പോൾ പാട്ട കുടിശ്ശിക (.....ബഹളം.....) (മുഖ്യമന്ത്രിയുടെ മറുപടിയിൽ തൃപ്തരാകാത്ത പ്രതിപക്ഷം ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിനടുത്തെത്തി മുദ്രാവാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രതിപക്ഷ നേതാവ് സംസാരിക്കുന്നു. (.....ബഹളം.....) ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റിലേയ്ക്ക് പോകണം. (.....ബഹളം.....) ഇത് നിയമസഭയാണ്. നമ്മൾ നിയമസഭാ അംഗങ്ങളാണ്. ചെയറിനോട് പറയൂ. എല്ലാവരും സീറ്റിലേക്ക് പോകൂ. (.....ബഹളം.....) പ്ലീസ്... ശ്രീ. പി.സി. വിഷ്ണുനാഥ്, മറ്റുള്ളവർ സീറ്റിലിരിക്കൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: (.....ബഹളം.....)എങ്ങനെ അവതരിപ്പിക്കാൻ കഴിയും? എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഇന്ന് അവരുടെ............

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മിനിറ്റ്.....(.....ബഹളം.....) പ്ലീസ്.... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ പ്രതിപക്ഷമാകെത്തന്നെ വാക്കൗട്ട് ചെയ്യുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അപ്രായോഗികമായ തീരുമാനങ്ങൾ വന്നാൽ ഈ ഗവൺമെന്റ് തിരുത്തും. എവിടെയെങ്കിലും 900 ശതമാനം വർദ്ധനവ് ഏതെങ്കിലും കാര്യത്തിൽ സാധിക്കുമോ; അങ്ങനെ ഇവിടെ നടക്കുമോ? (.....ബഹളം.....) ഞാൻ പറയും. ഇവർ ഭരിക്കുന്ന സമയത്ത്......

മി. ഡെപ്യൂട്ടി സ്പീക്കർ: വാക്കൗട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. സഭയിൽ നിന്ന് പുറത്തുപോയിട്ട് തിരിച്ചുവരണം. (.....ബഹളം.....) മുഖ്യമന്ത്രി വാക്കൗട്ട് പ്രഖ്യാപിച്ചിട്ടില്ല. പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ടു പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു.)

ശ്രീ. ഉമ്മൻ ചാണ്ടി: ഇവർ ലീസ് റെന്റ് മൂന്നിരട്ടി വർദ്ധിപ്പിച്ചു. ഒരു പൈസ ഇന്ന് പിരിച്ചെടുക്കാൻ കഴിയുന്നില്ല. അത് തിരുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ്

ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നോൺ പ്രോഫിറ്റബിളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ക്ലബുകൾ.... അപ്രായോഗികമായ തീരുമാനമെടുത്ത് ഒന്നും ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുകയാണ്. എവിടെയെങ്കിലും 900 ശതമാനം വർദ്ധനവുണ്ടോ? തീരുമാനം എടുക്കേണ്ടത് എടുക്കും. ഈ സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടു തന്നെയായിരിക്കും മുന്നോട്ടുപോകുന്നത്. പക്ഷെ ഒരിക്കലും നടപ്പാക്കാൻ കഴിയാത്ത കാര്യങ്ങളെടുത്ത് സംസ്ഥാനത്തിന്റെ എല്ലാ പുരോഗതിയും തടയുന്ന സാഹചര്യം അനുവദിക്കാൻ പാടില്ല. അതിന് മുഖ്യമായ ഉദാഹരണം ഇവരുടെ ഗവൺമെന്റിന്റെ കാലത്ത് ലീസ് റെന്റ് വർദ്ധിപ്പിച്ചതാണ്. ക്ലബുകൾ, നോൺ പ്രോഫിറ്റബിൾ ഓർഗനൈസേഷൻസ്, പ്രോഫിറ്റുണ്ടാക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ എന്തുമാകാം. എത്ര ഇരട്ടിയാണ് ലീസ് റെന്റ് വർദ്ധിപ്പിച്ചത്? തിരുവനന്തപുരം വിമൻസ് ക്ലബ് എനിക്ക് നിവേദനം തന്നു. അവർ കോടിക്കണക്കിന് രൂപയാണ് അടയ്ക്കേണ്ടിവന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളും കോടിക്കണക്കിന് രൂപയാണ് അടയ്ക്കേണ്ടത്. ഇതിന് മാറ്റം വരുത്തേണ്ടേ? ഞങ്ങൾ മാറ്റം വരുത്തും. അത് അഴിമതിയാണെന്നുപറഞ്ഞ് പേടിപ്പിക്കുകയൊന്നും വേണ്ട. ഇവിടെ കാര്യങ്ങൾ നടക്കണം. പ്രോഫിറ്റബിൾ ഓർഗനൈസേഷന്റെ കാര്യത്തിൽ അവർക്കുപറയാം. പക്ഷെ ഇല്ലാത്ത സ്ഥാപനങ്ങൾക്കുപോലും ഇതുപോലെ റെന്റ് വർദ്ധിപ്പിച്ചിരിക്കുകയാണ്. അങ്ങനെയുള്ളത് പരിശോധിക്കും. അക്കൂട്ടത്തിലാണ് 900 ശതമാനം വർദ്ധിപ്പിച്ചത്. തമിഴ്നാട്ടിൽ ഇതിന് ഫീസ് ഇല്ല. തെലുങ്കാനയിൽ പത്ത് ശതമാനമാണ്. മറ്റ് സംസ്ഥാനങ്ങളിലും താരതമ്യേന കുറവാണ്. ഇവിടെ ഫ്ലാറ്റ് പണിയണ്ടേ; ഇവിടെ ആളുകൾക്ക് വീട് വയ്ക്കണ്ടേ? ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് പൂർണ്ണമായ വിശ്വാസമുണ്ട്. അതുസംബന്ധിച്ച് ഒരു നടപടിയും എടുക്കാൻ ഉദ്ദേശിക്കുന്നില്ല.

## (2) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിയമനം ത്വരിതപ്പെടുത്തണമെന്ന വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കഴിഞ്ഞ റാങ്ക് ലിസ്റ്റിലെ നിയമനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചു. റാങ്ക് ലിസ്റ്റിന്റെ അവസാന സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചില സർക്കുലറുകളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ അവസാനമാസങ്ങളിൽ ഏതാണ്ട് ആയിരത്തിലധികം ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്ന സാഹചര്യമുണ്ടായി. പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച തസ്തികയിലെ നിയമനം കഴിഞ്ഞതിനുശേഷം പുതിയ റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനം ത്വരിതപ്പെടുത്തേണ്ട സമയമാണിപ്പോൾ. 2015

ഓഗസ്റ്റ് 17-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം P & ARD വകുപ്പ് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. ജനുവരി മുതൽ അടുത്ത ഡിസംബർ വരെയുള്ള ആന്റിസിപേറ്റഡ് വേക്കൻസികൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പുമേധാവികൾക്ക് നിർദ്ദേശം കൊടുക്കുന്ന ഒരു സർക്കുലറാണ്. എന്നാലും ചില വകുപ്പുമേധാവികൾ ഇക്കാര്യത്തിലും കൃത്യമായ ഉത്തരവാദിത്വമില്ലായ്മ കാണിക്കുന്നുണ്ട്, ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നുണ്ട്. അതുകൊണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ അലംഭാവം വരുത്തുന്ന വകുപ്പുതലവന്മാർക്കെതിരെ കർശനമായ നടപടിയെടുത്തുകൊണ്ട് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ലക്ഷക്കണക്കിനുള്ള ഉദ്യോഗാർത്ഥികൾക്കു വേണ്ടി ഈ നിയമസഭയിൽ അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u> ): സർ, റാങ്ക് ലിസ്റ്റിലുള്ള ചെറുപ്പക്കാരുടെ മനസ്സിലുള്ള വലിയൊരു ആശങ്ക വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നില്ല എന്നുള്ളതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണം. അങ്ങനെ ചെയ്യാത്തവർക്കെതിരെ നടപടിയെടുക്കാൻ വ്യക്തമായിട്ടുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇങ്ങനെയുള്ള പരാതികൾ വന്ന സമയത്ത് P & ARD യിൽ ഒരു ഇൻസ്പെക്ഷൻ വിംഗിനെ നിയോഗിച്ചു. വേക്കൻസികളുണ്ടായിട്ടും റിപ്പോർട്ട് ചെയ്യുന്നില്ലെന്നുപറഞ്ഞ ഓഫീസുകളിൽ പോയി നേരിട്ട് വെരിഫിക്കേഷൻ നടത്തി. അങ്ങനെയുണ്ടെങ്കിൽ അത് ഉടനടി തിരുത്തുന്നതിന് ഇൻസ്പെക്ഷൻ വിംഗിനെപോലും അയയ്ക്കാൻ തീരുമാനിച്ചു. അങ്ങനെ ചില ഓഫീസുകളിൽ പോയി, ചില വേക്കൻസികൾ കണ്ടുപിടിച്ചു. അത് ഉടൻതന്നെ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിയെടുത്തു. വേക്കൻസികൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥരോട് വിശദീകരണം ചോദിക്കണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. ഏറ്റവുമൊടുവിൽ ഓഗസ്റ്റ് മാസം 17-ാം തീയതി ഇതുസംബന്ധിച്ച് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. അതനുസരിച്ച് 2016 ജനുവരി 1 മുതൽ 2016 ഡിസംബർ 31 വരെയുണ്ടാകാൻ സാദ്ധ്യതയുള്ള തസ്തികകൾ കണക്കാക്കി അതുകൂടി യഥാസമയം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അത്രമാത്രം റാങ്ക് ലിസ്റ്റിൽപ്പെട്ടവരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ട്. ഇനിയും എവിടെയെങ്കിലും വീഴ്ചയുണ്ടായി എന്നുപറഞ്ഞാൽ അതിന്മേൽ നടപടിയെടുക്കാൻ തയ്യാറാണ്.

## (3) നികുതി പിൻവലിക്കൽ

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന

ഒരു വ്യവസായമാണ് ഇന്ന് ബീഡി വ്യവസായം. ബീഡിക്ക് 14.5 ശതമാനം നികുതി ചുമത്തിയതിന്റെ ഫലമായി സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ദിനേശ് ബീഡി വ്യവസായം ഇന്ന് പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ മേഖലയിൽ നിന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്ന നികുതിതന്നെ 15 കോടി രൂപയാണ്. ദിനേശ് ബീഡി സൊസൈറ്റി 8 കോടി രൂപ ഇപ്പോൾ തന്നെ അടച്ചുകഴിഞ്ഞിരിക്കുകയാണ്. എല്ലാ കൂട്ടർക്കും നിശ്ചയിച്ച നികുതി കുറച്ചുകൊടുക്കുന്ന ഈ സർക്കാർ, ഫ്ലാറ്റുകാർക്ക് വരെ കുറച്ചുകൊടുത്തു. ബീഡിക്കാർക്ക് മാത്രം എന്തുകൊണ്ടാണ് കുറച്ചു കൊടുക്കാത്തത്? ബീഡിമേഖലയിലുള്ള ഈ നികുതി പൂർണ്ണമായും ഇല്ലാതാക്കുന്നില്ലെങ്കിൽ ദിനേശ് ബീഡി വ്യവസായം പൂർണ്ണമായും തകരും. അവിടെ ജോലി ചെയ്യുന്ന പതിനായിരത്തോളം തൊഴിലാളികൾ കൂടി തൊഴിൽരഹിതരായി മാറുന്ന അവസ്ഥ വരും. അതുകൊണ്ട് ഈ 15 കോടി രൂപയ്ക്കുവേണ്ടി സർക്കാർ ഈ വ്യവസായത്തെ നശിപ്പിക്കരുത്. തൊഴിലാളികളെ പട്ടിണിയിലിടരുത്. അതുകൊണ്ട് ഈ കാര്യത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 14.5 ശതമാനം നികുതി വേണ്ടെന്ന് വയ്ക്കാൻ സർക്കാർ തയ്യാറാകണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞ കാര്യം വളരെ ഗൗരവമുള്ളതാണ്. വളരെ ബുദ്ധിമുട്ടേറിയ സാഹചര്യത്തിലൂടെയാണ് ബീഡി വ്യവസായം കടന്നുപോകുന്നത്. ബീഡി വ്യവസായത്തെ സഹായിക്കുന്നതിനുവേണ്ടി എന്ത് ചെയ്യുന്നതിനും ഗവൺമെന്റ് തയ്യാറാണ്, വരുമാനനഷ്ടം ഒരു പ്രശ്നമേയല്ല. വേണമെങ്കിൽ അത് മുഴുവൻ ഉപേക്ഷിക്കാൻപോലും ഗവൺമെന്റിന് മടിയില്ല. പക്ഷേ ഇതിന് ഒരു മറുവശമുണ്ട്. ഇതിനെ sin goods-ൽപ്പെടുത്തി പരമാവധി നികുതി ചുമത്തണമെന്നുപറഞ്ഞ് ലഹരിവിരുദ്ധ പ്രവർത്തനത്തിലേർപ്പെടുന്നവർ ഈ രാജ്യത്തൊട്ടാകെ ശക്തമായ പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് സിഗററ്റിന് ഇപ്പോൾ 30 ശതമാനം നികുതി ഈടാക്കുന്നത്. വരുമാനമല്ല പ്രശ്നം, ഈ ലഹരി ഉപയോഗം കുറയ്ക്കുക എന്നുള്ള ലക്ഷ്യത്തോടു കൂടിയാണ്. ബീഡിയുടെ കാര്യത്തിലും 14.5 ശതമാനമെന്നുള്ളത് വരുമാനത്തെ ലക്ഷ്യമാക്കിക്കൊണ്ടല്ല, മറിച്ച് ശക്തമായ സമ്മർദ്ദം ഇന്ത്യയൊട്ടാകെ നടക്കുന്ന പ്രചരണത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞ സാഹചര്യത്തിൽ അതിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് ഒന്നുകൂടി പരിശോധിക്കാം. വരുമാന നഷ്ടമായി ഇതിന് ഒരു ബന്ധവുമില്ല, അക്കാര്യത്തിൽ എന്ത് വിട്ടുവീഴ്ച ചെയ്യാനും തയ്യാറാണ്. പക്ഷേ അതിനെതിരെ ശക്തമായ വിമർശനമുണ്ടാകും. അതിന് എന്തുവേണം എന്നുള്ളത് മാത്രമാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

## (4) ധനസഹായം

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കട്ടച്ചിറയിൽ കഴിഞ്ഞ തിങ്കളാഴ്ച തമിഴ്നാട് സ്വദേശിയായ ഒരാൾ മയക്കുമരുന്നിന്റെ ലഹരിയിലാണോ മാനസിക രോഗിയാണോ എന്നൊന്നും അറിയില്ല, ഒരു മാരകായുധവുമായി വന്ന് കണ്ണിൽ കണ്ടവരെയെല്ലാം വെട്ടി. 7 ആളുകൾക്കാണ് പരിക്കുപറ്റിയത്. ഒരു വൃദ്ധദമ്പതി ഉൾപ്പെടെയുള്ളവരിൽ സ്ത്രീ അപ്പോൾ തന്നെ മരിച്ചു, ഭർത്താവ് ഇന്നലെ മരിച്ചു. ബാക്കി 5 ആളുകളിൽ 4 പേരും സ്ത്രീകളാണ്, ഗുരുതരമായി പരിക്കുപറ്റി ആശുപത്രിയിലാണ്. അതിൽ ഒരാൾ ഇപ്പോൾ അത്യാസന്നനിലയിലുമാണ്. ഇവരെല്ലാം വളരെ പാവപ്പെട്ടയാളുകളാണ്. എന്തിനുവേണ്ടിയാണ് ഇയാൾ ഇത് ചെയ്തുവെന്നറിയില്ല. അപ്രതീക്ഷിതമായ അക്രമണത്തിലാണ് ഇവർക്ക് പരിക്കുപറ്റിയത്. ഇവരുടെ ചികിത്സാസഹായം ഗവൺമെന്റ് വഹിക്കണം. അവർക്കാവശ്യമായ ധനസഹായവും ചെയ്യണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞ സംഭവം ഏറ്റവും ദുഃഖകരമായ ഒന്നായിപ്പോയി. ഒരു നാടിനെയാകെ ദുഃഖത്തിലാഴ്ത്തിയ, നിരപരാധികളായിട്ടുള്ള നിരവധി പേരെ അക്രമിക്കുകയും രണ്ടുപേർ മരണപ്പെടുകയും ചെയ്ത ഒരു സംഭവമാണ്. ഇക്കാര്യത്തിൽ പ്രതിയെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. സാമ്പത്തിക സഹായവും ചികിത്സാ സഹായവും നൽകുന്നതുസംബന്ധിച്ച്, സാധാരണരീതിയിൽ ഇങ്ങനെയുള്ള കാര്യത്തിൽ കൊടുക്കാറില്ലെങ്കിലും ഇതൊരു പ്രത്യേക കേസായി പരിഗണിക്കാൻ കളക്ടറുടെ റിപ്പോർട്ട് കൂടി വരുത്തി വേണ്ട നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

## (5) ആർ.ബി.ഐ.-യുടെ ചട്ടങ്ങൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മുടെ സംസ്ഥാനത്ത് ബാങ്കുകളുടെ ദേശസാൽക്കരണത്തിനുശേഷം ബാങ്കുകൾ സാധാരണ നിലയിൽ കാർഷിക വികസനത്തിനും ഗ്രാമീണ വികസന കാര്യത്തിലും വായ്പകൾ നൽകി വികസന കാര്യത്തിൽ സഹായിക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിച്ചിരുന്നതാണ്. എന്നാൽ 1991-നുശേഷം ഇതെല്ലാം മാറി. ബാങ്കുകൾ വൻ ലാഭമുണ്ടാക്കുന്ന കാര്യങ്ങൾക്ക് മാത്രമാണ് ഊന്നൽ നൽകുന്നത്. അവർ പലപ്പോഴും വിലപിടിപ്പുള്ള ഉപഭോഗ സാധനങ്ങൾ വാങ്ങുന്നതിനും ഊഹക്കച്ചവടത്തിനും ക്രെഡിറ്റ് കാർഡുകൾ വഴിയുള്ള കൊടുക്കൽ വാങ്ങലിനുമൊക്കെ ലോൺ കൊടുക്കുന്ന സ്ഥിതിവിശേഷമാണുള്ളത്.

ഇതിന്റെ ഫലമായി, മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ വ്യാപകമായി കൂണുപോലെ പൊങ്ങി വരികയാണ്. ഈ സ്ഥാപനങ്ങൾ ബാങ്കിന്റെയും ഉപഭോക്താക്കൾക്കിടയിലുള്ള ഇടനിലക്കാരായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ജാതി സംഘടനകളും മത സംഘടനകളും മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ ആരംഭിക്കുകയാണ്. ഇപ്പോൾ ക്രൈസ്തവ സഭ ദൈവസഹായം എന്ന പേരിൽ മൈക്രോഫിനാൻസ് സ്ഥാപനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എസ്.എൻ.ഡി.പി., എൻ.എസ്.എസ്., കെ.പി.എം.എസ്. എന്നിവയും മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. ഓരോ ജാതിയും, ജാതിയടിസ്ഥാനത്തിൽ മൈക്രോഫിനാൻസ് സ്ഥാപനങ്ങളുണ്ടാക്കി ബാങ്കുകളിൽനിന്ന് കുറഞ്ഞ പലിശയ്ക്ക് പൈസ വാങ്ങി, ആ സമുദായത്തിനിടയിലുള്ള പാവപ്പെട്ട ആളുകൾക്കിടയിൽ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളുണ്ടാക്കി വൻതോതിൽ പലിശ ഈടാക്കിക്കൊണ്ടിരിക്കുകയാണ്. എസ്.എൻ.ഡി.പി.-യുടെ മൈക്രോഫിനാൻസ് സ്ഥാപനം അഞ്ചുകോടി രൂപ കേരള സ്റ്റേറ്റ് ബാക്ക്‌വേർഡ് ക്ലാസ്സസ് ഡെവലപ്പ്‌മെന്റ് കോർപ്പറേഷനിൽ നിന്നും ലോണെടുത്തു. മൂന്ന് ശതമാനം പലിശയ്ക്കാണ് ലോൺ കിട്ടിയിരിക്കുന്നത്. മൂന്ന് ശതമാനം പലിശയ്ക്ക് കിട്ടിയ ലോൺ പാവപ്പെട്ട സെൽഫ് ഹെൽപ്പ് ഗ്രൂപ്പിലെ വനിതകൾക്ക് വൻ തോതിൽ പലിശയ്ക്ക് കൊടുക്കുകയാണ്. 7 ശതമാനത്തിൽ കൂടുതൽ പലിശയ്ക്ക് കൊടുക്കാൻ പാടില്ലാത്ത ഈ സ്ഥാപനം 18 മുതൽ 22 ശതമാനം വരെ പലിശയ്ക്ക് കൊടുക്കുകയാണ്. ഇവിടെ കേരള സ്റ്റേറ്റ് ബാക്ക്‌വേർഡ് ക്ലാസ്സസ് ഡെവലപ്പ്‌മെന്റ് കോർപ്പറേഷൻ തന്നെ വളരെ വ്യക്തമായി എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന് കൊടുത്തിരിക്കുന്ന കത്തിൽ പറയുന്നത്, നിങ്ങൾ സമർപ്പിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കോർപ്പറേഷനിലെ വിവിധ ജില്ലാ മാനേജർമാർ പരിശോധിച്ചതിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിൽ പറയുന്ന പ്രകാരം വായ്പ നൽകിയിട്ടില്ലെന്നും മൈക്രോഫിനാൻസ് ഗൈഡ് ലൈൻസിന് വിരുദ്ധമായാണ് വായ്പ നൽകിയിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇതിൽ വ്യക്തമായ അഴിമതിയും ക്രമക്കേടും പണത്തിന്റെ തിരിമറിയുമാണ് നടന്നിട്ടുള്ളത്. സർക്കാരിന്റെ പൊതു പണം അവർ ഉപയോഗിക്കുന്നതിനുപകരം അമിതമായ പലിശ ഈടാക്കി ഈഴവ സമുദായത്തിലുള്ള സെൽഫ് ഹെൽപ്പ് ഗ്രൂപ്പുണ്ടാക്കി, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ലഭ്യമാകേണ്ട ആനുകൂല്യം അവർക്ക് എത്തിക്കാതെ അത് മറിച്ച് വൻതോതിൽ പലിശ വാങ്ങി കൊള്ള നടത്തിയിരിക്കുകയാണ്. അഞ്ചു കോടി രൂപയാണ് വാങ്ങിയിരിക്കുന്നത്. ഇത് വെള്ളാപ്പള്ളി നടേശന്റെ സൊസൈറ്റി ചെയ്തിരിക്കുന്ന കാര്യമാണ്. എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? ഇതുമാത്രമല്ല, ഇങ്ങനെ ഓരോ ജാതി സംഘടനകളും മത സംഘടനകളും അവരവരുടെ മതത്തിലെ പ്രവർത്തകരെയും

വിശ്വാസികളെയും അവരുടെ കീഴിൽ സാമ്പത്തിക അടിമകളാക്കി മാറ്റുന്ന പരിപാടിയാണ് നടക്കുന്നത്. ഇത് പ്രോത്സാഹിപ്പിക്കാൻ പാടില്ല. അതുകൊണ്ട് മൈക്രോഫിനാൻസ് സ്ഥാപനങ്ങളെ മൂക്കുകയറിടണം. ജാതി സംഘടനകൾ നടത്തിക്കൊണ്ടിരിക്കുന്ന കൊള്ള പുറത്തുകൊണ്ടുവരണം. വെള്ളാപ്പള്ളി നടേശന്റെ നേതൃത്വത്തിൽ എസ്.എൻ.ഡി.പി. നേതൃത്വം ചെയ്തിരിക്കുന്ന കൊള്ളയ്ക്കെതിരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്? ഇത് സാമ്പത്തിക കുറ്റം മാത്രമല്ല, അഴിമതിയാണ്. അതുകൊണ്ട് ഇതിനെതിരായി വ്യക്തമായ നടപടിയുണ്ടാകണം. ഇത് പുറത്തുകൊണ്ടുവരണം. രാഷ്ട്രീയപാർട്ടികൾക്കപ്പുറത്ത് മത സംഘടനകൾ പലിശകമ്പനികളായി മാറാമോ; ജാതി സംഘടനകൾ പലിശ കമ്പനികളായി മാറാമോ? ഇവിടെ മുത്തൂറ്റിനെയും മണപ്പുറം പോലെയും എസ്.എൻ.ഡി.പി. പോലെയുള്ള സംഘടനകൾ മാറുകയാണ്. അതുകൊണ്ട് വലിയ ചൂഷണത്തിലൂടെ താഴെത്തട്ടിലുള്ള ഗ്രാമീണ മേഖലയിലെ പാവപ്പെട്ട സ്ത്രീകളെയും നിർദ്ധനരായ ആളുകളെയുമാണ് കൊള്ളയടിക്കുന്നത്. ഇത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, നാഷണൽ ബാക്ക്‌വേർഡ് ക്ലാസ് ഫൈനാൻസ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന കോർപ്പറേഷൻ, നാഷണൽ മൈനോറിറ്റി ഡെവലപ്പ്മെന്റ് ആന്റ് ഫൈനാൻസ് കോർപ്പറേഷൻ എന്നീ ഏജൻസികളുടെ ധനസഹായത്തോടെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 2003-04-ൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മൈക്രോഫിനാൻസ് സ്കീം. പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി കുറഞ്ഞ പലിശനിരക്കിൽ ലോൺ നൽകുകയെന്നുള്ളതാണ് ഈ സ്കീമിന്റെ ഉദ്ദേശ്യം. ഈ പദ്ധതി പ്രകാരം കെ.എസ്.ബി.സി.ഡി.സി.യിൽ നിന്നും ഈ ഏജൻസിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ (എൻ.ജി.ഒ.) എസ്.എൻ.ഡി.പി. യോഗം 2003 വരെയുള്ള കാലയളവിൽ 3 മുതൽ 5 ശതമാനം വരെ പലിശയ്ക്ക് കോടിക്കണക്കിന് രൂപ നേടിയെടുക്കുകയുണ്ടായി. ഈ തുക രണ്ട് ശതമാനം പലിശ കൂട്ടി അർഹതപ്പെട്ടവർക്ക് ലോണായി നൽകുകയെന്നതായിരുന്നു ഉദ്ദേശ്യം. പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ 13-10-2015-ൽ എനിക്ക് ഒരു പരാതി നൽകിയിരുന്നു. ആ പരാതിയിന്മേൽ വിശദമായ അന്വേഷണത്തിന് ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് എച്ച്.എസ്.ഡബ്ല്യൂ.1 യൂണിറ്റ് പോലീസ് സൂപ്രണ്ട്, ശ്രീ. ജി. ശ്രീധരന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ തുടങ്ങിയ ഏഴ്

പേരുൾപ്പെട്ട പ്രത്യേകസംഘം വിശദമായ അന്വേഷണം നടത്തിവരികയാണ്. എസ്.എൻ.ഡി.പി. താലൂക്ക് യൂണിയൻ ഭാരവാഹികൾ, സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽനിന്ന് നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് മൈക്രോ ഫിനാൻസ് ആവശ്യത്തിനായി ലഭിച്ച വായ്പാത്തുക ഗുണഭോക്താക്കൾക്ക് നൽകാതെ തിരിമറി നടത്തിയതിനും ഗുണഭോക്താക്കൾക്ക് നൽകിയ തുകയ്ക്ക് അമിതപലിശ ഈടാക്കിയതിനും സംസ്ഥാനത്ത് 21 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പത്തനംതിട്ട -15, ഇടുക്കി -2, കാസർഗോഡ്-2, തൃശ്ശൂർ സിറ്റി-1, വയനാട്-1 എന്നിങ്ങനെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നുണ്ട്. ഇതിൽ ചന്ദ്രൻ എന്നയാൾക്ക് കാസർഗോഡ് പോലീസ് സ്റ്റേഷനിലും വയനാട് പുൽപ്പള്ളി പോലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്ത ഓരോ കേസ്സുകൾ ഉണ്ട്. സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽനിന്ന് എടുത്ത തുക തിരിമറി നടത്തിയതിനും മറ്റുമുള്ള 19 കേസുകളും നാഷ്ണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്ത തുക തിരിമറി നടത്തിയതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മൈക്രോ ഫിനാൻസിംഗ് നടത്തുന്ന എല്ലാ സ്ഥാപനങ്ങളും വെട്ടിപ്പ് നടത്തുന്നുവെന്ന അഭിപ്രായം എനിക്കില്ല. പക്ഷെ, കുറഞ്ഞ പലിശയ്ക്ക് പണമെടുത്ത് വലിയ പലിശ ഈടാക്കി ഗുണഭോക്താക്കളെ തട്ടിക്കുന്ന നടപടിയോടാണ് നമുക്കെല്ലാവർക്കും എതിർപ്പ്. വെള്ളാപ്പള്ളി നടേശന് എതിരായി ഇങ്ങനെയൊരു ആരോപണം വന്നപ്പോൾ തന്നെ ഗവൺമെന്റ് അന്വേഷിക്കാനായി ഡി.ജി.പി.ക്ക് കൊടുക്കുകയും ഡി.ജി.പി. ക്രൈംബ്രാഞ്ചിന് കൈമാറുകയും ചെയ്തു. ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടക്കുകയാണ്. ഈ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം മുന്നോട്ടുകൊണ്ടുപോവുകയാണ്. അങ്ങനെയുണ്ടെങ്കിൽ ശക്തമായ നടപടി അക്കാര്യത്തിൽ ഉണ്ടാകും. മൈക്രോഫിനാൻസിന്റെ മറവിൽ ഒരു തരത്തിലുള്ള തട്ടിപ്പും അനുവദിക്കുന്ന പ്രശ്നമില്ല. ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ. കഴിഞ്ഞ ദിവസം സഭ നടക്കാത്തതുകൊണ്ട്....

ശ്രീ. സി ദിവാകരൻ: സർ, കുബേര ഓപ്പറേഷനിൽ ഇത് ഉൾപ്പെടുത്തിക്കൂടെ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് രണ്ടും രണ്ടാണ്. നമുക്ക് അതിനെപ്പറ്റി ആലോചിക്കാം. ബഹുമാനപ്പെട്ട സി.പി.ഐ. നേതാവ് ദിവാകരൻ ചൂണ്ടിക്കാണിച്ചത് ഞാൻ പരിശോധിക്കാം. പക്ഷെ, ഒരു കാരണവശാലും മൈക്രോഫിനാൻസിന്റെ പേരിലുള്ള തട്ടിപ്പ് അനുവദിക്കുന്ന പ്രശ്നമില്ല. എൻ.ജി.ഒ. രജിസ്റ്റർ ചെയ്ത് തുടങ്ങുന്നതിനെ നമുക്ക് എതിർക്കാൻ കഴിയില്ല. ഇന്ത്യ ഒട്ടാകെ ധാരാളം എൻ.ജി.ഒ.കൾ ഇത് നടത്തുന്നുണ്ട്. അതിനെ നിരോധിക്കാൻ നമുക്ക് കഴിയില്ല. പക്ഷെ, അതിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ ഒരു കാരണവശാലും അംഗീകരിക്കില്ല. എസ്.എൻ.ഡി.പി. ഉണ്ടാക്കിയിട്ടുള്ള എൻ.ജി.ഒ. ക്രമക്കേട്

നടത്തിയിട്ടുണ്ടെങ്കിൽ തീർച്ചയായും ശക്തമായ നടപടിയുണ്ടാകും.

## (6) വിൽപ്പന നികുതി പിൻവലിക്കൽ

ശ്രീ. വി. ശശി: സർ, 2014-15-ലെ ബഡ്ജറ്റിൽ കൈത്തറി വസ്ത്രങ്ങൾക്ക് ഒരു ശതമാനം ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയിരുന്നു. അതിനെതിരെ ഉയർന്ന ശക്തമായ എതിർപ്പിനെത്തുടർന്ന് ഒരു ശതമാനം ടേൺ ഓവർ ടാക്സ് അന്ന് പിൻവലിച്ചു. ഇപ്പോൾ വീണ്ടും ഒരു ശതമാനം സെയിൽ ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നു. സർക്കാർ മാർക്കറ്റിംഗ് ഇൻസെന്റീവ്, റിബേറ്റ് തുടങ്ങിയ ഇനങ്ങളിൽ ധാരാളം ധനസഹായം നൽകിക്കൊണ്ടാണ് കൈത്തറി വസ്ത്രങ്ങൾ വിറ്റഴിക്കാൻ ശ്രമിക്കുന്നത്. ഇപ്പോൾ ഒരു ശതമാനം സെയിൽ ടാക്സ് ഏർപ്പെടുത്തിയതോടെ ശരിക്കും സർക്കാർ ചെയ്യുന്നത് ഒരു കൈകൊണ്ട് നൽകുന്ന സഹായങ്ങൾ മറു കൈകൊണ്ട് തിരിച്ചെടുക്കുകയാണ്. വളരെയേറെ പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം സെയിൽസ് ടാക്സ് ഏർപ്പെടുത്തി കൈത്തറി വ്യവസായത്തെ വീണ്ടും ദുർഗതിയിലാക്കുന്ന സ്ഥിതിവിശേഷമാണ് വന്നിരിക്കുന്നത്. അഡീഷണൽ ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പ് മന്ത്രിയുമൊക്കെ ഇടപെട്ടാണ് ടാക്സ് ഒഴിവാക്കിയത്. ഈ സെയിൽസ് ടാക്സും അടിയന്തരമായി ഒഴിവാക്കി കൈത്തറി വ്യവസായത്തെ സഹായിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

11.00 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒരു കോടി രൂപയ്ക്ക് മുകളിലുള്ള തുണിത്തരങ്ങൾ വിൽക്കുന്ന ടെക്സ്റ്റൈൽ സ്ഥാപനങ്ങൾക്ക് രണ്ട് ശതമാനം മൂല്യ വർദ്ധിത നികുതി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൈത്തറിയെ സഹായിക്കണമെന്ന് തന്നെയാണ് നമ്മുടെ ഉദ്ദേശ്യം. പക്ഷെ, കൈത്തറിയുടെ മറവിൽ ടെക്സ്റ്റൈൽ മിൽസ് വ്യാപകമായിട്ടുള്ള ടാക്സ് ഇവേഷൻ നടത്തുന്ന സ്ഥിതി വന്നു. അങ്ങനെവന്ന സാഹചര്യത്തിലാണ് രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് എന്നുള്ളത് ഒരു ശതമാനം വാറ്റാക്കി മാറ്റിയത്. അത് കൈത്തറിക്കും ബാധകമാക്കിയിട്ടുണ്ട്. കൈത്തറിയെ സഹായിക്കുന്നതിന് മനസ്സില്ലാത്തതുകൊണ്ടല്ല, നമുക്ക് പ്രായോഗികമായിട്ടുള്ള തടസ്സങ്ങൾ വന്നതുകൊണ്ടാണ്. ഇപ്പോൾ ഒരു ശതമാനം മാത്രമാണുള്ളത്. അത് നമുക്ക് ഉപഭോക്താക്കളിൽനിന്ന് വാങ്ങാനും സാധിക്കും. ഇത് കൈത്തറിയെ ദോഷകരമായി ബാധിക്കില്ലെന്ന വിശ്വാസം തന്നെയാണ്.

## (7) റബ്ബർ കർഷകർക്ക് ധനസഹായം

ശ്രീ. രാജു എബ്രഹാം: സർ, ഇന്ന് വലിയ ദുരിതത്തിലായിരിക്കുന്ന റബ്ബർ കൃഷിക്കാരെ സഹായിക്കാൻ 300 കോടി രൂപയുടെ പദ്ധതിയാണ് ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കുന്നത്. ഇതിനോടകം 36 കോടി രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഇവിടെ പറഞ്ഞത്. ഇത് പരാജയത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ രജിസ്റ്റർ ചെയ്ത ഏതാനും ചില കൃഷിക്കാർക്ക് മാത്രമാണ് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളത്. രജിസ്റ്റർ ചെയ്ത കാൽഭാഗം ആളുകൾക്കുപോലും ഒരാനുകൂല്യവും ലഭിച്ചിട്ടില്ല. (ദീപിക പത്രം ഉയർത്തിക്കാട്ടി) ഒരു കിലോ റബ്ബർ കൊടുത്താൽ ഒരു കിലോ മത്തി കിട്ടുകയില്ല. ഇത് ദീപിക പത്രത്തിൽ വന്ന വാർത്തയാണ്. ഇത് പരമദയനീയമാണ്. റബ്ബറിന്റെ വില 97 രൂപയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ വർഷത്തെ ഇറക്കുമതി അഞ്ച് ലക്ഷം കവിയുകയാണ്. ഇത്രയും ഗുരുതരമായ ഒരു സ്ഥിതിയിൽ ഈ റബ്ബർ കൃഷിക്കാരെ സഹായിക്കാൻ എന്തെങ്കിലും ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ? കേരളത്തിലെ മലയോരമേഖല നിശ്ചലമായിരിക്കുകയാണ്. ഈ ദുരിതപൂർണ്ണമായ അവസ്ഥയിൽ വളരെ ക്രിയാത്മകമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. പ്രഖ്യാപനങ്ങളല്ല വേണ്ടത്. റബ്ബർ കൃഷിക്കാരെ സഹായിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, റബ്ബറിന്റെ പ്രശ്നം വളരെ ഗുരുതരമാണ്. 250 രൂപ വരെയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 100 രൂപയിൽ താഴെയായി. കഴിഞ്ഞ ദിവസം റബ്ബറിന്റെ വില 97 രൂപയായിരുന്നു. ഇത് വളരെ ഗുരുതരമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇവിടെ പ്രഖ്യാപനങ്ങളല്ല, നടപടികളാണ് വേണ്ടത്. ഇതിനുമുമ്പ് റബ്ബർ രംഗത്ത് പ്രതിസന്ധിവന്ന സമയത്ത് സ്വീകരിച്ചിട്ടില്ലാത്ത വിധത്തിലുള്ള ഒരു പുതിയ സ്കീമാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഈ വർഷം 300 കോടി രൂപയാണ് ഇതിനായി മാറ്റിവച്ചിരിക്കുന്നത്. ഇന്നലെ ഞാൻ 36 കോടി രൂപയെന്ന് പറഞ്ഞു. ഇന്ന് അതിന്റെ ശരിയായ കണക്കെടുത്തു. ഏറ്റവും പുതിയതായിട്ടുള്ള കണക്കനുസരിച്ച് 46.3 കോടി രൂപ ഡിസ്ട്രിബ്യൂട്ട് ചെയ്തുകഴിഞ്ഞു. 3,08,119 (മൂന്ന് ലക്ഷത്തി എണ്ണായിരത്തി ഒരുന്നൂറ്റി പത്തൊമ്പത്) ചെറുകിട കർഷകർ ഈ സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനാണ് കാലതാമസം വന്നത്. ഇപ്പോൾ അത് ഏതാണ്ട് പൂർത്തീകരിച്ചു. റബ്ബർ ബോർഡിന്റെയും ആർ.പി.എസ്.-ന്റെയും സഹായത്തോടുകൂടിയാണ് ഞങ്ങളിത് ചെയ്യുന്നത്. പണം സ്റ്റേറ്റ് ഗവൺമെന്റ് കൊടുക്കും. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ റബ്ബർ ബോർഡിന് 50 ലക്ഷം രൂപയും കൈമാറിയിട്ടുണ്ട്. ഇത്

എത്രയുംപെട്ടെന്ന് കർഷകരിൽ എത്തിക്കാൻ ശ്രമിക്കും. ഈ സ്കീമിന്റെ പരിധിയിൽ വരുന്ന ചെറുകിട കർഷകർക്ക് 150 രൂപ അഷ്വർ ചെയ്യുന്ന നടപടിയിൽനിന്നും ഗവൺമെന്റ് പുറകോട്ട് പോകുന്നതല്ല. ഈ കാര്യത്തിന് 500 കോടി രൂപ കേന്ദ്രത്തിൽനിന്നും തരണമെന്ന ആവശ്യവും ഞങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

### (8) ഒഴിവുകൾ നികത്തൽ

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇന്ന് കേരളത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾ സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് നടത്തുകയാണ്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുമെന്നും ഇല്ലെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുമെന്നും നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഈ സഭയിൽത്തന്നെ നിരവധി തവണ മുഖ്യമന്ത്രി ഇത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഈ ഒഴിവുകൾ സംബന്ധിച്ചുള്ള വിശദാംശം പറയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ എഴുതിത്തരികയും ചെയ്യാം. അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആദ്യത്തേത് കെ.എസ്.ഇ.ബി.യുടെ കാര്യമാണ്. ഞാൻ മാത്രമല്ല, ശ്രീ. കെ. ശിവദാസൻ നായരും കെ.എസ്.ഇ.ബി.യിലെ ഒഴിവുകൾ നികത്തുന്നില്ലായെന്ന് കാണിച്ച് ഈ സഭയിൽ സബ്മിഷൻ കൊണ്ടുവന്നിട്ടുണ്ട്. കെ.എസ്.ഇ.ബി.യിൽ 3097 ഒഴിവുകൾ നികത്താനുണ്ട്. വാട്ടർ അതോറിറ്റിയിൽ 307 ഒഴിവുകൾ. ഇത് മാതൃഭൂമിയുടെ തൊഴിൽ വാർത്തയാണ്. (തൊഴിൽ വാർത്ത ഉയർത്തിക്കാട്ടി) ഈ സ്ഥാപനം എങ്ങനെ പ്രവർത്തിക്കും. അതിന്റെ വിശദാംശങ്ങൾ ഇതിനകത്തുണ്ട്. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. 'വാട്ടർ അതോറിറ്റിയിൽ ഒഴിവുകൾ പൂഴ്ത്തി താൽക്കാലിക നിയമനം'. ഇതും മാതൃഭൂമി തൊഴിൽ വാർത്തയിൽ വന്നതാണ്. ഇത് മനോരമയുടെ തൊഴിൽ വീഥിയാണ്. 'വാട്ടർ അതോറിറ്റിയിൽ ഒഴിവുകൾ ഒഴുകിപ്പോകുന്നുണ്ടോ' തൊഴിൽ വീഥിയുടെ മുഖപ്രസംഗമാണ്. അതുപോലെ ഹയർ സെക്കണ്ടറിയിൽ ഹിസ്റ്ററി, ഇംഗ്ലീഷ്, കെമിസ്ട്രി എന്നിവയിൽ 166 ഒഴിവുകൾ. കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് ഗ്രേഡ്-II- 1125 ഒഴിവുകൾ. ജില്ലാ സഹകരണ ബാങ്ക് മാനേജർ, ക്ലാർക്ക്-I, കെ.എസ്.ആർ.ടി.സി., പൊതുവിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ആരോഗ്യ വകുപ്പ്, നഗരാസൂത്രണ വകുപ്പ്, ഓഡിറ്റ് വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവിടങ്ങളിലും ഒഴിവുകളുണ്ട്. 339 ആളുകൾക്ക് എസ്.ഐ. ആയി അഡ്വൈസ് ചെയ്തു. ഇത്രയും ആളുകളുടെ ഭാവി തുലാസിലാണ്. ശ്രീ. സി. മമ്മൂട്ടി ഇവിടെ സബ്മിഷൻ ഉന്നയിച്ചു. വ്യക്തമായ മറുപടി പറഞ്ഞില്ല. അവർ ആത്മഹത്യയുടെ മുനമ്പിലാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ ഒഴിവുകൾ ഞാൻ എഴുതിത്തരാം. അത് റിപ്പോർട്ട് ചെയ്യുന്നതിന് ശക്തമായ

നടപടിയെടുക്കണം. റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ വാക്കാൽ പറയാതെ ശക്തമായ നടപടി എടുക്കണം. കെ.എസ്.ആർ.ടി.സി.യിൽ അഡ്വൈസ് മെമ്മോ കൊടുത്തിട്ടുണ്ട്. അതുപോലെ 166 ഹൈസ്കൂൾ അദ്ധ്യാപകന്മാർക്ക് അഡ്വൈസ് മെമ്മോ ലഭിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. എന്നിട്ടും അവർക്ക് നിയമനമില്ല. ഇവിടെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞപ്പോൾ ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടെന്നും പി.എസ്.സി. സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. റിപ്പോർട്ട് ആവശ്യപ്പെടണം. അഡ്വൈസ് മെമ്മോ ലഭിച്ചിട്ട് നിയമന ഉത്തരവിനുവേണ്ടി ഒന്നര വർഷമായി കാത്തിരിക്കുന്നവരുടെ വിഷയം ഈ സർക്കാർ പരിഗണിക്കണം. ആ കാര്യത്തിൽ തീരുമാനമുണ്ടാകണം. അതുപോലെ സെക്രട്ടേറിയറ്റിലെ ഹോം ഗാർഡ്, സെക്യൂരിറ്റി ഗാർഡ്-50 പേരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോഴാണ് മുഖ്യമന്ത്രിയുടെ ഓഫീസിലുള്ള രണ്ട് പേരടക്കമുള്ള ആറ് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിരിക്കുന്നത്. ദേശാഭിമാനി, മംഗളം ദിനപത്രങ്ങളിലെ വാർത്തയാണ്. ഇവിടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നോക്കുകുത്തിയാണ്. ഇവിടെ താൽക്കാലിക നിയമനം നിർബാധം നടക്കുകയാണ്. അതിന് അറുതി വരുത്തണം. കേരളത്തിലെ ആളുകളുടെ തൊഴിലവസരങ്ങൾ ഇല്ലാതാക്കുകയാണ്. ഈ കാര്യത്തിൽ യുവജനങ്ങൾ ഉചിതമായ മറുപടി പ്രതീക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. പി. സി. വിഷ്ണുനാഥിന്റെ മറുപടിയിൽ ഞാൻ വിശദമായി പറഞ്ഞിരുന്നു. അതുതന്നെയാണ് എനിക്ക് പറയാനുള്ളത്. വ്യക്തമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ കൊടുത്തിരിക്കുന്നതനുസരിച്ച് ആന്റിസിപ്പേറ്ററി വേക്കൻസി കൂടി കണക്കാക്കി അതനുസരിച്ച് റിപ്പോർട്ട് ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ എനിക്ക് എഴുതിത്തന്നാൽ ഓരോന്നും പരിശോധിച്ച് അതിന്റെ യഥാസ്ഥിതി മെമ്പറെ അറിയിക്കുന്നതാണ്. അഡ്വൈസ് മെമ്മോ ലഭിച്ചാൽ അവർക്ക് നിയമനം ഉറപ്പാണ്. അത് നൽകും. കെ.എസ്.ആർ.ടി.സി.യിലുണ്ടായ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർക്കും അറിയാം. തെറ്റായ രീതിയിൽ വേക്കൻസി റിപ്പോർട്ട് ചെയ്തതിന്റെ പ്രശ്നമാണ് അവിടെയുണ്ടായത്. എന്നാലും അവർക്ക് ജോലി കൊടുക്കും.

### (9) യുനസ്കോ- നാച്വറൽ കൾച്ചറൽ ഹെറിറ്റേജ്

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, മാപ്പിള ഖലാസികളെ യുനസ്കോയുടെ നാച്വറൽ കൾച്ചറൽ ഹെറിറ്റേജ് ഇനത്തിൽ നോമിനേറ്റ് ചെയ്യുവാൻ സർക്കാർ അടിയന്തരമായി ഇടപെടണം. വളപട്ടണം, ബേപ്പൂർ, ആലപ്പുഴ മേഖലകളിൽ പാരമ്പര്യമായി ഭാരാദ്വഹനം ഒരു കലയാക്കി മാറ്റിയ ഖലാസികളുടെ പരമ്പര

അന്യംനിന്നുപോകാതിരിക്കണം. നാച്വറൽ എഞ്ചിനീയറിംഗ് എന്ന് വിശേഷിപ്പിക്കാവുന്ന ഇവരുടെ കരവിരുത് ആധുനിക സാങ്കേതിക ലോകത്തിനുപോലും ആശ്ചര്യമാണ്. യുനസ്കോയുടെ പ്രസ്തുത വിഭാഗത്തിൽ വേദിക് ചാന്റിംഗ്, കൂടിയാട്ടം, മുടിയേറ്റ് എന്നിവ ഉൾപ്പെട്ടതുപോലെ ഖലാസികളുടെ കലയേയും ഉൾപ്പെടുത്താവുന്നതാണ്. ഇന്ത്യയിൽ ഇതിനകം പതിനൊന്ന് ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. 2015-ൽ യോഗയെയാണ് പരിഗണിക്കാൻ പോകുന്നത്. സംസ്ഥാന ഗവൺമെന്റ് മാപ്പിള ഖലാസികളെക്കുറിച്ച് പഠിച്ച് യുനസ്കോയുടെ അംഗീകാരത്തിന് ഒരു പ്രത്യേക സമിതി രൂപീകരിക്കണം. വളപട്ടണത്തെ ഖലാസികളെ കഴിഞ്ഞ വർഷം മലേഷ്യയിൽ ക്ഷണിച്ചുകൊണ്ടുപോയത് ലോകമാധ്യമങ്ങളിൽ വാർത്തയായിരുന്നു. പെരുമൺ, കടലുണ്ടി ഉൾപ്പെടെ ഒട്ടുമിക്ക റെയിൽ ദുരന്തങ്ങളിലും നമ്മുടെ ഖലാസികളുടെ പ്രവർത്തനം പ്രശംസനീയമായിരുന്നു. ഇന്ന് മാപ്പിള ഖലാസികളായി എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവരും ജോലി ചെയ്യുന്നുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ഒരു നല്ല ആശയമാണ് ഇവിടെ പറഞ്ഞത്. അദ്ദേഹം ഇടയ്ക്കിടയ്ക്ക് ഇങ്ങനെയുള്ള നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാറുണ്ട്. അദ്ദേഹം പറഞ്ഞ മാപ്പിള ഖലാസിയെ യുനസ്കോ നാച്വറൽ കൾച്ചറൽ ഹെറിറ്റേജ് ഇനത്തിൽ യുനസ്കോയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഉൾപ്പെടുത്താൻ കഴിയുമോയെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (10) അനധികൃത നിർമ്മാണം

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, തിരുവനന്തപുരം നഗരത്തിൽ കവടിയാറിൽ ശ്രീ. ബിജു രമേശിന്റെ ഉടമസ്ഥതയിലുള്ള വിൻസർ രാജധാനി ഹോട്ടൽ സമുച്ചയം അനധികൃതമാണെന്നും അത് അടിയന്തരമായി പൊളിച്ചുമാറ്റണമെന്നും കാണിച്ച് വിജിലൻസിന്റെ ചാർജുള്ള ചീഫ് ടൗൺ പ്ലാനർ ശ്രീ. അനിൽകുമാർ ഒരു റിപ്പോർട്ട് 11-12-2015-ൽ ജോയിന്റ് സെക്രട്ടറിക്ക് കൊടുത്തിട്ടുണ്ട്. 2003-ൽ എട്ട് നിലയ്ക്കുള്ള പെർമിഷൻ വാങ്ങി അത് പിന്നീട് ഒരു എക്സ്റ്റെൻഷനും കൂടാതെ 12 നിലയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. തിരുവനന്തപുരം നഗരസഭ അറിഞ്ഞുകൊണ്ടുനടത്തുന്ന ഒരു വലിയ തട്ടിപ്പാണിത്. പ്രതിപക്ഷ നേതാവ് എല്ലായിടത്തും പോയി നോക്കുമല്ലോ. എറണാകുളത്ത് ഡി.എൽ.എഫ്.ലും ഇവിടെ പാറ്റൂരും ഒക്കെ പോയി. അദ്ദേഹം ഈ ബിൽഡിംഗും കൂടി പോയി നോക്കണം. തിരുവനന്തപുരം നഗരസഭ ബിജു രമേശുമായി ചേർന്ന് നടത്തുന്ന ഈ അനധികൃത തട്ടിപ്പ് കണ്ടുപിടിച്ചിരിക്കുന്നു. ഇതിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>):

സർ, തിരുവനന്തപുരം നഗരത്തിൽ കവടിയാറിൽ ബിജു രമേശിന്റെ സംതൃപ്തി രാജധാനി ഹോട്ടൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടം വിൻസർ രാജധാനിയിൽ തദ്ദേശഭരണ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ താഴെപ്പറയുന്ന ലംഘനങ്ങൾ കണ്ടെത്തുകയുണ്ടായി. തിരുവനന്തപുരം നഗരസഭയിൽനിന്നും പെർമിറ്റ് ലഭ്യമാക്കാതെയാണ് 9 മുതൽ 12 വരെ 4 നിലകൾ നിർമ്മിച്ചിട്ടുള്ളത്. ഇത് കെ.എം.ബി.ആർ. ചട്ടം 4 (2)-ന്റെ ലംഘനമാണ്. 1-7-2003-ൽ 8 നില വരെ നല്കിയിട്ടുള്ള പെർമിറ്റിൽനിന്നും വ്യതിചലിച്ചാണ് നിലവിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ആയതിനാൽ കെട്ടിടം അനധികൃതമായി കണക്കാക്കേണ്ടതാണ്. കെട്ടിടത്തിന്റെ ലോവർ ബേസ്മെന്റ് ഫ്ലോർ പിറകുവശത്തുള്ള റോഡിലേയ്ക്ക് ചേർത്ത് നിർമ്മിച്ചതായി കാണുന്നു. ഇത് ചട്ടം 24 (4)-ന്റെ ലംഘനമാണ്. കെട്ടിടത്തിന്റെ തെക്കുവശത്തുള്ള തുറസ്സായ സ്ഥലത്തിന്റെ അതിരുവരെ ഷീറ്റ് റൂഫ് ചെയ്ത് കെട്ടിടത്തിന്റെ ഭാഗമായി ഉപയോഗിക്കുന്നുണ്ട്. ഇത് ചട്ടം 24(5)-ന്റെ ലംഘനമാണ്. കൂടാതെ കെട്ടിടത്തിന്റെ എഫ്.ഐ.ആർ.ലും കവറേജിലും മാറ്റം വന്നിട്ടുള്ളതുമാണ്. സ്ഥലപരിശോധനയിൽ 2B+G+12 നിലകളുള്ള കെട്ടിടം വിൻസർ രാജധാനി എന്ന പേരിൽ ഹോട്ടലായി പ്രവർത്തിച്ചുവരുന്നുണ്ട്. 2B+G നിലയ്ക്ക് മാത്രമാണ് ബിൽഡിംഗ് നമ്പർ നല്കിയിട്ടുള്ളതെന്ന് നഗരസഭയുടെ ഫയലിൽനിന്ന് വ്യക്തമാണ്. 'occupancy certificate' ലഭിക്കാതെയാണ് 1 മുതൽ 12 വരെയുള്ള നിലകൾ ഉപയോഗിക്കുന്നത്. ഇത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. നഗരസഭയുടെ ഭാഗത്തുനിന്നും ഈ കെട്ടിടത്തിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. നഗരസഭയിൽനിന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ള ഫയൽ പൂർണ്ണമല്ല. അതിൽ പല പേജുകളും ലഭ്യമായിരുന്നില്ല; കൂടാതെ രണ്ടുഫയലുകളിൽ മറ്റുള്ള ഫയലുകളുടെ പേജുകൾ ഇതിനോട് കൂട്ടിച്ചേർത്ത നിലയിലുമാണ്. 1-7-2003-ൽ 2B+4+8 നിലയ്ക്കായി നല്കിയ പെർമിറ്റ് അംഗീകൃത പ്ലാൻ ഒഴികെ മറ്റ് രേഖകളൊന്നുംതന്നെ ലഭ്യമല്ല. ആയതിനാൽ 1-7-2003-ലെ പെർമിറ്റ് ചട്ടപ്രകാരമാണോ നല്കിയിട്ടുള്ളതെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ റോഡ് സറണ്ടർ കമ്മിറ്റിയുടെ തീരുമാനങ്ങൾ ലഭ്യമല്ലാത്തതിനാൽ അംഗീകാരം നല്കിയ പ്ലാനും കെ.എം.ബി.ആർ. പരിശോധന നടത്തിയിട്ടില്ല. പ്രസ്തുത നിർമ്മാണത്തിന് ഫയർ എൻ.ഒ.സി. ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഫയർ എൻ.ഒ.സി., എയർപോർട്ട് എൻ.ഒ.സി. എന്നിവ ലഭ്യമായതായി കാണുന്നില്ല. അനധികൃതമായി പണിത 4196.3 മീറ്റർ സ്ക്വയർ ഏരിയയ്ക്കായി യു.ഐ. അസ്സെസ്സ് ചെയ്ത് 2009-10-ൽ ഓരോ വർഷവും 26,37,000 രൂപയ്ക്ക് ടാക്സ് നിർണ്ണയിച്ച് നഗരസഭ നോട്ടീസ് നല്കിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമ ഇതുവരെ തുകയൊന്നും അടച്ചിട്ടില്ല. അതിനാൽ തുക ഈടാക്കാനായി ഡിമാൻഡ് നോട്ടീസ്

നല്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി. വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണത്തിൽനിന്നും നിലവിലുള്ള കെട്ടിടനിർമ്മാണചട്ടങ്ങൾ ആകെ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണമാണ് നടന്നിട്ടുള്ളതെന്ന് തെളിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണത്തിനെതിരെ കർശനമായ നിയമനടപടി സ്വീകരിക്കുന്നതാണ്. തെക്കിനിക്കര കനാൽ കരിമടം കുളത്തിൽ നിന്നും ഉത്ഭവിച്ച് അട്ടക്കുളങ്ങര ബൈപ്പാസ് കടന്ന് ഭൂഗർഭ കനാലായി അട്ടക്കുളങ്ങര സെൻട്രൽ സ്കൂൾ കോട്ട കടന്ന് കോട്ടയ്ക്കുള്ളിലൂടെ ഇപ്പോഴത്തെ രാജധാനി ബിൽഡിംഗിന്റെ അടിയിൽ കൂടി ശ്രീ. പദ്മനാഭസ്വാമിക്ഷേത്രം ട്രസ്റ്റ് വക ഭൂമിയും കടന്ന് കോട്ടയ്ക്ക് പടിഞ്ഞാറുവശം എത്തുമ്പോൾ തുറന്ന കനാലായി എൻ.എച്ച്. ബൈപ്പാസ് ക്രോസ്സ് ചെയ്ത് പാർവ്വതീപുത്തനാറിലേക്ക് ചേരുന്നു. ഈ കനാൽ വഴിയാണ് കരിമടം-അട്ടക്കുളങ്ങര-കിഴക്കേക്കോട്ട ജംഗ്ഷൻ എന്നിവയ്ക്ക് സമീപമുള്ള മഴവെള്ളം ഒഴുകിപ്പോകുന്നത്. കിഴക്കേക്കോട്ടയ്ക്കുള്ളിലുള്ള മുഴുവൻ ഭൂമിയും ഹെറിറ്റേജ് സോണിൽ ഉൾപ്പെടുന്നു. ഹെറിറ്റേജ് സോണിലുള്ള നിർമ്മിതിയുടെ ഉയരം പരമാവധി 9 മീറ്റർ മാത്രമേ ആകാൻ പാടുള്ളൂ; രണ്ടുനില മാത്രമേ ആകാൻ പാടുള്ളൂ. ഹെറിറ്റേജ് സ്വഭാവം നിലനിർത്തേണ്ട നിർമ്മാണങ്ങൾക്ക് Art & Heritage Commission-ന്റെ അനുമതിയും വാങ്ങേണ്ടതാണ്. പ്രസ്തുത കെട്ടിടത്തിൽ നിലവിൽ നാല് നിലകളുണ്ട്. ഇതിൽ രണ്ടു നിലകൾക്ക് മാത്രമേ കോർപ്പറേഷൻ നമ്പർ നല്കിയിട്ടുള്ളൂ. ഹെറിറ്റേജ് സംബന്ധിച്ച വ്യവസ്ഥകൾ ലംഘിച്ചാണ് രാജധാനി ബിൽഡിംഗ്സ് നിർമ്മിച്ചിരിക്കുന്നത്. ശ്രീപദ്മനാഭ സ്വാമിക്ഷേത്ര ട്രസ്റ്റ് വക മതിലിനോട് ചേർന്നാണ് നിർമ്മാണം നടത്തിയിരിക്കുന്നത്. സെറ്റ് ബാക്ക് ഇല്ല; പാർക്കിംഗ് സംബന്ധിച്ച നിയമങ്ങൾ ഗുരുതരമായി ലംഘിച്ചിട്ടുണ്ട്. 2010-ൽ ഈ അനധികൃതനിർമ്മാണം പൊളിച്ചുമാറ്റാൻ സർക്കാരിൽനിന്നും തിരുവനന്തപുരം നഗരസഭയ്ക്ക് നിർദ്ദേശം നല്കിയിരുന്നു. എന്നാൽ കോർപ്പറേഷൻ യാതൊരു നടപടിയും എടുത്തിട്ടില്ല. 3-2-2015-ലും 18-5-2015-ലും വീണ്ടും നിർദ്ദേശം നല്കിയെങ്കിലും ഇതുവരെ നടപടിയെടുത്തിട്ടില്ല. തുടർനടപടികളെക്കുറിച്ച് സർക്കാർ ആലോചിച്ചുവരുന്നു.

## (11) ഭൂമി വിട്ടുനല്കിയവർക്ക് നഷ്ടപരിഹാരം

ശ്രീ. ആർ. സെൽവരാജ്: സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പാലമാണ് നെയ്യാറിന് കുറുകെ പോകുന്ന പാഞ്ചിക്കാട് കടവ് പാലം. ഈ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇപ്പോൾ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ പാലത്തിന്റെ

നിർമ്മാണത്തിനാവശ്യമായ സ്ഥലം അഡ്വാൻസായി വിട്ടുകൊടുത്ത അതിന്റെ ഉടമകൾക്ക് അവരുടെ ഭൂമിക്കുള്ള വില കൊടുക്കുന്ന കാര്യത്തിൽ സർക്കാർ അമാന്തം വെടിഞ്ഞ് കുറേക്കൂടി കാര്യക്ഷമമാക്കി അതിനാവശ്യമായ നടപടി സ്വീകരിക്കുകയും എത്രയും പെട്ടെന്ന് അവരുടെ വില കൊടുക്കുകയും ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പാഞ്ചിക്കാട് കടവ് പാലം, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയിൽ 'ബി', 'സി' കാറ്റഗറിയിലുൾപ്പെട്ട ഭൂമിക്ക് ഡി.എൽ.പി.സി. ശിപാർശചെയ്ത വില എസ്.എൽ.ഇ.സി. അംഗീകരിച്ചിട്ടുണ്ട്. സമ്മതപത്രം നല്കിയ ഭൂവുടമകൾക്ക് അവാർഡ് പാസ്സാക്കി നഷ്ടപരിഹാരം നല്കുന്നതിലേയ്ക്കായി ടി ഭൂവുടമകളുടെ ഉടമസ്ഥാവകാശ രേഖകളുടെ പരിശോധന പൂർത്തിയായിട്ടുള്ളതും അർഹതപ്പെട്ടവർക്ക് അവാർഡ് പാസ്സാക്കി 31-12-2015-ന് മുമ്പ് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതുമാണ്. 'എ' കാറ്റഗറിയിലെ ഭൂവുടമകൾ, 'ബി' കാറ്റഗറിയിലെ സമ്മതപത്രം നല്കാത്ത ഭൂവുടമകൾ എന്നിവരുമായി 18-12-2015-ന് റീ-നെ ഗോഷിയേറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

### (12) ഭൂനികുതി നിരസിക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, താമരശ്ശേരി താലൂക്കിൽ കട്ടിപ്പാറ വില്ലേജിൽ ഉൾപ്പെട്ട രണ്ടുകണി, വട്ടച്ചാൽ പ്രദേശത്ത് താമസിക്കുന്ന ഏകദേശം അമ്പതോളം നാമമാത്ര കർഷകർ ഇപ്പോൾ വലിയ കഷ്ടത്തിലാണ്. 1960 മുതൽ കൈവശം വച്ചുവരുന്നതും വീട് നിർമ്മിച്ചു താമസിച്ചുവരുന്നതുമായ ഇവരുടെ ഭൂനികുതി 2014 വരെ വില്ലേജുകളിൽ സ്വീകരിച്ചിരുന്നു. എന്നാൽ 2014 ജൂൺ മുതൽ നികുതി സ്വീകരിക്കുന്നില്ല. 54 വർഷത്തോളം നികുതി അടച്ച് യഥേഷ്ടം ക്രയവിക്രയം നടത്തിവന്നിരുന്ന ഭൂമിക്ക് ഒരു സുപ്രഭാതത്തിൽ നികുതി സ്വീകരിക്കുന്നില്ലായെന്നുള്ള അറിയിപ്പ് കർഷകരെ ആകെ ദുരിതത്തിലാക്കിയിരിക്കുകയാണ്. വിവാഹം നടത്താനും വീടുവയ്ക്കാനും മറ്റുമായി ഭൂമി വില്പന നടത്തി എഗ്രിമെന്റ് എഴുതിയവരും ബാങ്കിൽ ലോണിനായി അപേക്ഷ നല്കിയവരും ഇപ്പോൾ വല്ലാത്ത കഷ്ടത്തിലാണ്. കൂലിപ്പണി ചെയ്ത് ഉപജീവനം കഴിക്കുന്നവരും വേറെ ഒരു സെന്റ് ഭൂമി പോലും സ്വന്തമായി ഇല്ലാത്തവരുമായ ഈ പാവപ്പെട്ട കുടുംബങ്ങളുടെ അപേക്ഷ പരിഗണിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തരനടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിലെ കട്ടിപ്പാറ വില്ലേജിൽ വട്ടച്ചാൽ, രണ്ടുകണി

എന്നീ സ്ഥലങ്ങൾ റീസർവ്വേ 90-ൽ ഉൾപ്പെട്ടതാണ്. റീസർവ്വെ 3(1) എന്ന് കാണിച്ചിട്ടുള്ളത് ശരിയല്ല. മേൽപ്പടി ഭൂമി പുഴപുറമ്പോക്ക് ഭൂമിയായതിനാലാണ് നികുതി സ്വീകരിക്കാത്തത്. പുഴപുറമ്പോക്ക് ഭൂമി പഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ പഞ്ചായത്തിന്റെ അനുമതിയോടുകൂടി മാത്രമെ സർവ്വേ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടതനുസരിച്ച്, ഇതിനാവശ്യമായ നിർദ്ദേശം നല്കുന്നതിനും അതിനെക്കുറിച്ച് ആലോചിക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് അത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## (13) വ്യവസായ സംരംഭകർക്ക് പലിശയിളവ്

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, പല മേഖലകളിലും പിന്നോക്കം നില്ക്കുന്ന കാസർഗോഡ് ജില്ല വ്യവസായ മേഖലയിലും ഏറ്റവും പിന്നിൽത്തന്നെയാണ്. പരീക്കർ കമ്മീഷൻ റിപ്പോർട്ടിൽ ഈ പിന്നോക്കാവസ്ഥയെക്കുറിച്ച് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ വ്യവസായ സംരംഭത്തിന് അനുയോജ്യമായ ധാരാളം സ്ഥലം ലഭ്യമാണ്. വ്യവസായ സംരംഭകരെ ആകർഷിക്കാനാവശ്യമായ നടപടികളാണ് വേണ്ടത്. വ്യവസായ സംരംഭകരെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ബോധ്യപ്പെടുത്താനും അതുവഴി അവരെ ആകർഷിക്കാനും ആവശ്യമായ നടപടികൾ ഉണ്ടാകണം. താല്പര്യമെടുത്തുവരുന്ന വ്യവസായ സംരംഭകരോട് പരമാവധി സഹായകരമായ സമീപനമുണ്ടാകണം. പിന്നോക്ക ജില്ലയെന്ന പരിഗണന നല്കി കാസർഗോഡ് ജില്ലയിലെ വ്യവസായ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന ലോണിന് പലിശനിരക്കിൽ പ്രത്യേകം ഇളവ് ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകാൻ സർക്കാർ ഭാഗത്തുനിന്ന് നടപടി ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഒരു പിന്നോക്ക ജില്ല എന്നുള്ള നിലയിൽ കാസർഗോഡ് ജില്ലയിൽ വ്യവസായം തുടങ്ങുന്ന സംരംഭകർക്ക് പ്രത്യേക പാക്കേജ് കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യം. ഇത് പരിഗണിക്കാവുന്ന ഒരാവശ്യമാണ്. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ വ്യവസായ പാർക്കുകൾ ധാരാളം വന്നിട്ടുണ്ട്. അവിടെ ധാരാളം സ്ഥലവുമുണ്ട്. അതുപോലെതന്നെ അവിടെ ഐ.ടി. പാർക്കും വരുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-യും മറ്റ് ഏജൻസികളുമൊക്കെ കാസർഗോഡ് ജില്ലയ്ക്കുവേണ്ടി പലിശയിളവ് ഉൾപ്പെടെ ഒരു പാക്കേജ് നല്കുന്നതിനായി ആലോചിക്കുന്നുണ്ട്. തീർച്ചയായും അതിനുവേണ്ടിയുള്ള

ഒരു തീരുമാനം ഈ ഗവൺമെന്റ് എടുക്കുന്നതാണ്.

## (14) തോട്ടം മേഖലയിലെ ഭക്ഷ്യധാന്യ വിതരണം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽ ഏറ്റവും കൂടുതലുള്ള തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ ബഹുമാന്യരായ ആര്യാടൻ മുഹമ്മദ് സാറും തൊഴിൽ വകുപ്പുമന്ത്രിയും കഴിഞ്ഞ മാസങ്ങളിൽ വളരെ പ്രയാസപ്പെട്ടാണ് പരിഹരിച്ചത്. കൂടുതൽ ജോലി, കൂടുതൽ കൂലി എന്നുള്ള നിലയിലേയ്ക്ക് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ട അവസരത്തിലും ഇത്രയും വിലക്കയറ്റമുള്ള സാഹചര്യത്തിൽ സിഡ്കോയിലൂടെ ചില സ്ഥാപനങ്ങൾ അവിടെ നടത്തിവരുന്നതുകൊണ്ട് സാധാരണഗതിയിൽ ഒരു കിലോ അരിക്ക് 10 രൂപയെങ്കിലും മാർക്കറ്റ് വിലയേക്കാൾ കുറവ് കിട്ടുകയും പലചരക്ക് സാധനങ്ങൾ സാലറി ഡിഡക്ഷനിലൂടെ അവർക്ക് വാങ്ങിക്കുവാനുള്ള സാഹചര്യവും ഉണ്ടായിരുന്നു. നാല് മാസക്കാലമായി ഈ സ്ഥാപനം പ്രവർത്തിക്കുന്നില്ല. ഏകദേശം 40 കോടി രൂപയ്ക്ക് മുകളിലുള്ള വികസന പ്രവർത്തനങ്ങളുടെ തുകയും കേന്ദ്രാവിഷ്കൃത പദ്ധതികളും അടിസ്ഥാന സൗകര്യങ്ങൾ നടത്തുന്നതിനുവേണ്ടി എസ്.സി. ഡിപ്പാർട്ടുമെന്റ് കൊടുത്തിട്ടുള്ള തുകയും അസറ്റ് ഫണ്ടിലുള്ള തുകയുമൊക്കെ സിഡ്കോയിലുണ്ട്. ഇങ്ങനെ വിവിധ പദ്ധതികളുൾപ്പെടെയുള്ള പ്രവർത്തനങ്ങളെല്ലാം സിഡ്കോയിലുള്ള സാഹചര്യത്തിൽ ഞാൻ തന്നെ നേരിട്ട് നാല് മാസത്തിനിടയ്ക്ക് മൂന്നുനാലുപ്രാവശ്യം പോവുകയും അവിടത്തെ എം.ഡി.യെയും ചെയർമാനെയും കാണുകയും ചെയ്തു. യാതൊരുവിധ പ്രയോജനവും ഉണ്ടായില്ലെന്ന് മാത്രമല്ല അതിന്റെ പ്രവർത്തനം നിശ്ചലമായി നിൽക്കുകയുമാണ്. ഈ മാസം അവിടുത്തെ ജീവനക്കാർക്കുപോലും ശമ്പളം കൊടുക്കാൻ സാധിക്കുമോ എന്നുള്ളത് കണ്ടറിയണം. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ RIAB എന്ന ഒരു സ്ഥാപനമുണ്ട്. അത് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. സിഡ്കോയെയും RIAB-നേയും അതിന്റെ ചുമതലക്കാരനായ സെക്രട്ടറിയെയും രക്ഷപ്പെടുത്തണം. ഈ സെക്രട്ടറി തന്നെയാണ് സിഡ്കോയുടെ എം.ഡി. ആകെ പ്രയാസത്തിൽനിൽക്കുന്ന ഈ സാഹചര്യത്തിൽ അങ്ങ് മറ്റൊരാളെ കണ്ടെത്തി ഈ സ്ഥാപനം നിലനിർത്തുവാനും ഈ സ്ഥാപനങ്ങൾ വീണ്ടും നടത്തിക്കൊണ്ടുപോകുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് എന്റെ അഭ്യർത്ഥന.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ എനിക്ക് എഴുതിത്തന്നത് കണ്ണൻദേവൻ തോട്ടം ജീവനക്കാർക്ക് അവിടെയൊരു സ്റ്റോർ ഉണ്ടെന്നും അതിന് 6 ലക്ഷം രൂപ വിറ്റുവരവുണ്ടെന്നും അത് ശരിയാക്കണമെന്നുമൊക്കെയാണ്. ഇപ്പോൾ

ഇവിടെ പറഞ്ഞത് വേറെ എന്തൊക്കെയോ ആണ്. ഞാൻ ഏതിനാണ് മറുപടി പറയേണ്ടത്?

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സ്റ്റോർ നടത്തുന്നത് സിഡ്കോയാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കണ്ണൻ ദേവൻ പ്ലാന്റേഷൻ ജീവനക്കാർക്കും തൊഴിലാളികൾക്കും അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി കരാർ നൽകുവാൻ സിഡ്കോ ഒരു സ്റ്റോർ അവിടെ തുറന്നിരുന്നു. അതിന്റെ നടത്തിപ്പ് കാര്യക്ഷമമാക്കണമെന്ന ആവശ്യം തീർച്ചയായും നടപ്പാക്കുന്നതാണ്.

## (15) ഐ. റ്റി. പാർക്ക്

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ബഹുമാനപ്പെട്ട മഞ്ചേശ്വരം മെമ്പർ ശ്രീ. പി. ബി. അബ്ദുൾ റസാക് കാസർഗോഡ് ജില്ലയുടെ വ്യവസായ പിന്നോക്കാവസ്ഥയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2011-ൽ എന്റെ മണ്ഡലമായ തൃക്കരിപ്പൂരിൽ ചീമേനി വില്ലേജിൽ 100 ഏക്കർ സ്ഥലത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ ഒരു ഐ.റ്റി. പാർക്കിന് തറക്കല്ലിട്ടു. ഇപ്പോൾ 5 വർഷമായി. അവിടെ ചുറ്റുമതിൽ കെട്ടി, അതിനുമുകളിൽ കമ്പിവേലി കെട്ടി സംരക്ഷിച്ചിരിക്കുകയാണ്. എല്ലാ ഭാഗത്തും റോഡും ഇലക്ട്രിസിറ്റി സൗകര്യവും വാട്ടർ സപ്ലൈ സൗകര്യവുമുള്ളതിനാൽ അനുയോജ്യമായ സ്ഥലമാണത്. പക്ഷേ ഇന്നുവരെ ആ പാർക്കിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നത്തേയ്ക്ക് ഇതിന്റെ പ്രവൃത്തി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കാൻ സാധിക്കും? ഇതിനുമുമ്പും ഈ വിഷയം സംബന്ധിച്ച് ഞാൻ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. വേഗത്തിൽ അതിന്റെ പണി ആരംഭിക്കുമെന്ന് അന്ന് ഉറപ്പുനൽകിയതാണ്. പക്ഷെ ഇന്നും അത് ഒരു അനങ്ങാപ്പാറ നിലയിലാണ് നിൽക്കുന്നത്. മറ്റൊരുകാര്യം, അവിടെ എം.എസ്.എം.ഇ. എന്നൊരു സ്ഥാപനം ആരംഭിക്കാൻവേണ്ടി 25 ഏക്കർ സ്ഥലം വിദഗ്ദ്ധൻമാർ വന്ന് പരിശോധിച്ച് അനുയോജ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏറ്റവും പിന്നാക്കാവസ്ഥയിലുള്ള ഒരു ജില്ലയിലാണിത്. എം.എസ്.എം.ഇ. എന്ന സ്ഥാപനം സെൻട്രൽ ഗവൺമെന്റിൽനിന്ന് സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കാസർഗോഡ് ഐ.റ്റി. പാർക്കിന് ഇപ്പോൾ SEZ പദവി ലഭിച്ചിട്ടുണ്ടെന്ന് മാത്രമല്ല, ആ ഐ.റ്റി. പാർക്കിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, കോമ്പൗണ്ട് വാൾ തുടങ്ങിയവയും റെഡിയായിട്ടുണ്ട്. ഇവിടെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 50000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള

ഒരു ഐ.റ്റി. കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ നിർമ്മാണം ഒന്നര വർഷത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

## (16) പോലീസ് സേനാംഗങ്ങൾക്ക് പ്രോത്സാഹനം

ശ്രീ. എ. റ്റി. ജോർജ് : സർ, പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനനുയോജ്യമായ ഐ.എം.ജി. ട്രെയിനിംഗ് ഉൾപ്പെടെ പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കിയ ആഭ്യന്തര വകുപ്പിനെ പ്രശംസിക്കുന്നതോടൊപ്പം പോലീസ് സേനയിലെ ശാസ്ത്രീയ കുറ്റാന്വേഷണം തെളിയിക്കുന്നതിനുള്ള മികവ് മാറ്ററയ്ക്കുന്ന പോലീസ് ഡ്യൂട്ടി മീറ്റിൽ സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് ക്യാഷ് അവാർഡ് 57-ാമത് കേരളാ പോലീസ് ഡ്യൂട്ടി മീറ്റിൽ പ്രഖ്യാപിച്ചിരുന്നു. ശാസ്ത്രീയ കുറ്റാന്വേഷണത്തിലെ വിരലടയാള പരിശോധന, കൃത്യസ്ഥലത്തുനിന്ന് ശാസ്ത്രീയമായ രീതിയിൽ തെളിവ് ശേഖരണം, ക്രിമിനൽ സീൻ ഫോട്ടോഗ്രാഫി, ക്രിമിനൽ ലാ, ബോംബ് ഡിറ്റക്ഷൻ എന്നിവയിൽ പോലീസ് ഉദ്യോഗസ്ഥരുടെ അറിവ് എത്രത്തോളമുണ്ടെന്ന് കണ്ടെത്തുന്നതിനുള്ള വേദികളാണ് പോലീസ് ഡ്യൂട്ടി മീറ്റുകൾ. ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കേസ് അന്വേഷണം നടത്തി തെളിവുകൾ കണ്ടെത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യവും അത് പൊതുജനങ്ങൾക്ക് ഗുണകരവുമാണ്. എല്ലാ പോലീസ് ഉദ്യോഗസ്ഥരേയും പ്രാപ്തരാക്കേണ്ടത് ഡിപ്പാർട്ടുമെന്റിന്റെയും സർക്കാരിന്റേയും കടമയാണ്. മറ്റ് സംസ്ഥാനങ്ങളിൽ ആൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റിൽ വിജയികളാകുന്നവർക്ക് ഒരു റാങ്ക് പ്രൊമോഷൻ ഉൾപ്പെടെ പ്രോത്സാഹിപ്പിച്ചുവരുന്നു. പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ മികവ് തെളിയിക്കുന്നവർക്ക് മറ്റ് സംസ്ഥാനങ്ങളിൽ നൽകിവരുന്ന പ്രോത്സാഹനം ആൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റിലെ കേരളത്തിലെ വിജയികൾക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ശ്രീ. എ. റ്റി. ജോർജ് ഇവിടെ ഉന്നയിച്ചത് പോലീസിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാന പോലീസ് ഡ്യൂട്ടി മീറ്റിൽ പങ്കെടുത്ത് വിജയിച്ച് സ്വർണ്ണ മെഡൽ, വെള്ളി മെഡൽ എന്നിവ കരസ്ഥമാക്കുവന്നവർക്ക് യഥാക്രമം 1 ലക്ഷം രൂപയും 50000 രൂപയും ദേശീയ ഡ്യൂട്ടി മീറ്റിൽ പങ്കെടുത്ത് വിജയിച്ച് സ്വർണ്ണമെഡൽ, വെള്ളിമെഡൽ എന്നിവ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം രണ്ടുലക്ഷം രൂപയും ഒരുലക്ഷം രൂപയും അനുവദിക്കണമെന്നാവശ്യപ്പെട്ട് പോലീസ് ആസ്ഥാനത്തുനിന്ന് സർക്കാരിലേയ്ക്ക്

പ്രൊപ്പോസൽ നൽകിയിരുന്നു. അതിന് മറുപടിയായി പോലീസ് ഡ്യൂട്ടി മീറ്റിൽ പങ്കെടുത്ത് മെഡൽ നേടുന്ന ഉദ്യോഗസ്ഥർക്ക് കൃത്യമായി എത്ര തുക ക്യാഷ് അവാർഡ് നൽകണമെന്ന് നിശ്ചയിച്ച് അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽനിന്നും 9-6-2015 തീയതിയിൽ 23369/A3/2015/Home എന്ന നമ്പരായി സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് നൽകിയിട്ടുള്ളതും തുക നിശ്ചയിച്ച് അറിയിക്കുന്നതിന് ബന്ധപ്പെട്ട മേഖലാ എ.ഡി.ജി.പി.മാരെ പോലീസ് ആസ്ഥാനത്തുനിന്നും ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കുറ്റാന്വേഷണ കാര്യത്തിൽ നല്ല മികവ് പ്രകടിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് Good Service Entry-യും അതോടൊപ്പം മറ്റ് അംഗീകാരവും പോലീസിൽ മുറയ്ക്ക് നൽകിവരുന്നുണ്ടെന്നും ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുന്നു.

## (17) യുവതികളുടെ ആത്മഹത്യ സംബന്ധിച്ച ദുരൂഹത

<u>ശ്രീ. ബി. സത്യൻ</u>: സർ, ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അങ്ങ് മുൻകയ്യെടുക്കുകയും ചെയ്ത വളരെ ദാരുണമായ ഒരു സംഭവമാണ് കിളിമാനൂർ സ്വദേശികളായ ഒരു കുടുംബത്തിലെ മൂന്ന് പേർ ആത്മഹത്യ ചെയ്യാനിടയായ സംഭവം. കഴിഞ്ഞ നവംബർ 29-നാണ് ആ സംഭവമുണ്ടായത്. അത് മുഖ്യധാരാ മാധ്യമങ്ങളിലെല്ലാം വന്നു. നമ്മുടെ മന:സാക്ഷിയേയും ജനതയേയും ജനങ്ങളേയും വല്ലാതെ പ്രയാസത്തിലാഴ്ത്തിയ സംഭവമായിരുന്നു അത്. ഒരു കുടുംബത്തിലെ കുടുംബനാഥയും മകളും കുഞ്ഞുങ്ങളുമൊപ്പം പോകുകയും ആക്കുളം കായലിന് സമീപമുള്ള പാലത്തിൽവച്ച് ആദ്യം 4 വയസ്സ് പ്രായമുള്ള കുഞ്ഞിനെ അമ്മ തന്നെ തൂക്കിവെള്ളത്തിലിടുകയും പിന്നീട് മാതാവ് ആത്മഹത്യയ്ക്ക് ശ്രമിക്കുകയും രണ്ട് കുഞ്ഞുങ്ങളെ നാട്ടുകാർ രക്ഷപ്പെടുത്തുകയും ചെയ്തു. പിറ്റേദിവസം രാവിലെ മരണപ്പെട്ടവരുടെ സഹോദരി തീവണ്ടി അപകടത്തിൽപ്പെട്ട് മരിച്ചതായിട്ടുള്ള വാർത്തയും വന്നു. ഒരു കുടുംബത്തിലാണ് ഇത് സംഭവിച്ചിരിക്കുന്നത്. കിളിമാനൂർ പട്ടണത്തിനോട് ചേർന്നുവരുന്ന ഗവൺമെന്റ് ഹൈസ്കൂളിന് സമീപം മാന്യമായി ജീവിക്കുന്ന ഒരു സാധാരണ കച്ചവടക്കാരനായ സൈനുദ്ദീന്റെ മകളും ആ മകളുടെ ഒരു കുഞ്ഞും രണ്ടാമത്തെ മകളുമാണ് മരിച്ചത്. അങ്ങ് ഇതിൽ ഇടപെട്ടു. മാധ്യമങ്ങളിലും വിഷ്വൽ മീഡിയകളിലുമൊക്കെ വാർത്ത വന്നു. ക്രൈം ബ്രാഞ്ച് ഇക്കാര്യം അന്വേഷിക്കുന്നുവെന്ന് അറിയാനും കഴിഞ്ഞു. പക്ഷേ ഈ വിഷയം അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് ഒന്നുകൂടി കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സംഭവം നടന്നത് തിരുവനന്തപുരം പട്ടണത്തിൽ സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലാണ്. അവർ താമസിച്ചിരുന്നത് റൂറൽ പോലീസ്

സൂപ്രണ്ടിന്റെ കീഴിൽ വരുന്ന കിളിമാനൂരിലുമാണ്. കേസുമായി ബന്ധപ്പെട്ട പ്രതികൾ താമസിക്കുന്നത് വ്യത്യസ്ത സ്ഥലങ്ങളിലാണ്. ഇതിനാസ്പദമായ മറ്റൊരു സംഭവം, ഈ മരണപ്പെട്ട സഹോദരിയുടെ ഭർത്താവ് ഗൾഫിൽ ജോലി ചെയ്യുകയും അവിടവുമായി ബന്ധപ്പെട്ട സാമ്പത്തികമായ വിഷയങ്ങളുമൊക്കെ അറിയുന്നുമുണ്ട്. അവരുടെ കുടുംബത്തോട് ബന്ധമുള്ള ആളുകൾ അവരെ പറ്റിച്ചെന്ന കാരണം പറഞ്ഞുകൊണ്ട് കുറച്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്വേഷണം ക്രൈം ബ്രാഞ്ചിന് വിട്ടെന്ന് പറയുന്നുണ്ടെങ്കിലും ഇപ്പോഴും ലോക്കൽ പോലീസാണ് അത് അന്വേഷിക്കുന്നതെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. നാട്ടുകാർക്കും ബന്ധുക്കൾക്കും ഇതുസംബന്ധിച്ച് വലിയ ഉൽക്കണ്ഠയുണ്ട്. അന്വേഷണം വഴിതിരിച്ചുവിടാനുള്ള നീക്കങ്ങൾ നടക്കുന്നുവെന്ന് എല്ലാവരും ഭയപ്പെടുന്നു. അങ്ങയെ കാണുന്നതിനുപുറമെ ഞാനുൾപ്പെടെ പോയി ഡി.ജി.പി.യെയും കണ്ടു. എനിക്ക് ഇതിനപ്പുറം മറ്റൊന്നും ചെയ്യാനാവില്ലല്ലോ; ഞാനൊരു ജനപ്രതിനിധിയാണ്. അന്വേഷണത്തിന്റെ ഇതുവരെയുള്ള പുരോഗതി എന്താണെന്ന് അന്വേഷിക്കണം. വിവരാവകാശ നിയമം നടപ്പിലാക്കുകയും നാട്ടിൽ നടക്കുന്ന സംഭവങ്ങൾ എല്ലാവർക്കും അറിയാൻ കഴിയുന്നവിധത്തിൽ വളരെ സുതാര്യമാണെന്നും അങ്ങുതന്നെ പറയുന്നതാണ്. പോലീസ് നടത്തുന്ന നടപടിക്രമങ്ങളും അന്വേഷണവും ഈ നാട്ടിലെ പൗരന്മാർക്ക് അറിയാനുള്ള അവകാശമുണ്ട്. ഒട്ടനവധി സംഭവങ്ങൾ നടക്കുകയും അവയെല്ലാം ശ്രദ്ധയിൽപ്പെടുത്തുകയും അന്വേഷണം ഇന്നയിന്ന ആളുകൾ നടത്തുന്നുവെന്ന് പറയുകയും ചെയ്യുന്നു. അതിനുമപ്പുറം അതിന് വിക്ടിം ആയിട്ടുള്ള ആളുകൾക്കോ കുടുംബത്തിനോ ഈ നാട്ടിലെ ജനങ്ങൾക്കോ ഇതുസംബന്ധിച്ച് ഒരു വ്യക്തതയും ഇതുവരെ വന്നിട്ടില്ല. എന്താണ് കാരണമെന്ന് അങ്ങ് പറയണം; പോലീസ് ഉദ്യോഗസ്ഥൻമാരെ പറയേണ്ട. ഇവിടെ 4 പ്രതികളെ പിടിച്ചാൽ എല്ലാ ടി.വി. മാധ്യമക്കാരെയും പത്രക്കാരെയും ചാനലുകാരെയും വിളിച്ചുകൂട്ടി കാര്യങ്ങൾ പറയുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ എന്തുകൊണ്ടാണ് ഇതുമായി ബന്ധപ്പെട്ട സംഭവഗതികൾ ഇതുവരെ പരസ്യപ്പെടുത്താത്തതെന്ന് വളരെ ഉത്കണ്ഠയോടുകൂടി ഞാൻ ചോദിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കിളിമാനൂർ പുതിയകാവ് ജാസ്മിൻ മൻസിലിൽ സൈനുദീൻ ഭാര്യ ഷോബിതാ ബീവി (50), മകൾ ജാസ്മിൻ (32) ജാസ്മിന്റെ മക്കളായ റംസാൻ (11), റഹിയാൻ (9), ഫാത്തിമ (3) എന്നിവർ 29-11-2015-ന് രാത്രി 7.15-ഓടുകൂടി കാറിൽ ആക്കുളം പാലത്തിലെത്തി, ജാസ്മി മകൾ ഫാത്തിമയെ കായലിൽ എറിഞ്ഞശേഷം കൂടെ ചാടുകയും പിന്നാലെ ഷോബിതാ ബീവിയും ചാടുകയും ചെയ്തു. പാലത്തിന്റെ കൈവരിയിലൂടെ താഴേയ്ക്ക് നോക്കിനിന്ന റംസാനെയും റഹിയാനെയും സ്ഥലത്തുണ്ടായിരുന്ന ആളുകൾ പിടിച്ചുമാറ്റി. വിവരം അറിഞ്ഞ് സ്ഥലത്തെത്തിയ

പോലീസും ഫയർ ഫോഴ്സും ചേർന്ന് മൂന്നുപേരെയും കരയ്ക്കെടുത്ത് ആശുപത്രിയിൽ എത്തിച്ച സമയം ജാസ്മിനും മകളും മരണപ്പെട്ടു. ഇതിലേയ്ക്ക് ബന്ധുവായ അസീമിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ Cr.PC 174-ാം വകുപ്പുപ്രകാരം 1420/2015 ആയി പേട്ട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. 30-11-2015-ന് പുലർച്ചെ 5 നും 7 നും ഇടയ്ക്ക് മേൽപ്പറഞ്ഞ ജാസ്മിന്റെ സഹോദരി സജ്ന (28 വയസ്സ്) പേട്ട അറപ്പുരവിളാകം ക്ഷേത്രത്തിനുസമീപം റെയിൽവേ ട്രാക്കിൽ ഏതോ ട്രെയിൻ തട്ടി മരണപ്പെട്ടു. ഇതിലേയ്ക്ക് ബന്ധുവായ അനസിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ Cr.PC 174-ാം വകുപ്പുപ്രകാരം ക്രൈം 1422/2015 ആയി മറ്റൊരു കേസും പേട്ട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു. മരണപ്പെട്ട ജാസ്മിന്റെ ആത്മഹത്യാ കുറിപ്പിലും ഷോബിതാ ബീവിയുടെ മൊഴിയിലും വർക്കല കരുവാരം വില്ലേജിൽ ലൈലാ മൻസിലിൽ നാസർ, കരുവാരം വില്ലേജിൽ എം.എസ്. മൻസിലിൽ മുംതാസ്, വർക്കല കടവൂർ വില്ലേജിൽ കെ.സി. ഹൗസിൽ മെഹർബാൻ എന്നിവർ കാരണമാണ് ആത്മഹത്യ ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സജ്നയുടെ ആത്മഹത്യാ കുറിപ്പിലും തന്റെയും സഹോദരിയുടെയും മരണത്തിന് ബന്ധുക്കൾ കൂടിയായ മേൽപ്പറഞ്ഞ മുംതാസ്, മെഹർബാൻ എന്നിവരാണ് കാരണക്കാരെന്ന് രേഖപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ക്രൈം 1420/2015 കേസിലേയ്ക്ക് മേൽപ്പറഞ്ഞ മൂന്നുപേരെയും ഒന്നു മുതൽ മൂന്നു വരെ പ്രതികളായി ഉൾപ്പെടുത്തി IPC 306, 406, 420, 560 (1), 34 എന്നീ വകുപ്പുകൾ കൂട്ടലായി ചേർത്തും ക്രൈം 1422/2015 കേസിലേയ്ക്ക് മുംതാസ്, മെഹർബാൻ എന്നിവരെ ഒന്നും രണ്ടും പ്രതികളാക്കി ഉൾപ്പെടുത്തിയും IPC 306, 34 എന്നീ വകുപ്പുകൾ കൂട്ടലായി ചേർത്തും റിപ്പോർട്ട് തയ്യാറാക്കി അന്വേഷണം തുടരുകയും മൂന്ന് പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ രണ്ടു കേസുകളും പേട്ട പോലീസ് ഇൻസ്പെക്ടർ അന്വേഷിച്ചു വരവെ ജാസ്മിയുടെ പിതാവ് സൈനുദീൻ ഈ രണ്ടുകേസുകളുടെയും അന്വേഷണം ക്രൈം ബ്രാഞ്ചിന് വിടണമെന്ന് ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മെമ്പർ ബി. സത്യനും എന്നെ കണ്ട് നിവേദനം നൽകിയിരുന്നു. അങ്ങും ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതെന്റെ ഓർമ്മയിലുണ്ട്. അതുകൊണ്ട് പോലീസ് മേധാവിയുടെ ഉത്തരവ് നം.ഡി1/1922/2015/പി.എച്ച്.ക്യു. തീയതി 5-12-2015 പ്രകാരം സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനുവേണ്ടി ഞാൻ ഒരു കാര്യം പറയട്ടെ; കേസ് അന്വേഷണം നടക്കുമ്പോൾ വിവരാവകാശ നിയമപ്രകാരം ആണെങ്കിൽപോലും അന്വേഷണ വിവരം പോലീസിന് കൊടുക്കാൻ നിവൃത്തിയില്ല. അങ്ങനെ വിവരം കൊടുക്കാറുമില്ല. അന്വേഷണം ഒരു ഘട്ടത്തിലെത്തി പൂർത്തിയായതിനുശേഷം മാത്രമല്ലാതെ ഇടയ്ക്ക് വച്ച് വിവരങ്ങൾ വെളിപ്പെടുത്തിയാൽ അന്വേഷണം നടക്കില്ല. അന്വേഷണം എപ്പോഴും രഹസ്യ സ്വഭാവത്തിൽ നടക്കേണ്ട ഒന്നാണ്. അങ്ങേയ്ക്ക്

ഇതിനെപ്പറ്റിയുള്ള പൂർണ്ണമായ വിവരങ്ങൾ ലഭ്യമാകാത്തതു കൊണ്ടായിരിക്കാം അങ്ങ് പറഞ്ഞത്.

ശ്രീ. ബി. സത്യൻ: സർ, ഇപ്പോൾ ആരാണ് കേസ് അന്വേഷിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇപ്പോൾ ക്രൈംബ്രാഞ്ചാണ് ഈ കേസ് അന്വേഷിക്കുന്നത്. ഡിസംബർ 5-ാം തീയതി ഈ കേസ് ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടു. അതിന്റെ നടപടിക്രമങ്ങൾക്ക് സമയമെടുക്കും. അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന ഒരു കേസിന്റെ വിശദാംശങ്ങൾ പബ്ലിക് ആയി പറയുന്നത് കേസന്വേഷണത്തെ ദോഷകരമായി ബാധിക്കുമെന്നുള്ളതു കൊണ്ടാണ് പറയാത്തത്.

## (18) ബി.എസ്.പി. നേതാവിനു നേരെയുണ്ടായ ആക്രമണം

ശ്രീ. സി. മോയിൻകുട്ടി: സർ, എന്റെ മണ്ഡലത്തിലെ പുതുപ്പാടി ഗ്രാമപഞ്ചായത്ത് ദേശീയപാത 212-ലാണ് ഈ സംഭവം നടന്നത്. ബഹുജൻ സമാജ്‌വാദി പാർട്ടി സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ഗഫൂർ പുതുപ്പാടിയുടെ കാറിന്റെ മുന്നിൽ മറ്റൊരു സ്കോർപ്പിയോ കാറിൽ നാലുപേർ വന്ന് അദ്ദേഹത്തെ തടഞ്ഞുനിർത്തി വലിച്ച് താഴെയിട്ട് ആക്രമിച്ച് മർദ്ദിച്ച് പരിക്കേൽപ്പിച്ച് തീ കൊളുത്തി കൊല്ലാൻ ശ്രമിച്ചുവെന്ന വാർത്ത ഇന്നലെ എല്ലാ പത്രങ്ങളിലും വന്നിരുന്നു. ഒരുപാട് ദുരൂഹതയും സംശയങ്ങളും ഈ വിഷയത്തിലുണ്ട്. നാലംഗ സംഘം അദ്ദേഹത്തിന്റെ ബ്രീഫ് കേസിൽ ഉണ്ടായിരുന്ന 3,10,000 രൂപ തട്ടിക്കൊണ്ടുപോകുകയും പരിക്കേൽപ്പിക്കുകയും ചെയ്തു. പക്ഷെ തീപ്പൊള്ളലേറ്റു വെന്ന് പറയുന്നില്ല. കാറിന് തീ വെച്ചുവെന്നുമാത്രമാണ് പറയുന്നത്. എന്തായാലും പത്രവാർത്ത കണ്ടാണ് ഞാൻ ഈ സബ്മിഷൻ നൽകിയിട്ടുള്ളത്. ഇയാൾ ഇപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇതുസംബന്ധിച്ച് പല ദുരൂഹതകളും കേൾക്കുന്നുണ്ട്. എന്താണിതിന്റെ നിജസ്ഥിതിയെന്ന് അന്വേഷിച്ച് കണ്ടെത്തി കുറ്റക്കാരെ നിയമത്തിനു മുൻപിൽ കൊണ്ടുവരണമെന്നതാണ് എന്റെ സബ്മിഷൻ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ മോയിൻകുട്ടി പറഞ്ഞ കാര്യം പത്രങ്ങളിലെല്ലാം വാർത്തയായി വന്നതാണ്. എന്റെ ശ്രദ്ധയിലും പെട്ടതാണ്. 15-12-2015-ന് പുലർച്ചെ ഒരുമണിയോടുകൂടി കോഴിക്കോട് താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ എൻ.എച്ച്. റോഡിലൂടെ മാരുതി കാറിൽ സഞ്ചരിക്കുകയായിരുന്ന ബി.എസ്.പി.യുടെ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ഗഫൂർ പുതുപ്പാടിയെ മലപ്പുറം ജി.എൽ.പി. സ്കൂളിനുമുൻപിൽ വച്ച് നമ്പർ തിരിച്ചറിയാൻ കഴിയാത്ത ഒരു സ്കോർപ്പിയോ കാറിൽ വന്ന മൂന്നുനാലുപേർ ചേർന്ന് തടഞ്ഞുനിർത്തി

കൈകാലുകൾ കെട്ടിയിട്ട് കഴുത്തിൽ കത്തി വച്ച് പെട്രോൾ ഒഴിച്ച് കൊല്ലാൻ ശ്രമിക്കുകയും കാറിലെ പെട്ടിയിലുണ്ടായിരുന്ന 3,10,000 രൂപ കവർച്ച ചെയ്യുകയും ചെയ്തുവെന്ന ഗഫൂറിന്റെ മൊഴി പ്രകാരം IPC 341, 323, 307, 395, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 876/15 ആയി താമരശ്ശേരി പോലീസ് സ്റ്റേഷനിൽ 15-12-2015-ന് രാവിലെ ഏഴുമണിക്ക് കേസ് രജിസ്റ്റർ ചെയ്തു. സംഭവത്തെത്തുടർന്ന് ഈങ്ങാപ്പുഴയിലുള്ള മിംസ് ആശുപത്രിയിൽ ചികിത്സ തേടിയ ഗഫൂർ അവിടെനിന്നും റഫർ ചെയ്തതനുസരിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിറ്റായി ചികിത്സിച്ചു വരുന്നു. ഗഫൂർ സഞ്ചരിച്ച വാഹനവും സംഭവ സ്ഥലവും സയന്റിഫിക് അസിസ്റ്റന്റിനെ കൊണ്ടും വിരലടയാള വിദഗ്ദ്ധരെക്കൊണ്ടും പരിശോധിച്ചിട്ടുള്ളതാണ്. ഗഫൂറിന് പ്രാഥമിക ചികിത്സ നൽകിയ മിംസ് ആശുപത്രിയിൽ wound സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഇയാളെ ദേഹപരിശോധന നടത്തിയതിൽ പൊള്ളലേറ്റ പാടുകളോ മറ്റു പരിക്കുകളോ ഒന്നും കണ്ടെത്തിയിട്ടില്ല. ഗഫൂറിനെ ഫോറൻസിക് പരിശോധന നടത്തുന്നതിനായി കോഴിക്കോട് ഫോറൻസിക് വിഭാഗം സർജന് അപേക്ഷ നൽകുകയും അദ്ദേഹം പരിശോധനയ്ക്കെത്തിയ സമയം അതിന് വിസമ്മതം അറിയിക്കുകയും ആലോചിച്ചശേഷം മാത്രമേ പരിശോധനയ്ക്ക് തയ്യാറാകുവെന്ന് അറിയിക്കുകയും ചെയ്തതിനാൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ എനിക്കും ഇതിൽ ദുരൂഹതയുള്ളതായി തോന്നുന്നു. ഏതായാലും ഈ സംഭവത്തെക്കുറിച്ച് താമരശ്ശേരി പോലീസ് സർക്കിൾ ഇൻസ്പെക്ടർ വിശദമായി അന്വേഷണം നടത്തി വരുന്നു.

## (19) വിദ്യാർത്ഥിനികളെ പീഡിപ്പിച്ച സംഭവം

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഇത് ജനങ്ങളെയാകെ ഞെട്ടിച്ച സംഭവമാണ്. അടൂർ കടമ്പനാട് ഹൈസ്കൂളിലെ ഒൻപതാം ക്ലാസിലും പത്താം ക്ലാസിലും പഠിക്കുന്ന ദളിത് വിഭാഗത്തിൽപ്പെട്ട രണ്ടു പെൺകുട്ടികൾ 4-12-2015, 5-12-2015 എന്നീ ദിവസങ്ങളിലായി കരുനാഗപ്പള്ളിയിലെ വവ്വാക്കാവ് എന്ന സ്ഥലത്ത് ഒരു വീട്ടിൽ കെട്ടിയിട്ട് പീഡിപ്പിക്കപ്പെട്ടു. ഏകദേശം പന്ത്രണ്ടോളം പ്രതികളുണ്ടെന്നാണ് ആ കുട്ടികൾ കൊടുത്ത മൊഴി. എന്നാൽ തുടക്കം മുതൽ തന്നെ പോലീസ് പ്രതികളെ സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചത്. ഏനാത്ത് പോലീസ് സ്റ്റേഷനിലാണ് കേസ് ആദ്യം രജിസ്റ്റർ ചെയ്യുന്നത്. ഏനാത്ത് പോലീസ് കേസ് രജിസ്റ്റർ ചെയ്തതിനുശേഷം പ്രതികളെ അന്വേഷിച്ച് കണ്ടെത്തുന്ന നടപടിയിൽ കാലതാമസം വരികയും പിന്നീട് മാധ്യമങ്ങളുടെ ഇടപെടൽ മൂലം അടൂർ സി.ഐ. അന്വേഷിക്കുകയും ഒൻപത് പ്രതികളെ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തു. തുടക്കത്തിൽത്തന്നെ പ്രതികളെ സഹായിക്കാൻ കൂട്ടുനിന്ന ഏനാത്ത് സബ്

ഇൻസ്പെക്ടറും അടൂർ ഡിവൈ.എസ്.പി.യും കസ്റ്റഡിയിലെടുത്ത ഈ ഒൻപത് പ്രതികളെയും സംരക്ഷിക്കുന്ന സമീപനവുമായി മുന്നോട്ടുപോയി. അതിനുശേഷം കസ്റ്റഡിയിലെടുത്ത പ്രതികളിലൊരാളായ പ്രമോദ് എന്ന പ്രതിയെ ഡിവൈ.എസ്.പി. സമ്മർദ്ദം ചെലുത്തി കേസിൽ കക്ഷിയല്ലായെന്നുപറഞ്ഞ് പറഞ്ഞു വിട്ടു. അരുൺരാജ് എന്നുപറയുന്ന പ്രതി ഈ പെൺകുട്ടികളെ മറ്റുപ്രതികളോടൊപ്പം ചേർന്ന് കെട്ടിയിട്ട് ബലാൽക്കാരം ചെയ്തപ്പോൾ എന്നെ ഒന്നും ചെയ്യരുതേയെന്ന് പറഞ്ഞ് പെൺകുട്ടികൾ നിലവിളിച്ചു. ആ സംഭവത്തിന് ദൃക്സാക്ഷിയും കൂടെനിന്ന് എല്ലാ സഹായവും ചെയ്തുകൊടുത്ത ആളാണ് പ്രമോദ്. ആ പ്രമോദിനെ അടൂർ ഡിവൈ.എസ്.പി. ബോധപൂർവ്വമായി ഇറക്കി വിട്ടു. അതിനെത്തുടർന്ന് പ്രതിഷേധം ഉണ്ടായപ്പോൾ, ഐ. ജി. ശ്രീ. മനോജ് എബ്രഹാം ഏനാത്ത് സന്ദർശിച്ച സമയത്ത് ആ പ്രതിയെ കൊട്ടാരക്കര ഡിവൈ.എസ്.പി. അറസ്റ്റ് ചെയ്തു. ഈ വിഷയത്തിൽ വളരെ ഗൗരവമായി നമ്മൾ കാണേണ്ടത്, യഥാർത്ഥത്തിൽ പതിനൊന്ന് പേരല്ല, നിരവധി പ്രതികൾ ഉണ്ടാകാം. എന്തായാലും അവരുടെ മൊബൈൽ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാം. അതിനെക്കുറിച്ച് പോലീസ് അന്വേഷണം നടത്തണം. ഇപ്പോൾ ലോക്കൽ പോലീസാണ് കേസ് അന്വേഷിക്കുന്നത്. ഏനാത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ് തിരുവല്ല ഡിവൈ.എസ്.പി.യും ശൂരനാട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ് കൊട്ടാരക്കര ഡിവൈ.എസ്.പി.യും ആണ് അന്വേഷിക്കുന്നത്. ഒരേ സംഭവത്തിൽത്തന്നെ രണ്ട് കേസ് എടുത്തിരിക്കുകയാണ്. ഈ പെൺകുട്ടികൾ പഠിക്കുന്നത് എന്റെ മണ്ഡലത്തിലും താമസിക്കുന്നത് ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.യുടെ മണ്ഡലത്തിലും ഈ കേസിനാസ്പദമായ സ്ഥലം കരുനാഗപ്പള്ളി മണ്ഡലത്തിലുമാണ്. ഈ പ്രതികളെല്ലാം കരുനാഗപ്പള്ളി മണ്ഡലത്തിലെ വവ്വാക്കാവ് പ്രദേശങ്ങളിലുള്ളവരാണ്. ഈ പ്രതികൾ താമസിച്ചിരുന്ന സ്ഥലത്തുള്ളയാളാണ് അടൂർ ഡിവൈ.എസ്.പി.യായിരുന്ന ശ്രീ. നസീം. അതിനുശേഷം ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയെ ഞാൻ നേരിട്ട് കണ്ട് നിവേദനം കൊടുത്തിരുന്നു. ഇപ്പോൾ ആ ഡിവൈ.എസ്.പി.-യെ സ്ഥലം മാറ്റിയതല്ലാതെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പെൺകുട്ടികൾ താമസിക്കുന്ന മഹിളാമന്ദിരത്തിൽനിന്ന് അവരെ മോചിപ്പിച്ചു കിട്ടുന്നതിനുവേണ്ടി ഈ പെൺകുട്ടികളുടെ മാതാവ് അടുത്തുള്ള ഒരു അഭിഭാഷകനെ കാണാൻ ചെന്നപ്പോൾ ഡിവൈ.എസ്.പി.യുടെ സമ്മർദ്ദത്തിന്റെ ഫലമായി അടുത്തുള്ള ഒരു പോലീസുദ്യോഗസ്ഥൻ ആ അഭിഭാഷകന്റെ ഓഫീസിൽ കയറി അവരെ ഭീഷണിപ്പെടുത്തി. ആ മാതാവ് ഡി.ജി.പി.ക്ക് പരാതി കൊടുത്തു. ആ പരാതിയുടെ അടിസ്ഥാനത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല. അതുകൊണ്ട് ഈ വിഷയം വളരെ ഗൗരവമായി കാണുകയും ഒരു സ്പെഷ്യൽ ടീമിനെ കൊണ്ട് അന്വേഷണം

നടത്തുകയും പ്രതികളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സമീപനം സ്വീകരിച്ച ഡിവൈ.എസ്.പി. നസീമിനെയും ഏനാത്ത് എസ്.ഐ. യെയും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്യണം. ഈ ഡിവൈ.എസ്.പി.ക്ക് ഉന്നത രാഷ്ട്രീയ ബന്ധങ്ങളുണ്ട്. ഭരണകക്ഷിയിൽപ്പെട്ട ഉന്നത രാഷ്ട്രീയ നേതാവിന്റെ സംരക്ഷണയിലാണ് ഈ ഡിവൈ.എസ്.പി. കഴിയുന്നതെന്നാണ് അവിടത്തെ ജനങ്ങൾ പറയുന്നത്. അയാൾക്ക് ഇപ്പോൾ സൗകര്യപ്രദമായി ക്രൈം ബ്രാഞ്ചിലേയ്ക്ക് സ്ഥലം മാറ്റം കൊടുത്തിരിക്കുകയാണ്. ഈ സംഭവത്തിൽ ഡിവൈ.എസ്.പി. യെയും ഏനാത്ത് എസ്.ഐ.യെയും സസ്പെന്റ് ചെയ്യുകയും ഇതിനെ സംബന്ധിച്ച് ഒരു സ്പെഷ്യൽ ടീമിനെ വച്ച് അന്വേഷിക്കുകയും ഈ സെക്സ് റാക്കറ്റുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളെയും വെളിച്ചത്ത് കൊണ്ടുവരാൻവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ചൈൽഡ് ലൈൻ പത്തനംതിട്ട കോ-ഓർഡിനേറ്റർ ശ്രീ. ഡേവിഡ് റെജി മാത്യു 10-12-2015 വൈകുന്നേരം 4.30-ഓടുകൂടി ഏനാത്ത് പോലീസ് സ്റ്റേഷനിൽ ഹാജരായി കടമ്പനാട് ഹൈസ്കൂളിൽ ഒമ്പതാം ക്ലാസിലും പത്താം ക്ലാസിലും പഠിക്കുന്ന പതിനാലും പതിനഞ്ചും വയസ്സുള്ള രണ്ട് പെൺകുട്ടികളെ 4-12-2015-ന് രാവിലെ ഒമ്പതുമണിയോടെ വിഷ്ണുവെന്ന യുവാവ് ഫോൺ ചെയ്ത് കടമ്പനാട് ജംഗ്ഷനടുത്ത് വരുത്തി വിഷ്ണു, ഹരിലാൽ, ശ്യാംരാജ് എന്നിവരും ചേർന്ന് ഓട്ടോറിക്ഷയിൽ കയറ്റി കടൽ കാണിച്ചുതരാമെന്നുപറഞ്ഞ് അഴീക്കൽ എന്ന സ്ഥലത്തെ ഒരു വീട്ടിൽ കൊണ്ടുപോയി ശാരീരികമായി പീഡിപ്പിച്ചതായി വിവരം ലഭിച്ചുവെന്നുകാണിച്ച് കുട്ടികളുടെ മൊഴിപ്പകർപ്പ് സഹിതം മേൽനടപടിയ്ക്കായി റിപ്പോർട്ട് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഏനാത്ത് പോലീസ് സ്റ്റേഷനിൽ ഐ.പി.സി 366 (ഡി) Protection of Children from Sexual Offence Act - ലെ 3, 4, 9 (ജി) വകുപ്പുകൾ പ്രകാരം ക്രൈം 1848/2015 ആയി 10-12-2015-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കേസിൽ കരുനാഗപ്പള്ളി താലൂക്കിലെ ക്ലാപ്പന എന്ന സ്ഥലത്തെ ഉദയപുരത്ത് വീട്ടിൽ സുനിൽകുമാർ മകൻ വിഷ്ണു, ക്ലാപ്പന തെക്ക് മുറിയിൽ കരേലിമുക്കിൽ എന്ന സ്ഥലത്ത് ഹരിശ്രീ ഭവനത്തിൽ അനിൽകുമാർ മകൻ ഹരിലാൽ, ക്ലാപ്പനമുറിയിൽ എമ്പിട്ടായി എന്ന സ്ഥലത്ത് തറയിൽ പുരയ്ക്കൽവീട്ടിൽ രാജൻ മകൻ ശ്യാംരാജ്, ഓച്ചിറ വില്ലേജിൽ പായിക്കുഴിമുറിയിൽ പുത്തൻപുരയ്ക്കൽ തെക്കേതിൽ വീട്ടിൽ ദിലീപ് മകൻ അരുൺ എന്നീ നാല് പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ഈ കേസിലെ കുറ്റകൃത്യങ്ങൾക്ക് സഹായം നൽകിയ രണ്ട് പേരെക്കൂടി പോലീസ് അറസ്റ്റ് ചെയ്യാനുണ്ട്. അവരെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടി നടത്തിവരുന്നു. തുടർന്ന് വനിതാ

ഹെൽപ്പ്ലൈൻ സബ് ഇൻസ്പെക്ടർ ഡെയ്സി ലൂക്കോസ് പത്താം ക്ലാസിൽ പഠിക്കുന്ന പെൺകുട്ടിയുടെ മൊഴി വിശദമായി രേഖപ്പെടുത്തിയതിനാൽ 5-12-2015-ൽ ഇവരുടെ വീട്ടുപരിസരത്തുനിന്നും കണ്ണൻ എന്നയാളും മറ്റ് കണ്ടാലറിയാവുന്ന മൂന്നുപേരും ചേർന്ന് ഒരു കാറിൽ കയറ്റി കരുനാഗപ്പള്ളിയിലുള്ള ഒരു വീട്ടിൽ കൊണ്ടുപോയി നാലുപേരും ഇവരെ ശാരീരികമായി പീഡിപ്പിച്ചതായി പറഞ്ഞ മൊഴിയുടെ അടിസ്ഥാനത്തിൽ ഏനാത്ത് പോലീസ് 366 (ഡി) Protection of Children from Sexual Offence Act-ലെ 3, 4, 9 (ജി) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1854/2015 ആയി 11-12-2015-ൽ കേസ് രജിസ്റ്റർ ചെയ്യുകയും ഈ കേസിലെ കുറ്റകൃത്യം നടന്നത് ശൂരനാട് പോലീസ് സ്റ്റേഷൻ പരിധിയിലായതിനാൽ തുടർന്നുള്ള അന്വേഷണത്തിന് കേസ്ഫയൽ ശൂരനാട് പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചിട്ടുള്ളതും, അതിന്റെ അടിസ്ഥാനത്തിൽ ശൂരനാട് പോലീസ് സ്റ്റേഷനിൽ ക്രൈം 1648/2015 ആയി റീ-രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. ഈ കേസിലെ പ്രതികളായ രാജീഭവനിൽ രാജേന്ദ്രൻ മകൻ രാജ്കുമാർ, കുലശേഖരപുരം പഞ്ചായത്തിൽ പുത്തൻതെരുവിൽ എന്ന സ്ഥലത്തെ വെളിയിൽ പടീറ്റതിൽ നസീർ മകൻ നാസീം, ആദിനാട് വില്ലേജിൽ കിശേരപുരം എന്ന സ്ഥലത്ത് പുളിയ്ക്കൽതറയിൽ വീട്ടിൽ പങ്കജാക്ഷൻ മകൻ രതീഷ്, വവ്വാക്കാവ് മുറിയിൽ ഉദയപുരം വീട്ടിൽ ഉത്തമൻ മകൻ ശരത്, രോഹിത്, പ്രമോദ് എന്നിവരെ കണ്ടെത്തി ആറുപേരെയും അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ഈ രണ്ടു കേസിലും SC/ST Atrocities Act പ്രകാരമുള്ള കുറ്റകൃത്യം നടന്നുവെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ടിലെ വകുപ്പുകൾ കൂടി ചേർത്ത് അന്വേഷണം തുടർന്നുവരുന്നു. രണ്ട് പെൺകുട്ടികളെയും അടൂർ താലൂക്ക് ആശുപത്രിയിൽ അയച്ച് മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കിയശേഷം ബഹുമാനപ്പെട്ട തിരുവല്ല ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ അയച്ച് Cr.PC 164-ാം വകുപ്പുപ്രകാരം മൊഴി രേഖപ്പെടുത്തുകയും കോടതി ഉത്തരവിൻപ്രകാരം കോഴഞ്ചേരി മഹിളാമന്ദിരത്തിൽ പാർപ്പിച്ചുവരുന്നതുമാണ്. ഈ കേസിൽ സംശയിച്ച പ്രമോദെന്ന ആളിനെ അടൂർ സി.ഐ. കസ്റ്റഡിയിൽ എടുത്തിരുന്നു. എന്നാൽ പ്രാഥമിക അന്വേഷണത്തിൽ പ്രമോദ് ഈ കേസിൽ ഉൾപ്പെട്ടതായി വ്യക്തമായ തെളിവ് ലഭിക്കാത്തതിനാൽ നോട്ടീസ് പ്രകാരം വിട്ടയച്ചിട്ടുള്ളതും തുടർന്ന് വിശദമായ അന്വേഷണത്തിൽ ഈ പ്രതി കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തി 13-12-2015-ന് കൊട്ടാരക്കര ഡിവൈ.എസ്.പി അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ശൂരനാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം കൊട്ടാരക്കര ഡിവൈ.എസ്.പി.ക്കും ഏനാത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം തിരുവല്ല ഡിവൈ.എസ്.പി.യും നടത്തിവരുന്നു. അറസ്റ്റ് ചെയ്ത എല്ലാപ്രതികളും റിമാന്റിലാണ്.

ഈ സംഭവം ആദ്യം മാതൃഭൂമി പത്രമാണ് റിപ്പോർട്ട് ചെയ്തത്. വാർത്ത വന്ന ഉടനെ തന്നെ തിരുവനന്തപുരം റെയ്ഞ്ച് ഐ.ജി. ശ്രീ. മനോജ് എബ്രഹാമിനോട് സ്ഥലത്തുപോയി അന്വേഷിക്കണമെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം സ്ഥലത്തുപോയി വിശദമായി അന്വേഷിച്ചപ്പോൾ ഡിവൈ.എസ്.പി.ക്കെതിരെ ചില പരാതികൾ ഉയർന്നുവന്നിരുന്നു. അദ്ദേഹവും ശ്രീ. കോവൂർ കുഞ്ഞുമോനും എന്നെ കണ്ട് പറഞ്ഞിരുന്നു. ഡിവൈ.എസ്.പി.യെ അപ്പോൾ തന്നെ സ്ഥലം മാറ്റി. ഐ.ജി.യിൽ നിന്നുള്ള റിപ്പോർട്ടിനായി കാത്തിരിക്കുകയാണ്. റിപ്പോർട്ട് കിട്ടിയതിനുശേഷം എന്ത് നടപടി സ്വീകരിക്കണമെന്നതിനെക്കുറിച്ച് ആലോചിക്കാം. ഇക്കാര്യത്തിൽ പ്രതികളെ സംരക്ഷിക്കുന്ന ഒരു നിലപാടുമുണ്ടാകില്ല. ശക്തമായ നടപടിയുണ്ടാകും. നമ്മുടെ സമൂഹത്തിന്റെ മനഃസാക്ഷിയെ ഞെട്ടിപ്പിച്ച ഒരു സംഭവമാണ് അടൂരിൽ ഉണ്ടായത്. വളരെ പാവപ്പെട്ട, ഹൈസ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ്. ഇവർക്കുണ്ടായ ഈ പീഡനത്തിൽ ശക്തമായ നടപടികളുണ്ടാകും. ഒരു പ്രതിയേയും രക്ഷപ്പെടാൻ അനുവദിക്കില്ല. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം റെയ്ഞ്ച് ഐ.ജി. മനോജ് എബ്രഹാമിനോട് ഇത് പൂർണ്ണമായും മോണിറ്റർ ചെയ്യണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനനുസരിച്ച് അദ്ദേഹം അത് മോണിറ്റർ ചെയ്യുന്നുണ്ട്. ഒരു കാരണവശാലും പ്രതികൾക്ക് ഒരു തരത്തിലുള്ള ആനുകൂല്യവും ലഭ്യമാകാതിരിക്കാനുള്ള എല്ലാ നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് ശ്രീ. ചിറ്റയം ഗോപകുമാറിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, അന്വേഷണത്തിനായി സ്പെഷ്യൽ ടീമിനെ വയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതുസംബന്ധിച്ച് എന്താണ് പറയുന്നത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇതുസംബന്ധിച്ച റിപ്പോർട്ട് കിട്ടിയതിനു ശേഷം വേണമെങ്കിൽ നിയോഗിക്കാം.

<u>ശ്രീ. സി. ദിവാകരൻ</u>: ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടിരുന്നു. ഇതിന് മുഴുവൻ കൂട്ടുനിന്ന ഒരാളായ ഇതിലെ ഒന്നാം പ്രതിയെ ആദ്യം റിലീസ് ചെയ്ത് കുറ്റവിമുക്തനാക്കി. അതിൽ ആരാണ് ഇടപെട്ടത്; അങ്ങ് നിർദ്ദേശിച്ചതനുസരിച്ച് സ്പെഷ്യൽ സ്ക്വാഡ് വന്നു. ഐ.ജി. മനോജ് എബ്രഹാമിന്റെ നേതൃത്വത്തിലാണ് രണ്ടാമത് പ്രമോദിനെ അറസ്റ്റ് ചെയ്തത്. ഐ.ജി. തന്നെ പരസ്യമായി പത്രസമ്മേളനം നടത്തി പറഞ്ഞു. കുപ്രസിദ്ധനായ ഈ ഡിവൈ.എസ്.പി.യുടെ പേരിൽ നിരവധി കേസുകളുണ്ട്. അതുകൊണ്ട് അയാളെ ഇതിൽ നിന്നും ഒഴിവാക്കുകയാണ് എന്ന്. ഇതിൽ സാർവ്വത്രികമായി കുഴപ്പമാണ്. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയല്ലേ; On the spot-ൽ സസ്പെന്റ് ചെയ്യാം. ഒരു കുഴപ്പവുമില്ല. പിന്നീട് റീ-ഇൻസ്റ്റേറ്റ് ചെയ്യാം. അങ്ങ് എന്താണ് അത് ചെയ്യാത്തത്. സസ്പെന്റ് ചെയ്യാൻ

എന്താണ് തടസ്സം?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. സി. ദിവാകരന്റെ ഉൾപ്പെടെ മൂന്ന് എം.എൽ.എ.മാരുടെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട സംഭവമാണ്. അടൂർ, കരുനാഗപ്പള്ളി, കുന്നത്തൂർ. ശ്രീ. കോവൂർ കുഞ്ഞുമോനും ഇക്കാര്യം സംസാരിച്ചിരുന്നു. ഐ.ജി.യുടെ റിപ്പോർട്ടിനായി വെയ്റ്റ് ചെയ്യുകയാണ്. റിപ്പോർട്ട് കിട്ടിയതിനുശേഷം എന്തെങ്കിലും നടപടി ആവശ്യമുണ്ടെങ്കിൽ തീർച്ചയായും എടുക്കും. ഒരു സംശയവും വേണ്ട. പ്രാഥമികമായി ആ ഉദ്യോഗസ്ഥനെ ട്രാൻസ്ഫർ ചെയ്യുവെന്നുമാത്രമേയുള്ളൂ.

## (20) പലകപ്പാണ്ടി മിനി ഡൈവേർഷൻ സ്കീം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 2005-ൽ പണി ആരംഭിച്ച് 2008-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചതാണ് എന്റെ മണ്ഡലത്തിലെ പലകപ്പാണ്ടി പദ്ധതി. നിരവധി തടസ്സങ്ങൾ പൂർത്തീകരിച്ച് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ പോകുകയാണ്. ജനുവരി അവസാനമോ അല്ലെങ്കിൽ ഫെബ്രുവരി ആദ്യമോ ഡേറ്റ് നിശ്ചയിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിയെ ഉൾപ്പെടെ പങ്കെടുപ്പിച്ച് ഈ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം എന്നതാണ് എന്റെ ആവശ്യം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ബഹുമാന്യനായ മെമ്പർ ഇതു സംബന്ധിച്ച് പറഞ്ഞുകഴിഞ്ഞു. ഈ പദ്ധതി നാല് റീച്ചുകളിലായാണ് ചെയ്യാനുദ്ദേശിച്ചത്. മൂന്ന് റീച്ചിന്റെ പണി പൂർത്തിയായി. നാലാമത്തെ റീച്ച് കരാറുകാരൻ ഉപേക്ഷിച്ചിട്ടുപോയി. നഷ്ടോത്തരവാദത്തിൽ പ്രവൃത്തി അവസാനിപ്പിക്കേണ്ടി വന്നു. ബാക്കിയുള്ള പ്രവൃത്തി 14-12-2012-ന് പുതിയ കരാറുകാരന് നൽകി ആ പണിയും ഏകദേശം എഴുപത് ശതമാനം പൂർത്തിയായിട്ടുണ്ട്. എന്നാൽ മണ്ണിടിച്ചിൽ തടയുന്നതിനുള്ള പണി നടന്നുകൊണ്ടിരിക്കുന്നതേയുള്ളു. ഫെബ്രുവരി മാസത്തിൽ അത് ഉദ്ഘാടനം ചെയ്യും.

## (21) ക്ഷേമപെൻഷൻ കുടിശ്ശിക

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരളത്തിലെ കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. എന്നാൽ ഇന്ന് അത് കർഷകത്തൊഴിലാളിക്ക് ഒരു ശാപമായി മാറിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേരുകയും അംശദായം അടച്ചുവരികയും ചെയ്തുവന്നിരുന്ന ഏകദേശം 3,01,598 ആളുകൾ വ്യത്യസ്ത ആനുകൂല്യങ്ങൾക്കുവേണ്ടി അപേക്ഷകൾ സമർപ്പിച്ചിരിക്കുകയാണ്. ആ അപേക്ഷകർക്ക് കൊടുക്കാൻ വേണ്ടി 234.35 കോടിരൂപ വേണ്ടിവരുമെന്നാണ് ക്ഷേമനിധി ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ സംസ്ഥാന ഗവൺമെന്റിനോട്

ആവശ്യപ്പെട്ടിരിക്കുന്നത്. അഞ്ച് നയാപൈസ ഇതുവരെ കൊടുത്തിട്ടില്ല. മനുഷ്യാവകാശ കമ്മീഷൻപോലും ഇടപെട്ടിട്ടും കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി അംശദായം അടയ്ക്കുകയും വിവിധ ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്ത ആളുകൾക്ക് ആനുകൂല്യം ലഭിക്കുന്നില്ലെന്നുള്ളത് വളരെ ദയനീയമായ ഒരവസ്ഥയാണ്. അതോടൊപ്പംതന്നെ അപേക്ഷ കൊടുത്ത പലയാളുകളുടെയും ജീവിതം അവസാനിക്കുകയും ചെയ്തു. അതുപോലെതന്നെ പെൻഷനും ലഭിക്കാത്ത സ്ഥിതി വന്നിരിക്കുകയാണ്. അതുകൊണ്ട് ലക്ഷക്കണക്കിന് വരുന്ന കർഷകത്തൊഴിലാളികളെ സംരക്ഷിക്കാൻവേണ്ടി രൂപീകരിച്ച ക്ഷേമനിധി ബോർഡിന്റെ ഗുണം ആ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള ആളുകൾക്ക് ലഭിക്കാൻ അടിയന്തരമായി സർക്കാർ ഇടപെട്ട് ക്ഷേമനിധി ബോർഡിന് പണം കൊടുക്കാൻ തയ്യാറാകണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആദ്യഭാഗം ശരിയാണ്. ആനുകൂല്യം മുടങ്ങിയിട്ടുണ്ട്. എന്നാൽ പെൻഷൻ മുടങ്ങിയിട്ടില്ല. കർഷകത്തൊഴിലാളി പെൻഷൻ നവംബർ 30 വരെ കൊടുത്തിട്ടുണ്ടെന്നാണ് എനിക്ക് ലഭിച്ചിട്ടുള്ള വിവരം. അത് കൃത്യമായി അതാത് മാസം കൊടുത്തുപോകുകയാണ്. 234.35 കോടിരൂപ കുടിശ്ശിക എന്നുള്ളത് ശരിയാണ്. ബോർഡ് കൊടുക്കാനുള്ളതാണ്. ബോർഡ് പണം കണ്ടെത്തണ്ടേ; പ്രതിവർഷ വരുമാനം 7 കോടി രൂപ, ചെലവ് 40 കോടി രൂപ എന്നിങ്ങനെയാണ്. ഇതാണ് ബോർഡിന്റെ സ്ഥിതി. ഇതുവച്ച് ഒരിക്കലും മുന്നോട്ടുപോകാൻ കഴിയുകയില്ല. തൊഴിലാളി വിഹിതമായിട്ട് പ്രതിമാസം പിരിക്കുന്നത് 5 രൂപ, പ്രതിവർഷം 60 രൂപ. പിരിഞ്ഞുപോകുന്ന തൊഴിലാളിക്ക് പ്രതിവർഷം കൊടുക്കുന്നത് 625 രൂപയാണ്. ഇങ്ങനെ വരുമ്പോൾ ഏത് മാന്ത്രികവിദ്യയിൽ ഇത് മീറ്റ് ചെയ്യാൻ പറ്റുമെന്നുള്ളത് എനിക്ക് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. ഇതെല്ലാം ഗവൺമെന്റിന്റെ ബാദ്ധ്യതയാണെന്നാണ് പറയുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് ഒരിക്കൽ വൺടൈം ഹെൽപ്പ് കൊടുത്തിട്ടുണ്ട് എന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ ക്ഷേമനിധി ബോർഡുകൾ സ്വയംപര്യാപ്തമാകണം. അതിന് തൊഴിലാളിവിഹിതം അഞ്ചുരൂപ എന്നുപറയുന്നത് ഈ കാലഘട്ടത്തിൽ കേട്ടുകേൾവിയില്ലാത്തതാണ്. ബാക്കി പല ബോർഡുകളിലെയും തൊഴിലാളിവിഹിതം 50 രൂപയാണ്. 50 രൂപ ആക്കണമെന്നല്ല, 20 രൂപയാക്കാൻ പറഞ്ഞിട്ടുപോലും വലിയ എതിർപ്പ് വരുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇതിൽ കർഷകന്റെ കോൺട്രിബ്യൂഷനില്ലേ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ഞാൻ ഡീറ്റെയിൽഡായി പറയാം. 5 രൂപ എന്നുള്ളത് കൂട്ടാൻ തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ സമ്മതിക്കുന്നില്ല. അത് ഗണ്യമായി കൂട്ടിയേ പറ്റൂ. ബോർഡ് സ്വയംപര്യാപ്തമാകണം.

വൺടൈം അസിസ്റ്റൻസ് കൊടുത്താൽപ്പോലും രണ്ടുകാലിൽ നിൽക്കുന്ന നിലയിലേയ്ക്ക് വരണം. ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞത് ഭ്രവുടമാ വിഹിതത്തിന്റെ കാര്യമാണ്. ഭ്രവുടമാ വിഹിതം പരിഷ്കരിച്ചു. പരിഷ്കരിച്ചത് സദുദ്ദേശ്യത്തോടുകൂടിയാണ്. പക്ഷേ നിയമത്തിന്റെ അമെന്റ്മെന്റ് പാസ്സായി wordings വന്നപ്പോൾ നേരത്തേ കിട്ടിക്കൊണ്ടിരുന്ന വരുമാനംപോലും ലഭിക്കാത്ത അവസ്ഥയുണ്ടായി. അന്നത്തെ പരിഷ്കാരംകൊണ്ട് ഭ്രവുടമാ വിഹിതം കുറഞ്ഞു. ലേബർ ഡിപ്പാർട്ടുമെന്റ് ഒരു പ്രൊപ്പോസൽ തയ്യാറാക്കി കൊടുത്തിട്ടുണ്ട്. പണ്ട് കടന്നുകൂടിയ അപാകതകൾ പരിഹരിച്ചുകൊണ്ട് തൊഴിലാളി വിഹിതവും ഭ്രവുടമാ വിഹിതവും ഗണ്യമായി വർദ്ധിപ്പിക്കുന്ന നിലയിലേയ്ക്ക് പോകണം. 40 കോടി രൂപയുള്ള മാർഗ്ഗം കണ്ടെത്തേണ്ടിയിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സർക്കാർ വിഹിതം കൊടുക്കുന്നില്ലേ?

ശ്രീ. ഷിബു ബേബി ജോൺ: സർ, കർഷകത്തൊഴിലാളി പെൻഷൻ പൂർണ്ണമായും ഗവൺമെന്റ് കൊടുക്കുന്നതാണ്. സർക്കാർ വിഹിതം നമുക്ക് തീർച്ചയായും വാങ്ങിച്ചെടുക്കാം. പക്ഷേ അതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നില്ല. ഏഴ് കോടി രൂപയുടെ വിഹിതം മാത്രമാണ് ലഭിക്കുന്നത്. സർക്കാർ വിഹിതം എന്നുപറയുമ്പോൾ ഒരു നോമിനൽ എമൗണ്ട് മാത്രമാണ് വരുന്നത്.

## (22) എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് തൊഴിൽ ആനുകൂല്യങ്ങൾ

ശ്രീമതി ഗീതാ ഗോപി: സർ, തൃശ്ശൂർ കളക്ടറേറ്റ് കോമ്പൗണ്ടിൽ അഗ്രി-ഹോർട്ടികൾച്ചർ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്നേക്ക് പാർക്കിലെ നഴ്സറി, കാന്റീൻ എന്നീ സ്ഥാപനങ്ങളിൽ 15 മുതൽ 35 വർഷം വരെ ജോലി നോക്കുന്ന എസ്.സി./എസ്.റ്റി വിഭാഗം തൊഴിലാളികളുണ്ട്. ഇവർക്ക് ഇതുവരെയും നിയമാനുസൃതമായ ആനുകൂല്യങ്ങളോ മറ്റ് തൊഴിൽ നിയമങ്ങളോ ഒന്നും അനുകൂലമായി നടക്കുന്നില്ല. മാനേജ്മെന്റ് വർഷങ്ങളായി തൊഴിലാളികളെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് നിയമം അനുശാസിക്കുന്ന ന്യായമായ വേതനമോ കാലാനുസൃതമായ വേതനമോ ഈ സാഹചര്യത്തിൽ നൽകുന്നില്ല. ഇതിൽ ഇടയ്ക്ക് എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട രണ്ട് വനിതാ ജീവനക്കാർ ഭക്ഷണം കഴിക്കാൻ ഉച്ചയ്ക്ക് പോയി, സമയം വൈകി എന്ന കാരണത്താൽ ഇവരെ ജോലിയിൽ നിന്ന് താൽക്കാലികമായി മാറ്റിനിർത്തിയിരിക്കുകയാണ്. മൂന്നുമാസത്തോളമായി എസ്.സി. വിഭാഗത്തിൽ പ്പെട്ട വനിതാ ജീവനക്കാരെ തിരിച്ചെടുക്കുകപോലും ചെയ്തിട്ടില്ല. കുടുംബത്തിൽ ഏകവരുമാനമായിട്ടുള്ള അവരുടെമേൽ ഇത്തരം നിയമങ്ങളും അനുശാസനങ്ങളും

അടിച്ചേൽപ്പിച്ചുകൊണ്ട്, ഭക്ഷണം കഴിക്കാൻ പോയി സമയം വൈകി എന്ന കാരണത്താൽ മൂന്നുമാസമായി സസ്പെന്റ് ചെയ്തിരിക്കുന്ന ഇവരെ തിരിച്ചെടുക്കാൻ മേൽപ്പറഞ്ഞ സൂചനകൾ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ഈ വിഷയത്തിൽ അതാത് സമയത്ത് ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ടിട്ടുള്ളതാണ്. സമയക്കുറവുകൊണ്ട് അതിന്റെ പശ്ചാത്തലം പറയുന്നില്ല. ഏറ്റവുമൊടുവിൽ യൂണിയൻ തന്ന പരാതിയിൽ രണ്ട് തൊഴിലാളികൾ ഭക്ഷണം കഴിക്കാൻ പോയി, വൈകിയെന്നല്ല. തൊഴിൽസമയം യാതൊരു മുന്നറിയിപ്പുമില്ലാതെ മാറ്റിയത് ചോദ്യം ചെയ്തതിനാൽ രണ്ടുതൊഴിലാളികളുടെ തൊഴിൽ നിഷേധിച്ചുവെന്ന് കാണിച്ചാണ് ജില്ലാ ലേബർ വെൽഫയർ ഓഫീസിൽ അംഗീകൃത യൂണിയൻ പരാതി സമർപ്പിച്ചത്. അതിൽ ഒരു അനുരഞ്ജനത്തിനുള്ള ശ്രമം നടത്തി. പക്ഷേ വളരെ ധിക്കാരപരമായുള്ള ഒരു സമീപനം മാനേജ്മെന്റ് കൈക്കൊണ്ടതുകൊണ്ട് അവസാനം ഇത് അഡ്ജൂഡിക്കേഷന് വിട്ടിരിക്കുകയാണ്. ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പാലക്കാട്-ന്റെ അഡ്ജൂഡിക്കേഷനിൽ ഇരിക്കുകയാണ്. കോടതിയുടെ പരിധിയിൽ വരുന്നതുകൊണ്ട് ഗവൺമെന്റിന് നിയമപരമായി ഇക്കാര്യത്തിൽ ഇടപെടാനുള്ള സാദ്ധ്യതയില്ല. അവിടെ ഇതുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ ഒരു നിൽപ്പ്സമരം നടന്നുകൊണ്ടിരിക്കുകയാണ്. അനുരഞ്ജനത്തിന്റെ ശ്രമം പരാജയപ്പെട്ടു. ലേബർ ഡിപ്പാർട്ടുമെന്റിന് conciliation-ന്റെ റോളാണുള്ളത്. അത് പരാജയപ്പെട്ട സ്ഥിതിക്കാണ് അഡ്ജൂഡിക്കേഷന് വിട്ടിരിക്കുന്നത്. അതിനുശേഷം 1-12-2015-ൽ മറ്റൊരു തൊഴിലാളിക്ക് തൊഴിൽ നിഷേധിച്ചുവെന്ന് കാണിച്ച് യൂണിയൻ നൽകിയ പരാതിയിൽ തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർ ചർച്ചയ്ക്ക് വിളിച്ചപ്പോഴും അവിടെയും വളരെ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. മാനേജ്മെന്റ് ചർച്ചയ്ക്ക് പോലും വരുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കിയത്. ലേബർ ഡിപ്പാർട്ടുമെന്റിന്റെ ഒരു പോരായ്മ അങ്ങേയ്ക്ക് അറിയാമല്ലോ; ഇത് പറയാമെന്നല്ലാതെ, ഡിപ്പാർട്ട്മെന്റിന് കൺസീലിയേറ്ററി നേച്ചർ മാത്രമല്ലേയുള്ളൂ. നമുക്ക് പരിമിതികളുണ്ട്. മിനിമം വേജസ് നിഷേധിച്ച കാര്യത്തിലൊക്കെ നിയമപ്രകാരം ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അവർക്കെതിരെ നിയമപരമായ എല്ലാ നടപടിയും ഗവൺമെന്റ് കൈക്കൊള്ളും.

ശ്രീ. സി. ദിവാകരൻ: സർ, അഡ്ജൂഡിക്കേഷന്റെ കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ; തൊഴിലാളിക്ക് ഈ അടുത്ത കാലത്തൊന്നും യാതൊരു നീതിയും ലഭിക്കുകയില്ല. അഡ്ജൂഡിക്കേഷൻ അതാണ്. ആർബിട്രറിയാണെങ്കിൽ

പിന്നെയും വേണ്ടില്ല.

ശ്രീ. ഷിബു ബേബി ജോൺ : സർ, അതല്ലാതെ എന്താണ് വഴി; നമ്മൾ അനുരഞ്ജനത്തിന് ശ്രമിച്ചിട്ട് നടക്കാതെ വരുമ്പോൾ ലേബർ ഓഫീസർ അത് അഡ്ജ്യൂഡിക്കേഷന് വിടും. കോടതിയുടെ തീരുമാനമാണല്ലോ ബൈൻഡിംഗ് ആയിട്ടുള്ളത്.

## (23) എ.ബി.സി. ലൈനുകൾക്ക് ഭരണാനുമതി

ശ്രീ. മാത്യു റ്റി. തോമസ്: സർ, കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്തെ 40 പട്ടണങ്ങളിൽ നടപ്പിലാക്കുന്ന ഊർജ്ജിത ഊർജ്ജ പരിഷ്കരണ പദ്ധതിയുടെ കാലാവധി 31-8-2016-ൽ പൂർത്തിയാകുകയാണ്. ഈ 40 പട്ടണങ്ങളിൽ ഒന്ന് എന്റെ നിയോജമണ്ഡലമായ തിരുവല്ല ടൗണിലെ സ്കീമാണ്. മുപ്പതിനായിരത്തോളം ഉപഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതി യാണിത്. 11 കെ.വി. എൽ.റ്റി. ഓവർ ഹെഡ് ലൈനുകൾക്ക് പകരം ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ വലിക്കുക എന്നതാണ് ഇതിലെ പ്രധാന പദ്ധതി. ഇതനുസരിച്ച് 40 കിലോമീറ്റർ 11 കെ.വി.യും 212 കിലോമീറ്റർ എൽ.റ്റി. ലൈനും വലിക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് ടെണ്ടർ വിളിച്ചതാണ്. പക്ഷേ ടെണ്ടറിൽ പങ്കെടുത്തത് പൊതുമേഖലാസ്ഥാപനമായ Traco Cable എന്ന ഒരൊറ്റ സ്ഥാപനമായതുകൊണ്ട് ആ ടെണ്ടർ നടപടികൾ റദ്ദാക്കുകയുണ്ടായി. അതൊരു പൊതുമേഖലാസ്ഥാപനമായിരുന്നു. ഇപ്പോൾ ഉള്ള പ്രശ്നം 31-08-2016-നകം ആ പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ ആ പദ്ധതിയിൽ നിന്ന് തിരുവല്ല പട്ടണം പുറത്താകും. അതുകൊണ്ട് ആയതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ശരിയാണ്. RAPDRP സ്കീമിലാണ് ഇതുൾപ്പെടുന്നത്. 41 കിലോമീറ്ററാണ് 11 കെ.വി. ലൈൻ. അത് ഏരിയൽ ബഞ്ച്ഡ് കണ്ടക്ടറാണ്. അതുപോലെ എൽ.റ്റി.യിലും ഏരിയൽ ബഞ്ച്ഡ് കണ്ടക്ടറാണ്. അത് 212 കിലോമീറ്ററാണ്. 212 കിലോമീറ്റർ ടെണ്ടർ ചെയ്തതിൽ ഒരു കോൺട്രാക്ടർ മാത്രമാണ് വന്നത്. 41 കിലോമീറ്റർ 11 കെ.വി.ക്ക് രണ്ടുപേർ വന്നെങ്കിലും ഒരാൾ ക്വാളിഫൈഡ് അല്ല. അതും സിംഗിൾ ടെണ്ടറാണ്. അതുകൊണ്ട് അത് രണ്ടും റീടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 30-8-2016-ലാണ് ആണ് കാലാവധി തീരുന്നത്. അതിനുമുമ്പ് പണി തീരുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. പണി തീരുകയും ചെയ്യും.

12.00 Noon]

## (24) മൂർക്കനാട് സർക്കാർ സ്കൂൾ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ ഈ സബ്മിഷനിലൂടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അവതരിപ്പിക്കുന്നത്. ഗവൺമെന്റ് നയപരമായ ഒരു തീരുമാനം എടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. എന്റെ മണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ ഗവൺമെന്റിന്റേതായി ഒരു എൽ.പി.സ്കൂൾപോലും ഇല്ലാത്തതുകൊണ്ട് എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ ലഭിക്കുന്നില്ല. എം.എൽ.എ. ഫണ്ട് കൊടുക്കാൻ പറ്റുന്നില്ല. ഗവൺമെന്റ് സ്കൂളിലായാലും എയ്ഡഡ് സ്കൂളിലായാലും സാധാരണക്കാരായ കുട്ടികളാണ് പഠിക്കുന്നത്. അതുകൊണ്ട് എന്റെ മണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള ഒരു സ്കൂൾ പുതിയതായി അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും നിരന്തരം ആവശ്യപ്പെട്ടിരുന്നു. പുതിയ Right to Education Act അനുസരിച്ചുള്ള മാപ്പിംഗ് നടക്കുകയാണെന്നാണ് അവരൊക്കെ പറഞ്ഞത്. അതിനുശേഷം വർഷം നാലര കഴിഞ്ഞു. അതുകൊണ്ട് ഇതൊരു പ്രത്യേക വിഷയമായെടുത്ത്, മൂർക്കനാട് ഗ്രാമത്തിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള ഒരു പുതിയ സ്കൂൾ അനുവദിക്കുകയാണെങ്കിൽ മൂന്ന് ഏക്കർ സ്ഥലം സർക്കാരിന് വാങ്ങിത്തരാൻ നാട്ടുകാർ തയ്യാറാണ്. അതുകൊണ്ട് ദയവുചെയ്ത് ഈ സ്കൂൾ അനുവദിക്കാനുള്ള നയപരമായ തീരുമാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ എൽ. പി. തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള ഒരു സർക്കാർ സ്കൂൾ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. 13.6.2007-ലെ ജി.ഒ.(പി) നമ്പർ 107/2007/പൊ.വി.വ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സാധാരണഗതിയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ പുതിയതായി അനുവദിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. മാത്രവുമല്ല, പുതിയതായി സ്കൂളുകൾ അനുവദിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നത് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V ചട്ടം 2 (ii) (എ)-യിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചാണ്. അതനുസരിച്ച് വിദ്യാഭ്യാസ ആവശ്യകത അഥവാ educational need കണ്ടെത്തി, അതിന്റെ അടിസ്ഥാനത്തിൽ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിനായി വിശദമായ സ്കൂൾ മാപ്പിംഗ്

സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട W.P.(C) No. 3060/2014 ഉൾപ്പെടെ ഒരുകൂട്ടം ഹർജികളിൽ 18-6-2015-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കിയ സ്കൂളുകളുടെ അപ്ഗ്രഡേഷന് നടപടി സ്വീകരിക്കുവാൻ 31-12-2015 വരെ സമയം അനുവദിച്ചിരിക്കുകയാണ്. അതുവരെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയോ പുതിയ സ്കൂളുകൾ അനുവദിക്കുകയോ ചെയ്യേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. കേരള സർവ്വ ശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിന്റെ ഭാഗമായി നടത്തിവരുന്ന സ്കൂൾ മാപ്പിംഗ് നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. മേൽപ്രകാരമുള്ള സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിന്റെ അടിസ്ഥാനത്തിലും പുതിയ സ്കൂൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്കും മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ എൽ.പി. തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂൾ ആരംഭിക്കണമെന്ന ആവശ്യം വളരെ ശക്തിപൂർവ്വം പരിഗണിക്കുന്നതാണ്.

## (25) ഭിന്നശേഷിയിൽപ്പെട്ട വിദ്യാർത്ഥിക്ക് പ്രവേശനം നിഷേധിച്ച സംഭവം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പട്ടികജാതി - പിന്നോക്ക വിഭാഗത്തിന്റെ ക്ഷേമത്തിന് മുന്തിയ പരിഗണന നൽകി പ്രവർത്തിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന നമ്മുടെ എല്ലാവരുടെയും മനസ്സാക്ഷിയെ പിടിച്ചുകുലുക്കുന്ന ഒരു സംഭവമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. അത് എന്റെ ജില്ലയിൽപ്പെട്ടതല്ല. പത്തനംതിട്ട ജില്ലയിൽ നടന്ന ഒരു സംഭവമാണ്. വടക്കേയറ്റത്തുള്ള എന്റെ ശ്രദ്ധയിൽ ഈ ഒരു പരാതി കൊണ്ടുവരാൻ ആ പിതാവിനെ പ്രേരിപ്പിച്ച ചേതോവികാരം എന്തെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരുപക്ഷെ ഈ വക വിഷയങ്ങളിൽ വളരെയധികം താൽപര്യം കാണിക്കുന്ന ഒരു പാർട്ടിയുടെ പ്രതിനിധിയെന്ന നിലയിലായിരിക്കാം എന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നത്. പത്തനംതിട്ട ജില്ലയിലെ കടമ്പനാട് പഞ്ചായത്തിൽ കുമാരമംഗലം വീട്ടിൽ രാഘവൻ എന്ന 72 വയസ്സുള്ള ഒരു മുത്തശ്ശൻ, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിലെ ഭിന്നശേഷിയിൽപ്പെട്ട വിദ്യാർത്ഥിയായ കൊച്ചുമകന് പത്താം ക്ലാസ്സിൽ പ്രവേശനം നിഷേധിച്ചുവെന്ന പരാതിയാണ് തന്നിരിക്കുന്നത്. പത്തനംതിട്ട ജില്ലയിലെ കടമ്പനാട് സെന്റ് തോമസ് ഹൈസ്കൂളിൽ പത്താം ക്ലാസ്സിൽ അഡ്മിഷൻ തേടിയെത്തിയ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിദ്യാർത്ഥിയായ അഖിൽ ബി. കൃഷ്ണനാണ് ഈ ദുരനുഭവം ഉണ്ടായത്. വീടിനടുത്താണ് ഈ സ്കൂൾ. അഖിലിന്റെ അമ്മ പത്ത് വർഷം മുൻപ് ക്യാൻസർ രോഗം ബാധിച്ച് മരിച്ചു. അച്ഛൻ മകനെ ഉപേക്ഷിച്ചു. 72 വയസ്സ് പ്രായമുള്ള

ക്യാൻസർ രോഗിയായ മുത്തച്ഛൻ രാഘവനും രോഗിയായ മുത്തശ്ശിയുമാണ് അഖിലിന്റെ സംരക്ഷണം ഏറ്റെടുത്തത്. ഈ കുട്ടിക്കാണ് ഏഴാം ക്ലാസ്സ് വരെ പഠിച്ച സെന്റ് തോമസ് സ്കൂളിൽ പത്താം ക്ലാസ്സിൽ പ്രവേശനം നിഷേധിച്ചത്. ഇതുസംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് പരാതി നൽകിയിരുന്നു, ഡി.പി.ഐ.-യ്ക്ക് പരാതി നൽകിയിരുന്നു. അതുപോലെ പിന്നോക്ക കോർപ്പറേഷന്റെ തലവനും പരാതി നൽകിയിരുന്നു. ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടിട്ടുപോലും ഈ കുട്ടിക്ക് ആ സ്കൂളിൽ അഡ്മിഷൻ കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് 2015 ഒക്ടോബറിൽ പരാതി നൽകിയിരുന്നു. വളരെ ഗൗരവമേറിയ ഈ വിഷയം ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കടുത്ത ദാരിദ്ര്യവും രോഗാതുരതയും നിറഞ്ഞ ഒരു പട്ടികജാതി കുടുംബത്തിൽപ്പെട്ട മാസ്റ്റർ അഖിൽ ബി. കൃഷ്ണൻ എന്ന വിദ്യാർത്ഥിക്ക് ഒൻപതാം ക്ലാസ്സിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ഭിന്നശേഷി വിഭാഗത്തിനുള്ള സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ളതാണ്. മാസ്റ്റർ അഖിൽ ബി. കൃഷ്ണൻ ഏഴാം ക്ലാസ്സ് വരെ കടമ്പനാട് സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലാണ് പഠിച്ചിരുന്നത്. ഈ സ്കൂളിൽ നിന്നും 4-7-2013-ൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വാങ്ങി കൊട്ടാരക്കരയിലെ ജി.എച്ച്.എസ്.എസ്. സദാനന്ദപുരത്ത് ചേർന്നു. തുടർന്ന് 10-6-2014-ൽ എസ്.കെ.വി.എച്ച്.എസ്.എസ്. തൃക്കണ്ണമംഗലത്തും പിന്നീട് തിരുവനന്തപുരം കരമന ജി.എച്ച്.എസ്.ലും പ്രവേശനം നേടി. എന്നാൽ കുട്ടി സ്കൂളിൽനിന്നും ഒളിവിൽ പോകുകയും റെയിൽവേ പോലീസിന്റെ പിടിയിലായതിനെത്തുടർന്ന് ജുവനൈൽ ഹോമിൽ പ്രവേശിക്കപ്പെടുകയും ചെയ്തു. ഈ വിദ്യാർത്ഥിയുടെ മനോനിലയും കുടുംബ സാഹചര്യങ്ങളും ശരിയായി വിലയിരുത്തുന്നതിന് സ്കൂൾ അധികൃതരും സമൂഹവും പൂർണ്ണമായി പരാജയപ്പെട്ടത് സ്വഭാവ രൂപീകരണത്തെ കാര്യമായി ബാധിച്ചിരുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. തൽഫലമായി ചില ദുശ്ശീലങ്ങൾ ഈ വിദ്യാർത്ഥിയിൽ കടന്നുകൂടിയതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പിന്നീട് സാഹചര്യങ്ങളോട് പൊരുത്തപ്പെടാനാവാതെ ഈ വിദ്യാർത്ഥി വീണ്ടും ആദ്യം പഠിച്ച കടമ്പനാട് സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ 2015-16-ൽ പത്താം ക്ലാസ്സിലേയ്ക്ക് പ്രവേശനം ആവശ്യപ്പെട്ടുവെങ്കിലും നിരസിച്ചതായി കുട്ടിയുടെ രക്ഷിതാവ് ശ്രീ. രാഘവൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 15-7-2015-ന് സ്കൂളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഒരു ഓഫീസർ നേരിട്ട് സന്ദർശിക്കുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. അന്വേഷണത്തിന്റെ ഫലമായി പ്രധാനാദ്ധ്യാപിക കുട്ടിയെ സ്കൂളിൽ പ്രവേശിപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നതായും കുട്ടിയെ പുന:പ്രവേശിപ്പിക്കുന്നതിന് തടസ്സമൊന്നുമില്ലെന്ന് രേഖാമൂലം എഴുതി നൽകിയിട്ടുള്ളതായും ഡി.പി.ഐ.യുടെ റിപ്പോർട്ടിൽ പറയുന്നു. അതേസമയം, 15-7-2015-നുശേഷം ഈ കുട്ടി വിദ്യാലയത്തിൽ

പ്രവേശനത്തിനായി ടി.സി.യും മറ്റ് അനുബന്ധരേഖകളുമായി സ്കൂൾ അധികൃതരെ സമീപിച്ചിട്ടില്ല എന്നാണ് പ്രധാനാദ്ധ്യാപിക അറിയിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടിയെ നിർബന്ധമായും സ്കൂളിൽ പ്രവേശിപ്പിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് ഡി.പി.ഐ. ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ മാസ്റ്റർ അഖിൽ ബി. കൃഷ്ണന് മാനുഷിക പരിഗണന ലഭിച്ചിട്ടില്ലായെന്ന പൊതു അഭിപ്രായവും നിലനിൽക്കുന്നുണ്ട്. ദാരിദ്ര്യവും രോഗാതുരതയും അരക്ഷിതാവസ്ഥയും കാരണം ഈ വിദ്യാർത്ഥി ചെറിയ ചെറിയ തെറ്റുകുറ്റങ്ങളിലേയ്ക്ക് എത്തിപ്പെട്ടതാകാമെന്നാണ് റിപ്പോർട്ടുകളിൽനിന്നും മനസ്സിലാകുന്നത്. അത്തരം സാഹചര്യങ്ങളുടെ പരിണിതഫലമായിരിക്കാം തുടരെത്തുടരെയുണ്ടായ സ്കൂൾ മാറ്റവും കുട്ടി ഒളിവിൽ പോയതും. ഈ സാഹചര്യങ്ങളൊന്നും മുഖവിലയ്ക്കെടുക്കാതെയുള്ള ഒരു റിപ്പോർട്ടാണ് ഡി.പി.ഐ.യിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഈ വിഷയത്തിൽ നിലനിൽക്കുന്ന ദുരൂഹത അവസാനിപ്പിച്ച് യഥാർത്ഥ വസ്തുത കണ്ടെത്തുന്നതിലേയ്ക്കായി ഒരു സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സെക്രട്ടേറിയറ്റിലെ ഒരു ഡെപ്യൂട്ടി സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

## (26) വന്യമൃഗശല്യം തടയലും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരവും

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് താലൂക്കിലെ കർഷകരുടെ വലിയൊരു പ്രയാസമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായി തുടരുകയാണ്. കാട്ടാനക്കൂട്ടങ്ങൾ നിരന്തരമായി കൃഷിയിടങ്ങളിൽ ഇറങ്ങി വലിയ തോതിൽ കൃഷി നശിപ്പിക്കുകയാണ്. ഇത് തടയുന്നതിനുള്ള കാര്യക്ഷമമായ സംവിധാനം ആവശ്യമാണ്. മാത്രമല്ല വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിനുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് വലിയ കാലതാമസമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ കാലതാമസം ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടിയുണ്ടാകണം. എന്റെ മണ്ഡലത്തിൽ രണ്ട് ഫോറസ്റ്റ് ഡിവിഷനുകളാണുള്ളത്. സൈലന്റ്‌വാലി ഡിവിഷനും മണ്ണാർക്കാട് ഡിവിഷനും. ഈ രണ്ട് ഡിവിഷനുകളിൽനിന്നും കാര്യമായ നടപടികൾ ഉണ്ടാകുന്നില്ല. ഈ അടുത്ത ദിവസങ്ങളിലായി എന്റെ മണ്ഡലത്തിലെ അളനെല്ലൂരിലെ ചളവ, ഉപ്പുകുളം മേഖലകളിൽ നിരന്തരം കാട്ടാനകൾ വന്ന് കൃഷി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അത് തടയുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തരമായ ഇടപെടൽ ഉണ്ടാകുന്നതിന് നിർദ്ദേശം കൊടുക്കണമെന്നും ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വനത്തിലുള്ള വാസസ്ഥലം കുറയുംതോറും ആനയുടെ ശല്യം നാട്ടിൽ കൂടിക്കൊണ്ടിരിക്കും. അതൊരു സ്വാഭാവികമായ കാര്യമാണ്. ആയുധം ഉപയോഗിച്ച് ഇവയെ വെടിവച്ച് കൊല്ലാൻ സാധിക്കില്ല.

1972-ലെ നിയമം അനുസരിച്ച് അതിന് കഴിയില്ല. പിന്നെയുള്ള പോംവഴി ആനയെ വിരട്ടിയോടിക്കുകയാണ്. നാശനഷ്ടങ്ങൾ സംഭവിച്ചാൽ അതിനുള്ള സഹായം നൽകുക എന്നുള്ളതാണ് സർക്കാരിന് ചെയ്യാവുന്ന കാര്യം. ഈയിനത്തിൽ മണ്ണാർക്കാട് ഡിവിഷനിൽ 29.46 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം കൊടുത്തിട്ടുണ്ട്. സൈലന്റ്‌വാലി ഡിവിഷനിൽ 9 ലക്ഷം രൂപയും ഇതുവരെ അനുവദിച്ചിട്ടുണ്ട്. 2014-15 വർഷങ്ങളിൽ ലഭിച്ച 219 അപേക്ഷകളിൽ 47.90 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 2015-16 വർഷത്തിൽ ഇന്നേദിവസം വരെ ഈയിനത്തിൽ 75 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 54 അപേക്ഷകളിന്മേൽ 16.60 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. അവശേഷിക്കുന്നത് 21 അപേക്ഷകളാണ്. അതിനും നഷ്ടപരിഹാരം നൽകും.

വന്യമൃഗങ്ങൾ നാശം വിതയ്ക്കുമ്പോൾ നഷ്ടപരിഹാരം കൊടുക്കുന്ന ഒരു നടപടി മാത്രമാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് നിലവിൽ ചെയ്യാൻ സാധിക്കുന്നത്. എന്നാൽ ഇതിനൊരു ശാശ്വതമായ പരിഹാരം കാണേണ്ടതായിട്ടുണ്ട്. ശാശ്വതമായ പരിഹാരം വേണമെങ്കിൽ ഇവയുടെ ആവാസസ്ഥലത്ത് അതിക്രമം കാണിക്കാതെയിരിക്കണം. മാത്രമല്ല, ഇവയെ ആകർഷിക്കുന്ന വിധത്തിലുള്ള ഭക്ഷ്യവസ്തുക്കൾ പുറത്ത് ഉൽപ്പാദിച്ചാൽ, ഭക്ഷണം ലഭിക്കാതിരിക്കുന്ന അവസരങ്ങളിൽ ഇവ കാടിനുപുറത്തേയ്ക്ക് വരും. ഈ പ്രശ്നങ്ങൾക്കെല്ലാം ശാശ്വതമായൊരു പരിഹാരത്തിനായി ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

## (27) ഡോ. അയ്യപ്പൻ കമ്മിറ്റിയിലെ പ്രതിനിധികൾ

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഇൻഡ്യയിലെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പുതിയ മത്സ്യനയം രൂപീകരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഡോ. അയ്യപ്പൻ കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. ഈ കമ്മിറ്റിയിൽ തീരദേശത്തെ എം.പി.മാരോ, തീരദേശ സംസ്ഥാനങ്ങളിലെ പ്രതിനിധികളോ മത്സ്യമേഖലയുമായി ബന്ധപ്പെട്ടവരോ ആരുമില്ല. പൂർണ്ണമായും ഉദ്യോഗസ്ഥൻമാർ മാത്രമുള്ളൊരു കമ്മിറ്റിയാണിത്. രാജ്യവ്യാപകമായി അതിനെതിരെ വലിയ പ്രക്ഷോഭം നടന്നുവരികയാണ്. പാർലമെന്റിലടക്കം അതിനെതിരെ ശക്തമായ രീതിയിലുള്ള പ്രക്ഷോഭമുണ്ടായി. തിരുവനന്തപുരം പിതാവ് സൂസപാക്യം തിരുമേനി ഉൾപ്പെടെയുള്ള ലത്തീൻ സഭകൾ പൂർണ്ണമായും അതിനെതിരെ ശക്തമായി രംഗത്തു വന്നിരിക്കുകയാണ്. ഇതിനുമുൻപുണ്ടായ പല കമ്മിറ്റികളും ഉദ്യോഗസ്ഥൻമാരെ മാത്രം വച്ചുകൊണ്ടുള്ളവയായിരുന്നു. മീനാകുമാരി കമ്മീഷൻ കമ്മിറ്റിയെ സദുദ്ദേശ്യത്തോടുകൂടി നിയമിച്ചുവെങ്കിലും പിന്നീട് വന്നതെല്ലാം ദുരുദ്ദേശ്യപരമായ റിപ്പോർട്ടുകളായിരുന്നു. 86 ചോദ്യങ്ങളാണ് ഡോ. അയ്യപ്പൻ കമ്മിറ്റിയുടെ ചോദ്യാവലിയിലുള്ളത്. എൻട്രൻസ് പരീക്ഷയിൽ ചോദിക്കുന്നതുപോലുള്ള വൺ വേർഡ് ഉത്തരങ്ങൾ ചോദിച്ചുകൊണ്ടുള്ളവയാണ് ഇവ. കോർപ്പറേറ്റുകളെ

സഹായിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് മനഃപൂർവ്വം ഉണ്ടാക്കിയിട്ടുള്ള ഒരു കമ്മിറ്റിയാണ്. ഈ കമ്മിറ്റിയുമായി സഹകരിക്കാൻ ഒരു കാരണവശാലും കഴിയില്ല. മത്സ്യമേഖലയിലുള്ള ആളുകളേയും തീരദേശ സംസ്ഥാനങ്ങളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഈ കമ്മിറ്റി പുനഃസംഘടിപ്പിക്കണം. അതിനായി സംസ്ഥാന ഗവൺമെന്റ് ഇടപെടണം. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ശക്തമായ വികാരം പ്രകടിപ്പിക്കണം. അക്കാര്യം ഈ സഭയുടെയും മത്സ്യവിഭവ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ .ബാബു): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. എൻ. പ്രതാപൻ ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമുള്ളൊരു പ്രശ്നമാണ്. മത്സ്യത്തൊഴിലാളികളുടെയിടയിൽ ഇന്ന് വലിയ ആശങ്കയുണ്ടായിട്ടുണ്ട്. ഡോ. അയ്യപ്പൻ കമ്മിറ്റി രൂപീകരിച്ച വിവരമോ ദേശീയ സമുദ്ര മത്സ്യമേഖല നയം രൂപീകരിക്കുന്നതിൽ പങ്കാളിയാക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശമോ ഏതെങ്കിലും തരത്തിലുള്ള ഔദ്യോഗിക അറിയിപ്പുകളോ സംസ്ഥാന ഫിഷറീസ് വകുപ്പിന് ഇതുവരെ ലഭിച്ചിട്ടില്ല. ദേശീയ സമുദ്ര മത്സ്യമേഖല നയം രൂപീകരിക്കുന്നതിനായി ഡോ. അയ്യപ്പൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന വിവരവും അതുമായി ബന്ധപ്പെട്ട 85 ചോദ്യങ്ങളടങ്ങുന്ന ചോദ്യാവലിയും സി.എം.എഫ്.ആർ.ഐ. ആണ് ഫിഷറീസ് വകുപ്പിന് ഇ-മെയിൽ ചെയ്തുതന്നത്. പ്രസ്തുത കമ്മിറ്റിയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളെയോ ഈ മേഖലയുമായി ബന്ധപ്പെട്ട പ്രതിനിധികളെയോ ഉൾപ്പെടുത്തിയിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: കേരളത്തിൽനിന്ന് ആരുമില്ലേ?

ശ്രീ. കെ. ബാബു: സർ, ഇല്ല. സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും ഏജൻസികളുമായോ സ്റ്റേക്ക് ഹോൾഡേഴ്സുമായോ യാതൊരു ആശയവിനിമയവും നടത്തിയിട്ടില്ല. 85 ചോദ്യങ്ങളടങ്ങിയ ചോദ്യാവലി സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തുമായി കാര്യമായ ബന്ധമില്ലാത്തതാണ്. രാജ്യത്തെ സമുദ്ര മത്സ്യ ഉൽപ്പാദനത്തിൽ നാലാം സ്ഥാനത്തുള്ള കേരളത്തിന് ദേശീയ സമുദ്ര മത്സ്യമേഖലാ നയരൂപീകരണത്തിൽ വലിയൊരു പങ്ക് വഹിക്കാനുണ്ട്. അതിനാൽ സംസ്ഥാനത്തിന്റെ പ്രതിനിധികളെയും കൂടി ഈ എക്സ്പെർട്ട് കമ്മിറ്റിയിൽ അംഗമാക്കി സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾക്കുകൂടി കാര്യമായ പരിഗണന നൽകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്കും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും 10-12-2015-നും 11-12-2015-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിവേദനം നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ പല തീരുമാനങ്ങളും അടിച്ചേൽപ്പിക്കുകയാണ്. മീനാകുമാരി

റിപ്പോർട്ടിന്റെ കാര്യത്തിൽ അതാണുണ്ടായത്. അതുപോലെ മൺസൂൺകാല ട്രോളിംഗ് നിരോധനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ സമ്പൂർണ്ണ മത്സ്യനിരോധനമാണ് കേന്ദ്ര ഗവൺമെന്റ് അടിച്ചേൽപ്പിച്ചത്. സംസ്ഥാന ഗവൺമെന്റ് അതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയുണ്ടായി. ഇക്കാര്യത്തിലും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന വിധത്തിൽ ഏതെങ്കിലും തീരുമാനം ഉണ്ടായാൽ സംസ്ഥാന ഗവൺമെന്റ് ഭരണഘടനാപരമായ ബാധ്യതകൾ നിലനിർത്തിക്കൊണ്ടുതന്നെ ആ നയത്തെയും തീരുമാനങ്ങളെയും ശക്തമായി എതിർക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

## (28) പുതിയ സ്കൂൾ കെട്ടിടം

ശ്രീ. എ. കെ.ബാലൻ: സർ, എന്റെ മണ്ഡലത്തിലെ കോട്ടായി ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2013-14 വർഷത്തെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് ഒരുകോടി രൂപ നീക്കി വയ്ക്കുകയും പൊതുമരാമത്ത് വകുപ്പിനെ ചുമതലയേൽപ്പിക്കുകയും ചെയ്തിരുന്നു. 21-5-2013-നാണ് ഈ കത്ത് നൽകിയത്. ഒരു വർഷം കഴിഞ്ഞ് 11-7-2014-ന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചു. പണി ടെണ്ടർ ചെയ്യാൻ വീണ്ടും ഒരു വർഷമെടുത്തു. ഈ വർഷം ഒക്ടോബർ ഒന്നിന് നിർമ്മാണോദ്ഘാടനം നിർവ്വഹിക്കാൻ തീരുമാനിച്ചു. അപ്പോഴാണ് കരാറുകാരൻ പ്രവൃത്തി നിർവ്വഹിക്കുന്നതിൽനിന്ന് പിൻമാറിയതായി അറിയുന്നത്. ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടും കരാറുകാരനെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിക്കാനോ തുടർനടപടി സ്വീകരിക്കാനോ വകുപ്പിലെ ഉദ്യോഗസ്ഥർ ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല എന്നാണിത് വ്യക്തമാക്കുന്നത്. ആസ്തി വികസന ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ യഥാസമയം നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് സംബന്ധിച്ചുള്ള നിരവധി വിമർശനങ്ങൾ ഈ സഭയിൽ വന്നതാണ്. ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാതിരിക്കുകയും ഇപ്പോൾ കരാറുകാരൻ പ്രവൃത്തി നിരസിക്കുകയും ചെയ്തതിലൂടെ ഇനി റേറ്റ് റിവിഷനും റീ-ടെണ്ടർ നടപടികളും വേണ്ടിവരും. ഇത് വീണ്ടും കാലതാമസത്തിന് കാരണമാകും. ഇപ്പോൾത്തന്നെ രണ്ട് വർഷം കഴിഞ്ഞിരിക്കുകയാണ്. കുറ്റക്കാരനായ കരാറുകാരനെതിരെ നടപടി സ്വീകരിക്കണം. റീ-ടെണ്ടർ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കണം. ഇത് ചെമ്പൈ ഗ്രാമത്തിലുള്ളതാണ്. ചെമ്പൈയുടെ വീടിനടുത്തുള്ള സ്കൂളാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ശ്രീ. എ. കെ. ബാലൻ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഒരു വർഷമായിട്ടും നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല. രണ്ട് പ്രാവശ്യം

ടെണ്ടർ വിളിച്ചു. ഒരു പ്രാവശ്യം ക്വട്ടേഷൻ വിളിച്ചു. നാലാമത് നെഗോഷിയേറ്റഡ് ക്വട്ടേഷൻ മുഖേനയാണ് ഒരു കരാറുകാരനെ ജോലി ഏൽപ്പിച്ചത്. പക്ഷേ അയാൾ ഉപേക്ഷിച്ചുപോയി. അയാളുടെ പേരിൽ നടപടി എടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ഇപ്പോൾ വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-12-2015 ആണ് ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി. ഉദ്യോഗസ്ഥൻമാർ മുഖേന മത്സരാടിസ്ഥാനത്തിലുള്ള കൂടുതൽ ടെണ്ടറുകൾ ക്വാട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്തവണത്തെ ടെണ്ടറിംഗ് ഫലപ്രദമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആവശ്യമായ നടപടികൾ സ്വീകരിക്കാം.

## (29) ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തൽ

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമെന്ന നിലയിലുള്ളതാണ് നിർദ്ദിഷ്ട ബൈപ്പാസ്. അതിന് എസ്.എൽ.ഇ.സി.-യുടെ അപ്രൂവൽ ലഭിച്ചെങ്കിലും എ.എസ്.ന്റെ കാലാവധി കഴിഞ്ഞിരുന്നു. അതുകൊണ്ട് കാലാവധി എക്സ്റ്റന്റ് ചെയ്യുകയും എസ്.എൽ.ഇ.സി.-യുടെ പ്രൊസീഡിംഗ്സ് പുറത്തിറങ്ങിയാലുടൻതന്നെ ഭൂമിയേറ്റെടുക്കാനുള്ള നടപടികൾക്ക് ആവശ്യമായ നിർദ്ദേശം കോട്ടയം ജില്ലാ കളക്ടർക്ക് നൽകുകയും ചെയ്യണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഈ വിഷയത്തിൽ ഞാൻ ഇതിനുമുമ്പും പലതവണ സബ്മിഷൻ ഉന്നയിച്ചിരുന്നതാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഇതിന്റെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചു. അത് നീട്ടിക്കിട്ടാനുള്ള ശിപാർശയോ അതല്ലെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ കത്തോ ലഭിച്ചാൽ തീർച്ചയായിട്ടും അതിന്മേലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കമ്മിറ്റിയുടെ ശിപാർശയിപ്പോൾ എസ്.എൽ.ഇ.സി.യുടെ പരിഗണനയിലാണ്. നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്താലുടൻതന്നെ ബൈപ്പാസ് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (30) ഭാരതപ്പുഴയുടെ തീരത്തുകൂടിയുള്ള കർമ്മ റോഡ് പദ്ധതി

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പൊന്നാനി നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് ഭാരതപ്പുഴയുടെ തീരത്തുകൂടി ചമ്രവട്ടം പാലത്തിൽനിന്ന് ഫിഷിംഗ് ഹാർബർ, നിർദ്ദിഷ്ട കാർഗോ പോർട്ട് എന്നിവിടങ്ങളിലേയ്ക്ക് കർമ്മ റോഡ് രൂപകൽപ്പന ചെയ്തത്. ഒന്നാം ഘട്ടത്തിനായി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് വകയിരുത്തിയ തുകയല്ലാതെ പദ്ധതി പൂർത്തീകരണത്തിന് ബാക്കി തുക ഇതുവരെ വകയിരുത്തിയിട്ടില്ല. നാല് കിലോമീറ്റർ ദൂരം റോഡ് പണിത് പുഴയുടെ തീരത്ത് നിൽക്കുകയാണ്. മാത്രമല്ല ഒന്നാം ഘട്ടം പ്രവൃത്തി

ഏറ്റെടുത്തിട്ടുള്ള കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇതുവരെ അവ പൂർത്തീകരിച്ചിട്ടില്ല. അനുവദിച്ച ഫണ്ടിന്റെ ഭൂരിഭാഗവും കമ്പനിക്ക് ബില്ലായി മാറിക്കൊടുത്തു എന്ന ആക്ഷേപം ഉയർന്നുവന്നിരിക്കുകയാണ്. പണി പൂർത്തീകരിക്കുന്നതിനുമുൻപ് പണംകൊടുത്തു എന്ന ആക്ഷേപമാണ് ഉയർന്നുവന്നിരിക്കുന്നത്. ഇതിന്റെ നിജസ്ഥിതി വിശദമാക്കണം. ടെണ്ടറെടുത്ത പ്രസ്തുത റീച്ചിന്റെ പൂർത്തീകരണത്തിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കണം. അടിയന്തരമായി പ്രസ്തുത റീച്ച് പൂർത്തിയാക്കാൻവേണ്ട നടപടികൾ സ്വീകരിക്കണം. ചമ്രവട്ടം പാലം, കാർഗോ പോർട്ട് എന്നിവയുമായി ബന്ധപ്പെട്ട് ഗതാഗതക്കുരുക്കിലമർന്ന പൊന്നാനിയുടെ ഗതാഗത പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകുന്ന പ്രസ്തുത പദ്ധതിക്ക് ആവശ്യമുള്ള ബാക്കി തുക കൂടി അനുവദിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊന്നാനി മണ്ഡലത്തിലെ കർമ്മ ബൈപ്പാസിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന് 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ എഗ്രിമെന്റ് തുക 16.71 കോടി രൂപയാണ്. 2011-ൽ നിർമ്മാണം ആരംഭിച്ച ഈ പ്രവൃത്തിയുടെ 80 ശതമാനത്തോളം പണി പൂർത്തീകരിച്ചിട്ടുണ്ട്. പണി സുഗമമായി മുന്നോട്ട് നീങ്ങുന്നതിന് നിർമ്മാണ സാമഗ്രികളുടെ അഭാവം തടസ്സം സൃഷ്ടിക്കുന്നതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട്. ഇതേവരെ 12.7 കോടി രൂപ കമ്പനിക്ക് നൽകിയിട്ടുണ്ട്. കർമ്മ ബൈപ്പാസ് രണ്ടാംഘട്ട പ്രവൃത്തിക്കായി 34 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇതിനുള്ള ഭരണാനുമതി നൽകുന്നതാണ്.

## (31) എൻ.എച്ച്. റോഡിന്റെ പ്രവൃത്തി

ശ്രീ. എം. പി. വിൻസെന്റ്: സർ, എൻ. എച്ച്. 47-ലെ മണ്ണുത്തി മുതൽ വടക്കുംചേരി വരെയുള്ള ഹൈവേയുടെ പണി ആരംഭിക്കാത്ത വിഷയം പലപ്രാവശ്യം ഞാൻ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഇതിന്റെ പണി തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. അതിനുശേഷം തുടങ്ങിയ വടക്കുംചേരി മുതൽ വാളയാർ വരെയുള്ള റോഡ് പൂർത്തീകരിച്ചു. ഈ റോഡിന്റെ ഗതികേട് എന്നു പറയുന്നത്, ഇപ്പോൾ ശബരിമല സീസൺ കൂടിയായതിനാൽ വളരെയധികം ആളുകൾ യാത്രചെയ്യുന്ന ഈ റോഡിൽ ഒരു മഴ പെയ്താൽ വലിയ ഗതാഗതക്കുരുക്ക് ഉണ്ടാകുകയാണ്. അതുപോലെതന്നെ കുതിരാനിൽ വളരെയധികം അപകടങ്ങൾ ഉണ്ടാകുന്നു. അപകടത്തിൽപ്പെട്ട് കുടുംബാംഗങ്ങൾ കൂട്ടത്തോടെ മരിച്ച പല സംഭവങ്ങളും ഉണ്ടായി. കുതിരാനിൽ തുരങ്കം പണി ഇതുവരെ

ആരംഭിച്ചിട്ടില്ല. ആവശ്യമായ മുഴുവൻ സ്ഥലവും 2012-ൽ ഏറ്റെടുത്തതാണ്. കഴിഞ്ഞവർഷം 19.50 കോടി രൂപ ചെലവിട്ട് ടാർ ചെയ്ത റോഡ് പൊട്ടിപ്പൊളിഞ്ഞ് നിറയെ കുഴികളായിരിക്കുകയാണ്. ഇപ്പോൾ കുഴികൾ അടയ്ക്കാൻ നടപടി സ്വീകരിച്ചുവെങ്കിലും ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകുന്നില്ല. കേരളത്തിൽ 60 മീറ്റർ വീതിയിൽ റോഡിന് സ്ഥലം വിട്ടുകൊടുത്ത ഒരേയൊരു പ്രദേശമാണ് അവിടം. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് റോഡുപണി ഉടൻ ആരംഭിക്കണമെന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് ലഭിക്കണമെന്നുമാണ് ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, എൻ.എച്ച്. 47-ൽ മണ്ണുത്തി മുതൽ വടക്കഞ്ചേരി വരെയുള്ള ഭാഗം ആറുവരിപ്പാതയായി വികസിപ്പിക്കുന്നതിന് തൃശ്ശൂർ എക്സ്പ്രസ്സ് വേ ലിമിറ്റഡ് എന്ന കൺസഷണയർ കമ്പനിയെ 24-08-2009-ൽ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പദ്ധതി ബാധിതരുടെ പലവിധ എതിർപ്പുകൾ കാരണം പ്രവൃത്തി മുന്നോട്ടുപോയില്ല. തുടർന്ന് പ്രോജക്ട് തുടങ്ങുന്നതിനുള്ള സമയം 15-9-2012 ആയും പൂർത്തിയാക്കുന്നതിനുള്ള സമയം 14-3-2015 ആയും പുനർനിശ്ചയിക്കുകയുണ്ടായി. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം 15-9-2012 -ൽ കൺസ്ട്രക്ഷൻ കമ്പനിക്ക് പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല. 7-10-2014 -ൽ പണി ആരംഭിച്ച് നല്ല രീതിയിൽ പുരോഗമിക്കുന്നതായി ദേശീയ പാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. 2017 മാർച്ചോടുകൂടി പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിലുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ദേശീയപാതാ അതോറിറ്റി 1.04 കോടി രൂപയും പൊതുമരാമത്ത് വകുപ്പ് 19.19 കോടി രൂപയും ചെലവാക്കി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ മഴക്കാലത്ത് പോട്ട്ഹോൾസ് ഉണ്ടായ ഭാഗങ്ങളിൽ കൺസഷണയർ കമ്പനി അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്. 6 വരിപ്പാത പൂർത്തിയാക്കുന്നതുവരെ നിലവിലുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ കൺസ്ട്രക്ഷൻ കമ്പനിതന്നെ ചെയ്യുന്നതാണ്. അതിന് അവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (32) കോമളം-അഗസ്ത്തിക്കോട്-വടമൺ-ഏറം-റോഡിന്റെ ശോച്യാവസ്ഥ

<u>ശ്രീ. കെ.രാജു</u>: സർ, എന്റെ മണ്ഡലത്തിലെ കോമളം-അഗസ്ത്തിക്കോട്-വടമൺ-ഏറം-റോഡിലെ ഒരു കലുങ്ക് കഴിഞ്ഞ മഴയത്ത് ഒലിച്ചുപോയി. അതുകാരണം അവിടെ വാഹനഗതാഗതം നിരോധിച്ചിരിക്കുകയാണ്. പി.ഡബ്ല്യു.ഡി. "പാലം അപകടത്തിൽ" എന്ന ഒരു ബോർഡ് വയ്ക്കുകമാത്രമേ അവിടെ ചെയ്തിട്ടുള്ളൂ. ആ കലുങ്ക് പുതുക്കിപ്പണിയുന്നതിന് 15 ലക്ഷം രൂപ അനുവദിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, പുനലൂർ മണ്ഡലത്തിലെ കോമളം-അഗസ്ത്യക്കോട്-വടമൺ-ഏറം പി.ഡബ്ല്യൂ.ഡി. റോഡിന്റെ ഏറം ഭാഗത്ത് സ്കൂളിനടുത്തുള്ള കലുങ്ക് പുനർ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## (33) സി. ആർ.എഫ്. റോഡുകൾ

ശ്രീ. വർക്കല കഹാർ: സർ, പാപനാശവും ശിവഗിരിയുമായി ബന്ധിപ്പിക്കുന്ന പാരിപ്പള്ളി-വർക്കല റോഡ് നാഷണൽ ഹൈവേയിലുള്ള പ്രധാനപ്പെട്ട റോഡാണ്. മാത്രമല്ല, തീരദേശവുമായി ബന്ധപ്പെടുത്തുന്ന റോഡും കൂടിയാണിത്. 10 വർഷത്തിനുമുൻപ് സി. ആർ.എഫ്.ലെ 10 കോടി രൂപ ഉപയോഗിച്ച് ചെയ്തതാണ്. ഇന്ന് ആ റോഡ് ജീർണ്ണത ബാധിച്ചു. ഇത് പൂർണ്ണമായും പുനർനിർമ്മിക്കണമെങ്കിൽ 25 കോടി രൂപ വേണം, ഇപ്പോൾ അതിന്റെ ആവശ്യമില്ല. റീ-സർഫസിംഗ് നടത്തിയാൽ മതിയാകും. അതിന് രണ്ടോ മൂന്നോ കോടിരൂപ ആവശ്യമായിവരും. ഇത്തരത്തിലുള്ള സി.ആർ.എഫ്. റോഡുകൾ അടിയന്തരമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, സെൻട്രൽ റോഡ് ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് റീ-സർഫസിംഗ് നടത്തുന്നതിനുള്ള പ്രൊവിഷനില്ല. പക്ഷേ, അദ്ദേഹം സൂചിപ്പിച്ചതുപോലെ ആ റോഡ് തകർന്നുപോയാൽ വീണ്ടും നിർമ്മിക്കാൻ കൂടുതൽ തുക ആവശ്യമുള്ളതു കൊണ്ട് സംസ്ഥാന ഗവൺമെന്റ് തന്നെ റീ-സർഫസിംഗ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (34) കൊല്ലാട്ട്- ഇട്ടി അച്ചുതൻ വൈദ്യർക്ക് സ്മാരകം

ശ്രീ. പി. തിലോത്തമൻ: സർ, ലോകപ്രശസ്ത ആയുർവേദ പണ്ഡിതനും ഹോർത്തൂസ് മലബാറിക്കസ് എന്ന വിഖ്യാതഗ്രന്ഥരചനയിൽ മുഖ്യപങ്കുവഹിച്ച ഇട്ടി അച്ചുതൻ വൈദ്യരുടെ ജന്മഗൃഹമായ കടക്കരപ്പള്ളിയിലെ കര്യാലയിലെ, ഔഷധ സസ്യക്കാവും സംരക്ഷിത സ്മാരകമായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ട് നാളേറെയായി. ഇതുവരെ ആ സ്മാരക നിർമ്മാണത്തിനുള്ള യാതൊരു നടപടിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരിയായിട്ടുള്ള ഉമയമ്മ എന്ന സ്ത്രീ ഇന്ന് വലിയ സാമ്പത്തിക ബാധ്യതയിൽ ബാങ്കിന്റെ ജപ്തി നടപടി നേരിടുന്ന അവസ്ഥയിലാണ്. ആ കര്യാലയും ഔഷധസസ്യക്കാവും ഉൾപ്പെടെ സംരക്ഷിതമേഖലയായി പ്രഖ്യാപിച്ചുവെങ്കിലും അത് സർക്കാർ ഏറ്റെടുത്ത് അവിടെ സ്മാരകം നിർമ്മിക്കാനുള്ള നടപടികൾ ഇനിയും ഉണ്ടായിട്ടില്ല.

ആ നാടു മുഴുവൻ ആഗ്രഹിക്കുന്ന, അവരുടെ വലിയൊരു സ്വപ്നസാഫല്യമായിരിക്കും അവിടെ സ്മാരകം സ്ഥാപിക്കുക എന്നുള്ളത്. അതിലേക്കാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണം, ആ പുരയിടം 86 സെന്റ് സർക്കാർ ഏറ്റെടുത്ത് അവിടെ ചരിത്ര സ്മാരകം നിർമ്മിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട പി. തിലോത്തമൻ തന്നെ ഈ സഭയിൽ ആവശ്യപ്പെട്ട പ്രകാരമാണ് ഈ സർക്കാരിന്റെ കാലത്ത് 28-07-2014 -ലെ സർക്കാർ ഉത്തരവുപ്രകാരം ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ ഇട്ടി അച്ചുതൻ വൈദ്യർ കുര്യാലയും ഔഷധസസ്യക്കാവും പുരാവസ്തു വകുപ്പിന്റെ സ്മാരകമായി പ്രഖ്യാപിച്ചത്. ഇപ്പോൾ ഒരു വർഷം കഴിഞ്ഞു, പുരാവസ്തുവകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി 150 ഓളം സംരക്ഷിത സ്മാരകങ്ങൾ ഉണ്ട്. ഇവയിൽ ഭൂരിഭാഗവും സർക്കാർ ഉടമസ്ഥതയിൽ ഉള്ളതല്ല. ഇട്ടി അച്ചുതൻ വൈദ്യൻ കുര്യാലയവും ഔഷധസസ്യക്കാവും ഇതിൽപ്പെടുന്നു. ഇവ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ടവരും ജനപ്രതിനിധികളുമായി ആലോചിച്ച് പുരാവസ്തുവകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. വലിയ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അനന്തരാവകാശിയായ ശ്രീമതി ഉമയമ്മ ബാങ്ക് ജപ്തി ഭീഷണി നേരിടുകയാണ്. ജപ്തി ചെയ്യരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം ആവശ്യപ്പെട്ടതുപോലെ പ്രസ്തുത സ്ഥലം ഗവൺമെന്റ് ഏറ്റെടുത്ത് സ്മാരകമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (35) ക്ഷീര സഹകരണസംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. കെ. വി. വിജയദാസ്: സർ, ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ ഇന്നലെ ഈ സബ്മിഷൻ സഭയിൽ അവതരിപ്പിച്ചതാണ്. അതിന്റെ മറുപടി ആണ് അറിയേണ്ടത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, പ്രാഥമിക ക്ഷീര സഹകരണസംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 20-8-2014-ലെ സർക്കാർ ഉത്തരവുപ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷീര സംഘം ജീവനക്കാരുടെ സംഘടനകൾ സമർപ്പിച്ച നിർദ്ദേശങ്ങളും ജില്ലകളിൽ നിന്നുള്ള അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ട് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. 3-10-2015 -ന് ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി അംഗങ്ങൾ മിൽമാ പ്രതിനിധികളുമായും ജീവനക്കാരുമായും ചർച്ചകൾ നടത്തി. ശമ്പള പരിഷ്കരണം

നടപ്പിലാക്കുന്നതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പെൻഷൻ ബോർഡിലേക്ക് അടയ്ക്കേണ്ടതാണ്. കുടിശ്ശിക കണക്കാക്കി ക്ഷീരസംഘം പ്രതിനിധികൾ ഗവൺമെന്റിന് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ ടി ചർച്ചയിലെ തീരുമാനപ്രകാരം ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## (36) മുൻ പഞ്ചായത്ത് പ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഈ സെഷൻ തുടങ്ങി രണ്ടാമത്തെ ദിവസം ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നതിനായി കൊടുത്തതായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചപ്പോൾ ഇത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാണെന്ന് പറഞ്ഞപ്പോൾ ഞാൻ കൂടുതൽ താൽപര്യം എടുത്തില്ല. ഇന്നെടുത്ത മൊത്തം 45 സബ്മിഷനുകളുടെ കൂട്ടത്തിൽ ഇതും ഉൾപ്പെട്ടുവെന്നേയുള്ളൂ. കേരളത്തിലെ പ്രാദേശിക ഭരണ രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്നാണ് ഞാനീ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. ഈ ഗവൺമെന്റ് അവർക്കുവേണ്ടി ചില നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും പെൻഷനും ഇൻഷ്വറൻസ് പദ്ധതിയും ഇതുവരെയും നടപ്പാക്കിയിട്ടില്ല. അതിനാൽ അത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ക്ലേശകരമായ ജീവിതം നയിക്കുകയും ചികിത്സയ്ക്ക് പോലും ഗതിയില്ലാതെ കഷ്ടപ്പെടുന്ന മുൻ പഞ്ചായത്ത് അംഗങ്ങളെ ചിയാക്ക്-ന്റെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യസുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാവർഷവും തുക സംഭാവന ചെയ്യുന്ന അവിടുത്തെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി പരിരക്ഷ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് സെക്രട്ടേറിയറ്റിലും മറ്റ് ഓഫീസുകളിലും സുഗമമായി പ്രവേശിക്കുന്നതിനായി അതത് പഞ്ചായത്തുകൾ മുഖേന ചില മാനദണ്ഡങ്ങൾക്ക് വിധേയമായി തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുവാൻ അനുമതി നൽകിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻപദ്ധതി നടപ്പിലാക്കണമെന്നുള്ളത് വളരെ നാളായി ഉയർന്നുവന്നിട്ടുള്ള ആവശ്യമാണ്. ഈ

ആവശ്യവുമായി ബന്ധപ്പെട്ട് ഞാനും നഗര വികസന വകുപ്പുമന്ത്രിയും ഗ്രാമവികസന വകുപ്പുമന്ത്രിയുമടക്കം അതിനുവേണ്ടി ഒരു ഫയൽ തുറക്കുകയും അതിപ്പോൾ ക്യാബിനറ്റിന്റെ പരിഗണനയിലുമാണ്. മുഖ്യമന്ത്രിയടക്കമുള്ളവർ അതിന് അനുകൂലമായി പ്രതികരിച്ചിട്ടുണ്ട്. നമ്മുടെ സാമ്പത്തിക സ്ഥിതികൂടി പരിശോധിച്ച്, എത്രയും പെട്ടെന്ന് ഈ പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## (37) കെട്ടിട നമ്പരും കൈവശാവകാശ സർട്ടിഫിക്കറ്റും ലഭ്യമാക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ബിൽഡിംഗ് പെർമിറ്റിന് വിധേയമായി നിർമ്മാണം പൂർത്തിയാക്കിയ നിരവധി കേസ്സുകളിൽ മറ്റ് പല കാരണങ്ങൾ ചൂണ്ടിക്കാണിച്ച് കെട്ടിട നമ്പരും ഒക്യുപൻസിയും നൽകാത്ത സാഹചര്യം നിലവിലുണ്ട്. ഇതുമൂലം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ കെട്ടിട ഉടമകൾക്ക് വീടുകളാണെങ്കിൽ അതിൽ താമസിക്കുന്നതിനോ, അല്ലെങ്കിൽ കച്ചവട സ്ഥാപനങ്ങളാണെങ്കിൽ കച്ചവടം ആരംഭിക്കുന്നതിനോ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ഈ പ്രതിസന്ധി പരിഹരിക്കുവാൻ, നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും അവർ നൽകിയ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പരും ഒക്യുപെൻസിയും നൽകുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിലെ ആർ.ബി. സെക്ഷനിലെ 27-9-2014-ലെ 167/2014 നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പണിതതിനുശേഷം ക്രമക്കേടോ ചട്ടലംഘനമോ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം പെർമിറ്റിന് അപേക്ഷ നൽകിയവർക്കല്ല, മറിച്ച് അവിടത്തെ ഉദ്യോഗസ്ഥർക്കാണ്. അതുകൊണ്ട് ആ ഉദ്യോഗസ്ഥരിൽനിന്നും ഗവൺമെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആ നഷ്ടം ഈടാക്കണം. കെട്ടിട നമ്പരുകൾ അനുവദിക്കുന്നതിന് നഗരസഭകൾക്ക് അന്നൊരു പെർമിഷൻ കൊടുത്തു. എന്നാൽ സാധാരണക്കാരായ കൂടുതൽ ആളുകൾ താമസിക്കുന്ന പഞ്ചായത്തുകളിൽ ഇതിനാവശ്യമായ ഉത്തരവ് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തുകളിൽ നിന്നും അനുവദിച്ച പെർമിറ്റ് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതും എന്നാൽ മറ്റ് പല കാരണങ്ങൾ ചൂണ്ടിക്കാട്ടി കെട്ടിട നമ്പരും ഒക്യുപെൻസിയും നൽകാത്തതുമായ കെട്ടിടങ്ങൾക്ക് ഇത് ലഭിക്കുവാനാവശ്യമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, നഗരസഭ നൽകിയ പെർമിറ്റിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടോ

ചട്ടലംഘനമോ കണ്ടെത്തുകയും അതിലൂടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് ബോധ്യമാവുകയും ചെയ്താൽ അതിന്റെ ഉത്തരവാദിത്വം പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥർക്ക് നൽകുകയും അവരിൽ നിന്നും സാമ്പത്തിക നഷ്ടം ഈടാക്കുകയും നഗരസഭ നൽകിയ പെർമിറ്റ് പ്രകാരമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെങ്കിൽ പ്രസ്തുത കെട്ടിടത്തിന് നിബന്ധനകൾക്ക് വിധേയമായി ഒക്യുപെൻസി നൽകാൻ ഇവിടെ സൂചിപ്പിച്ചതുപോലെ 167/2014 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട് എന്നുള്ളത് ശരിയാണ്. പക്ഷേ ഇത്തരം ഒരു ഉത്തരവ് ഗ്രാമപഞ്ചായത്തുകൾക്ക് ഇതുവരെ ബാധകമാക്കിയിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട അംഗം ഈ വിഷയം ഉന്നയിച്ച സാഹചര്യത്തിൽ ഇത് പരിഗണിച്ച് നഗരസഭകൾക്ക് നൽകിയ പെർമിറ്റിനനുസൃതമായി ഗ്രാമപഞ്ചായത്തുകളിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് ഒക്യുപെൻസി നൽകുന്നതിന് അനുകൂലമായി ഉത്തരവ് ഇറക്കുന്നതാണെന്ന് അറിയിക്കുന്നു.

## (38) ഗുരുവായൂർ ദേശീയ തീർത്ഥാടന കേന്ദ്രമാക്കൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗുരുവായൂർ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഒരു വർഷം മൂന്ന് കോടിയോളം തീർത്ഥാടകർ വരുന്ന ഒരു നഗരമാണ് ഗുരുവായൂർ. ഗുരുവായൂരിന്റെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ പ്രത്യേക പദ്ധതികൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. അതിനുവേണ്ടി അത്തരമൊരു പ്രഖ്യാപനത്തിന് സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന ആവശ്യമാണ് എനിക്ക് പറയാനുള്ളത്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത് ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിയാണ്. ഗുരുവായൂർ ക്ഷേത്രത്തിൽ എത്തുന്ന തീർത്ഥാടകർക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഭക്തജനങ്ങളുടെ സൗകര്യാർത്ഥം ക്ഷേത്രത്തിന്റെ കിഴക്കെ നടയിൽ നൂറ് കോടി രൂപ ചെലവഴിച്ച് ഒരു ക്യൂ കോംപ്ലക്സും 25 ലക്ഷം രൂപ ചെലവഴിച്ച് ഒരു മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനവും ഒരുക്കുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും അത് സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണ്. കേന്ദ്ര സർക്കാർ അടുത്തിടെ പ്രഖ്യാപിച്ച 'പ്രസാദ്' സ്കീമിൽ കേരളത്തിലെ വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് സമർപ്പിച്ച പട്ടികയിൽ ഗുരുവായൂർ ക്ഷേത്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിന്റെ 100 മീറ്റർ ചുറ്റളവിൽ ക്ഷേത്ര

വികസനവും തീർത്ഥാടകർക്കുള്ള സൗകര്യവുമായി ബന്ധപ്പെട്ടല്ലാതെ മറ്റ് നിർമ്മാണ പ്രവൃത്തികൾ നടത്താൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുണ്ട്. ഈ സാഹചര്യത്തിൽ ക്ഷേത്രത്തിനടുത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കില്ല. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കോടതി ഉത്തരവിന് വിധേയമായി 'പ്രസാദ്' സ്കീമിൽ പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നഗര വികസന മന്ത്രാലയത്തിന് കീഴിലുള്ള 'അമൃത്' പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനപ്രകാരം ഗുരുവായൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം കുടിവെള്ള വിതരണം, സ്വീവറേജ്, ഡ്രെയിനേജ്, നടപ്പാതകൾ തുറന്ന സ്ഥലങ്ങൾ വികസിപ്പിക്കുക എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. 41.76 കോടി രൂപയുടെ പദ്ധതിയിൽ 50 ശതമാനം കേന്ദ്ര സർക്കാരും 30 ശതമാനം സംസ്ഥാന സർക്കാരും 20 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണം. 2016-2017-ൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## (39) പി.എച്ച്.സി.യെ സി.എച്ച്.സി. ആക്കൽ

ശ്രീ. പി. കെ. ബഷീർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കുഴിമണ്ണ പഞ്ചായത്തിലെ പി.എച്ച്.സി. സി.എച്ച്.സി. ആയി ഉയർത്തണമെന്നതാണ് ഈ സബ്മിഷനിലൂടെ എന്റെ ആവശ്യം. പല പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിയോട് അവിടത്തെ ജനങ്ങളുടെ ആവശ്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതുകൊണ്ട് കുഴിമണ്ണ പഞ്ചായത്തിലെ പി.എച്ച്.സി. സി.എച്ച്.സി. ആയി ഉയർത്തുവാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കുഴിമണ്ണ പ്രാഥമിക ആരോഗ്യ കേന്ദ്രം രണ്ട് കെട്ടിടങ്ങളിലായാണ് പ്രവർത്തിക്കുന്നത്. പി.എച്ച്.സി.യിൽ രണ്ട് അസിസ്റ്റന്റ് സർജന്മാരുടേതുൾപ്പെടെ 16 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം. വഴി ഒരു ഡോക്ടറുടെ സേവനവും ഒരു ഫാർമസിസ്റ്റിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (40) ആദിവാസി വിഭാഗത്തിന് ചികിത്സയും ധനസഹായവും നിഷേധിക്കൽ

ശ്രീ. എ. പ്രദീപ്കുമാർ: സർ, ആദിവാസി വിഭാഗങ്ങൾക്ക് സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന ചികിത്സാ സൗകര്യങ്ങൾ നിഷേധിക്കുന്ന വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സാധാരണഗതിയിൽ ആദിവാസികൾക്ക് മെഡിക്കൽ കോളേജുകളിലും മറ്റ്

ഗവൺമെന്റ് ആശുപത്രികളിലും മരുന്നുൾപ്പെടെ എല്ലാ സർജിക്കൽ ഉപകരണങ്ങളും സൗജന്യമായി കൊടുക്കും. രോഗികളുടെ കൂട്ടിരിപ്പുകാർക്ക് പ്രതിദിനം 200 രൂപ വച്ച് കൊടുക്കാറുണ്ട്. അതുപോലെതന്നെ രോഗികളെ വീട്ടിലേയ്ക്കും മറ്റും കൊണ്ടുപോകുന്നതിന് ആംബുലൻസ് സർവ്വീസ് സൗജന്യമായി ഉറപ്പാക്കാറുണ്ട്. ഈ സേവനങ്ങളെല്ലാം കേരളത്തിൽ പൊതുവെ ഇല്ലാതായിരിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ രോഗികൾക്കുണ്ടാകുന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. അവിടെ ഇപ്പോൾ ആദിവാസികൾക്ക് മരുന്നും സർജിക്കൽ ഉപകരണങ്ങളും വാങ്ങിക്കൊടുത്ത വകയിൽ 2.6 കോടി രൂപയാണ് ആശുപത്രി വികസന സമിതിക്ക് കൊടുക്കാനുള്ളത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീമതി പി.കെ. ജയലക്ഷ്മി മറുപടി പറഞ്ഞ സമയത്ത് എത്രയോ രൂപ അനുവദിച്ചുവെന്ന് പറഞ്ഞു. ഈ നിമിഷം വരെ ആ പണം ലഭിച്ചിട്ടില്ല. അവർ പറഞ്ഞത് വസ്തുതാപരമായി ശരിയല്ല, ചിലപ്പോൾ തെറ്റായ വിവരം ലഭിച്ചതുകൊണ്ടാകാം അങ്ങനെ പറഞ്ഞത്. ഒരു പൈസയും അവിടെ കൊടുത്തിട്ടില്ല. കൂട്ടിരുപ്പുകാർക്ക് കൊടുക്കാനുള്ള 200 രൂപ കൊടുക്കാറേയില്ല. ആംബുലൻസ് സർവ്വീസിനുള്ള പണം കൊടുക്കാൻ കഴിയുന്നില്ല. ആഴ്ചയിൽ ഒരു ദിവസം മാത്രമേ ആംബുലൻസ് അനുവദിച്ചുകൊടുക്കാറുള്ളൂ. വലിയ ദുരിതമാണ് അവിടെ വരുന്ന രോഗികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിൽ ഒരു ആദിവാസി വിഭാഗവുമില്ല. പക്ഷേ മെഡിക്കൽ കോളേജ് അവിടെ ആയതിനാൽ ഇവരുടെയൊക്കെ പ്രശ്നങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുകയും പലപ്പോഴും ഞങ്ങൾ ഇടപെടാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് എച്ച്.ഡി.സി.യിൽ നിന്നും പണം കൊടുക്കുന്നത്. എച്ച്.ഡി.സി.ക്ക് 2.6 കോടി രൂപ സർക്കാർ കൊടുത്തില്ലെങ്കിൽ ആശുപത്രി വികസന സമിതിയുടെ ആ സ്ഥാപനം പൂട്ടേണ്ട സ്ഥിതിയിലാകും. എല്ലാപേർക്കും സൗജന്യമായി മരുന്ന് കൊടുക്കാനുള്ള ഒരു സ്ഥാപനം പൂട്ടേണ്ട ഗൗരവതരമായിട്ടുള്ള സാഹചര്യമാണുള്ളത്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ആദിവാസി വിഭാഗങ്ങൾക്ക് മരുന്ന് വാങ്ങിക്കൊടുത്ത ഇനത്തിൽ കുടിശ്ശികയുള്ള 2.6 കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സമിതിക്ക് ഉടൻ കൊടുക്കുക; ഇല്ലെങ്കിൽ ആ മെഡിക്കൽ ഷോപ്പ് പൂട്ടേണ്ട സാഹചര്യമുണ്ടാകും. തുടർന്നും അവർക്ക് കൊടുക്കാൻ കഴിയാത്ത സാഹചര്യം വരും. അതുപോലെ ആദിവാസികളുടെ ഉപയോഗത്തിന് മാത്രമായി ഒരു ആംബുലൻസ് ഒരു ഡ്രൈവറുടെ സേവനവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂട്ടിരിപ്പുകാർക്ക് കാലാകാലങ്ങളായി കൊടുത്തുകൊണ്ടിരുന്ന 200 രൂപ പുനഃസ്ഥാപിക്കുക. മറ്റാരെക്കാളും ഏറ്റവും കൂടുതൽ പരിഗണന കൊടുക്കേണ്ട ഒരു വിഭാഗമെന്ന നിലയിൽ നമ്മുടെ സൗകര്യങ്ങൾ വെട്ടിക്കുറച്ചിട്ടാണെങ്കിലും അവർക്കുള്ള സൗകര്യങ്ങൾ ഉറപ്പാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

**(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ )**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാകുന്ന എല്ലാ ചികിത്സയും ആദിവാസി രോഗികൾക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. ചികിത്സ കഴിഞ്ഞ് മടങ്ങിപ്പോകുന്ന രോഗികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ദിവസങ്ങളിൽ ഡിസ്ചാർജ് ചെയ്യുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് യാത്രാപ്പടി നൽകിവരുന്നു. കൂട്ടിരിപ്പുകാർക്ക് 200 രൂപ യാത്രാപ്പടി അനുവദിക്കുന്നതിനുള്ള സംവിധാനങ്ങൾ ലഭ്യമാണ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലാ ട്രൈബൽ ഓഫീസർമാരുടെ യോഗം വിളിച്ചുചേർത്ത് രോഗികൾക്ക് എല്ലാ ദിവസവും ആമ്പുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആദിവാസികളായ രോഗികൾക്ക് എല്ലാ ചികിത്സാസൗകര്യങ്ങളും ഏർപ്പെടുത്തുവാനും തുടർ ചികിത്സാസംബന്ധമായ ധനസഹായം എന്നിവയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. ഇന്നലെ ഒരുകോടി രൂപ ഇതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് എത്തുന്ന ആദിവാസികൾക്ക് ബന്ധപ്പെട്ട ഡോക്ടർമാരെ ഒ.പി.യിൽ കാണുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന കാര്യംകൂടി ഞാൻ അറിയിക്കുകയാണ്. കാരണം, അവിടെ എത്തിച്ചേരുന്ന രോഗികൾക്ക് കൂടുതൽ വിദ്യാഭ്യാസവും മറ്റും ഇല്ലാത്തതുകൊണ്ട് ഡോക്ടർമാരെ കാണാൻ എവിടെ പോകണം, എവിടെ ചികിത്സയ്ക്ക് എത്തിക്കണമെന്നുള്ള കാര്യങ്ങളെക്കുറിച്ച് അറിയില്ല. അതിനായി വോളണ്ടിയർമാരെ വച്ച് പ്രത്യേകമായിട്ടുള്ള സംവിധാനത്തിലൂടെ, അവർക്ക് മുൻഗണന കൊടുത്ത് ഡോക്ടർമാരെ ഒ.പി.യിലും മറ്റ് ചികിത്സയ്ക്കും കാണുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനവും കോഴിക്കോട് മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് I പ്രകാരം

I. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു: _

1. ജി.ഒ. (എംഎസ്.) നമ്പർ 183/2015/നിയമം തീയതി 16-11-2015
(എസ്.ആർ.ഒ. നമ്പർ 747/2015)

2. ജി.ഒ. (ആർറ്റി.) നമ്പർ 2973/2015/ഹോം തീയതി 21-11-2015 (എസ്.ആർ.ഒ. നമ്പർ 812/2015)

3. ജി.ഒ. (പി) നമ്പർ 30/2015/പി. ആന്റ് എ.ആർ.ഡി. തീയതി 19-11-2015 (എസ്.ആർ.ഒ. നമ്പർ 822/2015)

4. ജി.ഒ. (പി) നമ്പർ 33/2015/പി. ആന്റ് എ.ആർ.ഡി. തീയതി 25-11-2015 (എസ്.ആർ.ഒ. നമ്പർ 824/2015)

5. വയനാട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2011-12-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

II. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, താഴെപ്പറയുന്ന കടലാസുകൾ റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ. (പി) നമ്പർ 611/2015/ആർ.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 811/2015).

III. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു

1. ജി.ഒ. (പി) നമ്പർ 207/2015/നി.വ. തീയതി 27-11-2015 (എസ്.ആർ.ഒ. നമ്പർ 804/2015)

2. ജി.ഒ. (പി) നമ്പർ 215/2015/റ്റി.ഡി. തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 818/2015)

3. ജി.ഒ. (എംഎസ്.) നമ്പർ 6/2015/സി.എ.ഡി. തീയതി 20-11-2015 (എസ്.ആർ.ഒ. നമ്പർ 819/2015)

4. ജി.ഒ. (എംഎസ്.) നമ്പർ 7/2015/സി.എ.ഡി. തീയതി 20-11-2015 (എസ്.ആർ.ഒ. നമ്പർ 820/2015).

IV. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

നമ്പർ 1573/അഡ്മിൻ./15/കെ.എസ്.ഇ.ആർ.സി. തീയതി 18-11-2015.

V. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ): സർ,

താഴെപ്പറയുന്ന കടലാസുകൾ സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (പി) നമ്പർ 148/2014/കോ-ഓപ്. തീയതി 09-12-2014 (എസ്.ആർ.ഒ. നമ്പർ 770/2015).

VI. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (പി) നമ്പർ 343/2015/എൽ.എസ്.ജി.ഡി. തീയതി 18-11-2015 (എസ്.ആർ.ഒ. നമ്പർ 769/2015).

VII. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (ആർറ്റി.) നമ്പർ 1260/2009/എൽ.ബി.ആർ. തീയതി 20-8-2009 (എസ്.ആർ.ഒ. നമ്പർ 198/2010 മുതൽ 202/2010 വരെ) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ. (ആർറ്റി.) നമ്പർ 159/2010/എൽ.ബി.ആർ. തീയതി 30-1-2010 (എസ്.ആർ.ഒ. നമ്പർ 430/2010 മുതൽ 443/2010 വരെ) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ. (ആർറ്റി.) നമ്പർ 692/2010/എൽ.ബി.ആർ. തീയതി 9-4-2010 (എസ്.ആർ.ഒ. നമ്പർ 603/2010 മുതൽ 606/2010 വരെ) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ. (ആർറ്റി.) നമ്പർ 746/2010/എൽ.ബി.ആർ. തീയതി 22-4-2010 (എസ്.ആർ.ഒ. നമ്പർ 614/2010) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
5. ജി.ഒ. (പി) നമ്പർ 168/2015/എൽ.ബി.ആർ. തീയതി 9-11-2015 (എസ്.ആർ.ഒ. നമ്പർ 807/2015)
6. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ചിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VIII. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (ആർറ്റി.) നമ്പർ 6322/2015/ആർ.ഡി. തീയതി 26-11-2015

(എസ്.ആർ.ഒ. നമ്പർ 802/2015).

(2) ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് I പ്രകാരം

1. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

   പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളത്തിലെ 4790, പന്ത്രണ്ടാം സമ്മേളനത്തിലെ 4097, 4107 പതിനാലാം സമ്മേളനത്തിലെ 66, 4387 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ആഭ്യന്തരവകുപ്പ് മന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

   പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളത്തിലെ 233, പതിനാലാം സമ്മേളനത്തിലെ 5711 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

   പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളത്തിലെ 2163, 2164, 4763 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ജയലക്ഷ്മി): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

   പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളത്തിലെ 5924,

5935 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, താഴെ പറയുന്ന കടലാസുകൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളത്തിലെ 1067 -ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

6. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളത്തിലെ 5292 -ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

7. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളത്തിലെ 4048 -ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VII ക്രമപ്രശ്നം

### ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാത്തത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർമാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നില്ല. ഈ സഭയുടെ പതിനഞ്ചാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. 781 ചോദ്യത്തിനുള്ള മറുപടി ലഭിക്കാനുണ്ട്. പതിമൂന്നാം കേരള നിയമസഭയുടെ ഒന്നു മുതൽ പതിനാലുവരെയുള്ള സമ്മേളനങ്ങളിൽ ഏതാണ്ട് ആയിരത്തോളം ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയിട്ടില്ല.

എന്റെ ചോദ്യങ്ങളിൽ മുപ്പത്തിമൂന്നെണ്ണത്തിന് ഉത്തരം കിട്ടിയില്ല. ഈ ചോദ്യങ്ങൾക്ക് ഉത്തരം ഇല്ലാത്തതുകൊണ്ടല്ല, ഉത്തരം കൊടുത്തുകഴിഞ്ഞാൽ മെമ്പർമാർ ഗവൺമെന്റിനെതിരായി ഉപയോഗിച്ചുകളയും എന്നുള്ള ധാരണയിൽ പൂഴ്ത്തിവയ്ക്കുകയാണ്. കേരളത്തിലെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. ശ്രീജിത്ത്, ഐ.ജി. നടത്തിയ ഒരു അന്വേഷണ റിപ്പോർട്ട് റവന്യൂവകുപ്പിന്റെ കൈവശമുണ്ട്. പത്രങ്ങളിലെല്ലാം ഇതിനെക്കുറിച്ചുള്ള വാർത്ത വന്നതാണ്. ഏതാണ്ട് അഞ്ചേകാൽ ലക്ഷത്തോളം ഏക്കർ ഭൂമി അനധികൃതമായി കൈവശംവെച്ച ഒരു വിവരണമാണിത്. അദ്ദേഹം അന്വേഷണം നടത്തിയിട്ട് കൊടുത്തതാണ്. ഞാൻ ചോദിച്ച ഇതുസംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നതിനുള്ള ഉത്തരമെന്നു പറയുന്നത്;- "വിവരം ശേഖരിച്ചുവരുന്നു". അതിന്റെ ഭാഗമായി ആഭ്യന്തരവകുപ്പ് ചില കേസുകളെടുത്തിട്ടുണ്ട്. ഇത് ആഭ്യന്തര വകുപ്പുമന്ത്രിതന്നെ പത്രക്കാരോട് പറഞ്ഞ കാര്യമാണ്. എത്ര കേസെടുത്തിട്ടുണ്ട് എന്ന് ചോദിച്ച സമയത്ത് വിവരം ശേഖരിച്ചുവരുന്നു എന്നാണ് പറഞ്ഞത്. വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ ചോദിച്ചു - "ഈ അഞ്ചുവർഷത്തിലേയ്ക്ക് എത്ര ഉല്പാദനം നടന്നിട്ടുണ്ട്; ഡിസ്ട്രിബ്യൂഷൻ രംഗത്തെയും ട്രാൻസ്മിഷൻ രംഗത്തെയും പുരോഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് എത്ര ഫണ്ട് നമ്മൾ നീക്കിവെച്ചു, എത്ര ചെലവഴിച്ചു?" അതിനുള്ള മറുപടിയും "വിവരം ശേഖരിച്ചുവരുന്നു" എന്നാണ്. യഥാർത്ഥത്തിൽ നിയമസഭാ സാമാജികന്മാരുടെ സജീവത നിയമസഭയിൽ കൊണ്ടുവരുന്നതിന് തടസ്സമായി നിൽക്കുകയാണ് ഈ ഉദ്യോഗസ്ഥർ. അത് മന്ത്രിമാരുടെ നിർദ്ദേശ പ്രകാരമാണെങ്കിൽ ബഹുമാനപ്പെട്ട അങ്ങ് അതിൽ ഇടപെടണം. ലോകസഭാ സെക്രട്ടറിയായിരുന്ന സുഭാഷ് സി. കശ്യപ് എഴുതിയ പാർലമെന്ററി പ്രൊസീഡ്യൂവറിൽ പറയുന്നത്, 'In the context of parliamentary institutions, it is an inherent and inalienable right of a Member of Parliament to seek or elicit information from the Government on a matter of public interest in order to enable him to discharge his duties enjoined by the Constitution' എന്നാണ്. ഇതാണ് ഇവിടെ നിഷേധിക്കുന്നത്. ഭരണഘടനാപരമായി ഞങ്ങൾ enjoy ചെയ്യേണ്ട ഒരു അവകാശമാണിത്. ഞങ്ങളുടെ പെർഫോമൻസ് അത് ഭരണകക്ഷിയായാലും പ്രതിപക്ഷമായാലും അതേറ്റവും സജീവമായി ഈ സഭയിൽ വരുന്നത് ഇൻഫർമേഷൻ കയ്യിൽ ഉണ്ടാകുമ്പോഴാണ്. അത് തരില്ല എന്നു പറയുന്നത് ജനാധിപത്യത്തോടുള്ള ഒരു വെല്ലുവിളിയാണ്. അനിവാര്യമായ ഏതെങ്കിലും സാഹചര്യത്തിൽ ചിലപ്പോൾ കിട്ടാതെ വരും. അത് മനസ്സിലാക്കാം. പത്രങ്ങളിൽ വന്ന വിവരങ്ങൾപോലും കിട്ടുന്നില്ല. എന്നാൽ വിവരാവകാശ കമ്മീഷൻ മുഖേന ചോദിക്കുമ്പോൾ ഞങ്ങൾക്ക് കിട്ടുന്നുണ്ട്. അതുകൊണ്ട് ഇതിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു റൂളിംഗ് ആവശ്യമാണ്.

## റൂളിംഗ്

മി. സ്പീക്കർ : നിയമസഭയിൽ ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരം കൊടുക്കുക എന്നുള്ളത് മന്ത്രിമാരുടെ കടമയും ഉത്തരം കിട്ടുക എന്നുള്ളത് മെമ്പർമാരുടെ അവകാശവുമാണ്. അത് പലപ്പോഴും ഇവിടെ നടക്കുന്നില്ല എന്നുള്ളത് ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലൻ പറഞ്ഞത് യാഥാർത്ഥ്യമാണ്. ഇത് ഒരിക്കലും ശരിയല്ല. ബന്ധപ്പെട്ട മന്ത്രിമാർ കൃത്യമായി മറുപടി കൊടുത്തേ തീരൂ. അതിനാവശ്യമായ സമയം നൽകിക്കൊണ്ടാണ് മന്ത്രിമാർക്ക് ചോദ്യം നൽകുന്നത്. പക്ഷേ, ഇതിൽ ഒരു വീഴ്ച വരരുതെന്ന് ചെയർ എടുത്തുപറയുന്നു. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ ഇവിടെ പറഞ്ഞതിൽ ഒരു കാര്യം, ഈ സഭാസമ്മേളനത്തിൽ 330 നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾ അനുവദിച്ചിട്ടുണ്ടായിരുന്നു. അതിൽ 330 ചോദ്യങ്ങൾക്കും മറുപടി കിട്ടിയിട്ടുണ്ട്. നക്ഷത്രചിഹ്നമിടാത്ത 3844 ചോദ്യങ്ങളാണുള്ളത്. അതിൽ 1622 എണ്ണത്തിന് നിശ്ചിത തീയതിക്കുമുമ്പുതന്നെ മറുപടി ലഭിച്ചിട്ടുണ്ട്. 1771 ചോദ്യങ്ങൾക്ക് പിന്നീട് മറുപടി ലഭിക്കുകയും അവ വൈകിക്കിട്ടിയ ഉത്തരമായി ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും ഉത്തരം ലഭിക്കാനുള്ളത് 781 ചോദ്യങ്ങൾക്കാണ്. ഇത് ശരിയായ രീതിയല്ല. ബഹുമാന്യരായ അംഗങ്ങൾക്ക് മറുപടി കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ചെയർ വളരെ കർശനമായി പറയുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ബോധപൂർവ്വമായി ഒരു വീഴ്ചയും ഞങ്ങൾ വരുത്തിയില്ല. വിവരം ലഭിക്കാനുള്ള താമസം കൊണ്ടാണ് ഇത്രയും വൈകിപ്പോയത്. ഇങ്ങനെയൊന്നും സംഭവിക്കാൻ പാടില്ല. അദ്ദേഹം പറഞ്ഞതുപോലെ ഉത്തരം കൊടുത്തുകഴിഞ്ഞാൽ എന്തെങ്കിലും കുഴപ്പമുണ്ടാകുന്നതുകൊണ്ടല്ല. അത് തെറ്റിദ്ധാരണയാണ്. എല്ലാ കാലത്തും ഇങ്ങനെ സംഭവിക്കാറുള്ളതാണ്. ഞങ്ങളുടെ ആഗ്രഹവും ഇങ്ങനെ സംഭവിക്കാൻ പാടില്ലെന്നുള്ളതുതന്നെയാണ്. അങ്ങയുടെ നിർദ്ദേശം വളരെ ഗൗരവത്തോടുകൂടി ഞങ്ങൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ചെയർ പറഞ്ഞത് ഇപ്പോഴുള്ള സംഭവം മാത്രമല്ല, ഈ നിയമസഭയുടെ കാലത്തായിരുന്നാലും കഴിഞ്ഞ നിയമസഭയുടെ കാലത്തായിരുന്നാലും അംഗങ്ങളുടെ ചോദ്യത്തിന് കൃത്യമായി മറുപടി കൊടുക്കുന്നതിൽ പലപ്പോഴും വീഴ്ച സംഭവിക്കുന്നുണ്ട്. അങ്ങനെ സംഭവിക്കരുത്. കൃത്യമായിതന്നെ അതിനുള്ള മറുപടി കൊടുക്കണമെന്നുമാത്രമേ ചെയർ റൂളിംഗ് നൽകിയിട്ടുള്ളു.

# VIII നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### 1. 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിലെ പല സ്ഥലങ്ങളിലും ചില ഫ്ലാറ്റ് നിർമ്മാതാക്കൾ ഉപഭോക്താക്കളിൽ നിന്നും യാതൊരുവിധ മാനദണ്ഡമോ നിയന്ത്രണമോ ഇല്ലാതെ പണം പിരിച്ചെടുക്കുകയും കരാർ പ്രകാരമുള്ള സൗകര്യങ്ങളൊന്നും ചെയ്തുകൊടുക്കാതെ ഫ്ലാറ്റ് മാത്രം ഹാന്റ് ഓവർ ചെയ്യുന്ന സ്ഥിതിയുണ്ട്. അവർ മനോഹരമായി ഒരു ഓഫീസ് ഉണ്ടാക്കുകയും അതുപോലെ നല്ല ഭംഗിയുള്ള കടലാസിൽ ബ്രോഷർ ഉണ്ടാക്കുകയും ചെയ്യുന്നു. ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ ലോഞ്ചിംഗ് നടത്തുന്നു. എന്നിട്ടാണ് ഇവർ ഈ ഉപഭോക്താക്കളെ അല്ലെങ്കിൽ കസ്റ്റമേഴ്സിനെ പാട്ടിലാക്കുന്നത്. ഗുണനിലവാരമില്ലാത്ത സാമഗ്രികൾ ഉപയോഗിച്ച് കൺസ്ട്രക്ഷൻ നടക്കുന്നതുമൂലം, പലപ്പോഴും ഫ്ലാറ്റ് കിട്ടിയാലുടൻതന്നെ അത് തകരാറിലായി പോകുകയും, പലപ്പോഴും വലിയ രീതിയിലുള്ള മെയിന്റനൻസ് നടത്തേണ്ട സാഹചര്യമുണ്ടാവുകയുംചെയ്യാറുണ്ട്. മോശമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള അതായത്, ബാത്ത്റൂമിലുള്ള ഫിറ്റിംഗ്സ്, ടൈൽസ്, കാർപെന്ററി വർക്ക്, ഇലക്ട്രിക്കൽ വർക്ക് ഇതൊന്നും എഗ്രിമെന്റിൽ പറഞ്ഞതായിരിക്കില്ല. മാത്രമല്ല, പലപ്പോഴും കരാർ പ്രകാരമുള്ള സൗകര്യങ്ങളിൽ കുറവ് വരുത്തുകയും ചെയ്യും. സ്വിമ്മിംഗ് പൂൾ ഉണ്ടാകുമെന്ന് എഗ്രിമെന്റിൽ പറയും എന്നാൽ സ്വിമ്മിംഗ് പൂൾ കാണുകയുമില്ല. ബിൽഡറുടെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തുക, പറഞ്ഞ സമയത്ത് നിർമ്മിച്ച് നൽകാതിരിക്കുക, അംഗീകൃത പ്ലാനിൽനിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുക, മതിയായ

പാർക്കിംഗ് സൗകര്യമില്ലാതിരിക്കുക, പാർക്കിംഗ് ഏരിയ വാണിജ്യ ആവശ്യങ്ങൾക്കായി കൺവർട്ട് ചെയ്യുക, തുറസ്സായി ഇടേണ്ട സ്ഥലം പാർക്കിംഗിനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുക തുടങ്ങിയ രീതിയിലുള്ള ധാരാളം പരാതികൾ സർക്കാരിന് സ്ഥിരം ലഭിക്കുന്നുണ്ട്. സാധാരണക്കാരായ ആളുകൾ ജീവിതകാലം മുഴുവനും അധ്വാനിച്ച തുക ഉപയോഗിച്ച് ഒരു വീടോ ഫ്ലാറ്റോ വാങ്ങണം എന്നുള്ള ആഗ്രഹം കൊണ്ട് വാങ്ങുന്ന വീട് അല്ലെങ്കിൽ ഫ്ലാറ്റ് പലപ്പോഴും വലിയ കേസിലേയ്ക്ക് പോകുന്നതായാണ് കാണുന്നത്. സാധാരണക്കാരായ ആൾക്കാരും കോടികളുടെ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന വൻകിട ബിൽഡർമാരും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നൊരു മേഖലയാണിത്. എന്തെങ്കിലും ഒരു ചതിവ് പറ്റിയാൽ വക്കീലിനുള്ള ഫീസ് നൽകാൻപോലും പണമില്ലാതെ ബുദ്ധിമുട്ടുന്ന സാധാരണക്കാരനും, വൻകിട വക്കീലൻമാരെ ഏർപ്പെടുത്തി കേസ് വാദിക്കാൻ കഴിവുള്ള ബിൽഡർമാരുമാണ് ഈ മേഖലയിലെ പ്രധാനപ്പെട്ട കക്ഷികൾ. ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന വഞ്ചനയുടെ കഥകൾ എല്ലാവർക്കും അറിയാം. ആപ്പിൾ എ ഡേ പ്രോപ്പർട്ടീസ്, ശാന്തിമഠം ബിൽഡേഴ്സ് എന്നീ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള ഡീലിംഗ്സ് വളരെ കുപ്രസിദ്ധി നേടിയതാണ്. ഇതിനർത്ഥം എല്ലാ ബിൽഡർമാരും ഇതുപോലെയാണെന്നല്ല. പറഞ്ഞ കാര്യങ്ങൾ മുഴുവൻ നടപ്പിലാക്കുന്ന, ജെനുവിൻ ആയിട്ട് കസ്റ്റമേഴ്സിന്റെ കാര്യങ്ങൾ വളരെ വലിയ രീതിയിൽ ശ്രദ്ധിക്കുന്ന കുറെയധികം ബിൽഡർമാർ കേരളത്തിലുണ്ട്. ഇത് കേരളത്തിന്റെ മാത്രം പ്രശ്നമല്ല. ഇന്ത്യ ഒട്ടാകെ നടന്നുകൊണ്ടിരിക്കുന്ന വലിയ കാര്യമാണ്. ഇതിന് പരിഹാരമായി 2011-ൽ കേന്ദ്രസർക്കാർ ഒരു റിയൽ എസ്റ്റേറ്റ് റെഗുലേഷൻ കരട് ബിൽ കൊണ്ടു വന്നു. രാജ്യമൊട്ടാകെ എല്ലാവരും ചർച്ച ചെയ്തു. പക്ഷേ ഇതുവരെയും അത് നിയമമാക്കാൻ കഴിഞ്ഞിട്ടില്ല. നിയമമാക്കുമെന്ന് കുറേക്കാലമായി പറയുന്നുണ്ട്. പക്ഷേ, നിയമമാക്കിയില്ല. റിയൽ എസ്റ്റേറ്റ് മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. കെട്ടിടം വാങ്ങുന്നവരെ സംരക്ഷിക്കാൻ എന്ന ഉദ്ദേശ്യത്തോടൊപ്പം സുതാര്യവും നിയമവിധേയവുമായ രീതിയിൽ റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടത്തുന്ന ജെനുവിൻ ബിൽഡർമാരെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യാൻ ഈ ബില്ലിൽ ഉദ്ദേശിക്കുന്നുണ്ട്. ലക്ഷക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ, സർക്കാരിന്റെയും നഗരസഭയുടേയും വരുമാനം വർദ്ധിപ്പിക്കൽ അതെല്ലാം ഈ ബില്ലിലൂടെ സാധിക്കും. ഒരു വീട് വാങ്ങാൻ ഉദ്ദേശിക്കുന്ന ആൾ ഇന്ന് അനുഭവപ്പെടുന്ന പ്രധാന ബുദ്ധിമുട്ട് പദ്ധതി പൂർത്തിയാക്കാൻ ഉണ്ടാകുന്ന കാലതാമസമാണ്. പലപ്പോഴും അവർ പറയുന്ന കാലതാമസം രണ്ട് വർഷം അല്ലെങ്കിൽ മൂന്ന് വർഷമാണ്. പലപ്പോഴും ഇൻഡെഫനിറ്റായി ഡിലെ വന്ന് എട്ട് വർഷവും പത്തു വർഷവുമൊക്കെ നീണ്ടുനിൽക്കുന്ന പ്രോജക്ടുകൾ നമുക്ക് ഇതിൽ കാണാവുന്നതാണ്. പലപ്പോഴും പണം കൊടുക്കുന്ന അത്രയധികം ഏരിയ അല്ലെങ്കിൽ കവറേജ് ഉണ്ടോയെന്ന് കസ്റ്റമേഴ്സിന് അറിയില്ല. 1500 സ്ക്വയർ ഫീറ്റ്

അല്ലെങ്കിൽ 2000 സ്ക്വയർ ഫീറ്റിന് ഒരു വീടോ ഫ്ലാറ്റോ വാങ്ങുമ്പോൾ ഇത് മുഴുവനും ഈ ഫ്ലാറ്റിനകത്തുണ്ടോ, അതോ അൺഡിവൈഡബിൾ ഷെയർ ആണോ, ജനറലിൽ ഏരിയ പലതുമുണ്ട്, അതാണെന്ന് പലപ്പോഴും ഇവർ അറിയുന്നില്ല. അതുകൊണ്ടുതന്നെ ഇതിന് ഒരു കൺട്രോൾ വരുത്തണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽഡർമാർ അവരുടെ പ്രോജക്ടുകൾ സർക്കാർ രൂപീകരിക്കുന്ന അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്നുള്ളത് അത്യാവശ്യമാക്കിയത്. രജിസ്റ്റർ ചെയ്യാതെ വിൽപ്പന നടത്തിയാൽ എസ്റ്റിമേറ്റിന്റെ 10 ശതമാനം വരെ പിഴ ചുമത്താൻ വ്യവസ്ഥയുണ്ട്. പിഴ അടയ്ക്കാതെ വന്നാൽ 3 വർഷം വരെ തടവിനും വ്യവസ്ഥയുണ്ട്. രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ ഭൂമിയുടെ എല്ലാ വിവരങ്ങളും, കെട്ടിടനിർമ്മാണ പെർമിറ്റ് പ്ലാനിന്റെ പൂർണ്ണവിവരം, സർക്കാർ ഏജൻസികളിൽ നിന്നും ലഭ്യമാക്കേണ്ട നിരാക്ഷേപപത്രം എന്നിവ അതോറിറ്റിയിൽ നൽകണം. ഇങ്ങനെ നൽകുന്ന രേഖകൾ തെറ്റാണെന്ന് തെളിഞ്ഞാൽ എസ്റ്റിമേറ്റിന്റെ 5 ശതമാനം വരെ പിഴ ഈടാക്കാം. ഒരു പ്രോജക്ടിൽ നിന്നും കിട്ടുന്ന പണം മറ്റു പ്രോജക്ടുകളിൽ നിക്ഷേപിച്ച് അതുമൂലം പ്രോജക്ടിൽ പണലഭ്യത കുറയുന്നതുവഴി പ്രോജക്ട് താമസിപ്പിക്കുകയും ചെയ്യുന്നത് വളരെ സാധാരണമാണ്. ഒരു പ്രോജക്ട് അവർ അനൗൺസ് ചെയ്ത് അതിലെ 100 ഫ്ലാറ്റുകൾ വിൽക്കുന്നു. എന്നിട്ടും പണി ആരംഭിക്കുന്നില്ല. അതിനുശേഷം ഈ സംഖ്യകൊണ്ട് വേറെ പല സ്ഥലങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു. അതിൽ നിന്നും ലാഭമുണ്ടാക്കുന്നു. ഇതാണ് പലപ്പോഴും നമുക്ക് കാണാൻ കഴിയുന്നത്. അതുകൊണ്ട് ഈ രീതി ഒഴിവാക്കുന്നതിനുവേണ്ട വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാങ്ങുന്നവരിൽനിന്നും നിക്ഷേപമായി ലഭിക്കുന്ന തുകയുടെ 70 ശതമാനമെങ്കിലും ഒരു ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൽ നിന്നായിരിക്കണം ഇതിന് ചെലവുകൾ നടത്തേണ്ടത്. ഇപ്രകാരം ചെയ്യാത്തപക്ഷം എസ്റ്റിമേറ്റിന്റെ 5 ശതമാനം വരെ പിഴ ചുമത്താം. അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യാതെ 10 ശതമാനത്തിലധികം തുക നിക്ഷേപമായി സ്വീകരിക്കാൻ സാധിക്കുകയില്ല. അങ്ങനെ സ്വീകരിച്ചാൽ എസ്റ്റിമേറ്റിന്റെ 5 ശതമാനം വരെ പിഴ ഈടാക്കാം. ഗുണനിലവാരമില്ലാത്ത സാധനസാമഗ്രികൾ ഉപയോഗിച്ച് കെട്ടിയ കെട്ടിടം വിൽപ്പന നടത്തിയശേഷം ഉടമസ്ഥർ റിപ്പയറിംഗിനായി വൻതുക മുടക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിലേയ്ക്കായി കുറഞ്ഞത് രണ്ട് വർഷത്തേയ്ക്ക് ഉണ്ടാകുന്ന റിപ്പയറുകൾ നിർബന്ധമായും ബിൽഡർ സൗജന്യമായി ചെയ്തുകൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പണി പൂർത്തിയാക്കി കൈമാറ്റം നടത്തിയ കെട്ടിടത്തിൽ രേഖകൾ മൊത്തം കൈമാറുന്നത് ബിൽഡറുടെ ചുമതലയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. പലപ്പോഴും കീ ഹാന്റ് ഓവർ ചെയ്തു കഴിഞ്ഞാലും അതിന്റെ ഡോക്യുമെന്റ്സ് കൊടുക്കുന്നില്ല. കെട്ടിടത്തിന്റെ മറ്റുള്ള കടലാസുകളൊന്നും കൊടുക്കാത്തൊരു സ്ഥിതിവിശേഷമുണ്ട്. കൈമാറ്റം നടത്തിയശേഷം കെട്ടിടത്തിന്റെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല ഉടമസ്ഥരുടെ

അസോസിയേഷന് കൈമാറാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അസോസിയേഷന് വളരെ വലിയ ഉത്തരവാദിത്തങ്ങളാണ് ഉള്ളത്. അസോസിയേഷനെ ബിൽഡേഴ്സ് തന്നെ ഹൈജാക്ക് ചെയ്യുന്ന സ്ഥിതിവിശേഷം പലപ്പോഴും നമ്മൾ കാണുന്നുണ്ട്. ഇത് കൃത്യമായിട്ട് ബില്ലിലുണ്ട്. നമുക്കത് ഒഴിവാക്കാൻ കഴിയും. ബിൽഡറേയും വാങ്ങുന്നവരെ കൂടാതെ റിയൽ എസ്റ്റേറ്റ് ഏജന്റുമാരേയും ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇവരും അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ ജയിൽവാസമടക്കമുള്ള ശിക്ഷയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ മഹാരാഷ്ട്രയിൽ മാത്രമാണ് ഇതിന്റെ ക്രൂഡ് ഫോമിലുള്ളൊരു നിയമനിർമ്മാണം വളരെ വർഷങ്ങൾക്കുമുൻപ് നടത്തിയത്. പക്ഷേ, അത് പ്രാക്ടിക്കലല്ലാത്തതുകൊണ്ട് അവർ പ്രാവർത്തികമാക്കിയിട്ടില്ല. റിയൽ എസ്റ്റേറ്റ് ബിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ വിളിച്ചുചേർത്ത വിവിധ സംസ്ഥാനങ്ങളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യോഗത്തിൽ കേരള റിയൽ എസ്റ്റേറ്റ് നിയമത്തെ ഏറെ പ്രശംസിക്കുകയുണ്ടായി. കേരള നിയമത്തിലുള്ള വ്യവസ്ഥകൾ പലതും പ്രായോഗികവും അനുകരിക്കാവുന്നതുമാണെന്ന് കേന്ദ്രം വിലയിരുത്തി. കേന്ദ്രത്തിനും മറ്റു സംസ്ഥാനങ്ങൾക്കും സ്വീകാര്യമായ ഒട്ടേറെ വ്യവസ്ഥകൾ അതിലുണ്ടെന്നാണ് വിലയിരുത്തിയത്. റസിഡൻഷ്യൽ ഫ്ലാറ്റുകൾ മാത്രം ഉൾപ്പെടുത്തിയാണ് കേന്ദ്ര റിയൽ എസ്റ്റേറ്റ് ബിൽ തയ്യാറാക്കിയിരുന്നത്. കേരളത്തിൽ റസിഡൻഷ്യലിനൊപ്പം വാണിജ്യ കെട്ടിടങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യാജപദ്ധതികൾ കാണിച്ച് പണം പിടുങ്ങുന്നതിനെതിരെ ശക്തമായ മുന്നറിയിപ്പ് കൂടിയാണ് പുതിയ നിയമം. അതോറിറ്റി രജിസ്ട്രേഷന് മുൻപേ 10 ശതമാനത്തിൽ കൂടുതൽ തുക കൈപ്പറ്റുന്നത് നിയമംമൂലം വിലക്കിയിട്ടുണ്ട്. ബിൽഡർ നൽകുന്ന പരസ്യങ്ങൾ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിന്റെ വിവരങ്ങൾ നൽകണമെന്ന വ്യവസ്ഥയും റിയൽ എസ്റ്റേറ്റ് മേഖലയെ സുതാര്യമാക്കുന്നതിന് ഏറെ സഹായകരമാകും. ചുരുക്കത്തിൽ ഇൻഡ്യയിൽ ആദ്യമായി ഈ രീതിയിലുള്ള നിയമം പാസ്സാക്കുന്നത് കേരളമായിരിക്കും. ഇതെല്ലാവരും ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

01.00 PM]

<u>മി. സ്പീക്കർ</u>: ചർച്ച ആരംഭിക്കുകയാണ്. ഒരു കാര്യം ചെയർ പ്രത്യേകം ശ്രദ്ധയിൽ കൊണ്ടുവരുന്നത്, ഇന്ന് നിയമസഭാ സമ്മേളനം തീരുന്ന ദിവസമാണ്. 3 ബില്ലുകൾ ഉണ്ട്. ഇപ്പോൾ എടുത്തിരിക്കുന്ന ബില്ലിൽത്തന്നെ 72 ക്ലോസ്സുകളുണ്ട്. ഈ ബില്ലിന് ആദ്യം തന്നെ സംസാരിക്കാൻ 9 പേർ ഉണ്ട്. ഇത് കഴിഞ്ഞതിനുശേഷം ഇനി 2 ബില്ലുണ്ട്. അതിനും ഇതുപോലെ ബഹുമാന്യരായ അംഗങ്ങൾ കൂടുതൽ പേർ സംസാരിക്കാനുണ്ട്. ചെയർ ഒരു നിയന്ത്രണവും

ഏർപ്പെടുത്തുന്നില്ല. സംസാരിക്കുന്ന അംഗങ്ങൾ സ്വയം നിയന്ത്രിച്ച് സമയം ചുരുക്കിയാൽ നമുക്ക് നിയമസഭാ സമ്മേളനം ഇന്ന് നേരത്തേ അവസാനിപ്പിക്കാൻ കഴിയും.

ശ്രീ. എ. കെ. ബാലൻ: സർ, 'ഞാനിവിടെയുണ്ട്, ഇഷ്ടംപോലെ മെമ്പർമാർ സംസാരിച്ചോട്ടെ,' എന്നൊന്നും സ്പീക്കർ പറയാൻ പാടില്ലാത്തതാണ്. ഇത് 12 മണി വരെ പോകും. എന്താ സർ ഇത്ര വലിയ തിരക്ക്. ഞാൻ ചോദിക്കട്ടെ, ഒരു ബില്ലിനെ സംബന്ധിച്ച് അതിന്റെ സമഗ്രതയിൽ ചർച്ച ചെയ്യാൻ....

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ ഇന്നലെ എടുക്കേണ്ടിയിരുന്ന ബിൽ ഇന്നത്തേയ്ക്ക് മാറ്റിയതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, അതെ. ഇന്നലെ 10 മണിക്കല്ലേ നമ്മൾ പോയത്.

മി. സ്പീക്കർ : ചെയർ ഒരു നിയന്ത്രണവും ഏർപ്പെടുത്തുന്നില്ലായെന്ന പറഞ്ഞു.

ശ്രീ. എ. കെ. ബാലൻ : സർ, ചെയർ നിയന്ത്രിക്കുന്നില്ലെങ്കിൽ സഭ നടത്തിക്കൊണ്ടുപോകാൻ പറ്റില്ല. ബഹുമാനപ്പെട്ട സ്പീക്കർ ശക്തമായ നിലപാട് എടുക്കണം. ഞങ്ങൾ പലതും പറയും. രണ്ടോ മൂന്നോ മിനിട്ട് ഒക്കെ കൂട്ടികൊടുക്കുന്നതിൽ പ്രശ്നമില്ല. അല്ലാതെ രണ്ടുമൂന്ന് മണിക്കൂർ ഒരാൾക്ക് സംസാരിക്കാനല്ല. ഈ സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ നേരം വെളുക്കുന്നതു വരെ ഞങ്ങൾ ഇവിടെ ഇരിക്കും.

മി. സ്പീക്കർ : ചെയർ നിയന്ത്രിക്കുമ്പോഴുണ്ടാകുന്ന പ്രശ്നം അറിയാമല്ലോ.

ശ്രീ. എ. കെ. ബാലൻ : സർ, അത് മനസ്സിലായി. ഇന്നലെ ഉച്ചവരെ അങ്ങ് ഇവിടെ വരാതിരുന്നതിന്റെ കാരണം എന്താണ്; എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഞാൻ ചോദിക്കട്ടെ, ഒരു നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് ഞങ്ങൾ കുറെ പഠിച്ചിട്ടാണ് വരുന്നത്. അതിവിടെ പ്രദർശിപ്പിക്കാൻ കഴിയുന്നുണ്ടോ; അതിന്റെ അപകടം എന്താണെന്ന് ഞങ്ങൾക്ക് ഇപ്പോൾ അറിയാൻ പറ്റുന്നുണ്ടോ, സമയം കിട്ടണ്ടേ, ഇന്നലെതന്നെ മന്ത്രി കൊണ്ടുവന്നിട്ടുള്ള 145 ക്ലോസുള്ള ........

മി. സ്പീക്കർ: ഞാൻ പറയട്ടെ, ബില്ലിൽ ഒതുങ്ങിനിന്ന് പറയേണ്ട കാര്യങ്ങൾ മുഴുവൻ പറയാം. അങ്ങനെ ബില്ലിനകത്ത് ഒതുങ്ങിനിന്ന് സംസാരിച്ചാൽ സമയം ഒരുപാട് ചുരുക്കാൻ കഴിയും. അതുമാത്രമേ ചെയർ ഉദ്ദേശിച്ചിട്ടുള്ളൂ. ആദ്യം വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ള അംഗങ്ങളെയാണ് വിളിക്കുന്നത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. അങ്ങ് പറഞ്ഞതുപോലെ പരമാവധി സമയം കുറച്ചെടുത്ത് സംസാരിക്കാം. പക്ഷേ

ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ ദോശ ചുടുന്നതുപോലെ നിയമം ചുട്ടെടുക്കാൻ പറ്റില്ല. കാരണം, സർക്കാർ കൊണ്ടുവരുന്ന നിയമത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് സഭയിലും പൊതുജനങ്ങൾക്ക് മുമ്പാകെയും അനാവരണം ചെയ്യേണ്ട ബാദ്ധ്യത ജനാധിപത്യത്തിൽ പ്രതിപക്ഷത്തിനുണ്ട്. ഇന്നലെ നമ്മൾ മാറ്റിവച്ച നിയമം 200 പേജുള്ള ഒരു പുസ്തകമാണ്. അത് മുഴുവൻ വായിച്ച് അതിലെ 148 ക്ലോസുകളിൽ അഭിപ്രായമുണ്ടാക്കി അവതരിപ്പിക്കാൻ ആകെ മൂന്നോ നാലോ മണിക്കൂർ മാത്രമാണ് ലഭിക്കുന്നത്. അങ്ങനെ ചുട്ടെടുക്കാൻ ശ്രമിക്കുമ്പോഴാണ് പ്രശ്നമുണ്ടാകുന്നത്. ആവശ്യത്തിന് സമയം ദീർഘിപ്പിക്കാം. അല്ലെങ്കിൽ മറ്റൊരവസരത്തിലേയ്ക്ക് മാറ്റിവയ്ക്കാം. കേരള ചരിത്രത്തിലെ നിർണ്ണായകമായ ഒരു ശ്രമമാണ് ഈ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി നടത്തുന്നത്. റിയൽ എസ്റ്റേറ്റ് മേഖലയുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണത്തിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തുന്നത്. പക്ഷേ അദ്ദേഹം പറഞ്ഞതുപോലെയല്ല കാര്യങ്ങളെന്ന് ബിൽ പരിശോധിച്ചപ്പോൾ മനസ്സിലായി. 'നല്ലൊരു പൂന്തോട്ടത്തിന്റെ പിറകിൽ ഒരു പുലി' ഒളിച്ചിരിക്കുന്നതുപോലെയുള്ള ഒരനുഭവം ഈ ബില്ലിലുണ്ട്. പുറമേയ്ക്ക് കേരളത്തിലെ റിയൽ എസ്റ്റേറ്റ് കച്ചവടക്കാരേയും കാപട്യക്കാരേയും നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണെന്ന് തോന്നുമെങ്കിലും 'പുൽക്കാടിനുള്ളിൽ ഒരു പുലി' ഒളിച്ചിരിക്കുന്നുണ്ട്. കാരണം എല്ലാ മേഖലയേയും ഇത് അഡ്രസ് ചെയ്യുന്നില്ല. ഇന്ത്യയിൽ മറ്റെവിടെയും ഇതുവരെ ഇത്തരമൊരു അതോറിറ്റിയെ സംബന്ധിച്ചോ നിയമനിർമ്മാണത്തെ സംബന്ധിച്ചോ ആലോചിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് അദ്ദേഹം പറഞ്ഞു. ഹരിയാനയിൽ വളരെ കുപ്രസിദ്ധമായ ഒരു അതോറിറ്റിയുണ്ട്. ഹരിയാന അർബൺ ഡവലപ്മെന്റ് അതോറിറ്റി എന്നാണ് അതിന്റെ പേര് (HUDA). ഡൽഹിയിൽനിന്നും പാനിപ്പത്തിലേയ്ക്കും ഝേത്തലിലേയ്ക്കും പോകുന്ന വഴിയിലുള്ള ആയിരക്കണക്കിന് ഏക്കർ വരുന്ന നെൽകൃഷി ചെയ്യുന്ന ഭൂമി അഞ്ഞൂറും ആയിരവും രൂപയ്ക്ക് കൃഷിക്കാരിൽനിന്നും പിടിച്ചെടുത്ത് വൻകിട മാഫിയ സംഘങ്ങൾക്ക് കൈമാറുന്ന ഒരു ഏജൻസിയായി അത് അധഃപതിക്കുകയാണുണ്ടായത്. അവിടത്തെ കാർഷികഭൂമി പൂർണ്ണമായും തകർന്നു. പാവപ്പെട്ട കൃഷിക്കാരിൽനിന്നും ആയിരം രൂപയ്ക്കും അഞ്ഞൂറുരൂപയ്ക്കും വാങ്ങി വൻകിട ബിൽഡർമാർക്ക് മറിച്ചുകൊടുക്കുന്ന ലൈസൺ വർക്കാണ് 'ഹുഡ' നടത്തിയത്. ഭൂമിയുടെ ലഭ്യത വളരെയധികം കുറഞ്ഞ കേരളത്തിൽ, ഭൂമാഫിയക്കാർക്കും ഫ്ളാറ്റ് മാഫിയക്കാർക്കും സൗകര്യം ചെയ്തുകൊടുക്കുന്ന ഒരു KUDA (Kerala Urban Development Authority) ആയിട്ട് ഇത് മാറുമോ; അതായത് അഴിമതിക്കാർക്ക് കുടപിടിക്കുന്ന ഒരു അതോറിറ്റിയായി മാറുമോ എന്നുള്ള സംശയംകൂടി ചർച്ചയുടെ ഭാഗമായി ഞങ്ങൾ ഉന്നയിക്കുകയാണ്. റിയൽ എസ്റ്റേറ്റ് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. റിയൽ എസ്റ്റേറ്റ് എന്ന വാക്ക് കേൾക്കുമ്പോൾ മലയാളികളായ നമുക്ക് ഓർമ്മ വരുന്ന ചില

കാര്യങ്ങളുണ്ട്. ആ കാര്യങ്ങൾ ഈ നിയമത്തിന്റെ ഭാഗമായി ചർച്ച ചെയ്യുന്നില്ല. മലപ്പുറം ജില്ലയിൽ വളരെ സജീവമായി ചൂണ്ടിക്കച്ചവടം നടക്കുന്നുണ്ട്. ഭൂമിയുടെ ഉടമസ്ഥൻ ആ കച്ചവടത്തെക്കുറിച്ച് അറിയുന്നില്ല. ഭൂമി കൊടുക്കാമെന്ന് മനസ്സിൽ ആലോചിക്കുന്നതിനുമുമ്പ് ഏജന്റുമാർ അവിടെ വരികയും ഭൂമി കച്ചവടം ചെയ്തതായി വേറൊരാളോട് പറയുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്യും. അങ്ങനെ പത്തോ പതിനഞ്ചോ എഗ്രിമെന്റുകൾ വച്ചിട്ടുണ്ടാകും. രജിസ്ട്രേഷൻ നടക്കില്ല, സർക്കാരിന് കിട്ടേണ്ട വരുമാനവും ലഭിക്കില്ല, ഭൂമിയുടെ ഉടമസ്ഥൻ അറിയുകയുമില്ല. ഒരു ലക്ഷം രൂപയ്ക്ക് ആരംഭിച്ച കച്ചവടം ചിലപ്പോൾ 10 ലക്ഷം രൂപവരെ ഊഹക്കച്ചവടമായി കൊഴുത്തിക്കൊഴുത്തി പോകും. ചൂണ്ടിക്കച്ചവടക്കാരാകുന്ന വലിയ വിഭാഗം കേരളത്തിൽ ബ്രോക്കർമാരായും റിയൽ എസ്റ്റേറ്റ് ഏജന്റുമാരുമായി റിയൽ എസ്റ്റേറ്റ് ഓഫീസ് എന്നുള്ള ബോർഡും വച്ചിരിക്കുകയാണ്. ആ മേഖലയെ അഡ്രസ് ചെയ്യുകയോ അഭിസംബോധന ചെയ്യുകയോ ചെയ്യുന്ന ഒരു ചെറുവിരലനക്കംപോലും ഈ ബില്ലിൽ കാണുന്നില്ല. കേരളത്തിലെ ഒരു സമൂഹത്തെ വലിയ തോതിൽ വഴി തെറ്റിക്കുകയാണ്. ഭൂമിക്കച്ചവടക്കാരുടെ സവിശേഷതകൾ വിശദീകരിച്ചുകൊണ്ട് 'ഇന്ത്യൻ റുപ്പി' എന്ന പേരിൽ പ്രസിദ്ധമായ ഒരു സിനിമ ഇറങ്ങുകയുണ്ടായി. ഒരു വിഭാഗത്തെ വലിയ വ്യാമോഹത്തിൽപ്പെടുത്തുകയും കാപട്യക്കാരും ചതിയന്മാരുമാക്കുകയും ചുളുവിൽ പണക്കാരാകാമെന്നുള്ള മോഹം ജനിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ഇത് തൊഴിലില്ലായ്മയ്ക്ക് പരിഹാരമാണ് എന്നുള്ള തോന്നലുണ്ടാക്കുന്നു. അങ്ങനെയുള്ള മേഖലയെ ഇതിൽ അഭിസംബോധന ചെയ്തിട്ടില്ല. കേരളത്തിലെ പത്തോ പന്ത്രണ്ടോ നഗരങ്ങൾ കേന്ദ്രീകരിച്ച് വളർന്നുവരുന്ന ഫ്ളാറ്റ് കെട്ടിടങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മാത്രമാണ് ഈ നിയമത്തിന്റെ ഭാഗമായി വരുന്നത്. അത് പരിശോധിക്കപ്പെടേണ്ടതുതന്നെയാണ്. പക്ഷേ കേരളത്തിലാകമാനം വളർന്നുവരുന്ന റിയൽ എസ്റ്റേറ്റ് ഏജന്റുമാരുടേയും ബ്രോക്കർമാരുടേയും ചൂണ്ടിക്കച്ചവടങ്ങളുടേയും അനധികൃത ഓഫീസുകളുടേയും പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കുവാനോ അതുമായി ബന്ധപ്പെട്ട് എന്തെങ്കിലുമൊരു നിലപാട് സ്വീകരിക്കാനോ കഴിയുന്നില്ലായെന്നത് നിയമത്തിന്റെ വലിയൊരു പരിമിതിയാണ്. ഈ നിയമത്തെ പൂർണ്ണമായും തള്ളിക്കളയുകയോ പൂർണ്ണമായും നെഗറ്റീവായി കാണുകയോ ചെയ്യുന്നില്ലെങ്കിലും ഇതിലെ ചില ക്ലോസുകൾ കാണുമ്പോൾ ഇതിലെ പുലിയെ സംബന്ധിച്ച്, ഒരു സംശയം ഉണ്ട്. ഇന്നലെ ഒന്ന് പുലി ആയല്ലോ. ഞാൻ മുഖ്യമന്ത്രി ആയിരുന്നുവെങ്കിൽ........ എന്നൊക്കെ പ്രഖ്യാപിക്കുന്നത് കേട്ടു. സ്വയം അറിയാതെ പുലി പുറത്തുചാടിയതാണ്. റിയൽ എസ്റ്റേറ്റ് മേഖലയുടെ നിയന്ത്രണം എന്നുപറയുന്നതിനൊപ്പം പ്രോത്സാഹനം എന്നുകൂടി പറയുന്നുണ്ട്. ബില്ലിന്റെ പേരിൽതന്നെ ഒരു അവ്യക്തതയുണ്ട്. 'പ്രോത്സാഹനം' എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്; ബിൽഡർമാരെ പ്രോത്സാഹിപ്പിക്കാം. റിയൽ എസ്റ്റേറ്റുകാരെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ഉദ്ദേശ്യമെന്താണെന്ന് പറയേണ്ടതുണ്ട്.

അദ്ധ്യായം II- 3 (ബി)-യിൽ കെട്ടിട ഘടകങ്ങളുടെ എണ്ണം 12 ആണെങ്കിൽ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതില്ലായെന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ 12 വീതമുള്ള കെട്ടിട ഘടകങ്ങൾ നിശ്ചയിച്ച് ഒരാൾക്കുതന്നെ എട്ടോ പത്തോ കെട്ടിട ഘടകങ്ങളുണ്ടാക്കാം. 12 വരെ കെട്ടിട ഘടകങ്ങളുള്ള ഫ്ളാറ്റുകൾ നിർമ്മിക്കുന്നവർ രജിസ്റ്റർ ചെയ്യേണ്ടതില്ലായെന്ന് പറഞ്ഞിരിക്കുന്നതിലെ യുക്തി എന്താണെന്ന് മനസ്സിലാകുന്നില്ല. കേരളത്തിലെ ഭൂമേഖലയിൽ നടക്കുന്ന പ്രധാനപ്പെട്ട പ്രശ്നം, അഞ്ചുസെന്റോ പത്തുസെന്റോ ഭൂമി നികത്തുന്നതിന് അപേക്ഷ കൊടുത്താൽ പെർമിഷൻ നൽകണമെന്ന് വ്യവസ്ഥയുണ്ട്. ഒരാൾ പെർമിഷൻ വാങ്ങുകയും അടുത്ത ആൾ തൊട്ടടുത്തുള്ള 5 സെന്റ് നികത്തുന്നതിനുള്ള പെർമിഷൻ വാങ്ങുകയും ചെയ്യും. അങ്ങനെ ഒന്നോ രണ്ടോ ഏക്കർ നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും നികത്തുന്നതിന് പെർമിഷൻ കൊടുക്കുന്ന ഗവൺമെന്റാണ് നിങ്ങളുടേത്. ആ ഗവൺമെന്റാണ് 12 ഘടകങ്ങൾക്ക് രജിസ്ട്രേഷൻ വേണ്ട എന്ന നിബന്ധന വച്ചിരിക്കുന്നത്. എന്തുകൊണ്ടാണ് എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഇതാണ് പുലി നമ്പർ ഒന്ന്.

അദ്ധ്യായം II- 1 (ഡി)-യിൽ നവീകരണം, അറ്റകുറ്റപ്പണി, പുനർവികസനം എന്നിവ നടത്താൻ രജിസ്ട്രേഷൻ ആവശ്യമില്ല. എന്താണ് പുനർവികസനം എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്; അത് അവ്യക്തമായ സംഗതിയാണ്. പ്ലാൻ മാറ്റാം, കെട്ടിടത്തിന്റെ രീതികളിലും ലക്ഷ്യങ്ങളിലും മാറ്റം വരുത്താം, കൂട്ടിച്ചേർക്കാം. 'പുനർവികസനം' എന്ന വാക്ക് വലിയ സാദ്ധ്യതയുള്ള വാക്കാണ്. അങ്ങനെ വരുമ്പോൾ ഗുണഭോക്താക്കൾ ഇക്കാര്യത്തെക്കുറിച്ച് അറിയണ്ടേ; അനുവദിച്ചുകിട്ടുന്ന ആളുകൾ ഇതിനെക്കുറിച്ച് അറിയണ്ടേ; അലോട്ട് ചെയ്യുന്ന ആളുകൾ അറിയാതെ പുനർവികസനം നടത്തുന്നതിന് അനുവാദം കൊടുക്കുന്ന ക്ലോസ് ഇതിൽ വന്നിട്ടുണ്ട്.

വകുപ്പ് (iii), (iv) ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിച്ചപ്പോൾ, ഈടാക്കിയ തുകയുടെ 75 ശതമാനം 15 ദിവസത്തിനുള്ളിൽ നിക്ഷേപിക്കണം, ഇല്ലെങ്കിൽ അവർ ഈ പണം വേറെ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാൻ സാദ്ധ്യതയുണ്ട് എന്നദ്ദേഹം പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. പക്ഷേ അവിടെ രണ്ടാമത്തെ പുലി ഒളിച്ചിരിക്കുകയാണ്. അതിലും കുറവായ തുക സർക്കാർ വിജ്ഞാപനം ചെയ്യാൻ ഓപ്ഷൻ വച്ചിരിക്കുകയാണ്. 70 ശതമാനമോ അതിലും കുറവായ ഒരു തുകയോ വിജ്ഞാപനം ചെയ്യാവുന്നതാണ് എന്നുപറഞ്ഞാൽ 70 ശതമാനം തന്നെ നിക്ഷേപിക്കണമെന്ന് നിർബന്ധമില്ല എന്നാണ് അർത്ഥം. ഒരു ഭാഗത്ത് 70 ശതമാനമെന്ന് പറയുകയും അത് കുറയ്ക്കാൻ സർക്കാരിനോ

അതോറിറ്റിക്കോ അനുവാദം കൊടുക്കുന്നു എന്നുപറഞ്ഞാൽ അത് അട്ടിമറിക്കാനുള്ള ലൂപ്ഹോൾ വച്ചിരിക്കുകയാണ്.

പേജ് 12 -ലെ 5-ാം വകുപ്പിൽ രജിസ്ട്രേഷൻ ദീർഘിപ്പിച്ചുനൽകാൻ അലോട്ട് ചെയ്യപ്പെട്ടിരിക്കുന്നവരിൽ ഭൂരിപക്ഷത്തിന്റെ സമ്മതം വേണമെന്ന് പൊതുവായി പറഞ്ഞിട്ടുണ്ട്. ഭൂരിപക്ഷത്തെ സംബന്ധിച്ച് കേവല ഭൂരിപക്ഷം എന്നുള്ളതല്ല ശരി, പണം മുടക്കി വാങ്ങിയവരിൽ 75 ശതമാനം, മൂന്നിൽ രണ്ട് ഭൂരിപക്ഷമുള്ള നിലയിലെങ്കിലും തീരുമാനിക്കാൻ കഴിയുന്നരീതിയിൽ മാറ്റം വരുത്തണമെന്ന അഭിപ്രായം പറയുകയാണ്.

6(3)-രജിസ്ട്രേഷൻ റദ്ദാക്കാനുള്ള അധികാരം അതോറിറ്റിക്ക് കൊടുത്തിരിക്കുന്നു. അലോട്ട് ചെയ്തവരുടെ താൽപ്പര്യപ്രകാരം അധിക നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി വഞ്ചന നടത്തിയാലും രജിസ്ട്രേഷൻ നിലനിർത്താം എന്നാണ്. വഞ്ചന നടത്തിയാൽ രജിസ്ട്രേഷൻ നിലനിർത്താൻ എങ്ങനെയാണ് അതോറിറ്റിക്ക് അധികാരം കൊടുക്കുന്നത്; അതോറിറ്റിക്ക് കൊടുക്കുന്ന അധികാരം പല സന്ദർഭങ്ങളിലും അതിരുവിട്ട് പോകുന്നുണ്ട്. അതോറിറ്റിക്ക് യുക്തമെന്നുതോന്നിയാൽ എന്നാണ് പറയുന്നത്. പണം മുടക്കിയ ഒരാൾക്ക് താൻ കൊടുത്ത പണത്തിന് ന്യായമായ കെട്ടിടമല്ല കിട്ടുന്നത് എന്നുതോന്നി പരാതിപ്പെട്ടാൽ അത് നടപ്പാക്കുന്നതിനുപകരം അതോറിറ്റിക്ക് യുക്തം എന്നുതോന്നിയാൽ പരാതിപ്പെട്ടവരുടെ അഭിപ്രായം അറിയണ്ടേ; അവിടേയും ഒരു ലൂപ്ഹോൾ വച്ചിരിക്കുകയാണ്.

8-ാം വകുപ്പിൽ റിയൽ എസ്റ്റേറ്റ് ഏജന്റുമാർക്ക് രജിസ്ട്രേഷൻ വേണം എന്ന് പറയുന്നുണ്ട്. ഇതിൽ ഏത് റിയൽ എസ്റ്റേറ്റ് ഏജന്റുമാരെക്കുറിച്ചാണ് പറയുന്നത്? പ്രൊമോട്ടർമാരുമായി ബന്ധപ്പെട്ട് പ്ലോട്ടുകളുടെയൊ ഫ്ലാറ്റുകളുടെയൊ കച്ചവടത്തിൽ ഇടപെടാൻ വരുന്ന റിയൽ എസ്റ്റേറ്റ് ഏജന്റുമാർക്ക് രജിസ്ട്രേഷൻ ആവശ്യമാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ പതിനായിരക്കണക്കിന് റിയൽ എസ്റ്റേറ്റ് ഏജന്റുമാർ കേരളത്തിലുണ്ട്. അവരൊക്കെ പല സ്ഥലത്തും റിയൽ എസ്റ്റേറ്റിന്റെ ബോർഡും ഓഫീസും വച്ച് ബിസിനസ് നടത്തികൊണ്ടിരിക്കുകയാണ്. അവർക്ക് രജിസ്ട്രേഷൻ ആവശ്യമാണ്. അവർ നടത്തികൊണ്ടിരിക്കുന്ന ചൂണ്ടിക്കച്ചവടത്തിന് നിയന്ത്രണം ആവശ്യമുണ്ടോ? ഭൂമിയുടെ ഉടമസ്ഥൻ അറിയാതെ എട്ടും പത്തും ഏക്കർ സ്ഥലങ്ങൾ റിയൽ എസ്റ്റേറ്റ് ഏജന്റുമാർക്ക് കൈമാറി നടത്തുന്ന കൈമാറ്റ എഗ്രിമെന്റ് കച്ചവടത്തിൽ സർക്കാരിന് ഇടപെടാൻ സാധിക്കില്ലേ? വലിയ വലിയ പ്രൊമോട്ടർമാർ ഭൂമി വാങ്ങി കച്ചവടം നടത്താൻ ഉദ്ദേശിക്കുന്ന സമയത്ത്, അതിൽ ഇടപെടാൻ ഏതെങ്കിലും റിയൽ എസ്റ്റേറ്റ് ഏജന്റുമാർ വന്നാൽ അവരെ പിടിക്കും, അവരെ നിയന്ത്രിക്കും. അത് ആർക്കുവേണ്ടിയാകും? വലിയ പ്രൊമോട്ടർമാരുടെ

താൽപ്പര്യത്തിനെതിരായി വരുന്ന ചെറിയ ഏജന്റുമാരുണ്ടെങ്കിൽ അവർ രജിസ്ട്രേഷൻ നടത്തണം. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന റിയൽ എസ്റ്റേറ്റ് ഓഫീസുകൾ നടത്തികൊണ്ടിരിക്കുന്ന റിയൽ എസ്റ്റേറ്റ് ഏജന്റുമാർ രജിസ്റ്റർ ചെയ്യേണ്ട എന്നുപറഞ്ഞാൽ അവിടെയും പുതിയ ലൂപ്ഹോൾ ഉപയോഗിക്കുകയാണ്. 8(7)-ൽ വഞ്ചിച്ചവരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യലിനെ സംബന്ധിച്ച് പറയുന്നുണ്ട്. ക്രിമിനൽ കേസിനെ സംബന്ധിച്ച് പറയുന്നുണ്ടെങ്കിലും വ്യക്തതയില്ല.

മറ്റൊന്ന്, വകുപ്പ് 11(5)-ൽ 'പ്രൊമോട്ടർമാർക്ക് വിൽപ്പന കരാറിലെ വ്യവസ്ഥകൾ പ്രകാരം അലോട്ട് ചെയ്യപ്പെട്ടത് റദ്ദ് ചെയ്യാവുന്നതാണ്'. ആ വിൽപ്പന കരാർ റദ്ദാക്കുന്നത് ഏകപക്ഷീയമാണെങ്കിൽ അതോറിറ്റിയെ സമീപിക്കാമെന്നാണ് പറയുന്നത്. ഏകപക്ഷീയമായി പ്രൊമോട്ടർമാർക്ക് വിൽപ്പനകരാർ റദ്ദ് ചെയ്യാൻ പാടുണ്ടോ? അങ്ങനെ റദ്ദ് ചെയ്യാനുള്ള അധികാരം കൊടുക്കാൻ പാടില്ല. ഉദാഹരണമായി, ഒരു പാവപ്പെട്ടവന്റെ കയ്യിൽനിന്നും പണം വാങ്ങി ഒരു പ്രൊമോട്ടർ കെട്ടിടം നിർമ്മിക്കുന്നു. പിന്നീട് അതിനെ ഏകപക്ഷീയമായി റദ്ദ് ചെയ്യുകയാണ് ചെയ്യുന്നത്. അങ്ങനെ റദ്ദ് ചെയ്താൽ അതോറിറ്റിയുടെ അടുത്ത് ഈ പാവപ്പെട്ടവൻ പരാതിയുമായി പോകണം. അവിടെ ഏകപക്ഷീയമായി റദ്ദ് ചെയ്യുക എന്നുള്ള പ്രശ്നം ഒരു കാരണവശാലും ഉദിക്കുന്നില്ല. അങ്ങനെ ഏകപക്ഷീയമായി റദ്ദ് ചെയ്യാൻ പരോക്ഷമായി അധികാരം കൊടുക്കുന്ന ഒരു വകുപ്പായി മാത്രമേ ഇതിനെ കാണാൻ കഴിയുകയുള്ളൂ.

14(3)-ൽ രണ്ടുവർഷത്തിനിടയിൽ കേടുപാടുകൾ സംഭവിച്ചാൽ പ്രൊമോട്ടർമാർ ഉത്തരവാദിയെന്നാണ്. ഒരു കെട്ടിടത്തിന്റെ കാലാവധി എത്ര വർഷമാണ്? പാവപ്പെട്ട പ്രവാസികളാണ് പലപ്പോഴും ഫ്ലാറ്റുകൾക്കായി പണം നിക്ഷേപിക്കുന്നത്. അവർ വിദേശത്തുനിന്നാണ് കാര്യങ്ങൾ ചെയ്യുന്നത്. എറണാകുളം ജില്ലയിലുള്ള പല ഫ്ലാറ്റുകൾക്കകത്തും വെബ് ക്യാമറ വച്ച് എന്താണ് അവിടെ നടക്കുന്നത് എന്നുള്ളത് വിദേശത്തുനിന്നും നോക്കി കണ്ടുപിടിക്കാം. ഇപ്പോൾ അത് പൂട്ടിക്കിടക്കുകയാണ്. അതൊരു നിക്ഷേപമാണ്. അതിന്റെ കാലാവധി രണ്ടുവർഷമാണ്. വളരെ ഗുണനിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങൾകൊണ്ടുണ്ടാക്കുന്ന ഫ്ലാറ്റുകളിൽ ഒന്നോ രണ്ടോ കൊല്ലത്തിനുള്ളിൽ വെള്ളം കിട്ടാതെയും വൈദ്യുതി വർക്ക് ചെയ്യാതെയുമൊക്കെ കേടുവരുന്ന സമയത്ത് കെട്ടിടങ്ങൾക്ക് രണ്ട് കൊല്ലം കാലാവധി വയ്ക്കുന്നത് മര്യാദയാണോ? ചുരുങ്ങിയത് അഞ്ചുകൊല്ലമെങ്കിലും വേണം. അതിന്റെ ഉത്തരവാദിത്തം പ്രൊമോട്ടർമാർക്ക് ഉണ്ടാകണമെന്നുള്ളത് നിർബന്ധമാണ്.

19 (4) പറയുന്നത്, 'പ്രൊജക്ട് നിന്നുപോയാൽ പ്രൊമോട്ടറിൽനിന്നും പണം മടക്കിക്കിട്ടാൻ അർഹതയുണ്ട്' എന്നാണ്. അർഹത എന്ന് പറയുമ്പോൾ അതിന്

ന്യായമായ നഷ്ടപരിഹാരമുണ്ടോ? ഈ പണം ഇത്രയുംകാലം ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് അയാൾക്ക് കിട്ടുന്ന നഷ്ടപരിഹാരമെന്താണ്? വ്യക്തതയില്ല. അപ്പോൾ അർഹമായ നഷ്ടപരിഹാരത്തോടുകൂടി വേണ്ടേ? അതും ഉൾപ്പെടുത്തിയിട്ടില്ല.

31-അതോറിറ്റിയുടെ ചുമതലകൾ (ഇ)- റിയൽ എസ്റ്റേറ്റ് മേഖലയുടെ പ്രോത്സാഹനത്തിനുവേണ്ടി അതോറിറ്റി ആവശ്യമെന്ന് കരുതുന്ന മറ്റെന്തെങ്കിലും സംഗതികൾ 31(ഇ)-യിൽ പറയുന്നുണ്ട്. റിയൽ എസ്റ്റേറ്റ് മേഖലയുടെ പ്രോത്സാഹനം അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന എന്തും ചെയ്യാനുള്ള അധികാരം കൊടുത്താൽ എന്ത് സംഭവിക്കും എന്നുള്ളതിന്റെ ഉദാഹരണമാണ് ഹരിയാനയിൽ ഉണ്ടായത്. റിയൽ എസ്റ്റേറ്റ് മേഖലയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി എന്തും ചെയ്യാനുള്ള അധികാരം കൊടുത്തപ്പോൾ HUDA തോന്നുന്നതുപോലെ അഴിഞ്ഞാടി. അങ്ങനെ അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന എന്തും ചെയ്യാനുള്ള അധികാരം കൊടുക്കുന്നത് ശരിയല്ല. അത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല.

63-ൽ പറയുന്നത്, 'പ്രായോഗികമാകുന്നിടത്തോളം' സർക്കാരിന് നിർദ്ദേശങ്ങൾ നൽകണം. അതോറിറ്റിയുടെ മുകളിൽ സർക്കാർ ചാടിക്കയറി ഇരിക്കുകയാണ്. അതോറിറ്റി സ്വതന്ത്രഭരണ സ്ഥാപനമാണെന്ന് പറഞ്ഞതിനുശേഷം സർക്കാർ പറയുന്ന നിർദ്ദേശങ്ങളെ അതോറിറ്റി അനുസരിക്കണമെന്നാണ്. അതായത് ഫ്ലാറ്റ് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടോ, പ്രൊമോട്ടർമാരുമായി ബന്ധപ്പെട്ടോ അതോറിറ്റി സർക്കാരിന് ഇഷ്ടമില്ലാത്തൊരു തീരുമാനമെടുത്താൽ, ആ തീരുമാനത്തിനുമുകളിൽ ഇടപെടാനും അതിനുമുകളിൽ നിർദ്ദേശങ്ങൾ നൽകാനും സർക്കാരിന് അധികാരം കൊടുക്കുകയാണ്. അതായത്, സർക്കാരിന്റെ കൈപിടിയിലേയ്ക്ക് കേരളത്തിലെ ഫ്ലാറ്റ് നിർമ്മാണരംഗം പരിപൂർണ്ണമായി പിടിച്ചെടുക്കുവാനുള്ള നിഗൂഢമായൊരു ലക്ഷ്യം ഇതിന്റെ ഭാഗമായി നിൽക്കുകയാണ്. സർക്കാരിന് 'പ്രായോഗികമാകുന്നിടത്തോളം' അതായത്, സർക്കാർ എന്തുപറഞ്ഞാലും അത് പ്രായോഗികമാകുന്നിടത്തോളം മാത്രമേ അവർക്ക് വിശദീകരണം കൊടുക്കാൻ അർഹതയുള്ളൂ. പ്രായോഗികമല്ലെന്ന് സർക്കാരിന് തോന്നിയാൽ എന്ത് നിലപാട് വേണമെങ്കിലും സ്വീകരിക്കാമെന്ന് അതിൽ പറയുന്നുണ്ട്. പ്രായോഗികമാകുന്നിടത്തോളം, യുക്തമാകുന്നിടത്തോളം എന്നൊക്ക ഒരു നിയമത്തിൽ എഴുതിവയ്ക്കുമ്പോൾ അതിനൊക്കെ പലതരം വ്യാഖ്യാനങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യതകളുണ്ട്. 'യുക്തമെന്ന് തോന്നുന്നപക്ഷം', 'പ്രായോഗികമാകുന്ന എന്ന് തോന്നുന്നപക്ഷം' തുടങ്ങിയ പ്രയോഗങ്ങളൊക്കെ ഒരു നിയമത്തിന്റെ ഭാഗമായി വരുമ്പോൾ അത് വലിയതോതിലുള്ള ദുർവ്യാഖ്യാനങ്ങൾക്ക് വഴിയൊരുക്കും.

എനിക്ക് ഇതിനകത്ത് രാഷ്ട്രീയമായി ഒരു സംശയം ഉന്നയിക്കാനില്ല. ഈ സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് ആസൂത്രണം നടത്തിയിരുന്നത് 1108-ലെ ടൗൺ പ്ലാനിംഗ് ആക്ട്, 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട് എന്നിവ മുഖേനയാണ്. ഇതാണ് ഇവിടെ നിലവിലുണ്ടായിരുന്നത്. എന്നാൽ ഭരണഘടനയുടെ 74-ാം ഭേദഗതിയിലൂടെ സ്പേഷ്യൽ പ്ലാനിംഗ് നടത്തുവാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി. ഇതനുസരിച്ച് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ കെട്ടിടനിർമ്മാണം സംബന്ധിച്ച് വ്യാപകമായ അധികാരങ്ങൾ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായി. ഈ അധികാരങ്ങൾ ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുവേയും പ്രത്യേകിച്ച് കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും അംഗീകരിച്ചിട്ടുള്ള മാസ്റ്റർ പ്ലാനുകളും ഡി.ടി.പി.യും നിലവിൽവന്നു. ഇത് കേരളത്തിന്റെ വികസനരംഗത്തുണ്ടായ വലിയൊരു മാറ്റമാണ്. എന്നാൽ ഈ മാസ്റ്റർപ്ലാനുകളും ഡി.ടി.പി.കളും റദ്ദാക്കാൻ കെട്ടിട മാഫിയകൾ കുറേ കാലമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് അവർ കോടതിയെ സമീപിക്കുകയുണ്ടായി. കോടതി അതിനെ അംഗീകരിച്ചില്ല. മാസ്റ്റർ പ്ലാനിന് വിരുദ്ധമായി, ഡി.ടി.പി.ക്ക് വിരുദ്ധമായി 113 ചെറുനഗരങ്ങളിലും വൻനഗരങ്ങളിലും അനവധി കെട്ടിടങ്ങൾ കെട്ടിടമാഫിയകൾ പണിതുകൂട്ടി. ഒരു കെട്ടിടം പണി പൂർത്തീകരിച്ചുകഴിഞ്ഞാൽ എന്തുചെയ്യാൻ സാധിക്കുമെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. മാസ്റ്റർ പ്ലാനിലും ഡി.ടി.പി.ക്കുമെതിരായി കെട്ടിടങ്ങൾ പണിയാൻ അവർക്ക് അധികാരം കൊടുത്തത് ആരാണ്; ആരാണ് ഇവർക്ക് ഈ ഉറപ്പുകൊടുത്തത്? നിയമം ലംഘിച്ചുകൊണ്ട് പണി ചെയ്ത കെട്ടിട ലോബികളെ സംരക്ഷിക്കേണ്ട എന്ത് ബാദ്ധ്യതയാണ് ഗവൺമെന്റിനുള്ളത്? അവർ ഇതിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങളെ സ്വാധീനിക്കാൻ പരിശ്രമിച്ചു. പക്ഷേ അവർക്ക് അതിനുകഴിഞ്ഞില്ല എന്ന് വന്നപ്പോൾ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായി ലഭിച്ച് നൽകപ്പെട്ട അധികാരങ്ങൾ തിരികെപിടിക്കാൻ 2012-ൽ കേരള നഗരഗ്രാമാസൂത്രണ ഓർഡിനൻസ് സർക്കാർ കൊണ്ടുവന്നു. ആ ഓർഡിനൻസ് വളരെ ശുദ്ധഗതിയോടെയും മര്യാദയോടെയും കൊണ്ടുവന്നതായിരുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായി ലഭിച്ച അധികാരം തിരിച്ചുപിടിച്ച് സ്വന്തം കൈകളിലേയ്ക്ക് എത്തിക്കാനുള്ള ഒരു ലക്ഷ്യത്തിന്റെ ഭാഗമായാണ് ഓർഡിനൻസ് കൊണ്ടുവന്നത്. നേരത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്ന അധികാരങ്ങളെല്ലാം ഈ ഓർഡിനൻസ് മുഖേന രൂപീകരിക്കപ്പെട്ട സംസ്ഥാന നഗരഗ്രാമാസൂത്രണബോർഡിന് നൽകി. ഈ ബോർഡാണ് കെട്ടിടലോബികൾക്ക് അനുകൂല ഉത്തരവുകൾ ഇറക്കികൊണ്ടിരിക്കുന്നത്.

ഇന്നലെ സഭയിൽ ചർച്ച ചെയ്ത കാര്യം, നാഷണൽ ബിൽഡിംഗ് കോഡ് (എൻ.ബി.സി.) അട്ടിമറിക്കപ്പെട്ടുവെന്നുള്ള ആക്ഷേപങ്ങളും വിമർശനങ്ങളും

സംബന്ധിച്ച് ഞങ്ങൾ ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അതൊരു ഗൈഡ് ലൈൻ മാത്രമാണെന്നാണ്. ആ വാദം ശരിയാണ്. ആ ഗൈഡ് ലൈൻ കേരളത്തിലെ മുനിസിപ്പാലിറ്റി ആക്ട് എങ്ങനെയാണ് സമീപിക്കുന്നത്; എന്താണ് കെ.എം.ബി.ആർ.ൽ എഴുതിയിരിക്കുന്നത്? ആംബുലൻസിനുപോലും കടന്നുപോകാൻ കഴിയാത്ത സ്ഥലങ്ങളിൽ എൻ.ബി.സി. ബാധകമാക്കണമെന്ന് പറഞ്ഞത് ഞങ്ങളല്ല, നിങ്ങളുടെ ഉദ്യോഗസ്ഥരാണ്. നിങ്ങളുടെ അഗ്നിശമന സേനാ വിഭാഗത്തിന്റെ സാങ്കേതിക വിദഗ്ദ്ധരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുകൂട്ടിയപ്പോൾ അവർ പറഞ്ഞത്, ഇത് അംഗീകരിക്കാൻ കഴിയില്ല, നിലവിലുള്ള ചട്ടം അനുസരിക്കില്ല എന്നാണ്. ഈ പ്രശ്നമാണ് ഞങ്ങൾ സഭയിൽ കൊണ്ടുവന്നത്. കേരള മുനിസിപ്പാലിറ്റി ചട്ടം 54(4)(a) ഡയറക്ടർക്ക് ഇതിനകത്ത് അധികാരം കൊടുക്കുന്നുണ്ട്. ഡയറക്ടർ തെറ്റായി സർക്കാരിനെതിരെ വേട്ടയാടണമെങ്കിൽ നടപടിയെടുക്കാൻ കഴിയുമായിരുന്നില്ലേ? നിങ്ങൾക്ക് നടപടി എടുക്കാൻ കഴിയാതിരിക്കാനുള്ള കാരണം എന്താണ്? മുനിസിപ്പാലിറ്റി ചട്ടം 54(4)(a)-ൽ ഡയറക്ടറിൽ നിക്ഷിപ്തമായ അധികാരം അദ്ദേഹം വിനിയോഗിച്ചതുകൊണ്ടാണ്. ആ അധികാരം വിനിയോഗിച്ച ആ ഉദ്യോഗസ്ഥനെതിരെ നിങ്ങളാണ് വേട്ടയാടുന്നത് എന്നുള്ളത് 100 ശതമാനവും ശരിയാണെന്ന് ഞങ്ങൾ വീണ്ടും ആവർത്തിച്ചുപറയുകയാണ്. ആ ഉദ്യോഗസ്ഥൻ നിങ്ങളെ വേട്ടയാടിയെങ്കിൽ എന്തുകൊണ്ട് അദ്ദേഹത്തിനെതിരെ നടപടിയെടുക്കാൻ കഴിഞ്ഞില്ല എന്നുള്ളത് സഭയിലും പൊതുസമൂഹത്തിനുമുന്നിലും പറയണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇന്നലെ ശ്രീ. മഞ്ഞളാംകുഴി അലി പുലിയായിക്കൊണ്ട് അദ്ദേഹം മുഖ്യമന്ത്രിയായിരുന്നെങ്കിൽ ഈ ഉദ്യോഗസ്ഥനെ അദ്ദേഹം xxx* കളയുമെന്നൊക്കെ പറഞ്ഞിരുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞ വാക്ക് അൺപാർലമെന്ററിയാണ്, അത് പിൻവലിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പിൻവലിക്കുന്നു. ഓടിച്ചുകളയും എന്ന് ഉദ്ദേശിച്ചാണ് പറഞ്ഞത്. അത് എന്തുകൊണ്ടാണെന്ന് ഇന്ന് മനസ്സിലായി. ഫയറുമായി ബന്ധപ്പെട്ടുള്ള ഫീസ് 100 രൂപയായി ഇവർ തന്നെ വർദ്ധിപ്പിച്ചു. ഞങ്ങളാരും വർദ്ധിപ്പിച്ചതല്ല. എന്നിട്ട് ഇവർ തന്നെ യോഗം വിളിച്ചുകൂട്ടി അത് 20 രൂപയാക്കി കുറയ്ക്കുന്നു. അതിനിടയിൽ നടന്ന ഡീലിങ്സാണ് അഴിമതി. ആ ഉദ്യോഗസ്ഥൻ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച സമീപനത്തിന് മുൻകാല പ്രാബല്യംകൂടി കൊടുത്തിരിക്കുകയാണ്. ആ സമീപനം സ്വീകരിച്ചത് എന്തിനാണ്? ആ ഉദ്യോഗസ്ഥന് അദ്ദേഹത്തിന്റെ കടമ നിർവഹിക്കാൻവേണ്ടി

* പിൻവലിച്ചു.

സർക്കാരിന് നഷ്ടമാകുന്ന പണം സർക്കാരിന് കിട്ടണമെന്ന നിലയിൽ നിലപാട് സ്വീകരിക്കുമ്പോൾ സർക്കാർ ചെയ്യുന്നത് എന്താണ്? 900 ശതമാനം വർദ്ധിച്ചുവെന്നാണ് മന്ത്രി പറയുന്നത്. 900 ശതമാനം വർദ്ധിപ്പിച്ചത് ഞങ്ങൾ അല്ല, ഇവർ തന്നെ തീരുമാനിച്ചതാണ്. 900 ശതമാനം വർദ്ധിപ്പിക്കാൻവേണ്ടി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; മറ്റ് സ്റ്റേറ്റുകളിൽ എത്ര ശതമാനം വർദ്ധിപ്പിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ? ഇതൊന്നും പരിശോധിക്കാതെ 900 ശതമാനം വർദ്ധിപ്പിച്ചത് ആരുടെ നിർദ്ദേശപ്രകാരമാണ്? ബാർ ലൈസൻസ് കേസിലും ഇതുതന്നെയാണുണ്ടായത്. ബാർ ലൈസൻസ് 30 ലക്ഷം രൂപയാക്കി എന്നുപറഞ്ഞു. എന്നിട്ട് ബാർഗെയിനിംഗ് നടത്തി 10 കോടി രൂപ വാങ്ങി. 900 ശതമാനം വർദ്ധിപ്പിക്കുന്നു എന്ന് ഇവർ തന്നെ പറയുകയും യോഗം വിളിച്ചുകൂട്ടി 900 ശതമാനം എന്നത് 20 രൂപയായി കുറയ്ക്കുകയും ചെയ്യുകയാണ്. ഇത്തരം ഡീലിങ്സാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഈ ബില്ലിലും ഇതുതന്നെയാണ്. റിയൽ എസ്റ്റേറ്റ് മാഫിയയെ സഹായിക്കാൻവേണ്ടി അവർക്ക് എതിരാണെന്നും നിയന്ത്രിക്കാനാണെന്നും വരുത്തിത്തീർക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, തീർച്ചയായും. അതാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞാൻ വളരെ കൃത്യമായി ചട്ടം വച്ചുകൊണ്ടാണ് അദ്ദേഹത്തോട് ചോദിക്കുന്നത്. എൻ.ബി.സി. പാർട്ട് 4 ചട്ടം 54(5)-അഗ്നിശമനസേനാ സാമഗ്രികൾ ബഹുനില മന്ദിരങ്ങളിൽ ഒരുക്കിയാൽ മാത്രമേ അനുമതി പത്രം ഫയർ ഫോഴ്സിന് നൽകാൻ കഴിയൂ. ഈ ചട്ടം മാറ്റിയിട്ടുണ്ടോ; ഡയറക്ടർക്ക് അധികാരം കൊടുത്ത ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോ?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഒട്ടേറെ ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഫ്ലാറ്റുകളിലേയ്ക്ക് പോകുന്ന റോഡിന്റെ സ്പെസിഫിക്കേഷൻ ആദ്യം മാറ്റം വരുത്തി. ഇപ്പോൾ പറഞ്ഞ ചട്ടങ്ങളിൽ മാറ്റം വരുത്തി. രാവിലെ സഖാവ് വി.എസ്. അച്ചുതാനന്ദൻ ഇവിടെ ഉന്നയിച്ച കാര്യങ്ങളിൽ മാറ്റം വരുത്തി. അങ്ങനെ റിയൽ എസ്റ്റേറ്റ് മാഫിയ നടത്തിയ എല്ലാ നിവേദനവും അംഗീകരിച്ച ഗവൺമെന്റാണ് ഇത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ബാറുകൾ എന്ന കറവപ്പശു അവിചാരിതമായി നിന്നുപോയപ്പോൾ ഈ ഗവൺമെന്റ് കാണുന്ന പുതിയൊരു കറവപ്പശു മേഖലയാണ് ഫ്ലാറ്റ് നിർമ്മാണമേഖല എന്ന് തെളിയിക്കുന്ന അനുഭവങ്ങളാണ് ഇതെല്ലാം. ഇവിടെ അദ്ദേഹം ആവർത്തിച്ചുപറയുന്നത് ഗൈഡ് ലൈൻ മാത്രമാണ്, അതിലൊന്നും വലിയ കാര്യമില്ല എന്നാണ്. ചട്ടം 44 അനുസരിച്ച് മൂന്ന് നിലകളിൽ മുകളിലുള്ളവയ്ക്ക് എൻ.ബി.സി. വ്യവസ്ഥയനുസരിച്ച് അഗ്നിശമന സാമഗ്രികൾ

സ്ഥാപിക്കേണ്ടതാണ് എന്ന് പറയുന്നു. കേരള എം.ബി.ആർ-ന്റെ 3 (ബി) ഞാൻ ഒന്നുകൂടി വായിക്കാം. Application of National Building Code of India - wherever the provisions of the National Building Code are mentioned in this rules the provisions of the code in force shall be adopted. എവിടെയാണോ എൻ.ബി.സി.യെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുള്ളത് അതെല്ലാം കെ.എം.ബി.ആർ.ന് ബാധകമാണ് എന്നാണ് നിങ്ങൾ അച്ചടിച്ചിട്ടുള്ള കെ.എം.ബി.ആർ.ന്റെ ഭാഗമായിട്ടുള്ള നിബന്ധന. ആ നിബന്ധന നിങ്ങൾ മാറ്റം വരുത്തിയിട്ടുണ്ടോ; ആ ചട്ടം നിങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ടോ? ഇതൊന്നും ഭേദഗതി ചെയ്യാതെ ഒരു ഉദ്യോഗസ്ഥനെ നിങ്ങൾ പീഡിപ്പിക്കുമ്പോൾ ആ ഉദ്യോഗസ്ഥൻ വേട്ടയാടുന്നു എന്ന് പറഞ്ഞാൽ മതിയോ? നിങ്ങൾ മന്ത്രിസഭാ യോഗംകൂടി ഇപ്പോൾ മാറ്റം വരുത്തിയതിൽ തെറ്റില്ല. നിങ്ങൾ ഇമ്മിണി ബല്യ ഒന്നിന്റെ പണിയാണോ നടത്തിയത്? ഇമ്മിണി ബല്യ ഒന്ന് എന്ന ഒരു തന്ത്രമുണ്ട്. ഒരു ഒന്നിനെ ചെറുതാക്കാൻ ഒരു വലിയ ഒന്ന് വേറെ വരച്ചാൽ മതി. സ്വാഭാവികമായും ചെറിയ ഒന്ന് ചെറുതാകും. ഇതാണ് തന്ത്രം. എന്ത് അടിസ്ഥാനത്തിലാണ് നിങ്ങൾ 900 ശതമാനം വർദ്ധിപ്പിച്ചത്; എന്ത് പഠനമാണ് നിങ്ങൾ നടത്തിയത്; ആരാണ് ആ തീരുമാനമെടുത്തത്? രാവിലെ മുഖ്യമന്ത്രി പറയുന്നതുകേട്ടാൽ പ്രതിപക്ഷമാണ് വർദ്ധിപ്പിച്ചതെന്ന് തോന്നും. ഇത് യുക്തമല്ലാത്ത വർദ്ധനവാണ്. ഈ വർദ്ധനവ് നടത്തിയത് നിങ്ങളുടെ ഗവൺമെന്റല്ലേ? 2014-ൽ ഇത് വർദ്ധിപ്പിക്കുമ്പോൾ നിങ്ങളെല്ലാം അബോധാവസ്ഥയിലായിരുന്നോ; മദ്യലഹരിയിലായിരുന്നോ; എന്ത് ലഹരി കുടിച്ചിട്ടാണ് നിങ്ങൾ ഈ തീരുമാനമെടുത്തത്? നിങ്ങൾ ബോധപൂർവം ആസൂത്രണം ചെയ്ത് വർദ്ധിപ്പിച്ചു. വർദ്ധിപ്പിക്കുമ്പോൾ ചെറിയ ഒന്ന് അവിടെയുണ്ടെന്ന് നിങ്ങൾക്കറിയാം, ആ ചെറിയ ഒന്നിനെ വലുതാക്കാൻവേണ്ടി നിങ്ങൾ നടത്തിയ പണിയാണ്. അതിന്റെ പിന്നിലുള്ള അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ നിയമസഭാ സമിതിയെ വയ്ക്കണമെന്ന മിനിമം മര്യാദപോലും അനുസരിക്കാൻ തയ്യാറല്ലാതെ കേരളത്തിന്റെ ജനാധിപത്യത്തെയും പൊതുസമൂഹത്തെയും വെല്ലുവിളിച്ച് ധാർഷ്ട്യത്തോടുകൂടി പെരുമാറുകയാണ് നിങ്ങൾ ചെയ്തത്. ഒന്നും അന്വേഷിക്കാനില്ല എന്നുപറഞ്ഞാൽ അതൊരു വെല്ലുവിളിയാണ്. ആ വെല്ലുവിളി ഞങ്ങളോടുള്ള വെല്ലുവിളിയായി ഞങ്ങളെടുക്കുന്നില്ല. അത് കേരളത്തിലെ പൊതുസമൂഹത്തോടുള്ള വെല്ലുവിളിയാണ്. നിങ്ങളുടെ ഈ മന്ത്രിസഭാ തീരുമാനം നിലനിൽക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഏതെങ്കിലുമൊരാൾ കോടതിയിൽ പോയാൽ 'പവനായി ശവമായി' എന്നുപറയുന്നതുപോലെ ഇത് നൂറ് ശതമാനവും തകരാറായിപ്പോകില്ലേ; ഏത് കോടതിയാണ് ഇത് അംഗീകരിക്കുന്നത്? ചട്ടം ഭേദഗതി ചെയ്യാതെ നിങ്ങൾക്കിത് ചെയ്യാൻ അധികാരമുണ്ടോ; നിയമസഭയെ നിങ്ങൾ ഇത് അറിയിച്ചിട്ടുണ്ടോ? ഇതുമാത്രമല്ല, നിരവധി ആക്ഷേപങ്ങൾ ഇതിനുമുമ്പുമുണ്ടായി. 1585 കെട്ടിടങ്ങൾ കേരളത്തിൽ നിയമം ലംഘിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നഗരങ്ങളിലെ ഗതാഗത പ്രശ്നത്തിന് പ്രധാനപ്പെട്ട

കാരണം അനധികൃത കെട്ടിടങ്ങളാണെന്ന് വിജിലൻസ് റിപ്പോർട്ട് തന്നിട്ടില്ലേ; ആ റിപ്പോർട്ട് നിങ്ങൾ എന്ത് ചെയ്തു; അത് പൂഴ്ത്തി വച്ചോ? അങ്ങനെയൊരു റിപ്പോർട്ടുണ്ടെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കാൻ നിങ്ങൾ തയ്യാറുണ്ടോ? മറ്റൊന്ന്, റിയൽ എസ്റ്റേറ്റ് ഇടപാടുകാരെ നിയന്ത്രിക്കാനായി ഏർപ്പെടുത്തിയ പോലീസ് വെരിഫിക്കേഷൻ നിബന്ധനയുണ്ടായിരുന്നു. 2015 ജൂലൈ 16-ാം തീയതി പോലീസ് വെരിഫിക്കേഷൻ നിബന്ധന രഹസ്യമായി നിങ്ങൾ പിൻവലിച്ചു. പരാതി ഉണ്ടെങ്കിൽ മാത്രം വെരിഫിക്കേഷൻ മതിയെന്നാക്കി. ചതിയിൽപ്പെടുന്ന ആളുകളെല്ലാം പരാതിയുമായി വന്നാൽ മാത്രം മതി വെരിഫിക്കേഷൻ എന്ന് തീരുമാനിക്കുന്നതിനുപിന്നിൽ നിങ്ങളുടെ താൽപ്പര്യമെന്താണ്? വൻകിട റിയൽ എസ്റ്റേറ്റുകാർ തിരികെയെത്തണം, ബിനാമി രജിസ്ട്രേഷനുകൾ ധാരാളം നടക്കണം, തോന്നുന്നതുപോലുള്ള ഊഹക്കച്ചവടങ്ങളെ പ്രോത്സാഹിപ്പിക്കണം തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽകണ്ടുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ ചെയ്തത്. അനധികൃത കെട്ടിടങ്ങൾക്ക് അനുമതി നൽകാനുള്ള നീക്കം നിങ്ങളുടെ ഭാഗത്തുനിന്ന് വരാൻ പോകുന്ന എന്ന വാർത്ത വന്നിരിക്കുകയാണ്, എന്താണ് ഈ ഗവൺമെന്റിന്റെ നിലപാട്? 20 നഗരങ്ങൾക്ക് മാസ്റ്റർപ്ലാനും 113 നഗരങ്ങൾക്ക് ഡി.ടി.പി.യുമുണ്ട്. കെട്ടിടനിർമ്മാണത്തിന് മേഖലാ നിയന്ത്രണമാണ് കാതൽ എന്നുപറയുന്നത്. ഓരോ വികസിത രാഷ്ട്രങ്ങളും സ്വീകരിക്കുന്ന രീതിയാണിത്. വ്യാവസായിക മേഖല, ഗാർഹിക മേഖല തുടങ്ങിയവ ഇത് പരിഗണിക്കാതെ കെട്ടിടങ്ങൾ പണിതുകൂട്ടി പ്രത്യേക ഉത്തരവ് വഴി അനുമതി വാങ്ങലായിരുന്നു പണ്ട് പതിവ്. ഇളവ് നൽകാൻ പാടില്ലെന്ന് 2005-ൽ ഹൈക്കോടതി ഉത്തരവ് വന്നു. ഹൈക്കോടതിയുടെ ഉത്തരവിന്റെ പേരിൽ കുടുങ്ങിക്കിടക്കുന്ന കെട്ടിടങ്ങളെ റഗുലറൈസ് ചെയ്യാൻ നിങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എന്താണ് ഈ ആസൂത്രണത്തിന്റെ പിന്നിലുള്ളത്? തദ്ദേശ സ്ഥാപനങ്ങളിൽനിന്ന് അധികാരം തിരിച്ചുപിടിച്ചുകൊണ്ടുള്ള ഈ പുതിയ ഭേദഗതി യഥാർത്ഥത്തിൽ വലിയ അഴിമതി ലക്ഷ്യം വച്ചുകൊണ്ടാണെന്ന ആരോപണം ഞങ്ങൾ ഉന്നയിക്കുകയാണ്. അതുകൊണ്ടാണ് ഈ ബില്ലിന്റെ പിന്നിൽ 'മുന്നിൽ കാണുന്ന പൂന്തോട്ടത്തിനു പിറകിൽ പുലിയുണ്ട്' എന്ന് പറയുന്നത്. മണ്ണ്, വെള്ളം, ഭൂമി, തോട്ടം തുടങ്ങിയവയെല്ലാം മാഫിയകൾക്ക് കൈമാറുന്ന ഗൂഢാലോചനയാണ് നിങ്ങൾ നടത്തിയത്. നെൽവയൽ തണ്ണീർത്തടനിയമം നിങ്ങൾ തകർത്ത് തരിപ്പണമാക്കി, ഡാറ്റാബാങ്ക് എവിടെയാണെന്ന് ആർക്കും അറിയില്ല. കേരളത്തിന്റെ ജലസമൃദ്ധിയെ മുഴുവൻ തകരാറിലാക്കുന്ന മണ്ണിട്ട് നികത്തൽ നിരന്തരമായി നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ഭൂപരിഷ്കരണത്തെ അട്ടിമറിക്കുന്ന തോട്ടം ഭൂമി 5 ശതമാനം ടൂറിസം വ്യവസായത്തിന് കൊടുക്കാൻ തീരുമാനിച്ചത് നിങ്ങളാണ്. അനധികൃത കെട്ടിടങ്ങളെല്ലാം റഗുലറൈസ് ചെയ്ത് പണം വാങ്ങി. എന്ത് കുറ്റം ചെയ്താലും പണം വാങ്ങി റഗുലറൈസ് ചെയ്യാമെന്ന് തീരുമാനമെടുത്തത് നിങ്ങളാണ്. നേരത്തെ ശ്രീ. കെ. സുരേഷ് കുറുപ്പ്

പറഞ്ഞതുപോലെ ഫ്ലാറ്റ് മാഫിയകൾക്ക് വഴിവിട്ട് സഹായം ചെയ്യുന്ന നിരവധി ഉത്തരവുകൾ ഇറക്കിയത് നിങ്ങളാണ്. അതുകൊണ്ടാണ് നിങ്ങൾ യഥാർത്ഥത്തിൽ കേരളത്തിന്റെ നിയമവാഴ്ചയെ തകരാറിലാക്കുന്ന എന്ന വിമർശനം ഞങ്ങൾ ഉന്നയിക്കുന്നത്. പിഞ്ഞാണക്കടയിൽ കയറിയ കാളക്കുറ്റനെന്ന് കേട്ടിട്ടുണ്ട്. നിയമവാഴ്ചയിൽ പിഞ്ഞാണക്കടയിൽ കയറിയ കാളക്കുറ്റൻ മാത്രമല്ല പൃഷ്ടത്തിൽ തേളിന്റെ കടിയേറ്റ വാനരനെപ്പോലുള്ള അനുഭവം കേരളത്തിൽ തുടരുകയാണ്. നിയമവ്യവസ്ഥയോട് കാണിക്കുന്ന ഈ ധിക്കാരത്തിന് വലിയ ശാപം നിങ്ങളേറ്റുവാങ്ങാൻ പോവുകയാണ്. കേരളീയസമൂഹത്തിന്റെ വരുംതലമുറയുടെ ശാപങ്ങൾ നിങ്ങളേറ്റുവാങ്ങേണ്ടിവരും, കുടിക്കാനുള്ള വെള്ളവും ലഭ്യമായ കുറച്ച് ഭൂമിയും മാഫിയകൾക്ക് കൈമാറുന്നതിന്റെ ശാപം. മഹാഭാരതത്തിലെ ഒരു കഥാപാത്രമാണ് അശ്വത്ഥാമാവ്. പൊട്ടിയ ചലവുമായി ചിരഞ്ജീവിയെപ്പോലെ ജീവിച്ചുകൊണ്ടിരിക്കുന്ന കഥാപാത്രമാണ് അശ്വത്ഥാമാവ്. പകയുടെയും വൃത്തികേടിന്റെയും പ്രതീകമാണ് അശ്വത്ഥാമാവ്. അശ്വത്ഥാമാവിനെപ്പോലെ ഒരിക്കലും മരിക്കാതെ പൊട്ടി ഒഴുകുന്ന ചലവുമായി കേരളീയ സമൂഹത്തിനുമുന്നിൽ അപമാനിതരായി നിൽക്കുന്ന സർക്കാരായി മാറുന്നതിന്റെ ഒരു സ്റ്റെപ്പുകൂടി നിങ്ങൾ മുന്നോട്ടുവയ്ക്കുകയാണ് ഈ നിയമനിർമ്മാണത്തിലൂടെ എന്ന് പറഞ്ഞുകൊണ്ട് ഈ വിയോജനക്കുറിപ്പ് രേഖപ്പടുത്തിയതായി ഞാൻ അറിയിക്കുകയാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, മന്ത്രി ഇവിടെ അവതരിപ്പിച്ച 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ, റിയൽ എസ്റ്റേറ്റ് കച്ചവടക്കാരെയും റിയൽ എസ്റ്റേറ്റ് മാഫിയകളെയും പരസ്യമായി സഹായിക്കുന്നതിനുവേണ്ടിയുള്ള ഒരു ലൈസൻസ് എടുക്കലാണെന്നാണ് എനിക്ക് ആദ്യം പറയാനുള്ളത്. പ്ലോട്ടുകളുടെയും കെട്ടിടങ്ങളുടെയും വിൽപ്പന കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ഒരു ബിൽ എന്നും ഇതിൽ നിർദ്ദേശിക്കുന്നുണ്ട്. വിൽപ്പന എന്നുപറയുമ്പോൾ ഭൂമി ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല. ഡിമാന്റ് കൂടി വരികയാണ്. ഭൂമിക്ക് അനിയന്ത്രിതമായിട്ടുള്ള വിലയാണ് ഇന്നുള്ളത്. ആ ഭൂമിയുടെ വില നിയന്ത്രിക്കാനുള്ള എന്തെങ്കിലും പ്രായോഗികമായ നിർദ്ദേശം ഈ ബില്ലിൽ ഉണ്ടോ? ഊഹക്കച്ചവടം പോലെ നടത്തുന്നതാണിത്. ഭൂമിയുടെ വില നിയന്ത്രിക്കാൻ യാതൊരു തരത്തിലുള്ള നിർദ്ദേശവും ഈ ബില്ലിൽ ഇല്ല. അതുകൊണ്ടുതന്നെ എന്തുവിലയ്ക്കും എങ്ങനെയും എപ്പോഴും വിൽക്കാനും ലാഭം കുന്നുകൂട്ടാനുമുള്ള സഹായമാണ് ബഹുമാനപ്പെട്ട മന്ത്രി ചെയ്തുകൊടുക്കുന്നതെന്ന് ഞാൻ പറഞ്ഞാൽ അത് തെറ്റാകില്ല. നാട്ടിൻപുറങ്ങളിൽപ്പോലും റിയൽ എസ്റ്റേറ്റ് ബിസിനസ് എന്ന വലിയ ശക്തി ഉയർന്നുവരികയാണ്. എല്ലാ മണ്ഡലങ്ങളിലും അവർക്ക് ബന്ധമുണ്ട്. ഉൾനാടൻ പ്രദേശങ്ങളിലും നഗരങ്ങളിലും പട്ടണങ്ങളിലും ഓരോ വിഭാഗമായി റിയൽ എസ്റ്റേറ്റ് ശക്തിപ്രാപിച്ചുവരികയാണ്. അവരുടെ ഏറ്റവും പ്രധാനപ്പെട്ട ഉൽപ്പന്നങ്ങൾ ഭൂമിയും കെട്ടിടങ്ങളുമാണ്. അതിൽ

ഉപയോഗിക്കുന്നത് ഊഹക്കച്ചവടമാണ്. ആ ഊഹക്കച്ചവടത്തെ നിയന്ത്രിക്കാൻ ഈ ബില്ലിൽ യാതൊരു വ്യവസ്ഥയുമില്ല. നമ്മുടെ നാട്ടിലെ സർക്കാർ ഉദ്യോഗസ്ഥർക്കും അതുപോലെ ചെറുകിടക്കാർക്കും ഇടത്തരക്കാർക്കും ഗവൺമെന്റ് സഹായം ചെയ്തുകൊടുക്കുന്ന ഹൗസിംഗ് സൊസൈറ്റികളുണ്ട്. ധാരാളം എൻ.ജി.ഒ.മാരും മറ്റ് ഓഫീസർമാരും ഹൗസിംഗ് സൊസൈറ്റി കെട്ടിടങ്ങളിലാണ് താമസിക്കുന്നത്. ആ ഹൗസിംഗ് സൊസൈറ്റികളുടെ ഗതി എന്താകും? ഈ ഊഹക്കച്ചവടർക്കാർക്ക് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കുമ്പോൾ ഗവൺമെന്റ് ഹൗസിംഗ് സൊസൈറ്റികളെക്കുറിച്ച് ഒരു നിമിഷംപോലും ചിന്തിച്ചില്ല. ഈ ബിൽ നടപ്പിൽവന്നാൽ നാളെ മുതൽ ഹൗസിംഗ് സൊസൈറ്റികളെല്ലാം പൊളിയും. സാധാരണക്കാരന്റെ തലയ്ക്കടിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉദ്ദേശിക്കുന്നത്. ഹൗസിംഗ് സൊസൈറ്റി കെട്ടിടങ്ങളിൽ താമസിക്കുന്ന ഇടത്തരക്കാരെയും ചെറുകിടക്കാരെയും ഉദ്യോഗസ്ഥന്മാരെയും അധോഗതിയിലാക്കുകയാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. കെട്ടിടങ്ങൾ നിർമ്മിക്കാനും വിൽപ്പന കാര്യക്ഷമമാക്കാനും അതീവ ശ്രദ്ധയോടുകൂടി ബിൽ തയ്യാറാക്കാൻ മുന്നോട്ടുവന്നിട്ടുള്ള ഗവൺമെന്റിനും അതിന് നേതൃത്വം കൊടുക്കുന്ന മന്ത്രിക്കും ആ കെട്ടിടങ്ങളുടെ സുരക്ഷയെ സംബന്ധിച്ച് എന്തെങ്കിലും ഉത്കണ്ഠയുണ്ടോ? സുരക്ഷയെ സംബന്ധിച്ച് ഈ ബില്ലിൽ യാതൊന്നും പരാമർശിച്ചിട്ടില്ല. 2010-ൽ തിരുവനന്തപുരത്ത് നടന്ന അപകടം ഏറ്റവും പ്രധാനപ്പെട്ടതാണ്. ആ അപകടകാരണം കേരളീയർക്ക് ഒരു മാതൃകയാണ്. അവിടെ ഫയർ സർവ്വീസിന് വരാനോ ആളുകൾക്ക് ഓടിക്കൂടാനോ ഉള്ള പൊതുവഴി ഇല്ലാത്തതിന്റെ ഫലമായി, അഗ്നിശമന സേനയെത്തി അപകടത്തിൽപ്പെട്ട ആളുകളെ രക്ഷിക്കാൻ 24 മണിക്കൂർ സമയമെടുത്തു. ഫ്ലാറ്റ് കെട്ടിയതിന്റെ കുഴപ്പമാണത്. പൊതുസ്ഥലത്തേയ്ക്ക് 3 മീറ്റർ എങ്കിലും റോഡ് ഉണ്ടാവുകയും സുരക്ഷ ഉറപ്പാക്കുകയും ചെയ്യണമായിരുന്നു. സുരക്ഷ ഉറപ്പാക്കുന്നതിൽ ഗവൺമെന്റ് ശ്രദ്ധിക്കാത്തതുകൊണ്ടാണ് തമ്പാനൂരിൽ 2010 ഫെബ്രുവരി മാസത്തിൽ 6 പേരുടെ ജീവൻ പൊലിഞ്ഞത്. നിലവിലുള്ള കെട്ടിടത്തിനുമുകളിൽ പുതിയ കെട്ടിടം പണിയുകയാണെങ്കിൽ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. അങ്ങനെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി പരിശോധിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിദഗ്ദ്ധന്മാരില്ല. കെട്ടിടത്തിന്റെ ഉടമസ്ഥൻതന്നെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് എഴുതിക്കൊടുക്കുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ യാതൊരു സുരക്ഷയുമില്ലാതെ കെട്ടിടങ്ങൾ ഉണ്ടാക്കാമെന്ന നിലയിലേയ്ക്ക് വന്നിരിക്കുകയാണ്. സുരക്ഷയെ സംബന്ധിച്ച് ഈ ബില്ലിൽ ഒന്നും പറയുന്നില്ല. അടുത്ത കാലത്ത് കെട്ടിടങ്ങളെ സംബന്ധിച്ച് വലിയ തോതിൽ ചർച്ച നടന്നു. കൊച്ചിയിലും തിരുവനന്തപുരത്തും ഡി.എൽ.എഫ്.ന്റെ ഫ്ലാറ്റുകളായാലും വ്യാപകമായ രൂപത്തിൽ യാതൊരു തരത്തിലുമുള്ള സുരക്ഷയുമില്ലാതെ

കെട്ടിടങ്ങൾ ഉയർന്നുവരുന്നു. ഇതുസംബന്ധിച്ച് ഗവൺമെന്റ് ഒന്നും പരിശോധിക്കുന്നില്ലെന്നുള്ളതാണ് വിഷയം. 2011-ലെ കണക്ക് പരിശോധിച്ചാൽ 47 ശതമാനത്തോളം ആളുകൾ നഗരവാസികളാണ്. 2015 ആയപ്പോൾ അത് 50 ശതമാനം കഴിഞ്ഞിട്ടുണ്ടാകും. ജനസംഖ്യയിലെ പകുതിയോളം വരുന്ന ജനങ്ങൾ പട്ടണങ്ങളിലും നഗരങ്ങളിലും തിങ്ങിപ്പാർക്കുമ്പോൾ കെട്ടിടങ്ങളുടെയും ഫ്ലാറ്റുകളുടെയും സുരക്ഷ പ്രദാനം ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. അതിനെക്കുറിച്ച് ഈ ബില്ലിൽ ഒന്നും പരാമർശിക്കാത്തതിനെക്കുറിച്ചാണ് ഞങ്ങൾ ചോദിക്കുന്നത്. നഗരപ്രദേശങ്ങളിൽ നഗരസഭയുടെ സ്ഥലങ്ങൾ പി.പി.പി. പ്രകാരം പുതിയ സമ്പന്നവിഭാഗത്തെ കണ്ടെത്തി, കേരള മിഷന്റെ കീഴിൽ സ്റ്റേറ്റിലെ 7 പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കൊടുക്കാനും ഈ ഗവൺമെന്റ് മുന്നോട്ടുവന്നിരിക്കുന്നു. വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് 60 വർഷത്തേയ്ക്ക് കമ്പനികൾക്ക് കരാർ കൊടുക്കുന്നതുപോലെ രൂപകൽപ്പന, നിർമ്മാണം, ധനസമാഹരണം, നടത്തിപ്പ്, കൈമാറ്റം എന്നീ വ്യവസ്ഥകൾ അടങ്ങിയ ഡി.ബി.എഫ്.ഒ.ടി. സംവിധാനം എന്ന പേരിൽ ഭൂമി കൈമാറാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. കൊല്ലം കോർപ്പറേഷനിൽ കൊല്ലം ഡെവലപ്മെന്റ് അതോറിറ്റിയുടെ കീഴിൽ 6 ഏക്കർ ഭൂമി എക്സിബിഷൻ ഫെസിലിറ്റി ആന്റ് കൺവെൻഷൻ സെന്റർ നിർമ്മാണത്തിനായി നൽകാൻ പോകുന്നു. ഇതിന് 150 കോടി രൂപ വിലവരും. കോഴിക്കോട് കോർപ്പറേഷൻ, മീൻചന്ത മൊബിലിറ്റി ഹബ്ബ് നിർമ്മാണത്തിനായി 1.5 ഏക്കർ ഭൂമി നൽകുന്നു. സെന്റിന് 15 ലക്ഷം രൂപ വച്ച് 22.50 കോടി രൂപ വിലവരും. കുന്നംകുളം മുനിസിപ്പാലിറ്റിയിൽ മൊബിലിറ്റി ഹബ്ബിനായി 4 ഏക്കർ ഭൂമി നൽകും. ഇതിന്റെ മൂല്യം 40 കോടി രൂപ വരും. കൊച്ചിയിൽ കച്ചേരിപ്പടിയിൽ മൾട്ടിലെവൽ കാർ പാർക്കിംഗ് ആന്റ് കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണത്തിന് 44 സെന്റ് ഭൂമി നൽകും. ഇതിന് 27.27 കോടി രൂപ വിലവരും. ഇടപ്പള്ളിയിൽ പബ്ലിക് പാർക്ക് ആന്റ് മൾട്ടി ഫങ്ഷനിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് 1.14 ഏക്കർ ഭൂമി നൽകും. അതിന് 55.50 കോടി രൂപ വിലവരും. അടൂരിൽ മുൻസിപ്പൽ മാർക്കറ്റ് ആന്റ് മൾട്ടി ഫങ്ഷനിംഗ് കോംപ്ലക്സിന് 8 ഏക്കർ ഭൂമി കൊടുക്കുന്നു. പത്തനംതിട്ടയിൽ മുൻസിപ്പൽ ഓഫീസ് ആന്റ് കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണത്തിന് നൽകുന്ന 94 സെന്റിന് വില 19 കോടി രൂപ. ഇങ്ങനെ നഗരസഭകളിലെ പൊതുഭൂമി സ്വകാര്യ നിക്ഷേപകരുടെ കയ്യിലെത്തിക്കാൻ ഏജൻസി പണിയല്ലേ ഈ ഗവൺമെന്റ് ചെയ്യുന്നത്. ബഹുമാനപ്പെട്ട നഗരവികസന വകുപ്പുമന്ത്രി അതിന് നേതൃത്വം കൊടുക്കുകയല്ലേ ചെയ്യുന്നത്? ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ, ഹരിയാനയിൽ ഹുഡ ചെയ്യുന്നതുപോലെ സാധാരണക്കാരുടെ ഭൂമി കുറഞ്ഞ വിലയ്ക്ക് ഏറ്റെടുത്ത് വൻകിട കോർപ്പറേറ്റ് മുതലാളിമാരുടെ കൈകളിലേയ്ക്ക് എത്തിക്കുന്ന നിലയിലേയ്ക്ക് ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് അധ:പതിച്ചിരിക്കുന്നു. ഇത് പുനഃപരിശോധിച്ച് ഈ നിലയിൽനിന്നും മാറണം. ചരിത്രപരമായ

വിധ്വിത്തത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട മന്ത്രി പോകുന്നത്. കെട്ടിട നിർമ്മാണ ആക്ട് ഇവിടെ അവതരിപ്പിക്കുമ്പോൾ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും അനുയോജ്യമായ നല്ല നിയമമുണ്ടാക്കിയെന്ന് ചരിത്രമെഴുതേണ്ടതിന് പകരം മന്ത്രി ഫ്ലാറ്റ് മാഫിയകൾക്കും കച്ചവടക്കാർക്കും വേണ്ടിയുള്ള നിയമം ഉണ്ടാക്കിയെന്ന ചരിത്രമാണ് നാളെ മുതൽ ശ്രീ. മഞ്ഞളാംകുഴി അലി എന്ന ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് അറിയാൻ പോകുന്നത്. നല്ല നിയമം ഉണ്ടാക്കി എന്ന പേരിലായിരിക്കില്ല ശ്രീ. മഞ്ഞളാംകുഴി അലി അറിയപ്പെടുന്നത്. അതല്ലേ ഈ ബില്ലിൽ കാണുന്നത്. കേരളത്തിന്റെ താൽപ്പര്യങ്ങൾക്കും സാധാരണക്കാരന്റെ സുരക്ഷയ്ക്കും ഒരു തരത്തിലുമുള്ള പ്രാധാന്യവും കൊടുക്കാത്ത ഈ നിയമം തീർത്തും പിൻവലിക്കേണ്ടതാണ്. ഈ ബില്ലിനെ ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ഡോ. എൻ. ജയരാജ്)

ശ്രീ. പി. റ്റി. എ. റഹീം: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചപ്പോൾ അതിന്റെ ഉദ്ദേശ്യങ്ങളെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഗുണഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ചും അവർക്കുണ്ടാകുന്ന പ്രയാസങ്ങളെ സംബന്ധിച്ചുമാണ് അദ്ദേഹം വിശദമായി സംസാരിച്ചത്. പക്ഷെ ബില്ലിൽ അച്ചടിച്ചുവന്നിട്ടുള്ള ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഈ ഗുണഭോക്താക്കളെ സംബന്ധിച്ചോ ഉപഭോക്താക്കളുടെ അവകാശങ്ങളെ സംബന്ധിച്ചോ ഒന്നും പറയുന്നില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഈ സഭയിലെ ക്വാറം എത്രയാണ്; ഇപ്പോൾ ക്വാറം ഉണ്ടോ?

മി. ചെയർമാൻ: ക്വാറം ഉണ്ട്. 15 പേരാണ് വേണ്ടത്. ചെയറുൾപ്പെടെ 15 പേർ ഇപ്പോൾ സഭയിലുണ്ട്. സഭയിൽ ക്വാറമുണ്ട്. ക്വാറമില്ലാതാക്കാൻ മെമ്പർ പോകരുത്. ശ്രീ. പി. റ്റി. എ. റഹീമിന് തുടർന്ന് സംസാരിക്കാം.

ശ്രീ. പി. റ്റി. എ. റഹീം: സർ, വളരെ മനോഹരമായാണ് ബഹുമാനപ്പെട്ട മന്ത്രി ഗുണഭോക്താക്കളുടെ അവകാശങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞത്. അദ്ദേഹം പറഞ്ഞതൊക്കെ ശരിയാണ്. പക്ഷെ, ഈ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത് "കേരള സംസ്ഥാനത്തെ സ്ഥലങ്ങളുടെയും വിൽപ്പനയ്ക്കായി നിർമ്മിക്കുന്ന ഗാർഹിക/വാണിജ്യ/ഓഫീസ്/ബിസിനസ്സ്/വിവര സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ എന്നീ ആവശ്യങ്ങൾക്ക് വേണ്ടിവരുന്ന കെട്ടിടങ്ങളുടെ നിർമ്മാണവും വിൽപ്പനയും പരിപാലനവും കൈമാറ്റവുമടക്കമുള്ള കാര്യങ്ങൾ നിയമവിധേയമാക്കുവാനും വികസനോന്മുഖമാക്കുവാനുംവേണ്ടി ഒരു റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയും അപ്പലേറ്റ് അതോറിറ്റിയും

രൂപീകരിക്കുന്നുവെന്നാണ്." അദ്ദേഹം ഇവിടെ പറഞ്ഞ ഗുണഭോക്താക്കളെ സംബന്ധിച്ച ഒരുകാര്യവും ഈ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പറഞ്ഞിട്ടില്ല. ഇന്നലെ ഒരു ബിൽ അവതരിപ്പിച്ചപ്പോൾ പട്ടികജാതിക്കാർക്കും ന്യൂനപക്ഷ വിഭാഗങ്ങൾക്കുമൊക്കെ ആനുകൂല്യം കൊടുക്കുന്നതുകൊണ്ടാണ് ഇവിടെ ഭൂരിപക്ഷത്തിനുള്ള ആനുകൂല്യങ്ങൾ വളരെ മോശമായിപ്പോകുന്നതെന്നുള്ള രൂപത്തിൽ പറഞ്ഞതുപോലെയുള്ള ഉദ്ദേശ്യകാരണങ്ങളാണ് ഇവിടെ പറയുന്നത്. ഞാൻ ഒരു കാര്യം പറയാനാഗ്രഹിക്കുകയാണ്. വിവരാവകാശ നിയമം വന്നപ്പോൾ അത് വലിയ വിപ്ലവകരമായ നിയമമാണെന്നാണ് പരക്കെ അറിയപ്പെട്ടത്. ഇതുപോലെ കേട്ടാൽ അങ്ങനെ തോന്നും. അല്ല, അത് നല്ല ഒരു നിയമമാണ്. ജനങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കാനുള്ള ഒരു നിയമമാണ്. പക്ഷെ, ജനപ്രതിനിധികൾക്കുള്ള ക്ലാസ്സിൽ ഒരു വിദഗ്ദ്ധൻ ക്ലാസ്സെടുത്തപ്പോൾ പറഞ്ഞത് യഥാർത്ഥത്തിൽ ഇൻഡ്യാ രാജ്യത്തുണ്ടായിരുന്ന ഒരു നിയമമെന്ന് പറയുന്നത് രഹസ്യാന്വേഷണ നിയമമാണ്. അത് ചില കാര്യങ്ങളിൽ മാത്രം ബന്ധപ്പെട്ട ഒരു നിയമമായിരുന്നു. പക്ഷെ, വിവരാവകാശ നിയമം വന്നപ്പോൾ കേൾക്കാൻ സുഖമുള്ള ഒരു കാര്യമാണെങ്കിലും അതിൽ ചില എക്സംപ്ഷൻ കൊടുത്തു. വിദേശവുമായി ബന്ധപ്പെട്ട വ്യാപാരങ്ങളുടെ രേഖകൾ കൊടുക്കേണ്ടതില്ലായെന്നാണ് എക്സംപ്ഷൻ നൽകിയത്. ചില പ്രൊവൈസോ കൊടുത്തുകൊണ്ട് ചില കാര്യങ്ങളെ ഒഴിവാക്കി. യഥാർത്ഥത്തിൽ ആ നിയമം പാർലമെന്റ് പാസ്സാക്കിയെങ്കിലും ആ നിയമമുണ്ടാക്കിയത് വിദേശത്തുള്ള കുത്തകകളാണ് എന്ന് ഒരു ക്ലാസ്സിൽ പറഞ്ഞത് ഞാനിപ്പോൾ ഓർക്കുകയാണ്. അതുപോലെതന്നെ നല്ല കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഈ ഭൂമാഫിയയെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമമാണ് ഈ ബില്ലിലൂടെ ഇവിടെ നടത്തിയിട്ടുള്ളത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തമ്പാനൂരിൽ നേരത്തെയുണ്ടായ ഒരു വിഷയത്തെ സംബന്ധിച്ച് ശ്രീ. കെ. വി. വിജയദാസ് ഇവിടെ പറയുകയുണ്ടായി. അന്ന് അപകടം സംഭവിച്ച കെട്ടിടങ്ങളുടെ പുറകുവശത്തേയ്ക്ക് ഫയർ എഞ്ചിനുകൾക്ക് പോകാൻ സാധിക്കാതിരുന്നതുകൊണ്ട് ആ കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ചാണ് അങ്ങോട്ട് ഫയർ എഞ്ചിൻ പോയത്. അത് വലിയ ഗൗരവതരമായ ഒരു ചർച്ചയായി അന്ന് വന്നിരുന്നുവെന്നുള്ളത് വസ്തുതയാണ്. യഥാർത്ഥത്തിൽ നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ചെന്നൈയിൽ ഇപ്പോളുണ്ടായ സംഭവം നമ്മൾ കണ്ടുപഠിക്കേണ്ടതാണ്. ബഹുമാനപ്പെട്ട വെള്ളാപ്പള്ളി നടേശൻ 'നായാടി' മുതൽ 'നമ്പൂതിരി'വരെയുള്ള എല്ലാവരെയും ഒന്നാക്കാൻ നടക്കുകയാണല്ലോ, യഥാർത്ഥത്തിൽ 'നായാടിയും' 'നമ്പൂതിരി'യുമൊക്കെ ചെന്നൈയിൽ ഭക്ഷണം കഴിച്ചത് ഒരു പ്ലേറ്റിൽനിന്നാണ്. എല്ലാവരും കയറി താമസിച്ചത് മുസ്ലീം പള്ളിയിലും ക്രിസ്ത്യൻ പള്ളിയിലുമാണ്. ആർക്കും കയറാൻ പാടില്ലാത്ത അമ്പലങ്ങളിൽ കയറി താമസിച്ചത് എല്ലാ മതവിഭാഗക്കാരും പിന്നോക്ക വിഭാഗക്കാരുമാണ്. അങ്ങനെയൊരു സംഭവം അവിടെയുണ്ടാകാനുള്ള

ഒരു കാരണം ഈ റിയൽ എസ്റ്റേറ്റ് മാഫിയകളാണ് എന്നുള്ള കാര്യം മറന്നുപോകരുത്. ഇവർക്ക് സംരക്ഷണം കൊടുത്ത് ഇതുപോലെ പോകുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തും ഇതൊക്കെത്തന്നെയാണ് സംഭവിക്കുകയെന്നുള്ളത് ഒരു വസ്തുതയാണ്. ആ കാര്യം സംബന്ധിച്ച് ധാരാളം വിദഗ്ദ്ധർ പത്രങ്ങളിലൊക്കെ എഴുതിക്കൊണ്ടിരിക്കുന്നുവെന്ന കാര്യംകൂടി മനസ്സിലാക്കേണ്ടതുണ്ട്. ഞാൻ കൂടുതൽ സംസാരിക്കണമെന്നാഗ്രഹിക്കുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മതസൗഹാർദ്ദമുണ്ടാകാൻ ഈ ബിൽ സഹായകരമാണെന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ വ്യംഗ്യമായി പറഞ്ഞത് അതുതന്നെയാണ്. കാരണം ഭക്ഷണമെന്നുപറയുന്നതാണ് യഥാർത്ഥത്തിൽ ദൈവം. അവിടെ നമ്പൂതിരിയും നായാടിയുമൊക്കെ ഒരു പ്ലേറ്റിൽനിന്ന് കഴിക്കുന്നു, ഇനി അവർ മാത്രമല്ല പശുവും ആ പ്ലേറ്റിൽനിന്നു കഴിച്ചുവോയെന്നുള്ളത് നമുക്ക് ഫോട്ടോഗ്രാഫ്സ് ഒന്നും ലഭിക്കാത്തതുകൊണ്ട് അറിയുന്നില്ലെന്നേയുള്ളൂ. യഥാർത്ഥത്തിൽ അതൊക്കെത്തന്നെയാണ് അവിടെ ഉണ്ടായിരിക്കുന്നത്. ഇങ്ങനെ വലിയ രീതിയിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള സഹായവും സഹകരണവും കൊടുത്ത് ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെയൊരു ബിൽ അവതരിപ്പിച്ചത് യഥാർത്ഥത്തിലൊരു പുകമറ സൃഷ്ടിച്ച് ഗുണഭോക്താക്കളുടെ ഗുണത്തിനാണ് എന്നുപറഞ്ഞുകൊണ്ട് റിയൽ എസ്റ്റേറ്റ് മാഫിയകളെ സഹായിക്കാനുള്ള ഒരു നടപടിയാണ് സ്വീകരിക്കുന്നത്. ഞാൻ ഇത് വെറുതെ പറയുന്നതല്ല. ഗുജറാത്ത് കലാപത്തെത്തുടർന്ന് നമ്മുടെ നാട്ടിൽനിന്ന് തുകപിരിച്ച് 40 വീടുകൾ നിർമ്മിച്ചുകൊടുക്കാൻ പോയി. അവിടെ നവാബ് ബിൽഡേഴ്സ് എന്നുപറയുന്ന ഒരു ഏജൻസിയെയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടി വീട് നിർമ്മിക്കുന്നതിന്റെ ചുമതല ഏൽപ്പിച്ചത്. അവർ അവിടെ 40 വീടുകൾ നിർമ്മിക്കുന്നതിനുപകരം ഒരു പാടിയാണുണ്ടാക്കിയത്. അത് നിർമ്മിച്ചത് അഹമ്മദാബാദ് മുനിസിപ്പാലിറ്റിയിലെ 84 ഹെക്ടർ വരുന്ന ചവറ്റുകൊട്ടയിലാണ്. അതിന് ഉടമസ്ഥാവകാശമില്ല, ഇപ്പോൾ ആർക്കുമവിടെ താമസിക്കാൻ സാധിക്കുന്നില്ല എന്നുള്ള രീതിയിലേയ്ക്ക് അത് മാറിയിരിക്കുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് പറയുന്നത്. ഇതൊന്നും നമ്മളങ്ങനെ പറയേണ്ട ഒരു വിഷയമല്ല. ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ടുകൊണ്ട് എല്ലാ രാഷ്ട്രീയ സംഘടനകളും സന്നദ്ധ സംഘടനകളുമൊക്കെ ആ ഘട്ടത്തിലവിടെ സഹായവുമായി ചെന്നിട്ടുണ്ട്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗും പണം സ്വരൂപിച്ച് 60 വീടുകളാണ് നിർമ്മിച്ച് നൽകിയത്. ആ വീടുകൾ നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങാൻ ശ്രമിച്ചപ്പോൾ

വർഷങ്ങളായി തങ്ങൾ ജീവിക്കുന്ന ഈ പ്രദേശത്തുതന്നെ വീട് നിർമ്മിച്ചുതരണമെന്ന് ആളുകൾ ആവശ്യപ്പെടുകയും അവരുടെ ആവശ്യപ്രകാരംതന്നെ 60 വീടുകൾ നിർമ്മിച്ച് അവർക്ക് കൈമാറുകയും ചെയ്തു. എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയുമൊക്കെ സാന്നിദ്ധ്യത്തിലാണ് ഇത് ചെയ്തത്. അത് കഴിഞ്ഞിട്ട് 12 വർഷം കഴിഞ്ഞു. അവരുടെ വീടുകൾ ക്ലീൻ ചെയ്യേണ്ട ജോലി അവരുതന്നെയാണ് ചെയ്യേണ്ടത്, അല്ലാതെ അത് നിർമ്മിച്ചുകൊടുത്തവരല്ല. ദയവുചെയ്ത് അങ്ങ് തെറ്റിദ്ധരിപ്പിക്കുന്നതരത്തിൽ വ്യാഖ്യാനിക്കരുത്.

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ നിങ്ങൾ വീടുണ്ടാക്കി കൊടുത്തോ കൊടുത്തില്ലേ എന്നുള്ള വിഷയത്തെ സംബന്ധിച്ചല്ല പറഞ്ഞത്. ഇവിടെ വീടുണ്ടാക്കാൻ ഏൽപ്പിച്ച നവാബ് ബിൽഡേഴ്സ് ഗുണഭോക്താക്കളോട് ചെയ്തിട്ടുള്ള, ഇപ്പോൾ നിങ്ങളെ പറ്റിച്ചിട്ടുണ്ടെങ്കിൽ നിങ്ങളോടും ചെയ്തിട്ടുള്ള കാര്യത്തെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. നിങ്ങളിത് പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞതാണ്. അവിടെ അഹമ്മദാബാദ് മുനിസിപ്പാലിറ്റി മുഴുവനും വേസ്റ്റ് കൊണ്ട് തട്ടുന്ന സ്ഥലത്ത് പോയിട്ടാണ് പാടിയുണ്ടാക്കിയിട്ടുള്ളത്. അവിടെ വീടുണ്ടാക്കിയിട്ടില്ല. 'മാധ്യമ'ത്തിൽ വളരെ വ്യക്തമായി അതിന്റെ ചിത്രം സഹിതം വന്നിട്ടുണ്ട്. (മാധ്യമം മാഗസിൻ എടുത്ത് ഉയർത്തിക്കാണിച്ചു.) നിങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്, ഇതിപ്പോൾ പറയണമെന്നോ ചിത്രം കാണിക്കണമെന്നോ ഞാൻ വിചാരിച്ചതല്ല. എവിടെയാണ് വീടുണ്ടാക്കിയതെന്ന് വളരെ വ്യക്തമായി വന്നിട്ടുണ്ട്. ഈ വിഷയം വന്നതുതന്നെ പണം ചെലവഴിച്ചോ ഇല്ലയോ എന്നുള്ള വലിയ ചർച്ച വന്നപ്പോഴാണ്. അത് ഉദ്ഘാടനം ചെയ്യാൻ നിങ്ങൾ പോയിട്ടില്ല. ഒരു കല്ല് അങ്ങോട്ട് കൊടുത്തയച്ചതാണ്. പിന്നെ ഒരു കാര്യത്തിനും പോയിട്ടില്ല. ആ വിഷയമല്ല പറയുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, എ.ഐ.സി.സി. അംഗം മിസ്ത്രിയടക്കം പങ്കെടുത്ത ഒരു ചടങ്ങുതന്നെ അവിടെ നടന്നിട്ടുണ്ട്. അങ്ങ് നടന്നിട്ടില്ലായെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. പി. റ്റി. എ. റഹീം: സർ, നമ്മുടെ വിഷയമതല്ല. നിങ്ങൾ ആരും അങ്ങോട്ട് പോയിട്ടില്ല. ഏതായാലും ഇനിയെങ്കിലും അങ്ങോട്ട് പോയി അന്വേഷിക്കണം, അവിടെ വീടുണ്ടാക്കിയിട്ടില്ല. അവിടെയൊരു പാടിയാണുണ്ടാക്കിയിരിക്കുന്നത്. പക്ഷെ ഞാൻ നിങ്ങളെ കുറ്റംപറയുന്നില്ല. കാരണം നിങ്ങൾക്കവിടെ മെഷിനറിയില്ല. ജമാഅത്ത് ഇസ്ലാമിയെയോ സി.പി.എം.നെയോ കോൺഗ്രസിനെ പോലെയോയുള്ള മെഷിനറി നിങ്ങൾക്ക് അവിടെയില്ലാത്തതുകൊണ്ട് നിങ്ങൾക്ക് നോക്കാൻ സാധിച്ചിട്ടുണ്ടാവുകയില്ല. പക്ഷെ, ഈ റിയൽ എസ്റ്റേറ്റ് മാഫിയകളെ സംബന്ധിച്ചുള്ള വിഷയം പറയുമ്പോൾ ഞാൻ പറഞ്ഞുവെന്ന് മാത്രമെയുള്ളൂ. അതുകൊണ്ട്

ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി ആലോചിച്ച് ഈ കാര്യത്തെ സംബന്ധിച്ച യുക്തമായ ഭേദഗതികൾ വരുത്തിയതിനുശേഷമാണ് ഈ ബിൽ അവതരിപ്പിക്കേണ്ടതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, കേരളീയ സമൂഹത്തിൽ റിയൽ എസ്റ്റേറ്റ് മാഫിയ എല്ലാ മേഖലകളിലും അവരുടെ കരാളഹസ്തം നീളുന്ന ഒരു സാഹചര്യത്തിലാണ് കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ അവതരിപ്പിക്കുന്നത്. അതിന്റെ എല്ലാ വിശദാംശങ്ങളും പരിശോധിച്ച്, പോരായ്മകൾ പരിഹരിച്ച് ഒരു ബിൽ വരണമെങ്കിൽ ഇതുമായി ബന്ധപ്പെട്ട് അലട്ടുന്ന പ്രശ്നങ്ങളെക്കുറിച്ച് വിശദമായ ചർച്ച സമൂഹത്തിൽ നടക്കേണ്ടതാണ്. നമ്മുടെ നാട്ടിൽ വികസന പ്രവർത്തനങ്ങൾവരെ തീരുമാനിക്കുന്നതിൽ, പ്രത്യേകിച്ച് നഗരങ്ങളിൽ ജനപ്രതിനിധികളെക്കാൾ ഏറെ പങ്ക് റിയൽ എസ്റ്റേറ്റ് ഉടമകൾക്കാണ്. ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ പല മേഖലകളിലും ഭൂമി ചൂണ്ടിക്കാണിച്ച് വിലപറഞ്ഞുവച്ച് എഗ്രിമെന്റ് തയ്യാറാക്കി മാസങ്ങളോ വർഷങ്ങളോ കഴിഞ്ഞ് പണംകൊടുക്കുമ്പോൾ ഒരു മേഖലയുടെ ഭൂമി അവർ കൈവശപ്പെടുത്തുകയും പിന്നീട് ആ മേഖലയിലേയ്ക്ക് പുതിയ റോഡുകൾ വെട്ടുന്നതുമാണ് നഗരസഭകളിലും മറ്റ് വിവിധ മേഖലകളിലും കാണുന്നത്. അങ്ങനെയൊരു റോഡ് വരുമെന്ന് സ്വപ്നത്തിൽപ്പോലും കാണാത്തവർ റോഡുവരുമ്പോഴേയ്ക്കും അവരുടെ ഭൂമിയുടെ ഉടമസ്ഥാവകാശം റിയൽ എസ്റ്റേറ്റുകാരുടെ കയ്യിലായിരിക്കും. രണ്ടുമൂന്ന് തവണകൾമാറി പിന്നീട് അവിടെ റിയൽ എസ്റ്റേറ്റ് ഉടമകളായി വരുന്നവർ വലിയ സൗധം പണിയാനുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തി അതിലേയ്ക്കുള്ള റോഡ് സർക്കാർ ചെലവിൽ നിർമ്മിച്ചുവരുന്നൊരവസ്ഥ ഇന്ന് സമൂഹത്തിലുണ്ട്. ഇത് ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്. ഒരു എം.എൽ.എ.യോ മുനിസിപ്പാലിറ്റിയിലെ അല്ലെങ്കിൽ നഗരസഭകളിലെ കൗൺസിലർമാരോ വിചാരിച്ചാൽ നടക്കാത്ത ഇത്തരം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ കയ്യാളായി നമ്മുടെ നാട്ടിൽ റിയൽ എസ്റ്റേറ്റ് ഭൂമാഫിയാ സംഘങ്ങൾ വിലസുന്നുണ്ട് എന്നുള്ള യാഥാർത്ഥ്യം നമ്മൾ വിസ്മരിക്കരുത്. നാം അറിയാതെവരുന്ന ചില മേഖലകളിലെ വികസനമെന്നുപറയുന്നത് ഇവരുടെ കൈകളിലൂടെയാണ്. അവരാണ് തീരുമാനിക്കുന്നത് ഏതൊക്കെ മേഖലയിൽ വികസനം വരണമെന്ന്. അതിന്റെ രണ്ട് ഓരങ്ങളിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം അവരുമായി ബന്ധപ്പെട്ട ആളുകളുടെ കൈകളിൽ അതിനുമുമ്പ് ഉറപ്പിച്ചിരിക്കും. ആ നിലയിലേയ്ക്ക് വരുമ്പോൾ അതുമായി ബന്ധപ്പെട്ട നേരത്തെ സൂചിപ്പിച്ച വയലുകൾ നികത്തപ്പെട്ടിട്ടുണ്ടാകും, കുന്നുകൾ അവരുടെ കൈകളിലായി മാറിയിട്ടുണ്ടാകും. അത്തരം ഒരു വലിയ ലോബി നമ്മുടെ സമൂഹത്തിൽ വർക്ക് ചെയ്യുകയാണ്. അതുപോലെ ഒരാൾക്ക് കുറച്ച് ഭൂമിയുണ്ടെങ്കിൽ അയാൾ അത് ഒരിക്കലും

വിൽക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽപ്പോലും അവരുടെ ഏജന്റുമാർ സൗഹൃദപൂർവ്വം വീട്ടിൽ വന്ന് ഭൂമി വിൽക്കാൻ വല്ല താല്പര്യമുണ്ടോ എന്ന് അന്വേഷിക്കുന്നു. ഒരു താല്പര്യവുമില്ല എന്നുപറഞ്ഞാലും നിങ്ങളുടെ ഭൂമിക്ക് ഒരു വില നിശ്ചയിക്കുന്നതിൽ നിങ്ങൾക്ക് കുഴപ്പമുണ്ടോ എന്ന് ചോദിക്കും. ഇല്ല, ഞങ്ങൾ ഭൂമി വിൽക്കുന്നില്ല എന്നുപറഞ്ഞാൽ ഇന്നത്തെ മാർക്കറ്റ് റേറ്റ് വച്ച് നിങ്ങൾക്ക് കിട്ടാവുന്ന മോഹവില ഉണ്ടാകില്ലേയെന്നുചോദിച്ച് അവരെക്കൊണ്ട് ഒരു വില പറയിക്കും. അപ്പോൾ ഭൂമിയുടെ ഉടമസ്ഥൻ മാക്സിമം ഒരു വില പറയും. അപ്പോൾ അതിന്റെ ഇരട്ടി വിലപറഞ്ഞ് നിങ്ങൾക്ക് സൗകര്യപ്രദമായതും നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കാൻ സൗകര്യമുള്ളതുമായ മറ്റൊരു ഭൂമി ചൂണ്ടിക്കാണിച്ചുകൊണ്ട് ആ ഭൂമി കൈവശപ്പെടുത്തുന്ന രീതിയിലുള്ള വിവിധ ഏജൻസികൾ നമ്മുടെ സമൂഹത്തിൽ വർക്ക് ചെയ്യുകയാണ്. അറിയപ്പെടാതെ എത്രയോ വീട്ടുടമകൾ ഇങ്ങനെ ഇവരുടെ വലയിൽപ്പെട്ടുപോകുന്ന അവസ്ഥ പ്രത്യേകിച്ച് നഗരങ്ങളിൽ ഇന്ന് വ്യാപകമായി മാറിയിട്ടുണ്ട്. അതിനെക്കാൾ വിപുലമായ തോതിൽ ഗ്രാമീണ മേഖലയിലെ നൂറുകണക്കിന് ഏക്കർ കുന്നുകളും വയൽപ്രദേശങ്ങളും ക്വാറിയുമായി ബന്ധപ്പെട്ട മേഖലകളും കൈവശപ്പെടുത്തുന്ന അവസ്ഥ നമ്മുടെ സംസ്ഥാനത്ത് വന്നിട്ടുണ്ട്. അതിനെയൊക്കെ നിയന്ത്രിക്കാൻ നമുക്ക് കഴിയണം. അതിനെക്കുറിച്ച് യാതൊരു കാഴ്ചപ്പാടുമില്ലാത്ത ഒരു സമീപനം സ്വീകരിക്കുന്നത് ഗുണപരമായിരിക്കുകയില്ല. നേരത്തെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ബില്ലിലെ പേജ് 27-ൽ റിയൽ എസ്റ്റേറ്റ് മേഖലയുടെ പ്രോത്സാഹനത്തിനുവേണ്ടി ഈ അതോറിറ്റിയുടെ പ്രവർത്തനവും എന്നുകൂടി സൂചിപ്പിക്കുമ്പോൾ തീർച്ചയായും ഇതിന്റെ പിന്നിൽ എന്തോ ഒരു തീരുമാനം ഒളിച്ചുവയ്ക്കപ്പെട്ടിട്ടുണ്ട് എന്ന് സംശയിക്കേണ്ടിവരുന്നു. വലിയതോതിലാണ് ഈ രംഗത്ത് ചൂഷണം നടക്കുന്നത്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : സർ, എനിക്ക് ഖത്തറിൽ പോകാനൊരു സന്ദർഭം കിട്ടിയപ്പോൾ ഞാൻ അവിടെ പോയി. അപ്പോൾ അവിടെ നടന്ന ഒരു സംഭവമാണ് എനിക്ക് ഓർമ്മ വരുന്നത്. അവിടെ രാജാവിന്റെ മന്ത്രി ഒരു വീടുവച്ചു. ആ വീട് വച്ച പ്രദേശത്ത് ഇത്രനിലവരെയേ പാടുള്ളൂ എന്നൊരു നിബന്ധനയുണ്ടായിരുന്നു. അതിന് വിഘാതമായി ഒരുനില കൂടുതലുള്ള ഒരു വീട് മന്ത്രി വച്ചു. പലരും രാജാവിനോട് പരാതി പറഞ്ഞു. രാജാവ് അതിനൊന്നും മറുപടി പറഞ്ഞില്ല. അവസാനം പാലുകാച്ചിനുള്ള കത്തടിച്ച് വിതരണം ചെയ്തു. പാലുകാച്ചുന്നതിനു മൂന്നുദിവസം മുമ്പ് ആ വീട് അടിച്ച് നിരപ്പാക്കാൻ രാജാവ് ഉത്തരവിട്ടു. അവിടെ മുനിസിപ്പാലിറ്റിയാണെങ്കിൽപ്പോലും റൂളർ എന്ന പദവി രാജാവിനുണ്ട്. അതുകൊണ്ടാണ് വീട് അടിച്ച് നിരപ്പാക്കാൻ ഉത്തരവിട്ടത്. അതാണ് നിയമം. അതുപോലൊരു നിയമം ഇവിടെയും ഉണ്ടാക്കണം.

<u>ശ്രീ. സി. കെ. നാണു</u> : സർ, നമ്മുടെ കുന്നുകളും വയലുകളുമെല്ലാം നികത്തണമെന്ന് ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റുതന്നെ പറയുന്നുണ്ട്. ജില്ലാ വികസന സമിതിയിലും താലൂക്ക് വികസന സമിതിയിലും ഇവിടെയുള്ള എല്ലാ എം.എൽ.എ.മാരും പങ്കെടുത്തിട്ടുണ്ട്. അവിടെവരുന്ന പഞ്ചായത്ത് പ്രസിഡന്റുമാരും മറ്റെല്ലാ ജനപ്രതിനിധികളും പല ഭാഗത്തും വയൽ നികത്തുന്നതിനെ സംബന്ധിച്ചും കുന്ന് ഇടിച്ച് പൊളിക്കുന്നതിനെക്കുറിച്ചും നമ്മളോട് പറയാറുണ്ട്. നമ്മുടെ തലമുറ ഒരുപക്ഷെ രക്ഷപ്പെട്ടുവെന്നുവന്നേക്കാം. പക്ഷെ ഇനിയുള്ള തലമുറ, ഭൂമി എന്നുള്ള നിലയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽനിന്നും മറ്റ് പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിനുള്ളൊരു സംരക്ഷണം തകർക്കുന്ന ജോലിയിലാണ് ഭരണാധികാരികളും അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും എന്ന് നമ്മൾ ഓർക്കണം. ഇതിനെ തടുക്കാൻ സംസ്ഥാന നിലവാരത്തിൽ ഏതെങ്കിലും ഒരു കുന്ന് ഇടിക്കാനും ഒരു വയൽ നികത്താനും കുറേ ഏജൻസികൾ പരിശ്രമിച്ചാൽ ഗവൺമെന്റ് അതിന് അനുവാദം കൊടുക്കുമെന്ന നിലപാട് സ്വീകരിക്കുകയാണെങ്കിൽ നമ്മൾ ഇവിടെ എന്ത് തീരുമാനം പറഞ്ഞാലും ഇതെല്ലാം തകർക്കപ്പെട്ട് ഒരോർമ്മയായി മാറും. നമ്മുടെ നാട്ടിൽനിന്ന് മുമ്പ് ട്രെയിനിൽ വരുമ്പോൾ ഇരിങ്ങൽ പാറയുണ്ടായിരുന്നു. പക്ഷെ ഇന്ന് ആ ഇരിങ്ങൽ പാറ കുളമായി മാറിയിരിക്കുന്നു. ആ രൂപത്തിൽ നമ്മുടെ സംസ്ഥാനത്തെ തകർക്കുന്നത് പരിഹരിക്കാൻ അടിയന്തരമായി എന്ത് ചെയ്യാൻ സാധിക്കും എന്നത് ഗൗരവമായി ആലോചിക്കണമെന്ന് അങ്ങും ചിന്തിക്കുന്നില്ലേ?

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ബഹുമാനപ്പെട്ട സി. കെ. നാണു അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞതാണ്. അതുപോലെ ശ്രീ. പുരുഷൻ കടലുണ്ടി ഇവിടെ സൂചിപ്പിച്ചതുപോലെ രാജവാഴ്ചയെക്കാൾ നമ്മുടെ നാടിന്റെ പുരോഗതി സംരക്ഷിക്കാൻ ബാധ്യസ്ഥരായ ജനാധിപത്യത്തിന്റെ കാവൽക്കാരായി നിൽക്കേണ്ടവരാണ് നമ്മൾ. അപ്പോൾ അതിനെക്കാൾ സാമൂഹ്യപ്രതിബദ്ധതയോടെ ഇത്തരം പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാനുള്ള കാഴ്ചപ്പാടാണ് നമുക്ക് വേണ്ടത്. ഇന്ന് സമൂഹത്തിൽ ഏറ്റവും വേഗത്തിൽ എങ്ങനെ കൂടുതൽ പണമുണ്ടാക്കാമെന്നാണ് ആലോചിക്കുന്നത്. നേരത്തെ പറഞ്ഞതുപോലെ ഭൂമാഫിയ സംഘത്തിൽ ബ്യൂറോക്രാറ്റുകളും മറ്റ് പല മേഖലകളിലുള്ളവരുമുണ്ട്. ക്വാറി മാഫിയകളുമായി ബന്ധപ്പെട്ട് ഉന്നതരായ പോലീസ് ഉദ്യോഗസ്ഥർവരെയുണ്ട് എന്നത് കേരളത്തിൽ ബോധ്യപ്പെട്ടതാണ്. ആ നിലയിലേയ്ക്ക് മാറുമ്പോൾ ഇതിനെ നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഇവിടെ ഉണ്ടാകണമെന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി ദീർഘവീക്ഷണത്തോടെ ഇത്തരം പ്രശ്നങ്ങളെ കണ്ടുകൊണ്ട് വലിയ ഫ്ലാറ്റുകൾ ഉയരുമ്പോൾ അവിടെയൊരു അപകടം സംഭവിച്ചാൽ എത്തേണ്ടുന്ന വാഹനങ്ങളെ സംബന്ധിച്ചും അവിടത്തെ റോഡിനെ

സംബന്ധിച്ചം സംസാരിക്കുമ്പോൾ അതിന്റെ പരിമിതികൾ പരമാവധി എത്രമാത്രം ലഘൂകരിക്കാൻ കഴിയും എന്നൊരാലോചന വന്നു. ഈ സഭയ്ക്കകത്തുതന്നെ ബഹുമാനപ്പെട്ട മന്ത്രിയോട് വേറൊരു വിഷയവുമായി ബന്ധപ്പെട്ട് ഒരു ചോദ്യം ഒന്നോ രണ്ടോതവണ സൂചിപ്പിച്ചതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ടല്ലെങ്കിൽപ്പോലും അതിനുമുമ്പ് സബ്ജക്ട് കമ്മിറ്റിയിലും ഈ വിഷയം സൂചിപ്പിച്ചതാണ്. 60-ഉം 80-ഉം 100-ഉം നിലകളുള്ള കെട്ടിടങ്ങൾ ഉയർന്നുവരുമ്പോൾ അതിനുതാഴെ അതുമായി ബന്ധപ്പെട്ട് ഒരു അഗ്നിബാധ ഉണ്ടായാൽ എത്രമാത്രം വാഹനങ്ങൾ അവിടേയ്ക്ക് ഓടിയെത്തേണ്ടിവരും. ആയിരക്കണക്കിന് കുടുംബങ്ങൾ താമസിക്കുന്ന കേന്ദ്രങ്ങളായി അത് മാറുന്ന സമയത്ത് ഒരേക്കർ ഭൂമി വാങ്ങി അത്രയും സ്ഥലത്തും കെട്ടിടം പണിത് മുന്നോട്ടുപോകുന്ന രീതി നമുക്ക് ഗുണപ്രദമാണോ? മാത്രവുമല്ല, നിയന്ത്രണത്തിന്റെ ഭാഗമായി അവിടെ ജീവിക്കുന്ന വരുംതലമുറയുടെ ആരോഗ്യത്തിന്റെ കാര്യമാണ് പ്രധാനമായും ചിന്തിക്കേണ്ടത്. അവർ ശ്വസിക്കുന്ന വായുവായാലും അവിടത്തെ ഫ്രിഡ്ജുകളും എ.സി.കളും പ്രവർത്തിക്കുന്നതിന്റെ ഭാഗമായി അവിടെയുണ്ടാകുന്ന കാർബൺഡയോക്സൈഡായാലും എത്രമാത്രം ആണെന്നതിനെക്കുറിച്ച് ആലോചിക്കണം. അവിടെനിന്നും നീക്കം ചെയ്യപ്പെട്ടത് ചിലപ്പോൾ കുന്നുകളാവാം അല്ലെങ്കിൽ സമതലപ്രദേശങ്ങളാകാം. അവിടെനിന്നും നീക്കം ചെയ്യപ്പെട്ട മരങ്ങളും ചെടികളും കണക്കാക്കി ആ ഫ്ലാറ്റുകളുടെ ഓരങ്ങളിൽ പകരം മരങ്ങളും ചെടികളും വച്ചുപിടിപ്പിച്ച് ഒരു ഗ്രീൻ ബെൽറ്റ് സൃഷ്ടിക്കാത്ത ഫ്ലാറ്റുകൾ ഇനി കേരളത്തിൽ നിർമ്മിക്കില്ല എന്നാണ് ഇതിന്റെ ഭാഗമായിട്ട് ആദ്യമായി ഉയർന്നുവരേണ്ടത്. ഉള്ള ഫ്ലാറ്റുകൾ എങ്ങനെ റെഗുലറൈസ് ചെയ്യാം എന്ന സമീപനത്തിന്റെ ഭാഗമായി അതിന് ഇളവുകൾ നൽകുന്ന ഏജൻസികൾ കേരളത്തിലെ നഗരസഭകളിൽ ഉണ്ടായിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് 'നിങ്ങൾ പണിതോ അതിന് നമുക്ക് റെഗുലറൈസേഷൻ വാങ്ങാനുള്ള സംവിധാനമുണ്ട്" എന്നുപറഞ്ഞ് നേരത്തെ തടയപ്പെട്ട മൂന്നുനില കെട്ടിടങ്ങൾ അഞ്ച് നിലയാക്കാനും അഞ്ച് നിലക്കെട്ടിടങ്ങൾ ഏഴ് നിലയാക്കാനുമുള്ള സംവിധാനം ഇന്ന് കേരളത്തിൽ ഉണ്ടാകുകയാണ്. ഇതൊക്കെ നേടിയെടുക്കാൻ കഴിയുന്ന നിലയിലേയ്ക്ക് കേരളം മാറുന്നുവെന്ന കാഴ്ചപ്പാടുള്ള ഏജൻസികൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

02.00 PM]

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു; ഗൾഫിൽ ജോലിചെയ്യുന്ന ആളുകൾ ഒരു വീട് എന്ന നിലയ്ക്കാണ് ഫ്ലാറ്റിനുവേണ്ടി അഡ്വാൻസ് കൊടുക്കുന്നതെന്ന്. ഫ്ലാറ്റിന്റെ ഉടമസ്ഥർക്ക് ഇതിൽ യാതൊരു നഷ്ടവുമില്ല. എത്ര ഉയരത്തിലായാലും ഫ്ലാറ്റുകൾ ആ രൂപത്തിൽ സംരക്ഷിക്കപ്പെടണം. പരശുരാമൻ മഴുവെറിഞ്ഞ് കേരളമുണ്ടാക്കിയെന്ന് പറയാറുണ്ട്. വെല്ലിംഗ്ടൺ സാഹിബ് വെല്ലിംഗ്ടൺ ഐലന്റുണ്ടാക്കി എന്ന്

പറയപ്പെടുന്നു. നമ്മുടെ സംസ്ഥാനത്ത് ബഹുനില കെട്ടിടങ്ങൾ ഉയർന്നുവരുമ്പോൾ നമ്മുടെ ഭൂമിക്ക് ആ ബഹുനില കെട്ടിടങ്ങളെ സംരക്ഷിക്കാൻ കഴിവുണ്ടോ എന്നതിനെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ? സമീപകാലത്തു മാത്രമാണ് വലിയ വലിയ ഫ്ലാറ്റുകൾ ഉയർന്നുവന്നത്. അതിനുമുൻപ് തുറസ്സായ സ്ഥലമായിരുന്നു. അവിടെ വലിയ ഫ്ലാറ്റുകൾ വരുമ്പോൾ ഫ്ലാറ്റുകളെ ഉൾക്കൊള്ളാൻ സാധിക്കുന്ന ഭൂമിശാസ്ത്രപരമായ ഭദ്രത സ്ഥലത്തിനുണ്ടെങ്കിൽ മാത്രമേ ചെയ്യാൻ സാധിക്കൂ. ഇത്തരം ഫ്ലാറ്റുകൾ വരുന്ന സ്ഥലങ്ങളിൽ ഫ്ലാറ്റുകൾക്ക് അവിടെ നിലനിൽക്കാൻ സാധിക്കുമോ? ഭൂമിയുടെ സമതുലിതാവസ്ഥ തകർക്കുന്ന തരത്തിൽ ഫ്ലാറ്റ് നിർമ്മാണം മാറുന്നുണ്ടോ എന്ന പാരിസ്ഥിതിക പഠനം ആ മേഖലയിൽ നടത്തിയിട്ടുണ്ടോയെന്ന് ഫ്ലാറ്റെടുക്കുന്ന അവസരത്തിൽ പരിശോധിക്കേണ്ടതല്ലേ?

ശ്രീ. ഇ. കെ. വിജയൻ: സർ, നിശ്ചയമായും അത് പരിശോധിക്കപ്പെടേണ്ടതാണ്. കേരളത്തിൽ വർഷങ്ങൾക്കുമുമ്പ് ഭവന നിർമ്മാണ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാന്യനായിരുന്ന എം.എൻ. ഗോവിന്ദൻ നായർ ലക്ഷംവീട് പദ്ധതി നടപ്പാക്കിയപ്പോൾ ഭാവി കേരളത്തെ കണ്ടുകൊണ്ട് അദ്ദേഹം പറഞ്ഞു, 'വീട് നിർമ്മാണം ഇങ്ങനെ അനിയന്ത്രിതമായി പോകുന്ന സാഹചര്യത്തിൽ ഫ്ലാറ്റ് നിർമ്മാണത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. അതോടൊപ്പം റസിഡൻഷ്യൽ മേഖല ഏത്, ഇൻഡസ്ട്രിയൽ മേഖല ഏത്, കാർഷിക മേഖല ഏത് എന്ന് തിട്ടപ്പെടുത്തണം. ഇല്ലെങ്കിൽ നമ്മുടെ കുന്നും വയലുകളും ഇല്ലാതാകുന്ന നിലയിലേയ്ക്ക് പോകാൻ സാധ്യതയുണ്ട് ' എന്ന് വളരെ ഗൗരവപൂർവ്വം ഭാവി കേരളത്തിനെക്കുറിച്ചുള്ള സെമിനാറിൽ വിഷയം അവതരിപ്പിച്ചുകൊണ്ട് അന്നത്തെ ഭവന നിർമ്മാണ വകുപ്പുമന്ത്രി കൂടിയായ ബഹുമാന്യനായ സഖാവ് എം.എൻ. ഗോവിന്ദൻ നായർ സൂചിപ്പിച്ചത് വായിച്ച ഓർമ്മ എന്റെ മനസ്സിലുണ്ട്. നമ്മൾ വളരെ വൈകിപ്പോയി. അത്തരം സാഹചര്യത്തെക്കുറിച്ച് പറയുമ്പോൾ നമുക്ക് എത്രമാത്രം മുന്നോട്ടുപോകാൻ കഴിയുമെന്ന് അറിയില്ല. കാരണം വയലുകൾ ഇല്ലാതായി. കുന്നുകൾ ഇല്ലാതാകുന്ന സാഹചര്യം നമ്മുടെ മുന്നിലുണ്ട്. കുന്നുകളുടെ ഉടമസ്ഥാവകാശം ഇന്ന് റിയൽ എസ്റ്റേറ്റ് മാഫിയകളുടെ കൈകളിലാണ്. നാം യാത്ര ചെയ്യുന്ന വഴിയിൽ കാണുന്ന കുന്നിന്റെ ഉടമ ഇന്നയാളാണെന്ന് നമുക്ക് പിന്നീടാണ് മനസ്സിലാകുന്നത്. അക്കാര്യം നേരത്തെ ബഹുമാന്യനായ മന്ത്രിതന്നെ ഇവിടെ സൂചിപ്പിച്ചു. ഭൂമിയുടെ ഉടമസ്ഥാവകാശത്തിന് പുത്തൻ ജന്മിമാർ ഈ രംഗത്തേയ്ക്ക് കടന്നുവന്നിരിക്കുകയാണ്. വിവിധ മേഖലകളിൽ അവർ കൈവയ്ക്കുന്നുവെന്നതിന് തെളിവാണ് ഇന്ത്യയ്ക്ക് മാതൃകയായ ഭൂപരിഷ്ക്കരണം നടപ്പാക്കിയ കേരളത്തിൽ തോട്ടം മേഖലയിൽ കൈവയ്ക്കാനുള്ള സമീപനങ്ങളുടെ ചിന്ത ഈ നിയമസഭയിൽ വന്ന് ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ അത് പാസ്സാക്കിയെടുത്തത്. ഇവിടത്തെ പച്ചപ്പ് എന്നുപറയുന്നത് തോട്ടങ്ങളായിരുന്നു.

തോട്ടങ്ങളുടെമേലും ടൂറിസം പോലുള്ള വിവിധങ്ങളായ ആവശ്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വരുമ്പോൾ വയനാട് വയനാടല്ലാതാവുകയും ഇടുക്കി ഇടുക്കിയല്ലാതാവുകയും ചെയ്യുന്നതോടൊപ്പം കേരളത്തിന്റെ സന്തുലിത കാലാവസ്ഥയെ നിയന്ത്രിക്കുന്ന ഘടകങ്ങളെയെല്ലാം ഈ സമീപനങ്ങൾ മാറ്റിക്കൊണ്ടിരിക്കുകയുമാണ്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, നമ്മുടെ ആവാസ കേന്ദ്രങ്ങളെല്ലാം തന്നെ ആയിരമാണ്ടുകൊണ്ടുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് രൂപം കൊണ്ടത്. നാഗാലാന്റിൽ ചെന്നാൽ മരം കൊണ്ടുള്ള വീടാണുള്ളത്. കോൺക്രീറ്റ് വീടില്ല. ശ്രീ. ശങ്കരനാരായണൻ താമസിച്ചിരുന്ന രാജ്ഭവൻ പോലും മരംകൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. ആൻഡമാൻ നിക്കോബാർ ദ്വീപിലുമതാണ്. എന്നാൽ അവിടെ മരത്തിന് പകരം കോൺക്രീറ്റും മറ്റും വന്നപ്പോൾ സുനാമിയുമായി ബന്ധപ്പെട്ട് സെല്ലുലാർ ജയിലിന്റെ കുറച്ച് ഭാഗങ്ങൾതന്നെ ഒലിച്ചുപോവുകയുണ്ടായി. ഈയിടെ നേപ്പാളിലുമതുണ്ടായി. അതുപോലെ കേരളത്തിലും ആയിരത്തോളം വർഷം പഴക്കമുള്ള വീടിന്റെ രൂപവും ഭാവവും മാറുകയാണ്. അതിന്റെ ഭാഗമാണ് ഫ്ലാറ്റ് സംസ്കാരവും. അതിന്റെ ദുരന്തഫലം എന്താകുമെന്ന് ഇത്തരം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പഠിച്ച് കേരളത്തെ രക്ഷിക്കാൻ ഉതകുന്ന ഒരു സമീപനമല്ലേ ഗവൺമെന്റ് എടുക്കേണ്ടത്. അത്തരം നിയമനിർമ്മാണങ്ങളല്ലേ നടത്തേണ്ടത്. അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഇന്നലെ ചോദ്യവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഇക്കാര്യം ചോദിച്ചിരുന്നു. ചെന്നൈ നഗരത്തിലും കഴിഞ്ഞ വർഷം ഹരിദ്വാറിലുമൊക്കെയുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഭാവികേരളത്തെ കണ്ടുകൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. വലിയ സൗധങ്ങൾ ഉയർന്നുവരുന്നതിന്റെ ഭാഗമായി പഴയ നീരുറവകൾ, നീർച്ചാലുകൾ, വയലുകൾ എല്ലാം നഷ്ടപ്പെട്ടു. മഴപെയ്താൽ വെള്ളം എങ്ങോട്ട് ഒഴുകും? നേരത്തെ അതിന് ഒഴുകാൻ സ്ഥലമുണ്ടായിരുന്നു. വെള്ളം കടന്നുപോകാനുള്ള വഴികൾ അപഹരിച്ചതിന്റെ ഭാഗമായാണ് വലിയ നഷ്ടം സംഭവിച്ചത്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി നഗരസഭകളുമായി ബന്ധപ്പെട്ട് പറഞ്ഞ മാസ്റ്റർ പ്ലാനല്ല ഞാൻ സൂചിപ്പിച്ചത്. നൂറ് വർഷം മുമ്പുള്ള ചെന്നൈ ആണ് കഴിഞ്ഞ ആഴ്ച നാം കണ്ടത്. അത്രയും വർഷങ്ങൾക്ക് മുമ്പാണ് ഇത്തരത്തിൽ മഴയുണ്ടായത്. കേരളത്തിൽ ഇതുപോലെ അതിവൃഷ്ടിയുണ്ടായ കാലഘട്ടത്തിൽ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളേത്, പുഴകൾ കവിഞ്ഞൊഴുകിയ മേഖലകളേത്, നദികൾ കവിഞ്ഞൊഴുകിയ മേഖലകളേത് അതിന്റെ ഒഴുക്കിന്റെ ശക്തി എത്രമാത്രമായിരുന്നുവെന്ന് കണ്ടുകൊണ്ട് നമ്മുടെ മുനിസിപ്പാലിറ്റികളെയും നഗരങ്ങളെയും പ്രദേശങ്ങളെയും കണ്ടുകൊണ്ടുള്ള പ്ലാൻ തയ്യാറാക്കാൻ നമുക്ക്

കഴിയുമോ? കേരളത്തിൽ ഏറ്റവും കൂടുതൽ മഴ കിട്ടിയ കാലയളവുമായി ബന്ധപ്പെട്ടുകൊണ്ട് വെള്ളത്തെ എങ്ങനെ തടഞ്ഞുനിർത്താൻ കഴിയും, അതിനെ എങ്ങനെ സംരക്ഷിക്കാൻ കഴിയും, ജനങ്ങളെ എങ്ങനെ താമസിപ്പിക്കാൻ കഴിയുമെന്ന തരത്തിലുള്ള മാസ്റ്റർ പ്ലാൻ കേരളത്തിലുണ്ടാകണമെന്നാണ് സൂചിപ്പിച്ചത്.

ശ്രീ. എ. കെ. ബാലൻ: സർ, കേരള ലാന്റ് യൂട്ടിലൈസേഷൻ ആക്ട് രൂപപ്പെട്ടതിന്റെ പ്രധാനപ്പെട്ട കാരണം നിലവിലുള്ള വയലുകൾ സംരക്ഷിക്കുകയെന്നുള്ളതാണല്ലോ. പക്ഷെ ആ ആക്ട് വന്നതിനുശേഷമാണ് നമ്മുടെ വയലുകൾ ഇല്ലാതായത്. നാദാപുരം മണ്ഡലത്തിലെ തൂണേരി, വെള്ളൂര്, ചാലപ്പുറം പ്രദേശങ്ങളെല്ലാം മാറി. എനിക്ക് ഇപ്പോൾ എന്റെ നാട്ടിൽ പോയാൽ തിരിച്ചറിയാൻ കഴിയില്ല. കാരണം പഴയ ഒരൊറ്റ വയലും അവിടെ കാണാനില്ല, വഴി തെറ്റിപ്പോകും. പാലക്കാട്ടും ഏതാണ്ട് ഇതുപോലെ തന്നെയാണ് വരുന്നത്. നാദാപുരത്ത് കണ്ട ഒരു പ്രശ്നം, കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കനാൽ വെട്ടി, കനാലിലെ മണ്ണ് പരിപൂർണ്ണമായി വയലിൽ നിക്ഷേപിച്ചു. ഒരു വിള രണ്ടുവിളയാക്കുന്നതിനാണ് കനാൽ വെട്ടിയത്. ഫലത്തിൽ ഒരു വിളയുമില്ല, രണ്ട് വിളയുമില്ല, കനാലിലെ മണ്ണ് പരിപൂർണ്ണമായും വയലിലുമായി. മാഫിയാസംഘം മാത്രമല്ല നമ്മുടെ തന്നെ ഗവൺമെന്റിന്റെ നയസമീപനങ്ങളും ഇതിന് കാരണമായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട നാദാപുരം എം.എൽ.എ. ശ്രീ. ഇ. കെ. വിജയന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ശ്രീ. എ. കെ. ബാലന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ജനിച്ച നാട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് അദ്ദേഹം സൂചിപ്പിച്ചത്. ഇത് നാദാപുരത്തിന്റെ മാത്രം വിഷയമല്ല. കോഴിക്കോട് നഗരം കണ്ടവർക്കറിയാം. ഇപ്പോൾ നിൽക്കുന്ന കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് മുതൽ മാവൂർ വരെയുള്ള മേഖലകൾ പരിശോധിച്ചാൽ മനസ്സിലാകും. മാവൂർ ഫാക്ടറി വരുന്ന കാലയളവിൽ അവിടെയുണ്ടായിരുന്ന സാഗർ ഹോട്ടൽ അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പഴയ ഒളികേന്ദ്രമായിരുന്നു. അതിനപ്പുറത്ത് മൊഫ്യൂസിൽ സ്റ്റാൻഡിലെ ഒരു വീടുമൊഴിച്ച് ബാക്കിയെല്ലാം വയൽപ്പാടങ്ങളായിരുന്നു. പക്ഷേ ഇന്ന് അത് മാറി. മാവൂർ വരെ പത്തും ഇരുപതും നാല്പതും നിലകളുള്ള കെട്ടിടങ്ങൾ, മാളുകൾ ഉയർന്നുവന്നിരിക്കുകയാണ്. മഴ പെയ്താൽ വെള്ളം എങ്ങോട്ടുപോകും, അതാണ് പ്രശ്നം. ഈ സാഹചര്യത്തിലെങ്കിലും ഭാവിയെ കണ്ടുകൊണ്ട് ചിന്തിക്കേണ്ടുന്ന ഒരു ആവശ്യം നമ്മുടെ മുമ്പിലുണ്ട്. ഒരു കൂട്ടായ ചർച്ച അതുമായി ബന്ധപ്പെട്ട് വരേണ്ടതുണ്ട്.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഇന്ത്യയിൽ ഒരു കാലത്ത് ഭക്ഷ്യക്ഷാമമുണ്ടായപ്പോൾ പടിഞ്ഞാറൻ യു.പി.യും പഞ്ചാബും ഹരിയാനയുമാണ് ഇന്ത്യയ്ക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിച്ചത്. പക്ഷേ ആ പഞ്ചാബിലെയും ഹരിയാനയിലെയും പതിനായിരക്കണക്കിന് ഏക്കർ സ്ഥലം പെപ്സിയ്ക്കും കൊക്കകോളയ്ക്കും കൊടുത്തതിന്റെ ഫലമായി അവിടത്തെ പാവപ്പെട്ട കൃഷിക്കാർ തൊഴിലില്ലാതെ ഡൽഹിയിലെ ചേരികളിൽ വന്ന് താമസിച്ച് പ്രശ്നമുണ്ടാക്കുന്നത് താങ്കൾക്കറിയാമോ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ബഹുമാന്യനായ നാണുവേട്ടൻ ഇന്ത്യ മുഴുവൻ കണ്ടതുകൊണ്ട് ഇത്തരം കുറേയേറെ അനുഭവങ്ങൾ ഉണ്ടാകുമല്ലോ. ഞാൻ നിർത്താൻ പോകുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് അകലങ്ങളിൽ ജോലി ചെയ്യുന്ന എൻ.ആർ.ഐ.കൾ ഉൾപ്പെടെ അതുപോലെ മറ്റ് ഔദ്യോഗിക മേഖലകളിൽ ജോലി ചെയ്യുന്നവർ, എന്നിവർക്കെല്ലാം ഒരു വീട് നിർമ്മിക്കുക എന്നത് ഒരു വലിയ പ്രയാസമുള്ള കാര്യമാണ്. റിട്ടയർമെന്റ് കാലയളവിൽ അല്ലെങ്കിൽ ജോലി കഴിഞ്ഞുവന്നാൽ; നാട്ടിൽ ഒരു വീട് എന്നത് സ്വാഭാവികമായി അവരുടെ സ്വപ്നമാണ്. അതിനെ ചൂഷണം ചെയ്യുന്ന, ഒരു വലിയ മാഫിയാ സംഘം പ്രവർത്തിക്കുന്നുണ്ട്. അത് തടയുക എന്ന ലക്ഷ്യം ഈ ബില്ലിലുണ്ട്, എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. തീർച്ചയായും അതിന്റെ ട്രാൻസാക്ഷൻ ബാങ്ക് അക്കൗണ്ടുകളിലൂടെ നടക്കുന്നു എന്നത് നല്ല കാര്യമാണ്. അത്രയേറെ കള്ളപ്പണം ഒഴുകുന്ന ഒരു കാലയളവിൽ അതിനെ നിയന്ത്രിക്കാൻ ബാങ്കുകളിലൂടെ ഇത്തരം ഇടപാടുകളൊക്കെ നടപ്പിലാക്കുന്നത് നല്ല കാര്യമാണ്. പക്ഷേ ഇതിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് മോണിറ്ററിംഗ് അനിവാര്യമാണ്. കടലോരങ്ങളിൽ വലിയ ഫ്ലാറ്റുകൾ ഉയരുകയാണ്. സാധാരണ നിലയിൽ ഒരു ആർ.സി. ബിൽഡിംഗിന്റെ സുരക്ഷിതത്വം കേടുകൂടാതെ നിലനിർത്താൻ കഴിയുന്നത് 60 വർഷമാണ്. കോസ്റ്റൽ ഏരിയയിൽ കടൽക്കാറ്റ് അടിക്കുന്നതുകൊണ്ട്; ഹ്യുമിഡിറ്റി വലിയ തോതിലുള്ളതുകൊണ്ട് അതിന്റെ സുരക്ഷിതത്വം മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസകരമായിരിക്കും. അതിനെ തടയാനുള്ള നല്ല ഒരു സംവിധാനം അല്ലെങ്കിൽ മോണിറ്ററിംഗ് വേണ്ടതുണ്ട്. ഒരു റോഡിന്റെ കാലാവധി 5 വർഷം എന്നുപറഞ്ഞതുപോലെ, 5 വർഷമെങ്കിലും നോക്കി മഴച്ചോർച്ച അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങൾ നോക്കണം. നേരത്തെ പറഞ്ഞതുപോലെ കുളിമുറികൾ, വാതിലുകൾ, സ്റ്റെയർകേസ് പെയിന്റടിച്ചാൽ എന്താണ് ഉണ്ടാവുകയെന്നുള്ളത് നമുക്കറിയില്ല. അഞ്ച് വർഷമെങ്കിലുമെടുത്ത് പരിശോധിച്ചാലേ അതിന്റെ കൃത്യത ബോദ്ധ്യപ്പെടുകയുള്ളൂ. ആ നിലയിലുള്ള പരിശോധനകൾ ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്നു സൂചിപ്പിച്ചുകൊണ്ട്, ഏറെ സംസാരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽപ്പോലും എന്റെ വിയോജിപ്പ് ഇതുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തുന്നു. എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഒന്ന് (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കൂട്ടുകുടുംബം നിലനിന്നിരുന്നത് അണുകുടുംബത്തിലേയ്ക്ക് മാറി. അതോടെ എല്ലാവർക്കും വീട് ആവശ്യമായി വന്നു. കേരളത്തിൽ വീട് വയ്ക്കുക, അല്ലെങ്കിൽ ഭവനനിർമ്മാണം വലിയ വ്യവസായമെന്നുള്ള നിലയിൽ മാറി. നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രശ്നമെന്നുപറയുന്നത് സ്ഥലത്തിന്റെ ലഭ്യത കുറവാണ്. സ്ഥലത്തിന് വലിയ വിലയുണ്ടായ സാഹചര്യവുമുണ്ടായി. പ്രധാനമായും വിദേശത്തുനിന്നും അയയ്ക്കുന്ന പണം; പണത്തിന്റെ ലഭ്യത കൂടിയതോടുകൂടി സ്ഥലത്തിന്റെ ലഭ്യത കുറയുകയും വില ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തു. നാലു സെന്റോ അഞ്ചു സെന്റോ ഭൂമി വാങ്ങി ഒരു വീട് വയ്ക്കുക എന്നത് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഒരു വലിയ പ്രശ്നമായി മാറി. ആ ഒരു സാഹചര്യത്തിലാണ് കേരളീയ സമൂഹം ഫ്ലാറ്റിലേയ്ക്ക് മാറേണ്ട അവസ്ഥയുണ്ടായത്. ഫ്ലാറ്റിൽ താമസിക്കുന്നതിനോട് കേരളീയ സമൂഹം ആദ്യം വലിയ ആഭിമുഖ്യമൊന്നും കാണിച്ചിരുന്നില്ല. പക്ഷേ നമുക്ക് സ്ഥലമില്ല, ഉള്ള സ്ഥലത്തിന് തന്നെ വലിയ വിലയാണ്. 5 സെന്റ് വസ്തു വിലയ്ക്ക് വാങ്ങി ഇന്നത്തെ സാഹചര്യത്തിൽ ഒരു വീട് വയ്ക്കുക എന്നുപറയുന്നത് സാധാരണക്കാരന് അപ്രാപ്യമായ കാര്യമാണ്. അപ്പോൾ നമുക്ക് മുകളിലോട്ട് വളരുക എന്നതു മാത്രമേ മാർഗ്ഗമുള്ളൂ. ഫ്ലാറ്റുകൾ ഉണ്ടാക്കുക - Vertical Development. അങ്ങനെയല്ലാതെ നമ്മുടെ സംസ്ഥാനത്ത് ഈ പാർപ്പിടപ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കാൻ കഴിയുകയേയില്ല. നമ്മുടെ ജില്ലാ തലസ്ഥാനങ്ങളും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകളും വരെ ഈ നിലയിൽ ഫ്ലാറ്റുകളായതിന് കാരണം മറ്റൊന്നല്ല. സ്ഥലത്തിന്റെ ലഭ്യതക്കുറവ്, അതിന്റെ വില കൂടുതൽ എന്നിവയാണ്. ഇവിടെ ശ്രീ. ഇ. കെ. വിജയനും ശ്രീ. സി. കെ. നാണുവും ശ്രീ. പി. ശ്രീരാമകൃഷ്ണനും പറയുന്നത് കേട്ടപ്പോൾ ഫ്ലാറ്റേ വേണ്ട, ഇതെല്ലാം വലിയ കുഴപ്പമാണ് എന്നു തോന്നിപ്പോകും. അങ്ങനെയാണെങ്കിൽ എം.എൽ.എ. ഹോസ്റ്റലിൽ ഫ്ലാറ്റ് വേണ്ട. ഫ്ലാറ്റ് വന്നുകഴിഞ്ഞാൽ വലിയ അപരാധമുണ്ടാകും, വലിയ പ്രശ്നമാണ് എന്ന തലത്തിൽ നമ്മൾ ഇതിനെ കാണുന്നത് ശരിയാണോ? എന്താണ് ഇന്നലെ വരെയുള്ള നമ്മുടെ നിയമം. ആർക്കും ഫ്ലാറ്റുണ്ടാക്കാം, ആർക്കും പണം മേടിക്കാം, ആർക്കും മുങ്ങാം, മുങ്ങിയാൽ ആരാണ് പണം മേടിച്ചതെന്നുപോലും അറിയാൻ മാർഗ്ഗമില്ല.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഫ്ലാറ്റ് വേണ്ടായെന്ന് ഞാൻ പറഞ്ഞില്ല. അതിന്റെ മോണിറ്ററിംഗ് അത്യാവശ്യമാണ്. സുരക്ഷിതത്വം ശ്രദ്ധിക്കണം. പത്തോ നൂറോ നില വരുന്നതിന് കുഴപ്പമില്ലെന്നാണ് പറഞ്ഞത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, അങ്ങ് പറഞ്ഞതും നാണുവേട്ടൻ പറഞ്ഞതും മുഴുവൻ ഞാൻ കേട്ടതാണ്. അതുകൊണ്ടാണ് ഞാനിവിടെ പറഞ്ഞത്, എല്ലാവരും കേട്ടുകൊണ്ടിരിക്കുകയല്ലായിരുന്നോ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഫ്ലാറ്റ് വേണ്ടെന്ന് ഞങ്ങൾ പറഞ്ഞുവെന്ന ഫീലിംഗ് ഉണ്ടാക്കാൻവേണ്ടി അങ്ങ് ശ്രമിക്കുന്നത് നിർഭാഗ്യകരമാണ്. എന്റെ പ്രസംഗത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ ഫ്ലാറ്റ് വേണ്ട എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അങ്ങയോട് മാപ്പ് ചോദിക്കാൻ തയ്യാറാണ്. അങ്ങനെയില്ലല്ലോ. അപ്പോൾ ഇല്ലാത്ത ഒരു കാര്യം അങ്ങ് പറയേണ്ട.

ശ്രീ. കെ. ശിവദാസൻ നായർ: സർ, അങ്ങ് മാപ്പൊന്നും ചോദിക്കരുത്. അങ്ങ് മാപ്പ് ചോദിക്കുന്നത് എനിക്കുതന്നെ വലിയ വിഷമമാണ്. അതുകൊണ്ട് അത് വേണ്ട. എന്തിനാണ് ഈ നിയമം? ആർക്കും ഫ്ലാറ്റുണ്ടാക്കാം; ആരുടെ കൈയിൽനിന്നും പണം മേടിക്കാം; എന്തു പരസ്യവും കൊടുക്കാം; ആളുകൾ പണം കൊടുത്തിട്ട് കബളിപ്പിക്കപ്പെടുന്ന നിരവധി സംഭവങ്ങളുണ്ടാകുന്നു; ആരും ചോദിക്കാനും പറയാനുമില്ലാത്ത അവസ്ഥ; പണം കൊടുത്തിട്ട് വർഷങ്ങളോളം ഫ്ലാറ്റ് കിട്ടാതെ പണം കൊടുത്തയാളുകൾ അലഞ്ഞുതിരിയുന്നു. ഈ ഒരു സാഹചര്യം വന്നുകഴിഞ്ഞപ്പോൾ ഒന്നാം സ്ഥാനമുള്ള മഹാരാഷ്ട്രയിൽപോലും ഇതിനെ സംബന്ധിച്ച് ശരിയായ രീതിയിൽ ഒരു നിയമം ഇംപ്ലിമെന്റ് ചെയ്തിട്ടില്ല. കേരളത്തിന് രണ്ടാം സ്ഥാനമാണ്. ഇത്തരമൊരു നിയമം കൊണ്ടുവന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയെ മുക്തകണ്ഠം പ്രശംസിക്കുകയാണ്. സമഗ്രമായ നിയമം, ആ സമഗ്രമായ നിയമത്തിൽ ഏറ്റവും പ്രധാനമായുള്ളത് പണം കൊടുത്ത്..... ശ്രീ. സി. ദിവകാരൻ, ജേക്കബ് തോമസിന്റെ കാര്യം ഞാൻ പറയാം. XXXX* നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നില്ലല്ലോ.

മി. ചെയർമാൻ : .....പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. XXXX* ദയവായി അങ്ങ് അങ്ങനെ പറയരുത്. നമ്മൾ അയൽപക്കക്കാരാണ്. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം. ജേക്കബ് തോമസിന്റെ വാക്കുകേട്ട് സംസാരിക്കുന്ന ആളുകളല്ല. പറയുന്ന കാര്യങ്ങൾ വസ്തുതയാകുമ്പോൾ വസ്തുത പറയുന്നതിന് ജേക്കബ് തോമസിന്റെ തലയിൽവച്ച് കെട്ടരുത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, XXXX* ഞാൻ നേരത്തെ പറഞ്ഞ വാക്ക് പിൻവലിച്ചിരിക്കുന്നു. ശ്രീ. വി എസ്. സുനിൽ കുമാർ നാളെ ഭരണം കിട്ടുമെന്ന്

---

* പിൻവലിച്ചു.

പറയുമ്പോൾ, അദ്ദേഹം ആശ്രയിക്കുന്ന മൂന്നുപേരിൽ ഒരാൾ ജേക്കബ് തോമസാണെന്ന് പറയാം. ബാക്കി രണ്ടുപേരെ പറ്റിയും പറയാം. ഞാൻ അതിലേയ്ക്ക് വരാം. നമ്മുടെ വിഷയം ഫ്ലാറ്റല്ലേ. ഇവിടെ മുകളിലേയ്ക്ക് കെട്ടിടം ഡെവലപ്പ് ചെയ്യുകയും അവിടെ ജനങ്ങൾക്ക് താമസിക്കാനുള്ള ഒരു അവസരം ഉണ്ടാക്കിക്കൊടുക്കുകയും വേണം. ഫ്ലാറ്റ് ഉണ്ടാക്കുന്നവർ മുഴുവൻ മാഫിയകളാണ്, ഈ നിയമം മാഫിയകളെ സംരക്ഷിക്കാനാണെന്ന തരത്തിൽ ശ്രീ. പി ശ്രീരാമകൃഷ്ണനും ശ്രീ. ഇ. കെ. വിജയനുമുൾപ്പെടെയുള്ളവർ സംസാരിച്ചല്ലോ. അവർ പൂന്തോട്ടത്തിലല്ല നോക്കുന്നത്. പൂന്തോട്ടത്തിന്റെ പുറകിൽ ആരോ മറഞ്ഞിരിക്കുന്നു എന്നുള്ളതിന്റെ സൂചനയാണ് കാണുന്നത്, ഒരു പുലി. എന്തിലും ഇങ്ങനെ ദോഷൈകദൃക്കാകരുത്.

'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും

ചോരതന്നെ കൊതുകിന്നു കൗതുകം'

എന്നുപറയുന്നതുപോലെ ഇങ്ങനെ ദോഷൈകദൃക്കുകളായി എന്തിനെയും എതിർക്കുന്ന നിലപാട് നിങ്ങളെ എവിടെ കൊണ്ടുചെന്നെത്തിക്കുമെന്നുള്ളതിനെക്കുറിച്ച് നിങ്ങൾതന്നെ ആലോചിക്കുക. ഇവിടെ ബില്ലിലെ പ്രധാനപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ആദ്യം സൂചിപ്പിക്കാം. ഒന്ന്, ഒരു ബിൽഡർ ഫ്ലാറ്റ് പണിയുന്നതിനുമുമ്പ് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണം. ഈ ബിൽഡിംഗിനെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും വേണം. വസ്തുവിന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെ, പണിയാൻ പോകുന്ന കെട്ടിടത്തിന്റെ പ്ലാൻ, ഉപയോഗിക്കുന്ന മെറ്റീരിയൽസ് അതിന്റെ മുഴുവൻ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ അതോറിറ്റി മുമ്പാകെ നൽകണം. ഓരോ പ്രൊമോട്ടറും പദ്ധതിയുടെ പൂർണ്ണ വിശദാംശങ്ങൾ അടങ്ങിയ അപേക്ഷ നിർദ്ദിഷ്ട സർക്കാർ അധികാരികൾക്ക് സമർപ്പിക്കണം. സ്ഥാപനത്തിന്റെ പേര്, രജിസ്റ്റേഡ് അഡ്രസ്, പാർട്ണർമാരുടെ പേര്, രജിസ്ട്രേഷൻ വിവരങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം വ്യക്തമാക്കണം. എവിടെയാണ് പദ്ധതി പ്രാവർത്തികമാക്കുന്നത് ആ പ്രദേശത്തിന് നിർമ്മാണത്തിന് തടസ്സമില്ലെന്ന സാക്ഷ്യപത്രം, എത്ര ഘട്ടങ്ങളിലായാണ് പദ്ധതി പൂർത്തിയാക്കുക തുടങ്ങിയവ വേണം. എത്ര ഘട്ടങ്ങളിലായിട്ടാണെന്നുള്ളത് നേരത്തെ എനിക്കും സംശയം തോന്നിയ ഒരു കാര്യമാണ്. ഒരു റിയൽ എസ്റ്റേറ്റ് പ്രോജക്റ്റിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിട ഘടകങ്ങളുടെ എണ്ണം 12 കവിയാത്തിടത്ത് പെർമിഷൻ വേണ്ട. ആദ്യ ഘട്ടമെന്ന നിലയിൽ അത് എടുത്തിട്ട് രണ്ടാം ഘട്ടം വീണ്ടും 12 എന്ന് ആക്കാൻ പറ്റില്ല. ഇതിന്റെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും മൂന്നാം ഘട്ടവും

എന്നിങ്ങനെയാണ് പണിയാൻ ഉദ്ദേശിക്കുന്നതെങ്കിൽ അതിന്റെ പ്ലാൻ ഉൾപ്പെടെ രജിസ്റ്റർ ചെയ്യുന്ന സമയത്ത് പറയേണ്ടതാണ്.

ശ്രീ. ആർ. രാജേഷ്: സർ, അത് രജിസ്റ്റർ ചെയ്യുമ്പോൾ അതോറിറ്റി നിരസിച്ചാലോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. ആർ. രാജേഷ്, ഞാൻ ആ പ്രൊവിഷനിലേയ്ക്ക് വരാം. ഉപഭോക്താക്കളുമായി ഉണ്ടാക്കിയ ധാരണകൾ.... എന്നുമാത്രമല്ല ഇവർക്കുവേണ്ടി ഏജന്റുമാർ ഇറങ്ങി നടക്കുകയാണ്. ഏജന്റുമാർ പറയുന്നത് വിശ്വസിച്ചാണ് പലപ്പോഴും ആളുകൾ കബളിപ്പിക്കപ്പെടുന്നത്. അവർക്ക് ഉടമസ്ഥൻ ആരാണെന്നോ ബിൽഡർ ആരാണെന്നോ പ്രൊമോട്ടർ ആരാണെന്നോ അറിയില്ല. അപ്പോൾ ആതറൈസ്ഡ് ഏജന്റ് വേണം. ഏജന്റിനെയും രജിസ്റ്റർ ചെയ്യിക്കണം. അതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എൻ.ഒ.സി. ഉൾപ്പെടെയുള്ള കാര്യങ്ങൾ കിട്ടണം. ബിൽഡർക്കുവേണ്ട മറ്റ് അനുമതി പത്രങ്ങൾ കിട്ടുന്നതിന് സഹായിക്കാനും അതോറിറ്റിക്ക് ഉത്തരവാദിത്വമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എനിക്ക് അങ്ങയോട് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ഇപ്പോൾ നിലവിലുള്ള ഏറ്റവും വലിയ തടസ്സം എൺവയോൺമെന്റൽ ക്ലിയറൻസാണ്. അത് അങ്ങയുടെ വകുപ്പിലല്ലായെന്ന് എനിക്കറിയാം. പക്ഷേ, ഇപ്പോൾ നിലവിൽ ഒരു കെട്ടിടം പണിയുന്നതിന്, കൊമേഴ്സ്യൽ ബിൽഡിംഗോ, ഫ്ലാറ്റോ പണിയുമ്പോൾ സെല്ലാർ പോർഷന് അവിടെനിന്ന് മണ്ണ് നീക്കം ചെയ്യണമെങ്കിൽ കളക്ടർക്ക് അപേക്ഷ കൊടുക്കണം, കളക്ടർ ആർ.ഡി.ഒ.യ്ക്ക് കൊടുക്കും, ആർ.ഡി.ഒ. തഹസിൽദാർക്ക് കൊടുക്കും, തഹസിൽദാർ വില്ലേജ് ഓഫീസർക്ക് കൊടുക്കും, വില്ലേജ് ഓഫീസർ പരിശോധിച്ച് തിരിച്ച് തഹസീൽദാർക്ക് കൊടുക്കും, തഹസീൽദാർ ആർ.ഡി.ഒ.യ്ക്ക് കൊടുക്കും, ആർ.ഡി.ഒ. കളക്ടർക്ക് കൊടുക്കും. അങ്ങനെ ഈ യാത്ര രണ്ടുമാസം കൊണ്ടേ അവസാനിക്കൂ. ഈ യാത്ര കഴിഞ്ഞ് തിരുവനന്തപുരത്തേയ്ക്ക് വരികയാണ്. തിരുവനന്തപുരത്ത് വന്നുകഴിഞ്ഞാൽ എൺവയോൺമെന്റൽ ക്ലിയറൻസ് കിട്ടുന്നതിന് മിനിമം എട്ട് മാസമെങ്കിലും എടുക്കും. സാധാരണഗതിയിൽ എട്ട് മാസം കൊണ്ടും കിട്ടില്ല. ഒരു കെട്ടിടം പണിയുന്നതിന് ഒരു കോൺട്രാക്ടറെ ഏൽപ്പിച്ചുകഴിഞ്ഞാൽ ഒരു കൊമേഴ്സ്യൽ ബിൽഡിംഗിന് ലൈസൻസ് കിട്ടുന്നതിനുവേണ്ടി നെട്ടോട്ടമോടേണ്ട ഗതികേട് ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. മറ്റൊരു സംസ്ഥാനത്തും ഇങ്ങനെയില്ല. എല്ലാം തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലാണ് വരേണ്ടത്. കാസർഗോഡ് കെട്ടിടം പണിയണമെങ്കിൽ എൺവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കാൻ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ വരണം. ഈ ബിൽഡിംഗിന് വേണ്ടിയുള്ള എൺവയോൺമെന്റൽ ക്ലിയറൻസ്

ക്വാറി ലൈസൻസ് കൊടുക്കുന്നതിനും മറ്റ് എസ്കവേഷൻ നടത്തുന്നതിനുമെല്ലാം ബാധകമാണ്. അവിടെ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി മാസത്തിലൊരിക്കൽ മാത്രമേ ചേരുകയുള്ളൂ. ഒരിക്കൽ കമ്മിറ്റി ചേർന്നാൽ ഇത്ര ഫയൽ മാത്രമേ എടുക്കൂ. അക്കാര്യം നിർബന്ധമാണ്. ഇവർക്ക് ഈ ആളുകളെ സംബന്ധിച്ച് ഒരു ബോതറേഷനുമില്ല. കെട്ടിടനിർമ്മാണത്തിലെ ഏറ്റവും വലിയ bottleneck ആയ എൺവയോൺമെന്റൽ ക്ലിയറൻസ് നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് പ്രത്യേകമായി ആലോചിക്കണം. ഇന്നുള്ളത് ആളുകളെ ബുദ്ധിമുട്ടിക്കുന്നതിനുവേണ്ടി മാത്രമുള്ള നടപടിക്രമമാണെന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ പരസ്യങ്ങളെ നിയന്ത്രിക്കാനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പരസ്യങ്ങളിൽ പറയുന്ന രീതിയിലുള്ള സൗകര്യങ്ങൾ ഈ കെട്ടിടത്തിനകത്തുണ്ടോ; അതോ ആളുകൾ കബളിപ്പിക്കപ്പെടുന്നുണ്ടോ? ഇത്തരം കാര്യങ്ങൾ ഗൗരവമായ പ്രശ്നമാണ്. ശാന്തിമഠത്തിന്റെയും ആപ്പിൾ പ്രോപ്പർട്ടിയുടെയും കാര്യമൊക്കെ അങ്ങ് ഇവിടെ സൂചിപ്പിച്ചു. അതുമാത്രമല്ല മറ്റ് പല ആളുകളും പരസ്യത്തിൽ ഭ്രമിച്ച് പണം കൊടുത്തു, കിട്ടിയത് മതി, കിട്ടിയത് ലാഭമാണെന്ന് കരുതി ആരോടും പരാതി പറയാതെ കഴിയുന്ന ധാരാളം ആളുകളുണ്ട്. ഇവിടെ ഒരു ഫ്ലാറ്റ് പണിയുമ്പോൾ സുരക്ഷിതത്വം വേണം, മാലിന്യ നിർമ്മാർജ്ജനം ശരിയായ രീതിയിലുണ്ടോ, ഓപ്പൺ സ്പേയ്സുണ്ടോ, പൊതുവായി അവിടെ താമസിക്കുന്ന ആളുകളുടെ മറ്റ് സൗകര്യങ്ങളുണ്ടോ ഈ കാര്യങ്ങൾ പരിശോധിക്കുന്നതിന് ഈ അതോറിറ്റിക്ക് കഴിയും. അതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കെട്ടിടങ്ങൾക്ക് ഉറപ്പുവരുത്തേണ്ട സുരക്ഷിതത്വത്തെക്കുറിച്ചാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. അതോടൊപ്പംതന്നെ വളരെ പ്രധാനപ്പെട്ട കാര്യമാണ് ഈ ബിൽ അവതരിപ്പിക്കുന്ന സമയത്ത് മന്ത്രി ഇവിടെ പറഞ്ഞ കാര്യം. പല ഫ്ലാറ്റുകളും വലിയ പരസ്യങ്ങൾ നൽകുകയും മോശമായ മെറ്റീരിയൽസ് ഉപയോഗിച്ചുകൊണ്ട് അത് പണിയുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഈ പെർമിറ്റ് കിട്ടിയാലും ക്വാളിറ്റിയുള്ള മെറ്റീരിയൽസ് ഉപയോഗിച്ചാണ് കെട്ടിടം പണിയുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഏതെങ്കിലും സംവിധാനം ഈ ബില്ലിൽ വേണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ആ വ്യവസ്ഥ ഇതിനകത്തുണ്ട്.

ശ്രീ. സി. കെ. നാണു : സർ, കേന്ദ്ര ഗവൺമെന്റ് പഴയ കാലത്തൊന്നുമില്ലാത്ത രീതിയിൽ ഭൂമി കൈക്കലാക്കാൻ ഇടനൽകുന്ന രൂപത്തിൽ, ഭൂമി എടുക്കാൻവേണ്ടി വിദേശ മൂലധനത്തെ ക്ഷണിക്കുകയാണ്. നമ്മളെപ്പോലുള്ള വികസ്വര രാജ്യത്ത് ഇതുപോലെ ഭൂമിയെ കണ്ടുകൊണ്ട് ഇവിടേയ്ക്ക് വരാൻ ഇന്ത്യാ ഗവൺമെന്റ്

ആഹ്വാനം ചെയ്തിരിക്കുകയാണ്. അവർ പലതിലേയ്ക്കും ഇന്ത്യയിൽ ഇൻവെസ്റ്റ് ചെയ്യേണ്ടതായി പറഞ്ഞത് നമ്മുടെ ഭൂമിയാണ്. താങ്കൾ ഇവിടെ ആദ്യം പറഞ്ഞപ്പോൾ ഞാൻ വിചാരിച്ചു, ഫ്ലാറ്റിനുവേണ്ടി പണമടച്ചിട്ട് ആളുകളെ പറ്റിക്കുന്നവരെ ഓപ്പറേഷൻ കുബേരയിലൂടെ കൈകാര്യം ചെയ്യാമെന്നാണ്. ഇവിടെ ഫ്ലാറ്റ് എടുക്കുന്നത് സംബന്ധിച്ച അടിസ്ഥാനപരമായ വിഷയം താങ്കൾക്കറിയാം. ഹിമാലയൻ സാനുക്കളിൽ വലിയ ഭൂകമ്പമുണ്ടായി. അതിന്റെ കാര്യം എന്താണ്? പെർമിഷൻ ഇല്ലാതെ 400-ഓളം ക്വാറികളെടുത്തു, അത് പത്രത്തിൽ വന്നു. വടക്കേ ഇന്ത്യയിൽ പല സ്ഥലത്തും ഭൂകമ്പമുണ്ടായി. ഞാൻ താങ്കളോട് ചോദിക്കുന്നത്, കേരളം പോലുള്ള സംസ്ഥാനത്ത് ഇത്തരമൊരു കാര്യം വരുന്ന അവസരത്തിൽ അടിസ്ഥാനപരമായി ചെയ്യേണ്ടത് അത് ഭൂമിയെ ഏതുതരത്തിൽ ബാധിക്കും എന്നല്ലേ. അത് പരിശോധിക്കാൻ താങ്കൾ ആവശ്യപ്പെടില്ലേ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, നാണുവേട്ടാ, യൂറോപ്പിലും അമേരിക്കയിലുമുള്ള ആളുകൾക്ക് ഇന്ത്യയിലെയും തിരുവനന്തപുരത്തെയും കൊച്ചിയിലെയും വസ്തുവൊന്നും വേണ്ട. അതിന്റെ ആവശ്യമൊന്നുമില്ല. പക്ഷെ, ഇവിടെ നമുക്ക് തൊഴിലവസരങ്ങളും ഉത്പാദനവും ഉണ്ടാകണം. അതിന് ആധുനികമായ രീതികൾ അവലംബിക്കണമെന്നുണ്ടെങ്കിൽ മുതൽമുടക്കുവേണം. അങ്ങനെ ഇവിടെവന്ന് മുതൽമുടക്കാൻ തയ്യാറുണ്ടെങ്കിൽ, ആ മുതൽമുടക്കിനെ സ്വാഗതം ചെയ്യുകയാണ് വേണ്ടത്. ഇവിടത്തെ ഭൂമിയൊന്നും എടുത്തുകൊണ്ട് ആരും പോകില്ല. അത് നമുക്കുതന്നെ കെട്ടിപിടിച്ചുകൊണ്ട് ഇവിടെതന്നെ നിർത്താം.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങ് 'മേക്ക് ഇൻ ഇന്ത്യ' എന്നുപറയുന്ന ബി.ജെ.പി.യുടെ നയങ്ങളെ അനുകരിക്കാൻ വേണ്ടിയാണോ ഇത് പറയുന്നത്. റിയൽ എസ്റ്റേറ്റിലൂടെ വിദേശ പണം വരികയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വർക്കല കഹാർ)

ശ്രീ. കെ. ശിവദാസൻ നായർ: സർ, മേക്ക് ഇൻ ഇന്ത്യ എന്ന് ശ്രീ. നരേന്ദ്രമോദി പറഞ്ഞതല്ലേ. അതൊരു കളിപ്പിക്കൽ ഏർപ്പാടാണ്. അതൊരു മുദ്രാവാക്യമാണെന്നേയുള്ളൂ. അതിൽ വലിയ കഥയൊന്നുമില്ല. വെറുതെ അതിന്റെ പുറകെയൊന്നും പോകണ്ട.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങനെതന്നെ നടക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരികയാണ്. ഞാൻ ആദ്യം സൂചിപ്പിച്ചത് 'ഒരു റിയൽ എസ്റ്റേറ്റ് പ്രോജക്റ്റിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിട ഘടകങ്ങളുടെ എണ്ണം പന്ത്രണ്ടിൽ

കവിയാത്തിടത്ത് 'എന്നതിന്റെ വിശദീകരണത്തിൽ '...ഓരോ ഘട്ടവും ഒരു പ്രത്യേക റിയൽ എസ്റ്റേറ്റ് പ്രോജക്ടായി കരുതപ്പെടുന്നതും പ്രമോട്ടർ ഓരോ ഘട്ടത്തിനും പ്രത്യേകമായി രജിസ്ട്രേഷൻ ഈ ആക്ട് പ്രകാരം, വാങ്ങേണ്ടതുമാണ്. അതിൽ എന്തെങ്കിലും ambiguity ഉണ്ടെങ്കിൽ അത് നീക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, പേജ് നമ്പർ 11-ൽ 'റിയൽ എസ്റ്റേറ്റ് പ്രോജക്ടിനുവേണ്ടി, കാലാകാലങ്ങളിൽ, അലോട്ട് ചെയ്യപ്പെട്ടവരിൽ നിന്ന് ഈടാക്കിയ തുകയിൽനിന്നും എഴുപത് ശതമാനമോ അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള അതിലും കുറവായ ഒരു തുകയോ, ഒരു ഷെഡ്യൂൾഡ് ബാങ്കിൽ ഒരു പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണം' എന്നാണ്. ഇതിൽ കൂടുതൽ ഒരു നിയന്ത്രണം കൊണ്ടുവരാനുണ്ടോ? ഒരാളിന്റെ കയ്യിൽനിന്നും പണം വാങ്ങിയാൽ അതിന്റെ എഴുപത് ശതമാനം ഒരു ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കണം. അങ്ങനെ നിക്ഷേപിക്കുന്ന പണത്തിൽനിന്നുവേണം ഇത് ചെലവ് ചെയ്യാനെന്നുപറഞ്ഞാൽ, പല തരത്തിലാണ് നിയന്ത്രണങ്ങൾ. ഈ തുകയിൽനിന്നും ചെലവ് ചെയ്യുമ്പോൾ യഥാർത്ഥത്തിൽ ടാക്സ് വെട്ടിക്കാൻ കഴിയില്ല. അവർ എത്ര പണം ചെലവഴിക്കുന്നു എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാകുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അത് നിയമപരമായി നിലനിൽക്കുമോ?

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, അത് നിയമപരമായി നിലനിൽക്കുമോ ഇല്ലയോ എന്നുള്ളത് പരിശോധിക്കണ്ടേ; കാരണം ഒരു നിയമം കൊണ്ടുവരികയല്ലേ; ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പാണിത്. എന്തുകൊണ്ട് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇത് കണ്ടില്ല; ശ്രീ. പി. ശ്രീരാമകൃഷ്ണൻ പുലിയെ അന്വേഷിച്ച് പോയപ്പോൾ ഈ വകുപ്പ് കണ്ടില്ലല്ലോ. ഒരാൾ പണം കൊടുത്തുകഴിഞ്ഞാൽ ഈ പണം എവിടെ ചെലവഴിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം ഈ നിയമം വഴി കൊടുത്തിരിക്കുകയാണ് .

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, അങ്ങ് ഒരു പഴയ കോൺഗ്രസ്സുകാരൻകൂടിയാണല്ലോ. ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലെയുള്ള യഥാർത്ഥ കോൺഗ്രസ്സുകാർ ഇവിടെ ഇരിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ പണംമുതലാളിമാരുടെ താല്പര്യം സംരക്ഷിച്ച് ഇങ്ങനെ പ്രസംഗിക്കുന്നത് ശരിയല്ല. ഫ്ലാറ്റ് വന്നോട്ടെ; അതിന് ആരും എതിരല്ല. അതിനെ ഇങ്ങനെ പാടിപ്പുകഴ്ത്തി അത് നമ്മുടെ നാട്ടിൽ സമ്പത്തുണ്ടാക്കുമെന്ന രീതിയിൽ കൊണ്ടുവരുന്നത് ശരിയല്ല. ഫ്ലാറ്റ് നിർമ്മിക്കുന്നത് നമ്മുടെ നാട്ടിലെ പാവപ്പെട്ടവർക്ക് കൊടുക്കാൻ വേണ്ടിയൊന്നുമല്ല. അത് നിർമ്മിക്കുന്നത് പണക്കാർക്കുംമറ്റും കൊടുക്കാൻ വേണ്ടിയാണ്. അങ്ങനെയുള്ള

ഫ്ലാറ്റ് നിർമ്മാണം പ്രോത്സാഹിപ്പിക്കുന്ന നയം കോൺഗ്രസ്സിന്റേയും കൂടിയല്ലായെന്ന് അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഫ്ലാറ്റ് നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കണമെന്നാണ് ഞാൻ പറയുന്നത്. അങ്ങനെ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു മടിയും കാണിക്കരുത്. നമ്മുടെ നാട്ടിലെ ഒരു ഉദ്യോഗസ്ഥനാണെങ്കിലും അദ്ദേഹത്തിന് താമസിക്കാൻ അഞ്ച് സെന്റ് വസ്തു വിലയ്ക്കുവാങ്ങി അതിൽ കെട്ടിടം വയ്ക്കാൻ കഴിയാത്ത ഒരു സാഹചര്യം നിലവിലുണ്ട്. അതുകൊണ്ട് ഫ്ലാറ്റ് നിർമ്മാണത്തെ തീർച്ചയായും പ്രോത്സാഹിപ്പിക്കണം. അത് പറയുന്നതിന് മടിക്കേണ്ട കാര്യമൊന്നുമില്ല. അതിനെ എതിർക്കുന്നത് വലിയ പുരോഗമനമായി ഞാൻ കാണുന്നുമില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മട്ടാഞ്ചേരിയിൽ 68 കോടി രൂപയുടെ ഒരു Poverty Alleviation Project നടക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പൈസയാണ്. എട്ട് നിലകളുള്ള ഫ്ലാറ്റാണ്. അത് സാധാരണക്കാരായ വീടില്ലാത്തവർക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ പണം കൊണ്ടുണ്ടാക്കിയതാണ്. എന്തുകൊണ്ടാണ് അങ്ങനെ ഫ്ലാറ്റ് പണിയേണ്ടി വന്നത്? ആകെ 20 സെന്റ് സ്ഥലമേയുള്ളൂ. ഇതാകുമ്പോൾ എട്ട് നിലയിലുംകൂടി നൂറോളം കുടുംബങ്ങളെ പാർപ്പിക്കാം. അപ്പോൾ ഇത് സാധാരണക്കാർക്കുകൂടിയുള്ളതല്ലേ; അതിന് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. സി. പി. മുഹമ്മദ്: സർ, ഫ്ലാറ്റിന് എതിരെയുള്ള ഈ പ്രസംഗം ഒരു ഹിപ്പോക്രസിയാണ്. ശ്രീ. ഇ. കെ. വിജയൻ പറഞ്ഞു; കോഴിക്കോട് - മാവൂർ റോഡിൽ പതിനഞ്ചും ഇരുപതും നിലകളുള്ള നൂറുകണക്കിന് ഫ്ലാറ്റുകൾ പൊങ്ങിക്കൊണ്ടിരിക്കുകയാണെന്ന്. തിരുവനന്തപുരത്തും അങ്ങനെതന്നെ. ഈ രണ്ട് കോർപ്പറേഷനുകളും വർഷങ്ങളായി ഭരിക്കുന്നത് സി.പി.ഐ. (എം) ആണ്. സി.പി.ഐ. (എം) -ന്റെ അനുവാദമില്ലാതെയും കോർപ്പറേഷനുകളുടെ പെർമിഷൻ ഇല്ലാതെയുമാണ് നെൽകൃഷി ചെയ്യുന്ന ചതുപ്പുനിലങ്ങളടക്കം നികത്തി ഫ്ലാറ്റുകൾ നിർമ്മിച്ചതെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, അതെനിക്ക് അറിയാൻ കഴിയാത്ത കാര്യമാണ്. പക്ഷേ ഫ്ലാറ്റിനെ നമ്മൾ എതിർക്കേണ്ട ഒരു കാര്യമില്ല. അവനവന്റെ കാര്യം വരുമ്പോൾ ഫ്ലാറ്റ് കൊള്ളാം. മറ്റുള്ളവർക്കൊന്നും ഫ്ലാറ്റ് വേണ്ടെന്നുള്ള നാട്യമൊന്നും വേണ്ട. ഉള്ള കാര്യം ഉള്ളതുപോലെ പറഞ്ഞാൽ പോരേ. എന്റെ സമയം ധാരാളമായി. എന്റെ കാര്യത്തിലേയ്ക്ക് വന്നതുമില്ല.

മി. ചെയർമാൻ: 22 മിനിട്ടായി.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇത് രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ രജിസ്ട്രേഷന് ഏഴ് ദിവസത്തിനകം മറുപടി കൊടുക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഏഴ് ദിവസമെന്ന് പറഞ്ഞിരിക്കുന്നത് പ്രായോഗികമായി ശരിയാണോ? പ്രാക്ടിക്കലായി ആ ഏഴ് ദിവസം എന്നുള്ളത് വർദ്ധിപ്പിക്കുന്നതാണ് നല്ലത് എന്നാണ് എന്റെ അഭിപ്രായം. ഓൺലൈനാണെങ്കിൽപ്പോലും ഏഴ് ദിവസമെന്നുള്ളത് ശരിയാണോയെന്ന് പരിശോധിക്കണം.

പ്രൊമോട്ടർമാർക്ക് വിൽപ്പന കരാറിലെ വ്യവസ്ഥ പ്രകാരം റദ്ദ് ചെയ്യാവുന്നതാണെന്ന് പറഞ്ഞു. പക്ഷേ അങ്ങനെ റദ്ദ് ചെയ്യുന്നതിനെതിരായി അഫക്ട് ചെയ്യുന്ന പാർട്ടിക്ക് അതിന്മേൽ അപ്പീൽ കൊടുക്കുന്നതിന് അധികാരമുണ്ടെന്ന് ഇതിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞ ആ ഒരു ഭയത്തിന് അടിസ്ഥാനമില്ല.

വില്പനയ്ക്ക് വേണ്ടിയുള്ള കരാർ - 'അതത് സംഗതിപോലെ, പ്ലോട്ടിന്റെയോ കെട്ടിടത്തിന്റെയോ വിലയുടെ പത്ത് ശതമാനത്തിലധികം വരുന്ന തുക, മുൻകൂറായി വാങ്ങാൻ പാടില്ല'. അപ്പോൾ പത്ത് ശതമാനത്തിൽ കുറവുള്ളത് വാങ്ങാമോ? പത്ത് ശതമാനമെന്നുപറയുമ്പോൾ വലിയൊരു തുകവരും. അതിനെക്കാൾ കുറഞ്ഞ തുകയാണെങ്കിൽ വാങ്ങാമെന്നുണ്ട്. അത് ശരിയാണോ എന്നതിനെക്കുറിച്ച് ആലോചിക്കണം.

'ന്യായമായ സമയത്തിനുള്ളിൽ, പ്രൊമോട്ടർ അങ്ങനെയുള്ള കേടുപാടുകൾ അധിക ചാർജ് കൂടാതെ പരിഹരിക്കണം'. ഏതാണ് ഈ ന്യായമായ സമയം? ഇതിനകത്ത് രണ്ടു വർഷമാണ് പറഞ്ഞിരിക്കുന്നത്. ന്യായമായ സമയത്തിനകം കേടുപാടുകൾ പരിഹരിച്ചുകൊള്ളാമെന്നുപറയുന്നത് ശരിയാണോ എന്നതിനെക്കുറിച്ചും ആലോചിക്കേണ്ടതാണ്.

അലോട്ട് ചെയ്യുന്നയാൾ പണം കൊടുക്കാൻ താമസിച്ചാൽ, കരാറിലെ വ്യവസ്ഥകൾ ലംഘിച്ചാൽ അയാൾ പലിശ കൊടുക്കാൻ ബാദ്ധ്യസ്ഥനാണെന്ന് പറയുന്നു. എത്ര ശതമാനമെന്നുള്ളത് specify ചെയ്തിട്ടില്ല. അത് അലോട്ടിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു വ്യവസ്ഥയാണെന്നാണ് എനിക്ക് തോന്നുന്നത്. ഇതിന്റെ കാലാവധി അഞ്ച് വർഷം എന്നുള്ളത് മൂന്ന് വർഷം എന്നാക്കുന്നതാണ് നല്ലതെന്ന് തോന്നുന്നു.

വകുപ്പ് റദ്ദാക്കുന്നതിന് 'എല്ലാ അംഗങ്ങളും പങ്കെടുക്കുന്ന ഒരു യോഗത്തിൽ മാത്രമേ രജിസ്ട്രേഷൻ റദ്ദാക്കാൻ കഴിയൂ' എന്നുപറഞ്ഞാൽ അത് അപ്രായോഗികമാണ്. 'ചെയർമാൻ ഉൾപ്പെടെ ഭൂരിഭാഗം അംഗങ്ങളും' എന്ന് പറയുന്നതായിരിക്കും നല്ലത്. അതുപോലെ ഈ അതോറിറ്റിക്ക് ഒരു സെക്രട്ടറി വേണ്ടേ; അതോറിറ്റിക്ക് ഒരു

സെക്രട്ടറി വേണം, ആ സെക്രട്ടറിയുടെ ചുമതലയും സ്പെസിഫൈ ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നഷ്ടപരിഹാരത്തിന്റെ കാര്യത്തിലും 90 ദിവസങ്ങൾക്കുള്ളിൽ തീരുമാനമെടുക്കണമെന്നാണ്. 90 ദിവസത്തിനകം തീരുമാനം എടുക്കാതിരുന്നാൽ അതിന് ഒരു കാരണം ബോധിപ്പിച്ചാൽ മതി. അപ്പോൾ ഇൻഡെഫനിറ്റായിട്ട് പോകാം. അങ്ങനെ ഇൻഡെഫനിറ്റായി പോകുന്നത് ശരിയല്ല. അവിടെയും മാക്സിമം കാലാവധി വയ്ക്കുന്നത് ശരിയായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതോറിറ്റിയുടെ തീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിന് ആ അതോറിറ്റിക്കുതന്നെ ഒരു അധികാരം ഉണ്ടാകുന്നത് നല്ലതാണ്.

അപ്പലേറ്റ് ട്രൈബ്യൂണലിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി തന്നെ വേണമെന്നുപറയുന്നത് ശരിയാണോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഡിസ്ട്രിക്ട് ജഡ്ജ് പോരേ എന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. പല ഹൈക്കോടതി ജഡ്ജിയുടെയും റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയുടെയും പെരുമാറ്റങ്ങളൊക്കെ കാണുമ്പോൾ ഡിസ്ട്രിക്ട് ജഡ്ജാണ് നല്ലതെന്നാണ് എന്റെ അഭിപ്രായം. ഇതൊക്കെ ഹൈക്കോടതിയുടെയും ചീഫ് ജസ്റ്റീസിന്റെയും അനുമതിയോടുകൂടി മാത്രമെ അപ്പലേറ്റ് ട്രൈബ്യൂണലിലെ ആളുകളെ നോമിനേറ്റ് ചെയ്യാൻ കഴിയൂ എന്നുണ്ടെങ്കിൽ അത് ശരിയല്ല. ഗവൺമെന്റിന്റെ അധികാരം ഗവൺമെന്റ് തന്നെ വിനിയോഗിക്കുകയാണ് നല്ലതെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു തർക്കം നേരത്തെ ഇവിടെ സൂചിപ്പിച്ചു. മൂന്നു നിലയിൽ കൂടുതലുള്ള ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ അവർക്ക് ലൈസൻസ് ലഭിച്ചാലും പെർമിറ്റ് ലഭിച്ചതിനുശേഷം പണിഞ്ഞാലും അതൊക്കെ ഇടിച്ചുനിരത്തണമെന്ന് ഒരു ഉദ്യോഗസ്ഥൻ പറയേണ്ടതാണോ? അതുസംബന്ധിച്ച നയപരമായ തീരുമാനം എടുക്കേണ്ടത് ഗവൺമെന്റ് അല്ലേ? ഒരു ഉദ്യോഗസ്ഥൻ ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചാൽ അതുണ്ടാക്കാവുന്ന പ്രത്യാഘാതം എന്താണെന്നുള്ളതിനെക്കുറിച്ച് നാം ആലോചിക്കേണ്ടതല്ലേ? ദൗർഭാഗ്യവശാൽ, ഇവിടെ ആ ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥൻ ഏതാണ്ട് അഴിമതിവിരുദ്ധനാണ്. അദ്ദേഹം പറയുന്നതെല്ലാം വേദവാക്യമാണെന്നുള്ള നിലയിലേക്ക് കാര്യങ്ങൾ പോകുന്നു. ഞാൻ ഒന്നുരണ്ട് ഉദാഹരണങ്ങൾ പറയാം, Office of the Superintendent of Police, Vigilance and Anti Corruption Bureau (Special Cell), Thiruvananthapuram, 08.08.2014 അദ്ദേഹം Vigilance and Anti Corruption Bureau-യിലെ എസ്.പി. ക്ക് അയച്ച ഒരു കത്താണ് എന്റെ കയ്യിലിരിക്കുന്നത്.

എനിക്ക് അവസരം കിട്ടിയാൽ ഞാൻ ഇവിടെ അത് വായിക്കും, അതിൽ ശ്രീ. ജയരാജനെന്താണ് എതിർപ്പ്; ജയരാജൻ ഒരുപാട് കത്തുകൾ വായിക്കുന്നുണ്ടല്ലോ; അതിവിടെ വായിക്കണ്ടായെന്ന് ഞാൻ പറഞ്ഞോ; എന്താണ് കൊള്ളുന്നത്; ജേക്കബ് തോമസ് ജയരാജന്റെ ആരാണ്; പാർട്ടിക്കാരനാണോ; ജയരാജന് ഇത്ര ബുദ്ധിമുട്ട് എന്താണ്; ജയരാജൻ ഉയർത്തിപ്പിടിച്ചുകൊണ്ടുനടക്കുന്ന ഈ ഉദ്യോഗസ്ഥൻ ആരാണെന്നുള്ളത് കേൾക്കണം. ഇവിടെ അദ്ദേഹം എസ്.പി.ക്ക് ഒരു കത്ത് കൊടുത്തിരിക്കുകയാണ്. എന്താണ് അലിഗേഷൻ; അദ്ദേഹം പോർട്ട് ഡയറക്ടറായിരിക്കുമ്പോൾ, The Counter Petitioner (Jacob Thomas) while working as Director of Ports has constructed the building, Directorate of Ports at Valiyathura without obtaining sanction from the authorities of Thiruvananthapuram Corporation. It is alleged that the above building was constructed in violation of CRZ Rules and Regulations. ആ ഉദ്യോഗസ്ഥന് നിയമം പാലിക്കാൻ എന്തൊരു വ്യഗ്രതയാണ്. 'സത്യമേവ ജയതേ' ഞാൻ എന്റെ കർമ്മമാണ് നിർവ്വഹിക്കുന്നത്. ഇതിനെക്കുറിച്ച് ഒരു ഉദ്യോഗസ്ഥൻ (ശ്രീ. കൃഷ്ണകുമാർ) ക്വിക്ക് വെരിഫിക്കേഷൻ നടത്തണമെന്ന് പറഞ്ഞു. ക്വിക്ക് വെരിഫിക്കേഷൻ നടത്തുന്നതിനുവേണ്ടി അയച്ചപ്പോൾ വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസ് ആയിരുന്നു. അദ്ദേഹം ആദ്യം ഈ ഉദ്യോഗസ്ഥനെക്കൊണ്ട് ക്വിക്ക് വെരിഫിക്കേഷൻ നടത്താതെ അദ്ദേഹത്തെ മാറ്റി വേറൊരാളെവച്ച് അന്വേഷണം നടത്തി; ഒരു കുഴപ്പവുമില്ലായെന്ന് പറഞ്ഞു. അദ്ദേഹം വിജിലൻസിന്റെ അഡീഷണൽ ഡയറക്ടറായിരിക്കുമ്പോൾ അദ്ദേഹത്തിനെതിരെ ഒരു ആരോപണം വന്നപ്പോൾ അത് അദ്ദേഹംതന്നെ അന്വേഷിച്ച് കുറ്റവിമുക്തനായി. "ഞാൻ കുറ്റക്കാരനല്ല" കൊള്ളാം എന്തൊരു മര്യാദയാണ്. ധനകാര്യ പരിശോധനാവിഭാഗം വേറെ പരിശോധന നടത്തിയിട്ട് പറഞ്ഞു; നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും ലംഘിച്ചാണ് ഈ കാര്യാലയം പണിതിട്ടുള്ളതെന്ന്. മുനിസിപ്പൽ അനുമതിയും CRZ അനുമതിയും വാങ്ങാതെ നിയമപ്രകാരം കെ.പി.എച്ച്.സി.സി.യുമായി കരാറിൽ ഏർപ്പെട്ടുമാണ് സിവിൽ വർക്ക് ചെയ്തിട്ടുള്ളത്. ഈ സ്ഥാപനത്തിൽ നിന്നുള്ള പർച്ചേസുകളിൽ പലതും സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുള്ളതാണ്. അഴിമതിവിരുദ്ധനായ ഒരാൾ! ശ്രീ. സുനിൽകുമാർ, തീർന്നില്ല, ഈ മാന്യദ്ദേഹം... അദ്ദേഹം കർമ്മം ചെയ്യുകയാണ്. കെട്ടിടമാണ്..... എന്റെ പണിയാണ് ഞാൻ ചെയ്യുന്നത് ശ്രീ. ജയരാജൻ. Office of the Director of Ports, Thiruvananthapuram; അവിടെ ഇൻസ്പെക്റ്റിംഗ് ഓഫീസർ, അഡീഷണൽ സെക്രട്ടറിയായിരുന്ന സുഭാഷ് ജോൺ മാത്യു, അദ്ദേഹം ഇതിനെക്കുറിച്ച് അന്വേഷിച്ചു; അവിടത്തെ നടപടിക്രമങ്ങളെക്കുറിച്ച് ഓഡിറ്റ് ചെയ്തു. ഓഡിറ്റ് ചെയ്തപ്പോൾ Name of Officer -

Serial No.1. Jacob Thomas, IPS - ഈ ഓഡിറ്റ് സമയത്തെ ഉദ്യോഗസ്ഥനാണ്. ഉദ്യോഗസ്ഥനെക്കുറിച്ച് പരിശോധിച്ചപ്പോൾ പർച്ചേസ് മാനുവലിലുള്ള ഒരു വ്യവസ്ഥയും പാലിക്കാതെയാണ് അവിടത്തെ മുഴുവൻ കാര്യങ്ങളും ചെയ്തിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. ശിവദാസൻ നായർ മറ്റു കോൺഗ്രസ്സുകാരെപ്പോലെയല്ല. പാർട്ടിക്കുവേണ്ടി ശക്തമായി നില്ക്കുന്ന ഒരാളാണ്. പലതും സമയംവരുമ്പോൾ വ്യക്തിപരമായി അഭിപ്രായം പറയുന്ന ആൾക്കാരാണ്. ഞാൻ പറഞ്ഞതിനെ നിങ്ങൾ വേറെയൊരു രീതിയിൽ എടുക്കേണ്ട. ശ്രീ. കെ. ശിവദാസൻ നായർ ഒരു ഉദ്യോഗസ്ഥനെപ്പറ്റി ഇത്രത്തോളം വ്യാകുലപ്പെടുന്നതു കാണുമ്പോൾ ഞാൻ വളരെ വിഷമിക്കുകയാണ്. ഈ ഉദ്യോഗസ്ഥനെപ്പറ്റി താങ്കൾ ഒരുപാട് ആരോപണങ്ങൾ തെളിവുകൾ സഹിതം ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇത്രമാത്രം അഴിമതിയൊക്കെ ചെയ്തുകൊണ്ടിരിക്കുന്ന, സർക്കാരിനെ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഈ ഉദ്യോഗസ്ഥനെതിരായി ഒരു അന്വേഷണം പ്രഖ്യാപിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്യാൻ നിങ്ങൾക്ക് ഇത്രയും മടിയും പേടിയും എന്താണ്?

ശ്രീ. കെ. ശിവദാസൻ നായർ : സർ, എനിക്ക് ഒരു പേടിയുമില്ല; ആരെയും പേടിക്കേണ്ട കാര്യവുമില്ല. ഞാൻ ജേക്കബ് തോമസിനെയും ഇങ്ങനെയുള്ള ആളുകളേയും പേടിക്കേണ്ട ഒരു കാര്യവും ചെയ്തിട്ടില്ല. എനിക്ക് അതിനൊരു മടിയുമില്ല. അന്വേഷണം നടത്തണമോ വേണ്ടയോ എന്നുള്ളത് ഗവൺമെന്റ് തീരുമാനിച്ച് ആലോചിക്കട്ടെ, അതു വേറെ പ്രശ്നം.

ശ്രീ. സി. പി. മുഹമ്മദ്: സർ, ശ്രീ. സുനിൽകുമാർ മറ്റ് സി.പി.ഐ. ക്കാരെപ്പോലെയല്ല എന്ന് ഞാൻ പറഞ്ഞാൽ സുനിൽകുമാർ അംഗീകരിക്കുമോ? അങ്ങനെയുള്ള പ്രയോഗം രേഖയിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. ലൂഡി ലൂയിസ്: സർ, പോർട്ട് ഡയറക്ടറേറ്റിലെ എൻ.ജി.ഒ. യൂണിയൻകാരെ ജേക്കബ് തോമസ് പിരിച്ചുവിട്ട കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ : സർ, എനിക്കറിയില്ല. നാലുപേരെ പിരിച്ചുവിട്ടിട്ടുണ്ടാകും. അറിയാൻ വയ്യാത്ത കാര്യത്തെക്കുറിച്ച് പറയുന്നത് ശരിയല്ല. അദ്ദേഹത്തിന്റെ inspection report-ൽ ഡൈവിംഗ് എക്വിപ്മെന്റ്സ് വാങ്ങിയെന്നാണുള്ളത്. അതിൽ പർച്ചേസ് മാനുവലിലെ ഒരു വ്യവസ്ഥയും പാലിച്ചില്ല; excess payment നടത്തിയത് ഈ ഉദ്യോഗസ്ഥനിൽനിന്ന് തിരിച്ചുപിടിക്കണമെന്ന് എഴുതിയിരിക്കുന്നു. ഇതിനെക്കാളേറെ അദ്ദേഹം ഒരു

സോളാർ പാനൽ വയ്ക്കാൻ തീരുമാനമെടുത്തു. സോളാർ പാനൽ വയ്ക്കാൻ തീരുമാനിച്ചിട്ട് മൂന്ന് സെന്ററിലേയ്ക്കുള്ള സോളാർ പാനൽ, ഒരു ടെൻഡർ നടപടിയുമില്ലാതെ കൊടുക്കുകയാണ്. എന്നിട്ട് അതിനകത്ത് ഏറ്റവും പ്രധാനപ്പെട്ട കാര്യം, സോളാർ പാനൽ വയ്ക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ഡേറ്റ് - 21-3-2013; ഇൻവോയ്സ് ഡേറ്റ് - 23.03.2013; letter of acceptance-25-3-2013; payment sanction-25-3-2013, 80% advance payment അന്നുതന്നെ. എന്തൊരു കർമ്മമാണ് നടത്തുന്നത്. എന്നിട്ട് കേൾക്കുക, അതിലെ ഏറ്റവും വ്യഥ, സോളാർ പാനൽ വച്ചുകഴിഞ്ഞാൽ അനെർട്ട് ഇത് ഇംപ്ലിമെന്റ് ചെയ്ത് വർക്ക് ചെയ്യുന്നുവെന്ന് സർട്ടിഫിക്കറ്റ് വന്നതിനുശേഷമേ പണം കൊടുക്കാവൂ എന്നാണ് വ്യവസ്ഥ. നേരത്തെ 80% വാങ്ങിക്കൊണ്ടുപോയിട്ടും ഇന്നുവരെ അത് തീർത്തിട്ടില്ല. ഇവിടംകൊണ്ടും തീരുന്നില്ല; ഞാൻ ദീർഘിപ്പിക്കുന്നില്ല. അദ്ദേഹം KTDFC-യിൽ ഡയറക്ടറായിരുന്നപ്പോൾത്തന്നെ തങ്ങൾകുഞ്ഞ് മുസലിയാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ ഡയറക്ടറായും അപ്പോയിന്റ്മെന്റ് വാങ്ങിച്ചു. ഒരേ സമയം അവിടെനിന്നും ഇവിടെനിന്നും ശമ്പളംപറ്റി. ഓഡിറ്റുകാർ പിടിച്ചപ്പോൾ അവിടെനിന്ന് വാങ്ങിയത് തിരിച്ചടച്ചു. അങ്ങനെ തിരിച്ചടച്ചാൽ കുറ്റം കുറ്റമല്ലാതാകുമോ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഈ നിയമസഭ ഒരു ബിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയാണ്. അദ്ദേഹം ഏതോ ഒരു ഉദ്യോഗസ്ഥനെതിരായി ഈ സഭയുടെ സമയം മുഴുവൻ കളയുകയാണ്. ഞങ്ങളാരും അതിന് ഉത്തരവാദികളല്ല.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, എനിക്ക് ശ്രീ. സി. ദിവാകരനോട് വലിയ ബഹുമാനമാണ്. അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ നിർത്തുന്നു. അടുത്ത ഭരണം ഞങ്ങൾക്ക് കിട്ടുമെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ പറയുമ്പോൾ ജേക്കബ് തോമസിനെ മാത്രമല്ല ബിജു രമേശിനേയും അദ്ദേഹം ഡിപ്പെന്റ് ചെയ്യുന്നുണ്ട്. ഇവിടെ കെട്ടിടമാണല്ലോ പ്രധാനപ്പെട്ട കാര്യം.ഇവിടെ ഡി.എൽ.എഫ്.നെക്കുറിച്ച് പറയുകയുണ്ടായി. കൊച്ചിൻ കോർപ്പറേഷൻ സി.പി.എം. ഭരിക്കുമ്പോഴാണ് 2008-ൽ ഡി.എൽ.എഫ്.ന്റെ കെട്ടിടം പണിഞ്ഞത്. അവിടെ പരിശോധനയ്ക്ക് നമ്മുടെ പ്രതിപക്ഷനേതാവ് പോയതല്ലേ; അത് അനുവദിച്ചത് ആരാണെന്ന് അന്വേഷിക്കാതെയാണോ അദ്ദേഹം പോയത്? ഇവിടെ 12 നിലകളുള്ള കെട്ടിടം പണിതു. അതിൽ താഴത്തെ രണ്ട് നിലയ്ക്കുള്ള അനുമതി മാത്രമേ കിട്ടിയിട്ടുള്ളൂ. ആ അനുമതി വച്ചുകൊണ്ട് 12 നിലയും പണിതു. താഴത്തെ 2 നിലയ്ക്കുള്ള നമ്പരുകൾ തന്നെ 12 നിലയ്ക്കും സ്വയമങ്ങിട്ടു. കാരണം ബിജു രമേശല്ലേ; നമ്മളുടെ കോർപ്പറേഷനും നമ്മളുടെ ആളുകളുമല്ലേ; നമുക്ക് എന്തുചെയ്യാനാകും? മാത്രമല്ല ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ഇല്ലാതെ 12

നിലകളിലും ഹോട്ടൽ പ്രവർത്തിക്കുകയാണ്. ടാക്സ് കൊടുത്തിട്ടില്ല. തിരുവനന്തപുരം നഗരത്തിൽ 40 കെട്ടിടങ്ങളുള്ള, 9 ബാറുകൾ നഷ്ടപ്പെട്ട ബിജു രമേശിന് എന്നുതുടങ്ങി നിങ്ങളുമായിട്ടുള്ള അവിശുദ്ധ ബന്ധം; ആ ഒരു കെട്ടിടത്തിന് മാത്രമാണോ നിങ്ങളുടെ കോർപ്പറേഷൻ കൂട്ടുനിന്നത്; വേറെ ആർക്കെങ്കിലുമായിരുന്നെങ്കിൽ നിയമവിരുദ്ധമായി ഇതുപോലെയൊരു കെട്ടിടത്തിൽ പരസ്യമായി ഒരു ഹോട്ടൽ നടത്തിക്കൊണ്ടുപോകാൻ അനുമതി കൊടുക്കുമായിരുന്നോ?

ശ്രീ. ഷാഫി പറമ്പിൽ : സർ, എനിക്കിത് കേട്ടപ്പോൾ വലിയ പ്രയാസം തോന്നുന്നു. കാരണം, പാലക്കാട് നഗരമദ്ധ്യത്തിൽ ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോയുണ്ട്. അവിടെ ഷോപ്പിംഗ്കോംപ്ലക്സോടുകൂടി കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിർത്താൻ കഴിയാവുന്ന സൗകര്യത്തിൽ പുതുക്കിപ്പണിയുന്നതിനുവേണ്ടി നിലവിലുള്ള കെട്ടിടം പൊളിച്ചു. പണം അനുവദിച്ച് എ.എസ്.ഉം ടി.എസ്.ഉം ആയി ടെണ്ടറും കഴിഞ്ഞ് വർക്ക് തുടങ്ങാനിരിക്കുകയാണ്. ഒരു പെർമിറ്റ് കിട്ടാൻ ഡിപ്പാർട്ടുമെന്റിൽനിന്നു പറയുന്ന തടസ്സം ട്രാൻസ്പോർട്ട് സോണായതിനാൽ അവിടം കൊമേർഷ്യലാക്കുന്നതിന് ഗവൺമെന്റിന്റെ പ്രത്യേക അനുമതി വേണമെന്നാണ്. അവർ ആദ്യം ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മിനിസ്റ്ററുടേയും വകുപ്പുദ്യോഗസ്ഥരുടേയും മീറ്റിംഗ് വിളിച്ചുചേർത്ത് എടുത്ത തീരുമാനം, സോൺ എക്സംപ്ഷൻ കൊടുക്കുന്നതിന് ആർക്കെങ്കിലും തടസ്സമുണ്ടോ എന്ന് ചോദിച്ചുകൊണ്ട് ഒരു ഡ്രാഫ്റ്റ് തയ്യാറാക്കി അത് മുനിസിപ്പാലിറ്റിയുടെ നോട്ടീസ് ബോർഡിലിട്ട് 60 ദിവസം കഴിഞ്ഞ് ആർക്കും തർക്കമില്ലെങ്കിൽ അതിന്റെ റിപ്പോർട്ട് ഡി.പി.സി. കൂടി കളക്ടർ അംഗീകരിച്ച് അവിടെനിന്ന് ജില്ലാ ടൗൺപ്ലാനിംഗ് വഴി തിരുവനന്തപുരം സി.റ്റി.പി.യിലേയ്ക്ക് അയച്ച് അവിടെനിന്ന് അത് ഗവൺമെന്റിലേയ്ക്ക് പോയി ഗവൺമെന്റ് അപ്രൂവൽ വന്നാൽ പെർമിഷൻ തരാമെന്ന് പറഞ്ഞു. ഇതെല്ലാം ചെയ്തു. അവസാനം പറഞ്ഞു ഇത് മുനിസിപ്പാലിറ്റി അങ്ങനെ ഇട്ടാൽ പോര ഇതിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കേണ്ടത് ലാ ഡിപ്പാർട്ടുമെന്റാണെന്ന്. ഞാൻ ലാ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് ഡ്രാഫ്റ്റ് തയ്യാറാക്കിച്ചു, വീണ്ടും മിനിസ്റ്റർമാരുടെ മീറ്റിംഗ് കൂടി അവസാനം ലാ ഡിപ്പാർട്ടുമെന്റ് ഡ്രാഫ്റ്റ് തയ്യാറാക്കി. ഇത് നോട്ടീസ് ബോർഡിലിട്ടു. സെക്രട്ടറിക്ക് ഒരു പരാതിയും ലഭിച്ചിട്ടില്ലെന്ന് കത്ത് വയ്ക്കുകയും ചെയ്തു. ഇനിയും അത് തുടങ്ങാൻ ഒരു പെർമിഷൻ ചോദിച്ചിട്ട് ഡിപ്പാർട്ടുമെന്റ് തന്നിട്ടില്ല. ഞാൻ വർക്ക് കംപ്ലീറ്റ് ചെയ്യാൻ വേണ്ടിയല്ല, തുടങ്ങാൻവേണ്ടിയാണ് ചോദിക്കുന്നത്. ബിജു രമേശിനെ പോലുള്ള ചിലർക്ക് ഇത് ചെയ്തുകൊടുക്കുന്നുണ്ടെങ്കിൽ, ഇവിടെ ഗവൺമെന്റിന്റെ പ്രോപ്പർട്ടിയിൽ ഗവൺമെന്റിന്റെ പണംകൊണ്ട് ഗവൺമെന്റ് കൊടുക്കുന്ന ബസ് ഡിപ്പോ തുടങ്ങാൻ സാധിക്കുന്നില്ലെന്നുവരികിൽ......

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, നിങ്ങൾ തെറ്റായ വഴിയിൽക്കൂടി പോയി. അവിടെയാണ് പ്രശ്നം. നിങ്ങൾക്ക് ഇത് പണിയാനും പണിയിക്കാനും പ്രവർത്തിക്കാനും ശ്രീ. സുനിലിനേയോ മറ്റാരെയെങ്കിലുംകൊണ്ട് പറഞ്ഞ് ആ ബിജുരമേശിനെ ഒന്ന് കണ്ടിരുന്നെങ്കിൽ കാര്യങ്ങൾ ഒരു ബുദ്ധിമുട്ടുമില്ലാതെ നടക്കുമായിരുന്നു. ഒരു നിയമവും ബാധകമല്ല. എന്ത് നിയമവും വയലേറ്റ് ചെയ്യാനായി ഒരു ഷാപ്പ് മുതലാളിക്ക് തിരുവനന്തപുരം കോർപ്പറേഷൻ അനുമതി കൊടുത്തു. ആ ഫയലിനുള്ളിൽ പേപ്പറുകളില്ല. നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഫയലുകൾ സബ്മിറ്റ് ചെയ്യുന്നില്ല.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ബഹുമാന്യനായ ശിവദാസൻനായരേ, ബിജുരമേശും ഞങ്ങളുമൊക്കെ തമ്മിൽ എന്തൊക്കെ ബന്ധമാണുള്ളതെന്ന സത്യം ശിവദാസൻനായർക്ക് നന്നായറിയാം. പക്ഷേ ഈ ബിജു രമേശ് ആരായിരുന്നുവെന്നും ബിജു രമേശിനെ കെ.എസ്.യു.വിലേയ്ക്ക് കൊണ്ടുവന്നത് ശരത്ചന്ദ്രപ്രസാദാണെന്നും ശരത്ചന്ദ്രപ്രസാദ് തന്നെ പറയുന്നു. ഞാൻ കെ.എസ്.യു.വിലൂടെ വന്ന ആളാണെന്നും കോൺഗ്രസുകാരനാണെന്നും എന്റെ പിതാവ് മുതൽതന്നെ കോൺഗ്രസ്സുകാരാണെന്നും കോൺഗ്രസിലെതന്നെ പ്രമുഖരായ വ്യക്തികളുമായിട്ടുള്ള ബന്ധം ഈ മന്ത്രിസഭയിൽ തന്നെയുള്ള ഒരു പ്രധാനപ്പെട്ട മന്ത്രിയുടെ കുടുംബവുമായി ബന്ധമുണ്ടെന്നും പറയുന്നു. അങ്ങനെയുള്ള എല്ലാ ബന്ധവുമുള്ള ബിജുരമേശിന് ഞങ്ങളുമായി ബന്ധമുണ്ടെന്ന് ശ്രീ. കെ. ശിവദാസൻനായർ പറയുന്നത് എന്നെ ഉദ്ദേശിച്ചല്ല എന്ന് എനിക്ക് നന്നായറിയാം. ബിജുരമേശുമായി ബന്ധമുള്ളത് ആർക്കാണെന്ന് വ്യക്തമായി പറയാൻ അങ്ങേയ്ക്ക് കഴിയില്ലെങ്കിൽ ആ കഴിവുകേട് പുറത്തുപറയണം. അല്ലാതെ വി. എസ്. സുനിൽ കുമാറിന്റെ തലയിൽ കെട്ടിവയ്ക്കരുത്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, പ്രധാനപ്പെട്ട ഒരു വിഷയമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ബിജുരമേശ്വഴി വന്നാൽ സർക്കാരിലെ ഏത് നിയമങ്ങൾക്കകത്തും ഇളവ് കിട്ടുമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞിട്ടുള്ളത്. അങ്ങ് രേഖ പരിശോധിച്ചാൽ മതി. ഏത് നിയമത്തിനാണ് ബിജു രമേശുവഴി വന്ന് സർക്കാരിൽ എക്സംപ്ഷൻ കൊടുത്തിട്ടുള്ളത് എന്ന് അങ്ങ് പറയണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, അങ്ങയുമായി ബന്ധമുണ്ടെന്ന് ഞാൻ പറഞ്ഞത് അങ്ങേയ്ക്ക് ബുദ്ധിമുട്ടായെങ്കിൽ ഞാൻ അത് പിൻവലിക്കുന്നു. അങ്ങയുമായി ഒരു ബന്ധവുമില്ല. പക്ഷേ ഇടതുമുന്നണി അദ്ദേഹത്തിനു വേണ്ടി ചെയ്ത സഹായങ്ങളാണ് ഞാൻ ഇവിടെ വായിച്ചത്. തിരുവനന്തപുരം കോർപ്പറേഷനിൽനിന്ന് മറ്റാർക്കും കിട്ടാത്ത തരത്തിലുള്ള ആനുകൂല്യങ്ങളാണ് ഒരു ഫയലുപോലുമില്ലാതെ അദ്ദേഹത്തിന് ലഭിച്ചിരിക്കുന്നത്. ഒരു കെട്ടിടത്തിനല്ല. വഞ്ചിയൂർ വില്ലേജിലെ ഒരു കെട്ടിടത്തിന്റെ ഉടമ ശ്രീമതി റാണി ബിജുവാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, കേരളാ കോൺഗ്രസ് മാണിഗ്രൂപ്പിലെ നേതാവ് ഈ ബിജുരമേശിനെതിരായുള്ള കേസിന്റെ അപ്പീലിന് പോകാതെ അത് പൂഴ്ത്തി വച്ചിരുന്നുവെന്നും നിങ്ങളുടെ ഗവൺമെന്റ് ബിജുരമേശിനെതിരെ നടപടിയെടുക്കാൻ മടിക്കുന്നുവെന്നും പറഞ്ഞ് മുഖ്യമന്ത്രിക്ക് പരാതി കൊടുക്കേണ്ട ഗതികേട് വന്നതിന്റെ കാരണം ഞങ്ങളാണോ? ബിജുരമേശിനെതിരെ നടപടിയെടുക്കാതെ നിങ്ങളുടെ ഡിപ്പാർട്ടുമെന്റല്ലേ അത് പൂഴ്ത്തിവച്ചിരിക്കുന്നത്; അതിനെപ്പറ്റി പറയാൻ അങ്ങേയ്ക്ക് ധൈര്യമുണ്ടോ?

<u>മി. ചെയർമാൻ</u>: അങ്ങ് വിശാലഹൃദയനാണ്. എന്നാൽ ഇനി ആർക്കും വഴങ്ങേണ്ട. പ്ലീസ്...... പ്ലീസ്......

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, അതിന് ഓർഡറിട്ടത് ആരാണെന്നൊന്നും ഞാൻ പറയുന്നില്ല. ഞാൻ ചോദിച്ചത് ചില സ്പെസിഫിക് ക്വസ്റ്റ്യൻസാണ്. അതിന്റെ ആൻസർ മാത്രമേ നിങ്ങളോട് ചോദിച്ചുള്ളൂ. ബ്ലോക്കിൽനിന്ന് രണ്ടരലക്ഷം രൂപ കിട്ടിയതുകൊണ്ട് ഒരു കുടുംബം 3 സെന്റ് നികത്തി ചെറിയൊരു വീടുവച്ചു. അതിന്റെ ലൈസൻസ് നമ്പറിടുന്നതിനുവേണ്ടി ഞാൻ ഒരു പഞ്ചായത്തിൽ കയറിയിറങ്ങി. യാതൊരു കാരണവശാലും അത് നടത്തില്ലെന്ന് അവർ പറഞ്ഞു. ഇതുവരെ കറണ്ട് കണക്ഷൻ ആ സ്ത്രീക്ക് കിട്ടിയിട്ടില്ല. ഇവിടെയാണെങ്കിൽ ഒരു സാങ്ഷനുംവേണ്ട നമ്പറും കിട്ടും, കറണ്ട് കണക്ഷൻ കിട്ടും, ഉദ്ഘാടനത്തിന് എല്ലാവരും ചെല്ലും, ഹോട്ടലും നടത്താം. ആരും ചോദിക്കാനില്ല. ഗവൺമെന്റ് ഫയൽ ചോദിച്ചപ്പോൾ ഫയൽ കൊടുത്തില്ല. പിന്നെ കൊടുക്കേണ്ടിവന്നപ്പോൾ ഫയലിലെ സുപ്രധാന രേഖകൾ തിരുവനന്തപുരം കോർപ്പറേഷൻ മാറ്റി. ആർക്കുവേണ്ടിയാണത്? ഇവർ ബിജു രമേശുമായുള്ള ബന്ധം എന്നുമുതൽ തുടങ്ങി എന്നുള്ളതിന് തെളിവാണ് ഞാൻ ഈ സൂചിപ്പിച്ചത്. നിങ്ങൾക്ക് നാളെ ജനങ്ങളോട് വോട്ട് ചോദിക്കുമ്പോൾ സാക്ഷി പറയാനുള്ള രണ്ടാമത്തെ ആൾ ഈ ബിജുരമേശാണ്. പിന്നെയുള്ളത് ബിജു രാധാകൃഷ്ണനാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഒരു കാര്യം ക്ലാരിഫൈ ചെയ്തു പോകുന്നതിനുവേണ്ടി പറയുകയാണ്. ബിജുരമേശ് കെ.എസ്.യു. ആണെന്ന് ഇവിടെ പറഞ്ഞു. ഞാനും കെ.എസ്.യു.വിന്റെ പ്രസിഡന്റായിരുന്ന ഒരാളാണ്. ശ്രീ. വി. എസ്. സുനിൽ കുമാർ മനസ്സിലാക്കാൻവേണ്ടിയാണ് ഞാനിത് പറയുന്നത്. റെഡ്ക്രോസിന്റെ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ പാനലിൽ സ്ഥാനാർത്ഥിയായി മത്സരിച്ചയാളാണ് ബിജു രമേശ്. അതും ഈ അടുത്ത കാലത്താണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഞാൻ ആ കാര്യത്തിലേക്കൊന്നും പോകുന്നില്ല. അദ്ദേഹത്തിന്റെ കെട്ടിടത്തിന് അനധികൃതമായി അനുമതി കൊടുക്കുകയും

അനുമതിയില്ലാതെ പ്രവർത്തിക്കാൻ സമ്മതിക്കുകയും അത് മൂടിവയ്ക്കാൻ തിരുവനന്തപുരം കോർപ്പറേഷനിൽ രാഷ്ട്രീയ സ്വാധീനം ഉപയോഗിക്കുകയും ചെയ്ത ശ്രീ. ബിജു രമേശിനെ കൊണ്ടുനടക്കുന്ന എന്ന മാത്രമാണ് ഞാനിവിടെ സൂചിപ്പിച്ചത്.

മി. ചെയർമാൻ: ഇനി വഴങ്ങേണ്ട. പ്ലീസ്...... 45 മിനിട്ടായി.

ശ്രീ. സി. പി. മുഹമ്മദ്: സർ, 10 നില ഉപയോഗിക്കാൻ ബിജുരമേശിന് സാധ്യമായത് മാണിസാറിനും ശ്രീ. കെ. ബാബുവിനും എതിരെ ആരോപണം ഉന്നയിച്ചതിലുള്ള ഉദ്ദിഷ്ടകാര്യത്തിനുള്ള ഉപകാരസ്മരണയാണ് എന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ബിജുരമേശും നിങ്ങളും തമ്മിൽ തെറ്റിയത് അദ്ദേഹം കൈക്കൂലി കൊടുത്ത കാര്യം പറഞ്ഞപ്പോഴല്ലേ; അതുവരെ അദ്ദേഹം നിങ്ങളുടെ വിശ്വസ്ത ദാസനായിരുന്നില്ലേ?

മി.ചെയർമാൻ: ഇനിയും ബില്ലുകളുണ്ട്. .... പ്ലീസ് കൺക്ലൂഡ്. ഇനി ആർക്കും വഴങ്ങരുത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ നിർത്താം. ഒരു നിയമം കൊണ്ടുവന്ന് ഈ മേഖലയിൽ ആരും കേൾപ്പോരില്ലാത്ത ഒരവസ്ഥ, നാഥനില്ലാകളരിയായി ഈ ഫ്ലാറ്റ് നിർമ്മാണ മേഖല മാറി. ആളുകൾ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരുന്ന ഒരു കാലത്ത് അതിനെ നിയന്ത്രിക്കാൻ സമഗ്രമായ ഒരു നിയമം കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

03.00 PM]

മി. ചെയർമാൻ : എല്ലാവരോടും ചെയർ പറയുകയാണ്. ഇപ്പോൾത്തന്നെ 47 മിനിട്ടായി. നമുക്ക് 3 ബില്ലുകളുണ്ടെന്ന് എല്ലാവർക്കുമറിയാം. എല്ലാവരും സംസാരിക്കുന്നത് ചുരുക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. ഇത് എങ്ങനെ ചുരുങ്ങും? ഇങ്ങനെ പോയാൽ നേരം വെളുക്കുന്നതുവരെ ഇരിക്കേണ്ടിവരും. എല്ലാവരും ഇരിക്കുമെങ്കിൽ കുഴപ്പമില്ല. ബില്ലായതുകൊണ്ട് ആരെയും നിയന്ത്രിക്കാൻ കഴിയുകയില്ല. അതുകൊണ്ട് എല്ലാവരും സ്വയം നിയന്ത്രിക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പ്രസംഗം നീണ്ടുപോയാൽ ഇന്ന് 10 മണി കഴിഞ്ഞാലും സഭ അവസാനിക്കില്ലെന്ന് ബഹുമാനപ്പെട്ട ചെയർ പറഞ്ഞു. 1987-ൽ ശ്രീമതി കെ.

ആർ. ഗൗരിയമ്മ അഴിമതി നിരോധന ബിൽ അവതരിപ്പിച്ചപ്പോൾ വെളുപ്പിന് മൂന്നര മണിക്കാണ് സഭ പിരിഞ്ഞത്. അന്ന് എന്റെ പിതാവും ഈ സഭയിലുണ്ടായിരുന്നു. നമുക്കുമാത്രമാണ് എട്ടു മണിക്കും ഒൻപതു മണിക്കും പോകണമെന്നുള്ളത്. ബിൽ അവതരിപ്പിക്കുന്നതും പാസ്സാക്കുന്നതുമെല്ലാം കുട്ടിക്കളി പോലെയാകരുത്. ഇപ്പോൾ എല്ലാവർക്കും പത്തുമിനിട്ടും അരമണിക്കൂറും കൊണ്ട് ബിൽ പാസ്സാക്കണം എന്ന താല്പര്യമാണ്.

ഇത് റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും ബിൽ ആണ്. അല്ലാതെ ഫ്ലാറ്റുകാരെ പ്രോൽസാഹിപ്പിക്കൽ ബിൽ അല്ല. ശ്രീ. രാജേഷ്, 1997-ൽ പാർട്ടി ഓഫീസിന്റെ അടുത്ത്, ആദ്യമായി ഫ്ലാറ്റ് ഉണ്ടാക്കിയത് നിങ്ങളുടെ പാർട്ടിയാണെന്നുള്ള കാര്യം അറിയാമോ ? നിങ്ങളാണ് ആദ്യം ഫ്ലാറ്റ് ഉണ്ടാക്കിയത്. അത് നിങ്ങൾ ആദ്യം മനസ്സിലാക്കണം. അദ്ധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ, പാവപ്പെട്ടവന്റെ, കർഷകന്റെ പാർട്ടിയിലുള്ളവരാണ് നിങ്ങളൊക്കെ. ജിന്ന് കോട്ട കെട്ടുന്നതുപോലെ നിങ്ങൾ ഫ്ലാറ്റ് കെട്ടുന്നതുകണ്ട് ഞങ്ങളൊക്കെ അന്ന് അത്ഭുതപ്പെട്ടുപോയി. 1997-ൽ ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് സെക്രട്ടേറിയറ്റ് മെമ്പർമാർക്കൊക്കെ ഫ്ലാറ്റ് ഉണ്ടാക്കിയത് വകുപ്പും റൂളുമൊക്കെ നോക്കിയിട്ടാണോ? നമ്മൾ നല്ല സൗഹൃദത്തിലായതുകൊണ്ട് കൂടുതലായി ഞാനൊന്നും പറയുന്നില്ല.

ഇപ്പോൾ നാട്ടിൽ സ്ഥലക്കച്ചവടത്തിന്റെ ഏർപ്പാടുണ്ട്. രജിസ്ട്രേഷൻ ചെയ്യുന്നതിനുമുൻപ് വിലയുടെ പത്തുശതമാനം അഡ്വാൻസ് വാങ്ങാമെന്ന് ഈ ബില്ലിൽത്തന്നെ പറയുന്നുണ്ട്. 2 കോടി രൂപയുടെ ഫ്ലാറ്റിന് 10 ശതമാനം അഡ്വാൻസ് എന്നുപറയുന്നത് 20 ലക്ഷം രൂപയാണ്. അങ്ങനെ ഒരാൾ പണം ശേഖരിക്കാൻ നിന്നാൽ എന്താവും സ്ഥിതി? ബഹുമാനപ്പെട്ട മന്ത്രി നല്ലൊരു ബിസിനസുകാരനല്ലേ; അങ്ങേയ്ക്കിതറിയില്ലേ? അപ്രൂവലോ ബിൽഡിംഗ് പെർമിറ്റോ യാതൊരുവിധത്തിലുള്ള രേഖകളോ ഇവർക്ക് ഉണ്ടാകുകയില്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ പ്രോൽസാഹിപ്പിക്കാൻ പാടില്ല. അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് പത്തുശതമാനം അഡ്വാൻസ് വാങ്ങിയിട്ട് അയാൾ പണവുമായി കടന്നുകളഞ്ഞാൽ എന്ത് നടപടിയെടുക്കാനാണ് ഈ നിയമത്തിൽ വ്യവസ്ഥയുള്ളത്? ഒന്നും ചെയ്യാൻ കഴിയില്ല. ഇതൊക്കെ നാട്ടിൽ നടക്കുന്ന കാര്യങ്ങളാണ്. ഉദാഹരണത്തിന്, ബഹുമാന്യനായ സി. ദിവാകരൻ, അദ്ദേഹത്തിന്റെ കുട്ടികൾക്ക് സ്ഥലം വാങ്ങാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട മാത്യു ടി. തോമസിന്റെ കയ്യിൽ നിന്നുമാണ് വാങ്ങുന്നതെന്നും ഇടനിലക്കാരൻ ശ്രീ. വി. എസ്. സുനിൽകുമാറാണെന്നും കരുതുക. ശ്രീ. സി. ദിവാകരനുമായി സമയത്ത് കച്ചവടം നടന്നില്ലെങ്കിൽ ശ്രീ. വി. എസ്. സുനിൽകുമാർ അത് ശ്രീ. സി. കെ. നാണുവിന് കച്ചവടം ചെയ്യും. ശ്രീ. സി. കെ. നാണു അത് വീണ്ടും

മൂന്നാമതൊരാൾക്ക് കച്ചവടം ചെയ്തുകൊടുക്കും. ഇതിന് ഞങ്ങളുടെ നാട്ടിൽ തലേക്കെട്ട് കച്ചവടം എന്നുപറയും. അതായത് ഒരു വിലയ്ക്ക് ഉറപ്പിക്കും. അഡ്ജസ്റ്റ്മെന്റ് വില വേറൊന്ന്. ഇങ്ങനെയാണ് നമ്മുടെ നാട്ടിൽ ഭൂമി കച്ചവടം നടക്കുന്നത്. ഇതിലിപ്പോൾ ആകെ പറയുന്നത് ഫ്ലാറ്റ് നിർമ്മാണത്തെക്കുറിച്ചാണ്. ആപ്പിൾ പ്രോപ്പർട്ടി മാർക്കറ്റ്, ശാന്തിമഠം തുടങ്ങിയ ബിൽഡേഴ്സൊക്കെ ഫ്ലാറ്റ് നിർമ്മിച്ച് വിൽക്കുന്നുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ ആളുകൾ ഫ്ലാറ്റുകൾ പണിയുകയാണ്. ബിജു രമേശിന്റെ ഫ്ലാറ്റിന്റെ കാര്യമെല്ലാം ഇവിടെ പറഞ്ഞു. ഒരു കാര്യം എനിക്കും പറയാനുണ്ട്. നമ്മളൊക്കെ ഭരണപക്ഷത്തുനിന്നാണ് ഇക്കാര്യങ്ങൾ സംസാരിക്കുന്നത്. ഇതെല്ലാം നമ്മുടെ പോരായ്മയല്ലേ? ചട്ടങ്ങൾ പാലിക്കാത്തവരുടെ ലൈസൻസ് റദ്ദാക്കിയാലെന്താണ്; അവർക്കെതിരെ ആക്ഷനെടുത്താലെന്താണ് പ്രശ്നം? വെറുതെ പ്രതിപക്ഷത്തെ മാത്രം പറഞ്ഞിട്ട് കാര്യമില്ല. നമ്മളാരെങ്കിലും നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് ഫ്ലാറ്റ് പണിതിട്ടുണ്ടെങ്കിൽ ഇടതുപക്ഷത്തിന്റെ ഭരണം വന്നാൽ അത് പൊളിക്കില്ലേ? എന്തിനാണ് ഇപ്പോൾ ജേക്കബ് തോമസിനെ മാറ്റിയത്? എക്സിക്യൂട്ടീവ് സ്ട്രോങ് ആയാൽ ഒരു ഉദ്യോഗസ്ഥനും അതിനപ്പുറത്തേയ്ക്ക് നിൽക്കുകയില്ല. പ്രഗത്ഭരായ മന്ത്രിമാർ ഇവിടെയുണ്ടായിട്ടും എന്തുകൊണ്ടാണ് എല്ലാം കാര്യങ്ങളിലും ഹൈക്കോടതി ഇടപെടുന്ന അവസ്ഥ വന്നത്? നിങ്ങൾ തന്നെ ആലോചിച്ചു നോക്കൂ. എല്ലാ കാര്യങ്ങളും ഹൈക്കോടതി തീരുമാനിക്കുകയാണെങ്കിൽ പിന്നെയെന്തിനാണ് ഇവിടെയൊരു ഗവൺമെന്റും മന്ത്രിമാരും ഭരണവും; അങ്ങനെയെങ്കിൽ ഇവിടെയൊരു ഭരണസംവിധാനംതന്നെ ആവശ്യമുണ്ടോ? നമ്മളൊക്കെ നിയമനിർമ്മാണത്തിൽ പങ്കെടുക്കുന്ന ആളുകളല്ലേ? നിങ്ങൾ ആലോചിക്കൂ. എക്സിക്യൂട്ടീവ് ദുർബ്ബലമാകുമ്പോഴാണ് ജുഡീഷ്യറിയുടെ ഇടപെടലുണ്ടാകുന്നത്. അഷ്വറൻസ് കമ്മിറ്റി ശബരിമലയിൽ വിസിറ്റ് നടത്തിയപ്പോൾ ഞാനും ശ്രീ. വി. എസ്. സുനിൽകുമാറും പോയിരുന്നു. അവിടെ ചെന്നപ്പോഴാണറിയുന്നത് 10 ലക്ഷം രൂപയുടെ ഒരു വർക്ക് തുടങ്ങണമെങ്കിൽ ഹൈക്കോടതിയിൽനിന്നും ഓർഡർ വരണമെന്ന്. ഈ വൃശ്ചിക മാസത്തിൽ ശബരിമലയിൽ ആളുകൾ പോകുമ്പോൾ, അവിടത്തെ അടിസ്ഥാന സൗകര്യത്തിന് വേണ്ട വർക്കുകൾ തുടങ്ങണമെങ്കിൽ ഹൈക്കോടതിയിൽ നിന്നും ഓർഡർ വേണമെന്നുപറയുന്നത് എന്തടിസ്ഥാനത്തിലാണ്? അത് തിരുത്താൻ ശ്രമിക്കണം. കോടതിയുടെ ഓർഡറിൽ ഏതെങ്കിലും ജഡ്ജി എന്തെങ്കിലും പറഞ്ഞാൽ അതാണിവിടെ നിയമം. ഇവിടെ നമ്മളെല്ലാവരും ചേർന്ന് ബിൽ ചർച്ച ചെയ്ത് നന്നായി പരിശോധിച്ചിട്ടാണ് നിയമം ഉണ്ടാക്കുന്നത്. കോടതിയിൽനിന്നും ഒരു ജഡ്ജി ഒരഭിപ്രായം പറഞ്ഞാൽ പിന്നെ നമ്മൾ ഇവിടെ

ചർച്ച ചെയ്തതൊക്കെ വെറുതെയായി. ഇതാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ കാണുന്ന അപകടകരമായ പ്രവണത. നമ്മൾ ജുഡീഷ്യറിയെ മാനിക്കണം. എന്നാൽ ഗവൺമെന്റും ദേവസ്വം ബോർഡുമെല്ലാം കൺട്രോൾ ചെയ്യുന്ന സ്ഥാപനങ്ങളുടെ ഭരണാധികാരം അവർ (ജുഡീഷ്യറി) ഏറ്റെടുക്കുകയെന്നു പറഞ്ഞാൽ അതംഗീകരിക്കാനാവില്ല. ഒരു കാര്യം തീരുമാനിച്ചാൽ അത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി ഗവൺമെന്റിനുണ്ടാകണം. ജനപ്രതിനിധികളായ നമുക്ക് ശരിയായ, ഉറച്ച തീരുമാനങ്ങളെടുക്കാൻ കഴിയണം. അങ്ങനെയില്ലാത്തതുകൊണ്ടാണ് ഇവിടെ എല്ലാ തട്ടിപ്പുകളും നടക്കുന്നത്.

എനിക്ക് പ്രതിപക്ഷത്തോട് ഒരു കാര്യം പറയാനുണ്ട്. കാണുന്ന എല്ലാ ചണ്ടി ചവറുകളും നിങ്ങൾ ഏറ്റെടുക്കാൻ പോകരുത്. ബിജു രാധാകൃഷ്ണനേയും ബിജുരമേശിനേയും പോലുള്ളവരുടെ വാക്കുകൾ നിങ്ങൾ ഏറ്റുപിടിക്കരുത്. കഴിഞ്ഞ നാലര വർഷത്തിനിടയിൽ നിങ്ങൾ സ്വന്തമായി എന്ത് ആരോപണമാണ് ഈ ഭരണത്തിനെതിരെ ഉന്നയിച്ചത്; നിങ്ങൾ സ്വന്തമായി ഒന്നും കൊണ്ടുവന്നിട്ടില്ല. ഞങ്ങളുടെ പോരായ്മ നിങ്ങളല്ലേ പറയേണ്ടത്? മാർക്സിസ്റ്റ് പാർട്ടിയോട് എനിക്ക് നല്ല ബഹുമാനമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പാർട്ടി സെക്രട്ടറിയായതിനുശേഷം ആ പാർട്ടി ഒന്നുകൂടി ഉഷാറാകുമെന്ന് വിചാരിച്ചതാണ്. നിങ്ങളൊന്ന് ആലോചിച്ചുനോക്കൂ, പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്ത ചടങ്ങിൽ മുഖ്യമന്ത്രിയെ അവഗണിച്ചത് ശരിയായില്ല എന്ന് ഇന്നലെ നിങ്ങൾ പറഞ്ഞു. ഇന്ന് ട്വിറ്ററിലൂടെയും ഫേസ്ബുക്കിലൂടെയുമൊക്കെ നിങ്ങൾ പ്രചരിപ്പിക്കുന്നത് അത് ഉമ്മൻ ചാണ്ടിയും വെള്ളാപ്പള്ളിയും തമ്മിലുള്ള രഹസ്യധാരണയാണെന്നാണ്. ഏതെങ്കിലും മനുഷ്യർ ഇത് വിശ്വസിക്കുമോ? ആരും വിശ്വസിക്കുകയില്ല. വെറുതെ പറഞ്ഞുണ്ടാക്കുകയാണ്. യഥാർത്ഥത്തിൽ നിങ്ങൾക്കും വിശ്വാസമില്ല. പക്ഷെ, നിങ്ങൾ ആ പാർട്ടിയിൽ നിൽക്കുന്നതുകൊണ്ട് അങ്ങനെ പറയുകയാണ്. പണ്ടൊക്കെ നിങ്ങളുടെ പാർട്ടിക്ക് ഒരു നിലപാടുണ്ടായിരുന്നു. ഇപ്പോൾ എന്ത് നിലപാടാണുള്ളത്? നിങ്ങളുടെ പാർട്ടിക്ക് വളർച്ചയുണ്ടെന്നൊക്കെ നിങ്ങൾ പറയും. നിങ്ങളുടെ പാർട്ടിക്ക് വളർച്ചയുണ്ടെങ്കിൽ നിങ്ങൾ ബംഗാളിൽ തോൽക്കുമായിരുന്നോ? ഇവിടെ, ഞങ്ങളും കോൺഗ്രസ്സും തമ്മിൽ പ്രാദേശികമായുണ്ടായ ചില പ്രശ്നങ്ങൾ കാരണം തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ നിങ്ങളിൽ കുറച്ചാളുകൾ ജയിച്ചുവെന്നല്ലാതെ എന്താണുണ്ടായത്? ഞങ്ങൾ അതെല്ലാം കളഞ്ഞ് ഒരുമിച്ചുനിന്ന് 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നിങ്ങൾ വീണ്ടും അവിടെയിരിക്കും ഞങ്ങൾ ഇവിടെത്തന്നെയിരിക്കും. നിങ്ങൾ 38 വർഷമായി ഭരിച്ചുകൊണ്ടിരുന്ന ബംഗാളിൽ നിങ്ങൾക്ക് കെട്ടിവച്ച പണംപോലും കിട്ടിയില്ല. ഇന്ത്യൻ പാർലമെന്റിൽ നിങ്ങൾക്ക് ആകെ രണ്ടാളുകളേയുള്ളൂ. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനും ഇന്ത്യൻ പാർലമെന്റിൽ രണ്ടുപേരുണ്ട്.

ശ്രീ. ആർ. രാജേഷ്: സർ, 1977-ൽ ബംഗാളിൽ മുസ്ലീം ലീഗിന്റെ നാല് മന്ത്രിമാരുണ്ടായിരുന്നു.

ശ്രീ. പി. കെ. ബഷീർ: നിങ്ങൾ 38 വർഷം ഭരിച്ച ബംഗാളിൽ ഇപ്പോൾ നിങ്ങൾക്കാരാണുള്ളത്? നിങ്ങൾ ഒന്ന് ആലോചിക്കണം, പാർലമെന്റിൽ നാൽപ്പത്തിരണ്ട് അംഗങ്ങളുണ്ടായിരുന്ന നിങ്ങളുടെ പാർട്ടിക്ക് രണ്ടുപേരാണ് ഇപ്പോഴുള്ളത്. നിങ്ങളുടെ സ്ഥിതിയെന്താണെന്ന് ആലോചിക്കണം. നിങ്ങൾ കുറേ തെറ്റുകൾ തിരുത്തി നന്നാകാനുണ്ട്. നിങ്ങളെ നന്നാക്കാനാണ് ശ്രീ. വി.എസ് സുനിൽ കുമാറും ശ്രീ സി. ദിവാകരനും ശ്രീ. കാനം രാജേന്ദ്രനുമെല്ലാം നിങ്ങളുടെ പാർട്ടി ആര് നയിക്കണം, ആരായിരിക്കണം മുഖ്യമന്ത്രി തുടങ്ങിയ കാര്യങ്ങളൊക്കെ പറഞ്ഞുതരുന്നത്. ബ്രിട്ടനിലെ ഒരു വക്കീലും ചിന്തകനുമായിരുന്ന ഐവർ ജെന്നിംഗ്സ് നൂറുകൊല്ലം മുമ്പ് പ്രതിപക്ഷത്തിന്റെ കടമയെന്തെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞത്, "ഭരണപക്ഷത്തെ കണ്ടാൽ നിങ്ങൾ വാൾ ഉറയിലിടരുത്, അവനെ ആക്രമിക്കണം" എന്നാണ്. നൂറുകൊല്ലം മുമ്പ് അദ്ദേഹം പറഞ്ഞതുതന്നെയാണ് നിങ്ങൾ ഇപ്പോഴും നടപ്പിലാക്കുന്നത്. നിങ്ങൾ കാലത്തിനനുസരിച്ച് മാറിയിട്ടില്ല. നിങ്ങൾ നന്നാകണം. നിങ്ങൾ നല്ല പ്രതിപക്ഷമാകണം. ഒരു ഭരണപക്ഷത്തിന് ശക്തമായ പ്രതിപക്ഷമുണ്ടാകണം. എന്നാൽ, ചാനലുകാർക്ക് റേറ്റ് കൂട്ടാൻവേണ്ടി വ്യക്തികളെ തേജോവധം ചെയ്യുന്ന ചർച്ചകളിൽ പോയി നിങ്ങളുടെ സമയം കളയണോ; എന്തിനാണ് ചാനലുകാരൻ ജഡ്ജിയും ചർച്ചയ്ക്കു ചെല്ലുന്നവർ പ്രതിയുമാകുന്ന ഏർപ്പാടിന് പോകുന്നത്. ഞാൻ അതിന് പോകില്ല. എന്നെയും ചർച്ചയ്ക്ക് വിളിക്കാറുണ്ട്. പക്ഷേ ഞാൻ അതിന് പോകാറില്ല. ഇല്ലാത്ത കാര്യത്തിന് നമ്മൾ മറുപടി പറയാൻ പോകണമോ? ശ്രീ. വി. എസ്. സുനിൽകുമാർ അത് നിർത്തണം. സംസ്ഥാനത്തെ ആളുകളുടെ ഇടയിൽ സുനിലിന് ഒരു വിലയുണ്ട്. ശ്രീ. വി. എസ്. സുനിൽകുമാർ ആരാണെന്ന് അത്യാവശ്യം എല്ലാവർക്കുമറിയാം, അതുമതി. ഇനി കൂടുതൽ ചർച്ചയ്ക്ക് പോയാൽ ബോറാകും. എന്റെ ആത്മസുഹൃത്ത് എന്ന നിലയിലാണ് ഞാനിത് പറയുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: അങ്ങയുടെ പാർട്ടിയിൽ നിന്നും ഇത്തരം ചർച്ചയ്ക്ക് പോകുന്നവർക്കും ഈ ഉപദേശം കൊടുക്കുമോ?

ശ്രീ. പി. കെ. ബഷീർ: സർ, നിങ്ങൾ തെറ്റ് പറയുമ്പോൾ എന്റെ പാർട്ടിയിലെ ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി അതിനെ കൗണ്ടർ ചെയ്യാൻ പോകുന്നതാണ്. ഗത്യന്തരമില്ലാതെ പോകുന്നതാണ്. അത് ഞങ്ങൾ കറക്ട് ചെയ്തോളാം.

കേരളത്തിലിപ്പോൾ അണുകുടുംബങ്ങളാണ്. എല്ലാവർക്കും വീട് വയ്ക്കാനാവശ്യമായ ഭൂമി കിട്ടില്ല. ഭൂമിക്കാണെങ്കിൽ ഭയങ്കര വിലയുമാണ്. അപ്പോൾ ഫ്ലാറ്റുണ്ടാക്കേണ്ടിവരും. നമ്മൾ ഹൗസിംഗ് ബോർഡും മറ്റും രൂപീകരിച്ചെങ്കിലും അതുകൊണ്ട് എത്രമാത്രം ഫലമുണ്ടായെന്ന് ആലോചിക്കണം. സ്വകാര്യമേഖലയുമായി ബന്ധപ്പെട്ട് മാത്രമേ ഇനി അത്തരം കാര്യങ്ങൾ നടക്കുകയുള്ളൂ. പഞ്ചായത്തുകൾക്ക് 50 സെന്റ് സ്ഥലമുണ്ടെങ്കിൽ ആ സ്ഥലത്ത് പാവപ്പെട്ടവർക്ക് മൂന്ന് ലക്ഷം രൂപയ്ക്ക് ഫ്ലാറ്റ് നിർമ്മിച്ചുകൊടുക്കുന്ന പദ്ധതി നമ്മുടെ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്. അത് കാലത്തിനനുസരിച്ചുള്ള മാറ്റമാണ്. കേരളത്തിലെ കാർഷികമേഖലയെല്ലാം ഇല്ലാതായി. നമ്മൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടണം, പഴയതുപോലെ കാർഷിക കാര്യങ്ങളൊന്നും നടക്കില്ല. കച്ചവടം ചെയ്താൽ ലാഭം കിട്ടണം. ഒരു കോടി രൂപ കച്ചവടത്തിൽ മുടക്കുന്നയാൾക്ക് ലാഭം കിട്ടണമെന്നല്ലാതെ നാട് നന്നാകണമെന്നുണ്ടോ? ഏതൊരു ഏർപ്പാടിനും ലാഭമുണ്ടാകണം. അതിന് മാന്യമായ കാര്യങ്ങളൊക്കെ വേണം. പക്ഷെ, ഇവിടെ ഫ്ലാറ്റിന്റെ പേരിൽ ആളുകളെ ചൂഷണം ചെയ്യുന്നു, പല ആളുകളും പ്രയാസത്തിലാണ്. ഗൾഫിലാണെങ്കിലും ഇവിടെയാണെങ്കിലും കുറച്ചു രൂപയുണ്ടെങ്കിൽ ആൾക്കാർ ഫ്ലാറ്റിനുവേണ്ടി ആ തുക നിക്ഷേപിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് മലപ്പുറത്തു നടക്കുന്ന കാര്യങ്ങളൊക്കെ അറിയാമല്ലോ? പത്തോ ഇരുപത്തിയഞ്ചോ നിലകളുള്ള ഫ്ലാറ്റുണ്ടാക്കാൻ നിക്ഷേപകരെ വിളിക്കുന്ന ഒരു ഏർപ്പാട് നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. ഇങ്ങനെ ഇരുപത്തിയഞ്ച് ലക്ഷം രൂപയും അമ്പതുലക്ഷം രൂപയുമൊക്കെ ആളുകളിൽ നിന്നും വാങ്ങി അത് മൂലധനമാക്കി ഒരു കമ്പനിയുണ്ടാക്കുന്നു. ആളുകളിൽ നിന്നും വാങ്ങുന്ന തുകയ്ക്ക് ചെറിയ ലാഭം കൊടുക്കും. അതായത് ഒരു ലക്ഷം രൂപയ്ക്ക് രണ്ടായിരമോ മൂവായിരമോ രൂപ വീതം ലാഭം കൊടുക്കും. പല ആളുകളും ഇത്തരം തട്ടിപ്പിന് ഇരയാകുന്നുണ്ട്. ഫ്ലാറ്റ് നിർമ്മാതാക്കളുടെ മൂലധനം എവിടുന്നാണെന്നുള്ളത് അറിയാനുള്ള സംവിധാനമുണ്ടാകണം. ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക ഭദ്രത അവർക്കുണ്ടോയെന്നറിയണം. ആളുകളിൽനിന്നും അഡ്വാൻസ് വാങ്ങുന്നതിന് ഒരു പരിധി വേണ്ടേ? പല കോണുകളിൽനിന്നും പണം വാങ്ങി ബ്ലാക് മണി വൈറ്റ് മണി ആക്കുകയാണ്. ബ്ലാക് മണി ഇതിലേയ്ക്ക് ഇൻവെസ്റ്റ് ചെയ്യും. സ്വർണ്ണക്കച്ചവടക്കാരെപോലെ ആദ്യത്തെ ഒന്നോ രണ്ടോ വർഷം ലാഭം കൊടുക്കും, പിന്നെ കൊടുക്കില്ല. പഞ്ചായത്തിലോ കോർപ്പറേഷനിലോ ഇങ്ങനെ ഇല്ലീഗലായി ഫ്ലാറ്റുകൾ വരുമ്പോൾ അതിനെതിരെ ശക്തമായ നടപടി അപ്പോൾത്തന്നെ സ്വീകരിക്കണം. പ്ലാനും മറ്റു കാര്യങ്ങളുമൊക്കെ അപ്രൂവ് ചെയ്യാൻ ഒരു നിശ്ചിതസമയം കൊടുക്കണം. ഒരു പ്ലാൻ/ പ്രോജക്ട് സമർപ്പിച്ചാൽ ഒരു വർഷം കഴിഞ്ഞാലും അപ്രൂവൽ കൊടുക്കുകയില്ല. അതുകൊണ്ട് പണി തുടങ്ങാൻ പറ്റില്ല. അവസാനം പെർമിറ്റ് ശരിയായി വരുമ്പോൾ ഈ പണമെടുത്ത് വേറെ

പ്രോജക്ടിനുവേണ്ടി ഇൻവെസ്റ്റ് ചെയ്തിട്ടുണ്ടാകും. അങ്ങനെ ആ പ്രോജക്ട് പൊളിയും. ഇവിടെ ഫ്ലാറ്റുമുണ്ടാകില്ല, ആളുകൾക്ക് പണം നഷ്ടപ്പെടുന്ന അവസ്ഥയുമുണ്ടാകും. അവിടെയാണ് തട്ടിപ്പും വെട്ടിപ്പുമുണ്ടാകുന്നത്. ഇതാണ് നാട്ടിൽ നടക്കുന്നത്. ഇത് കറക്ട് ചെയ്യണം.

ഈ നിയമം നല്ലതാണ്. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെയൊരു നിയമം കൊണ്ടുവരാൻ ശ്രമിച്ചെങ്കിലും നടന്നില്ല. കേന്ദ്രനിയമം വരാത്തതുകൊണ്ട്, ഇന്ത്യയിൽ ആദ്യമായിട്ടാണ് സംസ്ഥാനത്ത് ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നത്. ആദ്യമായി ഒരു നിയമം കൊണ്ടുവരുമ്പോൾ അതിന് ചില അപാകതകളൊക്കെയുണ്ടാകും. അതൊക്കെ തിരുത്തി നല്ല നിലയ്ക്ക് കൊണ്ടുപോകണം. ഈ നിയമത്തെ പോസിറ്റീവായി കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. ചെന്നൈയിലെ ദുരന്തം നമുക്കൊരു പാഠമാകണം. ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്ന ബഹുമാന്യനായ മന്ത്രിയേയും ഗവൺമെന്റിനേയും അനുമോദിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, വേണ്ടത്ര പഠനം നടത്തി നമ്മുടെ നിയമസംവിധാനത്തിന് പുറത്തുനിൽക്കുന്ന ഇടപാടുകളെ മുഴുവൻ നിയമവിധേയമാക്കാനും നമ്മുടെ ആവശ്യങ്ങൾ എങ്ങനെ പരിഹരിച്ചെടുക്കാനുമെന്ന മട്ടിൽ വേണ്ടത്ര ആലോചനയോടെ അവതരിപ്പിച്ച ഒരു ബിൽ അല്ല ഇത്. തീർച്ചയായും റിയൽ എസ്റ്റേറ്റ് മേഖലയിൽ നിയമപരമായ നിയന്ത്രണങ്ങൾ വരുന്നതെല്ലാം നല്ലതാണ്. അതിനുവേണ്ടിയുള്ള ചില നിർദ്ദേശങ്ങൾ ബില്ലിൽ അവതരിപ്പിക്കപ്പെട്ടിട്ടുമുണ്ട്. നമ്മുടെ സാമൂഹിക ജീവിതത്തിൽ ശരികൾ വളരെ കുറയുകയും തെറ്റുകൾ ധാരാളം കൂടുകയും ചെയ്യുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ തെറ്റ് പ്രകൃതിയോടുള്ള തെറ്റാണ്. നമുക്ക് ചില ആവശ്യങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. കേരളത്തിലെ വീടില്ലാത്ത കുടുംബത്തിന് താമസിക്കാനൊരു വീടോ ഫ്ലാറ്റോ ഉണ്ടാകണമെന്നുപറയുന്നത് ഒരാവശ്യമാണ്. പക്ഷെ, കേരളത്തിലെ വിഭവങ്ങൾ എത്രയുണ്ടെന്നും ആ വിഭവങ്ങൾ ഭാവിയിലേയ്ക്ക് നാം എത്ര നിക്ഷേപിക്കേണ്ടതുണ്ടെന്നും ആ വിഭവങ്ങൾ ഉപയോഗിക്കാനുള്ള അവകാശം ഈ തലമുറയ്ക്ക് എത്രയുണ്ടെന്നുമുള്ള കൃത്യമായ ഒരു പഠനം, ലോക പാരിസ്ഥിതിക സമ്മേളനങ്ങളുടേയും ലോകത്ത് പ്രകൃതി സൃഷ്ടിക്കുന്ന ദുരന്തങ്ങളുടേയും അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്. പ്രകൃതി ദുരന്തം ഉത്തരാഖണ്ഡിൽ സംഭവിച്ചത് കുറച്ചുനാൾ മുമ്പാണെങ്കിൽ കുറച്ച് ദിവസങ്ങൾ മുമ്പാണ് ചെന്നൈയിൽ അത് സംഭവിച്ചത്. സാധാരണ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അതിൽപ്പെട്ടുപോകുന്നത് സാധാരണക്കാരും താഴെത്തട്ടിലുള്ളവരും ആറ്റ് തീരത്തുള്ളവരുമൊക്കെയാണ്. പക്ഷെ, വൈദ്യുതി

വിച്ഛേദിക്കപ്പെട്ട് താഴോട്ട് വരാനുള്ള ലിഫ്റ്റ് ഉപയോഗിക്കാൻ പറ്റാതായി ഫ്ലാറ്റിന്റെ മുകൾനിലകളിൽ കുടുങ്ങി പട്ടിണി കിടന്നും വിശപ്പ് സഹിക്കാതെയും പ്രായമായവർ വെള്ളത്തിലിറങ്ങിയും മരിക്കേണ്ടിവന്നതാണ് ചെന്നൈയിൽ സംഭവിച്ചത്. ശ്രീ. ജേക്കബ് തോമസിനെതിരെ ശ്രീ. കെ. ശിവദാസൻ നായർ നിയമസഭയിൽ ഒരുപാട് ആരോപണങ്ങൾ ഉന്നയിച്ചു. ശ്രീ. ജേക്കബ് തോമസിനെ നമുക്കെന്തും പറയാം. പക്ഷെ, ഉദ്യോഗസ്ഥ സംവിധാനത്തിന്റെയും നമ്മുടെയും പൊതുവായ സാമൂഹിക ഉത്തരവാദിത്വമെന്താണ്? ഒരു ഉദ്യോഗസ്ഥൻ പറഞ്ഞതിൽ തെറ്റുണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റിന് അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാം. എന്നാൽ അതിന്റെ പേരിൽ ഒരു ഉദ്യോഗസ്ഥനെതിരെ ആരോപണങ്ങളുടെ പരമ്പര സൃഷ്ടിക്കുന്നത് ശരിയാണോ? ചെന്നൈയിലെ ദുരന്തത്തെക്കുറിച്ച് പറയുന്ന ഏറ്റവും വലിയ വാചകം അതൊരു മനുഷ്യ നിർമ്മിത ദുരന്തമാണെന്നുള്ളതാണ്. ചെന്നൈയിലുണ്ടായിരുന്ന തടാകങ്ങളെല്ലാം ഇല്ലാതായി, നീരൊഴുക്കുകൾ അടഞ്ഞുപോയി, കാറ്റു വന്നാൽ കടന്നുപോകാനുള്ള സംവിധാനമില്ലാതായി, ജലം വന്നാൽ പുറത്തുപോകാനുള്ള മാർഗ്ഗങ്ങൾ അടഞ്ഞുപോയി. അതിനാൽത്തന്നെ ഒരു ദിവസം പെയ്ത കനത്ത മഴ താങ്ങാനുള്ള ശേഷി ചെന്നൈ നഗരത്തിനുണ്ടായില്ല. 400 പേർ മരിക്കുകയും ലക്ഷക്കണക്കിന് കോടി രൂപയുടെ നാശനഷ്ടമുണ്ടാവുകയും ചെയ്തു. എറണാകുളത്താണ് ഇങ്ങനെയൊരു അപകടം വരുന്നതെങ്കിൽ എങ്ങനെയായിരിക്കും സ്ഥിതിയെന്ന് ആലോചിച്ചുനോക്കണം. പൂർവ്വസ്ഥിതി വീണ്ടെടുക്കാൻ ചെന്നൈ പോലും പ്രയാസപ്പെടുമ്പോൾ അതിനേക്കാൾ വിഷമകരമായ അവസ്ഥയിലാണ് എറണാകുളം നിൽക്കുന്നത്. ധാരാളം കുന്നുകളും താഴ്വരയുമൊക്കെയുള്ള നഗരമാണ് തിരുവനന്തപുരം. പണ്ട്, 88 സെന്റിമീറ്റർ മഴ പെയ്തപ്പോൾപോലും രണ്ട് ദിവസം മാത്രമേ തിരുവനന്തപുരം നഗരത്തിൽ ജന ജീവിതം സ്തംഭിച്ചിട്ടുള്ളൂ. ചരിത്രത്തിൽ ഏറ്റവും വലിയ മഴ രേഖപ്പെടുത്തിയിട്ടുള്ളത് അന്നെന്നാണ് പറയുന്നത്. പക്ഷെ, ഇന്ന് അത്രയും മഴ പെയ്താൽ തിരുവനന്തപുരം നഗരംതന്നെ കാണുകയില്ല. ഒരു നഗരത്തിന്റെ വികസനം എങ്ങനെയായിരിക്കണം, അവിടത്തെ ജനങ്ങളുടെ ജീവിതം എങ്ങനെയായിരിക്കണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സമൂഹത്തിലെ പണമുള്ളവർക്കും ഇല്ലാത്തവർക്കും ഒരുപോലെ അവബോധം ഉണ്ടായിരിക്കണം. പണമുണ്ടെങ്കിൽ എന്തും ചെയ്യാനുള്ള അവകാശം ഒരു സമൂഹത്തിൽ ആർക്കെങ്കിലുമുണ്ടോ?

ശ്രീ. സി. പി. മുഹമ്മദ് അദ്ധ്യക്ഷനായ, ഞാനും ഉൾപ്പെടുന്ന പരിസ്ഥിതി കമ്മിറ്റി കേരളത്തിലെ പാറയെക്കുറിച്ചും ക്വാറികളെക്കുറിച്ചും ഒരു റിപ്പോർട്ട് ഈ സഭയ്ക്ക് കൊടുത്തിട്ടുണ്ട്. ആ റിപ്പോർട്ടിലെ പ്രധാന ശുപാർശ, കേരളത്തിലുള്ള പാറ

എത്രയാണെന്ന് കൃത്യമായി കണക്കാക്കണം. അതിൽത്തന്നെ പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന പാറ, തൊട്ടുകൂടാത്ത പാറ, സെൻസിറ്റീവായ പാറ തുടങ്ങിയവ തരം തിരിച്ച് എത്രയാണെന്ന് രേഖപ്പെടുത്തണം. പൊട്ടിച്ചെടുക്കാവുന്ന പാറ എത്രയാണെന്നും കണക്കാക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു ചർച്ചയിൽ പറഞ്ഞത് ഞാൻ വീണ്ടും നിർദ്ദേശിക്കുകയാണ്. അദ്ദേഹം പറഞ്ഞത്, ഈ പാറയുടെ ഉപയോഗവും ഉത്തരവാദിത്വവും പാറയുടെ മേൽനോട്ടവും ഗവൺമെന്റിനായിരിക്കണമെന്നാണ്. ഞാനൊരു സ്ഥലത്ത് ചെന്നപ്പോൾ ഒരു വീടിനെക്കുറിച്ച് ഒരാൾ പറഞ്ഞു. ആ വീടിന്റെ വിസ്തീർണ്ണം 28,000 ചതുരശ്ര അടിയാണ്. അതിൽ താമസിക്കുന്നത് രണ്ടുപേരാണ്. രണ്ടുപേർക്ക് താമസിക്കാൻ ഇത്രയും വലിയ വീടുണ്ടാക്കാനുള്ള പാറയും മണലും കൊടുക്കാനുള്ള ഉത്തരവാദിത്വം ഈ സമൂഹത്തിനുണ്ടോ? പണമുണ്ടെന്നുവെച്ച് ഒരാൾക്ക് അങ്ങനെ വീടുവയ്ക്കാനുള്ള അവകാശമുണ്ടോ; അതിനുള്ള ധാർമികമായ ബോധം അയാൾക്കില്ലെങ്കിൽ അത് നിയമംമൂലം തടയേണ്ടതല്ലേ? കേരളത്തിലെ വീടുകളുടെ കണക്കെല്ലാം പുറത്തുവന്നിട്ടുണ്ട്. യഥാർത്ഥ കണക്ക് അതിനേക്കാൾ കൂടുതലാണെന്നാണ് പറയുന്നത്. 14 ലക്ഷം വലിയവീടുകൾ കേരളത്തിൽ ആൾതാമസമില്ലാതെ ഒഴിഞ്ഞുകിടക്കുകയാണ്. അതിനുവേണ്ടി ഉപയോഗിക്കപ്പെട്ട പാറയും പണവുമുണ്ടെങ്കിൽ വിഴിഞ്ഞം പദ്ധതി മാത്രമല്ല അതുപോലുള്ള 100 പദ്ധതികൾ ചെയ്യാൻ സാധിക്കും. വീടില്ലാത്തവൻ ഒരു വീടുണ്ടാക്കിയാലത് മനസ്സിലാകും. എന്നാൽ, കേരളത്തിൽ ഈ ഒഴിഞ്ഞുകിടക്കുന്ന വീടുകളുടെ ഉടമസ്ഥർ ഇവിടെ താമസമില്ലെന്നുമാത്രമല്ല, അവരിൽ പലർക്കും പലയിടത്തും വീടുകളുണ്ട്. ഈ ബിൽ കൊണ്ടുവരുമ്പോൾ കേരളത്തിലെ പ്രകൃതിയെക്കുറിച്ചും പ്രകൃതിയെ നശിപ്പിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന അപകടങ്ങളെക്കുറിച്ചും പഠനം നടത്തേണ്ടതായിരുന്നു. കൃത്യമായ പഠനങ്ങളൊന്നും വന്നിട്ടില്ലെങ്കിലും കേരളം ഇന്ന് ക്യാൻസറിന്റെ തലസ്ഥാനമാണ്. പ്രമേഹത്തിന്റെ ലോക തറവാടാണ് കേരളം. കിഡ്നിക്ക് അസുഖം വന്ന് ഡയാലിസിസ് ചെയ്യുന്നതിൽ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ആളുകളുള്ളത് കേരളത്തിലാണ്. മാരകമായ രോഗങ്ങൾ വെല്ലുവിളി ഉയർത്തി നിൽക്കുന്ന ഒരിടമാണ് കേരളമെങ്കിൽ അതിനുകാരണം നമ്മൾ ഈ പ്രകൃതിയെ നോവിച്ചതും ഇത്രയേറെ പരിക്കേൽപ്പിച്ചതുമാണ്. ഇക്കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്. ഇന്ന് രാവിലേയും മുഖ്യമന്ത്രി പറഞ്ഞത് 25 വർഷത്തിന് ശേഷമുള്ള കേരളമാണ് നമ്മുടെ മുന്നിലുള്ള ലക്ഷ്യമെന്നാണ്. 25 വർഷം വേണ്ട, 10 വർഷം മുമ്പോട്ട് ജീവിക്കേണ്ടിവരുന്ന മനുഷ്യർക്ക്, നമുക്ക് പിന്നാലെ വരുന്ന മനുഷ്യർക്ക് നമ്മൾ എന്താണ് ബാക്കി വയ്ക്കുന്നത്? ഈ

പ്രകൃതിവിഭവങ്ങൾ ഭാവിയിലേയ്ക്ക് ബാക്കിവയ്ക്കേണ്ടേ? ഇപ്പോൾ ജീവിക്കുന്നവരെന്ന നിലയിൽ നമുക്ക് എല്ലാ പുഴകളേയും നശിപ്പിക്കാൻ അവകാശമുണ്ടോ; എല്ലാ കുളങ്ങളും നികത്തിക്കളയാനും എല്ലാ മലയും ഇടിച്ചുമാറ്റാനും എല്ലാ വയലുകളും നികത്താനും നമുക്ക് അവകാശമുണ്ടോ? എവിടെയും എത്ര വേണമെങ്കിലും ഫ്ലാറ്റ് കെട്ടാൻ നമുക്ക് അവകാശമുണ്ടോ; ഫ്ലാറ്റ് പണിത് ആൾതാമസമില്ലാതെ ഡെഡ് മണിയാക്കിയിടാൻ അവകാശമുണ്ടോ? ഇതിനെക്കുറിച്ച് സമഗ്രമായ, ശാസ്ത്രീയമായ ഒരു പഠനം ആവശ്യമുണ്ട്. കേരളത്തിൽ ഇന്ന് മാത്രമല്ല നാളെയും ജീവിക്കണം. നാളെ ഒരാൾ ഒരു വീടുവെയ്ക്കണമെന്ന് ആഗ്രഹിച്ചാലും ഇവിടെ പ്രകൃതിവിഭവങ്ങൾ വേണം. പ്രകൃതി വിഭവങ്ങളില്ലാതെ ജീവിക്കാൻ പറ്റില്ല. അതുകൊണ്ട് ഈ നിയമം ശക്തിപ്പെടുത്താനായി വകുപ്പുകൾ കൂട്ടിച്ചേർക്കണം, മാറ്റപ്പെടണം, തിരുത്തപ്പെടണം. ഈ നിയമം നടപ്പാക്കുമ്പോൾ കേരളത്തിൽ എവിടെയും ആർക്കും ഫ്ലാറ്റ് വയ്ക്കാൻ പറ്റുമെന്ന സ്ഥിതി വരരുത്. കേരളത്തിൽ വയൽ നികത്തി ഫ്ലാറ്റ് വയ്ക്കാമോ? സത്യത്തിൽ, ഭൂമിയോട് ഒരു സമൂഹം കാണിക്കുന്ന ബഹുമാനം എത്ര എന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരു സമൂഹത്തിന്റെ സംസ്കാരം വിലയിരുത്തപ്പെടുന്നത്. അങ്ങനെയാണെങ്കിൽ കേരളം സംസ്കാരത്തിന്റെ അടിത്തട്ടിൽ നില്ക്കുകയാണ്. കേരളത്തിൽ ഇനി മലയിടിക്കാൻ പറ്റുമോ; ഇനിയും മലയിടിച്ചാൽ കേരളത്തിന്റെ സ്ഥിതി എന്തായിരിക്കും? തിരുവനന്തപുരം നഗരത്തിൽ ചിലയിടങ്ങളിൽ നോക്കിയാൽ ഇപ്പോൾ ഫ്ലാറ്റ് മാത്രമേയുള്ളൂ. ഫ്ലാറ്റുകാരണം കടൽക്കാറ്റ് തടയപ്പെട്ടിരിക്കുകയാണ്. ഫ്ലാറ്റ് വയ്ക്കാം. എന്നാൽ അതിനുള്ള സ്ഥലം നിശ്ചയിക്കുമ്പോൾ അത് പരിസ്ഥിതിക്ക് പരിക്കേൽപ്പിക്കാത്ത തരത്തിലാകണമെന്നുള്ളത് പൊതുസമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. ഇവിടെ എല്ലാ നിയമങ്ങളുമുണ്ട്. പക്ഷെ, പാലിക്കപ്പെടുന്നില്ല. നിയമങ്ങളൊക്കെ ചെറിയവന് അനുസരിക്കാനുള്ളതും വലിയവന് ലംഘിക്കാനുള്ളതുമാണ് എന്നുള്ള മട്ടിൽ വരുന്നത് ഒരു ഭരണകൂടത്തിനും ഒരു സമൂഹത്തിനും നല്ലതല്ല. നമുക്ക് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമമുണ്ട്. എന്നാൽ വയൽ സംരക്ഷിക്കാൻ പറ്റുന്നില്ല, നികത്തിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് റോഡ് സൈഡിലുള്ള വയലുകൾ. ഇപ്പോൾ ആ നിയമത്തിൽ വെള്ളം ചേർക്കപ്പെടുകയും ചെയ്യുന്നു. വയലിന്റെ ഏറ്റവും വലിയ പ്രത്യേകത, കർഷകന്റെ കൈവശമുള്ള, കൃഷി ചെയ്യുന്ന വയലിന് വില കുറവാണ്. ഫ്ലാറ്റ് മാഫിയയോ, വേറെ ഏതെങ്കിലും ഭൂമാഫിയയോ വാങ്ങി ഏതെങ്കിലും മലയിടിച്ചുകൊണ്ടുവന്ന് വയലിൽ ഇട്ട് നികത്തിയെടുത്താൽ 15 മുതൽ 20 ഇരട്ടിവരെ വിലയാണ്. ഉല്പാദനം നടത്തുന്ന

ഭൂമിക്കാണ് എന്നും ഏറ്റവും വില കൽപ്പിക്കേണ്ടത്. പണ്ട് വയലിനായിരുന്നു ഏറ്റവും കൂടുതൽ വിലയുള്ളത്. കാരണം അത് മനുഷ്യർക്കും പക്ഷി-മൃഗാദികൾക്കും ആവശ്യമായ ആഹാരം ഉല്പാദിപ്പിക്കുന്നതും ഒരു കാറ്റിനുപോലും വന്നിരിക്കാവുന്നതുമായ ഇടമാണ്. ആ ഭൂമിയെ കൃഷി ചെയ്യാനുള്ളതല്ലാതാക്കി മാറ്റുമ്പോൾ അതിന് 15-20 ഇരട്ടി വിലയാവുകയാണ്. നമുക്കൊരു നിയമമുണ്ട്. പക്ഷെ, നമ്മുടെ മുമ്പിൽ ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ നടക്കുകയാണ്. ഞാൻ തന്നെ ഇവിടെ അവതരിപ്പിച്ച ഒരു അടിയന്തരപ്രമേയം ഉണ്ടായിരുന്നു. അത് ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ടാണ്. ആ അടിയന്തര പ്രമേയത്തിന് ഉത്തരം പറയുമ്പോൾ അദ്ദേഹം ഇവിടെ ഇല്ല, കേരളത്തിലെ മുഖ്യമന്ത്രി പറഞ്ഞത് മഹാരാഷ്ട്രയിലെ പല സംസ്ഥാനങ്ങളിലും ഒരു നിയമമുണ്ട്. അവിടത്തെ പ്രത്യേകത വയൽ കൃഷിക്കാരന് മാത്രമേ വാങ്ങാനും കൃഷി ചെയ്യാനും അവകാശമുള്ളൂ. ആ നിയമം ഇവിടെ കൊണ്ടുവരുമെന്നാണ്. വയൽ വാങ്ങിയാൽ വാങ്ങുന്നവൻ നെൽകൃഷിക്കാരനായിരിക്കണം. ആ നിയമം കൊണ്ടുവരണം. ഈ നിയമം നടപ്പാക്കുന്നതിനുമുമ്പ് ആ നിയമം കൊണ്ടുവരണം. കേരളത്തിൽ പാറയുടെ കാര്യത്തിൽ കഴിഞ്ഞ നവംബർ 11-ാം തീയതി റവന്യൂ വകുപ്പിന്റെ ഒരു ഉത്തരവ് ഇറങ്ങി. നേരത്തേ ഒരു നിയമം ഉണ്ടായിരുന്നു. കേരളത്തിൽ റവന്യൂ പട്ടയം കൊടുക്കുന്ന ഭൂമിയിൽ വീട് വയ്ക്കാനും കൃഷിക്കുമല്ലാതെ ഉപയോഗിക്കാൻ പാടില്ലെന്നാണ്. പക്ഷേ നവംബർ 11-ന് ഇറങ്ങിയ ഉത്തരവനുസരിച്ച് ആ ഭൂമി ക്വാറിക്കും റിസോർട്ടിനും മറ്റ് ഏത് കാര്യത്തിനും ഉപയോഗിക്കാം എന്നായി. മനുഷ്യനെ നിയമത്തിന്റെ പ്രത്യേകതയ്ക്കകത്ത് നിറുത്തി അത് പരിപാലിക്കാൻ ശ്രദ്ധിക്കുന്ന സംവിധാനമുണ്ടാക്കുന്നതിനുപകരം അത് ലംഘിക്കുന്നവർക്ക് ഈ നിയമങ്ങൾ എങ്ങനെയാണ് ഉപകാരപ്രദമാകുന്നത്. നമ്മുടെ സമൂഹത്തിൽ ഇതെല്ലാം സംഭവിക്കുന്നു. കേരളത്തിലെ മലകൾ എങ്ങോട്ടുപോകുന്നുവെന്നതു സംബന്ധിച്ച് ഒരു പ്രധാന കവിതയുണ്ട്. ആ കവിതയുടെ രണ്ടുവരി എന്താണെന്നുവച്ചാൽ...'മല ലോറിയിൽ കയറി പോകുന്നു' എന്നാണ്. ചിലർ പറയുന്നത് കേരളത്തെ വിദേശത്തേക്ക് കടത്താത്തത് ഒരു കപ്പലിൽ കയറാത്തതുകൊണ്ടാണെന്നാണ്. ഇല്ലെങ്കിൽത്തന്നെ കേരളത്തെതന്നെ വിദേശത്തേയ്ക്ക് കൊണ്ടുപോകുകയാണ്. കേരളത്തിൽ നിന്നും ഒരുപാട് പാറകളും ഭൂവിഭവങ്ങളും ഇന്ന് വിദേശത്തേക്ക് പോകുന്നുണ്ട്. ഇതെല്ലാം സംഭവിക്കുമ്പോഴാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവരുന്നത്. ഞാൻ ഈ നിയമത്തിന്റെ സദുദ്ദേശ്യത്തെയല്ല ചോദ്യം ചെയ്യുന്നത്. പക്ഷേ മറ്റുനിയമങ്ങളൊന്നും പരിപാലിക്കാത്ത ഒരു സമൂഹത്തിൽ ഇങ്ങനെയൊരു ഫ്ലാറ്റ് നിയമം

കൊണ്ടുവന്നാൽ അത് പരിപാലിച്ച് നിലനിൽക്കുകയില്ല. ഇവിടെ പണത്തിന്റെ പിന്നാലെ പായുന്ന, പണത്തിനുവേണ്ടി ഭൂമി ഉപയോഗിക്കുന്ന, എല്ലാപ്രകൃതി വിഭവങ്ങളെയും തട്ടിത്തകർത്തുകളയുന്ന, എല്ലാം ഒരു നഗരവൽകൃത ആശയത്തിലേക്ക് വരുന്ന, ഭൂമിയോട് ബഹുമാനമില്ലാത്ത, ഭൂമിയോട് ബന്ധപ്പെട്ട നിയമങ്ങളൊന്നും പരിപാലിക്കാത്ത ഒരു ജനതയ്ക്ക് പണത്തിനോടുള്ള നെട്ടോട്ടത്തിൽ അവർക്ക് കേരളത്തിലെ വീടില്ലാത്തവരുടെ കാര്യം ആലോചിക്കാൻ പറ്റുകയില്ല. വീടില്ലാത്ത നാലുലക്ഷം കുടുംബങ്ങൾ കേരളത്തിൽ ഉണ്ടെന്നാണ് കണക്ക്. പക്ഷേ 14 ലക്ഷം വലിയ വീടുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ചില നിയന്ത്രണങ്ങൾ വേണമെന്നാണ് ഞാൻ പറയുന്നത്. തിരുവനന്തപുരത്ത് എത്ര ഫ്ലാറ്റുണ്ടാക്കണം. ശ്രീ. കെ. മുരളീധരൻ പറഞ്ഞതുപോലെ എത്ര കുടുംബങ്ങളാണ് ഇവിടെ ഫ്ലാറ്റിൽ താമസിക്കാൻതക്ക തരത്തിൽ, തിരുവനന്തപുരത്ത് ജോലി കിട്ടിയതും ബിസിനസ്സുമായി ബന്ധപ്പെട്ട് താമസിക്കുന്നവരുടേതുമായ കൃത്യമായ കണക്കെടുത്തു കൊണ്ടുവേണം ഇവിടെ ഫ്ലാറ്റിന് അനുവാദം കൊടുക്കാൻ. എറണാകുളത്തും അങ്ങനെ മാത്രമേ പാടുള്ളൂ. എവിടെയും അങ്ങനെ മാത്രമേ കൊടുക്കാവൂ. ഞാൻ ഇവിടേയ്ക്ക് വരുമ്പോൾ ചൈനയിൽ പോയിവന്ന എനിക്ക് പരിചയമുള്ള, ഒരു പഴയ ഉദ്യോഗസ്ഥനെ കണ്ടു. അദ്ദേഹം ചൈനയിലെ ഒരു നഗരത്തിൽ പോയപ്പോൾ അവിടെ കുറച്ച് ഫ്ലാറ്റുകളാണ് കണ്ടത്. കൃഷി ഭൂമി മുഴുവൻ പോയപ്പോൾ ഒരു നില വീടും രണ്ടു നില വീടുമൊക്കെ മാറ്റി. ആ നഗരത്തിലെ എല്ലാ മനുഷ്യർക്കും താമസിക്കാൻ ഫ്ലാറ്റുകൾ ഉണ്ടാക്കി. അതിന്റെ അർത്ഥം മൊത്തം മനുഷ്യരും ഫ്ലാറ്റിൽ താമസിച്ചുകൊണ്ട് ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമിയാണ് അവിടെ അവർ വീണ്ടെടുത്തത്. നമ്മൾ രണ്ടും കൂടിയാണ് ചെയ്യുന്നത്. ഇവിടെ ഫ്ലാറ്റും ഉണ്ടാകുന്നു അതോടൊപ്പം തന്നെ കൃഷിഭൂമിയും പോകുന്നു, വയൽ നികന്നുവരുന്നു, കുന്ന് പോകുന്നു, പാറ പോകുന്നു മൊത്തം ഫ്ലാറ്റ് എന്നല്ല, നമ്മൾ കേരളത്തെ തകർത്ത് തരിപ്പണമാക്കുകയാണ് ചെയ്യുന്നത്. അങ്ങനെ കേരളത്തെ തകർത്ത് തരിപ്പണമാക്കാൻ നമുക്ക് അവകാശമുണ്ടോ; ഇന്നലെ ആരൊക്കെയോ സംരക്ഷിച്ചുനൽകിയതുകൊണ്ടാണ് നമുക്ക് ഇന്ന് ഇതുള്ളത്. നാളെ വരുന്നൊരു തലമുറയ്ക്ക് ഇത് സംരക്ഷിച്ച് കൈമാറാനുള്ള ബാദ്ധ്യത നമുക്കുണ്ട്. ആ ബാദ്ധ്യതയാണ് ഏതു നിയമം മൂലവും സംരക്ഷിക്കേണ്ടത്. ഒരു നിയമം ഇന്നത്തെ ശരികൾക്കുവേണ്ടി മാത്രമല്ല, ഭാവിയിലെ ശരികൾക്കുവേണ്ടിക്കൂടിയാണ്. അതുകൊണ്ട് അതിനുവേണ്ടി വയൽ സംരക്ഷണ നിയമമാണെങ്കിലും മല സംരക്ഷണ നിയമാണെങ്കിലും മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ വയൽ

കൃഷി ചെയ്യുന്നവന് മാത്രമേ കൈമാറാൻ പറ്റൂ എന്ന അർത്ഥത്തിലുള്ള നിയമമാണെങ്കിലും പാറ പട്ടയം കൊടുത്തിട്ടുള്ളത് ക്വാറിയാക്കാനുള്ള നവംബർ 11-ാം തീയിതിയിലെ ഉത്തരവ് പിൻവലിക്കാനുള്ള നടപടിക്രമങ്ങളാണെങ്കിലും ഇവിടെയുണ്ടാകണം. കേരളം ഭാവിയിൽ തെറ്റ് ചെയ്യുന്നവരുടെ കയ്യിലെ പണം ഉണ്ടാക്കാനുള്ള ഒരു ഉപകരണമാകരുത്. ശരി ചെയ്യുന്ന പാവങ്ങൾക്കുകൂടി ഇടമുള്ള ഒരു കേരളമാകണം. അതുകൊണ്ട് ഫ്ലാറ്റിന്റെ നിയമം വരുമ്പോൾ അത് നടപ്പാകണമെങ്കിൽ അതിലെ നിയമം കൊണ്ടുമാത്രം പറ്റുകയില്ല. ഞാൻ പറഞ്ഞ ഈ നിയമങ്ങൾ ശക്തിപ്പെടുത്തുകയും പുതിയ നിയമങ്ങൾ ഉണ്ടാകുകയും വേണം. ആ അഭ്യർത്ഥന മുന്നിൽ വച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഈ ബിൽ 9 അദ്ധ്യായങ്ങളും 72 ഖണ്ഡങ്ങളും ഉൾക്കൊള്ളുന്നതാണ്. നിയമവിരുദ്ധമായി എല്ലാ ചട്ടങ്ങളെയും മറികടന്ന് ഉണ്ടാക്കിയിട്ടുള്ള കെട്ടിടങ്ങളെ ക്രമവൽക്കരിക്കുന്നതിനുവേണ്ടിയുള്ള ഒരു ബില്ലായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. ഇവിടെ പലയാളുകളും അക്കാര്യങ്ങൾ പറഞ്ഞു. ഈ ബിൽ ഇപ്പോൾ കൊണ്ടുവന്നത് ചില പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ് എന്നാണ് എന്റെ വിനീതമായ അഭിപ്രായം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകാലഘട്ടത്തിൽ നമ്മുടെ മുഖ്യമന്ത്രിയും യു.ഡി.എഫ്.ഉം പറഞ്ഞത് അവരുടെ ഗവൺമെന്റിന്റെ വിലയിരുത്തൽ ആയിരിക്കുമെന്നാണ്. പക്ഷേ ജനങ്ങൾ അത് പുച്ഛിച്ചുതള്ളി. ദയനീയമായി യു.ഡി.എഫ്. പരാജയപ്പെടുകയും ചെയ്തു. അടുത്തുവരുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും ഞങ്ങളുടെ സ്ഥിതി ദയനീയമായിരിക്കും എന്ന് മനസ്സിലാക്കിയ യു.ഡി.എഫ്. സർക്കാർ തങ്ങളെ ആശ്രയിച്ചുകഴിയുന്ന റിയൽ എസ്റ്റേറ്റ് മാഫിയയെ രക്ഷിക്കാൻ വേണ്ടിയാണ് ഇപ്പോൾ ധൃതിപിടിച്ച് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ റിയൽ എസ്റ്റേറ്റ് മാഫിയകൾക്ക് അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുകയില്ല എന്ന് മറ്റ് ആരെക്കാളും അറിയാവുന്നവരാണ് മുഖ്യമന്ത്രിയും യു.ഡി.എഫ്.ഉം. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനുശേഷം യു.ഡി.എഫ്.ന്റെ സ്ഥിതി കൂടുതൽ ദയനീയമായി വരികയാണ്. സരിതാ പ്രശ്നം, ബാർ കോഴ പ്രശ്നം, മറ്റ് അഴിമതികൾ, ഇന്ന് രാവിലെ ഇവിടെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉന്നയിച്ച പ്രശ്നങ്ങൾ തുടങ്ങിയവയെല്ലാം കേരളത്തിലെ ജനങ്ങൾ കൂടുതൽ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ജയിച്ചത് തങ്ങൾക്ക് ശക്തമായ തിരിച്ചടിയായിരിക്കുമെന്ന നല്ല ബോദ്ധ്യം യു.ഡി.എഫ്.നുണ്ട്. കെട്ടിട ലോബിക്കായി നിയമത്തിൽ ഇളവുവരുത്താൻ സർക്കാർ തീരുമാനിച്ചതായി പത്രറിപ്പോർട്ടുകൾ വന്നിട്ടുണ്ട്. അനധികൃത കെട്ടിടങ്ങൾക്ക് സർക്കാർ നേരിട്ട് അനുമതി നൽകുമെന്ന് മന്ത്രിതന്നെ പ്രസ്താവന

ഇറക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നോക്കുകുത്തിയാക്കുക, ഹൈക്കോടതി വിധിയെ അവഗണിക്കുക, കോടികളുടെ കോഴ ഇടപാട് ഇതിന്റെയെല്ലാം പിന്നിൽ നടന്നിട്ടുണ്ട് എന്നാണ് പത്ര റിപ്പോർട്ടിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന് മുമ്പുതന്നെ പുതിയ വിജ്ഞാപനം ഇറക്കാനായിരുന്നു ലക്ഷ്യം. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതുകൊണ്ടുമാത്രം അത് നടന്നില്ല. കേരളത്തിൽ 20 നഗരസഭകൾക്കാണ് മാസ്റ്റർ പ്ലാൻ ഉള്ളത്. 113 പട്ടണങ്ങൾക്ക് വിശദമായിട്ടുള്ള നഗരാസൂത്രണ പദ്ധതി, DTP നിലവിലുണ്ട്. തദ്ദേശസ്വയംഭരണ ഉദ്യോഗസ്ഥന്മാരെ സ്വാധീനിച്ച് ഇവയ്ക്കെല്ലാം നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തിയായാൽ സർക്കാരിനെ സമീപിച്ച് ഈ കെട്ടിടങ്ങൾക്ക് അനുമതി നേടിയെടുക്കുക എന്നുള്ളതാണ് ഇതുവരെയുള്ള പതിവ്. എന്നാൽ 2005-ൽ ഹൈക്കോടതി ഇത് തടഞ്ഞതോടെ കെട്ടിട ഉടമസ്ഥന്മാരെല്ലാം പ്രതിസന്ധിയിലായി. നമ്പർ കിട്ടില്ല, വൈദ്യുതീകരണം നടക്കില്ല, വാട്ടർ സപ്ലൈ സംവിധാനങ്ങൾ നടക്കില്ല. ഇതൊക്കെ വലിയ പ്രശ്നങ്ങളായി മാറി. തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ മാത്രം ഇരുന്നൂറോളം കെട്ടിടങ്ങൾ ഈ ഇനത്തിൽപ്പെട്ടിട്ടുള്ളതായി പത്രറിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ശരിയാണോ, ഇല്ലയോ എന്നുള്ളത് അവിടത്തെ ബഹുമാനപ്പെട്ട മെമ്പർ പറയണം. അനധികൃതമായി നിർമ്മിച്ച ഇരുന്നൂറിലധികം കെട്ടിടങ്ങൾക്കൊന്നും നമ്പർ കിട്ടുന്നില്ല, വൈദ്യുതീകരിക്കാൻ വിഷമമാണ്, വാട്ടർ സപ്ലൈ കിട്ടുന്നില്ല. എൽ.ഡി.എഫ്. കാലഘട്ടത്തിൽ ഇതെല്ലാം ചെയ്തുകൊടുക്കുന്നതിനുവേണ്ടി ശക്തമായ നിർബന്ധം ഈ കെട്ടിട ഉടമകൾ നടത്തിയിരുന്നു. പക്ഷേ അതിന് വഴങ്ങിക്കൊടുത്തില്ല. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ കെട്ടിടമുടമകളുടെ നിർബന്ധം ശക്തമായി. ഇങ്ങനെയുള്ള കെട്ടിടമുടമകളെ സഹായിക്കാനാണ് വിജ്ഞാപനം ഇറക്കാൻ തുനിഞ്ഞത്. പക്ഷേ ഇലക്ഷൻ പ്രഖ്യാപനം വന്നതോടുകൂടി അതും നടക്കാതായി. സംസ്ഥാനത്തെ അഞ്ച് നഗരസഭകളിലായി 25000 അനധികൃത കെട്ടിടങ്ങളുണ്ടെന്നാണ് മലയാള മനോരമ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ദേശാഭിമാനിയോ ജനയുഗമോ അതുപോലുള്ള പത്രങ്ങളല്ല ഇത് റിപ്പോർട്ട് ചെയ്തത്. ഇപ്പോഴത്തെ കണ്ണൂർ നഗരസഭ അതിൽ ഉൾപ്പെടില്ല. ഇതെല്ലാം നിബന്ധനകൾക്ക് വിധേയമായി ക്രമവത്കരിക്കുമെന്നാണ് മന്ത്രി പറഞ്ഞിട്ടുള്ളത്. 2013 മാർച്ച് 31 വരെ നിർമ്മിച്ച നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി ക്രമവത്കരിക്കാൻ സർക്കാർ തീരുമാനിച്ചതായി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി ഈ നിയമസഭയിൽതന്നെ പറഞ്ഞിട്ടുള്ള കാര്യമാണ്. ഈ അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കാൻ പറഞ്ഞിട്ടുള്ള കാര്യം ജനങ്ങൾക്കുതന്നെ വലിയ ദ്രോഹമായി മാറിയിരിക്കുകയാണ്. ഇത് ഗസറ്റിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നില്ല. എവിടുന്നാണ് ഇതിന് ആവശ്യമായ അപേക്ഷാ ഫാറങ്ങൾ കിട്ടുക? അപേക്ഷാ ഫാറങ്ങൾ പ്രസിദ്ധീകരിച്ചുവെന്നാണ് പറയുന്നത്. അംഗീകാരം

നേടിയെടുക്കുന്നതിന് ഡിപ്പാർട്ടുമെന്റിന് സമർപ്പിക്കേണ്ട അപേക്ഷാ ഫാറത്തിന് 25 പേജുകളുണ്ട്. അതും ഇംഗ്ലീഷിലാണ്. ജനങ്ങൾക്ക് ഇത്തരത്തിലുള്ള ഉത്തരവുകൾ വഴി അനുമതി വാങ്ങാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കാനുള്ള സാഹചര്യം ഇല്ലാതായി. ഇത് ജനങ്ങളെ വലിയ വിഷമത്തിലെത്തിച്ചതായി കാണാൻ കഴിയുന്നു. ഡി.എൽ.എഫ്.നെക്കുറിച്ച് ഇവിടെ ധാരാളം പറഞ്ഞിട്ടുള്ളതാണ്. അതും ചട്ടം ലംഘിച്ചുള്ളതാണെന്ന് ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടുണ്ട്. 15 ദിവസത്തിനകം ഇത് സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ വിദഗ്ദ്ധസമിതിയെ നിശ്ചയിച്ചിട്ടുണ്ട്. ശ്രീമതി സോണിയാ ഗാന്ധിയുടെ മരുമകൻ ശ്രീ. റോബർട്ട് വധേരയ്ക്ക് ബന്ധമുള്ള ഡി.എൽ.എഫ്. ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയത് ചട്ടങ്ങൾ ലംഘിച്ചാണെന്ന് ചീഫ് സെക്രട്ടറി തന്നെ പറഞ്ഞിട്ടുണ്ട്. ഉദ്യോഗസ്ഥരെല്ലാംതന്നെ ഈ കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്നാണ് പിന്നീട് അദ്ദേഹം പറഞ്ഞിട്ടുള്ളത്. പദ്ധതിക്കായി കായൽ നികത്തി. ഈ കെട്ടിട നിർമ്മാണത്തിന്റെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് രണ്ടേമുക്കാൽ ഏക്കർ കായലാണ് നികത്തിയെടുത്തത്. അത് അനധികൃതമായാണ് നികത്തിയെടുത്തിട്ടുള്ളത്. തീരദേശ പരിപാലന നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളും കാറ്റിൽപ്പറത്തിയാണ് ചിലവന്നൂർ കായലിന് സമീപം 20 നിലകളിലായി ഫ്ലാറ്റ് നിർമ്മിച്ചത്. കേരളാ ഹൈക്കോടതി, കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, കൊച്ചിൻ കോർപ്പറേഷൻ, എറണാകുളം കളക്ടർ, വില്ലേജ് ഓഫീസർ എന്നിവരെല്ലാംതന്നെ ഇത് അനധികൃത കെട്ടിടമാണെന്നുകണ്ട് അതിന് സ്റ്റോപ്പ് മെമ്മോ കൊടുത്തു. പക്ഷെ, അത് പാലിക്കാൻ ഈ കെട്ടിട ഉടമകൾ തയ്യാറായിട്ടില്ല എന്നുള്ളതാണ് വസ്തുത. ഡി.എൽ.എഫ്. ഫ്ലാറ്റ് നിർമ്മാണം നടന്നത് തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമിയിലാണെന്ന് ഭൗമപഠനകേന്ദ്രം നേരത്തെതന്നെ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ഇത് കണക്കിലെടുക്കാതെ സ്ഥലത്തെക്കുറിച്ച് പഠിക്കാൻ ചെന്നൈയിലെ അണ്ണാ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തി. അണ്ണാ യൂണിവേഴ്സിറ്റിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ഒരു ക്ലിയറൻസ് സർട്ടിഫിക്കറ്റ് വാങ്ങി. അതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭയിൽനിന്നും ഫ്ലാറ്റ് നിർമ്മാണം നിയമവിധേയക്കാൻ ശ്രമിച്ചത്. ഇങ്ങനെ എത്രയോ വളഞ്ഞ വഴികളിലൂടെയാണ് റിയൽ എസ്റ്റേറ്റ് മാഫിയകളെ സംരക്ഷിക്കാൻ ഈ സർക്കാർ ശ്രമിച്ചിട്ടുള്ളത്. എന്ത് ധൈര്യമാണ്; ആരുടെ പിൻബലത്തിലാണ് ഉടമകൾ കെട്ടിട നിർമ്മാണവുമായി മുന്നോട്ടുപോയത്. ഒരു സംശയവുമില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ പിൻബലം തന്നെയാണ്, മുഖ്യമന്ത്രിയുടെ പിൻബലം തന്നെയാണ്. ഈ പിൻബലത്തിലാണ് മാഫിയകൾ, കെട്ടിട നിർമ്മാതാക്കൾ ഇതെല്ലാം ചെയ്യുന്നതെന്നുള്ളതാണ് വസ്തുത. അനധികൃതമായി സ്ഥലം കയ്യേറി നിർമ്മിക്കുന്ന പാറ്റൂർ ഫ്ലാറ്റിൽ നിർമ്മാണ പ്രവൃത്തികൾ തകൃതിയായി നടന്നുകൊണ്ടിരിക്കുകയാണ്. ചോദിക്കാനും പറയാനും ഇവിടെ ആരുമില്ല. ഇവിടെ ഒരു ഗവൺമെന്റുണ്ടോ; ആർക്കും എന്തും ചെയ്യാം.

പണമുള്ളവർക്ക് എന്തും ചെയ്യാമെന്നുള്ളതാണ്. ആരും ചോദിക്കില്ല. അതെല്ലാം കണ്ട് കണ്ണുംപൂട്ടി അടങ്ങിയിരിക്കുകയാണ് നമ്മുടെ ഗവൺമെന്റും നമ്മുടെ ഭരണാധികാരികളും. 'പണമുള്ളവർ നിർമ്മിച്ച നീതി, ഇതിലൊന്നും പറയാനില്ലേ' എന്ന് പണ്ടൊരിക്കൽ കവി പാടിയിരുന്നു. നമ്മുടെ മന്ത്രിമാരിൽ പലരും കോടാനുകോടി രൂപയുടെ ഉടമകളാണ്. അവരുടെ നീതിയാണ് ഇവിടെ നടപ്പിലാക്കുന്നത്. ആരും ചോദിക്കാനും പറയാനും ഇല്ലെന്നുള്ള സ്ഥിതിയാണ്. അതിനെല്ലാം അംഗീകാരം കൊടുക്കാൻ ആവശ്യമായ ഒരു നിയമമാണ്, അഴിമതിയുടെ ക്രമവത്ക്കരണമാണ് ഇവിടെ നടക്കുന്നത്. ഇതിനെല്ലാം എതിരായി ജനങ്ങൾ പ്രതികരിച്ചുതുടങ്ങിയിരിക്കുകയാണ്. ഇതെല്ലാം ജനങ്ങൾ കാണാതിരിക്കുന്നില്ല. ആ പ്രതികരണമാണ് കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിലൂടെ കേരളത്തിലെ ജനങ്ങൾ വിധിയെഴുതിയത്. എന്താണ് സ്ഥിതി?

എന്റെ ജില്ലയുടെ കാര്യം പറയാം. മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, കെ.പി.സി.സി. പ്രസിഡന്റ്, ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തുടങ്ങിയ യു.ഡി.എഫ്.ന്റെ പ്രമുഖരായ മുഴുവൻ നേതാക്കളും കാസർഗോഡ് ജില്ലയിൽ പഞ്ചായത്തുതോറും പര്യടനം നടത്തി. എന്നിട്ടെന്താണ് സ്ഥിതി? അവിടെ ഇക്കാലമത്രയും കോൺഗ്രസ്സിന്റെ ശക്തികേന്ദ്രമായിരുന്ന, 18 സീറ്റിൽ 17 സീറ്റിലും യു.ഡി.എഫ്. ജയിക്കുന്ന ഒരു പഞ്ചായത്തിൽ കോൺഗ്രസ്സിന് 2 സീറ്റാണ് ലഭിച്ചത്. അത് ചിറ്റാരിക്കൽ പഞ്ചായത്താണ്. ഞങ്ങൾക്ക് അവിടെ കഴിഞ്ഞ തവണ ഒരു സീറ്റാണ് ലഭിച്ചത്. ഇവരെല്ലാം അവിടെ പോയി പ്രസംഗിച്ചു. ജനങ്ങൾ അതിനൊന്നിനും വില കൽപ്പിച്ചില്ല. അങ്ങനെ ഒരുപാട് കാര്യങ്ങളുണ്ട്. ഞാൻ അതിന്റെയെല്ലാത്തിന്റേയും വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ രീതിയിൽ കോൺഗ്രസ്സിന് വലിയ തിരിച്ചടിയാണ്. കഴിഞ്ഞ പ്രാവശ്യം കോൺഗ്രസ്സിന് കാസർഗോഡ് ജില്ലയിൽ 10 പഞ്ചായത്തുണ്ടായിരുന്നു. ഇപ്പോൾ നാല് പഞ്ചായത്താണുള്ളത്. മുഖ്യമന്ത്രിയായാലും മറ്റ് മന്ത്രിമാരായും ജില്ലയിൽ വന്ന് വാഗ്ദാനങ്ങളുടെ പെരുമഴയാണ് നടത്തിയത്. അതെല്ലാം നടപ്പിലാക്കണ്ടേ? ഇന്നലെ ഒരു പത്രത്തിൽ പറഞ്ഞിരിക്കുന്നത്, ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാസർഗോഡ് മെഡിക്കൽ കോളേജ് അവിടെ സ്ഥാപിക്കാതിരിക്കാൻ അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് കേരളത്തിലെ മെഡിക്കൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരാണെന്നാണ്. എത്രയോ തവണ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ പ്രമേയം അവതരിപ്പിച്ചു. ഇപ്പോൾ അവിടുത്തെ എല്ലാ കക്ഷിരാഷ്ട്രീയത്തിലുംപെട്ട ആളുകൾ വളരെ വിപുലമായ ഒരു യോഗം ചേർന്ന്, മുഖ്യമന്ത്രി കാസർഗോഡ് ജില്ലയിൽ വരുന്ന ദിവസം അവിടെ ഹർത്താൽ ആചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും എല്ലാ പ്രസ്ഥാനങ്ങളും ചേർന്നാണ് തീരുമാനിച്ചിരിക്കുന്നത്. അത്രമാത്രം കാസർഗോഡ് ജില്ലയിലെ

ജനങ്ങൾ ഈ ഗവൺമെന്റിന്റെ ഭരണത്തെ, മന്ത്രിമാരുടെ വാഗ്ദാനങ്ങളുടെ ലംഘനത്തെ അങ്ങേയറ്റം സഹിച്ചതിന്റെ അടിസ്ഥാനത്തിലാണിത്. ഇതാണ് കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ജനങ്ങൾ യു.ഡി.എഫ്.ന് എതിരായി വിധിയെഴുതാൻ തയ്യാറായത്. ഇതുതന്നെയാണ് ഇനിയും വരാൻ പോകുന്നത്. അടുത്ത തെരഞ്ഞെടുപ്പിൽ ഞങ്ങൾതന്നെ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ഇവിടെ അധികാരത്തിൽ വരുമെന്നും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയാകുമെന്നും ഇവിടെ കഴിഞ്ഞ ദിവസം ശ്രീ. റ്റി. എൻ. പ്രതാപൻ ഉൾപ്പെടെയുള്ളവർ പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടി യു.ഡി.എഫ്.ന്റെ അവസാനത്തെ മുഖ്യമന്ത്രിയാണെന്ന് ആരാണ് പറഞ്ഞത്. ഞങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതാക്കളല്ലല്ലോ പറഞ്ഞത്. ദേശാഭിമാനിയോ ജനയുഗമോ അല്ലല്ലോ അങ്ങനെ പറഞ്ഞത്. ആരാണ് ഇവിടെ പറഞ്ഞത്; പറഞ്ഞയാൾ ഇവിടെ ഇരിക്കുന്നുണ്ടല്ലോ; ഭരണപക്ഷത്തുള്ള ആളുകൾക്കുതന്നെ ഈ ഗവൺമെന്റിനെ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ട്. ഈ രീതിയിൽ മുന്നോട്ടുപോയാൽ...... ഇന്നിപ്പോൾ കോൺഗ്രസ്സിനെ സംബന്ധിച്ച് എന്തൊക്കെയോ വാർത്തകൾ ടെലിവിഷനിലൊക്കെ വരുന്നുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അടുത്ത തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സും യു.ഡി.എഫ്.ഉം തകർന്ന് തരിപ്പണമാകുമെന്ന കാര്യത്തിൽ ഒരു സംശയവും ആർക്കും വേണ്ട. അതിനെല്ലാം മകുടംചാർത്തുന്ന രീതിയിലാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഈ ബില്ലിന്റെ നാനാവശങ്ങളെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. എറണാകുളം പട്ടണം വളരെ താഴ്ന്നുകിടക്കുന്ന പട്ടണമാണ്. കേരളത്തിലെ ഏറ്റവും വലിയ ഒരു പട്ടണമാണ്. കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം എന്നിവയുടെ ഭാഗമായി ലോകത്തിലെ പല ദ്വീപുകളും വെള്ളത്തിന്നടിയിലായിക്കൊണ്ടിരിക്കുകയാണ്. ലോകത്തിലെ പല രാജ്യങ്ങളിലും വെള്ളം കയറിക്കൊണ്ടിരിക്കുകയാണ്. 2025 ആകുമ്പോഴേക്കും എറണാകുളം പട്ടണം വെള്ളത്തിൽ മുങ്ങും എന്നാണ് ഞാൻ വായിച്ചിട്ടുള്ള ഒരു ലേഖനത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത് ശാസ്ത്രജ്ഞന്മാർ പറയുന്നതാണ്, അല്ലാതെ രാഷ്ട്രീയക്കാരാരും പറഞ്ഞതല്ല. 2025 ആകുമ്പോഴേക്കും വെള്ളം കടലിന്റെ നിരപ്പുവരെ ഉയർന്നുവരും. അതിന്റെ കാരണം എല്ലാവർക്കുമറിയാം. മഞ്ഞുരുകുകയാണ്. ആ മഞ്ഞുരുകി കടലിലേക്കാണ് വരുന്നത്. അതുപോലെതന്നെ ആഗോള താപനവും. ഇതിന്റെയെല്ലാം ഭാഗമായി വലിയ പ്രത്യാഘാതങ്ങളാണ് ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ താഴ്ന്നപ്രദേശങ്ങളായ എറണാകുളം പോലുള്ള വലിയ പട്ടണങ്ങൾ ആ ദുരന്തത്തിന് ഇരയാവാൻ പോവുകയാണ്. അങ്ങനെയുള്ള സന്ദർഭത്തിലാണ് 25 - 30 നില കെട്ടിടങ്ങൾ വരുന്നത്. ഇവിടെ താമസിക്കാനെന്നാണ് പറയുന്നത്. താമസിക്കാൻ വേണ്ടി ആരെങ്കിലും ആത്മഹത്യയ്ക്ക് തയ്യാറാകുമോ? അപ്പോൾ ഇതെല്ലാം വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യങ്ങളാണ്. ഇവിടെ നിയമം വേണ്ടായെന്നൊന്നും പറയുന്നില്ല. അനധികൃതമായി കെട്ടിടങ്ങൾ ഉണ്ടാക്കുക,

നിയമം ലംഘിച്ച് കെട്ടിടങ്ങൾ ഉണ്ടാക്കുക, ഹൈക്കോടതി വിധിയെപ്പോലും നിസ്സാരവത്ക്കരിക്കുക, ഇങ്ങനെയൊക്കെ ഇവിടെ പ്രവർത്തിക്കുമ്പോൾ ഇവയൊക്കെ നിയന്ത്രിക്കുന്ന ഒരു നിയമം ഇവിടെ വേണം. യു.ഡി.എഫിന്റെ കൂടെനിൽക്കുന്ന കെട്ടിട മാഫിയയെ സംരക്ഷിക്കുന്നതിനും അവരുടെ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനും വേണ്ടിയിട്ടാണ് ഇപ്പോൾ ഈ നിയമം ഇവിടെ കൊണ്ടുവന്നിട്ടുള്ളത് എന്നുകൂടി സൂചിപ്പിച്ച് എന്റെ ഭേദഗതി മൂവ് ചെയ്തു കൊണ്ട് അവസാനിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ചങ്ക് എടുത്തു കാണിച്ചാലും ചെമ്പരത്തിപ്പൂവാണെന്നു പറയുന്ന രീതിയിലാണ് പ്രതിപക്ഷത്തെ ചില എം.എൽ.എ.മാർ ഇവിടെ സംസാരിച്ചത്. ഈ ബില്ലിന്റെ നല്ല വശങ്ങളൊന്നും ശ്രദ്ധിക്കാതെ ഇല്ലാത്തതും സംഭവിക്കാത്തതുമായ കാര്യങ്ങളെ പറ്റിയാണ് അവർ കൂടുതലും സംസാരിച്ചത്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഒരു ഫ്ലാറ്റോ, വീടോ, ഓഫീസ് സ്പേസോ അല്ലെങ്കിൽ കമേഴ്സ്യൽ സ്പേസോ വിൽപ്പന നടത്തുമ്പോൾ അതൊരു കൃത്യമായ എഗ്രിമെന്റ് പ്രകാരമാകണമെന്നും ആ എഗ്രിമെന്റിൽ ഭൂമിയുടെ ഉടമസ്ഥരേഖകൾ, പെർമിറ്റിന്റെയും മുഴുവൻ പ്ലാനുകളുടെയും കോപ്പികൾ, എൻ.ഒ.സി.കളുടെ കോപ്പികൾ എന്നിവ വാങ്ങുന്ന ആൾക്കാർക്ക് നിർമ്മാതാക്കൾ നൽകാൻ ബാധ്യസ്ഥരാണ് എന്നാണ് ഈ നിയമപ്രകാരം പറയുന്നത്. ഇപ്രകാരം ഒരു കോംപ്രിഹെൻസീവായ എഗ്രിമെന്റ് ഏതെങ്കിലും കാരണത്താൽ ലംഘിക്കപ്പെട്ടാൽ അതോറിറ്റിയെ സമീപിക്കാം. അതോറിറ്റിയുടെ ഉത്തരവിനെതിരെ ട്രൈബ്യൂണലിൽ അപ്പീൽ നൽകാം. ഹൈക്കോർട്ട് ജഡ്ജിന്റെ സ്റ്റാറ്റസുള്ള ട്രൈബ്യൂണലാണ്, കഠിനമായ ശിക്ഷയുമുണ്ട്. ഇതാണ് പ്രധാനമായും ഈ ബിൽ പ്രകാരം ഉദ്ദേശിക്കുന്നത്. മറ്റ് ഏജൻസികളിൽ നോക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അതായത് പരിസ്ഥിതി, അതുപോലെതന്നെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി, ഫയർ എൻ.ഒ.സി, പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയവ പരിശോധിക്കാൻ പ്രത്യേക വകുപ്പുകളും പ്രത്യേക നിയമങ്ങളും ഉണ്ട്. അതൊന്നും ഈ ബില്ലിൽ ഞങ്ങൾ പ്രതിപാദിക്കുന്നില്ല. ഇതിൽ വെറും റിയൽ എസ്റ്റേറ്റ് ഡെവലപ്മെന്റിന്റെ കാര്യം മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. ഫ്ലാറ്റുകൾ മാത്രമല്ല വാണിജ്യ ഓഫീസുകളും വിവരസാങ്കേതിക വിദ്യ കെട്ടിടങ്ങളുമെല്ലാം ഇതിൽ ഉൾപ്പെടും. വിൽപ്പനയ്ക്കുള്ള എല്ലാ സ്ഥലങ്ങളും അത് വില്ലയായാലും കമേഴ്സ്യൽ സ്പേസ് ആയാലും ഓഫീസ് ആയാലും എല്ലാം ഉൾപ്പെടും. ചെറിയ കെട്ടിടങ്ങളെ ഈ പരിധിയിൽ കൊണ്ടുവരാത്ത കാര്യങ്ങളാണ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞത്. 12 ഫ്ലാറ്റുകളുള്ള കെട്ടിടങ്ങൾ കൂടുതലും വരുന്നത് ചെറിയ നഗരങ്ങളിലാണ്. ചെറിയ നഗരങ്ങളിൽ 12 ഫ്ലാറ്റുകളുണ്ടാക്കിയിട്ടുണ്ടെങ്കിൽ വിൽപ്പന നടത്തുന്നത് അവർ അറിയുന്ന ആൾക്കാരുമായിട്ടായിരിക്കും, അല്ലാതെ അവർ അറിയാത്ത

ആൾക്കാരുമായിട്ടല്ല. ചെറിയ ടൗണുകളിലൊന്നും ദൂരസ്ഥലങ്ങളിലുള്ളവരാരും പോയി താമസിക്കുന്നില്ല. അതുകൊണ്ട് ഈ പ്രൊമോട്ടറും വാങ്ങുന്ന ആളും തമ്മിൽ കൃത്യമായിട്ടുള്ളൊരു ബന്ധമുണ്ട് എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ചെറിയ ആൾക്കാരെ ഇതിൽ കൊണ്ടുവരാത്തത്. ചെറിയ പ്രദേശങ്ങളിൽ അവർ അങ്ങോട്ടുമിങ്ങോട്ടും അറിയുന്നതുകൊണ്ട് അവരുടെ പ്രശ്നങ്ങൾ അവർ തന്നെ പരിഹരിക്കുമെന്നുള്ളതുകൊണ്ടാണ്. അല്ലെങ്കിൽ അത് വലിയ പ്രശ്നമാണ്. കാരണം, അവർ തിരുവനന്തപുരത്തുവന്ന് രജിസ്റ്റർ ചെയ്യണം, അതുപോലെ മറ്റെന്തെങ്കിലും കാര്യങ്ങൾ ചെയ്യുകയെന്നത് അവരെ സംബന്ധിച്ച് ബുദ്ധിമുട്ടുമാണ് എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്യുന്നത്. അതുപോലെതന്നെ 12 എണ്ണം ഒരു സ്ഥലത്തുണ്ടാക്കുക പിന്നെ വേറെ സ്ഥലത്ത് 12 എണ്ണം ഉണ്ടാക്കുക, അത് കഴിയില്ല. കാരണം കെ.എം.പി.ആർ പ്രകാരം ഇത്ര സ്പേസ് ഓപ്പണായി വിടണമെന്നും അതുപോലെ അതിൽ കോമൺ ഏര്യയും അൺഡിവൈഡഡ് ഷെയറുമൊക്കെ പറഞ്ഞിട്ടുണ്ട്. അപ്പോൾ സ്വാഭാവികമായിട്ടും അത് ഒരിക്കലും ഇതേപോലെ നമുക്ക് ചെയ്യാൻ കഴിയില്ല. പുനർവികസനത്തെ സംബന്ധിച്ച്, വിൽപ്പന ഉൾപ്പെടാത്ത പുനർവികസനം എന്നാണ് ബില്ലിലുള്ളത്. വിൽപ്പന ബില്ലിന്റെ പരിധിയിൽ വരും. അത് ഒരിക്കലും നമുക്ക് ഒഴിവാക്കാൻ കഴിയില്ല. മറ്റൊന്ന് കേവല ഭൂരിപക്ഷത്തെക്കുറിച്ചാണ്. 51-ാളം ആൾക്കാർ എന്നത് കേവലഭൂരിപക്ഷത്തിന് മതിയാകും. കാരണം ബിൽഡർമാരുടെ ജെനുവിൻ പ്രശ്നങ്ങൾ കാണാതെ പണം മാത്രം മോഹിച്ചുകൊണ്ട് ചില ആൾക്കാർ ഇത് ബുക്ക് ചെയ്യുന്നുണ്ട്. ഇന്ന് ചെറിയ എമൗണ്ട് കൊടുത്ത് ബുക്ക് ചെയ്യുന്നു. പിന്നെ കുറേക്കാലം കഴിഞ്ഞ് അത് മറിച്ചുവിൽക്കുന്ന ഒരു രീതിയുണ്ട്. അപ്പോൾ സ്വാഭാവികമായും ഭൂരിപക്ഷം, അതായത് 51 ശതമാനം ആൾക്കാരും അതിനനുസരിച്ച് വരുകയാണെന്നുണ്ടെങ്കിൽ നമുക്ക് അത് ചെയ്യാൻ കഴിയുന്നതാണ്. അല്ലെങ്കിൽ ചിലപ്പോൾ ബ്ലാക്ക്മെയിൽ ചെയ്യപ്പെടാം. ഫ്ലാറ്റു വാങ്ങുന്നവരും മറ്റുള്ളവരുടെ അവകാശങ്ങളെ അതുമൂലം നിഷേധിക്കാം. ഇതൊഴിവാക്കാനാണ് കേവലഭൂരിപക്ഷമെന്ന് ബില്ലിലുള്ളത്. നിർമ്മാതാവും വാങ്ങുന്നവരും തമ്മിൽ ഏർപ്പെടുന്ന എഗ്രിമെന്റ് രണ്ടു കൂട്ടരും പാലിക്കുന്നു എന്ന് ഉറപ്പു വരുത്താനാണ് ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. മിനിമം കാര്യങ്ങൾ ഉൾപ്പെടുത്തിയ ഒരു മാതൃക എഗ്രിമെന്റ് നൽകുന്നുണ്ട്. റിവോക് ചെയ്യാനുള്ള നടപടിക്രമങ്ങളും ഈ എഗ്രിമെന്റിൽ തന്നെയുണ്ടാകും. മറ്റൊന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞത് ചൂണ്ടിക്കാട്ടിയവസരമാണ്. റിയൽ എസ്റ്റേറ്റ് ഒരുമിച്ച് ഒരാൾ വാങ്ങുകയാണെങ്കിൽ നമ്മൾ അതിൽ ഇടപെടുന്നില്ല. അത് നമ്മുടെ വകുപ്പുമല്ല. ഇവിടെ കെട്ടിടം വച്ച് അല്ലെങ്കിൽ അത് പൊതുജനങ്ങളുമായി ബന്ധപ്പെട്ട് ചെറിയ വില്ലയുവേണ്ടിയുള്ള പ്ലോട്ടുകളായി വിൽപ്പന നടത്തുന്നെങ്കിൽ അത് ബില്ലിൽ വരും എന്നല്ലാതെ ഒരുമിച്ച് ഒരു സ്ഥലം വാങ്ങി അത് വേറൊരാൾ മറിച്ച് കച്ചവടം

ചെയ്യുന്നത് ഈ ബില്ലിൽ ഉൾപ്പെടുത്താൻ കഴിയില്ല. അതിലൊരിക്കലും നമ്മുടെ കൺട്രോൾ ഉണ്ടാവുകയുമില്ല. പക്ഷെ പൊതുജനങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അതായത്, സ്ഥലം വാങ്ങി ചെറിയ പ്ലോട്ടുകളായി വീതിച്ച് നൽകുകയാണെങ്കിൽ നമുക്കിതിൽ കൊണ്ടുവരാൻ കഴിയും. വേറൊന്നുള്ളത് വസ്തുവിൽപ്പന കരാറിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ അലോട്ട്മെന്റ് റദ്ദ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിലെന്തെങ്കിലും മാൽപ്രാക്ടീസ് നടന്നാൽ ട്രൈബ്യൂണലിൽ പരാതിപ്പെടാം. ഇതുമൂലം വളരെ സുതാര്യമായും എളുപ്പത്തിലും പരാതി പരിഹരിക്കാൻ സാധിക്കും. വേറൊന്നുള്ളത് രണ്ടു വർഷത്തിനകം ഉണ്ടാകുന്ന തകരാറുകൾ മാത്രമേ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കാരണം ഇപ്പോൾ അങ്ങനെയൊരു കണ്ടീഷൻ ഇല്ല. ഫ്ലാറ്റു വാങ്ങിയാൽ നിങ്ങൾക്ക് എന്തു വേണമെങ്കിലും ചെയ്യാം. അതിലെന്തെങ്കിലും തകരാറു വന്നാൽ നിങ്ങളത് റിപ്പയർ ചെയ്യണം. രണ്ടും മൂന്നും അഞ്ചും വർഷമൊക്കെ നന്നാക്കി കൊടുക്കുന്ന ചില കമ്പനികളുണ്ട്. നല്ല ജെനുവിൻ ബിൽഡേഴ്സുണ്ട്, അവരൊക്കെ ചിലപ്പോൾ നന്നാക്കി കൊടുക്കുന്നുണ്ട്. പക്ഷെ അഞ്ചു വർഷം എന്നൊക്കെ വയ്ക്കുമ്പോൾ അത് വലിയ പ്രശ്നത്തിലേയ്ക്ക് പോകും. കാരണം പൈപ്പ്, ഇലക്ട്രിക്കൽ തുടങ്ങിയവയ്ക്കൊന്നും അഞ്ച് വർഷത്തെ ഗ്യാരന്റി ആരും തരുന്നില്ല. അതുകൊണ്ടാണ് രണ്ട് വർഷം എന്ന നിലയിൽ അത് കണക്കുകൂട്ടിയിട്ടുള്ളത്. ബിൽഡർമാരുടെ പ്രശ്നങ്ങളും നമ്മൾ മനസ്സിലാക്കണം. അല്ലാതെ ഒന്നടങ്കം ഇതുപോലെയുള്ള കണ്ടീഷൻ വയ്ക്കുകയാണെങ്കിൽ ഇതിന്റെ സ്ക്വയർ ഫീറ്റ് റേറ്റൊക്കെ വല്ലാതെ ഉയരത്തിലേയ്ക്ക് പോകും. വലിയ കൺട്രോൾ വയ്ക്കുമ്പോൾ സ്വാഭാവികമായും അത് ഉയരത്തിലേയ്ക്ക് പോകുമെന്ന് മനസ്സിലാക്കിക്കൊണ്ടാണ് അനാവശ്യമായിട്ടുള്ള ചെറിയ കാര്യങ്ങൾ വയ്ക്കാതിരിക്കുന്നത്. പിന്നെ ഈ വാങ്ങുന്നവർക്കെന്തെങ്കിലും നഷ്ടം വന്നാൽ സെക്ഷൻ 17(12) പ്രകാരം പലിശ സഹിതം പണം തിരിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. പലിശയുടെ റേറ്റ് റൂൾസിൽ ഉണ്ടാക്കാം, അല്ലെങ്കിൽ സാധാരണ ഗവൺമെന്റിന്റെ ഒരു പ്രിവെയിലിംഗ് റേറ്റ് ഉണ്ട്. ആ റേറ്റാണ് പലിശയായി കണക്കുകൂട്ടുന്നത്. നയപരമായിട്ടുള്ള കാര്യങ്ങൾക്കു മാത്രമേ സർക്കാരിന് നിർദ്ദേശം നൽകാൻ അധികാരമുള്ളൂ. അതല്ലാതെ എല്ലാ കാര്യങ്ങളിലും സർക്കാർ ഇടപെട്ടാൽ അതിന് ഒരു കൃത്യതയുണ്ടാകില്ല. മറ്റൊന്ന്, 70 ശതമാനം സംഖ്യയെക്കുറിച്ചാണ്. കേന്ദ്രത്തിലുള്ള ബില്ലിൽ 50 ശതമാനം മാത്രമാണ് ഇപ്പോൾ വച്ചിട്ടുള്ളത്. അത് ചിലപ്പോൾ ഉയർത്താനുള്ള സാദ്ധ്യതയുണ്ടെന്ന് തോന്നുന്നു, കൃത്യമായിട്ട് അറിയില്ല. പക്ഷെ ലാന്റാണ് ഇതിൽ പ്രധാനപ്പെട്ട ഇൻവെസ്റ്റ്മെന്റ്.

04.00 PM]

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, 70 ശതമാനമോ അല്ലെങ്കിൽ അതോറിറ്റിക്ക് യുക്തമായി തോന്നുന്ന നിലയിൽ താഴേയ്ക്ക് എന്നേ പറഞ്ഞിട്ടുള്ളൂ. യുക്തം എന്ന് പറഞ്ഞാൽ എന്തും ആവാമല്ലോ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്നാൽ ഇങ്ങനെയൊരു നിയമം കൊണ്ടുവരേണ്ടതില്ലല്ലോ. ഇതുപോലുള്ള വികസനങ്ങളുടെ ഏറ്റവും വലിയ ഇൻവെസ്റ്റുമെന്റ് എന്നുപറയുന്നത് ഭൂമിയാണ്. നമ്മൾ 70 ശതമാനം തന്നെയാണ് വയ്ക്കുന്നത്. കേന്ദ്രത്തിൽ 50 ശതമാനമാണ്. കഴിഞ്ഞപ്രാവശ്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഞാൻ ഉറപ്പുകൊടുത്തതാണ്. ഇപ്പോഴത്തെ നിലയിൽ 70 ശതമാനമെന്നുള്ളത് കുറയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഞാൻ അഷ്വർ ചെയ്യുന്നു, That will be 70% only, not less than that.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ Town and Country Planning Act-നെ സംബന്ധിച്ചാണ് കൂടുതലും പ്രസംഗിച്ചത്. അത് മാറ്റിവച്ച ബില്ലിലുള്ളതാണ്. ആ ബില്ല് വരുമ്പോൾ അതിനെക്കുറിച്ച് കൂടുതൽ സംസാരിക്കാം. ഫയർ എൻ.ഒ.സി.യെക്കുറിച്ച് എല്ലാവരും കാര്യമായി സംസാരിച്ചു. അതിനെ സംബന്ധിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. കൃത്യമായി ഹൈക്കോടതി ഉത്തരവുപ്രകാരം മാത്രമാണ് ഫയർ എൻ.ഒ.സി. കൊടുക്കാൻ ആവശ്യപ്പെട്ടത്. തുടക്കം മുതലുള്ള നിയമം ഒരുദ്യോഗസ്ഥൻ വന്ന് മാറ്റുകയെന്നുപറയുന്നത് ശരിയല്ല. അദ്ദേഹത്തിന് ഇഷ്ടംപോലെ ഇന്റർപ്രെട്ട് ചെയ്യാനുള്ളതല്ല നിയമം. മുൻകാലങ്ങളിൽ എങ്ങനെയാണ് ചെയ്തിരുന്നത് അതേ രീതിയിൽത്തന്നെ കൊണ്ടുവരണം. ആ ഉദ്യോഗസ്ഥന്റെ കാര്യങ്ങളൊക്കെത്തന്നെ ഇവിടെ ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ പറഞ്ഞതിനാൽ ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അങ്ങയുടെ കീഴിലുള്ള ഒരുദ്യോഗസ്ഥനെ അസംബ്ലിയിൽവന്നിങ്ങനെ ചീത്ത പറയേണ്ട കാര്യമെന്താണ്? ഇതൊക്കെ നാണക്കേടാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഉദ്യോഗസ്ഥനെ ചീത്ത പറഞ്ഞിട്ടില്ല. ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞതിന് മറുപടി പറഞ്ഞുവെന്നേയുള്ളൂ, പാർട്ട്ണർ കേരള മിഷനെക്കുറിച്ച് ശ്രീ. കെ. വി. വിജയദാസ് സംസാരിച്ചു. അതിന് ഇതുമായി യാതൊരു ബന്ധവുമില്ല. എങ്കിൽത്തന്നെയും പാർട്ട്ണർ കേരള മിഷൻവഴി നമ്മൾ ഒരിഞ്ച് ഭൂമിപോലും ഒരാൾക്കും കൊടുക്കുന്നില്ല എന്നാണ് അതുസംബന്ധിച്ച് പറയുവാനുള്ളത്. അവയെല്ലാം മുനിസിപ്പാലിറ്റികളുടെ അസറ്റായിത്തന്നെ നിലനിൽക്കും. യു.ഡി.എഫ്.ന്റെയും എൽ.ഡി.എഫ്.ന്റെയുമടക്കം ഏകദേശം

അമ്പതോളം മുനിസിപ്പാലിറ്റികൾ മാസങ്ങൾക്കുമുൻപുതന്നെ എഗ്രിമെന്റിൽ ഒപ്പുവച്ചിട്ടുണ്ട്. അതിൽ അദ്ദേഹത്തിന്റെ പാർട്ടിയുണ്ടോയെന്ന് എനിക്കറിയില്ല. ഒരിഞ്ചു സ്ഥലംപോലും ആർക്കും കൊടുക്കില്ല. അക്കാര്യത്തിൽ ആർക്കും ഭയം വേണ്ട.

ശ്രീ. ഷാഫി പറമ്പിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ കാര്യം പറഞ്ഞു. അക്കാര്യം പരിശോധിച്ച് പെട്ടെന്നുതന്നെ കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കാം. 7 days registration time വളരെ ചെറുതാണെന്ന് ശ്രീ. കെ. ശിവദാസൻ നായർ പറയുകയുണ്ടായി. ചരിത്രത്തിലാദ്യമായി അപേക്ഷകളെല്ലാം ഓൺലൈനാക്കുകയുണ്ടായി. അതുകൊണ്ടാണ് 7 days registration time വച്ചത്. മുനിസിപ്പാലിറ്റികളിലെ ബിൽഡിംഗ് ആപ്ലിക്കേഷനിൽ ഓൺലൈനായി വരുന്ന അപേക്ഷ പിന്നീട് ടൗൺപ്ലാനിംഗിലേയ്ക്ക് വരുന്നു. അതിനുശേഷം സി.ടി.പി.യിലേയ്ക്കും ഇവിടെനിന്ന് അപ്രൂവ് ചെയ്തുകഴിഞ്ഞാൽ ഈ അതോറിറ്റിയുടെ കമ്പ്യൂട്ടറിലേയ്ക്കും പോകും. അതുകൊണ്ടാണ് 7 ദിവസമെന്നുപറയുന്നത്. എങ്കിൽതന്നെയും ബഹുമാനപ്പെട്ട അംഗം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതിനെ 15 ദിവസമെന്ന രീതിയിലേയ്ക്ക് മാറ്റം വരുത്താം. 10 ശതമാനം അഡ്വാൻസ് വാങ്ങാമോ എന്ന് അദ്ദേഹം സംശയം പ്രകടിപ്പിച്ചിരുന്നു. 10 ശതമാനം അഡ്വാൻസ് എന്നത് പലപ്പോഴും ലാന്റ് ഡീലിംഗിനാണ്. ഈ സ്ഥലങ്ങളൊക്കെ ഒരു 70 ശതമാനമൊക്കെ കൊടുത്തുകഴിഞ്ഞാൽ ചിലപ്പോൾ 10 ശതമാനം അഡ്വാൻസ് മറ്റുള്ളവരിൽനിന്ന് കളക്ട് ചെയ്യാതെ അത് പൂർത്തീകരിക്കാൻ കഴിയില്ല. അപ്പോൾ അതുംകൂടി മനസ്സിലാക്കിക്കൊണ്ടാണ് 10 ശതമാനം മാക്സിമം അഡ്വാൻസ് എന്നുള്ള നിലയിൽ വച്ചിട്ടുള്ളത്. പലിശ കൊടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ പ്രിവെയ്‌ലിംഗ് റേറ്റിൽ കൊടുക്കാമെന്നുള്ളതാണ്. സെക്രട്ടറി വേണമെന്നും ചുമതല സ്പെസിഫൈ ചെയ്യണമെന്നും പറഞ്ഞിട്ടുള്ളത് ശരിയാണ്. അത് റൂൾസിൽ കൊണ്ടുവരാൻ കഴിയും. എന്റെ പ്രിയങ്കരനായ സുഹൃത്ത് ശ്രീ. പി. കെ. ബഷീർ പറഞ്ഞത് ഇതിനെക്കുറിച്ചാണ്. പക്ഷേ ഇൻവെസ്റ്റ്മെന്റ്, ഷെയർ പോലെയുള്ളവ ഈ വകുപ്പിൽപ്പെടുന്ന കാര്യങ്ങളല്ല. ബാങ്ക് സ്റ്റേറ്റുമെന്റും ഡെവലപ്പേഴ്സിന്റെ ഫിനാൻഷ്യൽ സ്റ്റാറ്റസുമെല്ലാം നോക്കണമെന്നുപറയുന്നത് വലിയൊരു കോംപ്ലിക്കേഷനിലേയ്ക്ക് പോകുമെന്നുള്ളതുകൊണ്ടാണ് അതിനെപ്പറ്റി ശ്രദ്ധിക്കാത്തത്. പ്ലാൻ അപ്രൂവലിനുള്ള ഡിലേയെ സംബന്ധിച്ച് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പഴയ കാലത്ത് വലിയ കെട്ടിടങ്ങളുടെ അപ്രൂവലിനായി പലപ്പോഴും രണ്ടുവർഷമൊക്കെ എടുത്തിരുന്നു. ഇപ്പോൾ ഓൺലൈനായതിന്റെ അടിസ്ഥാനത്തിൽ അതെല്ലാം വളരെ പെട്ടെന്നുതന്നെ ചെയ്യാൻ കഴിയും.

ശ്രീ. മുല്ലക്കര രത്നാകരൻ വളരെ ഭംഗിയായി പ്രസംഗിച്ചു. പക്ഷേ അദ്ദേഹം പറഞ്ഞത് പൊതുവേയുള്ള കാര്യങ്ങളാണ്, ബില്ലിലെ കാര്യങ്ങളല്ല. ഇതിനെ സംബന്ധിച്ച് കൃത്യമായ പഠനം നടത്തിയിട്ടുണ്ടോയെന്നാണ് അദ്ദേഹം ചോദിച്ചത്. തീർച്ചയായും പഠനം നടത്തിയിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയുടെ 52 ശതമാനത്തോളം ആളുകളും ഇന്ന് താമസിക്കുന്നത് നഗരങ്ങളിലാണ്. അവിടെ നമുക്ക് വീടുകളും ഫ്ലാറ്റുകളും നിർബന്ധമായും ആവശ്യമാണ്. വലിയ വീടുകൾക്ക് അധിക നികുതി ചുമത്തുന്ന കാര്യത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. അതിനെ സംബന്ധിച്ച് മുനിസിപ്പാലിറ്റിയുടെ ടാക്സ് ബിൽ വരുന്ന സമയത്ത് ആലോചിക്കാവുന്നതാണ്. ഇവിടെ 14 ലക്ഷം പൂട്ടിക്കിടക്കുന്ന വീടുകളുണ്ടെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇത് പ്രധാനമായും എൻ.ആർ.ഐ.ക്കാരുടേതാണ്. നാട്ടിലൊരു വീട് എന്നത് അവരുടെയെല്ലാം സ്വപ്നമാണ്. അതൊരു സേഫ്റ്റിയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് അവരത് വാങ്ങുന്നത്. അതില്ലാതിരിക്കാൻ പറ്റില്ല. രണ്ട് വീടുകളുള്ളവരിൽനിന്ന് അധിക നികുതി ഈടാക്കാൻ സാധിക്കും. പിന്നീട് അദ്ദേഹം പറഞ്ഞത് ചെന്നൈയിലുണ്ടായ വെള്ളപ്പൊക്കത്തെ സംബന്ധിച്ചാണ്. അത് നമ്മുടെയെല്ലാവരുടെയും കണ്ണ് തുറപ്പിക്കേണ്ടതാണ്. കാരണം, നമ്മുടെ കോർപ്പറേഷനുകളിലെ മാസ്റ്റർ പ്ലാനുകൾ വളരെ വർഷങ്ങൾ പഴക്കമുള്ളവയാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ 44 വർഷം പഴക്കമുള്ള മാസ്റ്റർ പ്ലാനാണ് ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കോഴിക്കോട് കോർപ്പറേഷന്റെ മാസ്റ്റർ പ്ലാനിന് 20 വർഷവും കൊച്ചിയിലേതിന് ഏകദേശം 30 വർഷവും പഴക്കമുണ്ട്. കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും വർഷങ്ങൾ പഴക്കമുള്ള മാസ്റ്റർ പ്ലാനുകളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷനുവേണ്ടി പുതിയൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകിയിരുന്നു. അവരത് അംഗീകരിച്ചെങ്കിലും പിന്നീട് ജനപ്രതിനിധികൾ അത് വേണ്ടെന്നുവച്ചതിന്റെ അടിസ്ഥാനത്തിൽ അതിനെ ഫ്രീസ് ചെയ്യുകയാണുണ്ടായത്. കണ്ണൂർ കോർപ്പറേഷനിലേത് ഫ്രീസ് ചെയ്തു. കോഴിക്കോടിന്റേത് അപ്രൂവലായിട്ടില്ലെങ്കിലും അവരും അത് വേണ്ടെന്നാണ് പറയുന്നത്. പുതിയ മാസ്റ്റർ പ്ലാനുകളെ സംബന്ധിച്ച് എല്ലാവർക്കും വലിയ അലർജിയാണുള്ളത്. അത് പരിഹരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. കൂടുതൽ കാര്യങ്ങളൊന്നും പറയുവാനില്ല. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാന്യരായ അംഗങ്ങൾക്കും മാധ്യമപ്രവർത്തകർക്കും കോഫീഹൗസിൽ ലഘുഭക്ഷണം അറേഞ്ച് ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.കെ.ബഷീർ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി.കെ.ബഷീർ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി.കെ.ബഷീർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## 2-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 2(എ)-യിൽ, "പരസ്യം ആയി വിവരിച്ചതോ നൽകിയതോ ആയ" എന്നീ വാക്കുകൾക്ക് പകരം "പ്രസിദ്ധീകരിച്ച" എന്ന വാക്ക് ചേർക്കുക.

151. ഖണ്ഡം 2(എ)-യിൽ, "വാഗ്ദാനം ചെയ്തുകൊണ്ട്" എന്നീ വാക്കുകൾക്ക് പകരം "ആവശ്യപ്പെട്ടുകൊണ്ട് " എന്ന വാക്ക് ചേർക്കുക.

152. ഖണ്ഡം 2(എ)-യിൽ, "ഏതെങ്കിലും രീതിയിൽ " എന്നീ വാക്കുകൾ ഒഴിവാക്കുക.

155. ഖണ്ഡം 2(എ)-യിൽ, " സർക്കുലറോ" എന്ന ചിഹ്നവും വാക്കും ഒഴിവാക്കുക.

158. ഖണ്ഡം 2(ബി)-യിൽ, "റിയൽ എസ്റ്റേറ്റ് പ്രോജക്റ്റുമായി ബന്ധപ്പെട്ട് " എന്നീ വാക്കുകൾ ഒഴിവാക്കുക.

159. ഖണ്ഡം 2(ബി)-യിൽ, "പ്രമോട്ടർ" എന്ന വാക്കിനു മുൻപായി "റിയൽ എസ്റ്റേറ്റ് പ്രോജക്റ്റുമായി ബന്ധപ്പെട്ട് " എന്നീ വാക്കുകൾ ചേർക്കുക.

160. ഖണ്ഡം 2(ബി)-യിൽ, "കൈമാറ്റം" എന്ന വാക്കിനു പകരം "ക്രയവിക്രയം" എന്ന വാക്ക് ചേർക്കുക.

163. ഖണ്ഡം 2 (ബി)-യിൽ "അതിൽ" എന്നതിനു ശേഷം "ഇങ്ങനെയുള്ളവരിൽ നിന്ന്" എന്ന് ചേർക്കുക.

166. ഖണ്ഡം 2(ബി)-യിൽ, "അനുവദിക്കൽ" എന്ന വാക്കിനു പകരം "ഉടമസ്ഥാവകാശം" എന്ന വാക്ക് ചേർക്കുക.

169. ഖണ്ഡം 2(സി)-യിൽ, "പാർപ്പിട യൂണിറ്റ്, ഫ്ലാറ്റ്, കെട്ടിടം, സ്യൂട്ട്, കെട്ടിടത്തിലെ മുറികൾ, വില്ല യൂണിറ്റ് എന്നോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും പേരിലോ വിളിക്കപ്പെട്ടാലും" എന്നീ വാക്കുകൾ ഒഴിവാക്കുക.

171. ഖണ്ഡം 2(സി)-യിൽ, "പാർപ്പിട ആവശ്യങ്ങൾക്കായോ" എന്ന വാക്കുകൾക്കു മുമ്പ് "പാർപ്പിടയൂണിറ്റ്, ഫ്ലാറ്റ്, കെട്ടിടം, സ്യൂട്ട്, കെട്ടിടത്തിലെ മുറികൾ, വില്ല യൂണിറ്റ് എന്നോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും പേരിലോ വിളിക്കപ്പെട്ടാലും" എന്നീ വാക്കുകൾ ചേർക്കുക.

173. ഖണ്ഡം 2(സി)-യിൽ, "ഏതെങ്കിലും വാഹനം" എന്നതിനുപകരം "യാത്രാ വാഹനങ്ങൾ " എന്നത് ചേർക്കുക.

183. ഖണ്ഡം 2(ഐ)-യിൽ, " പരിമിത" എന്ന വാക്കിന് പകരം " നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്ക് ചേർക്കുക.

186. ഖണ്ഡം 2(ഐ)-യിൽ, " ഏതെങ്കിലും എടുപ്പിന്റെയോ നിർമ്മാണത്തിന്റെയോ" എന്ന വാക്കുകൾക്ക് പകരം " അല്ലെങ്കിൽ അതിന്റെ " എന്നീ വാക്കുകൾ ചേർക്കുക.

191. ഖണ്ഡം 2(ജെ)-യിൽ, "ഏതെങ്കിലും" എന്ന വാക്ക് ഒഴിവാക്കുക.

193. ഖണ്ഡം 2(എൽ)-ൽ, "കാർപ്പെറ്റ്" എന്ന വാക്കിനു പകരം "കാർപെറ്റ്" എന്ന വാക്ക് ചേർക്കുക.

194. ഖണ്ഡം 2(എൽ)-ൽ, "ശേഷിക്കുന്ന" എന്ന വാക്കിനു ശേഷം "ഉൾഭാഗത്തെ ചുമരുകൾ ഒഴികെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

197. ഖണ്ഡം 2(എം), ചുവടെ ചേർക്കും പ്രകാരം മാറ്റുക:

" "ചെയർപേഴ്സൺ" എന്നാൽ 21-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ ചെയർപേഴ്സണും, 39-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെയർപേഴ്സണും ഉൾപ്പെടുന്നതാകുന്നു;"

198. ഖണ്ഡം 2(എൻ)-ൽ, "തുടർച്ചയായ" എന്ന വാക്കിനു മുൻപ് "ഒരു കോമ്പൗണ്ടിനുള്ളിലെ" എന്നീ വാക്കുകൾ ചേർക്കുക.

201. ഖണ്ഡം 2(ഒ)-യിൽ, " അലോട്ട് ചെയ്യപ്പെട്ടിട്ടുള്ള" എന്ന വാക്കുകൾക്ക് പകരം "അലോട്ട് ചെയ്യപ്പെട്ടിട്ടുള്ളതും, താമസക്കാരുമായ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

205. ഖണ്ഡം 2(ഒ)(ii)-യിൽ, "ഗസ്റ്റ് പാർക്കിംഗ്" എന്നതിനു പകരം "അതിഥികളുടെ വാഹന പാർക്കിംഗ്" എന്നീ വാക്കുകൾ ചേർക്കുക.

209. ഖണ്ഡം 2(ഒ)(iii)-യിൽ, "വസ്തുവിന്റെ" എന്ന വാക്കിനു പകരം "കോളനിയുടെ" എന്ന വാക്കു ചേർക്കുക.

211. ഖണ്ഡം 2(ഒ)(iv)-യിൽ,"വെള്ളം" എന്ന വാക്കിനു പകരം "ജലസംഭരണം" എന്ന വാക്ക് ചേർക്കുക.

222. ഖണ്ഡം 2(ആർ)-ൽ, "ഭൂമിയിൻമേലോ ഭൂമിക്ക് മുകളിലോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

228. ഖണ്ഡം 2(റ്റി)-ൽ, "എഡ്യൂക്കേഷന്റെ" എന്ന വാക്കിനു പകരം "എഡ്യൂക്കേഷൻ" എന്ന വാക്ക് ചേർക്കുക.

231. ഖണ്ഡം 2(റ്റി)-യിൽ, "ഒരു ബിരുദമോ" എന്നതിനു പകരം "എഞ്ചിനീയറിംഗ് ബിരുദമോ" എന്നീ വാക്കുകൾ ചേർക്കുക.

232. ഖണ്ഡം 2(യു)-വിൽ, "റിയൽ എസ്റ്റേറ്റ് പ്രോജക്ടിന്റെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

233. ഖണ്ഡം 2(വി)-യിൽ, "റോഡുകൾ" എന്ന വാക്ക് ഒഴിവാക്കുക.

237. ഖണ്ഡം 2(എക്സ്)-ൽ, "വെളിച്ചം" എന്ന വാക്കിന് പകരം "പ്രകാശം" എന്ന വാക്ക് ചേർക്കുക.

238. ഖണ്ഡം 2(എക്സ്)-ൽ, "ബന്ധിക്കപ്പെട്ട" എന്ന വാക്കിനു പകരം "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുക.

240. ഖണ്ഡം 2(എക്സ്)-ൽ, "ശാശ്വതമായി " എന്ന വാക്കിനു പകരം "സ്ഥിരമായി" എന്ന വാക്ക് ചേർക്കുക.

241. ഖണ്ഡം 2(എക്സ്)-ൽ, "പുല്ലോ" എന്ന വാക്കിനു പകരം "തൃണവർഗ്ഗത്തിൽപ്പെട്ട ചെടികളോ" എന്നീ വാക്കുകൾ ചേർക്കുക.

243. ഖണ്ഡം 2(വൈ)-യിൽ, "അതതു സംഗതിപോലെ" എന്ന വാക്കിനു പകരം "നിർണയിക്കപ്പെടാവുന്ന രീതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

245. ഖണ്ഡം 2(ഇസഡ്)-ൽ, "അഴുക്കുചാൽ, ഓവുചാൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

246. ഖണ്ഡം 2(ഇസഡ്)-ൽ, "വൃക്ഷം വളർത്തൽ" എന്നീ വാക്കുകൾക്കു പകരം "വൃക്ഷസംരക്ഷണം" എന്ന വാക്ക് ചേർക്കുക.

248. ഖണ്ഡം 2(ഇസഡ്)-ൽ, "വിദ്യാഭ്യാസം, ആരോഗ്യം എന്നീ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളും" എന്നതിനു പകരം "സാമൂഹ്യ ആവശ്യങ്ങളായ ആരോഗ്യം വിദ്യാഭ്യാസം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

250. ഖണ്ഡം 2(ഇസഡ്)-ൽ, "ശരിയായ രീതിയിലുള്ള" എന്നീ വാക്കുകൾക്ക് പകരം "പൊതുവായ" എന്ന വാക്ക് ചേർക്കുക.

255. ഖണ്ഡം 2(എബി) ചുവടെ ചേർക്കും പ്രകാരം മാറ്റുക:

"(എബി) "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്നാൽ 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു പഞ്ചായത്ത് അല്ലെങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റി എന്നർത്ഥമാകുന്നു;"

256. ഖണ്ഡം 2(എസി) ചുവടെ പറയും പ്രകാരം മാറ്റുക:

"(എസി) "അംഗം" എന്നാൽ 21-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിലെയും 39-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട റിയൽ എസ്റ്റേറ്റ് ട്രൈബ്യൂണലിലെയും അംഗം എന്ന് അർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;"

259. ഖണ്ഡം 2(എഇ)-യിൽ, "മറ്റ് " എന്ന വാക്ക് ഒഴിവാക്കുക.

269. ഖണ്ഡം 2(എഐ)(i)-ൽ, "അവകാശം" എന്ന വാക്കിനു പകരം "ഉടമസ്ഥാവകാശം" എന്ന വാക്ക് ചേർക്കുക.

270. ഖണ്ഡം 2(എഐ)(i)-ൽ, "മൊത്തം" എന്ന വാക്കിനു പകരം "പൂർണ്ണമായും" എന്ന വാക്ക് ചേർക്കുക.

275. ഖണ്ഡം 2(എജെ)-യിൽ, "വാഗ്ദാനം ചെയ്തുകൊണ്ടോ" എന്നീ വാക്കുകൾക്കു പകരം "ആവശ്യപ്പെട്ടുകൊണ്ട്" എന്ന വാക്ക് ചേർക്കുക.

277. ഖണ്ഡം 2(എജെ)-യിൽ "സർക്കുലറോ" എന്ന വാക്ക് ഒഴിവാക്കുക

279. ഖണ്ഡം 2(എകെ)-യിൽ, "റിയൽ എസ്റ്റേറ്റ് ഏജന്റ് എന്നാൽ" എന്നീ വാക്കുകൾക്ക് ശേഷം " 8(1)-ാം ഉപവകുപ്പ്" പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഏജന്റും," എന്നീ അക്കങ്ങളും വാക്കുകളും ചിഹ്നവും ചേർക്കുക.

173– 2(സി)-യിൽ, ഇതിൽ വാഹന പാർക്കിംഗിനെകുറിച്ച് പറയുന്നുണ്ട്. അതിൽ ഏതെങ്കിലും വാഹനമെന്നു പറയുമ്പോൾ ചിലയാളുകൾക്ക് ഫ്ലാറ്റിനടുത്ത് വാഹനം എന്നുള്ള നിലയ്ക്ക് ബുൾഡോസർ വേണമെങ്കിൽ പാർക്ക് ചെയ്യാം. വാഹനത്തെസംബന്ധിച്ച് ഒരു കൃത്യത വേണം. ചുരുങ്ങിയത് യാത്രാ വാഹനം എന്നെങ്കിലുമാക്കണം.

194 – ൽ കാർപ്പെറ്റ് ഏരിയ അളക്കുമ്പോൾ അകത്തുള്ള ചുമരുകൾ ഒഴിവാക്കണമെന്നുള്ളതാണ്. ഉൾഭാഗത്തെ ചുമരുകൾ ഒഴിവാക്കിയിട്ടില്ലെങ്കിൽ വാങ്ങുന്ന ആളുകൾക്ക് വലിയ നഷ്ടം, അതിന്റെ ഏരിയ കണക്കാക്കുമ്പോൾ ഒരുപാട് ഏരിയ ഉണ്ടാകാനും സാധ്യതയുണ്ട്.

228-ൽ എഡ്യൂക്കേഷൻ കൗൺസിൽ എന്നതാണ് ശരിയായ പ്രയോഗം.

255-ൽ കേരളത്തെ സംബന്ധിച്ചിടത്തോളം പഞ്ചായത്തും മുനിസിപ്പാലിറ്റിയും വേർതിരിക്കാൻ കഴിയാത്തത്ര, സാങ്കേതികമായി മുനിസിപ്പാലിറ്റിയായിട്ടില്ലെങ്കിൽപോലും മുനിസിപ്പാലിറ്റിയോളം തന്നെ വലുതായുള്ള ചില പഞ്ചായത്തുകളുണ്ട്. അതുകൊണ്ട് ഇത് പഞ്ചായത്തുകൾക്കുകൂടി ബാധകമാക്കത്തക്കവിധത്തിൽ "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്നാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു പഞ്ചായത്ത് അല്ലെങ്കിൽ 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു മുൻസിപ്പാലിറ്റി എന്നർത്ഥമാകുന്നു;" എന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

150. ഖണ്ഡം 2(എ) -യിൽ, (i)" വിൽപ്പന" എന്ന വാക്കിന് ശേഷം "വാങ്ങൽ" എന്നീ ചിഹ്നവും വാക്കും

(ii) "നിക്ഷേപങ്ങളോ" എന്ന വാക്കിനു ശേഷം "ഇടപാടുകളോ" എന്ന വാക്കും ചേർക്കുക.

182. ഖണ്ഡം 2(ഐ)-യിൽ, " സേവനങ്ങൾ" എന്ന വാക്കിനു ശേഷം "വിദ്യാഭ്യാസ സ്ഥാപനങ്ങൾ" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

190. ഖണ്ഡം 2(ജെ)-യിൽ, "അധികാര സ്ഥാനം" എന്ന വാക്കിനു ശേഷം "കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി" എന്നീ വാക്കുകൾ ചേർക്കുക.

202. ഖണ്ഡം 2(ഒ)-യിൽ, "ആളുകളുടെയും" എന്ന വാക്കിനു ശേഷം "പൊതുവായ"എന്ന വാക്ക് ചേർക്കുക.

204. ഖണ്ഡം 2(ഒ)(ii)-ൽ, "കളിസ്ഥലങ്ങൾ" എന്ന വാക്കിനു ശേഷം "നീന്തൽക്കുളങ്ങൾ" എന്ന വാക്ക് ചേർക്കുക.

208. ഖണ്ഡം2(ഒ)-യിൽ, (i)ഇനം (iii)-ൽ, "കാവൽ" എന്ന വാക്കിനുമുമ്പിൽ "പൊതു" എന്ന വാക്കു ചേർക്കുക.

(ii)ഇനം (iv)-ൽ, "ഇൻസിനറേറ്റർ" എന്ന വാക്കിനു ശേഷം "മഴവെള്ള സംഭരണി, മാലിന്യ സംഭരണി എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

220. ഖണ്ഡം 2(ഒ)(vii)-ൽ, "ആയതും" എന്ന വാക്കിന് പകരം "ആയ"

എന്ന വാക്കും "ഉപയോഗത്തിലുള്ളതുമായ" എന്ന വാക്കിന് പകരം "ഉപയോഗത്തിലുള്ള" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

239. ഖണ്ഡം 2(എക്സ്)-ൽ, "ശാശ്വതമായി" എന്ന വാക്ക് ഒഴിവാക്കുക.

263. ഖണ്ഡം 2(എജി)-യിൽ, "ചട്ടങ്ങളിൽ" എന്ന വാക്കിന് പകരം "ചട്ടങ്ങളാലോ റഗുലേഷനുകളാലോ ഉത്തരവുകളാലോ" എന്നീ വാക്കുകൾ ചേർക്കുക.

267. ഖണ്ഡം 2(എഐ)(i)-ൽ, "കെട്ടിടമോ" എന്നതു കഴിഞ്ഞു വരുന്ന "ഒരു ഭാഗമോ" എന്ന വാക്കുകൾ ഒഴിവാക്കുകയും "ആൾ" എന്ന വാക്കിനു പകരം "ആളും" എന്നത് ചേർക്കുക.

280. ഖണ്ഡം 2(എകെ)-യിൽ, " ഒരാൾക്ക് വേണ്ടി" എന്നീ വാക്കുകൾക്ക് ശേഷം "അയാളുടെ സമ്മതത്തോടെ" എന്നീ വാക്കുകൾ ചേർക്കുക.

283. ഖണ്ഡം 2(എഎൽ)-ൽ, "ഏതാനുമോ" എന്ന വാക്കിനു പകരം "ഏതെങ്കിലുമോ" എന്ന വാക്ക് ചേർക്കുക.

284. ഖണ്ഡം 2 (എഎം)-ൽ, " അതോറിറ്റി" എന്ന വാക്കിനു പകരം "അതോറിറ്റിയും സർക്കാരും" എന്നീ വാക്കുകൾ ചേർക്കുക.

150 -ൽ "വിൽപ്പന" എന്ന വാക്കിനുശേഷം "വാങ്ങൽ" എന്നീ ചിഹ്നവും വാക്കും. അതുപോലെ രണ്ടാം ഉപഖണ്ഡമായി "നിക്ഷേപങ്ങളോ" എന്ന വാക്കിനുശേഷം "ഇടപാടുകളോ" എന്നു ചേർക്കണം. ആ രീതിയിൽ അത് വായിച്ചു നോക്കിയാലേ ആ പ്രയോഗങ്ങൾ ശരിയാകുകയുള്ളൂ.

182 -ൽ സേവനങ്ങൾ എന്ന വാക്കിനുശേഷം വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നു ചേർക്കേണ്ടതാണ്.

190 -ൽ "അധികാര സ്ഥാനം" എന്ന വാക്കിനുശേഷം "കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി" എന്ന വാക്കുകൾ ചേർത്തെങ്കിലേ ആ വകുപ്പ് ശരിയായ രീതിയിൽ ആകുകയുള്ളൂ. ഫ്ലാറ്റ് ആകുമ്പോൾ കളിസ്ഥലങ്ങൾ എന്നുമാത്രം ഉൾപ്പെടുത്തിയാൽ പോരാ, നീന്തൽക്കുളങ്ങൾ ഉണ്ടാകാറുണ്ട്, നീന്തൽക്കുളങ്ങൾ എന്ന വാക്കുകൂടി ചേർക്കണം.

208 -ൽ "കാവൽ" എന്ന വാക്കിനു മുൻപിലായി "പൊതു" എന്ന വാക്കുകൂടി ചേർക്കണം. മഴവെള്ളസംഭരണി എല്ലായിടത്തും

നിർബന്ധമാക്കുന്ന കാലമായതുകൊണ്ട് "ഇൻസിനറേറ്റർ" എന്ന വാക്കിനുശേഷം "മഴവെള്ളസംഭരണി, മാലിന്യസംഭരണി" എന്നിവ ചിഹ്നങ്ങൾ സഹിതം ചേർക്കേണ്ടതായിട്ടുണ്ട്. ഞാൻ എല്ലാം വിശദീകരിക്കുന്നില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു,

153. ഖണ്ഡം 2(എ)-യിൽ, "ഏതെങ്കിലും" എന്ന വാക്കിനും "നോട്ടീസോ" എന്ന വാക്കിനും ഇടയിലായി പോസ്റ്ററുകളോ ബോർഡുകളോ "ഇന്റർനെറ്റ് മുഖാന്തിരമുള്ള പരസ്യങ്ങളോ "എന്ന് ചേർക്കുക.

157. ഖണ്ഡം 2(ബി)-യുടെ തുടക്കത്തിൽ "അലോട്ട് ചെയ്യപ്പെട്ട ആൾ എന്നാൽ" എന്നു ചേർക്കയും "ബന്ധപ്പെട്ട് " എന്ന വാക്കിനു ശേഷം ഉള്ള "അലോട്ട് ചെയ്യപ്പെട്ട ആൾ എന്നാൽ" എന്നതു നീക്കം ചെയ്യുകയും ചെയ്യുക.

170. ഖണ്ഡം 2(സി)-യുടെ തുടക്കത്തിൽ "അപ്പാർട്ട്മെന്റ് എന്നാൽ " എന്നു ചേർക്കുകയും "വിളിക്കപ്പെട്ടാലും" എന്ന വാക്കിനുശേഷമുള്ള "അപ്പാർട്ട്മെന്റ് എന്നാൽ" എന്ന ഭാഗം നീക്കം ചെയ്യുകയും ചെയ്യുക.

177. ഖണ്ഡം 2(ഡി)-യിൽ, "37-ാം വകുപ്പ്" എന്നതിനു ശേഷം " (1)-ാം ഉപവകുപ്പ്" എന്ന് ചേർക്കുക.

179. ഖണ്ഡം 2(എഫ്)-ൽ "എല്ലാ" എന്ന വാക്ക് ഒഴിവാക്കുക.

212. ഖണ്ഡം 2(ഒ)(iv)-ൽ, "എന്നീ" എന്ന വാക്കിനു പകരം "തുടങ്ങിയ" എന്ന വാക്ക് ചേർക്കുക.

262. ഖണ്ഡം 2(എഎഫ്)-ന്റെ അവസാനം "എന്നിവ ഉൾപ്പെടുന്നതാകുന്നു" എന്ന് ചേർക്കുക.

153-ൽ ഖണ്ഡം 2(എ) -ൽ "ഏതെങ്കിലും അതിന്റെ പോസ്റ്ററുകളോ, ബോർഡുകളോ, ഇന്റർനെറ്റ് മുഖാന്തിരം ഉള്ള പരസ്യങ്ങളോ" എന്നുകൂടി ചേർക്കണം എന്നുള്ളതാണ് പരസ്യത്തെക്കുറിച്ചുള്ള നിർവചനം. 157 2 (ബി) യും 170 2(സി) യും ഡെഫനിഷൻസ് ആണ്. എല്ലാ ബില്ലിലും നിർവ്വചനം കൊടുക്കുമ്പോൾ നിർവ്വചനം ചെയ്യപ്പെടുന്ന കാര്യം ആദ്യം വരണം അതാണ് ബില്ലിന്റെ രീതി. എല്ലായിടത്തും അങ്ങനെയാണ്. നമ്മുടെ നിയമസഭ പാസ്സാക്കിയ

എല്ലാ ബില്ലും നോക്കിയാൽ അതറിയാം. പക്ഷേ ഇതു നിർവചിക്കുന്ന കാര്യം പിന്നീടാണ് വരുന്നത്. തുടക്കത്തിൽ തന്നെ ഖണ്ഡം 157 2 (ബി) -യിൽ "അലോട്ടു ചെയ്യപ്പെട്ടയാൾ എന്നാൽ" എന്നുള്ളത് വരണം. 170 2 (സി) യിലും അങ്ങനെ തന്നെ വേണം. "അപ്പാർട്ടുമെന്റ് എന്നാൽ" ഏതു വാക്കാണോ നമ്മൾ ഡിഫൈൻ ചെയ്യുന്നത്, ആ വാക്ക് ആ ഡെഫനിഷൻസിന്റെ തുടക്കത്തിൽ വരിക എന്നുള്ളതാണ് നിയമനിർമ്മാണത്തിന്റെ പൊതുവായ രീതി. എപ്പോഴും പിൻതുടരുന്ന രീതി, അത് ഈ രണ്ടു കാര്യത്തിലും പിൻതുടരണം. അതേപോല ഖണ്ഡം 177 2 (ഡി) യിൽ 37 -ാം വകുപ്പിന്റെ ഡെഫനിഷൻസ് എന്നുള്ളത്, 37-ാം വകുപ്പ് എന്നല്ല, 37 (1), ഉപവകുപ്പ് 1 ആണ് ഡിഫൈൻ ചെയ്യുന്നത്. വെറുതെ 37 എന്നു പറയുന്നത് ശരിയല്ല. ഇതാണ് പ്രധാനമായും മൂവ് ചെയ്യുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു,

154. ഖണ്ഡം 2(എ)-യിൽ, "ഏതെങ്കിലും നോട്ടീസോ, സർക്കുലറോ" എന്ന വാക്കുകൾക്കുശേഷം "ബോർഡോ" എന്ന വാക്ക് ചേർക്കുക.

188. ഖണ്ഡം 2(ജെ)-യിൽ, "ക്ഷമതയുള്ള" എന്ന വാക്കിന് പകരം "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ" എന്നീ വാക്കുകൾ ചേർക്കുക.

276. ഖണ്ഡം 2(എജെ)-യിൽ, "ആളെ ക്ഷണിച്ചുകൊണ്ടോ ഉള്ള" എന്ന വാക്കുകൾക്ക് ശേഷം "പ്രോജക്ട്സിൻെറ ഉള്ളടക്കം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു,

164. ഖണ്ഡം 2(ബി)-യിൽ, "മറ്റു വിധത്തിലോ " എന്നീ വാക്കുകൾ ഒഴിവാക്കുക.

185. ഖണ്ഡം 2(ഐ)-യിൽ, " പരിമിത" എന്ന വാക്കിന് പകരം " മതിയായ" എന്ന വാക്ക് ചേർക്കുക.

189. ഖണ്ഡം 2(ജെ)-യിൽ, "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്ക് പകരം "ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻ" എന്നീ വാക്കുകൾ ചേർക്കുക.

195. ഖണ്ഡം 2(എൽ)-ൽ, "ശേഷിക്കുന്ന" എന്ന വാക്കിനു ശേഷം " നിയമപ്രകാരം" എന്ന വാക്ക് ചേർക്കുക.

203. ഖണ്ഡം 2(ഒ)-യിൽ, "ഉദ്ദേശിച്ചിട്ടുള്ള" എന്ന വാക്കിനു പകരം "ഫ്ലാറ്റ് നിർമ്മാണചട്ട പ്രകാരം നിയമാനുസൃതമായ" എന്നീ വാക്കുകൾ ചേർക്കുക.

206. ഖണ്ഡം 2(ഒ)(ii)-ൽ, "പൊതുവായ സംഭരണസ്ഥലങ്ങൾ" എന്നീ വാക്കുകൾ ഒഴിവാക്കുക.

207. ഖണ്ഡം 2(ഒ)(iii) ഒഴിവാക്കുക.

210. ഖണ്ഡം 2(ഒ)(iv) ഒഴിവാക്കുക.

215. ഖണ്ഡം 2(ഒ)(v) ഒഴിവാക്കുക.

235. ഖണ്ഡം 2(വി)-യിൽ, "അഴുക്കുചാലും-ഡ്രെയിനേജും സംവിധാനവും" എന്നതിനു ശേഷം "മാലിന്യസംസ്കരണ സംവിധാനവും " എന്നു ചേർക്കുക.

242. ഖണ്ഡം 2(എക്സ്)-ൽ, "ഉൾപ്പെടാത്തതുമാകുന്നു" എന്ന വാക്കിന് പകരം "ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്ക് ചേർക്കുക.

251. ഖണ്ഡം 2(എഎ)-യിൽ, "പരിമിതമായ" എന്ന വാക്കിനു പകരം "നിയമാനുസൃതമായ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

165. ഖണ്ഡം 2(ബി)-യിൽ, "പ്രസ്തുത അനുവദിക്കൽ" എന്നതിനു പകരം "പ്ലോട്ട് അല്ലെങ്കിൽ കെട്ടിടം" എന്ന് ചേർക്കുക.

196. ഖണ്ഡം 2(എൽ), താഴെപ്പറയും പ്രകാരം മാറ്റുക: "(എൽ) "കാർപ്പെറ്റ് ഏരിയ" എന്നാൽ കേരള മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടത്തിൽ നിർവചിച്ച പ്രകാരമുള്ള കാർപ്പെറ്റ് ഏരിയ എന്നർത്ഥമാകുന്നു;"

165 (ബി) -ൽ റിയൽ എസ്റ്റേറ്റ് പ്രോജക്ടുമായി ബന്ധപ്പെട്ട് അലോട്ട് ചെയ്യപ്പെട്ട ആൾ എന്നാൽ പ്രമോട്ടർ ഒരു പ്ലോട്ട് അല്ലെങ്കിൽ കെട്ടിടം അനുവദിച്ചതോ, വിൽപ്പന നടത്തിയതോ, മറ്റു വിധത്തിൽ കൈമാറ്റം ചെയ്യപ്പെട്ടതോ ആയ ആൾ എന്ന് അർത്ഥമാകുന്നു. അതിൽ വിൽപ്പനയിലൂടെയോ, കൈമാറ്റം ചെയ്യുന്നതിലൂടെയോ,

അല്ലെങ്കിൽ മറ്റു വിധത്തിലോ പ്രസ്തുത അനുവദിക്കൽ ലഭിച്ച ആൾ, ആ "പ്രസ്തുത അനുവദിക്കൽ ലഭിച്ച ആൾ" എന്ന സ്ഥലത്ത് പ്ലോട്ട് അല്ലെങ്കിൽ കെട്ടിടം എന്ന് കൃത്യമായിട്ട് എഴുതണം. അല്ലെങ്കിൽ പ്രസ്തുത എന്താണ് എന്നു മനസ്സിലാകുകയില്ല.

196-ൽ കാർപ്പെറ്റ് ഏരിയ എന്ന നിർവ്വചനത്തിൽ അപ്പാർട്ടുമെന്റിലെ ബാഹ്യമായ ചുമരുകൾ സ്ഥിതിചെയ്യുന്ന സ്ഥലം ഒഴിവാക്കി ശേഷിക്കുന്ന ഉപയോഗയോഗ്യമായ സ്ഥലമാണ് എന്നതാണ്. വില്ലകൾ, മറ്റു കെട്ടിടങ്ങൾ എന്നിവ ഈ നിർവ്വചനത്തിന്റെ പരിധിയിൽ യഥാർത്ഥത്തിൽ വരുന്നില്ല. അതിനാൽ മുനിസിപ്പൽ കെട്ടിട നിർമ്മാണച്ചട്ടത്തിൽ നിർവ്വഹിച്ചിട്ടുള്ള നിർവ്വചനം ഉൾപ്പെടുത്തണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു,

172. ഖണ്ഡം 2(സി)9,10 വരികളിൽ "പ്രൊമോട്ടർ അലോട്ട് ചെയ്യപ്പെട്ട ആളിന്, അതതു സംഗതിപോലെ", എന്നതിനുപകരം "അലോട്ട് ചെയ്യപ്പെട്ട ആളിന് " എന്നത് ചേർക്കുക.

254 . ഖണ്ഡം 2(എബി)-യിൽ, "സ്ഥാപനം" എന്നതിനു പകരം "സ്ഥാപനവും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം (1994-ലെ 14)-ൽ നിർവ്വചിക്കും പ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനവും" എന്നത് ചേർക്കുക.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

178. ഖണ്ഡം 2(എഫ്)-ൽ, “ ഒരു കോളനിയിലെ” എന്നീ വാക്കുകൾക്ക് പകരം "ഒരു അപ്പാർട്ട്മെന്റിലെ" എന്നീ വാക്കുകൾ ചേർക്കുക.

178 ഖണ്ഡം 2 (എഫ്) -ൽ ഒരു കോളനിയിലെ എന്നതാണ് ഈ ബില്ലിൽ ഉള്ളത്. അതിനുപകരം കുറച്ചുകൂടി ഈ ബില്ലിന്റെ ഉദ്ദേശത്തിനകത്ത് പ്രയോഗിച്ചാൽ അപ്പാർട്ടുമെന്റിലെ എന്നു പറയുന്നതായിരിക്കും ബില്ലിന് അതിന്റെ അർത്ഥപുഷ്ടി വരുത്തുക, ആ ഭേദഗതിയാണ് ഞാൻ മൂവ് ചെയ്യുന്നത്.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു,

180. ഖണ്ഡം 2(എഫ്)-ൽ, “ അതിൽ” എന്ന വാക്കിനു പകരം “ അത്" എന്ന വാക്ക് ചേർക്കുക.

181. ഖണ്ഡം 2(എഫ്)-ൽ, അവസാന ഭാഗത്തെ "അസോസിയേഷൻ" എന്ന വാക്കിനു പകരം "അസോസിയേഷനിൽ" എന്ന വാക്ക് ചേർക്കുക

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

184. ഖണ്ഡം 2(ഐ)-യിൽ, “ പരിമിത” എന്ന വാക്കിന് പകരം “ ആനുപാതിക" എന്ന വാക്കു ചേർക്കുക.

266. ഖണ്ഡം 2(എഐ)(i)-ൽ, "ഒരു കെട്ടിടം" എന്നതിനു മുമ്പായി "സ്വന്തമായുള്ള ഭൂമിയിലോ, കരാർ ചെയ്തു ലഭിച്ച ഭൂമിയിലോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

199. ഖണ്ഡം 2(എൻ)-യിൽ, "തുടർച്ചയായ" എന്ന വാക്കിനു പകരം "അടയാളപ്പെടുത്തിയ അതിർത്തികൾക്കുള്ളിലെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

213. ഖണ്ഡം 2(ഒ)(iv)-ൽ, "സേവനങ്ങൾക്കുവേണ്ടിയുള്ള പ്രതിഷ്ഠാപനങ്ങൾ" എന്നതിനു പകരം, “ പൊതുസേവനങ്ങൾക്കു വേണ്ടിയുള്ള സൗകര്യങ്ങൾ" എന്ന് ചേർക്കുക.

218. ഖണ്ഡം 2(ഒ)(v)-ൽ, "ഡക്റ്റുകൾ എന്നിവയും പൊതു ഉപയോഗത്തിനായുള്ള പ്രതിഷ്ഠാപന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ" എന്നീ വാക്കുകൾക്കു പകരം "കാനലുകൾ, ഓവുകൾ, ഓടകൾ മുതലായവകളും പൊതു ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളും" എന്നത് ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

223. ഖണ്ഡം 2(ആർ)-ൽ, "ഏതെങ്കിലും വ്യതിയാനം" എന്നീ വാക്കുകൾക്കു പകരം "ഏതെങ്കിലും നിർമ്മാണാധിഷ്ഠിത വ്യതിയാനം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

225. ഖണ്ഡം 2(ആർ)-ന് ശേഷം (എസ്) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

"(എസ്) ഗസറ്റ് എന്നാൽ സർക്കാരിന്റെ ഔദ്യോഗിക ഗസറ്റ് എന്ന് അർത്ഥമാകുന്നു".

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു,

249. ഖണ്ഡം 2(ഇസഡ്)-ൽ, "ആരോഗ്യം" എന്ന വാക്കിനു ശേഷം "യാത്രാ സംവിധാനം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു,

282. ഖണ്ഡം 2 (എ എൽ) -ൽ, " റിയൽ എസ്റ്റേറ്റ് പ്രോജക്റ്റ്" എന്നാൽ പ്ലോട്ടുകൾ അല്ലെങ്കിൽ കെട്ടിടങ്ങൾ"എന്നീ വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ കെട്ടിട സമുച്ചയങ്ങൾ, നിയമാനുസൃതം ക്രയവിക്രയം നടത്താൻ കഴിയുന്ന വിസ്തീർണ്ണമുള്ള ഭൂമി" എന്നീ വാക്കുകൾ ചേർക്കുക.

മി.സ്പീക്കർ: മറ്റു ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. പി.ടി.എ. റഹീമിന്റെ 174-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല, ഒഫിഷ്യലായി ഞാൻ മൂവ് ചെയ്യുന്നു.

174. ഖണ്ഡം 2(സി)-യിൽ, "ജോലിക്കു ഏർപ്പെടുത്തിയ" എന്നതിനുപകരം "സേവനത്തിനു നിയോഗിച്ചിട്ടുള്ള " എന്ന് ചേർക്കുക.

ശ്രീ. വി. ശിവൻകുട്ടി 175 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല, അത് ഞാൻ ഒഫിഷ്യലായി മോഡിഫൈഡ് വേർഷനായിട്ട് അവതരിപ്പിക്കുകയാണ്.

175. ഖണ്ഡം 2 (സി)-യിൽ "ആവരണത്തോടുകൂടിയ ഗാരേജ്" എന്നതിനുശേഷം "മേൽക്കൂരയോടുകൂടിയ" എന്ന് ചേർക്കുക.

അദ്ദേഹം പറഞ്ഞത് മേൽക്കൂരയോടുകൂടിയ കാർഷെഡ് എന്നാണ്, ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 177, 179 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

ശ്രീ. എം. ഉമ്മറിന്റെ 193,228,231,238,240,241,246,248,255 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദറിന്റെ 202 -ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദറിന്റെ 208 -ലെ ഒരു പാർട്ട് ഒഫിഷ്യലായി ഞാൻ മൂവ് ചെയ്യുന്നു.

208 . ഖണ്ഡം 2 (ഒ) യിൽ 2 ഇനം 4 -ൽ ഇൻസിനറേറ്റർ എന്ന വാക്കിനുശേഷം മഴവെള്ളസംഭരണി, മാലിന്യസംഭരണി എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 212, 262 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നു.

ശ്രീ. എം. വി. ശ്രേയാംസ് കുമാറിന്റെ 229 -ാം നമ്പർ ഭേദഗതി മൂവ് ചെയ്തിട്ടില്ല, ഞാൻ ഒഫിഷ്യലായി മൂവ് ചെയ്യുന്നു.

229. ഖണ്ഡം 2(റ്റി)-യിൽ, "എഡ്യൂക്കേഷന്റെ" എന്ന വാക്കിനു പകരം "എഡ്യൂക്കേഷൻ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഹംസയുടെ 230 -ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദറിന്റെ 283 -ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

<u>മി.സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 174,175,208,229 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും, ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 177,179,212,262 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. എം. ഉമ്മറിന്റെ 193,228,231,238,240,241,246,248 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. എം. ഹംസയുടെ 230-ാം നമ്പർ ഭേദഗതിയും ശ്രീ. കെ.എൻ.എ. ഖാദറിന്റെ 283 -ാം നമ്പർ ഭേദഗതിയും സ്വീകരിച്ചിരിക്കുന്നു.

ശ്രീ.എം. ഉമ്മർ അവതരിപ്പിച്ച 149,151,152,155,255,158,159,160,166, 169,171,173,183,186,191,194,197,198,199,201,205,209,211,222,232,233, 237,243,245,250,256,259,269,270,275,277,279 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ.കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 150, 182, 190, 204, 220, 239, 263, 267, 280, 284 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 154,188,276 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദീൻ അവതരിപ്പിച്ച 184,266 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻ കുട്ടി അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി.സതീശൻ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 249 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 153, 157, 170 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 164, 185, 189, 195, 203, 206, 207, 210, 215, 235, 242, 251 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 165,196 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 172,254 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 180, 181 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 213,218 എന്നീ നമ്പർ ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 282-ാം നമ്പർ ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

286. ഖണ്ഡം 3(1)-ൽ, "വാഗ്ദാനം ചെയ്യുവാനോ" എന്നീ വാക്കുകൾക്കുശേഷം "ആയതിലേക്കായി പരസ്യം ചെയ്യുവാനോ" എന്നീ വാക്കുകൾ ചേർക്കുക.

295. ഖണ്ഡം 3(1)-ന്റെ (ബി)ക്ലിപ്തനിബന്ധനയിൽ, "പന്ത്രണ്ടിൽ" എന്ന വാക്കിന് പകരം "ഒൻപത്" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

288. ഖണ്ഡം 3 -ന്റെ ഒന്നാം ക്ലിപ്തനിബന്ധന ഒഴിവാക്കുക.

341. ഖണ്ഡം 3(3)(ഐ)(iv)-ൽ, "നിർമ്മാണച്ചെലവിനായി അത് ഈടാക്കിയതിനു ശേഷം പതിനഞ്ച് ദിവസക്കാലയളവിനുള്ളിൽ നിക്ഷേപിക്കുന്നതാണെന്നും പ്രസ്തുത ആവശ്യത്തിലേക്ക് മാത്രമായി" എന്നതിന് പകരം "പതിനഞ്ച് ദിവസത്തിനുള്ളിൽ നിക്ഷേപിക്കേണ്ടതും ആ തുക റിയൽ എസ്റ്റേറ്റ് പ്രോജക്ടിന്റെ നിർമ്മാണ ആവശ്യത്തിലേക്കു മാത്രമായി" എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

289. ഖണ്ഡം 3(1)-ന്റെ (എ)ക്ലിപ്തനിബന്ധനയിൽ, "ആയിരം" എന്നതിനു പകരം "അഞ്ഞൂറ്" എന്നത് ചേർക്കുക.

300. ഖണ്ഡം 3(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, "കാർപ്പറ്റ് " എന്നതിന് പകരം "കാർപെറ്റ്" എന്നത് ചേർക്കുക.

301. ഖണ്ഡം 3(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, "മൂവായിരം " എന്നതിന് പകരം "ആയിരം" എന്നത് ചേർക്കുക.

311. ഖണ്ഡം 3(1)(ഡി)-യുടെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

323. ഖണ്ഡം 3(3)(ഇ)-യിൽ, "മാതൃക" എന്നതിനുപകരം "കരട്" എന്ന് ചേർക്കുക.

324. ഖണ്ഡം 3(3)(എഫ്)-ൽ, "കാർപ്പെറ്റ്" എന്നതിനു പകരം "കാർപെറ്റ്" എന്ന് ചേർക്കുക.

326. ഖണ്ഡം 3(3)(ജി)-യിൽ, "പേരുകളും വിലാസങ്ങളും" എന്നതിനു പകരം "പേരും,വിലാസവും,രജിസ്ട്രേഷൻ നമ്പരും" എന്നത് ചേർക്കുക.

327. ഖണ്ഡം 3(3)(എച്ച്)-ൽ, "ആർക്കിടെക്റ്റ്" എന്നതിനു പകരം "ആർക്കിറ്റെക്റ്റ്" എന്ന് ചേർക്കുക.

330. ഖണ്ഡം 3(3)(ഐ)-യിൽ, "ഒരു സത്യവാങ്മൂലം" എന്നതിനു മുൻപായി "ഒരു നോട്ടറി യഥാവിധി സാക്ഷ്യപ്പെടുത്തിയ" എന്നത് ചേർക്കുക.

335. ഖണ്ഡം 3(3)(ഐ)(iv)-ൽ, "എഴുപത്" എന്ന വാക്കിനു പകരം "അറുപത്" എന്ന വാക്ക് ചേർക്കുക.

330-ൽ റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ പ്രൊമോട്ടറുടെ കർത്തവ്യങ്ങൾ പറയുന്ന സ്ഥാനത്ത് ഇത് സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയപ്പോൾ നോട്ടറി അറ്റസ്റ്റ് ചെയ്യും എന്നുണ്ടായിരുന്നു. ഇതിൽ ഒരുപാട് സാമ്പത്തിക സംഗതികൾ വരുന്നുണ്ട്. വികസനം നടത്താൻ ഉദ്ദേശിക്കുന്ന ഭൂമി അയാൾക്ക് നിയമപരമായ ഉടമസ്ഥാവകാശമുണ്ടെന്നും അങ്ങനെയുള്ള ഭൂമി മറ്റാരുടേയെങ്കിലും ഉടമസ്ഥതയിൽ ആണെങ്കിൽ അങ്ങനെയുള്ള അവകാശം നിയമപരമായി സാധുതയുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട്

അങ്ങനെയുള്ള ഭൂമിയിൻമേലുള്ള ഏതെങ്കിലും ഉടമസ്ഥാവകാശം താൽപര്യം അല്ലെങ്കിൽ ഏതെങ്കിലും കക്ഷിയുടെ പേര് ഉൾപ്പെടുത്തി എല്ലാ ബാധ്യതയിൽ നിന്നും മുക്തമാണെന്നും അല്ലെങ്കിൽ അതത് സംഗതിപോലെ അങ്ങനെയുള്ള ഭൂമിയുടെ സാധ്യതകൾ വിവരിച്ചുകൊണ്ടും എന്ന് പറയുന്നുണ്ട്. ഈ പ്രൊമോട്ടർ കൊടുക്കുമ്പോൾ ഒരു സെൽഫ് അറ്റസ്റ്റേഷൻ അഫിഡവിറ്റ് പോര. ചുരുങ്ങിയത് നോട്ടറിയെങ്കിലും അറ്റസ്റ്റ് ചെയ്യണം. ഇത് സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോൾ ചർച്ച ചെയ്തതാണ്. യഥാർത്ഥത്തിൽ നോട്ടറി വേണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

290. ഖണ്ഡം 3(1)-ന്റെ (എ)ക്ലിപ്തനിബന്ധനയിൽ, "ആയിരം" എന്നതിനു പകരം "എണ്ണൂറ്" എന്നത് ചേർക്കുക.

293. ഖണ്ഡം 3(1)-ന്റെ (ബി)ക്ലിപ്തനിബന്ധനയിൽ, "പന്ത്രണ്ട്" എന്നതിന് പകരം "ആറ്" എന്നത് ചേർക്കുക.

306. ഖണ്ഡം 3(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, "മൂവായിരം" എന്നതിന് പകരം "രണ്ടായിരം" എന്നത് ചേർക്കുക.

338. ഖണ്ഡം 3(3)(ഐ)(iv)-ൽ, "ഒരു ഷെഡ്യൂൾഡ്" എന്നതിന് ശേഷം "സഹകരണ" എന്നത് ചേർക്കുക.

ശ്രീ പി. സി. വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

291. ഖണ്ഡം 3(1)-ന്റെ (എ)ക്ലിപ്തനിബന്ധനയിൽ, "ആയിരം ചതുരശ്ര മീറ്ററിൽ" എന്നതിനു പകരം "ആയിരത്തിയിരുന്നൂറ് ചതുരശ്ര മീറ്ററിൽ" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

292. ഖണ്ഡം 3(1)-ന്റെ (ബി)ക്ലിപ്തനിബന്ധനയിൽ, "പന്ത്രണ്ടിൽ" എന്നതിന് പകരം "അഞ്ചിൽ" എന്നത് ചേർക്കുക.

307. ഖണ്ഡം 3(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "മൂവായിരം

ചതുരശ്ര മീറ്റർ" എന്നതിനു പകരം 2500 ചതുരശ്ര മീറ്റർ എന്ന അക്കവും വാക്കും ചേർക്കുക.

333. ഖണ്ഡം 3(3)(ഐ)(iii)-ൽ, "ഏകദേശകാലയളവ്" എന്നതിനു പകരം "നിശ്ചിത കാലയളവ്" എന്നത് ചേർക്കുക.

342. ഖണ്ഡം 3(3)(ഐ)(iv)-ൽ, " വ്യക്തമാക്കിക്കൊണ്ടും " എന്ന വാക്കിന് ശേഷം "ഈ പ്രവൃത്തി നിശ്ചിത കാലയളവിൽ പൂർത്തീകരിക്കും എന്ന് ഉറപ്പ് വരുത്തണം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

294. ഖണ്ഡം 3(1)-ന്റെ (ബി)ക്ലിപ്തനിബന്ധനയിൽ, "പന്ത്രണ്ടിൽ" എന്ന വാക്കിനു പകരം "എട്ടിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

296. ഖണ്ഡം 3(1)-ന്റെ (ബി) ക്ലിപ്തനിബന്ധനയിൽ, "പന്ത്രണ്ടിൽ കവിയാത്തിടത്ത്" എന്നതിന് പകരം "പതിനഞ്ചിൽ കവിയാത്തിടത്ത്" എന്നത് ചേർക്കുക.

ശ്രീ. ബി. സത്യൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

299. ഖണ്ഡം 3(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, "എന്ന് മാത്രമല്ല" എന്നതിന് പകരം "എന്നിരുന്നാലും" എന്ന് ചേർക്കുക.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

317. ഖണ്ഡം 3(3)(എ)-യിൽ, "സ്ഥാപനത്തിന്റെ തരം (പ്രൊപ്രൈറ്റർഷിപ്പ്, സംഘം, പങ്കാളിത്തം, കമ്പനി)" എന്നീ വാക്കുകൾക്കു പകരം "സ്ഥാപനത്തിന്റെ തരം (പ്രൊപ്രൈറ്റർഷിപ്പ്, സംഘം, പങ്കാളിത്തം, കമ്പനി, സഹകരണസ്ഥാപനം)"എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 3(3)(ബി)-യിൽ, "സാക്ഷ്യപ്പെടുത്തിയ പകർപ്പും" എന്നതിനു ശേഷം"നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റു നിരാക്ഷേപപത്രങ്ങളും

പാർക്കിങ് ലേഔട്ടും" എന്നത് ചേർക്കുക.

318-ൽ റിയൽ എസ്റ്റേറ്റ് പ്രോജക്ടുകൾ സമർപ്പിക്കുമ്പോൾ കെട്ടിടനിർമ്മാണ പെർമിറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഭാവി വികസനത്തിനുള്ള അനുമതി പത്രങ്ങൾ എന്നിവ സമർപ്പിക്കണമെന്നാണ് ബില്ലിൽ പറയുന്നത്. അതിൽ കെട്ടിട നിർമ്മാണ പെർമ്മിറ്റിനോടൊപ്പം വിവിധ നിരാക്ഷേപ പത്രങ്ങളും എൻ.ഒ.സി. പാർക്കിങ് ലേഔട്ടും സമർപ്പിക്കണമെന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

320. ഖണ്ഡം 3(3)(സി)-യിൽ താഴെപ്പറയുന്നത് ചേർക്കുക: "നിർമ്മാണത്തിനുപയോഗിക്കുന്ന വസ്തുക്കളുടെ വിവരവും സ്ടക്ച്ചറൽ ഡിസൈനും സ്ടക്ച്ചറൽ ഡ്രോയിംഗും"

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

329. ഖണ്ഡം 3(3)(എച്ച്)-ന് ശേഷം (ഐ) ആയി താഴെപ്പറയുന്ന ഇനം ചേർക്കുകയും, ശേഷിക്കുന്നവ (ജെ) എന്ന് പുനഃരക്കം ചെയ്യുക. “ (ഐ) സാമ്പത്തിക ഭദ്രത സംബന്ധിച്ച ബാങ്ക് സ്റ്റേറ്റ്മെന്റും;"

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

337. ഖണ്ഡം 3(3)(ഐ)(iv)-ൽ, “ അതിലും കുറവായ ഒരു" എന്നത് ഒഴിവാക്കുക.

മി.സ്പീക്കർ : താങ്കളുടെ 303-ാം നമ്പർ ഭേദഗതി 301-ന് തുല്യമാണ്. അത് ശ്രീ. എം. ഉമ്മർ മൂവ് ചെയ്തു.

ശ്രീ. ആർ. രാജേഷ്: സർ, 337-ന് മന്ത്രിയുടെ മറുപടിയിൽ 70 ശതമാനത്തിൽ കുറഞ്ഞ് വാങ്ങില്ല എന്നാണ് പറഞ്ഞത്. ഇപ്പോൾ ഈ ബില്ലിൽ അതിലും കുറവായ തുകയ്ക്ക് വാങ്ങിക്കാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. "അതിലും കുറവായ തുക" എന്നത് ഒഴിവാക്കണം അതാണ് എന്റെ ഭേദഗതി.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

340. ഖണ്ഡം 3(3) (ഐ)(iv)-ൽ, " പതിനഞ്ച് ദിവസ കാലയളവിൽ "എന്നതിന് പകരം "ഇരുപത് ദിവസകാലയളവിൽ " എന്നത് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

343. ഖണ്ഡം 3(3)(ഐ)(iv)-ലെ ക്ലിപ്തനിബന്ധനയിൽ, "നിക്ഷേപിക്കേണ്ടതുക" എന്നതിനുശേഷം "തുടർന്നുള്ള വികസനത്തിന്"എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

344. ഖണ്ഡം 3(3) (ഐ)(v)-ൽ, " റെഗുലേഷനുകളോ " എന്നതിനു ശേഷം "ഉത്തരവുകളോ" എന്ന് ചേർക്കുക

345. ഖണ്ഡം 3(3) (ഐ)(vi)-ൽ, "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം"നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

344-ൽ ഖണ്ഡം 3(3) (ഐ)(v)-ൽ, "റെഗുലേഷനുകളോ " എന്നതിനു ശേഷം "ഉത്തരവുകളോ" എന്ന് ചേർക്കണം.

345. ഖണ്ഡം 3(3) (ഐ)(vi)-ൽ, " നിർണ്ണയിക്കപ്പെടാവുന്ന " എന്നതിന് പകരം"നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാം കുഴി അലി) : സർ, ശ്രീ. ഇ. പി. ജയരാജന്റെ 317-ാം നമ്പർ ഭേദഗതിയിൽ സംഘമെന്ന് പറഞ്ഞാൽ അത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളടക്കമുള്ളതാണ്. അതിനാൽ ആ ഭേദഗതി ഉൾക്കൊള്ളേണ്ട ആവശ്യമില്ല. ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത്, ഇപ്പോൾതന്നെ കെ.എം.ബി.ആറിൽ ഉണ്ട്. അത് വീണ്ടും ഈ ബില്ലിൽ ആവശ്യമില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 300, 323, 324, 326, 327 എന്നീ നമ്പർ ഭേദഗതികളും ശ്രീ. മോൻസ് ജോസഫിന്റെ 333-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ 328, 339 എന്നീ നമ്പർ ഭേദഗതികൾ മൂവ്

ചെയ്യാത്തതിനാൽ ഞാൻ ഒഫിഷ്യലായിട്ട് മൂവ് ചെയ്യുന്നു.

328. ഖണ്ഡം 3(3)(എച്ച്)-ൽ, "മറ്റ് ആളുകളുടെയും" എന്നീ വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട എല്ലാ വിഭാഗക്കാരുടെയും" എന്നീ വാക്കുകൾ ചേർക്കുക.

339. ഖണ്ഡം 3(3) (ഐ)(iv)-ൽ, "പതിനഞ്ച് ദിവസ കാലയളവിനുള്ളിൽ " എന്നീ വാക്കുകൾക്ക് പകരം "പത്ത് ദിവസകാലയളവിനുള്ളിൽ " എന്നീ വാക്കുകൾ ചേർക്കുക.

ഇത്രയും ഭേദഗതികളാണ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. ആർ. രാജേഷിന്റെ ഭേദഗതിക്ക് ഞാൻ 70% assure ചെയ്യുന്നുണ്ടെന്ന് സഭയിൽ പറഞ്ഞതല്ലേ. അത് നിയമത്തിൽ അങ്ങനെ കിടന്നോട്ടെ, അതിൽ അർത്ഥമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും എഴുതിത്തന്ന സബ്മിഷനിൽ പറഞ്ഞതാണ്. അടുത്ത ഗവൺമെന്റ് വരുമ്പോൾ അവർക്ക് മാറ്റണമെന്ന് തോന്നിയാൽ എന്തുചെയ്യാൻ പറ്റും? അപ്പോൾ അവർ പുതിയ ഒരു അമെന്റ്മെന്റ് കൊണ്ടുവരണ്ടേ? അതുകൊണ്ട് അത് അങ്ങനെതന്നെ നിൽക്കട്ടെ.

<u>ശ്രീ. എ. കെ. ബാലൻ</u>: ബഹുമാനപ്പെട്ട മന്ത്രി അങ്ങ് 70 ശതമാനമെന്നത് ഉൾക്കൊള്ളിക്കാമെന്ന് ഉറപ്പ് പറഞ്ഞതാണ്. അല്ലെങ്കിൽ മന്ത്രി അങ്ങനെ പറയാൻ പാടില്ലായിരുന്നു. ഞങ്ങളുടെ പ്രീതി സൃഷ്ടിക്കാനായിരുന്നോ മന്ത്രിയുടെ ശ്രമം? ശരിയായിട്ടുള്ള നടപടിയല്ലിത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ അത് ഇപ്പോൾ സ്വീകരിക്കുന്നില്ല. 70% തന്നെയാണ് ഇപ്പോൾ നമ്മൾ വച്ചിട്ടുള്ളത്, അത് തന്നെയാണ് നിയമം.

<u>മി.സ്പീക്കർ</u> : ബഹുമാനപ്പെട്ട മിനിസ്റ്റർ മൂവ് ചെയ്ത ഒഫിഷ്യൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, മിനിസ്റ്റർ ഞങ്ങൾക്ക് ഉറപ്പ് നിൽകിയതാണ്, എന്നിട്ട് ഇപ്പോൾ സ്വീകരിക്കുന്നില്ല എന്നുപറയുന്നു.

<u>മി.സ്പീക്കർ</u> : ഉറപ്പുകൾ സംബന്ധിച്ചത് വേറെ നടപടിയാണ്, ചെയറിന് ഇപ്പോൾ ചെയ്യാൻ കഴിയുന്നത് വോട്ടിനിടുക എന്നുള്ളതാണ്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, എന്റെ 337-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. എ. എം. ആരിഫ്
3. ശ്രീ. ബാബു എം. പാലിശ്ശേരി
4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. എ. കെ. ബാലൻ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. വി. ചെന്താമരാക്ഷൻ
9. ശ്രീ. സി. ദിവാകരൻ
10. ശ്രീ. എം. ഹംസ
11. ശ്രീ. ജി. എസ്. ജയലാൽ
12. ശ്രീ. ഇ. പി. ജയരാജൻ
13. ശ്രീ. സി. കൃഷ്ണൻ
14. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
15. ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
16. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
17. ശ്രീമതി കെ. കെ. ലതിക
18. ശ്രീ. മാത്യു റ്റി. തോമസ്
19. ശ്രീ. കെ. കെ. നാരായണൻ
20. ശ്രീ. പുരുഷൻ കടലുണ്ടി
21. ശ്രീ. ആർ. രാജേഷ്
22. ശ്രീ. റ്റി. വി. രാജേഷ്
23. ശ്രീ. രാജു എബ്രഹാം
24. ശ്രീ. മുല്ലക്കര രത്നാകരൻ

25. പ്രൊഫ. സി. രവീന്ദ്രനാഥ്
26. ശ്രീ. എസ്. ശർമ്മ
27. ശ്രീ. വി. ശശി
28. ശ്രീ. ബി. സത്യൻ
29. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
30. ശ്രീ. കെ. സുരേഷ് കുറുപ്പ്
31. ശ്രീ. പി. തിലോത്തമൻ
32. ശ്രീ. ഇ. കെ. വിജയൻ
33. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. ബി. അബ്ദുൾ റസാക്
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. എ. പി. അനിൽകുമാർ
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. കെ. ബാബു
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. സി.എൻ. ബാലകൃഷ്ണൻ
10. ശ്രീ. വി. റ്റി. ബൽറാം
11. ശ്രീ. ബെന്നി ബെഹനാൻ
12. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
13. ശ്രീ. എ. റ്റി. ജോർജ്
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീമതി പി. കെ. ജയലക്ഷ്മി

16. ഡോ. എൻ. ജയരാജ്
17. ശ്രീ. കെ.സി. ജോസഫ്
18. ശ്രീ. പി. ജെ. ജോസഫ്
19. ശ്രീ. ജോസഫ് വാഴക്കൻ
20. ശ്രീ. വർക്കല കഹാർ
21. ശ്രീ. കെ. എൻ. എ. ഖാദർ
22. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. റ്റി. യു. കുരുവിള
25. ശ്രീ. ലൂഡി ലൂയിസ്
26. ശ്രീ. പി. എ. മാധവൻ
27. ശ്രീ. സി. പി. മുഹമ്മദ്
28. ശ്രീ. കെ. പി. മോഹനൻ
29. ശ്രീ. സി. മോയിൻകുട്ടി
30. ശ്രീ. മോൻസ് ജോസഫ്
31. ശ്രീ. ആര്യാടൻ മുഹമ്മദ്
32. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
33. ശ്രീ. കെ. മുരളീധരൻ
34. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
35. ശ്രീ. ഉമ്മൻ ചാണ്ടി
36. ശ്രീ. ടി. എൻ. പ്രതാപൻ
37. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
38. ശ്രീ. രമേശ് ചെന്നിത്തല
39. ശ്രീ. റോഷി അഗസ്റ്റിൻ

40. ശ്രീ. കെ. എസ്. ശബരീനാഥൻ
41. ശ്രീ. വി. പി. സജീന്ദ്രൻ
42. ശ്രീ. വി. ഡി. സതീശൻ
43. ശ്രീ. ആർ. സെൽവരാജ്
44. ശ്രീ. ഷാഫി പറമ്പിൽ
45. ശ്രീ. കെ. എം. ഷാജി
46. ശ്രീ. എൻ. ഷംസുദ്ദീൻ
47. ശ്രീ. കെ. ശിവദാസൻ നായർ
48. ശ്രീ. സണ്ണി ജോസഫ്
49. ശ്രീ. സി. എഫ്. തോമസ്
50. ശ്രീ. തോമസ് ഉണ്ണിയാടൻ
51. ശ്രീ. പി. ഉബൈദുള്ള
52. ശ്രീ. എം. ഉമ്മർ
53. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
54. ശ്രീ. എം. പി. വിൻസെന്റ്
55. ശ്രീ. പി. സി. വിഷ്ണുനാഥ്

മി.സ്പീക്കർ : ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 33

പ്രതികൂലിക്കുന്നവർ - 55

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 286, 295 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 288, 341 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 289, 301, 311, 330, 335 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 290, 293, 306, 338 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 291-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 292, 307, 342 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമനിക് പ്രസന്റേഷൻ അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മൻ മാസ്റ്റർ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 344,345 എന്നീ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3 -ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

346. ഖണ്ഡം (4)(1)-ൽ, "ഒരു അപേക്ഷ ലഭിച്ചാൽ"എന്നീ വാക്കുകൾക്ക് ശേഷം "പ്രമോട്ടർ നൽകിയിട്ടുള്ള വിവരങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതും തുടർന്ന്" എന്നീ വാക്കുകൾ ചേർക്കുക.

355. ഖണ്ഡം 4(1)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ, "പറയുവാൻ" എന്ന വാക്കിന് ശേഷം "ഒരു അവസരം നൽകേണ്ടതും അപ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

360. ഖണ്ഡം 4 (2)- ൽ, "പ്രോജക്ട്" എന്ന വാക്കിന് ശേഷം "താൽക്കാലികമായി" എന്ന വാക്ക് ചേർക്കുക.

365. ഖണ്ഡം 4(2)-ൽ, "ഒരു ലോഗിൻ" എന്നീ വാക്കുകൾക്കു പകരം "ഒരു താല്ക്കാലിക ലോഗിൻ " എന്നീ വാക്കുകൾ ചേർക്കുക.

367. ഖണ്ഡം 4(3)-ൽ, "കാലയളവിലേക്ക് സാധുത ഉണ്ടായിരിക്കുന്നതാണ്" എന്നീ വാക്കുകൾക്കു പകരം "കാലയളവിനുള്ളിൽ സാധുത നേടിയിരിക്കേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

350. ഖണ്ഡം 4(1)-ൽ, "ഏഴ് പ്രവർത്തി ദിവസങ്ങൾക്കകം" എന്നീ വാക്കുകൾക്ക് പകരം "പതിനഞ്ചു ദിവസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ഇതിനെക്കുറിച്ചും മന്ത്രി പറഞ്ഞിട്ടുള്ളതാണ്. അങ്ങനെ പറഞ്ഞിട്ടില്ല എന്ന് ഇനിയും പറയരുത്. പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിച്ചാൽ ഏഴ് ദിവസത്തിനകം സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യണമെന്നാണ് ബില്ലിൽ പറയുന്നത്. വലിയ പ്രോജക്ടുകളാണ് സബ്മിറ്റ് ചെയ്യുന്നത്. വിവിധ തരത്തിലുള്ള പരിശോധനകൾ ആവശ്യമാണ്. അതുകൊണ്ട് "പതിനഞ്ച് ദിവസത്തിനുള്ളിൽ" എന്ന ഭേദഗതിയാണ് അവതരിപ്പിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട

മന്ത്രി ഇതിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. ഇത് അംഗീകരിക്കുന്നില്ലെങ്കിൽ ഇതുപോലെയുള്ള കാര്യങ്ങൾ പറയരുത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

351. ഖണ്ഡം 4(1)(എ)-യിൽ, "റെഗുലേഷനുകൾക്കും" എന്ന വാക്കിന് ശേഷം "ഉത്തരവുകൾക്കും" എന്ന വാക്ക് ചേർക്കുക.

353. ഖണ്ഡം 4(1)(ബി)-യിൽ, "നിരസിക്കേണ്ടതും" എന്ന വാക്കിന് മുൻപിലായി ചേർത്തിരിക്കുന്ന "അപേക്ഷ" എന്ന വാക്ക് ഒഴിവാക്കുക.

359. ഖണ്ഡം 4(2)-ൽ, "പരാജയപ്പെടുന്ന പക്ഷം" എന്നീ വാക്കുകൾക്കു പകരം "പരാജയപ്പെടുന്ന പക്ഷമോ അപേക്ഷയിലെ ന്യൂനതകളെന്തെങ്കിലും ഉണ്ടെങ്കിൽ അത് അയാളെ അറിയിക്കാതിരുന്നാലോ" എന്നീ വാക്കുകൾ ചേർക്കുക.

369. ഖണ്ഡം 4(4)-ൽ, "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനു പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുകയും ഇപ്രകാരം വരുന്നിടത്തെല്ലാം സമാനമായി ഭേദഗതി ചെയ്യുകയും ചെയ്യുക.

373. ഖണ്ഡം 4(4)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(5) ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ പ്രൊമോട്ടർക്കും അതോറിറ്റി രജിസ്ട്രേഷൻ നമ്പർ അനുവദിക്കേണ്ടതും ഈ ആക്റ്റ് പ്രകാരം പ്രൊമോട്ടർ നടത്തുന്ന ഓരോ വില്പനയിലും അത് രേഖപ്പെടുത്തേണ്ടതുമാണ്."

സർ, ഭേദഗതി 359-ൽ ഖണ്ഡം 4(2) - റിയൽ എസ്റ്റേറ്റ് പ്രോജക്റ്റ് രജിസ്റ്റർ ചെയ്യേണ്ട നടപടിക്രമം വിശദീകരിക്കുന്ന ഭാഗത്ത് രജിസ്ട്രേഷനുള്ള അപേക്ഷ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിൽ അതോറിറ്റി പരാജയപ്പെട്ടാൽ രജിസ്ട്രേഷൻ നടന്നതായി അനുമാനിക്കപ്പെടും എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ന്യൂനതയുള്ള അപേക്ഷകൾ ലഭിക്കുന്ന സാഹചര്യങ്ങൾ സംഭവിക്കാം. അത്തരം കേസ്സുകളിൽ പ്രസ്തുത ന്യൂനതകൾ സംബന്ധിച്ചുള്ള കാര്യങ്ങൾ അപേക്ഷകനെ അറിയിക്കണം. ഇത്തരത്തിൽ

അറിയിക്കാതിരുന്നാൽമാത്രമേ ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്തതായി കണക്കാക്കാവൂ എന്നതാണ് എന്റെ ഭേദഗതി.

ഭേദഗതി 373-ൽ 4 -ാം വകുപ്പ് 4-ാം ഉപഖണ്ഡത്തിനുശേഷം 5-ാം ഉപവകുപ്പ് ചേർക്കാനുള്ള ഭേദഗതിയാണ്. ഈ ആക്ടുപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന റിയൽ എസ്റ്റേറ്റ് ഏജന്റുമാർക്ക് രജിസ്റ്റർ നമ്പർ അനുവദിക്കുമെന്ന് ആക്ടിൽ പറയുന്നുണ്ട്. പ്രൊമോട്ടർമാർക്കും രജിസ്റ്റർ നമ്പർ നിർബന്ധമാക്കണം. അതിനാണ് എന്റെ ഈ ഭേദഗതി.

ഈ ഭേദഗതികൾ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

354. ഖണ്ഡം 4(1)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ, "പറയുവാനുള്ളത്" എന്നതിനു ശേഷം "നിശ്ചിത ദിവസത്തിനുള്ളിൽ" എന്നത് ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

356. ഖണ്ഡം 4(1)(ബി)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(സി) സംസ്ഥാനത്തെ ഹൗസിംഗ് സഹകരണ സംഘങ്ങൾക്കുള്ള ചട്ടങ്ങളും നിയമങ്ങളും സഹകരണ വകുപ്പ് പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണ്. അപ്രകാരം പുറപ്പെടുവിക്കുന്ന ചട്ടങ്ങളും നിയമങ്ങളും പ്രകാരമായിരിക്കും ഹൗസിംഗ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കേണ്ടത്. ഈ ആക്ടിലെ വ്യവസ്ഥകളും ചട്ടങ്ങളും പ്രസ്തുത സഹകരണ സംഘങ്ങൾക്ക് ബാധകമല്ലാത്തതാകുന്നു."

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

357. ഖണ്ഡം 4(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) 3-ാം വകുപ്പിലെ 2-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിച്ചാൽ അതോറിറ്റി.

(എ) ഏഴ ദിവസങ്ങൾക്കകം ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി രജിസ്റ്റർ ചെയ്യേണ്ടതും, അപേക്ഷകന് അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രവേശിക്കുന്നതിനും അയാളുടെ വെബ് പേജ് ഉണ്ടാക്കുന്നതിനും നിർദ്ദിഷ്ട പദ്ധതിയുടെ വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തുന്നതിനുമായി ലോഗിൻ ഐഡിയും പാസ്‌വേർഡും ഉൾപ്പെടെ ഒരു രജിസ്ട്രേഷൻ നമ്പർ നൽകേണ്ടതും അല്ലെങ്കിൽ;

(ബി) അങ്ങനെയുള്ള അപേക്ഷ ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ വ്യവസ്ഥകൾക്ക് അനുസൃതമല്ലെങ്കിൽ അപേക്ഷകന് പോരായ്മകൾ പരിഹരിക്കുന്നതിന് ഒരു അവസരം നൽകിയതിനുശേഷവും വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ലെങ്കിൽ രേഖപ്പെടുത്തിയ കാരണങ്ങളോടുകൂടി അപേക്ഷ നിരസിക്കേണ്ടതും ആകുന്നു. ഈ സംഗതിയിൽ മുപ്പതു ദിവസത്തിനകം നടപടികൾ പൂർത്തീകരിക്കേണ്ടതും ആകുന്നു."

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

364. ഖണ്ഡം 4(2)-ൽ, "രണ്ട് ദിവസങ്ങൾക്കകം" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ദിവസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കുക.

<u>മി. സ്പീക്കർ</u>: എല്ലാവരും നിൽക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഭേദഗതി മൂവ് ചെയ്യുന്ന സമയത്ത് ആരും നിൽക്കരുത്. ആരാണ് എഴുന്നേൽക്കുന്നത് ആരാണ് നിൽക്കുന്നതെന്ന് ചെയറിന് കാണാൻ കഴിയുന്നില്ല. ശ്രീ. ഡൊമിനിക് പ്രസന്റേഷനും ഇത് ബാധകമാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

366. ഖണ്ഡം 4(2)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക: "എന്നാൽ, ഏഴ് പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ രജിസ്ട്രേഷൻ അപേക്ഷയിന്മേൽ തീരുമാനമെടുക്കുവാൻ അതോറിറ്റി പരാജയപ്പെടുന്ന സാഹചര്യത്തിൽ പ്രൊമോട്ടറുടെ വെബ് പേജിൽ അപ്രകാരമുള്ള താല്ക്കാലിക രജിസ്ട്രേഷന്റെ വിവരം പ്രത്യേകം രേഖപ്പെടുത്തേണ്ടതും അടുത്ത പതിനാല് ദിവസത്തിനകം രജിസ്ട്രേഷൻ അപേക്ഷയിൽ അന്തിമതീരുമാനമെടുത്ത് അതോറിറ്റി തുടർ നടപടി സ്വീകരിക്കേണ്ടതുമാണ് "

(ii) ഖണ്ഡം 4(2)-ൽ, "പ്രോജക്ട് " എന്ന വാക്കിനുശേഷം

"താല്ക്കാലികമായി" എന്ന വാക്ക് ചേർക്കുക.

റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിക്കുമുമ്പാകെ രജിസ്ട്രേഷനായി വരുന്ന ഒരു അപേക്ഷയെ സംബന്ധിച്ച് ഇവിടെ പറയുന്നത്, ആ റെഗുലേറ്ററി അതോറിറ്റിയുടെ മുമ്പിലേയ്ക്കുവരുന്ന അപേക്ഷ നിരസിക്കുകയോ അനുവദിക്കുകയോ ചെയ്താൽ അനുവദിക്കുന്നതിനോ നിരസിക്കുന്നതിനോ റെഗുലേറ്ററി അതോറിറ്റി പരാജയപ്പെടുന്നപക്ഷം......

'അനുവദിക്കുന്നതിന് പരാജയപ്പെടുക' എന്നു പറഞ്ഞാൽ നിരസിക്കുക എന്നാണ്. നിരസിക്കുന്നതിന് പരാജയപ്പെടുക എന്നു പറഞ്ഞാൽ അത് അനുവദിക്കുക എന്നാണ്. അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നപക്ഷം ആ രജിസ്ട്രേഷൻ രജിസ്റ്റർ ചെയ്തതായി കണക്കാക്കപ്പെടുകയാണ്. കൃത്യമായ വ്യവസ്ഥയില്ലാതെ റെഗുലേറ്ററി അതോറിറ്റിക്കുമുമ്പാകെ വരുന്ന അപേക്ഷ നിരസിക്കുന്നതായി കണക്കാക്കപ്പെട്ടാൽ അതെങ്ങനെയാണ് രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നത്? എന്റെ ഭേദഗതി, അത് താല്ക്കാലികമായി രജിസ്റ്റർ ചെയ്തതായി കരുതുകയും ഏഴ് പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ രജിസ്ട്രേഷൻ അപേക്ഷയിന്മേൽ തീരുമാനമെടുക്കാൻ അതോറിറ്റി പരാജയപ്പെടുന്ന സാഹചര്യത്തിൽ പ്രൊമോട്ടറുടെ വെബ് പേജിൽ അപ്രകാരമുള്ള താല്ക്കാലിക രജിസ്ട്രേഷന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നാണ്. ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇതാണ് എന്റെ ഭേദഗതി.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

371. ഖണ്ഡം 4(4)-ൽ, "സ്വതന്ത്ര നിരീക്ഷകരെ ഏർപ്പെടുത്താവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "33-ാം വകുപ്പ് പ്രകാരം ആളുകളെ നിയമിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

സർ, ഇതിൽ "സ്വതന്ത്ര നിരീക്ഷകരെ ഏർപ്പെടുത്താവുന്നതാണ്" എന്നീ വാക്കുകൾക്കുപകരം " 33-ാം വകുപ്പ്പ്രകാരം ആളുകളെ നിയമിക്കാവുന്നതണ്" എന്നാണ്. 33-ാം വകുപ്പിൽ പറയുന്നത് അതോറിറ്റിയിലെ ജീവനക്കാരെ നിയമിക്കാമെന്നാണ്. സ്വതന്ത്രമായിട്ടുള്ള വേറെ ആളുകളെ നിയമിക്കുന്നതിനുപകരം 33-ാം വകുപ്പ്പ്രകാരം ഇതിൽ നിയമിക്കുന്ന അതോറിറ്റിയുടെ ആളുകളെ സൂപ്പർവിഷനുമായി ബന്ധപ്പെട്ടുകൊണ്ട് പറയുന്നുണ്ട്. 33-ാം വകുപ്പ് പ്രകാരമുള്ള

അതോറിറ്റിയുടെ ജീവനക്കാരെ നിയമിക്കാവുന്നതാണ് എന്നുള്ളതാണ് എന്റെ ഭേദഗതി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദറിന്റെ 362-ാം നമ്പർ ഭേദഗതി ഒഫിഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

362. ഖണ്ഡം 4(2)-ൽ, "ഏഴ് പ്രവർത്തിദിവസങ്ങൾ" എന്നീ വാക്കുകൾക്കു പകരം "പതിനഞ്ചു ദിവസങ്ങൾ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 350-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതിയും സ്വീകരിച്ച മറ്റു ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 346, 355, 360, 365, 367 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 351, 359, 369, 373 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 5-ൽ,

(i) "നൽകിയിട്ടുള്ള" എന്ന വാക്കിനു മുൻപ് " പ്രമോട്ടർക്ക്" എന്ന വാക്ക് ചേർക്കുക.

(ii) 1-ാം ക്ലിപ്തനിബന്ധനയിൽ "സമ്മതത്തോടെയല്ലാതെ" എന്നത് "സമ്മതമില്ലാതെയും ബാക്കിയുള്ളവരുടെ അഭിപ്രായം ആരായാതെയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

376. ഖണ്ഡം 5 -ന്റെ 1-ാം ക്ലിപ്തനിബന്ധന നീക്കം ചെയ്യുക.

ഇതിൽ അപ്രകാരം രജിസ്ട്രേഷൻ ദീർഘിപ്പിച്ചുനൽകുന്നത് അലോട്ട് ചെയ്യപ്പെട്ടവരിൽ ഭൂരിപക്ഷം പേരുടേയും സമ്മതത്തോടെയല്ലാതെ എന്നു പറഞ്ഞാൽ ഒരു പ്രമോട്ടർക്ക് ഏതെങ്കിലും കാരണവശാൽ രജിസ്ട്രേഷൻ സമയത്തിന് പുതുക്കാൻ കഴിഞ്ഞില്ലെങ്കിൽ അലോട്ട് ചെയ്യപ്പെട്ട ഓരോരുത്തരുടേയും അടുത്തുപോയി സമ്മതപത്രം വാങ്ങേണ്ടിവരും. അത് ശിക്ഷിക്കുന്നതിന് തുല്യമാണ്. ആ ക്ലിപ്തനിബന്ധന ഒഴിവാക്കണമെന്നുള്ളതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

377. ഖണ്ഡം 5-ന്റെ ഒന്നാമത്തെ ക്ലിപ്തനിബന്ധനയിൽ " ഭൂരിപക്ഷം

പേരുടേയും" എന്ന വാക്കുകൾക്ക് മുൻപ് "അസോസിയേഷനിലെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

380. ഖണ്ഡം 5-ന്റെ 1-ാം ക്ലിപ്തനിബന്ധന താഴെപറയും പ്രകാരം മാറ്റുക:

"എന്നാൽ രജിസ്ട്രേഷൻ നീട്ടി നല്കുന്നതിനുമുമ്പ് അലോട്ട് ചെയ്തവർക്ക് എല്ലാം കാര്യകാരണ സഹിതം അറിയിപ്പ് നൽകേണ്ടതും അതോറിറ്റിയുടെ വെബ്സൈറ്റിൽ കമ്പനിക്കു നല്കിയിട്ടുള്ള പേജിൽ അക്കാര്യങ്ങൾ കാണിച്ചിരിക്കേണ്ടതുമാണ്"

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. പി. അബ്ദു സമദ് സമദാനിയുടെ 379-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 5-ന്റെ 1-ാം ക്ലിപ്തനിബന്ധനയിൽ, "ഭൂരിപക്ഷംപേരുടേയും" എന്നതിനു ശേഷം "രേഖപ്പെടുത്തപ്പെട്ട" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതിയുടെ പാർട്ട് (i) അംഗീകരിക്കുന്നു.

375. ഖണ്ഡം 5-ൽ,

(i) നൽകിയിട്ടുള്ള" എന്ന വാക്കിനു മുൻപ് "പ്രമോട്ടർക്ക്" എന്ന വാക്ക് ചേർക്കുക. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതിയുടെ (ii)-ാം ഭാഗം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 380-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**6-ാം വകുപ്പ്**

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

383. ഖണ്ഡം 6(1)(ബി)-യിൽ, "നിബന്ധനകളോ, ഉപാധികളോ" എന്നതിനു ശേഷം "വ്യവസ്ഥകളോ" എന്നത് ചേർക്കുക.

390. ഖണ്ഡം 6(1)(സി)-യുടെ വിശദീകരണത്തിലെ (ബി) ഇനത്തിൽ "ഏതെങ്കിലും വർത്തമാന പത്രത്തിലോ" എന്നീ വാക്കുകൾക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക.

"ഇലക്ട്രോണിക് മീഡിയയിലോ"

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

384. ഖണ്ഡം 6(1)(സി)-യിൽ, "പ്രവൃത്തിയിലോ" എന്ന വാക്കിന് ശേഷം "പ്രവർത്തന രീതിയിലോ" എന്നീ വാക്കുകൾ ചേർക്കുക.

389. ഖണ്ഡം 6(1)(സി)-യുടെ വിശദീകരണത്തിലെ (എ)(iii)-യ്ക്ക് ശേഷമുള്ള "എന്നിവ ചെയ്യുന്ന വാക്കാലോ രേഖാമൂലമോ ദൃശ്യപരമായ ആവിഷ്കാരത്തിലൂടെയോ പ്രസ്താവന നടത്തുന്ന പ്രവർത്തന രീതി" എന്നീ വാക്കുകൾക്ക് പകരം"എന്നിവ ചെയ്യുന്ന വാക്കാലോ, രേഖാമൂലമോ, ദൃശ്യ-ശ്രാവ്യ ആവിഷ്കാരത്തിലൂടെയോ പ്രസ്താവനയോ പ്രചാരമോ നടത്തുന്ന രീതി" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

391. ഖണ്ഡം 6(1) (സി)-യ്ക്ക് ശേഷം (ഡി) ആയി താഴെ പറയുന്നത് ചേർക്കുക:

"(ഡി) ഈ ആക്റ്റിലെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നു എന്ന്;"

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

393. ഖണ്ഡം 6(2)-ൽ, "മുപ്പത് ദിവസത്തിൽ" എന്നതിന് പകരം "ഇരുപത്തഞ്ച് ദിവസത്തിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

394. ഖണ്ഡം 6(2)-ൽ, "മുപ്പത് ദിവസത്തിൽ കുറയാതെയുള്ള" എന്നതിനു ശേഷം "സമയ പരിധി നിശ്ചയിച്ച്" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

395. ഖണ്ഡം 6(2)-ൽ, "നൽകുന്നപക്ഷവും" എന്നതിന് പകരം "നൽകാത്തപക്ഷവും" എന്നത് ചേർക്കുക.

402. ഖണ്ഡം 6(4)(എ)-യ്ക്കു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുകയും തുടർന്ന് വരുന്നത് അനുപ്രകാരം പുനരക്കം ചെയ്യുകയും ചെയ്യുക:

" (ബി) പ്രമോട്ടറുടെ പുതിയ പ്രോജക്ടുകൾക്ക് രജിസ്ട്രേഷൻ നൽകുന്നത് തടയേണ്ടതും;

(സി) നിലവിലുള്ള മറ്റ് പ്രോജക്ടുകളുടെ വികസിപ്പിക്കൽ തടയേണ്ടതും;"

395-ൽ, ഖണ്ഡം 6 (2)-ൽ "നൽകുന്നപക്ഷവും" എന്നതിന് പകരം "നൽകാത്തപക്ഷവും" എന്നാണ് ചേർക്കേണ്ടത്. ഈ വാക്കുകൾ തമ്മിൽ വലിയ വ്യത്യാസമുണ്ട്. അതോറിറ്റി നാലാം വകുപ്പുപ്രകാരം പ്രമോട്ടർക്ക് നൽകിയിട്ടുള്ള രജിസ്ട്രേഷൻ ഏത് കാരണങ്ങളാലാണ് റദ്ദാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് രേഖാമൂലം പ്രസ്താവിച്ചുകൊണ്ടുള്ള 30 ദിവസത്തിൽ കുറയാതെയുള്ള ഒരു നോട്ടീസ് നൽകുന്നപക്ഷവും റദ്ദാക്കുവാനുദ്ദേശിച്ചുകൊണ്ട് നൽകിയ

നോട്ടീസിലെ കാലയളവിനുള്ളിൽ പ്രൊമോട്ടർ നൽകിയിട്ടുള്ള ഏതെങ്കിലും കാരണം പരിഗണിക്കാത്തപക്ഷവും റദ്ദാക്കാൻ പാടുള്ളതല്ല എന്നാണ്. 395. ഖണ്ഡം6(2)-ൽ, "നൽകുന്നപക്ഷവും" എന്നതിന് പകരം "നൽകാത്തപക്ഷവും" എന്നത് ചേർക്കുക. നോട്ടീസ് നൽകാത്തപക്ഷവും എന്നാണ് വേണ്ടത്.

402. ഖണ്ഡം 6(4)(എ)-യ്ക്കുശേഷം (ബി), (സി) എന്നീ ഉപവകുപ്പുകൾ ചേർക്കണമെന്നാണ് എന്റെ ഭേദഗതി. പ്രമോട്ടർമാർ ബോധപൂർവ്വം വീഴ്ച വരുത്തിയാൽ രജിസ്ട്രേഷൻ റദ്ദാക്കണമെന്നും തുടർന്ന് എന്തെല്ലാം ചെയ്യണമെന്നുമാണ് ഈ വകുപ്പിൽ പറയുന്നത്. അവയോടൊപ്പം ഭേദഗതികൾക്കായി പറഞ്ഞിട്ടുള്ള വകുപ്പുകൾകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

396. ഖണ്ഡം 6(3)-ൽ, "അലോട്ട് ചെയ്യപ്പെട്ടവരുടെ" എന്നതിനു പകരം "അസോസിയേഷന്റെ" എന്നത് ചേർക്കുക.

403. ഖണ്ഡം6(4)(ബി)-യിൽ "വികസനപ്രവർത്തനങ്ങൾ" എന്നതിനുശേഷം "സമയബന്ധിതമായി " എന്ന് ചേർക്കുക

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

397. ഖണ്ഡം 6(3)-ൽ, "താല്പര്യത്തിനായി" എന്ന വാക്കിനു ശേഷം "അവരിൽ ഭൂരിപക്ഷം പേരുടെ സമ്മതപ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

398. ഖണ്ഡം 6(4)(എ)-യിൽ, "പട്ടികയിൽ" എന്നതിനു പകരം "പട്ടികയിൽപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

399. ഖണ്ഡം 6(4)(എ)-യിൽ, "പേര്" എന്ന വാക്കിന് ശേഷം "അയാളുടെ പൂർണ്ണ മേൽവിലാസം ഉൾപ്പെടുന്ന വിശദവിവരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

401. ഖണ്ഡം 6(4)(എ)-യ്ക്ക് പകരം താഴെപ്പറയുന്നതു ചേർക്കുകയും മറ്റുള്ളവ പുന:ക്രമീകരിക്കുകയും ചെയ്യുക:-

" (എ) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട സ്ഥാവര വസ്തു സർക്കാർ ഏറ്റെടുക്കുകയും ബാങ്ക് അക്കൗണ്ടിലെ തുക കണ്ടുകെട്ടുകയും ചെയ്യുകയും അലോട്ട്മെന്റ് ലഭിച്ച ആളുകൾക്ക് അവർ നല്കിയ തുക പലിശ സഹിതം തിരികെ നൽകാൻ വേണ്ടി തുക പ്രമോട്ടറിൽ നിന്ന് ഈടാക്കേണ്ടതുമാണ്;"

പ്രോജക്ടിന് രജിസ്ട്രേഷൻ ലഭിക്കുമ്പോൾത്തന്നെ നിബന്ധനകൾക്കു വിധേയമായി ഒരു വെബ്സൈറ്റ് ഏജൻസിക്ക് അനുവദിക്കുമെന്നതാണ് ഇതിന്റെ ചുരുക്കം. ആ നിബന്ധനകൾ ഏജൻസി ലംഘിച്ചാൽ വെബ്സൈറ്റിൽ പ്രവേശിക്കുന്നത് തടയണം എന്നാണ് ബില്ലിൽ പറയുന്നത്. അതുമാത്രം പോര. കാരണം റിയൽ എസ്റ്റേറ്റ് ഏജൻസികൾ പ്രോജക്ടിന് അംഗീകാരം നൽകുമ്പോൾത്തന്നെ ബുക്കിംഗ് തുടങ്ങി ലക്ഷങ്ങൾ നേടും. രജിസ്ട്രേഷൻ റദ്ദായാൽ പണം നൽകിയവർ വഴിയാധാരമാകും. അതുകൊണ്ട് രജിസ്ട്രേഷൻ റദ്ദായാൽ ബാങ്ക് അക്കൗണ്ടിലെ തുക കണ്ടുകെട്ടുകയും അലോട്ട്മെന്റ് ലഭിച്ച ആളുകൾ നൽകിയ പണം പലിശസഹിതം തിരിച്ചുനൽകാൻവേണ്ടി പ്രമോട്ടറിൽനിന്ന് ഈടാക്കുകയും വേണം എന്ന ഭേദഗതിയാണ് അവതരിപ്പിക്കുന്നത്. അല്ലാതെ ഇതൊഴിവാക്കിയാൽ ഇവരുടെ കാഷ് പോകുമെന്നുള്ളതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇതിൽ രണ്ട് കാര്യങ്ങൾകൂടി ഞാൻ പറഞ്ഞിട്ടുണ്ട്. വീഴ്ച വരുത്തിയ പ്രമോട്ടറോട് പലിശസഹിതം വാങ്ങിയാൽ പോര. അയാളുടെ പുതിയ പ്രോജക്ടുകളുടെ രജിസ്ട്രേഷൻ നൽകുന്നത് തടയേണ്ടതും നിലവിലുള്ള മറ്റ് പ്രോജക്ടുകളുടെ വികസനം നടത്തുന്നത് തടയണമെന്നുമാണ് എന്റെ ഭേദഗതി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീമതി കെ. എസ്. സലീഖയുടെ 387-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

387. ഖണ്ഡം 6(1)(സി)(എ)(i)-ൽ "സൂചിപ്പിക്കുന്നതോ;" എന്ന വാക്കിനു പകരം "സൂചിപ്പിക്കുന്നതോ അങ്ങനെയുള്ള പ്രവർത്തനം നടത്തുന്നതോ;" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതിയും ശ്രീ. പി.എ. മാധവൻ അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതിയും ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

401, 402 എന്നീ ഭേദഗതികൾ എടുക്കുന്നില്ല. കാരണം അതൊരു പോളിസി മാറ്റമാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എ. കെ. ബാലൻ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതിക്കു സമാനമാണ് ഞാൻ അവതരിപ്പിച്ച 401-ാം നമ്പർ ഭേദഗതി.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചത്. 402-ാം നമ്പർ ഭേദഗതിയാണ് സമാനമായിട്ടുള്ളത്.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 383, 390 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 402-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതിപ്പിച്ച 401-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ................

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

404. ഖണ്ഡം 7-ൽ,

(i) "അധികാരസ്ഥാനമോ" എന്നതിനുശേഷം "അലോട്ട് ചെയ്യപ്പെട്ടവരോ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 7-ന്റെ ക്ലിപ്തനിബന്ധനയിലെ "അപ്പീൽ നൽകുന്നതിനുള്ള സമയപരിധി അവസാനിപ്പിക്കുന്നതുവരെ" എന്നതിന് പകരം "അപ്പീലിൽ തീരുമാനമെടുക്കുന്നതുവരെ " എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

406. ഖണ്ഡം 7-ൽ, "അതോറിറ്റിക്ക്" എന്ന വാക്കിനുമുൻപ് "കാര്യങ്ങൾ" എന്ന വാക്ക് ചേർക്കുക.

407. ഖണ്ഡം 7-ൽ, "പ്രകാരമുള്ള നടപടി എടുക്കുവാൻ, സർക്കാരുമായി കൂടിയാലോചിക്കാവുന്നതാണ്:" എന്നീ വാക്കുകൾക്ക് പകരം

"നടപടികൾ 6(4)(ബി) പ്രകാരം എടുക്കാവുന്നതും ആയത് സർക്കാരുമായി കൂടിയാലോചിക്കാവുന്നതാണ്." എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

408. ഖണ്ഡം 7-ൽ, "സർക്കാരുമായി കൂടി ആലോചിക്കാവുന്നതാണ്" എന്നതിനുപകരം "അതോറിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്ന താണ്" എന്നത് ചേർക്കുക.

ഖണ്ഡം7-ൽ, അതോറിറ്റിക്ക് സർക്കാരുമായി കൂടിയാലോചിക്കാവുന്നതാണ് എന്നാണ് എഴുതിയിരിക്കുന്നത്. കൂടിയാലോചിക്കുക എന്നുപറഞ്ഞാൽ അതിന് പ്രത്യേകിച്ച് അധികാരമില്ല. അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ് എന്നുമാറ്റണം.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

410. ഖണ്ഡം 7-ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്പീൽ നൽകുന്നതിനുള്ള സമയ പരിധി "എന്ന വാക്കിന് ശേഷം "30 ദിവസം" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീമതി കെ. എസ്. സലീഖയുടെ 409-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

409. ഖണ്ഡം 7-ൽ, "കൂടിയാലോചിക്കാവുന്നതാണ്" എന്നതിനുപകരം "കൂടിയാലോചിക്കാവുന്നതും സർക്കാർ തീരുമാനം അന്തിമവുമാണ്;" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 406-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 404-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 407-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 408-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .............................

പ്രതികൂലിക്കുന്നവർ .............................

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**8-ാം വകുപ്പ്**

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

411. ഖണ്ഡം 8(1)-ൽ, "യാതൊരു" എന്നതിനു പകരം "ഏതൊരു" എന്നത് ചേർക്കുക.

419. ഖണ്ഡം 8(4)-ൽ, "അറിയിപ്പ്" എന്ന വാക്കിനു മുൻപായി "രേഖാമൂലമുള്ള" എന്ന വാക്ക് ചേർക്കുക.

420. ഖണ്ഡം 8(5)-ൽ, "നടത്തുന്ന" എന്നതിനു പകരം "പങ്കാളിയാകുന്ന" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

413. ഖണ്ഡം 8(1)-ൽ,

(i) "വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന" എന്നതിനു പകരം "വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നതോ വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നതോ ആയ" എന്നത് ചേർക്കുക.

(ii) "അല്ലെങ്കിൽ വിൽപ്പന നടത്തുവാനോ വാങ്ങുവാനോ" എന്നത്

ഒഴിവാക്കുക.

415. ഖണ്ഡം 8(3)(ബി)-യിൽ, "കാരണങ്ങളാൽ" എന്ന വാക്കിനു ശേഷമുള്ള "അപേക്ഷ" എന്ന വാക്കിന് പകരം "നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

425. ഖണ്ഡം 8(7)-ൽ, "സസ്പെൻന്റ്" എന്ന് വരുന്നിടത്തെല്ലാം ആയത് മാറ്റി "സസ്പെന്റ്" എന്ന് ചേർക്കുക.

413. ഖണ്ഡം 8(1)-ൽ, ബില്ലിൽ പറഞ്ഞിരിക്കുന്നത് "വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന" എന്നാണ്. വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന എന്നുമാത്രം പറഞ്ഞാൽ ഉദ്ദേശ്യം സഫലമാകില്ല. അതിനുപകരം വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നതോ, വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നതോ ആയ എന്നുചേർക്കണം. അല്ലെങ്കിൽ 'വിൽപ്പന നടത്തുവാനോ വാങ്ങുവാനോ' എന്നത് ഒഴിവാക്കുക. വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന സമയത്ത് നമുക്ക് ഇടപെടാൻ കഴിയില്ല. വിൽപ്പന നടത്താനുദ്ദേശിക്കുന്ന സാധനം തന്നെയാണ് വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന എന്നുപറയുന്നത്. അതുകൊണ്ട് "വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നതോ" എന്നു ചേർക്കണം.

ശ്രീ. ലൂഡി ലൂയിസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

414. ഖണ്ഡം 8(3)(എ)-യിൽ, "രജിസ്ട്രേഷൻ" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടുന്ന കാലയളവിനുള്ളിൽ" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

416. ഖണ്ഡം 8(3)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ, "പറയുവാൻ" എന്ന വാക്കിനു ശേഷം "ഒരു അവസരം നൽകേണ്ടതും അപ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

421. ഖണ്ഡം 8(5)-ൽ, "ഓരോ വില്പനയിലും" എന്നതിനു പകരം "ഓരോ വില്പന കരാറിലും" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

423. ഖണ്ഡം 8(7)-ൽ, "അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള" എന്നീ വാക്കുകൾക്ക് പകരം "നിശ്ചിത കാലയളവിലേക്ക്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

426. ഖണ്ഡം 8(7) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുന:രക്കം ചെയ്യുക:

"(7) രജിസ്ട്രേഷൻ നേടിയിട്ടുള്ള റിയൽ എസ്റ്റേറ്റ് ഏജന്റുമാരുടെ വിശദാംശങ്ങൾ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കേണ്ടതാണ്."

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. വി. ശ്രേയാംസ് കുമാർ 418-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല. അത് ഒഫിഷ്യൻ ഭേദഗതിയായി അവതരിപ്പിക്കുന്നു.

418. ഖണ്ഡം 8 (4)-ൽ, " എന്തെങ്കിലും" എന്ന വാക്കിനു ശേഷം "രേഖാമൂലമുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതിയുടെ ആദ്യഭാഗം (i) അംഗീകരിക്കുന്നു. അതായത്.

413. ഖണ്ഡം 8 (I)-ൽ

(i) "വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന" എന്നതിനു പകരം "വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നതോ വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നതോ ആയ" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 419, 420 എന്നീ ഭേദഗതികളും ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 425 -ാം നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു.

425. ഖണ്ഡം 8(7)-ൽ, "സസ്പെൻന്റ്" എന്ന് വരുന്നിടത്തെല്ലാം ആയത് മാറ്റി "സസ്പെന്റ്" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതിയിലെ (ii)-ാം ഭാഗവും 415-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച 414-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 421-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 423-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 426-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............................

പ്രതികൂലിക്കുന്നവർ .............................

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**9-ാം വകുപ്പ്**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

428. ഖണ്ഡം 9(എ)-യിൽ, "അതോറിറ്റിയിൽ" എന്ന വാക്കിന് മുമ്പായി "3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എ), (ബി), (സി) ഖണ്ഡങ്ങളിലെ ഇളവുകൾക്ക് അർഹതയുള്ള സംഗതികളിലൊഴികെ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

429. ഖണ്ഡം 9(എ)-യിൽ, "വില്പന നടത്തിക്കൊണ്ടിരിക്കുന്ന" എന്നീ വാക്കുകൾക്ക് പകരം "വില്പന നടത്തിക്കൊണ്ടിരിക്കുന്നതോ വില്പന

നടത്താൻ ഉദ്ദേശിക്കുന്നതോ ആയ" എന്നീ വാക്കുകൾ ചേർക്കുക.

432. ഖണ്ഡം 9(ബി)-യിൽ, "വച്ചുപോരേണ്ടതും സൂക്ഷിക്കേണ്ടതുമാണ് " എന്നതിന് പകരം "സൂക്ഷിക്കേണ്ടതും ക്ഷമതയുള്ള അധികാര സ്ഥാനമോ അതോറിറ്റിയോ ആവശ്യപ്പെടുമ്പോഴൊക്കെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ് " എന്നത് ചേർക്കുക.

435. ഖണ്ഡം 9(സി)(i)-ലെ ഇനം (ബി)-യിൽ,

(i) "അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

(ii) "അഫിലിയേഷനോ" എന്നതിനു ശേഷം "രജിസ്ട്രേഷനോ" എന്നത് ചേർക്കുക.

437. ഖണ്ഡം 9(സി)(i)-ലെ ഇനം (സി)-യിൽ, "നടത്തുന്നതോ" എന്നതിനു ശേഷം വരുന്ന "ആയ" എന്ന വാക്ക് ഒഴിവാക്കുക.

440. ഖണ്ഡം 9(ഡി)-യിൽ, "പ്രമാണങ്ങളും" എന്നതിനു ശേഷം "നിശ്ചിത തീയതിക്കകം" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

430. ഖണ്ഡം 9(എ)-യിൽ, "വില്പന നടത്തുവാനോ വാങ്ങുവാനോ" എന്നതിനു പകരം "ക്രയ വിക്രയം ചെയ്യാൻ" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

434. ഖണ്ഡം 9(സി)(i)-ലെ ഇനം (എ)-യിൽ, "സൂചിപ്പിക്കുന്നതോ" എന്ന വാക്കിന് പകരം "വിവരിക്കുന്നതോ" എന്ന വാക്ക് ചേർക്കുക.

436. ഖണ്ഡം 9(സി)(i)-ലെ ഇനം (ബി)-യിൽ, "ധരിപ്പിക്കുന്നതോ" എന്ന വാക്കിന് പകരം "അവകാശപ്പെടുന്നതോ" എന്നത് ചേർക്കുക.

441. ഖണ്ഡം (9) (സി) (ii)-ൽ, "പത്രത്തിലോ" എന്നതിൻെറ കൂടെ "ഇലക്ട്രോണിക് മീഡിയ "എന്നതു ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

439. ഖണ്ഡം 9(സി)(i)-ലെ ഇനം (സി)-യിൽ, "ആയ വാക്കാലോ രേഖാമൂലമോ ദൃശ്യപരമായ ആവിഷ്കാരത്തിലൂടെയോ ഏതെങ്കിലും

പ്രസ്താവന നടത്തുന്ന രീതി" എന്നത് "ആയ വാക്കാലോ, രേഖാമൂലമോ, ദൃശ്യ-ശ്രവ്യ ആവിഷ്കാരത്തിലൂടെയോ പ്രസ്താവനയോ പ്രചാരമോ നടത്തുന്ന രീതി" എന്നാക്കി മാറ്റുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 429, 432, 435, 437, 440 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 430-ാം നമ്പർ ഭേദഗതിയും ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 434, 441 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 439-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............................

പ്രതികൂലിക്കുന്നവർ ............................

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

444. ഖണ്ഡം (10) (1)-ൽ

(i) "ഒക്യുപേഷൻ "എന്നത് "ഒക്യുപൻസി"എന്ന് ഭേദഗതി ചെയ്യുക.

(ii) "അല്ലെങ്കിൽ മറ്റ് തുക" എന്നത് ഒഴിവാക്കുക.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

447. ഖണ്ഡം (10)(1)-ൽ, "അറുപത് ശതമാനം" എന്നതിനുപകരം "അറുപത്തഞ്ച് ശതമാനം"എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

448. ഖണ്ഡം (10)(1)-ൽ, "യൂണിറ്റുകളുടെ" എന്നതിനുപകരം "ഘടകങ്ങളുടെ" എന്ന് ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

450. ഖണ്ഡം (10)(1)-ൽ, "അല്ലെങ്കിൽ മറ്റ് തുക "എന്നത് ഒഴിവാക്കുക.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

452. ഖണ്ഡം 10(1)-ൽ, " നാലുമാസക്കാലയളവിനുള്ളിൽ" എന്നതിനു പകരം "ഒരാഴ്ചയ്ക്കുള്ളിൽ" എന്നത് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

453. ഖണ്ഡം 10(1)-ൽ, "രജിസ്റ്റർ ചെയ്യേണ്ടതും" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെടുന്ന കാലാവധിക്കുള്ളിൽ" എന്നത് ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

455. ഖണ്ഡം10(2)-ൽ, "അലോട്ട് ചെയ്യപ്പെട്ടവർ അസോസിയേഷൻ രൂപീകരിക്കേണ്ടതും ആയത്, അതോറിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്യേണ്ടതുമാണ്" എന്നതിനു പകരം "ഒക്യുപൻസി സർട്ടിഫിക്കറ്റ് റദ്ദാക്കൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു നിർദ്ദേശം നൽകുകയും പ്രമോട്ടറുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്." എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

456. ഖണ്ഡം 10-ൽ, (3)-ാം ഉപവകുപ്പിനു ശേഷം (4)-ാം ഉപവകുപ്പായി താഴെ പറയുന്നത് ചേർക്കുക:

"(4) പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പു പ്രകാരം രജിസ്റ്റർ ചെയ്യുന്ന അസോസിയേഷന് മറ്റൊരു തരത്തിലുമുള്ള രജിസ്ട്രേഷന്റെ ആവശ്യമുണ്ടായിരിക്കുന്നതല്ല."

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. മോൻസ് ജോസഫിന്റെ 445-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

445. ഖണ്ഡം (10)(1)-ൽ, "ഒക്യുപേഷൻ "എന്നതിനുപകരം "ഒക്യുപൻസി" എന്ന് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 447-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 448-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 450-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 452-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 456-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............................

പ്രതികൂലിക്കുന്നവർ .............................

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 11(5)-ൽ ക്ലിപ്ത നിബന്ധനയിലെ 'ഏകപക്ഷീയമായ' എന്ന വാക്ക് ഒഴിവാക്കണം.

ശ്രീമതി കെ. എസ്. സലീഖയുടെ 460-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 11(1)(ഡി)-യ്ക്ക് ശേഷം താഴെപ്പറയുന്നത് (ഇ) ആയി ചേർക്കുക.

"(ഇ) പ്രമോട്ടർ ഏതെങ്കിലും ഏജന്റിനെ നിയോഗിക്കുകയാണ് എങ്കിൽ പ്രസ്തുത ഏജന്റിന്റെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ."

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

457. ഖണ്ഡം 11(1)-ൽ, " ലഭിക്കുന്നതിൻമേൽ" എന്നതിന് "ലഭിച്ചുകഴിഞ്ഞാൽ" എന്നത് ചേർക്കുക.

458. ഖണ്ഡം 11(1)(സി)-യിൽ, " മൂന്നു മാസക്കാലത്തെ" എന്നതിന് പകരം "ഏറ്റവും ഒടുവിലത്തെ മൂന്നുമാസം മുതൽ" എന്നത് ചേർക്കുക.

471. ഖണ്ഡം 11(5)-ൽ, "അലോട്ട് ചെയ്യപ്പെട്ടത്" എന്നതിനു ശേഷം " ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് മുൻപ്" എന്നത് ചേർക്കുക.

475. ഖണ്ഡം 11(6)-ൽ, "വച്ചുപോരുകയും" എന്നതിനു ശേഷം "പരിശോധനയ്ക്ക്

വിധേയമാക്കുകയും" എന്നത് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

459. ഖണ്ഡം 11(1)(സി) താഴെപറയും പ്രകാരം മാറ്റുക: "(സി) പ്രോജക്റ്റിന്റെ ത്രൈമാസ പുരോഗതി"

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

461. ഖണ്ഡം 11(3)(എ)-യിൽ, "സൈറ്റും ലേ ഔട്ട് പ്ലാനുകളും" എന്നതിന് ശേഷം "അപ്രൂവ്ഡ് പ്ലാൻ" എന്നത് ചേർക്കുക.

464. ഖണ്ഡം 11(3)(ബി)-യിൽ, "പൂർത്തിയാക്കുന്ന" എന്നതിനു പകരം "ലഭ്യമാക്കുന്ന" എന്നത് ചേർക്കുക.

470. ഖണ്ഡം 11(5)-ൽ, "കരാറിലെ വ്യവസ്ഥകൾ പ്രകാരം" എന്നതിന് ശേഷം "കരാർ വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

462. ഖണ്ഡം 11(3)(ബി)-യിൽ, "വെള്ളം, ശുചീകരണം" എന്നീ വാക്കുകൾക്ക് പകരം "ജലവിതരണം, സാനിട്ടേഷൻ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

463. ഖണ്ഡം 11(3)(ബി)-യിൽ, "ശുചീകരണം" എന്ന വാക്കിനു പകരം "അഴുക്കുചാലും, ഡ്രെയിനേജും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

466. ഖണ്ഡം 11(4)(എ)-യിൽ, "അധികാരസ്ഥാനത്തു നിന്നും" എന്നീ വാക്കുകൾക്ക് പകരം "അധികാരസ്ഥാനം അനുവദിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

469. ഖണ്ഡം 11(4)(സി) താഴെപറയും പ്രകാരം മാറ്റുക:

"(സി) അലോട്ട് ചെയ്യപ്പെട്ടവരുടെ ഒരു അസോസിയേഷൻ രൂപീകരിച്ച്

നിർണ്ണയിക്കപ്പെട്ട സമയത്തിനകം രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്;"

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

473. ഖണ്ഡം 11(5)-ന്റെ ക്ലിപ്തനിബന്ധനയിൽ, "ആളിന്" എന്നതിനു ശേഷം " നിർണ്ണയിക്കപ്പെടുന്ന കാലാവധിക്കുള്ളിൽ" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ.എ. ഖാദറിന്റെ 457, 475 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഉമ്മറിന്റെ 462-ാം നമ്പർ ഭേദഗതിയും ശ്രീ. മോൻസ് ജോസഫിന്റെ 464-ാം നമ്പർ ഭേദഗതിയും ശ്രീ. ആർ. രാജേഷിന്റെ 469-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 458, 471 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 459-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 461, 470 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 463, 466 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച 473-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ................

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

05.00 PM]

## 12-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

476. ഖണ്ഡം 12-ൽ,

(i) "പരസ്യത്തിലോ" എന്നതിനു മുൻപിലായി " പ്രമോട്ടർ നൽകുന്ന" എന്നത് ചേർക്കുകയും "അടിസ്ഥാനത്തിൽ" എന്നതിന് പകരം "അടിസ്ഥാനത്തിലോ മറ്റേതെങ്കിലും രേഖാമൂലമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലോ" എന്നത് ചേർക്കുകയും ചെയ്യുക.

(ii) ഖണ്ഡം 12-ന്റെ ക്ലിപ്തനിബന്ധനയിലെ "പ്രോസ്പെക്ടസിലോ" എന്നതിനു ശേഷം "മറ്റേതെങ്കിലും രേഖകളിലോ" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

477. ഖണ്ഡം 12-ൽ, "ഏതെങ്കിലും ആൾ" എന്നീ വാക്കുകൾക്ക് ശേഷം " പ്ലോട്ട്, അപ്പാർട്ട്മെന്റ് അല്ലെങ്കിൽ കെട്ടിടം വാങ്ങുന്നതിനായി" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. 477-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ശ്രീ. കെ. എൻ. എ. ഖാദറിന്റെ 476-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 477-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ.........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

480. ഖണ്ഡം 13(1)-ൽ, "പ്ലോട്ടിന്റെയോ, കെട്ടിടത്തിന്റെയോ വിലയുടെ പത്ത് ശതമാനത്തിലധികം വരുന്ന തുക മുൻകൂറായോ അപേക്ഷാ ഫീസായോ" എന്നീ വാക്കുകൾക്ക് പകരം " പ്ലോട്ടിന്റെയോ, കെട്ടിടത്തിന്റെയോ വിലയുടെ ഒരു വിഹിതം മുൻകൂറായോ അപേക്ഷാ ഫീസായോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 13(1)-ൽ, "പത്തുശതമാനത്തിലധികം" എന്നതിനു പകരം "ഏതെങ്കിലും ഒരു ഭാഗം" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

483. ഖണ്ഡം 13(1)-ൽ, "പത്ത് ശതമാനത്തിലധികം വരുന്ന തുക" എന്നതിന് പകരം "പരമാവധി പത്ത് ശതമാനം തുക" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

485. ഖണ്ഡം 13(1)-ൽ, "മുൻകൂറായോ" എന്നതിനു ശേഷം "നിക്ഷേപമായോ"

എന്നത് ചേർക്കുക.

488. ഖണ്ഡം 13(2)-ൽ, "നൽകേണ്ട തീയതിയും രീതിയും" എന്നതിനു ശേഷം "കെട്ടിടം പൂർത്തിയാകാൻ സാധ്യതയുള്ള തീയതി" എന്നത് ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

486. ഖണ്ഡം 13(1)-ന്റെ അവസാനം, "പ്രസ്തുത കരാർ നിയമാനുസൃതം രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 485-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 485-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 480-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 488-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 486-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ.........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

489. ഖണ്ഡം 14(2)-ൽ, "കെട്ടിടത്തിലെ നിർബന്ധമായും തുറസ്സായി കിടക്കേണ്ട" എന്നതിന് പകരം "നിലവിൽ പ്രാബല്യത്തിലുള്ള ചട്ടങ്ങളോ, റെഗുലേഷനുകളോ പ്രകാരം കെട്ടിടത്തിൽ നിർബന്ധമായും തുറസ്സായി ഒഴിച്ചിട്ടിരിക്കേണ്ട" എന്നത് ചേർക്കുക.

493. ഖണ്ഡം 14(3)-ൽ, "എന്തെങ്കിലും കേടുപാടുകൾ" എന്നതിനു ശേഷം "നിർമ്മാണത്തിലെ പിഴവുകൾ എന്നിവ" എന്നീ വാക്കുകൾ ചേർക്കുക.

496. ഖണ്ഡം 14(3)-ൽ, "രണ്ട് വർഷക്കാലയളവിനുള്ളിൽ" എന്നതിനു പകരം "അഞ്ച് വർഷക്കാലയളവിനുള്ളിൽ" എന്നത് ചേർക്കുക.

ശ്രീ. ഇ. പി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

490. ഖണ്ഡം 14(2)-ൽ, "കളിസ്ഥലം, പൂന്തോട്ടം" എന്നീ വാക്കുകൾക്കു ശേഷം "പാർക്കിംഗ് ഏരിയ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

491. ഖണ്ഡം 14(2)-ൽ,

(i) "പൂന്തോട്ടം" എന്നതിനു ശേഷം "പാർക്കിംഗ് സ്ഥലം, നീന്തൽക്കുളം മറ്റേതെങ്കിലും പൊതുവായ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "മുതലായ" എന്ന വാക്ക് ഒഴിവാക്കുക.

492. ഖണ്ഡം 14(3)-ൽ, "അലോട്ട് ചെയ്യപ്പെട്ട ആളിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടല്ലാതെ" എന്നതിനു പകരം "അലോട്ട് ചെയ്ത കെട്ടിടത്തിൽ ഉപയോഗിച്ച നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരമില്ലായ്മ കൊണ്ടോ നിർമ്മാണത്തിലെ എന്തെങ്കിലും പോരായ്മ കൊണ്ടോ" എന്നത്

ചേർക്കുക.

ശ്രീ. വർക്കല കഹാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

494. ഖണ്ഡം 14(3)-ൽ, "രണ്ട് വർഷക്കാലയളവിനുള്ളിൽ" എന്നതിനു പകരം "ഒരു വർഷത്തിനകം" എന്നത് ചേർക്കുക.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

497. ഖണ്ഡം 14(3)-ൽ, "രണ്ട് " എന്ന വാക്കിനു പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

499. ഖണ്ഡം 14(3)-ൽ, "ചാർജ്ജ് കൂടാതെ" എന്നതിനു പകരം "ചാർജ്ജ് ഈടാക്കാതെ" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

500. ഖണ്ഡം 14(3)-ൽ, "അങ്ങനെയുള്ള കേടുപാടുകൾ

പരിഹരിക്കുന്നതിൽ" എന്നതിനു ശേഷം "റീപ്ലേസ്മെന്റ് ചെയ്യാവുന്ന സാധനങ്ങൾ മാറ്റി നൽകാനും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 499-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 499-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 489, 493, 496 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 490-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 491, 492 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 494-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 497-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 500-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ.........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

501. ഖണ്ഡം 15 (1)-ൽ, "വിഭജിക്കപ്പെടാത്ത" എന്നതിനു പകരം "വിഭജിക്കാൻ കഴിയാത്ത" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

502. ഖണ്ഡം 15 (1)-ൽ, "ഒപ്പിട്ട് പൂർത്തിയാക്കി" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 501-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 502-ാം നമ്പർ ഭേദഗതിയും സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ.........................

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**16-ാം വകുപ്പ്**

ശ്രീ.എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

505. ഖണ്ഡം 16 (1)-ൽ, "യാതൊരു" എന്ന വാക്കിന് പകരം "ഏതൊരു" എന്ന വാക്ക് ചേർക്കുക.

508. ഖണ്ഡം 16 (2)-ൽ, "ഒരാൾക്ക്" എന്നതിന് പകരം "അലോട്ട് ചെയ്യപ്പെട്ട ആൾക്ക്" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

506. ഖണ്ഡം 16 (1)-ൽ, "അയാളുമായി" എന്ന വാക്ക് ഒഴിവാക്കുക.

507. ഖണ്ഡം 16 (1)-ൽ, "കരാറിൽ" എന്ന വാക്കിനുശേഷം "ഒരാളുമായി" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

510. ഖണ്ഡം 16 (2)-ൽ, "ഒരാൾക്ക്" എന്ന വാക്കിനു പകരം "അലോട്ട് ചെയ്യപ്പെട്ടവർക്ക് പ്രമോട്ടറുടെ രേഖാമൂലമുള്ള അനുമതിയോടെ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 506, 507 ശ്രീ. എം. ഉമ്മർ

അവതരിപ്പിച്ച 508 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 506, 507 ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 508 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 505, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 510 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 17-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

512. ഖണ്ഡം 17(ബി)-യിൽ, "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനു ശേഷം "തീയതിയ്ക്കകം നിർണ്ണയിക്കപ്പെടാവുന്ന" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 512-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ.........................

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

514. ഖണ്ഡം 18-ൽ, "മറ്റ് എല്ലാ സൗകര്യങ്ങളും" എന്നത് ഒഴിവാക്കുക.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

515. ഖണ്ഡം 18-ൽ, "നിയമത്തിലോ, സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ നയങ്ങളിലോ ഉള്ള വ്യതിയാനത്തെ തുടർന്ന് ഉണ്ടാകാൻ പോകുന്ന പ്രസ്തുത കോളനിയുമായി ബന്ധപ്പെട്ടുള്ള ശേഷിക്കുന്ന അധിക തറവിസ്തീർണ്ണാനുപാതം എന്നിവ ഉപയോഗിച്ച്, അതിൽ കൂടുതൽ നിർമ്മിതികൾ നിർമ്മിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

"നിയമത്തിലോ, സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ ............................ നിർമ്മിതികൾ നിർമ്മിക്കുന്നതിനും സാവകാശം ഉണ്ടായിരിക്കുന്നതാണ്", ഇത്രയും അധികം ആനുകൂല്യങ്ങൾ കൊടുക്കുന്നത് റിയൽ എസ്റ്റേറ്റ് പ്രോത്സാഹനത്തിന്റെ ഒരു ഉദാഹരണമാണ്. അതുകൊണ്ട് ഈ വാക്കുകൾ ഒഴിവാക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 515-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ.........................

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

520. ഖണ്ഡം 19(1)-ൽ, "മറ്റു വിവരങ്ങളോ" എന്നതിനു പകരം "എല്ലാ വിവരങ്ങളും" എന്നത് ചേർക്കുക.

523 എ. ഖണ്ഡം 19(2)-ൽ, "സമയ വിവരപട്ടിക" എന്നതിന് പകരം "സമയ വിവരപട്ടികയും ചെലവു വരുന്ന തുകയും" എന്ന് ചേർക്കുക.

526. ഖണ്ഡം 19(3)-ൽ, "അവകാശപ്പെടുന്നതിന്" എന്നതിനു പകരം "അവകാശപ്പെടുന്നതിനും അനുഭവിക്കുന്നതിനും " എന്നീ വാക്കുകൾ ചേർക്കുക

527. ഖണ്ഡം 19(4)-ൽ, "ഒരു ഡെവലപ്പർ എന്ന നിലയിലുള്ള തൻെറ ബിസിനസ്സ്" എന്നതിനു പകരം "വികസന പ്രവർത്തനങ്ങൾ" എന്ന് ചേർക്കുക.

530. ഖണ്ഡം 19(5)-ൽ, "കൈമാറിയതിനുശേഷം" എന്നതിന് പകരം "കൈമാറുമ്പോൾ" എന്നത് ചേർക്കുക.

531. ഖണ്ഡം 19(6)-ൽ, "ആവശ്യമായ തുക" എന്നീ വാക്കുകൾക്കു പകരം "കരാറിൽ പറഞ്ഞ തുക" എന്നീ വാക്കുകൾ ചേർക്കുക.

533. ഖണ്ഡം 19(7)-ൽ, "ചാർജ്ജോ" എന്നതിനുശേഷം "ഫീസോ " എന്നും "അതിനായി" എന്നതിനുശേഷം "നിർണ്ണയിക്കപ്പെട്ട" എന്നും ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

521. ഖണ്ഡം 19(2)-ൽ, "വെള്ളം" എന്ന വാക്കിനു പകരം "ജല വിതരണം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

522. ഖണ്ഡം 19 (2)-ൽ, "സാനിട്ടേഷൻ" എന്ന വാക്കിനു പകരം "അഴുക്കുചാലും, ഡ്രെയിനേജും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

525. ഖണ്ഡം 19(3)-ൽ, "കൈവശം അവകാശപ്പെടുത്തുന്നതിന് "എന്നീ വാക്കുകൾക്ക് പകരം "കൈവശാവകാശത്തിന് " എന്ന വാക്ക് ചേർക്കുക

534. ഖണ്ഡം 19(7)-ൽ, "അതിനായി" എന്ന വാക്കിനുശേഷം" നിർണ്ണയിക്കപ്പെട്ട നിരക്കിലുള്ള " എന്നീ വാക്കുകൾ ചേർക്കുക.

535. ഖണ്ഡം 19(8)-ൽ, "സമ്മതപ്രകാരം" എന്ന വാക്കിനു പകരം" സമ്മതപത്ര പ്രകാരം " എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

529. ഖണ്ഡം 19(5)-ൽ, "അലോട്ട് ചെയ്യപ്പെട്ട" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അർഹതയുണ്ടായിരിക്കേണ്ടതാണ്" എന്നു ചേർക്കുക.

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

537. അദ്ധ്യായം IV-ന്റെ ശീർഷകത്തിൽ, "അവകാശങ്ങളും കർത്തവ്യങ്ങളും" എന്നതിനു പകരമായി "അവകാശങ്ങൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 521-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 534, 535 എന്നീ നമ്പർ ഭേദഗതികളും അംഗീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 521-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 534, 535 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 520, 523 എ, 526, 527, 531, 533 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 522, 525, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 529-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

538. ഖണ്ഡം20(1)-ൽ, "ആറ്" എന്നതിനു പകരം "പന്ത്രണ്ട്" എന്ന് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

540. ഖണ്ഡം 20(1)-ൽ, "ആറ് മാസക്കാലയളവിനുള്ളിൽ" എന്നതിന് പകരം "ഒൻപത് മാസക്കാലയളവിനുള്ളിൽ" എന്നത് ചേർക്കുക.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദറിന്റെ 541-ാം നമ്പർ ഭേദഗതി ശ്രീ. എം. ഉമ്മറിന്റെ 538-ാം നമ്പർ ഭേദഗതിക്ക് സമാനമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

543. ഖണ്ഡം 20(2)-ൽ, "കയ്യൊഴിക്കുവാനും" എന്നതിനു പകരം "കയ്യൊഴിയുവാനും" എന്നത് ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

545. ഖണ്ഡം 20(3)-ൽ, "തിരുവനന്തപുരം" എന്നതിന് പകരം "എറണാകുളം" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 543-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 543-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 538-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 540-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 545-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

547. ഖണ്ഡം 21-ൽ, "പൊതുഭരണം, നഗരവികസനം, ധനകാര്യം, നിയമം അല്ലെങ്കിൽ മാനേജ്മെന്റ് " എന്നീ വാക്കുകൾക്ക് പകരം "സിവിൽ എഞ്ചിനീയറിംഗ്, നഗരവികസനം, നിയമം, മാനേജ്മെന്റ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

548. ഖണ്ഡം 21-ൽ, "നഗരവികസനം" എന്നതിനു ശേഷം "നഗര-ഗ്രാമാസൂത്രണം" എന്നത് ചേർക്കുക.

ശ്രീ. ലൂഡി ലൂയിസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

549. ഖണ്ഡം 21-ൽ, "നഗരവികസനം" എന്നതിനു ശേഷം "നഗരാസൂത്രണം" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

551. ഖണ്ഡം 21-ൽ, "മാനേജ്മെന്റ് എന്നീ മേഖലകളിൽ" എന്നീ വാക്കുകൾക്ക് ശേഷം "10 വർഷം" എന്ന അക്കവും വാക്കും ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

552. ഖണ്ഡം 21-ൽ, "രണ്ടിൽ" എന്നതിനു പകരം "മൂന്നിൽ" എന്ന് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

553. ഖണ്ഡം 21-ൽ, "രണ്ടിൽ കുറയാത്ത" എന്നതിനു പകരം "നാലിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

555. ഖണ്ഡം 21-ൽ, "രണ്ടിൽ കുറയാത്ത" എന്നതിനു പകരം "അഞ്ചിൽ കൂടാത്ത" എന്നത് ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

557. ഖണ്ഡം 21 താഴെപ്പറയും പ്രകാരം മാറ്റുക:-

"21.അതോറിറ്റിയുടെ ഘടന:- അതോറിറ്റിയിൽ ഒരു ചെയർപേഴ്സണും പൊതുഭരണം, നഗരവികസനം, ധനകാര്യം, നിയമം അല്ലെങ്കിൽ മാനേജ്മെന്റ് എന്നീ മേഖലകളിൽ പ്രത്യേക പരിജ്ഞാനമുള്ളതോ തൊഴിൽ പരിചയമുള്ളതോ ആയ ആളുകൾക്കിടയിൽ നിന്നും സർക്കാർ നിയമിക്കുന്ന അഞ്ചിൽ കുറയാത്ത മുഴുവൻ സമയ

അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 547-ാം നമ്പർ

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 548-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച 549-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 551-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 552-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 555-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 557-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

21 -ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**22-ാം വകുപ്പ്**

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

559. ഖണ്ഡം 22-ൽ "ചെയർപേഴ്സണെയും മറ്റ് അംഗങ്ങളെയും" എന്നതിന് പകരം "ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും" എന്ന് ചേർക്കുകയും "അറിവും " എന്നതിനു ശേഷം "ഉണ്ടായിരിക്കേണ്ടതാണ്" എന്നതും "ഉള്ള ആളുകൾക്കിടയിൽ നിന്നും നിയമിക്കേണ്ടതാണ്" എന്നതിനു പകരം "ഉണ്ടായിരിക്കണം" എന്നും ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

560. ഖണ്ഡം (22)-ൽ "നഗരവികസനം" എന്ന വാക്കിന് ശേഷം "എഞ്ചിനീയറിംങ്" എന്ന വാക്ക് ചേർക്കുക.

564. ഖണ്ഡം 22-ൽ "അക്കൗണ്ടൻസി ", "സാമൂഹ്യസേവനം", "പൊതുകാര്യം" എന്നീ വാക്കുകൾ ഒഴിവാക്കുക.

571. ഖണ്ഡം 22-ന്റെ ക്ലിപ്തനിബന്ധനയിൽ "മേധാവിയുടെ " എന്ന വാക്കിന് പകരം "സെക്രട്ടറിയുടെ " എന്ന വാക്ക് ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതിരപ്പിക്കുന്നു.

561. ഖണ്ഡം(22)-ൽ "നഗരവികസനം" എന്നതിന് ശേഷം "നഗര-ഗ്രാമാസൂത്രണം" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതിരപ്പിക്കുന്നു.

562. ഖണ്ഡം 22-ൽ "റിയൽ എസ്റ്റേറ്റ് വികസനം, വാണിജ്യം, അക്കൗണ്ടൻസി, സാമൂഹ്യസേവനം, പൊതുകാര്യം " എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

567. ഖണ്ഡം 22-ൽ "ഇരുപത് വർഷത്തെ" എന്നതിന് പകരം "പതിനഞ്ച് വർഷത്തെ" എന്ന് ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

568. ഖണ്ഡം 22-ൽ "ഇരുപത് വർഷത്തെ" എന്നതിന് പകരം "അഞ്ച് വർഷത്തെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 559-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 560, 564, 571 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 561-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 562-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 567-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 568-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 23-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

573. ഖണ്ഡം 23(1)-ൽ, "അംഗങ്ങളും" എന്ന വാക്കിന് പകരം "മറ്റംഗങ്ങളും"

എന്ന വാക്ക് ചേർക്കുക.

578 എ. ഖണ്ഡം 23 (2)-ൽ,

(i)"ആൾക്ക്" എന്ന വാക്കിന് പകരം "ആളുകൾക്ക്" എന്ന വാക്ക് ചേർക്കുക.

(ii)"മറ്റ് ഏതെങ്കിലും" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

574. ഖണ്ഡം 23(1)-ൽ, "അഞ്ച്" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. ജെയിംസ് മാത്യു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

577. ഖണ്ഡം 23(1)-ൽ, "ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "ഔദ്യോഗിക സ്ഥാനത്ത് തുടരാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

578. ഖണ്ഡം 23(1)-ൽ, "അറുപത്തിയഞ്ച്" എന്ന വാക്കിന് പകരം "അറുപത്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 573, 578 എ എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 574-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 577-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 578-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ...................

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 24-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

581. ഖണ്ഡം 24(2)(എ)-യിൽ, "ഉപേക്ഷിക്കാവുന്നതാണ്" എന്ന വാക്കിന് പകരം "ഒഴിയാവുന്നതാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി.ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

582. ഖണ്ഡം 24(3)-യിൽ, "ആറു മാസക്കലയളവിനുള്ളിൽ" എന്ന വാക്കുകൾക്ക് പകരം "അഞ്ച് മാസക്കാലയളവിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

583. ഖണ്ഡം 24 (3)-ൽ, "അത്" എന്ന വാക്ക് ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 581-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 582-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 583-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 25-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

586. ഖണ്ഡം 25-ൽ, "ഭരണപരമായ" എന്നതിനു പകരം "ഭരണപരവും സാമ്പത്തികപരവുമായ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 586-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ............................

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 26-ാം വകുപ്പ്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

587. ഖണ്ഡം 26 (1) (എ)ക്ക് പകരം താഴെപറയുന്നത് ചേർക്കുക. "കോടതിയാൽ നിർധനനായി വിധിക്കപ്പെടുകയോ"

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

589. ഖണ്ഡം 26(1)(ബി)-യിൽ, " ഉൾപ്പെടുന്ന" എന്ന വാക്കിന് പകരം "ഉൾപ്പെടെയുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

590. ഖണ്ഡം 26(1)(ബി)-യിൽ (i) "കുറ്റത്തിന്" എന്ന വാക്കിന് ശേഷം "കുറ്റം സ്ഥാപിക്കപ്പെട്ട് തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ" എന്നത് ചേർക്കുക.

(ii) "ശിക്ഷിക്കപ്പെടുകയോ" എന്നത് ഒഴിവാക്കുക.

591. ഖണ്ഡം 26(1)(സി)-യിൽ, " അംഗമായി" എന്നതിന് മുൻപായി "ജോലി ചെയ്യാൻ വിസമ്മതിക്കുകയോ" എന്നത് ചേർക്കുക.

593. ഖണ്ഡം 26(1)(സി)-യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ഇനിപ്പറയും പ്രകാരം ചേർക്കുകയും തുടർന്നു വരുന്നവ അതിനനുസരിച്ച് പുനഃരക്കം ചെയ്യുകയും ചെയ്യുക:

" (ഡി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രാഖ്യാപിക്കുകയും ചെയ്യുകയോ;"

595. ഖണ്ഡം 26 (1)(ഇ)-യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

" (എഫ്) സർക്കാർ സർവ്വീസിൽ നിന്നും ചെയർപേഴ്സണായോ അംഗമായോ പദവി വഹിക്കുന്നവരെ സംബന്ധിച്ച്, സർക്കാർ ജീവനക്കാരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കാൻ ആവശ്യമായ സംഗതി, അങ്ങനെയുള്ള ആളിനെതിരെ ഉണ്ടെന്ന് സർക്കാരിന് ബോധ്യമാവുകയോ ചെയ്യുകയാണെങ്കിലോ;"

597. ഖണ്ഡം 26(2)-ൽ "യാതൊരു ചെയർപേഴ്സണെയോ അംഗത്തിനെയോ" എന്നതിന് പകരം "ഏതൊരാളെയും" എന്നത് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

592. ഖണ്ഡം 26(1)(സി)-ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക.
" (സി)(എ) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ;"

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

598. ഖണ്ഡം 26(3) ഒഴിവാക്കുക

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

600. ഖണ്ഡം 26 (3)-ൽ, "മൂന്ന് മാസത്തിൽ" എന്നതിന് പകരം "തൊണ്ണൂറ് ദിവസം" എന്നത് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

601. ഖണ്ഡം 26 (3)-ൽ, "സർക്കാരിന്" എന്ന വാക്കിനു ശേഷം "സ്വന്തം കൈപ്പടയിൽ തയ്യാറാക്കി ഒപ്പിട്ട" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 589-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 590, 591, 593, 595, 597 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 592-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 598-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 600-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 601-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 27-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

602. ഖണ്ഡം 27(എ)-യിൽ, " തീയതി മുതൽ " എന്നതിന് ശേഷം "മൂന്നു വർഷ കാലയളവിനുള്ളിൽ " എന്നത് ചേർക്കുക.

605. ഖണ്ഡം 27(ബി)-യിൽ, "പ്രവർത്തിക്കുകയോ"എന്നതിന് പകരം"മധ്യസ്ഥത വഹിക്കുകയോ " എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

603. ഖണ്ഡം 27(എ)-യിൽ, "ഏതെങ്കിലും" എന്ന വാക്കിന് ശേഷം "കമ്പനിയുടേയോ " എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

604. ഖണ്ഡം 27(എ-യിൽ, " ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ടോ " എന്നീ വാക്കുകൾക്ക് ശേഷം "ഏതെങ്കിലും ശമ്പളം കൈപ്പറ്റുന്ന " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

606. ഖണ്ഡം 27(സി)-യിലെ " ഒരു സ്ഥാപനവുമായി " എന്നതിന് പകരം "ഏതെങ്കിലും സ്ഥാപനവുമായി " എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 602, 605 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 603-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 604-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 606-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഇരുപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 28-ാം വകുപ്പ്

<u>ശ്രീ. കെ. എൻ. എ. ഖാദർ :</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

607. ഖണ്ഡം 28(1)-ൽ, " മേൽനോട്ടത്തിൽ "എന്നതിന് ശേഷം "ഭരണപരമായ" എന്ന് ചേർക്കുകയും "നിർവ്വഹിക്കുന്നതും" എന്നത് "നിർവ്വഹിക്കുന്നതിനും" എന്ന് മാറ്റുകയും ചെയ്യുക.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

609. ഖണ്ഡം 28(2)-ൽ, "ബത്തകളും" എന്നതിന് ശേഷം "അലവൻസും, സിറ്റിംഗ് ഫീസും " എന്നത് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

611. ഖണ്ഡം 28(2)-ന് ശേഷം (3) ആയി താഴെപ്പറയുന്നത് ചേർക്കുക:

"(3) (1)- ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാരനോ, ഉദ്യോഗസ്ഥനോ, അതോറിറ്റിയുമായി ഏതെങ്കിലും വിധത്തിലുള്ള ഇടപാടുകൾ ഉള്ളതോ, ഉണ്ടായിരുന്നതോ ആയ ഒരു സ്വകാര്യസ്ഥാപനത്തിലോ, വ്യക്തിയുടെ കീഴിലോ റിട്ടയർമെന്റിനുമുമ്പോ, അതിനു ശേഷമോ ജോലി സ്വീകരിക്കാൻ പാടുള്ളതല്ല."

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

612. 28(2)-ന് ശേഷം (3) ആയി പുതിയ ഉപഖണ്ഡം ചേർക്കുക: " (3) സർക്കാരിന് അതോറിറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുമ്പോൾ ആദ്യം ഡെപ്യൂട്ടേഷൻ മുഖാന്തിരം ജീവനക്കാരെയും ഉദ്യോഗസ്ഥരെയും നിയമിക്കാവുന്നതാണ്. "

പുതിയ അതോറിറ്റി വന്നുകഴിഞ്ഞാൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുമ്പോൾ സമയമെടുക്കുന്നതുകൊണ്ട് ഇതിന്റെ പ്രവർത്തനമാരംഭിക്കണമെങ്കിൽ മേൽപ്പറഞ്ഞ ഉപഖണ്ഡം ചേർക്കേണ്ടതാണ് എന്നതാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 607-നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 609-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 611-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 612-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

ഇരുപത്തി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 29-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

615. ഖണ്ഡം 29(1)-ലെ, "അങ്ങനെയുള്ള സ്ഥലങ്ങളിലും" എന്നതിന് പകരം "അങ്ങനെയുള്ള സംസ്ഥാനത്തിനുള്ളിലെ സ്ഥലങ്ങളിലും" എന്നത് മാറ്റുക.

617. ഖണ്ഡം 29(2)-ൽ, "തെരഞ്ഞെടുക്കപ്പെട്ട" എന്ന വാക്കിനു പകരം "താത്കാലികമായി തെരഞ്ഞെടുക്കപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക.

619. ഖണ്ഡം 29(3)-ൽ, "ചോദ്യങ്ങളും" എന്നതിനു പകരം "തീരുമാനങ്ങളും" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

614. ഖണ്ഡം 29(1)-ൽ, "റെഗുലേഷനുകളിൽ" എന്നതിനു പകരം "ചട്ടങ്ങളിലും റെഗുലേഷനുകളിലും" എന്നത് ചേർക്കുക.

616. ഖണ്ഡം 29(2)-ൽ, "തെരഞ്ഞെടുക്കപ്പെട്ട" എന്നതിനു പകരം "നിർദ്ദേശിക്കപ്പെട്ട" എന്നത് ചേർക്കുക.

621. ഖണ്ഡം 29(3)-ൽ, "രണ്ടാം വോട്ടോ കാസ്റ്റിംഗ് വോട്ടോ" എന്നതിനു പകരം "രണ്ടാം വോട്ട്" എന്നത് ചേർക്കുക.

621-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ച്, രണ്ടാം വോട്ടോ കാസ്റ്റിംഗ് വോട്ടോ എന്നുപറഞ്ഞിട്ടുണ്ട്. കാസ്റ്റിംഗ് വോട്ട് സാധാരണഗതിയിൽ സ്പീക്കർക്ക് മാത്രമേ വരികയുള്ളൂ. രണ്ടാം വോട്ടെന്നുപറയുമ്പോൾ മറ്റ് വോട്ട് ചെയ്യാതെവരുമ്പോഴാണ് രണ്ടാം വോട്ട് വരുന്നത്. ഇപ്പോൾ ഇവിടെ രണ്ടാം വോട്ടെന്നുപറയുമ്പോൾ ആദ്യം ചെയർപേഴ്സൺ ഒരു വോട്ട് ചെയ്യുന്നുണ്ട്. പിന്നെ തുല്യത വരികയാണെങ്കിൽ മാത്രമേപ്രശ്നമുള്ളൂ. അതുകൊണ്ട് കാസ്റ്റിംഗ് വോട്ട് എന്നതിനുപകരം രണ്ടാം വോട്ട് എന്ന് ചേർക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

618. ഖണ്ഡം 29(3)- താഴെ പറയുന്ന വിധത്തിൽ ഭേദഗതി ചെയ്യുക.

"(3) അതോറിറ്റിയുടെ ഏതെങ്കിലും യോഗത്തിൽ ഉയർന്നു വരുന്ന എല്ലാ ചോദ്യങ്ങളും ഹാജരായിട്ടുള്ളതും, വോട്ട് ചെയ്യുന്നതുമായ അംഗങ്ങളുടെ വോട്ടുകളുടെ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതും, വോട്ടുകൾ തുല്യമാകുന്ന സംഗതിയിൽ ഏതൊരു തീരുമാനവും എല്ലാ അംഗങ്ങളും ഹാജരായിട്ടുള്ള യോഗത്തിൽ എടുക്കേണ്ടതുമാണ്."

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

620. ഖണ്ഡം 29(3)-ൽ, "ചോദ്യങ്ങളും" എന്ന വാക്കിനു പകരം "പ്രശ്നങ്ങളും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

623. ഖണ്ഡം 29(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "6-ാം വകുപ്പ് പ്രകാരം രജിസ്ട്രേഷൻ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട ഏതൊരു തീരുമാനവും" എന്നീ വാക്കുകൾക്ക് പകരം "രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിന്മേലുമുള്ള തീരുമാനങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 615, 617, 619 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 614, 616, 621 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 620-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 623-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 618-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

ഇരുപത്തി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 30-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

625. ഖണ്ഡം 30(സി)-യിൽ "സംഗതിയുടെ" എന്നതിനു പകരം "തീരുമാനത്തിന്റെ" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 625-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 31-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

626. ഖണ്ഡം 31(1)-ൽ, "കാര്യക്ഷമവും മാത്സര്യജനകവുമായ" എന്നതിനു

പകരം " കാര്യക്ഷമവുമായ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

627. ഖണ്ഡം 31(1)-ൽ, "വളർച്ചയും" എന്നതിനു ശേഷം " വികാസവും" എന്ന് ചേർക്കുക.

629. ഖണ്ഡം 31(1)(എ)-യിൽ, "അലോട്ട് ചെയ്യപ്പെട്ടവരുടെയും" എന്നതിനു ശേഷം " അസോസിയേഷനുകളുടെയും" എന്നത് ചേർക്കുക.

632. ഖണ്ഡം 31(1)(ബി)-യിൽ, "മെച്ചപ്പെടുത്തുന്നതിനുള്ള" എന്നീ വാക്കുകൾക്ക് പകരം " ക്ഷമതയുള്ള അധികാരസ്ഥാനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായിട്ടാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള" എന്നീ വാക്കുകൾ ചേർക്കുക.

635. ഖണ്ഡം 31(1)(ഡി)-യിൽ, "പ്രമോട്ടർമാരും അലോട്ട ചെയ്യപ്പെട്ടവരും തമ്മിലുള്ള" എന്നതിന് പകരം "പ്രമോട്ടർമാർ, റിയൽ എസ്റ്റേറ്റ് ഏജന്റുമാർ, അസോസിയേഷനുകൾ എന്നിവർക്കിടയിൽ ഉണ്ടാകുന്ന" എന്നത് ചേർക്കുക.

639. ഖണ്ഡം 31(1)(ഡി)-യ്ക്കുശേഷം (ഇ) ആയി താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക:

"(ഇ) രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്തതും അംഗീകാരമില്ലാത്തതുമായ റിയൽ എസ്റ്റേറ്റ് പ്രോജക്റ്റുകൾ തടയുകയും ഇത്തരം പ്രോജക്റ്റുകളുടെ പ്രമോട്ടർമാർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ;"

646. ഖണ്ഡം 31(2)(എ)-യിൽ, "മേഖലയുടെ" എന്ന വാക്കിനു ശേഷം "നിയന്ത്രണവും" എന്ന വാക്ക് ചേർക്കുക.

651. ഖണ്ഡം 31(2)(സി)-യിൽ,

(i)"ഉണ്ടാക്കുന്നതിനും" എന്നതിനുശേഷം "രജിസ്ട്രേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതോ" എന്ന് ചേർക്കുക.

(ii)"റദ്ദാക്കപ്പെട്ടതോ" എന്നതിന് ശേഷം "കാലഹരണപ്പെട്ടതോ സസ്പെന്റ് ചെയ്തതോ" എന്നത് ചേർക്കുക.

652. ഖണ്ഡം 31(2)(ഡി)-യിൽ, "നിരസിക്കുകയോ" എന്നതിനുശേഷം "സസ്പെന്റ് ചെയ്യുകയോ" എന്നത് ചേർക്കുക.

654. ഖണ്ഡം 31(2)(എഫ്)-ൽ, "ഏജന്റുമാർ" എന്നതിനുശേഷം "അസോസിയേഷനുകൾ " എന്നത് ചേർക്കുക.

655. ഖണ്ഡം 31(2)(ജി)-യിൽ "ഉണ്ടാക്കിയിട്ടുള്ള" എന്നതിനുശേഷം " ചട്ടങ്ങളോ" എന്നത് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

628. ഖണ്ഡം 31(1)-ൽ, താഴെപറയും വിധം മാറ്റുക:

"(1) റിയൽ എസ്റ്റേറ്റ് വ്യാപാര രംഗത്ത് അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും പ്രമോട്ടർമാരുടെ പ്രവർത്തനത്തിൽ സുതാര്യത ഏർപ്പെടുത്തി ഉപഭോക്താക്കളുടെ താല്പര്യസംരക്ഷണാർത്ഥം അതോറിറ്റി പ്രവർത്തിക്കേണ്ടതാണ്."

649. ഖണ്ഡം 31(2)(എ) ഇനി പറയുംവിധം മാറ്റുക:

"(എ) റിയൽ എസ്റ്റേറ്റ് മേഖലയിലെ ഉപഭോക്തൃ ചൂഷണം ഇല്ലാതാക്കാൻ വേണ്ട കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുക;"

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

631. ഖണ്ഡം 31(1)(എ)-യിൽ, താഴെപറയും വിധം മാറ്റുക:-

"(എ) അലോട്ട് ചെയ്യപ്പെട്ടവരുടെ താല്പര്യം സംരക്ഷിക്കുന്നതിന്;"

636. ഖണ്ഡം 31(1)(ഡി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഡി) അലോട്ട്മെന്റ് ലഭിക്കുകയോ മുൻകൂർ ആയി പണം നല്കുകയോ ചെയ്തവരിൽ നിന്ന് പ്രമോട്ടർക്കെതിരെ ഉയരുന്ന പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുക;"

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

634. ഖണ്ഡം 31(സി)-യിൽ, "സുസ്ഥിരവും" എന്ന വാക്കിന് ശേഷം "ഗുണമേന്മയാർന്നതും" എന്ന വാക്ക് ചേർക്കുക.

637. ഖണ്ഡം 31(ഡി) ആയി ചുവടെ ചേർക്കുന്നവ ചേർത്ത് മറ്റുള്ളവ

പുനരക്കം ചെയ്യുക:

"(ഡി)ഉപഭോക്താക്കൾക്ക് അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത സ്പെസിഫിക്കേഷൻസ് പ്രകാരമുള്ള സേവനം ലഭ്യമാക്കുന്നതിനായി ഉറപ്പ് വരുത്തൽ;"

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

640. ഖണ്ഡം 31(1) താഴെ പറയും പ്രകാരം മാറ്റുക:-

"(ഇ) റിയൽ എസ്റ്റേറ്റ് വ്യാപാര മേഖലയിലെ ദുഷ്പ്രവണതകൾ അവസാനിപ്പിക്കുന്നതിനു വേണ്ട നടപടികൾ."

ശ്രീ. പി. എ. മാധവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

642. ഖണ്ഡം 31(1) (ഇ)-യ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക :-

"(എഫ്) റിയൽ എസ്റ്റേറ്റ് മേഖലയുടെ നിയന്ത്രണത്തിന് വേണ്ട നടപടികൾ."

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

645. ഖണ്ഡം 31(1)(ഇ)-യ്ക്ക് ശേഷമുള്ള "എന്നിവയിന്മേൽ ശുപാർശകൾ നൽകേണ്ടതാണ്" എന്നതിന് പകരം "എന്നിവ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്" എന്നത് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

647. ഖണ്ഡം 31(2)(എ)-യിൽ, "വികസനവുമായി" എന്ന വാക്കിന് പകരം "നിയന്ത്രണത്തിനും" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 626-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 627, 629, 632, 635, 639, 646, 651, 652, 654, 655 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 634, 637 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 642-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 647-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 628, 649 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 631, 636 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 640-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 645-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

മുപ്പത്തി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 32-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

657. ഖണ്ഡം 32(1)-ൽ, "നൽകിയതിനുശേഷവും" എന്നതിന് ശേഷം "ഈ ആക്റ്റിന്റെയോ അതിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ

റെഗുലേഷനുകളുടെയോ ഏതെങ്കിലും ലംഘനമുണ്ടെങ്കിൽ," എന്നത് ചേർക്കുക.

662. ഖണ്ഡം 32(2)-ലെ ക്ലിപ്തനിബന്ധനയിൽ, "എഴുതിരേഖപ്പെടുത്തേണ്ടതാണ്" എന്നതിനു പകരം "രേഖാമൂലം പരാതിക്കാരനെ അറിയിക്കേണ്ടതാണ്" എന്നത് ചേർക്കുക.

665. ഖണ്ഡം 32(4)-ൽ, ഇനം(ബി)യ്ക്കു ശേഷം താഴെപ്പറയുന്ന ഇനം (സി) ആയി ചേർത്ത് ശേഷിക്കുന്നവ പുന:ക്രമീകരിക്കുക.

" (സി) വീഴ്ച വരുത്തുന്നതിന്റെ ഫലമായി ഉണ്ടായ കാലവിളംബം;"

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

658. ഖണ്ഡം 32(1)-ൽ, "ഒരന്വേഷണം" എന്നതിന് പകരം "വിദഗ്ധനെക്കൊണ്ട് ഒരന്വേഷണം" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

659. ഖണ്ഡം 32(2)-ൽ, "14" എന്നതിനു പകരം "14(3)" എന്നത് ചേർക്കുക.

663. ഖണ്ഡം 32(2)-ന്റെ ക്ലിപ്തനിബന്ധനയിൽ, "എഴുതിരേഖപ്പെടുത്തേണ്ടതാണ്" എന്നതിനു പകരം "ബന്ധപ്പെട്ട വ്യക്തിയെ രേഖാമൂലം അറിയിക്കേണ്ടതാണ്" എന്നത് ചേർക്കുക.

664. ഖണ്ഡം 32(4)-ൽ, "14" എന്നതിന് പകരം "14(3)" എന്നത് ചേർക്കുക.

ശ്രീ. പി. എ. മാധവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

660. ഖണ്ഡം 32(2)-ൽ, "കഴിയുന്നത്രവേഗം" എന്നതിനു പകരം "അറുപത് ദിവസത്തിനകം" എന്നത് ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

666. ഖണ്ഡം 32(4)-ന് ശേഷം താഴെപറയുന്ന പുതിയ ഉപഖണ്ഡം ചേർക്കുക:

" (5) ഏതെങ്കിലും തരത്തിലുള്ള വഞ്ചന നടന്നതായി അതോറിറ്റിക്ക് ബോദ്ധ്യപ്പെട്ടാൽ നഷ്ടപരിഹാരം വിധിക്കുന്നതിന് പുറമേ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട അധികാരികളോട് നിർദ്ദേശം നൽകേണ്ടതാണ്."

നഷ്ടപരിഹാരം വിധിക്കുന്നതിനോടൊപ്പം ഇതിനകത്ത് ക്രിമിനൽ

നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവരോട് ശിപാർശ ചെയ്യുന്നതിനും അതോറിറ്റിക്ക് അധികാരം കൊടുക്കേണ്ടതല്ലേ?

ശ്രീമതി കെ. കെ. ലതിക : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

661. ഖണ്ഡം 32(2)-ന്റെ ക്ലിപ്തനിബന്ധനയിൽ, "എഴുതി" എന്ന വാക്ക് ഒഴിവാക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 661-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 661-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 657, 662, 665 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 658-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 659, 663, 664 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 660-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 666-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 33-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

667. ഖണ്ഡം 33(1)-ൽ,

(i) "ബന്ധപ്പെട്ട" എന്നതിനു പകരം "ബന്ധപ്പെട്ട് വ്യവസ്ഥ ചെയ്തിട്ടുള്ള വിഷയത്തിന്മേലുള്ള" എന്നത് ചേർക്കുക.

(ii) "ഏജന്റിനെയോ" എന്നതിനു ശേഷം "അസോസിയേഷനെയോ" എന്നത് ചേർക്കുക.

(iii) "ആളിനെയോ" എന്നതിനു ശേഷം "അസോസിയേഷന്റെയോ" എന്നത് ചേർക്കുക.

668. ഖണ്ഡം 33(2)-ൽ, ഇനം(iii)ന് ശേഷം താഴെപ്പറയുന്നത് ഇനം(iv) ആയി ചേർത്ത് ശേഷിക്കുന്നവ പുന:ക്രമീകരിക്കുക.

"(iv) രേഖകൾ കണ്ടെത്തുന്നതിനും പിടിച്ചെടുക്കുന്നതിനും ഏതെങ്കിലും ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമുണ്ടെങ്കിൽ സർക്കാരിനോട് അത് തേടേണ്ടതിന്;"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 667, 668 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 34-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

669. ഖണ്ഡം 34-ൽ,

(i) "ഉണ്ടാക്കപ്പെട്ടിട്ടുള്ള" എന്നതിനു ശേഷം "ചട്ടങ്ങളിലെയോ" എന്ന് ചേർക്കുക;

(ii) "അലോട്ട് ചെയ്യപ്പെട്ടവർക്കോ" എന്നതിനു ശേഷം

"അസോസിയേഷനുകൾക്കോ" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 669-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ..............

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 35-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

672. ഖണ്ഡം (35)(1)-ൽ, "പ്രൊമോട്ടർമാരിലോ, അലോട്ട് ചെയ്യപ്പെട്ടവരിലോ, റിയൽ എസ്റ്റേറ്റ് ഏജന്റുമാരിലോ നിക്ഷിപ്തമാക്കപ്പെട്ട കർത്തവ്യങ്ങളുടെ ലംഘനത്തിന്, പിഴയോ പലിശയോ ചുമത്തുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്" എന്നതിനുപകരം "വീഴ്ചവരുത്തുന്ന പ്രോജക്ടുകൾ ഏറ്റെടുത്തു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു

കൈമാറുകയും പ്രമോട്ടർമാരുടെയും ഏജന്റുമാരുടെയും രജിസ്ട്രേഷൻ റദ്ദുചെയ്യുകയും, വീഴ്ചവരുത്തുന്ന പ്രൊമോട്ടർമാരിൽനിന്ന് അലോട്ട് ചെയ്യപ്പെട്ടവർക്ക് നിക്ഷേപം പലിശസഹിതം നഷ്ടപരിഹാരവും തിരികെ കൊടുപ്പിക്കുന്നതിനും ഈ ആവശ്യത്തിനായി പ്രൊമോട്ടറുടെ അക്കൗണ്ടിലെ തുകയും സ്ഥാവരജംഗമ സ്വത്തുക്കളും സർക്കാരിലേക്ക് കണ്ടുകെട്ടാൻ ഉത്തരവിടാവുന്നതുമാണ്." എന്നത് ചേർക്കുക.

ശ്രീ. കെ.എൻ.എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

673. ഖണ്ഡം (35)(1)-ൽ, "ചെയ്യപ്പെട്ടവരിലോ" എന്നതിനുശേഷം "അസോസിയേഷനുകളിലോ" എന്നത് ചേർക്കുക.

675. ഖണ്ഡം (35) (2)-ൽ, "അതോറിറ്റിക്ക്" എന്നത് ഒഴിവാക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 672-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 673, 675 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ........................

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 36-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

676. ഖണ്ഡം (36)-ൽ,

(i) "ആളോ" എന്നതിനുശേഷം "അസോസിയേഷനോ" എന്നത് ചേർക്കുക.

(ii) "ആളിൽനിന്നോ"എന്നതിനുശേഷം "അസോസിയേഷനിൽ നിന്നോ"

എന്നത് ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

677. ഖണ്ഡം (36)-ൽ, "റിയൽ എസ്റ്റേറ്റ് ഏജന്റിൽ നിന്നോ" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിൽ " എന്ന വാക്കുകൾ ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 676-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 677-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ.........................

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 37-ാം വകുപ്പ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

678. അദ്ധ്യായം VI ലെ ഖണ്ഡം 37 നീക്കം ചെയ്യുക.

ഇതിനകത്തൊരു അപ്പലേറ്റ് അതോറിറ്റിയെ എന്ത് കാര്യത്തിനാണ് രൂപീകരിക്കുന്നത്. എങ്ങനെവന്നാലും അപ്പലേറ്റ് അതോറിറ്റിയിൽപോകുന്ന ഒരു ഡിസിഷനെതിരായിട്ടും ഹൈക്കോടതിയിൽ കേസ് വരും. അതുകൊണ്ട് ഇടയ്ക്കൊരു അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കുന്നത് വലിയ വേസ്റ്റാണ്. ആ അപ്പലേറ്റ് അതോറിറ്റി വേണ്ടായെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

679. ഖണ്ഡം 37(1)-ൽ, " ആറുമാസക്കാലയളവിനുള്ളിൽ" എന്നതിനു പകരം "ഒരുവർഷക്കാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

681. ഖണ്ഡം 37 (2) ഒഴിവാക്കുക.

681-ൽ എനിക്ക് പറയാനുള്ളത്, മിനിസ്റ്റർ ഈ ബില്ലിന്റെ 31-ാം പേജ് ഒന്ന് നോക്കണം. അതിൽ 37-ൽ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ രൂപീകരണം (1) സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ട് പ്രാബല്യത്തിൽ വന്ന തീയതിമുതൽ ആറ് മാസക്കലയളവിനുള്ളിൽ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണൽ എന്ന പേരിൽ അറിയപ്പെടുന്ന ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കുന്നതാണ്. (2) അതോറിറ്റിയുടെ ഏതെങ്കിലും നിർദ്ദേശത്തിലോ തീരുമാനത്തിലോ ഉത്തരവിലോ സങ്കടമനുഭവിക്കുന്ന യാതൊരാൾക്കും അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ ഈ അപ്പീൽ സമർപ്പിക്കാവുന്നതാണ്. 38-ൽ (1) അതോറിറ്റിയുടെ ഏതെങ്കിലും നിർദ്ദേശമോ ഉത്തരവോ തീരുമാനമോ മുഖേന സങ്കടമനുഭവിക്കുന്ന സർക്കാരിനോ ക്ഷമതയുള്ള അധികാര സ്ഥാനത്തിനോ ഏതെങ്കിലും ആൾക്കോ അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. 37(2)-ൽ പറഞ്ഞതും 38(1) -ൽ പറഞ്ഞതും ഓരേ കാര്യമാണ്. അതുകൊണ്ട് 37(2) -ഒഴിവാക്കി 38 (1) നിലനിറുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

680. 1) ഖണ്ഡം 37(1) -ൽ, "ആറുമാസ കാലയളവിനുള്ളിൽ" എന്നതിനു പകരം "ഒരുവർഷക്കാലയളവിനുള്ളിൽ" എന്നത് ചേർക്കുക.

2)ഖണ്ഡം 37(2) - ൽ, "നിർദ്ദേശത്തിനാലോ തീരുമാനത്തിനാലോ ഉത്തരവിനാലോ സങ്കടമനുഭവിക്കുന്ന" എന്നതിന് "നിർദ്ദേശത്തിലോ തീരുമാനത്തിലോ ഉത്തരവിലോ അതൃപ്തിയുള്ള" എന്നത് ചേർക്കുക;

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

682. ഖണ്ഡം 37 (2)-ൽ, “ അതോറിറ്റിയുടെ" എന്ന വാക്കിന് പകരം "റിയൽ എസ്റ്റേറ്റ് അതോറിറ്റിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

683. ഖണ്ഡം 37 (2) -ൽ, "അതോറിറ്റിയുടെ ഏതെങ്കിലും നിർദ്ദേശത്തിനാലോ തീരുമാനത്തിനാലോ ഉത്തരവിനാലോ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും" എന്നതിനു പകരം "അതോറിറ്റിയുടെ ഏതെങ്കിലും നിർദ്ദേശത്താലോ തീരുമാനത്തിനാലോ ഉത്തരവിനാലോ അതൃപ്തിയുള്ള ഏതൊരാൾക്കും"എന്നും വാക്കുകൾ ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 678-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 679, 681 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 680-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 682-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 683-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ.........................

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**38-ാം വകുപ്പ്**

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

687. ഖണ്ഡം 38(2)-ൽ, "സങ്കടമനുഭവിക്കുന്ന," എന്നതിനു പകരം "തീരുമാനത്തിൽ അതൃപ്തിയുള്ള," എന്നും; "ഫാറത്തിലും" എന്നതിനുശേഷം " രേഖകൾ സഹിതം" എന്നതും ചേർക്കുക.

694. ഖണ്ഡം 38(3)ൽ, " പാസ്സാക്കേണ്ടതാണ്" എന്നതിന് പകരം "പാസ്സാക്കാവുന്നതാണ്" എന്നത് ചേർക്കുക.

696. ഖണ്ഡം 38 (4)-ൽ, "കക്ഷികൾക്കും" എന്നതിന് ശേഷം "അവരുമായി ബന്ധപ്പെട്ട " എന്നത് ചേർക്കുക.

698. ഖണ്ഡം38(5)-ന്റെ ക്ലിപ്തനിബന്ധനയിലെ "എഴുതി രേഖപ്പെടുത്തേ-ണ്ടതാണ്" എന്നതിനു പകരം "രേഖാമൂലം അപ്പീൽ കക്ഷികളെ അറിയിക്കേണ്ടതാണ്" എന്നത് ചേർക്കുക.

699. ഖണ്ഡം 38 (6)-ൽ, " സ്വയമേവയോ" എന്നതിനു പകരം "സ്വമേധയോ" എന്നും "അത്" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

689. ഖണ്ഡം 38(2)-ൽ, " മുപ്പത് ദിവസകാലയളവിനുള്ളിൽ," എന്നതിന് പകരം"നാൽപ്പത്തഞ്ച് ദിവസകാലയളവിനുള്ളിൽ"എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

690. ഖണ്ഡം 38(2)-ന്റെ ക്ലിപ്തനിബന്ധനയിൽ, " അറുപത് " എന്ന വാക്കിന് പകരം " തൊണ്ണൂറ് " എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

693. ഖണ്ഡം 38(3)-ൽ), " യുക്തമെന്ന്" എന്ന വാക്കിനു പകരം "ന്യായമെന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

695. ഖണ്ഡം38(3)-ൽ, "പാസ്സാക്കേണ്ടതാണ്" എന്നതിന് പകരം

"നൽകാവുന്നതാണ്" എന്നത് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 694, 699 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ : മന്ത്രി സ്വീകരിച്ച 694, 699 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 687, 696, 698 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 689-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 690-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 693-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 695-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ.........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 39-ാം വകുപ്പ്

(ഭേദഗതി ഇല്ല)

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ........................

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 40-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

701. ഖണ്ഡം 40(1)(എ)-യിൽ, "ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ" എന്നീ വാക്കുകൾക്ക് പകരം "ജഡ്ജിയായി സേവനമനുഷ്ഠിക്കുന്നതോ വിരമിച്ചതോ ആയ ആൾ" എന്നീ വാക്കുകൾ ചേർക്കുക.

702. ഖണ്ഡം 40(1)(ബി)-യിൽ, "ഒരു അംഗത്തിന്റെ" എന്നതിനു പകരം "അംഗങ്ങളുടെ" എന്ന് ചേർക്കുക.

708. ഖണ്ഡം 40 (1) (ബി) -യിൽ,

"പരിജ്ഞാനമുള്ള ആളോ," എന്നതിനു ശേഷം വരുന്ന വാക്കുകൾ നീക്കം ചെയ്യുക.

712. ഖണ്ഡം 40 (2)-ൽ, "ജസ്റ്റിസുമായോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളുമായോ" എന്നതിനു പകരം "ജസ്റ്റിസുമായി" എന്ന് ചേർക്കുക.

ശ്രീ. വർക്കല കഹാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

703. ഖണ്ഡം 40(1)(ബി)-യിൽ, "നഗര വികസനം" എന്നതിന് ശേഷം "നഗര-ഗ്രാമാസൂത്രണം" എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

704. ഖണ്ഡം 40(1) (ബി)-യിൽ, "ധനകാര്യം" എന്ന വാക്കിന് പകരം "സിവിൽ എഞ്ചിനീയറിംഗ്" എന്ന വാക്ക് ചേർക്കുക.

707. ഖണ്ഡം 40(1)(ബി)-യിൽ, "തികഞ്ഞ പരിജ്ഞാനമുള്ള ആളോ" എന്ന വാക്കിന് പകരം "കഴിവ് തെളിയിച്ച ഒരു വിദഗ്ദ്ധനോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

706. ഖണ്ഡം 40(1)(ബി)-യിൽ, "തികഞ്ഞ പരിജ്ഞാനമുള്ള" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട യോഗ്യതകളോ ഉള്ള" എന്ന് ചേർക്കുക.

ഖണ്ഡം 40(1)-ൽ തികഞ്ഞ പരിജ്ഞാനമുള്ള എന്ന് പറഞ്ഞിരിക്കുന്നു. തികഞ്ഞ പരിജ്ഞാനം എന്നുപറഞ്ഞാൽ എന്താണ്. ഒരാൾ, ഞാൻ തികഞ്ഞ പരിജ്ഞാനമുള്ള ആളാണെന്ന് അവകാശപ്പെട്ടാൽ അല്ലായെന്നുള്ളതിന് എന്ത് തെളിവാണുള്ളത്. അതുകൊണ്ട് തികഞ്ഞ പരിജ്ഞാനമുള്ള എന്ന് ബില്ലിനകത്ത് വയ്ക്കാൻ പാടില്ല. അതിനുപകരം നിർണ്ണയിക്കപ്പെട്ട യോഗ്യതകളോ ഉള്ള എന്നാക്കണമെന്നതാണ് എന്റെ ഭേദഗതി. തികഞ്ഞ പരിജ്ഞാനം എന്നത് വെറും സംസ്കൃതമാണ്. അങ്ങനെ തികഞ്ഞ പരിജ്ഞാനമുള്ള ആളെ ഒരു മേഖലയിലും വയ്ക്കാൻ കഴിയില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

709. ഖണ്ഡം 40 (1)(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ബി) ഒരു അംഗത്തിന്റെ സംഗതിയിൽ സർക്കാരിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ തസ്തികയോ ഭാരത സർക്കാരിന്റെ കീഴിൽ ഏതെങ്കിലും നഗരവികസനം, ധനകാര്യം, നിയമം, റവന്യൂ എന്നീ മേഖലയിൽ ഏതെങ്കിലും തികഞ്ഞ പരിജ്ഞാനമുള്ള ആളോ,"

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

711. ഖണ്ഡം 40 (2)-ൽ, "അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെയർപേഴ്സനെ സർക്കാർ, ഹൈക്കോടതി ചീഫ് ജസ്റ്റിസുമായോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളുമായോ കൂടിയാലോചന നടത്തിയതിനുശേഷം നിയമിക്കേണ്ടതും" എന്നതിനു പകരം "അപ്പലേറ്റ് ട്രൈബ്യൂണലിലെ ചെയർപേഴ്സനെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആളിനെ നിയമിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ഖണ്ഡം 40 (2)-ൽ, "അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെയർപേഴ്സനെ സർക്കാർ, ഹൈക്കോടതി ചീഫ് ജസ്റ്റിസുമായോ അദ്ദേഹം

നാമനിർദ്ദേശം ചെയ്യുന്ന ആളുമായോ കൂടിയാലോചന നടത്തണമെന്നാണ് പറയുന്നത്. ചെയർമാനാക്കാൻ ഹൈക്കോടതി സിറ്റിംഗ് ജഡ്ജി വേണമെന്നില്ല. ഹൈക്കോടതിയിലെ ഒരു ജഡ്ജിയോ അല്ലെങ്കിൽ ഹൈക്കോടതി ജഡ്ജി ആയിരുന്ന ആളോ എന്ന് ഇതിൽതന്നെ പറയുന്നുണ്ട്. റിട്ടയർ ചെയ്ത ഒരു ഹൈക്കോടതി ജഡ്ജിക്കെന്തിനാണ് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അംഗീകാരം വേണ്ടത്. അതിന്റെ ആവശ്യമില്ല. ഗവൺമെന്റിന് തീരുമാനിക്കാമല്ലോ. അതുകൊണ്ട് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആളിനെ നിയമിക്കാം. റിട്ടയേർഡ് ആയ ഒരു ജഡ്ജിയെ ഗവൺമെന്റിന് വയ്ക്കാം. അതിന് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ആവശ്യമില്ല. ഇങ്ങനെയാണ് നിങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുവരുന്നതെങ്കിൽ, അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെയർപേഴ്സൺ സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയാണെങ്കിൽ കറക്റ്റാണ്. അല്ലാത്തതാണെങ്കിൽ ഗവൺമെന്റിന് വയ്ക്കാം. അതുകൊണ്ട് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആളിനെ നിയമിക്കണം എന്നതാണ് എന്റെ ഭേദഗതി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 701, 702, 708, 712 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 703-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 704, 707 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 706-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 709-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 711-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ................

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 41-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

718. ഖണ്ഡം 41(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, "യാതൊരംഗവും" എന്നതിന് പകരം "ഏതൊരു അംഗവും" എന്നത് ചേർക്കുക.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

719. ഖണ്ഡം 41(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക:

"എന്നാൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെയർപേഴ്സണും അംഗങ്ങളും അറുപത്തിയഞ്ചു വയസ്സിനുശേഷം ഔദ്യോഗികസ്ഥാനം വഹിക്കാൻ പാടില്ല."

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

721. ഖണ്ഡം 41(2)-ൽ,"അങ്ങനെയുള്ള അംഗത്തിന്റെ"എന്നതിന് ശേഷം "ചെയർപേഴ്സണിന്റെയോ അംഗത്തിന്റെയോ" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 718-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 718-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 719-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 721-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 42-ാം വകുപ്പ്

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

722. ഖണ്ഡം 42(1)-ൽ, "ബത്തകളും" എന്നതിനു ശേഷം "അലവൻസും സിറ്റിംഗ് ഫീസും" എന്നത് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

724. ഖണ്ഡം 42(1)-ൽ, "ആയിരിക്കുന്നതും അവരുടെ കാലയളവിൽ അവർക്ക് ദോഷകരമാകും വിധത്തിൽ ആയത് വ്യതിയാനപ്പെടുത്തുവാൻ പാടില്ലാത്തതുമാണ് " എന്നതിനു പകരം "ആയിരിക്കേണ്ടതാണ് " എന്നത് ചേർക്കുക.

725. ഖണ്ഡം 42(2)(എ)-യിൽ, "കുറയാത്ത" എന്നതിനു ശേഷം "കാലാവധിയ്ക്കു മുൻപുള്ള " എന്നത് ചേർക്കുക.

<u>ശ്രീ. ബി. സത്യൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

727. ഖണ്ഡം 42(2)(എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) ചെയർപേഴ്സനും, അംഗത്തിനും ഉചിതമായ സമയത്ത് രേഖാമൂലം കത്തു നൽകികൊണ്ട് തന്റെ ഔദ്യോഗികസ്ഥാനം ഒഴിയാവുന്നതും, പ്രസ്തുത കത്തിനു മേൽ സർക്കാർ അനുമതി നൽകുന്നതുവരെയും തന്റെ ഔദ്യോഗിക ചുമതലയിൽ തുടരുകയും ചെയ്യേണ്ടതാണ്.

730. ഖണ്ഡം 42(3) താഴെപ്പറയും പ്രകാരം മാറ്റുക:

"(3) ചെയർപേഴ്സന്റെയോ അതത് സംഗതിപോലെ, മറ്റ് ഏതെങ്കിലും അംഗത്തിന്റെയോ ഔദ്യോഗികസ്ഥാനത്ത് ഒരു ഒഴിവ് ഉണ്ടായാൽ അപ്രകാരം വരുന്ന തീയതി മുതൽ 'മൂന്ന്' മാസത്തിനുള്ളിൽ ആയത് നികത്തേണ്ടതാണ്."

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

728. ഖണ്ഡം 42(3) ഒഴിവാക്കുക.

42 (3) ഒഴിവു നികത്തുന്നതിനെ സംബന്ധിച്ച് 45-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 45-ാം വകുപ്പ് കൃത്യമായി ഒഴിവു നികത്തുന്നതിനെ സംബന്ധിച്ച് മാത്രമാണ്. 45-ൽ പറയുന്നുണ്ട് താത്കാലിക അഭാവം കാരണമല്ലാതെ അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സണിന്റെയോ അംഗത്തിന്റെയോ ഔദ്യോഗിക സ്ഥാനത്ത് ഏതെങ്കിലും ഒഴിവുണ്ടാകുന്ന പക്ഷം പ്രസ്തുത ഒഴിവ് നികത്തുന്നതിനായി ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി മറ്റൊരാളെ സർക്കാർ നിയമിക്കേണ്ടതും ഒഴിവ് നികത്തിയതു മുതൽ അപ്പലേറ്റ് ട്രിബ്യൂണൽ മുൻപാകെ നടപടികൾ തുടരാവുന്നതുമാണ്. അതുതന്നെയാണ് 42 (3)-ൽ പറയുന്നത്. ചെയർപേഴ്സണിന്റെയോ മറ്റേതെങ്കിലും അംഗത്തിന്റെയോ ഔദ്യോഗിക സ്ഥാനത്ത് ഒഴിവുണ്ടായാൽ അപ്രകാരം ഒഴിവുണ്ടാകുന്ന തീയതി മുതൽ ആറ് മാസക്കാലം ആയത് നികത്തേണ്ടതാണ്. 45-ൽ ഒഴിവുകൾ എന്ന പ്രത്യേകം ക്ലോസ് ഉണ്ട്. അതുകൊണ്ട് 42 (3) ഡിലീറ്റ് ചെയ്യണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

729. ഖണ്ഡം 42(3)-ൽ "ആറ്" എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഒരു ഭേദഗതിയും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 722-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 724, 725 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 727, 730 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 728-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 729-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 43-ാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

731. ഖണ്ഡം (43) (1)-ൽ, "ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തിനെയോ" എന്നതിനുപകരം "ചെയർപേഴ്സണെ " എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

734. ഖണ്ഡം (43) (1)-ൽ, "ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തിനെയോ" എന്നതിനുപകരം "ചെയർപേഴ്സണെയും ഏതെങ്കിലും അംഗത്തിന്റെ സംഗതിയിൽ സർക്കാരിന് അഭിപ്രായമുള്ള പക്ഷവും " എന്നത് ചേർക്കുക.

736. ഖണ്ഡം 43 (1) (ബി)-യിൽ,

(i) "സർക്കാരിന്റെ അഭിപ്രായത്തിൽ" എന്നത് ഒഴിവാക്കുക.

(ii) "കുറ്റത്തിന് "എന്നതിനുശേഷം "കുറ്റം സ്ഥാപിക്കപ്പെട്ട് " എന്നത് ചേർക്കുക

739. ഖണ്ഡം 43(1)(സി)-ൽ, "ശാരീരികമായും" എന്നതിന് മുമ്പിൽ "ജോലിചെയ്യാൻ വിസമ്മതിക്കുകയോ" എന്നത് ചേർക്കുക.

741. ഖണ്ഡം 43(1) (ഡി)-യിൽ, "ഉണ്ടാവുകയോ" എന്നതിന് പകരം "ഉണ്ടായതായി ബോധ്യപ്പെടുകയോ" എന്നത് ചേർക്കുക.

749. ഖണ്ഡം 43(3)-ൽ, "ചെയർപേഴ്സണെയോ അംഗത്തെയോ" എന്നതിന് പകരം "ചെയർപേഴ്സണെ, " എന്നും "അവരുടെ" എന്നതിന് പകരം "അദ്ദേഹത്തെ" എന്നും ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

738. ഖണ്ഡം 43(1)(ബി)-യിൽ, "ഉൾപ്പെടുന്ന" എന്ന വാക്കിനു പകരം "ഉൾപ്പെടെയുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

742. ഖണ്ഡം 43(1)(ഡി)-ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക:

"(ഡിഎ) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ".

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

750 ഖണ്ഡം 43(3)-ൽ, "അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ" എന്നീ വാക്കുകൾക്കു പകരം " അന്വേഷണ റിപ്പോർട്ടിൽ ചാർജ്ജോ, ചാർജ്ജുകളോ സ്ഥിരീകരിച്ചിട്ടുള്ളപക്ഷം അതിന്മേൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

752. ഖണ്ഡം 43(3) താഴെപ്പറയും പ്രകാരം മാറ്റുക:

"(3) ട്രൈബ്യൂണൽ ചെയർപേഴ്സൺ/അംഗങ്ങൾ എന്നിവരെ സംബന്ധിച്ച് അതാത് സംഗതികൾപോലെ സ്ഥാനമാനങ്ങളിൽ തുടരുന്നത് തടയണമെന്ന് ആവശ്യപ്പെടുന്ന ഏതെങ്കിലും ആരോപണത്തിന്റെമേൽ സർക്കാർ നടത്തുന്ന പ്രാഥമിക അന്വേഷണത്തിൽ ആരോപണം നിലനിൽക്കുന്നതായി തോന്നുന്ന പക്ഷം സർക്കാരിന് വകുപ്പ് 43-(2) പ്രകാരമുള്ള നടപടികൾ

പൂർത്തീകരിച്ച് സർക്കാരിന് ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നും സസ്പെന്റ് ചെയ്യാവുന്നതാണ്."

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

754. ഖണ്ഡം 43(5) ഒഴിവാക്കുക.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

755. ഖണ്ഡം 43(5)-ൽ, "ഒരു അംഗത്തെ" എന്നതിനുപകരം "ചെയർ പേഴ്സനേയോ, ഒരംഗത്തേയോ" എന്നത് ചേർക്കുക.

756. ഖണ്ഡം 43(5)-ന്റെ ക്ലിപ്തനിബന്ധനയിൽ, "ഒരംഗത്തെ" എന്നതിനു പകരം " ചെയർപേഴ്സനെയോ ഒരംഗത്തെയോ" എന്നത് ചേർക്കുക.

എനിക്ക് മനസ്സിലാകാത്ത ഒരു കാര്യം, ചെയർപേഴ്സണെയോ അല്ലെങ്കിൽ ഒരു അംഗത്തെയോ മാറ്റുന്നതിന് സർക്കാർ ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചിക്കണമെന്നാണ് പറയുന്നത്. എന്താണ് അതിന്റെ ആവശ്യം? അംഗം എന്നുപറയുന്നത് ഗവൺമെന്റിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനാണ്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ തസ്തികയോ ഭാരത സർക്കാരിന്റെ കീഴിൽ ഏതെങ്കിലും തത്തുല്യമായ തസ്തിക വഹിച്ചിരുന്ന ആൾ നഗര വികസനം, റിയൽ എസ്റ്റേറ്റ്, നിയമം അല്ലെങ്കിൽ മാനേജ്മെന്റ് എന്നീ മേഖലകളിൽ തികഞ്ഞ പരിജ്ഞാനമുള്ള ആളാണ് മെമ്പർ. അങ്ങനെയുള്ള മെമ്പറെ മാറ്റുന്നതിന് എന്തിനാണ് ഹൈക്കോടതി ചീഫ് ജസ്റ്റീസിനോട് ചോദിക്കുന്നത്. ഗവൺമെന്റിന്റെ അധികാരമല്ലേ അത്. ഒരു മെമ്പറെ ഗവൺമെന്റ് നിയമിക്കുന്നതല്ലേ? രണ്ടാമത്തെ പ്രശ്നം, റിട്ടയേർഡ് ജഡ്ജിയാണെന്നു പറഞ്ഞിട്ടുണ്ട് അങ്ങനെയെങ്കിൽ ഗവൺമെന്റിന് വയ്യാമല്ലോ ഹൈക്കോടതി ചീഫ് ജസ്റ്റീസിനോട് ചേദിക്കേണ്ടതില്ലല്ലോ. ഇതിന് ഒരു അർത്ഥവുമില്ല. എങ്ങനെയാണ് ഇത് ഡ്രാഫ്റ്റ് ചെയ്തത്? തത്കാലത്തേയ്ക്ക് റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ നിന്നും അംഗങ്ങളെ നീക്കം ചെയ്യുന്ന കാര്യം മാത്രമാണ് ബില്ലിൽ പറയുന്നത്. ഒരു അംഗം എന്നതിനുപകരം ചെയർപേഴ്സണെയോ ഒരു അംഗത്തിനെയോ എന്ന് ഭേദഗതി വരുത്തിയാൽ പരിഹരിക്കാൻ കഴിയും. ഗവൺമെന്റ് നിയമിക്കുന്ന ഉദ്യോഗസ്ഥനെ മാറ്റാൻ ഹൈക്കോടതി ജഡ്ജിയോട് ചോദിക്കുന്നതെന്തിനാണ്?

ശ്രീ. മഞ്ഞളാംകുഴി അലി : സ്പെഷ്യൽ കോർട്ട് ആക്ട് പ്രകാരം ഏതൊരു അധികാര സ്ഥാനത്തിനും ജുഡീഷ്യറിയുടെ ഇൻഡിപെന്റൻസി വേണമെന്നാണ് പറയുന്നത്. സെൽട്രൽ ആക്ടിൽ നിന്നാണ് ഇത് എടുത്തിട്ടുള്ളത്. അതുകൊണ്ടാണ്

അക്കാര്യം കൃത്യമായി ചേർത്തിട്ടുള്ളത്.

ശ്രീ. കെ. ശിവദാസൻ നായർ : സർ, സർക്കാരിന്റെ അധികാരം ആവശ്യമില്ലാതെ കോടതിയിൽ കൊടുക്കുന്ന കാര്യമാണ്. ശ്രീ. എ. കെ. ബാലന്റെ ഭേദഗതി നല്ല ഒരു ഭേദഗതിയാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നേരത്തെ മജിസ്ട്രേട്ടുമാരുടെയും മുൻസിഫുമാരുടെയും നിയമനം നടത്തിയിരുന്നത് പബ്ലിക് സർവ്വീസ് കമ്മീഷനായിരുന്നു. അത് ഹൈക്കോടതി ഏറ്റെടുത്തു. ഇപ്പോൾ അറിഞ്ഞുകൊണ്ടുതന്നെ അങ്ങോട്ട് കൊടുക്കുകയാണോ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഭേദഗതിയൊന്നും സ്വീകരിക്കുന്നില്ല. ശ്രീ. എ. കെ. ബാലൻ പറഞ്ഞ ഭേദഗതി തത്ക്കാലം സ്വീകരിക്കുന്നില്ല. പിന്നീട് അക്കാര്യം പരിശോധിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, എന്റെ 755-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ :

1. ശ്രീ. ബാബു എം. പാലിശ്ശേരി
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീമതി ഇ. എസ്. ബിജിമോൾ
5. ശ്രീ. ഇ. ചന്ദ്രശേഖരൻ
6. ശ്രീ. വി. ചെന്താമരാക്ഷൻ
7. ശ്രീ. സി. ദിവാകരൻ
8. ശ്രീ. എം. ഹംസ
9. ശ്രീ. ജി. എസ്. ജയലാൽ
10. ശ്രീ. ഇ. പി. ജയരാജൻ
11. ശ്രീ. ജെയിംസ് മാത്യു

12. ശ്രീ. സി. കൃഷ്ണൻ
13. ശ്രീമതി കെ. കെ. ലതിക
14. ശ്രീ. മാത്യു റ്റി. തോമസ്
15. ശ്രീ. കെ. കെ. നാരായണൻ
16. ശ്രീ. പുരുഷൻ കടലുണ്ടി
17. ശ്രീ. ആർ. രാജേഷ്
18. ശ്രീ. റ്റി. വി. രാജേഷ്
19. ശ്രീ. കെ. രാജു
20. ശ്രീ. രാജു എബ്രഹാം
21. പ്രൊഫ. സി. രവീന്ദ്രനാഥ്
22. ശ്രീ. വി. ശശി
23. ശ്രീ. ബി. സത്യൻ
24. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
25. ശ്രീ. കെ. സുരേഷ് കുറുപ്പ്
26. ശ്രീ. ഇ. കെ. വിജയൻ
27. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. പി.ബി. അബ്ദുൾ റസാക്
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽകുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്

9. ശ്രീ. കെ. ബാബു
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
12. ശ്രീ. വി. റ്റി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. ബെന്നി ബെഹനാൻ
15. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
16. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
17. ശ്രീ. ഹൈബി ഈഡൻ
18. ശ്രീമതി പി. കെ. ജയലക്ഷ്മി
19. ഡോ. എൻ. ജയരാജ്
20. ശ്രീ. കെ. സി. ജോസഫ്
21. ശ്രീ. ജോസഫ് വാഴക്കൻ
22. ശ്രീ. എ. റ്റി. ജോർജ്
23. ശ്രീ. വർക്കല കഹാർ
24. ശ്രീ. കെ. എൻ. എ. ഖാദർ
25. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
26. ശ്രീ. റ്റി. യു. കുരുവിള
27. ശ്രീ. പി. എ. മാധവൻ
28. ശ്രീ. സി. പി. മുഹമ്മദ്
29. ശ്രീ. കെ. പി. മോഹനൻ
30. ശ്രീ. സി. മോയിൻകുട്ടി
31. ശ്രീ. മോൻസ് ജോസഫ്
32. ശ്രീ. ആര്യാടൻ മുഹമ്മദ്
33. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

34. ശ്രീ. കെ. മുരളീധരൻ
35. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
36. ശ്രീ. ഉമ്മൻ ചാണ്ടി
37. ശ്രീ. ടി. എൻ. പ്രതാപൻ
38. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
39. ശ്രീ. രമേശ് ചെന്നിത്തല
40. ശ്രീ. പാലോട് രവി
41. ശ്രീ. റോഷി അഗസ്റ്റിൻ
42. ശ്രീ. കെ. എസ്. ശബരിനാഥൻ
43. ശ്രീ. വി. പി. സജീന്ദ്രൻ
44. ശ്രീ. വി. ഡി. സതീശൻ
45. ശ്രീ. ഷാഫി പറമ്പിൽ
46. ശ്രീ. കെ. എം. ഷാജി
47. ശ്രീ. എൻ. ഷംസുദ്ദീൻ
48. ശ്രീ. ഷിബു ബേബി ജോൺ
49. ശ്രീ. കെ. ശിവദാസൻ നായർ
50. ശ്രീ. വി. എസ്. ശിവകുമാർ
51. ശ്രീ. സണ്ണി ജോസഫ്
52. ശ്രീ. തോമസ് ഉണ്ണിയാടൻ
53. ശ്രീ. പി. ഉബൈദുള്ള
54. ശ്രീ. എം. ഉമ്മർ
55. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
56. ശ്രീ. എം. പി. വിൻസെന്റ്
57. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ -27

പ്രതികൂലിക്കുന്നവർ - 57

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 756-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 731-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 734, 736, 739, 741, 749 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 738-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 742-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 750-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 752-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 754-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 44-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

758. ഖണ്ഡം 44(1)ൽ, "ജീവനക്കാരെയും" എന്നതിനു ശേഷം "സർക്കാർ"

എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 758-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 45-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

759. ഖണ്ഡം 45-ൽ, "താല്ക്കാലിക അഭാവം കാരണമല്ലാതെ" എന്നതിനു പകരം "ആറുമാസക്കാലയളവിലധികമായ," എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 759-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 46-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

760. ഖണ്ഡം 46(4)(ബി)-യിൽ, "കണ്ടെത്തുന്നതിനും" എന്നതിനു ശേഷം "പരിശോധിക്കുന്നതിനും" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 760-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 47-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

763. ഖണ്ഡം 47 ൽ "പൊതുവായ" എന്നതിന് മുമ്പ് "ട്രൈബ്യൂണലിന്റെ" എന്നും "ഭരണപരമായ" എന്നത് "ഭരണപരവും സാമ്പത്തികവുമായ" എന്നും ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 763-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 48-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

764. ഖണ്ഡം 48-ൽ, "അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 764-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 49-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

765. ഖണ്ഡം 49 (1)-ൽ, "ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ" എന്നതിനു പകരം "ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ" എന്നത് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 765-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 50-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

766. ഖണ്ഡം 50 (1)-ൽ, "തീരുമാനമോ ഉത്തരവോ മുഖേന സങ്കടമനുഭവിക്കുന്ന" എന്നതിനു പകരം "തീരുമാനത്തിലോ ഉത്തരവിലോ അതൃപ്തിയുള്ള" എന്നത് ചേർക്കുക.

768. ഖണ്ഡം 50 (2)-ൽ, "കക്ഷികളുടെ" എന്നതിന് ശേഷം "പരസ്പര" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

767. ഖണ്ഡം 50 (1)-ലെ, ക്ലിപ്തനിബന്ധനയിൽ, "തൊണ്ണൂറ്" എന്ന വാക്കിന് പകരം "മുപ്പത്" എന്ന വാക്ക് ചേർക്കുക.

തൊണ്ണൂറ് ദിവസം കൊടുക്കേണ്ട കാര്യമില്ല, മുപ്പത് ദിവസം മതിയെന്നുള്ള അഭിപ്രായമാണുള്ളത്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

769. ഖണ്ഡം 50 താഴെപ്പറയും പ്രകാരം മാറ്റുക:

"ഹൈക്കോടതിയിലേക്കുള്ള അപ്പീൽ (1) അതോറിറ്റിയുടെ ഏതെങ്കിലും തീരുമാനമോ ഉത്തരവോ മുഖേന സങ്കടം അനുഭവിക്കുന്ന

ഏതൊരാൾക്കും, അറിയിപ്പ് ലഭിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസ കാലയളവിനുള്ളിൽ കേരള ഹൈക്കോടതി മുമ്പാകെ ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്;

(2) അതോറിറ്റി, കക്ഷികളുടെ സമ്മതത്തോടെ പുറപ്പെടുവിച്ച ഏതെങ്കിലും തീരുമാനത്തിനോ ഉത്തരവിനോ എതിരായി യാതൊരു അപ്പീലും നിലനിൽക്കുന്നതല്ല."

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 768-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ശ്രീ. കെ. എൻ. എ. ഖാദറിന്റെ 768-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 766-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 767-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 769-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 51-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

770. ഖണ്ഡം 51(1)-ൽ "പത്ത്" എന്ന വാക്കിനു പകരം "പതിനഞ്ച്" എന്ന വാക്ക് ചേർക്കുക.

777. ഖണ്ഡം 51(2)-ൽ "പത്ത്"എന്ന വാക്കിനു പകരം "പതിനഞ്ച്" എന്ന വാക്ക് ചേർക്കുക.

794. ഖണ്ഡം 51(8)-ൽ, "പതിനായിരം" എന്ന വാക്കിന് പകരം "പതിനയ്യായിരം" എന്ന വാക്ക് ചേർക്കുക

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

772. ഖണ്ഡം 51(1)-ൽ "പത്തു ശതമാനം" എന്നതിനു പകരം "രണ്ട് ശതമാനം" എന്ന് ചേർക്കുക.

776. ഖണ്ഡം 51(2)-ൽ "മൂന്ന് വർഷം"എന്നതിനു പകരം "ആറുമാസം" എന്നും " പത്തു ശതമാനം" എന്നതിനു പകരം "രണ്ട് ശതമാനം" എന്നും ചേർക്കുക.

783. ഖണ്ഡം 51(3)-ൽ, "അഞ്ച് ശതമാനം" എന്നതിന് പകരം "ഒരു ശതമാനം" എന്ന് ചേർക്കുക.

789. ഖണ്ഡം 51(4)-ൽ, "അഞ്ച് ശതമാനം" എന്നതിനു പകരം "ഒരു ശതമാനം" എന്ന് ചേർക്കുക.

790. ഖണ്ഡം 51(5)-ൽ, "പതിനായിരം രൂപ" എന്നതിനു പകരം "ആയിരം രൂപ" എന്നും, "ചെലവിന്റെ, അഞ്ച് ശതമാനം" എന്നതിന് പകരം "വിലയുടെ ഒരു ശതമാനം" എന്നും ചേർക്കുക.

793. ഖണ്ഡം 51(6)-ൽ, "അയ്യായിരം രൂപ" എന്നതിനു് പകരം " ആയിരം രൂപ" എന്നും "അഞ്ച് ശതമാനം" എന്നതിനുപകരം "ഒരു ശതമാനം" എന്നും ചേർക്കുക.

796. ഖണ്ഡം 51(8)-ൽ, "ഏതാണോ കൂടുതൽ" എന്നതിന് പകരം " ഏതാണോ കുറവ്" എന്ന് ചേർക്കുക.

പിഴ ചുമത്തുന്നത് ഒരു പ്രൊമോട്ടറെ വൈരാഗ്യത്തോടു കൂടി ശിക്ഷിക്കുന്ന രീതിയിലാവുന്ന പോലെയാണ്. അതായത് ഒന്നാം ഉപവകുപ്പ് എന്നുപറയുന്നത് റിയൽ എസ്റ്റേറ്റ് പ്രോജക്ടിന് കണക്കാക്കപ്പെട്ട ചെലവിന്റെ 10 ശതമാനം വരെ, കോടിക്കണക്കിന് രൂപ മുതൽമുടക്കുള്ള പ്രോജക്ടുകൾ വരും. അതിലെല്ലാം ലക്ഷക്കണക്കിന് രൂപ പിഴയിടുക എന്നുപറയുന്നത് ശരിയാണോ? അതിൽ എനിക്ക് സംശയമുണ്ട്. അത് 2 ശതമാനമാക്കണം എന്നതാണ് ഭേദഗതി. 10 ശതമാനം വളരെ കൂടുതലാണ്. ബാക്കിയുള്ള ഭേദഗതികളും അതേപോലെ

തന്നെയുള്ളതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

779. ഖണ്ഡം 51(2)-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ ഈ ഉപവകുപ്പുപ്രകാരം വിധിക്കാവുന്ന തടവുശിക്ഷ തദ്ദേശാധികാരിതയുള്ള സിവിൽ കോടതിയിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതും അങ്ങനെയുള്ള സിവിൽ കോടതി പ്രസ്തുത ഭേദഗതി പുറപ്പെടുവിച്ച ഒരു വിധി എന്നതുപോലെ ആ വിധി നടപ്പിലാക്കേണ്ടതുമാണ് "

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

785. ഖണ്ഡം 51(4)-ൽ, "റെഗുലേഷനുകളിലെയോ" എന്നതിന് ശേഷം "ഉത്തരവുകളിലെയോ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

791. ഖണ്ഡം 51(5)-ൽ, "അഞ്ച് ശതമാനം" എന്നതിനു പകരം "8 ശതമാനം" എന്ന് ചേർക്കുക.

792. ഖണ്ഡം 51(6)-ൽ, "അയ്യായിരം രൂപ" എന്നതിനു പകരം "പതിനായിരം രൂപ" എന്ന് ചേർക്കുക.

795. ഖണ്ഡം 51(8)-ൽ, "പതിനായിരം രൂപ" എന്നതിനുപകരം " ഇരുപത്തി അയ്യായിരം രൂപ" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 770, 777, 794 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 772, 776, 783, 789, 790, 793, 796 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 779-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 785-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 791, 792, 795 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 52-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

797. ഖണ്ഡം 52(1)-ൽ, "കരുതപ്പെടുന്നതും" എന്നതിനുശേഷം " കമ്പനിയുടെ അംഗീകാരം താത്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആളുകളെ" എന്നത് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 797-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 53-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

798. ഖണ്ഡം 53-ൽ, "ആരംഭിക്കുന്നതിനുമുമ്പോ" എന്നതിനുശേഷം "നടക്കുന്ന വേളയിലോ" എന്നത് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 798-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 54-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

799. ഖണ്ഡം 54-ൽ,"പരാതി" എന്നതിനുശേഷം "ഈ ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമാണെങ്കിൽ" എന്നത് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 799-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 55-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

800. ഖണ്ഡം 55-ൽ, "ധനവിനിയോഗം നടത്തിയതിനുശേഷം" എന്നതിനു പകരം "ധനവിനിയോഗ ബിൽ അവതരിപ്പിച്ച് പാസ്സായശേഷം" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

801. ഖണ്ഡം 55-ൽ, "ലോണുകളും" എന്നതിനു പകരം "വായ്പകളും" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

802. ഖണ്ഡം 55-ൽ, "നൽകുന്നതാണ്" എന്ന വാക്കിനു പകരം "നൽകാവുന്നതാണ്" എന്ന വാക്ക് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 801-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 801-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 800-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 802-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 55-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 55-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 55-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 56-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

803. ഖണ്ഡം 56(1)-ൽ, "റിയൽ എസ്റ്റേറ്റ് ഫണ്ട്" എന്ന വാക്കിനു മുൻപ് "കേരള" എന്ന് ചേർക്കുക.

804. ഖണ്ഡം 56(1)(ബി)-യിൽ, "ആക്റ്റ് പ്രകാരം" എന്നതിനു പകരം "അതോറിറ്റിക്ക്" എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

805. ഖണ്ഡം 56(1)(ബി)-യിൽ, " ഫീസ്" എന്ന വാക്കിന് ശേഷം "മറ്റ് തുകകൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

806. ഖണ്ഡം 56(2)(ബി)-ക്കു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

" (സി) അതോറിറ്റിക്ക്, ഈ ആക്റ്റിലെ 58(2)-ാം വകുപ്പിനു കീഴിലുണ്ടാകുന്ന ചെലവുകൾ,"

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 803, 804 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 805-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 806-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 57-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

807. ഖണ്ഡം 57-ൽ, "അപ്പലേറ്റ് ട്രൈബ്യൂണൽ അല്ലെങ്കിൽ അതോറിറ്റി" എന്നതിനു പകരം "അപ്പലേറ്റ് ട്രൈബ്യൂണലും അതോറിറ്റിയും" എന്നത് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 807-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 58-ാം വകുപ്പ്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

808. ഖണ്ഡം 58(3)-ൽ, "സർക്കാർ ആഡിറ്റ് റിപ്പോർട്ട് ലഭിച്ചു" എന്നീ വാക്കുകൾക്കു പകരം "സർക്കാരിൽ ആഡിറ്റ് റിപ്പോർട്ട് ലഭിച്ചതിനു ശേഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

809. ഖണ്ഡം 58(3)-ൽ, "കഴിയുന്നത്ര വേഗം" എന്നതിനു പകരം "കഴിഞ്ഞാൽ നിയമസഭ സമ്മേളനത്തിലാണെങ്കിൽ ആ സമ്മേളനത്തിലും അല്ലാത്തപക്ഷം തൊട്ടടുത്ത സമ്മേളനത്തിലും" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 808-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 809-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 59-ാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

810. ഖണ്ഡം 59(1)(സി)-യിൽ, "വരും വർഷത്തേക്കുള്ള നിർമ്മാണ പരിപാടികളും" എന്നതിനു ശേഷം "പദ്ധതികളും" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

811. ഖണ്ഡം 59(1)(സി)-യിൽ, "നിർമ്മാണ" എന്ന വാക്ക് ഒഴിവാക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 810-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 811-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 60-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

813. ഖണ്ഡം 60-ൽ, "ആക്റ്റിൻ" എന്നത് "ആക്റ്റിന്" എന്നും "അധികാരപ്പെടുത്തിയിരിക്കുന്ന" എന്നത് "അധികാരപ്പെടുത്തിയിരിക്കുന്നതോ തീരുമാനിച്ചതോ ആയ" എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

814. ഖണ്ഡം 60-ൽ, "അതോറിറ്റിയോ അപ്പലേറ്റ് ട്രൈബ്യൂണലോ" എന്നതിനു പകരം "അപ്പലേറ്റ് ട്രൈബ്യൂണൽ" എന്ന് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 813-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 814-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 61-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

816. ഖണ്ഡം 61-ൽ, "ഏതെങ്കിലും അംഗം, ഉദ്യോഗസ്ഥൻ എന്നിവരെയോ

അല്ലെങ്കിൽ മറ്റേതെങ്കിലും ആളിനെയോ" എന്നതിനു പകരം "മറ്റേതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ അതോറിറ്റിയിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥന്മാർക്കോ" എന്നീ വാക്കുകൾ ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 816-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

61-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

61-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

61-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 62-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

817. ഖണ്ഡം 62 (1)(ബി)-യിൽ, "വീഴ്ച വരുത്തുന്നത്" എന്നതിനു പകരം "നടപടികൾ" എന്നത് ചേർക്കുക.

819. ഖണ്ഡം 62(2)(ബി)-യിൽ, "പുന:രൂപീകരിക്കുന്നതുവരെ" എന്നതിനു പകരം "പുന:സംഘടിപ്പിക്കുന്നതുവരെ"എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

818. ഖണ്ഡം 62-ൽ, രണ്ടാമത്തെ ക്ലിപ്തനിബന്ധനയിലെ "സർക്കാർ" എന്നതിനു ശേഷം "നേരിട്ടോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരാലോ ആവശ്യമായ അന്വേഷണം നടത്തേണ്ടതും" എന്നത് ചേർക്കുക.

820. ഖണ്ഡം 62(2)(സി)-യിൽ, "വസ്തുക്കളും" എന്ന വാക്കിനു ശേഷം "രേഖകളും" എന്ന വാക്ക് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 817, 819 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 818, 820 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 63-ാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

821. ഖണ്ഡം (63)-ൽ, "സർക്കാർ രേഖാമൂലം നൽകുന്ന" എന്നതിനു പകരം "സർക്കാർ രേഖാമൂലം ആവശ്യപ്പെടുന്ന" എന്നത് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 821-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

06.00 PM]

## 64-ാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

822. ഖണ്ഡം 64(2)(ഒ)-യിൽ, "വിധിക്കുന്നതിനുള്ള" എന്നതിനു പകരം "വിധിക്കുന്നതിന്" എന്ന് ചേർക്കുക.

823. ഖണ്ഡം 64(2)(യു)-വിൽ, "പിഴ" എന്നതിനു പകരം "പിഴപ്പലിശയും" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

824. ഖണ്ഡം 64(2)(യു)-വിൽ,

(i) "പിഴ" എന്ന വാക്കിനു പകരം "പിഴ തുക നിശ്ചയിക്കലും" എന്നീ വാക്കുകൾ ചേർക്കുക.

(ii) " രീതി" എന്ന വാക്കിനു പകരം "രീതിയും" എന്ന വാക്ക് ചേർക്കുക.

825. ഖണ്ഡം 64(2)(ഡബ്ല്യൂ)-വിൽ,

(i) "അംഗങ്ങൾക്കും" എന്ന വാക്കിനു പകരം "മറ്റംഗങ്ങൾക്കും" എന്ന വാക്ക് ചേർക്കുക;

(ii) " ബത്തകളും" എന്ന വാക്കിനു ശേഷം "പെൻഷനും" എന്ന വാക്ക് ചേർക്കുക.

826. ഖണ്ഡം 64(2)(എഎ)-യിൽ, "ചെയർപേഴ്സന്റെ" എന്നതിനു പകരം "ചെയർപേഴ്സണിന്റെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. മോൻസ് ജോസഫിന്റെ 822-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ശ്രീ. മോൻസ് ജോസഫിന്റെ 822-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 823-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 824, 825, 826 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 64-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള 64-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 64-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 65-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

827. ഖണ്ഡം 65(2)(എ)-യിൽ, "ഫീസും" എന്നതിനു ശേഷം "ഈടാക്കേണ്ടതായ ഏതെങ്കിലും പിഴയും," എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

828 . ഖണ്ഡം 65(2)(ബി)-യിൽ, "ദീർഘിപ്പിക്കുന്നതിനുള്ള" എന്നതിനു പകരം "ദീർഘിപ്പിക്കുന്നതിനും പുതുക്കുന്നതിനും" എന്നത് ചേർക്കുക.

829. ഖണ്ഡം 65(2)(ഡി)-യിൽ, "ലേ ഔട്ട് പ്ലാനുകളും" എന്നതിനു ശേഷം "അപ്രൂവ്ഡ് പ്ലാനും അനുമതി പത്രവും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 827-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 828, 829 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

65-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

65-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

65-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### 66-ാം വകുപ്പ്

ശ്രീ. കെ. എൻ. എ.ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

830. ഖണ്ഡം 66 ൽ, "സർക്കാർ" എന്നതിനു മുൻപ്, "ഈ ആക്ടിനുകീഴിൽ " എന്നത് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

831. ഖണ്ഡം 66 ൽ, "

(i) "ഉണ്ടാക്കിയ ശേഷം" എന്നീ വാക്കുകൾക്ക് പകരം "പ്രസിദ്ധപ്പെടുത്തിയ ശേഷം" എന്നീ വാക്കുകൾ ചേർക്കുക.

(ii) "ഉണ്ടാക്കേണ്ടതില്ലെന്ന്" എന്ന വാക്കിന് പകരം "നിലനിർത്തേണ്ടതില്ലെന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

832. ഖണ്ഡം 66 ൽ, "ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നതിനു പകരം "റദ്ദ് ചെയ്യാൻ " എന്നത് ചേർക്കുക.

833. ഖണ്ഡം 66 ൽ, "രൂപഭേദപ്പെടുത്തിയ" എന്ന വാക്കിന് പകരം "ഭേദഗതി ചെയ്തു " എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 830-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 831-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ.എം. ഉമ്മർ അവതരിപ്പിച്ച 832, 833 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 67-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

834. ഖണ്ഡം 67-ൽ, "അംഗങ്ങളും" എന്നതിന് പകരം "മറ്റംഗങ്ങളും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി അംഗീകരിക്കുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 834-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

67-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 68-ാം വകുപ്പ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

835. ഖണ്ഡം 68-ന്റെ മാർജിനൽ ശീർഷകത്തിൽ, "ബാധകത" എന്ന വാക്കിന് പകരം "പ്രാബല്യം" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

836. ഖണ്ഡം 68-ൽ, "മറ്റേതെങ്കിലും നിയമത്തിലെ" എന്നതിനുപകരം "മറ്റെല്ലാ നിയമങ്ങളിലെ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. റ്റി. എ. അഹമ്മദ് കബീറിന്റെ 835-ാം നമ്പർ ഭേദഗതി മാറ്റങ്ങളോടുകൂടി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 835-ാം നമ്പർ ഭേദഗതി മാറ്റങ്ങളോടെ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 836-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള 68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 68-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 69-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

837. ഖണ്ഡം 69-ൽ, "തത്സമയം" എന്ന വാക്കിന് മുൻപ് "സംസ്ഥാനത്ത്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

838. ഖണ്ഡം 69-ൽ, "എന്തു തന്നെ" എന്ന വാക്കിനു പകരം "ഈ ആക്റ്റിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 837-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 838-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 70-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

839. ഖണ്ഡം 70-ലെ "റഗുലേഷനുകളിലെയോ" എന്നതിനു ശേഷം "ഉത്തരവുകളിലെയോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 839-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 71-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

841. ഖണ്ഡം 71(2)-ൽ "കഴിയുന്നത്രവേഗം" എന്നത് " നിയമസഭാ സമ്മേളനത്തിലാണെങ്കിൽ ആ സമ്മേളനത്തിലും അല്ലാത്ത പക്ഷം തൊട്ടടുത്ത സമ്മേളനത്തിലും" എന്ന് മാറ്റുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി അംഗീകരിക്കുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 841-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 72-ാം വകുപ്പ്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

842. (2)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്,

" (3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2015, ജൂലൈ 21-ാം തീയതി മുതൽ 2015 ആഗസ്റ്റ് 21-ാം തീയതി വരെയുള്ള കാലയളവിൽ ഈ ആക്റ്റിൻ കീഴിൽ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല;"

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

843. ഖണ്ഡിക 72(2)-ൽ,

(i) "കാര്യമോ" എന്നത് "കാര്യങ്ങളോ" എന്ന് മാറ്റുക

(ii)"നടപടിയോ" എന്നത് "നടപടികളോ" എന്ന് മാറ്റുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, എന്റെ 842-ാം നമ്പർ ഔദ്യോഗിക ഭേദഗതി ഒഴികെയുള്ള ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അവതരിപ്പിച്ച 842-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 843-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

106. ശീർഷകത്തിൽ, "(നിയന്ത്രണവും വികസനവും)" എന്നതിന് പകരം "(നിയന്ത്രണ)" എന്നത് ചേർക്കുക.

130. പീഠികയിൽ, "നിയന്ത്രണത്തിനും പ്രോൽസാഹനത്തിനും" എന്നതിന് പകരം നിയന്ത്രണത്തിന് എന്ന് ചേർക്കുക.

സർ, ബില്ലിൽ മൊത്തം മാറ്റം വരേണ്ടതിന്റെ സൂചകമാണ് ശീർഷകം. അതിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത്, 2015-ലെ കേരള റിയൽ എസ്റ്റേറ്റ് നിയന്ത്രണങ്ങളും വികസനവും ബിൽ എന്നാണ്. ഈ ശീർഷകവും അതിൽ

അടങ്ങിയിരിക്കുന്ന വികസന സങ്കൽപ്പങ്ങളും കേരളത്തിന് ഒരു കളങ്കമാണ്. ഒരു ഭരണകൂടം ഒരിക്കലും റിയൽ എസ്റ്റേറ്റ് വികസന ബിൽ കൊണ്ടുവരരുത്. റിയൽ എസ്റ്റേറ്റ് വികസനവും നീർത്തട വികസനവും diametrical opposite ആണ്. അതുപോലെ റിയൽ എസ്റ്റേറ്റ് വികസനവും കാർഷിക വികസനവും diametrical opposite ആണ്. റിയൽ എസ്റ്റേറ്റ് വികസനവും പാരിസ്ഥിതിക സന്തുലനവും diametrical opposite ആണ്. റിയൽ എസ്റ്റേറ്റ് വികസനം സമം കാർഷിക തകർച്ചയാണ്. അതുകൊണ്ട് എന്റെ അമെന്റ്മെന്റ് വികസനമെന്ന വാക്കും വികസനമെന്ന് സൂചിപ്പിക്കുന്ന ബില്ലിലെ മറ്റ് ഘടകങ്ങളും മാറ്റണമെന്നുള്ളതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:-

"2015-ലെ കേരള സ്ഥാവര വസ്തു (വ്യാപാരം ക്രമപ്പെടുത്തൽ) ബിൽ"

143. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:

" (1) ഈ ആക്റ്റിന് 2015-ലെ കേരള സ്ഥാവര വസ്തു (വ്യാപാരം ക്രമപ്പെടുത്തൽ) നിയമം എന്ന് പേര് പറയാം."

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ, "നിയന്ത്രണത്തിനും" എന്നതിനു ശേഷം "വികസനത്തിനും" എന്നത് ചേർക്കുക.

126. പീഠികയിൽ, "നിയന്ത്രണത്തിനും" എന്നതിനുശേഷം "വികസനത്തിനും" എന്നത് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ, "പ്രോൽസാഹനത്തിനും" എന്നതിനു പകരം "പ്രോത്സാഹനത്തിനും" എന്നത് ചേർക്കുക.

113. ദീർഘശീർഷകത്തിൽ, ചുവടെ ചേർക്കുന്ന ഭാഗം ഒഴിവാക്കുക.

"അതതു സംഗതി പോലെ, പ്ലോട്ടിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ, കാര്യക്ഷമവും സുതാര്യവുമായ രീതിയിലുള്ള വില്പന ഉറപ്പുവരുത്തുന്നതിനും"

118. ദീർഘശീർഷകത്തിൽ, "തീരുമാനങ്ങളിൽ നിന്നും നിർദ്ദേശങ്ങളിൽ നിന്നും ഉത്തരവുകളിൽ" എന്നീ വാക്കുകൾക്കു പകരം "നടപടികൾ"

എന്ന് ചേർക്കുക.

129. പീഠികയിൽ, "പ്രോൽസാഹനത്തിനും" എന്നതിനു പകരം "പ്രോത്സാഹനത്തിനും" എന്നത് ചേർക്കുക.

131. പീഠികയിൽ, "അതനുസംഗതിപോലെ, പ്ലോട്ടിൻെറ അല്ലെങ്കിൽ കെട്ടിടത്തിൻെറ കാര്യക്ഷമവും സുതാര്യവുമായ രീതിയിലുള്ള വില്പന ഉറപ്പുവരുത്തുന്നതിനും" എന്നത് ഒഴിവാക്കുക.

135. പീഠികയിൽ, "തീരുമാനങ്ങളിൽ നിന്നും നിർദ്ദേശങ്ങളിൽ നിന്നും ഉത്തരവുകളിൽ" എന്നീ വാക്കുകൾക്ക് പകരം "നടപടികളിൽ" എന്ന വാക്ക് ചേർക്കുക.

144. ഖണ്ഡം 1(2)-നു ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(3) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്."

സർ, 112, 119 എന്നീ നമ്പർ ഭേദഗതിയിൽ, ദീർഘ ശീർഷകത്തിൽ അക്ഷരത്തെറ്റ് അഭിലഷണീയമല്ല. അതുകൊണ്ട് "പ്രോൽസാഹനത്തിനും" എന്നതിനു പകരം "പ്രോത്സാഹനത്തിനും" എന്ന് ചേർക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ, "പ്ലോട്ടിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ" എന്നീ വാക്കുകൾക്ക് പകരം "പ്ലോട്ടുകൾ, കെട്ടിടങ്ങൾ മുതലായവയുടെ" എന്നീ വാക്കുകൾ ചേർക്കുക.

132. പീഠികയിൽ, "പ്ലോട്ടിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ" എന്നീ വാക്കുകൾക്ക് പകരം "പ്ലോട്ടുകൾ, കെട്ടിടങ്ങൾ മുതലായവയുടെ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിൽ, "റിയൽ എസ്റ്റേറ്റ് മേഖലയുടെ നിയന്ത്രണത്തിനും പ്രോത്സാഹനത്തിനും" എന്നതിനു പകരം "റിയൽ എസ്റ്റേറ്റ് വ്യാപാര മേഖലയിൽ നടക്കുന്ന ഉപഭോക്തൃ ചൂഷണം ഇല്ലാതാക്കുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

124. പീഠികയിൽ, "റിയൽ എസ്റ്റേറ്റ് മേഖലയുടെ നിയന്ത്രണത്തിനും

പ്രോത്സാഹനത്തിനും" എന്നതിനുപകരം "റിയൽ എസ്റ്റേറ്റ് വ്യാപാര മേഖലയിൽ നടക്കുന്ന ഉപഭോക്തൃ ചൂഷണം ഇല്ലാതാക്കുന്നതിന്" എന്നത് ചേർക്കുക.

സർ, ഇവിടെ പ്രൊഫ. സി. രവീന്ദ്രനാഥ് പറഞ്ഞത് ശരിയാണ്. ദീർഘ ശീർഷകത്തിൽ ഈ വാചകം പറ്റില്ല. അത് ഒഴിവാക്കി റിയൽ എസ്റ്റേറ്റ് വ്യാപാരമേഖലയിൽ നടക്കുന്ന ഉപഭോക്തൃ ചൂഷണം ഇല്ലാതാക്കുന്നതിനെന്ന് ചേർത്താൽ പ്രശ്നം തീരും. അത് opposite ആണ്. ശീർഷകത്തിലുള്ള ആ ഹെഡ്ഡിംഗ് മാറ്റുന്നതായിരിക്കും നല്ലത്. റിയൽ എസ്റ്റേറ്റ് ബിസിനസ്സിനെ പ്രോത്സാഹിപ്പിക്കുന്നുവെന്ന സന്ദേശമാണിത്.

ശ്രീമതി കെ. കെ. ലതിക : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ, "കാര്യക്ഷമവും സുതാര്യവുമായ" എന്നതിനു പകരം "സുതാര്യമായ" എന്നത് ചേർക്കുക.

133. പീഠികയിൽ, "കാര്യക്ഷമവും സുതാര്യവുമായ" എന്നതിന് പകരം, "സുതാര്യമായ" എന്നത് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ദീർഘശീർഷകത്തിൽ, "സംരക്ഷിക്കുന്നതിനും" എന്ന വാക്കിനു ശേഷം "ഉറപ്പ് വരുത്തുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. ദീർഘശീർഷകത്തിൽ, "കേൾക്കുന്നതിനായി" എന്നതിനുപകരം "കേൾക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും" എന്നത് ചേർക്കുക.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ദീർഘശീർഷകത്തിൽ, "കേൾക്കുന്നതിനായി" എന്ന വാക്കിനുപകരം "കേൾക്കുന്നതിനുമായി" എന്ന വാക്ക് ചേർക്കുക.

137. പീഠികയിൽ, "കേൾക്കുന്നതിനായി" എന്ന വാക്കിന് പകരം "കേൾക്കുന്നതിനുമായി" എന്ന വാക്ക് ചേർക്കുക.

145. ഖണ്ഡം 1(2)-ൽ, "2015 മേയ് 4-ാം തീയതി" എന്നതിനു പകരം "2015 ഡിസംബർ 16-ാം തീയതി " എന്നത് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ദീർഘശീർഷകം താഴെപ്പറയുംപ്രകാരം മാറ്റുക:

"റിയൽ എസ്റ്റേറ്റ് മേഖലയെ നിയന്ത്രണ വിധേയമാക്കി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഒരു റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനും, റിയൽ എസ്റ്റേറ്റ് ഇടപാടുകളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തി ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അതോറിറ്റിയുടെ നടപടികളിന്മേലുള്ള അപ്പീലുകൾ കേൾക്കുന്നതിനായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അവയിൽ നിന്ന് ഉളവാകുന്നതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ"

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

125. പീഠികയിൽ, "റിയൽ എസ്റ്റേറ്റ് മേഖലയുടെ നിയന്ത്രണത്തിനും" എന്നതിനുശേഷം "മത്സരത്തിനും" എന്ന് ചേർക്കുക.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. പീഠികയിൽ, "സംരക്ഷിക്കുന്നതിനും" എന്ന വാക്കിന് ശേഷം "ഉറപ്പ് വരുത്തുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136. പീഠികയിൽ, "തീരുമാനങ്ങളിൽ നിന്നും നിർദ്ദേശങ്ങളിൽ നിന്നും ഉത്തരവുകളിൽ നിന്നുമുള്ള" എന്നതിന് പകരം "തീരുമാനങ്ങൾക്കും, നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കുമെതിരേയുള്ള" എന്നത് ചേർക്കുക.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക:

“ <u>പീഠിക</u>:- റിയൽ എസ്റ്റേറ്റ് മേഖലയെ നിയന്ത്രണവിധേയമാക്കി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒരു റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനും, റിയൽ എസ്റ്റേറ്റ് ഇടപാടുകളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തി ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും, അതോറിറ്റിയുടെ നടപടികളിന്മേലുള്ള അപ്പീലുകൾ കേൾക്കുന്നതിനായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ, അവയിൽനിന്ന് ഉളവാകുന്നതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥചെയ്യുന്നത് യുക്തമായിരിക്കുകയാൽ;”

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. ഖണ്ഡം 1(1)-ൽ, "(നിയന്ത്രണവും വികസനവും)" എന്നതിനു പകരം "(നിയന്ത്രണ)" എന്നത് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ മൂവ് ചെയ്യേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ബില്ലിന്റെ പേര് മാറ്റാൻ കഴിയില്ല. ഗവർണ്ണർക്ക് അയച്ച് കൊടുത്തതും ഇതേ പേരാണ്.

ശ്രീ. കെ. കെ. നാരായണന്റെ 119-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. എൻ. പ്രതാപന്റെ 138-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ, "തീരുമാനങ്ങളിൽ നിന്നും നിർദ്ദേശങ്ങളിൽ നിന്നും ഉത്തരവുകളിൽ നിന്നുമുള്ള" എന്നീ വാക്കുകൾക്കു പകരം "തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കുമെതിരെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

138. പീഠികയിൽ, "കേൾക്കുന്നതിനായി" എന്നതിന് പകരം "കേൾക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും" എന്നത് ചേർക്കുക.

കൂടാതെ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112, 129 എന്നീ നമ്പർ ഭേദഗതികളും ശ്രീ. സണ്ണിജോസഫ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതിയും ശ്രീ. പുരുഷൻ കടലുണ്ടിയുടെ 136-ാം നമ്പർ ഭേദഗതിയും സ്വീകരിച്ചിരിക്കുന്നു.

മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അവതരിപ്പിച്ച 119, 138 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

മന്ത്രി സ്വീകരിച്ച ശ്രീ. എം. ഉമ്മറിന്റെ 112, 129 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

മന്ത്രി സ്വീകരിച്ച ശ്രീ. സണ്ണി ജോസഫിന്റെ 120-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

മന്ത്രി സ്വീകരിച്ച ശ്രീ. പുരുഷൻ കടലുണ്ടിയുടെ 136-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, എന്റെ 106-ാം നമ്പർ ഭേദഗതിക്ക് ഞാൻ

പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. ബാബു എം. പാലിശ്ശേരി
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീമതി ഇ. എസ്. ബിജിമോൾ
5. ശ്രീ. ഇ. ചന്ദ്രശേഖരൻ
6. ശ്രീ. വി. ചെന്താമരാക്ഷൻ
7. ശ്രീ. സി. ദിവാകരൻ
8. ശ്രീ. എം. ഹംസ
9. ശ്രീ. ജെയിംസ് മാത്യു
10. ശ്രീ. ജി. എസ്. ജയലാൽ
11. ശ്രീ. ഇ. പി. ജയരാജൻ
12. ശ്രീ. സി. കൃഷ്ണൻ
13. ശ്രീമതി കെ. കെ. ലതിക
14. ശ്രീ. മാത്യു റ്റി. തോമസ്
15. ശ്രീ. പുരുഷൻ കടലുണ്ടി
16. ശ്രീ. ആർ. രാജേഷ്
17. ശ്രീ. റ്റി. വി. രാജേഷ്
18. ശ്രീ. കെ. രാജു
19. ശ്രീ. രാജു എബ്രഹാം
20. പ്രൊഫ. സി. രവീന്ദ്രനാഥ്
21. ശ്രീ. വി. ശശി

22. ശ്രീ. ബി. സത്യൻ
23. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
24. ശ്രീ. ഇ. കെ. വിജയൻ
25. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ :</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽകുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. കെ. ബാബു
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. സി.എൻ. ബാലകൃഷ്ണൻ
13. ശ്രീ. വി. റ്റി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. ബെന്നി ബെഹനാൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീ. എ. റ്റി. ജോർജ്
19. ശ്രീ. ഹൈബി ഈഡൻ
20. ശ്രീമതി പി. കെ. ജയലക്ഷ്മി

21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ.സി. ജോസഫ്
23. ശ്രീ. ജോസഫ് വാഴയ്ക്കൻ
24. ശ്രീ. വർക്കല കഹാർ
25. ശ്രീ. കെ.എൻ.എ. ഖാദർ
26. ശ്രീ. റ്റി. യു. കുരുവിള
27. ശ്രീ. പി. എ. മാധവൻ
28. ശ്രീ. സി. പി. മുഹമ്മദ്
29. ശ്രീ. കെ. പി. മോഹനൻ
30. ശ്രീ. സി. മോയിൻകുട്ടി
31. ശ്രീ. മോൻസ് ജോസഫ്
32. ശ്രീ. ആര്യാടൻ മുഹമ്മദ്
33. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
34. ശ്രീ. കെ. മുരളീധരൻ
35. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
36. ശ്രീ. ഉമ്മൻ ചാണ്ടി
37. ശ്രീ. ടി. എൻ. പ്രതാപൻ
38. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
39. ശ്രീ. രമേശ് ചെന്നിത്തല
40. ശ്രീ. പാലോട് രവി
41. ശ്രീ. റോഷി അഗസ്റ്റിൻ
42. ശ്രീ. കെ. എസ്. ശബരീനാഥൻ
43. ശ്രീ. വി. പി. സജീന്ദ്രൻ
44. ശ്രീ. വി.ഡി. സതീശൻ
45. ശ്രീ. ഷാഫി പറമ്പിൽ

46. ശ്രീ. കെ. എം. ഷാജി

47. ശ്രീ. എൻ. ഷംസുദ്ദീൻ

48. ശ്രീ. കെ. ശിവദാസൻ നായർ

49. ശ്രീ. വി. എസ്. ശിവകുമാർ

50. ശ്രീ. സണ്ണി ജോസഫ്

51. ശ്രീ. തോമസ് ഉണ്ണിയാടൻ

52. ശ്രീ. പി. ഉബൈദുള്ള

53. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

54. ശ്രീ. എം. പി. വിൻസെന്റ്

55. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ : അനുകൂലിക്കുന്നവർ -25

പ്രതികൂലിക്കുന്നവർ - 55

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 106, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 109, 143 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 110, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 113, 118, 131, 135, 144 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 114, 132 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 115, 124 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 116, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 121, 137, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഈ ബിൽ പാസ്സാക്കുന്ന സമയത്ത് എനിക്ക് ഒരു കാര്യം സന്തോഷത്തോടുകൂടി പറയാനുള്ളത്, ഇത്രയും കൂടുതൽ ഭേദഗതികൾ അംഗീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ ബിൽ

ഭംഗിയായി ഹോം വർക്ക് ചെയ്തതുകൊണ്ട് മാത്രമാണ് ഇത്രയും കൂടുതൽ ഭേദഗതികൾ അംഗീകരിക്കാൻ കഴിഞ്ഞത്. എൺപത്തി അഞ്ചോളം ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചിരിക്കുന്നു. ഇതൊരു നല്ല കാര്യമാണ്. ബഹുമാനപ്പെട്ട അംഗങ്ങളെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. കാരണം, സാധാരണയിൽനിന്നും വ്യത്യസ്തമായി അംഗങ്ങളും ഓരോ ഭേദഗതിയും നല്ലവണ്ണം സ്റ്റഡി ചെയ്തിട്ടുണ്ടായിരുന്നു. ആ ഭേദഗതികളെക്കുറിച്ച് സംസാരിക്കാൻ അംഗങ്ങൾക്കും നല്ലവണ്ണം അറിയാമായിരുന്നു. ഹോം വർക്ക് ചെയ്തുകൊണ്ടുവന്ന ഒരു ബില്ലാണിത്. അതിന് ബഹുമാന്യരായ അംഗങ്ങളെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ .............

പ്രതികൂലിക്കുന്നവർ .............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, പ്രതിപക്ഷം ഒരു കത്ത് തന്നിരുന്നു. അതിനെക്കുറിച്ച് ചെയർ ഒന്നും പറഞ്ഞില്ല.

മി. സ്പീക്കർ : കത്ത് കിട്ടിയ ഉടൻതന്നെ ഇരുഭാഗത്തുമുള്ള നേതാക്കന്മാരുമായി ചർച്ച ചെയ്തു. പക്ഷേ ഒരു ധാരണയിലെത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് അടുത്ത ബിൽ എടുക്കുകയാണ്.

## 2. 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

### ക്രമപ്രശ്നം

### മിനിസ്റ്റർ ഇൻ ചാർജ്ജിനെ മാറ്റുന്നത് സംബന്ധിച്ച്

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഈ ബില്ലിന്റെ മിനിസ്റ്റർ ഇൻ ചാർജ് ആരായിരുന്നു?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആയിരുന്നു. അത് ഗ്രാമവികസന

വകുപ്പുമന്ത്രിയെ ഏല്പിച്ചുകൊണ്ട് ഇന്നലെ ബുള്ളറ്റിൻ ഇഷ്യൂ ചെയ്തിട്ടുണ്ട്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അത് ഈ സഭ അറിയണ്ടേ?

മി. സ്പീക്കർ: ബുള്ളറ്റിൻ ഇഷ്യൂ ചെയ്തതുകൊണ്ടാണ് പറയാതിരുന്നത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബിൽ ആദ്യം അവതരിപ്പിക്കുമ്പോൾ മിനിസ്റ്റർ ഇൻ ചാർജിനെ മാറ്റാം. നേരത്തെ ബിൽ സർക്കുലേറ്റ് ചെയ്തിരുന്ന സമയത്ത് മുഖ്യമന്ത്രിയാണ് ഇത് അവതരിപ്പിക്കുന്നതെന്നുകാണിച്ച് ഞങ്ങൾക്ക് ബുള്ളറ്റിൻ കിട്ടി. ബിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് പോയതിനുശേഷം തിരിച്ചുവന്ന ഈ ഘട്ടത്തിൽ മിനിസ്റ്റർ ഇൻ ചാർജിനെ മാറ്റുന്നതിന് ചട്ടത്തിൽ വ്യവസ്ഥയുണ്ടോ? സംശയമുള്ളതുകൊണ്ട് ഞാൻ ചോദിച്ചതാണ്. തർക്കിക്കുന്നില്ല.

മി. സ്പീക്കർ: അങ്ങയെപ്പോലെ സീനിയറായ ഒരു മെമ്പർക്ക് സംശയമുള്ളതായിരിക്കില്ല, അങ്ങ് ഉന്നയിച്ചതാണ്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ചട്ടം 78-ന്റെ പ്രൊവൈസോയിൽ വളരെ വ്യക്തമായി കൊടുത്തിട്ടുണ്ട്. " നിബന്ധനയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ ഏതുതന്നെ ആയിരുന്നാലും ബിൽ അവതരിപ്പിച്ച ഒരംഗം ചുമതല വഹിക്കുന്ന അംഗമായി തുടരുന്നതാണ്." മുഖ്യമന്ത്രി ആയതുകൊണ്ട് അദ്ദേഹത്തിന് മറ്റൊരു മന്ത്രിയെ ചുമതല ഏല്പിക്കാം.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പറഞ്ഞതുപോലെ രണ്ട് ബില്ലുകളും ചർച്ച ചെയ്യാൻ നിർബന്ധിതമായ സാഹചര്യം ദയവായി മനസ്സിലാക്കണം. 2015 മാർച്ച് ആറിന് ഈ സഭയിൽ ബഹുമാന്യനായ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ അദ്ദേഹം രണ്ട് കാര്യങ്ങളാണ് പറഞ്ഞത് - മലയാള ഭാഷാ നിയമവും എൻ.ആർ.ഐ. കമ്മീഷൻ ബില്ലും. ഇനി സഭ ചേരുന്നത് ജനുവരി മാസത്തിൽ ഗവർണ്ണറുടെ പുതിയ നയപ്രഖ്യാപനത്തിന് വേണ്ടിയാണ്. അതിനുമുമ്പായി അദ്ദേഹം നടത്തിയ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ......

ശ്രീ. എ. കെ. ബാലൻ: സർ, പോയിന്റ് ഓഫ് ഓർഡർ. നിയമസഭാ നടപടിക്രമങ്ങൾ സംബന്ധിച്ച ചട്ടം 78-ൽ പറയുന്നത് "ബിൽ പരിഗണനയ്ക്കെടുക്കണമെന്നോ പാസ്സാക്കണമെന്നോ ഉള്ള യാതൊരു പ്രമേയവും ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗമല്ലാത്ത മറ്റേതെങ്കിലും അംഗം കൊണ്ടുവരാൻ പാടില്ലാത്തതും, ബിൽ അതത് സംഗതി പോലെ ഒരു സെലക്ട് കമ്മിറ്റിക്കോ അഥവാ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്കോ വിടണമെന്നോ അല്ലെങ്കിൽ അതിന്മേൽ അഭിപ്രായം ആരായുന്നതിലേയ്ക്ക് സർക്കുലേറ്റ് ചെയ്യണമെന്നോ ഉള്ള യാതൊരു പ്രമേയവും ചുമതല വഹിക്കുന്ന അംഗം കൊണ്ടുവന്ന പ്രമേയത്തിന്റെ ഭേദഗതി എന്ന നിലയിലല്ലാതെ, ചുമതല വഹിക്കുന്ന അംഗമല്ലാതെ മറ്റൊരംഗവും കൊണ്ടുവരാൻ പാടില്ലാത്തതും ആകുന്നു."

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ബാലൻ, സാധാരണ ഒരു മന്ത്രിയാണെങ്കിൽ അങ്ങ് പറഞ്ഞത് അംഗീകരിക്കാം. മുഖ്യമന്ത്രി ആയതുകൊണ്ട് അദ്ദേഹത്തിന് ആ മന്ത്രിസഭയിലെ ഏത് മന്ത്രിയെ വേണമെങ്കിലും ചുമതല ഏല്പിക്കാം. പക്ഷേ ഏല്പിക്കുമ്പോൾ അത് ബഹുമാനപ്പെട്ട അംഗങ്ങളെ എല്ലാവരെയും അറിയിച്ചിരിക്കണം. ഇന്നലെത്തന്നെ ബുള്ളറ്റിൻ ഇറക്കി. ആ ബുള്ളറ്റിൻ ഇന്നലത്തെ കവറിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.

ശ്രീ. മാത്യു റ്റി തോമസ്: സർ, ഈ ബില്ല് അവതരിപ്പിക്കുന്നതിന് മുഖ്യമന്ത്രിക്ക് ഒരു പ്രത്യേക പരിരക്ഷയും നല്കിയിട്ടില്ല. 78-ാം ചട്ടത്തിന്റെ വിശദീകരണത്തിൽ പറയുന്നത്, "ക്ലിപ്ത നിബന്ധനയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ എന്തുതന്നെ ആയിരുന്നാലും ബിൽ അവതരിപ്പിച്ച ഒരംഗം ചുമതല വഹിച്ച അംഗമായി തുടരുന്നതാണ്" എന്നാണ്. അതിന് വ്യത്യസ്തമായി ബുള്ളറ്റിൽ കൊടുക്കാൻ പറ്റില്ല.

മി. സ്പീക്കർ: ചട്ടത്തിൽ പറയുന്നില്ലെങ്കിൽപ്പോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്താം. അതാണ് ചെയർ പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സർ, ബിൽ അവതരിപ്പിക്കുന്ന അംഗത്തിന് മാത്രമേ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാൻ കഴിയൂ എന്നത് വിശദീകരണത്തിൽ നിന്നും വ്യക്തമാണ്. ചട്ടവിരുദ്ധമായി ഈ ബിൽ അവതരിപ്പിക്കാൻ കഴിയുമോ? അങ്ങ് റൂളിംഗ് നൽകിയാൽ മതി, ഞങ്ങൾക്ക് പ്രശ്നമില്ല.

## റൂളിംഗ്

മി. സ്പീക്കർ: ചെയർ പറയാം. "എന്നാൽ ചുമതല വഹിക്കുന്ന ഒരംഗത്തിന് തന്റെ ബില്ലിന്റെ അവതരണത്തിനുശേഷം ഏതെങ്കിലും ഒരു ഘട്ടത്തിൽ ആ ബിൽ സംബന്ധിച്ച അടുത്ത പ്രമേയം അവതരിപ്പിക്കാൻ കഴിയാതെ വന്നാൽ അതിനുള്ള കാരണങ്ങൾ തൃപ്തികരമെന്ന് സ്പീക്കർ കരുതുന്നപക്ഷം ആ അംഗത്തിന് സ്പീക്കറുടെ അംഗീകാരത്തോടുകൂടി പ്രത്യേക പ്രമേയം അവതരിപ്പിക്കുന്നതിന് വേറൊരു അംഗത്തെ അധികാരപ്പെടുത്താവുന്നതാണ്."

.....(ബഹളം)..... ചെയർ പറയട്ടെ, ഇതനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെത്തന്നെ ചെയറിന് എഴുതിത്തന്നു. അതനുസരിച്ച് ഇവിടെനിന്ന് ബുള്ളറ്റിൻ ഇറക്കി. ബഹുമാനപ്പെട്ട കെ. സി. ജോസഫിനെ ചുമതല ഏല്പിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ചെയറിന് 313-ാം വകുപ്പ് അനുസരിച്ചുമാത്രമേ ഇതിന് അനുമതി കൊടുക്കാൻ പറ്റുകയുള്ളൂ. ചെയറിന് ചെയ്യാം. പക്ഷെ, ചെയർ പറയണം. 313-ാം വകുപ്പ് പ്രകാരമുള്ള എന്റെ അധികാരം ഉപയോഗിച്ചുകൊണ്ട് ഞാൻ അനുമതി കൊടുക്കുന്നുവെന്ന് ചെയർ പറഞ്ഞാൽ ശ്രീ. കെ. സി. ജോസഫിന് അവതരിപ്പിക്കാം.

<u>മി. സ്പീക്കർ</u>: ഒരു മെമ്പർക്ക് പെട്ടെന്ന് എന്തെങ്കിലും അസൗകര്യം വന്നുപോയാൽ അത് അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ വായിച്ച മേൽപ്പറഞ്ഞ ഭാഗം ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വെറുതെ സമയം കളയേണ്ട; എന്തായാലും ബിൽ അവതരിപ്പിക്കാൻ ചെയർ ബഹുമാനപ്പെട്ട മന്ത്രിയെ ക്ഷണിച്ചു. മന്ത്രി ബിൽഅവതരിപ്പിക്കട്ടെ.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ......(ബഹളം)..... ഈ ബിൽ 2015 മാർച്ച് 6-ന് നിയമസഭയിൽ ബഹുമാന്യനായ.........(ബഹളം).....

<u>മി. സ്പീക്കർ</u>: ഈ ബില്ലിന്റെ ചുമതല ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്നെയാണ്. നിയമസഭയിൽ ഇത് അവതരിപ്പിക്കുന്നതിനുള്ള താല്ക്കാലിക ചുമതല മാത്രമാണ് ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് കൊടുത്തിരിക്കുന്നത്. അത് ചെയറിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുതിത്തന്നിരുന്നു. ഇന്നലെതന്നെ അതുസംബന്ധിച്ച് ബുള്ളറ്റിൻ ഇറക്കി. ചെയറിന്റെ അനുവാദത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇത് അവതരിപ്പിക്കുന്നത്. .......(ബഹളം).....

ബഹുമാനപ്പെട്ട സി. ദിവാകരൻ, മെമ്പർ ഇൻ ചാർജ് മാറുന്നില്ല. മെമ്പർ ഇൻ ചാർജ് മുഖ്യമന്ത്രി തന്നെയാണ്. ചെയറിന്റെ അധികാരം ഉപയോഗിച്ചുകൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട മന്ത്രിയെ അത് അവതരിപ്പിക്കാൻ ക്ഷണിച്ചത്. അത് താല്ക്കാലികമായ ചുമതല മാത്രമാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, 2015 മാർച്ച് 6-ന് കേരള നിയമസഭയിൽ ബഹുമാന്യനായ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ രണ്ടു കാര്യങ്ങളാണ് എൻ.ആർ.ഐ. കമ്മീഷൻ ബില്ലും മലയാളം ഭാഷാ ബില്ലും. ഈ രണ്ട് വാഗ്ദാനങ്ങൾ പാലിക്കുന്നതോടുകൂടി കഴിഞ്ഞ മാർച്ച് 6-ന് നടത്തിയ ഗവർണ്ണറുടെ പ്രസംഗത്തിലെ വാഗ്ദാനങ്ങൾ പാലിച്ച സംതൃപ്തി ഗവൺമെന്റിനുണ്ട്.

.......(ബഹളം).....

<u>മി. സ്പീക്കർ</u>: നിങ്ങളുടെ സംശയം ഞാൻ വായിച്ചുതരാം. "നിബന്ധനയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ എന്തുതന്നെ ആയിരുന്നാലും ബിൽ അവതരിപ്പിച്ച ഒരംഗം ചുമതലവഹിക്കുന്ന അംഗമായി തുടരുന്നതാണ്." എന്നുപറഞ്ഞാൽ, നിയമസഭയിൽ ആ അംഗം ബിൽ അവതരിപ്പിക്കണമെന്നല്ല. ബില്ലിന്റെ ചുമതല ബിൽ അവതരിപ്പിച്ച അംഗത്തിനുതന്നെയായിരിക്കും എന്നാണ്. അതുതന്നെയാണ് ചെയർ നേരത്തെ പറഞ്ഞത്, ഇതിന്റെ ചുമതല ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്നെയാണ്. താല്ക്കാലികമായി മറ്റൊരു മന്ത്രിയെ ഏൽപ്പിച്ചുവെന്നേയുള്ളു. ....... (ബഹളം)..... ഞാൻ പറയുന്നത് നിങ്ങൾ ശ്രദ്ധിക്കുന്നില്ല. ഞാൻ പറഞ്ഞത് ഇതിന്റെ ചുമതല ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുതന്നെയാണ് എന്നാണ്.

നിയമസഭയിൽ അതേ അംഗം തന്നെ ആ ബിൽ അവതരിപ്പിക്കണമെന്ന് ഇതിൽ പറയുന്നില്ല. ചുമതല ബിൽ അവതരിപ്പിച്ച അംഗത്തിന് തന്നെയായിരിക്കും. ഇപ്പോൾ ഇത് ഇവിടെ അവതരിപ്പിക്കുന്നതിനാണ് താല്ക്കാലികമായി മറ്റൊരു മന്ത്രിയെ ഏല്പിച്ചിരിക്കുന്നത്. അത് ബുള്ളറ്റിൻ വഴി ഇന്നലെത്തന്നെ നിങ്ങളെ അറിയിച്ചിട്ടുമുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് തുടരാം.

ശ്രീ. കെ. സി. ജോസഫ്: സർ, ഏറെ പ്രധാനപ്പെട്ട രണ്ടു നിയമങ്ങളാണ് എൻ.ആർ.ഐ. കമ്മീഷൻ ബില്ലും മലയാളം ഭാഷാ ബില്ലും. സാങ്കേതികമായ തടസ്സം ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ബിൽ തടയാൻ ശ്രമിക്കാൻ പാടില്ലായിരുന്നു. .......(ബഹളം)..... സ്പീക്കറുടെ റൂളിംഗ് ഉണ്ട്. സ്പീക്കറുടെ റൂളിംഗ് നിരാകരിക്കാൻ പാടുള്ളതല്ല. നിങ്ങളുടെ ഒബ്ജക്ഷൻ സ്പീക്കർ കേട്ടു. ....... (ബഹളം)..... സ്പീക്കറുടെ റൂളിംഗ് അനുസരിക്കാൻ ബാധ്യസ്ഥരാണ്. ബഹുമാനപ്പെട്ട സ്പീക്കറെ ചോദ്യം ചെയ്യാൻ പാടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ആ ഭാഗം തീർന്നു. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. കെ. സി. ജോസഫ്: സർ, മലയാള ഭാഷയുടെ ഒരു സുവർണ്ണകാലമാണ് ഈ കഴിഞ്ഞ നാലരവർഷക്കാലം. 1956 നവംബർ 1-നാണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുണ്ടായത്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുണ്ടായശേഷം 55 വർഷം കഴിഞ്ഞാണ് മലയാള ഭാഷയ്ക്കുവേണ്ടി ഈ ഗവൺമെന്റിന്റെ കാലത്ത് മലയാളം യൂണിവേഴ്സിറ്റി സ്ഥാപിതമായത്. തിരൂർ ആസ്ഥാനമായ തുഞ്ചത്തെഴുത്തച്ഛന്റെ പേരിലുള്ള മലയാളം സർവ്വകലാശാല സ്ഥാപിച്ച് മൂന്നുവർഷം പിന്നിടുമ്പോൾ മലയാള ഭാഷയുടെ വികസനത്തിനും ഭാഷാ ഗവേഷണത്തിനും ശ്രദ്ധേയമായ സംഭാവന നല്കിയ ഒരു കേന്ദ്രമായി ആ സ്ഥാപനം മാറിയിട്ടുണ്ട്. 'ഒന്നാം ഭാഷ' എന്ന നിലയിൽ മലയാളത്തെ അംഗീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മലയാളം മിഷൻ രൂപീകരിച്ചുകൊണ്ട് കേരളത്തിനുപുറത്തുള്ള മലയാളികളുടെ രണ്ടാം തലമുറയ്ക്ക് മലയാളം പഠിക്കാൻ വിപുലമായ സൗകര്യങ്ങളുണ്ടാക്കാൻ ഗവൺമെന്റ് വളരെയേറെ പരിശ്രമിച്ചു. അതുപോലെതന്നെ മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി നേടാനുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച ശ്രമങ്ങൾ ഈ ഗവൺമെന്റ് മുമ്പോട്ടുകൊണ്ടുപോയി. തമിഴിനും തെലുങ്കിനും കന്നഡയ്ക്കും ശേഷം മലയാളഭാഷയ്ക്കും ശ്രേഷ്ഠഭാഷാപദവി ലഭിച്ചുവെന്നുള്ളത് വളരെ അഭിമാനകരമായ നേട്ടമാണ്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. കഴിഞ്ഞ ഒരു കാലത്തും ഉണ്ടാകാത്ത വലിയ മുന്നേറ്റം, ഭാഷയുടെ വ്യാപനവും പരിപോഷണവും ഈ രംഗത്ത് ഉണ്ടായതിൽ സംതൃപ്തിയുണ്ട്. മലയാളം ഭാഷാ ബിൽ പാസ്സാക്കുന്നത് ഒരു ചരിത്ര മുഹൂർത്തമാണ്. മലയാളം ഭരണഭാഷയായി മാറണം. അതിനാവശ്യമായ മാറ്റം ഉൾക്കൊണ്ട് വിശദമായ ചർച്ചകളിലൂടെ ഈ ബിൽ കുറ്റമറ്റതാക്കാനും

മലയാളികളുടെ ആഗ്രഹങ്ങൾ സഫലമാക്കാനുമുള്ള ശ്രമങ്ങളിൽ ഈ സഭയുടെ പൂർണ്ണമായ സഹകരണം പ്രതീക്ഷിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. മലയാള ഭാഷയ്ക്ക് ഈ ഗവൺമെന്റ് കൊടുക്കുന്ന പ്രാധാന്യമെന്താണെന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. ഈ ബിൽ പൈലറ്റ് ചെയ്യു മന്ത്രിയും മുഖ്യമന്ത്രിയും ഇവിടെയില്ല. മലയാള ഭാഷയെ രക്ഷിക്കാൻ കഴിയാത്തൊരു മുഖ്യമന്ത്രി കേരളത്തിന് അപമാനമാണ്. മലയാള ഭാഷയ്ക്കുവേണ്ടി കേരളത്തിലെ മുഖ്യമന്ത്രിക്ക് പതിനഞ്ച് മിനിട്ട് ഇവിടെ ഇരുന്നുകൂടേ? യഥാർത്ഥത്തിൽ മലയാള ഭാഷാ ബിൽ ആയതുകൊണ്ടു മാത്രമാണ് ഞങ്ങളിവിടെ ഇരിക്കുന്നത്. ഇവിടെ ഭരണപക്ഷത്തും പ്രതിപക്ഷത്തുംകൂടി ആകെ 80 പേർ മാത്രമല്ലേയുള്ളു; ഇത്രയും കുറച്ച് ആളുകളെവച്ച് പാസ്സാക്കേണ്ട ഒരു ബില്ലാണോ ഇത്? .......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്...... പ്രതിപക്ഷ ഉപനേതാവ് സംസാരിക്കുകയാണ്. ..... പ്ലീസ്....... ... (ബഹളം)...... ..... പ്ലീസ്.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, യഥാർത്ഥത്തിൽ ഇവിടെ ഇരിക്കുന്ന ആളുകൾക്കുതന്നെ ഇതിൽ പങ്കെടുക്കാൻ പ്രയാസമുണ്ട്. ഇങ്ങനെയൊരു ബിൽ എപ്പോഴെങ്കിലും പാസ്സാക്കിയിട്ടുണ്ടോ? ശ്രീമതി കെ. ആർ. ഗൗരിയമ്മ മന്ത്രിയായിരുന്ന കാലത്ത് പൊതുപ്രവർത്തക അഴിമതി നിരോധന ബിൽ നേരംപുലരുവോളം ഇരുന്ന് പാസ്സാക്കിയെന്ന് നേരത്തെ ഭരണകക്ഷി മെമ്പർമാർ പറഞ്ഞു. അത് എങ്ങനെയാണ് പാസ്സാക്കിയത്; ബുധനാഴ്ച ബിൽ അവതരിപ്പിച്ചു. അന്നും പിറ്റേദിവസവും ചർച്ച ചെയ്തിട്ടും തീരാത്തതുകൊണ്ട് വെള്ളിയാഴ്ചയും ശനിയാഴ്ചയുംകൂടി ചർച്ച ചെയ്തു. അങ്ങനെ നാല് ദിവസത്തെ ചർച്ചയ്ക്കുശേഷമാണ് ആ ബിൽ പാസ്സാക്കിയത്. ഇന്നിവിടെ ഒരു ദിവസംതന്നെ മൂന്ന് ബില്ലുകൾ ചർച്ചയ്ക്കെടുക്കുകയാണ്. മലയാള ഭാഷയെക്കുറിച്ചുള്ള ബിൽ ചർച്ചചെയ്യാൻ ഒരു ദിവസം നീക്കിവയ്ക്കാൻ കഴിയാത്ത നിങ്ങൾക്ക് എന്ത് മലയാള സ്നേഹമാണുള്ളത്; ഇതാണോ മലയാളത്തോടുള്ള സ്നേഹം? മലയാളത്തോട് സ്നേഹം പ്രകടിപ്പിക്കുന്ന നിങ്ങൾക്ക് ആദ്യത്തെ ബില്ലായി ഇത് എടുക്കാമായിരുന്നു. അപ്പോൾ നിങ്ങൾക്ക് റിയൽ എസ്റ്റേറ്റിനോടാണ് താല്പര്യം. റിയൽ എസ്റ്റേറ്റ് ബിസിനസ്സാണ്. മലയാള ഭാഷയ്ക്കുള്ളതിനേക്കാൾ പ്രാധാന്യം നിങ്ങൾ അതിന് കൊടുത്തു. മുഖ്യമന്ത്രി അതിന് കൂട്ടുനിന്നു. റിയൽ എസ്റ്റേറ്റ് ബിൽ ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ മുഖ്യമന്ത്രി ഇവിടെ ഹാജരായി. ഈ ഗവൺമെന്റിന് താല്പര്യം മലയാള ഭാഷയോടല്ല മറിച്ച് റിയൽ എസ്റ്റേറ്റ് ബിസിനസ്സിനോടാണ്. അതിനോട് കാണിച്ച താല്പര്യംപോലും മലയാള ഭാഷയോട് കാണിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; ബിൽ കൊണ്ടുവന്നെന്ന് പ്രചരണം നടത്താൻ വേണ്ടിയിട്ടല്ലേ? നമ്മൾ ഇറങ്ങിപ്പോകുമ്പോൾ ചുളുവിൽ ബിൽ പാസ്സാക്കിയെടുക്കുന്നതിനുവേണ്ടിയാണ് അപ്പുറത്തുള്ളവർ പ്രകോപനം സൃഷ്ടിച്ചു കൊണ്ടിരിക്കുന്നതെന്ന് മനസ്സിലായി. അതാണ് രാവിലെ മുതൽ നിങ്ങൾ

ഉദ്ദേശിച്ചുകൊണ്ടിരിക്കുന്നതെന്നും നമുക്കറിയാം. യഥാർത്ഥത്തിൽ രാവിലെ ഫ്ലാറ്റിന്റെ പ്രശ്നം സംബന്ധിച്ച് നിയമസഭാ കമ്മിറ്റിയെവച്ച് അന്വേഷിക്കണമെന്ന പ്രശ്നം അംഗീകരിക്കാത്തതുകൊണ്ട് ഇന്ന് ഈ സഭ സ്തംഭിപ്പിക്കേണ്ടതായിരുന്നു. ഈ അജണ്ടയ്ക്കകത്ത് ഈ ബിൽ വന്നതുകൊണ്ടുമാത്രമാണ് ഞങ്ങൾ അത് ചെയ്യാതിരുന്നത്. കാരണം ഇക്കാര്യത്തിൽ അത്രത്തോളം പ്രതിജ്ഞാബദ്ധരായി നിൽക്കുകയാണ് പ്രതിപക്ഷത്തുള്ളവർ. നിങ്ങൾ ഇതിനോട് കാണിക്കുന്ന താല്പര്യം വ്യക്തമാക്കപ്പെട്ടുകഴിഞ്ഞു. നിങ്ങൾക്കിതൊരു പ്രചരണ തട്ടിപ്പാണ്. അതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു സംവിധാനം മാത്രമാണ് ഈ ബിൽ എന്നുള്ള കാര്യം നിങ്ങളെടുത്ത സമീപനത്തിൽനിന്നുതന്നെ വ്യക്തമായിക്കഴിഞ്ഞിരിക്കുകയാണ്. ഔദ്യോഗിക ഭാഷ സംബന്ധിച്ച നിയമസഭാ സമിതി, ഔദ്യോഗിക ഭാഷാ വകുപ്പ്, ശ്രീമതി സുഗതകുമാരിയുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി, നിയമവകുപ്പ് ഇവയൊക്കെ അംഗീകരിച്ച പ്രധാനപ്പെട്ട വകുപ്പുകളൊന്നും ഈ ബില്ലിനകത്തില്ല. അതെല്ലാം വെട്ടിക്കളഞ്ഞുകൊണ്ട് ദുർബലമായ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ആദ്യം അവതരിപ്പിച്ച ബില്ലിനകത്ത് ഉണ്ടായിരുന്ന ഏഴാം വകുപ്പ് സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ് നോക്കുമ്പോൾ ആ വകുപ്പേ ഇല്ല. ആദ്യം അവതരിപ്പിച്ചതിനകത്ത് ഉണ്ടായിരുന്ന 'കേരളത്തിൽ ഉദ്യോഗനിയമനം നടത്തുന്ന ആളുകൾക്ക് നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമെ ജോലി ലഭിച്ച് നിശ്ചിത കാലയളവിനുള്ളിൽ മലയാളഭാഷാ പഠനവുമായി ബന്ധപ്പെട്ട് മലയാള മിഷൻ നടത്തുന്ന സീനിയർ ഹയർ ഡിപ്ലോമയ്ക്ക് തുല്യമായ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ വിജയിക്കേണ്ടതാണ് എന്ന ഭാഗം പൂർണ്ണമായും മാറ്റിയിരിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരനും ശ്രീ. മാത്യു റ്റി. തോമസും പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ആ ഭാഗം മാറ്റിയത്. ഞങ്ങളെ കുറ്റപ്പെടുത്തരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിങ്ങളുടെ ഭൂരിപക്ഷപ്രകാരം അംഗീകരിച്ച് കൊടുത്തിട്ടല്ലേ അത് പാസ്സാക്കിയത്; സബ്ജക്ട് കമ്മിറ്റിയിൽ ഭൂരിപക്ഷം നിങ്ങൾക്കല്ലേ?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് എന്നേക്കാൾ നല്ല പരിചയമുണ്ടല്ലോ; വിയോജനക്കുറിപ്പ് എഴുതുന്നതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ വകുപ്പുകളെല്ലാം എടുത്ത് മാറ്റുമോ? ഗവൺമെന്റ് ഒരു ബിൽ അവതരിപ്പിക്കുമ്പോൾ അതിൽ ഒരു ക്ലോസ് ഇൻസിസ്റ്റ് ചെയ്യാനുള്ള അവകാശം നിങ്ങൾക്കുണ്ട്. ഈ ബിൽ പാടേ മാറ്റാൻ ഞങ്ങൾ പറഞ്ഞാൽ നിങ്ങൾ മാറ്റുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, നമ്മൾ ക്ലോസ് ബൈ ക്ലോസ് വായിച്ചു.

അപ്പോൾ നിങ്ങൾ വേണ്ടെന്ന് പറഞ്ഞതിനാലാണ് അത് മാറ്റിയത്. ഡിസന്റ് പിന്നീടാണ് വന്നത്. അങ്ങനെ മാറ്റിയതിന് ഞങ്ങളെ കുറ്റപ്പെടുത്തരുതെന്ന് മാത്രമെ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പ്രതിപക്ഷത്തിന്റെ തലയിൽ ഉത്തരവാദിത്വം കെട്ടിവയ്ക്കാതെ ഇത് കൊണ്ടുവന്ന മന്ത്രിതന്നെ ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം. സബ്ജക്ട് കമ്മിറ്റിയിൽ പല ചർച്ചകളും വ്യത്യസ്ത അഭിപ്രായങ്ങളും വരും. ഭൂരിപക്ഷപ്രകാരമാണ് തീരുമാനമെടുക്കുന്നത്. ഇതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ പറഞ്ഞാൽ ഗവൺമെന്റിന്റെ തീരുമാനമെന്താണ്; ഗവൺമെന്റ് തീരുമാനത്തിന്റെ കൂടെ നിൽക്കാൻ എന്തുകൊണ്ട് നിങ്ങൾക്ക് സാധിച്ചില്ല? അതാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ലോകത്തിൽ, മാതൃഭാഷയെന്നുള്ള നിലയിൽ 26-ാം സ്ഥാനത്തുള്ളതും ഇന്ത്യയിലെ ഏറ്റവും കൂടുതൽ ശതമാനം ആളുകൾ ഉപയോഗിക്കുന്ന സംസ്ഥാന ഭാഷയുമായ മലയാളം ഇന്ത്യയിലെതന്നെ ഐ.എ.എസ്., ഐ.പി.എസ്. ഉൾപ്പെടുന്ന സിവിൽ സർവ്വീസ് പരീക്ഷയുടെ മാധ്യമമായിത്തന്നെ ഉപയോഗിക്കാൻ അർഹതയുള്ളതാണ്. മാത്രമല്ല സിവിൽ സർവ്വീസ് പരീക്ഷയിൽ മലയാളം ഒരു വിഷയമായി സ്വീകരിക്കാനും അവകാശമുണ്ട്. എന്നാൽ ഈ ഉന്നത പദവിക്ക് നേരെ വിരുദ്ധമായ മനോഭാവമാണ് കേരളത്തിൽ പി.എസ്.സി. ഉൾപ്പെടെയുള്ള തൊഴിൽ പരീക്ഷകൾ ഇപ്പോൾ മലയാളത്തോട് സ്വീകരിച്ചുവരുന്നത്. കേരളത്തിലെ മിക്ക പി.എസ്.സി. പരീക്ഷകളിലും പരീക്ഷാമാധ്യമം ഇംഗ്ലീഷ് മാത്രമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥയാണിത്. ഇതിന് മാറ്റം വരുത്താനുള്ള എന്തെങ്കിലും ഒരു കാര്യം ഈ ബില്ലിനകത്തുണ്ടോ; മലയാളം മാതൃഭാഷയായ കേരളത്തിലെ പി.എസ്.സി പരീക്ഷകളിൽ മലയാള പരിജ്ഞാനം പരിശോധിക്കാനുള്ള ഒരു പേപ്പർ പോലുമില്ല. ഇതാണ് മലയാള ഭാഷയോട് നമ്മൾ കാണിക്കുന്ന സമീപനം. 1911-ലാണ് മലയാളം നിർബന്ധിത ഒന്നാം ഭാഷയായി ഉത്തരവ് വന്നത് എന്ന വസ്തുത ഞാൻ അംഗീകരിക്കുന്നു. എന്നാൽ ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഷ്കരിക്കുക എന്നത് നിയമത്തിന്റെ പ്രാഥമിക ലക്ഷ്യമാകേണ്ടതായിരുന്നു. അതുപോലും ഈ നിയമത്തിനകത്തില്ല. അതിന്റെ ഭാഗമായി കേരളത്തിലെ എല്ലാത്തരം സ്കൂളുകളിലും പത്താംതരം വരെ മലയാളം നിർബന്ധിത ഒന്നാം ഭാഷയായി മാറ്റുക എന്നതാണ് നമ്മൾ ലക്ഷ്യമിടേണ്ടത്. സി.ബി.എസ്.സി., ഐ.സി.എസ്.ഇ. സ്കൂളുകളിൽ മലയാളം പത്താംതരം വരെ നിർബന്ധ വിഷയമാക്കി മാറ്റുക എന്നതും ഇതിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. കൂടാതെ ഓറിയന്റൽ സ്കൂളുകളിൽ മലയാളപഠനം നിർബന്ധമാക്കണം. എല്ലാ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും മലയാള പഠന സാധ്യത ഉണ്ടാകുക എന്നത് വ്യവസ്ഥപ്പെടുത്തുകയായിരുന്നു നമ്മൾ

ചെയ്യേണ്ടിയിരുന്നത്. ഹയർസെക്കന്ററിതലത്തിൽ എല്ലാ വിഷയങ്ങൾക്കും മലയാള മാധ്യമത്തിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കണം. ഇത് പ്രധാനപ്പെട്ട ഒരു കാര്യമായി നമ്മൾ ചെയ്യേണ്ടതായിരുന്നു. ഇതെല്ലാം ഒന്നാം ഭാഷാ ഉത്തരവിലെ മുഖ്യ നിർദ്ദേശങ്ങളായിരുന്നു. ബഹുമാനപ്പെട്ട ചെയർ (മി.ഡെപ്യൂട്ടി സ്പീക്കർ) ഇതിൽ വളരെയധികം ശ്രമം നടത്തിയ ഒരു നിയമസഭാ സാമാജികനാണ്, അതുകൊണ്ട് അങ്ങയെ ഇത് ഓർമ്മിപ്പിക്കേണ്ടതില്ല. ഒന്നാം ഉത്തരവിലെ ഈ നിർദ്ദേശങ്ങളോടൊപ്പം അങ്ങുകൂടി ഉൾപ്പെട്ട ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാ സമിതിയും ഔദ്യോഗികഭാഷാ വകുപ്പും, ശ്രീമതി സുഗതകുമാരിയുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതിയും, നിയമ വകുപ്പുമൊക്കെ ഇക്കാര്യത്തിൽ നടത്തിയ ശ്രമങ്ങൾ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്.

ഇതിന്റെ ഭാഗമായി ബിരുദാനന്തര ബിരുദ ഗവേഷണ തലങ്ങൾവരെ ഏത് വിഷയവും മലയാള മാധ്യമത്തിൽ പഠിക്കാനും പരീക്ഷയെഴുതാനുമുള്ള അവകാശം ഉണ്ടാകേണ്ടതായിരുന്നു. ഹയർ സെക്കന്ററി തലംവരെ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുകയെന്നതും നാം സ്വീകരിക്കേണ്ട നടപടിക്രമമായിരുന്നു. മലയാളം മാധ്യമത്തിൽ പഠിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ /എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളിൽ 5 ശതമാനം ഗ്രേസ് മാർക്ക് അനുവദിക്കുകയെന്നതും നമ്മൾ സ്വീകരിക്കേണ്ട ഒരു കാര്യമാണ്. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾ മലയാളത്തിലെഴുതാനുള്ള അവകാശമുണ്ടാകണം. അതിനുള്ള ചോദ്യപേപ്പർ മലയാളത്തിൽ ഉണ്ടായിരിക്കുകയും വേണം. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ഈ നിർദ്ദേശങ്ങളാണ് ഈ ബില്ലിൽ നിന്നും എടുത്തു മാറ്റിയിരിക്കുന്നത്. മലയാള ഭാഷയ്ക്കായി ഒരു ഡയറക്ടറേറ്റ് വേണമെന്നുള്ള നിർദ്ദേശവും പരിഗണിക്കപ്പെട്ടിട്ടില്ല. ജില്ലാ കോടതികൾ വരെ കോടതി ഭാഷ മലയാളത്തിലാകണം. ദുർബലമായൊരു വകുപ്പാണ് ഇതിൽ ചേർത്തിരിക്കുന്നത്. ഒരു നിശ്ചിതസമയത്തിനുള്ളിൽ ഇങ്ങനെ ചെയ്യേണ്ടതാണെന്നുപറഞ്ഞ് പൊതിഞ്ഞൊരു അഭിപ്രായപ്രകടനം നടത്തി വച്ചിരിക്കുകയാണ്. ഇതൊക്കെ സംബന്ധിച്ചുള്ള വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നിയമം വന്നാൽ മാത്രമെ ഈ ബില്ലിലുള്ള ന്യൂനതകൾ പരിഹരിക്കാൻ കഴിയുകയുള്ളൂ. ഇന്ന് വിജ്ഞാനത്തിന്റെ വാതായനം എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയെ നമ്മളാരും കുറച്ചുകാണുന്നില്ല. ഇംഗ്ലീഷ് ഭാഷയ്ക്ക് ഭാഷയെന്നുള്ള നിലയിലുള്ള ഒരു അംഗീകാരം ലോകത്തുണ്ട്. എന്നാൽ തന്നെയും പ്രീ.കെ.ജി തലം മുതൽ പ്രൈമറി തലംവരെ (അഞ്ചാം ക്ലാസ്) ബോധനത്തിനുള്ള മാധ്യമം നിർബന്ധമായും മാതൃഭാഷയാക്കുകയും അതോടൊപ്പം ഒന്നാം ക്ലാസ് മുതൽ തന്നെ ഇംഗ്ലീഷ് ഒരു അധിക ഭാഷയെന്നുള്ള നിലയിൽ പരീക്ഷകൾ ഒഴിവാക്കിക്കൊണ്ട് പഠിക്കാൻ സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്യുകയെന്നുള്ളതാണ് ഇന്നത്തെ നിലയിൽ നമുക്ക് സ്വീകരിക്കാൻ സാധിക്കുന്നത്.

ഇംഗ്ലീഷ് പഠിക്കണമെന്നുള്ളതുകൊണ്ടും മറ്റൊരു ഭാഷയെന്നുള്ള നിലയിൽ പഠിപ്പിക്കാനുമുള്ള ക്രമീകരണമാണ് ഏർപ്പെടുത്തേണ്ടത്. മലയാളം മാധ്യമത്തിൽനിന്നും ഇംഗ്ലീഷ് മാധ്യമത്തിലേയ്ക്ക് എയ്ഡഡ് വിദ്യാലയങ്ങൾ മാറുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. ഇപ്പോൾ മലയാളം മീഡിയം സ്കൂൾ വേണ്ട, ഇംഗ്ലീഷ് മീഡിയം സ്കൂൾ മതിയെന്നുള്ള ധാരണ സംസ്ഥാനത്ത് ശക്തിപ്പെട്ടുവന്നിരിക്കുകയാണ്. അതുകൊണ്ട് 14 വയസ്സുവരെയുള്ള കുട്ടികളുടെ അദ്ധ്യയനം മാതൃഭാഷയിലായിരിക്കണമെന്നതിനാണ് നാം നിർബന്ധിക്കേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള ഒരു സമീപനമായിരുന്നു ഈ നിയമം കൊണ്ടുവരുമ്പോൾ നാം സ്വീകരിക്കേണ്ടത്. ഭാഷാലോകത്ത് വലിയ അംഗീകാരം ലഭ്യമാകേണ്ട ഒരു ഭാഷയാണ് മലയാള ഭാഷ. പക്ഷെ മലയാളികൾ തന്നെ ആ ഭാഷയെ വിസ്മരിക്കുകയാണ് ചെയ്യുന്നത്. അറിവ് പ്രയോഗത്തിലെത്തണമെങ്കിൽ മാതൃഭാഷയിലൂടെതന്നെ വിജ്ഞാനം ആർജ്ജിക്കണം. മറ്റു ഭാഷകളിൽക്കൂടി ആകുമ്പോൾ അത് സിദ്ധാന്തം മാത്രമായി നിലനിൽക്കുകയാണ് ചെയ്യുന്നത്. അദ്ധ്യയന മാധ്യമം മാതൃഭാഷയിലായാൽ മാത്രമെ അറിവ് സമൂഹത്തിന്റേതായി മാറ്റാൻ സാധിക്കുകയുള്ളൂ. അറിവ് ഉൽപ്പന്നമായും ഉൽപാദനമായും മാറുമ്പോഴാണ് വികസനം സാധ്യമാകുന്നത്. മാതൃഭാഷയിലൂടെയുള്ള ബോധനവും പഠനവും മാത്രമാണ് അതിനുള്ള ഒരെയൊരു വഴി. അന്യഭാഷയിലൂടെയുള്ള അറിവിന്റെ സമ്പാദനം വ്യക്തിതലത്തിൽ മാത്രം ഒതുങ്ങുന്നു. എന്നാൽ മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം സമൂഹതലത്തിൽ ഉൾക്കൊള്ളാൻ സാധിക്കുന്നതാണെന്നതാണ് ഇതിന്റെ പ്രത്യേകത. സോക്രട്ടീസ് പറഞ്ഞൊരു കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. 'പാത്രം നിറയ്ക്കലല്ല വിദ്യാഭ്യാസം, ഉള്ളിലുള്ള അഗ്നിയെ ജ്വലിപ്പിക്കലാണ്' എന്നാണ് സോക്രട്ടീസ് ഇതുസംബന്ധിച്ച് പറഞ്ഞത്. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്ക് പരമപ്രധാനമായ സ്ഥാനം നൽകണം. മഹാത്മാഗാന്ധിയും രവീന്ദ്രനാഥ ടാഗോറുമൊക്കെ മാതൃഭാഷയുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞവരാണ്. 'അമ്മയുടെ നെഞ്ചെന്നപോലെ ഞാൻ എന്റെ മാതൃഭാഷയോട് ചേർന്നുതന്നെ നിൽക്കും, ജീവനും ജീവിതവും തരുന്ന മുലപ്പാൽ അവിടെ നിന്നേ എനിക്ക് കിട്ടൂ' എന്ന് മഹാത്മാഗാന്ധി ഹരിജനിൽ എഴുതിയ വാക്യങ്ങൾ നാം ഓർക്കണം. മഹാത്മാഗാന്ധിയെക്കുറിച്ച് സംസാരിക്കുന്ന കോൺഗ്രസ് മുഖ്യമന്ത്രി ഭരിക്കുന്ന ഈ സംസ്ഥാനത്ത് മാതൃഭാഷയുടെ ബില്ലിനോട് ഇത്തരമൊരു സമീപനം സ്വീകരിക്കുന്നത് ശരിയാണോ? രവീന്ദ്രനാഥ ടാഗോർ ജീവിതകാലം മുഴുവൻ മാതൃഭാഷയ്ക്കുവേണ്ടി പോരാടിയിട്ടുള്ള മഹാനാണ്. ഇംഗ്ലീഷ് സ്കൂളുകൾക്ക് നമ്മുടെ ജനതയുടെ ജീവിതത്തിന്റെ ഉപരിതലത്തിൽ തൊടാൻ മാത്രമെ സാധ്യമാകുകയുള്ളൂ, നമ്മുടെ ചിന്തകളുടെ ആഴത്തിൽ എത്തണമെങ്കിൽ ഒരിക്കലും അതിന് കഴിയുകയില്ല. ഇതാണ് മെക്കോളയുടെ വിദ്യാഭ്യാസ

നയത്തിനുള്ള മറുപടിയായി ടാഗോർ നടത്തിയിട്ടുള്ള നിരീക്ഷണം. വിശ്വപരിചയമെന്ന പേരിൽ ശാസ്ത്രത്തിന്റെ ഒരു പ്രാഥമിക ഗ്രന്ഥംതന്നെ രവീന്ദ്രനാഥ ടാഗോർ ബംഗാളിയിലാണ് എഴുതിയത്. ശാസ്ത്രം ജനകീയമാകണമെങ്കിൽ അത് മാതൃഭാഷയിലൂടെതന്നെ പഠിപ്പിക്കണമെന്നാണ് രവീന്ദ്രനാഥ ടാഗോർ ഉൾപ്പെടെയുള്ള ആളുകൾ സ്വീകരിച്ച സമീപനം. ലോകപ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ സത്യേന്ദ്രദാസ് കൽക്കത്ത സർവ്വകലാശാലയിൽ തന്റെ വിദ്യാർത്ഥികളെ ക്വാണ്ടം ഫിസിക്സ് പഠിപ്പിച്ചുകൊടുക്കുന്നത് ബംഗാളി ഭാഷയിലായിരുന്നു. നമുക്കിപ്പോൾ അത് ഓർക്കാൻ സാധിക്കുമോ? കേരളത്തിൽ കാർഷിക സർവ്വകലാശാലയിലെ ഗവേഷണങ്ങൾപ്പോലും ഇംഗ്ലീഷിലാണ് നടത്തുന്നത്. അതുകൊണ്ട് ചിലപ്പോൾ സർവ്വകലാശാലയ്ക്ക് മെച്ചമുണ്ടാകും. കേരളത്തിലെ കാർഷിക രംഗത്ത് ഇതുകൊണ്ട് എന്തു നേട്ടം ഉണ്ടായി; കാർഷിക മുരടിപ്പ് മാറ്റിയെടുക്കുന്നതിനുവേണ്ടി ഈ ഗവേഷണംകൊണ്ട് സാധിച്ചിട്ടുണ്ടോ; ഇംഗ്ലീഷ് വഴിയുള്ള ഈ ഇടപെടലിന്റെ ഫലമായി എന്തു നേട്ടം നമുക്ക് ഉണ്ടായി? വ്യവസായ സ്ഥാപനങ്ങളെപ്പറ്റിയുള്ള ഗവേഷണങ്ങളുടെ പ്രബന്ധങ്ങൾ വരെ ഇംഗ്ലീഷിലാണ് വരുന്നത്, മലയാളത്തിൽ അല്ല. ഉപ്പ് വെള്ളത്തിൽ ലയിച്ച് ചേരുന്നതുപോലെയാണ് മാതൃഭാഷയിലൂടെയുള്ള അറിവ് വ്യക്തിയിലും സമൂഹത്തിലും ലയിച്ചുവ്യാപിക്കുന്നത്. മറ്റു ഭാഷകളിലൂടെയാകുമ്പോൾ മോരും മുതിരയും പോലെയായി അത് മാറും. ഇതാണ് മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. മാതൃഭാഷ മുരടിക്കുമ്പോൾ ഭാഷാനഷ്ടമോ ഭാഷാമരണമോ അല്ല മറിച്ച് ഒരു ജനതയുടെയും ജീവിത വ്യവസ്ഥയുടെയും സംസ്കാരത്തിന്റെയും കൊഴിഞ്ഞുപോകലാണ് സംഭവിക്കുന്നത്. മലയാളത്തിലുള്ള എത്രയോ നല്ല വാക്കുകൾ നമുക്ക് ഇപ്പോൾ നഷ്ടപ്പെട്ടു. പെങ്ങൾ, ഇപ്പോൾ ആരെങ്കിലും പറയുന്നുണ്ടോ; ഓപ്പോൾ, തങ്കച്ചി, അക്കൻ, ഏട്ടൻ, ഏട്ടത്തി ഇങ്ങനെയുള്ള വാക്കുകൾ ഇപ്പോൾ ആളുകൾ മറന്നില്ലേ? സ്നേഹം തുളുമ്പുന്ന മലയാളത്തിലെ ഈ വാക്കുകൾ വിസ്മരിച്ച് പുതിയ വാക്കുകളെ തേടി പോയിക്കൊണ്ടിരിക്കുകയാണ്. ഉമ്മറം, കോലായ, ഇറയം, പൂമുഖം, വരാന്ത ഇതൊക്കെ നമ്മൾ ഉപേക്ഷിച്ചില്ലേ? ഇപ്പോൾ എല്ലാവരും 'സിറ്റ്ഔട്ട്' തുടങ്ങിയ ഇംഗ്ലീഷ് വാക്കുകൾ പ്രയോഗിച്ചുകൊണ്ട് നമ്മുടെ മലയാളത്തിലുള്ള വാക്കുകൾ എല്ലാംതന്നെ വിസ്മരിച്ചുകൊണ്ടിരിക്കുകയാണ്. അടുക്കള എന്നുപറഞ്ഞാൽ ഇപ്പോൾ ആർക്കെങ്കിലും അറിയാമോ? പണ്ട് കണ്ടോത്ത് പിന്നോക്ക സമുദായക്കാരെ വഴി നടക്കാൻ സാധിക്കാത്ത സ്ഥലത്ത് പിന്നോക്ക സമുദായക്കാരെയുംകൊണ്ട് പോയപ്പോൾ എ.കെ.ജി.യെ ഉലക്കയെടുത്ത് മർദ്ദിച്ചുവെന്ന് ഞാനൊരു മീറ്റിംഗിൽ പ്രസംഗിച്ചപ്പോൾ അവിടെ പങ്കെടുത്ത ചെറുപ്പക്കാർ ചോദിച്ചു എന്താണ് ഈ ഉലക്ക എന്ന്. പ്രാദേശികമായിട്ടുള്ള

ഇത്തരത്തിലുള്ള വാക്കുകളെല്ലാം മരിച്ചുകൊണ്ടിരിക്കുന്നത് ഭാഷ നശിക്കുന്നുവെന്ന് കണക്കാക്കി, വരുംതലമുറയ്ക്ക് നമ്മുടെ ഭാഷയെ അതിന്റെ സംസ്കാരസമുന്നതയോടെ പകർന്നു നൽകിയാൽ മാത്രമെ കേരളീയരുടെ സാമൂഹിക സ്വത്വത്തിന്റെ തുടർച്ച നമുക്ക് ഉറപ്പാക്കാൻ സാധിക്കൂ. ഇക്കാര്യത്തിൽ ഇന്ന് ലോകത്ത് ശ്രദ്ധിക്കപ്പെടുന്ന ഒരു രാഷ്ട്രമാണ് ജപ്പാൻ. സ്വന്തം ഭാഷയിലാണ് ജപ്പാൻ പുരോഗതി നേടിയത്. ചൈന ഇന്ന് ഈ മാതൃകയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കൊളോണിയൽ ദാസ്യത്തിന്റെ ശേഷിപ്പുകാരായി പ്രവർത്തിക്കുന്നുവെന്നതാണ് നമ്മുടെ ഭാഷ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. കോടതി നടപടികൾ മാതൃഭാഷയിൽ ആയിരിക്കണമെന്ന തത്വം ആദ്യം അംഗീകരിച്ച ജനതകളിൽ ഒന്നാണ് ഇംഗ്ലീഷുകാർ. പക്ഷേ നമ്മുടെ രാജ്യത്ത് ബ്രിട്ടീഷുകാരുടെ ഭരണം അവസാനിച്ച് ഇത്രയുംകാലം കഴിഞ്ഞിട്ടും നമുക്കത് സാധിച്ചില്ല. മതത്തിനോ ജാതിക്കോ സമ്പത്തിനോ ഭാഷയില്ലായെന്നതാണ് മാതൃഭാഷയുടെ പ്രത്യേകത. ഇങ്ങനെ സാമൂഹികമായ ഭേദങ്ങൾക്ക് അതീതമായി കേരളീയരെയാകെ ഒരൊറ്റ ജനതയായി നിർത്താൻ സാധിക്കുന്ന ഏകഘടകമാണ് മലയാളം.

'കേരളം മലയാളികളുടെ മാതൃഭൂമി' എന്നത് സഖാവ് ഇ.എം.എസ്.ന്റെ പ്രസിദ്ധമായ ഗ്രന്ഥമാണ്. വിവിധ ഖണ്ഡങ്ങളായി വേർതിരിക്കപ്പെട്ടിരുന്ന മലയാളികളെ ഏകോപിപ്പിച്ചുകൊണ്ട് കേരളം രൂപം കൊണ്ടത് മലയാളം എന്ന ഭാഷയുടെ ഭാഗമായിട്ടാണ്. ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്നുള്ള കാഴ്ചപ്പാടും മാതൃഭാഷയ്ക്കുള്ള പ്രാധാന്യത്തിന്റെ ഭാഗമായിട്ടാണ് ഇന്ത്യയിൽ രൂപപ്പെട്ടുവന്നത്. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും നേതാക്കന്മാർ ഈ കാഴ്ചപ്പാടാണ് മുന്നോട്ടുവച്ചത്. അതിന്റെ ഭാഗമാണ് ഭാഷാ സംസ്ഥാനത്തിനുവേണ്ടിയുള്ള പോരാട്ടവും, അതിനുവേണ്ടിയുള്ള ജീവത്യാഗവും ഇങ്ങനെയുള്ള പല സംഭവങ്ങളും രാഷ്ട്രീയ രംഗത്തുണ്ടായത്. മാതൃഭാഷയാണ് അതിനെയെല്ലാം ഏകോപിപ്പിച്ചത്. കേരളത്തിൽ ഇന്ന് മലയാളഭാഷയാണ് നമ്മളെയെല്ലാം ഏകോപിപ്പിക്കുന്ന ഏറ്റവും പ്രാഥമിക ഘടകം. ആ മലയാള ഭാഷയ്ക്ക് കൊടുക്കേണ്ടുന്ന പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തിക്കാൻ നമുക്ക് സാധിക്കുമോ; ഈ ബില്ലുകൊണ്ട് കഴിയുമോ? ഈ ബില്ല് അതിന് പര്യാപ്തമാകുന്ന ഒരു ബില്ലല്ല എന്നാണ് ഇതുസംബന്ധിച്ചുള്ള വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ സാഹചര്യത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ. ഇവിടെ യഥാർത്ഥത്തിൽ മലയാള ഭാഷയെ പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളല്ല നടക്കുന്നത്. വിദ്യാഭ്യാസം വ്യാപാരമാക്കിയതിന്റെ ഭാഗമായി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ വ്യാപകമായി ആരംഭിച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ കച്ചവടമാണ് ഇവിടെ നടക്കുന്നത്. വലിയ അഴിമതി നടക്കുന്ന സ്ഥിതിയിലാണ് വിദ്യാഭ്യാസ കച്ചവടം നമ്മുടെ കേരളത്തിൽ ചെന്നെത്തിയിട്ടുള്ളത്. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല കോൺഗ്രസ് ഹൈക്കമാന്റിനയച്ചിട്ടുള്ള ഒരു കത്ത് ഇന്നത്തെ 'ദ എക്കണോമിക്സ് ടൈംസ്' എന്ന പത്രത്തിൽ വന്നിട്ടുണ്ട്. അതിൽ " Corruption is

rampant. Image of the CM is totally spoiled. Charges of nepotism and authoritarianism have alienated the people from the Congress and the UDF" എന്നാണ് ആഭ്യന്തരവകുപ്പുമന്ത്രി കത്തിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: അത് മലയാളത്തിൽ പറയണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. രമേശ് ചെന്നിത്തല എഴുതിയ കത്ത് ഇംഗ്ലീഷിലായിരുന്നു. അതുപോലും മലയാളത്തിൽ അദ്ദേഹം പത്രങ്ങളിൽ കൊടുത്തില്ല. ശ്രീ. രമേശ് ചെന്നിത്തല പ്രകടിപ്പിച്ച കത്തിലെ വികാരം കേരളത്തിലെ സാധാരണ കോൺഗ്രസ്സുകാരുടെ വികാരമാണെന്ന് ഇന്ന് ശ്രീ.പന്തളം സുധാകരൻ പറഞ്ഞിട്ടുണ്ട്, എന്നാൽ അദ്ദേഹം അത് മലയാളത്തിലാണ് പറഞ്ഞത്. പക്ഷെ ഹൈക്കമാന്റിന് ശ്രീ. രമേശ് ചെന്നിത്തല അയച്ച കത്ത് ഇംഗ്ലീഷിലാണ്. ഇംഗ്ലീഷിൽ ആഭ്യന്തരവകുപ്പുമന്ത്രിപോലും കത്തയയ്ക്കുന്നത് ഇന്ന് നിലനിൽക്കുന്ന സ്ഥിതിവിശേഷം കൊണ്ടാണ്. ഇവിടെ മലയാള ഭാഷയ്ക്കല്ല ഈ ഗവൺമെന്റ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. അഴിമതി, അതിനുവേണ്ടിയുള്ള റിയൽ എസ്റ്റേറ്റ് ബിസിനസ്, ഫ്ലാറ്റ് ലോബി, നമ്മുടെ സംസ്ഥാനത്ത് അഴിമതിയുടെ ഭരണം നടക്കുന്നുവെന്നതിന്റെ തെളിവല്ലേ ഇത്. രാവിലെ ഇവിടെ പറഞ്ഞല്ലോ ഓരോ മീറ്ററിനും നൂറ് രൂപ, ബിൽഡിംഗിന്റെ ഉയരം കൂടുന്നതിനനുസരിച്ച് നിശ്ചയിച്ചത് 20 പൈസയായി കുറച്ചുകൊടുത്തു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, മലയാള ഭാഷയെ സംബന്ധിച്ചുള്ളതാണ് സബ്ജക്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സബ്ജക്ട് മാറുന്നുണ്ടെന്ന് എനിക്കറിയാം. പക്ഷെ മലയാള ഭാഷയ്ക്ക് പ്രാധാന്യം കുറഞ്ഞുപോകുന്നത് ഇത്തരം കാര്യങ്ങളുടെ പിന്നാലെ പോകുന്നതുകൊണ്ടാണ്. നമ്മൾ ഇതൊക്കെ വിട്ട് മലയാള ഭാഷ, അതിന്റെ പ്രാധാന്യം എന്ന നിലയിലായിരുന്നുവെങ്കിൽ നമ്മുടെ സമയം അതിനുവേണ്ടി ചെലവഴിക്കുമായിരുന്നു. ഫ്ലാറ്റ് ആരോ കെട്ടിക്കോട്ടെയെന്ന് വിചാരിക്കുമായിരുന്നു. അങ്ങനെയെങ്കിൽ ഇന്ന് ആദ്യമായി ഈ ബില്ല് എടുക്കുമായിരുന്നു. അതുകൊണ്ട് ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു ആത്മാർത്ഥതയുമില്ല. ഞാൻ ഓരോ വകുപ്പിലേയ്ക്കും വിശദമായി പോകുന്നില്ല. ധാരാളം മാറ്റങ്ങൾ ഈ വകുപ്പിനകത്ത് വരണം. ഒരു പ്രചരണത്തിനുവേണ്ടി മാത്രമാണ് ഈ ബിൽ കൊണ്ടുവന്നത്. എല്ലാവരേയും സഹകരിപ്പിച്ചുകൊണ്ട് ഈ ബിൽ പാസ്സാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെങ്കിൽ നമുക്ക് വീണ്ടും ഒരു ദിവസം ചേർന്ന് ഈ ബിൽ പാസ്സാക്കാം. എല്ലാവരും പങ്കെടുക്കുന്ന വിധത്തിൽ ഈ ബിൽ പാസ്സാക്കാൻ ശ്രമിക്കണം. അല്ലാതെ നിങ്ങൾക്ക് ഈ ബിൽ പാസ്സാക്കിയെന്ന് പ്രചരണം നടത്തണം, നിങ്ങൾ അഞ്ചാളുണ്ടായാലും കുഴപ്പമില്ല ഞങ്ങൾ ഭൂരിപക്ഷപ്രകാരം പാസ്സാക്കുമെന്ന ഏകാധിപത്യ നിലപാട് ഈ ഗവൺമെന്റിനുണ്ടെന്നുള്ളത് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത് സാധൂകരിക്കപ്പെട്ടില്ലേ? ഏകാധിപത്യ നിലപാടിനെ സംബന്ധിച്ചാണ് ശ്രീ. രമേശ് ചെന്നിത്തല ഈ കത്തിൽ

പറഞ്ഞിരിക്കുന്നത്. ആ നിലപാടാണ് നിങ്ങൾ ഇപ്പോൾ ഇവിടെ പ്രകടിപ്പിച്ചത്. ശ്രീ. രമേശ് ചെന്നിത്തലയുടെ അഭിപ്രായത്തെ ഞാൻ അംഗീകരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഏകാധിപത്യ നിലപാടിന്റെ ഫലമായി പ്രതിപക്ഷമില്ലെങ്കിലും സാരമില്ല, ഞങ്ങൾ ഇവിടെ കുറച്ചാളുകളുണ്ട്, ഞങ്ങൾ ഈ ബിൽ പാസ്സാക്കിയെടുക്കും. ഞങ്ങൾ എല്ലാവർക്കും ടിപ്പ് കൊടുക്കും അവർ കുറച്ചാളുകൾ ഇവിടെ വന്നിരിക്കും. അങ്ങനെയാണോ മലയാള ഭാഷാ ബിൽ കൊണ്ടുവരുമ്പോൾ എടുക്കേണ്ട സമീപനം. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുവേണ്ടേ ഇതുപോലുള്ള ബില്ലുകൾ പാസ്സാക്കാൻ? അടുത്തതും സുപ്രധാന ബില്ലല്ലേ? എൻ.ആർ.ഐ. ബില്ലും പ്രവാസികളെല്ലാപേരും ഉറ്റുനോക്കുകയല്ലേ? ആ ബിൽ പാസ്സാക്കുന്ന സന്ദർഭത്തിൽ ഇവിടെ പത്താളുകൾ കൂടിചേർന്നുകൊണ്ട് അത് പാസ്സാക്കി എന്ന് വരുത്തിത്തീർക്കാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്. നിങ്ങൾ ഇതൊക്കെ പ്രചരണതന്ത്രത്തിനുവേണ്ടിയാണ് ചെയ്യുന്നതെങ്കിൽ അത് ചെയ്തോളൂ. ഞങ്ങൾക്കതിൽ പ്രശ്നമൊന്നുമില്ല. ഇന്ന് ഇത്രയും സമയം ഞങ്ങൾ ഇവിടെ ഇരുന്നു. ഞങ്ങൾ ഇറങ്ങിപ്പോകാനൊന്നും ഉദ്ദേശിക്കുന്നില്ല. ഈ രണ്ട് പ്രധാനപ്പെട്ട ബില്ലുകൾക്ക് നിങ്ങൾ സമയം കണ്ടെത്താതിരുന്നത് നിങ്ങളുടെ മനോഭാവമാണ്. പ്രവാസികൾക്കിടയിൽ പ്രചരിപ്പിച്ച് അവരെ കബളിപ്പിക്കുക. മലയാളഭാഷയോട് താൽപ്പര്യമുള്ളവരോട് ഞങ്ങളിതാ ബിൽ കൊണ്ടുവന്നു. പ്രതിപക്ഷം ഇറങ്ങിപ്പോയി എന്ന് പ്രചരിപ്പിക്കാനാണ് നിങ്ങൾ രാവിലെ മുതൽ ഉദ്ദേശിച്ചുകൊണ്ടിരിക്കുന്നത്. നേരത്തെ പാസ്സാക്കിയ ബില്ലുകളേക്കാൾ പ്രാധാന്യമുള്ള ബില്ലല്ലേ ഇത്. ഈ ബില്ലിനുവേണ്ടി നിയമസഭ ഒരു ദിവസം പൂർണ്ണമായി ചർച്ച ചെയ്യേണ്ടതല്ലേ? ബി.എ.സി. കൂടി മൂന്ന് ബിൽ ഒരു ദിവസമെടുത്തു. അതും സാധാരണഗതിയിൽ എടുക്കാത്തതാണ്. അതിന്റെ കൂടെ ഒരു അപ്രോപ്രിയേഷൻ ബില്ലും എടുത്തു. നിയമനിർമ്മാണപ്രക്രിയയ്ക്ക് നിങ്ങൾ യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല. ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രിക്ക് ദോശ ചുട്ടെടുക്കുന്നതുപോലെ ബിൽ പാസ്സാക്കിയെടുക്കാൻ പാടില്ലായെന്ന് സഭയിൽ പറയേണ്ടിവന്നു. അതിൽ സ്പീക്കർ ഉച്ചവരെ സഭയിൽ വരാതിരുന്ന് പ്രതിഷേധിച്ചു. സ്പീക്കർക്ക് പണിമുടക്കേണ്ടിവന്നു. അങ്ങനെ എന്തെല്ലാം സംഭവങ്ങളാണ് ഈ നിയമസഭയുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ ദുരഭിമാനം വെടിയുക. ശ്രീ. കെ.സി. ജോസഫ് ശാന്തമാകുകയും മൈന്റ് അപ്ലൈ ചെയ്യുകയും വേണം. അതിന്റെ അടിസ്ഥാനത്തിൽ ഒരു ദിവസം, നിങ്ങൾ വിളിച്ചോ ഞങ്ങൾ വരാം; ഏത് ദിവസം വേണമെങ്കിലും ഞങ്ങൾ വരാം. എന്നിട്ട് ഈ ബില്ലെടുക്കാം. ഞങ്ങൾക്ക് യാതൊരു പ്രശ്നവുമില്ല. മലയാളികളുടെ ആകെ വികാരമാണ് ഈ ബിൽ എന്ന് കരുതുന്നു. അതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനുള്ള ശക്തമായ പോരാട്ടം നിയമസഭയ്ക്കകത്ത് നടത്തണമെന്നാണ് പ്രതിപക്ഷം ഉദ്ദേശിക്കുന്നത്. അതിനുള്ള അവസരം നിഷേധിച്ച്, നിങ്ങളുണ്ടാക്കിവച്ച കുറെ വകുപ്പുകൾ പാസാക്കിയെടുക്കുകയെന്ന ഉദ്ദേശ്യം മാത്രമാണ് നിങ്ങൾക്കുള്ളത്. ഇതൊരു ഇലക്ഷൻ സ്റ്റണ്ടാണ്. അതിനുവേണ്ടി കൊണ്ടുവന്ന ബില്ലാണിത്. ഞാനെന്റെ വിയോജനക്കുറിപ്പ് ഇവിടെ അവതരിപ്പിച്ചതായി അറിയിക്കുന്നു. ഞാനത് രേഖപ്പെടുത്തുന്നു.

ശ്രീ. എ. കെ. ബാലൻ. ഈ ബിൽ പാസ്സാക്കുമ്പോൾ ഇവിടെ എത്ര മന്ത്രിമാരുണ്ട്?

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാപേരും നിയമസഭാ മന്ദിരത്തിനകത്തുള്ള ഓഫീസുകളിലുണ്ട്.

ഗ്രാമവികസനവും നഗരകാര്യവും ആസൂത്രണവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ദയവായി സഹകരിക്കണം. കാരണം നമുക്ക് ഇന്ന് ഈ ബിൽ പാസ്സാക്കിയെടുക്കണം.

7.00 PM]

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇത്ര പ്രാധാന്യമുള്ള ഈ ബില്ലും ഇനി വരുന്ന ബില്ലുമൊക്കെ ഇങ്ങനെ ധൃതി പിടിച്ച് അംഗങ്ങളാരും ഇല്ലാത്ത സ്ഥിതിയിൽ അവസാനത്തെ ദിവസം തുരുതുരെ അവതരിപ്പിച്ച് അംഗങ്ങൾക്ക് മര്യാദയ്ക്ക് പ്രസംഗിക്കാൻ പോലും അവസരം ലഭിക്കുന്നില്ല. എന്റെ പ്രസംഗം നീണ്ടുപോകുമോ എന്ന ഒരു കുറ്റബോധത്തോടെയാണ് എല്ലാവരും പ്രസംഗിക്കുന്നത്. ഇതൊരു ശരിയായ സമീപനമല്ല. സഭയുടെ ഒരു പൊതുവികാരമാണ് ഇന്നലെ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. അതായത് ബില്ലുകൾ ഏതുമാകട്ടെ, ആ ബിൽ പ്രധാനപ്പെട്ട ഒരു നിയമമാണ്. ആ നിയമനിർമ്മാണം ഈ സഭ ഗൗരവമായി എടുക്കണ്ടേ; പ്രത്യേകിച്ച് ഭാഷ സംബന്ധമായ ഈ ബിൽ എത്രയോ കാലമായി നമ്മൾ ആഗ്രഹിക്കുകയും പുറത്തുള്ള ഒട്ടനവധി ഭാഷാസ്നേഹികളും അവരുടെ സംഘടനകളുമൊക്ക പറയുകയും ചെയ്ത ഇത്തരത്തിലുള്ള ഒരു ബിൽ ഇങ്ങനെ ഗൗരവമില്ലാതെ ചർച്ച ചെയ്യുകയും പാസ്സാക്കുകയും ചെയ്യരുത്. ഇവിടെ അംഗങ്ങളില്ല എന്നുപറഞ്ഞ് പരാതി പറഞ്ഞിട്ട് കാര്യമുണ്ടോ; അംഗങ്ങളിൽ പലരും സഭ ഇന്ന് തീരുന്ന ദിവസമായതിനാൽ അഞ്ചുമണിക്കും ആറുമണിക്കും പോകാൻ തയ്യാറായി നിന്നവരാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ, ബിൽ പ്രസന്റ് ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് ക്യാബിനറ്റ് മീറ്റിംഗ് നടക്കുന്നുണ്ടോ; അത് വ്യക്തമാക്കേണ്ടതാണ്. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ, ഒരു ബിൽ പൈലറ്റ് ചെയ്ത സമയത്ത് ക്യാബിനറ്റ് കൂടുന്നുണ്ടോ? ....(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ : ചെയറിന് അറിയില്ല......(ബഹളം)......

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അത് അന്വേഷിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ക്യാബിനറ്റ് ചേരുന്നുണ്ടെങ്കിൽ ഈ നിയമസഭയോടുള്ള അവഹേളനമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രിമാർക്കെല്ലാം ഓഫീസുകളുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ഇവിടെ ഒരു മന്ത്രി മാത്രമേയുള്ളൂ. ഭാഷയെ സംബന്ധിച്ച ഒരു പ്രധാനപ്പെട്ട ചർച്ച നടന്നുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. ....(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: ശരിയായിരിക്കില്ല. നിയമസഭ നടന്നുകൊണ്ടിരിക്കുകയാണ്. ....(ബഹളം)...... ശ്രീ. വി. എസ്. സുനിൽകുമാർ, മാതൃഭാഷാ നിയമമാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. കേരളപ്പിറവിക്കുശേഷം ആദ്യമായി ഏറ്റവും നല്ല പ്രസംഗമാണ് പ്രതിപക്ഷ ഉപനേതാവ് നടത്തിയത്. അതുകൊണ്ട് മാതൃഭാഷാ നിയമം.........(ബഹളം)......പ്ലീസ്...പ്ലീസ്......

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ക്യാബിനറ്റ് നടക്കുന്നുണ്ടോ ഇല്ലയോ എന്ന് അങ്ങേയ്ക്ക് അറിയില്ലായിരിക്കും. പക്ഷേ ബഹുമാനപ്പെട്ട ഒരു മന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. ആ മന്ത്രി ക്യാബിനറ്റ് നടക്കുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമായി പറയണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇരിക്കുകയല്ലേ.....

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ, ക്യാബിനറ്റ് ഇപ്പോൾ നടക്കുന്നുണ്ടോ ഇല്ലയോ എന്ന്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ക്യാബിനറ്റിലെ അംഗമല്ലേ?...(ബഹളം).....

ശ്രീ. മാത്യു. റ്റി. തോമസ്: അതല്ല. ക്യാബിനറ്റ് നടക്കുന്നുണ്ടോ ഇല്ലയോ എന്ന് അദ്ദേഹം പറയട്ടെ. ....(ബഹളം)......

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ചെയർ പറയുന്നത് ഒന്ന് ശ്രദ്ധിക്കണം. ഇന്ന് ബിൽ അവതരിപ്പിച്ച മന്ത്രി നിയമസഭയ്ക്കകത്ത് ഇരിക്കുന്നു. അപ്പോൾ മന്ത്രിമാർ ആരുമില്ല എന്നുപറയുന്നത് ശരിയല്ല. .......(ബഹളം)...... ചെയർ പറയുന്നത് ശ്രദ്ധിക്കണം. നിയമസഭയിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ മന്ത്രിമാർക്ക് ഒരുമിച്ച് ഇരിക്കാൻ പാടില്ല എന്നുപറയുന്നത് ശരിയല്ല. ....(ബഹളം)...... മുഖ്യമന്ത്രി നിയമസഭയിൽ തന്നെയുണ്ട്. മുഖ്യമന്ത്രി ഇവിടെത്തന്നെയുണ്ട്. മുഖ്യമന്ത്രിക്ക് അദ്ദേഹത്തിന്റെ മുറിയിൽ ഇരിക്കാൻ പാടില്ല

എന്നുപറയുന്നത് ശരിയല്ല. ഇത് ശരിയല്ല.....(ബഹളം)......നമുക്ക് എങ്ങനെയും ബഹളം ഉണ്ടാക്കാം. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മുറിയിലുണ്ട്. ....(ബഹളം)......

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഓരോ കാരണവും പറഞ്ഞ് ഈ ബിൽ തടയാൻ ശ്രമിക്കുകയാണ്. ........(ബഹളം)......

മി. സ്പീക്കർ: ഈ പറയുന്നത് ശരിയല്ല. മുഖ്യമന്ത്രി ഉണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുണ്ട്, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുണ്ട്. ബഹുമാനപ്പെട്ട മൂന്ന് മന്ത്രിമാർ നിയമസഭയിൽ ഇരിക്കുമ്പോൾ ഒരു ബിൽ എടുക്കാൻ പാടില്ല എന്നുപറയുന്നത് ഒട്ടും ശരിയല്ല. ദയവായി അംഗങ്ങൾ പോകണം.....(ബഹളം)...... ക്യാബിനറ്റ് നടക്കുന്നുവെന്നുപറയുന്നത് ശരിയല്ല. ക്യാബിനറ്റ് ആണെങ്കിൽ ഇവിടെ മൂന്നുമന്ത്രിമാർ ഇരിക്കുമോ; ഇത് ശരിയല്ല...പ്ലീസ്...പ്ലീസ്... എന്താണ് ശ്രീ. ആർ. രാജേഷ്? ശ്രീ. ആർ. രാജേഷിന്റെ പരിചയക്കുറവുകൊണ്ടാണ് ഇങ്ങനെ ചോദിക്കുന്നത്? മുഖ്യമന്ത്രി 24 മണിക്കൂറും സഭയിൽ വേണോ? പരിചയക്കുറവുകൊണ്ടാണ് ഇങ്ങനെ ചോദിക്കുന്നത്? ....(ബഹളം)...... ബിൽ അവതരിപ്പിച്ച മന്ത്രി ഇവിടെ ഉണ്ട്. മുഖ്യമന്ത്രി എവിടെ എന്ന് ചോദിച്ചാൽ....മുഖ്യമന്ത്രി ഇവിടെ വേണോ; അങ്ങനെ ചോദിക്കരുത്; ശ്രീ. ആർ. രാജേഷ് അങ്ങനെ ചോദിച്ചു. ശ്രീ. ആർ. രാജേഷിന്റെ പരിചയക്കുറവുകൊണ്ടാണ് അങ്ങനെ ചോദിക്കുന്നത്. സീനിയർ അംഗങ്ങൾ ചോദിക്കട്ടെ.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും എവിടെ എന്നല്ല എന്റെ ചോദ്യം. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ക്യാബിനറ്റ് യോഗം നടക്കുന്നുണ്ടോ എന്നതാണ് ചോദ്യം. ഇല്ല എന്നുപറയാൻ മന്ത്രി തയ്യാറായിരുന്നില്ല. ക്യാബിനറ്റ് യോഗം നടക്കുന്നുണ്ടോ; നടക്കുന്നുണ്ടെങ്കിൽ അത് ഓർഡറിൽ ആണോ എന്ന് അങ്ങ് പറയണം. ........(ബഹളം)......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇപ്പോൾ ക്യാബിനറ്റ് നടക്കുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ അറിവിൽ ഇല്ല.

മി. സ്പീക്കർ: ക്യാബിനറ്റ് നടക്കുന്നില്ല എന്നാണ് പറഞ്ഞത്. ........(ബഹളം)...... ക്യാബിനറ്റ് ഉണ്ടോ ഇല്ലയോ എന്ന് മന്ത്രിമാരാണ് പറയേണ്ടത്, ചെയറിലിരിക്കുന്ന എനിക്ക് പറയാൻ കഴിയുമോ; ഇപ്പോൾത്തന്നെ ആറ് മന്ത്രി മാരാണ് സഭയിൽ ഇരിക്കുന്നത്.......(ബഹളം)... യെസ്... യെസ്.... പ്ലീസ്.. പ്ലീസ്. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് അങ്ങേയ്ക്ക് പ്രസംഗം തുടരാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിയമസഭ ചേർന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ക്യാബിനറ്റ് യോഗം കൂടാമോ; ........(ബഹളം)......

ശ്രീ. എ. കെ. ബാലൻ: സർ, നിയമസഭാ സമ്മേളനം നടക്കുമ്പോൾ ഒരു മീറ്റിംഗും നടക്കാൻ പാടില്ല എന്നാണ് സ്പീക്കറുടെ ഉത്തരവ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ഈ സഭയിലെ 35 വർഷത്തിൽ കൂടുതൽ പരിചയമുള്ള വളരെ സീനിയറായ മുൻ ആഭ്യന്തരവകുപ്പുമന്ത്രി കൂടിയാണ്. ഇങ്ങനെയുള്ള ഒരു ചോദ്യം ചോദിക്കരുത്. പ്ലീസ്...പ്ലീസ്.......

ശ്രീ. എ. കെ. ബാലൻ: സർ, സഭ നടക്കുമ്പോൾ ഒരു മീറ്റിംഗും നടക്കാൻ പാടില്ലെന്ന് സ്പീക്കറുടെ ഉത്തരവാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതുസംബന്ധിച്ച് നമുക്ക് ധാരണയുണ്ടല്ലോ; പാടില്ലെന്ന്.....ഉണ്ടെങ്കിൽ പറയട്ടെ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങനെ ക്യാബിനറ്റ് യോഗം കൂടരുത് എന്നൊന്നും നിയമസഭാ ചട്ടങ്ങളിൽ എഴുതിവച്ചിട്ടില്ല. പക്ഷേ propriety ഞാൻ സമ്മതിക്കുന്നു. നിങ്ങൾ സ്ട്രിക്റ്റായി നിയമം പറഞ്ഞാൽ...... നിയമത്തിലില്ല, ചട്ടങ്ങളിലുമില്ല. നിയമസഭയിൽ ക്വാറമുണ്ടെങ്കിൽ സഭ നടത്താം. പക്ഷേ ..........(ബഹളം)......... കേൾക്കൂ... ഞാൻ പറയാം. നിയമസഭാ ചട്ടങ്ങളിലോ ബിസിനസ് റൂൾസ് അനുസരിച്ചോ നിയമസഭാ സമ്മേളനം നടക്കുമ്പോൾ മറ്റ് യോഗങ്ങൾ കൂടരുതെന്നോ ക്യാബിനറ്റ് കൂടരുതെന്നോ ഒരിടത്തും പറഞ്ഞിട്ടില്ല. ..........(ബഹളം).........

മി. സ്പീക്കർ: ഒരു ബില്ലിനെ സംബന്ധിച്ച് ചർച്ച നടക്കുമ്പോൾ ആ ബിൽ അവതരിപ്പിച്ചിരിക്കുന്ന മന്ത്രി ഉണ്ടാകണമെന്നുണ്ട്. മന്ത്രി ഇവിടെത്തന്നെയുണ്ട്. ഈ പ്രശ്നം ഉണ്ടാക്കുമ്പോഴും മന്ത്രി ഇവിടെത്തന്നെയുണ്ട്. മന്ത്രി ഇവിടന്ന് ഒരിടത്തും പോയിട്ടില്ല. ബഹുമാനപ്പെട്ട ശ്രീ. സുരേഷ് കുറുപ്പ്.....യെസ്....യെസ്..പ്ലീസ്....

ശ്രീ. രാജു എബ്രഹാം: സർ, പോയിന്റ് ഓഫ് ഓർഡർ...

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. രാജു എബ്രഹാം: സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് അംഗീകരിക്കാൻ നിവൃത്തിയില്ല. കാരണം, വളരെ വ്യക്തമായി തന്നെ സ്പീക്കർ ഇതിനുമുമ്പ് നിയമസഭ നടക്കുമ്പോൾ സബ്ജക്റ്റ് കമ്മിറ്റി പോലും കൂടാൻ

പാടില്ല എന്ന് പറഞ്ഞിട്ടുണ്ട്. സ്പീക്കറുടെ ഒരു റൂളിംഗ് നിലനിൽക്കുമ്പോൾ അതിനെ യാതൊരു മുഖവിലയ്ക്കുമെടുക്കാതെ ആഭ്യന്തര വകുപ്പുമന്ത്രി അത്തരം സ്റ്റേറ്റ്മെന്റ് നടത്തിയത് പിൻവലിക്കണം.........(ബഹളം)........

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞത്....

ശ്രീ. രമേശ് ചെന്നിത്തല: സർ, Subject committee is a part of the Legislature. സബ്ജക്ട് കമ്മിറ്റി എന്നുപറയുന്നത് നിയമസഭയുടെ അധികാരമാണ്. ക്യാബിനറ്റ് അതല്ല. അല്ലെങ്കിൽ വേറെ യോഗങ്ങൾ അതല്ല. ........(ബഹളം)........

മി. സ്പീക്കർ: യെസ്...യെസ്...........(ബഹളം)........

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സൂചിപ്പിച്ചത് മന്ത്രിസഭ കൂടിക്കൊണ്ടിരിക്കുന്നുവെന്നാണ്. എന്നാൽ ഇവിടെ മന്ത്രിസഭയിലെ മറ്റൊരംഗം സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ക്യാബിനറ്റ് കൂടിയിട്ടില്ല എന്ന് പറഞ്ഞു. ഒരു മന്ത്രി ക്യാബിനറ്റ് കൂടിയിട്ടില്ല എന്നുപറയുകയും മറ്റൊരു മന്ത്രി കൂടിയെന്നും പറഞ്ഞാൽ മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ടിരിക്കുകയാണ്. ..........(ബഹളം)........ ഇത് ഓർഡറിലാണോ; ഒരു മന്ത്രി മന്ത്രിസഭ കൂടിയിട്ടുണ്ട് എന്നുപറയുക, മറ്റൊരു മന്ത്രി കൂടിയിട്ടില്ല എന്നുപറയുക. ഈ മന്ത്രിയെ അറിയിക്കാതെയാണോ ക്യാബിനറ്റ് കൂടിയിരിക്കുന്നത്. ഇതൊരു കൂട്ടുത്തരവാദിത്തമുള്ള മന്ത്രിസഭയാണ്. അങ്ങനെ മന്ത്രിസഭ കൂടിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് ശ്രീ. കെ. സി. ജോസഫ് ഈ സഭയിൽ മന്ത്രിസഭ കൂടിയിട്ടില്ല എന്ന് തെറ്റിദ്ധരിപ്പിച്ചത്. അതുസംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഉന്നയിച്ചതിനെതിരെ ചട്ടങ്ങളും റൂളുകളും അനുസരിച്ച് ഞാൻ പറഞ്ഞതാണ്. ഞാൻ ഇവിടെ ക്യാബിനറ്റ് കൂടിയെന്നല്ല പറഞ്ഞത്. ശ്രീ. സുനിൽകുമാർ ശ്രദ്ധിക്കാത്തതുകൊണ്ടാണ്. നിയമസഭാ സമ്മേളനം നടക്കുമ്പോൾ ക്യാബിനറ്റ് കൂടരുത് എന്ന് ഒരിടത്തും പറഞ്ഞിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. .......... (ബഹളം)........ ബഹളം ഉണ്ടാക്കാതിരിക്കണം. ഞാൻ അങ്ങേയ്ക്ക് ഇരുന്ന തരാമല്ലോ; എന്തിനാണ് ബഹളം വയ്ക്കുന്നത്; ഞാൻ അങ്ങേയ്ക്ക് വഴങ്ങുമല്ലോ? പ്രതിപക്ഷ ഉപനേതാവ് പറഞ്ഞപ്പോൾ നിയമസഭാ ചട്ടങ്ങളനുസരിച്ച് അങ്ങനെയൊന്നും ഇല്ല എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ. മന്ത്രിസഭ കൂടിയെന്ന് ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ക്യാബിനറ്റ് യോഗം ചേർന്നിട്ടുണ്ട് എന്നുള്ളത് സത്യമാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എന്തുപറഞ്ഞാലും നിയമസഭ

നടക്കുന്ന സമയത്ത് മന്ത്രിമാർ ഇല്ലാതെ നിയമസഭ നടക്കാൻ പാടില്ല. അപ്പോൾ എങ്ങനെയാണ് ക്യാബിനറ്റ് ചേരുക ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബിൽ അവതരിപ്പിച്ചിരിക്കുന്നു. ബിൽ അവതരിപ്പിച്ച മന്ത്രി ഇവിടെയുണ്ട്.

മി. സ്പീക്കർ: ചെയർ ഒരു കാര്യം പറയാം. മുൻ സ്പീക്കറുടെ ഒരു റൂളിംഗ് ഉണ്ടെന്ന് പറഞ്ഞു. ക്യാബിനറ്റ് കൂടരുതെന്നുപറഞ്ഞ് മുൻ സ്പീക്കറുടെ ഒരു റൂളിംഗ് ഇല്ല, സബ്ജക്ട് കമ്മിറ്റി കൂടരുതെന്നുപറഞ്ഞാണ് റൂളിംഗ് ഉള്ളത്. ഇല്ലാത്ത ഒരു റൂളിംഗ് ഉണ്ടെന്ന് പറഞ്ഞത് ശരിയായില്ല. അങ്ങനെ പറഞ്ഞിട്ടില്ല. മാത്രമല്ല, ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞതുപോലെ ക്യാബിനറ്റ് കൂടിയെന്ന് ആരും പറഞ്ഞില്ല. ക്യാബിനറ്റ് കൂടരുതെന്നും ചട്ടത്തിൽ പറയുന്നില്ല. നിയമസഭ നടക്കുമ്പോൾ രണ്ടുകാര്യങ്ങൾ ഇത്തരത്തിൽ വരണം. ഒന്ന്, ക്വാറം ഉണ്ടാകണം. സ്പീക്കർ അടക്കം സഭയിൽ 15 പേരുണ്ടെങ്കിൽ ക്വാറം ഉണ്ട്. രണ്ട്, ബന്ധപ്പെട്ട മന്ത്രി സഭയിൽ ഉണ്ടാകണം. ബന്ധപ്പെട്ട മന്ത്രി സഭയിൽ ഉണ്ട്. പിന്നെ എന്ത് അടിസ്ഥാനത്തിലാണ് നിങ്ങൾ സഭ നടത്തരുതെന്ന് പറയുന്നത്; നിങ്ങൾ പറയുന്നതിൽ ഒരു കാരണവുമില്ല. സഭ നടക്കരുതെന്ന് പറയുന്നതിൽ ഒരു ന്യായീകരണവുമില്ല. സഭയ്ക്ക് ക്വാറമുണ്ട്, ബന്ധപ്പെട്ട മന്ത്രി സഭയിലുണ്ട്. മന്ത്രി ഒരിടത്തും പോയിട്ടില്ല. ശ്രീ. കെ. സുരേഷ് കുറുപ്പ്.....

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. രമേശ് ചെന്നിത്തല ചട്ടത്തിൽ ഒന്നും പറഞ്ഞിട്ടില്ല എന്നുപറയുന്നത് ശരിയാണ്. ചട്ടം മാത്രമല്ലല്ലോ; പാർലമെന്റിലും നിയമസഭയിലും propriety യും precedents-ഉം ഉണ്ട്. ഈ ബിൽ പൈലറ്റ് ചെയ്യേണ്ട മുഖ്യമന്ത്രി ആ പൈലറ്റ് ചെയ്യേണ്ട ബിൽ മറ്റൊരു മന്ത്രിയെ ഏൽപ്പിച്ചിട്ട് അദ്ദേഹം ക്യാബിനറ്റ് കൂടാൻ പോകുകയാണ്. അപ്പോൾ ആ മന്ത്രിക്ക് ക്യാബിനറ്റിൽ പങ്കെടുക്കണ്ടേ; അദ്ദേഹത്തിന് ഉത്തരവാദിത്വമില്ലേ, അപ്പോൾ ഇത് നിയമസഭയെ അവഹേളിക്കുക മാത്രമല്ല, ഈ നിയമസഭയോട് അനാദരവ് കാണിക്കുകയും സുപ്രധാനമായ ഒരു ബിൽ, മുഖ്യമന്ത്രി അവതരിപ്പിച്ചതും മുഖ്യമന്ത്രി ഇവിടെ ഇരുന്ന് പാസ്സാക്കി എടുക്കേണ്ടതുമായ ഒരു ബിൽ അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തകനെ ഏൽപ്പിച്ച് അദ്ദേഹം ക്യാബിനറ്റിൽ പോകുകയും ചെയ്തു. മറ്റൊരു മന്ത്രിമാരും ഇവിടെ ഇല്ലായിരുന്നു. ഇത് സഭയെ അവഹേളിക്കുന്നത് അല്ലെങ്കിൽ പിന്നെന്താണ്; അങ്ങ് ഈ സഭയുടെ പ്രൊട്ടക്ടർ അല്ലേ; അങ്ങ് ഈ സഭയുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടതല്ലേ; ഇവിടെ സഭ കൂടുന്ന സമയത്ത് ഉദ്യോഗസ്ഥന്മാർ ഒരു മീറ്റിംഗിനും പങ്കെടുക്കാൻ പോകരുതെന്ന് പറഞ്ഞ് ഗവൺമെന്റ് സർക്കുലർ ഇറക്കിയിട്ടില്ലേ; അവർ പോകരുത്. മന്ത്രിമാർക്ക് പോകാം എന്നാണോ; ഈ

സഭയ്ക്ക് ഒരു വിലയില്ലേ; അതാണ് ഇതിനകത്തെ പ്രശ്നം. ചട്ടങ്ങൾ ഉദ്ധരിക്കൽ അല്ല. ചട്ടങ്ങളെപ്പോലെതന്നെ നിയമസഭയിലും പാർലമെന്റിലും precedents ഉണ്ട്, propriety ഉണ്ട്. അത് പാലിക്കാൻ തയ്യാറാകാത്ത ജനാധിപത്യ മര്യാദ കാണിക്കാത്ത ഒരു ഗവൺമെന്റാണ് ഇവിടെ ഉള്ളത്. ഞാൻ കൂടുതലൊന്നും പറയുന്നില്ല.

ഇത് വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണെന്ന് നമുക്കെല്ലാം അറിയാം. ഭാഷ എന്നുപറഞ്ഞാൽ, ഇവിടെ നേരത്തെ പറഞ്ഞതുപോലെ, ജനതയെ ഒന്നിപ്പിക്കുന്നതാണ് ഭാഷ, ഒരു ജനതയുടെ സ്വത്വമാണ്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ, ജാതിക്കും മതത്തിനും സാമ്പത്തിക സ്ഥിതിക്കും മറ്റെല്ലാ തലത്തിനും അതീതമായി ജനങ്ങളെ ഒന്നിപ്പിക്കുന്നത് ഭാഷയാണ്. ജനങ്ങൾ തമ്മിൽ സൗഹാർദ്ദം വളർത്തുന്നത് ഭാഷയാണ്. അവരുടെ ഐഡന്റിറ്റിയുടെ പ്രധാന ഘടകം ഭാഷയാണ്. അതുകൊണ്ടാണല്ലോ ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് പല ഭാഷ സംസാരിക്കുന്നവർ കൂടിച്ചേർന്ന് സംസ്ഥാനങ്ങളും പ്രൊവിൻസുകളും ഉണ്ടായിരുന്നത്. നമ്മുടെ സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്നുള്ള ആവശ്യം ഉയരുകയും അത് വളരെ തീവ്രമായി വരികയും മൊറാർജി ദേശായിയെപ്പോലുള്ള ആളുകൾ ഗുജറാത്തും ബോംബെയും തമ്മിൽ വിഭജിക്കരുതെന്ന നിലപാടെടുത്തിട്ടും അതിനെയെല്ലാം മറികടന്ന് ഇന്ത്യയിൽ ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിച്ചത് ഭാഷയോടുള്ള ഒരു ജനതയുടെ തീവ്രമായ സ്നേഹത്തിന്റെ പേരിലാണ്. ഒരു ജനതയെ ഒന്നിച്ചുനിർത്തുന്നത് ഭാഷയാണെന്നും വിവിധ ഭാഷകൾ ചേർന്നിട്ടുള്ള ഇന്ത്യാ രാജ്യത്തിന് ഒരിക്കലും ഒന്നിച്ചുനിൽക്കാൻ കഴിയില്ലെന്നും സാമ്രാജ്യത്വവാദിയായിരുന്ന വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞത് അതുകൊണ്ടാണ്. അദ്ദേഹം പറഞ്ഞ ഒരു തിയറി അതായിരുന്നു. ഒരു രാജ്യത്തെ ഒന്നിപ്പിക്കുന്ന ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭാഷയാണ്. അതുകൊണ്ടാണ് പല ഭാഷയിലും പല സംസ്കാരത്തിലുമുള്ള ജനതയ്ക്ക് ഇന്ത്യയിൽ ഒന്നിച്ചുനിൽക്കാൻ കഴിയില്ലെന്ന് അദ്ദേഹം ദോഷൈകദൃക്കിന്റെ ദൃഷ്ടിയോടുകൂടി പ്രവചിച്ചത്. പക്ഷെ അവരെയെല്ലാം അത്ഭുതപ്പെടുത്തിക്കൊണ്ട് നമ്മൾ ഒന്നിച്ചുനിന്നു. അതിന്റെ കാര്യമെന്താണ്? നമ്മൾ ജനാധിപത്യം പിന്തുടരുന്നു, മതേതരത്വം പിന്തുടരുന്നു, അതോടൊപ്പം നമ്മുടെ നാട്ടിലെ എല്ലാ ഭാഷകൾക്കും തുല്യമായ പ്രാധാന്യം കൊടുത്തുവെന്നുള്ളതുമാണ് അതിനു കാരണം. ശ്രീലങ്കയിൽ നടന്ന എല്ലാ കലാപത്തിന്റെയും അടിസ്ഥാനമെന്താണ്; സിംഹള ഭാഷ സംസാരിക്കുന്ന ഭൂരിപക്ഷം അവിടുത്തെ തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളോട് കാണിച്ച നിരന്തരമായ അനീതിയാണ്. അതാണ് പിന്നീട് വലിയ കലാപങ്ങളായി പൊട്ടിപ്പുറപ്പെട്ടത്. മതം ജനതയെ ഒന്നിപ്പിക്കുമെങ്കിൽ മതത്തിന്റെ പേരിൽ രൂപീകരിച്ച പാക്കിസ്ഥാൻ ഭാഷയുടെ പേരിൽ ഭിന്നിച്ചുപോയില്ലേ; ബംഗാളി ഭാഷ സംസാരിക്കുന്ന ഒരു വിഭാഗം വേറൊരു രാജ്യമായി രൂപാന്തരപ്പെട്ടു. അതിനുവേണ്ടി എന്തെല്ലാം ത്യാഗങ്ങൾ അവർ

സഹിച്ചു. ഭാഷ സംരക്ഷിക്കുക, ഭാഷ നിലനിർത്തുക എന്നെല്ലാമുള്ള കാര്യം ഒരു രാജ്യത്തെ സംബന്ധിച്ച്, ഒരു ജനതയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. ഭരണഘടന ഓരോ ഭാഷയ്ക്കും നൽകിയിട്ടുള്ള കരുതൽ ലംഘിക്കപ്പെടുന്നുവെന്ന് തോന്നിയപ്പോഴാണ് ഇന്ത്യയിൽ പല സ്ഥലത്തും വലിയ ഭാഷാപ്രക്ഷോഭങ്ങൾ ഉണ്ടായത്. ഹിന്ദി അടിച്ചേൽപ്പിക്കാൻ പോകുന്നുവെന്ന് പറഞ്ഞപ്പോഴാണ് തമിഴ്നാട്ടിൽ അതിനെതിരായി വലിയ പ്രക്ഷോഭങ്ങൾ ഉണ്ടായത്. അതിന്റെ അലയൊലികൾ നമ്മുടെ നാട്ടിലും വന്നതാണ്. അത്രയും സെൻസിറ്റീവായ, അത്രയും വികാരപരമായ, ഒരു ജനതയെ സംബന്ധിച്ചിടത്തോളം അവരുടെ നിലനിൽപ്പിന്റെ പ്രധാനപ്പെട്ട കാര്യമാണ് ഭാഷ. അതുകൊണ്ട് ഭാഷ സംരക്ഷിക്കുക എന്നത് സുപ്രധാനമായ ഒരു കാര്യമാണ്. പല ഭാഷകളും ഇല്ലാതായിപ്പോയില്ലേ; പല ഭാഷകളും ഉപയോഗിക്കാതെ സ്വാഭാവിക മരണം സംഭവിച്ചു. ഭാഷയെ സംബന്ധിച്ച് ഏറ്റവും വലിയ റിവൈവൽ നടന്നത് ഹീബ്രു ഭാഷയിലാണ്. ഹീബ്രു ഭാഷ സംരക്ഷിക്കുന്നതിന് അവർ നടത്തിയ തീവ്രമായ ശ്രമങ്ങൾ സമകാലീന ചരിത്രത്തിലെ ഭാഷാ സംരക്ഷണത്തിനുവേണ്ടി നടത്തിയ ഏറ്റവും വലിയ ശ്രമങ്ങളാണ്. കേരളത്തിൽ വന്ന ഒരു പ്രശ്നമെന്താണ്; കേരളത്തിൽ ഭാഷയെ അവഗണിച്ചു. അവഗണിച്ചുവെന്നത് സത്യമല്ലേ; അതായത്, ഇന്ത്യയിൽ ഏറ്റവും മനോഹരമായി ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്ന ആളാണ് ഡോ. അനന്തമൂർത്തി. അദ്ദേഹം ഇംഗ്ലീഷ് പ്രൊഫസറുമാണ്. അദ്ദേഹം എത്രയോ തവണ പറഞ്ഞു, ലോകത്തെവിടെയുമുള്ള ആളുകളിൽ മാതൃഭാഷയെ ഇത്രയേറെ അവഗണിക്കുന്നത് കേരളത്തിൽ മാത്രമേ കണ്ടിട്ടുള്ളൂവെന്ന്. കുട്ടികൾ പ്രൈമറി തലത്തിൽ.........

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, കർണ്ണാടകയിൽ 65 ശതമാനം ആളുകളേ കന്നട സംസാരിക്കുന്നുള്ളൂ. തമിഴ്നാട്ടിൽ 93 ശതമാനം ആളുകളേ തമിഴ് സംസാരിക്കുന്നുള്ളൂ. ആന്ധ്രാപ്രദേശിലെ 85 ശതമാനം ആളുകളേ തെലുങ്ക് സംസാരിക്കുന്നുള്ളൂ. കേരളത്തിൽ 99 ശതമാനവും മലയാളം സംസാരിക്കുന്നവരാണ്. ഇംഗ്ലീഷാണ് ലോക ഭാഷയെന്ന ഒരു മിഥ്യാധാരണ നമ്മൾ വച്ചുപുലർത്തുകയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ ചൈനയും രണ്ടാമതായി സ്പാനിഷുമാണ്. ഇംഗ്ലീഷിനോടുള്ള അടിമത്തമാണ് നമ്മളെ ഈ സ്ഥിതിയിലേയ്ക്ക് എത്തിച്ചത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, അതാണ് ഞാൻ പറഞ്ഞത്. അതായത് ഇംഗ്ലീഷിനോടോ മറ്റേതെങ്കിലും ഭാഷയോടോ അനാദരവ് എനിക്കോ നമുക്ക് ആർക്കെങ്കിലുമോ ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇംഗ്ലീഷ് നമ്മുടെ ദൈനംദിന

ജീവിതത്തിന്റെ ഭാഗമായത് ചരിത്രപരമായ കാരണങ്ങളാലാണ്. ഇംഗ്ലണ്ട് ലോകം മുഴുവൻ കോളനിയാക്കിയതുകൊണ്ടാണ് ഇംഗ്ലീഷ് ലോകത്തിന്റെ പല ഭാഗത്തേയും ഭാഷയായി വന്നത്. അന്ന് കേരളം ലോകത്തെ മുഴുവൻ ഒരു കോളനിയാക്കി മാറ്റിയിരുന്നെങ്കിൽ മലയാള ഭാഷ ലോകത്തിന്റെ പല സ്ഥലത്തും ഉണ്ടായേനേ; നമ്മുടെ നാട്ടിൽ ഇംഗ്ലീഷുപോലൊരു മനോഹരമായ ഭാഷയ്ക്ക് അർഹമായ ഒരു സ്ഥാനമുണ്ട്. അതിന് അർഹമായ ബഹുമാനമുണ്ട്. അത് പഠിക്കാൻ ഈ കേരളത്തിലെ ജനങ്ങൾക്ക് ആഗ്രഹമുണ്ട്. പക്ഷെ നമ്മുടെ തെറ്റായ ഒരു കാര്യം, പ്രൈമറി തലത്തിൽ നമ്മൾ മാതൃഭാഷ പഠിക്കണ്ടെ, നമ്മളെല്ലാം ഇംഗ്ലീഷ് പറയുമ്പോൾ നമ്മുടെ മനസ്സിൽ ഒരു ട്രാൻസ്‌ലേഷൻ നടക്കുന്നുണ്ട്. നമ്മൾ എത്ര നന്നായി ഇംഗ്ലീഷ് പറയുമ്പോഴും നമ്മൾ അറിയാതെയോ അറിഞ്ഞുകൊണ്ടോ ഒരു ട്രാൻസ്‌ലേഷൻ നമ്മുടെ മനസ്സിൽ നടന്നിട്ടാണ് നമ്മൾ ഇംഗ്ലീഷ് പറയുന്നത്. അപൂർവ്വം ആളുകൾക്കേ അല്ലാത്ത രീതിയിൽ പറയാൻ പറ്റുകയുള്ളൂ. നമ്മുടെ ഒറിജിനൽ തിങ്കിംഗ് മലയാളത്തിലാണ്. ആ ഒറിജിനൽ തിങ്കിംഗിലാണ് പിന്നീട് ട്രാൻസ്‌ലേഷൻ വരുത്തുന്നത്. ഒറിജിനൽ തിങ്കിംഗ് നമ്മുടെ മാതൃഭാഷയിലാകുമ്പോൾ പ്രൈമറി തലത്തിൽ മലയാളമാക്കേണ്ടതല്ലേ; അഞ്ചാം ക്ലാസ്സ് വരെ മലയാളമാക്കേണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ലോകത്തിലെ വശീകരണ ശക്തിയുള്ള എല്ലാ പ്രതിഭകളും ഉണ്ടായിട്ടുള്ളത് അതാത് മാതൃഭാഷകളിലാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, നമ്മുടെ ഭാഷയോടുള്ള ഒരു അവഗണന നിർബാധം തുടരുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, വിദ്യാഭ്യാസ രംഗത്തെ വിഷയത്തെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ, നമ്മുടെ മലയാള ഭാഷ ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ടുവെന്ന് പറഞ്ഞത് വിദ്യാഭ്യാസപരമായ ഇടപെടലുകളിലൂടെയാണ്. പൊതുവെ കേരളത്തിലെ രക്ഷകർത്താക്കളുടെ ഇടയിൽ ഇംഗ്ലീഷ് സംസാരിക്കുന്നത് അഭിമാനമായി കാണുന്നവരുടെ എണ്ണം കൂടുകയാണ്. തന്റെ കുട്ടികൾ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഇംഗ്ലീഷ് സംസാരിക്കുന്നത് അഭിമാനമായി കാണുന്ന രക്ഷകർത്താക്കളുടെ മനസ്സിൽ മലയാളം അറിയാത്തത് അപമാനമാണെന്ന ഒരു കാഴ്ചപ്പാട് വളർത്തിയെടുക്കേണ്ടത് ആവശ്യമാണെന്ന ഒരു അഭിപ്രായം അങ്ങേയ്ക്കില്ലേ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, നമ്മൾ ബോധപൂർവ്വം ഈ മേഖല അവഗണിച്ചതുകൊണ്ടാണ് ഇതെല്ലാം സംഭവിച്ചത്. അങ്ങനെ അവഗണിക്കാൻ പാടില്ലായിരുന്നു. പ്രൈമറിതലം വരെ മാതൃഭാഷയിൽ വിദ്യാഭ്യാസം കൊടുക്കുകയും പിന്നീട് ഇംഗ്ലീഷ് മീഡിയത്തിൽ പോകണമെങ്കിൽ പോകുകയും അവിടെയെല്ലാം

മലയാള ഭാഷ നിർബന്ധിതമാക്കുകയും വേണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഓരോ പേപ്പറെങ്കിലും...

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> ഓരോ പേപ്പറെങ്കിലും, അതായത് മലയാള ഭാഷ പഠിപ്പിക്കാത്ത, അഞ്ചാം ക്ലാസ്സിനുശേഷം മീഡിയം എന്തായാലും അവിടെയെല്ലാം മലയാള ഭാഷ പഠിക്കുകയും മലയാള ഭാഷ പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയും മലയാള ഭാഷ നിർബന്ധമാക്കുകയും വേണ്ടേ; കോളേജുകളിൽ ഏത് വിഷയമെടുത്ത് പഠിച്ചാലും ഹിന്ദി അല്ലെങ്കിൽ മലയാളമെന്ന് ഓപ്ഷനെടുക്കാം. ആ ഓപ്ഷനില്ലാതെ കോളേജിൽ പോകുന്ന എല്ലാവരും ഏത് വിഷയമെടുത്താലും അവർക്ക് ഒരു മലയാളം പേപ്പർ ഉണ്ടാകണ്ടേ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്രാഥമിക വിദ്യാഭ്യാസ ബോധന മാധ്യമം മലയാളത്തിലായിരിക്കണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, പ്രാഥമിക വിദ്യാഭ്യാസം മലയാളത്തിലാക്കുകയും പിന്നീടുള്ള ഉയർന്ന വിദ്യാഭ്യാസത്തിന് പോകുന്ന കേരളത്തിലെ സ്കൂളുകളിലും കലാലയങ്ങളിലുമെല്ലാം മലയാള ഭാഷ നിർബന്ധിതമാക്കുകയും വേണം. ശ്രീ. ബെന്നി ബെഹനാൻ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്, കേരളത്തിലെ ഒരു സ്കൂളിൽ മലയാളത്തിൽ വർത്തമാനം പറഞ്ഞാൽ ഫൈൻ ഈടാക്കുകയാണെന്ന്. അത് എവിടത്തെ ന്യായമാണ്? അതെല്ലാം നമ്മൾ അംഗീകരിച്ചും അതിനോടൊക്കെ നോക്കി ചിരിച്ചുകൊണ്ടിരിക്കുകയുമാണ്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, കേരളത്തിലെ പല സ്കൂളുകളിലും മലയാളത്തിൽ സംസാരിച്ചാൽ ഫൈൻ ഈടാക്കുന്നുണ്ട്. അതൊരു എക്സ്ട്രീമാണ്. മറ്റൊരു എക്സ്ട്രീമാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗിച്ചപ്പോൾ ഇവിടെ പറഞ്ഞത്. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ റിസർച്ച് നടക്കുന്നത് ഇംഗ്ലീഷിലാണെന്നും അത് മലയാളത്തിലാക്കണമെന്നും. അത് മലയാളത്തിൽ ആക്കിയാൽ കേരളത്തിന് വെളിയിൽപ്പോയി ഒരു പേപ്പർ പ്രസന്റ് ചെയ്യാൻ അവിടുത്തെ സയിന്റിസ്റ്റിന് പറ്റുമോ; അവർ രക്ഷപ്പെടാതെ മണ്ണുത്തിയിൽ കിടന്ന് നശിച്ചുപോകും. ഇത് രണ്ടും രണ്ട് എക്സ്ട്രീമാണ്. അതിന്റെ ഇടയിലുള്ള വഴിയാണ് നമ്മൾ കണ്ടുപിടിക്കേണ്ടത്. ഭാഷയെ സ്നേഹിച്ചുകൊണ്ടും ഭാഷ നന്നായി പഠിച്ചുകൊണ്ടും നന്നായി വായിച്ചുകൊണ്ടും അതേ അവസരത്തിൽത്തന്നെ മറ്റ് ഭാഷകൾ പഠിക്കാനും ശ്രമിക്കുന്നത്. ആറിലൊന്ന് മലയാളികൾ കേരളത്തിന് പുറത്താണ് ജീവിക്കുന്നത്. തിരുവനന്തപുരത്ത് ഉള്ളതിനേക്കാൾ കൂടുതൽ മലയാളികൾ മഹാരാഷ്ട്രയുടെ തലസ്ഥാനമായ

മുംബൈയിൽ താമസിക്കുന്നുണ്ട്. ഇവരൊക്കെ ലോകത്തിലെ എല്ലാ സ്ഥലത്തേയ്ക്കും പറന്നുപോകേണ്ടവരാണ്. ഭാഷയുടെ സ്നേഹം നിലനിർത്തിക്കൊണ്ടുതന്നെ മറ്റ് ഭാഷകൾ പഠിക്കുകയും വേണം. ഭാഷാസ്നേഹം മറ്റ് ഭാഷകളോടുള്ള ഒരകൽച്ചയാക്കി, വെറുപ്പാക്കി മാറ്റുന്ന ആ എക്സ്ട്രീമിസത്തിലേയ്ക്ക് പോകുന്നത് ശരിയാണോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അതുസംബന്ധിച്ച് ഞാൻ നേരത്തെതന്നെ പറഞ്ഞതാണ്. മറ്റു ഭാഷകളോട് അനാദരവ് കാണിക്കാതെ നമ്മുടെ ഭാഷയെ സംരക്ഷിക്കുകയെന്നതാണ് പ്രധാനം. റിസർച്ച് പേപ്പറുകൾ ഇംഗ്ലീഷിൽ എഴുതുമ്പോൾ അതിന്റെ മലയാളം ട്രാൻസ്‌ലേഷൻകൂടി സബ്മിറ്റ് ചെയ്യത്തക്ക വിധത്തിൽ ഒരു സംവിധാനമുണ്ടാക്കാമല്ലോ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇന്ന് സാധാരണക്കാരായ ആളുകൾ പോലും അവരുടെ മക്കളെ ഇംഗ്ലീഷ് മീഡിയത്തിലേയ്ക്ക് വിടുന്ന പ്രവണത വളരെ വ്യാപകമാണ്. മലയാളം മീഡിയത്തിൽ പഠിക്കുന്ന കുട്ടികളെ ഇംഗ്ലീഷ് ഭാഷകൂടി പഠിപ്പിക്കുന്നതിനായുള്ള ശാസ്ത്രീയമായൊരു സമീപനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇംഗ്ലീഷ് മീഡിയം സ്കൂളിലെ കുട്ടികളെ ഭാഷ പഠിപ്പിക്കുന്നതുപോലെതന്നെ മലയാളം മീഡിയം സ്കൂളുകളിലെ കുട്ടികളെയും ഭാഷ പഠിപ്പിക്കാം. സോഷ്യൽ സയൻസ് പഠിപ്പിച്ചിരുന്ന അധ്യാപകനാണ് എന്നെ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഇംഗ്ലീഷ് ഭാഷയിൽ ബി.എഡ്. ഉള്ള അധ്യാപകർ ഇപ്പോഴാണ് കുറച്ചെങ്കിലും വന്നത്. മലയാളം മീഡിയം സ്കൂളുകളിലെ കുട്ടികളെ സംബന്ധിച്ച് ഇംഗ്ലീഷ് ഭാഷയും അവർക്ക് പ്രധാനപ്പെട്ടതാണ്. അവരെ ഇംഗ്ലീഷ് ഭാഷയിലും പരിജ്ഞാനമുള്ളവരാക്കി മാറ്റാൻ കഴിയുന്ന വിധത്തിൽ പ്രത്യേകമായൊരു പരിശീലനം കൊടുക്കണം. മലയാളം മീഡിയം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെ ഇംഗ്ലീഷ് ഭാഷ പ്രത്യേകമായി പഠിപ്പിക്കുന്നതിനോ നിഷ്കർഷിക്കുന്നതിനോ ഉള്ള സമീപനം വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളുന്നില്ല. സ്പെല്ലിംഗും ഗ്രാമറും തെറ്റിച്ചാൽ കുഴപ്പമില്ല, അവർ ഇംഗ്ലീഷ് ഭാഷ പ്രത്യേകമായി പഠിച്ചില്ലെങ്കിലും കുഴപ്പമില്ലെന്ന സമീപനമാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പ് എടുത്തുകൊണ്ടിരിക്കുന്നത്. നമ്മുടെ മലയാളം മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ നല്ല പരിജ്ഞാനം ഉണ്ടാകത്തക്ക വിധത്തിൽ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രത്യേക ഊന്നൽ കൊടുക്കുന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം പറയാമോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ശ്രീ. സുനിൽ കുമാർ പറഞ്ഞ കാര്യത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, മലയാള ഭാഷയെ സംരക്ഷിക്കുകയും

വളർത്തുകയും ചെയ്യുക എന്നുപറയുമ്പോഴും അത് ഭാഷാപരമായൊരു മൗലികവാദമായി വികസിക്കുമോ എന്നൊരു ആശങ്കകൂടിയുണ്ട്. ഭാഷാപരമായ മൗലികവാദം ശരിയല്ല. ലോകത്ത് കലർപ്പുള്ള രണ്ടേരണ്ട് കാര്യങ്ങൾ സംസ്കാരവും ഭാഷയുമാണ്. കലരാതെ ഒരു ഭാഷയും വളർന്നിട്ടില്ല. ജില്ല, താലൂക്ക്, തഹസിൽദാർ, വക്കീൽ, താരിഫ്, കീശ, കലാശം, മാപ്, സായിപ്പ്, മഹസ്സർ, റദ്ദ്, ഇങ്ക്വിലാബ്, അസ്സൽ, ആപത്ത്, താക്കീത്, അനാമത്ത് തുടങ്ങി മലയാളത്തിലുള്ള നിരവധി വാക്കുകൾ അറേബ്യയിൽനിന്ന് പേർഷ്യൻ ഉറുദുവഴി കേരളത്തിലേയ്ക്ക് കടന്നുവന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയാണ് ഭാഷ വളരുന്നത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കലർപ്പിനെ മുഴുവൻ ഉപേക്ഷിച്ചുകൊണ്ടുള്ള ഒരു ഭാഷയുടെ വികാസം വളരെ യാന്ത്രികമാകും. സ്വിച്ചിന് മലയാളത്തിൽ പറയുന്നത് വൈദ്യുതി ഗമനാഗമന നിയന്ത്രണ യന്ത്രമെന്നാണ്. അങ്ങനെ പറയണം എന്നുപറയുന്നത് മൗലികവാദമാണ്. ആ മൗലികവാദമല്ല നമ്മൾ ഉദ്ദേശിക്കുന്നതെന്നുള്ള അഭിപ്രായം അങ്ങേയ്ക്കില്ലേ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞതുപോലെ ഭാഷ കൊടുത്തും വാങ്ങിയുമാണ് വളരുന്നത്. ലോകത്ത് കലർപ്പില്ലാത്ത ഒരു ഭാഷയുമില്ല. കസേര, മേശ, ജനാല എന്നിവയെല്ലാം മലയാള ഭാഷയാണോ; പോർച്ചുഗീസ് ഭാഷയിൽനിന്നാണ് വന്നിട്ടുള്ളത്. അങ്ങനെ നമുക്ക് അറിവുള്ളതും അറിവില്ലാത്തതുമായ, നമ്മൾ നിരന്തരം ഉപയോഗിക്കുന്ന വാക്കുകളിൽ പലതും പല ഭാഷയിൽനിന്നുമുള്ളതാണ്. സംസ്കൃതത്തിൽനിന്നും, തമിഴിൽനിന്നും എത്ര വാക്കുകൾ വന്നു. ഇംഗ്ലീഷിൽനിന്നും നിരവധി വാക്കുകൾ വന്നിട്ടുണ്ട്. യഥാർത്ഥത്തിൽ ഇംഗ്ലീഷ് നമ്മുടെ നാട്ടിലെ സാധാരണ വ്യവഹാരഭാഷ കൂടിയാണ്. ഇംഗ്ലീഷിൽനിന്ന് നമ്മൾ എന്തെല്ലാം എടുത്തു. അപ്പോൾ യാതൊരു തരത്തിലുള്ള കലർപ്പുകളും ഭാഷയിൽ പാടില്ലെന്നുപറയുന്നത് തെറ്റാണ്. മതമൗലിക വാദം പോലെതന്നെ അതൊരു ഭാഷാമൗലിക വാദംകൂടിയാണ്. അത് നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, തമിഴ്ഭാഷയുടെ വികസനത്തിനുവേണ്ടി ശ്രീ. കലൈഞ്ജർ കരുണാനിധി തന്നെ മുൻകയ്യെടുത്ത് ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുകയും ഇംഗ്ലീഷിലെ എല്ലാ പദങ്ങൾക്കും സമാനമായ തമിഴ് പദങ്ങൾ കണ്ടെത്തി അത് പ്രയോഗത്തിൽ വരുത്തുകയും ചെയ്തത് അങ്ങേയ്ക്ക് അറിയാമോ; അതുപോലെ കേരളത്തിലും

ചെയ്യുന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, നമ്മൾ വലിയ എക്സ്ട്രീമിലേയ്ക്ക് പോകരുതെന്നാണ് എന്റെ അഭിപ്രായം. കാരണം, ഭാഷയിൽ കടം കൊടുക്കലുകളും വാങ്ങലുകളും ഉണ്ടാവണം. എങ്കിൽ മാത്രമേ ഭാഷ വളരുകയുള്ളൂ.

ശ്രീ. എ. കെ. ബാലൻ: സർ, മലയാളത്തിന്റെ ഒറിജിൻ തമിഴാണ് എന്നത് ബഹുമാനപ്പെട്ട ശ്രീ. സുരേഷ് കുറുപ്പിന് അറിയാമോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അത് എല്ലാവർക്കും അറിയാവുന്നതാണ്. ഒരുതരത്തിലും നമ്മൾ മൗലികവാദത്തിലേയ്ക്ക് വഴുതിപ്പോകാൻ പാടില്ല. നമ്മുടെ ഭാഷ സംരക്ഷിക്കുക എന്നുപറയുമ്പോൾ മറ്റു ഭാഷകളിൽനിന്ന് കടം കൊള്ളരുതെന്നും അവയെ അകറ്റി നിർത്തണമെന്നൊന്നുമല്ല അർത്ഥമാക്കുന്നത്. അങ്ങനെയുള്ളൊരു സമീപനമല്ല വേണ്ടത്. ഈ നാട്ടിലെ എല്ലാ കുഞ്ഞുങ്ങളും പ്രൈമറി തലം വരെ ഈ ഭാഷയെത്തന്നെ അവരുടെ വിദ്യാഭ്യാസത്തിന്റെ മീഡിയ ആക്കുകയും പിന്നീട് ഉപരിതലത്തിലേയ്ക്ക് പഠിക്കുമ്പോൾ അവർക്ക് വേണമെങ്കിൽ ഇംഗ്ലീഷ് മീഡിയം തെരഞ്ഞെടുക്കാൻ അവസരം കൊടുക്കുകയും അവിടെയെല്ലാം മലയാള ഭാഷ പഠിക്കുന്നതിനും പരീക്ഷ എഴുതി പാസ്സാകുന്നതിനുമുള്ള സാഹചര്യം കൊടുക്കുകയും വേണം എന്നുള്ളതാണ് സുപ്രധാനമായ കാര്യം. അതുപോലെ താഴത്തെ കോടതിയിലെ ഭാഷ മലയാളത്തിലാക്കി വ്യവഹാര ഭാഷയാക്കണം. ജഡ്ജ്മെന്റിന്റെ ഭാഷ മലയാളമാക്കിയതുകൊണ്ട് മാത്രമായില്ല. കോടതിയിൽ വാദിക്കുന്നതുൾപ്പെടെ എല്ലാ കാര്യങ്ങളും കോടതിയുടെ വ്യവഹാര ഭാഷയും മലയാളമാക്കണം. അതുപോലെ ബോർഡുകൾ മലയാളത്തിലും ഇംഗ്ലീഷിലും എഴുതണമെന്നത് നിർബന്ധമാക്കണം. ഇംഗ്ലീഷിൽ എഴുതിയാലും ഇല്ലെങ്കിലും മലയാളത്തിൽ എഴുതുന്നത് നിർബന്ധമാക്കണം. ഇതെല്ലാം നമ്മുടെ ഭാഷയെ സംരക്ഷിക്കേണ്ടതിന്റെ ഭാഗമായി നടത്തേണ്ട കാര്യമാണ്.

ടി.വി.യിലെ അവതാരകരും മറ്റും മലയാള ഭാഷയെ വൃത്തികേടായി ഉപയോഗിക്കുന്നു എന്ന് എല്ലാവരും പറയുന്നു. അതിനുകാരണം അവരാണോ; അവർ സ്കൂളിൽ മലയാളം പഠിച്ചിട്ടില്ല. അവരിൽ പലർക്കും മലയാളം ഒന്നാം ക്ലാസ് മുതലോ കെ.ജി. മുതലോ പഠിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല. അപ്പോൾ ഇംഗ്ലീഷ് കലർത്തിയ ഒരു സങ്കര മലയാളത്തിൽ വർത്തമാനം പറയുന്നതിന് അവരെ കുറ്റപ്പെടുത്തിയിട്ട് എന്താണ് കാര്യം? നമ്മുടെ നാട്ടിലെ സാഹചര്യം അതായിപ്പോയി എന്നതുകൊണ്ട് വന്നതാണ്. ശുദ്ധമലയാളം സ്കൂളുകളിൽ പഠിപ്പിക്കണം. നമ്മുടെ നാട്ടിലെ മലയാള പണ്ഡിതരായിട്ടുള്ള ഒട്ടനവധി ആളുകൾ മനോഹരമായി ഇംഗ്ലീഷിൽ സംസാരിക്കും. ഒ.എൻ.വി. സാർ അതിമനോഹരമായി

ഇംഗ്ലീഷിൽ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ എത്രയെത്ര ആളുകൾ. ഏറ്റവും പ്രഗത്ഭനായ ഇംഗ്ലീഷ് പ്രൊഫസർ ശ്രീ. കുമാരപിള്ള സാർ സംസാരിക്കുമ്പോഴോ പ്രസംഗിക്കുമ്പോഴോ ഒരുവാക്കുപോലും ഇംഗ്ലീഷിൽ ഉപയോഗിക്കാറില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മലയാളത്തിലെ ഏറ്റവും വലിയ കവിയാണ് അദ്ദേഹം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: അതെ. അദ്ദേഹം ഏറ്റവും പ്രഗൽഭനായ ഇംഗ്ലീഷ് പ്രൊഫസറായിരുന്നു. പ്രശസ്തനായ കവിയാണ്. സംസാരഭാഷയിൽ ഒരു ഇംഗ്ലീഷുപോലും വരാറില്ല. അത് അദ്ദേഹം കൃത്രിമമായി ചെയ്യുന്നതല്ല. സ്വാഭാവികമായി ചെയ്യുന്നതാണ്. അദ്ദേഹം മലയാളത്തിൽ സംസാരിക്കുകയും അതിമനോഹരമായി മലയാളത്തിൽ പ്രസംഗിക്കുകയും ചെയ്യുന്നു. ഞാൻ പറഞ്ഞത്, ഈ മീഡിയത്തിൽ പഠിച്ചു വരിക എന്നുള്ളത് ഭാഷയുടെ കാര്യത്തിൽ ഒരു കാര്യമല്ല. ഭാഷ നമുക്ക് എപ്പോഴും അക്വയർ ചെയ്യാവുന്നതും അതിൽ പ്രാഗത്ഭ്യം തെളിയിക്കാവുന്നതും പ്രാഗത്ഭ്യം കിട്ടാവുന്നതുമാണ് എന്നുള്ളതാണ് വസ്തുത. ഇതിനെല്ലാം ഈ ബിൽ ഉപകരിക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ ഇല്ല. സ്കൂളുകളിലെ ഒന്നാം ഭാഷ നിർബന്ധമായും മലയാളമാക്കണം എന്നത് ഈ ബില്ലിലുണ്ടാകണം. നമ്മുടെ ഭരണ ഭാഷ മലയാളമാക്കുന്നതിനുള്ള ത്വരിത നടപടികളുണ്ടാകണം. ഇത്തരം കാര്യങ്ങളിലെല്ലാം നമ്മൾ കൂടുതൽ ശ്രദ്ധിച്ചെങ്കിൽ മാത്രമേ നമ്മുടെ ഭാഷ മരിക്കാതിരിക്കൂ. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് ഇവിടെയുണ്ട്. നമ്മുടെ ഭാഷയെ സംരക്ഷിക്കുന്നതിനായി കേരളത്തിൽ ആദ്യമുണ്ടായ സ്ഥാപനമാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പക്ഷേ ഈ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്ന പുസ്തകങ്ങൾ നമുക്ക് കൈകൊണ്ട് തൊട്ട് വായിക്കാൻ തോന്നുമോ; വലിയ വിജ്ഞാനപരമായ പുസ്തകങ്ങളെല്ലാം കേരളത്തിലെ ഏതെങ്കിലുമൊരു സ്ഥാപനമോ പ്രസിദ്ധീകരണശാലക്കാരോ ഇത്ര ഭംഗിയില്ലാതെ പുസ്തകമിറക്കുമോ; ഞാൻ വൃത്തികേടെന്ന വാക്ക് പറയുന്നില്ല. യഥാർത്ഥത്തിൽ അതാണ് പറയേണ്ടത്, ഇന്ന് ലോകത്തിറങ്ങുന്ന ബുക്കുകളുടെ പ്രൊഡക്ഷൻസ് നോക്കണം. മലയാളത്തിൽ ചെറിയ പ്രസിദ്ധീകരണശാലക്കാർപോലും എത്ര മനോഹരമായിട്ടാണ് പുസ്തകങ്ങൾ ഇറക്കുന്നത്. കേരളത്തിൽ ഭാഷയുടെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി രൂപീകരിച്ച ഒരു ഇൻസ്റ്റിറ്റ്യൂട്ട് തുടക്കം മുതൽ ഇന്നുവരെ ആളുകൾക്ക് വായിക്കാൻ താൽപ്പര്യം തോന്നാത്ത രീതിയിൽ ഇങ്ങനെ പുസ്തകം ഇറക്കാമോ; ഇതിന് ശ്രീ. കെ. സി. ജോസഫിന്റെ കാലത്തെങ്കിലും ഒരു മാറ്റം വരണം. ഒരു പുസ്തകമെങ്കിലും മനോഹരമായി ഇറക്കിയിട്ട് മാത്രമേ ഈ മന്ത്രിസഭയുടെ കാലയളവിനുള്ളിൽ അദ്ദേഹം പോകാവൂ എന്നാണ് എന്റെ അഭിപ്രായം. ഈ ബിൽ ഗവൺമെന്റ് വളരെ അലക്ഷ്യമായി

ഡ്രാഫ്റ്റ് ചെയ്തിരിക്കുകയാണെന്നുള്ള പരാതി ഉന്നയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സി. ദിവാകരൻ: സർ, മലയാള ഭാഷാ ബില്ലിന്റെ സബ്ജക്ട് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തുകൊണ്ട് ഞങ്ങൾ ഒരു വകുപ്പുതന്നെ ഉപേക്ഷിച്ചു എന്ന് അങ്ങ് നടത്തിയ പ്രസ്താവന ഒന്നുകൂടി പരിശോധിക്കണമെന്ന് ഞാൻ ആമുഖമായി അഭ്യർത്ഥിക്കുകയാണ്. ഞങ്ങളാരും ഈ ബില്ലിന് എതിരല്ല, മലയാള ഭാഷയ്ക്ക് ഞങ്ങൾ എതിരല്ല, അങ്ങയെപ്പോലെ മലയാള സാഹിത്യത്തേയും ഭാഷയേയും സ്നേഹിക്കുന്നവരും പ്രേമിക്കുന്നവരും സംഭാവന ചെയ്തവരുമാണ്. എന്നാൽ ഈ ബില്ലിൽ ഞങ്ങൾ രേഖപ്പെടുത്തിയ അസംതൃപ്തി എന്തെന്നാൽ, 140 എം.എൽ.എ.-മാർ കേരള നിയമസഭയിൽ പങ്കെടുത്തുകൊണ്ടിരിക്കവേ, നിറഞ്ഞ സഭയിൽ എല്ലാ മന്ത്രിമാരുമുള്ള സന്ദർഭത്തിൽ, ഐശ്വര്യപൂർണ്ണമായ മാതൃഭാഷയുടെ ഒരു നിയമം പാസ്സാക്കണമെന്നുള്ള അമിതമായ ആഗ്രഹമുള്ളതുകൊണ്ടാണ് ഞങ്ങൾ കുറച്ച് അസ്വസ്ഥത പ്രകടിപ്പിച്ചത്. അത് പ്രതിഷേധമാണ്. അതാണ് ഞങ്ങൾ പറഞ്ഞത് മലയാളഭാഷയെ സംബന്ധിച്ച് പ്രസംഗിച്ചാൽ പോരാ, തെളിയിക്കണം. നിങ്ങൾക്കെല്ലാത്തിനും സമയമുണ്ടായിരുന്നു. പക്ഷേ മാതൃഭാഷയ്ക്കുവേണ്ടി ഒരു നിയമം കേരള നിയമസഭ പാസ്സാക്കുമ്പോൾ ഈ സഭ ശുഷ്കമായിരുന്നു, അതാണ് ഞങ്ങളുടെ പരാതി. ഇപ്പോഴും അതാണ്. അങ്ങയുടെ കണ്ണ് ഇപ്പോഴും ഇവിടെയാണ്, അങ്ങ് കൂടെക്കൂടെ പുറകിലോട്ടും തിരിഞ്ഞുനോക്കണം, ഇവിടെത്തന്നെ നോക്കിക്കൊണ്ടിരിക്കരുത്, വടക്കുനോക്കിയന്ത്രം പോലെ ആയിപ്പോകും. ഭാഷയോട് ഗവൺമെന്റ് എടുത്ത ഇന്നത്തെ നിലപാട് ശരിയല്ല. കേരളപ്പിറവിക്കുശേഷം ആദ്യമായി മലയാളഭാഷ നിർബന്ധിതമാക്കിതീർക്കാൻ വേണ്ടി ഒരു ലെജിസ്ലേഷൻ കൊണ്ടുവന്നതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. അത് തീർച്ചയായിട്ടും ഒരു വലിയ സംഭവം തന്നെയാണ്, പക്ഷേ ആ സംഭവത്തിന്റെ ശോഭ കെട്ടുപോയി എന്നുള്ളതാണ് അങ്ങ് മനസ്സിലാക്കേണ്ടിയിരുന്നത്. ഇവിടെയുള്ള ഒരു കാര്യം, - ഈ സി.പി. മുഹമ്മദിന് എപ്പോഴും ഇതാണ് ജോലി, വഴങ്ങിയാൽ സി.പി. ഇന്ന് പോകാൻ പറ്റുകയില്ല. ഞാൻ പറഞ്ഞ് തീരട്ടെ, ഞാൻ തുടങ്ങിയതല്ലേ ഉള്ളൂ?

ശ്രീ. സി. പി. മുഹമ്മദ്: സർ, അങ്ങ് ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചു. ബഹുമാനപ്പെട്ട മന്ത്രി ബില്ല് അവതരിപ്പിക്കുക മാത്രമല്ല ചെയ്തത്. 2011-ലെ മലയാള ഭാഷാ ഓർഡറിന്റെ പിന്നിൽ ഈ മന്ത്രിയാണ്, ഡൽഹിയിൽ പോയി മുഖ്യമന്ത്രിയോടൊപ്പം, മലയാളത്തെ ക്ലാസ്സിക്കൽ ഭാഷയാക്കുന്നതിനുവേണ്ടി പ്രവർത്തിച്ചതും ഈ മന്ത്രിയാണ്. അതുകൊണ്ട് അഭിനന്ദനം ഒന്നിനു പോരാ, മൂന്നെണ്ണം വേണം എന്നുപറയാനായിരുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ബാക്കി അഭിനന്ദനമെല്ലാം ശ്രീ. സി.പി. മുഹമ്മദ് പോകുന്ന വഴിക്ക് കൊടുത്തിരുന്നാൽ മതി, എനിക്കിതേ പറ്റുകയുള്ളൂ, ബാക്കിയെല്ലാം താങ്കൾ നേരിട്ടു കൊടുത്തേക്ക്. മലയാള ഭാഷയ്ക്കുവേണ്ടി കഷ്ടപ്പെട്ട ഒരുപാട് ആളുകൾ കേരളത്തിലുണ്ട്. ഏറ്റവും ഒടുവിൽ ഇപ്പോൾ തുഞ്ചത്ത് എഴുത്തച്ഛൻ അവാർഡു വാങ്ങിയ ശ്രീ. പുതുശ്ശേരി രാമചന്ദ്രൻ ഇതിന്റെ പുറകേ നടന്ന ഒരാളാണ്, ഭാഷാ പണ്ഡിതനാണ്. ശ്രീമതി സുഗതകുമാരി ഇതിന്റെ ആളാണ്, ശ്രീ. ഒ.എൻ.വി. കുറുപ്പ് ഇതിന്റെ ആളാണ്. എല്ലാ മന്ത്രിമാരേയും എല്ലാ എം.എൽ.എ.മാരേയും കണ്ട് ഇതിന് നടപടി വേണം, കർശനമായ നടപടിവേണം എന്ന് അവർ ആവശ്യപ്പെട്ടു. അവർ ഇവിടെ സമരം ചെയ്തു, സാഹിത്യകാരന്മാരുടെ സമരങ്ങൾ നടന്നു. വെറുതേ ഒന്നും ഉണ്ടായതല്ല ശ്രീ. സി.പി. മുഹമ്മദേ, അതിശക്തമായ വികാരപ്രകടനങ്ങൾ സഭയുടെ പുറത്തുണ്ടായി, ഏത് ഗവൺമെന്റാണെങ്കിലും അത് ചെയ്യാൻ നിർബന്ധിതമാണ്. അതിൽ കൂടുതൽ കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ നല്ലകാര്യം. യഥാർത്ഥത്തിൽ ഈ ബില്ലിന്റെ പല വകുപ്പുകളും വായിച്ചുനോക്കിയാൽ ഇത് ഒരു എക്സിക്യൂട്ടീവ് ഓർഡറിന്റെ കാര്യമേയുള്ളൂ. 10-ാം ക്ലാസ്സുവരെ നിർബന്ധിതമാക്കണമെന്നു പറയുന്നതിന് ഒരു നിയമം ആവശ്യമില്ല. ഒരു എക്സിക്യൂട്ടീവ് ഓർഡർ ഇറക്കിയിട്ടുണ്ട്. 1-9-2011-ലെ ഒരു ഗവൺമെന്റ് ഉത്തരവുണ്ട്. കേരളത്തിലെ മലയാള ഭാഷ പരിപോഷിപ്പിക്കാനുള്ള സർക്കാർ നടപടികളുടെ സർക്കാർ ഉത്തരവാണിത്. ഒന്ന് മുതൽ പതിനാല് ഖണ്ഡികകൾ വരെ ഇതിലുണ്ട്. എന്തൊക്കെ ചെയ്യണമെന്ന്, സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 10 -ാം ക്ലാസ്സുവരെ മലയാളം നിർബന്ധഭാഷയാക്കുക. ഗവൺമെന്റ് ജി.ഒ. ആണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: നിലവിലുള്ള ഔദ്യോഗിക ഭാഷാ നിയമമനുസരിച്ച് ഏതെങ്കിലും എയ്ഡഡ് സ്ഥാപനങ്ങളോ, അൺ-എയ്ഡഡ് സ്ഥാപനങ്ങളോ കോടതിയിൽ പോയി ഇത് ചോദ്യം ചെയ്താൽ കോടതി സ്റ്റേ കൊടുക്കും. ഈ നിയമം വന്നാൽ......

ശ്രീ. സി. ദിവാകരൻ: സർ, നിങ്ങൾ ഒന്നും നടക്കാതെ, ഇതുവരെ ഒരു കോടതിയിലും പോയില്ല, കന്നട, തമിഴ്, ഗുജറാത്തി എന്നീ മാതൃഭാഷയിലുള്ള കുട്ടികൾക്ക് അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി പഠിക്കുവാൻ നിലവിലുള്ള സംവിധാനം തുടരുന്നതാണ്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്കുപുറമേ മലയാളംകൂടി പഠിക്കാൻ സാഹചര്യമൊരുക്കേണ്ടതാണ്. അതുപോലെ, എല്ലാ സ്കൂളുകളും...., ഇതിനകത്ത് അഞ്ചാമത്തെ സർക്കാരിന്റെ ഉത്തരവാണ്, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. മറ്റു ബോർഡുകൾ എന്നിവരുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധ വിഷയമായി പഠിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ അവകാശനിയമം

സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്കൂളുകൾക്ക് നൽകുന്ന അംഗീകാര സർട്ടിഫിക്കറ്റിൽ ഇത് ഒരു വ്യവസ്ഥയായി നിഷ്കർഷിക്കേണ്ടതാണ്. വളരെ ശക്തമായ ഒരു നിർദ്ദേശമാണ് ഗവൺമെന്റ് വച്ചിരിക്കുന്നത്. പക്ഷേ അതിന് നിയമത്തിന്റെ പ്രൊട്ടക്ഷൻ ഉണ്ടോ എന്നു ചോദിച്ചാൽ, അതാണ് ചെയർ ചോദിച്ചത്, ഇതിന് ഒരു നിയമത്തിന്റെ പ്രൊട്ടക്ഷൻകൂടി ആവശ്യമുണ്ട്. ആ നിലയിൽ ഈ നിയമം തീർച്ചയായിട്ടും ഉപകാരപ്രദമായിരിക്കുമെന്നാണ് എന്റെ വിശ്വാസം. അതുപോലെതന്നെ സ്കൂളുകൾ, ഞാൻ അത് സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിച്ചതാണ്. മലയാള ഭാഷ എല്ലാ സ്കൂളുകളിലും - ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് പ്രത്യേകമായി അതുപറയണം, അങ്ങനെ ഇതിൽ പറയുന്നില്ല. ഞങ്ങൾ അങ്ങനെ ഒരു നിർദ്ദേശം സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിച്ചു. ഗവൺമെന്റ്, എയ്ഡഡ്, അൺ-എയ്ഡഡ്, സഹകരണം, എല്ലാ സ്കൂളുകളിലും മലയാള ഭാഷ പഠിപ്പിക്കാത്ത പക്ഷം ആ സ്കൂളിന് നിയമപരമായ അംഗീകാരം കൊടുക്കാൻ പാടില്ല. ആ സൂചനയാണ് ഈ ഗവൺമെന്റ് ഉത്തരവിൽ ഉള്ളത്. എന്നാൽ അത് നിയമത്തിൽ വന്നപ്പോൾ കുറച്ച് വെള്ളം ചേർത്തിട്ടുണ്ട്, അത് അങ്ങ് പരിശോധിക്കണം. അങ്ങ് പറഞ്ഞത് 7-ാം മത്തെ കാര്യം, പൂർണ്ണമായും ഞങ്ങൾ എടുത്തുകളയാൻ പറഞ്ഞു എന്നാണ്. മിനിട്ട്സ് വരുമ്പോൾ നിങ്ങൾക്ക് അതിന്റെ .........

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അത് പറയാനുണ്ടായ സാഹചര്യം, ഞങ്ങൾ മാറ്റി എന്നുപറഞ്ഞ് ഞങ്ങളെ പ്രതിപക്ഷ ഉപനേതാവ് കുറ്റപ്പെടുത്തി. ഞങ്ങൾ മാറ്റിയതല്ല, സബജക്ട് കമ്മിറ്റിയുടെ കൺസൻസസ് ആണത്.

ശ്രീ. മാത്യു റ്റി. തോമസ് : സർ, അങ്ങ് പറഞ്ഞത്, ശ്രീ. സി. ദിവാകരനും മാത്യു റ്റി. തോമസും പറഞ്ഞതുകൊണ്ടാണ് ആ വകുപ്പ് എടുത്തുകളഞ്ഞതെന്നാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അത് നിങ്ങൾ പറഞ്ഞില്ല എന്നുപറയാൻ പറ്റുമോ?

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഞങ്ങൾ അതിന്റെ മിനിറ്റ്സ് ചോദിച്ചിരിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഭാഷയ്ക്ക് സുദീർഘമായ ഒരു ചരിത്രമുണ്ട്. മലയാള ഭാഷ പരിപോഷിപ്പിച്ചത് ഇതുപോലുള്ള നിയമനിർമ്മാണം കൊണ്ടു മാത്രമല്ല. ചരിത്രപരമായിതന്നെ ദ്രാവിഡ ഭാഷകൾക്ക് വലിയ അംഗീകാരമുണ്ടായിരുന്നു. ആര്യ-ദ്രാവിഡ ഭാഷ എന്നുപറയുന്നത് ദ്രാവിഡ ഭാഷ വികസിപ്പിച്ചെടുക്കാൻവേണ്ടി ഒരു നിയമവുമില്ലാതിരുന്ന കാലത്ത് വലിയ സേവനങ്ങൾ ചെയ്ത ആളുകളുടെ ശ്രമം കൊണ്ടാണുണ്ടായത്. ഇവിടെ ഒരു മലയാള യൂണിവേഴ്സിറ്റിയുണ്ട്. ആ മലയാള യൂണിവേഴ്സിറ്റിയുടെ പേര് യഥാർത്ഥത്തിൽ വേണ്ടിയത് എഴുത്തച്ഛൻ തുഞ്ചൻ നമ്പ്യാർ യൂണിവേഴ്സിറ്റി എന്നാണ്. എഴുത്തച്ഛൻ ആണ് മലയാളത്തിന്റെ പിതാവ്. എഴുത്തച്ഛന്റെ പേര് ആ യൂണിവേഴ്സിറ്റിക്കിടുന്നതിൽ എന്താണ് കുഴപ്പം?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ആ യൂണിവേഴ്സിറ്റിയുടെ പേര് തുഞ്ചത്താചാര്യൻ മലയാള സർവ്വകലാശാലയെന്നാണ്.

ശ്രീ. സി. ദിവാകരൻ : സർ, അങ്ങനെയല്ല. മലയാള സർവ്വകലാശാല എന്നാണ് അറിയപ്പെടുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, അത് എളുപ്പത്തിനുവേണ്ടി എല്ലാവരും പറയുന്നതാണ്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയെ എം.ജി. യൂണിവേഴ്സിറ്റിയെന്ന് പറയുന്നില്ലേ?

ശ്രീ. സി. ദിവാകരൻ : സർ, അങ്ങനെതന്നെ പോപ്പുലറൈസ് ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ : തുഞ്ചത്താചാര്യൻ എന്നല്ല തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയെന്നാണ് അതിന്റെ യഥാർത്ഥ പേര്.

ശ്രീ. സി. ദിവാകരൻ : സർ, പക്ഷേ, മലയാള സർവ്വകലാശാലയെന്നാണ് എഴുത്തുകുത്തുകളിലെല്ലാം കാണുന്നത്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയെന്നുതന്നെ ആ യൂണിവേഴ്സിറ്റിയെ വിളിക്കണം. നമ്മുടെ ഭാഷയ്ക്ക് ഏറ്റവും കൂടുതൽ സംഭാവന ചെയ്തത് തുള്ളൽപ്പാട്ടുകളാണ്. തുള്ളൽപ്പാട്ടുകൾ ഇന്ന് അസ്തമിച്ചിരിക്കുകയാണ്. പാഠപുസ്തകങ്ങളിൽപ്പോലും ഇപ്പോൾ തുള്ളൽപ്പാട്ടുകളില്ല. മലയാളഭാഷ പരിപോഷിപ്പിക്കണമെന്നുപറഞ്ഞാൽ നാടൻ പാട്ടുകൾ, വള്ളുവനാടൻ പാട്ടുകൾ, ആദിവാസികളുടെ ഗാനങ്ങൾ ഇതൊന്നുംതന്നെ മലയാളത്തിന്റെ ഒരു സാഹിത്യമേഖലകളിലും ഇപ്പോൾ കാണുന്നില്ല. അപൂർവ്വം ചില ആളുകൾ മാത്രമാണ് അത് കൊണ്ടുനടക്കുന്നത്. സർക്കാർ ഉത്തരവനുസരിച്ചോ നിയമങ്ങളനുസരിച്ചോ അല്ല ഇതൊന്നും ഉണ്ടായത്. ഇത് മലയാളികളുടെ സർഗ്ഗ ശക്തിയാണ്. മലയാളഭാഷ പലപ്പോഴും അണപൊട്ടിയൊഴുകി നിയമത്തിന്റെ പരിധിക്കപ്പുറം പോയിട്ടുണ്ട്. മലയാള ഭാഷയ്ക്ക് അവർതന്നെ വ്യാകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മലയാളിക്ക് ആശയവിനിമയം വളരെ പെട്ടെന്ന് കൈമാറാൻ ഇതല്ലാതെ വേറെ മാർഗ്ഗമില്ല. അതുകൊണ്ട് നിയമത്തിന്റെ പരിധി നിശ്ചയിച്ചിട്ട് കാര്യമില്ല. നമ്മുടെ ഭാഷാസാഹിത്യം അങ്ങേയ്ക്കറിയാം, അങ്ങ് വായിക്കുന്ന വ്യക്തിയാണ്. മലയാളത്തിലുള്ളതുപോലെ ഇത്രയും സമ്പുഷ്ടമായ സാഹിത്യമേഖല മറ്റൊരിടത്തും കാണില്ല. നിർഭാഗ്യവശാൽ നമ്മുടെ മലയാളികളുടെ അംഗസംഖ്യ കുറവായതുകൊണ്ടാണ്. ഒരുപക്ഷേ ആംഗലേയ ഭാഷയിലാണ് കുമാരനാശാൻ കവിത എഴുതിയതെങ്കിൽ കീറ്റ്സിനേക്കാൾ വലിയ കവിയാകുമായിരുന്നു. പക്ഷേ, കുമാരനാശാന്റെ കവിതകളെല്ലാം മലയാളത്തിലായിരുന്നു. ചങ്ങമ്പുഴക്കവിതകൾ മലയാളത്തിലാണ് രചിച്ചിട്ടുള്ളത്. മലയാളം പരിമിതമായ ഒരു പ്രദേശത്തുമാത്രം നിൽക്കുകയാണ്. മലയാളികൾ പോകുന്ന സ്ഥലങ്ങളിൽ മാത്രമേ ആ ഭാഷ ഉപയോഗിക്കുന്നുള്ളൂ. അതുകൊണ്ട് കേരളത്തിന്റെ സാഹിത്യരംഗത്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മാത്രം പോരാ, മലയാള ഭാഷയെക്കുറിച്ച് ഒന്നാംതരം ഗവേഷണങ്ങൾ

നടത്തണം. അന്യഭാഷകളിൽനിന്നാണോ ഇതിന്റെ ഒറിജിൻ, സംസ്കൃതവും മലയാളവും തമ്മിലുള്ള ബന്ധം, സംസ്കൃതവും തമിഴും തമ്മിലുള്ള ബന്ധം അങ്ങനെയുള്ള ഗവേഷണ ഗ്രന്ഥങ്ങൾ ഉണ്ടാകാത്തത് മലയാളഭാഷയുടെ വലിയ ഒരു പോരായ്മയാണ്. ഈ കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കുമ്പോൾ ചെയറിലിരിക്കുന്ന ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവിയെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹം ചെയർമാനായി ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. ഇ. ചന്ദ്രശേഖരൻ, ഡോ. കെ. ടി. ജലീൽ, സർവ്വശ്രീ കെ. എൻ. എ. ഖാദർ, റ്റി. യു. കുരുവിള, ആർ. രാജേഷ്, കെ. ശിവദാസൻ നായർ, പി. സി. വിഷ്ണുനാഥ് ഇത്രയും പേരടങ്ങുന്ന നിയമസഭാ സമിതി 11 നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്. ഈ പതിനൊന്ന് നിർദ്ദേശങ്ങളിൽ പലതും തള്ളിക്കളഞ്ഞിരിക്കുന്നു. ഇതിൽ ഒന്നാമത്തെ നിർദ്ദേശം ഞാൻ നേരത്തെ പറഞ്ഞതാണ്. മലയാളം പഠിപ്പിക്കാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നിഷേധിക്കുന്നതിനും ഒരിക്കൽ അനുമതി ലഭിച്ചശേഷം മലയാള പഠനം നടത്താതിരിക്കുന്ന വിദ്യാലയങ്ങളിലെ അധികാരികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഭാഷാ നിയമത്തിൽ കൃത്യമായി ഉൾപ്പെടുത്തിയിരിക്കണം. ആ വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അവർക്ക് എന്ത് ശിക്ഷ നൽകണമെന്നും പറയുന്നില്ല. മലയാളം പഠിപ്പിക്കാൻ മനസ്സില്ലാ എന്ന് പറഞ്ഞാൽ നിങ്ങൾ എന്തുചെയ്യും? ഒന്നും ചെയ്യാൻ കഴിയില്ല. ശിക്ഷാനടപടികൾക്കുള്ള സംവിധാനങ്ങൾ ഉണ്ടാകണം, അങ്ങനെ ചെയ്യുന്നത് കുറ്റകരമാണ്, അതിന് ശിക്ഷയുണ്ടാകണം. രണ്ടാമത്തേത്, നിയമപഠനം പ്രത്യേക പാഠ്യവിഷയമാക്കി താഴ്ന്ന ക്ലാസ്സുകൾ മുതൽ അവ മാതൃഭാഷയിൽതന്നെ തുടങ്ങുന്നതിനും ഐച്ഛിക നിയമ പഠനം മാതൃഭാഷയിൽത്തന്നെ നടത്തുന്നതിനും സംസ്ഥാനത്തെ എല്ലാ കോടതി വ്യവഹാര നടപടികളും സമ്പൂർണ്ണമായും സമയബന്ധിതമായും മാതൃഭാഷയിൽ ആയിരിക്കണമെന്ന ശക്തമായ വ്യവസ്ഥകൾ ഈ നിയമത്തിൽ ഉൾപ്പെടുത്തണമെന്നതായിരുന്നു അവരുടെ രണ്ടാമത്തെ നിർദ്ദേശം. എല്ലാ നിയമനിർമ്മാണങ്ങളും എല്ലാ അവസരങ്ങളിലും മലയാളം നിയമനിർമ്മാണ ഭാഷയിൽ ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ മലയാള ഭാഷാ നിയമത്തിലുണ്ടായിരിക്കണമെന്നും ഭാഷയുടെ ലാളിത്യം മുഖമുദ്രയായിരിക്കണമെന്നും സമിതി ശിപാർശ ചെയ്തു. ഇങ്ങനെ പതിനൊന്ന് ശിപാർശകളിൽ ഏറ്റവും പ്രധാനപ്പെട്ട ശിപാർശകൾ ഞാൻ വായിക്കാം. മലയാളഭാഷാ പരിപോഷണ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ബഡ്ജറ്റ് ഔട്ട്ലേയുടെ 0.05 % തുക മാറ്റി വയ്ക്കണം. ബഡ്ജറ്റിംഗ് പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുമ്പോൾ ഈ കാര്യം ഓരോ ഓഫീസുകൾക്കും പ്രത്യേക നിർദ്ദേശമായി നൽകണമെന്നും അതിനായി പ്രത്യേക ശീർഷകം തുടങ്ങണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതുപോലെ മലയാള ഭാഷാ വികസന വകുപ്പിനെ, സബ്ജക്ട് കമ്മിറ്റിയിൽ നിങ്ങൾ നിർദ്ദേശിച്ചതാണ് അതിന് പ്രത്യേക വകുപ്പ് വേണ്ടായെന്നുള്ളത്. ഇവിടെ നിങ്ങൾ തർക്കിക്കുന്നതുപോലെ ഞങ്ങൾ ആ കാര്യത്തിൽ തർക്കിച്ചില്ല, നിങ്ങളാണ് പറഞ്ഞത് വേറെ വകുപ്പ് വേണ്ടായെന്ന്. എന്നാൽ നിയമസഭാ സമിതിയുടെ

പതിനൊന്നാമത്തെ നിർദ്ദേശം മലയാള ഭാഷാ ഡയറക്ടറേറ്റ്, നിലവിലെ വിവിധ സമിതികളുടെ രൂപീകരണം, മലയാളഭാഷാ വികസന വകുപ്പിന്റെ പ്രവർത്തനം, ഏകോപനം എന്നിവ വ്യവസ്ഥാപിതപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ മലയാള ഭാഷാനിയമത്തിൽ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇത് വളരെ വൈഡായിട്ടുള്ള ഒരു നിർദ്ദേശമാണ്. ഇതൊരു ഡിപ്പാർട്ടുമെന്റിനേക്കാൾ അപ്പുറത്താണ്. അത് റിവ്യൂ ചെയ്ത് കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും അത് അസ്സെസ്സ് ചെയ്യുന്നതിനും ആവശ്യമായ ഡയറക്ടറേറ്റോ ഡിപ്പാർട്ടുമെന്റോ വേണമെന്നതാണ് ഒരു നിർദ്ദേശം. ഇതാണ് അവരുടെ ഫൈനൽ ഫൈന്റിംഗ്സ്. അവർ ദീർഘമായ റിപ്പോർട്ട് ഇതിൽ എഴുതിയിട്ടുണ്ട്. അതിനാണ് ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞത് 98% ആളുകൾ ഇവിടെ മലയാളമാണ് സംസാരിക്കുന്നതെന്ന്. സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളം ഒരു നിർബന്ധ ഒന്നാം ഭാഷയായി പഠിപ്പിക്കുന്നതിനും ആയത് നിയമപരമായി ഉറപ്പാക്കുന്നതിനും മലയാളഭാഷാ നിയമത്തിൽ വ്യക്തമായ വ്യവസ്ഥകളുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അത് ലംഘിക്കുന്ന ആളുകളുടെ പേരിൽ നടപടിയെടുക്കാനും ഈ നിയമത്തിൽ വകുപ്പുണ്ടാകണം. വളരെ വ്യക്തമായിട്ടുള്ള, വളരെ സമഗ്രമായിട്ടുള്ള ഒരു റിപ്പോർട്ടാണിത്. നിങ്ങൾ ഈ റിപ്പോർട്ടിനെപ്പറ്റി പഠിക്കാതെയാണോ ഈ ബില്ലിന് രൂപം കൊടുത്തത്? ഈ റിപ്പോർട്ടിലും സർക്കാരിന്റെ 1-9-2011-ലെ മുൻ ഉത്തരവിലുമായി നിരവധി നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. നിയമസഭയിലെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എം.എൽ.എ.മാർ പഠനങ്ങൾ നടത്തി, തെളിവുകൾ ശേഖരിച്ച്, ഇതിനുവേണ്ടി യാത്ര ചെയ്ത് എല്ലാപേരെയും നേരിൽ കണ്ട്, - എന്നോട് ആരോ പറഞ്ഞു തുഞ്ചൻ പറമ്പിൽ മാത്രം അവർ മൂന്നു ദിവസമുണ്ടായിരുന്നുവെന്ന്. - ഇതെല്ലാം കഴിഞ്ഞ് അവർ റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ലിന് രൂപം നൽകേണ്ടത്. എന്നാൽ ഈ റിപ്പോർട്ടിലെ ബേസിക്കായിട്ടുള്ള പല നിർദ്ദേശങ്ങളും തള്ളിക്കളഞ്ഞിരിക്കുകയാണ്. അതാണ് ഈ ബില്ലിന്റെ ഒരു പോരായ്മ. ഈ ബിൽ കാര്യമായ ഹോംവർക്ക് ചെയ്തിട്ടല്ല തയ്യാറാക്കിയത്. കേരളത്തിലെ ഭാഷാ പ്രേമികളുടെ കണ്ണിൽ മണ്ണിടാനുള്ള ഒരു കപടനാടകത്തിന്റെ തുടക്കമാണ് ഈ ബിൽ. നിങ്ങൾക്ക് ഈ ബില്ലിനോട് ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ മുൻ സർക്കാർ ഉത്തരവുകളുടെയും നിയമസഭാ സമിതികളുടെ ശിപാർശകളുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഭാഷാ പണ്ഡിതരുമായി സമഗ്രമായ ചർച്ച നടത്തി ഈ നിയമം നടപ്പിലാക്കുമായിരുന്നു. ഈ നിയമം നടപ്പിലാകാൻവേണ്ടി ദാഹിക്കുന്നവരുടെയെല്ലാം പല മെമ്മോറാണ്ടങ്ങൾ എന്റെ കയ്യിലുണ്ട്. അതിൽപറയുന്ന ഒന്നും ഇതിനകത്തില്ല. ഈ നിയമം പാസ്സാക്കുന്നതുകൊണ്ട് ശ്രീ. കെ. സി. ജോസഫിനെ ഞാൻ ഇവിടെ അനുമോദിച്ചാലും പുറത്ത് നിങ്ങൾക്ക് വലിയ അനുമോദനം കിട്ടാൻ പോകുന്നില്ല. ഈ ബിൽ കോംപ്രിഹെൻസീവല്ല, സമഗ്രമല്ല. ഇതിനെ ഇനിയും പലതും ചേർത്ത് കുറ്റമറ്റതാക്കേണ്ടതുണ്ട്. ഇനി ബിൽ സബ്ജക്ട് കമ്മിറ്റിക്കോ സെലക്ട് കമ്മിറ്റിക്കോ വിടാനോ സർക്കുലേറ്റ് ചെയ്യാനോ സാധിക്കില്ല. ഇന്നിവിടെ ബഹുമാനപ്പെട്ട

സ്പീക്കർ ഈ ബിൽ നിയമമാക്കാൻ പോകുകയാണ്. നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യം നേടാൻ ഈ നിയമം പര്യാപ്തമല്ല. വളരെ ലോലമായതും ദുർബലമായതുമായ ഒരു ബില്ലാണിത്. കാരണം മറ്റ് പലതിന്റെയും ബാക്ക്ഗ്രൗണ്ടിനെ ഇത് neglect ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഈ ബിൽ കുറെക്കൂടി ശക്തമായി ചർച്ച ചെയ്ത് അവതരിപ്പിക്കാൻ ജനാധിപത്യത്തിൽ ഇനിയെന്തെങ്കിലും പ്രക്രിയ ബാക്കിയുണ്ടെങ്കിൽ അതുംകൂടി ഉപയോഗിച്ച് ശാശ്വതമായ, ലോകത്തെവിടെയും ഈ നിയമം ഒരു രാജ്യത്തിന്റെ, രാഷ്ട്രത്തിന്റെ ശബ്ദമാണ്, രൂപമാണ്, മാതൃകയാണ് എന്നുപറയുന്ന രീതിയിൽ ഈ ബിൽ കുറ്റമറ്റതാക്കി മാറ്റാൻ ശ്രമിക്കണം.

ഡോ. എൻ. ജയരാജ് : സർ, 1969-ലാണ് കേരള ഔദ്യോഗിക ഭാഷാ നിയമവും പിന്നീട് 1973-ൽ അതിന് ഭേദഗതിയും വന്നത്. ആ രണ്ടു നിയമങ്ങളിലും ഉണ്ടായിരുന്ന ചില അപാകതകളാണ് യഥാർത്ഥത്തിൽ, മലയാളത്തിൽ പറഞ്ഞാൽ സ്വത്വബോധമില്ലായ്മ ഈ നിയമത്തിൽ ഒരു പ്രധാനപ്പെട്ട ഘടകമായിരുന്നു. അതുകൊണ്ടാണ് ഉദ്യോഗസ്ഥതലത്തിൽ പലപ്പോഴും ഇതു രണ്ടും മാറിയുംമറിഞ്ഞും ഉപയോഗിച്ചുകൊണ്ടിരുന്നത്. യഥാർത്ഥത്തിൽ ഈ നിയമം വരുന്നതോടുകൂടി കുറേക്കൂടി ക്ലിപ്തത ഈ കാര്യത്തിലുണ്ടാകുകയും പ്രത്യേകിച്ച് മലയാളിയെ സംബന്ധിച്ചിടത്തോളം അവന്റെ ഔദ്യോഗിക ഭാഷയിൽ കുറേക്കൂടി കൃത്യത വരുത്താൻ കഴിയുമെന്നുമാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങ് പറഞ്ഞതിനപ്പുറത്ത് കഴിഞ്ഞ കാലഘട്ടങ്ങളിൽ 1969-ലെയും 1973-ലെയും നിയമത്തെക്കാൾ ഈ നിയമം ഒരു പടികൂടി മുന്നോട്ടുപോയി എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അങ്ങയുടെ അഭിപ്രായവും അതാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആ രണ്ട് നിയമങ്ങൾക്കുള്ളതിനെക്കാൾ കൂടുതൽ കൃത്യത ഈ നിയമത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഇത് സബ്ജക്ട് കമ്മിറ്റിക്ക് പോകുന്നതിനുമുമ്പ് ഞാനും പറഞ്ഞതാണ്. പക്ഷേ, ഡയറക്ടറേറ്റ് എന്നുള്ളതിന് വലിയ പരിമിതിയുണ്ട്. ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള ഫണ്ട് കണ്ടെത്തണം. ഒന്നുമില്ലായ്മയിൽനിന്ന് ഒരു പുതിയ നിയമം കൊണ്ടുവരികയാണ്. ഒരു നിയമമായി കഴിഞ്ഞു. ഇനി ഒന്നോരണ്ടോ വർഷത്തിനുള്ളിൽ ഇതിന്റെ പ്രസക്തമായ കാര്യങ്ങൾ അമെന്റ്മെന്റിലൂടെ കൊണ്ടുവരാൻ കഴിയണം. പക്ഷേ, ഇങ്ങനെയൊരു ബിൽ കൊണ്ടുവരിക എന്നുള്ളത് ഭാഷാസ്നേഹികളുടെ വലിയ ഒരു ആഗ്രഹമായിരുന്നു. ഭാഗികമായി പല കാര്യങ്ങളും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നുള്ളത് സത്യമല്ലേ? ഞാൻ പറഞ്ഞ കാര്യങ്ങൾ പ്രസക്തമുള്ളതാണ്. അത് ഞാൻ ഇവിടെ ഉന്നയിക്കുകയും ചെയ്തതാണ്. ആ നിലയ്ക്ക് അടിമുടി ഇതിനെ ആക്ഷേപിക്കുന്നത് ശരിയല്ല.

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട സി. പി. മുഹമ്മദ്, ഈ ബിൽ പാസ്സാക്കണമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ രാവിലെ എട്ടര മണിമുതൽ ഇവിടെ

ഇരിക്കുന്നത്. അല്ലെങ്കിൽ ഞങ്ങൾക്ക് വേറെ പരിപാടികളെല്ലാം ഉണ്ട്. ഞങ്ങൾ ഇവിടെയിരുന്നത് നിങ്ങളേക്കാൾ കൂടുതൽ മലയാള ഭാഷയോട് സ്നേഹവും താല്പര്യവുമുള്ളതുകൊണ്ടാണ്. അർദ്ധരാത്രി വരെ ഇവിടെ കുത്തിയിരുന്ന് ഈ ബിൽ പാസ്സാക്കണമെന്ന് ഞങ്ങൾ വിചാരിക്കുന്നത് അതുകൊണ്ടുതന്നെയാണ്. ഗവൺമെന്റ് ബിസിനസ്സായിട്ടാണ് നിങ്ങൾ ഈ ബിൽ കൊണ്ടുവന്നത്. ഞങ്ങൾക്ക് ഗവൺമെന്റ് ബിസിനസ്സില്ല. ഞങ്ങൾ പ്രതിപക്ഷമെന്നുള്ള നിലയിൽ മലയാളികളോടും ഭാഷയോടുമുള്ള താല്പര്യംകൊണ്ടുമാത്രമാണ് ഇവിടെ ഇരിക്കുന്നത്. അല്ലാതെ ഞങ്ങൾക്ക് ഇങ്ങനെ ഇരിക്കേണ്ട കാര്യമില്ലല്ലോ; എന്തുവേണമെങ്കിലും ചെയ്യാമല്ലോ ഞങ്ങൾക്ക്. ഞങ്ങൾ അതൊന്നും ചെയ്തില്ല. അതുകൊണ്ട് ഞങ്ങളെ ശ്രീ. സി. പി. മുഹമ്മദ് പുതുതായി പഠിപ്പിക്കണ്ട. ഈ ബിൽ അപാകത നിറഞ്ഞതാണ്. ഡോ. എൻ. ജയരാജ് പറഞ്ഞ കാര്യം 1969-ലോ 1973-ലോ ഉള്ള കാര്യങ്ങളാണ്. ഇപ്പോൾ 2016 ആണ്. 2016-ൽ ഒരു നിയമം കൊണ്ടുവരുമ്പോൾ സമ്പൂർണ്ണമായും കുറ്റമറ്റതായിരിക്കണമെന്നുള്ള കാര്യത്തോട് താങ്കൾക്ക് യോജിപ്പുകാണും. ഞാൻ പഴയ നിയമങ്ങൾ മോശമാണെന്നോ ഇപ്പോഴത്തെ നിയമം മോശമാണെന്നോ പറഞ്ഞില്ല. ഞാൻ പറഞ്ഞത് ഇതിനിപ്പോഴും handicap ഉണ്ട്. അത് പരിഹരിക്കണം എന്നാണ്. അത് ശ്രീ. സി. പി. മുഹമ്മദ് അംഗീകരിച്ചു. ഭേദഗതി കൊണ്ടുവന്ന് ഭാവിയിൽ വേണമെങ്കിൽ മാറ്റാമെന്നാണ് അദ്ദേഹം പറഞ്ഞത്. എന്റെ അഭിപ്രായവും അതാണ്.

ഡോ. എൻ. ജയരാജ് : സർ, ഇത്തരം നിയമം കൊണ്ടുവരാനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാണിച്ചുവെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഒരു കാര്യം അങ്ങ് മറക്കരുത്. ഈ ഗവൺമെന്റിന്റെ കാലത്താണ് മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവിക്കുവേണ്ടി നിരന്തരമായ ശ്രമങ്ങൾ നടത്തുകയും അത് നേടിയെടുക്കാൻ കഴിയുകയും ചെയ്തത്. ഇവിടെ സൂചിപ്പിച്ചതുപോലെ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ പേരിൽ സർവ്വകലാശാല, മലയാളത്തിന് ഒരു സർവ്വകലാശാലയുണ്ടാക്കാൻ കഴിഞ്ഞ കാലഘട്ടമാണ്. അതോടൊപ്പംതന്നെ ഔദ്യോഗിക ഭാഷയായി മലയാളഭാഷ ഉപയോഗിക്കണമെന്നുള്ള നിയമ നിർമ്മാണത്തിന്റെ ആദ്യപടിയിലേയ്ക്ക് കടക്കാൻ കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമല്ല. ഒരുപക്ഷേ ഇവിടെ സൂചിപ്പിച്ചതുപോലെ കുറേ അപകാതകൾ ഇതിലുണ്ട്. അവ പരിഹരിച്ചുകൊണ്ട് നാളെകളിൽ മലയാളിയുടെ സ്വത്വബോധത്തെ ഒരിക്കൽക്കൂടി ശക്തിപ്പെടുത്താനുള്ള വലിയ ശ്രമത്തിന്റെ ഭാഗമാണെന്നുള്ള കാഴ്ചപ്പാട് തീർച്ചയായും ഈ നിയമനിർമ്മാണത്തിന്റെ പിന്നിലുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല.

ശ്രീ. സി. ദിവാകരൻ: സർ, ഡോ. എൻ. ജയരാജ് മാത്രമല്ല, വേറെയും ചിലർ പറഞ്ഞു ശ്രേഷ്ഠഭാഷയായി അംഗീകരിച്ചത് നിങ്ങളുടെ ശ്രമമാണെന്ന്. എന്നാൽ ചരിത്രമതല്ല. കഴിഞ്ഞകാലത്ത് ഞങ്ങളുടെ ഗവൺമെന്റ്, മുഖ്യമന്ത്രിയും

പ്രതിപക്ഷനേതാവും ഞങ്ങളടങ്ങുന്ന ആളുകൾ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെ കണ്ട് നിവേദനം കൊടുത്തത്, പരിശോധിക്കാമെന്ന് പറഞ്ഞു. അതിന്റെ തുടർച്ചയായിട്ടാണ് നിങ്ങൾ ഈ കാര്യം നടത്തിയത്. നിങ്ങൾ എങ്ങനെ ഇവിടെയെത്തിയെന്ന് നിങ്ങൾതന്നെ ആലോചിക്കണം. പണ്ടത്തെ കാര്യങ്ങളെല്ലാം neglect ചെയ്ത് ഞങ്ങൾ കുറേ കാര്യങ്ങൾ ചെയ്തു എന്നാണ് നിങ്ങൾ പറയുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അന്ന് കൊടുത്ത ശിപാർശയെ സംബന്ധിച്ച് ഞങ്ങൾ സമ്മതിക്കുന്നു. ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. പുതുശ്ശേരി രാമചന്ദ്രൻ, ശ്രീ. ഒ.എൻ.വി. കുറുപ്പ്, സുഗതകുമാരി ടീച്ചർ തുടങ്ങിയവരെല്ലാം ഡൽഹിയിൽ പോയി നിവേദനം കൊടുത്തു. വളരെ മുന്നോട്ടുപോയി. പക്ഷേ പിന്നീട് കേന്ദ്ര ഗവൺമെന്റിന്റെ കമ്മിറ്റി പരിശോധിച്ചശേഷം അത് നിരാകരിച്ചു. അപ്പോഴാണ് ഞങ്ങൾ ഭരണത്തിൽ വരുന്നത്. തുടർന്ന് ഞങ്ങൾ ഇത് ഏറ്റെടുത്തു, സമ്മർദ്ദം ചെലുത്തി, വീണ്ടും കമ്മിറ്റിയെവച്ചു. ശ്രീ. കെ. ജയകുമാറിനെ കേരളത്തിനുവേണ്ടി വാദിക്കാൻ ചുമതലപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിലാണ് കിട്ടിയത്. ഇത് ഞങ്ങളുടെ മാത്രം നേട്ടമല്ല. നമ്മുടെയെല്ലാം കൂട്ടായ ശ്രമം കൊണ്ടുതന്നെയാണ് കിട്ടിയത്.

ശ്രീ. സി. ദിവാകരൻ: സർ, അത്രയേ ഞാനും പറഞ്ഞുള്ളൂ. ഡോ. എൻ. ജയരാജിന്റെ സംസാരം കേട്ടാൽ അതല്ല, ഞങ്ങളാരും ഇതിനുവേണ്ടി ഒന്നും ചെയ്തില്ല, ഇപ്പോഴാണ് ആദ്യമായി കിട്ടിയതെന്ന് തോന്നും. അതുവേണ്ട. ഞങ്ങളുടെ കാലത്തേ ശ്രമിച്ചു. നിങ്ങളുടെ കാലത്ത് ഫലപ്രദമായി നടപ്പിലാക്കി. അതുപറഞ്ഞാൽ എനിക്ക് മനസ്സിലാകും.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ആര് നേടിയെന്നുള്ള ചർച്ച ഇപ്പോൾ വേണ്ടെന്നാണ് എനിക്ക് തോന്നുന്നത്. രണ്ടുകൂട്ടരും അതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. ആദ്യം ശ്രമിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെയാണ്. 140 മണ്ഡലങ്ങളിൽ ഇവിടുത്തെ എല്ലാ എം.എൽ.എ.മാരുടെയും നേതൃത്വത്തിലാണ് ഇവിടത്തെ എല്ലാ സാംസ്കാരിക സ്ഥാപനങ്ങളേയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ചെയറിലിരിക്കുന്ന ഡെപ്യൂട്ടി സ്പീക്കറടക്കം ഉണ്ടായിരുന്നു. 140 ക്ലാസിക്കുകളാണ് നമ്മുടെ ഓരോ കേന്ദ്രങ്ങളിലും പരിചയപ്പെടുത്തിയത്. അങ്ങനെയാണ് 'മലയാളം നമ്മുടെ അഭിമാനം' എന്ന ഒരു സന്ദേശം ജനങ്ങളിലും കുടുംബങ്ങളിലുമൊക്കെ എത്തിക്കാൻ കഴിഞ്ഞത്. സാഹിത്യ അക്കാഡമിയുടെ നേതൃത്വത്തിൽ എല്ലാ സാംസ്കാരിക സ്ഥാപനങ്ങളും യോജിച്ചുകൊണ്ടാണ് അത് നടത്തിയത്. നൂറുകണക്കിന് സാഹിത്യകാരന്മാർ അതിൽ പങ്കെടുത്തിട്ടുണ്ട്. രാഷ്ട്രീയപ്രവർത്തകർ പങ്കെടുത്തിട്ടുണ്ട്. ഓരോ എം.എൽ.എ.മാരും അതിന് നേതൃത്വം കൊടുത്തിട്ടുണ്ട്. അന്നത്തെ എട്ട് മന്ത്രിമാരുണ്ടായിരുന്നു. കേന്ദ്ര മന്ത്രിമാരെ കണ്ടു. മുഖ്യമന്ത്രിയും

സ്പീക്കർ അന്ന് സുഖമില്ലാത്തതുകൊണ്ട് വന്നില്ലായെന്നേയുള്ളൂ. അതിനെക്കുറിച്ച് കഴിഞ്ഞ ദിവസവും സംസാരിച്ചതാണ്. ഒ.എൻ.വി. കുറുപ്പ് സാർ അടക്കമുള്ളവർ അവിടെപോയി. മലയാളത്തെക്കുറിച്ച് പറയുന്നതുകേട്ട് അദ്ദേഹം കേന്ദ്ര സാഹിത്യ അക്കാദമിയെ ചുമതലപ്പെടുത്തി. നമുക്കാവശ്യമായ ഡോക്യൂമെന്റില്ലായിരുന്നു. ഇപ്പോൾ ഒരു നിയമമായി. അത് നന്നായി. പക്ഷേ ഇത് കുറച്ച് വൈകിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. പുരുഷൻ കടലുണ്ടി പറഞ്ഞത് വളരെ ശരിയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. പലരും അസ്വസ്ഥരാണ്. അതുകൊണ്ട് ഭാഷയെ സംബന്ധിക്കുന്ന ഒരു നിയമത്തോട് ആദ്യം പ്രകടിപ്പിച്ച അതേ വികാരം ഞാൻ പ്രകടിപ്പിക്കുകയാണ്. കുറേക്കൂടി ചൈതന്യവത്തായ ഒരു സദസ്സിൽ, സഭയിൽ ഇത് പാസ്സാക്കാനുള്ള സന്ദർഭം ഇല്ലാതെപോയി എന്നുള്ള ഒരു നിരാശയാണ് എനിക്കുള്ളത്. കാരണം ഈ സഭ സാധാരണ രാവിലെ കൂടുമ്പോൾ എല്ലാ മന്ത്രിമാരും എല്ലാ എം.എൽ.എ.മാരുമായി നിറഞ്ഞ് കവിഞ്ഞിരിക്കുന്നതല്ലേ? അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ഈ നിയമം പാസ്സാക്കാൻ കഴിയാതെ വരുന്നല്ലോയെന്നുള്ള വിഷമം മാത്രമേയുള്ളൂ.

ശ്രീ. ബെന്നി ബെഹനാൻ : സർ, സീനിയർ മന്ത്രിമാരായിട്ടുള്ള ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. സി.എൻ. ബാലകൃഷ്ണനും സഭയിലുണ്ട്.

ശ്രീ. സി. ദിവാകരൻ : സർ, എന്നെ പഠിപ്പിക്കല്ലേ. ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പറ്റിയും ശ്രീ. സി.എൻ. ബാലകൃഷ്ണനെപ്പറ്റിയും എന്നെ പഠിപ്പിക്കണ്ട..... ഞാൻ പറഞ്ഞത് ശ്രീ. കെ. സി. ജോസഫിന് മനസ്സിലായിക്കാണും. അങ്ങനെയുള്ള വിഷമം മാത്രമേയുള്ളൂ. എന്തായാലും പരിമിതികളുണ്ടെങ്കിലും .........

ശ്രീ. സി.പി. മുഹമ്മദ് : സർ, ........

8.00 PM]

ശ്രീ. സി. ദിവാകരൻ : സർ, ശ്രീ. സി. പി. മുഹമ്മദിന് മനസ്സിലാകാത്ത ഒരുപാട് കാര്യങ്ങളുണ്ട് ഈ ദുനിയാവിൽ. കോൺഗ്രസ്സും അവിടത്തെ മണ്ഡലവും മാത്രമല്ല, ഈ ദുനിയാവ് വളരെ വലുതാണ്. എന്നെപ്പോലുള്ള ധാരാളം ആളുകളുണ്ട്. എന്തെല്ലാം പരിമിതികളുണ്ടെങ്കിലും ഈ വൈകിയ വേളയിലാണെങ്കിലും ഇങ്ങനെയൊരു ബിൽ അവതരിപ്പിച്ചതിൽ ശ്രീ. കെ.സി. ജോസഫിനെ ഞാൻ അഭിനന്ദിക്കുന്നു. കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ ഇത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഇവിടെ അവസാനിപ്പിക്കുന്നു.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി

സഭയിൽ പ്രകടിപ്പിച്ച വികാരമുണ്ട്- സമയമില്ലെങ്കിൽ മാറ്റിവയ്ക്കുകയെന്നുള്ളത്. സമയം നിയന്ത്രിക്കരുത്. ദോശ ചുടുന്നതുപോലെ ചുടാൻ പറ്റില്ലെന്ന് അറിയാമല്ലോ. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇന്ന് പതിനഞ്ചാം നിയമസഭാ സമ്മേളനത്തിന്റെ അവസാന ദിവസമാണ്. അവസാന ദിവസത്തെ എല്ലാ ബിസിനസ്സും കഴിഞ്ഞ് സഭാനേതാവായ മുഖ്യമന്ത്രി എഴുന്നേറ്റുനിന്ന് ഇനി ബിസിനസ്സ് ഒന്നുമില്ല, സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്നുപറയുകയും ചെയർ അക്കാര്യം റൂൾ ചെയ്തതിനുശേഷം മന്ത്രിസഭചേർന്ന് സഭ പ്രൊറോഗ് ചെയ്യാനുള്ള തീരുമാനമെടുക്കണം, ഗവർണ്ണർക്ക് ശിപാർശ ചെയ്യുന്നതിന്. ആ ശിപാർശ കഴിഞ്ഞോ എന്നറിയില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഗവർണ്ണർക്ക് ശിപാർശ ചെയ്യുന്നത് നാളെ ആയാലും മതി.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ശരി. നാളെ ആയാലും മതി. അസാധാരണമായ നടപടിക്രമങ്ങൾക്കിടയിലാണ് ഈ നിയമം ചർച്ച ചെയ്യപ്പെടുന്നത്. ഇത്തരത്തിലൊരു നിയമം ചർച്ച ചെയ്യപ്പെടുമ്പോൾ ഒരു സമവായത്തിന്റേയും സൗഹൃദത്തിന്റേയും അന്തരീക്ഷം ഉണ്ടാകേണ്ടതായിരുന്നു. ഒരു കാലത്തുമില്ലാത്തതുപോലെ പ്രതിപക്ഷത്തെ പ്രകോപിപ്പിക്കാൻ പല ശ്രമങ്ങളും ഉണ്ടായി. ഒരുപക്ഷേ സമയമില്ലാത്തതുകൊണ്ട് പ്രതിപക്ഷം ഇറങ്ങിപ്പോയാൽ വേഗം പാസ്സാക്കിയെടുക്കാമെന്നുള്ള ലക്ഷ്യമായിരിക്കാം. അസാധാരണമായ പ്രകോപനങ്ങൾ ഭരണപക്ഷത്തുനിന്നും ഉണ്ടായി. അതിനെയെല്ലാം അതിജീവിച്ചാണ് ഞങ്ങൾ ഇവിടെ നിൽക്കുന്നത്.

ഇവിടെ ചർച്ച ചെയ്യപ്പെട്ട് മാറ്റിവച്ച വിഷയമാണ്. വീണ്ടുമെടുക്കുന്നത് ശരിയല്ലെന്നറിയാം. ഇന്നലെ കിട്ടിയ ബുള്ളറ്റിൻ നമ്പർ 867-ന്റെ തലക്കെട്ട് '2015-ലെ മലയാള ഭാഷാവ്യാപനവും പരിപോഷണവും ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗം മാറിയത് സംബന്ധിച്ച്' എന്നാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് 'ചുമതല വഹിക്കുന്ന അംഗത്തിന് മാറാൻ കഴിയില്ല, പ്രമേയം മാറ്റുന്നതിന് മറ്റൊരാളെ ചുമതലപ്പെടുത്താം' എന്നാണ്. ചുമതല വഹിക്കുന്ന അംഗം മാറാൻ പാടില്ലായെന്ന്......... ചട്ടം ഇനി വായിക്കേണ്ടതില്ലല്ലോ. ചട്ടം 78-ന് വിശദീകരണം - ക്ലിപ്ത നിബന്ധനയിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥ എന്തുതന്നെ ആയിരുന്നാലും ബിൽ അവതരിപ്പിച്ച ഒരംഗം ചുമതല വഹിക്കുന്ന അംഗമായി തുടരുന്നതാണ്. പക്ഷേ ഇന്നലത്തെ ബുള്ളറ്റിൻ എന്താണ്; അതിന്റെ തലക്കെട്ട് എന്തായിരുന്നു; 'ചുമതല വഹിക്കുന്ന അംഗം മാറിയതുസംബന്ധിച്ച്' എന്നാണ്. ചട്ടവിരുദ്ധമല്ലേ; അതിനെ സംബന്ധിച്ച് ചർച്ച ചെയ്ത് സമയം കളയേണ്ട.

ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ ഏതെങ്കിലും വിഭാഗം ആളുകൾ ഇതിൽ പൂർണ്ണ തൃപ്തരാണോ; ഐക്യ മലയാളപ്രസ്ഥാനം ഉൾപ്പെടെ ഇതിനുവേണ്ടി പ്രവർത്തിച്ച നിരവധി ആളുകളുണ്ട്. ഇവിടെ ശ്രീമതി സുഗതകുമാരി, ശ്രീ. ഒ. എൻ. വി. കുറുപ്പ്, ശ്രീ. പുതുശ്ശേരി രാമചന്ദ്രൻ ഉൾപ്പെടെയുള്ളവരുടെ പേരുകൾ പരാമർശിച്ചു, ഭരണ പ്രതിപക്ഷാംഗങ്ങൾ എല്ലാവരും ചേർന്ന് ആഗ്രഹിക്കുന്ന ഒരു മലയാള ഭാഷാ നിയമം കൊണ്ടുവരുമ്പോൾ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ആരെങ്കിലും സംതൃപ്തരാണോ; അങ്ങ് അദ്ധ്യക്ഷനായ നിയമസഭാ കമ്മിറ്റി ഉൾപ്പെടെ, അങ്ങേയ്ക്ക് സഭയിൽ പറയാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ പറയേണ്ട, അങ്ങ് സംതൃപ്തനാണോ; ഭരണപക്ഷത്തുള്ള അംഗങ്ങൾ സംതൃപ്തരാണോ; ബഹുമാനപ്പെട്ട സി. പി. മുഹമ്മദ്, ഡോ. എൻ. ജയരാജ് തുടങ്ങിയവർ പലതവണ എഴുന്നേറ്റ് ഈ ബില്ലിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചു. ആദ്യമായി ഒരു നിയമം നിർമ്മിക്കുമ്പോൾ ഒരു സമവായത്തിന്റെ അന്തരീക്ഷത്തിൽ ഒഴിവാക്കാൻ കഴിയുന്ന എല്ലാ പിശകുകളും ഒഴിവാക്കി സമ്പൂർണ്ണമായ ഒരു നിയമനിർമ്മാണത്തിനു വേണ്ടിയുള്ള പരിശ്രമം ഉണ്ടായില്ലായെന്നുള്ളത് ഏറ്റവും സങ്കടകരമാണ്. അങ്ങയുടെ നേതൃത്വത്തിലുണ്ടായിരുന്ന കമ്മിറ്റി, മലയാള ഭാഷാ വികസനവകുപ്പ്, മലയാള ഭാഷാ ഡയറക്ടറേറ്റ് രൂപീകരണമുൾപ്പെടെ രണ്ട് നിർദ്ദേശങ്ങൾ വച്ചു. സബ്ജക്ട് കമ്മിറ്റിക്ക് പോകുന്നതിനുമുമ്പ് സഭയിൽ അവതരിപ്പിച്ച ബില്ലിൽപോലും ഡയറക്ടറേറ്റിനെക്കുറിച്ച് പറഞ്ഞിട്ടില്ല. ഡയറക്ടറേറ്റ് പല രൂപത്തിലുള്ള ഏകോപനങ്ങളും പ്രവർത്തനങ്ങളും നടത്തണമെന്നാണ് അങ്ങയുടെ കമ്മിറ്റി ശിപാർശ ചെയ്തത്. സബ്ജക്ട് കമ്മിറ്റിയിൽ പോകുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞു- 'വകുപ്പ് എന്നുപറഞ്ഞത് ഒരു പിശകാണ് ഈ നിയമത്തിൽ പിശകുപറ്റിപ്പോയതാണ്. അപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ പോയിട്ടുവന്നപ്പോൾ ഈ ബില്ലിന്റെ സ്ഥിതിയെന്താണ്; നിലവിലിരിക്കുന്ന ഒരു വകുപ്പിനെ പുനർനാമകരണം ചെയ്യുന്നു. സെക്രട്ടേറിയറ്റിൽ നിലവിലുള്ള 'ഉദ്യോഗസ്ഥ ഭരണ പരിഷ്കാര ഔദ്യോഗികഭാഷാ വകുപ്പിനെ' 'മലയാളഭാഷാ വികസനവകുപ്പ്' എന്ന് പുനർനാമകരണം ചെയ്യു. എന്തിനാണ്; ഡയറക്ടറേറ്റ് ഇല്ലെന്നുപോകട്ടെ, ഈ സഭയിൽ കരടുനിയമം അവതരിപ്പിച്ചപ്പോൾ ഉണ്ടായിരുന്ന വികസന വകുപ്പും മാറി. കാരണം വികസന വകുപ്പുമാറുകയാണെങ്കിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവ് കാണിക്കണം. ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവ് ചേർത്തിട്ടില്ല. കഴിഞ്ഞ ദിവസം ഒരു ബിൽ പരിഷ്കരിച്ചതുപോലെ ചെയ്യാമായിരുന്നല്ലോ. ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവ് ചേർത്തിട്ടില്ലായെന്നു പറഞ്ഞുകൊണ്ട്, വകുപ്പുരൂപീകരിച്ചാൽ ചെലവുണ്ടാകുന്നതിന് ഗവർണ്ണറുടെ അനുമതിയുൾപ്പെടെ വേണം. അതുകൊണ്ട് നിലവിലിരിക്കുന്ന ഒരു വകുപ്പിനെ പുനർനാമകരണം ചെയ്തിരിക്കുന്നു എന്നുള്ളതാണ് നമ്മളിപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന നിയമത്തിലെ പ്രധാന പോരായ്മ. സെക്രട്ടേറിയറ്റിലുള്ള ഒരു

വകുപ്പിന്റെ പേരുമാറ്റുന്നതിന് നിയമത്തിന്റെ ആവശ്യമുണ്ടോ; ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പോരേ; മന്ത്രിസഭയുടെ തീരുമാനം വേണോ; അപ്പോൾ ഇന്ന് ചർച്ച ചെയ്യുന്ന നിയമത്തിലെ പ്രധാനപ്പെട്ട കാര്യം ഡയറക്ടറേറ്റ് ഇല്ലായെന്നുള്ളതാണ്. അക്കാര്യത്തിലാണ് പലർക്കും അതൃപ്തിയുള്ളത്. പ്രവർത്തനത്തെ ഏകോപിപ്പിക്കാനുള്ള സംവിധാനമില്ല, പ്രവർത്തന രീതികളെക്കുറിച്ച് പറയുന്നില്ല. പുതിയ വകുപ്പില്ല. ഒരു വകുപ്പിന്റെ പേരുമാറ്റുന്നത് സംബന്ധിച്ചുമാത്രമായി ഈ ബിൽ പരിമിതപ്പെട്ടുപോയി എന്നുള്ളതാണ്. ശ്രീ. സി. ദിവാകരൻ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ ഡോ. എൻ. ജയരാജ് ഇടപെട്ട് 1969-ലേയും 1973-ലേയും നിയമങ്ങളേക്കാൾ മെച്ചപ്പെട്ട നിയമമല്ലേ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത് എന്നുചോദിച്ചു. 1969-ലേത് നിയമവും 1973-ലേത് ഭേദഗതിയുമാണ്. അതിന്റെ Bare Act എന്റെ കയ്യിലുണ്ട്. 1969-ലെ നിയമം നിയമനിർമ്മാണത്തെ ക്കുറിച്ചുമാത്രമാണ്. അതിൽ ഔദ്യോഗികഭാഷ എന്നുള്ള വിഷയംകൂടി കടന്നുവരുന്നത് 1973-ൽ ഭേദഗതി വരുത്തിയപ്പോഴാണ്. ആ നിയമങ്ങളൊക്കെ ഇംഗ്ലീഷിൽ ആയതുകൊണ്ടാണ് ലെജിസ്ലേഷൻ എന്ന വാക്ക് ഉപയോഗിക്കുന്നത്. Kerala Official Language Legislation (Amendment) Act- ന്റെ പേരിലെ ലെജിസ്ലേഷൻ എന്ന വാക്ക് Kerala Official Languages Act എന്നുമാറ്റി. അതിനേക്കാൾ മെച്ചപ്പെട്ട നിയമമല്ലേ എന്നുചോദിച്ചാൽ പഠന കാര്യങ്ങളിൽ സ്കൂൾ വിദ്യാഭ്യാസ കാര്യത്തിൽ അല്ലെങ്കിൽ കോടതി ഭാഷയുടെ കാര്യത്തിൽ അല്ലെങ്കിൽ ഗവൺമെന്റുമായുള്ള ആശയവിനിമയ കാര്യത്തിൽ ബോധനസംവിധാനത്തിന്റെ കാര്യത്തിലൊക്കെ ചില കാര്യങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. അതിനെക്കാൾ മോശമാണെന്ന് ഞാൻ പറയുന്നില്ല. അതിനെക്കാൾ കൂടുതൽ വകുപ്പുകളുണ്ട്. പക്ഷേ അതിൽ ഇല്ലാതിരുന്ന ചില അപകടങ്ങൾ ഈ പുതിയ നിയമത്തിൽ വരികയാണ്. അന്നത്തെ നിയമമനുസരിച്ച് ഈ ആക്ട് പ്രകാരം അത് റദ്ദാക്കപ്പെടുകയാണ്. 1969-ലെ നിയമത്തിൽ രണ്ട് വകുപ്പുകളേ ഉണ്ടായിരുന്നുള്ളൂ. രണ്ടാമത്തെ വകുപ്പിൽ പറയുന്നത്, 'The Language shall be .......... Malayalam or English'. മലയാളമോ ഇംഗ്ലീഷോ ആകാം. പക്ഷേ ഇന്ന് നമ്മൾ ഈ നിയമം റദ്ദ് ചെയ്തുകൊണ്ട് മലയാളംതന്നെ ആയിരിക്കണം എന്നെഴുതാൻ പോകുകയാണ്. മലയാളം ആയിരിക്കുമ്പോൾത്തന്നെ നിശ്ചിത കാലാവധിക്കുള്ളിൽ ഇംഗ്ലീഷ് പരിഭാഷയുമാകാം. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത വിഷയമാണ്. ഞാൻ കണ്ടുപിടിച്ചതല്ല. നിയമ വകുപ്പിലെ ഉദ്യോഗസ്ഥർ ചൂണ്ടിക്കാണിച്ച വിഷയമാണ്. ഒഫിഷ്യൽ ലാംഗ്വേജസ് ആക്ടുപ്രകാരം, കേന്ദ്രനിയമപ്രകാരം ഒരു സംസ്ഥാനത്ത് നിയമനിർമ്മാണമേഖലയിൽ - ബിൽ കൊണ്ടുവന്നാലും ഓർഡിനൻസായാലും ആക്ടായി പാസ്സാക്കിയാലും സബോർഡിനേറ്റ് ലെജിസ്ലേഷൻ ആണെങ്കിലും ഹിന്ദിയല്ലാതെ മറ്റൊരുഭാഷ സ്വീകരിക്കുകയാണെങ്കിൽ അതിന് ഹിന്ദി പരിഭാഷ കൂടി വേണമെന്ന് കേന്ദ്രനിയമത്തിൽ പറയുന്നുണ്ട്. സബ്ജക്ട് കമ്മിറ്റി യോഗത്തിൽ

ചർച്ച ചെയ്യതതാണ്. ഇപ്പോൾ വന്നിരിക്കുന്ന നിയമത്തിലെ വ്യവസ്ഥ എന്താണ്? Malayalam or English എന്ന 1969-ലുള്ള നിയമത്തിൽനിന്നും വ്യത്യസ്തമായി മലയാളം ഭാഷ മാത്രമാകുമ്പോൾ ഇംഗ്ലീഷ് ഭാഷയും തർജ്ജിമയാകണമെന്ന് പറയുമ്പോൾ ഇനി ഹിന്ദി തർജ്ജിമകൂടി കൊടുക്കേണ്ടുന്ന അവസ്ഥയാണ് ഇപ്പോൾ സംജാതമാകുന്നത്. അതാണ് സെൻട്രൽ ആക്ടിന്റെ സെക്ഷൻ ആറ് പറയുന്നത്. മലയാളം ബില്ലിൽ ഇംഗ്ലീഷ് വായിക്കാൻ പാടില്ല എന്ന് ആർക്കും നിർബന്ധമില്ലല്ലോ. The Official Languages Act, 1963, Section 6- Authorised Hindi translation of State Acts in certain cases- 'Where the Legislature of a State has prescribed any language other than Hindi for use in Acts passed by the Legislature of the State or in Ordinances promulgated by the Governor of the State, a translation of the same in Hindi, in addition to a translation thereof in the English language as required by clause (3) of article 348 of the Constitution, may be published on or after the appointed day under the authority of the Governor of the State in the Official Gazette of that State and in such a case, the translation in Hindi of any such Act or Ordinance shall be deemed to be the authoritative text thereof in the Hindi language.' നമ്മുടെ ഔദ്യോഗിക ഭാഷാനിയമനിർമ്മാണ രംഗത്ത് മലയാളം ആകണമെന്ന് പറയുമ്പോൾ മലയാളം എന്ന തരത്തിൽ അത് അവതരിപ്പിച്ചു കഴിഞ്ഞാൽ ഇംഗ്ലീഷിലും തർജ്ജിമ വേണം. അതോടൊപ്പം ഹിന്ദിയിലും വേണമെന്നുള്ള അവസ്ഥ വരികയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: 1963-ലെ ആക്ട് നിലവിൽ വരുമ്പോൾ ആറ് വർഷം കഴിഞ്ഞാണ് നമ്മൾ 1969-ൽ നിയമം ഉണ്ടാക്കുന്നത്. അതുകഴിഞ്ഞ് വീണ്ടും ആറ് വർഷം കഴിഞ്ഞ് 1973-ലാണ് അമെന്റ്മെന്റ് കൊണ്ടുവരുന്നത്. അന്ന് ഇത് ബാധകമായിരുന്നില്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അത് എന്തുകൊണ്ടാണെന്ന് എനിക്ക് പറയാൻ അറിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് ഗവർണ്ണറുടെ അനുവാദം കിട്ടി. 1963-ലെ നിയമമാണ് സെൻട്രൽ ആക്ട്. 1963-ലെ നിയമം നിലനിൽക്കുമ്പോഴാണ് 1969-ൽ നിയമവും 1973-ൽ അതിന്റെ അമെന്റ്മെന്റും കൊണ്ടുവരുന്നത്. അന്നത്തെ നിയമത്തിൽ ഹിന്ദി ട്രാൻസലേഷൻകൂടി കൊണ്ടുവരണമെന്ന് പറഞ്ഞിരുന്നില്ല. അന്ന് ആ നിയമം അസാധുവായില്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, 1963-ലെ നിയമം നിലവിലില്ല എന്ന് എനിക്ക് പറയാൻ അറിയില്ല. അത് നിലവിലുണ്ടെന്നാണ് എന്റെ വിശ്വാസം.

1963-ലെ കേന്ദ്രനിയമത്തിന്റെ 6-ാം വകുപ്പ് ഇപ്പോഴും പ്രാബല്യത്തിലുണ്ട്. അങ്ങ് ഇക്കാര്യങ്ങളൊക്കെ വളരെയധികം പഠിച്ചിരിക്കുന്നുവെന്നുള്ളതിൽ ഞാൻ സന്തോഷവാനാണ്. 1969-ലെ സംസ്ഥാനത്തെ ആക്ടിനുശേഷം ഇന്നുവരെയും ഹിന്ദി ട്രാൻസലേഷൻ ആവശ്യമായിരുന്നു എന്നാണ് അങ്ങ് പറയാൻ ശ്രമിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അന്ന് അങ്ങനെ വേണ്ടിവന്നില്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അന്ന് ആ നിയമം നമ്മൾ കംപ്ലൈ ചെയ്തിരുന്നില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അന്ന് ഹിന്ദി ട്രാൻസലേഷൻ വേണമെന്ന് ഭരണഘടനയിൽ പ്രൊവിഷനില്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഹിന്ദി ട്രാൻസലേഷൻ വേണമെന്ന് കേന്ദ്ര നിയമത്തിൽ പറയുന്നുണ്ട്. The Official Languages Act, 1963-ലെ ആറാം വകുപ്പാണ് ഞാൻ വായിച്ചത്.

ശ്രീ. കെ. സി. ജോസഫ്: ആ വകുപ്പ് വായിക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അതിൽ ഹിന്ദി ട്രാൻസലേഷൻ പറയുന്നുണ്ട്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാനിത് നിയമസഭാ ലൈബ്രറിയിൽനിന്നും എടുത്തതാണ്. Section 6- Authorised Hindi translation of State Acts in certain cases- 'Where the Legislature of a State has prescribed any language other than Hindi for use in Acts passed by the Legislature of the State or in Ordinances promulgated by the Governor of the State, a translation of the same in Hindi, in addition to a translation thereof in the English language as required by clause (3) of article 348 of the Constitution, may be published on or after the appointed day under the authority of the Governor of the State in the Official Gazette of that State and in such a case, the translation in Hindi of any such Act or Ordinance shall be deemed to be the authoritative text thereof in the Hindi language.' കേന്ദ്രനിയമത്തിലെ ആറാം വകുപ്പിൽ ഹിന്ദി പരിഭാഷ വേണം. അത് എന്തുകൊണ്ട് 1969-നുശേഷം നമ്മൾ കംപ്ലൈ ചെയ്തില്ല എന്നുള്ളത് പറയാൻ എനിക്ക് അറിയില്ല. പക്ഷേ കേന്ദ്ര നിയമത്തിൽ അങ്ങനെ നിഷ്കർഷിക്കുന്നുണ്ട്. സബ്ജക്ട് കമ്മിറ്റി യോഗത്തിൽ നിയമവകുപ്പിലെ ഉദ്യോഗസ്ഥന്മാർ തന്നെ ഇതുസംബന്ധിച്ച് ചൂണ്ടിക്കാണിച്ചിരുന്നു.

ഇപ്പോൾ നമ്മൾ ഒരു നിയമം സഭയിൽ അവതരിപ്പിച്ചാൽ അതിന്റെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ ആവശ്യമാണെന്നുള്ള കേന്ദ്ര നിയമത്തിന്റെ വ്യവസ്ഥകൾ അനുസരിച്ചാണ് പോകുന്നത്. ഈ പരിമിതിയെ നമ്മൾ എങ്ങനെ overcome ചെയ്യുമെന്ന് എനിക്ക് പറയാൻ അറിയില്ല. ഇവിടെ മുൻ പ്രാസംഗികന്മാർ പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. സമയമില്ലാത്തതു കൊണ്ട് ഞാൻ ചുരുക്കുകയാണ്. ഭാഷാന്യൂനപക്ഷങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ചില അവകാശങ്ങൾ പരിമിതപ്പെടുകയാണ്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഭാഷാന്യൂനപക്ഷങ്ങൾക്ക് 1973-ലെ അമെന്റ്മെന്റോടുകൂടി ചില അവകാശങ്ങൾ ഉണ്ടായിരുന്നു. Kerala Official Languages Act, 1969 as amended by 1973-ലെ Section 3- Special provisions in respect of linguistic minorities- Notwithstanding anything contained in this Act, the following special provisions shall apply in respect of linguistic minorities in the State, namely:–

(a) The Tamil and Kannada minority people in the State may use their respective languages for their correspondence with the State Government in the Secretariat and the Heads of Departments and also with all the local offices of the State Government situate in those areas which are declared by the Government to be linguistic minority areas for the purpose and the replies sent in such cases shall also be in their respective minority languages. അതായത്, തമിഴും കന്നഡയും സംസാരിക്കുന്ന ഭാഷാന്യൂനപക്ഷങ്ങൾക്ക്, അവരുടെ respective minority languages-ൽ ഗവൺമെന്റിന് കത്തയച്ചാൽ കത്തിടപാടുകൾക്ക് ഗവൺമെന്റ് മറുപടി കൊടുക്കുന്നത് ആ ഭാഷയിൽത്തന്നെ ആയിരിക്കണം എന്നാണ്. അത് നടപ്പിലായിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അവരുടെ ന്യൂനപക്ഷ ഭാഷയിൽതന്നെ മറുപടി ലഭിക്കുമെന്ന നിയമപരമായൊരു പരിരക്ഷ അവർക്ക് കിട്ടിയിരുന്നു. ഇപ്പോൾ ചർച്ച ചെയ്യുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത 5(b) അനുസരിച്ച് 'സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷങ്ങൾ സംസ്ഥാന ഗവൺമെന്റ് സെക്രട്ടേറിയറ്റുമായും വകുപ്പദ്ധ്യക്ഷന്മാരുമായും മറ്റു സർക്കാർ ആഫീസുകളുമായും ഉള്ള അവരുടെ കത്തിടപാടുകളിൽ അവരുടെ ഭാഷകളോ ഇംഗ്ലീഷോ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അയയ്ക്കുന്ന മറുപടികൾ അതത് ന്യൂനപക്ഷ ഭാഷകളിലോ ഇംഗ്ലീഷിലോ ആയിരിക്കേണ്ടതുമാണ്.' ഞാൻ പറഞ്ഞ പോയിന്റ് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. സർക്കാർ കൊടുക്കുന്ന മറുപടി 1973-ലെ ഭേദഗതിയോടുകൂടി ഒഫിഷ്യൽ എന്ന് നിലവിലിരിക്കുന്ന നിയമത്തിൽ, അതാത് ഭാഷയിൽതന്നെ ആയിരിക്കണം എന്ന് കൃത്യമായി പറഞ്ഞിരിക്കുന്നുവെങ്കിൽ ഇപ്പോൾ നമ്മുടെ

ഭേദഗതി എന്ന് പറയുന്നത് അതാത് ഭാഷയിലോ ഇംഗ്ലീഷിലോ ആയിരിക്കണം എന്നാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അതായത് സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷങ്ങൾ സംസ്ഥാന ഗവൺമെന്റ് സെക്രട്ടേറിയറ്റുമായും വകുപ്പദ്ധ്യക്ഷ ന്മാരുമായും മറ്റു സർക്കാർ ആഫീസുകളുമായും ഉള്ള അവരുടെ കത്തിടപാടുകളിൽ അവരുടെ ഭാഷകളോ ഇംഗ്ലീഷോ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അയയ്ക്കുന്ന മറുപടികൾ അതത് ന്യൂനപക്ഷ ഭാഷകളിലോ ഇംഗ്ലീഷിലോ ആയിരിക്കേണ്ടതാണ്. respective ആയാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, respective എന്ന വാക്ക് അവിടെ വന്നാൽ മതിയാകും. Respective എന്ന വാക്ക് അവിടെ വരാൻ അങ്ങ് ഒരു ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചാൽ മതിയാകും. അങ്ങ് പറയുന്ന വ്യാഖ്യാനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ ആ പ്രശ്നമില്ല. ഞാൻ വകുപ്പ് തിരിച്ചുള്ള അമെന്റ്മെന്റ് കൊടുത്തിട്ടില്ല. ഇപ്പോഴത്തെ നിലയ്ക്ക് മറുപടി അതാത് ന്യൂനപക്ഷഭാഷയിലോ ഇംഗ്ലീഷിലോ ആയിരിക്കേണ്ടതാണെന്ന് പറഞ്ഞാൽ ഏതുഭാഷയും ആകാമെന്നാണ്. തമിഴിൽ ഒരു കത്തു വന്നാൽ അതിനുള്ള മറുപടി തമിഴിൽത്തന്നെ ആയിരിക്കണമെന്നും, കന്നഡയിലുള്ള കത്താണെങ്കിൽ മറുപടി കന്നഡയിൽതന്നെ ആയിരിക്കണമെന്നും പ്രത്യേകമായി നിഷ്കർഷിക്കുന്ന രീതിയിൽ അങ്ങ് ഒരു ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചാൽ നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. സി. പി. മുഹമ്മദ്: സർ, കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിലുള്ള ഭാഷാന്യൂനപക്ഷങ്ങൾ രണ്ട് ഭാഷയിലും ഒരുപോലെ പ്രാവിണ്യമുള്ളവരാണ്. കൊഴിഞ്ഞാംപാറ, പാലക്കാട് പ്രദേശങ്ങളിൽ തമിഴും മലയാളവും ഭാഷകൾ ഒരുപോലെ സ്വായത്തമായവരാണ്. അതുകൊണ്ട് അങ്ങനെയൊരു വിവേചനം അവർക്ക് വരുമെന്നുള്ള അഭിപ്രായം എനിക്കില്ല.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അത് പ്രായോഗിക തലത്തിൽ വരുമ്പോൾ അങ്ങ് പറയുന്നതുപോലെയല്ല കാര്യങ്ങൾ. തമിഴ് മാത്രം സംസാരിക്കുന്ന, മലയാളം മനസ്സിലാകാത്ത, മലയാളത്തിൽ കത്ത് അയയ്ക്കാൻ കഴിയാത്ത ആളുകൾ ഇടുക്കി ജില്ലയിലെ പല ഭാഗത്തുമുണ്ട്. പാലക്കാട് ജില്ലയിലും ഇതുപോലെ ഉണ്ടാകുമെന്നുള്ള കാര്യം അങ്ങേയ്ക്ക് മാത്രമേ പറയാൻ കഴിയുകയുള്ളൂ. കാസർഗോഡ് ജില്ലയിൽ കന്നഡ ഭാഷ മാത്രം സംസാരിക്കുന്ന ആളുകളുണ്ട്. നമ്മുടെ നിയമസഭയിൽ കന്നഡയിൽ സംസാരിക്കുന്ന എം.എൽ.എ. ഉണ്ട്. അദ്ദേഹം ചിലപ്പോൾ കന്നഡയിൽ സംസാരിക്കാറുണ്ട്. അതിനൊരു പ്രത്യേക പരിഗണന കൊടുക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അതിനുള്ള പ്രത്യേക ഭേദഗതി ഞാൻ കൊടുത്തിട്ടുണ്ട്.

<u>ഡോ. എൻ. ജയരാജ്</u>: സർ, അദ്ദേഹം പറഞ്ഞതിനകത്ത് ചില യാഥാർത്ഥ്യങ്ങൾ നിലനിൽക്കുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. പ്രത്യേകിച്ച്, ഉദ്യോഗസ്ഥന്മാർക്കിടയിൽ പലപ്പോഴും ഇംഗ്ലീഷ് സംസാരിക്കാനുള്ള അമിത ആവേശത്തിനിടയിൽ ചിലപ്പോൾ കത്തിടപാടുകൾക്കുള്ള മറുപടി അവരുടെ ഭാഷയിൽ കൊടുക്കുന്നതിന് പകരം ഇംഗ്ലീഷിൽ കൊടുക്കാനുള്ള പ്രവണത സൃഷ്ടിക്കപ്പെടാൻ സാദ്ധ്യതയുണ്ട്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, പിന്നീട് വരുന്നത് കോടതി ഭാഷയെ സംബന്ധിച്ചാണ്. കോടതി ഭാഷയിൽ നമുക്ക് ചില പരിമിതികളുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ജഡ്ജിമാർ ഹൈക്കോടതിയിൽ വരും. അവർ മലയാളം പഠിക്കണമെന്ന് നിഷ്കർഷിക്കാൻ നമുക്ക് കഴിയില്ല. ജില്ലാകോടതിയുടെ താഴെയുള്ള കോടതികളിലും എന്നുമാത്രമായി പരിമിതപ്പെടുത്തുക, പ്രായോഗികമായ പരിമിതിയാണ്. ഹൈക്കോടതി തീരുമാനിക്കുന്ന പ്രകാരം മാത്രമേ കീഴ്കോടതിയിൽ അത് നടപ്പിലാക്കാൻ കഴിയൂ എന്ന പരിമതിയുണ്ട്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, നമ്മുടെ നിയമസഭയിൽ ഇപ്പോൾത്തന്നെ മലയാളം, തമിഴ്, കന്നട, ഇംഗ്ലീഷ് എന്നീ നാല് ഭാഷകളിൽ മറുപടി ലഭിക്കുന്നുണ്ടെന്ന വിവരം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, നിയമസഭയിൽ അങ്ങനെ മറുപടി കിട്ടുന്നതുപോലെതന്നെ ആ പ്രദേശത്തെ ഭാഷാ ന്യൂനപക്ഷങ്ങളിൽപ്പെടുന്ന ആളുകൾ അവരുടെ ഭാഷയിൽ സർക്കാരിന് കത്തയച്ചാൽ ആ ഭാഷയിൽ മറുപടി ലഭിക്കണം എന്ന് അവർക്കുണ്ടായിരുന്ന അവകാശം ഈ നിയമത്തിലൂടെ പരിമിതപ്പെട്ടുപോകരുത് എന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നമ്മളുണ്ടാക്കുന്നത് നിയമമാണ്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ആ നിയമത്തിൽ പല പോരായ്മകളുമുണ്ട്. എല്ലാ പോരായ്മകളും നമുക്ക് പരിഹരിക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് പറഞ്ഞതുപോലെ ഈ നിയമം പാസ്സാക്കിയാൽ വളരെ വേഗത്തിൽ നമ്മൾ ഭേദഗതി നിയമത്തിലേക്ക് പോകേണ്ടിവരും, കാരണം ഇത് സമ്പൂർണ്ണമല്ല. ഇതിൽ ധനകാര്യ മെമ്മോറാണ്ടം ഉൾക്കൊള്ളിക്കാൻ കഴിയാതെ പോയി എന്നുപറഞ്ഞത് നമുക്ക് പറ്റിയ പിശകാണ്. അതുകൊണ്ട് ഡയറക്ടറേറ്റില്ല, വകുപ്പില്ല, വകുപ്പിന്റെ പേര് മാറ്റുന്നു. വളരെ പരിമിതമായ ചില ലക്ഷ്യം മാത്രമേ ഈ

നിയമനിർമ്മാണത്തിലൂടെ സാധിക്കുന്നുള്ളൂ. ആ പരിമിതമായ ലക്ഷ്യമെങ്കിലും കൈവരിക്കാൻ കഴിയുന്നതിലുള്ള സംതൃപ്തി അറിയിച്ചുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ നിയമസഭ പാസ്സാക്കിയ പല നിയമനിർമ്മാണ ചർച്ചകളിലും പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. പക്ഷേ അതിൽ നിന്നൊക്കെ വ്യത്യസ്തമായ ആത്മസംതൃപ്തിയോടും സന്തോഷത്തോടുംകൂടിയാണ് ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. കേരളത്തിന്റെ ഔദ്യോഗിക ഭാഷയായി മലയാളത്തെ സ്വീകരിക്കുന്നതിനും എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിനും കേരളത്തിന്റെ സമസ്ത മേഖലകളിലും മലയാളഭാഷയുടെ ഉപയോഗം വ്യവസ്ഥ ചെയ്യുന്നതിനും മലയാള ഭാഷയുടെ വളർച്ചയും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള ഈ നിയമത്തിന്റെ ചർച്ചയിൽ അംഗസംഖ്യ കുറവാണെങ്കിലും ഈ നിയമത്തിന്റെ ഉദ്ദേശശുദ്ധിയേയും ഇതിന്റെ പ്രസക്തിയെയും കണക്കിലെടുത്തുകൊണ്ട് മറ്റേതു നിയമനിർമ്മാണ ചർച്ചയിൽ പങ്കെടുത്തതിനെക്കാളും കൂടുതൽ അഭിമാനത്തോടുകൂടി മലയാളിയെന്ന നിലയിലും ഭാഷാസ്നേഹി എന്ന നിലയിലും ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനാണ് ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. മലയാള ഭാഷാ ബിൽ അവതരിപ്പിച്ചപ്പോൾ സാങ്കേതികമായ തടസ്സങ്ങൾ നിങ്ങൾ ഉന്നയിച്ചു, മറ്റ് പലതും പറഞ്ഞു. ഞാൻ അതുസംബന്ധിച്ച് വിമർശിക്കുന്നില്ല. പക്ഷേ ഒരു കാര്യം എന്റെ ബഹുമാന്യ സ്നേഹിതൻ കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, മലയാള ഭാഷയോട് ഈ ഗവൺമെന്റിന് വേണ്ടത്ര മമതയില്ല, താൽപ്പര്യമില്ല എന്നാണ്. കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തിനുശേഷം മലയാള ഭാഷയ്ക്ക് അഭിമാനിക്കാവുന്ന ഒരു മുഹൂർത്തമാണ് ഇതെന്ന് അങ്ങ് പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനുമുമ്പും ഇത്തരം മുഹൂർത്തങ്ങളുണ്ടായിട്ടുണ്ട്. മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കുന്നതിന് നിരന്തരമായി നമ്മൾ നടത്തിയ ശ്രമത്തെ വിജയിപ്പിക്കാൻ കഴിഞ്ഞത് യു.ഡി.എഫ്.ന്റെ ഭരണകാലത്താണ്. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാ പദവി നേടിയ നാലഞ്ച് ഭാഷകളിൽ ഒന്നായി മലയാളം മാറി. എത്രയോ ഗവൺമെന്റുകൾ നമുക്കുണ്ടായിരുന്നു. മലയാളഭാഷയുടെ പിതാവായ മഹാകവി തുഞ്ചത്തെഴുത്തച്ഛന്റെ നാമകരണം പുതിയതായി രൂപം

കൊടുത്തിരിക്കുന്ന മലയാളം യൂണിവേഴ്സിറ്റിക്ക് പൂർണ്ണമായും നൽകണമെന്ന് പറഞ്ഞുകൊണ്ട് തുഞ്ചത്തെഴുത്തച്ഛന്റെ മഹിമയെ വളരെ ബഹുമാനത്തോടുകൂടി ഉയർത്തിപ്പിടിച്ച എന്റെ ബഹുമാന്യ സ്നേഹിതൻ സി. ദിവാകരൻ, നിങ്ങളുടെ ഭരണകാലത്ത് തുഞ്ചത്തെഴുത്തച്ഛന്റെ പേരിൽ ഒരു യൂണിവേഴ്സിറ്റി രൂപീകരിക്കാൻ കഴിഞ്ഞോ? തുഞ്ചത്തെഴുത്തച്ഛന്റെ പേരിലുള്ള മലയാളം സർവ്വകലാശാല രൂപീകരിച്ച ഗവൺമെന്റാണിത്. ചരിത്രത്തിലാദ്യമായി, നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ മറ്റൊരു ഭുവൽ പോലെ ഈ നിയമം പാസ്സാക്കാൻ പോവുകയാണ്. ശ്രീ. എം. ടി. വാസുദേവൻ നായർ, ശ്രീമതി സുഗതകുമാരി എന്നിവരെപ്പോലെ മലയാളികൾക്കെന്നും അഭിമാനിക്കാവുന്ന സാഹിത്യ നായകൻമാരുടെ ശക്തമായ പ്രേരണ ഇത്തരത്തിലുള്ള നിയമം കൊണ്ടുവരുന്നതിനുണ്ടായിരുന്നു. ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു, ഇത്തരത്തിലുള്ള നിയമം കൊണ്ടുവരുന്നതിന് അങ്ങ് ചെയർമാനായ നിയമസഭാ കമ്മിറ്റിയുടെ ശക്തമായ ഇടപെടൽ ഉണ്ടായിരുന്നു. ആ സമിതിയുടെ 11 ശിപാർശകളാണുള്ളത്, സമയക്കുറവുമൂലം ഞാൻ വായിക്കുന്നില്ല. അങ്ങ് സൂചിപ്പിച്ചു, പക്ഷേ അദ്ദേഹത്തെ അഭിനന്ദിച്ചില്ല. മാത്രമല്ല, നമ്മുടെ ഭാഷയെ ഇഷ്ടപ്പെടുന്ന മലയാളികളുടെ പ്രാർത്ഥന, ആവശ്യകത ഇതിന്റെ പിന്നിലുണ്ട്. ഇവിടത്തെ യുവജനപ്രസ്ഥാനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ എല്ലാവരും ഇത് ആഗ്രഹിച്ചെങ്കിലും ഇത്തരത്തിലുള്ള നിയമം നടപ്പാക്കാനുള്ള ആർജ്ജവം കാണിച്ചത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് എന്ന് സൂചിപ്പിക്കുന്നു. മലയാളഭാഷ തൻ മാദകഭംഗിയെ ഞാൻ ബഹുമാനിക്കുകയും സ്നേഹിക്കുകയും പ്രേമിക്കുകയും ചെയ്യുന്നു. പക്ഷേ ഞാനൊരു ഭാഷാ മൗലികവാദിയാകാൻ ആഗ്രഹിക്കുന്നില്ല. മലയാളഭാഷയുടെ ബിൽ ചർച്ച ചെയ്യുമ്പോൾ ഏതെങ്കിലുമൊരു ഇംഗ്ലീഷ് പദം അതിൽ കടന്നുവന്നാൽ അത് മലയാള ഭാഷയോട് സ്നേഹമില്ലാത്തതുകൊണ്ടല്ല. ഒരു പ്രദേശത്തെ മുഴുവൻ കോർത്തിണക്കുന്ന ഒന്നാണ് ഭാഷയെന്ന് ഇവിടെ പലരും പറഞ്ഞു. ഞാൻ അതിനോട് പൂർണ്ണമായി യോജിക്കുന്നില്ല. ഇന്ത്യയിൽ ഒരു കാലഘട്ടത്തിൽ ഭാഷാസംസ്ഥാനങ്ങളാണ് രൂപീകരിച്ചിരുന്നതെങ്കിൽ അടുത്ത കാലത്ത് തെലുങ്കാന സംസ്ഥാനം രൂപീകൃതമായത് ഭൂമിശാസ്ത്രപരമായ ഘടനയുടെയും രാഷ്ട്രീയപരമായ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ്. ഭാഷ ഒരു പ്രദേശത്തെ കോർത്തിണക്കാൻ വേണ്ടിയുള്ള ഉപാധി മാത്രമല്ല. ഒരു വ്യക്തിയുടെ ഇംഗിതത്തെ മറ്റൊരാൾക്ക് മനസ്സിലാക്കുന്ന ഉപാധിയാണ് ഭാഷ.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഭാഷ പ്രദേശങ്ങളെ യോജിപ്പിക്കുന്നില്ല എന്നത് ശരിയാണ്. ഹിന്ദി സംസാരിക്കുന്ന എത്രയോ സംസ്ഥാനങ്ങളും അറബി സംസാരിക്കുന്ന എത്രയോ രാജ്യങ്ങളുമുണ്ട്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഒരു വ്യക്തിയുടെ ഇംഗിതത്തെ മറ്റൊരാളിന് ബോധ്യപ്പെടുത്താൻ കഴിയുന്ന ഉപാധിയാണ് ഭാഷ. ഭാഷകൊണ്ട് ഉദ്ദേശിക്കുന്നത് ആശയസംവേദനവും ആശയസ്വീകാര്യതയുമാണ്. ഒരു ജൈവ രൂപമാണ് ഭാഷ, ഭാഷയ്ക്ക് ജീവനുണ്ട്. ഭാഷയ്ക്ക് ജൈവ രൂപമുള്ളതുകൊണ്ട് അത് കൊണ്ടും കൊടുത്തുമാണ് വളരുന്നത്. ആശയസംവേദനവും ആശയസ്വീകരണവും നടത്തിയില്ലെങ്കിൽ ഭാഷ മരിച്ചുപോകും. അതുകൊണ്ട് മലയാളത്തിന്റെ ജൈവസ്വഭാവം കാത്തുസൂക്ഷിക്കുക എന്നതാണ് ഈ ബില്ലിന്റെ അന്തസ്സത്തയായി നമുക്ക് ഉയർത്തിപ്പിടിക്കാൻ കഴിയുന്നത്. നമ്മുടെ ഭാഷയെ മൃതഭാഷയാക്കി മാറ്റാൻ നമുക്ക് കഴിയില്ല. ലോകത്ത് ഒരു കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ അറിയപ്പെട്ട ഭാഷയായിരുന്നു ലാറ്റിൻ ഭാഷ. അത് പൗരോഹിത്യത്തിന്റെ ഭാഷയായിരുന്നു, യാഥാസ്ഥിതികരാണ് അത് കൈകാര്യം ചെയ്തിരുന്നത്. അതുകൊണ്ട് ആ ഭാഷ കൊണ്ടും കൊടുത്തും ഉപയോഗിച്ചില്ല. ഇന്ന് ലാറ്റിൻ ഭാഷ ഏതാണ്ട് മരിച്ച അവസ്ഥയിലാണ്. ഞാൻ ലാറ്റിൻ ഭാഷയോട് ഉപമിക്കുന്നില്ല. സംസ്കൃതം ദൈവഭാഷയായാണ് അറിയപ്പെട്ടിരുന്നത്. ഇന്ത്യയുടെ ഭാഷയായിരുന്നു സംസ്കൃതം. സംസ്കൃതത്തിന് ജൈവരൂപം നഷ്ടപ്പെട്ടപ്പോഴാണ് മൃതഭാഷയായി മാറിയത്, ആ ഭാഷ മരിച്ചുപോയത്. നമ്മൾ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുവേണ്ടി ഒരു നിയമം കൊണ്ടുവരുമ്പോൾ മുൻതൂക്കം കൊടുക്കേണ്ടത് നമ്മുടെ ഭാഷയുടെ ജൈവസ്വഭാവം നഷ്ടപ്പെടുത്താതെ അത് ജീവനുള്ള ഭാഷയാക്കി മാറ്റാൻ കഴിയുന്ന തലത്തിൽ ഇതിന്റെ രൂപഭാവമുണ്ടാകണമെന്നാണ്. നമ്മൾ ഒരു ഭാഷാ പോളിസിയെക്കുറിച്ച് ആലോചിക്കുമ്പോൾ കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക പശ്ചാത്തലം പരിഗണിക്കണം. കേരളത്തിന് ലഭിച്ച ഏറ്റവും വലിയ സൗഭാഗ്യമാണ് നമ്മുടെ വിദ്യാഭ്യാസം. വളരെ വർഷങ്ങൾക്കുമുമ്പ് നമുക്ക് വിദ്യാഭ്യാസം ലഭിച്ചതുകൊണ്ടും നമ്മൾ വ്യത്യസ്ത ഭാഷകൾ പഠിച്ചതുകൊണ്ടും ധാരാളം ആളുകൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലിചെയ്ത് സുഖമായി ജീവിക്കുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിദേശ ഇന്ത്യാക്കാരുള്ളത് കേരളത്തിൽനിന്നാണ്. കഴിഞ്ഞ ദിവസം ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച, ഇന്ന് ചർച്ച ചെയ്യപ്പെടാൻ പോകുന്ന പ്രവാസി ബില്ലിന്റെ ചർച്ചയിൽ നമ്മൾ പങ്കെടുത്തു. 7 ലക്ഷത്തി 75 ആയിരം കോടി രൂപയാണ് നമ്മുടെ സാമ്പത്തിക സ്രോതസ്സായി വിദേശ രാജ്യങ്ങളിൽനിന്ന് വരുന്നത്.

കേരളത്തിൽ നിന്നും പുറത്തുപോയിരിക്കുന്ന മലയാളികൾ നമ്മുടെ സമ്പത്തിനും സാമൂഹ്യ വളർച്ചയ്ക്കും സാംസ്കാരിക നവോത്ഥാനത്തിനും ഇന്നും വഴിയൊരുക്കുന്നുണ്ട്. ആ സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക പശ്ചാത്തലത്തിൽ നിന്നുവേണം നമ്മുടെ ഭാഷ വിലയിരുത്താൻ. മലയാളത്തിന്റെ പേരിൽ

മലയാളിയുടെ മനസ്സിന്റെയും കേരളത്തിന്റെ വികസനത്തിന്റെയും മുന്നിൽ വാതിലടയ്ക്കുന്ന സമീപനം മലയാള ഭാഷാ പോളിസിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമുക്കുണ്ടാകുന്നത് ശരിയല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഭാഷാനയത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴും മനസ്സിൽ ഏറ്റവും കൂടുതൽ ആദരവോടെ സ്മരിക്കേണ്ടത് ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയെയാണ്. 1936-ലെ വാർധ എ.ഐ.സി.സി. സമ്മേളനത്തിൽവച്ച് മഹാത്മാ ഗാന്ധി പ്രഖ്യാപിച്ച വിദ്യാഭ്യാസ നയത്തിന് ഇന്നും പ്രസക്തിയുണ്ട്. വിദ്യാഭ്യാസത്തിന്റെ മാധ്യമം മാതൃഭാഷ ആയിരിക്കണമെന്ന് മഹാത്മാ ഗാന്ധി അന്ന് പ്രഖ്യാപിച്ചു. ഇതുതന്നെയാണ് പിന്നീട് വന്ന കോത്താരി കമ്മീഷന്റെ ഉള്ളടക്കവും. ഇവിടെ ഭാഷകളെക്കുറിച്ചും മലയാള ഭാഷയെക്കുറിച്ചും മലയാളഭാഷ പഠിപ്പിക്കുന്നതിനെക്കുറിച്ചും പാഠ്യപദ്ധതിയെക്കുറിച്ചും ചർച്ച ചെയ്യുന്നു. 1936-ലെ വാർധ എ.ഐ.സി.സി. സമ്മേളനത്തിൽ വിദ്യാഭ്യാസത്തിന്റെ മാധ്യമം മാതൃഭാഷ ആയിരിക്കണമെന്ന് പറഞ്ഞതുതന്നെയാണ് കോത്താരി കമ്മീഷനും പറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 1968-ലെ തീരുമാനപ്രകാരം എല്ലാ സംസ്ഥാനങ്ങളിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ടാക്കി. ആ ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാക്കിയപ്പോഴും അതിലെ നയം അദ്ധ്യയനം മാതൃഭാഷയിൽ ആയിരിക്കണം എന്നായിരുന്നു. രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദിയും ലൈബ്രറി ഭാഷ എന്ന നിലയിൽ ഇംഗ്ലീഷും സ്ഥാനം പിടിച്ചു. നമ്മൾ മലയാളത്തെ സ്നേഹിക്കുമ്പോൾ നമ്മുടെ മനസ്സിലും നമ്മുടെ കുട്ടികളുടെ മനസ്സിലും ഇംഗ്ലീഷ് ഭാഷയോട് വിദ്വേഷം ഉണ്ടാക്കാൻ പാടില്ല. ലോകവിജ്ഞാനത്തിന്റെ കവാടമാണ് ഇംഗ്ലീഷ് ഭാഷയെന്ന് കേരളം പൂർണ്ണമായും അംഗീകരിച്ചുകഴിഞ്ഞു. കാരണം ദേശീയോത്ഗ്രഥന പ്രസ്ഥാനത്തിന് അത് സഹായകരമാകുമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഞാൻ നേരത്തെ സൂചിപ്പിച്ച ത്രിഭാഷാ പദ്ധതി അംഗീകരിക്കാൻ കേരളം തയ്യാറായത്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, ഹിന്ദി ഇതര സംസ്ഥാനങ്ങൾ ഇത് അംഗീകരിച്ചില്ല. പിൻവാതിലിലൂടെ ഹിന്ദി അടിച്ചേൽപ്പിക്കുന്നതിനുള്ള മാർഗ്ഗമായി അവർ അതിനെക്കണ്ടു. അതിന്റെ പേരിൽ ഇന്ത്യയിൽ കലാപങ്ങളുണ്ടാക്കി. സമയക്കുറവുകൊണ്ട് അതിന്റെ ചരിത്രത്തിലേയ്ക്ക് കടക്കുന്നില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ വിറ്റഴിക്കുന്നില്ലെന്ന് ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞത് ശരിയാണ്. അത് എന്തുകൊണ്ടായിരുന്നുവെന്ന് ചിന്തിക്കണം. വിവിധ ഭാഷകൾ സംസാരിക്കുന്ന ഒരു സമൂഹത്തിൽ നേരത്തെ Pan Indian glossary അതായത് ശബ്ദതാരാവലി ഉണ്ടായിരുന്നു. ഭാഷാനയം രൂപീകരിച്ചപ്പോൾ ആദ്യം ശബ്ദതാരാവലി ഉണ്ടാക്കിയത് സോവിയറ്റ് യൂണിയനിലാണ്. നമ്മൾ ഇവിടെ ശബ്ദതാരാവലി ഉണ്ടാക്കിയില്ല. അതനുസരിച്ചാണ് നമ്മുടെ ഭാഷയുടെ വളർച്ചയ്ക്ക് വേണ്ടിയുള്ള പദങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ചിലരെ ചുമതലപ്പെടുത്തിയത്. പ്രശസ്തരായ

എം.വി. കൃഷ്ണവാര്യർ, എം.പി. പരമേശ്വരൻ തുടങ്ങിയവർ ഉൾപ്പെടുന്നവരാണ് ശബ്ദതാരാവലി ഉണ്ടാക്കിയത്. എന്നാൽ ഈ ശബ്ദതാരാവലിയിൽ വന്ന പല പദങ്ങളും നമ്മൾ അംഗീകരിച്ചില്ല. കാരണം അതിൽ വന്ന പല പദങ്ങളും സംസ്കൃതത്തിൽ നിന്നുമായിരുന്നു. അതുൾക്കൊള്ളാൻ നമ്മൾ തയ്യാറായില്ല. ഒരുദാഹരണം പറയാം. Boiling Point-ന് തിളനില എന്ന പരിഭാഷയാണ് നടത്തിയതെങ്കിൽ നമ്മുടെ കുട്ടികൾ അതുൾക്കൊള്ളാൻ തയ്യാറാകുമായിരുന്നോ? എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ച ബഹുമാന്യരായവർ ശബ്ദതാരാവലി ഉണ്ടാക്കിയപ്പോൾ Boiling Point -ന് തെരഞ്ഞെടുത്തത് കൊഥനാങ്കം എന്ന സംസ്കൃത പദമാണ്. Boiling Point എന്ന പദം ഒന്നുകിൽ തിളനില എന്നുപറഞ്ഞാൽ മനസ്സിലാകും, Boiling Point എന്നുപറഞ്ഞാലോ അതുൾക്കൊള്ളാനുള്ള അറിവും മസ്തിഷ്കവും മനസ്സിലാക്കാനുള്ള വിവേകവും നമ്മുടെ സമൂഹത്തിനുണ്ട്. ഇവിടെ ഭാഷാഭ്രാന്തിന്റെയും ഭാഷാസ്നേഹത്തിന്റെയും അടിസ്ഥാനത്തിൽ ഇംഗ്ലീഷ് ഭാഷയിൽ നിന്നും ഒരു വാക്ക് കടമെടുത്താൽ അത് മാതൃഭാഷയോട് കാണിക്കുന്ന ഏറ്റവും വലിയ അനാദരവാണെന്ന് കാണിച്ച് സംസ്കൃത പദങ്ങളിലേയ്ക്ക് പോയാൽ നമ്മുടെ കുട്ടികളും സമൂഹവും അംഗീകരിക്കില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ, ഡോ. എൻ ജയരാജ്)

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അങ്ങ് ഭാഷാ ഫാസിസ്റ്റ് അല്ലെന്ന രീതിയിലുള്ള സംസാരമാണ് നടത്തുന്നത്. നമ്മുടെ മാതൃഭാഷയെ സംരക്ഷിക്കുന്നതോടൊപ്പം ഭാഷാഫാസിസ്റ്റ് ആകാത്തത് വളരെ നല്ല കാര്യമാണ്. ഏറ്റവും താഴെത്തട്ടിലുള്ള ഒരാളെ അതെങ്ങനെ ബാധിക്കുമെന്ന് മനസ്സിലാക്കിവേണം ഏത് തീരുമാനവുമെടുക്കാനെന്നാണ് രാഷ്ട്രപിതാവ് മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത്. കേരളത്തിൽ 36 ആദിവാസി സമൂഹങ്ങളാണുള്ളത്. 2011-ലെ സെൻസസ് പ്രകാരം 484839 ആദിവാസികളുണ്ട്. ജനസംഖ്യയുടെ 1.5 ശതമാനമാണ് ആദിവാസി സമൂഹം. അവർക്ക് അവരുടേതായ ഭാഷയുണ്ട്. ഇത്തരത്തിൽ മലയാള ഭാഷ മാത്രം അടിച്ചേൽപ്പിക്കുമ്പോൾ മൊത്തം ജനസംഖ്യയുടെ 1.5 ശതമാനം വരുന്ന ആദിവാസികളുടെ ഭാഷ ഇല്ലാതാകും. അപ്പോൾ അങ്ങനെയുള്ള ഗോത്രസമൂഹവുംമറ്റും അപ്രത്യക്ഷമാകും. ഭാഷാ ഫാസിസ്റ്റ് അല്ലാത്ത അങ്ങ് ആദിവാസികളുടെ ഗോത്രഭാഷ സംരക്ഷിക്കുന്നതിനുകൂടി താൽപ്പര്യമെടുക്കുമോ?

ശ്രീ. ബെന്നി ബെഹനാൻ: നമ്മുടെ നാട്ടിൽ സംസാരഭാഷയിലുള്ള ചില പദങ്ങൾ നമുക്ക് ഇന്നും വൈകാരിക ബന്ധമുള്ളവയാണ്. അത് നശിപ്പിക്കണമെന്ന അഭിപ്രായക്കാരനല്ല ഞാൻ. ഗോത്രവിഭാഗത്തിന്റേതാണെങ്കിലും ആദിവാസികളുടേ താണെങ്കിലും ആ ഭാഷയ്ക്കും ചില മാറ്റങ്ങൾ വരണം. അതിലേയ്ക്ക് ഞാൻ പിന്നീട് വരാം. നമ്മുടെ നാട്ടിൽ ഉപയോഗിച്ചുകൊണ്ടിരുന്ന പല വാക്കുകളുടെയും അർത്ഥം

മാറിയിട്ടുണ്ട്. അശാസ്ത്രീയമായ പരിഭാഷയിൽ അശാസ്ത്രീയമായി പദങ്ങൾ ഉൾക്കൊള്ളിച്ചതും തിരുത്തിയതും 1996-ൽ ആണ്. ബഹുമാന്യനായ ഇ.എം.എസ്.ഉം അതിൽ വലിയ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് ഞാൻ അഭിമാനത്തോടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. പദങ്ങൾ ഉൾക്കൊള്ളുക എന്നുപറഞ്ഞാൽ ഭാഷയുടെ വളർച്ചയാണ്. സംസ്കൃത, ലത്തീൻ ഭാഷകളുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ചെറിയ രാജ്യത്തെ ചെറിയ ഭാഷയായിരുന്നു ഇംഗ്ലീഷ്. ഇന്ന് ഇംഗ്ലീഷ് ലോകഭാഷയായി മാറാൻ കാരണം ഇംഗ്ലീഷ് ഭാഷ പല പദങ്ങളും ഉൾക്കൊണ്ടുവെന്നതാണ്. നമ്മുടെ സംസ്കൃത ഭാഷയിൽ നിന്നുപോലും ഇംഗ്ലീഷ് ഭാഷ വാക്കുകൾ ഉൾക്കൊണ്ടു. പഞ്ചവാദ്യം, പഞ്ചകർമ്മ തുടങ്ങിയ വാക്കുകൾ അതിനുദാഹരണമാണ്. ശ്രീ. സി. പി. മുഹമ്മദും ശ്രീ. ടി. എൻ. പ്രതാപനും ഒക്കെ രാവിലെ കഴിക്കുന്ന പുട്ട് എന്ന പദം സംസ്കൃതഭാഷയാണ്. ആ പുട്ട് എന്ന പദവും ഇംഗ്ലീഷ് ഉൾക്കൊണ്ടു. സംസ്കൃത ഭാഷപോലെയുള്ളവ അതുൾക്കൊള്ളാൻ കഴിയാത്തതുകൊണ്ട് ആ ഭാഷ മരിച്ചുപോയപ്പോൾ സംസ്കൃത പദങ്ങൾപോലും ഉൾക്കൊണ്ടുകൊണ്ട് ബ്രിട്ടൺ എന്ന ചെറിയ രാജ്യത്തിൽ ഉത്ഭവിച്ച ഇംഗ്ലീഷ് ഭാഷ ലോകഭാഷയായി മാറാൻ കാരണം, കൊടുത്തും കൊണ്ടും ആ ഭാഷ വളർന്നതാണ്. അതുകൊണ്ട് തീർച്ചയായും ഭാഷയുടെ വളർച്ചയിൽ ഞാൻ പറഞ്ഞ കാര്യങ്ങളുണ്ട്. അതേ രീതിയിൽ നമ്മുടെ ഭാഷയും ചിട്ടപ്പെടുത്തണം. എത്ര പദങ്ങൾ വേണമെങ്കിലും ഏത് ഭാഷയിൽ നിന്നും കടമെടുക്കാം. അതുകൊണ്ട് മലയാള ഭാഷ അസ്തമിച്ചുപോയെന്ന് ഞാൻ പറയില്ല. ഉച്ചാരണം നമ്മുടെ നാവിൽ വഴങ്ങുന്നതും അർത്ഥം മനസ്സിലാക്കാൻ കഴിയുന്നതുമായ പദങ്ങൾ ഉൾക്കൊണ്ടതുകൊണ്ട് കാര്യമില്ല. ഉദാഹരണമായി സ്വിച്ച്, ബാങ്കിംഗ് .....(ബഹളം)... ഞാൻ പറഞ്ഞ രീതിയിലല്ല അവരാരും പറഞ്ഞത്; തെറ്റിദ്ധരിക്കണ്ട. ഞാൻ പറഞ്ഞ അർത്ഥത്തിലോ ഗൗരവത്തിലോ അവിടെനിന്ന് ആരും പറഞ്ഞിട്ടില്ല. വേണമെങ്കിൽ രേഖ പരിശോധിക്കാം. നിങ്ങൾ അസ്വസ്ഥത പ്രകടിപ്പിച്ചിട്ട് കാര്യമില്ല. സഖാവ് ഇ.എം.എസ്. അടക്കം ഇതുപോലുള്ള പോളിസി കൊണ്ടുവന്നപ്പോൾ ഇവിടുത്തെ ചില ആളുകൾ മംഗ്ലീഷ് എന്നുപറഞ്ഞ് കളിയാക്കി. സഖാവ് ഇ.എം.എസ്.ന്റെ കാലത്തുപോലും പദങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മലയാള ഭാഷയെ ശക്തിപ്പെടുത്തണമെന്ന വാദഗതി ഉണ്ടായപ്പോൾ, അത് മംഗ്ലീഷ് ആണെന്ന് പറഞ്ഞ് നിങ്ങളെപ്പോലെയുള്ള ചില ആളുകൾ അസ്വസ്ഥത പ്രകടിപ്പിച്ചിട്ടുണ്ട്. പണ്ട് ഇ.എം.എസ്.ന് എതിരെയും ചില ആളുകൾ മംഗ്ലീഷാണെന്ന് പറഞ്ഞ് കുറ്റപ്പെടുത്തിയിട്ടുണ്ട്. അതെല്ലാം ഭാഷയെ നശിപ്പിക്കുന്ന രീതിയാണ്. മലയാള ഭാഷയുടെ വാക്കുകൾ കടമെടുത്തതാണെന്ന് ശ്രീ. എ. കെ. ബാലൻ ഇവിടെ നേരത്തെ പറഞ്ഞു. മലയാള ഭാഷയുടെ 60 ശതമാനം വാക്കുകളും വന്നിരിക്കുന്നത് സംസ്കൃതത്തിൽനിന്നുമാണ്. പോർച്ചുഗല്ലിൽനിന്നും ലാറ്റിനിൽ നിന്നും ഭാഷ വന്നിട്ടുണ്ട്. മുൻസിഫ്, തഹസീൽദാർ എന്നീ വാക്കുകൾ ഉറുദു ഭാഷയിൽനിന്നുവന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മുൻസിഫ്, വക്കീൽ, വക്കാലത്ത് എന്നീ വാക്കുകളെല്ലാം അറബിയാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ശരിയാണ്. അറബി, പോർച്ചുഗൽ, ലാറ്റിൻ, ഉറുദു തുടങ്ങിയ ഒട്ടേറെ ഭാഷകളിലെ വാക്കുകൾ നമ്മളെടുത്തിട്ടുള്ളത് നമ്മുടെ ജൈവ സ്വരൂപം കാത്തുസൂക്ഷിച്ചുകൊണ്ടാണെന്ന് ഞാൻ പറയുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷെ മലയാള ഭാഷയ്ക്കുവേണ്ടി വാദിക്കുന്നവരൊക്കെ ഇത്തരത്തിലുള്ള മൗലീകവാദികളാണെന്നുള്ള ഒരു തെറ്റിദ്ധാരണയുണ്ട്. ഭാഷയുടെ സൗന്ദര്യത്തിന് കോട്ടം തട്ടാതെ ഉപയോഗിക്കാൻ പറ്റുന്ന ഏത് വാക്കും, ഉദാഹരണത്തിന്, 'fast passenger' എന്നതിന് 'ധ്രുതഗമന ശകടം' എന്നുപറഞ്ഞ് ആളുകളെ ബുദ്ധിമുട്ടിക്കാൻ സാധിക്കുമോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, അതാണ് ഞാൻ പറഞ്ഞത്, അങ്ങനെയുള്ള പദങ്ങൾ നമ്മൾ ഉൾക്കൊള്ളണം. നമ്മുടെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധിക്കേണ്ടത് നമ്മൾ ഭാഷയെ ശക്തിപ്പെടുത്തുമ്പോൾ, ഇപ്പോൾ കമ്പ്യൂട്ടർ യുഗമാണ്, നാനോ ടെക്നോളജിയുടെ കാലഘട്ടമാണ്. നമ്മുടെ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ തീസിസ് സമർപ്പിക്കുന്നത് മലയാളത്തിലായിരിക്കണമെന്ന് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞു. ശ്രീ. വി.ഡി. സതീശനും അത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചതാണ്. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അതപകടമാണ്. നമ്മുടെ ശാസ്ത്ര ലോകത്ത് ഇന്ന് കൈവരിച്ചിരിക്കുന്ന ശാസ്ത്ര സാങ്കേതിക നേട്ടങ്ങളുടെ ടെക്നോളജിക്കൽ വേഡ്സിന് (സാങ്കേതിക പദങ്ങൾ) തുല്യമായ മലയാളപദം ഉണ്ടായിട്ടില്ല. ഇനിയും അതിനുവേണ്ടി മലയാള പദങ്ങൾ ഉണ്ടാക്കാൻ കഴിയുമോ; അപ്പോൾ സ്വാഭാവികമായും ഭാഷ എന്നുപറയുന്നത് നമ്മൾ ഉപയോഗിക്കുന്ന രീതിയാണ്. ഇപ്പോൾ നമുക്കറിയാമല്ലോ 'മൗസ്' എന്നുപറയുന്ന വാക്കിന് 'മൂഷികൻ' എന്നുപറഞ്ഞാൽ ആർക്കെങ്കിലും മനസ്സിലാകുമോ; കമ്പ്യൂട്ടറിന്റെ 'മൗസിന്' നാളെ 'മൂഷികനെന്ന്' പറയാൻ സാധിക്കുമോ; ഇല്ല. കമ്പ്യൂട്ടറിന്റെ മൗസിനെ മൗസ് എന്നുതന്നെ പറയണം. അതുൾക്കൊള്ളാൻ കഴിയണം. ഭാഷയിൽത്തന്നെ മാറ്റം വന്നിട്ടില്ലേ; ഇവിടെ ബഹുമാന്യനായ ശ്രീ. ടി. എൻ. പ്രതാപൻ ചോദിച്ചു, നമ്മുടെ ആദിവാസി ഗോത്രത്തിന്റെ ഭാഷ, നമ്മുടെ നാട്ടിൻപുറത്തുള്ള ഭാഷ, ഭാഷയ്ക്കൊക്കെ മാറ്റം വന്നിട്ടില്ലേ? ശ്രീ. കെ. രാധാകൃഷ്ണനറിയാമല്ലോ പണ്ട് 'ചെത്താൻ' പോയിയെന്ന് പറഞ്ഞാൽ എന്താണ് അർത്ഥം; 'പണ്ട് ഒരു വീട്ടിൽച്ചെന്ന് മകൻ എവിടെപ്പോയിയെന്ന് ചോദിക്കുമ്പോൾ മകൻ ചെത്താൻ പോയി' എന്നുപറഞ്ഞാൽ നമ്മൾ വിചാരിക്കുന്നതെന്താണ്; 'മകൻ രാവിലെ ഒരു ചെത്തുകത്തിയും ഒരു കുടവുമെടുത്ത് അഭിമാനത്തോടുകൂടി തെങ്ങുകയറാൻ പോയ തെങ്ങുകയറ്റ തൊഴിലാളിയാണ് 'എന്നാണ്. ഇപ്പോൾ ഒരു കുടുംബത്തിൽ മകൻ

ചെത്താൻ പോയിയെന്ന് പറഞ്ഞാൽ എന്താണർത്ഥം വരുന്നത്; അവന്റെ 500 സി.സി ബൈക്കിൽ കൂട്ടുകാരെയും കയറ്റി കണ്ണടയും വച്ച് ഏതെങ്കിലും പെൺകുട്ടിയേയുംകൂട്ടി ഏതെങ്കിലും സ്ഥലത്ത് കറങ്ങാൻ പോയിയെന്നാണ്. അങ്ങനെയാണ് അർത്ഥം മാറിയിരിക്കുന്നത്. ആ അർത്ഥം നല്ലതല്ല. ആ ഭാഷയുടെ പരിണാമമുണ്ടല്ലോ, 'ചെത്താൻ' പോയിയെന്ന് പറയുന്ന പഴയ സങ്കൽപ്പമുണ്ട്, അഭിമാനത്തോടുകൂടി നമ്മൾ തെങ്ങ് ചെത്താൻ പോയിയെന്ന് പറയുന്ന തൊഴിലിന്റെ രൂപത്തിൽനിന്നും ഇന്ന് 'ചെത്താൻ' പോയിയെന്ന് പറയുമ്പോൾ ഏതെങ്കിലും കുട്ടിയുടെ പിന്നാലെ പോയി, എന്നതിലേയ്ക്ക് മാറിയിരിക്കുന്നു. നമുക്കറിയാം നമ്മൾ സാധാരണ പറയുന്ന ഒരു ഭാഷയുണ്ട്. ആ ഭാഷ നിയമസഭയ്ക്കകത്തായതുകൊണ്ട് ഞാൻ പറയുന്നില്ല. ആ ഭാഷയായി നടക്കുന്ന ചെറുപ്പക്കാരുടെ ഇടയിലേയ്ക്ക് ഈ 'ചെത്ത്' എന്നുപറയുന്ന നല്ല പദത്തെ, നല്ല ഒരു തൊഴിലിനെ അപമാനിക്കുന്ന തരത്തിലുള്ള രൂപഭാവങ്ങൾ നമ്മുടെ ഭാഷയിൽ വരുന്നതും അപകടമാണെന്ന് ഞാൻ പറയുന്നു. അതുകൊണ്ട് ശ്രീ. ടി. എൻ. പ്രതാപനും ശ്രീ. സി. പി. മുഹമ്മദുമൊക്കെ സൂചിപ്പിച്ചതുപോലെ അതിന് കൊളോക്ക്യൽ ലാംഗ്വേജിന്റെ ഒരു സ്വഭാവം ഉണ്ടാകുന്നു. ബൈബിൾ മലയാളത്തിലേയ്ക്ക് തർജ്ജമചെയ്തപ്പോൾ ധാരാളം പദങ്ങൾ നമുക്ക് കിട്ടി.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇപ്പോൾ വളരെ പോപ്പുലറായ ഒരു പദമാണ് 'അടിപൊളി'. അത് നമ്മുടെ ഭാഷാ നിഘണ്ടുവിൽ കാണില്ലല്ലോ; പക്ഷെ ആളുകൾ ഉപയോഗിക്കുന്നുണ്ട്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ശബ്ദതാരാവലിയിൽ 'അടിപൊളി' എന്ന വാക്കുണ്ടോയെന്ന് ഞാൻ ഒന്നുകൂടി അന്വേഷിച്ചിട്ട് പറയാം. പക്ഷെ, 'അടിപൊളി'യെന്നുപറഞ്ഞാൽ അത് ഏറ്റവും നല്ലൊരു പദമാണ്. ഒരു മനോഹരമായ പദമാണ്. അതിന്റെ അർത്ഥമൊക്കെ നമ്മുടെ മനസ്സിലുണ്ട്. ഇപ്പോൾ ശ്രീ. ടി. എൻ. പ്രതാപൻ 'അടിപൊളി'യാണെന്ന് പറഞ്ഞാൽ അത് വേറെ അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. 'അടിപൊളി'യെന്ന് ശ്രീ. ടി. എൻ. പ്രതാപനെക്കുറിച്ച് പറയുന്നതും ശ്രീ. വി. ഡി. സതീശനെപ്പറ്റി പറയുന്നതും തമ്മിൽ വ്യത്യാസമില്ലേ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, അങ്ങിവിടെ പറഞ്ഞതുപോലെ സംസാര ഭാഷയിൽ മാത്രമല്ല മാറ്റം വന്നിട്ടുള്ളത്, ഭാഷയുടെ ലിഖിത രീതിയിലും മാറ്റം വന്നു. അതുകൊണ്ടാണ് ഒരു നൂറ്റാണ്ടുമുമ്പുള്ള ആധാരം വായിക്കാൻ നമുക്ക് കഴിയാതെ വരുന്നത്. മലയാള ഭാഷ എഴുതുന്നിടത്തും മാറ്റങ്ങളുണ്ടായിട്ടുണ്ട്. ആ പരിണാമംകൂടി ഈ സമയത്ത് നമ്മളുൾക്കൊള്ളണം.

ശ്രീ. ബെന്നി ബെഹനാൻ: സർ, രേഖയിൽ വരുന്നതുകൊണ്ട് പറയുകയാണ് ശ്രീ. ടി. എൻ. പ്രതാപൻ 'അടിപൊളി'യെന്ന് പറഞ്ഞത് മറ്റൊരർത്ഥത്തിലല്ല. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പോരാടുന്ന ഒരു പോരാളിയുടെ 'അടിപൊളി'

യെന്ന സ്വഭാവത്തെയാണ് പറഞ്ഞത്.

ശ്രീ. ഇ. കെ. വിജയൻ: സർ, നമ്മുടെ മലയാള ഭാഷ പല കാരണങ്ങളാൽ നാം ആഗ്രഹിച്ചതുപോലെ മുന്നോട്ടുപോയില്ലായെന്ന് പറയുമ്പോൾ ചരിത്രത്തെ നാം വിസ്മരിക്കരുത്. സുദീർഘമായ കാലയളവിൽ നമ്മുടെ രാജ്യത്ത് നിലനിന്ന വിദേശഭരണത്തെത്തുടർന്നാണ് ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനം നമ്മുടെ മേഖലയിൽ കടന്നുവന്നത്. നമുക്ക് പള്ളിക്കൂടങ്ങളും വിദ്യാലയങ്ങളുമൊക്കെ വന്നു, പക്ഷെ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഒരു വിദ്യാഭ്യാസ നയം നമുക്ക് സ്വീകരിക്കാൻ കഴിഞ്ഞില്ല. അതിന്റെ ഭാഗമായി ഇംഗ്ലീഷ് എന്നുപറയുമ്പോൾ ഒരു പൊങ്ങച്ചം നമ്മുടെ നാട്ടിലുണ്ടായി. ഞാൻ ഒരു കാര്യംകൂടി പറയാം, ഒരു സിനിമയിൽ സിനിമയുടെ പേരെനിക്ക് ഓർമ്മയില്ല. മലയാളം പറയാത്ത, 'മമ്മി', 'ഡാഡി' എന്ന് പറഞ്ഞ് ശീലിച്ച ഒരു കുട്ടിയുടെ പൊങ്ങച്ചത്തെ മനസ്സിലാക്കാൻ വേണ്ടി എത്ര ശ്രമം നടത്തിയിട്ടും കഴിയാത്ത ആ കുട്ടിയോട് 'പാമ്പ്' എന്നു പറഞ്ഞപ്പോൾ ആ കുട്ടി 'അമ്മേ' എന്ന് പറഞ്ഞുപോയ അനുഭവമുണ്ട്. അപ്പോളതിനെ പരിപോഷിപ്പിക്കാനുള്ള ഒരു ശ്രമം നടന്നില്ല എന്ന ഒരു വസ്തുതകൂടിയുണ്ട്.

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. ഇ. കെ. വിജയൻ എന്നെ തെറ്റിദ്ധരിച്ചതിൽ വിഷമമുണ്ട്. ഞാൻ മലയാള ഭാഷ നല്ലതാണ്, മലയാള ഭാഷയ്ക്ക് വളർച്ചയുണ്ടായി എന്നാണ് പറഞ്ഞത്. മലയാള ഭാഷ വളർന്നില്ലായെന്ന് പറഞ്ഞില്ല. മലയാള ഭാഷ വളർന്നു. മറ്റ് ഭാഷകളിൽനിന്ന് പദങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് മലയാള ഭാഷ വളർന്നത്. ആ വളർച്ചയെ തടസ്സപ്പെടുത്തുന്നുവെന്നേ ഞാൻ പറഞ്ഞുള്ളൂ. ബൈബിൾ തർജ്ജമ നമ്മുടെ മലയാള ഭാഷയ്ക്ക് ധാരാളം പദങ്ങൾ നൽകി. 'സിൽവർ കാസിൽ എന്നു പറയുന്ന കാസായും പീലാസയും', 'അൾത്താര', 'ക്രോസ്', 'കുമ്പസാരം' തുടങ്ങിയ ഒട്ടേറെ പദങ്ങൾ മലയാളത്തിലുപയോഗിക്കുന്നുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതൊന്നും വിവാദമാക്കാനാഗ്രഹിക്കുന്നില്ല. അതുപാടില്ലായെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. പക്ഷെ, ഞങ്ങളൊക്കെ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞു, മലയാളം പറയുന്നത് എന്തോ കുറവും ഇംഗ്ലീഷ് പറയുന്നത് എന്തോ അഭിമാനവുമാണ് എന്ന ഒരു സംസ്കാരത്തെ ആരും ഇവിടെ വളർത്തിയെടുക്കാൻ ശ്രമിക്കരുത്, അത് അപകടമാണ് എന്ന്. ഈ നിയമത്തിന്റെ പിൻബലത്തിൽ ചോദ്യം ചെയ്യേണ്ടതും നിയന്ത്രിക്കേണ്ടതും ആദ്യം അവരെയാണ്. ഇന്ന് ചില സി.ബി.എസ്.ഇ. സ്കൂളുകളിലും ഐ.സി.എസ്.ഇ. സ്കൂളുകളിലും ക്ലാസ്സ് നടക്കുമ്പോൾ മാത്രമല്ല, ആ സ്കൂളുകളുടെ കോമ്പൗണ്ടിൽ കയറിയാൽ മലയാളം പറഞ്ഞാൽ ആ മലയാളം പറയുന്ന കുട്ടിക്കെതിരെ ശിക്ഷണ നടപടികളെടുക്കുന്നുണ്ട്. അത് കർശനമായി നിയന്ത്രിക്കണം. അത്തരം സ്ഥാപനങ്ങളെ ഏത് രീതിയിൽ

നിയന്ത്രിക്കാൻ സാധിക്കും; അവരുടെ എൻ.ഒ.സി. ക്യാൻസൽ ചെയ്യാൻ സാധിക്കുമെങ്കിൽ അത് ചെയ്യണം. കാരണം മലയാളം നമ്മുടെ മാതൃഭാഷയാണ്. ഒരു പ്രത്യേക സ്ഥലത്ത്, അല്ലെങ്കിൽ ഒരു സ്കൂൾ കോമ്പൗണ്ടിൽ മലയാളഭാഷ പറയാൻ പാടില്ലായെന്ന് പറയുന്ന ധിക്കാരമുണ്ട്. അത് പാശ്ചാത്യ സംസ്കാരത്തെ നമ്മൾ വാനോളം പുകഴ്ത്തുന്ന അടിമത്വത്തിന്റെ ഒരു മാനസികാവസ്ഥയാണ്. ആ മാനസികാവസ്ഥ നല്ലതല്ല. അത് നമ്മുടെ പല സ്വഭാവത്തിലേയ്ക്കും വരുന്നു. അത്തരം സംസ്കാരം നല്ലതല്ല. ഇപ്പോൾ സ്കൂളിൽ ഒരു വിദ്യാർത്ഥിയെ അദ്ധ്യാപകൻ തല്ലാൻ പാടില്ല. ഞാനും ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരനുമൊക്കെ സ്കൂളിൽ തല്ലുകൊണ്ട് വളർന്നവരാണ്. അദ്ധ്യാപകർ നമ്മളെ തല്ലിയിട്ടുണ്ട്. അന്ന് അദ്ധ്യാപകർ നമ്മളെ തല്ലിയാൽ അതൊരു മർദ്ദനമായി നമ്മൾ കണക്കാക്കിയിട്ടില്ല. ഇന്ന് അദ്ധ്യാപകർക്ക് വിദ്യാർത്ഥികളെ തല്ലാൻ പാടില്ല. രക്ഷകർത്താക്കൾക്ക് മക്കളെ തല്ലാൻ പാടില്ല. അദ്ധ്യാപകൻ തല്ലിയാലും രക്ഷകർത്താക്കൾ കുട്ടികളെ തല്ലിയാലും അത് മർദ്ദനമാണ്. എന്നിട്ട് പറയുന്നത് യൂറോപ്പിലും അമേരിക്കയിലും അങ്ങനെയാണെന്നാണ്. യൂറോപ്പിനെക്കാളും അമേരിക്കയെക്കാളും ഉന്നതമായ ഒരു സാംസ്കാരിക പൈതൃകത്തിന്റെ ഉടമസ്ഥരാണ് ഭാരതീയരെന്ന അഭിമാനബോധം നമുക്കുണ്ടാകണം. അതിന് ഭാഷ നമ്മളെ സഹായിക്കും. നമ്മുടെ സംസ്കാരത്തെ നമ്മൾ പുഷ്ടിപ്പെടുത്തണം. ഇന്ന് നമ്മൾ സ്കൂളുകളിൽ വളർത്തിക്കൊണ്ടുവരുന്ന സംസ്കാരമുണ്ട്. അതിൽ പലതും പാശ്ചാത്യ അനുകരണവും അടിമത്വത്തിന്റെ മനോഭാവമുള്ളതുമാണ്. ആ അടിമത്വത്തിന്റെ മനോഭാവത്തിൽനിന്നും വരുന്ന തലമുറയെ രക്ഷിക്കണമെങ്കിൽ നമ്മുടെ മാതൃഭാഷയെ കൂടുതൽ ശക്തിപ്പെടുത്തണമെന്ന് ഞാൻ പറയുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അങ്ങ് പറയുന്ന കാര്യം കേരളത്തിൽ ഇംഗ്ലീഷ് ഭാഷയ്ക്ക് അമിതമായ പ്രാധാന്യം കൊടുക്കുന്നതിന്റെ കുഴപ്പങ്ങളാണ്. അൺഎയ്ഡഡ് സ്കൂൾ, എയ്ഡഡ് സ്കൂൾ തുടങ്ങി പ്രൈവറ്റ് മേഖലയിലാണ് തൊണ്ണൂറ് ശതമാനവും ഇത് അടിച്ചേൽപ്പിക്കുന്നത്. വീട്ടിൽപ്പോയാലും ഇംഗ്ലീഷിലേ സംസാരിക്കാവൂവെന്നാണ് കുട്ടികളോട് പറഞ്ഞിട്ടുള്ളത്. അമ്മയെ അമ്മയെന്ന് വിളിക്കുന്ന കുട്ടികൾ കുറഞ്ഞു വരികയാണ്. ഇപ്പോൾ മമ്മി - ഡാഡി സംസ്കാരമാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ താങ്കൾ പറഞ്ഞതിനോട് യോജിക്കുകയാണ്. ഭാഷ എപ്പോഴും ഒരു സംസ്കാരത്തിന്റെ സൃഷ്ടികൂടിയാണ്. സംസ്കാരം നിലനിർത്തുന്നത് ഭാഷയാണ്. ഞാൻ സൂചിപ്പിച്ചു, നമ്മുടെ കലാലയങ്ങളിൽ അമിതമായ പ്രാധാന്യം കൊടുത്തുകൊണ്ട് മലയാളം സംസാരിക്കുന്നത് മാനക്കേടും ഇംഗ്ലീഷ് സംസാരിക്കുന്നത് സ്റ്റാറ്റസ് സിമ്പലുമായി

മാറിയിരിക്കുന്ന ഒരു മാനസികാവസ്ഥ എങ്ങനെ അവസാനിപ്പിക്കണമെന്നത് മലയാള ഭാഷാ ബില്ലിനെക്കുറിച്ച് നിയമസഭയിൽ ചർച്ച ചെയ്യുമ്പോൾ നാം ആലോചിക്കണം. ഇന്ന് ശാസ്ത്രവും ലോകവും വളരുന്നു, നാനോ ടെക്നോളജി കമ്പ്യൂട്ടർ ടെക്നോളജിയായി മാറുന്നു. ശാസ്ത്ര സാങ്കേതിക രംഗത്തേയ്ക്ക് നമുക്ക് കടന്നു ചെല്ലണമെങ്കിൽ മലയാളം എന്ന ഭാഷയുടെ വാതിൽക്കൽ മാത്രം ഒതുങ്ങി നിന്നാൽ പോര. അതിന് നമ്മുടെ മനസ്സും ചിന്തയും ബുദ്ധിശക്തിയും വളരണം. മറ്റു ലോകത്തിലേയ്ക്ക് കടക്കണമെങ്കിൽ ലോകത്തിലെ ശാസ്ത്ര സാങ്കേതിക പദങ്ങൾ മലയാളത്തിൽ നാം ഉണ്ടാക്കണം. അതിന് ബുദ്ധിമുട്ടുണ്ടെങ്കിൽ അവിടെ സർവ്വസാധാരണമായി ഉപയോഗിക്കുന്ന പദങ്ങൾ മലയാളീകരിച്ച് മലയാളപ്പദങ്ങൾ അംഗീകരിക്കണം. ലോകഭാഷയായ ഇംഗ്ലീഷിന്റെ നിഘണ്ടുവിൽ വർഷംതോറും അവർ പുതിയ പദങ്ങൾ ചേർക്കുന്നു. അവർ പുതിയ പദങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. നമ്മൾ അത് ചെയ്യുന്നില്ല. ശാസ്ത്ര സാങ്കേതിക രംഗത്തിന്റെ വളർച്ച ഇംഗ്ലീഷ് പഠിച്ചാലേ സാദ്ധ്യമാകൂ എന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം ഇംഗ്ലീഷിന്റെ സൂതികർമ്മിണി ഇല്ലാത്തതുകൊണ്ട് ജപ്പാന്റെ ശാസ്ത്രം ചാപിള്ളയാണ് പ്രസവിച്ചതെന്ന അഭിപ്രായം എനിക്കില്ല. ഇന്ന് ചൈനയിൽ നടന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ അവരുടെ ഇംഗ്ലീഷ് ഭാഷയുടെ സൂതികർമ്മിണിയുടെ സഹായത്തോടുകൂടിയൊന്നുമല്ല ഉണ്ടായിരിക്കുന്നത്. ഏതുഭാഷയിലും നമുക്ക് മാറ്റമുണ്ടാക്കാൻ കഴിയും. നമ്മുടെ ഭാഷയിൽ വരുംതലമുറയുടെ കാഴ്ചപ്പാടുണ്ടാക്കിയെടുക്കണം. നമ്മുടെ ഔദ്യോഗിക ഭാഷ, ഭരണഭാഷ മലയാളമാക്കി നിലനിർത്തിക്കൊണ്ട് മഹാത്മാഗാന്ധി സൂചിപ്പിച്ചതുപോലെ, സ്വാതന്ത്ര്യലബ്ധിക്ക് മുൻപുതന്നെ കാലാകാലങ്ങളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാസ്സാക്കിയ രാഷ്ട്രീയ പ്രമേയങ്ങൾ സൂചിപ്പിക്കുന്നതുപോലെ നമ്മുടെ മാതൃഭാഷയെ സംരക്ഷിക്കുന്നതിനും വരുംതലമുറയുടെ വളർച്ചയ്ക്കും അനുയോജ്യമായ രീതിയിൽ മലയാളത്തെ സമ്പുഷ്ടമാക്കുന്നതിനും മലയാളത്തിന്റെ മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്നതിനും ഈ ബില്ലുകൊണ്ട് കഴിയണം. ഓരോ ബില്ലും അന്തിമമല്ല, അതിന് എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ നമുക്ക് ഭേദഗതി കൊണ്ടുവരാം. അടുത്തപ്രാവശ്യം യു.ഡി.എഫ് ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരുമ്പോൾ അതിനുവേണ്ടിയുള്ള ഭേദഗതി കൊണ്ടുവരാൻ അങ്ങയുടെ നിർദ്ദേശം കണക്കിലെടുത്ത് ഞങ്ങൾ തയ്യാറാകുമെന്ന് അങ്ങേയ്ക്ക് ഉറപ്പു നൽകിക്കൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015- ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി)

നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബില്ലിൽ ഡിസെന്റ് എഴുതിയ ഇടതുപക്ഷ ജനാധിപത്യമുന്നണി നേതാക്കൻമാർ പറഞ്ഞതും ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞതുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ഭാഷയോട് സ്നേഹമുണ്ടാകണം, എന്നാൽ ഭാഷാഭ്രാന്തുണ്ടാകാൻ പാടില്ല. മലയാള ഭാഷയോട് നമുക്കെല്ലാവർക്കും സ്നേഹമുണ്ടാകണം എന്നാൽ ഭ്രാന്തമായ സമീപനം സ്വീകരിക്കാൻ പാടില്ല. തമിഴ്നാട്ടിൽ അങ്ങനെയാണ്. മലയാളികൾ അത്തരമൊരു മാനസികാവസ്ഥയിൽ എത്താൻ പാടില്ലെന്ന അഭിപ്രായമാണെനിക്കുള്ളത്. നിരന്തരം നമ്മൾ പറയുന്ന വാക്കുകളിൽ പലതും ഇംഗ്ലീഷാണ്. പല ഇംഗ്ലീഷ് വാക്കുകൾക്കും മലയാള വാക്കുകളില്ല. ബിൽ എന്നതിന്റെ മലയാളം നിയമപത്രിക എന്നാണ്. ഞാൻ പതിനഞ്ചുവർഷമായി എം.എൽ.എ. ആണ്. നിയമസഭ കൂടുമ്പോൾ ഒരു നിയമപത്രിക വരുന്നുണ്ടെന്ന് പറഞ്ഞാൽ ഞാൻ ആകെ കൺഫ്യൂസ്ഡാകും. എന്നാൽ ബിൽ വരുന്നുണ്ടെന്ന് പറഞ്ഞാൽ മനസ്സിലാകും. എട്ട് പേജുള്ള ഈ ബില്ലിൽ 83 സ്ഥലത്താണ് ഇംഗ്ലീഷ് വാക്കുകൾ പ്രയോഗിച്ചിട്ടുള്ളത്. ആ നിലയിൽ ഇംഗ്ലീഷുമായി ബന്ധപ്പെട്ടാണ് നമ്മുടെ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ബിൽ, ആക്ട്, നമ്പർ, സെക്രട്ടറി, ഗസറ്റ്, സെക്രട്ടേറിയറ്റ്, റെഗുലേഷൻ, ബൈലാ, ഗ്രേഡ്, സീനിയർ, ഹയർ ഡിപ്ലോമ, പബ്ലിക് സർവ്വീസ് തുടങ്ങി 83 ഇംഗ്ലീഷ് വാക്കുകൾ ഈ ബില്ലിൽ ഉണ്ട്. നമുക്കത് സമ്പൂർണ്ണമായി ഒഴിവാക്കാൻ കഴിയില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): എല്ലാ ഇംഗ്ലീഷ് വാക്കുകൾക്കും മലയാള പദമുണ്ടാക്കുകയെന്നത് ലക്ഷ്യമാണ്. തമിഴിൽ എം.പി.-ക്ക് പാരാളമണ്ഡ്രഉറുപ്പിനാർ എന്നും എം.എൽ.എ.യ്ക്ക് സട്ടമണ്ഡ്രഉറുപ്പിനാർ എന്നുമാണ് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ജില്ലാ കളക്ടറെ മാവട്ടആട്ചിത്തലൈവർ എന്നാണ് പറയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: അതെ, മാവട്ടതലൈവർ എന്നാണ് പറയുന്നത്. തമിഴ്നാട്ടിൽ പുതിയതായി ഉണ്ടാകുന്ന എല്ലാ ഇംഗ്ലീഷ് പദങ്ങൾക്കും തമിഴ് പദങ്ങൾ അവർ ഉണ്ടാക്കുന്നു. അവർ പ്രത്യേക അക്കാദമിയുണ്ടാക്കി അത് ചെയ്തുകൊണ്ടിരിക്കുന്നു. അത് വേണമെന്നല്ല ഞാൻ പറഞ്ഞത്, അങ്ങനെയും ആളുകൾ ചെയ്യുന്നുണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. വി. ചെന്താമരാക്ഷൻ: സാർ പറഞ്ഞത് ശരിയാണ്. ഞാൻ പറഞ്ഞത് അങ്ങനെ ചെയ്യണമെന്നല്ല. നമുക്ക് അങ്ങനെ ചെയ്യേണ്ട ആവശ്യവുമില്ല. ബിൽ

എന്നതിനുപകരം നിയമപത്രിക എന്നുപറഞ്ഞാൽ എനിക്ക് മനസ്സിലാകില്ല. ബിൽ എന്നു പറഞ്ഞാൽ മനസ്സിലാകും. അതുകൊണ്ട് നിയമപത്രിക വേണമെന്നുപറഞ്ഞ് വാശിപിടിക്കുന്നതിന് അർത്ഥമുണ്ടോ? സമ്പൂർണ്ണമായും ഇത് ഒഴിവാക്കാൻ കഴിയില്ല. ബസ്, കാർ, ടെലഫോൺ, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ എന്നിവയ്ക്കൊക്കെ മലയാള വാക്കുകളുണ്ടാക്കാൻ പോയാൽ ഇത് എവിടെയെത്തും; പരിഭാഷാ സമിതിയുണ്ടാക്കണമെന്ന അഭിപ്രായത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. സമിതിയുണ്ടാക്കേണ്ടതാണെങ്കിൽ ഉണ്ടാക്കുക തന്നെ വേണം. മലയാളികൾ എന്നുപറയുന്നത് കേരളത്തിൽ മഞ്ചേശ്വരം മുതൽ പാറശ്ശാലവരെയും പശ്ചിമഘട്ടം മുതൽ അറബിക്കടൽ വരെയുംമാത്രം ഒതുങ്ങി നിൽക്കുന്നവരാണോ? മലയാളികളില്ലാത്ത നാടുണ്ടോ? മലയാളി അന്തർദേശീയനായി മാറിയിരിക്കുകയാണ്. മറ്റുള്ളവർ മനസ്സിൽ കാണുന്നത് മലയാളി ആകാശത്ത് കാണും. അതാണ് മലയാളിയുടെ പ്രത്യേകത. അതിനുള്ള ദീർഘവീക്ഷണം മലയാളികൾക്കുണ്ട്. പാലക്കാട് ജില്ലയിൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനം സഖ്യകക്ഷികൾ തോറ്റ് ജർമ്മൻ മുന്നേറ്റമുണ്ടായപ്പോൾ കൽപ്പാത്തി ഗ്രാമത്തിൽ ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പൂട്ടി പകരം ജർമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി. ഇത് ആലങ്കാരികമായി പറയുന്നതല്ല, ഉണ്ടായതാണ്. ജർമ്മനി തോറ്റപ്പോൾ വീണ്ടും ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി. യഥാർത്ഥ കാര്യമാണ്. ലോകത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാനും അതിനനുസരിച്ച് പ്രതികരിക്കാനും കഴിയുന്ന ഒരു ജൈവമനസ്സ് മലയാളിക്കുണ്ട്. അതുകൊണ്ട് ഒരിക്കലും മലയാളമില്ലാതാവുകയില്ല. അതിലെനിക്ക് യാതൊരു ഭയവുമില്ല. മലയാളിയുടെ മനസ്സ് മലയാളത്തെ വിട്ടുകൊണ്ടാവില്ലെന്ന അഭിപ്രായമുള്ള ആളാണ് ഞാൻ. 1969-ൽ മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയപ്പോൾ തൊട്ടടുത്ത ദിവസം മാതൃഭൂമി പത്രത്തിൽ വന്നതായ കാർട്ടൂൺ, ചന്ദ്രനിൽ ചെന്ന് കാപ്പിക്കട തുടങ്ങിയ കോഴിക്കോട്ടുകാരൻ അബ്ദുറഹിമാന്റെ കാർട്ടൂണാണ്. അങ്ങനെയൊരു കാർട്ടൂൺ മാതൃഭൂമി പത്രം കൊടുത്തതിന്റെ പ്രതീകം ലോകത്തിന്റെ എല്ലാ ഭാഗത്തും മലയാളിയെത്തിയിരിക്കുന്നുവെന്ന് കാണിക്കാൻ വേണ്ടിയാണ്. അരനൂറ്റാണ്ട് മുൻപുള്ള സംഭവമാണ്. ലോകത്തിന്റെ എല്ലാ ഭാഗത്തും മലയാളിയുണ്ട്. മലയാളിയില്ലാത്ത നാട് ലോകത്ത് എവിടെയും കാണാൻ കഴിയില്ല. കേരളത്തിലാണ് ഇംഗ്ലീഷിനോട് അമിതമായ ഭ്രമമുള്ളത്. അതേസമയം മലയാളികൾ ഡൽഹി, ബോംബെ, കൽക്കട്ട, മദ്രാസ് തുടങ്ങിയ പ്രദേശങ്ങളിൽ താമസിക്കുന്നുണ്ട്. അവിടെയുള്ള മലയാളികൾ അവരുടെ മക്കളെ മലയാളം പഠിപ്പിക്കാനാണ് തത്പര്യം കാണിക്കുന്നത്. ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ ചെയർമാനായി ഇരുന്നപ്പോൾ കിട്ടിയിട്ടുള്ള വിവരമാണ് ഞാൻ പറയുന്നത്. അതുകൊണ്ട് മലയാളി ഇതെല്ലാം ഇല്ലാതാക്കുമെന്ന അഭിപ്രായത്തോട് എനിക്ക് യോജിക്കാൻ കഴിയില്ല. ശ്രേഷ്ഠഭാഷാ പദവി നേടിയെടുത്തതുമായി

ബന്ധപ്പെട്ട് അത് യു.ഡിഎഫ്. ഗവൺമെന്റാണ് ചെയ്തത് എൽ.ഡി.എഫ്. ഗവൺമെന്റ് അതിനുവേണ്ടി ഒന്നും ചെയ്തില്ലെന്ന രീതിയിലുള്ള അഭിപ്രായം ഇവിടെ വന്നു. 'മലയാളം നമ്മുടെ അഭിമാനം' എന്ന മുദ്രാവാക്യം വച്ചുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാന്യനായ എം.എൽ.എ. ശ്രീ. പുരുഷൻ കടലുണ്ടി കേരളത്തിലെ 140 മണ്ഡലങ്ങളിലും വലിയ ഒരു സാംസ്കാരിക ഘോഷയാത്ര നടത്തി. അതിൽ ബഹുമാനപ്പെട്ട ചെയറിന്റെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു. ശക്തമായ പരിശ്രമം നടത്തി 140 മണ്ഡലങ്ങളിലും മലയാള ഭാഷയുമായി ബന്ധപ്പെട്ട 140 സാംസ്കാരിക സദസ്സുകളായാണ് അന്ന് സംഘടിപ്പിച്ചത്. ഭാഷയുടെ ഔന്നത്യം കേരളീയ സമൂഹത്തിലെത്തിക്കുന്നതിനു വേണ്ടി ശക്തമായ പരിശ്രമം നടത്തി. അതിനുശേഷം ബഹുമാന്യനായ അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബി, ശ്രീ. ഒ.എൻ. വി. കുറുപ്പ്, ബഹുമാന്യയായ സുഗതകുമാരി ടീച്ചർ, ശ്രീ. പുതുശ്ശേരി രാമചന്ദ്രൻ, ശ്രീ. സച്ചിദാനന്ദൻ, ശ്രീ. പുരുഷൻ കടലുണ്ടി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തുടങ്ങിയവർ ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കണ്ടു. അന്ന് പ്രധാനമന്ത്രി പറഞ്ഞത് ഡീറ്റെയിൽഡ് ഡോക്യുമെന്റില്ലാത്തതുകൊണ്ട് ശ്രേഷ്ഠഭാഷാ പദവി നൽകാൻ ബുദ്ധിമുട്ടാണ്, അതുകൊണ്ട് നിങ്ങൾ അതിനുവേണ്ടിയുള്ള പരിശ്രമം നടത്തണമെന്നാണ്. അതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഓഫീസ് തുടങ്ങി. നിർഭാഗ്യവശാൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ രണ്ടു സീറ്റ് കൂടുതൽ കിട്ടി യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. ആ പരിശ്രമങ്ങൾ യു.ഡി.എഫ്. ഗവൺമെന്റ് തുടർന്നു. അങ്ങനെ ശ്രേഷ്ഠഭാഷാ പദവി കിട്ടി. അങ്ങനെ എല്ലാ പരിപാടിയുടേയും തുടക്കം ഇടതുപക്ഷം നടത്തുമ്പോൾ ഫിനിഷ് ചെയ്യുന്നത് ചിലപ്പോൾ യു.ഡി.എഫ്. ഗവൺമെന്റായിരിക്കും. അല്ലാതെ യു,ഡി.എഫ്. ഗവൺമെന്റാണ് ചെയ്തതെന്ന് പറയുന്നതിൽ അർത്ഥമില്ല. അതിന്റെ തുടർച്ചയായിട്ടാണ് മലയാളം യൂണിവേഴ്സിറ്റി വന്നത്. ഇക്കാര്യം സാന്ദർഭികമായി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

9.00 PM]

നമ്മളെല്ലാം ഉപയോഗിക്കുന്ന മൊബൈൽ ഫോണിൽ വരമൊഴി എന്നൊരു ആപ്ലിക്കേഷനുണ്ട്. ഇംഗ്ലീഷിൽ ടൈപ്പ് ചെയ്താൽ മലയാളം കിട്ടും. ഒരുപക്ഷെ കുറച്ച് വർഷം കഴിയുമ്പോൾ ഇംഗ്ലീഷിൽ സംസാരിച്ചാൽ മലയാളത്തിൽ കേൾക്കുന്ന യന്ത്രം വരുമായിരിക്കും. നമ്മൾ മലയാളത്തിൽ സംസാരിച്ചാൽ ഇംഗ്ലീഷുകാർക്ക് അത് ഇംഗ്ലീഷിൽ കേൾക്കാം. ലോകത്തിലെ ഏത് ഭാഷയും ഇങ്ങനെ ട്രാൻസ്‌ലേറ്റ് ചെയ്യാൻ കഴിയുന്ന സംവിധാനമുണ്ടാകും. ഇപ്പോൾ പാർലമെന്റിൽ 8 ഭാഷയിൽ ട്രാൻസ്‌ലേറ്റ് ചെയ്യാനുള്ള സംവിധാനമായിട്ടുണ്ട്.

ബട്ടൺ തിരിച്ചിട്ട് ഇയർഫോൺ ചെവിയിൽ വച്ചാൽ മലയാളത്തിലെ പ്രസംഗം ഇംഗ്ലീഷിൽ കേൾക്കേണ്ടവർക്ക് ഇംഗ്ലീഷിലും തമിഴിൽ കേൾക്കേണ്ടവർക്ക് തമിഴിലും ഹിന്ദിയിൽ കേൾക്കേണ്ടവർക്ക് ഹിന്ദിയിലും കേൾക്കാം. അതായത് പാർലമെന്റിലൊരാൾ ഇംഗ്ലീഷ് ഭാഷയിൽ പ്രസംഗിച്ചാൽ കേൾവിക്കാർക്ക് ഏത് ഭാഷയിലാണോ കേൾക്കേണ്ടത് ആ ഭാഷയിൽ കേൾക്കാനുള്ള സംവിധാനമുണ്ട്. ലോകത്ത് ഇങ്ങനെയുള്ള സംവിധാനങ്ങൾ വരുന്ന അവസരത്തിൽ നമ്മുടെ മാതൃഭാഷയെ മോശമാക്കാൻ പാടില്ല. നല്ല നിലയിൽ ഇത് മുന്നോട്ടുകൊണ്ടു പോകുന്നതിനാവശ്യമായ പരിശ്രമം നടത്തണമെന്ന അഭിപ്രായംതന്നെയാണ് ഇതുമായി ബന്ധപ്പെട്ട് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ നിയമമായാൽ മലയാളികൾ ലോകത്തിനുമുമ്പിൽ ലജ്ജിക്കേണ്ടിവരും. മാതൃഭാഷയെ നമ്മൾ അമ്മയെപ്പോലെ സ്നേഹിക്കുന്നു. അമ്മമലയാളം എന്നാണ് പറയുക. അങ്ങനെയുള്ള അമ്മയ്ക്ക് ഞാൻ ഈ വീട്ടിലെ അമ്മയാണ് എന്ന് കുടുംബാംഗങ്ങളെ വിളിച്ചറിയിക്കേണ്ട ആവശ്യമുണ്ടോ? അതുപോലെ മലയാളികളോട് ഞാൻ നിങ്ങളുടെ മാതൃഭാഷയാണ് എന്ന് മലയാളഭാഷ വിളിച്ചുപറയേണ്ടതുണ്ടോ? ഉണ്ടെന്നാണ് ഉത്തരമെങ്കിൽ അതൊരു ഗുരുതരമായ രോഗത്തിന്റെ ലക്ഷണമാണ്. ഈ രോഗത്തിന്റെ ചികിത്സ ഒരു നിയമമുണ്ടാക്കി ഭാഷ അടിച്ചേൽപ്പിക്കലല്ല. അധിനിവേശ ശക്തികൾ അവരുടെ ഭാഷ നിർബന്ധപൂർവ്വം അടിമരാജ്യങ്ങളിൽ അടിച്ചേൽപ്പിച്ചിട്ടുണ്ടായിരുന്നു. അതുപോലെ മാതൃഭാഷ ഇതുവരെ അടിച്ചേൽപ്പിച്ചതായി അല്ലെങ്കിൽ മാതൃഭാഷ നിയമംകൊണ്ട് നടപ്പിലാക്കിയതായി ചരിത്രത്തിൽ എവിടെയെങ്കിലുമുണ്ടോ എന്നറിയില്ല. മേൽപ്പറഞ്ഞ രോഗത്തിന്റെ ചികിത്സ എന്നുപറയുന്നത് നമ്മുടെ സാമൂഹ്യ സാഹചര്യങ്ങളിലുണ്ടായ മാറ്റത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുകയെന്നതാണ്. നമ്മുടെ കൃഷിയും വ്യവസായവും തകർന്നതിൽപ്പിന്നെ മലയാളികൾ ഭൂരിപക്ഷവും ജോലി തേടിപ്പോവുകയും പ്രവാസികളാവുകയും ചെയ്തവരാണ്. ഇവർക്ക് മലയാളം ഒരു നിർബന്ധ ഭാഷയാണോ? ജോലി തേടി ഇവിടെ വന്നിരിക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് മലയാളം ഒരു നിർബന്ധ ഭാഷയാണോ? അഭ്യസ്തവിദ്യരിൽ ഭൂരിഭാഗവും ഐ.റ്റി. മേഖലയിലേക്ക് തിരിഞ്ഞിരിക്കുന്നു. അവർക്ക് മലയാളം നിർബന്ധഭാഷയാണോ? ഒരുവന് നിത്യവൃത്തി നേടാൻ, തൊഴിൽപരവും വിദ്യാഭ്യാസപരവും സാങ്കേതികപരവുമായ അറിവുനേടാൻ സഹായിക്കുന്ന ഭാഷയെ മാത്രമെ അവൻ ഉപയോഗിക്കുകയും സ്നേഹിക്കുകയും ചെയ്യുകയുള്ളൂ. അല്ലാതെ നിയമംമൂലം മാതൃഭാഷ അടിച്ചേൽപ്പിക്കേണ്ട ആവശ്യമില്ല. അമ്മമലയാളത്തെ നമ്മുടെ മാതൃഭാഷയായി നിലനിറുത്തണമെങ്കിൽ മലയാളംകൊണ്ട് അവന് ജീവിതത്തിലെ ഓരോ പടവുകളും കയറാൻ കഴിയണം. അതിനുള്ള സാമൂഹിക സാഹചര്യം ഇവിടെ സൃഷ്ടിക്കപ്പെടണം. സംസ്കൃതഭാഷയ്ക്ക് സംഭവിച്ചത് നമ്മുടെയെല്ലാം കൺമുന്നിലുണ്ട്. സാധാരണ മനുഷ്യന്റെ

ജീവിതാവശ്യങ്ങൾ നിറവേറ്റാനോ അവന് സ്വപ്നംകാണാനോ കൊള്ളാത്ത ഒരു ഭാഷയായി സംസ്കൃതഭാഷ മാറിയപ്പോൾ മൃതഭാഷയുടെ ഗണത്തിലേയ്ക്ക് സംസ്കൃതഭാഷ തള്ളപ്പെട്ട മഹാസത്യം നമ്മൾ കാണുന്നുണ്ട്. മലയാളഭാഷയെ നിയമപരമായി സംരക്ഷിക്കുമ്പോൾത്തന്നെ ആ ഭാഷയെ ജീവവായുപോലെ കാണുന്ന കേരളജനതയ്ക്ക് ആ ഭാഷകൊണ്ട് ജീവിക്കാനുള്ള സാഹചര്യം നാം സൃഷ്ടിക്കണം. നിയമമില്ലാത്തതുകൊണ്ടല്ല സംസ്കൃതംപോലെ ധ്വനിസാന്ദ്രമായ ഒരു ഭാഷ തകർന്നുപോയത്. അതിന് കാലത്തിന്റെയും കാലഘട്ടത്തിന്റെയും ചുവരെഴുത്തുകൾ വായിക്കാൻ കഴിയാതിരുന്നതുകൊണ്ടാണ് എന്ന് മനസ്സിലാക്കാൻ കഴിയണം. 1969-ലെ ഔദ്യോഗിക ഭാഷാ നിയമത്തിന് 1973-ൽ ഈ സഭ ഭേദഗതി പാസ്സാക്കിയിട്ടുണ്ട്. പുതിയ കാലത്തിന്റെ ആവശ്യങ്ങൾ നേരിടാനുള്ള ഭേദഗതികളും കൂട്ടിച്ചേർക്കലുകളും വരുത്തിയാൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലിലെ മിക്ക ലക്ഷ്യങ്ങളും കൈവരിക്കാൻ പ്രസ്തുത നിയമംതന്നെ മതിയാകും. ഈ ബില്ലിലെ മൂന്നാം വകുപ്പ്പ്രകാരം രൂപീകരിക്കേണ്ട മലയാളഭാഷാ വികസന വകുപ്പ് ഔദ്യോഗിക ഭാഷാ വകുപ്പിലൂടെ രൂപപ്പെടുത്താൻ സാധിക്കും. ഈ വകുപ്പിനുകീഴിൽ മലയാളഭാഷ വികസന ഡയറക്ടേറ്റ് കൂടി രൂപീകരിച്ചാൽമാത്രമെ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ നിറവേറ്റാൻ കഴിയൂ. മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ എന്ന് പേരിട്ടിരിക്കുന്ന ഈ ബില്ലിൽത്തന്നെ എത്ര സ്ഥലങ്ങളിലാണ് ഇംഗ്ലീഷ് വാക്ക് ഉപയോഗിച്ചിരിക്കുന്നത് എന്ന് നോക്കണം. ദ്വിഭാഷാ പണ്ഡിതന്മാരെ ഉപയോഗിച്ച് ഉചിതമായ മലയാള വാക്കുകൾ കണ്ടുപിടിച്ച് നിയമത്തിൽ ഉൾപ്പെടുത്താൻ കഴിയണം. ബില്ലുകൾ തയ്യാറാക്കുമ്പോൾ ആവശ്യമായ അവധാനത കാണിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മറ്റ് മന്ത്രിമാരോടും പറയാനുള്ളത്. അല്ലെങ്കിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭേദഗതികൾ സ്വീകരിക്കാനുള്ള ആർജ്ജവം കാണിക്കണം. ഈ ബില്ലിന്റെ സൃഷ്ടിയിൽനിന്നെങ്കിലും ഗുമസ്തവൽക്കരണം ഒഴിവാക്കാൻ കഴിയണം. ഭാഷയെക്കുറിച്ച് പറയുമ്പോൾ പ്രിയപ്പെട്ട കവയിത്രി കമലാദാസിന്റെ വരികളെക്കുറിച്ച് പറയാതിരിക്കാൻ വയ്യ. "ഞാൻ മൂന്ന് ഭാഷയിൽ സംസാരിക്കും, രണ്ടെണ്ണത്തിൽ എഴുതും, ഒന്നിൽ സ്വപ്നം കാണും. സ്വപ്നം കാണാനുള്ള ഭാഷ മാതൃഭാഷയാണ്. അത് മലയാളമാണ്. " ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു. മലയാള ഭാഷയെ ശക്തിപ്പെടുത്താനും പ്രചരിപ്പിക്കാനും പരിപോഷിപ്പിക്കാനു മൊക്കെയാണ് ഈ ബിൽ അവതരിപ്പിച്ചത്. ഈ ബില്ലിന് ധാരാളം പരിമിതികളുണ്ട്. ഏറ്റവും പ്രധാനപ്പെട്ട കാര്യം മാതൃഭാഷ എല്ലാവരുടെയും ഹൃദയഭാഷയാണ്. മറ്റെല്ലാ ഭാഷകളും ഒന്നുകിൽ ശാസ്ത്രഭാഷയാണ് അല്ലെങ്കിൽ

കച്ചവട ഭാഷയാണ്, അതുമല്ലെങ്കിൽ നമ്മുടെ ആശയങ്ങൾ കൈമാറുന്ന ഭാഷയാണ്, അത് തലച്ചോറിന്റെ ഭാഷയാണ്. മലയാളിയുടെ ഏറ്റവും വലിയ പ്രശ്നമെന്താണെന്നുവച്ചാൽ, നമ്മുടെ ഹൃദയഭാഷയോട് ബഹുമാനമില്ലാത്ത ഒരു പൊതുഅവസ്ഥയിൽ നമ്മൾ എത്തിച്ചേർന്നുവെന്നതാണ്. ഇവിടെ ശ്രീ. സി. പി. മുഹമ്മദ് പറയുന്നതുപോലെ 97% പേർ മലയാളം സംസാരിക്കുന്നു എന്നൊക്കെ പറയാമെങ്കിലും ഇന്ത്യയിൽത്തന്നെ സ്വന്തം ഭാഷയോട്, അതിന്റെ മാതൃഭാവത്തോട് ഇത്രത്തോളം ബഹുമാനമില്ലാത്ത മറ്റൊരു ജനതയില്ല. ഫ്യൂഡൽ ഭരണകാലത്ത് നമ്മൾ ഉപയോഗിച്ചിരുന്ന ഒരുപാട് വാക്കുകളുണ്ട്. ആ വാക്കുകൾ തീർച്ചയായും തെറ്റായ വാക്കുകളായിരുന്നു. പക്ഷെ ആധുനിക കാലത്ത് പരസ്പരം അഭിസംബോധന ചെയ്യാൻ ഫ്യൂഡൽകാലത്തെ വാക്കുകൾക്ക് പകരം വാക്കുകൾ കണ്ടെത്താൻപോലും കഴിയാത്ത ഗതികേടിലാണ് മലയാളി. അതിന് നമ്മൾ ഉപയോഗിക്കുന്നത് ഇംഗ്ലീഷോ മറ്റേതെങ്കിലും ഭാഷയോ ആണ്. ഭാഷയെ വളർത്തുക എന്നുപറയുന്നത് ഭാഷ പ്രയോഗിക്കുന്നതിലൂടെയാണ്. ചില കവികളും കലാകാരന്മാരും സാഹിത്യകാരന്മാരും ഒഴിച്ചാൽ നമ്മുടെ ഭാഷ അതിന്റെ വൃത്തിയിലും ആരോഗ്യത്തിലും രൂപപ്പെട്ടത് കൃഷിക്കളങ്ങളിലും അദ്ധ്വാന മേഖലയിലും മനുഷ്യൻ കൂടുന്നിടത്തും കുടുംബങ്ങളിലും അടുക്കളയിലും കച്ചവട സ്ഥാപനങ്ങളിലുമൊക്കെയായിട്ടാണ്. കേരളത്തിൽ സംഗീതമുണ്ടായത് സംഗീതകോളേജിൽ നിന്നൊന്നുമല്ല, വയലിൽനിന്നാണ്. കുട്ടനാട്ടിലെ വയലിൽ കാളകളോട് സംസാരിക്കുന്ന, അവർക്കുപോലും മനസ്സിലാകുന്ന അക്ഷരങ്ങൾ ചേർക്കാത്ത ഭാഷ ഉപയോഗിച്ച കർഷകത്തൊഴിലാളികളുണ്ടായിരുന്നു. ആ കർഷകത്തൊഴിലാളി അവന്റെ അദ്ധ്വാനം മറക്കാൻ വെയിലുകൊണ്ടപ്പോൾ പാടിയ പാട്ട് ഒരു കവിയും എഴുതിയതല്ല. അതിന്റെ മുതൽക്കൂട്ട് അവർ സൃഷ്ടിച്ചതാണ്. കൃഷി കുറയുമ്പോഴും കുടുംബം ചെറുതാകുമ്പോഴും ചില വാക്കുകൾ ഇല്ലാതാകും. ചില വാക്കുകൾ ഇല്ലാതാകുന്നത് സ്വാഭാവികമാണ്. ഫ്യൂഡൽകാലത്തെ തിരുമേനിയെന്നും തമ്പുരാനെന്നും അടിമയെന്നുമൊക്കെ പറയുന്ന വാക്ക് ഇല്ലാതാകാം. പക്ഷെ ആധുനിക കാലത്ത് നമ്മുടെ ജീവിതത്തിൽ സമഭാവനയോടെ ഇടപെടുമ്പോൾ പുതിയ വാക്ക് ഉണ്ടാകണ്ടേ? ഒരു ചീത്തയായ വാക്ക് പോകുമ്പോൾ ഒരു മോശപ്പെട്ട സംസ്കാരം പോകും. പക്ഷെ ആധുനിക കാലത്ത് ഒരു പുതിയ വാക്ക് ഉണ്ടാകണം, ഒരു പുതിയ സംസ്കാരം ഉണ്ടാകണം. വിദേശത്തുനിന്നും ഒരു ഉല്പന്നം വരുമ്പോൾ ഒരു സംസ്കാരവും ഒരുവാക്കുംകൂടി വരും. അത് ആവശ്യമാണ്. ആ വാക്കിനെ വേണമെങ്കിൽ നമുക്ക് മലയാളത്തിൽ ചേർക്കാം. അത് ചേർക്കാനുള്ള സംവിധാനമുണ്ടാകണം. അതിനൊരു ലിബറൽ സ്വഭാവമുണ്ടാകണം. നമ്മൾ ഇടപെടുന്നിടങ്ങളിൽനിന്നാണ് ലിബറൽ സ്വഭാവമുണ്ടാകുന്നത്. റോബോട്ട് വന്നപ്പോൾ തമിഴ്നാട്ടിൽ രജിനികാന്തിന്റെ ഒരു സിനിമ വന്നു. യന്തിരൻ എന്നാണ് ആ സിനിമയുടെ പേര്. റോബോട്ടിന് പകരം തമിഴ്നാട്ടുകാരൻ

കണ്ടെത്തിയ വാക്ക്, അവൻ ചേർക്കപ്പെട്ട വാക്കാണ് അത്. അത്തരം പുതിയ വാക്കുകളുണ്ടാക്കാൻ മലയാളിക്ക് പറ്റുന്നില്ലായെന്നത് നമ്മുടെ പരിമിതിയാണ്. ഒരുപാട് ഇംഗ്ലീഷ് വാക്കുകൾ മലയാളവത്കരിക്കാം. കുഞ്ചൻ നമ്പ്യാരും തുഞ്ചത്ത് എഴുത്തച്ഛനുമൊക്കെ ചെയ്തതെന്താണെന്നുവച്ചാൽ സംസ്കൃതത്തിലെ പല പദങ്ങളും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യുകയും മലയാളത്തിൽ വാക്കുകൾ കിട്ടാതെ വന്നപ്പോൾ സംസ്കൃത പദങ്ങളെ മലയാളവത്ക്കരിക്കുകയും ചെയ്തു. അങ്ങനെയാണ് മലയാളത്തിൽ വാക്കുകളുണ്ടായത്. കർഷകത്തൊഴിലാളിയും കയർത്തൊഴിലാളിയും കേരളത്തിലെ മറ്റ് തൊഴിലാളി വിഭാഗങ്ങളും കഴിഞ്ഞാൽ മലയാളത്തിൽ ഏറ്റവും കൂടുതൽ വാക്കുകൾ ചേർത്തത് സാഹിത്യകാരന്മാരാണ്. പല ഭാഷകളിൽനിന്ന് അവരുടെ സാഹിത്യ സമ്പത്ത് മലയാളത്തിലേയ്ക്ക് ട്രാൻസ്‌ലേറ്റ് ചെയ്തപ്പോൾ വാക്കുകളില്ലാതെ വന്നു. വാക്കുകളില്ലാതെ വന്നപ്പോഴാണ് തമിഴ് വാക്കുകളെയും സംസ്കൃത വാക്കുകളെയും ഇംഗ്ലീഷ് വാക്കുകളെയും മലയാളവത്ക്കരിച്ചത്. ഇപ്പോൾ എന്തുകൊണ്ട് അതിന് സാധിക്കുന്നില്ല? ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ ഒരു കാര്യം ശരിയാണ്. എന്തുകൊണ്ട് തമിഴ്നാട്ടുകാരന് സാധിച്ച അത്രപോലും വാക്കുകൾ സൃഷ്ടിക്കാൻ മലയാളിക്ക് സാധിച്ചില്ല? കേരളത്തിലെ സാഹിത്യകാരന്മാരുടെ കാര്യം പറഞ്ഞാൽ, കേരളത്തിലെ സാഹിത്യ സമ്പത്തിൽ വാക്കുകളുടെ അർത്ഥപ്പുരകളിൽ നിന്ന് അവയുടെ വിലങ്ങഴിച്ച് സ്വാതന്ത്ര്യം കൊടുത്ത ആധുനിക സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറാണ്. വൈക്കം മുഹമ്മദ് ബഷീർ മലയാളിക്ക് എത്രയോ വാക്കുകളാണ് വായ്മൊഴിയായും വരമൊഴിയായും സംഭാവന ചെയ്തത്. വരമൊഴിയെ 'അളുബൂസൻ' ഭാഷയെന്നാണ് വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞത്. വായ്മൊഴിയെ വരമൊഴിയെക്കാൾ തിളക്കമാർന്ന ഭാഷയായാണ് അദ്ദേഹം കണ്ടത്. വായ്മൊഴി ഭാഷയിൽ എത്രയോ വാക്കുകളാണ് മലയാളിക്ക് അദ്ദേഹം സംഭാവന ചെയ്തത്. ലൊട്ട്‌ലൊടുക്ക്, ചപ്ലാച്ചി, ശരാപറാന്ന് ശീട്ട് കശക്കി, ഠപ്പേന്നൂരി, പ്ഠോന്ന വീണു, ബേ.....ന്ന കരഞ്ഞു, കുളാകുളാന്ന് ചിരിച്ചു, കുടുകുടാ കുടിച്ചു, ഉറുകർപച്ചത്തെ, ശിങ്കിടി, മുങ്കൻ, ഹുന്ത്രാപ്പി, അച്ചട്ട് എന്നീ വാക്കുകളെല്ലാം തന്നത് അദ്ദേഹമാണ്. ഒരു സാഹിത്യകാരന് ഒരുപാട് വാക്കുകളെ അതിന്റെ അർത്ഥപ്പുരകളിൽനിന്ന് സ്വാതന്ത്ര്യം കൊടുക്കാൻ കഴിഞ്ഞെങ്കിൽ എന്തുകൊണ്ട് ഇപ്പോൾ സാധിക്കുന്നില്ല; എവിടെയാണ് നമ്മൾ പരിമിതപ്പെട്ടുപോയത്? തമിഴ്നാട്ടുകാരൻ പുതിയ വാക്ക് കണ്ടെത്തുമ്പോൾ മലയാളിക്ക് പരിമിതി വന്നു. നമുക്ക് ഇംഗ്ലീഷിൽനിന്നും വാക്കുകൾ എടുക്കാൻ പറ്റിയില്ല. ഇംഗ്ലീഷായി നിലനിർത്തേണ്ടിയും വന്നു, പുതിയ വാക്ക് കണ്ടെത്താനും കഴിഞ്ഞില്ല. ഇംഗ്ലീഷിനെക്കുറിച്ച് നമുക്ക് ഒരുപാട് പറയാം, ലോകഭാഷയെന്നൊക്കെ പറയാം. പക്ഷെ കൊച്ചിയിലെ ഷിപ്പിംഗ് ടെക്നോളജിയുമായി ബന്ധപ്പെട്ട വാക്കുകളെല്ലാം ജർമ്മൻ ഭാഷയിലുള്ളതാണ്. ജർമ്മനിയിൽ ഇംഗ്ലീഷില്ല, ഇംഗ്ലീഷിലല്ല അവർ പഠിക്കുന്നത്. അതുകൊണ്ട്

ജർമ്മനിക്ക് ഒരു ദോഷവുമില്ല. ജപ്പാനിൽ പോകുമ്പോൾ ശ്രദ്ധിച്ചാലറിയാം. ജപ്പാന്റെ ഏറ്റവും വലിയ പ്രതിരോധം ജപ്പാൻ ഭാഷയാണെന്നാണ് ജപ്പാൻകാർ പറയുന്നത്. അത് വേറൊരു രാജ്യത്തിനും പഠിക്കാൻ സാധിക്കില്ല. പത്ത് ലോകോത്തര യൂണിവേഴ്സിറ്റികളിൽ; ലോകത്തോട് കിടപിടിക്കുന്ന ഏഷ്യയിലെ ഒരെയൊരു യൂണിവേഴ്സിറ്റി ജപ്പാനിലാണ്. അവിടെ ജപ്പാൻ ഭാഷയാണ് പഠിപ്പിക്കുന്നത്. അതുകൊണ്ട് ഈ ലോകത്തിൽ ജപ്പാന് എന്തെങ്കിലും അന്തസ്സ് കുറവോ അവരുടെ വികസനത്തിന് എന്തെങ്കിലും തടസ്സമോ ഉണ്ടോ? നമുക്കുള്ള പരിമിതി, പുതിയ വാക്കുകൾ ഉണ്ടാകുന്നില്ലെന്നതാണ്. സത്യത്തിൽ ഈ നിയമം കൊണ്ടുവരുമ്പോൾ അല്ലെങ്കിൽ ഈ നിയമത്തിൽ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഏത് ഭാഷയിൽ നിന്നും മലയാളത്തിലേയ്ക്ക് വാക്ക് സ്വീകരിക്കാം, പക്ഷേ അത് മലയാളീകരിക്കണം. ഏത് പുതിയ വാക്കും സ്വീകരിക്കുന്നവർക്ക് സമ്മാനം കൊടുക്കണം. അതിന് ഉദ്യോഗസ്ഥന്മാരുടെ ഒരു കമ്മിറ്റിയോ ഒരു ഡയറക്ടറേറ്റോ മതിയാകില്ല. ഒരു കർഷകത്തൊഴിലാളി ഒരു പുതിയ വാക്ക് അർത്ഥവത്തായി സംഭാവന ചെയ്താലും അംഗീകരിക്കണം. ഒരു ചെടി കണ്ടെത്തിയാൽ അതിന് പേരിടുന്നത് കർഷകത്തൊഴിലാളികളാണ്. പണ്ട് നമ്മുടെ മരങ്ങൾക്കെല്ലാം പേരിട്ടത് കാർഷിക യൂണിവേഴ്സിറ്റിയുള്ളതുകൊണ്ടോ കേരളത്തിൽ ഗവേഷണങ്ങൾ നടക്കുന്നതുകൊണ്ടോ അല്ല. മരങ്ങൾ നട്ടുപിടിപ്പിച്ച മനുഷ്യന് അതിനൊരു പേര് വിളിക്കേണ്ടി വന്നു. അവൻ പല മാവിനും പല പേര് വിളിച്ചു. നാട്ടു മാവിന് നാട്ടുമാവ് എന്ന പേരുകൊടുത്തത് നാട്ടുമാവ് നാട്ടുകാരന്റെ മാവായതുകൊണ്ടാണ്, വീട്ടുകാരന്റെ മാവല്ല. നാട്ടുമാവിലെ മാങ്ങയെ ആർക്കും എറിയാം, അത് വീണാൽ ഏത് കുട്ടിക്കും എടുക്കാം. അതുകൊണ്ട് വീട്ടുമാവും ഉണ്ടായി, നാട്ടുമാവും ഉണ്ടായി. നാട്ടുമാവ് വലിയ മാവായി. ഇത് കാർഷിക യൂണിവേഴ്സിറ്റി കൊണ്ടുവന്ന പേരൊന്നുമല്ല. പക്ഷേ ഇപ്പോഴും നാട്ടുമാവെന്നാണ് വിളിക്കുന്നത്. എത്രയോ പുതിയ പേരുകൾ സംഭാവന ചെയ്തത് നമ്മൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ തീർച്ചയായും അതിന്റെ ഉത്തരവാദിത്വം നമ്മുടെ കവികൾക്കാണ്. കവികളാണ് സംസ്കൃതത്തിൽ നിന്ന് ആയിരക്കണക്കിന് വാക്കുകൾ മലയാളത്തിന് സംഭാവന ചെയ്തത്. എന്തുകൊണ്ട് ഈ ആധുനിക കാലത്ത് നമുക്കതിന് കഴിയുന്നില്ല? അവിടെയാണ് മലയാളിയുടെ പരിമിതി മനസ്സിലാക്കേണ്ടത്. ഈ നിയമത്തിൽ ഏറ്റവും വലിയ കാര്യമായി പ്രഖ്യാപിപ്പിക്കപ്പെടേണ്ടത്, പുതിയ വാക്കുകൾ സൃഷ്ടിക്കുന്ന ഒരു സംവിധാനമുണ്ടാകണം. ഏത് ഭാഷയിലെയും വ്യവഹാരത്തിന്, ശാസ്ത്രത്തിന്, വിദ്യാഭ്യാസത്തിന്, ഔദ്യോഗിക കാര്യത്തിന് വാക്കുകൾ അർത്ഥവത്തായി സ്വീകരിക്കുന്ന ഒരു സംവിധാനമുണ്ടാകണം. ഒരു പുതിയ ചെടിക്കോ, ഒരു പുതിയ കണ്ടെത്തലിനോ, ഒരു പുതിയ മരുന്നിനോ, ഒരു പുതിയ സമ്പ്രദായത്തിനോ ഒരു കർഷകത്തൊഴിലാളി പേരിട്ടാൽ അവനും അതിന്റെ അംഗീകാരം കിട്ടണം.

അങ്ങനെ വാക്കിനെ വളർത്താനുള്ള ഒരു സംവിധാനം ഈ നിയമത്തിൽ വേണം. ഈ നിയമത്തിലെ വകുപ്പുകൾക്ക് അവസാനമായി പറഞ്ഞിട്ടുള്ള ഒരു കാര്യമാണത്. പുതിയ വാക്കുകൾ ഉണ്ടാക്കണം. ലോകത്ത് ഇംഗ്ലീഷ് ഏറ്റവും കൂടുതൽ വളരാനുള്ള കാരണം അത് ലിബറൽ ഭാഷയായതാണ്. ഒരു വർഷം പല വാക്കുകൾ ഇംഗ്ലീഷ് ഭാഷയിലേയ്ക്ക് കൂട്ടിച്ചേർക്കുന്നു. ഇപ്പോൾ C, Z, S എന്നീ മൂന്നക്ഷരങ്ങൾക്കും കൂടി ഒരക്ഷരം മതിയോ, 26 അക്ഷരം വേണോ ഒന്നു കുറച്ച് 25 മതിയോ എന്നിങ്ങനെയുള്ള ആലോചനയിലാണ്. അക്ഷരക്കൂട്ടങ്ങളുടെ അളവ് കുറച്ച് ആശയവർദ്ധനവിനുള്ള പരീക്ഷണങ്ങൾ ഇംഗ്ലീഷ് ഭാഷയെപ്പറ്റി നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലമാണ്. ഇംഗ്ലീഷ് ഭാഷ അങ്ങനെ പോകുമ്പോൾ അതിന് അടിമയാകുകയല്ല നമ്മൾ ചെയ്യേണ്ടത്. അതിൽനിന്ന് വാക്കുകൾ സ്വീകരിക്കുകയും അതോടൊപ്പം ഒരു ലിബറൽ ഭാഷയായി മലയാളത്തിന് വളരാൻ സാധിക്കുമോ എന്ന് ചിന്തിക്കണം. അങ്ങനെ വളരണമെങ്കിൽ ഈ നിയമത്തിൽ പല മാറ്റങ്ങളും വരുത്തേണ്ടതുണ്ട്. മലയാളം പഠിച്ചുവരുന്ന കുട്ടികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാനും ജോലിയുടെ കാര്യത്തിൽ പിന്തുണ കൊടുക്കാനും സാധിക്കണം. ശ്രീ. ബെന്നി ബെഹനാനും ബന്ധപ്പെട്ടവരും സൂചിപ്പിച്ചതുപോലെ കേരളത്തിലെ ചില സ്കൂളുകളിൽ ഇംഗ്ലീഷല്ലാതെ മലയാളം വാക്ക് ഉച്ചരിച്ചുപോയാൽ ശിക്ഷിക്കുന്നവരെ നമുക്ക് ശിക്ഷിക്കാൻ സാധിക്കണം. അങ്ങനെ ശിക്ഷിക്കുന്നവരെ ശിക്ഷിക്കാൻ സാധിച്ചാൽ മലയാളത്തിന് പുതിയൊരു അന്തസ്സുണ്ടാകും. ഔദ്യോഗികഭാഷയിൽ മലയാളം വരുന്നത് വലിയ വിപ്ലവമൊന്നുമല്ല. ഔദ്യോഗികഭാഷയിൽ മലയാളം വരുത്താൻ കഴിഞ്ഞാലും കുറച്ചുകാലത്തേയ്ക്ക് മാത്രമായിരിക്കും. വളരെ പ്രഗത്ഭമതികളായ ആളുകൾ മലയാളം വരുത്താനുള്ള സംവിധാനത്തിൽ വന്നില്ലെങ്കിൽ; മനുഷ്യന് ഇഷ്ടപ്പെടുന്ന വാക്കുകളുണ്ടാകുകയില്ല. വാക്കുകൾ കേട്ടാൽ മനുഷ്യന് പെട്ടെന്ന് മനസ്സിലാകണം. എല്ലാ ഭാഷയിലും ഒരുപോലെയുള്ള ചില വാക്കുകളുണ്ട്, ശബ്ദം കൊണ്ടുതന്നെ മനസ്സിലാകും. അമ്മ, മാം എന്നൊക്കെ പറയുന്നത് ലോകത്തിലെ ഏത് ഭാഷയിലെയും ശബ്ദം കേട്ടാൽ മനസ്സിലാകാം, അത് പെറ്റമ്മയാണെന്ന്. അങ്ങനെയുള്ള വാക്കുകൾ കേൾക്കുമ്പോൾത്തന്നെ അതിന്റെ അർത്ഥം മനസ്സിൽ പതിയണം. അങ്ങനെ മലയാളത്തിൽ വാക്കുകൾ പുതിയതായി കൂട്ടിച്ചേർക്കാൻ; വാക്കുകൾ കൂട്ടിച്ചേർക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ; അവരെ അംഗീകരിക്കാൻ കഴിയണം. ഔദ്യോഗികഭാഷയുടെ പ്രയോഗം, എഴുത്തുരീതി ഇവയൊക്കെ ഒരുപാട് പരിഷ്ക്കരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമെ മനുഷ്യന് മനസ്സിലാകൂ. അത്തരം കാര്യങ്ങളിൽ ശ്രദ്ധവച്ച് മുന്നോട്ടുപോകാൻ തീരുമാനിച്ചാൽ, ഇവിടെ വരുന്ന അത്തരം ഭേദഗതികൾ കൂടി അംഗീകരിക്കാൻ തീരുമാനിച്ചാൽ നന്നായിരിക്കും. വിദ്യാഭ്യാസ, ഔദ്യോഗികമേഖലയിൽ മനുഷ്യന് മനസ്സിലാകുന്ന തരത്തിലുള്ള മലയാളം വാക്കുകൾ വേണമെങ്കിൽ ഭാഷാ ഡയറക്ടറേറ്റ് ഉണ്ടാക്കി

ഉദ്യോഗസ്ഥന്മാർക്ക് ഒരു പ്രത്യേക പരിശീലനം കൊടുക്കാനുള്ള നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അങ്ങ് പറഞ്ഞതുപോലെ സംസ്കൃത ഭാഷയാണ് എല്ലാറ്റിന്റെയും ആധാരമായിട്ടുള്ളത്. ഹിന്ദി ദേവനാഗരി ലിപിയാണ്. ഉദാഹരണത്തിന് താംബൂൽ എന്ന് ഹിന്ദിയിലും ആസ്സാമീസ് ഭാഷയിലും പറയും, മലയാളത്തിൽ താംബൂലം എന്നും പറയും. ഇതുപോലെ പൊതുവായിട്ടുള്ള ധാരാളം വാക്കുകളുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനം സംസ്കൃതഭാഷയാണ്. മറാഠി ഭാഷ എഴുതുന്നത് ദേവനാഗിരി ലിപിയിലാണ്, പക്ഷേ ഉച്ചാരണം വ്യത്യസ്തമാണ്. വിവിധ ഇന്ത്യൻ ഭാഷകൾ തമ്മിൽ വളരെയേറെ അടുപ്പമുണ്ട്. കാരണം സംസ്കൃതമാണ് ഇതിന്റെയെല്ലാം ആധാരം. ആസാമീസ് ഭാഷയിലെ പല വാക്കുകളും മലയാളം വാക്കുകളുമായി സാമ്യമുണ്ട്. മാത്രമല്ല ആന്ധ്രാ, തമിഴ്നാട്, കർണ്ണാടക ഇവിടെയുള്ള ഭാഷകളെടുത്തു നോക്കിയാലും മലയാള ഭാഷയുമായി ബന്ധമുണ്ട്. 'ഒന്ന്, രണ്ട്, മൂന്ന് ' ഇതെല്ലാം തമിഴ്നാടിലും ആന്ധ്രയിലും ഇങ്ങനെ തന്നെയാണ്. പരസ്പരം ബന്ധപ്പെട്ട ഭാഷകളായതുകൊണ്ട് പല വാക്കുകളും മലയാളീകരിക്കാൻ എളുപ്പമുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, സംസ്കൃത വാക്കുകൾ മലയാളീകരിച്ചെടുക്കാൻ കന്നടക്കാരെക്കാളും തമിഴ്നാട്ടുകാരെക്കാളും തെലുങ്കരെക്കാളും എളുപ്പം മലയാളിക്കാണ്. കാരണം തെക്കേ ഇന്ത്യയിൽ സംസ്കൃത വാക്കുകൾ ഏറ്റവും കൂടുതൽ ഒരു ഭാഷയിലേയ്ക്ക് കടമെടുത്തത് മലയാളിയാണ്.

ഡോ. എൻ. ജയരാജ്: സർ, ഒരു പ്രധാനപ്പെട്ട വിഷയം മലയാളത്തിനുള്ളത് അച്ചടിയിൽ വ്യത്യസ്തമായ ഫോണ്ടുകളാണ് ഉപയോഗിക്കുന്നത്. കോട്ടയം എന്നെഴുതുന്നത് 'ഠ' ചേർത്തും 'ട്ട' ചേർത്തും എഴുതാം. സാംസ്കാരിക വകുപ്പിന്റെ കീഴിൽ കോട്ടയത്ത് നടക്കുന്ന സാംസ്കാരിക സംഗമത്തിൽ വളരെ പ്രധാനപ്പെട്ട വിഷയമായി എടുത്തിരിക്കുന്നത് മലയാളത്തിൽ അച്ചടിക്ക് ഒരു കൃത്യമായ ഭാഷാ ശൈലി രൂപപ്പെടുത്തിയെടുക്കണമെന്നുള്ള വിഷയമാണ്. 'അന്ന അമ്മയോടൊപ്പം പോയി' എന്നുള്ളത് 'അന്നമ്മയോടൊപ്പം പോയി' എന്ന് വായിക്കുന്ന കുഴപ്പം മലയാള ഭാഷയ്ക്കുണ്ട്. അതുകൂടി തീർച്ചയായും ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, തീർച്ചയായും ലിപി പരിഷ്കരണം വേണ്ടതാണ്. ലിപി പരിഷ്കരണം നടത്തുമ്പോൾ ഏറ്റവും താഴെത്തട്ടിലെ മനുഷ്യനായിരിക്കണം നമ്മുടെ മുമ്പിലുണ്ടാകേണ്ടത്, മുകൾത്തട്ടിലുള്ള മനുഷ്യരാകരുത്. മലയാളത്തിന്റെ മറ്റൊരു പ്രത്യേകത, കേരളത്തിൽ പാറശ്ശാല മുതൽ കാസർഗോഡ് വരെ പോയാൽ 723 തരം മലയാളം വാമൊഴിയുണ്ട്.

ഇതെല്ലാം നിലനിർത്തണം. ആദിവാസി മലയാളമുണ്ട്, അത് നമുക്ക് കേട്ടാൽ മനസ്സിലാകില്ല. അവന്റെ സംഗീതമുണ്ട്, അവരുടെ പാട്ടുണ്ട്. മലയാള ഭാഷ സംരക്ഷിക്കണമെന്നുപറയുമ്പോൾ, 723 തരം വാമൊഴിയുണ്ടെന്നാണ് ഇപ്പോൾ സർവ്വേ നടത്തി കണ്ടെത്തിയിട്ടുള്ളത്, അതെല്ലാം സംരക്ഷിക്കണം. അതിന്റെ കല, താളം, അവർ വാമൊഴിയായി മാത്രം പാടിയ പാട്ടുകൾ തുടങ്ങിയവയെല്ലാം സംരക്ഷിക്കണം. ഇതെല്ലാം റിക്കോർഡ് ചെയ്ത് സൂക്ഷിക്കണം. ലോകത്ത് ഇപ്പോഴത്തെ നിലയനുസരിച്ച് ഒരു ചെറിയ വിഭാഗം ജനങ്ങൾക്കിടയിൽ ഓരോ മൂന്ന് മിനിട്ടിലും ഒരു ഭാഷ മൃതപ്രായമായി പോവുകയോ മരിക്കുകയോ ചെയ്യുന്നുണ്ട്. മലയാളിക്ക് ഒരു വലിയ പാരമ്പര്യമുണ്ട്, വലിയ സംഗീതമുണ്ട്, ഒരു ജീവിത താളമുണ്ട്, ഒരു ഭാഷയുണ്ട്, ഒരുപക്ഷെ മറ്റ് ഭാഷകൾക്ക് ഇല്ലാത്ത തരത്തിലുള്ള വൈവിദ്ധ്യമുണ്ട്. തൃശ്ശൂർക്കാരുടെ മലയാളവും വടകരക്കാരുടെ മലയാളവും തമിഴുചേർന്ന തിരുവനന്തപുരത്തെ പാറശ്ശാലക്കാരുടെ മലയാളവും ഒന്നല്ല. തമിഴ് ചേർന്ന ഇടുക്കിയുടെ മലയാളവും തോപ്പിൽ ഭാസിയെല്ലാം ഉപയോഗിച്ച കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, ഓണാട്ടുകര മലയാളവും ഒന്നല്ല. തോപ്പിൽഭാസിയുടെ ഭാഷ ഓണാട്ടുകര മലയാളമാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അച്ചടി ഭാഷയെന്നുപറയുന്നത് കോട്ടയത്തെ ഭാഷയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, വനംവകുപ്പുമന്ത്രി പറഞ്ഞത് ശരിയല്ല. അച്ചടിഭാഷയെന്നുപറയുന്നത് ഓണാട്ടുകര ഭാഷയാണ്. മാവേലിക്കര, കരുനാഗപ്പള്ളി, കായംകുളം, നൂറനാട് ചേർന്ന പ്രദേശമാണ് ഓണാട്ടുകര.

ശ്രീ. മുല്ലക്കര രത്നാകരൻ: നിങ്ങൾ തമ്മിൽ തർക്കം വേണ്ട. ഞാൻ ശ്രീ. രമേശ് ചെന്നിത്തലയോടൊപ്പമാണ്. കേരളത്തിൽ ഏറ്റവും ശുദ്ധമായ ഭാഷയായി അംഗീകരിച്ചിട്ടുള്ളത് ഓണാട്ടുകര ഭാഷയെയാണ്. ഇതിൽ തർക്കം വേണ്ട. ഓരോരുത്തർക്കും അവരവരുടെ ഭാഷയാണ് പ്രിയപ്പെട്ടത്. ശ്രീ. പി. കെ. ബഷീറിന്റെ മലപ്പുറം ഭാഷയാണ് അദ്ദേഹത്തിന് ഏറ്റവും ഇഷ്ടപ്പെട്ട ഭാഷ. കേരളത്തിൽ 723 തരത്തിൽ മലയാളം ഉപയോഗിക്കുന്നുണ്ട്. നമ്മൾ ആധുനികരായാൽ അതിൽ പലതും നഷ്ടപ്പെട്ടുപോകാം, അതിലെ വാക്കുകൾ നഷ്ടപ്പെട്ടുപോകാം, ആ വാക്കുകൾ ഉപയോഗിക്കുന്ന രീതി നഷ്ടപ്പെട്ടുപോകാം. അതെല്ലാം സൂക്ഷിക്കാൻ കൂടി ഈ നിയമത്തിൽ സംവിധാനം ഉണ്ടാകണം. ആ സംവിധാനം മലയാളം സർവ്വകലാശാലയ്ക്കോ ഇവിടെയുണ്ടാകുന്ന മലയാളം ഡയറക്ടേറ്റിനോ കൊടുക്കേണ്ട ബാധ്യതകൂടി നമുക്കുണ്ട്. അതുകൊണ്ട് ഇത്

ശക്തിപ്പെടുത്തേണ്ട ബില്ലാണ്. ശക്തിപ്പെടുത്തേണ്ടത് ഇവിടെയുണ്ടാകുന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല. മലയാളത്തെ സ്നേഹിക്കുന്ന കേരളത്തിലെ സാഹിത്യകാരന്മാരെയും ഒരു ഇംഗ്ലീഷ് വാക്കുപോലും ഉപയോഗിക്കാൻ അറിഞ്ഞുകൂടാത്ത കർഷകത്തൊഴിലാളി ഉൾപ്പെടെയുള്ള മലയാളം മാത്രം സംസാരിക്കുന്ന കേരളത്തിലെ മനുഷ്യരെയുമെല്ലാം ബഹുമാനിച്ചുകൊണ്ട് അവരുടെയെല്ലാം ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ ഭാഷയെ സംരക്ഷിക്കാനും വികസിപ്പിക്കാനും കഴിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു. ഇവിടെ, മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ സംബന്ധിച്ച വളരെ ആരോഗ്യകരമായ ഒരു ചർച്ച മുന്നേറിക്കൊണ്ടിരിക്കുകയാണ്. മാതൃഭാഷയുടെ ഉറപ്പുള്ള പാറയിന്മേലാണ് നാട്ടിൻപുറത്തെയും നഗരത്തിലെയും കുട്ടികൾ അവരുടെ വളർച്ചയുടെ അടിത്തറ പണിയേണ്ടതെന്ന് രാഷ്ട്രപിതാവ് മഹാത്മജി ലോകത്തെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ലോക മാനവികത മാതൃഭാഷയിലൂടെ മാത്രമെ സാധ്യമാകൂവെന്ന ചിന്തകളും ഇപ്പോൾ വളരെ ശക്തമായിക്കൊണ്ടിരിക്കുകയാണ്. മാതൃഭാഷയെ അവഗണിക്കുന്നത് വലിയ പാതകമാണ്. മാതൃഭാഷയെ പരിപോഷിപ്പിക്കേണ്ടത് നമ്മുടെ സാംസ്കാരികമായ ഉത്തരവാദിത്വമാണ്. അതുകൊണ്ടാണ് ഐക്യരാഷ്ട്ര സഭ ഫെബ്രുവരി 21-ന് ലോക മാതൃഭാഷ ദിനമായി ആചരിക്കുന്നത്. ഇന്ന് എല്ലാ പ്രദേശങ്ങളിലും ആ പ്രദേശങ്ങളുടെ സംസ്കാരവുമായി ബന്ധപ്പെട്ട മാതൃഭാഷകളെ ശക്തിപ്പെടുത്താനുള്ള അതിശക്തമായ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവനവന്റെ സാംസ്കാരിക പാരമ്പര്യങ്ങളിൽ അഭിമാനിക്കുന്ന ഒരു തലമുറ നമുക്കുണ്ടാവണം. അതിനുവേണ്ടി കൂടിയാണ് ഇവിടെ ഇത്തരത്തിലുള്ള ഒരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. മലയാളത്തിന്റെ സൗഭാഗ്യമായിത്തീർന്ന ഹെർമൻ ഗുണ്ടർട്ട് എന്ന ജർമ്മൻകാരനായിരുന്നു നമുക്ക് മലയാളത്തിലെ ആദ്യത്തെ ഡിക്ഷനറി സംഭാവന ചെയ്തത്. ഇന്ത്യയിൽ ക്രിസ്തുമത പ്രചരണത്തിനുവേണ്ടി വന്ന അദ്ദേഹം സന്ദർശിച്ച സംസ്ഥാനങ്ങളിലെ ഭാഷകളൊക്കെ പഠിച്ചു. 23 കൊല്ലക്കാലം തലശ്ശേരിക്കാരനായി ജീവിച്ചപ്പോൾ മലയാളം പഠിച്ചു. ഭാഷകൾ തമ്മിലുള്ള എതിർപ്പുകളോ യുദ്ധമോ അല്ല നമുക്കുവേണ്ടത്. പരസ്പരം കൊടുത്തും വാങ്ങിയും വികസിച്ചുകൊണ്ടേയിരിക്കണം. അതാണ് ഭാഷയുടെ ചരിത്രവും പാരമ്പര്യവും. ലോക മാനവികതയിലേയ്ക്ക് നമ്മൾ വളർന്നുവരുമ്പോൾ, ആദ്യം സ്വന്തം ഭാഷയിൽ, പിന്നെ മറ്റ് ഭാഷകളിലേയ്ക്ക് അങ്ങനെ ലോക മാനവികതയിലേയ്ക്ക്, അതായിരിക്കണം നമ്മുടെ കാഴ്ചപ്പാട്. മലയാളഭാഷയുടെ അഭിവൃദ്ധിക്കും വികാസത്തിനും ഒട്ടേറെ കാര്യങ്ങൾ ചെയ്ത സർക്കാരാണിത്. ഞാൻ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല. മലയാളം സർവ്വകലാശാല സ്ഥാപിച്ചത് വലിയ നേട്ടമാണ്. കേവലം മൂന്നുവർഷം കൊണ്ട് ശ്രദ്ധേയമായ നിലയിൽ നമ്മുടെ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ

മുന്നോട്ടുപോകുന്നു. ശ്രേഷ്ഠ ഭാഷാപദവി നേടിയെടുക്കാൻ സാധിച്ചു. മലയാളത്തിന് ദേശീയതലത്തിൽ ലഭിച്ച വലിയ അംഗീകാരമായിത്തന്നെ നമുക്കതിനെ കാണാം. മലയാള നാട്ടിൽ ഔദ്യോഗിക ജീവിതത്തിലും അതുവഴി സമസ്ത മേഖലകളിലും മാതൃഭാഷയുടെ വ്യാപനം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ഈ ബിൽ. അതിനെ സ്വാഗതം ചെയ്യുന്നു. നിലവിലുള്ളത് 1969-ലെ ഔദ്യോഗിക ഭാഷാ നിയമമാണ്. ദുർബ്ബലവും നാമമാത്രവുമായിരുന്നു ആ നിയമം എന്നുള്ളത് ശരിയാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ഇന്ന് ലോകത്തുണ്ടായിട്ടുള്ള മാറ്റങ്ങൾക്കും വികാസങ്ങൾക്കും അനുസൃതമായി പകരം കൊണ്ടുവരുന്ന ഈ ബിൽ മാതൃഭാഷയുടെ വികസനത്തിനേറെ സഹായകരമാകും. സമഗ്ര ഭാഷാനിയമം വേണമെന്നത് ഭാഷാ സ്നേഹികളുടെ ദീർഘകാലത്തെ ആവശ്യമാണ്. ഹരിത വിവേകം പേലെ ഒരു മാതൃഭാഷാ വിവേകം കൂടി രൂപപ്പെടണം. അതിലൂടെ മാത്രമേ ശ്രേഷ്ഠ മലയാളത്തെ ജീവൽ ഭാഷയായി ജീവിത ആയോധനത്തിന്റെ ഭാഷയായി വരുംകാലത്ത് നിലനിർത്താനാവൂ. കേരളീയ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പ്രയുക്തമായിത്തീരാൻ കഴിയുമ്പോൾ മാത്രമെ മലയാളത്തിന് യഥാർത്ഥ ശ്രേഷ്ഠത കൈവരികയുള്ളൂ. സമഗ്ര ഭാഷാനിയമം ഉണ്ടായാൽ മാതൃഭാഷയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും നിയമ പരിരക്ഷ കിട്ടും. കുറച്ചുവർഷങ്ങൾക്കു മുമ്പുവരെ നമ്മളിൽ ചിലരെങ്കിലും സൂക്ഷിച്ച ഒരു മനോഭാവമുണ്ടായിരുന്നു. കുഞ്ഞുണ്ണിമാഷ് അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

"ജനിക്കും നിമിഷം തൊട്ടെൻ മകനിംഗ്ലീഷു പഠിക്കണം,

അതിനാൽ ഭാര്യതൻ പേറങ്ങിംഗ്ലണ്ടിലാക്കി ഞാൻ"

എന്നുപറയുന്ന പ്രയോഗമുണ്ട്. ഇത് കുറച്ചുകാലം മുമ്പുണ്ടായിരുന്ന നമ്മുടെ മാനസികാവസ്ഥയായിരുന്നു. എന്നാൽ ഇന്ന് നടക്കുന്ന ഇത്തരം പരിശ്രമങ്ങൾ, മലയാളം സർവ്വകലാശാല, ശ്രേഷ്ഠഭാഷ പദവി, ഇവിടെ നമ്മൾ കൊണ്ടുവരുന്ന ഈ ബിൽ ഇതൊക്കെ മലയാളിയിൽ മലയാളത്തോടുള്ള താൽപ്പര്യം വളർത്താൻ സഹായകരമായി. വള്ളത്തോൾ നമ്മെ ഓർമ്മപ്പെടുത്തുന്നതുപോലെ...

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ"

എന്ന് അത്തരത്തിലുള്ളൊരു ബോധം നമ്മുടെ പുതിയ തലമുറയിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതിനാൽ ഈ ബിൽ കൊണ്ടുവരുന്നതടക്കമുള്ള പ്രവർത്തനങ്ങൾ പെറ്റമ്മയെ ഓർമ്മിക്കലാണ്, പെറ്റമ്മക്കുള്ള സേവനങ്ങളാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഹൈക്കോടതിയിലും സുപ്രീം കോടതിയിലൊന്നും നമുക്ക് ഭാഷ മാറ്റാൻ

കഴിയില്ലെങ്കിലും വ്യവഹാരങ്ങൾ പരമാവധി മലയാളമാക്കണം, ആളുകൾക്ക് ബോധ്യപ്പെടണം. അതിനുള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളത് പ്രത്യേകമായി ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ തന്നെ പുതിയ ബില്ലുകളിലും മറ്റും ഉപയോഗിക്കുന്ന ഭാഷ ലളിതമാക്കണം. ഇവിടെ ഇംഗ്ലീഷ് കോപ്പിയെടുത്തിട്ടാണ് മലയാളത്തിൽ നമ്മൾ ബിൽ ഡ്രാഫ്റ്റ് ചെയ്യുന്നത്. പല മലയാളവത്ക്കരണവും ഇംഗ്ലീഷിനേക്കാൾ കടുപ്പമേറിയതാണ്. അതുകൊണ്ട് ലളിതമായി എന്നാൽ ഏറ്റവും സുതാര്യമായി ഭാഷകൾ സംവേദനം ചെയ്യുന്ന വിധത്തിൽ നമ്മുടെ ബില്ലുകൾ മാറണമെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. മലയാളത്തിലെ ശാസ്ത്ര സാങ്കേതിക പദാവലി വിപുലമാക്കുവാൻ പുതിയ ഗവേഷണം നടക്കണം. ഇവിടെ ലോകം മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ഭാഷയിൽ പുതിയ ഒരുപാട് പദങ്ങൾ കടന്നുവരേണ്ടതുണ്ട്. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സെൽഫോണിന്റെയും കാലഘട്ടത്തിൽ അവിടെയൊക്കെ മലയാളം കടന്നുചെല്ലണം. സൈബർ ലോകത്തിലേയ്ക്ക് മലയാളം പ്രവേശിക്കണം. ഇന്ന് മലയാളം അവിടെ തടഞ്ഞുനിൽക്കുകയാണ്, അങ്ങോട്ട് കടക്കുന്നില്ല. അവിടെ ഇംഗ്ലീഷ് തന്നെയാണ് ഉപയോഗിക്കുന്നത്. എന്തുകൊണ്ട് സൈബർ ലോകത്തുള്ള പദങ്ങൾക്കു പകരമായി മലയാളം കണ്ടെത്തിക്കൂടാ? അതിനെക്കുറിച്ചുള്ള ഗവേഷണങ്ങൾ ഉണ്ടാകണം. ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടതുപോലെ, വിവിധ ഭാഷകളിൽനിന്ന് ധാരാളം നാമങ്ങൾ നമ്മുടെ ഭാഷയിലേയ്ക്ക് വരുമ്പോൾ നമ്മുടെ ഭാഷ സമ്പന്നമാവുകയാണ്. ഇവിടെ ഒരുപാട് പദങ്ങൾ പറഞ്ഞതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. അറബിയിൽ നിന്നും ജർമ്മനിയിൽ നിന്നും ഫ്രഞ്ചിൽ നിന്നും ധാരാളം പദങ്ങൾ സ്വീകരിച്ചപ്പോൾ മലയാളം സമ്പന്നമായി. പക്ഷെ, ധാരാളം ക്രിയകൾ നമ്മൾ മറ്റുഭാഷകളിൽ നിന്ന് സ്വീകരിക്കുമ്പോൾ മലയാളം ദുർബ്ബലപ്പെടുകയാണ്. അതാണ് ഇതുസംബന്ധിച്ച് ഒരു ഗവേഷണത്തിൽ പറഞ്ഞിട്ടുള്ളത്. ഭാഷകളിലേയ്ക്ക് നാമ പദങ്ങൾ എത്രയധികം വരുന്നോ അത്രയും ഭാഷ സമ്പന്നമാകും. ഭാഷയിലേയ്ക്ക് ക്രിയാപദങ്ങൾ എത്ര കടന്നുവരുന്നോ അത്രയും ഭാഷ ദുർബലമാകും. വളരെ ഖേദകരമെന്ന് പറയട്ടെ, ഇന്നത്തെ നമ്മുടെ പുതുതലമുറ 'ഞാൻ വാക്ക് ചെയ്യുകയാണ് ഞാൻ വാച്ച് ചെയ്യുകയാണ്, ഞാൻ ഡ്രിങ്ക് ചെയ്യുകയാണ് ' എന്ന രീതിയിൽ ക്രിയാ പദങ്ങൾ കൂടുതലായി മറ്റ് ഭാഷകളിൽനിന്ന് ഉപയോഗിക്കുന്നു. അതാണ് പലരും ചൂണ്ടിക്കാണിച്ച ഇംഗ്ലീഷ് മംഗ്ലീഷാകുന്ന സ്ഥിതിയുള്ളത്. മലയാളഭാഷാ വികാസത്തിന് കാതലായ സാഹിത്യ ദൗത്യവും കൂടി പ്രധാനപ്പെട്ടതാണ്. മലയാള സാഹിത്യത്തിലെ പ്രധാനപ്പെട്ട കൃതികൾ മറ്റ് ഇന്ത്യൻ ഭാഷകളിലേയ്ക്കും അതുപോലെ ഇംഗ്ലീഷ്,

ഫ്രഞ്ച്, അറബി ഉൾപ്പെടെയുള്ള ലോകഭാഷകളിലേയ്ക്കും പരിഭാഷപ്പെടുത്തണം. മലയാള സാഹിത്യനായകന്മാരുടെ ലോക നിലവാരത്തിലുള്ള ഒരുപാട് സാഹിത്യകൃതികളുണ്ട്. പക്ഷെ എല്ലാം മലയാളഭാഷയിൽത്തന്നെ നിൽക്കുകയാണ്. ഈ ഭാഷയെക്കുറിച്ച് സംസാരിക്കുമ്പോൾ ഇത് മറ്റ് ഭാഷകളിൽക്കൂടി കടന്നുവരാനുള്ള സംരംഭം ഇതിന്റെ ഭാഗമായി ഉണ്ടാകണം. ഭാഷാ വികസനത്തിന്റെ ഒരു പ്രധാന വഴിയാണത്. മലയാള ഭാഷയുടെ വൈവിധ്യത്തെ സംബന്ധിച്ച ഗവേഷണമുണ്ടാകണം. ഇവിടെ ഓണാട്ടുകര മലയാളമാണ്, കോട്ടയം മലയാളമാണ് ഏറ്റവും നല്ലതെന്നൊക്കെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. കാസർഗോഡ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെയുള്ള മലയാളികൾ സംസാരിക്കുന്ന ഭാഷ വ്യത്യസ്തമാണ്. അതിനെക്കുറിച്ച് ഒരു ഗവേഷണമുണ്ടാകണം. അത് ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഇവിടെ എല്ലാവരും സിനിമ കാണുന്നവരായതുകൊണ്ട് ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്. മമ്മൂട്ടിയുടെ രണ്ട് കഥാപാത്രങ്ങളുണ്ട്. ഒന്ന്, രാജമാണിക്യം എന്ന സിനിമയിലെ കഥാപാത്രം സംസാരിക്കുന്നത് നമുക്ക് പെട്ടെന്ന് മനസ്സിലാകാത്ത തിരുവനന്തപുരം സ്ലാങ്ങിലാണ്. അതും മലയാളമാണ്. അതുപോലെ തന്നെ മമ്മൂട്ടിയുടെ വേറൊരു കഥാപാത്രമുണ്ട് ചട്ടമ്പിനാട് എന്ന സിനിമയിൽ. കന്നടയോട് ചേർന്നുകിടക്കുന്ന പ്രദേശത്തുള്ള മമ്മൂട്ടി. അതിൽ പറയുന്ന പ്രയോഗവും നമുക്ക് പെട്ടെന്ന് മലയാളമാണെന്ന് മനസ്സിലാകില്ല. പക്ഷെ, ഇത് രണ്ടും മലയാളമാണ്. അതിനിടയിൽ ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടതുപോലെ 723 തരം വാമൊഴികൾ മലയാളത്തിലുണ്ട്. അവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള നിഘണ്ടുവും അതിന്റെയൊരു ഏകോപനവും ഉണ്ടാകുന്നതിനുള്ള ചില പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അതുപോലെതന്നെ ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ട പ്രധാന വിഷയം ആദിവാസി ഭാഷയുമായി ബന്ധപ്പെട്ടതാണ്. ആദിവാസികൾക്ക് അവരുടേതായ ഭാഷയുണ്ട്, സംസാര രീതിയുണ്ട്. പക്ഷെ, നമ്മൾ അവർക്ക് മലയാള പുസ്തകമാണ് കൊടുക്കുന്നത്. പലപ്പോഴും മലയാളത്തിലുള്ള പദവും ആദിവാസി ഉപയോഗിക്കുന്ന ഭാഷയും പരസ്പര വിരുദ്ധമാണ്. ആദിവാസി ഭാഷകളിൽ ഗവേഷണമുണ്ടാകണം. ഒറ്റ ഉദാഹരണം മാത്രം പറയാം. ആദിവാസി ഭാഷയിൽ കരയെന്ന് പറഞ്ഞാൽ വെള്ളമാണ്. നമ്മൾ കരയെന്ന് പറഞ്ഞാൽ വെള്ളത്തിൽ നിന്ന് മാറി നിൽക്കണം, ഭൂമിയാണ്. കരയെന്ന് പറയുന്ന പദത്തിന് മലയാളത്തിന്റെ നേരെ വിപരീതമായ അർത്ഥമാണ് ആദിവാസി ഭാഷയിലുള്ളത്. അങ്ങനെ ഒരുപാട് പദങ്ങളുണ്ട്. ഞാൻ അതൊന്നും കൂടുതലായി പറഞ്ഞ് സമയം കളയുന്നില്ല. ഈ ആദിവാസി ഭാഷകളെ മലയാള ഭാഷയുടെ ഉപഭാഷയെന്ന

രീതിയിൽ പരസ്പരം ബന്ധിപ്പിക്കാനുള്ള ചില പരിശ്രമങ്ങളുണ്ടാകണം. ആദിവാസി കുട്ടികൾ സ്കൂളിൽ നേരിടുന്ന വലിയ ഒരു സ്വത്വ പ്രശ്നമാണിതെന്ന കാര്യംകൂടി സാന്ദർഭികമായി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഈ രംഗത്ത് ചില പരിഷ്കാരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. മലയാളഭാഷ പരിപോഷണത്തിനുള്ള നല്ല കാൽവയ്പ്പുതന്നെയാണ് ഈ നിയമം. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ച് നിയമത്തിന്റെ പരിരക്ഷ കൂടുതൽ മേഖലകളിലേയ്ക്ക് നമുക്ക് വ്യാപിപ്പിക്കാൻ സാധിക്കും. ഈ നിയമം ദുർബ്ബലമാണ്, ഇത് എവിടെയും ഏത് മേഖലയിലേയ്ക്കും കടക്കുന്നില്ലായെന്ന് ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. അടിസ്ഥാനപരമായി ഒരു നിയമം ഉണ്ടായാൽ ചട്ടങ്ങളിലൂടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലേയ്ക്കും, അത് കടന്നുചെല്ലേണ്ട എല്ലാ മേഖലകളിലേയ്ക്കും മലയാള ഭാഷ കൊണ്ടുവരാൻ സാധിക്കും. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഇങ്ങനെയൊരു നിയമം ഉണ്ടാക്കുകയും ആ നിയമം വഴി മലയാള ഭാഷയെ പരമാവധി മേഖലകളിൽ പരിരക്ഷിക്കുവാനും നിയമപരമായ പരിരക്ഷ കൊടുക്കുവാനും മുന്നോട്ടുവന്നിട്ടുള്ള സർക്കാരിനെയും ബിൽ അവതരിപ്പിച്ച മന്ത്രിയെയും പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: വളരെ ഉന്നത നിലവാരം പുലർത്തിയ സാംസ്കാരിക സമ്മേളനമാണ് ഇവിടെ നടന്നത്. എല്ലാവർക്കും നന്ദി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, മലയാള ഭാഷയ്ക്കും മലയാളിക്കും ഏറ്റവും അഭിമാനകരമായ ഈ മുഹൂർത്തത്തിൽ മലയാള ഭാഷാ നിയമത്തിനുവേണ്ടി വളരെ ശക്തമായ നിലപാട് സ്വീകരിച്ച അങ്ങ് (ശ്രീ. പാലോട് രവി -മി. ഡെപ്യൂട്ടി സ്പീക്കർ) ചെയറിൽ ഇരിക്കുന്നത് വളരെയേറെ സന്തോഷമുള്ള കാര്യമാണ്. നിയമസഭയിലെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ചെയർമാനായും വ്യത്യസ്ത സംഘടനകളുടെ ഭാരവാഹിയുമായ അങ്ങയെപ്പോലെയുള്ള നിരവധി ആളുകൾ, ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. പുരുഷൻ കടലുണ്ടി, സഭയ്ക്ക് പുറത്തുള്ള നിരവധി ആളുകളുടെയെല്ലാം വലിയ ശ്രമമാണ് ഈ ബില്ലിന്റെ പിന്നിലുള്ള പ്രചോദനം. കേരളത്തിലുണ്ടായ മാറ്റങ്ങൾക്കെല്ലാം കേരളം ഭരിച്ച എല്ലാവർക്കും അവകാശമുണ്ട്. ഇന്ന് ദേശീയ കക്ഷിയായ ബി.ജെ.പി. ഒഴിച്ച് ബാക്കി എല്ലാ കക്ഷികളും കേരളം ഭരിച്ചവരാണ്. കേരളത്തിലുണ്ടായ എല്ലാ നേട്ടങ്ങളും കോട്ടങ്ങളും നമുക്കെല്ലാം ഒരുപോലെ അവകാശപ്പെട്ടതാണ്. ശ്രേഷ്ഠഭാഷാ നിയമമാണെങ്കിലും ഞങ്ങളുടെ ആരുടെയും കുത്തകയൊന്നുമല്ല. കഴിഞ്ഞ

ഗവൺമെന്റ് ആരംഭിച്ച കാര്യങ്ങൾ തുടർച്ചയായി മുന്നോട്ടുകൊണ്ടുപോയി അവസാനമായപ്പോൾ ഞങ്ങൾ അതിൽ ഓടി റിലേ ജയിച്ചുവെന്നേയുള്ളൂ. അതിൽ നിരവധി ആളുകളുണ്ട്. മലയാള ഭാഷാ പ്രേമികളായ ഒ.എൻ.വി. സാർ, ശ്രീ. നടുവട്ടം ഗോപാലകൃഷ്ണൻ, സുഗതകുമാരി ടീച്ചർ, ശ്രീ. പുരുഷൻ കടലുണ്ടി തുടങ്ങി നിരവധി ആളുകളുടെ വലിയ പരിശ്രമങ്ങളുണ്ടായിരുന്നു. അവസാന ഘട്ടത്തിൽ കേന്ദ്രസാഹിത്യ അക്കാദമി ഇത് നിരാകരിച്ചതാണ്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കണ്ടു. അപ്പോൾ അത് വീണ്ടും പുനരാലോചിക്കാൻ പറഞ്ഞു. അങ്ങനെ പുനരാലോചിച്ചിട്ടാണ് വീണ്ടും അംഗീകാരം വാങ്ങിയെടുത്തത്. അത് നമ്മുടെ കൂട്ടായ പരിശ്രമമാണ്. പക്ഷെ ഈ ബിൽ കൊണ്ടുവന്നതിന് ഞങ്ങളെ കുറ്റപ്പെടുത്തിയതിൽ വളരെയേറെ വേദനയുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഇതൊരു തെരഞ്ഞെടുപ്പ് സ്റ്റണ്ടൊന്നുമല്ല. കഴിഞ്ഞ മൂന്ന് സഭയുടെ കാലഘട്ടങ്ങളിൽ ഐക്യമലയാള പ്രസ്ഥാനക്കാർ സമരത്തിലായിരുന്നു എന്നുള്ളത് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് അറിയാം. പല പ്രാവശ്യം സമരം നടത്തി. എത്രയും വേഗം നിയമമുണ്ടാക്കാമെന്ന് അന്നെല്ലാം അവർക്ക് ഉറപ്പുകൊടുത്തു. പക്ഷേ സാധിച്ചില്ല. കാരണം ഒരു നിയമം തയ്യാറാക്കാനുള്ള താമസംകൊണ്ട് അത് നീണ്ടുപോയി. അവസാനം ഈ ഗവൺമെന്റിന്റെ കാലാവധി കഴിയാൻപോകുന്ന ഈ സെഷനിലെങ്കിലും അവതരിപ്പിക്കുക എന്നത് ഞങ്ങളിൽ അർപ്പിതമായ ചുമതലയാണ്. അടുത്ത പ്രാവശ്യം സഭ ചേരുമ്പോൾ 2016-ലേയ്ക്കുള്ള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗമാണ്. അതുകൊണ്ട് ഞങ്ങളിൽ അർപ്പിതമായ ചുമതല നിർവ്വഹിക്കാനുള്ള വ്യഗ്രതയല്ലാതെ തെരഞ്ഞെടുപ്പ് സ്റ്റണ്ടോ മുതലെടുപ്പോ ഇല്ല. പക്ഷേ ഒരു കാര്യം ദയവായി കാണാതെ പോകരുത്. ഇന്ന് കേരളത്തിന്റെ അറുപതാം പിറന്നാൾ കഴിഞ്ഞിരിക്കുകയാണ്. ഈ ആറ് പതിറ്റാണ്ട് പിന്നിട്ട കാലഘട്ടത്തിൽ കേരളം ഭരിച്ച ഒരു ഗവൺമെന്റിനും ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവരാൻ കഴിഞ്ഞില്ലെന്നത് ദയവായി വിസ്മരിക്കരുത്. ഈ നിയമം ഇന്ന് കൊണ്ടുവരാൻ സാധിച്ചു. ഇത് പൂർണ്ണമായും കുറ്റമറ്റ ഒരു നിയമമൊന്നുമല്ല. ചിത്രം വരയ്ക്കുന്നതിന് ഒരു ചുവർ ആവശ്യമാണ്. ഇത്രയും കാലം ഇതിനൊരു ചുവരില്ലായിരുന്നു. ഞങ്ങൾ ഒരു ചുവർ ഇവിടെ നിർമ്മിക്കുകയാണ്.

ഇന്ന് ഈ സഭയിൽ വളരെയേറെ നല്ല നിർദ്ദേശങ്ങളാണ് വന്നത്. ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, കെ. സുരേഷ് കുറുപ്പ്, ബെന്നി ബെഹനാൻ, വി. ചെന്താമരാക്ഷൻ, മുല്ലക്കര രത്നാകരൻ, എൻ. ഷംസുദ്ദീൻ എന്നിവരെല്ലാം വളരെ നല്ല നിർദ്ദേശങ്ങളാണ് പറഞ്ഞത്. ഈ നിയമത്തെ സമ്പുഷ്ടമാക്കാൻ ഇതിലെ

പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളുണ്ടായി. ഇവിടെ ക്ലോസ് ബൈ ക്ലോസ് ചർച്ച വരുമ്പോൾ പരമാവധി അംഗീകരിക്കാൻ ശ്രമിക്കാം. അപ്പോഴും പൂർണ്ണമല്ലെങ്കിൽ ഇനിയുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ മാറ്റാൻ സാധിക്കും. ഇത് ശക്തമായ ഒരു നിയമമായി മാറണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ഇവിടെ പറഞ്ഞതുപോലെ ഒരു ദുർബ്ബലമായ നിയമമല്ല ഇത്. ഇതൊരു നല്ല തുടക്കമാണ്. അതുകൊണ്ടുതന്നെ മുന്നോട്ടുപോകുമ്പോൾ നമുക്ക് കൂടുതൽ സമ്പുഷ്ടമാക്കാൻ സാധിക്കും.

ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും ഇവിടെ പലരും കാണാതെപോയി. ആറാം വകുപ്പിൽ പറയുന്നത് കേരളത്തിലെ എല്ലാ സർക്കാർ / എയ്ഡഡ് സ്കൂളുകളിലും പത്താം തരം വരെ നിർബന്ധിത ഒന്നാം ഭാഷ മലയാളമായിരിക്കണം എന്നാണ്. അതായത്, അഞ്ചാം വയസ്സിൽ ഒന്നാം ക്ലാസിൽ ചേർന്നാൽ പതിനാല് വയസ്സുവരെയുള്ള (പത്താം ക്ലാസ്സിൽ പതിനാല് വയസ്സാണ്) ക്ലാസ്സുകളിൽ ഒന്നാം ഭാഷ മലയാളമായിരിക്കുമെന്നാണ്. ഇവിടെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ പലരും അത് പോരായെന്ന് പറഞ്ഞു. സി.ബി.എസ്.ഇ. സ്കൂളുകളിലും ഐ.സി.എസ്.ഇ. സ്കൂളുകളിലും വേണമെന്ന് പറഞ്ഞു. 2014-ലെ State of Karnataka Vs. Associated Management of Government recognized unaided English Medium Primary and Secondary Schools എന്നുള്ള കേസിൽ സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. 'Private unaided school has right to choose medium of instruction; State cannot compel it to impart education in particular language even it is guided by regulation.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. മാത്യു ടി. തോമസ്: സർ, ഇതുകൊണ്ട് ഉദ്ദേശിച്ചത് മലയാള ഭാഷകൂടി പഠിപ്പിക്കണമെന്നാണ്. സുപ്രീംകോടതിയുടെ വിധി അങ്ങ് വായിച്ചത്, Medium of instruction, compel ചെയ്യാൻ പാടില്ല എന്നാണ്. Medium of instruction എന്നുപറഞ്ഞാൽ പഠനത്തിനുള്ള മാധ്യമം compel ചെയ്യാൻ പാടില്ല എന്നാണ്. ഭാഷ പഠിപ്പിക്കരുതെന്ന് അങ്ങ് വായിച്ച വിധിയിൽ ഇല്ല.

ശ്രീ. കെ. സി. ജോസഫ്: സർ, നിയമത്തിൽ പറഞ്ഞിരിക്കുന്നത് കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും പത്താംതരം വരെ നിർബന്ധിത ഒന്നാംഭാഷ മലയാളമായിരിക്കണം എന്നാണ്. നിർബന്ധിതമാണ് അത്. ആ ഒരു നിർബന്ധിത വ്യവസ്ഥ അടിച്ചേല്പിക്കാൻവേണ്ടി അൺ എയ്ഡഡ്

സ്കൂളിനെ നിർബന്ധിപ്പിക്കാൻ സാധിക്കുകയില്ലെന്നാണ് ഗവൺമെന്റിന് ലഭിച്ച നിയമോപദേശം. അതുകൊണ്ടാണ് ആ ഭാഗം മാറ്റിവച്ചത്.

ഡോ. എൻ. വി. കൃഷ്ണൻ നായർ സ്ഥാപിച്ച ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ സംഭാവന വളരെ വലുതാണ്. ഡോ. എം. ആർ. തമ്പാൻ ഇതിന്റെ ഡയറക്ടറാണ്. ഈ കാലമത്രയും മലയാള ഭാഷയെ സമ്പുഷ്ടമാക്കാൻ, മലയാള ഭാഷയ്ക്കുണ്ടായ പുതിയ മാറ്റമനുസരിച്ച് വൈജ്ഞാനിക ഗ്രന്ഥങ്ങളെല്ലാം തയ്യാറാക്കാൻ ശ്രമിച്ചിട്ടുണ്ട്. ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ, പുസ്തകങ്ങളുടെ പ്രിന്റിംഗിന്റെ ക്വാളിറ്റി മോശമാണോയെന്നുള്ളത് സംബന്ധിച്ച് പരിശോധിക്കാം. വിജ്ഞാന പോഷിണി പ്രസ്സിലാണ് പുസ്തകങ്ങൾ അച്ചടിക്കുന്നത്. അതുകൊണ്ടുള്ള പ്രയാസമേയുള്ളൂ. ഇന്ത്യയിലെ ഏറ്റവും മികച്ച ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ലോകത്തെവിടെയും ഇറങ്ങുന്ന പുസ്തകങ്ങളോട് കിടപിടിക്കാവുന്ന രീതിയിലുള്ള മെച്ചപ്പെട്ട പുസ്തകങ്ങളാണ് കേരളത്തിലെ പുസ്തക പ്രസിദ്ധീകരണശാല പുറത്തിറക്കുന്നത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകം ഇത്രയും മോശമായി അച്ചടിക്കരുതെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങ് പറഞ്ഞതുപോലെ പുസ്തകങ്ങളുടെ ക്വാളിറ്റി കൂട്ടാൻ ശ്രദ്ധിക്കാം. ഞാൻ വെറുതെ പറഞ്ഞുപോകുന്നില്ല. ഈ ഗവൺമെന്റിന്റെ കാലത്താണ് തിരൂരിൽ തുഞ്ചത്തെഴുത്തച്ഛന്റെ പേരിലുള്ള മലയാളം യൂണിവേഴ്സിറ്റി സ്ഥാപിതമായത്. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ജയകുമാറാണ്. മൂന്നുകൊല്ലംകൊണ്ട് ഗവേഷണമേഖലയിലും വൈജ്ഞാനികമേഖലയിലും വലിയ സംഭാവനകൾ നല്കാൻ സാധിച്ചിട്ടുണ്ട്. മലയാളം യൂണിവേഴ്സിറ്റിയാണെങ്കിലും ഇപ്പോഴത്തെ ഔദ്യോഗിക ഭാഷാ വകുപ്പാണെങ്കിലും എല്ലാവരുടെയും കൂട്ടായ പരിശ്രമംകൊണ്ട് ഭാഷയെ സമ്പുഷ്ടമാക്കാം. ഇവിടെ പലരും പറഞ്ഞതുപോലെ, നമ്മൾ ഒരിക്കലും ഭാഷാ ഭ്രാന്തന്മാരല്ല; ഭാഷാസ്നേഹികളാണ്. ഇവിടെനിന്ന് തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്ക് പോയാൽ അവിടത്തെ മൈൽകുറ്റി പോലും തമിഴ്, കന്നഡ ഭാഷകളിലാണ് എഴുതിവയ്ക്കുന്നത്. ലോകം ഒരു ചെറിയ ഗ്രാമമാണ്; ലോകം വളർന്നു. കർണ്ണാടകയിൽ പോയാൽ കന്നഡ അറിയില്ലെങ്കിൽ വായിക്കാൻ സാധിക്കില്ല. ആ ഒരു ഭ്രാന്ത് മലയാളിക്കുണ്ടാകാൻ സാധിക്കില്ല. നമുക്ക് മലയാളം വേണം, ഇംഗ്ലീഷ് വേണം. ഇവിടെ ധാരാളം ആളുകൾ വരുന്നുണ്ട്. നമ്മുടെ കുട്ടികൾ വിദേശങ്ങളിൽ പോയി പഠിക്കുന്നുണ്ട്. അങ്ങനെയൊരു സംയോജിതമായ സംസ്കാരമല്ലാതെ ഭാഷാ ഭ്രാന്ത് പോലെ

തമിഴ്നാടിന്റെ ശൈലി ഒരിക്കലും യോജിച്ചതല്ലായെന്നാണ് എന്റെ അഭിപ്രായം. ബില്ലിന്റെ ക്ലോസ് ബൈ ക്ലോസ് ചർച്ചയിൽ പരമാവധി മാറ്റം വരുത്താൻ ഞാൻ ശ്രദ്ധിക്കുന്നതാണ്.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ശ്രീ. ബെന്നി ബെഹനാൻ സീറ്റിൽ ഹാജരായിരുന്നില്ല.)

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ശ്രീ. വി. ചെന്താമരാക്ഷൻ സീറ്റിൽ ഹാജരായിരുന്നില്ല.)

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പുതിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഒദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 (ഡി) താഴെപ്പറയും പ്രകാരം മാറ്റുക.

"(ഡി) "ഭാഷാ ന്യൂനപക്ഷം" എന്നാൽ പരമ്പരാഗതമായി

ആശയവിനിമയത്തിന് തമിഴ്, കന്നട, കൊങ്കിണി, തുളു എന്നീ ന്യൂനപക്ഷ ഭാഷകൾ ഉപയോഗിക്കുന്നവരും കേരള സംസ്ഥാനത്ത് അധിവസിക്കുന്നവരുമായ ജനങ്ങൾ എന്നർത്ഥമാകുന്നു;"

ഇപ്പോൾ നാല് ഭാഷകളാണ് വരുന്നത്. അതിനുശേഷം 'എന്നീ' എന്ന വാക്കുകൂടി ചേർക്കാം.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2 (എ)-യിൽ, " ആക്റ്റിന്റെ" എന്ന വാക്കിന് പകരം "ആക്റ്റിൻ കീഴിലുള്ള ചട്ടങ്ങൾ പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

152. ഖണ്ഡം 2(ഡി)യിൽ, "ആശയവിനിമയത്തിനായി പരമ്പരാഗതമായി" എന്നീ വാക്കുകൾക്കു പകരം "പരമ്പരാഗതമായി ആശയവിനിമയത്തിന്" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2 (എ) ക്ക് പകരം താഴെ പറയുന്നത് ചേർക്കുക.

" (എ) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിന്റെ ഭരണനിർവ്വഹണ ചുമതലയുള്ള മലയാള ഭാഷാ വികസന ഡയറക്ടറോ അദ്ദേഹം അധികാരപ്പെടുത്തിയേക്കാവുന്ന ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു.

149. ഖണ്ഡം 2 (ബി)-യിൽ, "പഠിപ്പിക്കേണ്ട ഭാഷ" എന്നീ വാക്കുകൾക്ക് പകരം "പഠിപ്പിക്കേണ്ട മാതൃഭാഷ"എന്നു ചേർക്കുക.

156. ഖണ്ഡം 2(ഡി)ക്ക് പകരം താഴെ പറയുന്നത് ചേർക്കുക: " (ഡി) "ഭാഷാ ന്യൂനപക്ഷം" എന്നാൽ ആശയവിനിമയത്തിനായി പരമ്പരാഗതമായി തമിഴ്, കന്നട തുടങ്ങിയ ന്യൂനപക്ഷ ഭാഷകൾ ഉപയോഗിക്കുന്ന കേരള നിവാസികൾ എന്നർത്ഥമാകുന്നു;"

160. ഖണ്ഡം 2 (ഇ)യിൽ, "ഉപയോഗിക്കുന്ന ഭാഷ" എന്നീ വാക്കുകൾക്കു പകരം "ഉപയോഗിക്കുന്ന പ്രഖ്യാപിത ഭാഷ " എന്നീ വാക്കുകൾ ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം 2 (ബി)-യിൽ, " ഭാഷാപഠനത്തിന്റെ" എന്നതിന് പകരമായി

"പാഠ്യക്രമത്തിന്റെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2 (ബി)-യിൽ, "പഠിപ്പിക്കേണ്ട ഭാഷ" എന്നീ വാക്കുകൾക്ക് പകരം "പഠിപ്പിക്കേണ്ടതും പഠിക്കേണ്ടതുമായ ഭാഷ"എന്നീ വാക്കുകൾ ചേർക്കുക.

153. ഖണ്ഡം 2(ഡി)യിൽ, "എന്നീ ഭാഷകൾ" എന്നീ വാക്കുകൾക്ക് ശേഷം "പ്രധാനമായും" എന്ന വാക്ക് ചേർക്കുക.

162. ഖണ്ഡം 2 (എഫ്)-ൽ, "ചട്ടങ്ങളാൽ" എന്ന വാക്കിന് പകരം "ചട്ടങ്ങളാലോ, റെഗുലേഷനുകളാലോ, ഉത്തരവുകളാലോ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 2(ബി)യ്ക്കു ശേഷം താഴെപ്പറയുന്നത് (സി) ആയി ചേർത്ത് ശേഷിക്കുന്നവ പുന:രക്ഷരം ചെയ്യുക: "(സി) "ഗസറ്റ്" എന്നാൽ സർക്കാർ പ്രസിദ്ധീകരിക്കുന്ന ഗസറ്റ് " എന്ന് അർത്ഥമാകുന്നു ".

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 2(ഡി)യിൽ, "ഉപയോഗിക്കുന്ന കേരള നിവാസികൾ " എന്നീ വാക്കുകൾക്ക് പകരം "ഉപയോഗിക്കുന്നവരും കേരള സംസ്ഥാനത്തിൽ അധിവസിക്കുന്നവരുമായ ജനങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 2 (ഡി) യ്ക്കുശേഷം താഴെപ്പറയുന്നത് (ഇ) ആയി ചേർക്കുകയും ശേഷിക്കുന്നവ പുന:രക്ഷരം ചെയ്യുകയും ചെയ്യുക.

(ഇ) "മലയാള ഭാഷാ വികസന വകുപ്പ്" എന്നാൽ " 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട വകുപ്പ് എന്ന് അർത്ഥമാകുന്നു."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഏതെങ്കിലും ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. എം. ഉമ്മറിന്റെ 152-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടന്റെ 154-ാം നമ്പർ ഭേദഗതിയും ശ്രീ. സി.പി.മുഹമ്മദിന്റെ 156-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. ശ്രീ. ഇ. പി. ജയരാജന്റെ 157-ാം നമ്പർ ഭേദഗതി ചെറിയ ഭേദഗതിയോടെ ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതിരിപ്പിച്ചു. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. ഉമ്മറിന്റെ 152-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടന്റെ 154-ാം നമ്പർ ഭേദഗതിയും ശ്രീ. സി.പി.മുഹമ്മദിന്റെ 156-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 144, 149, 160 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 148, 153, 162 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

342. ബില്ലിലെ 3-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്.

"3. മലയാള ഭാഷാ വികസന വകുപ്പ്.-

സെക്രട്ടേറിയറ്റിലെ നിലവിലുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിനെ, മലയാള ഭാഷാ വികസന വകുപ്പ് എന്ന് പുനർനാമകരണം ചെയ്യേണ്ടതും, പ്രസ്തുത വകുപ്പ് ഈ ആക്റ്റിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുമാണ്."

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

163. അദ്ധ്യായം II-ന്റെ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക: "മാതൃഭാഷാ വികസന വകുപ്പ്"

168. ഖണ്ഡം 3-ൽ "സംസ്ഥാനമൊട്ടാകെ" എന്നതിനു പകരം "സംസ്ഥാനത്ത് പൂർണ്ണമായും" എന്നത് ചേർക്കുക.

171. ഖണ്ഡം 3-ൽ, "സെക്രട്ടേറിയറ്റിൽ" എന്ന വാക്കിനു മുമ്പായി "ഗവൺമെന്റ് " എന്ന വാക്ക് ചേർക്കുക.

177. ഖണ്ഡം 3-ൽ "ഘടനയും, ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനം" എന്നീ വാക്കുകൾക്കു പകരം "ഘടന " എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

164. അദ്ധ്യായം II-ന്റെ, ശീർഷകത്തിൽ "വികസന" എന്നതിനു പകരം "പരിപോഷണ" എന്നത് ചേർക്കുക.

167. ഖണ്ഡം 3-ൽ "വികസന" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം

"പരിപോഷണ" എന്ന വാക്ക് ചേർക്കുക.

വികസന വകുപ്പ് എന്ന് ചേർക്കണമെന്നുള്ളതാണ് ഭേദഗതി. വികസന വകുപ്പ് എന്നുപറയുന്നതിനപ്പുറത്ത് ഭാഷയെ പരിപോഷിപ്പിക്കുകയാണ് ചെയ്യുന്നത്. അതിനാൽ മലയാളഭാഷാ പരിപോഷണവകുപ്പ് എന്നാക്കണമെന്നാണ് പറയാനുള്ളത്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

166. ഖണ്ഡം 3 -ന്റെ മാർജിനൽ ശീർഷകം താഴെ പറയും പ്രകാരം മാറ്റുക:

"3.മലയാള ഭാഷാ വികസന വകുപ്പിന്റെയും ഡയറക്ടറേറ്റിന്റെയും രൂപീകരണം.-""

179. ഖണ്ഡം 3 താഴെപ്പറയും പ്രകാരം മാറ്റുക:

"3.മലയാളഭാഷാ വികസന വകുപ്പിന്റെയും ഡയറക്ടറേറ്റിന്റെയും രൂപീകരണം.-" സംസ്ഥാനസർക്കാർ ഈ ആക്ടിന്റെ പ്രാരംഭ തീയതിക്കു ശേഷം കഴിയുന്നത്ര മൂന്നു മാസത്തിനുള്ളിൽ ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാതൃഭാഷാ പോഷണവും സംരക്ഷണവും സംസ്ഥാനമൊട്ടാകെ ഫലപ്രദമായി നടപ്പാക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമുള്ള നയരൂപവത്കരണത്തിനായി, സെക്രട്ടേറിയറ്റിൽ മലയാളഭാഷാ വികസന വകുപ്പും മലയാളഭാഷാ വ്യാപനവും പരിപോഷണവും നടപ്പാക്കുന്നതിനായി മലയാളഭാഷാ വികസന ഡയറക്ടറേറ്റും രൂപീകരിക്കേണ്ടതാണ്. ഡയറക്ടറേറ്റിനു കീഴിൽ എല്ലാ ജില്ലകളിലും അനുബന്ധ ആഫീസുകളും ഉണ്ടാക്കേണ്ടതാണ്. ഇവയുടെ ഘടനയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനം സംബന്ധിച്ച നിബന്ധനകളും ഉപാധികളും മന്ത്രിസഭ നിർണ്ണയിക്കുന്നതാണ്. ഡയറക്ടറേറ്റിന്റെ തലവൻ ഗവൺമെന്റ് സെക്രട്ടറിയുടെ റാങ്കിലുള്ള ഒരു മലയാള ഭാഷാവിദഗ്ധൻ ആയിരിക്കേണ്ടതാണ്. "

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 3-ൽ, "പുനർനാമകരണം ചെയ്യേണ്ടതും" എന്നതിനു ശേഷം "മലയാള ഭാഷാ വികസന വകുപ്പിന് കീഴിൽ മലയാള ഭാഷാ വികസന ഡയറക്ടറേറ്റ് കൂടി രൂപീകരിക്കേണ്ടതും " എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

176. ഖണ്ഡം 3-ൽ "ഘടനയും" എന്നതിനു ശേഷം "ചുമതലകളും പ്രവർത്തന രീതികളും " എന്നത് ചേർക്കുക.

178. ഖണ്ഡം 3-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുശേഷം "വ്യവസ്ഥകൾ " എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഏതെങ്കിലും ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

സെക്രട്ടേറിയറ്റിലെ നിലവിലുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിനെ, മലയാള ഭാഷാ വികസന വകുപ്പ് എന്ന് പുനർനാമകരണം ചെയ്യേണ്ടതും, പ്രസ്തുത വകുപ്പ് ഈ ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുമാണ് എന്നതാണ് ഔദ്യോഗിക ഭേദഗതി.

ശ്രീ. സി. ദിവാകരൻ: സർ, കാര്യക്ഷമമായി എന്ന് പ്രത്യേകം പറയേണ്ടതുണ്ടോ? നിലവിലുള്ള വകുപ്പിന്റെ പേര് മാറ്റി എന്നുമാത്രമേയുള്ളൂ.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, നിലവിലുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമ്പൂർണ്ണമാണ്. അതിന്റെ പേര് മലയാള ഭാഷാ വികസന വകുപ്പ് എന്നായിരിക്കും. അധിക ചെലവ് ഒഴിവാക്കുന്നു എന്നതാണ്. അതല്ലാതെ വേറൊന്നുമില്ല. ഈ നിയമപ്രകാരം ഔദ്യോഗിക ഭാഷാ ആക്ട് റിപ്പീൽ ചെയ്തു പോകുകയാണ്. ആ ആക്ട് നിലവിലില്ല.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഡയറക്ടറേറ്റ് ഇല്ലാത്ത കാര്യം പരിഗണിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നതാണ്.

മി. സ്പീക്കർ: ഇങ്ങനെ ഒരു ചർച്ചയിലേയ്ക്ക് പോകരുത്. അത് ശരിയല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 163, 168, 177 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 164, 167 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 166, 179 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

189. ഖണ്ഡം 4(1)(iii)-ൽ, "ഭരണഘടനപ്രകാരമോ" എന്ന വാക്ക് ഒഴിവാക്കുക.

198. ഖണ്ഡം 4(2)-ൽ "ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രധാനപ്പെട്ട കേന്ദ്ര ആക്റ്റുകളും സംസ്ഥാന ആക്റ്റുകളും" എന്നതിനു പകരം "കേന്ദ്ര ആക്റ്റുകളും ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സംസ്ഥാന ആക്റ്റുകളും" എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

190. ഖണ്ഡം 4(1)(iii)-ൽ

(i) "ചട്ടങ്ങളിലും" എന്നതിന് ശേഷം "സർക്കുലറുകളിലും" എന്നത് ചേർക്കുക.

(ii) "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിനുള്ളിൽ" എന്നതിനു പകരം "ഇതോടൊപ്പം തന്നെ" എന്നത് ചേർക്കുക.

209. ഖണ്ഡം 4(3)-ന ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(4) സർക്കാർ വകുപ്പുകളും, സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന സ്ഥാപനങ്ങളും ഫാറങ്ങൾ, അപേക്ഷകൾ, മാർഗ്ഗനിർദേശങ്ങൾ എന്നിവ മലയാളത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്."

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

191. ഖണ്ഡം 4(1)(iii)-ൽ, "ഉപയോഗിക്കേണ്ട" എന്ന വാക്കിനു ശേഷം "ഏക ഔദ്യോഗിക" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 4(3)-ൽ, "ആക്റ്റുകൾക്ക്" എന്നതിനു പകരം "നിയമസംഹിതകൾക്ക്" എന്ന് ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 4-നു പകരം താഴെപറയുന്നത് ചേർക്കുക:

4. നിയമനിർമ്മാണമേഖല

1. സംസ്ഥാനത്തെ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട്

(i) കേരളനിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾ, സഭ പാസ്സാക്കുന്ന ആക്റ്റുകൾ എന്നിവയും

(ii) ഭരണഘടനയുടെ 213-ാം അനുച്ഛേദമനുസരിച്ച് കേരള ഗവർണ്ണർ വിളംബരപ്പെടുത്തുന്ന ഓർഡിനൻസുകളും

(iii) ഭരണഘടനാപ്രകാരമോ പാർലമെന്റോ കേരള സംസ്ഥാന നിയമസഭയോ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ചട്ടങ്ങളും റെഗുലേഷനുകളും ബൈലാകളും

(iv) നിയമസഭയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മലയാളത്തിലായിരിക്കേണ്ടതാണ്. അപ്രകാരം മലയാളഭാഷ ഉപയോഗിക്കുമ്പോൾ ആവശ്യമെങ്കിൽ അവയുടെ ഇംഗ്ലീഷ് പരിഭാഷ കൂടി പ്രസിദ്ധീകരിക്കാവുന്നതാണ്

2. ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രധാനപ്പെട്ട കേന്ദ്ര ആക്ടുകളും സംസ്ഥാന ആക്ടുകളും അവയിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ ഉൾപ്പെടുത്തി

സംസ്ഥാന മലയാള വികസന ഡയറക്ടറേറ്റിന്റെ ചുമതലയിൽ മലയാളത്തിലേക്ക് തർജ്ജമ ചെയ്യേണ്ടതാണ്

3. ആക്ടുകൾക്കു കീഴിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചട്ടങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 189, 198 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 190, 209 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**5-ാം വകുപ്പ്**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. വി. റ്റി. ബൽറാമിന്റെ 217-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

217. ഖണ്ഡം 5(2)-ൽ, "സ്വയംഭരണ സഹകരണ സ്ഥാപനങ്ങൾക്കും "

എന്നതിന് പകരം "സ്വയംഭരണ/സഹകരണ സ്ഥാപനങ്ങൾക്കും " എന്നത് ചേർക്കുക.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

211. ഖണ്ഡം 5(1)-ൽ, "സംസ്ഥാനത്തെ" എന്നതിനു പകരം "സംസ്ഥാനത്തിനുള്ളിലെ" എന്നത് ചേർക്കുക.

220 ഖണ്ഡം 5(2)-ന്റെ (എ) ക്ലിപ്തനിബന്ധനയിൽ, "ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണ്" എന്നതിനുശേഷം "ആ സാഹചര്യങ്ങളിൽ കുറിപ്പു ഫയലുകളിൽ ഉപയോഗിക്കുന്ന ഭാഷ മലയാളമായിരിക്കേണ്ടതാണ് " എന്നത് ചേർക്കുക.

ഭാഷാ പണ്ഡിതന്മാരോടോ മറ്റോ ചോദിച്ചതിനുശേഷം വാക്കിന്റെ അർത്ഥത്തിൽ അങ്ങനെ ചേർക്കുന്നതായിരിക്കും നല്ലത്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

214. ഖണ്ഡം 5(1) താഴെ പറയും പ്രകാരം മാറ്റുക:

"5. ഔദ്യോഗിക ഭാഷ മേഖല.- (1) ഇന്ത്യൻ ഭരണഘടനയുടെ 346, 347 അനുച്ഛേദങ്ങൾക്ക് വിധേയമായി കേരള സംസ്ഥാനത്തെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും ഉപയോഗിക്കേണ്ട ഏകഭാഷ മലയാളമായിരിക്കേണ്ടതാണ്."

227. ഖണ്ഡം 5 (2)-ന്റെ (ബി) ക്ലിപ്തനിബന്ധന താഴെപ്പറയുംപ്രകാരം മാറ്റുക:

"(ബി) സംസ്ഥാനത്ത് തമിഴരും കർണ്ണാടകക്കാരുമായ ഭാഷാ ന്യൂനപക്ഷക്കാർ, സെക്രട്ടേറിയറ്റിൽ സംസ്ഥാന സർക്കാരുമായും വകുപ്പദ്ധ്യക്ഷന്മാരുമായും ഇക്കാര്യത്തിൽ ഭാഷാന്യൂനപക്ഷ പ്രദേശങ്ങളെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാന സർക്കാരിന്റെ എല്ലാ പ്രാദേശിക ഓഫീസുകളുമായും ഉള്ള അവരുടെ കത്തിടപാടുകളിൽ അവരുടെ ഭാഷ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അയയ്ക്കുന്ന മറുപടികൾ അവരവരുടെ ന്യൂനപക്ഷഭാഷകളിലോ ഇംഗ്ലീഷിലോ ആയിരിക്കേണ്ടതുമാണ്. തമിഴരും കർണ്ണാടകക്കാരുമല്ലാതെയുള്ള സംസ്ഥാനത്തെ മറ്റു ഭാഷാന്യൂനപക്ഷക്കാർ സംസ്ഥാന സർക്കാർ ഓഫീസുകളുമായി കത്തിടപാടുകൾ നടത്തുന്നതിന് ഇംഗ്ലീഷ്

ഭാഷ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അവർക്കയയ്ക്കുന്ന മറുപടികൾ ഇംഗ്ലീഷിലോ ഹിന്ദിയിലോ ആയിരിക്കേണ്ടതുമാണ്"

228. ഖണ്ഡം 5 (2)-ന്റെ (ബി) ക്ലിപ്തനിബന്ധനയ്ക്ക് ശേഷം (സി) യായി താഴെപ്പറയുന്നവ ചേർക്കുക:

"(സി) ആ സാഹചര്യങ്ങളിൽ കുറിപ്പ് ഫയലുകളിൽ ഉപയോഗിക്കുന്ന ഭാഷ മലയാളമായിരിക്കേണ്ടതാണ്."

231. ഖണ്ഡം 5(2) ന് ശേഷം താഴെപ്പറയുന്നത് 5(3)ആയി ചേർക്കുക:

"(3) കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ, കോർപ്പറേഷനുകൾ, കമ്പനികൾ തുടങ്ങിയവ പൊതുജനങ്ങളുമായി നടത്തുന്ന എല്ലാ ഇടപാടുകളും മാതൃഭാഷയായ മലയാളത്തിലായിരിക്കേണ്ടതാണ്."

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

215. ഖണ്ഡം 5(1)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപറയുന്നത് ചേർക്കുക:

"എന്നാൽ ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും മലയാള ഭാഷയോടൊപ്പം അതാതിടത്തെ ന്യൂനപക്ഷ ഭാഷയും ഔദ്യോഗിക ഭാഷയെന്നപോല ഉപയോഗിക്കേണ്ടതാണ്."

ബഹുമാനപ്പെട്ട മന്ത്രിക്കുകൂടി അറിയാവുന്ന കാര്യമാണ്, കാസർഗോഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. ഇന്ന് കാസർഗോഡ് കർണ്ണാടക സമിതിയിലെ അംഗങ്ങൾ വന്ന് ബഹു. മുഖ്യമന്ത്രിക്ക് ഒരു നിവേദനം നൽകിയിരുന്നു. അതുകൊണ്ട് ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും മലയാള ഭാഷയോടൊപ്പം അതാത് സ്ഥലങ്ങളിലെ ന്യൂനപക്ഷ ഭാഷയും ഔദ്യോഗിക ഭാഷ എന്നപോലെ ഉപയോഗിക്കേണ്ടതാണ് എന്നതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 5(2)-ൽ, "കീഴിലുള്ള", "അർദ്ധസർക്കാർ" എന്നീ വാക്കുകൾക്കിടയിൽ "തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. ഖണ്ഡം 5(2)-ന്റെ (ബി) ക്ലിപ്തനിബന്ധനയിൽ, "മറ്റ്" എന്നതിനുശേഷം "എല്ലാ " എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

223. ഖണ്ഡം 5 (2)-ന്റെ (ബി) ക്ലിപ്തനിബന്ധനയിൽ,

"അവരുടെ ഭാഷകളോ ഇംഗ്ലീഷോ" എന്നതിന് ശേഷം "മലയാളമോ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 5 (2)-ന്റെ (ബി) ക്ലിപ്തനിബന്ധനയിൽ,

"ഭാഷകളോ" എന്നതിനു പകരം "ഭാഷയോ" എന്നത് ചേർക്കുക.

226. ഖണ്ഡം 5 (2)-ന്റെ (ബി) ക്ലിപ്തനിബന്ധനയിൽ,

"ഭാഷകളിലോ" എന്നതിനു പകരം "ഭാഷയിലോ" എന്നത് ചേർക്കുക.

ശ്രീ. വി. ശശി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225. ഖണ്ഡം 5 (2)-ന്റെ (ബി) ക്ലിപ്തനിബന്ധനയിൽ,

"അയയ്ക്കുന്ന മറുപടികൾ അതത് ന്യൂനപക്ഷ ഭാഷകളിലോ ഇംഗ്ലീഷിലോ ആയിരിക്കേണ്ടതുമാണ്" എന്നതിന് ശേഷം "ആ സാഹചര്യങ്ങളിൽ കുറിപ്പുഫയലുകളിൽ ഉപയോഗിക്കുന്ന ഭാഷ മലയാളമായിരിക്കേണ്ടതാണ്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 224, 226 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു.

അതിനുപുറമേ ചർച്ചയിൽ ശ്രീ. മാത്യു ടി. തോമസ് പറഞ്ഞതുപോലെ (ബി) വകുപ്പിലെ സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷങ്ങൾ സംസ്ഥാന ഗവൺമെന്റ് സെക്രട്ടേറിയറ്റുമായും മറ്റ് സർക്കാർ ഓഫീസുകളുമായുമുള്ള കത്തിടപാടുകളിൽ അവരുടെ ഭാഷകളോ ഇംഗ്ലീഷോ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അയയ്ക്കുന്ന മറുപടികൾ അവർ കത്തുകൾ അയയ്ക്കുന്ന ഭാഷയിൽത്തന്നെ അയയ്ക്കേണ്ടതാണെന്നുകൂടി ചേർക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 217-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 224, 226 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 211, 220 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 214, 227, 228, 231 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**6-ാം വകുപ്പ്**

<u>ശ്രീ. ആർ. രാജേഷ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

237. ഖണ്ഡം 6(1)-ൽ,

(i) "ആയിരിക്കേണ്ടതാണ്" എന്ന വാക്കിനു പകരം "ആയിരിക്കേണ്ടതും മലയാള ഭാഷയിൽ ബോധനം നടത്തേണ്ടതുമാണ്" എന്നത് ചേർക്കുക.

(ii) ഖണ്ഡം 6(1) ന് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, I-ാം തരം മുതൽ ഇംഗ്ലീഷ്, ഒരു അധികഭാഷയെന്ന നിലയിൽ പഠിക്കുവാൻ അവസരം നൽകേണ്ടതാണ്."

239. ഖണ്ഡം 6 (1)നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർത്ത് ശേഷിക്കുന്നവ പുന:ക്രമീകരിക്കുക:

"(2) സംസ്ഥാനത്ത് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ഐ.എസ്.സി സിലബസ് പ്രകാരം ബോധനം നൽകുന്ന അൺ-എയ്ഡഡ് സ്കൂളുകളിൽ, മലയാളം മാതൃഭാഷയായ വിദ്യാർത്ഥികൾക്ക് VIII-ാം തരം വരെ മാതൃഭാഷയിൽ അദ്ധ്യയനം നടത്തുന്നതിന് അവസരം സൃഷ്ടിക്കേണ്ടതാണ് ;

(3) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്ക് മലയാളം ഒരു ഭാഷയായി ബോധനം നേടുവാൻ അവസരം സൃഷ്ടിക്കേണ്ടതാണ് ;

(4) സംസ്ഥാനത്ത് ഹയർ സെക്കന്ററി തലത്തിൽ മലയാളഭാഷാപഠനം നിർബന്ധമാക്കേണ്ടതും ബിരുദ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു മലയാള സാഹിത്യകൃതി പഠന വിഷയമാക്കേണ്ടതുമാണ് ;

എന്നാൽ, മലയാളം മാതൃഭാഷയല്ലാത്ത വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷ പഠനത്തിനുള്ള അവസരം നൽകേണ്ടതാണ്.

(5) മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ ശാസ്ത്ര വിഷയങ്ങളിൽ ഉൾപ്പെടെ മലയാളം ബോധന മാധ്യമമായി അദ്ധ്യയനം നടത്തുന്നതിന് അവസരം സൃഷ്ടിക്കേണ്ടതാണ് ;

(6) സംസ്ഥാനത്തെ സർക്കാർ, അർദ്ധസർക്കാർ, സഹകരണ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി കേരള പബ്ലിക് സർവ്വീസ്

കമ്മീഷനോ ഇതര നികായങ്ങളോ നടത്തുന്ന തെരഞ്ഞെടുപ്പുകൾക്കായുള്ള പരീക്ഷയുടെ മാധ്യമം മലയാള മായിരിക്കേണ്ടതും X-ാം തരം വരെ മലയാളം ബോധനമാധ്യമ മായിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് രണ്ട് ശതമാനം വെയിറ്റേജ് മാർക്ക് നൽകേണ്ടതുമാണ്; ”

കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും പത്താംതരംവരെ നിർബന്ധിത ഒന്നാംഭാഷ "മലയാളമായിരിക്കേണ്ട താണ്" എന്നുള്ളത് മാറ്റി "ആയിരിക്കേണ്ടതും മലയാള ഭാഷയിൽ ബോധനം നടത്തേണ്ടതുമാണ്" എന്നാക്കണം. അതോടൊപ്പം ഉപവകുപ്പായി എന്നാൽ I-ാം തരം മുതൽ ഇംഗ്ലീഷ്, ഒരു അധികഭാഷയെന്ന നിലയിൽ പഠിക്കുവാൻ അവസരം നൽകേണ്ടതാണ്" എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

243. ഖണ്ഡം 6(2)-ൽ, "പ്രോത്സാഹിപ്പിക്കുന്നതിനുള്ള" എന്നതിനു മുമ്പായി "ഭാഷ" എന്ന വാക്കിനു പകരം "ഭാഷാ പ്രയോഗം" എന്ന് ചേർക്കുക.

247. ഖണ്ഡം 6(3)-ൽ, "മലയാളം"എന്നതിനു പകരം "മലയാള ഭാഷ" എന്നത് ചേർക്കുക.

250. ഖണ്ഡം 6(3)-ന് ശേഷമുള്ള ക്ലിപ്തനിബന്ധനയിൽ, "IX-ാം സ്റ്റാൻഡേർഡിലും X-ാം സ്റ്റാൻഡേർഡിലും" എന്നതിനു പകരം "IX-ാം തരത്തിലും X-ാം തരത്തിലും" എന്നത് ചേർക്കുക.

251. ഖണ്ഡം 6(3)-ന്റെ ക്ലിപ്തനിബന്ധനയിൽ, "മലയാളം പരീക്ഷ എഴുതുന്നതിൽ" എന്നതിനു പകരം "മലയാള ഭാഷാ പഠനത്തിൽ" എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

246. ഖണ്ഡം 6(3)-ൽ,

(i) "മാതൃഭാഷയ്ക്കു പുറമെ" എന്നീ വാക്കുകൾക്ക് പകരം "മാതൃഭാഷ പഠിക്കുന്നതിനുള്ള സൗകര്യത്തിൽ ഒട്ടും കുറവു വരുത്താതെ" എന്നും

(ii) "അവസരം" എന്ന വാക്കിനു പകരം "അവസരവും പ്രോത്സാഹനവും" എന്നും ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

248. ഖണ്ഡം 6(3)-ൽ, "പഠിക്കുവാൻ അവസരം നല്കേണ്ടതാണ്" എന്നതിനു പകരം "പഠിക്കാവുന്നതാണ്" എന്ന് ചേർക്കുക.

255. ഖണ്ഡം 6(3)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക,

"(4) സംസ്ഥാന സർക്കാർ നടത്തുന്ന പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ, മറ്റ് അഭിരുചി പരീക്ഷകൾ എന്നിവയ്ക്കുള്ള ചോദ്യങ്ങൾ മലയാളത്തിലും കൂടി തയ്യാറാക്കേണ്ടതാണ്."

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

252. ഖണ്ഡം 6(3)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്" എന്നതിന് പകരം "പരീക്ഷ എഴുതുന്നതിന് നിർബന്ധിക്കേണ്ടതില്ല" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

253. ഖണ്ഡം 6(3)-ന്റെ ക്ലിപ്തനിബന്ധനയിൽ, "മലയാളം പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്" എന്നീ വാക്കുകൾക്ക് ശേഷം "എന്നാൽ മലയാളം ഒരു ഭാഷയായി പഠിച്ചിരിക്കേണ്ടതാണ്" എന്നത് ചേർക്കുക.

ശ്രീ. വി. ശശി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

259. ഖണ്ഡം 6(3)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

"(4) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. മറ്റ് ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധ ഒന്നാം ഭാഷയായി പഠിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്കൂളുകൾക്ക് നൽകുന്ന അംഗീകാര സർട്ടിഫിക്കറ്റിൽ ഇതൊരു വ്യവസ്ഥയായി നിഷ്കർഷിക്കേണ്ടതുമാണ്;"

"(5) കേരളത്തിൽ കന്നഡ, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അതിന് പുറമേ മലയാളം കൂടി

പഠിക്കാൻ സാഹചര്യം ഒരുക്കേണ്ടതുമാണ് ;"

"(6) അറബി, സംസ്കൃതം ഓറിയന്റൽ സ്കൂളുകളിലും മലയാളം പഠിപ്പിക്കേണ്ടതാണ് എന്ന് കൂട്ടിച്ചേർക്കേണ്ടതാണ്;"

"(7) കേരളത്തിലെ സാങ്കേതിക(ടെക്നിക്കൽ) സ്കൂളുകളിൽ ഒന്നാം ഭാഷ എന്ന നിലയിൽ മലയാളം പഠിപ്പിക്കേണ്ടതാണ്;"

"(8) വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ മാതൃഭാഷ എന്ന നിലയിൽ മലയാളം കൂടി പഠിക്കാനുള്ള അവസരം എല്ലാ സ്കൂളിലും ഉണ്ടാക്കേണ്ടതാണ്;

"(9) കേരളത്തിലെ കോളേജുകളിലെ ഏതു വിഷയത്തിലെയും ബിരുദ തലത്തിലെ ഭാഷാ വിഭാഗത്തിൽ ഒന്നാം ഭാഷയായ മലയാളം എല്ലാ വർഷവും/സെമസ്റ്ററുകളിലും പഠിപ്പിക്കേണ്ട താണ് എന്ന് കൂട്ടിച്ചേർക്കേണ്ടതാണ്."

"(10) കേരളത്തിലെ കോളേജുകളിലെ ഏത് വിഷയത്തിലേയും ബിരുദാനന്തര ബിരുദതലത്തിൽ മലയാളത്തിന്റെ ഒരു പേപ്പർ കൂടി എല്ലാ വർഷവും/സെമസ്റ്ററുകളിലും ഉൾപ്പെടുത്തേണ്ടതാണ്" എന്ന് കൂട്ടി ചേർക്കേണ്ടതാണ്.

" (11) കേരളത്തിലെ പ്രഫഷണൽ കോളേജുകളിൽ എല്ലാ സെമസ്റ്ററുകളിലും മലയാളം കൂടി ഒരു പേപ്പറായി പഠിപ്പിക്കേണ്ടതാണ്."

"(12) കേരളത്തിലെ വിദ്യാഭ്യാസ സംബന്ധിയായ ഏത് കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷകളിൽ, ഇതരഭാഷാ നൈപുണ്യം പരിശോധിക്കുന്ന ചോദ്യങ്ങൾ ഒഴികെ മറ്റ് എല്ലാ ചോദ്യങ്ങളും മലയാളത്തിൽക്കൂടി ലഭ്യമാക്കേണ്ടതാണ്" എന്ന് കൂട്ടി ചേർക്കേണ്ടതാണ്.

"(13) ക്രമാനുഗതവും സമയബന്ധിതമായി മലയാളത്തിൽ ഭാഷാ വിനിമയ സങ്കേതങ്ങൾ വികസിപ്പിച്ച് വ്യാപകമായി പ്രയോജനപ്പെടുത്തി മലയാളത്തെ ശാസ്ത്രത്തിന്റെയും ഭരണത്തിന്റെയും നിയമത്തിന്റെയും അടക്കം എല്ലാ വിഷയങ്ങളുടെയും ഭാഷയാക്കി വളർത്തി എല്ലാ തലങ്ങളിലും ഏത് വിഷയത്തിന്റെയും ബോധന മാധ്യമമാക്കി ഉപയോഗിക്കാൻ ആകുംവിധം വികസിപ്പിക്കേണ്ടതാണ്. " എന്ന് കൂട്ടിച്ചേർക്കേണ്ടതാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 6 താഴെപ്പറയും പ്രകാരം മാറ്റുക:

(6) <u>വിദ്യാഭ്യാസ മേഖല:-</u>

<u>പഠന ഭാഷ</u>

(എ) <u>മലയാളം നിർബന്ധിത ഒന്നാം ഭാഷ</u>

(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ മലയാളം നിർബന്ധ ഒന്നാം ഭാഷയായിരിക്കേണ്ടതാണ്.

(2) കേരള സംസ്ഥാനത്തുള്ള സർക്കാർ/എയിഡഡ് പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ പുതുതായി ആരംഭിക്കുന്നത് പൂർണ്ണമായി നിർത്തലാക്കേണ്ടതാണ്.

(3) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ മറ്റ് ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധ ഒന്നാം ഭാഷയായി പഠിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്കൂളുകൾക്ക് നൽകുന്ന അംഗീകാര സർട്ടിഫിക്കറ്റിൽ ഇതൊരു വ്യവസ്ഥയായി നിഷ്കർഷിക്കേണ്ടതാണ്.

(4) കേരളത്തിൽ കന്നഡ, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അതിനു പുറമെ മലയാളം കൂടി പഠിക്കാൻ സാഹചര്യം ഒരുക്കേണ്ടതാണ്. ഇക്കൂട്ടത്തിൽപ്പെട്ട കേരളത്തിൽ തന്നെ സ്ഥിരതാമസമാക്കിയവർക്കോ അങ്ങനെയാക്കാനുദ്ദേശിക്കുന്നവർക്കോ അവരുടെ ആവശ്യമനുസരിച്ച്, മലയാള പഠനത്തിന് താല്പര്യമുണ്ടെങ്കിൽ, ആഴ്ചയിൽ കുറഞ്ഞത് മൂന്ന് പിരീഡെങ്കിലും മലയാള ഭാഷാ പഠന സൗകര്യം സ്കൂളുകളിൽ ഒരുക്കേണ്ടതാണ്.

(5) അറബി, സംസ്കൃതം ഓറിയന്റൽ സ്കൂളുകളിലും ഭാഷ പാർട്ട് രണ്ടിൽ പഠിപ്പിക്കേണ്ടതാണ്. പാർട്ട് രണ്ടിൽ രണ്ട് പേപ്പറുകളായിരിക്കണം.

പേപ്പർ ഒന്ന്-അറബി/സംസ്കൃതം, പേപ്പർ രണ്ട് -മലയാളം.

(6) എല്ലാ വിഭാഗം സ്കൂളുകളിലും ഒന്നാം ഭാഷ പാർട്ട് രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷ് ഘട്ടം ഘട്ടമായി ഒഴിവാക്കേണ്ടതാണ്. (ഗൾഫിലെയും ലക്ഷദ്വീപിലെയും സ്കൂളുകളിൽ ഒഴിച്ച്)

(7) ഫിഷറീസ് സ്കൂളുകളിൽ പാർട്ട് ഒന്ന് വിഭാഗത്തിൽ മലയാളം ഒന്നാം ഭാഷയായി പഠിപ്പിക്കേണ്ടതാണ്.

(8) കേരളത്തിലെ സാങ്കേതിക (ടെക്നിക്കൽ) സ്കൂളുകളിൽ ഒന്നാം ഭാഷ എന്ന നിലയിൽ ആഴ്ചയിൽ അഞ്ച് പിരീഡുകളെങ്കിലും മലയാളം കൂടി പഠിപ്പിക്കേണ്ടതാണ്.

(9) വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ മാതൃഭാഷ എന്ന നിലയിൽ മലയാളം കൂടി പഠിക്കാനുള്ള അവസരം എല്ലാ സ്കൂളുകളിലും ഉണ്ടാക്കേണ്ടതാണ്.

(10) ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ഭാഷാ വിഷയമെന്ന നിലയിൽ മലയാളം കൂടി പഠിക്കാനുള്ള അവസരം എല്ലാ സ്കൂളുകളിലും ഉണ്ടാകണം.

(11) സംസ്ഥാനത്തു പുറത്തു നിന്നും ഇവിടത്തെ വിദ്യാലയങ്ങളിൽ ചേരുന്ന കുട്ടികളും ഒന്നാം ഭാഷയായി മലയാളം തന്നെ പഠിപ്പിക്കേണ്ടതാണ്. അവരെ മലയാളവുമായി ബന്ധപ്പെടുത്താനുതകുന്ന അടിസ്ഥാന പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി.യും കരിക്കുലം കമ്മിറ്റിയും തയ്യാറാക്കേണ്ടതാണ്.

(12) കേരളത്തിലെ കോളേജുകളിലെ ഏതു വിഷയത്തിലെയും ബിരുദതലത്തിലെ ഭാഷാ വിഭാഗത്തിൽ ഒന്നാംഭാഷയായ മലയാളത്തിന്റെ രണ്ടു പേപ്പറുകൾ എല്ലാ വർഷവും/സെമസ്റ്ററുകളിലും പഠിപ്പിക്കേണ്ടതാണ്.

(13) കേരളത്തിലെ കോളേജുകളിൽ ഏതു വിഷയത്തിലെയും ബിരുദാനന്തരബിരുദ തലത്തിൽ മലയാളത്തിന്റെ ഒരു പേപ്പർ കൂടി എല്ലാ വർഷവും/സെമസ്റ്ററുകളിലും ഉൾപ്പെടുത്തേണ്ടതാണ്.

(14) കേരളത്തിലെ പ്രൊഫഷണൽ (മെഡിക്കൽ, എഞ്ചിനീയറിംഗ്, ആയുർവേദം, ഹോമിയോ, നിയമം, കൃഷി, മൃഗവൈദ്യം (വെറ്ററിനറി), പാരാമെഡിക്കൽ തുടങ്ങിയ എല്ലാ കോഴ്സുകളിലെയും) കോളേജുകളിൽ എല്ലാ സെമസ്റ്ററുകളിലും മലയാളം കൂടി ഒരു പേപ്പറായി പഠിപ്പിക്കേണ്ടതാണ്.

(15) കേരളത്തിലെ വിദ്യാഭ്യാസ സംബന്ധിയായ ഏതു കോഴ്സ കളിലേയ്ക്കുമുള്ള പ്രവേശന പരീക്ഷകളിൽ, ഇതര ഭാഷാ നൈപുണ്യം പരിശോധിക്കുന്ന ചോദ്യങ്ങളൊഴികെ, മറ്റെല്ലാ ചോദ്യങ്ങളും മലയാളത്തിൽ കൂടി

ലഭ്യമാക്കേണ്ടതാണ്.

(16) കേന്ദ്ര സർവ്വകലാശാലകൾ ഉൾപ്പെടെ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സർവ്വകലാശാലകളിലും മലയാള പഠനവിഭാഗം ഉണ്ടായിരിക്കേണ്ടതാണ്.

(ബി) മലയാളം- കേരളസംസ്ഥാനത്തിലെ പഠന മാധ്യമം

(1) കേരള സംസ്ഥാനത്തിലെ സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല/ സ്വയംഭരണ/ സ്വകാര്യമേഖലകളിലെ എല്ലാ പ്രീപ്രൈമറി/നഴ്സറി/പ്ലേ/അംഗൻവാടി സ്കൂളുകളിലും പഠനമാധ്യമം നിർബന്ധമായും മലയാളമായിരിക്കേണ്ടതാണ്.

(2) കേരളത്തിലെ അംഗീകൃത ന്യൂനപക്ഷഭാഷാ വിഭാഗങ്ങൾക്ക്, നിലവിലുള്ള അവകാശം സംരക്ഷിക്കപ്പെടേണ്ടതാണ്.

(3) കേരളത്തിലെ ആദിവാസി-ഗോത്രവിഭാഗങ്ങളിൽപ്പെട്ടവർക്ക് കഴിയുന്നിടത്തോളം അവരവരുടെ മാതൃഭാഷയിൽത്തന്നെ നഴ്സറി/പ്രീപ്രൈമറി വിദ്യാഭ്യാസം നൽകേണ്ടതാണ്.

(4) കേരള സംസ്ഥാനത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല/സ്വയംഭരണ/ സ്വകാര്യ മേഖലകളിലെയും സ്വകാര്യ മേഖലയിലെയും ഗവേഷണ/പരിശീലന സ്ഥാപനങ്ങളിലും കോഴ്സുകളിലും പഠനമാധ്യമം മലയാളമായിരിക്കേണ്ടതാണ്.

(5) കേന്ദ്ര വിദ്യാഭ്യാസ ആക്റ്റിന്റെ വകുപ്പിനു വിധേയമായി കേരളത്തിൽ എട്ടാം ക്ലാസുവരെയുള്ള പഠനമാധ്യമം നിർബന്ധമായും മലയാളമായിരിക്കേണ്ടതാണ്.

(6) കേരളത്തിലെ സാങ്കേതിക (ടെക്നിക്കൽ) സ്കൂളുകളുടെ ലക്ഷ്യം പ്രാദേശിക സാങ്കേതിക വിദ്യകളുടെ പഠനവും വികസനവും ആകയാൽ ബോധന-പഠന മാധ്യമം മലയാളം തന്നെയായിരിക്കേണ്ടതാണ്.

(7) കേരളത്തിലെ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ പഠനമാധ്യമം മലയാളമായിരിക്കേണ്ടതാണ്.

(8) ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക്, ഭാഷാ വിഷയങ്ങൾ ഒഴികെ, പഠന പരീക്ഷാമാധ്യമമായി മലയാളം തെരഞ്ഞെടുക്കാനുള്ള അവകാശം വിദ്യാർത്ഥികൾക്ക് ഉണ്ടായിരിക്കേണ്ടതാണ്.

(9) കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെയും ഗവേഷണ പര്യവേക്ഷണ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് പി.എച്ച്.ഡി. തലം ഉൾപ്പെടെ ഏതു വിഷയത്തിലെയും ഗവേഷണ പ്രബന്ധങ്ങളും, പര്യവേക്ഷണ റിപ്പോർട്ടുകളും മലയാളത്തിൽ തയ്യാറാക്കാനും സമർപ്പിക്കാനും അവകാശവും സാഹചര്യവും ഉണ്ടായിരിക്കേണ്ടതാണ്.

(10) മലയാളമാധ്യമത്തിലൂടെ പഠിച്ചെത്തുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയിൽ അഞ്ചു ശതമാനത്തിൽ കുറയാത്ത ഗ്രേസ് മാർക്ക് നൽകേണ്ടതാണ്.

(11) നിയമവിദ്യാഭ്യാസ രംഗത്തെ ലീഗൽ ഡ്രാഫ്റ്റിംഗ് എന്ന പേപ്പർ പോലെ, ഉന്നതവിദ്യാഭ്യാസ രംഗത്തും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്തും കേരളത്തിന്റെ ഭൂപ്രകൃതി, ജനങ്ങൾ, സമൂഹം തുടങ്ങി കേരളവുമായി നേരിട്ട് ബന്ധമുള്ള വിഷയങ്ങളിലെ ഒരു പേപ്പറെങ്കിലും മുന്നൊരുക്കമെന്ന നിലയിൽ മലയാളത്തിൽ പഠിപ്പിക്കേണ്ടതാണ്.

(സി) <u>മലയാളം നമ്മുടെ ശാസ്ത്രഭാഷ</u>

(1) ക്രമാനുഗതവും സമയബന്ധിതവുമായി മലയാളത്തിൽ ഭാഷാ വിനിമയസങ്കേതങ്ങൾ വികസിപ്പിച്ച് വ്യാപകമായി പ്രയോജനപ്പെടുത്തി മലയാളത്തെ ശാസ്ത്രത്തിന്റെയും ഭരണത്തിന്റെയും നിയമത്തിന്റെയുമടക്കം എല്ലാ വിഷയങ്ങളുടെയും ഭാഷയാക്കി വളർത്തി എല്ലാ തലങ്ങളിലും ഏത് വിഷയത്തിന്റെയും ബോധന മാധ്യമമാക്കി ഉപയോഗിക്കാനാവും വിധം വികസിപ്പിക്കേണ്ടതാണ്.

(2) യാന്ത്രികവിവർത്തനവും എഴുത്ത് മൊഴിയായും മൊഴി എഴുത്തായും മാറ്റുന്നതടക്കമുള്ള സങ്കേതങ്ങളും വിവരവിനിമയ ശൃംഖല ഉപയോഗിച്ച് ഏതു ഭാഷയിൽ നിന്നും ഏതു വിഷയത്തിലുമുള്ള പഠനസാമഗ്രികളും ആർക്കും തത്സമയം മലയാളത്തിലാക്കി ഉപയോഗിക്കാനാകും വിധം വിദ്യാഭ്യാസ പശ്ചാത്തലം വികസിപ്പിക്കേണ്ടതാണ്.

(3) മലയാളത്തിനും മലയാളിക്കും സ്വാംശീകരിക്കാനുതകുന്ന സ്വതന്ത്രസോഫ്റ്റ് വെയറുകൾ സാമൂഹികമായി സ്വാംശീകരിക്കത്തക്ക വിധം വികസിപ്പിക്കുകയും വ്യാപിക്കുകയും അതിലൂടെ മലയാളത്തെ വിവരസാങ്കേതിക വിദ്യയുടെ ഭാഷയുമാക്കി വളർത്തേണ്ടതുമാണ്.

(4) വകുപ്പ് 6-ലെ (ബി) 8-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്നതു പോലെ ശാസ്ത്രവിഷയങ്ങളിലെ ഗവേഷണ പ്രബന്ധങ്ങളും മറ്റും മലയാളത്തിൽ തയ്യാറാക്കുന്നതിന് പ്രോത്സാഹനം നൽകുന്നതും അതിലൂടെ ശാസ്ത്രമേഖലയിലെ മലയാളത്തിന്റെ പദസമ്പത്ത് വർദ്ധിപ്പിക്കുന്നതുമാണ്.

ഇത് വലിയൊരു ഭേദഗതിയാണ്. സ്വീകരിക്കാവുന്നത് സ്വീകരിക്കാം.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സ്വീകരിച്ചിരിക്കുന്നു.

മി.സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 237, 239 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 243, 250, 251 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ.തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 248, 255 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**6-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്**

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദറിന്റെ 262-ാം നമ്പർ ഭേദഗതി ഒഫിഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഇല്ല.

മി. സ്പീക്കർ: ബില്ലിന്റെ ഭാഗമല്ലാത്തതിനാൽ അംഗീകരിക്കേണ്ടതില്ല.

10.00 PM]

**7-ാം വകുപ്പ്**

ശ്രീ. ആർ. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 7 ഒഴിവാക്കുക.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

267. ഖണ്ഡം 7 താഴെപ്പറയും പ്രകാരം മാറ്റുക:

"7(1) സംസ്ഥാനത്തു നടത്തുന്ന അദ്ധ്യാപകപരിശീലന കോഴ്സുകളായ, ബി.എഡ്., എം.എഡ്., ടി.ടി.സി. എന്നിവയിൽ മലയാളം ഒരു നിർബന്ധ പേപ്പർ ആയി പുതുതായി ചേർക്കേണ്ടതാണ്.

(2) ഹയർ സെക്കന്ററി അദ്ധ്യാപക യോഗ്യത പരീക്ഷയായ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിൽ മലയാളം ഒരു അധിക നിർബന്ധിത വിഷയമായി ചേർക്കേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതികൾ ഒന്നും അംഗീകരിക്കുന്നില്ല.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 263 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**8-ാം വകുപ്പ്**

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു .

271. ഖണ്ഡം 8(1) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"(1) കേരള സംസ്ഥാനത്തെ ഹൈക്കോടതിക്കു കീഴിൽ വരുന്ന എല്ലാ സിവിൽ/ക്രിമിനൽ/റവന്യൂ/കുടുംബകോടതികളിലും, മറ്റെല്ലാ കോടതികളിലും, ട്രൈബ്യൂണലുകളിലും, കമ്മീഷനുകളിലും, അപ്പലേറ്റ് അതോറിറ്റികളിലും കേരള സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ചതും രൂപീകരിക്കുന്നതുമായ കോടതികളിലും ട്രൈബ്യൂണലുകളിലും വാദം, വിസ്താരം, വിധിന്യായം എന്നിവ ഉൾപ്പെടെ എല്ലാ നടപടിക്രമങ്ങളും മലയാളത്തിലായിരിക്കേണ്ടതാണ്. പ്രസ്തുത ആവശ്യത്തിലേക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സർക്കാർ, ഹൈക്കോടതിക്ക് ലഭ്യമാക്കേണ്ടതാണ്."

എല്ലാ കോടതികളിലും ഔദ്യോഗികഭാഷ മലയാളമായിരിക്കണമെന്നുള്ള പ്രധാനപ്പെട്ട ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 8(2)-ൽ,

(i) "പെറ്റികേസുകളിൽ" എന്നതിന് പകരം "1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 376-ാം വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്ന കേസ്സുകളിൽ" എന്നത് ചേർക്കുക.

(ii) "കുറിപ്പ്" ഒഴിവാക്കുക.

ഒരു ഇംഗ്ലീഷ് പദം ഈ നിയമത്തിൽ നിന്നും ഒഴിവാക്കാൻ വേണ്ടി പെറ്റികേസുകളെ എന്ന വാക്ക് ഉപയോഗിച്ചതിനുശേഷം ഒരു കുറിപ്പിലൂടെ പെറ്റികേസ് എന്താണെന്ന് പറയുന്നു. അപ്പോൾ പെറ്റികേസ് ഒഴിവാക്കിക്കൊണ്ട് കുറിപ്പും അതേപടി ഒഴിവാക്കുകയെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

275. ഖണ്ഡം 8(3)-ൽ, "മലയാളത്തിലായിരിക്കേണ്ടതാണ്" എന്നതിനു പകരം "മലയാള ഭാഷയിലായിരിക്കേണ്ടതാണ് " എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. മാത്യു ടി. തോമസ് പ്രഗത്ഭനായ ഉപഭാഷകനാണ്. സാധാരണ എല്ലാവർക്കും മനസ്സിലാകുന്ന വാക്ക് പെറ്റികേസ് എന്നായതുകൊണ്ടാണ് ആ വാക്ക് ചേർത്തിരിക്കുന്നത്. ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 275-ാം ഭേദഗതി അംഗീകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 275 -ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

278. ഖണ്ഡം 9(1)-ൽ, "അഥവാ" എന്ന വാക്കിന് പകരം ",അർദ്ധസർക്കാർ," എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

279. ഖണ്ഡം 9(1)-ൽ, "ബോർഡുകൾ" എന്ന വാക്ക് കാണപ്പെടുന്നിടങ്ങളിലെല്ലാം "ഫലകങ്ങൾ" എന്ന വാക്ക് ചേർക്കുക.

287. ഖണ്ഡം 9(2)-ൽ, "ബോർഡുകളുടെ ആദ്യപകുതി" എന്നതിനു പകരം "ഫലകങ്ങൾ" എന്നത് ചേർക്കുക.

291. ഖണ്ഡം 9(3)-ൽ, "മേൽനോട്ടത്തിൽ സ്ഥാപിക്കുക" എന്നീ വാക്കുകൾ ഒഴിവാക്കുക.

299. ഖണ്ഡം 9(4)-ൽ, "വാങ്ങിച്ചുകൊണ്ട്" എന്നതിനു പകരം "സ്വീകരിച്ചു കൊണ്ട്" എന്നത് ചേർക്കുക.

301. ഖണ്ഡം 9(4)-ൽ, "മലയാളത്തിന് പ്രാമുഖ്യം നൽകി" എന്നതിനു പകരം "മലയാളത്തിൽ " എന്നത് ചേർക്കുക.

307. ഖണ്ഡം 9(6)-ൽ, "മലയാളത്തിൽ" എന്ന വാക്കിനു പകരം "മാതൃഭാഷയിൽ" എന്ന വാക്ക് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

281. ഖണ്ഡം 9(1)-ൽ, "വാഹനങ്ങളുടെ ബോർഡുകൾ" എന്നതിനു ശേഷം "ദിശാഫലകങ്ങൾ" എന്നു ചേർക്കുക.

283. ഖണ്ഡം 9(1)-ൽ, "രേഖപ്പെടുത്തേണ്ടതാണ്" എന്ന വാക്കിന് പകരം "ആലേഖനം ചെയ്യേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക.

290. ഖണ്ഡം 9(3)-ൽ, "സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും" എന്നീ വാക്കുകൾക്ക് ശേഷം "അർദ്ധസർക്കാർ, സഹകരണസ്ഥാപനങ്ങളുടെയും" എന്നീ വാക്കുകൾ ചേർക്കുക.

298. ഖണ്ഡം 9(4)-ൽ, "വാങ്ങിച്ചുകൊണ്ട്" എന്ന വാക്കിന് പകരം "വാങ്ങിച്ചുകൊണ്ടോ, പരസ്യ പ്രചരണത്തിനോ" എന്നീ വാക്കുകൾ

ചേർക്കുക.

305. ഖണ്ഡം 9(6)-ൽ, "വ്യാവസായിക" എന്ന വാക്കിനുശേഷം "കാർഷികാനുബന്ധ" എന്ന വാക്ക് ചേർക്കുക.

311. ഖണ്ഡം 9(9)-ൽ, "ആനുകാലിക പ്രസിദ്ധീകരണങ്ങൾ" എന്നീ വാക്കുകൾക്കു ശേഷം "മറ്റ് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

315. ഖണ്ഡം 9(10)ആയി താഴെപ്പറയുന്നത് ചേർക്കുക:

"(10) ആറ് മാസത്തിലൊരിക്കൽ മലയാളഭാഷാ പരിപോഷണവുമായി ബന്ധപ്പെട്ട് വകുപ്പുകൾ നടത്തുന്ന ശ്രമങ്ങൾ ജില്ലാ ഓഫീസർ വിലയിരുത്തേണ്ടതും അതാത് സംഗതികൾ ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരെ അറിയിക്കേണ്ടതും അവർ പ്രവർത്തന റിപ്പോർട്ട് ഓരോ വർഷവും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. മേൽപറഞ്ഞ കാര്യത്തിൽ ഉണ്ടാകുന്ന ഉപേക്ഷ ഗൗരവമായി കണക്കാക്കുന്നതുമാണ്."

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

284. ഖണ്ഡം 9(1)-ൽ, "രേഖപ്പെടുത്തേണ്ടതാണ്" എന്നതിനു പകരം "രേഖപ്പെടുത്തേണ്ടതും പ്രസ്തുത സ്ഥാപനങ്ങളുടെ സീലുകൾ മലയാളത്തിലും കൂടി തയ്യാറാക്കേണ്ടതുമാണ്" എന്നു ചേർക്കുക.

312. ഖണ്ഡം 9(9)താഴെപ്പറയും പ്രകാരം മാറ്റുക:

"സംസ്ഥാനത്ത് പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ, ബോർഡുകൾ, അറിയിപ്പുകൾ എന്നിവയും സംസ്ഥാനത്ത് പ്രസിദ്ധീകരിക്കപ്പെടുന്ന പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയിൽ പ്രസിദ്ധപ്പെടുത്തുന്ന സർക്കാർ പരസ്യങ്ങൾ എന്നിവയും, അവശ്യം ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കേണ്ട സാഹചര്യങ്ങൾ ഒഴികെയുള്ള അവസരങ്ങളിൽ പൂർണ്ണമായും മലയാളത്തിലായിരിക്കേണ്ടതാണ്."

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

289. ഖണ്ഡം 9(2)-ൽ, അവസാനമായി താഴെപ്പറയുന്നതു ചേർക്കുക:

"ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും ഇത് വ്യവസ്ഥ ചെയ്യേണ്ടതാണ്"

316. ഖണ്ഡം 9(9)ന് ശേഷം താഴെപറയുന്നത് ചേർക്കുക:

"(10) പ്രത്യേക സാമ്പത്തിക മേഖലയാക്കി പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും സ്മാർട്ട്സിറ്റി, ടെക്നോസിറ്റി തുടങ്ങിയ സ്ഥാപനങ്ങളിലും സംസ്ഥാനത്തിനകത്തെ കത്തിടപാടുകൾ, പരസ്യങ്ങൾ, ബില്ലുകൾ, അറിയിപ്പുകൾ തുടങ്ങിയവ മലയാളത്തിലായിരിക്കേണ്ടതാണ്."

317. ഖണ്ഡം 9(9)ന് ശേഷം താഴെപറയുന്നത് ചേർക്കുക:

"(10) സിവിൽ സപ്ലൈസ്/മാവേലി സ്റ്റോറുകളിലെ ബില്ലുകൾ, കെ.എസ്.ആർ.ടി.സി ബസ് ടിക്കറ്റുകൾ തുടങ്ങിയ ബില്ലുകളും ഫാറങ്ങളും മലയാളത്തിലായിരിക്കേണ്ടതാണ്."

318. ഖണ്ഡം 9(9)ന് ശേഷം താഴെപറയുന്നത് ചേർക്കുക:

"(10) കേരള സർക്കാർ വകുപ്പുകളിലേർപ്പെടുത്തുന്ന ഇ-ഭരണ വ്യവസ്ഥകളും അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്ന സ്ഥാപന മാനേജ്മെന്റ് വ്യവസ്ഥകളും മലയാളത്തിൽ വിവരം കൈകാര്യം ചെയ്യുകയും അത്തരം സംവിധാനം വികസിക്കാനും അവയുടെ സാങ്കേതിക വിദ്യ കേരളത്തിലും മലയാളത്തിലും സ്വാംശീകരിക്കാനും സഹായിക്കുന്ന 'സ്വതന്ത്ര സോഫ്റ്റ്‌വെയർ' ഉപയോഗിച്ച് വികസിപ്പിച്ച് പ്രവർത്തിപ്പിക്കുന്നവയു മായിരിക്കേണ്ടതാണ്."

ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും ഇത് വ്യവസ്ഥ ചെയ്യേണ്ടതാണെന്ന് ചേർക്കേണ്ടതും സിവിൽ സപ്ലൈസ്//മാവേലി സ്റ്റോറുകളുടെ ബില്ലുകൾ, കെ.എസ്.ആർ.ടി.സി. ബസ് ടിക്കറ്റുകൾ തുടങ്ങിയവയുടെ ബില്ലുകളും ഫാറങ്ങളും മലയാളത്തിലായിരിക്കേണ്ടതുമാണെന്നാണ് എന്റെ ഭേദഗതി.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

296. ഖണ്ഡം 9(3)-ൽ, "മലയാളത്തിലും നൽകേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "മലയാളത്തിൽ ആയിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

310. ഖണ്ഡം 9(8)-ൽ, "മലയാളത്തിലും" എന്ന വാക്കിനു പകരം

"മലയാളത്തിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബി. സത്യൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 9(4)-ൽ, "മലയാളത്തിന് പ്രാമുഖ്യം നൽകി" എന്നതിനു പകരമായി "മലയാളത്തിൽ നിർബന്ധമായും" എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

313. ഖണ്ഡം 9(9)ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, ഭാഷാന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അവരുടെയുംകൂടി അറിവിലേയ്ക്ക് പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ, അറിയിപ്പുകൾ, ബോർഡുകൾ, നോട്ടീസുകൾ എന്നിവ അതതു പ്രദേശത്തെ ന്യൂനപക്ഷഭാഷയിലും കൂടി ആയിരിക്കേണ്ടതാണ്."

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

314. ഖണ്ഡം 9-ൽ ഉപഖണ്ഡം (10) ആയി താഴെപ്പറയുന്നത് ചേർക്കുക:

"(10) സർക്കാരിന്റെ വിവിധ വകുപ്പുകളിലേക്കും അനുബന്ധ സ്ഥാപനങ്ങളിലേക്കും സർക്കാരിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിലേക്കും നടത്തുന്ന എല്ലാ പൊതു തൊഴിൽ പരീക്ഷകളിലും മലയാളത്തിൽ ഉത്തരം രേഖപ്പെടുത്താൻ അവസരം ഉണ്ടായിരിക്കേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. ബാക്കി അമെന്റ്മെന്റ്സൊക്കെ ആക്ടിൽ വേണമെന്നില്ല, റൂൾസിൽ ചേർക്കാവുന്നതേയുള്ളൂ. അത് ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം.ഉമ്മർ അവതരിപ്പിച്ച 278, 279, 287, 291, 299, 301, 307 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 281, 283, 298, 305, 311, 315 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 284, 312 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 289, 316, 317, 318 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 296, 310 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേഗദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

320. ഖണ്ഡം 10(1)-ൽ, "കാര്യക്ഷമമാക്കുന്നതിനായി" എന്ന വാക്കിനു ശേഷം "മലയാള ഭാഷയുടെ ഉപയോഗത്തിനും വികസനത്തിനും ഉതകുന്ന വിധത്തിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

321. ഖണ്ഡം 10(1)-ൽ, "അനുബന്ധ സംവിധാനങ്ങളും വികസിപ്പിക്കേണ്ടതും" എന്നീ വാക്കുകൾക്കു ശേഷം "പ്രചരിപ്പിക്കേണ്ടതും" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബി. സത്യൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

322. ഖണ്ഡം 10(2)-ൽ, "മലയാളത്തിൽ കൂടി ലഭ്യമാക്കേണ്ടത്" എന്നതിന് പകരം "മലയാളത്തിലും നിർബന്ധമായി ലഭ്യമാക്കേണ്ടതുമാണ്." എന്നത് ചേർക്കുക.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

323. ഖണ്ഡം 10(2)-ൽ, "ഉപയോഗിക്കത്തക്കവിധം വെബ്സൈറ്റ്" എന്നതിന് ശേഷം "സ്വതന്ത്ര സോഫ്റ്റ്‌വെയർ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതികൾ ഒന്നും അംഗീകരിക്കുന്നില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 320 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 321 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 322-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 323 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

327. ഖണ്ഡം 11-ൽ, "നിർദ്ദേശങ്ങൾ സർക്കാരിന്" എന്ന വാക്കിന് ശേഷം "സമർപ്പിക്കുന്നതിനായി ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടതും " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

328. ഖണ്ഡം 11-ലെ നിലവിലുള്ള വ്യവസ്ഥ ഉപഖണ്ഡം (1) ആയി മാറ്റി ഉപഖണ്ഡം (2) ആയി താഴെപ്പറയുന്നത് ചേർക്കുക:
"(2) സ്കൂൾതലം മുതൽ ബിരുദതലം വരെ മാതൃഭാഷാ കർമ്മസമിതികൾ രൂപീകരിക്കേണ്ടതും മലയാള ഭാഷയുടെ പ്രയോഗവും സാഹിത്യവും പരിപോഷിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതും സംസ്ഥാനതലത്തിൽ വർഷംതോറും മാതൃഭാഷാ സാംസ്കാരികോത്സവം സംഘടിപ്പിക്കേണ്ടതുമാണ്."

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

330. ഖണ്ഡം 11 ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

"12. ഉന്നതാധികാര സമിതി:-

ഈ സമിതിക്ക് യഥാസമയം സർക്കാർ നിശ്ചയിക്കുന്ന പദവിയും അധികാരവും ഉണ്ടായിരിക്കേണ്ടതാണ്. ഉന്നതാധികാര സമിതി താഴെപ്പറയുന്ന 21 അംഗങ്ങൾ ചേർന്നതായിരിക്കേണ്ടതാണ്, അതായത്:-

സംസ്ഥാനത്ത് ഈ മലയാള നിയമം ഫലപ്രദമായി നടപ്പാക്കുന്നതുറപ്പു വരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനും ഒരു ഉന്നതാധികാര സമിതി ഉണ്ടായിരിക്കേണ്ടതാണ്.

സമിതിയുടെ കാലാവധി മൂന്നു വർഷമായിരിക്കേണ്ടതാണ്

(i) മുഖ്യമന്ത്രി (അധ്യക്ഷൻ);

(ii) മലയാളഭാഷാവികസന വകുപ്പുമന്ത്രി (ഉപാധ്യക്ഷൻ);

(iii) നിയമവകുപ്പുമന്ത്രി;

(iv) വിദ്യാഭ്യാസ വകുപ്പുമന്ത്രി;

(v) ഔദ്യോഗിക ഭാഷ സംബന്ധിച്ച നിയമസഭാ സമിതിയുടെ അധ്യക്ഷൻ;

(vi) നിയമവകുപ്പ് സെക്രട്ടറി;

(vii) മലയാള ഭാഷാ വികസന വകുപ്പ് സെക്രട്ടറി;

(viii) ധനകാര്യ വകുപ്പ് സെക്രട്ടറി;

(ix) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി;

(x) ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി;

(xi) വിവരസാങ്കേതിക വകുപ്പ് സെക്രട്ടറി;

(xii) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ;

(xiii) ഔദ്യോഗിക ഭാഷാ നിയമനിർമ്മാണ കമ്മീഷന്റെ അധ്യക്ഷൻ;

(xiv) ഔദ്യോഗിക ഭാഷാ വിദഗ്ധൻ;

(xv) സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ;

(xvi) സർക്കാർ നിർദ്ദേശിക്കുന്ന അഞ്ച് അംഗങ്ങൾ;

(ഈ അംഗങ്ങളിൽ അംഗീകൃത സാഹിത്യകാരന്മാരും മാതൃഭാഷാ പ്രസ്ഥാനങ്ങളുടെ പ്രതിനിധികളും ആ രംഗത്ത് പ്രഗത്ഭരും പ്രവർത്തന പരിചയമുള്ളവരും ഉൾപ്പെടണം)

(xvii) സംസ്ഥാനത്തെ മലയാള ഭാഷാ വികസന ഡയറക്ടർ

(സമിതിയുടെ കൺവീനർ).

ഇക്കാര്യങ്ങൾ ഭംഗിയായി നടത്തണമെങ്കിൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു ഉന്നതാധികാര സമിതി അത്യാവശ്യമാണ്. അത് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): സർ, നിലവിൽ നമുക്കൊരു ഔദ്യോഗികഭാഷാ സമിതിയുണ്ട്. ആ സമിതിയെ പുനർനാമകരണം ചെയ്ത് ഹൈപവർ കമ്മിറ്റിയെ

നിയോഗിക്കുന്നതാണ്. ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞതുപോലെയുള്ള പേരുകളൊക്കെ ഗവൺമെന്റ് ആലോചിച്ചതിനുശേഷം ആവശ്യമായ മാറ്റം വരുത്താം. അതുകൊണ്ട് ഭേദഗതികൾ ഒന്നും അംഗീകരിക്കുന്നില്ല.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് ആവതരിപ്പിച്ച 328- നമ്പർ ഭേതഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

333. ഖണ്ഡം 12(2)-ൽ, "ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നതിന് പകരം "റദ്ദാക്കൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതി അംഗീകരിക്കുന്നില്ല.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

336. ഖണ്ഡം 13(1)-ൽ, "വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം " നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

338. ഖണ്ഡം 13(2)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക.

"(3) സംസ്ഥാനത്തിന്റെ പൊതുതാല്പര്യം പരിഗണിച്ചും മാതൃഭാഷയുടെ പുരോഗതി ലക്ഷ്യമാക്കിയും സർവോപരി വിദ്യാഭ്യാസത്തിന്റെ നിലവാരം പ്രത്യാനയനം ചെയ്യാനുദ്ദേശിച്ചും സാർവലൗകികമായി വികസിച്ചുവരുന്ന മാതൃഭാഷാ പ്രാധാന്യം അതിന്റെ എല്ലാ അർഥതലങ്ങളിലും പൂർണമായി ഉൾക്കൊണ്ടും ഉത്തമവിശ്വാസത്തിലും നല്ല ഉദ്ദേശത്തിലും തയ്യാറാക്കപ്പെട്ടിരിക്കുന്ന ഈ നിയമമോ ഇതിലെ വകുപ്പുകളോ ഉപവകുപ്പുകളോ കേവല സാങ്കേതിക നിയമനടപടികൾ കൊണ്ട് തടസ്സപ്പെടുത്താവുന്നതല്ല."

" (4) ഹൈക്കോടതിക്കു കീഴിലുള്ള ഒരു കോടതിക്കും ഈ നിയമത്തിന്മേലുള്ള വിചാരണാധികാരം ഉണ്ടായിരിക്കുന്നതല്ല."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതികൾ ഒന്നും അംഗീകരിക്കുന്നില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 14-ാം വകുപ്പ്

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

341. കൂട്ടിച്ചേർക്കപ്പെട്ട 14-ാം വകുപ്പിൽ മലയാള ഭാഷയിൽ അർത്ഥസമ്പൂർണ്ണമായ ഏതെങ്കിലും പുതിയ പദങ്ങൾ ഭാഷാ വ്യവഹാരത്തിനായി കണ്ടെത്തി നിഘണ്ടുവിലേക്ക് മുതൽക്കൂട്ടുന്ന ഭാഷാ പ്രേമികളായ പ്രതിഭകൾക്ക് പ്രത്യേക പ്രോത്സാഹനം ഏർപ്പെടുത്തേണ്ടതാണ്.

പുതിയ വാക്കുകൾ ചേർക്കാനും സ്വീകരിക്കാനും ഒരു സംവിധാനം വേണമെന്നുള്ള ഭേദഗതി വളരെ പ്രധാനപ്പെട്ടതാണ്. അത് അർത്ഥവത്താണെങ്കിൽ ആര് സംഭാവന ചെയ്താലും സ്വീകരിക്കാവുന്ന ഒരു സംവിധാനവും ഈ ബില്ലിൽ ഉണ്ടായിരിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച ഭേദഗതി തത്ത്വത്തിൽ അംഗീകരിക്കുന്നു. ചട്ടങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ദീർഘ ശീർഷകത്തിൽ, "ഭാരതത്തിന്റെ" എന്ന വാക്ക് ഒഴിവാക്കുക.

110. ദീർഘ ശീർഷകത്തിൽ, "കേരള" എന്ന വാക്ക് ഒഴിവാക്കുക.

113. ദീർഘ ശീർഷകത്തിൽ, "സ്വീകരിക്കുന്നതിനും" എന്നതിനു പകരം "അംഗീകരിക്കുന്നതിനും" എന്ന് ചേർക്കുക.

114. ദീർഘ ശീർഷകത്തിൽ, "മലയാളം" എന്ന വാക്കിനു പകരം "മലയാള ഭാഷ" എന്നീ വാക്കുകൾ ചേർക്കുക.

116. ദീർഘ ശീർഷകത്തിൽ, "ഉപയോഗം" എന്നതിനു പകരം "പ്രയോഗം" എന്നത് ചേർക്കുക.

122. പീഠികയിൽ, "ഭാരതത്തിന്റെ" എന്ന വാക്ക് ഒഴിവാക്കുക.

123. പീഠികയിൽ, "കേരള" എന്ന വാക്ക് ഒഴിവാക്കുക.

129. പീഠികയിൽ, "സ്വീകരിക്കുന്നതിനും" എന്നതിനു പകരം "അംഗീകരിക്കുന്നതിനും" എന്നത് ചേർക്കുക.

132. പീഠികയിൽ, "ഉപയോഗം" എന്ന വാക്കിനു പകരം "പ്രയോഗം" എന്ന് ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. ദീർഘ ശീർഷകത്തിൽ, "കേരള സംസ്ഥാനത്തിന്റെ" എന്നതിനു ശേഷം "ഏക" എന്നും "മലയാളം ഉപയോഗിക്കുന്നതിനും" എന്നതിനു ശേഷം "വിദ്യാഭ്യാസം, നീതിന്യായം, ഭരണം തുടങ്ങി" എന്നതും ചേർക്കുക.

125. പീഠികയിൽ,

(i) "കേരള സംസ്ഥാനത്തിന്റെ" എന്ന വാക്കിന് ശേഷം "ഏക" എന്ന വാക്ക് ചേർക്കുക.

(ii) "ഉപയോഗിക്കുന്നതിനും" എന്നതിനുശേഷം "വിദ്യാഭ്യാസം, നീതിന്യായം, ഭരണം തുടങ്ങി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ദീർഘ ശീർഷകത്തിൽ, "മലയാളത്തെ" എന്ന വാക്കിനു പകരം "മലയാളഭാഷയെ" എന്ന വാക്ക് ചേർക്കുക.

127. പീഠികയിൽ, "മലയാളത്തെ" എന്ന വാക്കിന് പകരം "മലയാള

ഭാഷയെ" എന്ന വാക്ക് ചേർക്കുക.

142. ഖണ്ഡം 1(2) ചുവടെ ചേർക്കും പ്രകാരം മാറ്റുക:

" (2) ഇത് 2015 നവംബർ മാസം 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. ദീർഘ ശീർഷകത്തിൽ, "അതിന് ആനുഷംഗികമായതോ" എന്നതിനു പകരം "അതിൽ നിന്നുളവാകുന്നതോ " എന്നു ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, തോമസ് ഉണ്ണിയാടന്റെ 112, 127 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഉമ്മറിന്റെ 116 -ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. ശ്രീ. വി. ഡി. സതീശന്റെ 135- ാം നമ്പർ ഭേദഗതിയും ശ്രീ. ബെന്നി ബഹനാന്റെ 118-ാം നമ്പർ ഭേദഗതിയും ഞാൻ ഒഫിഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

118. ദീർഘ ശീർഷകത്തിൽ, "മലയാള ഭാഷയുടെ വളർച്ചയും" എന്നതിനു ശേഷം "വ്യാപനവും " എന്നു ചേർക്കുക.

135. പീഠികയിൽ, "മലയാളഭാഷയുടെ വളർച്ചയും" എന്നതിനുശേഷം "വ്യാപനവും" എന്നു ചേർക്കുക.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടന്റെ 112, 127 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഉമ്മറിന്റെ 116 -ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. ശ്രീ. വി. ഡി. സതീശന്റെ 135- ാം നമ്പർ ഭേദഗതിയും ശ്രീ. ബെന്നി ബഹനാന്റെ 118-ാം നമ്പർ ഭേദഗതിയും ഒഫിഷ്യൽ ഭേദഗതിയായി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 109, 110,113,114,122,123,129 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 111, 125 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി ജോസഫ്): സർ, 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതൊരു ചരിത്രമുഹൂർത്തമാണ്. ഞാൻ ഈ ബിൽ നേരത്തെ അവതരിപ്പിച്ചപ്പോൾ പറഞ്ഞു, മലയാളികൾ ഭാഷാ ഭ്രാന്തന്മാരല്ല, ഭാഷാ സ്നേഹികളാണ് എന്ന്. നമ്മൾ മലയാളത്തെ സ്നേഹിക്കുന്നു. ലോകത്ത് എല്ലായിടത്തും മലയാളികളുണ്ട്. മലയാളികളെ ഒന്നിപ്പിക്കുന്ന രണ്ട് ഘടകങ്ങൾ, മലയാളഭാഷയും ഓണവുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. മലയാളത്തിന്റെ വളർച്ചയ്ക്കുവേണ്ടി നമ്മളെല്ലാം ഒത്തൊരുമിച്ച് ധാരാളം ശ്രമങ്ങൾ നടത്തി. കാലാകാലങ്ങളിൽ അതുമായി ബന്ധപ്പെട്ട് എല്ലാവരും ചെയ്തിട്ടുള്ള സംഭാവനകൾ പ്രശംസനീയമാണ്. ഈ ഗവൺമെന്റിന് പല കാര്യങ്ങളും ചെയ്യാൻ സാധിച്ചു. അതിൽ അഭിമാനമുണ്ട്. മലയാളം യൂണിവേഴ്സിറ്റി, മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്നതിനുവേണ്ടി കാലാകാലങ്ങളായി നടത്തിവന്നിരുന്ന ശ്രമങ്ങൾക്ക് വിജയം കണ്ടെത്താൻ സാധിച്ചു. മലയാളത്തിന്റെ അവകാശം നിഷേധിച്ചുകൊണ്ട് രണ്ടുവട്ടം അത് തള്ളിക്കളഞ്ഞു. അന്നത്തെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് പ്രത്യേക നിർദ്ദേശം കൊടുത്ത് വിളിച്ചുവരുത്തി, കമ്മിറ്റിയെ വീണ്ടും ഏൽപ്പിച്ചു. കേരളത്തിലെ മലയാളത്തെ സ്നേഹിക്കുന്നവർ എല്ലാ

വിധത്തിലുള്ള രേഖകളും അവിടെ ഹാജരാക്കിയാണ് അംഗീകാരം കിട്ടിയത്. മലയാളം ഒന്നാം ഭാഷയാക്കി. ഇന്നിപ്പോൾ മലയാളത്തിന്റെ നിയമം പ്രായോഗികതലത്തിൽ വരണമെന്ന് നമ്മുടെ സാംസ്കാരിക നായകന്മാരും സാഹിത്യകാരന്മാരുമൊക്കെ ആഗ്രഹിച്ചു. ആ ആഗ്രഹം ഇന്നെങ്കിലും സാക്ഷാത്ക്കരിക്കുന്നതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാം. ഇതിനോട് സഹകരിച്ച എല്ലാവരോടും പ്രത്യേക നന്ദി പറയുന്നു. ഞാൻ ഒരു കാര്യംകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ പറഞ്ഞു, കാസർഗോഡ് നിന്നും എനിക്ക് കിട്ടിയ നിവേദനത്തെ സംബന്ധിച്ച്, ഇത്തരം ആശങ്ക ചുരുക്കം ചിലരിലെങ്കിലും ഉണ്ടായിട്ടുണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. അത് കന്നടയും തമിഴ് ഭാഷ ന്യൂനപക്ഷങ്ങൾ....., നമ്മൾ ഒരിക്കലും ഭാഷാ ന്യൂനപക്ഷങ്ങളോട് തെറ്റായ രീതിയിൽ, അവർക്ക് നീതി നിഷേധിക്കുന്ന ഒരു സാഹചര്യം ഉണ്ടാകില്ല. നമ്മൾ ഭാഷയെ സ്നേഹിക്കുന്നു. പക്ഷേ മറ്റുള്ളവരെ മാനിക്കുന്നു. മറ്റുള്ളവർക്ക് ലഭിക്കേണ്ട അംഗീകാരം ലഭിക്കാൻ നമ്മൾ യാതൊരു വിട്ടുവീഴ്ചയും ചെയ്യുന്നതല്ല. അതുകൊണ്ട് ഭാഷാന്യൂനപക്ഷങ്ങൾക്ക് നമ്മളെടുത്തിരിക്കുന്ന നടപടികൾകൊണ്ട് യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ടുമുണ്ടാകില്ല. അത് പ്രത്യേകം ശ്രദ്ധിക്കും. അവരുടെ വിദ്യാഭ്യാസ കാര്യത്തിനും അവരുടെ ജോലി ലഭിക്കുന്നതുമായി ബന്ധപ്പെട്ട ഇന്റർവ്യൂവിന്റെ കാര്യത്തിലുമൊക്കെ പാലിക്കേണ്ട എല്ലാ തത്ത്വങ്ങളും പാലിക്കുമെന്നുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഈ ബിൽ എല്ലാവരും സഹകരിച്ച് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. ദിവകരൻ: സർ, സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമം പാസ്സാക്കിത്തരണമെന്നുള്ള അഭ്യർത്ഥനയെ സന്തോഷത്തോടുകൂടി ഞങ്ങൾ സ്വീകരിക്കുകയാണ്. ഈ സന്ദർഭത്തിൽ ഒരു കാര്യം കൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമെന്നാണ് ഞാൻ കരുതിയത്. അദ്ദേഹം വെറും സങ്കുചിതമായ രാഷ്ട്രീയത്തിന്റെ വാക്കാണ് പറഞ്ഞത്. മലയാളത്തെ ശ്രേഷ്ഠഭാഷയാക്കാൻ കേരളത്തിൽനിന്നും ആദ്യമായി പോയ നിവേദനം അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദനും അന്നത്തെ പ്രതിപക്ഷനേതാവായ അങ്ങുമായിരുന്നു. ഈ പറയുന്ന പ്രധാനമന്ത്രിയുടെ അടുത്ത് നമ്മൾ ഒന്നിച്ചുപോയതാണ്. പക്ഷേ തുടർനടപടികൾ നടന്നില്ല. അത് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ പറഞ്ഞു. ഞങ്ങൾക്കും ഇതിനകത്ത് പങ്കുണ്ട്. ഭരണ-പ്രതിപക്ഷമെന്നുള്ള ഭേദമില്ലാതെ ഈ ശ്രേഷ്ഠഭാഷ കൊണ്ടുവരുന്നതിന് അഹോരാത്രം പ്രവർത്തിച്ച ആളുകൾ തന്നെയാണ് ഞങ്ങൾ. നിങ്ങൾ അതിനെ ഫലവത്തായി കൈകാര്യം ചെയ്തുവെന്നുള്ളത് ഞങ്ങൾ അംഗീകരിക്കുന്നു. രണ്ടുകൂട്ടർക്കും ഇതിൽ

തുല്യപങ്കാളിത്തമാണുള്ളത്. രണ്ടാമത്തെ കാര്യം, കുറേക്കൂടി ലൈവായി, കുറേക്കൂടി സജീവമായി, കുറേക്കൂടി സമയമെടുത്ത്, കുറേക്കൂടി മെച്ചപ്പെട്ട സമയത്ത് ഈ ബിൽ അവതരിപ്പിക്കണമായിരുന്നു. അതാണ് ഞങ്ങളുടെ ഒരു പരാതി. ഏതായാലും അവതരിപ്പിച്ച ബില്ലിന് ഒരുപാട് പോരായ്മകളുണ്ടെന്ന് രണ്ടുകൂട്ടരും സമ്മതിച്ചിട്ടുണ്ട്. ഭേദഗതികൾ കൊണ്ടുവന്ന് വീണ്ടുമിത് സമ്പുഷ്ടമാക്കാമെന്ന് പറയുന്നു. തുടക്കമെന്നുള്ള നിലയിൽ തീർച്ചയായും അഭിനന്ദനാർഹമാണ്. രാഷ്ട്രീയ അതിപ്രസരമില്ലാതെ മലയാളഭാഷയെ സംരക്ഷിക്കാൻ വേണ്ടി ശക്തമായ ഒരു നിയമമായിത്തീരണമിത്. ചെറിയ ഒരു പരാതിയുള്ളത് പരിഹരിക്കേണ്ടതാണ്. കേരളത്തിലെ വിദ്യാഭ്യാസമേഖലയിലെ വലിയ ഒരു മേഖല അൺഎയ്ഡഡ് മേഖലയാണ്. അത് ഈ നിയമത്തിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. അത് നാളെ വരാൻപോകുന്ന ഒരു ദുരിതമായിരിക്കും. അതും കൂടി സൂചിപ്പിക്കുന്നു. ഈ ബിൽ അവതരിപ്പിച്ച അങ്ങയെ അഭിനന്ദിക്കുന്നു. അങ്ങ് ഇവിടെയില്ലാത്തതുകൊണ്ട് ഞങ്ങൾ കുറച്ച് കുഴപ്പം കാണിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഉണ്ടാക്കിയത് കുഴപ്പമാണെന്ന് നിങ്ങൾക്ക് മനസിലായല്ലോ?

ശ്രീ. സി. ദിവാകരൻ: സർ, സമയമില്ലാത്തതുകൊണ്ട് ഞാൻ ശ്രീ. തിരുവഞ്ചൂരിന് മറുപടി പറയുന്നില്ല. മറുപടി പറഞ്ഞാൽ സമയമൊരുപാടെടുക്കും. ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം എന്ന് കേട്ടിട്ടുണ്ടോ? ശ്രീ. തിരുവഞ്ചൂരിന് എപ്പോഴും അങ്ങനെയേ തോന്നൂ. ഞങ്ങൾ ആ മനഃസ്ഥിതിക്കാരല്ല. ഞങ്ങൾ തുറന്ന് കാര്യങ്ങൾ പറയുന്നവരാണ്. പ്രതിപക്ഷത്ത് ഇരിക്കുന്നതുകൊണ്ടുമാത്രം ഞങ്ങൾ മോശക്കാരാകില്ല. അതുകൊണ്ട് പ്രിയപ്പെട്ട സ്നേഹിതനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങനെയൊന്നും പറയരുത്. ബില്ലിന് എല്ലാവിധ നന്മകളുമുണ്ടാകട്ടെ, ഇതിന്റെ പോരായ്മകളെല്ലാം പരിഹരിക്കപ്പെടട്ടെ. കേരളത്തിലെ മലയാള ഭാഷാനിയമത്തിലെ ചട്ടങ്ങൾ വളരെ വേഗത്തിലുണ്ടാക്കണം. ഇതിന് ഡയറക്ടറേറ്റില്ല. അങ്ങനെ പല നിർദ്ദേശങ്ങളുമുണ്ട്. അതെല്ലാം ഇവിടെ പറഞ്ഞിട്ടുണ്ട്. ഞാൻ ആവർത്തിക്കുന്നില്ല. എന്തായാലും ഈ ബില്ലിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

മി. സ്പീക്കർ: 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ശ്രീ. സി. ദിവാകരൻ : സർ, സമയം ഒരുപാടായല്ലോ? ഇനിയുള്ള ബിൽ ഇപ്പോൾ എടുക്കണോ? ഭരണപക്ഷത്തിലെയും പ്രതിപക്ഷത്തിലേയും അംഗങ്ങൾക്കുവേണ്ടിയാണ് ഞങ്ങളിത് പറയുന്നത്.

മി. സ്പീക്കർ: എങ്ങനെയാണ് ചെയറിന് പറയാൻ കഴിയുന്നത്, ചെയറിന് അത് മാറ്റാൻ പറ്റില്ല.

ശ്രീ. സി. ദിവാകരൻ: സർ, ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള പ്രയാസമാണ് ഞങ്ങൾ അങ്ങയെ അറിയിച്ചത്. ഇത് അടുത്ത സമ്മേളനത്തിലെ ഒരു ദിവസം ഷെഡ്യൂൾ ചെയ്താൽ, അത് ഏത് ദിവസമായാലും ഞങ്ങൾ വരാം. ഭരണപക്ഷത്തിലെയും പ്രതിപക്ഷത്തിലേയും അംഗങ്ങൾക്കുവേണ്ടിയാണ് ഞങ്ങളിത് പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പരമാവധി നിങ്ങളുടെ ഭാഗത്തുനിന്നും വരുന്ന കാര്യങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാണ്. ഇന്നലെ വച്ചിരുന്ന ഒരു നിയമം ഇന്നലെ വൈകുന്നേരം ചർച്ച ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടെന്നറിയിച്ചതിനെത്തുടർന്ന് ഇന്നത്തേയ്ക്ക് മാറ്റി. ഇന്നലെ പറഞ്ഞപ്പോൾ ഈ മൂന്ന് നിയമവും പാസാക്കുന്നതിനോട് സഹകരിക്കുമെന്ന് നിങ്ങൾ പറഞ്ഞു. മലയാള ഭാഷാ ബിൽ കഴിഞ്ഞ സമ്മേളനത്തിൽ പാസാക്കിയില്ലായെന്നുപറഞ്ഞ് നമ്മുടെ സാംസ്കാരിക നായകന്മാരൊക്കെ പ്രതിഷേധം പ്രകടിപ്പിച്ചു. അങ്ങനെയൊരു സാഹചര്യമുണ്ടാകരുതെന്ന് നിർബന്ധമുണ്ടായിരുന്നു. അതുപോലെതന്നെ വിദേശത്തുള്ള മലയാളി സുഹൃത്തുക്കൾ പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണ്. ഈ പ്രാവശ്യം പാസാക്കുമെന്ന് അവർക്ക് ഉറപ്പുകൊടുത്തു. ഒരു പിടിവാശിയുമല്ല. ആവശ്യങ്ങളുടെ സമ്മർദ്ദംകൊണ്ട് മാത്രമാണ്, അതുകൊണ്ട് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## (3) 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) ബിൽ

മി. സ്പീക്കർ: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ്, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഞാൻ ഇതിനെക്കുറിച്ച് വളരെ ചുരുക്കിപ്പറയാം. ഞാൻ നേരത്തേ പറഞ്ഞതുപോലെ 2015 മാർച്ച് 6-ന് ഈ സഭയിൽ ബഹുമാനപ്പെട്ട കേരള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞ ഒരു വാചകം -പാരാ 46:- " വിസ തട്ടിപ്പും പ്രവാസി കേരളീയരുടെ ജീവനും സ്വത്തിനും എതിരെയുള്ള ക്രിമിനൽ കുറ്റകൃത്യങ്ങളും ഇന്ന് വളരെ ഗുരുതരമായ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. അത്തരം കേസുകൾ മാത്രമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിന് ഒരു എൻ.ആർ.ഐ. കമ്മീഷൻ സ്ഥാപിക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്." അടുത്ത സെഷൻ വരുമ്പോൾ ഗവർണ്ണറുടെ പുതിയ നയപ്രഖ്യാപനം വരാൻ പോകുകയാണ്. അതിനുമുമ്പ് ഈ സെഷനിലെ പ്രസംഗത്തിൽ പറഞ്ഞകാര്യം ചെയ്യണമെന്ന ആഗ്രഹം കൊണ്ടാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. അതുമാത്രമല്ല, മുഖ്യമന്ത്രി പറഞ്ഞതുപോലെ നമ്മൾ എല്ലാവരും പ്രവാസി കേരളീയരുടെ കഷ്ടപ്പാടുകളും പ്രയാസങ്ങളുമെല്ലാം മനസ്സിലാക്കുന്നവരാണ്. കേരളത്തിൽ കാണുന്ന ഇന്നത്തെ സമൃദ്ധിക്കും വളർച്ചയ്ക്കുമെല്ലാത്തിനും കാരണം പ്രവാസികളുടെ കഠിനാദ്ധ്വാനവും അവരുടെ വിയർപ്പും അവരുടെ ആത്മാർത്ഥമായ ശ്രമങ്ങളുമാണ്. അങ്ങനെയുള്ള ആളുകൾ പീഡിപ്പിക്കപ്പെടുന്നു. ജോലിക്കുവേണ്ടി നടക്കുന്ന തട്ടിപ്പുകൾ ഇന്ന് വളരെ വ്യാപകമാവുകയാണ്. അതുപോലെ നാട്ടിലുള്ളവരുടെ സ്വത്തുക്കളെക്കുറിച്ച് ധാരാളം പേരുടെ പരാതികൾ ലഭിക്കുന്നുണ്ട്. ഏറ്റവുമടുത്ത ബന്ധുക്കൾപോലും നാട്ടിലുള്ള പ്രവാസികളുടെ വസ്തുവകകൾ കയ്യടക്കുന്നു. അത് നിയമപരമല്ലാത്ത രീതിയിൽ കയ്യടക്കുന്നു. അവർക്കത് തിരികെ ലഭിക്കുന്നില്ല. ഇത്തരം പരാതികൾ ഉണ്ടാകുമ്പോൾ സാധാരണ ചെയ്യുന്നത് നോർക്ക വകുപ്പ് അതിനെ ആഭ്യന്തര വകുപ്പിന് അയച്ചുകൊടുക്കുകയും അത് എൻക്വയറിക്ക് വിടുകയുമാണ് ചെയ്യുന്നത്. അതിന് പരിഹാരമുണ്ടാക്കുന്നത് വളരെ പ്രയാസമേറിയ കാര്യമാണ്. അതുകൊണ്ട് കേരളത്തിന് പുറത്തുള്ള പ്രവാസി മലയാളികളുടെ കഷ്ടപ്പാടുകളും പ്രയാസങ്ങളും.... ബില്ലിൽ പറയുന്നതുപോലെ അവരുടെ വസ്തുവകകൾക്കും സമ്പത്തിനുമുള്ള ഭീഷണി, സുരക്ഷിതത്വം, റിക്രൂട്ട്മെന്റ് തട്ടിപ്പ് തുടങ്ങിയ കാര്യങ്ങളിൽ ഒരു പരിഹാരമുണ്ടാക്കാൻ നിയമം ആവശ്യമാണ്. അതുകൊണ്ടാണ് ഈ നിയമം അവതരിപ്പിക്കുന്നത്. എൻ.ആർ.ഐ. കമ്മീഷൻ എന്നുപറയുന്നത് കേരളത്തിലെ പ്രവാസി സമൂഹത്തിന്റെയും സംഘടനകളുടെയും വലിയൊരു ആവശ്യമാണ്. തീർച്ചയായും കേരളത്തിലെ പ്രവാസി സമൂഹം നമ്മെ നന്ദിയോടെ അനുസ്മരിക്കും. അതുകൊണ്ട് ബില്ലിനെക്കുറിച്ച് ഞാൻ വളരെ ചുരുക്കി സംസാരിക്കുന്നു. ഇത് പാസ്സാക്കാൻ സഹകരണം അപേക്ഷിക്കുകയാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞപ്രകാരം ഗൾഫ് മലയാളികൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ് നിയമം പാസ്സാകുന്നതിനായി. മലയാളികളിൽ ഏറ്റവും കൂടുതൽ ഗൾഫിലായതുകൊണ്ടും പ്രവാസി മലയാളികൾ ഒരുപാട് ദുരിതമനുഭവിക്കുന്ന സ്ഥലം ഗൾഫ് നാടായതുകൊണ്ടുമാണ് ഗൾഫ് മലയാളികൾ എന്നുപറയുന്നത്. പ്രവാസി മലയാളികൾ നേരിടുന്ന ദുരിതങ്ങൾ ഈ ബിൽ അഡ്രസ് ചെയ്യുമെന്നാണ് ധരിക്കേണ്ടത്. പക്ഷേ അത്തരത്തിൽ ഒരു സംരംഭവും ഈ ബില്ലിൽ നടത്തിയിട്ടില്ല എന്നുള്ളതാണ് ഏറ്റവും ഖേദകരമായ വസ്തുത. ഈ വർഷം വിദേശമലയാളികളുടെ കേരളത്തിലെ ബാങ്കുകളിലെ നിക്ഷേപം ഏതാണ്ട് ഒരുലക്ഷം കോടി രൂപയോളം വന്നിട്ടുണ്ട്. പ്രത്യേകിച്ച് ഡോളറുമായി തട്ടിച്ചുനോക്കുമ്പോൾ രൂപയുടെ വിനിമയ മൂല്യത്തിൽ വന്ന മാറ്റം അവരുടെ നിക്ഷേപങ്ങൾ വളരെ കൂടുന്നതിന് ഇടയാക്കിയിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ റബ്ബറിന്റെ വില ഇടിഞ്ഞതോടുകൂടി നമ്മുടെ നാട് വലിയ പ്രതിസന്ധിയിലാണ് എന്ന് അറിയാമല്ലോ; പക്ഷേ ആ പ്രതിസന്ധിയുടെ രൂക്ഷത കുറെയൊക്കെ കുറയ്ക്കുന്നത് ഗൾഫ് മലയാളികൾ അല്ലെങ്കിൽ പ്രവാസി മലയാളികൾ മൂലമാണെന്നുള്ളത് നമുക്കറിയാം. അവരുടെ ക്ഷേമത്തിനും പ്രവാസി മലയാളികളുടെ പുനരധിവാസത്തിനുമൊക്കെ നമ്മൾ എടുക്കുന്ന നടപടികൾ എത്രയോ ദുർബലമാണ്. ഉദാഹരണത്തിന്, ഇപ്പോൾ ഗൾഫ് മേഖലയിൽ നടക്കുന്ന പ്രധാനപ്പെട്ട കാര്യം എന്താണ്; അവിടെ എണ്ണവില താഴോട്ട് പോയതിനെത്തുടർന്ന് ഏതാണ്ട് എല്ലാ ഗൾഫ് രാജ്യങ്ങളിലും വിവിധ കമ്പനികൾ അവരുടെ സ്റ്റാഫിനെ വെട്ടിച്ചുരുക്കുകയാണ്. അവിടെ പലയാളുകളും പിരിച്ചുവിടപ്പെട്ടിരിക്കുകയാണ്. എനിക്ക് ദീർഘകാലമായി അറിയാവുന്ന മൂന്നുനാല് സുഹൃത്തുക്കൾ അവരെല്ലാം നല്ല ജോലിയിൽ, നല്ല ശമ്പളത്തിൽ ഇരുന്നിടത്തുനിന്ന് അവർക്ക് പിരിഞ്ഞുപോകേണ്ടിവന്നു. പക്ഷേ ഇങ്ങോട്ട് വരാതെ ഈ നാലുപേരും പഴയതിലും എത്രയോ കുറഞ്ഞ ശമ്പളത്തിൽ ഗൾഫിൽ വീണ്ടും വേറെ ജോലിക്ക് നിൽക്കുകയാണ്. ഇത് ഒരു വശം. മറ്റൊരു സ്ഥിതി, പലയാളുകളും തിരിച്ചു വരുന്നുണ്ട്. എണ്ണവില ഇനിയും കുറഞ്ഞുകൊണ്ടിരിക്കുകയാണെങ്കിൽ ഈ ക്രൈസിസ് രൂക്ഷമാകാനാണ് സാദ്ധ്യത. പ്രത്യേകിച്ച് ഏറ്റവും കൂടുതൽ മലയാളികൾ ജോലി ചെയ്യുന്ന സൗദി അറേബ്യയിലെല്ലാം ഈ പ്രതിസന്ധി വളരെയധികം രൂക്ഷമാകാൻ പോകുകയാണ്. ആ പ്രതിസന്ധിയെ നേരിടാൻ നമുക്ക് എന്ത് പദ്ധതിയാണുള്ളത്; ഇത് ഇന്നല്ലെങ്കിൽ നാളെ കേരളം അഭിമുഖീകരിക്കാൻ പോകുന്ന സുപ്രധാനമായ പ്രശ്നമാണ്. നമ്മൾ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് പോലെ ഇതിനെ നേരിടാനുള്ള തയ്യാറെടുപ്പ് നടത്തണം. ഒരു കൃത്യമായ പദ്ധതി ഉണ്ടാക്കണ്ടേ; നിതാഖാത്തിന്റെ പേരിൽ സൗദി അറേബ്യയിൽനിന്നും തിരിച്ചുവന്ന ആയിരക്കണക്കിന് മലയാളി

കുടുംബങ്ങൾക്കുവേണ്ടി പദ്ധതി ഉണ്ടാക്കുമെന്ന് പറഞ്ഞിട്ട് എന്തായി; എത്ര പദ്ധതികളാണ് ഉണ്ടാക്കിയത്; അവരുടെ സംഘടനകൾ പറയുന്ന പ്രകാരം കുറെപേർക്ക് ടാക്സി വാങ്ങാനുള്ള ലോൺ കൊടുത്തു. ബാക്കിയുള്ളവർക്ക് എന്താണ് ചെയ്തത്; എത്രയാളുകൾ നോർക്ക റൂട്ട്സ്-ൽ രജിസ്റ്റർ ചെയ്തു; അവരിൽ എത്രപേർക്ക് ഏതെല്ലാം പദ്ധതികൾ കൊടുത്തു; ഏതെല്ലാം പദ്ധതികൾ നടപ്പാക്കാൻ ഗവൺമെന്റ് സഹായിച്ചു; ബാങ്ക് ലോൺ തരപ്പെടുത്തി. ഒന്നും നടന്നിട്ടില്ല. രജിസ്റ്റർ ചെയ്ത് അവർ ഗവൺമെന്റ് തങ്ങളെ സഹായിക്കും എന്നുപറഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും നടന്നുകുന്നതല്ലാതെ അക്കാര്യത്തിൽ ഇന്നുവരെ ഒരു തീരുമാനമെടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതുപോലെ കൊടിയ ചൂഷണത്തെക്കുറിച്ച് നമ്മൾ എല്ലാം എത്രയോ തവണ പാർലമെന്റിൽ പറഞ്ഞു. ഈ പീക്ക് സീസണിൽ ഗൾഫ് വിമാനയാത്രക്കൂലി കൂട്ടുന്ന കാര്യത്തെക്കുറിച്ച് കേരളത്തിൽനിന്നും പോയ എം.പി.മാർ നിരന്തരം പറഞ്ഞു. പ്രത്യേകിച്ച്, മറ്റ് സ്വകാര്യ വിമാനക്കമ്പനികളെപ്പോലെതന്നെ എയർ ഇന്ത്യയും യാതൊരു ദാക്ഷിണ്യവുമില്ലാത, ഒരു പൊതുമേഖലാ വിമാനക്കമ്പനിയാണെന്ന കാര്യം മറന്നുകൊണ്ട് നഗ്നമായ ചൂഷണം നമ്മുടെ യാത്രക്കാരുടെമേൽ നടത്തുകയാണ്. അതിന് പരിഹാരം കണ്ടിട്ടില്ലല്ലോ; ഈ വർഷവും കഴിഞ്ഞവർഷവും അടുത്ത വർഷവും അങ്ങനെതന്നെ വരാൻ പോകുകയാണ്. നമ്മൾ കൊട്ടിഘോഷിച്ച് തുടങ്ങുമെന്നുപറഞ്ഞ നമ്മുടെതന്നെ വിമാനക്കമ്പനി എവിടെപ്പോയി; അതിന്റെ സ്ഥിതി എന്താണ്; എത്രയോ ആളുകൾ പ്രതീക്ഷയോടെ നോക്കി ഇരുന്നതാണ്. കേരള ഗവൺമെന്റ് സ്വതന്ത്രമായി, സ്വന്തമായി വിമാനക്കമ്പനി തുടങ്ങി ഈ ചൂഷണത്തിന് അറുതിവരുത്തുമെന്ന് വിചാരിച്ചിട്ട് അതൊരു മരീചികയായി തുടരുകയാണ്. അതുപോലെ, ഇത്ര പ്രധാനപ്പെട്ട ഒരു ബിൽ, ഗൾഫ് മലയാളികൾ അഭിമുഖീകരിക്കുന്ന സുപ്രധാന പ്രശ്നങ്ങൾ അഡ്രസ് ചെയ്യുന്നില്ല എന്നുള്ളതാണ് ഈ ബില്ലിന്റെ പരിമിതി. അതായത്, ഈ കമ്മീഷന്റെ ചുമതലയിൽ അവരുടെ സ്വത്തുക്കൾ സംബന്ധിച്ച കാര്യങ്ങളെക്കാൾ വളരെ പ്രധാനമാണ് ഇവർ തിരിച്ചുവരുമ്പോൾ പുനരധിവാസത്തിന് കൊടുക്കേണ്ട പ്രാധാന്യം. ഇനി ഈ ക്രൈസിസ് വലുതായി വരാൻ പോകുകയല്ലേ; വലുതായി വരുമ്പോൾ നമ്മൾ ചെയ്യാൻ പോകുന്നതെന്താണ്; അതുപോലെ ഗൾഫിലും മറ്റും ജയിലിൽ കിടക്കുന്ന മലയാളികളായിട്ടുള്ള ആളുകൾക്ക് എന്തെങ്കിലുമൊരു സഹായം കേന്ദ്രഗവൺമെന്റ് ചെയ്യുന്നുണ്ടോ; നമ്മുടെ എംബസി ചെയ്യുന്നുണ്ടോ; എംബസിയെക്കൊണ്ട് ചെയ്യിപ്പിക്കാൻ നമുക്ക് കഴിയുന്നുണ്ടോ; ഇറ്റലിയിലെ രണ്ട് നാവികരുടെ പേരിൽ എടുത്ത കേസ്സിന്റെ കാര്യത്തിൽ അവരുടെ വിദേശകാര്യ മന്ത്രിയടക്കം നമ്മുടെ നാട്ടിൽ വരികയും കേസ്സ് നടത്താനും ഇന്ത്യാഗവൺമെന്റുമായും കേരള ഗവൺമെന്റുമായി നെഗോഷ്യേറ്റ് ചെയ്യാനുമെല്ലാം അവർ എടുത്ത താൽപ്പര്യം എത്രയാണ്; ഗൾഫിലെ ജയിലിൽ കിടക്കുന്ന മലയാളികൾ എത്രയാണെന്ന്

നമുക്ക് കണക്കുണ്ടോ; അവരുടെ സ്ഥിതിയെന്താണെന്ന് നമുക്ക് അറിയാമോ; അവരെ മോചിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടി നമ്മൾ ചെയ്യുന്നുണ്ടോ; അതിന് എന്തെങ്കിലും ഇനിഷ്യേറ്റീവ് കേരള ഗവൺമെന്റിന് എടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; യഥാർത്ഥത്തിൽ ഇറ്റാലിയൻ ഗവൺമെന്റ് അവരുടെ സാധാരണക്കാരായ രണ്ട് പൗരൻമാരുടെ കാര്യത്തിൽ എടുത്ത ശുഷ്കാന്തിയും അവർ എടുത്ത സമീപനവും നമ്മൾ കണ്ടുപഠിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യങ്ങളെല്ലാം നമ്മൾ ഗൗരവമായി കണക്കിലെടുക്കണം. അങ്ങനെ കണക്കിലെടുത്ത് അത് പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിയാൽ മാത്രമേ പ്രവാസി മലയാളികളുടെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലേക്ക് നമ്മൾ അഡ്രസ് ചെയ്തുവെന്ന് വരികയുള്ളൂ. അതിനുള്ള ഒരു കാര്യവും ഈ ബില്ലിൽ ഇല്ല. ഇത് വളരെ peripheral ആയിട്ടുള്ള ഒരു ബില്ലാണ്. ഇതാണോ ഗൾഫ് മലയാളികൾ ആകാംക്ഷയോടെ കാത്തിരിക്കുന്നുവെന്ന് പറയുന്ന ബിൽ; അവർ ദീർഘകാലമായി നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഒരു ചെറിയ ഒരു ചുവടുവയ്പ് എങ്കിലും കേരള ഗവൺമെന്റ് നടത്തുമെന്നല്ലേ അവർ വിചാരിക്കുന്നത്. അതൊന്നും ഈ ബില്ലിൽ ഇല്ല. അതാണ് എനിക്ക് ഈ ബില്ലിനെക്കുറിച്ച് പറയാനുള്ളത്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, പ്രവാസി മലയാളികളുടെ ജീവിതത്തിൽ കാര്യമായ മാറ്റം വരുത്തണമെന്ന സദുദ്ദേശ്യത്തിന്റെ പേരിലാണ് ഇപ്രകാരം ഒരു നിയമം സഭയിൽ അവതരിപ്പിച്ചത്. തീർച്ചയായും അഭിനന്ദനാർഹമായ ഒരു തുടക്കമാണ്. പക്ഷെ ഇവിടെ പറഞ്ഞതുപോലെ, ഈ നിയമം പാസ്സാക്കിയതുകൊണ്ട് അടിയന്തരമായി പ്രവാസികൾക്ക് എന്ത് പ്രയോജനമാണ് ഉണ്ടാകാൻ പോകുന്നത്? പ്രവാസികളുടെ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. ഒന്നാമതായി, എനിക്കുമുമ്പ് സംസാരിച്ച ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ, അവിടെ പിടിച്ചുനിൽക്കാൻ കഴിയാതെ എല്ലാം നഷ്ടപ്പെട്ട് തിരിച്ചുവരാൻ പോകുന്ന ഈ വിഭാഗം ആളുകളെ പുനരധിവസിപ്പിക്കാനുള്ള സമഗ്രമായ പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി., ബാങ്കുകൾ എന്നിവരുടെ ഒരു കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ഇവർക്ക് ആവശ്യമായ വായ്പകളും സാമ്പത്തിക സഹായങ്ങളും കൊടുക്കാനുള്ള സംവിധാനം ഒരുക്കുന്ന കാര്യം ഈ കമ്മീഷന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. രണ്ടാമതായി, പ്രവാസികൾ നേരിടുന്ന വളരെ ഗുരുതരമായ ചൂഷണം വിമാനക്കൂലിയാണ്. സീസൺ അനുസരിച്ച് ഇഷ്ടംപോലെ പാവപ്പെട്ട ആളുകളിൽനിന്നും പിടിച്ചുപറിയാണ് നടത്തുന്നത്. അതിനൊരു നിയന്ത്രണം ഉണ്ടാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ ഇടപെടാൻ ഈ കമ്മീഷന് എന്തെങ്കിലും അധികാരമോ ഏതെങ്കിലും സമീപനമോ ഉണ്ടാകണം. പ്രവാസികളെ സഹായിക്കാനായി

ഒഡെപെക് എന്ന ഒരു സ്ഥാപനം നമുക്കിവിടെയുണ്ട്. പക്ഷെ അവർ എയർ ടിക്കറ്റിന്റെ കമ്മീഷൻ വാങ്ങുക മാത്രമാണ് ചെയ്യുന്നത്. അവർ വേറെ ഒന്നും ചെയ്യുന്നില്ല. അവർവഴി പോയ ആളുകളുടെ കാര്യങ്ങൾ കുഴപ്പത്തിലായിട്ടുണ്ട്. പതിനായിരത്തോളം നഴ്സമാർ ശമ്പളമില്ലാതെ തിരിച്ചുവരാൻ കഴിയാതെ വിവിധ വിദേശരാജ്യങ്ങളിൽ കിടക്കുകയാണ്. ഇതൊരു വലിയ പ്രശ്നമാണ്. അവിടെ മരണപ്പെട്ടാൽ ഇപ്പോൾ ചില ഇടപെടലുകളൊക്കെയുണ്ട്. ഞാനും ചിലപ്പോൾ ഇടപെടാറുണ്ട്. ഒരാഴ്ചയോ രണ്ടാഴ്ചയോ കഴിഞ്ഞാലും മൃതദേഹം കൊണ്ടുവാൻ കഴിയുന്നില്ല. മരണം സംഭവിച്ചാൽ അതിന്റെ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് അതിൽ ഇടപെടാൻ ഈ കമ്മീഷനിലെ, ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ ഇവരെ സഹായിക്കുന്നതിനുവേണ്ടി സ്ഥിരമായി ഈ രാജ്യങ്ങളിൽ ഉണ്ടാകണം. ഇപ്പോഴുള്ളതെല്ലാം ഏജൻസികളാണ്. പ്രത്യേകിച്ച് ഏറ്റവും കൂടുതൽ ആളുകളുള്ള ഗൾഫ് രാജ്യങ്ങളിൽ. ഏറ്റവും താഴ്ന്ന വരുമാനമുള്ളവരാണ് അവിടെ കഴിയുന്നത്. അതിൽ 40 ശതമാനവും വീട്ടുജോലിക്കാരാണ്. ഈ രംഗത്ത് നടക്കുന്ന ഏറ്റവും വലിയ തട്ടിപ്പ് വിസ തട്ടിപ്പാണ്. ജോലി വാങ്ങിക്കൊടുക്കാമെന്നുപറഞ്ഞ് ആളുകളെ കടത്തിക്കൊണ്ടുപോകുകയും പിന്നീട് അത് ഒരുപാട് കേസുകളിലേയ്ക്ക് പോകുകയും ചെയ്തതായി കേരളത്തിൽ നിരവധി കേസുകളുണ്ട്. മനുഷ്യക്കടത്ത് ഇതുമായി ബന്ധപ്പെട്ടതാണ്. വിദേശത്ത് ജോലി കൊടുക്കാമെന്നുപറഞ്ഞ് പെൺകുട്ടികളെയും ചെറിയ കുട്ടികളെയും ഇവിടെനിന്നും കടത്തിക്കൊണ്ടുപോകുന്നത് ഈ അടുത്തകാലത്ത് വളരെ വിവാദങ്ങളായതാണ്. നമ്മുടെ പല എയർപോർട്ടിലെയും എമിഗ്രേഷൻ ഉദ്യോഗസ്ഥന്മാരിൽ പലരും അതിൽ ഇൻവോൾവ് ആകുന്നതുമാണ്. ആ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിക്കണം. ഉടൻതന്നെ എയർകേരള കൊണ്ടുവരുമെന്ന് ഈ ഗവൺമെന്റിന്റെ കാലത്ത് പറഞ്ഞതാണ്. എയർകേരള കൊണ്ടുവന്ന് ഗൾഫ് മലയാളികളെയെല്ലാം ആ വിമാനത്തിൽ വളരെ ചീപ്പ് റേറ്റിൽ അയയ്ക്കുമെന്ന് പറഞ്ഞിട്ട് എത്ര വർഷമായി? ഈ കമ്മീഷൻ രൂപീകരിച്ചാലെങ്കിലും എയർകേരള വരുമോ; അതുകൊണ്ട് വളരെ പ്രധാനപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ കമ്മീഷനെക്കൊണ്ട് പ്രവർത്തിപ്പിക്കാൻ കഴിയണം. കമ്മീഷന്റെ വേറൊരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ബില്ലിൽ നാലാമതായി പറയുന്നത്, കമ്മീഷന്റെ രൂപീകരണം - സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ കമ്മീഷന്റെ സെക്രട്ടറി ആയിരിക്കുന്നതും കമ്മീഷൻ അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുത്ത അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്. ഇതാണ് പറഞ്ഞിരിക്കുന്നത്. സബ്ജക്ട്

കമ്മിറ്റി കഴിഞ്ഞുവന്നപ്പോൾ അത് മാറി. കമ്മീഷൻ സെക്രട്ടറി സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനോ തത്തുല്യ പദവിയിൽ കുറയാത്ത പദവിയിൽനിന്ന് വിരമിച്ച അഖിലേന്ത്യാ സർവ്വീസിൽനിന്നുള്ള ഉദ്യോഗസ്ഥനോ ആയിരിക്കുന്നതുമായിരിക്കും. ആരെയെങ്കിലും കണ്ടുവച്ചിട്ടാണോ പിന്നീട് അത് മാറ്റിയത്. അതുകൊണ്ട് ഇത് ശരിയല്ല. സർവ്വീസിൽനിന്നും വിരമിച്ച ഒരാളെ ഇതുപോലുള്ള കമ്മീഷന്റെ സെക്രട്ടറി ആക്കിയാൽ എന്തായിരിക്കും ഈ കമ്മീഷന്റെ സ്ഥിതി; കമ്മീഷൻ സെക്രട്ടറിക്കാണ് എക്സിക്യൂട്ടീവ് പവറെല്ലാം വരുന്നത്. കമ്മീഷന്റെ എക്സിക്യൂട്ടീവ് പവറുള്ള സെക്രട്ടറിയെ യഥാർത്ഥത്തിൽ നിങ്ങൾ ആദ്യം പറയുന്ന, ബില്ലിലുള്ള സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത പവറുള്ള ഒരു ഉദ്യോഗസ്ഥൻ കമ്മീഷന്റെ സെക്രട്ടറി ആയിരിക്കണം എന്നതാണ് കുറച്ചുകൂടി ഫലപ്രദം. ഇതിൽ വന്നിരിക്കുന്ന വീഴ്ച എങ്ങനെ വന്നുവെന്നത്, ഞങ്ങളാണ് പറഞ്ഞതെന്ന് പറഞ്ഞുകളയരുത്. ഞങ്ങൾ പറഞ്ഞിട്ടില്ല. റിട്ടയർ ചെയ്ത ആൾക്കാരെ പുന:സ്ഥാപിക്കാനുള്ള ഏർപ്പാടായി കമ്മീഷൻ സെക്രട്ടറി സ്ഥാനത്തെ തരംതാഴ്ത്തരുതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇത് അവസാനിപ്പിക്കുകയാണ്. എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്:</u> സർ, കേരളത്തിൽ ഏറ്റവുമധികം പ്രവാസികളുള്ള പ്രദേശം എന്റെ മണ്ഡലമായ തിരുവല്ലയാണ്. ലോകത്തിന്റെ ഏത് ഭാഗത്ത് ചെന്നാലും മലയാളികൾ ഉണ്ടാകും. കുറച്ചുകൂടി പച്ചയായി പറഞ്ഞാൽ, ഒരു തിരുവല്ലക്കാരൻ ഉണ്ടാകും. ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച്, പ്രവാസി സംഘടനകൾ തരുന്ന കണക്കനുസരിച്ച്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി 22 ലക്ഷം പ്രവാസി മലയാളികൾ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രതിവർഷം ഒരു ലക്ഷം കോടി രൂപയിലധികം അവരുടെ സമ്പാദ്യം നമ്മുടെ നാട്ടിലെത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സമ്പദ്ഘടനയെ ഇന്ന് നിലനിർത്തുന്ന പ്രധാന ഘടകങ്ങളിലൊന്ന് പ്രവാസികളുടെ അദ്ധ്വാനത്തിലൂടെ, അവരുടെ വിയർപ്പിലൂടെ നമ്മുടെ നാട്ടിൽ എത്തിച്ചേരുന്ന വിദേശ പണമാണ്. ഈ പ്രശ്നങ്ങളൊക്കെ പറയുമ്പോൾത്തന്നെ, നമ്മുടെ നാടിനെ നിലനിർത്തുകയും നമ്മുടെ സമ്പദ്ഘടനയെ പരിപോഷിപ്പിക്കുകയും ചെയ്യുന്ന പ്രധാന സ്രോതസ്സായി പ്രവാസികളുടെ വരുമാനം നിലനിൽക്കുമ്പോൾത്തന്നെ അവരുടെ പ്രശ്നങ്ങളെ വേണ്ടത്ര രീതിയിൽ അഡ്രസ്സ് ചെയ്യാൻ നമ്മുടെ സംസ്ഥാനത്തിനോ ഭരണകൂടത്തിനോ നമുക്കോ കഴിയുന്നുണ്ടോയെന്നത് വളരെ വലിയ വിഷയമാണ്. ഒരു കമ്മീഷൻ രൂപീകരണം ചെറിയ കാര്യമായി ഞാൻ പറയുന്നില്ല. പക്ഷേ ഈ സഭയിൽത്തന്നെ നിരവധി കമ്മീഷനുകൾ രൂപീകരിച്ചു. ഈ

കമ്മീഷനുകളുടെയൊക്കെ ആത്യന്തികമായ സ്വഭാവം എന്താണ്; ചില നിർദ്ദേശങ്ങൾ ഗവൺമെന്റിൽ സമർപ്പിക്കുകയെന്ന പരിമിതമായ ചുമതലകൾ മാത്രമാണ് കമ്മീഷനുകൾക്ക് കൊടുക്കുക. പ്രവാസികൾ നമ്മുടെ നാടിനെയും സമ്പദ്ഘടനയെയും പരിപോഷിപ്പിക്കുന്നവിധത്തിൽ പ്രവർത്തിക്കുമ്പോൾ പല രൂപത്തിലുള്ള ചൂഷണങ്ങൾക്ക് അവർ വിധേയരായിക്കൊണ്ടിരിക്കുകയാണ്. ആ ചൂഷണം നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ ന്യായമായി അവർക്ക് കിട്ടേണ്ട പല ആനുകൂല്യങ്ങളും കിട്ടുന്നില്ല. നാട്ടിൽ പുതിയതായി ഒരു സ്കൂളോ കോളേജോ തുടങ്ങണമെന്നുവിചാരിച്ചാൽ അതിന്റെ ബന്ധപ്പെട്ട മാനേജ്മെന്റ് ആദ്യം പിരിവെടുക്കുന്നത് പ്രവാസികളിൽനിന്നാണ്. ആ പ്രവാസിയുടെ ഒരു മകന് ആ കോളേജിൽ അഡ്മിഷൻ കിട്ടണമെങ്കിൽ തർക്കമാണ്. തങ്ങളുടെ സംഭാവനകൾകൊണ്ട് ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളടക്കമുള്ള സംരംഭങ്ങളിലേയ്ക്ക് പ്രവേശനത്തിനായോ അല്ലെങ്കിൽ ജോലിക്കുവേണ്ടിയോ സമീപിക്കുന്ന പ്രവാസികൾക്ക് തികച്ചും നിഷേധാത്മകമായൊരു നിലപാടാണ് നേരിടേണ്ടി വരുന്നതെന്നുള്ളത് വലിയൊരു പ്രശ്നമായി അവർ ചൂണ്ടിക്കാട്ടുന്നു.

പ്രവാസികൾ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. അവിടെ ജോലി കിട്ടിയവർക്ക് മാത്രമല്ല, റിക്രൂട്ട്മെന്റിലൂടെതന്നെ ചൂഷണം ആരംഭിക്കുകയാണ്. റിക്രൂട്ട്മെന്റ് ഏജൻസികളെ നിയന്ത്രിക്കുന്നതിനുള്ള സ്വാഗതാർഹമായ നിബന്ധനകൾ ഇതിലുണ്ട്. റിക്രൂട്ട്മെന്റ് സമയത്ത് വാഗ്ദാനം ചെയ്യപ്പെടുന്ന ജോലികളല്ല അവർക്ക് അവിടെ ചെല്ലുമ്പോൾ കിട്ടുന്നത്. തന്നെ കൊണ്ടുവന്നത് ഈ ജോലിക്കല്ലെന്നും അതുകൊണ്ട് തിരിച്ചുപോകുകയാണെന്നും പറഞ്ഞാൽ പാസ്പോർട്ട് കൊടുക്കാതെ പിടിച്ചുവയ്ക്കുകയും ചെയ്യും. അങ്ങനെ നിരവധിയാളുകൾ വിസ കാലാവധി കഴിഞ്ഞതിനുശേഷം പാസ്പോർട്ട് കൈവശമില്ലാത്തതിന്റെ പേരിൽ തിരിച്ചുവരാനുള്ള ടിക്കറ്റ് എടുക്കാൻ കഴിയാതെ അവിടെ കുടുങ്ങിക്കിടക്കുന്നുണ്ട്. അവരവിടെ അനധികൃതമായി താമസിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തെ അഡ്രസ് ചെയ്യേണ്ടതുണ്ട്. വിദേശത്തുള്ള ലേബർ ക്യാമ്പുകൾ സന്ദർശിക്കുമ്പോൾ അതികഠിനമായ സാഹചര്യങ്ങളിലാണ് പല ആളുകളും അവിടെ ജോലിചെയ്തു കൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. വിദേശത്തെ ജോലികളുടെ, പ്രത്യേകിച്ച് ഗൾഫ് നാടുകളിലെ ജോലികളുടെ പ്രധാന ആകർഷണമായി മാറിയത് ഗൾഫ് രാജ്യങ്ങളിൽനിന്ന് ലഭിക്കുന്ന എണ്ണയാണ്. ക്രൂഡോയിലിന്റെ വില അന്താരാഷ്ട്ര വിപണിയിൽ തകർന്നുകൊണ്ടിരിക്കുമ്പോൾ ഗൾഫ് മേഖലയുടെ സമ്പദ്ഘടന തകരുമെന്ന ആശങ്കയിലാണ് ആ സമൂഹം നിൽക്കുന്നത്. ഇന്നവർക്ക് ജോലി സ്ഥിരതയില്ല. ഏതുസമയവും വിദേശ രാജ്യങ്ങളിൽനിന്ന് തിരിച്ചയയ്ക്കപ്പെടുമോ

എന്ന ആശങ്കയിലാണ് പല കുടുംബങ്ങളും അവിടെ കഴിഞ്ഞുകൊണ്ടിരിക്കുന്നത്. ക്രൂഡോയിലിന്റെ വിലയിടിവ് സമീപകാല പ്രതിഭാസമാണെങ്കിലും വളരെ മുൻപുതന്നെ അതിന്റെ പ്രശ്നങ്ങൾ തുടങ്ങിയിരുന്നു. ഇറാഖ് കുവൈറ്റിനെ കീഴ്പ്പെടുത്തുകയും അവിടെ അമേരിക്ക യുദ്ധം ആരംഭിക്കുകയും ചെയ്തത് 1990-ലാണ്. അന്ന് നമ്മുടെ ഒന്നേമുക്കാൽ ലക്ഷത്തോളം ആളുകളെ കുവൈറ്റിൽനിന്ന് ഇവാക്വേറ്റ് ചെയ്തു. അന്നത്തെ വിദേശകാര്യ വകുപ്പുമന്ത്രിയായിരുന്ന ഐ.കെ. ഗുജറാളും പ്രധാനമന്ത്രിയായിരുന്ന വി. പി. സിംഗും സംസ്ഥാന ഗവൺമെന്റുമെല്ലാം അക്കാര്യത്തിൽ വളരെ സഹകരിച്ചിരുന്നതാണ്. അന്നത്തെ ഇവാക്വേഷൻ വളരെ ശ്രമകരമായിരുന്നു. ആ സംഭവത്തിനുശേഷം ഈ മേഖല തകർന്നടിയുമെന്ന് ആശങ്കപ്പെട്ടു. പക്ഷേ പിന്നീടവിടെവന്ന നിർമ്മാണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ജോലിസാധ്യതകൾ ആ കാലഘട്ടത്തിൽ ഉണ്ടായി.

മറ്റ് രാജ്യങ്ങളിലെ വിഷയങ്ങളിലേയ്ക്ക് ഇപ്പോൾ പോകുന്നില്ല. ഗൾഫ് മേഖലയിലെ ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ക്രൂഡോയിലിന്റെ വിലത്തകർച്ചയാണ്. ക്രൂഡോയിലിന്റെ വിലത്തകർച്ചകാരണം ജോലിസാധ്യതകൾ മങ്ങി നാട്ടിലേയ്ക്ക് തിരികെ പോരാൻ നിർബന്ധിക്കപ്പെടുന്ന ആളുകളുടെ പുനരധിവാസത്തിന് ഇവിടെ യാതൊരു സാധ്യതയുമില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ റബ്ബറിന്റെ വിലയിടിവും കാർഷിക മേഖലയിലുണ്ടായ പ്രശ്നങ്ങളും കാരണം ഇവിടെവന്ന് ഒരു തൊഴിലും ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇത്തരത്തിലുള്ള വലിയൊരു ആശങ്ക പ്രവാസി സമൂഹത്തിനുണ്ട്. അതിനെ എളുപ്പത്തിൽ അഡ്രസ് ചെയ്യാൻ സാധ്യമല്ല. മറ്റുവഴികളിലേയ്ക്ക് എളുപ്പത്തിൽ പോകാനും കഴിയുന്നില്ല. ഇത് ഗൾഫ് മേഖലയിലെ പ്രശ്നമാണെങ്കിൽ, പാരീസ്, ലണ്ടൻ, അമേരിക്കൻ അടക്കമുള്ള രാജ്യങ്ങളിലേയ്ക്ക് എത്തപ്പെടുന്ന ആളുകളിൽ പലരും അവിടെ സിറ്റിസൺഷിപ്പ് എടുക്കുകയാണ്. ഇക്കാര്യത്തെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തിരുന്നതാണ്. ഡ്യുവൽ സിറ്റിസൺഷിപ്പിന്റെ പ്രശ്നത്തിൽ അവരെക്കൂടി എങ്ങനെ നമുക്ക് കവർ ചെയ്യാൻ സാധിക്കും; അമേരിക്ക അടക്കമുള്ള യൂറോപ്യൻ രാജ്യങ്ങളിൽ സെറ്റിൽ ചെയ്തിരിക്കുന്ന പ്രവാസികൾക്കാണ് ഗൾഫ് മേഖലയിലുള്ള മലയാളികളേക്കാൾ നാട്ടിലെ സ്വത്തുക്കളെ സംബന്ധിച്ച് കൂടുതൽ പ്രശ്നങ്ങളുണ്ടാകുന്നത്. അവർക്ക് നാട്ടിലെ സ്വത്തിനെ സംബന്ധിച്ച് യാതൊരു സുരക്ഷയുമില്ല. അവരിവിടെ വരുന്നില്ല. ഒരു പിതാവിന്റെ സ്വത്തിൽ അവർക്ക് ന്യായമായി കിട്ടേണ്ടുന്ന ഓഹരിയെ സംബന്ധിച്ച് മറ്റ് ആളുകൾ കൈകാര്യം ചെയ്യും. കാരണങ്ങളൊന്നുമില്ലെങ്കിൽപ്പോലും ഒരു തരത്തിലും അവർക്ക് സ്വായത്തമാക്കാൻ കഴിയാത്തൊരു അവസ്ഥ. അതിനെ വേണ്ടരീതിയിൽ ഈ ബില്ലിലൂടെ അഡ്രസ് ചെയ്യാൻ ചില സാങ്കേതിക, നിയമപരമായ പ്രശ്നങ്ങളുണ്ട്, ഇല്ലായെന്ന് പറയുന്നില്ല. അതിന് നമുക്കൊന്നും ചെയ്യാൻ കഴിയുന്നില്ല.

ചില പ്രശ്നങ്ങൾ ഇവിടെ പറഞ്ഞു. അവിടെവച്ച് മരണപ്പെടുന്ന ആളുകളുടെ

ശവശരീരം കൊണ്ടുവരാനുണ്ടാകുന്ന കാലതാമസം. ഇത്തരം നിരവധി കേസുകൾ ഞങ്ങളുടെ നാട്ടിൽനിന്ന് ഉണ്ടാകുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഘട്ടത്തിലൊക്കെ കഴിയാവുന്നിടത്തോളം നല്ല രീതിയിൽ അദ്ദേഹം ഇടപെട്ടിട്ടുണ്ട്. എനിക്ക് അക്കാര്യത്തിൽ നന്ദിയുണ്ട്. എങ്കിലും, സൗദി അറേബ്യ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ബോഡി എത്തണമെങ്കിൽ ചിലപ്പോൾ 45-50 ദിവസം കഴിയുകയാണ്. അവരവരുടെ മതാചാരപ്രകാരം ഇവിടെ സംസ്കാരം നടത്തണമെങ്കിൽ രണ്ട് മാസത്തോളം വീട്ടുകാർ കാത്തിരിക്കുന്ന ഒരവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു എന്നതൊരു പ്രശ്നമാണ്. മൊത്തത്തിലുള്ള ഈ പ്രശ്നങ്ങളെ നമുക്ക് ഏതാനും നിമിഷങ്ങൾകൊണ്ട് കൈകാര്യം ചെയ്യാൻ കഴിയില്ല. തൊഴിൽ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി കാരണം മടങ്ങിവരുന്ന ആളുകളുടെ പുനരധിവാസം, പ്രവാസികളായ മലയാളികളുടെ സ്വത്തിനും ഇൻവെസ്റ്റ്മെന്റിനും നാട്ടിൽ എങ്ങനെ സംരക്ഷണം കൊടുക്കാൻ കഴിയും തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ ആവശ്യമാണ്. അത്തരത്തിലുള്ള പഠനങ്ങൾക്കും നടപടികൾക്കും നമ്മുടെ ഭരണകൂടത്തെ പ്രേരിപ്പിക്കുന്ന ഒരു ചുവടുവയ്പ്പാകട്ടെ ഈ നിയമനിർമ്മാണം എന്നുമാത്രം ഞാനാശിക്കുന്നു. ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിക്കുന്നു. നമ്മുടെ പ്രവാസികളായ ആളുകൾക്കുവേണ്ടി കേരള നിയമസഭയും കേരളത്തിലെ ഗവൺമെന്റും ചെയ്യുന്ന ഏറ്റവും വലിയ പ്രവൃത്തികളിലൊന്നാണ് ഈ ബിൽ. നേരത്തെ ഇവിടെ സംസാരിച്ചവരെല്ലാം പറഞ്ഞതുപോലെ ഏകദേശം 22 ലക്ഷത്തോളം പേരാണ് പ്രവാസികളായി ഗൾഫ് രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും ഉൾപ്പെടെ കേരളത്തിൽനിന്നും പുറത്തുപോയിട്ടുള്ളത്. ശ്രീ. മാത്യു ടി. തോമസ്, എം.എൽ.എ. പറഞ്ഞതിൽ കുറച്ച് സംഖ്യ കുറവാണ്. 1,45,000 കോടി രൂപയോളം പ്രതിവർഷം കേരളത്തിലേയ്ക്ക് വരുന്നുണ്ടെന്നാണ് ബാങ്കുകളിൽനിന്നുള്ള ഇപ്പോഴത്തെ കണക്ക്. രൂപയുടെ മൂല്യത്തിൽ വരുന്ന വ്യത്യാസമനുസരിച്ച് അത് വീണ്ടും കൂടിക്കാണും. 1950-കളിലെ കേരളം, ഇപ്പോൾ 2015-ൽ എത്തുന്ന കേരളം, ഈ കാലയളവിലുള്ള വ്യത്യാസം. കഴിഞ്ഞ 5 പതിറ്റാണ്ടായി കേരളത്തിലെ സാമ്പത്തിക രംഗത്തായാലും സാമൂഹ്യ രംഗത്തായാലും വികസന രംഗത്തായാലും ഉണ്ടായ വ്യത്യാസത്തിൽ, ഈ വളർച്ചയിൽ ഏറ്റവും വലിയ പങ്ക് വഹിച്ചിട്ടുള്ളത് നമ്മുടെ പ്രവാസികളായ ആളുകളാണ്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ നമുക്കവരോട് പൂർണ്ണമായും

നീതി കാണിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് പച്ചയായ സത്യം. 75 ശതമാനം പേരും പോയതുപോലെ തിരിച്ചുവരുന്ന ആളുകളാണ്. ഞാൻ വരുന്ന പ്രദേശത്ത് ഒരു വീട്ടിൽ ഒരാളെങ്കിലും വിദേശത്തുണ്ട്. കർഷകത്തൊഴിലാളികൾ, പഴയകാലത്തെ ചുമട്ടുതൊഴിലാളികൾ, ചെത്തുതൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി എല്ലാ വിഭാഗത്തിൽനിന്നുമുള്ള ആളുകൾ വിദേശത്ത് പോയിട്ടുണ്ട്. പണ്ട് അറുപതുകളിൽ ചേറ്റുവയിൽനിന്നും കടൽമാർഗ്ഗം ലോഞ്ചിയിൽ ആദ്യമായി ബോംബെ വഴി ഗൾഫിലേയ്ക്ക് പോയ ആളുകളുള്ള നാടാണ് ചാവക്കാട്, തൃശ്ശൂർ, ചേറ്റുവ പ്രദേശങ്ങൾ. 'പത്തേമാരി' എന്ന സിനിമ ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു കണ്ടിട്ടുണ്ടെന്ന് ഉറപ്പാണ്. അവിടെപ്പോയി മടങ്ങിവന്നവരിൽ 75 ശതമാനം പേരും വളരെയേറെ ദയനീയമായ സാഹചര്യത്തിലാണുള്ളത്. 10 ശതമാനം ആളുകളാണ് അതിൽ അൽപ്പം ഭേദപ്പെട്ട ജീവിത സാഹചര്യമുള്ളവർ. മെഴുകുതിരി കത്തിയെരിയുന്നതുപോലെയാണ് മരുഭൂമിയിലെ പ്രവാസികളുടെ ജീവിതം. മാതാപിതാക്കളെ സംരക്ഷിച്ചവർ, സ്വന്തം സഹോദരിമാരെ വിവാഹം കഴിപ്പിച്ചയച്ചവർ, സ്വന്തം സഹോദരൻമാരെ പഠിപ്പിക്കാൻ സഹായിച്ചവർ. പത്തോ ഇരുപതോ വർഷക്കാലത്തെ പ്രവാസി ജീവിതത്തിനുശേഷം തിരിച്ചുവരുമ്പോൾ പ്രഷറും ഷുഗറും കൊളസ്ട്രോളുമൊക്കെയുള്ള രോഗികളായി കണ്ടാൽ തിരിച്ചറിയാത്ത രീതിയിലാവുകയാണ് മഹാഭൂരിപക്ഷവും. നമ്മൾ അവർക്കുവേണ്ടി എന്തു ചെയ്തു എന്നു ചോദിച്ചാൽ, കേരളത്തിന് പലപ്പോഴും ഉത്തരം പറയാൻ പറ്റാത്ത സ്ഥിതിയായിരുന്നു. നോർക്ക ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കി, ആ ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കിയതിനുശേഷമാണ് എന്തെങ്കിലും ചില ഇടപെടലുകളൊക്കെ ഉണ്ടായത്. ഇപ്പോൾ ഇത്തരത്തിലുള്ള ഒരു കമ്മീഷൻ പഞ്ചാബിൽ രൂപീകരിക്കുകയുണ്ടായി. ഞാൻ ബഹുമാനപ്പെട്ട കെ.സി. ജോസഫ് മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. അദ്ദേഹമാണ് ഇതിന് പ്രത്യേകമായ താൽപ്പര്യമെടുത്തത്. അദ്ദേഹത്തിന് കുടുംബപരമായും വ്യക്തിപരമായും ഗൾഫു രാജ്യങ്ങളുമായും, അദ്ദേഹം വിദ്യാർത്ഥി, യുവജനരംഗത്ത് തുടങ്ങിയ കാലം മുതൽ ബന്ധമുള്ള നിരവധിപേർ വിദേശത്തുണ്ട്. അവരുമായുള്ള ബന്ധം അവരുടെ ദു:ഖങ്ങളും ദുരിതങ്ങളും ബോധ്യപ്പെട്ടതുകൊണ്ടാണ് അദ്ദേഹം ഈ കാര്യത്തിന് പ്രത്യേകം താൽപ്പര്യമെടുത്തത്. നേരത്തേ ഇവിടെ ശ്രീ. മാത്യു ടി. തോമസ് ചൂണ്ടിക്കാണിച്ചതുപോലെ നാട്ടിലുള്ള എന്തിനും ഇവരുണ്ട്. പള്ളി പണിയുമ്പോൾ, അമ്പലം പണിയുമ്പോൾ, ഒരു സ്കൂൾ പണിയുമ്പോൾ, ഒരു വായനശാല പണിയുമ്പോൾ നാട്ടിൽ അങ്ങനെയുണ്ടാകുന്ന ഏത് പൊതുകാര്യത്തിനും ഇവരുടെ ചെറുതും വലുതുമായ പങ്കുണ്ട്. നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, എല്ലാ രാഷ്ട്രീയ പാർട്ടികളും, ചാനലുകൾപോലും രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയ സംസ്ഥാനമാണ് കേരളം. ചാനലുകളിൽ വലിയ ലക്ഷങ്ങളും കോടികളും കൊടുത്ത ആളുകൾ ഉണ്ടാകും. ചെറിയ പണം കൊടുത്ത ഗൾഫ് മലയാളികൾ ഉൾപ്പെടെയുണ്ട്.

കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ, പ്രത്യേകിച്ചും കമ്യൂണിസ്റ്റ് പാർട്ടിയും കോൺഗ്രസ്സ് പാർട്ടിയും മുസ്ലീം ലീഗും ഉൾപ്പെടെയുള്ള മുഖ്യ പാർട്ടികളുടേയും എല്ലാവരുടേയും വ്യക്തിപരമായും സാമ്പത്തികപരമായും പ്രധാന ശക്തിസ്രോതസ്സ് ഏതെന്നുചോദിച്ചാൽ ഗൾഫിലുള്ളവരാണ്. അവരുടെ ആതിഥേയത്വം സ്വീകരിക്കാത്തവരാരും ഉണ്ടാകില്ല. അവിടെ സമ്മേളനങ്ങളിൽ പങ്കെടുക്കാത്തവർ ആരുമുണ്ടാകില്ല. നമ്മൾ അവിടെപ്പോയി അവരുടെ സമ്മേളനങ്ങളിൽ പങ്കെടുക്കും, അവരുമായി സംസാരിക്കും, അതെല്ലാം കഴിഞ്ഞ് തിരിച്ചുപോരും എന്നല്ലാതെ ക്രിയാത്മകമായ ഒരു ഇടപെടൽ ഇതുവരെ അവർക്കുവേണ്ടി ഉണ്ടായിട്ടില്ല. അവരുടെ വീടുകളിൽ ഉള്ള അതിർത്തിപ്രശ്നം, അവരുടെ റേഷൻ കാർഡ്, അവർക്ക് നികുതി അടയ്ക്കുവാൻ വേണ്ടിവരുന്ന ബുദ്ധിമുട്ട്. ഒരു വില്ലേജ് ഓഫീസിലോ, താലൂക്ക് ഓഫീസിലോ പോയാൽ അല്ലെങ്കിൽ കളക്ടറേറ്റിൽ പോയാൽ അവരുടെ സ്ത്രീകളും കുട്ടികളുമായ കുടുംബത്തിന് ഒരു പരിഗണനയും കിട്ടുകയില്ല, ഒരു മുൻഗണനയും ലഭിക്കാറുമില്ല. നമ്മൾ അവരുടെ പണംകൊണ്ടാണ് എല്ലാ സൗധങ്ങളും സൗകര്യങ്ങളും കെട്ടിപ്പടുത്തത്. അങ്ങനെയുള്ള അവർക്ക് പോലീസ് സ്റ്റേഷനിൽ പോയാൽ പഞ്ചായത്ത് മെമ്പറോ, രാഷ്ട്രീയക്കാരോ അവരുടെ കൂടെ പോലീസ് സ്റ്റേഷനിൽ പോകും. ഇവർക്കുവേണ്ടി പോകാൻ ആരും ഉണ്ടാകാറില്ല. അവരുടെ സൗകര്യങ്ങളും ആവശ്യങ്ങളുമെല്ലാം നമുക്ക് വേണം. എന്നും പരിദേവനങ്ങൾ മാത്രമായി നിൽക്കുന്ന അവരെ സംരക്ഷിക്കുവാൻ വേണ്ടി, അവരുടെ ദു:ഖങ്ങളും ദുരിതങ്ങളും ആവശ്യങ്ങളും വികാരങ്ങളും പറയുക എന്നുള്ളതാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മാത്യു ടി. തോമസിനെ ഒന്നുകൂടി സപ്പോർട്ട് ചെയ്യുകയാണ്. അങ്ങുൾപ്പെടെ അറിയാം, നമ്മുടെ നാട്ടിൽ പണിതിട്ടുള്ള പല വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും എല്ലാത്തിന്റേയും പ്രധാന സ്രോതസ്സ് അവരാണ്. എത്രയോ എഞ്ചിനീയറിംഗ് കോളേജുകൾ വന്നു, എത്രയോ മെഡിക്കൽ കോളേജുകൾ വന്നു. സ്വാശ്രയമേഖലയിൽ വന്ന മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളും പ്രൊഫഷണൽ കോളേജുകളുടേയുമെല്ലാം പ്രധാന കെട്ടിടം ഉണ്ടാക്കിയതും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയതുമെല്ലാം പ്രവാസികളുടെ പണം ഉപയോഗിച്ചാണ്. അവിടെ എൻ.ആർ.ഐ. ക്വാട്ട എന്നുപറഞ്ഞ് കൊടുക്കുമ്പോൾ സാധാരണ ആളുകളിൽനിന്നും വാങ്ങിക്കുന്നതിനേക്കാൾ കൂടുതൽ പണം അവരിൽനിന്നും വാങ്ങുകയാണ്. എൻ.ആർ.ഐ. ക്വാട്ടയിൽ ചേരുന്ന എത്ര യൂസഫലിമാരുണ്ട്, എത്ര സി.കെ. മേനോൻമാരുണ്ട്, എത്ര രവി പിള്ളമാരുണ്ട്. ഈ രവി പിള്ളമാർ, യൂസഫലിമാർ, സി.കെ. മേനോൻമാർ എന്നൊക്കെ പറയുന്നത് വളരെ വളരെ പരിമിതമായ ആളുകൾ മാത്രമാണ്. അവരുടെ കുട്ടികളാരുമല്ല ഇവിടെ പഠിക്കുന്നത്. ഇവിടെ പഠിക്കുന്നത് സാധാരണ എൻ.ആർ.ഐ.-ക്കാരുടെ

കുട്ടികൾ, അവരുടെ കൈയ്യിൽനിന്നും വാങ്ങുന്ന ഫീസോ, അവരുടെ കുട്ടിക്ക് ഒരു അഡ്മിഷൻ, എയ്ഡഡ് വിദ്യാലയങ്ങളിൽപ്പോലും അവരുടെ കുട്ടിക്ക് ഒരു അഡ്മിഷൻ മാനേജ്മെന്റ് ക്വാട്ടയിൽ പോലും കൊടുക്കുകയില്ല. അങ്ങനെയുള്ള ആളുകളെ നമ്മൾ ഉപയോഗിക്കുന്നു എന്നല്ലാതെ അവർക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. അങ്ങ് ഗൾഫിൽ പോയിട്ടുണ്ട്, ലേബർ ക്യാമ്പുകളിൽ പോയിട്ടുള്ള ആളുകൾക്ക് അറിയാം. ലേബർ ക്യാമ്പിൽ താമസിക്കുന്നവർ, ഒരു മുറിക്കകത്ത് നാലും അഞ്ചും തട്ടുകളായി താമസിക്കുന്നവർ. ആ ആളുകൾക്ക് വേണ്ടിയാണ് ഈ കമ്മീഷൻ. ഈ ബിൽ പാസ്സായി ഇതിന്റെ റൂൾസെല്ലാം ഫ്രെയിം ചെയ്തുകഴിഞ്ഞാൽ കുറേക്കൂടി ഇടപെടാനും തീരുമാനം എടുക്കാനും കഴിവുള്ള ഒരു സംരംഭം ആയി ഈ കമ്മീഷൻ മാറും. അതുകൊണ്ട് മുക്തകണ്ഠം ഇതിനെ അഭിനന്ദിക്കുകയാണ്. വളരെ വൈകിയാണെങ്കിലും ഈ സെഷൻ തീരുന്നത്, കേരളത്തിന്റെ നട്ടെല്ലായ പ്രവാസികൾക്കുവേണ്ടി ഒരു കമ്മീഷന്റെ നിയമം പാസ്സാക്കിക്കൊണ്ടാണ് എന്നുള്ളതുതന്നെ ഈ നിയമസഭയ്ക്കും കേരളത്തിനും അഭിമാനമാണ്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും പ്രത്യേകിച്ചും പ്രവാസികാര്യ വകുപ്പുമന്ത്രിയേയും ഗവൺമെന്റിനേയും അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി അവതരിപ്പിക്കുന്നു. ഈ പ്രവാസി ഭാരതീയ കമ്മീഷൻ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ കാര്യങ്ങൾ ഒക്കെ പറഞ്ഞതുകൊണ്ട് കൂടുതൽ പറയുന്നില്ല. ഞാൻ ഒരു പ്രവാസിയായി ജീവിച്ചിരുന്ന ആളാണ്. പ്രവാസിയുടെ കിതപ്പും കുതിപ്പും എന്താണെന്ന് നന്നായി ബോധ്യമുള്ള ഒരു വ്യക്തിയാണ്, ഏകദേശം അഞ്ചു വർഷത്തോളം, അതും പ്രവാസജീവിതം വളരെ പ്രയാസകരമായിരുന്ന ഒരു കാലഘട്ടത്തിൽ. അതുകൊണ്ടുതന്നെ കൃത്യമായി ഒരു പ്രവാസിയുടെ വേദന എന്താണെന്ന് എനിക്കറിയാം. ഒരു പ്രവാസി എന്നു പറയുന്നത് പലപ്പോഴും സ്വന്തം വീട്ടിൽ പട്ടിണി കിടക്കുമ്പോഴും നാട്ടിൽനിന്ന് ഏതെങ്കിലും ഒരു ജീവകാരുണ്യ പ്രവർത്തനത്തിനോ, അല്ലെങ്കിൽ ഏതെങ്കിലും ഒരു സാമൂഹ്യസേവനത്തിനോ കത്തുവന്നാൽ ഭാര്യയ്ക്ക് പണം അയച്ചുകൊടുക്കാതെ അവരോട് നാട്ടിൽനിന്ന് കടം വാങ്ങാൻ ആവശ്യപ്പെട്ടുകൊണ്ട് ആ ജീവകാരുണ്യ പ്രവർത്തനത്തിൽ പങ്കാളികളാകുന്ന വലിയ മനുഷ്യരുള്ള ഒരു നാടാണ്. മലയാളിയുടെ ഏറ്റവും വലിയ നന്മ എന്തുകൊണ്ടോ അതാണ്. അവരുടെ സഹായം കൊണ്ടാണ് നേരത്തേ സൂചിപ്പിച്ചതുപോലെ നമ്മുടെ നാടിന്റെ എല്ലാ നന്മകളും നിലനിൽക്കുന്നത്. ഒരുപക്ഷേ കേരളത്തിന്റെ സാമൂഹ്യമാറ്റം, നമ്മളൊക്കെ പറയാറുണ്ട് ഭൂപരിഷ്കരണ നിയമമുണ്ട്, സാക്ഷരതയുണ്ട്, എല്ലാം അംഗീകരിക്കുന്നു.

ഒരുപക്ഷേ അതുപോലെതന്നെ ഒരിക്കലും മാറ്റി നിർത്തപ്പെടാൻ കഴിയാത്ത ഒന്നാണ് നമ്മുടെ പ്രവാസികൾ നമ്മുടെ നാടിനു നൽകിയ സംഭാവന എന്ന സത്യത്തെ വിസ്മരിക്കുവാൻ നമുക്ക് കഴിയുകയില്ല. കാരണം ഒന്നര ലക്ഷം കോടിരൂപ ഏതെങ്കിലും ഒരു ധനകാര്യ സ്ഥാപനത്തിൽനിന്ന് നിക്ഷേപമായി നമ്മുടെ നാടിന് കിട്ടണമെങ്കിൽ എത്ര കോടി രൂപ പെൻഷൻ നൽകണം. എത്രമാത്രം ആനുകൂല്യങ്ങൾ ആ നിക്ഷേപത്തിന് പകരമായി നൽകണം. അതിന്റെ ഒരു പത്തിലൊരു ശതമാനംപോലും പാവപ്പെട്ട പ്രവാസികൾക്ക് തിരിച്ചുനൽകാൻ സേവനമെന്ന നിലയിൽ നമുക്ക് സാധിക്കുന്നുണ്ടോ എന്ന് ഒരു പുനരാലോചന നടത്താൻ ഈ ഘട്ടത്തിൽ കഴിയണം. ഇന്ന് ഈ കമ്മീഷന്റെ ബില്ല് ചർച്ചയ്ക്കെടുക്കുന്ന ദിവസംപോലും ഒരു പ്രവാസിക്ക് ഒരു കസ്റ്റംസ് ഓഫീസറുടെ മർദ്ദനമേറ്റു എന്നുമാത്രമല്ല, അതിനുശേഷം ഹക്കിംറൂബാ എന്നു പറയുന്ന ആ പാവപ്പെട്ട പ്രവാസിയെ ജാമ്യം കിട്ടാത്ത കേസ്സിൽ കുടുക്കി ഇന്നും പോലീസ് പീഡിപ്പിച്ചിരിക്കുകയാണ്. ഇവിടെയാണ് ഇതുപോലുള്ള ഒരു കമ്മീഷന്റെ പ്രാധാന്യമുണ്ടാകുന്നത്. ഒരു പ്രവാസിക്ക് ഇത്തരം പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ, അവിടെ ഇടപെടാൻ കഴിയുന്നവിധം ഒരു സംവിധാനം ഇന്ന് നമ്മുടെ നാട്ടിൽ ഇല്ല. ഇതുപോലുള്ള ഒരു കമ്മീഷൻ നിലവിൽ വരുന്നതോടെ അത്തരം ഹക്കിംറൂബാമാർ ഇല്ലാത്ത ഒരവസ്ഥ കേരളത്തിൽ സൃഷ്ടിക്കപ്പെടും എന്നുള്ള ഒരു ആത്മവിശ്വാസം എനിക്കുണ്ട്. അത് ഒരു ചെറിയ കാര്യമല്ല. ഇവിടെ നമുക്കറിയാം കേരളം ഇതിനൊക്കെ മാതൃകയാണ്. എവിടെപ്പോയാലും കേരളത്തിന്റെ പ്രവാസികാര്യ വകുപ്പ്, നിയമസഭാ പ്രവാസികാര്യക്ഷേമ കമ്മിറ്റിയുടെ ചെയർമാൻ കൂടിയാണ് ഞാൻ. മറ്റു സ്റ്റേറ്റുകളിലൊക്കെ പോകുമ്പോൾ ഏത് സംസ്ഥാനത്ത് ചെന്നാലും അവിടെയൊക്കെ ഒരു പുതുമയാണ്. പ്രവാസികൾക്കു മാത്രമായി ഒരു പ്രവാസിക്ഷേമകാര്യ വകുപ്പുണ്ടോ? ഞങ്ങൾക്ക് ഇവിടെയില്ലല്ലോ, അവരൊക്കെ പറയുന്നു. പശ്ചിമ ബംഗാൾ നിയമസഭയിൽ ഇതു പറഞ്ഞു, എല്ലായിടത്തും പറയുന്നു, കേരളത്തിൽ ഇത് ഒരു അത്ഭുതമാണല്ലോ; നിങ്ങളുടെ സംസ്ഥാനത്തുള്ള പ്രവാസികളുടെ കാര്യങ്ങൾ പരിരക്ഷിക്കുവാൻ നിങ്ങൾക്ക്, നിയമസഭയ്ക്ക് ഒരു സമിതിയുണ്ടോ എന്നു ചോദിക്കുന്ന വിതാനത്തിലേയ്ക്ക് നമ്മൾ ഉയർന്നു. ഒരു കാര്യം കൂടി പറയുകയാണ്, ഇന്ന് നമ്മുടെ തൊപ്പിയിൽ ഈ കമ്മീഷൻകൂടി വരുന്നതോടെ ഭാരതത്തിൽ പ്രവാസികളുടെ മുന്നേറ്റത്തിൽ നമ്മുടെ സ്റ്റേറ്റിന് ഒരു തൂവൽകൂടി വയ്ക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല, അതിന് ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാതിരിക്കാൻ കഴിയുകയില്ല. വലിയ മുന്നേറ്റമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഒന്നും ഞാൻ ആവർത്തിക്കുന്നില്ല. വളരെ നാളുകളായി നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്ന ഒന്നാണ് പ്രവാസികൾക്ക് നിയമപരിരക്ഷ ലഭിക്കുന്നതിനുവേണ്ടി ഒരു ലീഗൽ സെൽ

വിദേശത്ത് ഉണ്ടാകണം എന്നത്. അത് കാര്യക്ഷമമായി നമ്മുടെ സന്നദ്ധസംഘടനകളുമായി ആലോചിച്ച് നടപ്പിലാക്കാനുള്ള ഒരു പ്രതിബദ്ധതകൂടി കാണിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ദീർഘമായി സംസാരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എങ്കിലും ബഹുമാനപ്പെട്ട ചില മെമ്പർമാർ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് ഉത്തരം പറയാതിരിക്കുന്നത് ശരിയല്ല. ഈ സഭയ്ക്ക് അറിയാവുന്നതുപോലെ ഇന്ത്യയിൽ ആദ്യമായി പ്രവാസിക്ഷേമ വകുപ്പ് രൂപീകരിച്ചത് കേരളത്തിലാണ്. ഇന്ത്യയിൽ ആദ്യമായി ഒരു മന്ത്രിയുണ്ടായത് കേരളത്തിൽ നിന്നാണ്, പ്രവാസികാര്യ വകുപ്പുമന്ത്രി ശ്രീ. എം. എം. ഹസ്സൻ. അതിനെത്തുടർന്നാണ് കേന്ദ്ര ഗവൺമെന്റുപോലും ഓവർസീസ് ഇന്റർവെൻഷനുവേണ്ടി ഒരു വകുപ്പ് രൂപീകരിച്ചത് ശ്രീ. വയലാർ രവി കേന്ദ്ര മന്ത്രിയായിരുന്നപ്പോൾ. നമ്മുടെ ചുവടുപിടിച്ചാണ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പ്രവാസി ക്ഷേമ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എൻ.ആർ.ഐ. കമ്മീഷന്റെ ഉദ്ദേശ്യം വളരെ ലിമിറ്റഡാണ്. ഇവിടെ പറഞ്ഞതുപോലെ, പ്രവാസികൾ നേരിടുന്ന എല്ലാ പ്രയാസങ്ങൾക്കുമുള്ള ഉത്തരമല്ല എൻ.ആർ.ഐ. കമ്മീഷൻ. ഈ കമ്മീഷന്റെ രൂപീകരണം പ്രവാസി ഭാരതീയരായ കേരളീയർക്ക് സ്വന്തം നാട്ടിൽ താമസിക്കാൻ കഴിയാത്തതുകൊണ്ട് അവരുടെ താൽപ്പര്യങ്ങളും വസ്തുവകകളും സംരക്ഷിക്കുന്നതിനും അവയുടെ സുരക്ഷിതത്വത്തിനും വലിയ പ്രയാസമനുഭവിക്കുന്ന സാഹചര്യത്തിൽ അവർക്ക് ആവശ്യമായ സംരക്ഷണം കൊടുക്കാൻവേണ്ടിയാണ്. ജോലി രംഗത്തുണ്ടാകുന്ന ചൂഷണങ്ങൾ, റിക്രൂട്ട്മെന്റ് തട്ടിപ്പ്....... ഇപ്പോൾ എത്രയോ തട്ടിപ്പുകൾ ഉണ്ടാകുന്നു, അങ്ങേയ്ക്കറിയാം. തിരുവല്ല, കോഴഞ്ചേരി, പിറവം, കൂത്താട്ടുകുളം ഇവിടെയൊക്കെയുള്ള പല കമ്പനികളുടെയും മുഖ്യലക്ഷ്യം തട്ടിപ്പുതന്നെയാണ്. ഒരു നഴ്സിന് വാങ്ങുന്നത് 30 ലക്ഷം രൂപയാണ്. അവിടെപ്പോയാലോ രണ്ട് കൊല്ലം കഴിഞ്ഞാൽ മടക്കി അയയ്ക്കും. പിന്നേയും അതേ ജോലിക്ക് ആളെ കൊണ്ടുപോകുകയാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ സത്യത്തിൽ ഉണ്ടാകുന്നുണ്ട്. ഈ തട്ടിപ്പ് നിയന്ത്രിക്കാൻ നമുക്ക് കഴിയണം. കേരളമാണ് അതിന് ഇനീഷ്യേറ്റീവ് എടുത്തത്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് 18 രാജ്യങ്ങൾക്ക് ഇ.സി.ആർ. നിയന്ത്രണം ഏർപ്പെടുത്തിയത്. ODEPEC തൊഴിൽ വകുപ്പിന്റെ കീഴിലാണ്. അതുപോലെ തന്നെ മറ്റൊരു ഏജൻസിയാണ് നോർക്ക. ഈ രണ്ട് വകുപ്പുകളെയാണ് ചുമതല ഏൽപ്പിച്ചിട്ടുള്ളത്.

11.00 PM]

നോർക്ക വകുപ്പ് സെക്രട്ടറിയും തൊഴിൽ വകുപ്പ് സെക്രട്ടറിയും കുവൈറ്റിൽ

പോയി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ വളരെ വേഗത്തിൽ ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുവാൻ കഴിഞ്ഞു. കുവൈറ്റുമായി ധാരണാപത്രം ഒപ്പിട്ടുകഴിഞ്ഞാൽ തുടർച്ചയായി നമുക്ക് ഒന്നാം ബാച്ച് ആളിനെ അയയ്ക്കാൻ സാധിക്കും. സൗദി അറേബ്യയിലേയ്ക്കുള്ള റിക്രൂട്ട്മെന്റെല്ലാം സംസ്ഥാന ഗവൺമെന്റ് മുഖേന ആയിരിക്കുമെന്ന് തീരുമാനിച്ചുകഴിഞ്ഞു. ഇതുപോലുള്ള പ്രവർത്തനങ്ങളിലൂടെ ഈ രംഗത്തുള്ള വലിയ തട്ടിപ്പുകൾക്ക് അറുതി വരുത്തുവാൻ ശ്രമിക്കുന്നുണ്ട്. ഇപ്പോഴുള്ള പ്രയാസമെന്ന് പറയുന്നത് ചില നടപടികൾ പൂർത്തിയാകാത്തതുകൊണ്ട് ഒരു ഇന്ററിം പിരീഡിൽ ആളിനെ അയയ്ക്കാൻ സാധിക്കുന്നില്ല എന്നതാണ്. കേന്ദ്ര ഗവൺമെന്റുകൂടി സഹകരിച്ചുകഴിഞ്ഞാൽ ആ രംഗത്തുള്ള ചൂഷണം അവസാനിപ്പിക്കാൻ സാധിക്കും. സ്വകാര്യ ഏജൻസികൾ ഇരുപതുലക്ഷം രൂപ വാങ്ങുന്ന സ്ഥാനത്ത് നോർക്ക വാങ്ങാൻ പോകുന്നത് 20,000 രൂപയാണ്. അതുകൊണ്ട് ട്രാൻസ്പാരന്റായി കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. കൂടാതെ മധ്യവർത്തികളുടെ പല വിധത്തിലുള്ള ചൂഷണത്തിനെതിരെയുള്ള നടപടികൾക്കും ശ്രമിക്കുന്നുണ്ട്. NRI കമ്മീഷന് പുറമെ നോർക്ക വകുപ്പും റൂട്ട്സുമുണ്ട്. പ്രവാസികളെ ബാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നത് നോർക്കാ റൂട്ട്സും നോർക്ക വകുപ്പുമാണ്. അങ്ങ് പറഞ്ഞ മറ്റൊരു കാര്യം എയർ കേരളയാണ്. കഴിഞ്ഞ മാസം 11-ാം തീയതി ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ശ്രീ. കെ. ബാബു, ശ്രീ. അനൂപ് ജേക്കബ് എന്നിവർ അടങ്ങുന്ന മന്ത്രിതല സംഘം ഡൽഹിയിൽ പോയി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയെയും കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിയേയും നേരിൽ കണ്ടിരുന്നു. ഞങ്ങൾ ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യം, പുതിയ വ്യോമയാന നയത്തിൽ മാറ്റം വരുത്തുമ്പോൾ ചെയ്യേണ്ട രണ്ട് കാര്യങ്ങളിൽ ഒന്ന് ഗൾഫ് മേഖലയിൽനിന്നുള്ള വിമാന സർവ്വീസുകളിൽ സീസണുകളിൽ ഉണ്ടാകുന്ന ചാർജ് വർദ്ധനയ്ക്ക് ഒരു ക്യാപ്പിംഗ് ഉണ്ടാവണമെന്നതായിരുന്നു. പരമാവധി എത്രവരെ ചാർജ് ഈടാക്കാമെന്നത് സംബന്ധിച്ച് വ്യവസ്ഥയില്ല. ഇപ്പോൾ യാതൊരു നിയന്ത്രണവുമില്ല. ആവശ്യം കൂടുന്നതനുസരിച്ച് ചാർജ്ജും കൂടിക്കൊണ്ടിരിക്കുന്നു. രണ്ടുമൂന്ന് കൊല്ലം വിദേശത്ത് ജോലി ചെയ്തിട്ട് ഒരു സീസണാകുമ്പോൾ നാട്ടിൽ വരാമെന്ന് വിചാരിക്കുന്ന ഒരു മലയാളിക്ക് അവന്റെ ശമ്പളം മുഴുവൻ കൊടുത്താലും ടിക്കറ്റ് വാങ്ങാൻ സാധിക്കുന്നില്ല. പുതിയ വ്യോമയാന നയത്തിൽ മാറ്റം വരുത്തുമ്പോൾ ക്യാപ്പിംഗ് ഉണ്ടാകണമെന്ന കാര്യം പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എയർ കേരള വിമാന സർവ്വീസ് അങ്ങ് പറഞ്ഞതുപോലെ, അങ്ങ് പരിഭവിക്കരുത്, ഞങ്ങൾ അധികാരത്തിൽ വരുന്നതിന് മുമ്പുള്ള അഞ്ചുവർഷക്കാലം ഈ പ്രോജക്ട് റിപ്പോർട്ട് ഫ്രീസറിലായിരുന്നു. അന്നത്തെ നോർക്കാ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ ജോലിക്കൂടുതൽ കൊണ്ടാകാം ഈ വകുപ്പ് അവഗണിക്കപ്പെട്ടത്. ഞങ്ങൾ വീണ്ടും അത് പൊടി തട്ടിയെടുത്ത് ഏണസ്റ്റായി ഒരു പഠനം നടത്തിയപ്പോൾ ഒരു തടസ്സമുള്ളത് ഇന്റർനാഷണൽ സർവ്വീസ്

ആരംഭിക്കണമെങ്കിൽ കുറഞ്ഞത് അഞ്ചുവർഷത്തെ ഡൊമസ്റ്റിക് എക്സ്പീരിയൻസും ഇരുപത് ഫ്ലൈറ്റും വേണമെന്നാണ്. അങ്ങനെ ചെയ്യാൻ നമുക്ക് സാധിക്കില്ല. അഞ്ച് കൊല്ലത്തെ ഡൊമസ്റ്റിക് സർവ്വീസോ 20 ഫ്ലൈറ്റോ ഇല്ലെങ്കിലും കേരള ഗവൺമെന്റ് കമ്പനിയായതുകൊണ്ട് എയർ കേരളയ്ക്ക് എക്സംപ്ഷൻ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഞങ്ങളോട് കേന്ദ്ര ഗവൺമെന്റ് ഇക്കാര്യം പരിഗണിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ ക്രൈസിസ് മാറിക്കഴിഞ്ഞാൽ നമുക്ക് എയർ കേരള തുടങ്ങാൻ സാധിക്കും. അത് നമ്മുടെയെല്ലാം സ്വപ്നമാണ്. ആ കാര്യത്തിനുവേണ്ടി വളരെയേറെ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. കേരളത്തെ ബാധിച്ച മറ്റൊരു നടപടിയാണ് നിതാഖത്ത്. കേരളത്തെ മാത്രമല്ല, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും ആളുകൾ നിതാഖത്തുമൂലം പണിയില്ലാതെ മടങ്ങിവന്നു. ശ്രീ. മാത്യു ടി. തോമസ് പറഞ്ഞ കാര്യം ശരിയാണ്, മടക്കയാത്ര ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ഗൾഫിലെ സാമ്പത്തിക മാന്ദ്യം, ക്രൂഡോയിലിന്റെ വിലത്തകർച്ച, ജോലി സാധ്യത കുറയുന്നു, ശമ്പളം വെട്ടിക്കുറവ് ചെയ്യുന്നു. നമ്മൾ എന്നും മരുപ്പച്ചയായി കണ്ട ഗൾഫിൽ ജോലി സാധ്യത കുറയുന്നുവെന്ന് മാത്രമല്ല മടക്കയാത്ര ആരംഭിച്ചുകഴിയുകയും ചെയ്തു. കേരളം നേരിടാൻ പോകുന്ന വലിയൊരു പ്രശ്നമായിരിക്കും മലയാളികളുടെ ഈ തിരിച്ചുവരവ്. നമുക്ക് അവരെ സഹായിക്കാൻ സാധിക്കുന്നില്ല. നിതാഖത്ത് വിഷയമുണ്ടായപ്പോൾ ഗവൺമെന്റ് ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിക്കുകയും റീഹാബിലിറ്റേഷൻ പാക്കേജിന് രൂപം നൽകുകയും ചെയ്തു. ആ പാക്കേജ് വിജയിക്കണമെങ്കിൽ സംസ്ഥാന ഗവൺമെന്റിന് മാത്രം പണം കൊടുത്ത് എല്ലാപേരെയും സഹായിക്കാൻ സാധിക്കില്ല. മടങ്ങിവരുന്ന ആളുകളുടെ ആവശ്യം അവർക്കൊരു ചെറുകിട വ്യവസായമോ മറ്റെന്തെങ്കിലും സംരംഭങ്ങളോ തുടങ്ങണമെന്നതല്ല, എല്ലാപേർക്കും ഗൾഫിലേയ്ക്ക് പോയതിന്റെ സാമ്പത്തിക ബാധ്യതയുണ്ട്, അതിന്റെ കടം വീട്ടാൻ സഹായിക്കണമെന്നാണ്. അവരുടെ എല്ലാപേരുടേയും അത്തരത്തിലുള്ള സാമ്പത്തിക ബാധ്യതകൾ തീർക്കാൻ നമുക്ക് കഴിയുകയില്ല. ഗൾഫിലേയ്ക്ക് തൊഴിൽ തേടിയുള്ളവരുടെ അപേക്ഷ ക്ഷണിച്ചപ്പോൾ 19,000 അപേക്ഷകൾ ലഭിക്കുകയും ഇന്റർവ്യൂവിന് ക്ഷണിച്ചപ്പോൾ അവരിൽ 7000 പേർ മാത്രമാണ് ഹാജരാവുകയും ചെയ്തത്. കാരണം അവർക്ക് ബാങ്കുകൾ വയബിളായിട്ടുള്ള സ്കീമിൽപ്പെടുത്തി വായ്പകൾ അനുവദിക്കുവാൻ തയ്യാറാകുന്നില്ല. സംസ്ഥാന ഗവൺമെന്റ് 20 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് 15 ശതമാനം ക്യാപ്പിറ്റൽ സബ്സിഡിയും 4 ശതമാനം ഇന്ററസ്റ്റ് സബ്സിഡിയും കൊടുക്കുന്നുണ്ട്. കാനറാ ബാങ്ക്, യൂണിയൻ ബാങ്ക് അതുപോലുള്ള നാല് ബാങ്കുകളുമായി എം.ഒ.യു. ഒപ്പുവച്ചു കഴിഞ്ഞു. ആ ബാങ്കുകളുടെ സഹകരണമുണ്ടായാൽ തീർച്ചയായും അത് നടപ്പിലാക്കാൻ സാധിക്കും. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞതുപോലെ പ്രവാസി മലയാളികൾ കേരളത്തിലെ ബാങ്കുകളിൽ നടത്തിയ നിക്ഷേപം മാത്രം ഒന്നര ലക്ഷം കോടി രൂപയാണ്. കേരളത്തിലെ ബാങ്കുകളുടെ അടിത്തറയും

സർവ്വൈവലും അവരെ ആശ്രയിച്ചാണ്. പണ്ടൊക്കെ ഒരു പ്രവാസി മലയാളി നാട്ടിൽ വന്നുകഴിഞ്ഞാൽ ആദ്യമവിടെ എത്തുന്നത് സ്ഥലത്തെ ഏതെങ്കിലും ബാങ്കിന്റെ മാനേജരായിരിക്കും, അവരുടെ ഡെപ്പോസിറ്റ് പിടിക്കാൻ വേണ്ടിയാണ് അവിടെ ചെല്ലുന്നത്. പക്ഷെ ഇന്ന് പ്രവാസികൾക്ക് ഒരു പ്രതിസന്ധിയുണ്ടായപ്പോൾ, കഷ്ടപ്പാടുണ്ടായപ്പോൾ അവർക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഒരു സ്കീം നടപ്പിലാക്കിയിട്ടുപോലും പല ബാങ്കുകളും തിരിഞ്ഞുനോക്കുന്നില്ല. സംസ്ഥാനതല ബാങ്കിംഗ് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യം ആവർത്തിച്ച് പറഞ്ഞു. അവരെ സഹായിക്കുകയെന്നത് ബാങ്കുകളുടെ സാമൂഹിക ബാധ്യതയാണ്. കേരളത്തിലെ ബാങ്കുകളുടെ സർവ്വൈവൽ എന്നുപറയുന്നത് പ്രവാസികളുടെ നിക്ഷേപത്തെ ആശ്രയിച്ചാണ്. പ്രവാസികൾക്ക് ഒരു പ്രയാസമുണ്ടായപ്പോൾ സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്ത് അവരെ സഹായിക്കാൻവേണ്ടി ഒരു സ്കീം തുടങ്ങുമ്പോൾ സഹകരിക്കേണ്ട ബാധ്യത ബാങ്കുകൾക്കുണ്ട്. അവർക്ക് അതിൽനിന്നെല്ലാം ഒഴിഞ്ഞുമാറാൻ സാധിക്കില്ല. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് ജയിലുകളിൽപ്പെടുന്ന പ്രവാസികളുടെ കാര്യം. സംസ്ഥാന ഗവൺമെന്റ് ഇങ്ങനെയുള്ളവരെ സഹായിക്കാനായി തുടങ്ങിയ ഒരു ഫണ്ടാണ് ലീഗൽ എയ്ഡ് ഫണ്ട്. സംസ്ഥാന ഗവൺമെന്റ് നേരിടുന്ന ബുദ്ധിമുട്ട് നമുക്ക് ഒരു വിദേശ രാജ്യത്ത് പോയി നേരിട്ട് കാര്യങ്ങൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കില്ല എന്നതാണ്. പകരം നമ്മൾ ബന്ധപ്പെടുന്നത് ഇന്ത്യൻ എംബസിയിലാണ്. എംബസിയെ ബന്ധപ്പെടാൻ കഴിയാത്ത സാഹചര്യത്തിൽ അവിടെയുള്ള മലയാളി സംഘടനകളെയാണ് ആശ്രയിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് പണം തരാമെന്ന് കുവൈറ്റിലും സൗദിയിലുമുള്ള എംബസികളോട് പറഞ്ഞപ്പോൾ അവർ അറിയിച്ചത് പണം തന്നുകഴിഞ്ഞാൽ ഇന്ത്യാക്കാരിൽ ആർക്കാണോ ആദ്യം സഹായം ആവശ്യമുള്ളത് അവർക്ക് അത് ലഭ്യമാക്കുമെന്നാണ്. ഞങ്ങൾക്ക് മലയാളിയെന്നോ, മറാത്തിയെന്നോ കാണാൻ കഴിയില്ലെന്നും എല്ലാപേരേയും ഇന്ത്യാക്കാരായി മാത്രമെ കാണാൻ കഴിയൂവെന്നുമാണ് പറഞ്ഞത്. ഫസ്റ്റ് കം ഫസ്റ്റ് സെർവ് എന്ന രീതിയിൽ മാത്രമേ കാര്യങ്ങൾ ചെയ്യാൻ കഴിയൂവെന്നാണ് അറിയിച്ചത്. എന്നുപറഞ്ഞാൽ നമ്മുടെ പണംകൊണ്ട് മലയാളികൾക്ക് മാത്രമായി സേവനം ലിമിറ്റ് ചെയ്യാൻ സാധിക്കില്ല. ഗൾഫിലെ മലയാളി സംഘടനകളുടെ സേവനം വളരെ വലുതാണ്. എന്ത് പ്രയാസമുണ്ടായാലും നമ്മൾ ഇടപെടുന്നത് അവിടത്തെ മലയാളി സംഘടനകളെയാണ്. അവരുടെയെല്ലാം വളരെ ആത്മാർത്ഥമായ സഹകരണങ്ങൾ ഉണ്ടാകാറുണ്ട്. തീർച്ചയായും ഗൾഫിലെ മലയാളികളുടെ പ്രയാസങ്ങളിൽ ഈ സഭയ്ക്കുള്ള ഉൽക്കണ്ഠ ഗൗരവമായി കണക്കിലെടുക്കുന്നു. ഈ ബിൽ ചെറിയ ഒരു തുടക്കം മാത്രമാണ്, കാരണം എൻ.ആർ.ഐ.കളുടെ വസ്തുവകകളും അവരുടെ സ്വത്തുകളും തട്ടിപ്പിൽനിന്ന് മോചിപ്പിക്കുകയും തൊഴിൽതട്ടിപ്പ് തടയുകയുമാണ് ഈ ബില്ലിന്റെ ലക്ഷ്യം. തീർച്ചയായും

കേരളത്തിന്റെ ഇന്നത്തെ വളർച്ചയ്ക്ക് നാം കടപ്പെട്ടിരിക്കുന്നത് പ്രവാസി മലയാളികളോടാണ്.

ശ്രീ. മാത്യു ടി. തോമസ് : സർ, ഡ്യൂവൽ സിറ്റിസൺഷിപ്പുള്ള ആളുകളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള നിബന്ധന ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കാമെന്ന് അങ്ങ് പറഞ്ഞു. അത് സർക്കുലേറ്റ് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ, അതുകൂടി അങ്ങ് പരിഗണിക്കുമോയെന്നുള്ളതാണ് ചോദ്യം.

ശ്രീ. കെ. സി. ജോസഫ് : ആ വിഷയം സംബന്ധിച്ച് ഒൻപതാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒൻപതാം വകുപ്പിലെ പേഴ്സൺസ് ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ബിൽ തീർച്ചയായും പ്രവാസി മലയാളികളോട് കേരളത്തിനുള്ള ഉത്ക്കണ്ഠയുടെ വലിയൊരു സൂചനയാണ്. ഈ ബിൽ പ്രവാസി മലയാളികളെ സംബന്ധിച്ച് ഒരു നാഴികക്കല്ലാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ സഭ അവസാനിക്കുമ്പോൾ പാസ്സാക്കുന്ന രണ്ട് ബില്ലുകൾ, മലയാള ഭാഷയ്ക്ക് വേണ്ടിയുള്ള ബില്ലും പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബില്ലും തീർച്ചയായും കേരള നിയമസഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുന്ന ബില്ലുകളായിരിക്കും. ഞാൻ ഈ ബിൽ തുടർ ചർച്ചയ്ക്കുവേണ്ടി ക്ഷണിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ ടി. എൻ. പ്രതാപൻ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**രണ്ടാം വകുപ്പ്**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ശ്രീ. എം. ഉമ്മറിന്റെ 140, ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ 145, ശ്രീ. കെ. എം. ഷാജിയുടെ 146 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

140. ഖണ്ഡം2(സി)-യിൽ, "ടെലഗ്രാം" എന്ന വാക്ക് ഒഴിവാക്കുക.

145. ഖണ്ഡം2(സി)-യിൽ, "സ്വകാര്യവ്യക്തിയാലോ" എന്നതിന് ശേഷം താഴെ പറയുന്നവ ചേർക്കുക:

"സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങൾ/ ബാങ്കുകൾ/ സ്വകാര്യ സ്ഥാപനങ്ങൾ അടക്കമുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും, കമ്പനികളിൽ നിന്നും "

146. ഖണ്ഡം2(സി)-യിൽ, "തർക്കങ്ങളോ ലംഘനങ്ങളോ " എന്നതിനു ശേഷം "നീതി നിഷേധങ്ങളോ " എന്നത് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 2 (ബി)-യിൽ, " എന്ന പേരിൽ" എന്നതിന് പകരം "എന്ന ചുരുക്കപ്പേരിൽ" എന്നത് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136. ഖണ്ഡം 2 (സി)-യിൽ, "ഭാരതീയരായ" എന്നതിന് പകരം "ഭാരതീയ" എന്നത് ചേർക്കുക.

162. ഖണ്ഡം 2(എഫ്)(2)-ൽ, "സഹോദരന്മാരും" എന്നതിനു ശേഷം " വിധവയോ, വിവാഹമോചിതയോ ആയ സഹോദരിമാരും" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

137. ഖണ്ഡം 2 (സി)-യിൽ, " ഭാരതീയരായ" എന്ന വാക്കിനു പകരം "ഭാരതീയനായ" എന്ന വാക്ക് ചേർക്കുക.

152. ഖണ്ഡം 2(എഫ്)(i)-ൽ, "അവിവാഹിതയോ" എന്ന വാക്കിനു ശേഷം "ബന്ധം വേർപ്പെടുത്തിയതോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2 (സി)-യിൽ, "ഒരാളിൽ നിന്നോ" എന്നീ വാക്കുകൾക്ക് ശേഷം "പ്രവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു അംഗീകൃത സംഘടനയിൽ നിന്നോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2(ഇ)(i)-ൽ "നോക്കുന്നതിനോ" എന്നതിനു പകരം "നോക്കുന്നതോ" എന്നത് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 2(എഫ്)(1)-ൽ, "വിധവയോ" എന്ന വാക്കിനു ശേഷം "വിവാഹമോചിതയോ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 140, 145, 146 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 136, 162 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 137, 152 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 148 -ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**മൂന്നാം വകുപ്പ്**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ശ്രീ. എം. ഹംസയുടെ 171, ശ്രീ. പി. ഉബൈദുള്ളയുടെ 192 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 3(2)(ii) -ൽ, "ഭാരതീയനായ" എന്ന വാക്ക് ഒഴിവാക്കുക.

192. ഖണ്ഡം 3(2)(iv)-നുശേഷം താഴെപ്പറയുന്ന ഖണ്ഡം (v) ആയി ചേർക്കുക:

" (v)അറുപത്തഞ്ചു വയസ്സ് പൂർത്തിയായ ഒരാൾ ചെയർപേഴ്സണോ അംഗമോ ആയി തുടരാൻ പാടുള്ളതല്ല. "

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 3(2)(i)-ൽ, "വഹിക്കുന്നതോ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. ഖണ്ഡം 3(2)(ii)-ൽ, "അഞ്ച്" എന്ന വക്കിന് പകരം "ഏഴ്"

എന്ന വാക്ക് ചേർക്കുക.

173. ഖണ്ഡം 3(2)(iii)-ൽ, "അഞ്ചോ" എന്നതിനു പകരം "ഏഴോ" എന്നത് ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

176. ഖണ്ഡം 3(2)(iii)-ൽ, "മടങ്ങിവന്ന" "പ്രവാസി" എന്നീ വാക്കുകൾക്കിടയിൽ "പ്രവാസി ഭാരതീയരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി പരിചയമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

180. ഖണ്ഡം 3(2)(iii)-ൽ, "രണ്ട് അംഗങ്ങൾ" എന്നീ വാക്കുകൾക്ക് പകരം "ഒരു അംഗം" എന്നീ വാക്കുകൾ ചേർക്കുക.

183. ഖണ്ഡം 3 (2) (iii)-നു ശേഷം 3(2) (iv) ആയി ചുവടെ ചേർക്കുന്ന ഖണ്ഡം ചേർത്ത് മറ്റുള്ളവ പുനരക്കം ചെയ്യുക:

"(iv) പ്രവാസികളായ കേരളീയരുടെ ക്ഷേമകാര്യങ്ങളിൽ പ്രാവീണ്യമുള്ള കേരളീയനായ ഒരു അംഗം"

184. ഖണ്ഡം 3 (2) (iv)-ൽ, "ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോസ്ഥനോ, തത്തുല്യ പദവിയിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ച അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള" എന്നീ വാക്കുകൾക്ക് പകരം "ജോയിൻറ് സെക്രട്ടറിയുടെയോ, ഇതര സർക്കാർ വകുപ്പുകളിലെ സമാന പദവിയിലുള്ള ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. വി. ശശി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

189. ഖണ്ഡം 3(2)(iv)-ൽ, "പദവിയിൽ നിന്നും വിരമിച്ച" എന്നതിനു ശേഷം "അഖിലേന്ത്യാ സർവ്വീസിൽ നിന്നോ സ്റ്റേറ്റ് സർവ്വീസിൽ നിന്നോ ഉള്ള ഉദ്യോഗസ്ഥനോ ആയിരിക്കണം" എന്നത് ചേർത്ത് ശേഷിക്കുന്നവ ഒഴിവാക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 3(2)(iv)-ൽ, "അഖിലേന്ത്യാ സർവ്വീസിൽ നിന്നുള്ള"

എന്നതിന് പകരം "IAS/IPS/IFS" എന്നത് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

191. ഖണ്ഡം 3(2)(iv) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക:

"(iv) കേരള നിയമസഭയിലെ രണ്ട് അംഗങ്ങൾ"

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : മന്ത്രി അവതരിപ്പിച്ച 171, 192 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 169, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 180, 183, 184 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**നാലാം വകുപ്പ്**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

197. ഖണ്ഡം 4(1)-ൽ, "ഒന്നിൽ കൂടാത്ത തവണ" എന്നതിന് പകരം "ഒരു തവണ കൂടി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

198. ഖണ്ഡം 4(1)-ൽ, "അർഹരായിരിക്കുന്നതുമാണ്" എന്നതിനു പകരം " അർഹരല്ല" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അഞ്ചാം വകുപ്പ്**

ശ്രീ. വി. ശശി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 5(1)-ൽ "ഉദ്യോഗസ്ഥരേയും മറ്റ് ജീവനക്കാരെയും, സർക്കാർ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്" എന്നതിനു പകരം "ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് കമ്മിഷനിലേക്ക് പി.എസ്.സി. വഴി നിയമിക്കേണ്ടതാണ് " എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. വി. ശശി അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ആറാം വകുപ്പ്**

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 6-ൽ, "തിരുവനന്തപുരം" എന്നതിനു പകരം "തൃശ്ശൂർ" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഏഴാം വകുപ്പ്**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

217. ഖണ്ഡം 7(1)-ൽ, "തിരുവനന്തപുരത്ത്" എന്നതിനു പകരം " കമ്മീഷൻ ആസ്ഥാനത്ത്" എന്നത് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. ഖണ്ഡം 7(3)-ൽ, "മൂന്ന്" എന്നതിനു പകരം " നാല്" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

222. ഖണ്ഡം 7(4)-ൽ,

"കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും" എന്നതിനു പകരം " പ്രതിമാസം" എന്നു ചേർക്കുക.

232. ഖണ്ഡം 7 (6)-ൽ, "വ്യക്തികളെ" എന്നതിനു ശേഷം "യോഗത്തിൽ" എന്ന് ചേർക്കുക.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 7(4)-ൽ, "മൂന്ന്" എന്നതിന് പകരം "രണ്ട്"എന്ന് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 224-ാം നമ്പർ

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 222, 232 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**എട്ടാം വകുപ്പ്**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 8(എ)-യ്ക്ക് പകരം താഴെ പറയുന്നത് ചേർക്കുക: "(എ)കോടതിയിൽ നിർധനനായി വിധിക്കപ്പെടുകയോ അല്ലെങ്കിൽ;"

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 8(ബി)-യിൽ, "ഉൾപ്പെടുന്ന" എന്നതിനു പകരം "ഉൾപ്പെടെയുള്ള" എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

239. ഖണ്ഡം 8(ഡി)-യുടെ ആരംഭത്തിലുള്ള "കമ്മീഷന്റെ" എന്ന വാക്കിന് പകരം "ഒരു അംഗത്തിന്റെ കാര്യത്തിൽ

ചെയർപേഴ്സന്റെ" എന്നീ വാക്കുകൾ ചേർക്കുക.

242. ഖണ്ഡം 8(ഡി) -യ്ക്ക് ശേഷം താഴെ പറയുന്നത് ഇനം (ഇ) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുയും ചെയ്യുക:

"(ഇ) ചെയർപേഴ്സന്റെ കാര്യത്തിൽ സർക്കാരിന്റെ അനുമതി കൂടാതെ കമ്മീഷന്റെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ; അല്ലെങ്കിൽ"

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 239, 242 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഒൻപതാം വകുപ്പ്**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

246. 9-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിലെ (ജി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്. അതായത്:-

"(എച്ച്) കേരളത്തിൽ സ്ഥിരതാമസമായിരുന്ന 1955-ലെ പൗരത്വ ആക്റ്റിലെ (1955-ലെ 57-ാം കേന്ദ്ര ആക്റ്റ്) 7 എ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇന്ത്യൻ കാർഡ് കൈവശമുള്ള ഓവർസീസ് പൗരന്റെയും കുടുംബാംഗങ്ങളുടെയും താല്പര്യങ്ങളും സ്വത്തുക്കളും നിക്ഷേപങ്ങളും സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുകയും കേരളത്തിലുള്ള അവരുടെ കുടുംബാംഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് സാമൂഹ്യ സേവന സംഘടനകളെ സൗകര്യപ്പെടുത്തുകയും ചെയ്യുക".

പ്രസ്തുത ക്ലോസ്സ് ഉൾപ്പെടുത്തിയാൽ യൂറോപ്പിലുള്ള ഇന്ത്യൻ ഒറിജിനായ പേഴ്സസൺസിന് സഹായകരമാകും.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ തഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

248. ഖണ്ഡം 9(1)-ൽ, "എല്പ്പിച്ച" എന്ന വാക്കിനു പകരം "ഏൽപ്പിച്ച" എന്ന വാക്ക് ചേർക്കുക.

296. ഖണ്ഡം 9(2)(ജി)-ക്കു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക:-

"(എച്ച്) വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുടെ സഹകരണത്തോടെ സംസ്ഥാനത്തു നിന്നുള്ള പ്രവാസികളുടെയും കുടുംബാംഗങ്ങളുടെയും സമഗ്രമായ ഒരു ഡാറ്റാബാങ്ക് തയ്യാറാക്കുക;

(ഐ) വിദേശ രാജ്യങ്ങളായ ലേബർ ക്യാമ്പുകളിൽ ദുരിതമനുഭവിക്കുന്നവരും കുറ്റാരോപിതരായി വിദേശ ജയിലിൽ കഴിയുന്നവരും ഉൾപ്പെടെയുള്ള പ്രവാസികൾക്ക് എംബസികളുമായി ചേർന്ന് നിയമസഹായം ലഭ്യമാക്കുന്നതിനായി പ്രത്യേക നിയമസഹായ സെൽ രൂപീകരിച്ച് സേവനം ലഭ്യമാക്കുക;

(ജെ) എമിഗ്രേഷൻ നിയമങ്ങളുടെ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെടുന്ന നഴ്സിംഗ് മേഖലയിൽ നിന്നുൾപ്പെടെയുള്ള പ്രവാസികളുടെ തുടർ നിയമനങ്ങൾക്കും പുനരധിവാസത്തിനും റിക്രൂട്ടിംഗ് ഏജൻസികളുടെ തട്ടിപ്പിനിരയായവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുക;

(കെ) ODEPEC മുഖേനയുള്ള റിക്രൂട്ട്മെന്റ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സർക്കാരുമായി കൂടിയാലോചിച്ച് കർമ്മപരിപാടി

ആവിഷ്കരിക്കുക;

(എൽ) വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്ന രീതിയിൽ എം.ഒ.എച്ച്., സി.ജി.എഫ്.എൻ.എസ്., ഐ.ഇ.എൽ.റ്റി.എസ്. തുടങ്ങിയ പരീക്ഷകൾക്കും ഇതര നൈപുണ്യ വികസനത്തിനും പര്യാപ്തമായ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക."

ശ്രീ. സി. കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 9(2)-ൽ, താഴെപ്പറയുന്നത് ഇനം(എ) ആയിചേർത്ത് ശേഷിക്കുന്നവ പുന:ക്രമീകരിക്കുക:

"(എ) വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്നവർക്ക് വേണ്ട നിയമ സഹായം ലഭ്യമാക്കാനും തടവറയിൽ മനുഷ്യാവകാശ ലംഘനം നടക്കുന്നില്ലെന്നുറപ്പ് വരുത്താനും വേണ്ട ഇടപെടലുകൾ നടത്തുക; "

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

266. ഖണ്ഡം 9(2)(ബി)-യിൽ, "താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി" എന്നതിനു ശേഷം "സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി" എന്നത് ചേർക്കുക.

274. ഖണ്ഡം 9(2)(ഡി)-യിൽ, " സാമഹ്യ സേവന സംഘടനകളെ സൗകര്യപ്പെടുത്തുക" എന്നതിനു പകരം " സാമൂഹിക, സാംസ്കാരിക സംഘടനകളെ പരിപോഷിപ്പിക്കുക" എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

276. 9(2)(ഇ)-യിൽ, " ഭാരതീയരായ കേരളീയർക്കെതിരെയുള്ള" എന്നീ വാക്കുകൾക്ക് പകരം "ഭാരതീയരായ കേരളീയർക്കും കുടുംബാംഗങ്ങൾക്കുമെതിരെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബി. സത്യൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 9(2)(ജി)-യ്ക്കു ശേഷം താഴെപ്പറയുന്ന ഖണ്ഡം (എച്ച്) ആയി

ചേർക്കുക.

"(എച്ച്) തന്റേതല്ലാത്ത കാരണത്താൽ നാട്ടിലേയ്ക്ക് മടങ്ങാൻ നിർബന്ധിതരായിത്തീരുന്ന പ്രവാസികളുടെ പുനരധിവാസവും തൊഴിൽ സംരംഭവും നൽകുന്നതിനുള്ള നിർദ്ദേശവും നടപടിയും രൂപപ്പെടുത്തുക".

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

290. ഖണ്ഡം 9(2)(ജി)-യ്ക്കു ശേഷം താഴെപ്പറയുന്ന ഖണ്ഡം (എച്ച്) ആയി ചേർക്കുക.

"(എച്ച്) പ്രവാസി ഭാരതീയരായ കേരളീയരുടെ പ്രശ്നങ്ങളിൽ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക".

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

291. ഖണ്ഡം 9(2)(ജി)-യ്ക്കു ശേഷം താഴെപ്പറയുന്ന ഖണ്ഡം (എച്ച്) ആയി ചേർക്കുക.

"(എച്ച്) പ്രവാസി ഭാരതീയരായ കേരളീയരുടെ പരാതികൾ കേൾക്കുകയും ഉചിതമെന്ന് തോന്നുന്ന ഉപദേശം സർക്കാരിന് നൽകുകയും ചെയ്യുക".

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും അംഗീകരിക്കുന്നുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 248, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 290 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

290. ഖണ്ഡം 9(2)(എച്ച്)-നുശേഷം താഴെപ്പറയുന്ന ഖണ്ഡം (ഐ) ആയി ചേർക്കുക.

"(ഐ) പ്രവാസി ഭാരതീയരായ കേരളീയരുടെ പ്രശ്നങ്ങളിൽ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക".

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ അവതരിപ്പിച്ച 246-ാം നമ്പർ

ഔദ്യോഗിക ഭേദഗതിയും ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 248, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 290 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 266, 274 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 291-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി .

**9-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്**

ശ്രീ. ആർ. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

298. ഖണ്ഡം 9-നു ശേഷം താഴെപ്പറയുന്ന പുതിയ വകുപ്പ് ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

"10. പ്രവാസി പുനരധിവാസ നിധിയുടെ രൂപീകരണവും പ്രവർത്തനങ്ങളും.—(1) സംസ്ഥാനത്തു നിന്നുള്ള പ്രവാസികളുടെ നിക്ഷേപങ്ങൾ സമാഹരിക്കുന്നതിനും

ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും വ്യാവസായിക പുരോഗതിക്കും പ്രയോജനപ്പെടുന്ന രീതിയിൽ തയ്യാറാക്കുന്ന 'പ്രവാസി പുനരധിവാസ സംരംഭങ്ങൾ'ക്ക് മൂലധനമായി ഉപയോഗിക്കുവാനും വ്യവസ്ഥ ചെയ്യുന്ന രീതിയിൽ ഒരു 'പ്രവാസി പുനരധിവാസ നിധി' സർക്കാർ രൂപീകരിക്കേണ്ടതും നിധിയുടെ നടത്തിപ്പുചുമതല കമ്മീഷനിൽ നിക്ഷിപ്തമാക്കേണ്ടതുമാണ്.

(2) പ്രവാസി പുനരധിവാസ നിധിയുടെ പ്രവർത്തനങ്ങൾ, നിക്ഷേപ സമാഹരണത്തിന്റെ രീതി, വായ്പാ വിതരണത്തിന്റെ മാനദണ്ഡങ്ങൾ, നിധിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് നടപടികൾ എന്നിവയിൽ കമ്മീഷൻ സർക്കാരുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വ്യവസ്ഥകൾ തയ്യാറാക്കേണ്ടതാണ്."

മി. സ്പീക്കർ: 298-ാം നമ്പർ ഭേദഗതി പുതിയ വകുപ്പ് കൂട്ടിച്ചേർക്കാനുള്ളതാകയാൽ ക്രമാനുസൃതമല്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: വകുപ്പ് ബില്ലിന്റെ ഭാഗമല്ലാത്തതിനാൽ സ്വീകരിക്കേണ്ടതില്ല.

**പത്താം വകുപ്പ്**

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 10(1)(ബി)-യിൽ, "ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;" എന്നതിനു പകരം "ഏതെങ്കിലും രേഖ കണ്ടെത്തുവാനും, ഹാജരാക്കുവാനും പിടിച്ചെടുക്കുവാനും ആവശ്യപ്പെടുന്നതിനും" എന്ന് ചേർക്കുക.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ ....................

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനൊന്നാം വകുപ്പ്**

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

306. ഖണ്ഡം (11)(1)(എ)-യിൽ, "കേരളീയരിൽ നിന്നും" എന്നീ വാക്കുകൾക്ക് പകരം "കേരളീയരിൽ നിന്നും അവരുടെ ആശ്രിതരിൽ നിന്നോ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

309. ഖണ്ഡം (11)(1)(എ)-യിലെ, "നിന്നും" എന്ന വാക്കിനു പകരം "നിന്നോ, അംഗീകൃത പ്രവാസി സംഘടനയിൽ നിന്നോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം (11)(2)-ലെ, "പ്രാഥമിക അന്വേഷണം" എന്നീ വാക്കുകൾക്ക് പകരം "ക്വിക്ക് വെരിഫിക്കേഷൻ" എന്നീ വാക്കുകൾ ചേർക്കുക.

312. ഖണ്ഡം (11)(3) -ൽ, "ഹാജരാകുകയും കാരണം കാണിക്കുകയുമോ" എന്നീ വാക്കുകൾക്ക് പകരം "കാരണം കാണിക്കുകയോ" എന്നീ വാക്കുകൾ ചേർക്കുക.

315. ഖണ്ഡം 11(3)-ൽ "സ്വീകരിക്കേണ്ടതിനോ അല്ലെങ്കിൽ ശിക്ഷണ നടപടികൾ" എന്ന വാക്കുകൾക്കു പകരം "സ്വീകരിക്കുന്നതിനോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

319. ഖണ്ഡം 11(4)-ൽ "രണ്ട് മാസത്തിനകം" എന്നതിനു പകരം "നാല്പത്തഞ്ച് ദിവസത്തിനകം " എന്ന് ചേർക്കുക.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

(ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 311, 312, 315 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ ......................

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പന്ത്രണ്ടാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ ......................

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിമൂന്നാം വകുപ്പ്**

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

323. ഖണ്ഡം 13-ൽ,—

(i) മാർജിനൽ ശീർഷകത്തിലെ "പബ്ലിക് സെർവെന്റുമാർ" എന്നതിന് പകരം "പൊതുജനസേവകർ" എന്നും

(ii) "പബ്ലിക് സെർവെന്റുമാരായി" എന്നതിന് പകരം "പൊതുജന സേവകരായി" എന്നും ചേർക്കുക.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ ......................

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനാലാം വകുപ്പ്**

(ഭേദഗതി അവതരിപ്പിച്ചില്ല)

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ ......................

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനഞ്ചാം വകുപ്പ്**

(ഭേദഗതി അവതരിപ്പിച്ചില്ല)

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ ......................

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനാറാം വകുപ്പ്**

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

326. ഖണ്ഡം 16-ൽ, "ആയ" എന്നതിനു പകരം "ആയി ബോദ്ധ്യപ്പെട്ട" എന്ന് ചേർക്കുക.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ ......................

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനേഴാം വകുപ്പ്**

(ഭേദഗതി അവതരിപ്പിച്ചില്ല)

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ ......................

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനെട്ടാം വകുപ്പ്**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. കെ. എൻ. എ. ഖാദർ കൊണ്ടുവന്ന 330-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

330. ഖണ്ഡം 18(1)-ൽ, "റിക്കാർഡുകളും" എന്നതിന് ശേഷം "രജിസ്റ്ററുകളും" എന്നത് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. ഖണ്ഡം 18(4)-ൽ, " വയ്പ്പിക്കേണ്ടതുമാണ് " എന്നതിന് പകരം "വയ്ക്കേണ്ടതാണ് " എന്ന് ചേർക്കുക.

നിയമസഭയിൽ 'വയ്പ്പിക്കേണ്ടതുമാണ് എന്നുള്ളതല്ല 'വയ്ക്കേണ്ടതാണ് എന്നതാണ് ശരി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ.........................

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പത്തൊമ്പതാം വകുപ്പ്**

(ഭേദഗതി അവതരിപ്പിച്ചില്ല)

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ .......................

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഇരുപതാം വകുപ്പ്**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. കെ. എൻ. എ. ഖാദർ കൊണ്ടുവന്ന 335-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

335. ഖണ്ഡം 20 (1)-ൽ, "സർക്കാരിന് "എന്നതിനുശേഷം "ഗസറ്റ് " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഇരുപത്തൊന്നാം വകുപ്പ്**

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

339. ഖണ്ഡം 21(1)-ൽ, "വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ"എന്നീ വാക്കുകൾക്ക് പകരം "വിരുദ്ധമല്ലാത്തതുമായ നിർദ്ദേശങ്ങൾ" എന്നീ വാക്കുകളും "ഉണ്ടാക്കാവുന്നതാണ് " എന്ന വാക്കിനു പകരം "പുറപ്പെടുവിക്കാവുന്നതാണ് " എന്നും ചേർക്കുക.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ.........................

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 9-ാം വകുപ്പിൽ ഒരു കറക്ഷൻ ഉണ്ടായിരുന്നു.

246-ാം നമ്പർ ഭേഗതിയിൽ , 9-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിലെ (ജി) എന്നുള്ളത് '9-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിലെ (എച്ച്)' എന്നു മാറ്റണം. അതുപോലെ ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതിയിലെ ഖണ്ഡം 9 (2)(ജി)-യ്ക്കുശേഷം താഴെപ്പറയുന്ന ഖണ്ഡം (എച്ച്) എന്നുള്ളത് 'ഖണ്ഡം 9 (2)(ജി)-യ്ക്കുശേഷം താഴെപ്പറയുന്ന ഖണ്ഡം (ഐ)' എന്നു മാറ്റണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച രണ്ട് കറക്ഷനുകളും സഭ അംഗീകരിച്ചിരിക്കുന്നു.

## 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ദീർഘശീർഷകത്തിൽ, “ കേരളീയർക്കു വേണ്ടി" എന്നതിനു പകരം "കേരളീയരുടെ അവകാശങ്ങളുടെ സംരക്ഷകനായി വർത്തിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ, "നിർദ്ദേശിക്കുന്നതിനും" എന്നതിന് ശേഷം "പദ്ധതികൾ ആവിഷ്കരിക്കുന്നതിനും" എന്നത് ചേർക്കുക.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഒന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, പ്രവാസികളായ കേരളീയർക്കുവേണ്ടിയുള്ള ഈ നിയമനിർമ്മാണം കൊണ്ടുവരാൻ സാധിച്ചതിൽ ഗവൺമെന്റിന് വളരെയധികം ചാരിതാർത്ഥ്യമുണ്ട്. വിദേശത്താണെങ്കിലും അനേകായിരം മൈലുകൾക്കപ്പുറത്താണെങ്കിലും എന്നും നാടിനെ ഓർക്കുന്ന, നാടിന്റെ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളെ ഓർക്കുന്ന, എല്ലാ പ്രതിസന്ധികളിലും ഇവിടെയുള്ള നമ്മളെപ്പോലെതന്നെ പങ്കാളികളാകുന്ന പ്രവാസികൾക്കുവേണ്ടി അൽപ്പം എന്തെങ്കിലും ചെയ്യാൻ സാധിക്കുന്നുവെന്നുള്ള ചാരിതാർത്ഥ്യം നമുക്ക് എല്ലാവർക്കും ഇതുമൂലം ഉണ്ടായിരിക്കുകയാണ്. ഈ നിയമം കുറ്റമറ്റതാണെന്നോ ഇതുകൊണ്ട് എല്ലാം ആയെന്നോ ഒരിക്കലും ഞാൻ അവകാശപ്പെടുന്നില്ല. നമുക്ക് ഇനിയും വളരെയേറെ കാര്യങ്ങൾ പ്രവാസികൾക്കുവേണ്ടി ചെയ്യാനുണ്ട്. അവർക്ക് വോട്ടവകാശം നേടിക്കൊടുക്കാൻ ഏറ്റവും കൂടുതൽ കേരളമാണ് മുന്നിൽ നിന്നത്. അതുകൊണ്ട് അവർ ഇന്ത്യൻ പൗരന്മാരാണെന്ന് പൂർണ്ണമായി അവകാശപ്പെടാം. വോട്ടവകാശം വിനിയോഗിക്കുന്നതിന് ഇന്ന് വളരെകുറച്ചുപേർക്ക് മാത്രമെ സാധിക്കുന്നുള്ളു. എങ്കിലും നമുക്ക് സന്തോഷം നൽകുന്ന വിധത്തിലുള്ള ഒരു നടപടിയായിരുന്നു അത്. വിമാനക്കമ്പനികൾ ചൂഷണം ചെയ്യുന്ന വിധത്തിലുള്ള യാത്രാച്ചെലവാണ് അവർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അതുകൊണ്ടാണ് എയർ കേരള എന്ന ആശയത്തിന് നമ്മൾ രൂപം കൊടുത്തത്. ഗൾഫ് മലയാളികൾ വളരെ

പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണ്. സാമ്പത്തികം അതിനൊരു പ്രശ്നമല്ല. നമ്മൾ അതിനുള്ള എല്ലാ മാർഗ്ഗങ്ങളും കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ രണ്ട് നിബന്ധനകൾ അതിന് തടസ്സമാണ്. ഞാൻ ഇപ്രാവശ്യം ഡൽഹിയിൽ പോയ അവസരത്തിൽ അത് മാറ്റിയെടുക്കുന്നതിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. അതെത്രയുംവേഗം പ്രാവർത്തികമാക്കാൻവേണ്ടി ശ്രമിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്രയും വൈകിയ വേളയിലും ഈ ബിൽ പാസ്സാക്കുന്നതിന് എല്ലാവരും സഹകരിച്ചുവെന്നുള്ളതിൽ ഗവൺമെന്റിന് അങ്ങേയറ്റത്തെ സന്തോഷമുണ്ട്. വിദേശമലയാളികൾക്കുവേണ്ടി നമ്മൾ എത്ര ഉറക്കമൊഴിച്ചാലും അത് അധികമാവില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതൊരു ചരിത്ര മുഹൂർത്തമാണ്. ലോകത്തിലെ എല്ലാ മലയാളികൾക്കും പ്രത്യേകിച്ച് പ്രവാസി മലയാളികൾക്ക് തീർച്ചയായും ഒരു അവസരമാണിത്. കഴിഞ്ഞ പ്രവാസികളുടെ സമ്മേളനത്തിൽവച്ച് ഈ ഒരു നിർദ്ദേശം ഞാനാണ് മുന്നോട്ടുവച്ചത്. അതുകൊണ്ടാണ് എനിക്ക് അക്കാര്യത്തിൽ സന്തോഷമുള്ളത്. ബഹുമാനപ്പെട്ട മന്ത്രി കെ. സി. ജോസഫിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. തീർച്ചയായും പ്രവാസികാര്യ വകുപ്പുമന്ത്രി എന്നുള്ളതിൽ അദ്ദേഹത്തിന് അഭിമാനിക്കാൻ കഴിയും. പഞ്ചാബ് സംസ്ഥാനത്താണ് ഇതുപോലെ ഒരു നിയമമുള്ളത്. ആ നിയമം വളരെ ഫലപ്രദമായി അവിടെ നടപ്പാക്കാൻ സാധിക്കുന്നുണ്ട്. ആയിരക്കണക്കിന് പരാതികൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അവിടത്തെ ഉപമുഖ്യമന്ത്രിയായ ശ്രീ. പ്രകാശ്സിംഗ് ബാദലിന്റെ മകൻ എന്നോട് സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ എം.പി. ആയിരുന്നപ്പോൾ എന്നോടൊപ്പം പാർലമെന്റിൽ ഉണ്ടായിരുന്നയാളാണ് അദ്ദേഹം. വിദേശത്ത് ജോലി ചെയ്യുന്ന ആളുകൾക്ക് അവിടെ എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ നാട്ടിലേയ്ക്ക് വരാൻ കഴിയുന്നില്ല. നാട്ടിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ അവർക്ക് മാർഗ്ഗവുമില്ല. അവിടെയാണ് ഈ കമ്മീഷന്റെ പ്രവർത്തനം ഫലപ്രദമാകുന്നത്. വിദേശത്ത് ജോലി ചെയ്യുന്ന ആളുകളുടെ ഭൂമി കയ്യേറ്റം, അതോടൊപ്പം അവർ നേരിടേണ്ടി വരുന്ന നിരവധിയായ കേസ്സുകൾ, എയർപോർട്ടിൽനിന്ന് വീട്ടിലെത്തുന്നതുവരെയും വീട്ടിൽനിന്നുതിരിച്ച് എയർപോർട്ടിൽചെന്ന് വിദേശങ്ങളിലേയ്ക്ക് പോകുമ്പോഴും ഉണ്ടാകുന്ന നിരവധിയായ പ്രശ്നങ്ങൾ പലപ്പോഴും പോലീസിൽ റിപ്പോർട്ട് ചെയ്ത് പരിഹരിക്കാൻ സമയമെടുക്കും. അതിനെല്ലാം ഒരു via-media എന്നുള്ള നിലയിലാണ് ഈ എൻ.ആർ.ഐ. കമ്മീഷൻ പ്രവർത്തനം ആരംഭിക്കുന്നത് എന്നുള്ളതിൽ സന്തോഷമുണ്ട്. ഇത്രയും വൈകിയാണെങ്കിലും ഈ

ബിൽ പാസ്സാക്കാൻ അങ്ങ് എടുത്ത നിലപാടിനെയും സഭ എടുത്ത നിലപാടിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, നേരത്തെ സൂചിപ്പിച്ച ഹക്കിം റൂബയുടെ കാര്യം, ഇന്ന് അദ്ദേഹത്തിന്റെ പേരിൽ ജാമ്യമില്ലാത്ത കേസ്സെടുത്തിരിക്കുകയാണ്. അക്കാര്യത്തിൽ അങ്ങ് എന്തെങ്കിലും ഒരു മറുപടി പറയണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും ശ്രീ. എൻ. എ. നെല്ലിക്കുന്നും ശ്രീ. പി. കെ. ബഷീറും ഒക്കെ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തി. ഡി.ജി.പി.യോട് പ്രത്യേകമായി അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്. ആ കേസ് എടുത്തത് ശരിയായില്ല എന്നുള്ളതാണ് എല്ലാവരുടെയും അഭിപ്രായം. തീർച്ചയായും ഈ വിഷയം സംബന്ധിച്ച് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് പരിശോധിച്ച് ആ കേസ് അനാവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടാൽ തീർച്ചയായും ഒഴിവാക്കുന്നതിന് പോലീസ് നടപടി സ്വീകരിക്കും. അതോടൊപ്പം ഇത്തരം കമ്മീഷന്റെ പ്രവർത്തനങ്ങളിലൂടെ കേരളത്തിലുള്ള പ്രവാസികൾ നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നുള്ള കാര്യം ഞാൻ പ്രത്യേകം പറയാൻ ആഗ്രഹിക്കുന്നു. ഒരിക്കൽക്കൂടി പ്രവാസികാര്യവകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫിനെ മുക്തകണ്ഠം അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സി. ദിവാകരൻ: സർ, 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ ഇന്ന് പാസ്സാക്കുന്നതോടുകൂടി ശക്തമായൊരു നിയമമാകും. ഈ കമ്മീഷനിലെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങളെല്ലാം നമ്മൾ ചർച്ച ചെയ്തുകഴിഞ്ഞു. ഇതിൽ വിദേശമലയാളികൾക്ക് വലിയ പ്രതീക്ഷയുണ്ട്. അങ്ങ് പറഞ്ഞതുപോലെതന്നെ സുപ്രധാനമായ സന്ദർഭത്തിലാണ് നമ്മൾ ഈ കമ്മീഷൻ രൂപീകരിക്കുന്നത്. കാരണം വിദേശത്തുനിന്ന് മലയാളികളുടെ തിരിച്ചുവരവ് ആരംഭിച്ചിരിക്കുകയാണ്. അത് മന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ കമ്മീഷൻ രൂപീകരണത്തോടൊപ്പം വളരെ സമൂർത്തമായ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മുൻകയ്യെടുത്ത് എല്ലാം നഷ്ടപ്പെട്ടുവരുന്ന പതിനായിരക്കണക്കിന് ആളുകളെ സ്വന്തം നാട്ടിൽ പുനരധിവസിപ്പിക്കാനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം നൽകാൻ ഈ കമ്മീഷൻ സഹായകരമാകും എന്നാണ് എന്റെ വിശ്വാസം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഈ പാതിരാത്രിക്കും ഞങ്ങളെ ഒരുപാട് പ്രകോപിപ്പിച്ചെങ്കിലും ഞങ്ങൾ വിട്ടുപോകാതെ ഇവിടെ ഇരുന്ന് ഈ ചർച്ചയിൽ പങ്കെടുത്തത് വിദേശമലയാളികളോടുള്ള, പ്രവാസികളോടുള്ള ഞങ്ങളുടെ അതിരുകളില്ലാത്ത താൽപ്പര്യമാണ് എന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മപ്പെടുത്തുന്നു. അതോടൊപ്പം ഈ കാര്യത്തിൽ കാര്യമായ സംഭാവന

ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളെ അക്കാര്യത്തിൽ അഭിനന്ദിക്കും എന്നാണ് വിശ്വാസം. കാരണം ഞങ്ങൾ ഇവിടെ ഇത്രയും നേരം ഇരുന്നല്ലോ; ഇത് ഗവൺമെന്റിന്റെ ഒരു വലിയ നേട്ടമായി അങ്ങ് പറയുകയുണ്ടായി. ഗവൺമെന്റിന് നേട്ടമൊന്നുമില്ല. ഞങ്ങളുംകൂടി ഇതിൽ പങ്കെടുത്തതുകൊണ്ട് ഈ ബിൽ പാസ്സാകുന്നുവെന്നുള്ളതാണ്. ഈ ബിൽ പാസ്സാക്കണമെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ടായിരുന്നു. ഞങ്ങൾ ഒരുകാലത്തുമില്ലാത്ത രീതിയിൽ ബി.എ.സി.യിൽ അപ്രോപ്രിയേഷൻ ബില്ലിനോടൊപ്പം തന്നെ മൂന്ന് ബില്ലുകളും അംഗീകരിച്ചു, സഹകരിച്ചു എന്നുള്ളത് ഞങ്ങൾക്ക് ഈ ബില്ലിനോടുള്ള താൽപ്പര്യമാണ് പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ നമ്മൾ ഒരു ചുവട് മുന്നോട്ടുപോയിട്ടുണ്ട്. അതിന് ഞാൻ പ്രവാസികാര്യവകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. അതിന് മുൻകയ്യെടുത്ത എല്ലാവരേയും അഭിനന്ദിക്കുന്നു. ഞങ്ങൾക്ക് ഇതിനകത്ത് യാതൊരു റിസർവ്വേഷനുമില്ല. പ്രവാസികളുടെ സമ്പത്താണ് കേരളം. അവരുടെ പങ്കില്ലാത്ത ഒരു വികസനവുമില്ല, ഒരു പദ്ധതിയുമില്ല. നമ്മുടെ കണക്കുകളനുസരിച്ചാണെങ്കിൽ പ്രതിവർഷം ഒന്നരലക്ഷംകോടി രൂപവച്ച് പത്തുവർഷംകൊണ്ട് ഈ കേരളം അവർക്ക് സ്വന്തമാക്കാൻ കഴിയും. അവർക്ക് പതിച്ചുകൊടുക്കേണ്ടി വരും. ആ രീതിയിലുള്ള സാമ്പത്തിക പ്രവാഹമാണ് അവരിൽനിന്നും ഉണ്ടായത്. തീർച്ചയായും നമ്മൾ ഭരണ-പ്രതിപക്ഷം നോക്കാതെ അവരുടെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിൽ ഗവൺമെന്റിന്റെ നടപടികളോട് ഞങ്ങൾ പൂർണ്ണമായി സഹകരിക്കുമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അഭിനന്ദനം അറിയിക്കുന്നു.

മി. സ്പീക്കർ: 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## IX മുഖ്യമന്ത്രിയുടെ പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

**അവകാശലംഘന പ്രശ്നങ്ങൾ**

**അനുമതി നിഷേധിച്ചവ**

മി. സ്പീക്കർ: ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ, എം.എൽ.എ. നൽകിയ അവകാശ ലംഘന നോട്ടീസിനും ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. രാജു എബ്രഹാം, എം.എൽ.എ. നൽകിയ അവകാശ ലംഘന നോട്ടീസിനും അനുമതി നിഷേധിക്കുന്നു.

**പരിഗണനയിലിരിക്കുന്നവ**

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. ടി. എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ഒറ്റപ്പാലം പോലീസ് സ്റ്റേഷനിലെ സി.പി.ഒ. ശ്രീ. സന്തോഷ് കുമാർ, ഒറ്റപ്പാലം സർക്കിൾ ഓഫീസിലെ ശ്രീ. രാജേന്ദ്രൻ എന്നിവർക്കെതിരെ ശ്രീ. എം.ഹംസ എം.എൽ.എ. നൽകിയ നോട്ടീസുകളും ചെയറിന്റെ പരിഗണനയിലാണ്.

**അവലോകനം**

മി. സ്പീക്കർ: പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനമാണ് ഇന്നിവിടെ അവസാനിക്കുന്നത്. നവംബർ 30 മുതൽ 11 ദിവസമാണ് സഭ സമ്മേളിച്ചത്. നിയമനിർമ്മാണമായിരുന്നു ഈ സമ്മേളനത്തിന്റെ പ്രധാന അജണ്ട.

മൂന്ന് ധനവിനിയോഗ ബില്ലുകൾ ഉൾപ്പെടെ 13 ബില്ലുകൾ ഈ സഭയിൽ ചർച്ച ചെയ്ത് പാസ്സാക്കി. ഇതിൽ 5 ബില്ലുകൾ ഓർഡിനൻസുകൾക്ക് പകരമുള്ളതാണ്. പാസ്സായ ബില്ലുകളിൽ മലയാള ഭാഷ (വ്യാപനവും പരിപോഷണവും)

ബിൽ, പ്രവാസി കേരളീയ കമ്മീഷൻ ബിൽ, മുന്നോക്ക കമ്മീഷൻ ബിൽ, കേരള സ്പോർട്സ് ബിൽ തുടങ്ങിയ ബില്ലുകളും ഉൾപ്പെടുന്നു. സഭയിൽ അവതരിപ്പിച്ച കേരള ഹർത്താൽ നിയന്ത്രണ ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ചു. പതിമൂന്നാം കേരള നിയമസഭയിൽ ആദ്യമായാണ് ഒരു ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നത്. ബില്ലുകളുടെ ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും ശ്രദ്ധേയമായ നിർദ്ദേശങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്തു. ബിൽ ചർച്ചയിൽ എല്ലാവരും പങ്കെടുക്കുകയും ചർച്ച ക്രിയാത്മകമാകുകയും ചെയ്താൽ മാത്രമെ, നിയമനിർമ്മാണം കുറ്റമറ്റതാകുകയുള്ളൂ.

ഈ സമ്മേളനത്തിലെ ചോദ്യോത്തരവേള വളരെ സജീവമായിരുന്നു. 330 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ പട്ടികയിലും 3844 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ പട്ടികയിലും ഉൾപ്പെടുത്തി. ചോദ്യങ്ങളും ഉത്തരങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 27 ചോദ്യങ്ങൾക്ക് സഭയിൽ വാക്കാൽ മറുപടി നൽകി. 264 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ സഭയിൽ വാക്കാൽ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ഒരു അടിയന്തിര ചോദ്യത്തിനും സഭയിൽ മറുപടി നൽകി.

നിയമസഭാ ചോദ്യോത്തര പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. ലെജിസ്ലേറ്റീവ് അസംബ്ലി ഇന്റർപലേഷൻ സിസ്റ്റം (LAIS) എന്ന വെബ് അധിഷ്ഠിത സംവിധാനം ഉപയോഗപ്പെടുത്തി 11 സാമാജികർ ആകെ 258 നോട്ടീസുകൾ ഓൺലൈനായി സമർപ്പിക്കുകയുണ്ടായി. എല്ലാ അംഗങ്ങളും LAIS സംവിധാനം ഉപയോഗപ്പെടുത്തണമെന്നാണ് ചെയർ ആഗ്രഹിക്കുന്നത്.

സഭയിൽ 11 അടിയന്തരപ്രമേയ നോട്ടീസുകൾക്ക് അവതരണാനുമതി തേടി. ഇതിൽ ഒരെണ്ണം ഒഴികെ പത്തെണ്ണത്തിന് ബന്ധപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു.

ഈ സമ്മേളനത്തിൽ 16 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങൾ അവതരിപ്പിച്ചു, അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു.

144 സബ്മിഷനുകൾ സഭയിൽ അവതരിപ്പിച്ചു. കൂടാതെ 59 സബ്മിഷനുകൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകുകയും ചെയ്തു.

ചട്ടം 300 അനുസരിച്ച് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയിൽ പ്രസ്താവന നടത്തി. ചട്ടം 64 അനുസരിച്ച് മുൻമന്ത്രി ശ്രീ. കെ. എം. മാണി മന്ത്രിസഭയിൽനിന്നുള്ള തന്റെ രാജി സംബന്ധിച്ച പ്രസ്താവന നടത്തുകയുണ്ടായി.

പതിനഞ്ചാം സമ്മേളനം വിജയകരമായി നടത്താൻ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷി നേതാക്കന്മാർ, ബഹുമാനപ്പെട്ട അംഗങ്ങൾ, ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങി എല്ലാവർക്കും ചെയർ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. നിയമസഭാ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിന് ഉറക്കം ഉപേക്ഷിച്ചും നിയമസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ ആത്മാർത്ഥമായ സഹകരണത്തിന് ചെയർ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

എല്ലാവർക്കും ഹൃദ്യമായ ക്രിസ്തുമസ്-പുതുവൽസര ആശംസകൾ നേരുന്നു. ഒരിക്കൽക്കൂടി എല്ലാവർക്കും ആശംസകൾ നേർന്നുകൊണ്ട് ഈ സമ്മേളനം അവസാനിച്ചതായി പ്രഖ്യാപിക്കുന്നു. സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ രാത്രി 11.48-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 6002/table-1/2015/Leg.

Dated, Thiruvananthapuram.19th December,2015.

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fifteenth Session of the Thirteenth Kerala Legislative Assembly with effect from December 17,2015 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2015 ഡിസംബർ 17-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിച്ചിരിക്കുന്നു.

## അനുബന്ധം

സഭയുടെ മേശപ്പുറത്തുവച്ച അടിയന്തര ചോദ്യവും ഉത്തരവും

### (1) റോഡ് അപകടനിവാരണ കമ്മീഷൻ റിപ്പോർട്ട്

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(സി) കമ്മീഷന്റെ പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ;

(ഡി) ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :സർ,

(എ) ഉണ്ട്.

(ബി) റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി പുരുഷന്മാർക്ക് 20 വയസ്സും സ്ത്രീകൾക്ക് 21 വയസ്സും ആയി നിശ്ചയിക്കുക, സ്കൂൾ വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ 'സ്റ്റുഡൻസ് വെഹിക്കിൾ' എന്ന സ്റ്റിക്കർ പതിപ്പിക്കുക;
2. അഞ്ച് വർഷത്തെ ഡ്രൈവിംഗ് പരിചയം ലഭിച്ചതിനുശേഷം മാത്രം ഡ്രൈവർമാരെ ദേശീയ പാതകളിൽ വാഹനം ഓടിക്കാൻ അനുവദിക്കുക;
3. ദേശീയപാതകൾ കുറഞ്ഞത് നാലുവരി പാതകളായും സംസ്ഥാന പാതകൾ രണ്ടുവരിപാതകളായും നിർമ്മിക്കുക;
4. പൊതു നിരത്തുകളിൽ പരമാവധി വേഗത സൂചിപ്പിക്കുന്ന സൈൻ ബോർഡ് പ്രദർശിപ്പിക്കുക;

5. ഓരോ നിരത്തുകളിലും വാഹനങ്ങൾ ഓടിക്കാവുന്ന പരമാവധി വേഗത മുൻകൂട്ടി അറിയിക്കുന്നതിന് 'വി.എം.എസ് സിസ്റ്റം' ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുക;

6. കാലവർഷാരംഭത്തിന് മുൻകൂട്ടി തന്നെ റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

7. ചെറിയ റോഡ്, പ്രധാന റോഡുമായി ചേരുന്ന സ്ഥലങ്ങളിൽ ഹമ്പുകൾ നിർമ്മിക്കുക;

8. ഡ്രൈവർമാരുടെ കാഴ്ച തടസ്സപ്പെടുത്തുന്ന രീതിയിലുള്ള പരസ്യങ്ങൾ സ്ഥാപിക്കാതിരിക്കുന്നതിനും സ്ഥാപിച്ചവ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക;

9. പൊതുനിരത്തുകളിൽ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള വൃക്ഷശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിനും അപകടങ്ങൾക്ക് കാരണമാകുന്ന രീതിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ നീക്കം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വനപാലകർ സ്വീകരിക്കുക;

10. കാൽനടയാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള കാണിക്കവഞ്ചികൾ, കൊടിമരങ്ങൾ എന്നിവ അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക;

11. സ്കൂൾ/കോളേജ് പാഠ്യപദ്ധതിയിൽ ട്രാഫിക് നിയമങ്ങൾ, റോഡ് സുരക്ഷാ സന്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തുക;

12. എല്ലാ റോഡുകളിലും ബസ് സ്റ്റോപ്പിനോട് ചേർന്ന് 'ബസ്സ്ബേ' നിർമ്മിക്കുക;

13. ജംഗ്ഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞത് 250 മീറ്റർ അകലെ 'ബസ്സ്ബേ' നിർമ്മിക്കുക;

14. റോഡ് വശങ്ങളിൽ മാലിന്യവസ്തുക്കൾ, നിർമ്മാണസാമഗ്രികൾ എന്നിവ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക;

15. റോഡുകളിൽ അപകട സാധ്യതാ സ്ഥലങ്ങളിൽ 'ഇലക്ട്രോണിക് ഫ്ളാഷ് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക;

16. റോഡ് നിയമം ലംഘിക്കുന്നവരിൽനിന്നും പിഴ ഈടാക്കുന്നതിന്

ആധുനിക ഇലക്ട്രോണിക്ക് സംവിധാനം ഉപയോഗപ്പെടുത്തുക;

17. ട്രാഫിക്ക് മാനേജ്മെന്റിന് ആധുനിക ഇന്റലിജന്റ് ട്രാൻസ്പോർട്ടേഷൻ സംവിധാനം ഏർപ്പെടുത്തുക;

18. മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നവർക്ക് നിലവിലുള്ള ശിക്ഷ അപര്യാപ്തമായതിനാൽ പിഴയും ശിക്ഷയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക;

19. അപകടത്തിനുശേഷം യാതൊരു നടപടിയും സ്വീകരിക്കാതെ വാഹനത്തിൽ നിന്നും ഓടി മറയുന്ന ഡ്രൈവർമാർക്കെതിരെ കുറ്റം ചുമത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക;

20. ഒരു ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇരുചക്രവാഹനം മറ്റൊരു ജില്ലയിൽ പ്രവേശിക്കുവാൻ പ്രത്യേക അനുവാദം നേടണമെന്ന് നിഷ്കർഷിക്കുക;

21. ഇരുചക്ര വാഹനങ്ങളുടെ പരമാവധി വേഗത 40-50 കിലോമീറ്ററായി നിജപ്പെടുത്തുക;

22. ഭടന്മാർ, പോലീസ്, ഫയർഫോഴ്സ്, റോഡ് സുരക്ഷാ സേന എന്നിവർക്ക് മാത്രമായി അതിവേഗ ഇരുചക്രവാഹനങ്ങളുടെ ഉപയോഗങ്ങൾ നിജപ്പെടുത്തുക;

23. എല്ലാ വാഹനങ്ങളിലും GPS & RFID എന്നീ സംവിധാനം ഏർപ്പെടുത്തുക;

24. പെട്രോൾ ബങ്കുകളുടെ സ്ഥാനങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിലേയ്ക്ക് പൊതുനിരത്തുകളിൽ സൈൻബോർഡുകൾ സ്ഥാപിക്കുക;

25. എല്ലാ വാഹനങ്ങളിലും 'ഡാഷ് ബോർഡ്' ക്യാമറ നിർബന്ധമാക്കുക;

26. വാഹനങ്ങളിൽ ഹാലജൻ ലൈറ്റുകൾ ഘടിപ്പിക്കുന്നത് കുറ്റകരമാക്കുക;

27. വാഹനങ്ങളുടെ ഇനമനുസരിച്ച് ഹോൺ ഘടിപ്പിക്കുന്നത് ക്രമീകരിക്കുക;

28. എല്ലാ വാഹനങ്ങളുടേയും ഹെഡ് ലൈറ്റുകൾ പകുതി കറുത്ത പെയിന്റ് ചെയ്യുക;

29. ടിപ്പർ ലോറികളിൽ സ്പീഡ് ഗവർണേഴ്സ് സ്ഥാപിക്കുക;

30. ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ പാർക്കിംഗ് സൗകര്യം

ഏർപ്പെടുത്തുക;

31. ബസ്സുകളിലും ലോറികളിലും മുൻ-പിൻ ഭാഗങ്ങളിൽ രണ്ട് അടി ഉയരത്തിൽ 'ഷോക്ക് അബ്സോർബർ' സ്ഥാപിക്കുക;

32. മദ്യപിച്ച് വാഹനം ഓടിക്കൽ, പ്രായപൂർത്തിയാകാതെ വാഹനം ഓടിക്കൽ എന്നിവ ശ്രദ്ധയിൽപ്പെടുമ്പോൾ ആയത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് അധികാരം നൽകുന്ന ചട്ടങ്ങൾ രൂപീകരിക്കുക;

33. ഇൻഷ്വറൻസ് ചെയ്യപ്പെട്ടതിനുശേഷം മാത്രം വാഹനങ്ങളുടെ പെർമിറ്റ് പുതുക്കി നൽകുക;

34. നഗരങ്ങളിൽ കൂടി കടന്നുപോകുന്ന ദേശീയ പാതകൾക്ക് 'സബ് വേ' നിർമ്മിക്കുക;

35. രാത്രികാലങ്ങളിൽ വാഹനം ഓടിക്കുമ്പോൾ എതിരെ വരുന്ന ഡ്രൈവർമാരുടെ കാഴ്ച മങ്ങാതിരിക്കുന്നതിന് ഉതകുന്ന വിധത്തിൽ വാഹനത്തിന്റെ ലൈറ്റ് 'ഡിം' ചെയ്യുന്നത് നിർബന്ധമാക്കുക;

36. സ്കൂൾ പരീക്ഷകളിലും ജോലി ലഭിക്കുന്നതിനുള്ള പരീക്ഷകളിലും റോഡ് സുരക്ഷാ നിയമങ്ങൾ സംബന്ധിച്ച് ഏറ്റവും കുറഞ്ഞത് അഞ്ചു മാർക്കിനുള്ള ചോദ്യങ്ങളെങ്കിലും ഉൾപ്പെടുത്തുക.

(സി&ഡി) കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ച് വരുന്നതേയുള്ളൂ.